# കേരള നിയമസഭാ നടപടികൾ

## പതിനഞ്ചാം കേരള നിയമസഭ

## മൂന്നാം സമ്മേളനം

2021 ഒക്ടോബർ 6, ബുധൻ

സ്പീക്കർ

**ശ്രീ. എം. ബി. രാജേഷ്**

ഡെപ്യൂട്ടി സ്പീക്കർ

**ശ്രീ. ചിറ്റയം ഗോപകുമാർ**

സെക്രട്ടറി

**ശ്രീ. എസ്. വി. ഉണ്ണികൃഷ്ണൻ നായർ**

ചീഫ് എഡിറ്റർ

**ശ്രീമതി വി. ചെറുപുഷ്പം**

എഡിറ്റിംഗ് ബ്രാഞ്ച്
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

1421/2022

# മന്ത്രിസഭാംഗങ്ങൾ

| | | |
|---|---|---|
| മുഖ്യമന്ത്രി | : | ശ്രീ. പിണറായി വിജയൻ |
| കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി | : | ശ്രീ. വി. അബ്ദുറഹിമാൻ |
| തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി | : | ശ്രീ. അഹമ്മദ് ദേവർകോവിൽ |
| ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി | : | ശ്രീ. ജി. ആർ. അനിൽ |
| ഗതാഗത വകുപ്പുമന്ത്രി | : | ശ്രീ. ആന്റണി രാജു |
| ധനകാര്യ വകുപ്പുമന്ത്രി | : | ശ്രീ. കെ. എൻ. ബാലഗോപാൽ |
| ഉന്നതവിദ്യാഭ്യാസ സാമൂഹ്യനീതി വകുപ്പുമന്ത്രി | : | ഡോ. ആർ. ബിന്ദു |
| മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി | : | ശ്രീമതി ജെ. ചിഞ്ചുറാണി |
| തദ്ദേശസ്വയംഭരണം, ഗ്രാമവികസനം എക്സൈസ്, വകുപ്പുമന്ത്രി | : | ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ |
| വൈദ്യുതി വകുപ്പുമന്ത്രി | : | ശ്രീ. കെ. കൃഷ്ണൻകുട്ടി |
| പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി | : | ശ്രീ. പി. എ. മുഹമ്മദ് റിയാസ് |
| കൃഷി വകുപ്പുമന്ത്രി | : | ശ്രീ. പി. പ്രസാദ് |
| പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി | : | ശ്രീ. കെ. രാധാകൃഷ്ണൻ |
| റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി | : | ശ്രീ. കെ. രാജൻ |
| നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി | : | ശ്രീ. പി. രാജീവ് |
| ജലവിഭവ വകുപ്പുമന്ത്രി | : | ശ്രീ. റോഷി അഗസ്റ്റിൻ |
| മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി | : | ശ്രീ. സജി ചെറിയാൻ |
| വനം-വന്യജീവി വകുപ്പുമന്ത്രി | : | ശ്രീ. എ. കെ. ശശീന്ദ്രൻ |
| പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി | : | ശ്രീ. വി. ശിവൻകുട്ടി |
| സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി | : | ശ്രീ. വി. എൻ. വാസവൻ |
| ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി | : | ശ്രീമതി വീണാ ജോർജ്ജ് |

# ഉള്ളടക്കം


*പേജ്*

I ചോദ്യോത്തരങ്ങൾ

1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ .. 1

2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ .. 26

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ .. 26

(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ .. 70

II അടിയന്തരപ്രമേയം

എൻഡോസൾഫാൻ ദുരിതബാധിതർ നേരിടുന്ന പ്രതിസന്ധി
- ശ്രീ. എൻ. എ. നെല്ലിക്കുന്ന്
(അവതരണാനുമതി നിഷേധിച്ചു) .. 438

III ശ്രദ്ധ ക്ഷണിക്കൽ

1. വിനോദസഞ്ചാര മേഖലയുടെ പുനരുജ്ജീവനം

- ശ്രീ. എച്ച്. സലാം .. 452

2. സ്കിൽ ഡെവലപ്മെന്റ് അതോറിറ്റി രൂപീകരണം

- ഡോ. എം.കെ. മുനീർ .. 456

IV സബ്മിഷൻ

1. സാമ്പത്തിക തട്ടിപ്പ്

- പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ) .. 460

2. കുടിയൊഴിപ്പിക്കപ്പെട്ടവർക്കുള്ള നഷ്ടപരിഹാരം

- ശ്രീ. ടി. ഐ. മധുസൂദനൻ .. 462

3. സ്ഥല പരിവർത്തനത്തിന് അനുമതി

- ശ്രീ. അനൂപ് ജേക്കബ് .. 464

4. വീടിന് സമീപത്തുള്ള വിദ്യാലയങ്ങളിലേയ്ക്ക് മാറുന്നതിന് അനുമതി

- ശ്രീ. എ. എൻ. ഷംസീർ .. 466

5. കർഷകത്തൊഴിലാളി ക്ഷേമനിധി പദ്ധതി പരിഷ്കരണം

- ശ്രീ. പി. മമ്മിക്കുട്ടി .. 468

6. പാറപ്പുറം-വല്ലംകടവ് പാലം നിർമ്മാണം

- ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ .. 470

7. എൻ.ജി.ഒ. ക്വാർട്ടേഴ്സ് പുതുക്കിപ്പണിയൽ

- ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ .. 472

8. റോഡ് നവീകരണ പ്രവൃത്തി

- ശ്രീ. കെ. എം. സച്ചിൻദേവ് .. 473

9. എസ്.എം.എ. രോഗികൾക്ക് സഹായം

- ശ്രീ. വി. ആർ. സുനിൽ കുമാർ .. 475

10. മങ്കട ഹെൽത്ത് സെന്ററിന്റെ പ്രവർത്തനം

-ശ്രീ. മഞ്ഞളാംകുഴി അലി .. 477

**V. റിപ്പോർട്ട് സമർപ്പണം** .. 480

1. 2021-ലെ കേരള തൊഴിലുറപ്പ് തൊഴിലാളി ക്ഷേമനിധി ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട്

2. 2021-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട്

3. 2021-ലെ കേരള നഗര-ഗ്രാമാസൂത്രണ (ഭേദഗതി) ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട്

4. 2021-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട്

**VI. നിയമനിർമ്മാണകാര്യം**

താഴെപ്പറയുന്ന ബില്ലുകളുടെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും .. 480

(i) 2021-ലെ കേരള കയർ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ

(ii) 2021-ലെ കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ (ഭേദഗതി) ബിൽ

(iii) 2021-ലെ കേരള ധാതുക്കൾ (അവകാശങ്ങൾ നിക്ഷിപ്തമാക്കൽ) ബിൽ

**VII ക്രമപ്രശ്നം**

2021-ലെ കേരള ധാതുക്കൾ (അവകാശങ്ങൾ നിക്ഷിപ്തമാക്കൽ) ബില്ലിലെ ന്യൂനതകൾ

- ശ്രീ. അനൂപ് ജേക്കബ് .. 481

**റൂളിംഗ്** .. 483

**നിയമനിർമ്മാണകാര്യം (തുടർച്ച)**

(iv) 2021-ലെ കേരള കള്ള് വ്യവസായ വികസന ബോർഡ് ബിൽ .. 484

**VIII ക്രമപ്രശ്നം**

ധനകാര്യ മെമ്മോറാണ്ടത്തിലെ അപാകത

- ശ്രീ. രമേശ് ചെന്നിത്തല .. 597

**റൂളിംഗ്** .. 600

**നിയമനിർമ്മാണകാര്യം (തുടർച്ച)** .. 601

**അനുബന്ധം 1 & 2** .. 651

# കേരള നിയമസഭാ നടപടികൾ

## പതിനഞ്ചാം കേരള നിയമസഭ

### മൂന്നാം സമ്മേളനം

*2021 ഒക്ടോബർ 6, ബുധൻ*


| വാല്യം 186] | ഔദ്യോഗിക റിപ്പോർട്ട് | [നമ്പർ 3 |
|---|---|---|


നിയമസഭ 2021 ഒക്ടോബർ മാസം 6-ാം തീയതി ബുധനാഴ്ച രാവിലെ 9 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എം. ബി. രാജേഷിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(ബഹുമാനപ്പെട്ട അംഗങ്ങൾ കോവിഡ്-19 പ്രോട്ടോക്കോൾ പ്രകാരം സാമൂഹ്യ അകലം പാലിച്ച് അവരവരുടെ ഇരിപ്പിടങ്ങളിൽ മുഖാവരണം ധരിച്ച് ഉപവിഷ്ടരായി.)

## I ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനകാലത്തേയ്ക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

## 1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ: ഓർഡർ... ഓർഡർ....... ചോദ്യം നമ്പർ (*61)

നക്ഷത്രചിഹ്നമിട്ട 61-ാം നമ്പർ ചോദ്യവുമായി 88-ാം നമ്പർ ചോദ്യം ക്ലബ്ബ് ചെയ്യുന്നതിന് ശ്രീ. പി. ടി. തോമസ്, എം.എൽ.എ. നോട്ടീസ് നൽകിയിട്ടുണ്ട്. അതോടൊപ്പം നക്ഷത്രചിഹ്നമിട്ട 62-ാം നമ്പർ ചോദ്യവുമായി 70-ാം നമ്പർ ചോദ്യം ക്ലബ്ബ് ചെയ്യുന്നതിന് ശ്രീ. മഞ്ഞളാംകുഴി അലി, എം.എൽ.എ., 86-ാം നമ്പർ ചോദ്യം ക്ലബ്ബ് ചെയ്യുന്നതിന് ശ്രീ. സജീവ് ജോസഫ്, എം.എൽ.എ., 90-ാം നമ്പർ ചോദ്യം ക്ലബ്ബ് ചെയ്യുന്നതിന് ശ്രീ. കെ. പി. മോഹനൻ, എം.എൽ.എ. എന്നിവരും നോട്ടീസ് നൽകിയിട്ടുണ്ട്. അനിയന്ത്രിതമായി ക്ലബ്ബിംഗ് അനുവദിക്കാൻ കഴിയില്ലെന്ന് ഇന്നലെ സഭയെ അറിയിച്ചിരുന്നു. ആയതിനാൽ ഇന്ന് ക്ലബ്ബിംഗ് അനുവദിക്കുന്നില്ല.

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, ക്ലബ്ബിംഗ് ഒരിക്കലും അനുവദിക്കില്ലെന്നാണോ?

മി. സ്പീക്കർ: ഒട്ടേറെ അപേക്ഷ വന്നിരിക്കുകയാണ്. അങ്ങനെ വരുമ്പോൾ നറുക്ക് കിട്ടിയ ആളുകൾക്ക് അവസരം നഷ്ടപ്പെടും.

ശ്രീ. വി. ഡി. സതീശൻ: സർ, പ്രതിപക്ഷത്തുനിന്നുള്ള ചോദ്യമാണ് ക്ലബ്ബ് ചെയ്യാൻ ആവശ്യപ്പെട്ടിരുന്നത്. അതുകൊണ്ട് ഇന്നത്തേയ്ക്ക് മാത്രം ക്ലബ്ബിംഗ് ഇല്ലെന്നുള്ള തീരുമാനമാണോ?

മി. സ്പീക്കർ: അല്ല. പ്രതിപക്ഷത്തുനിന്നുമാത്രമല്ല, അല്ലാതെയും ആവശ്യപ്പെട്ടിരുന്നു.

ശ്രീ. വി. ഡി. സതീശൻ: സർ, സഭ തുടങ്ങിയതുമുതൽ രണ്ടുദിവസവും ചോദ്യങ്ങൾ ക്ലബ്ബ് ചെയ്യുതുമൂലം ഞങ്ങൾക്ക് ഒരുപാട് അവസരങ്ങൾ നഷ്ടപ്പെട്ടു. ഇത് സ്ഥിരമായ ഒരു തീരുമാനമാണെങ്കിൽ കുഴപ്പമില്ല. ഇന്നത്തേയ്ക്ക് മാത്രമുള്ള തീരുമാനമാണോ?

മി. സ്പീക്കർ: ഇന്നത്തേയ്ക്ക് മാത്രമല്ല, ക്ലബ്ബിംഗ് അനിവാര്യമായി വരുമ്പോൾ ആലോചിക്കാം.

ശ്രീ. വി. ഡി. സതീശൻ: സർ, അതിനൊരു മാനദണ്ഡം വേണ്ടേ; സ്ഥിരമാണെങ്കിൽ ഞങ്ങൾ സമ്മതിക്കാം. അല്ലാതെ ഓരോ ദിവസത്തെയും ഡിസ്ക്രീഷൻ അനുസരിച്ചാണെങ്കിൽ എങ്ങനെയാണ്; ഇന്ന് ഞങ്ങളുടെ അവസരം നിഷേധിക്കപ്പെട്ടു.

മി. സ്പീക്കർ: അത് പ്രത്യേകം ആലോചിക്കാം. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവേ, ചോദ്യോത്തരവേളയിൽ ആരുടെയും അവസരം നിഷേധിക്കുന്ന പ്രശ്നമില്ല. ഇതുസംബന്ധിച്ച് കൂട്ടായി ആലോചിക്കാം. ഇന്നലെ തന്നെ ഇക്കാര്യം സഭയെ അറിയിച്ചിരുന്നു. എല്ലാ ഭാഗത്തുനിന്നും ക്ലബിംഗിന്റെ ആവശ്യം വരാറുണ്ട്, വന്നിട്ടുമുണ്ട്. ഇന്ന് മൂന്ന് ചോദ്യം ക്ലബ്ബ് ചെയ്താൽ മറ്റൊരു ചോദ്യത്തിലേയ്ക്ക് പോകാനാവില്ല. മറ്റ് ഉപചോദ്യങ്ങൾക്ക് അവസരവും നിഷേധിക്കപ്പെടും. എല്ലാവരുടെയും അവസരമാണ് നഷ്ടപ്പെടുന്നത്. അത് ഏകപക്ഷീയമായി പ്രഖ്യാപിക്കുന്നില്ല. ആലോചിച്ചതിനു ശേഷമാകാം.

## മുതലപ്പൊഴിയിലെ അപകടങ്ങൾ ഒഴിവാക്കാൻ നടപടി

1(*61) ശ്രീ. ഷാഫി പറമ്പിൽ:
ശ്രീ. സനീഷ്കുമാർ ജോസഫ്:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹാർബർ നിർമ്മാണത്തിലെ അപാകതകൾ കാരണം മുതലപ്പൊഴി ഹാർബറിൽ അപകടങ്ങൾ വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കഴിഞ്ഞ അഞ്ച് വർഷങ്ങളിൽ അൻപത്തിയഞ്ചോളം മത്സ്യത്തൊഴിലാളികൾ മത്സ്യബന്ധനത്തിന് പോകുന്നതിനിടയിൽ ഹാർബർ മുഖത്ത് മരണപ്പെട്ടിട്ടുണ്ട് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് ഗൗരവമായി കാണുന്നുണ്ടോ;

(സി) ഉണ്ടെങ്കിൽ ഇവ പരിഹരിക്കാൻ എന്തൊക്കെ നടപടികളാണ് നാളിതുവരെ സ്വീകരിച്ചതെന്നും എന്തൊക്കെ നടപടികളാണ് തുടർന്ന് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്നും വിശദമാക്കാമോ;

(ഡി) ഹാർബറിൽ രൂപപ്പെട്ടിരിക്കുന്ന മണൽതിട്ടകൾ ഡ്രെഡ്ജ് ചെയ്ത് നീക്കി മത്സ്യബന്ധന ബോട്ടുകളുടെ സഞ്ചാരം സുഗമമാക്കാനും അപകടങ്ങൾ ഒഴിവാക്കാനും അടിയന്തര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): സർ,

(എ) മുതലപ്പൊഴി ഹാർബറിന്റെ പൊഴിയിൽ അപകടങ്ങളുണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) അഞ്ചുതെങ്ങ് മുതൽ വേളി വരെയുള്ള ഭാഗങ്ങളിൽ കടലിൽ നിരവധി അപകടങ്ങളുണ്ടാകുകയും മത്സ്യത്തൊഴിലാളികൾ മരണമടയുകയും ചെയ്തിട്ടുണ്ട്. 2011 മുതൽ നാളിതുവരെ ഈ പ്രദേശത്ത് 58-ഓളം പേരുടെ മരണം സംഭവിച്ചിട്ടുണ്ട്. തീരദേശ/ലോക്കൽ പോലീസ് സ്റ്റേഷനുകളിൽനിന്നും ലഭിച്ച എഫ്.ഐ.ആർ. പ്രകാരം മുതലപ്പൊഴി ഹാർബർ മുഖത്ത് കഴിഞ്ഞ അഞ്ച് വർഷത്തിനുള്ളിൽ (2016-2021) 11 മത്സ്യത്തൊഴിലാളികൾ അപകടംമൂലം മരണപ്പെട്ടിട്ടുണ്ട്. ആയത് ഗൗരവമായി കാണുന്നുണ്ട്.

(സി&ഡി) അഴിമുഖത്ത് മണ്ണടിയുന്നതുമൂലം അപകടങ്ങൾ സംഭവിക്കാറുണ്ട്. അടിഞ്ഞ മണ്ണ് ഡ്രെഡ്ജിംഗ് നടത്തി ആഴം ഉറപ്പാക്കുന്നതിനായി M/s. അദാനി ഗ്രൂപ്പുമായി നിലവിലുള്ള ധാരണാപത്ര പ്രകാരം നടപടികൾ ആരംഭിച്ചിട്ടുണ്ട്.

ഇതിന്റെ ഭാഗമായി grab dredger സൈറ്റിൽ എത്തിച്ചേർന്നിട്ടുണ്ട്. എത്രയും വേഗം assembling പൂർത്തിയാക്കി ഡ്രെഡ്ജിംഗ് ആരംഭിക്കുന്നതാണ്. മണ്ണടിയുന്നത് പരിഹരിക്കുന്നതിന്റെ ഭാഗമായി തെക്കുഭാഗത്ത് അടിയുന്ന മണ്ണ് തീരശോഷണം സംഭവിക്കുന്ന വടക്കുഭാഗത്തേയ്ക്ക് നിക്ഷേപിക്കുന്നതിനായി സ്ഥിരമായ sand bypassing സംവിധാനം നടപ്പിലാക്കുന്നതിന് മുന്നോടിയായി പരിസ്ഥിതി ആഘാത പഠനം നടത്തുന്നതിന് Ultratech Agency, Kochi-യെ ചുമതലപ്പെടുത്തി കരാറി ലേർപ്പെട്ടിട്ടുണ്ട്. ഒരു മാസത്തിനുള്ളിൽ റിപ്പോർട്ട് ലഭ്യമാകും. തുടർന്ന് sand bypassing സംവിധാനത്തിനുള്ള ഡി.പി.ആർ. തയ്യാറാക്കി നടപടിക്രമങ്ങൾ പാലിച്ച് പദ്ധതി ആരംഭിക്കുന്നതാണ്. കൂടാതെ മുതലപ്പൊഴി ഹാർബർ നിർമ്മാണത്തിലെ അപാകതകൾ പഠിച്ച് പരിഹാരം നിർദ്ദേശിക്കുന്നതിനായി ചെന്നൈ NIOT (National Institute of Ocean Technology-യെ ചുമതലപ്പെടുത്തിയിരുന്നതനുസരിച്ച് പ്രൊഫ. ഡോ. രമണമൂർത്തിയുടെ നേതൃത്വത്തിലുള്ള വിദഗ്ദ്ധർ ഒരാഴ്ചയ്ക്കുള്ളിൽ മുതലപ്പൊഴി ഹാർബർ നേരിട്ട് സന്ദർശിച്ച് ആയതിന്റെ അടിസ്ഥാനത്തിൽ റിപ്പോർട്ട് തയ്യാറാക്കാമെന്ന് അറിയിച്ചിട്ടുണ്ട്. തുടർന്ന് റിപ്പോർട്ട് പൊതുചർച്ചയ്ക്ക് വിധേയമാക്കി പരിഹാര നടപടികൾ സ്വീകരിക്കുന്നതാണ്.

ശ്രീ. ഷാഫി പറമ്പിൽ ചുമതലപ്പെടുത്തിയതുപ്രകാരം ശ്രീ. എം. വിൻസെന്റ്: സർ, അടിയന്തരപ്രമേയമായി ഇക്കാര്യം സഭയുടെ ശ്രദ്ധയിൽ കൊണ്ടുവന്നപ്പോഴും ഡ്രെഡ്ജിംഗിന് അദാനി ഗ്രൂപ്പിനെ ചുമതലപ്പെടുത്തിയെന്നാണ് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത്. ഇത്രയുമധികം മരണം നടന്ന ഒരു സ്ഥലത്തെ പ്രധാനപ്പെട്ട ആവശ്യമായ ഡ്രെഡ്ജിംഗ് നാളിതുവരെ നടന്നിട്ടില്ല. മരണം സംബന്ധിച്ച് ഗവൺമെന്റിന്റെ കയ്യിലുള്ള കണക്കും നാട്ടുകാരുടെ കയ്യിലുള്ള കണക്കും തമ്മിൽ വ്യത്യാസമുണ്ട്. അതുപോലെതന്നെ ഒരു മത്സ്യത്തൊഴിലാളി അപകടത്തിൽപ്പെടുമ്പോൾ അവരെ പെട്ടെന്ന് രക്ഷപ്പെടുത്തുന്നതിന് റെസ്ക്യൂ ഓപ്പറേഷനുവേണ്ടി റെസ്ക്യൂ ടീമിനെ ഏർപ്പെടുത്തണമെന്ന ആവശ്യവും നടന്നിട്ടില്ല. നാച്വറൽ സാൻഡ് ബൈപ്പാസിംഗ് നടക്കാത്തതുകൊണ്ട് അഞ്ചുതെങ്ങ് മുതൽ വടക്കോട്ടുള്ള ഭാഗത്ത് മൂന്നുനില വീടുണ്ടായിരുന്നത് ഇപ്പോൾ രണ്ടുനിലയായി. ആ പ്രദേശം തന്നെ ഇല്ലാതാകും. അടിയന്തരമായി ഡ്രെഡ്ജിംഗ് നടത്താൻ അദാനിയുമായി കരാറുണ്ടാക്കിയെന്ന് പറയുന്നുണ്ടെങ്കിലും ഒന്നും നടക്കുന്നില്ല. സർക്കാരിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ ഡ്രെഡ്ജിംഗ് നടത്താനും റെസ്ക്യൂ ടീമിനെ ഏർപ്പെടുത്താനും പോണ്ടിച്ചേരിയിൽ നടന്നിട്ടുള്ള അതേരൂപത്തിൽ സാൻഡ് ബൈപ്പാസിംഗ് നടത്തുന്നതിനും വേണ്ടിയുള്ള അടിയന്തര നടപടികൾ സ്വീകരിക്കുമോ?

ശ്രീ. സജി ചെറിയാൻ: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നിർദ്ദേശ പ്രകാരം വകുപ്പമന്ത്രിയെന്ന നിലയിൽ ഞാൻ 20-7-2021-ൽ ശ്രീ. വി. ശശി എം.എൽ.എ-യുടെ സാന്നിദ്ധ്യത്തിൽ ഒരു യോഗം നടത്തിയിരുന്നു. ഒരു വസ്തുത ഈ സഭ മനസ്സിലാക്കണം. ശ്രീ. വക്കം പുരുഷോത്തമന്റെ കാലത്ത് ആരംഭിച്ച പദ്ധതിയാണിത്. അശാസ്ത്രീയമായി നിർമ്മിച്ച മുതലപ്പൊഴിയുടെ ഉത്തരവാദിത്തം മുഴുവൻ ഈ ഗവൺമെന്റിന്റെ തലയിൽ കെട്ടിവയ്ക്കാൻ നിങ്ങൾ ദയവുചെയ്ത് ശ്രമിക്കരുത്. മുതലപ്പൊഴി വിഷയത്തിൽ ഞങ്ങൾ ഇടപെട്ടില്ലെന്ന നിലപാടിലേയ്ക്ക് വരരുത്. അവിടത്തെ നിർമ്മാണ പ്രവർത്തനങ്ങളിൽ വന്നിട്ടുള്ള അപാകതകളെ സംബന്ധിച്ച് യോഗം വിശദമായി ചർച്ച ചെയ്തു. അതിന്റെ അടിസ്ഥാനത്തിലാണ് ഡ്രെഡ്ജിംഗ് നടത്താൻ തീരുമാനിച്ചത്. അദാനി ഗ്രൂപ്പിന്റെ പ്രത്യേക യോഗം ചേർന്നപ്പോൾ അതിൽ ഞാനും പങ്കെടുത്തിരുന്നു. സെപ്റ്റംബർ മാസം 15-ാം തീയതി മുതൽ ഡ്രെഡ്ജിംഗ് നടത്താനാണ് തീരുമാനിച്ചത്. അതിന്റെ ഭാഗമായി അവിടെ grab dredger എത്തിയിട്ടുണ്ട്. അടിയന്തരമായി അവിടെ ഡ്രെഡ്ജിംഗ് നടക്കും. പെരുമാതുറ താഴംപള്ളി ഹാർബർ ബേസിനുള്ളിൽ മൂന്നുമീറ്റർ ആഴം ഉറപ്പാക്കുന്ന വിധത്തിൽ ഡ്രെഡ്ജിംഗ് നടത്തണം. ആ തീരുമാനം ഇപ്പോൾ നടപ്പാക്കാൻ പോകുകയാണ്. ഡ്രെഡ്ജിംഗിനുശേഷം ചാനൽ ബേ ഇട്ട് യാനങ്ങൾക്ക് സുരക്ഷിത പാതയൊരുക്കും. മുതലപ്പൊഴി പുലിമുട്ടിന്റെ തെക്കുഭാഗത്തുനിന്ന് തീര ശോഷണം നടക്കുന്ന വടക്കുഭാഗത്തേയ്ക്ക് സാൻഡ് ബൈപ്പാസിംഗ് നടത്തുന്നതിന് ഇ.ഐ.എ. (Environmental Impact Assessment) സ്റ്റഡി നടത്തിവരുന്നു.

മറ്റൊരു കാര്യം, കാലവർഷത്തിന് മുൻപായി എല്ലാ വർഷവും മാർച്ച്-ഏപ്രിൽ മാസങ്ങളിൽ ആന്വൽ ഡ്രെഡ്ജിംഗ് നടത്തുന്നതാണ്. ആന്വൽ ഡ്രെഡ്ജിംഗ് നടത്താനും അവിടെ കേടായി കിടക്കുന്ന ഡ്രെഡ്ജർ നീക്കാനും നടപടി സ്വീകരിച്ചിട്ടുണ്ട്. അതുപോലെതന്നെ പൊഴിഭാഗത്ത് മണ്ണടിയുന്നതും തിരയിളക്കവും ഒഴിവാക്കുന്നതിന് പുലിമുട്ടിന്റെ നീളം കൂട്ടുന്നതിനുള്ള പഠനം നടത്തുന്നതിന് ചെന്നൈ NIOT-യെ ചുമതലപ്പെടുത്തിയിട്ടുണ്ട്. നിർമ്മാണത്തിലെ അശാസ്ത്രീയമായ വിഷയം വീണ്ടും പഠിക്കണം. ചെന്നൈ NIOT മുഖേന പഠനം നടത്തി അതിന്റെ റിപ്പോർട്ട് ഉടൻ ലഭ്യമാക്കാമെന്ന് അറിയിച്ചിട്ടുണ്ട്. റിപ്പോർട്ട് വന്നുകഴിഞ്ഞാൽ അതിനാവശ്യമായ പണം അവർക്ക് കൊടുക്കും. ഇപ്പോൾ അതിന്റെ ഒരു ഡ്രാഫ്റ്റ് കിട്ടിയിട്ടുണ്ട്. കഴിഞ്ഞ ദിവസം അതുസംബന്ധിച്ച് ഒരു യോഗം കൂടി, നിലവിലുള്ള ഭാഗത്ത് കുറച്ചുകൂടി നീളം കൂട്ടിയെങ്കിൽ മാത്രമേ ഇപ്പോഴുള്ള അപകടം ഒഴിവാക്കാൻ കഴിയൂ. അന്തിമ റിപ്പോർട്ട് വന്നുകഴിഞ്ഞാൽ ഉടൻതന്നെ നടപടിയെടുക്കും. ഇനിയൊരു അപാകത ഉണ്ടാകാതിരിക്കാൻവേണ്ടി അവിടത്തെ എം.എൽ.എ.-യുടെയും മന്ത്രിയുടെയും

തൊഴിലാളി സംഘടനകളുടെയും ജനപ്രതിനിധികളുടെയും നാട്ടുകാരുടെയും മത്സ്യത്തൊഴിലാളികളുടെയും സാന്നിദ്ധ്യത്തിൽ ഈ റിപ്പോർട്ട് അവതരിപ്പിച്ച് പൊതു അംഗീകാരം വാങ്ങിക്കൊണ്ട് ഈ പദ്ധതി നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്. അവിടെ വരുന്ന മത്സ്യ ഇടനിലക്കാരെ ഒഴിവാക്കുക തുടങ്ങിയ കാര്യങ്ങൾ സംബന്ധിച്ചും തീരുമാനിച്ചിട്ടുണ്ട്. അതുകൊണ്ട് യാതൊരു ആശങ്കയും വേണ്ട. മുതലപ്പൊഴിയിലുണ്ടായ 58 പേരുടെ മരണത്തെക്കുറിച്ചുള്ള കണക്ക് കഴിഞ്ഞ ദിവസം പ്രതിപക്ഷനേതാവ് പറഞ്ഞപ്പോൾത്തന്നെ ഞാനത് അങ്ങേയ്ക്ക് സമർപ്പിച്ചതാണ്. മുതലപ്പൊഴിയിൽ മരിച്ചത് 18 ആളുകളാണ്. ബാക്കിയുള്ളവർ പൊഴിക്ക് അപ്പുറവുമിപ്പുറവും മരിച്ചിട്ടുണ്ട്. നിങ്ങൾ പറയുന്നത്, പൊഴിയിൽ 58 പേർ മരിച്ചുവെന്നാണ്; എന്നാൽ അങ്ങനെയല്ല. കണക്കുകളെല്ലാം വസ്തുതയാണ്. വേറെ ആശങ്കയൊന്നും വേണ്ട. മുതലപ്പൊഴിയിലുണ്ടാകുന്ന അപകടം എല്ലാവർക്കും ഒരുപോലെ പ്രയാസമുള്ളതാണ്. അത് ശാശ്വതമായി പരിഹരിക്കാൻ ഈ ഗവൺമെന്റിന്റെ കാലത്ത് ആവശ്യമായ പ്രവർത്തനം നടത്തും. എത്രയും വേഗം അതിനുവേണ്ടിയുള്ള നിലപാട് സ്വീകരിക്കും.

ശ്രീ. എം. വിൻസെന്റ്: സർ, മുതലപ്പൊഴിയിൽ 18 ആളുകളാണ് മരിച്ചതെന്ന് അങ്ങ് ഇപ്പോൾ സമ്മതിച്ചു. ഈ വിഷയത്തിന്റെ അടിസ്ഥാനത്തിൽ നടത്തിയ അടിയന്തരപ്രമേയത്തിന് മറുപടിയായി 4 ആളുകളാണ് മരിച്ചതെന്ന് അങ്ങ് പറഞ്ഞു. മുതലപ്പൊഴി അപകടം എൽ.ഡി.എഫ്. ഗവൺമെന്റിന്റെ തലയിലേയ്ക്ക് വയ്ക്കുന്ന വിധത്തിൽ ഞങ്ങളാരും സംസാരിച്ചില്ല. ഞങ്ങൾ ഒരു പ്രധാനപ്പെട്ട വിഷയം ഉന്നയിച്ചുവെന്നേയുള്ളൂ. അതിൽ അങ്ങ് രാഷ്ട്രീയം കണ്ടത് മോശമായിപ്പോയി. ഇതിൽ രാഷ്ട്രീയമൊന്നുമില്ല. മത്സ്യത്തൊഴിലാളികളുടെ ജീവന് സുരക്ഷയൊരുക്കേണ്ടത് നിങ്ങളുടെയും ഞങ്ങളുടെയും ബാദ്ധ്യതയും ഉത്തരവാദിത്വവുമാണ്. അക്കാര്യമാണ് അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തിയത്. കഴിഞ്ഞ സെപ്റ്റംബർ 15-ാം തീയതി മുതൽ ഡ്രെഡ്ജിംഗ് തുടങ്ങാനാണ് തീരുമാനമെടുത്തിരുന്നത്. എന്നാൽ നാളിതുവരെ ഡ്രെഡ്ജിംഗ് തുടങ്ങിയിട്ടില്ലെന്നാണ് ഞാൻ പറഞ്ഞത്. സുരക്ഷയ്ക്കായി കോസ്റ്റൽ പോലീസിൽനിന്നും വാടകയ്ക്കെടുത്ത ബോട്ടുകൊണ്ട് ഒരു പ്രയോജനവും ഉണ്ടാകുന്നില്ലെന്ന് മാത്രമല്ല അവിടെ മറ്റ് സുരക്ഷാ സംവിധാനങ്ങളൊന്നുമില്ല. അടിയന്തരമായും ഒരു റെസ്ക്യൂ ടീമിനെ ഏർപ്പെടുത്തണമെന്നാണ് എന്റെ ആദ്യത്തെ ചോദ്യത്തിൽ ആവശ്യപ്പെട്ടത്. അതിനെക്കുറിച്ച് ബഹുമാനപ്പെട്ട മന്ത്രി മറുപടി പറഞ്ഞിട്ടില്ല. മുതലപ്പൊഴി അപകടത്തിൽ മരണപ്പെട്ടതിൽ മൂന്നുപേർക്ക് മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗത്വമില്ലാത്തതിന്റെ പേരിൽ നാളിതുവരെ നഷ്ടപരിഹാരം ലഭിച്ചിട്ടില്ല. അർഹതപ്പെട്ട പലർക്കും അംഗത്വം കിട്ടുന്നില്ല. അവർക്ക് നഷ്ടപരിഹാരം നൽകാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. സജി ചെറിയാൻ: സർ, റെസ്ക്യൂ ടീമിനെ ഏർപ്പെടുത്തുന്നത് സംബന്ധിച്ച് ഞാൻ ശ്രീ. എം. വിൻസെന്റ് എം.എൽ.എ.-യുടെ സാന്നിദ്ധ്യത്തിൽ വിഴിഞ്ഞത്ത് കേന്ദ്ര സേനയുമായി ചർച്ച നടത്തി. കേരളത്തിൽ ഇക്കഴിഞ്ഞ ആറ് മാസത്തിനുള്ളിൽ തീരപ്രദേശത്തുണ്ടായ അപകടങ്ങളെപ്പറ്റി പരിശോധിച്ചപ്പോൾ തീരത്ത് നിന്ന് 5 നോട്ടിക്കൽ മൈൽ ഉള്ളിലാണ് എല്ലാ അപകടങ്ങളും നടന്നിരിക്കുന്നതെന്ന് മനസ്സിലായി. ഉൾക്കടലിൽ അപകടം നടന്നിട്ടില്ല. തീരദേശത്തെ 5 നോട്ടിക്കൽ മൈലിനുള്ളിൽ അപകടം നടക്കുമ്പോൾ സംസ്ഥാനത്തെ സംവിധാനം മാത്രം പോരാത്ത സ്ഥിതിയാണുള്ളത്. കേന്ദ്ര ഗവൺമെന്റിന്റെ സഹായംകൂടി കോർത്തിണക്കിയുള്ള ഒരു റെസ്ക്യൂ സംവിധാനമാണ് ഞങ്ങൾ ഒരുക്കുന്നത്. അതിനുവേണ്ടി ബഹുമാനപ്പെട്ട എം.എൽ.എ.-യും ഞാനുംകൂടി പങ്കെടുത്ത് വിഴിഞ്ഞത്ത് നടത്തിയ യോഗത്തിൽ കുറെയേറെ നിർദ്ദേശങ്ങൾ വച്ചിട്ടുണ്ട്. ഹാർബറുകളിൽ കുറച്ചാളുകൾക്ക് ട്രെയിനിംഗ് നൽകി നിയമിക്കേണ്ടതായിട്ടുണ്ട്. അത് ഗവൺമെന്റിന്റെ ശ്രദ്ധയിലേയ്ക്ക് കൊണ്ടുവരും. കേരളത്തിലെ ഹാർബറുകളായ കാസർഗോഡ്, മുതലപ്പൊഴി, വിഴിഞ്ഞം എന്നിവിടങ്ങളിലാണ് ഇപ്പോൾ അപകടമുണ്ടായത്. ടി സ്ഥലങ്ങളിൽ ട്രെയിനിംഗ് കൊടുത്ത് ആളുകളെ നിയോഗിക്കും. ഇക്കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിലേയ്ക്ക് കൊണ്ടുവരാൻ കഴിഞ്ഞു. മീറ്റിംഗിനുശേഷം നോട്ട് തയ്യാറാക്കി ഫയലായിട്ടുണ്ട്. അതിന് പരിഹാരം കാണും.

ശ്രീ. സനീഷ്കുമാർ ജോസഫ്: സർ, ബഹുമാന്യനായ എം.പി. ശ്രീ. അടൂർ പ്രകാശ് 2021 ജൂലൈയിൽ പാർലമെന്റിൽ മുതലപ്പൊഴിയിലെ അപകടം സംബന്ധിച്ച് സബ്മിഷൻ അവതരിപ്പിക്കുകയുണ്ടായി. അവിടെ ഒരു കുഴപ്പവുമില്ലെന്നാണ് ആ സബ്മിഷന് മറുപടി ലഭിച്ചത്. കേരള ഗവൺമെന്റ് അങ്ങനെയൊരു റിപ്പോർട്ട് കേന്ദ്രഗവൺമെന്റിന് നൽകിയിട്ടുണ്ടോ?

ശ്രീ. സജി ചെറിയാൻ: സർ, മുതലപ്പൊഴിയിലെ പ്രശ്നം സംബന്ധിച്ച് വിശദീകരിക്കണമെങ്കിൽ കുറേ സമയമെടുക്കും. കേന്ദ്ര ഗവൺമെന്റ് പറയേണ്ട വിഷയം മാത്രമല്ല അവിടെയുള്ളത്. തുറമുഖപ്പൊഴിയിൽ മണ്ണടിയുന്നതാണ് നിലവിലെ പ്രധാന വിഷയം. അവിടെ നിർമ്മിച്ച പുലിമുട്ടുകളുടെ പുനരുദ്ധാരണം അടിയന്തരമായി നടപ്പാക്കാതെ ഈ പ്രശ്നത്തിന് പരിഹാരമുണ്ടാക്കാൻ കഴിയില്ല. അവിടെ അടിഞ്ഞുകൂടുന്ന മണൽത്തിട്ടകളിൽ തട്ടിയാണ് മത്സ്യത്തൊഴിലാളികളുടെ വള്ളങ്ങൾ അപകടത്തിൽപ്പെടുന്നത്. അതിന്റെ ഭാഗമായിട്ടാണ് കുഴിയിൽ കിടക്കുന്ന വലിയ പാറക്കല്ലുകളും മണ്ണും പൂർണ്ണമായും നീക്കം ചെയ്യുന്നതിന് തീരുമാനിച്ചത്. ഈ നിർമ്മാണത്തിൽ അപാകതയുണ്ട്. അത് ഇപ്പോഴുള്ള ഗവൺമെന്റിന്റെ തലയിൽ കെട്ടിവയ്ക്കരുതെന്നാണ് ഞാൻ പറഞ്ഞത്. അതുകൊണ്ട് കൂട്ടായ പരിശ്രമത്തിലൂടെ അപാകത പരിഹരിക്കാൻ ശ്രമിക്കുകയാണ്. എല്ലാ ഇൻവെസ്റ്റിഗേഷനും നടത്തി റിപ്പോർട്ട് ലഭ്യമായാൽ എത്രയും വേഗം പരിഹാരം കാണാം.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി മത്സ്യത്തൊഴിലാളികളെ കേരളത്തിലെ സൈന്യമെന്നാണ് വിശേഷിപ്പിച്ചിട്ടുള്ളത്. മുതലപ്പൊഴി ഹാർബറിൽ അൻപതിലധികം ആളുകൾ അശാസ്ത്രീയ നിർമ്മാണം കാരണം മരണപ്പെട്ടിട്ടുണ്ടെന്നാണ് തദ്ദേശവാസികൾ പറയുന്നത്. അദാനി ഗ്രൂപ്പിന് കരാർ നൽകിയതിനുശേഷം എപ്പോഴെങ്കിലും ഡ്രെഡ്ജിംഗ് നടത്തിയിട്ടുണ്ടോ; മുൻ മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടിയുടെ കാലത്ത് ആരംഭിച്ച 2 കോടി രൂപയുടെ ടൂറിസം പ്രോജക്ട് ഇതുമൂലം നിന്നുപോയത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അത് പുനരുജ്ജീവിപ്പിക്കാനോ ഡ്രെഡ്ജിംഗ് തുടർന്നുകൊണ്ടുപോകാനോ നടപടി സ്വീകരിച്ചിട്ടുണ്ടോ?

ശ്രീ. സജി ചെറിയാൻ: സർ, മുതലപ്പൊഴിയിൽ ഡ്രെഡ്ജിംഗ് നടത്താത്തതു കൊണ്ടാണ് ഗവൺമെന്റ് ഇടപെട്ടത്. ഡ്രെഡ്ജിംഗ് നടത്താൻ ഇപ്പോൾ തീരുമാനിച്ച് കരാർ ഒപ്പിട്ടുണ്ട്. അതിനുള്ള ഡ്രെഡ്ജറും വന്നിട്ടുണ്ട്. താമസിയാതെ അത് നടപ്പാക്കും.

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, മുതലപ്പൊഴി മത്സ്യത്തൊഴിലാളികളുടെ മരണപ്പൊഴിയാണ്. നിർമ്മാണത്തിന്റെ അപാകത കൊണ്ടുമാത്രം ഈ പൊഴിയിലും പരിസരത്തുമായി കഴിഞ്ഞ ആറേഴ് വർഷമായി 58 പേരാണ് മരിച്ചത്. നിരവധിയാളുകൾക്ക് പരിക്കുപറ്റിയിട്ടുണ്ട്. മറ്റ് ജോലിയില്ലാത്തതുകൊണ്ട് അതേ കുടുംബങ്ങളിൽ നിന്നുതന്നെ മത്സ്യത്തൊഴിലാളികൾ ഈ ജോലിക്ക് പോകുകയാണ്. നിർമ്മാണത്തിന്റെ അപാകതയാണെന്ന് കണ്ടെത്തിയിട്ടും കഴിഞ്ഞ അഞ്ചാറ് വർഷമായി എന്ത് നടപടിയാണ് സ്വീകരിച്ചത്; അവിടെ കല്ലിറക്കാൻ വേണ്ടി അദാനി ഗ്രൂപ്പിന് ഒരു സംവിധാനം ചെയ്തുകൊടുത്തു. അതിന്റെ അപകടങ്ങളുമുണ്ട്. അതിനുവേണ്ടി പുലിമുട്ടുകൾ മാറ്റി. എഗ്രിമെന്റിന്റെ ഭാഗമായി എല്ലാ പ്രാവശ്യവും ഡ്രെഡ്ജ് ചെയ്ത് മണ്ണ് മാറ്റേണ്ടതാണ്. മണൽത്തിട്ടയിൽ തട്ടി മാത്രമല്ല, അപകടകരമായ രീതിയിൽ വലിയ തിരമാലകൾ വന്നും അപകടമുണ്ടാകുന്നുണ്ട്. അപകടത്തിൽപ്പെട്ടവരെ രക്ഷിക്കാൻ റെസ്ക്യൂ ഓപ്പറേഷൻ പോലും ഇതുവരെ ഏർപ്പെടുത്തിയിട്ടില്ല. അവർക്ക് സുരക്ഷിതമായി പോകാനും വരാനുമുള്ള ഒരു സംവിധാനവും ഏർപ്പെടുത്തിയിട്ടില്ല. അവിടെ ഓരോ ദിവസവും അപകടത്തിൽപ്പെട്ട് മരിക്കുന്നവരുടെ മൃതദേഹവും വച്ച് ആളുകൾ വഴിയിലിറങ്ങി പ്രതിഷേധിക്കുകയാണ്. ഇപ്പോൾ പ്രശ്നം തീർത്തുതരാമെന്ന് ആവർത്തിച്ച് പറയുന്നതല്ലാതെ അവിടെ ഡ്രെഡ്ജിംഗ് നടത്താനോ അപാകത കൃത്യമായി പരിഹരിച്ച് മുന്നോട്ടുപോകാനോ സാധിച്ചിട്ടില്ല. ഇത് ഏതെങ്കിലും ഗവൺമെന്റ് ഉണ്ടാക്കിയതല്ലല്ലോ; അഞ്ച് വർഷമായി നിങ്ങളല്ലേ ഭരിക്കുന്നത്; അപാകത പരിഹരിക്കേണ്ടത് മുൻ ഗവൺമെന്റാണോ? അല്ല. ഇപ്പോഴത്തെ ഗവൺമെന്റാണ്

അപാകത പരിഹരിക്കേണ്ടത്. അതിന് എത്ര പഠന റിപ്പോർട്ടുണ്ട്? ഞാൻ അവിടെ സന്ദർശിച്ച് അവരുടെ സങ്കടങ്ങൾ കണ്ടതാണ്. അപകടകരമായ രീതിയിൽ ഇപ്പോഴും മത്സ്യത്തൊഴിലാളികൾ പോകുകയാണ്. ആര് മരിച്ചാലും സംസ്ഥാനത്തിനാണ് അതിന്റെ ഉത്തരവാദിത്വം. അടിയന്തരമായി ചെയ്യേണ്ട കാര്യങ്ങൾക്ക് മുൻഗണന നൽകണം. അപകടത്തിൽപ്പെടുന്നവരെ രക്ഷപ്പെടുത്താൻ റെസ്ക്യൂ സംവിധാനം ഏർപ്പെടുത്തുമോ; അവിടെ ഒരു സേഫ് കോറിഡോർ ഉണ്ടാക്കുമോ; ഏറ്റവും ഫലപ്രദമായി ഡ്രെഡ്ജിംഗ് നടത്തി അപകട സാദ്ധ്യതകൾ കുറയ്ക്കുന്നതിനുള്ള സംവിധാനം ചെയ്യുമോ? ഇക്കാര്യങ്ങൾ അടിയന്തരമായി നടപ്പാക്കാൻ സമയബന്ധിതമായി ഒരു പദ്ധതി തയ്യാറാക്കാൻ സർക്കാരിന് സാധിക്കുമോ?

ശ്രീ. സജി ചെറിയാൻ: സർ, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പറഞ്ഞത് പ്രസക്തമായ കാര്യം തന്നെയാണ്, ഗവൺമെന്റ് നിലപാടും അതുതന്നെയാണ്. ഈ വിഷയത്തിന്റെ ഗൗരവം മനസ്സിലാക്കിയാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നിർദ്ദേശപ്രകാരം അവിടെ യോഗം കൂടിയത്. സെപ്റ്റംബർ 15 എന്നത് നാലഞ്ചു ദിവസം നീണ്ടുപോയി. അതിനുമുമ്പ് ഡ്രെഡ്ജർ അവർ കൊണ്ടുവന്നു. അദാനി ഗ്രൂപ്പുമായി അഞ്ച് തവണ ചർച്ച നടന്നു. ഇതുമായി ബന്ധപ്പെട്ടുണ്ടാകുന്ന പ്രയാസങ്ങളെന്തെല്ലാമാണെന്ന് അങ്ങേയ്ക്കറിയാമല്ലോ? ചർച്ച നടത്തി, അവരെ അതിന് സമ്മതിപ്പിച്ച്, എഗ്രിമെന്റുണ്ടാക്കി. അവിടെ ഡ്രെഡ്ജിംഗ് നടക്കും. കാസർഗോഡ്, വിഴിഞ്ഞം, മുതലപ്പൊഴി എന്നിവിടങ്ങളിൽ റെസ്ക്യൂ ഫോഴ്സിനെ അടിയന്തരമായി നിയോഗിക്കേണ്ടതുണ്ട്. അതിനായി തീരദേശ സംരക്ഷണവുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച ചെയ്ത് ഒരു മാതൃകയുണ്ടാക്കി. അത് അടിയന്തരമായി നടപ്പാക്കും. അക്കാര്യത്തിലൊന്നും ഒരാശങ്കയുടെയും ആവശ്യമില്ല. ഇത് നമ്മളാരും വരുത്തിവച്ച കുറ്റമല്ല. ഇത് ഇപ്പോൾ ഭരിക്കുന്ന ഇടതുപക്ഷ മുന്നണി ഗവൺമെന്റിന്റെ ബാദ്ധ്യതയാണ്. ആ ഉത്തരവാദിത്തങ്ങൾ ഗവൺമെന്റ് നടപ്പാക്കും. അങ്ങ് പ്രയാസപ്പെടേണ്ട. അക്കാര്യത്തിൽ ഗവൺമെന്റ് അടിയന്തരമായി ഇടപെടും.

ശ്രീ. എ. എൻ. ഷംസീർ: സർ, ഐ.പി.സി.സി. (Intergovernmental Panel on Climate Change)-യുടെ പഠന റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നത് സമുദ്രനിരപ്പ് ഉയരാൻ സാധ്യതയുണ്ടെന്നാണ്. അങ്ങനെയായാൽ തീരദേശം വീണ്ടും അപകടത്തിൽപ്പെടും. ഇത്തരമൊരു പശ്ചാത്തലത്തിൽ ഹാർബറുകൾ കേന്ദ്രീകരിച്ച് മത്സ്യത്തൊഴിലാളികളുടെ നേതൃത്വത്തിൽ പ്രത്യേക സ്ക്വാഡ് രൂപീകരിച്ച് കടൽ രക്ഷാപ്രവർത്തനം നടത്തുന്നതിന് നടപടിയെടുക്കുമോ? ഇത്തരമൊരു സ്ക്വാഡ് മുതലപ്പൊഴിയിലും അനുവദിക്കുമോ?

ശ്രീ. സജി ചെറിയാൻ: സർ, കേരളത്തിലെ എല്ലാ ഹാർബറുകളിലും മത്സ്യത്തൊഴിലാളികളായ ചെറുപ്പക്കാരെ പരിശീലിപ്പിച്ചുകൊണ്ട് ഒരു റെസ്ക്യൂ ഫോഴ്സ് രൂപീകരിക്കുന്നതിനുള്ള തയ്യാറെടുപ്പുകൾ ആരംഭിച്ചുകഴിഞ്ഞു. അത് ഗവൺമെന്റിന്റെ ശ്രദ്ധയിൽകൊണ്ടുവരാനുള്ള ഫയലായി. ഗവൺമെന്റ് അംഗീകരിച്ചുകഴിഞ്ഞാൽ നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്. അതിന്റെ ഭാഗമായി മുതലപ്പൊഴിയിലും റെസ്ക്യൂ ഫോഴ്സ് അനുവദിക്കും. മുതലപ്പൊഴിയും കാസർഗോഡും വിഴിഞ്ഞവും മുൻഗണനാ ലിസ്റ്റിൽ ഒന്നാമതായതുകൊണ്ട് ഉടൻതന്നെ മൂന്നുസ്ഥലത്തും ഈ സംവിധാനമൊരുക്കാൻ സാധിക്കും.

ശ്രീ. രമേശ് ചെന്നിത്തല: സർ, മത്സ്യത്തൊഴിലാളികൾ നേരിടുന്ന അപകടങ്ങളെ സംബന്ധിച്ചാണ് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത്. കഴിഞ്ഞ രണ്ടാഴ്ചയ്ക്കുമുമ്പ് എന്റെ നിയോജകമണ്ഡലത്തിലെ ആറാട്ടുപുഴ പഞ്ചായത്തിൽനിന്നും മത്സ്യബന്ധനത്തിനുപോയ വള്ളം കരുനാഗപ്പള്ളിക്കടുത്തുവച്ച് അപകടമുണ്ടാകുകയും ബോട്ട് തകരുകയും മൂന്ന് മത്സ്യത്തൊഴിലാളികൾ മരിക്കുകയും ചെയ്തു. ബഹുമാനപ്പെട്ട മന്ത്രിയും മറ്റ് മന്ത്രിമാരും കരുനാഗപ്പള്ളി എം.എൽ.എ. ശ്രീ. സി. ആർ. മഹേഷും ഉൾപ്പെടെ ഞങ്ങളെല്ലാവരും അവിടെ പോയതാണ്. ഇതുവരെ അവർക്ക് ഗവൺമെന്റിന്റെ ഭാഗത്തുനിന്നും യാതൊരു സഹായവും ലഭിച്ചിട്ടില്ല. ഇൻഷ്വറൻസ് തുക സംബന്ധിച്ച് ഒരു തീരുമാനവുമെടുത്തിട്ടില്ല. ആ പദ്ധതിയിൽ ചേരാത്ത ഒരാൾ മരിച്ചിട്ടുണ്ട്. അവർക്ക് സഹായം ലഭിച്ചിട്ടില്ല. പ്രതിപക്ഷനേതാവ് ശ്രീ. വി. ഡി. സതീശൻ അവിടെ സന്ദർശിച്ചപ്പോൾ അദ്ദേഹത്തോടും പരാതി പറയുകയും നിവേദനം നൽകുകയും ചെയ്തു. ബഹുമാനപ്പെട്ട മന്ത്രിക്കും നിവേദനം നൽകിയതാണ്. ഇതുവരെ ഒരു നടപടിയും ഉണ്ടായിട്ടില്ലെന്നത് ഗൗരവമായി ഗവൺമെന്റ് കണക്കിലെടുക്കുമോ? ക്യാബിനറ്റിൽവച്ച് ഒരു തീരുമാനമെടുത്ത്, മരിച്ചവരുടെ കുടുംബങ്ങൾക്ക് അടിയന്തര സഹായവും ബോട്ട് തകർന്നവർക്ക് വീണ്ടും ബോട്ട് നിർമ്മിക്കാനുള്ള സാമ്പത്തിക സഹായവും നൽകാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. സജി ചെറിയാൻ: സർ, നാലുപേരാണ് മരിച്ചത്. അതിൽ ഒരാൾക്ക് പ്രായപരിധിയിൽ താഴെയായതുകൊണ്ടും മറ്റൊരാൾക്ക് പ്രായപരിധി കഴിഞ്ഞതുകൊണ്ടും ഇൻഷ്വറൻസ് കവറേജില്ലായിരുന്നു. ഇൻഷ്വറൻസ് ക്ലെയിമുള്ളതും ക്ഷേമനിധിയിൽ അംഗത്വമുള്ളതും ഒരാൾക്ക് മാത്രമാണ്. അതുകൊണ്ടുതന്നെ ഇക്കാര്യം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുമായി സംസാരിച്ചു. ഒരു റിപ്പോർട്ട് തയ്യാറാക്കി ക്യാബിനറ്റിന്റെ അംഗീകാരത്തിന് കൊടുത്തിട്ടുണ്ട്. ഇത്തരത്തിൽ അപകടം സംഭവിച്ചാൽ ഒരു ലക്ഷം രൂപവരെ അനുവദിക്കാൻ കഴിയുന്ന പദ്ധതിയുണ്ടെങ്കിലും അതിൽ കൂടുതൽ തുക വേണമെങ്കിൽ ക്യാബിനറ്റിന്റെ അംഗീകാരം വേണമെന്നതാണ് ഗവൺമെന്റിന്റെ മുന്നിലുള്ള പ്രശ്നം. അത് സമർപ്പിച്ചിട്ടുണ്ട്. അങ്ങും അക്കാര്യത്തിൽ താൽപ്പര്യമെടുക്കുമെന്ന് എനിക്കറിയാം. അക്കാര്യത്തിൽ കൂട്ടായി ഇടപെട്ട് പരിഹാരം കാണാൻ കഴിയണം. വളരെ ദുഃഖകരമായ മരണം തന്നെയാണിത്. അതിൽ യാതൊരു സംശയവുമില്ല.

ശ്രീമതി കാനത്തിൽ ജമീല: സർ, വിദേശമത്സ്യ വിത്തുല്പാദനത്തിന് ഹാച്ചറികൾ ആരംഭിക്കുന്നതിന് ഉദ്ദേശ്യമുണ്ടോ; ഉണ്ടെങ്കിൽ ആദ്യഘട്ടമെന്ന നിലയിൽ എവിടെയെല്ലാമാണ് ആരംഭിക്കുന്നതെന്ന് പറയാമോ?

മി. സ്പീക്കർ: ഇത് മൂന്നാമത്തെ ചോദ്യവുമായി ബന്ധപ്പെട്ട് വരുന്നതാണ്.

ശ്രീമതി കെ. കെ. രമ: സർ, ഇക്കഴിഞ്ഞ പ്രകൃതി ദുരന്തത്തിൽ വടകര മണ്ഡലത്തിന്റെ ഭൂരിഭാഗം കടൽഭിത്തികളും പൂർണ്ണമായി തകർന്ന് വലിയ ഗർത്തങ്ങളായി രൂപപ്പെട്ടിട്ടുണ്ട്. അതുപോലെ പല സ്ഥലങ്ങളിലെയും തീരദേശ റോഡുകൾ പൂർണ്ണമായി തകർന്നതുമൂലം രോഗികളെ ആശുപത്രിയിൽ കൊണ്ടുപോകുന്നതിന് ബുദ്ധിമുട്ട് നേരിടുകയാണ്. തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളിൽ ഇതിനാവശ്യമായ ഫണ്ടില്ലെന്നാണ് പറയുന്നത്. തീരദേശ സംരക്ഷണ പദ്ധതിയിലുൾപ്പെടുത്തി ഗ്യാപ്പുകൾ നികത്താനും തകർന്ന തീരദേശ റോഡുകൾ പുനരുദ്ധരിക്കാനും ആവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. സജി ചെറിയാൻ: സർ, ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട ജലസേചന വകുപ്പുമന്ത്രിയും ഞാനും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ഒരു സംയുക്തയോഗം നടത്തി; കേരളത്തിന്റെ 590 കിലോമീറ്റർ ദൈർഘ്യത്തിൽ ഒരു ഇൻസ്പെക്ഷൻ നടത്തി. അതിന്റെ റിപ്പോർട്ട് വന്നിട്ടുണ്ട്. എല്ലായിടത്തും കല്ലിടേണ്ട കാര്യമില്ല. കല്ലിടേണ്ട സ്ഥലത്ത് കല്ലിടണം, വനവത്ക്കരണം നടത്തേണ്ട ഭാഗത്ത് വനവത്ക്കരണം നടത്തണം. ആ റിപ്പോർട്ട് വച്ചുകൊണ്ട് കേരളത്തിന്റെ അങ്ങേയറ്റം മുതൽ ഇങ്ങേയറ്റം വരെ തീരം സംരക്ഷിക്കാൻ പ്രതിജ്ഞാബദ്ധമാണെന്ന് ഗവൺമെന്റ് പ്രഖ്യാപിച്ചിട്ടുണ്ട്. അതിനുവേണ്ടി ഈ വർഷം കിഫ്ബിയിൽ 1500 കോടി രൂപ അനുവദിച്ചു. എറണാകുളത്ത് അതിന്റെ പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞു. തീർച്ചയായും വരുന്ന അഞ്ചുവർഷംകൊണ്ട് കേരളതീരത്ത് വൈവിദ്ധ്യപൂർണ്ണമായ വിവിധ തലത്തിലുള്ള പ്രൊട്ടക്ഷൻ സംവിധാനം ഏർപ്പെടുത്തും.

മി. സ്പീക്കർ: നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 62-ഉം ആയി ക്ലബ്ബ് ചെയ്യാൻ മൂന്ന് ചോദ്യങ്ങളാണ് തന്നിരുന്നത്. ഈ മൂന്ന് ചോദ്യങ്ങളും ക്ലബ്ബ് ചെയ്താൽ 14 പേർ നേരിട്ട് ചോദ്യകർത്താക്കളായി വരുന്നതിനാൽ ആർക്കുംതന്നെ ഉപ ചോദ്യത്തിന് അവസരം ലഭിക്കില്ല. നറുക്ക് ലഭിച്ചതിന് യാതൊരു പ്രാധാന്യവുമുണ്ടാകില്ല. അതുകൊണ്ടാണ് ഇങ്ങനെയൊരു നിലപാട് സ്വീകരിച്ചത്. ക്ലബ്ബ് ചെയ്യാൻ ആവശ്യപ്പെട്ടവരിൽ പ്രതിപക്ഷാംഗങ്ങൾ മാത്രമല്ല ഭരണപക്ഷ അംഗങ്ങളുമുണ്ട്. സഭയിൽ ഇത്തരത്തിൽ പറഞ്ഞത് ശരിയായില്ല.

## വന്യജീവി ആക്രമണ പ്രതിരോധം

2(*62) ശ്രീ. ഒ. ആർ. കേളു:
ശ്രീ. എ. സി. മൊയ്തീൻ:
ശ്രീ. കെ. യു. ജനീഷ് കുമാർ:
ശ്രീ. കെ. എം. സച്ചിൻദേവ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കഴിഞ്ഞ ഏഴ് വർഷത്തിനിടയിൽ കാട്ടാന ആക്രമണത്തിൽ 125 പേർ കൊല്ലപ്പെട്ടെന്നും അടുത്തകാലത്തായി കാട്ടാന ആക്രമണം വർദ്ധിച്ചു വരുന്നുവെന്നും പറയപ്പെടുന്ന സാഹചര്യത്തിൽ വന്യജീവി ആക്രമണ പ്രതിരോധം വർദ്ധിപ്പിക്കാൻ സ്വീകരിച്ചുവരുന്ന നടപടികൾ അറിയിക്കാമോ;

(ബി) വന്യജീവി ആക്രമണം തടയാൻ മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം ലഭ്യമാക്കുമോ;

(സി) വന്യജീവി ശല്യം നേരിടുന്നതിന് പൊതുജന പങ്കാളിത്തത്തോടെയുള്ള ജനകീയ ജാഗ്രത സമിതികളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്ന കാര്യം പരിശോധിക്കുമോ; വിശദമാക്കുമോ?

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ,

(എ) വന്യജീവി ആക്രമണം തടയുന്നതിനായി താഴെപ്പറയുന്ന പ്രതിരോധ മാർഗ്ഗങ്ങൾ സ്വീകരിച്ചിട്ടുണ്ട്:-

(i) വന്യമൃഗങ്ങളുടെ നാട്ടിലേയ്ക്കുള്ള പ്രവേശനം തടയുന്നതിനായി വനാതിർത്തികളിൽ സൗരോർജ്ജ വേലി, ആനപ്രതിരോധ മതിലുകൾ, കിടങ്ങുകൾ, ക്രാഷ്ഗാർഡ് റോപ്പ് ഫെൻസിംഗ്, റെയിൽ ഫെൻസിംഗ് എന്നിവ നിർമ്മിക്കുകയും കാലാകാലങ്ങളിൽ ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് അറ്റകുറ്റപ്പണികൾ നടത്തി പ്രവർത്തനക്ഷമമാക്കുന്നുമുണ്ട്.

(ii) വന്യമൃഗങ്ങളുടെ സാന്നിദ്ധ്യം മുൻകൂറായി അറിയിക്കുന്നതിനായി ഏർളി വാർണിംഗ് സിസ്റ്റം വനത്തിനോട് ചേർന്നുള്ള ജനവാസ മേഖലകളിൽ നടപ്പിലാക്കി തുടങ്ങിയിട്ടുണ്ട്.

(iii) നാട്ടിലേയ്ക്കിറങ്ങുന്ന വന്യജീവികളെ കാട്ടിലേയ്ക്ക് തുരത്തുന്നതിനായി വിവിധ പ്രദേശങ്ങളിൽ 13 സ്ഥിരം/താത്കാലിക റാപ്പിഡ് റെസ്പോൺസ് ടീമുകൾ പ്രവർത്തിച്ചു വരുന്നു.

(iv) പ്രശ്നക്കാരായ ആനകളെ റേഡിയോ കോളർ ഘടിപ്പിച്ച് സഞ്ചാരപഥം നിരീക്ഷിച്ച് വനാതിർത്തിയിലെ താമസക്കാർക്ക് മുന്നറിയിപ്പ് കൊടുക്കുന്നതിനും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

(v) കാട്ടാന പ്രശ്നം രൂക്ഷമായിട്ടുള്ള പാലക്കാട്, വയനാട് ജില്ലകളിൽ കുങ്കിയാനകളെ ഉപയോഗിച്ച് പ്രശ്നക്കാരായ കാട്ടാനകളെ തിരിച്ച് കാട്ടിലേയ്ക്ക് തുരത്തുന്നതിനായി കുങ്കി സ്ക്വാഡുകളും പ്രവർത്തിച്ചു വരുന്നുണ്ട്.

(vi) സ്ഥിരമായി ജനവാസ കേന്ദ്രങ്ങളിലിറങ്ങുന്ന വന്യജീവികളെ മയക്കു വെടിവച്ചോ കൂട്ടുകൾ സ്ഥാപിച്ചോ പിടിച്ച് ജനവാസ കേന്ദ്രങ്ങളിൽ നിന്നും അകലെയുള്ള വനമേഖലയിലേയ്ക്ക് പുനരധിവസിപ്പിക്കുന്നതിനും നടപടി സ്വീകരിച്ചുവരുന്നുണ്ട്.

മി. സ്പീക്കർ: ഉത്തരം ദീർഘമാണെങ്കിൽ മേശപ്പുറത്തുവയ്ക്കാം.

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, ഉത്തരത്തിന്റെ ബാക്കിഭാഗം മേശപ്പുറത്തു വയ്ക്കുന്നു*.

ശ്രീ. ഒ. ആർ. കേളു: സർ, സർക്കാർ വയനാട് ജില്ലയ്ക്ക് പ്രത്യേക പരിഗണന നൽകിയിരിക്കുകയാണ്. വയനാട് പാക്കേജ് പ്രഖ്യാപിക്കുകയും അതിന്റെ നടപടി ദ്രുതഗതിയിൽ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. വയനാട്ടിലെ വന്യമൃഗ പ്രതിരോധം തീർക്കുന്നതിനുവേണ്ടി വയനാട് പാക്കേജിൽ 100 കോടി രൂപ നിർബന്ധിതമായി നീക്കിവയ്ക്കുന്നതിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി നിർദ്ദേശിക്കുകയുണ്ടായി. അതിനോടൊപ്പം ബഹുമാനപ്പെട്ട വനം വകുപ്പുമന്ത്രിയും ത്രിതല പഞ്ചായത്തും എം.എൽ.എ.-മാരും എം.പി.-മാരും ചേർന്ന് പ്രത്യേകം മീറ്റിംഗ് വിളിച്ചുചേർത്ത് സമ്പൂർണ്ണ വന്യമൃഗ പ്രതിരോധ സംവിധാനം ഏർപ്പെടുത്തുന്നതിന് തീരുമാനമെടുത്തിട്ടുണ്ട്. ഇത്തരം കാര്യങ്ങൾ അവിടെ നടപ്പാക്കുന്നതിനുമുമ്പായി ഇതിനുവേണ്ടിയുള്ള ഒരു മാസ്റ്റർപ്ലാൻ തയ്യാറാക്കുന്നതിന് ബഹുമാനപ്പെട്ട മന്ത്രി മുൻകയ്യെടുക്കുമോ?

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, വയനാട്, പാലക്കാട് തുടങ്ങിയ മേഖലകളിൽ പ്രത്യേകം ശ്രദ്ധ നൽകാൻ തീരുമാനിച്ചിട്ടുണ്ട്. ഇതിനകം മാനന്തവാടിയിൽ 221.72 കിലോമീറ്റർ സോളാർ ഫെൻസിംഗും 64.366 കിലോമീറ്റർ എലിഫന്റ് പ്രൂഫ് ട്രെഞ്ചുകളും 2.87 കിലോമീറ്റർ എലിഫന്റ് പ്രൂഫ് വാളും നിർമ്മിച്ചിട്ടുണ്ട്. പാൽവെളിച്ചം മുതൽ കൂടൽകടവുവരെയുള്ള ആറ് കിലോമീറ്റർ ക്രാഷ് ഗാർഡ് റോപ് ഫെൻസിംഗിന്റെ നിർമ്മാണം പൂർത്തിയായിവരുന്നു. നോർത്ത് വയനാട്

* അനുബന്ധം 1 ആയി ചേർത്തിട്ടുണ്ട്.

ഡിവിഷന്റെ കീഴിൽ ഇതിനകംതന്നെ ജനജാഗ്രതാ സമിതികൾ പ്രവർത്തന മാരംഭിച്ചിട്ടുണ്ട്. മറ്റ് സ്ഥലങ്ങളിലും ജനജാഗ്രതാ സമിതികൾ ശക്തിപ്പെടുത്തുന്ന തിനുള്ള നടപടി ആരംഭിക്കുന്നതാണ്.

ശ്രീ. ഒ. ആർ. കേളു: സർ, മാസ്റ്റർ പ്ലാനിന്റെ കാര്യമാണ് ഞാൻ ഇവിടെ ചോദിച്ചത്. വന്യജീവികളുടെ ശല്യം തടയാൻ ഫെൻസിംഗ് മാത്രം മതിയാകില്ല. വന്യമൃഗങ്ങൾക്ക് വനത്തിനുള്ളിൽ അവരുടെ ആവാസ വ്യവസ്ഥ ഉറപ്പുവരുത്തു ന്നതിനുള്ള പദ്ധതികൂടി ഇതിൽ ഉൾപ്പെടുത്തേണ്ടതാണ്. അതുകൊണ്ടാണ് ഞാൻ മാസ്റ്റർപ്ലാനിന്റെ കാര്യം പ്രത്യേകമായി ചോദിച്ചത്.

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, ഇത് വളരെ ശരിയായൊരു നിർദ്ദേശമാണ്. ആവാസ വ്യവസ്ഥകളിലുണ്ടാകുന്ന മാറ്റമാണ് ഇത്തരത്തിലുള്ള വന്യജീവി - മനുഷ്യ സംഘർഷങ്ങൾക്ക് ഇടയാക്കുന്നതെന്ന് പലരും ചൂണ്ടിക്കാണിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചതുപോലെ, സമഗ്രമായൊരു മാസ്റ്റർപ്ലാൻ തയ്യാറാക്കുന്ന തിനുള്ള പ്രാഥമിക ചർച്ച വയനാട് ജില്ലയിൽ നടത്തിയിട്ടുണ്ട്. ഇത്തരത്തിലുള്ള പ്രദേശങ്ങളിൽ ആ രൂപത്തിൽ സമിതി യോഗങ്ങൾ കൂടി തീരുമാനമെടുക്കുന്ന താണ്. മറ്റ് പഞ്ചായത്തുകളിലും സമാനമായ ജാഗ്രതാ സമിതികൾ രൂപീകരിക്കാൻ ബഹുമാനപ്പെട്ട എം.എൽ.എ.-യുടെ പ്രത്യേക താൽപ്പര്യമുണ്ടാകുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു.

ശ്രീ. എ. സി. മൊയ്തീൻ: സർ, കഴിഞ്ഞ ഏഴ് വർഷക്കാലത്തിനിടയിൽ കാട്ടാനയുടെ ആക്രമണത്തിന്റെ ഭാഗമായി മാത്രം 125 പേർ മരിച്ചുവെന്നാണ് കണക്കാക്കുന്നത്. തൃശ്ശൂർ ജില്ലയിലെ ചാലക്കുടി ഫോറസ്റ്റ് ഡിവിഷന്റെ കീഴിൽ മാത്രം കഴിഞ്ഞ കുറച്ച് മാസങ്ങൾക്കുള്ളിൽ കാട്ടാനകളുടെ ആക്രമണത്തിന്റെ ഭാഗമായി അഞ്ചുപേരാണ് മരണപ്പെട്ടത്. ഇത്തരം സംഭവങ്ങൾ പല മേഖലകളിലും നടക്കുന്നുണ്ട്. വന്യമൃഗങ്ങളുടെ ശല്യംമൂലം നാശനഷ്ടമുണ്ടാകുമ്പോൾ അതിനുള്ള പ്രതിരോധ പ്രവർത്തനങ്ങളോടൊപ്പം നഷ്ടപരിഹാരമായി നൽകുന്ന തുക വളരെ പരിമിതമാണ്. കൃത്യമായ റിപ്പോർട്ട് നൽകാത്തതിന്റെ ഭാഗമായി നഷ്ടപരിഹാരം ലഭ്യമാകാനുള്ള സമയദൈർഘ്യവും വളരെ കൂടുതലാണ്. പ്രത്യേകിച്ച് കൃഷിയുടെ കാര്യത്തിൽ, കുലച്ച ഒരു തെങ്ങിന് നഷ്ടപരിഹാരമായി നൽകുന്നത് 770 രൂപയും ഒരു റബ്ബർ മരത്തിന് നൽകുന്നത് 300 രൂപയും മാത്രമാണ്. ഇവയെല്ലാം ആയുഷ്കാലം നിലനിൽക്കേണ്ട വിളകളാണ്. ന്യായമായ നഷ്ടപരിഹാരം പുതുക്കി നിശ്ചയിച്ച് നൽകാനാവശ്യമായ നടപടി സ്വീകരിക്കുന്നതോടൊപ്പം ഇത്തരം പ്രദേശങ്ങളിൽ പ്രത്യേക ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കാൻ സർക്കാരിന് ഉദ്ദേശ്യമുണ്ടോ?

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, തൃശ്ശൂർ ജില്ലയിൽ മാത്രമല്ല, കേരളത്തിലെ വനമേഖലയിലാകെയുള്ള പ്രശ്നത്തിന്റെ ഗൗരവമാണ് ബഹുമാനപ്പെട്ട അംഗം ഈ ചോദ്യത്തിലൂടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുള്ളത്. നഷ്ടപരിഹാരത്തുക തുലോം തുച്ഛമാണെന്ന കാര്യത്തിൽ രണ്ടഭിപ്രായമില്ലെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. പക്ഷെ, ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ സാമ്പത്തിക പരിമിതിയും അതിനായി നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങളും അപര്യാപ്തമായതിനാലാണ് ജനങ്ങൾ ആഗ്രഹിക്കുന്നതുപോലെ ഈ പദ്ധതി നടപ്പിലാക്കാൻ കഴിയാതെ പോകുന്നത്. കർഷകർക്ക് മതിയായ നഷ്ടപരിഹാരം നൽകുന്നതിനുള്ള ഒരു പദ്ധതിയെപ്പറ്റി കഴിഞ്ഞ സഭയിൽ ഞാൻ പറഞ്ഞിട്ടുള്ളതാണ്. കാർഷിക വിളകൾക്കുള്ള നഷ്ടപരിഹാരം നിശ്ചയിക്കുന്നത് കൃഷി വകുപ്പാണ്. കേന്ദ്ര മാനദണ്ഡങ്ങൾക്കനുസരിച്ചാണ് കൃഷി വകുപ്പ് നഷ്ടപരിഹാരം നിർണ്ണയിക്കുന്നത്. പക്ഷെ, ഇൻഷ്വറൻസ് സംവിധാനം ശക്തിപ്പെടുത്താൻ കഴിയുമോയെന്ന് ബഹുമാനപ്പെട്ട അംഗം ചോദ്യരൂപത്തിൽ ഉന്നയിക്കുകയുണ്ടായി. ഇപ്പോൾത്തന്നെ സംസ്ഥാനത്ത് വിള ഇൻഷ്വറൻസ് പദ്ധതി നിലവിലുണ്ട്. പക്ഷെ, ഈ പദ്ധതിയിൽ അംഗങ്ങളായിട്ടുള്ളവരുടെ എണ്ണം വളരെ കുറവാണ്. ദയവായി ബഹുമാനപ്പെട്ട എം.എൽ.എ.-മാർ വനമേഖലയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന കർഷകരെ വിള ഇൻഷ്വറൻസ് പദ്ധതിയിൽ ചേർക്കാനുള്ള ശ്രമകരമായ ജോലി ഏറ്റെടുക്കുകയാണെങ്കിൽ അവർക്ക് നല്ല രീതിയിൽ നഷ്ടപരിഹാരം നൽകാൻ കഴിയും. ഇതോടൊപ്പം സമാനമായൊരു പദ്ധതി കേന്ദ്ര സർക്കാർ മുന്നോട്ട് വച്ചിട്ടുണ്ട്. ഈ രണ്ട് പദ്ധതികളിൽ അംഗങ്ങളായാൽ ഇപ്പോൾ കിട്ടുന്നതിന്റെ നാലിരട്ടി നഷ്ടപരിഹാരം കിട്ടുമെന്നാണ് കണക്കാക്കിയിട്ടുള്ളത്. ഈ പ്രദേശങ്ങളുൾക്കൊള്ളുന്ന മേഖലയിലെ കർഷകരുമായി ആലോചിച്ച്, ഗ്രാമപഞ്ചായത്ത് മുൻകയ്യെടുത്ത് ശ്രമിച്ചാൽ സംസ്ഥാന ഗവൺമെന്റിന് പണം കണ്ടെത്താതെതന്നെ ഈ പ്രശ്നങ്ങൾക്ക് ഒരു പരിധിവരെ പരിഹാരം കാണാൻ കഴിയും. അതിനായി ബഹുമാനപ്പെട്ട എല്ലാ എം.എൽ.എ.-മാരും മുൻകയ്യെടുക്കണമെന്ന് വിനയപൂർവ്വം അഭ്യർത്ഥിക്കുന്നു.

ശ്രീ. കെ. യു. ജനീഷ് കുമാർ: സർ, ജനവാസമേഖലയിൽ വന്യമൃഗങ്ങളുടെ അക്രമം നിരന്തരമായുണ്ടാകുന്ന ഒരു സ്ഥലമാണ് കോന്നി. വനവിസ്തൃതിയിലും മുന്തിയ നിലയിലാണ് കോന്നിയുടെ സ്ഥാനം. ജനങ്ങൾ മാത്രമല്ല, വനംവകുപ്പ് ജീവനക്കാർപോലും വന്യജീവികളുടെ ആക്രമണത്തിനിരയാകുന്ന സംഭവങ്ങളുണ്ടാകുന്നുണ്ട്. അടുത്ത കാലത്താണ് വനംവകുപ്പ് ജീവനക്കാരനായ ബിജു ആനയുടെ അടിയേറ്റ് മരണപ്പെട്ടതും വനംവകുപ്പ് ജീവനക്കാരിയായ സിന്ധുവിനെ വന്യമൃഗം ആക്രമിച്ച സംഭവമുണ്ടായതും. നാട്ടിലേയ്ക്കിറങ്ങുന്ന വന്യജീവികളെ കാട്ടിലേയ്ക്ക് തുരത്തുന്നതിനുവേണ്ടി വനംവകുപ്പിൽ പ്രവർത്തിക്കുന്ന ആർ.ആർ.ടി. (Rapid Response Team) യുടെ പ്രവർത്തനം കോന്നിയിൽ അനുവദിക്കാൻ കഴിയുമോ?

<u>ശ്രീ. എ. കെ. ശശീന്ദ്രൻ</u>: സർ, നിലവിലുള്ള സാഹചര്യങ്ങൾ പ്രയോജനപ്പെടുത്തി ഇത്തരം പ്രയാസങ്ങൾ ദൂരീകരിക്കാൻ കഴിയുമെന്ന് കാസർഗോഡ് ജില്ലയിലെ വനംവകുപ്പ് ഉദ്യോഗസ്ഥരും തദ്ദേശ ഭരണസ്ഥാപനങ്ങളുടെ പ്രസിഡന്റുമാരും തെളിയിച്ചിട്ടുണ്ട്. അവർ എല്ലാ സ്ഥലത്തും വോളണ്ടിയർ സംഘടനകളെക്കൂടി ചേർത്തുകൊണ്ടുള്ള പ്രത്യേക സമിതികൾ രൂപീകരിക്കുകയും ആ സമിതികൾ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെയും ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെയും മേൽനോട്ടത്തിൽ പ്രവർത്തിക്കുകയും ചെയ്തിട്ടുണ്ട്. വയനാട് ജില്ലയിലെ ജനപ്രതിനിധി, പ്രത്യേകിച്ച് അവിടത്തെ ഒരു ബ്ലോക്ക് പഞ്ചായത്ത് മുൻകയ്യെടുത്ത് വളരെ പ്രശംസനീയമായ രൂപത്തിൽ ഈ പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട്. ഈ പ്രവർത്തനം നമുക്ക് മാതൃകയാക്കാൻ കഴിയുമോയെന്ന ചർച്ചയാണ് നടക്കുന്നത്. കോന്നി ഡിവിഷനിൽ ഉൾപ്പെടുന്ന പത്തനംതിട്ട ജില്ലയിൽ അടിയന്തരമായി ഇതുപോലുള്ള കൂടിയാലോചനാ യോഗങ്ങൾ നടത്തേണ്ടതുണ്ട്. അതിനുള്ള തീയതി ബഹുമാനപ്പെട്ട എം.എൽ.എ.-യുമായി ആലോചിച്ച് ഉടൻതന്നെ നിശ്ചയിക്കുന്നതാണ്.

<u>ശ്രീ. കെ. എം. സച്ചിൻദേവ്</u>: സർ, ബാലുശ്ശേരി മണ്ഡലത്തിലെ കൂരാച്ചുണ്ട് പഞ്ചായത്തിൽ കാന്തലാട് വില്ലേജിൽ 1977-ന് മുമ്പ് കൈവശാവകാശ രേഖയുള്ളതും വർഷങ്ങളായി കർഷകർ കൈവശം വച്ചിരിക്കുന്നതുമായ കൃഷിഭൂമിയിൽ വനംവകുപ്പ് അവകാശവാദം ഉന്നയിച്ചതിന്റെ ഭാഗമായി, നികുതി സ്വീകരിക്കാത്തതിനാൽ നിരവധി കർഷകർ പ്രയാസത്തിലാണ്. ഇത് പരിശോധിച്ച് കർഷകരുടെ ആവശ്യം ന്യായമെങ്കിൽ വനം വകുപ്പിന്റെ അവകാശവാദം ഒഴിവാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

<u>ശ്രീ. എ. കെ. ശശീന്ദ്രൻ</u>: സർ, ബാലുശ്ശേരി മണ്ഡലത്തിലെ കൂരാച്ചുണ്ട് പ്രദേശത്താണ് ഈ പ്രശ്നം രൂക്ഷമായി നിലനിൽക്കുന്നതെന്നാണ് ശ്രദ്ധയിൽപ്പെട്ടിട്ടുള്ളത്. എന്നാൽ മറ്റ് പ്രദേശങ്ങളിലും സമാനമായ സംഭവങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുന്നുണ്ട്. ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ നേതൃത്വത്തിലുണ്ടായിരുന്ന കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നിരവധി ചർച്ചകൾ അതുസംബന്ധിച്ച് നടത്തിയിട്ടുണ്ടെന്നാണ് മനസ്സിലാക്കാൻ സാധിച്ചത്. ഏതായാലും ചർച്ച നടത്തി തീരുമാനമെടുത്ത് പിരിഞ്ഞതിനുശേഷം റവന്യൂ വകുപ്പും വനം വകുപ്പുദ്യോഗസ്ഥരും അവരുടെ ഇഷ്ടത്തിനനുസരിച്ച് പ്രവർത്തിക്കുകയാണ്. ആ സ്ഥിതിവിശേഷം ഇല്ലാതാക്കാനുള്ള കർശനമായ നടപടികൾ സർക്കാർ സ്വീകരിക്കുന്നതാണ്.

<u>ശ്രീ. പി. ജെ. ജോസഫ്</u>: സർ, കുടിക്കാൻ വെള്ളമില്ലാത്തതുകൊണ്ടാണ് ആനയുൾപ്പെടെയുള്ള വന്യജീവികൾ നാട്ടിൻപുറത്തേയ്ക്ക് ഇറങ്ങുന്നത്. വേനൽക്കാലത്താണ് ആനകൾ കൂടുതലായും ഇറങ്ങുന്നത്. വനത്തിനുള്ളിൽ തടയണകൾ

സ്ഥാപിച്ച് ജലലഭ്യത ഉറപ്പാക്കാൻ വനംവകുപ്പിന് കഴിയും. അതുപോലെതന്നെ ജനങ്ങൾ നേരിടുന്ന മറ്റൊരു പ്രശ്നമാണ് കുരങ്ങുകളുടെ ശല്യം. വനത്തിനുള്ളിൽ പ്ലാവ് പോലുള്ള ഫലവൃക്ഷങ്ങൾ നട്ടുപിടിപ്പിച്ച് കുരങ്ങുകളെ അവിടെത്തന്നെ നിലനിർത്തുന്നതിനുള്ള നടപടി സ്വീകരിക്കാൻ വനം വകുപ്പ് തയ്യാറാകുമോ?

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, വളരെ പ്രസക്തമായൊരു കാര്യമാണ് പരിണതപ്രജ്ഞനായ ബഹുമാനപ്പെട്ട അംഗം ഇവിടെ ഉന്നയിച്ചിട്ടുള്ളത്. തടയണകളുടെ നിർമ്മാണവും വനത്തിനുള്ളിൽ ഫലവൃക്ഷങ്ങൾ നട്ടുപിടിപ്പിക്കുകയും ചെയ്യുകയെന്നത് വളരെ നല്ലൊരു നിർദ്ദേശമാണ്. അതിന്റെ അടിസ്ഥാനത്തിലുള്ള നടപടികൾ ആരംഭിക്കുന്നതാണ്.

ശ്രീ. കെ. പി. മോഹനൻ: സർ, കണ്ണൂർ ജില്ലയിലെ ആറളം ഫാമിൽ ഇന്നലെയും കാട്ടാനകൾ നാട്ടിലേയ്ക്ക് ഇറങ്ങിയിരുന്നു. ഡി.എഫ്.ഒ.-യും ബന്ധപ്പെട്ട മറ്റ് ഉദ്യോഗസ്ഥരും അവിടെ സന്ദർശിച്ചിരുന്നു. വന മേഖലയുടെ അടുത്ത് താമസിക്കുന്ന കർഷകർക്ക് ഉപജീവനത്തിനുവേണ്ട കാർഷിക ഫലങ്ങൾ വച്ചുപിടിപ്പിച്ചാൽ അതുപോലും സംരക്ഷിക്കാൻ സാധിക്കാത്ത സ്ഥിതിയാണുള്ളത്. സാരിപോലുള്ള വസ്തുക്കൾ കെട്ടി കൃഷിയിടങ്ങൾ സംരക്ഷിക്കുകയാണ് ഇപ്പോൾ കർഷകർ ചെയ്യുന്നത്. എന്നിട്ടുപോലും കൃഷിയിടങ്ങൾ സംരക്ഷിക്കാൻ കഴിയുന്നില്ല. അതുകൊണ്ട് വന്യജീവി ആക്രമണത്തെ നിയന്ത്രിക്കുന്നതിനുവേണ്ടിയുള്ള ഫലപ്രദമായ സംവിധാനമൊരുക്കണം. ബഹുമാനപ്പെട്ട പി. ജെ. ജോസഫ് സൂചിപ്പിച്ചതുപോലെ കായ്ഫലമുള്ള വൃക്ഷങ്ങൾ വനത്തിനുള്ളിൽ വച്ചുപിടിപ്പിക്കുന്നതിനുള്ള നടപടിയുണ്ടാകണം.

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, സമാനമായ ചോദ്യമാണ് ബഹുമാനപ്പെട്ട അംഗം ഉന്നയിച്ചിരിക്കുന്നത്. വനങ്ങൾക്ക് ദോഷകരമായി നിൽക്കുന്ന അക്കേഷ്യ തുടങ്ങിയ മരങ്ങൾ ഘട്ടംഘട്ടമായി മുറിച്ചുമാറ്റി, ആ പ്രദേശങ്ങളിൽ ബഹുമാനപ്പെട്ട അംഗങ്ങൾ ചൂണ്ടിക്കാണിച്ചതുപോലെ തടയണകൾ നിർമ്മിക്കുന്നതിനും കായ്ഫലമുള്ള വൃക്ഷങ്ങൾ വച്ചുപിടിക്കുന്നതിനുമുള്ള നടപടി ഇപ്പോൾത്തന്നെ ആരംഭിച്ചിട്ടുണ്ട്.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, വന്യജീവി ആക്രമണംമൂലം സ്വൈര്യജീവിതം നഷ്ടമായ ഒരു മണ്ഡലത്തിന്റെ രോദനമാണ് ഞാനിവിടെ പറയുന്നത്. ഇന്ന് രാവിലെ കോട്ടോപ്പാടം പഞ്ചായത്തിലെ കണ്ടമംഗലത്ത് ആനയിറങ്ങി ഏക്കർ കണക്കിന് കൃഷി നശിപ്പിച്ചത് സംബന്ധിച്ച വാർത്ത കേട്ടാണ് ഞാനുണർന്നത്. ആനകൾ വലിയ പ്രശ്നങ്ങളാണ് സൃഷ്ടിക്കുന്നത്. കണ്ടമംഗലത്ത് കഴിഞ്ഞ രണ്ടാഴ്ചയായി ആന രാത്രിയിലിറങ്ങി കൃഷി നശിപ്പിക്കുകയാണ്. വനം വകുപ്പ് തികഞ്ഞ അലംഭാവമാണ് ഇക്കാര്യത്തിൽ കാണിക്കുന്നത്. നമ്മൾ പഠിച്ചൊരു മനഃശാസ്ത്രം, ആനക്കൂട്ടം ഒരു പ്രദേശത്ത് വന്നാൽ രണ്ടുമൂന്ന് ആഴ്ച കഴിഞ്ഞേ അവിടെ

നിന്ന് പോകുകയുള്ളൂ എന്നാണ്. അപ്പോൾ ഓരോ രാത്രിയിലും നമ്മളിത് പ്രതീക്ഷിക്കണം. ആർ.ആർ.റ്റി.-യും വനം വകുപ്പും എവിടെയാണ്; ലക്ഷക്കണക്കിന് രൂപയുടെ കൃഷി നാശമാണ് സംഭവിച്ചുകൊണ്ടിരിക്കുന്നത്. വന്യമൃഗങ്ങൾ പെരുകിയിരിക്കുകയാണ്. കരടിയുടെ ആക്രമണത്തിൽനിന്ന് ഒരു ടാപ്പിംഗ് തൊഴിലാളി കഷ്ടിച്ചാണ് രക്ഷപ്പെട്ടത്. അട്ടപ്പാടിയിൽ കഴിഞ്ഞയാഴ്ച രാത്രി പുറത്തിറങ്ങിയ ഒരു ആദിവാസി സ്ത്രീ ആന ചവിട്ടിയതുമൂലം മരണപ്പെട്ടൊരു സംഭവമുണ്ടായി. ഇങ്ങനെ നിരന്തരം വന്യജീവികളുടെ ആക്രമണമുണ്ടാകുകയാണ്. പക്ഷേ, യാതൊരു വിധത്തിലുള്ള പ്രതിരോധവുമില്ല. ഇതിനെക്കുറിച്ച് പറഞ്ഞാൽ, നടപടിയെടുക്കാമെന്ന് പറയുമെങ്കിലും യാതൊരു നടപടിയും സ്വീകരിക്കുന്നില്ല. ആനകളും വന്യജീവികളുമൊക്കെ പെരുകിയിരിക്കുകയാണ്. ഇവയെ നേരിടാൻ റബ്ബർ ബുള്ളറ്റുകൾ ഉപയോഗിക്കാനുള്ള അനുവാദമെങ്കിലും നൽകണം. തമിഴ്നാട്ടിൽ റബ്ബർ ബുള്ളറ്റുകൾ ഉപയോഗിച്ച് ആനയെ വെടിവയ്ക്കുന്നുണ്ട്. മനുഷ്യജീവന് വില കൽപ്പിക്കാതെ ആനകൾക്കും വന്യമൃഗങ്ങൾക്കുമാണ് ഇവിടെ സംരക്ഷണം നൽകുന്നത്.

<u>ശ്രീ. എ. കെ. ശശീന്ദ്രൻ</u>: സർ, ഈ പ്രശ്നത്തിന്റെ ഗൗരവം ബോദ്ധ്യപ്പെടുത്താനാണ് ബഹുമാനപ്പെട്ട അംഗം ശ്രമിച്ചതെന്ന് ഞാൻ കരുതുന്നു. പക്ഷേ, മയക്കുവെടി വയ്ക്കുന്നതോടൊപ്പംതന്നെ പാലക്കാട് ജില്ലയിൽ കുങ്കിയാനകളെ ഉപയോഗിച്ചുകൊണ്ട് ആനക്കൂട്ടങ്ങളെ തുരത്തിയോടിക്കുന്ന നടപടികളും സ്വീകരിച്ചിട്ടുണ്ട്. ഈ പ്രത്യേക പ്രശ്നത്തിൽ വനംവകുപ്പിലെ ഉദ്യോഗസ്ഥർ എത്തിയില്ലെന്ന് അങ്ങ് ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. അത് എന്താണെന്ന് പരിശോധിക്കാം. മുൻപുള്ള പ്രശ്നങ്ങളിൽ ബഹുമാനപ്പെട്ട എം.എൽ.എ. തന്നെ ഇവിടെ പറഞ്ഞിട്ടുള്ളത്, ഉദ്യോഗസ്ഥന്മാർ അവിടെ വരികയും നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ടെന്നാണ്. ഇക്കാര്യത്തിൽ എന്തെങ്കിലും അലംഭാവമുണ്ടായിട്ടുണ്ടെങ്കിൽ തീർച്ചയായും അക്കാര്യം പരിശോധിച്ച് ഉചിതമായ നിർദ്ദേശങ്ങൾ നൽകുന്നതാണ്.

<u>ശ്രീ. എ. പ്രഭാകരൻ</u>: സർ, വനം വകുപ്പ് ജീവനക്കാരുടെ കാര്യക്ഷമമായ ഇടപെടൽമൂലം വന്യമൃഗങ്ങളുടെ കടന്നുവരവിനെ ചെറുക്കാൻ ശ്രമിക്കുന്നുണ്ടെങ്കിലും ഫലമുണ്ടാകുന്നില്ല. ജനവാസ കേന്ദ്രങ്ങളിൽ ആനകൾ നിലയുറപ്പിച്ചിട്ടുണ്ട്. ഒരുഭാഗത്തുകൂടി കാട്ടിലേയ്ക്ക് കയറ്റിവിട്ടാൽ അടുത്തഭാഗത്തിലൂടെ വീണ്ടും നാട്ടിലേയ്ക്ക് വരികയാണ്. ഇക്കാര്യം ബഹുമാനപ്പെട്ട മന്ത്രിയുടെയും മറ്റുള്ളവരുടേയും ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. സോളാർ ഫെൻസിംഗ് പരാജയമാണ്. നല്ല ബുദ്ധിയുള്ള വന്യജീവിയാണ് ആന. അവ ഫെൻസിംഗുകൾ ഉണക്കക്കമ്പുകൊണ്ട് തല്ലിപ്പൊട്ടിച്ച് വീണ്ടും വരികയാണ്. ഹാംഗിംഗ് ഫെൻസിംഗ് ഇടാമെന്നാണ് ഇപ്പോൾ പറയുന്നത്. കാരണം, റെയിൽ ഫെൻസിംഗിന് ധാരാളം ചെലവുവരും.

ബഹുമാനപ്പെട്ട മന്ത്രിയുടെ സാന്നിദ്ധ്യത്തിൽ വനം വകുപ്പ് ഉദ്യോഗസ്ഥർക്ക് മുമ്പിൽ ഞാനൊരു പ്രൊപ്പോസൽ വച്ചിരുന്നു. കണക്ഷൻവയർ മരങ്ങളിൽ റിംഗിട്ട് വച്ചാൽ ആന ഒന്നുരണ്ട് പ്രാവശ്യം തല്ലിയാലും അത് പൊട്ടില്ല. ഇതിന്റെ ഭാഗമായി ഹാംഗിംഗ് ഫെൻസിംഗും കണക്ഷൻവയറുംകൂടി ഉപയോഗപ്പെടുത്തുന്ന കാര്യം ആലോചിച്ചിട്ടുണ്ടോ; അത് പ്രാവർത്തികമാക്കുമോ?

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, ബഹുമാനപ്പെട്ട മലമ്പുഴ എം.എൽ.എ. പറഞ്ഞത് ഒരു നിർദ്ദേശമാണ്. സോളാർ ഫെൻസിംഗ് ഫലപ്രദമല്ലെന്നാണ് അദ്ദേഹം ഇവിടെ സൂചിപ്പിച്ചിട്ടുള്ളത്.

മി. സ്പീക്കർ: ആന ബുദ്ധിജീവിയാണെന്നും പറഞ്ഞു.

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, വന്യജീവികളിൽ ഏറ്റവും കൂടുതൽ ബുദ്ധിശക്തിയുള്ള മൃഗം ആനയാണെന്ന് കണ്ടെത്തിയിട്ടുണ്ട്. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച പ്രകാരമുള്ള പല നിർദ്ദേശങ്ങളും പരിഗണനയിലുണ്ട്. അതിൽ ഏറ്റവും ഫലപ്രദമായ നിർദ്ദേശം എന്താണെന്ന് ഇതുവരെ കണ്ടെത്തിയിട്ടില്ല. പക്ഷേ ആന ഫെൻസിംഗ് നശിപ്പിക്കുന്നതിനുള്ള പ്രധാന കാരണം കാലാകാലങ്ങളിൽ അത് മെയിന്റനൻസ് നടത്താത്തതുകൊണ്ടാണ്. ചെടിപ്പടർപ്പുകളൊക്കെ കയറി അത് ഇല്ലാതാകുകയാണ്. ഇവ കാലാകാലങ്ങളിൽ മെയിന്റനൻസ് നടത്തുന്നതിനുള്ള ഒരു പദ്ധതിയെക്കുറിച്ച് സർക്കാർ ആലോചിച്ചിട്ടുണ്ട്. ഹാംഗിംഗ് ഫെൻസിംഗ് നടത്തുന്നതിനെക്കുറിച്ച് ഗൗരവപൂർവ്വം സർക്കാർ പരിഗണിക്കുന്നതാണ്. ഉടൻതന്നെ ആ സ്കീം നടപ്പിലാക്കാൻ കഴിയുമെന്നാണ് കരുതുന്നത്.

ശ്രീ. സജീവ് ജോസഫ്: സർ, വർഷങ്ങളായി ഈ സഭയിൽ രാഷ്ട്രീയ ഭേദമെന്യേ ഉന്നയിക്കപ്പെടുന്ന പ്രധാനപ്പെട്ടൊരു വിഷയമാണ് വന്യജീവി ആക്രമണം. അതുസംബന്ധിച്ച് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ നൽകിയ മറുപടി സത്യസന്ധമാണ്. കാലാകാലങ്ങളിൽ ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് പ്രതിരോധ നടപടികൾ സ്വീകരിക്കുന്നുവെന്നാണ് അദ്ദേഹം പറഞ്ഞത്. പ്രസ്തുത മറുപടിതന്നെ എത്ര ലാഘവത്തോടെയാണ് പറഞ്ഞിരിക്കുന്നതെന്നുള്ള ആശങ്കയാണ് ഞാൻ ഈ സന്ദർഭത്തിൽ പങ്കുവയ്ക്കുന്നത്. കേരളം മുഴുവൻ ഇത്രയും ഗുരുതരമായൊരു പ്രതിസന്ധി നിലനിൽക്കുമ്പോൾ അത് തടയുന്നതിനുവേണ്ടിയുള്ള പ്രതിരോധ നടപടികൾ സ്വീകരിക്കാനുള്ള ഒരു ബൃഹത്തായ കർമ്മ പദ്ധതി, അതിനാവശ്യമായ വിപുലമായ ഫണ്ട് എന്നിവ സർക്കാർ നടപ്പിലാക്കുമോ ?

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, ബഹുമാനപ്പെട്ട ഇരിക്കൂർ എം.എൽ.എ. പറഞ്ഞതുപോലെ ഫണ്ടിന്റെ അപര്യാപ്തത എന്നത് സത്യസന്ധമായൊരു വസ്തുതയാണ്. പക്ഷേ, അത് മറികടക്കേണ്ടത് അത്യാവശ്യമാണെന്ന അദ്ദേഹത്തിന്റെ നിർദ്ദേശവും

സ്വാഗതാർഹമാണ്. വന്യമൃഗ ആക്രമണത്തിനെതിരെ സമഗ്രമായൊരു പദ്ധതി തയ്യാറാക്കണമെന്നാണ് അദ്ദേഹം ചോദ്യത്തിന്റെ അവസാനഭാഗത്ത് പറഞ്ഞിരിക്കുന്നത്. തീർച്ചയായും അതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതുസംബന്ധിച്ച് ജനപ്രതിനിധികളുടെ അഭിപ്രായങ്ങൾ ആരാഞ്ഞിട്ടുണ്ട്. ഇതിനകം 1600-ഓളം നിർദ്ദേശങ്ങൾ ലഭിച്ചിട്ടുണ്ട്. അവ ക്രോഡീകരിച്ച് ഒരു റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് പരിശോധനാ വിധേയമാക്കി താമസംവിനാ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് സമർപ്പിക്കുന്നതാണ്. മുഖ്യമന്ത്രിയുടെ നിർദ്ദേശപ്രകാരമാണ് അങ്ങനെയൊരു റിപ്പോർട്ട് തയ്യാറാക്കിയത്. പ്രസ്തുത റിപ്പോർട്ട് സംബന്ധിച്ച് വ്യത്യസ്ത വകുപ്പുകളുമായും വകുപ്പുതല മന്ത്രിമാരുമായും ഇതിനോടകംതന്നെ ചർച്ചകൾ ആരംഭിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ ശാശ്വതമായൊരു പരിഹാരം കാണാൻ കഴിയുമെന്ന ശുഭപ്രതീക്ഷ ബഹുമാനപ്പെട്ട അംഗം മനസ്സിൽ സൂക്ഷിക്കുന്നതാണ് നല്ലത്. ശുഭപ്രതീക്ഷയോടെ നമുക്ക് എല്ലാ കാര്യങ്ങളും പരിഹരിക്കാൻ സാധിക്കും.

ശ്രീ. സണ്ണി ജോസഫ്: സർ, കാട്ടുമൃഗങ്ങളിൽ ആനയുടെ കാര്യം ഇവിടെ എല്ലാവരും പറഞ്ഞു. അതുപോലെതന്നെയാണ് കാട്ടുപന്നിയും കാട്ടുകുരങ്ങും. കൃഷി സ്ഥലങ്ങളിൽ ഇറങ്ങുന്ന കാട്ടുപന്നികളെ വെടിവയ്ക്കണമെന്ന ആവശ്യം ഉയർന്നുവരികയും അതിനായി രണ്ടുമൂന്ന് കർഷക പ്രസ്ഥാനങ്ങൾതന്നെ ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ രണ്ട് ഹർജികൾ ഫയൽ ചെയ്യുകയും ചെയ്തിട്ടുണ്ട്. ഹൈക്കോടതി പ്രസ്തുത ഹർജികൾ അനുവദിച്ചുകൊണ്ട് ഗവൺമെന്റിന് നിർദ്ദേശം നൽകിയിരുന്നു. ഹൈക്കോടതി നിർദ്ദേശത്തിന്റെ പശ്ചാത്തലത്തിലും കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയവും സംസ്ഥാനങ്ങൾക്ക് ഗ്രാമപഞ്ചായത്തുകളെ അധികാരപ്പെടുത്താമെന്ന് പറഞ്ഞിട്ടുണ്ട്. വന്യജീവി സംരക്ഷണ നിയമത്തിലെ 11-ാം വകുപ്പിന്റെ ഉപവകുപ്പ് നൽകുന്ന അധികാരമുപയോഗിച്ച് കാട്ടുപന്നികളെ ക്ഷുദ്ര ജീവികളായി പ്രഖ്യാപിക്കാനും ഇവയുടെ ശല്യത്തിൽനിന്നും ജനങ്ങൾക്ക് മോചനം നൽകാനുമുള്ള ഫലപ്രദമായ നടപടി കോടതി വിധികളുടെ പശ്ചാത്തലത്തിൽ സ്വീകരിക്കുമോ?

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, ബഹുമാനപ്പെട്ട അംഗത്തിന്റെ ചോദ്യത്തിൽ വസ്തുതാപരമായൊരു പിശകുണ്ട്. ക്ഷുദ്രജീവികളായി പ്രഖ്യാപിക്കാനുള്ള അധികാരം ഗ്രാമപഞ്ചായത്തുകൾക്ക് നൽകുന്ന ഒരു വകുപ്പും നിയമത്തിലില്ല. പക്ഷേ, ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചതുപോലെ, ഹൈക്കോടതി വിധി വന്നതിനു ശേഷം ഇക്കാര്യത്തിൽ സർക്കാർ ഉദാരമായ നടപടി സ്വീകരിച്ചിട്ടുണ്ട്. അതിന്റെ ഭാഗമായി നിരവധി കാട്ടുപന്നികളെ ഒരു മാസത്തിനകംതന്നെ വെടിവച്ച് കൊന്നിട്ടുണ്ട്. പക്ഷേ, ആ സംഖ്യ പറയുന്നത് ഉചിതമാണോയെന്ന് എനിക്കറിയില്ല. കാരണം, മൃഗങ്ങളെ വെടിവച്ച് കൊല്ലുന്നതുപോലുള്ള പ്രശ്നങ്ങൾക്ക് അതിശക്തമായ പ്രതിരോധം തീർക്കുന്ന സംഘടനകളും സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ട്.

അതുംകൂടി പൊരുത്തപ്പെടുത്തിയ ഒരു നിലപാടാണ് സർക്കാർ സ്വീകരിക്കുന്നത്. ഏതായാലും ഗ്രാമപഞ്ചായത്തുകളിൽ നിക്ഷിപ്തമായിട്ടുള്ള അധികാരം ഉപയോഗിച്ചു കൊണ്ടുള്ള നടപടികൾ സ്വീകരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ഇതിനകംതന്നെ നൽകിയിട്ടുണ്ട്.

ശ്രീ. മാത്യു ടി. തോമസ്: സർ, ആനകളെപ്പോലെതന്നെ ബുദ്ധിജീവികളാണ് കുരങ്ങുകൾ. കാട്ടുപന്നികളുടെയും കാട്ടാനകളുടെയും പ്രശ്നങ്ങൾപോലെ വനത്തിൽ നിന്നും വളരെ അകലെയുള്ള പട്ടണങ്ങളിൽ ഒറ്റപ്പെട്ട കുരങ്ങുകൾ എത്തി വലിയ ശല്യങ്ങളുണ്ടാക്കുന്നുണ്ട്. ഇത് അൽപ്പംപോലും സാവധാനത്തിൽ കൈകാര്യം ചെയ്യേണ്ടതല്ല. ഏതെങ്കിലും കാരണവശാൽ പട്ടണത്തിൽ ഇവയുടെ എണ്ണം പെരുകുകയാണെങ്കിൽ വലിയ ശല്യമുണ്ടാകുമെന്നതിൽ സംശയമില്ല. അതിനാൽ വനത്തോട് ചേർന്നുകിടക്കുന്ന പ്രദേശങ്ങൾക്ക് കാട്ടാനകളിൽനിന്നും കാട്ടുപന്നികളിൽ നിന്നും സംരക്ഷണം നൽകാൻ നടപടികൾ സ്വീകരിക്കുന്നതോടൊപ്പംതന്നെ അകന്നുകിടക്കുന്ന പട്ടണങ്ങളിലെത്തുന്ന ഒറ്റപ്പെട്ട കുരങ്ങുകളെ ഉടൻതന്നെ പിടികൂടി കാട്ടിലെത്തിക്കാനാവശ്യമായ നിർദ്ദേശങ്ങൾ നൽകുമോ?

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞത് വസ്തുതയാണ്. അങ്ങനെ സംഭവിക്കുന്നുണ്ട്. അത്തരത്തിലുള്ള സന്ദർഭങ്ങളുണ്ടാകുമ്പോൾ കുരങ്ങുകളെ പിടിച്ച് കാട്ടിലെത്തിക്കണമെങ്കിൽ അതിനൊരു സ്ഥിരം സംവിധാനമുള്ളൊരു സ്ക്വാഡ് ഉണ്ടാകണം. പക്ഷേ എത്ര പ്രദേശങ്ങളിൽ എങ്ങനെ പ്രായോഗികമായി സ്പെഷ്യൽ സ്ക്വാഡുകളെ നിർണ്ണയിക്കാൻ കഴിയുമെന്നത് സംബന്ധിച്ച് ഒരു ധാരണയിലെത്തിയാൽ മാത്രമേ ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ച പ്രശ്നത്തെ തൃപ്തികരമായി നേരിടാനാകുകയുള്ളൂ. അതിന്റെ സാദ്ധ്യത പരിശോധിക്കുന്നതാണ്.

## മത്സ്യവിത്ത് ഉല്പാദനത്തിൽ സ്വയംപര്യാപ്തത

3(*63) ശ്രീ. പി. ഉബൈദുള്ള:
ശ്രീ. എ. കെ. എം. അഷ്റഫ്:
ശ്രീ. ടി. വി. ഇബ്രാഹിം:
ശ്രീ. എൻ. ഷംസുദ്ദീൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മത്സ്യകൃഷി വ്യാപിപ്പിക്കുന്നതിനും ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) മത്സ്യകൃഷിക്കാവശ്യമായ മത്സ്യവിത്ത് സംസ്ഥാനത്ത് ഉല്പാദിപ്പിക്കുന്നുണ്ടോ;

(സി) ഗുണനിലവാരമുള്ള മത്സ്യവിത്ത് ഉല്പാദനത്തിൽ സ്വയംപര്യാപ്തത നേടുന്നതിന് നടപടി സ്വീകരിക്കുമോ?

മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): സർ,

(എ) സംസ്ഥാനത്ത് ഉൾനാടൻ മത്സ്യകൃഷി വ്യാപിപ്പിക്കുന്നതിനും ഉല്പാദനം വർദ്ധിപ്പിക്കുന്നതിനുമായി ജനകീയ മത്സ്യകൃഷി പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. 2021-22-ൽ പദ്ധതിക്കായി 98 കോടി രൂപയുടെ ഭരണാനുമതി നൽകുകയും പദ്ധതി പ്രവർത്തനങ്ങൾ നടപ്പിലാക്കി വരികയും ചെയ്യുന്നു. എല്ലാ ജലാശയങ്ങളിലും മത്സ്യകൃഷി വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി 'എവിടെല്ലാം ജലാശയം അവിടെല്ലാം മത്സ്യകൃഷി' എന്ന ജനകീയ ക്യാമ്പയിനാണ് നടപ്പാക്കാനുദ്ദേശിക്കുന്നത്. ഈ ക്യാമ്പയിന് 2021 ജൂലൈ 10-ന് തുടക്കം കുറിച്ചിട്ടുണ്ട്.

(ബി&സി) വിശദവിവരം അനുബന്ധമായി* ചേർക്കുന്നു.

ശ്രീ. പി. ഉബൈദുള്ള: സർ, ഉൾനാടൻ മത്സ്യകൃഷി വ്യാപിപ്പിക്കുന്നതിന് വിവിധ പദ്ധതികൾ ആവിഷ്കരിച്ച് വരുന്നുവെന്നാണ് ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടിയിൽ പറഞ്ഞത്. നമ്മുടെ ഗ്രാമങ്ങളിൽ ധാരാളം കുളങ്ങളും തടാകങ്ങളും തോടുകളുമുണ്ട്. അവയെല്ലാം ഇപ്പോൾ മണ്ണ് വന്നടിഞ്ഞ് അല്ലെങ്കിൽ മനപ്പൂർവ്വം മണ്ണിട്ട് നികത്തി നശിച്ചുകൊണ്ടിരിക്കുകയാണ്. ഇങ്ങനെയുള്ള കുളങ്ങളും തടാകങ്ങളും നദികളുമെല്ലാം പുനരുജ്ജീവിപ്പിച്ച് മത്സ്യകൃഷിക്ക് പ്രയോജനപ്പെടുത്താൻ കഴിഞ്ഞാൽ ഉൾനാടൻ മത്സ്യകൃഷികൂടി വികസിപ്പിക്കാൻ സാധിക്കും. അതിലൂടെ നാട്ടിനാവശ്യമായ മത്സ്യസമ്പത്ത് അവിടെനിന്നും ഉൽപ്പാദിപ്പിക്കാനും സാധിക്കും. അത്തരമൊരു പദ്ധതിക്ക് സർക്കാർ രൂപം നൽകുമോ?

ശ്രീ. സജി ചെറിയാൻ: സർ, വളരെ പ്രധാനപ്പെട്ട ചോദ്യമാണ് ബഹുമാനപ്പെട്ട അംഗം ഇവിടെ ഉന്നയിച്ചത്. 2019-20-ൽ 25087 ടൺ മത്സ്യമാണ് ഉൽപ്പാദിപ്പിച്ചത്. 2020-21-ൽ അത് 34923 ടണ്ണായി വർദ്ധിച്ചു. 5 വർഷംകൊണ്ട് ഒരു ലക്ഷം ടൺ മത്സ്യം ഉൽപ്പാദിപ്പിക്കാൻ വേണ്ടിയുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുകയെന്നതാണ് സർക്കാരിന്റെ ലക്ഷ്യം. ഇതിൽ ഏറ്റവും പ്രധാനപ്പെട്ട ഒരു പ്രശ്നം, മത്സ്യകൃഷിക്കാവശ്യമായ സീഡ് ഉൽപ്പാദനത്തിനുള്ള ഹാച്ചറികളുടെ കുറവാണ്. എല്ലാ ഹാച്ചറികളും ഇതിനോടകംതന്നെ സന്ദർശിച്ചുകഴിഞ്ഞു. മത്സ്യക്യഷിയുടെ സാദ്ധ്യതയ്ക്കനുസരിച്ചുള്ള ഹാച്ചറികൾ ആ നിലയ്ക്ക് ഇപ്പോൾ എത്തിയിട്ടില്ല. പുതുതായി ഹാച്ചറികൾ നിർമ്മിക്കുകയും തദ്ദേശീയ മത്സ്യക്കുഞ്ഞുങ്ങൾ ഉൽപ്പാദിപ്പിക്കുന്ന കേന്ദ്രങ്ങളായി ആ ഹാച്ചറികളെ മാറ്റുകയും വേണം. വരാൽ, നാടൻ മുഷി, കല്ലേമുട്ടി,

* അനുബന്ധം 2 ആയി ചേർക്കുന്നു.

കാരി എന്നിങ്ങനെയുള്ള മത്സ്യക്കുഞ്ഞുങ്ങളെ ഉൽപ്പാദിപ്പിക്കാൻ കഴിയുന്ന ഹാച്ചറികൾ ആരംഭിക്കുന്നതാണ്. തദ്ദേശീയ മത്സ്യങ്ങളോടാണ് ആളുകൾക്ക് ഏറ്റവും കൂടുതൽ താൽപ്പര്യമുള്ളത്. കാർപ്പ് മത്സ്യങ്ങൾ വ്യാപകമായി ഉൽപ്പാദിപ്പിക്കുന്നുണ്ട്. ഈ മത്സ്യക്കുഞ്ഞുങ്ങളെ ഉൽപ്പാദിപ്പിക്കാനുള്ള ഹാച്ചറികൾ വളരെ പ്രധാനമാണ്. അതിനുവേണ്ടി ഏതാണ്ട് 87.58 കോടി രൂപയുടെ പ്രവൃത്തികൾ നടന്നുവരുന്നുണ്ട്. വീണ്ടും 10 കോടി രൂപയുടെ ഭരണാനുമതി നൽകിക്കഴിഞ്ഞു. 5 വർഷംകൊണ്ട് കേരളത്തിനാവശ്യമായ മുഴുവൻ മത്സ്യവിത്തും ഉൽപ്പാദിപ്പിക്കാൻ കഴിയുമെന്നാണ് വിശ്വസിക്കുന്നത്. രണ്ടാമത്തെ കാര്യം, ഗുണനിലവാരമുള്ള മത്സ്യവിത്ത് ഉൽപ്പാദിപ്പിക്കുകയെന്നതാണ്. അതിനായി സംസ്ഥാനത്ത് ആദ്യമായി അക്വാട്ടിക് അനിമൽ ഹെൽത്ത് സെന്റർ സ്ഥാപിക്കുകയാണ്. അത് സ്ഥാപിക്കുന്നതോടുകൂടി സംസ്ഥാനത്ത് രോഗനിയന്ത്രണമുണ്ടാകുന്ന, ഗുണനിലവാരമുള്ള മത്സ്യവിത്ത് ഉൽപ്പാദിപ്പിക്കാൻ കഴിയും. ഉൾനാടൻ മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുകയെന്നതാണ് ഗവൺമെന്റിന്റെ ലക്ഷ്യം. കടലിലെ മത്സ്യത്തിന്റെ വരവിൽ കുറവ് സംഭവിച്ചിട്ടുണ്ടെന്നുള്ള വസ്തുത നമുക്കെല്ലാമറിയാം. അതുകൊണ്ട് ഉൾനാടൻ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതോടൊപ്പം മത്സ്യ ഉപോല്പന്നങ്ങൾ ഉപയോഗപ്പെടുത്തിക്കൊണ്ടുള്ള തൊഴിൽ സാദ്ധ്യതകൾ നടപ്പിലാക്കുന്നതിനുള്ള വലിയൊരു പ്രവർത്തനം അടുത്ത പഞ്ചവത്സര പദ്ധതിയിലൂടെ തയ്യാറാകുന്നുണ്ട്, തീർച്ചയായും ഗവൺമെന്റ് ലക്ഷ്യമിടുന്ന രീതിയിൽ കേരളത്തിലെ എല്ലാ കുളങ്ങളും ഇതിനായി ഉപയോഗിക്കുന്നതാണ്. അതിനാണ് എവിടെയെല്ലാം ജലാശയങ്ങളുണ്ടോ അവിടെയെല്ലാം മത്സ്യകൃഷി അവലംബിക്കുന്നത്. ഇതിനായി 8500- ഓളം കുളങ്ങൾ ഐഡന്റിഫൈ ചെയ്തിട്ടുണ്ട്, അതുകൂടാതെ പഞ്ചായത്തിന്റെ കുളങ്ങളും ഐഡന്റിഫൈ ചെയ്തിട്ടുണ്ട്, ഇവിടെയെല്ലാം മത്സ്യകൃഷി തുടങ്ങുന്നതിനുവേണ്ടിയുള്ള പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. കേരളത്തിലെ 4 റിസർവോയറുകളിൽ ഇപ്പോൾ കൂട് കൃഷി ആരംഭിച്ചുകഴിഞ്ഞു. ബാക്കിയുള്ള എട്ടോളം റിസർവോയറുകളിൽ മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിച്ചുകഴിഞ്ഞു. എല്ലാ റിസർവോയറുകളിലും വനംവകുപ്പുമായും ഇലക്ട്രിസിറ്റി ബോർഡുമായും ചർച്ച ചെയ്ത് മത്സ്യകൃഷി നടത്തുന്നതിനുവേണ്ടി ആലോചിക്കുന്നുണ്ട്. അങ്ങനെ എവിടെയെല്ലാം ജലാശയമുണ്ടോ അവിടെയെല്ലാം മത്സ്യകൃഷി നടത്തി കേരളത്തിന്റെ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കാൻ വേണ്ടിയുള്ള ഒരു വലിയ പ്രവർത്തനം ഗവൺമെന്റ് ആരംഭിച്ചിട്ടുണ്ടെന്ന് പറയാൻ ആഗ്രഹിക്കുന്നു.

<u>ശ്രീ. പി. ഉബൈദുള്ള</u>: സർ, ഫിഷറീസ് വകുപ്പ് കർഷകർക്ക് മത്സ്യക്കുഞ്ഞുങ്ങളെ നൽകുമ്പോൾ അവർക്കാവശ്യമായ മത്സ്യത്തീറ്റകൂടി നൽകണം. ഉൾനാടൻ മത്സ്യത്തിന്റെ മാർക്കറ്റിംഗ് വലിയൊരു പ്രശ്നമാണ്. കരിമീൻ പോലുള്ള മത്സ്യങ്ങൾ മത്സ്യഫെഡ് സ്വീകരിക്കും. എന്നാൽ ഉൾനാടൻ മത്സ്യംകൂടി സ്വീകരിക്കാനുള്ള നടപടി മത്സ്യഫെഡിന്റെ ഭാഗത്തുനിന്നുണ്ടാകണം. എല്ലാ വർഷവും ഫിഷറീസ് വകുപ്പിന്റെ നേതൃത്വത്തിൽ നദികളിൽപ്പോയി ലക്ഷക്കണക്കിന്

മത്സ്യക്കുഞ്ഞുങ്ങളെ നദിയിൽ നിക്ഷേപിച്ച് ഉദ്ഘാടനം ചെയ്ത് പോരുകയല്ലാതെ അടുത്ത വർഷത്തേക്ക് ആ മത്സ്യക്കുഞ്ഞുങ്ങൾ വളർച്ച പ്രാപിക്കുന്നുണ്ടോ; അതിൽ നിന്ന് നമുക്ക് ഉൽപ്പാദനം ലഭിക്കുന്നുണ്ടോ എന്നതുസംബന്ധിച്ച് കൃത്യമായ പരിശോധനയുണ്ടാകുന്നില്ല. അതിനുള്ള സംവിധാനമുണ്ടാക്കുമോ ?

ശ്രീ. സജി ചെറിയാൻ: സർ, ഫീഡ് ഫാക്ടറി വിജയകരമാകില്ലെന്നുള്ള നിഗമനമാണ് ഗവൺമെന്റിനുള്ളത്, അസംസ്കൃത വസ്തുക്കൾ മറ്റ് സംസ്ഥാനങ്ങളിൽ നിന്ന് കൊണ്ടുവന്ന് നമ്മൾ ഇവിടെ ഉൽപ്പാദിപ്പിക്കുമ്പോൾ ആ ഫീഡ് വളരെ വില കുറച്ച് കൃഷിക്കാർക്ക് കൊടുക്കാൻ കഴിയാത്തൊരു സാഹചര്യം കേരളത്തിലുണ്ട്. എങ്കിലും ആദ്യത്തെ ഒരു ഫീഡ് ഫാക്ടറി കേരളത്തിൽ ആരംഭിക്കാൻ തീരുമാനിച്ചു. പരീക്ഷണാടിസ്ഥാനത്തിൽ അത് തുടങ്ങിയിട്ട് തുടർന്നുപോകണോ വേണ്ടയോ എന്ന കാര്യത്തെക്കുറിച്ച് ആലോചിക്കാം. രണ്ടാമത് അങ്ങ് പറഞ്ഞത്, നദികളിൽ മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിക്കുന്നത് നിർത്താൻ തീരുമാനിച്ചു എന്നതാണ്. 10 ശതമാനംപോലും നദികളിൽ നിക്ഷേപിക്കുന്ന കുഞ്ഞുങ്ങളെ തിരിച്ച് കിട്ടുന്നില്ല. ഇപ്പോൾ കൊടുത്തിരിക്കുന്ന നിർദ്ദേശം, മത്സ്യക്കുഞ്ഞുങ്ങൾ സാമാന്യം വളർച്ചയായ തിനുശേഷം നദികളിൽ നിക്ഷേപിച്ചാൽ മതിയെന്നാണ്. മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിക്കുമ്പോൾ അതിന് ജനകീയ ഓഡിറ്റില്ല, എത്ര മത്സ്യക്കുഞ്ഞുങ്ങളെ ഉൽപ്പാദിപ്പിക്കുന്നുവെന്ന് അവർ പറയുന്ന കണക്കാണ് നമ്മൾ കേൾക്കുന്നത്. അതുകൊണ്ട് ജനകീയ ഓഡിറ്റ് വേണം. ബഹുമാനപ്പെട്ട എം.എൽ.എ.- മാർ ചെയർമാനായിട്ടുള്ള ഹാച്ചറി കമ്മിറ്റികൾ തന്നെ രൂപീകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്. അവരുടെ അംഗീകാരം കിട്ടുന്നതനുസരിച്ച് മാത്രമേ ഇനിയും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുള്ളൂ. പഴയതുപോലെ നദികളിൽ മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിക്കുന്ന പരിപാടി നിർത്താൻ തീരുമാനിച്ചിട്ടുണ്ട്. മാർക്കറ്റിംഗുമായി ബന്ധപ്പെട്ട് മത്സ്യഫെഡ് ഇപ്പോൾ സ്റ്റാളുകൾ ആരംഭിക്കുന്നുണ്ട്. ഏതാണ്ട് 20 ഉൽപ്പന്നങ്ങൾ ഉൽപ്പാദിപ്പിക്കുന്ന മത്സ്യ ഉപോല്പന്ന സ്റ്റാളുകൾ തുടങ്ങിക്കഴിഞ്ഞു. കയറ്റുമതിയെക്കുറിച്ചും ആലോചി ക്കുന്നുണ്ട്. കേരളത്തിലെ തദ്ദേശീയ മാർക്കറ്റുകളിലും ഇന്ത്യൻ മാർക്കറ്റുകളിലും വിദേശ മാർക്കറ്റുകളിലും കേരളത്തിന്റെ രുചികരമായ മത്സ്യം കൊടുക്കുകയെന്നത് സംബന്ധിച്ച് കൃത്യമായ മാർക്കറ്റിംഗ് സ്ട്രാറ്റജി ഗവൺമെന്റ് പ്ലാൻ ചെയ്യുന്നുണ്ട്. തീർച്ചയായും അക്കാര്യത്തിൽ യാതൊരു ആശങ്കയും വേണ്ട. നല്ല നിലയിൽ പ്രവർത്തനങ്ങൾ മുന്നോട്ടുപോകുമെന്നാണ് പ്രതീക്ഷിക്കുന്നത്.

ശ്രീ. എ. കെ. എം. അഷ്റഫ്: സർ, കടലിലെ മത്സ്യസമ്പത്ത് കുറഞ്ഞു വരികയും ശുദ്ധമായ മത്സ്യത്തിന് ആവശ്യക്കാർ ഏറുകയും ചെയ്യുന്ന കാലത്ത് ഉൾനാടൻ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കേണ്ടതായിട്ടുണ്ട്. അതിന് പ്രോത്സാഹനം നൽകുന്ന വിവിധ പദ്ധതികൾ സർക്കാർ ആവിഷ്കരിക്കുന്നുണ്ടെങ്കിലും താഴെക്കിടയിൽ

പ്രതിഫലിക്കുന്നത് കുറഞ്ഞ രീതിയിലാണ്. സംസ്ഥാനത്തിന്റെ ഭ്ര വിസ്തൃതിയിൽ നല്ലൊരു ഭാഗം ചെങ്കൽ പ്രദേശങ്ങളാണ്. ഇവിടങ്ങളിൽ പ്രകൃതി തന്നെ കനിഞ്ഞുനൽകിയ നീരുറവകളാണ് പള്ളങ്ങൾ അഥവാ ചിറകൾ. ഈ ചിറകൾ കയ്യേറ്റം കൊണ്ടും മണ്ണടിഞ്ഞതുമൂലവും നാമാവശേഷമായിക്കൊണ്ടിരിക്കുകയാണ്. ഇത്തരം ചിറകൾ നവീകരിച്ച് തദ്ദേശഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിച്ച് വാർഷിക വിളവെടുപ്പ് നടത്തി ശുദ്ധമായ മത്സ്യം ലഭ്യമാക്കാനും പ്രാദേശിക സാമ്പത്തിക വികസനം സാദ്ധ്യമാക്കാനും സർക്കാർ നടപടി സ്വീകരിക്കുമോ?

<u>ശ്രീ. സജി ചെറിയാൻ</u>: സർ, ഇതുസംബന്ധിച്ച് തദ്ദേശസ്വയംഭരണ വകുപ്പുമായിട്ടും സഹകരണ വകുപ്പുമായിട്ടും ചർച്ച നടത്താൻ തീരുമാനിച്ചിട്ടുണ്ട്. മണ്ണെടുത്ത് മാറ്റിയ സ്ഥലങ്ങളിൽ വെള്ളക്കെട്ടുണ്ട്. അവിടെ മത്സ്യക്കൃഷി ചെയ്യാൻ തദ്ദേശസ്വയംഭരണ വകുപ്പിന്റെ സഹായം വേണം. കുളങ്ങളിലും കൃഷി ചെയ്യാൻ തദ്ദേശസ്വയംഭരണ വകുപ്പിന്റെ സഹായം വേണം. പഞ്ചായത്തും ഫിഷറീസ് വകുപ്പും ഇതിനായി തുക വകയിരുത്തേണ്ടതായിട്ടുണ്ട്. അപ്പോൾ പഞ്ചായത്തിന്റെ സഹകരണംകൂടി ആവശ്യമാണ്. അതിനായി ഒരു യോഗം ചേരാൻ തീരുമാനിച്ചിട്ടുണ്ട്. കൃത്യമായ ഗ്രൂപ്പുകളുണ്ടാക്കി സഹകരണ ബാങ്കുകളിൽനിന്നും അവർക്ക് തുക കൊടുക്കാനാവശ്യമായ ആലോചനയും നടത്തുന്നുണ്ട്. സംസ്ഥാനത്തിന്റെ പരിമിതമായ സമ്പത്തുകൊണ്ട് അതിനപ്പുറത്തേയ്ക്ക് മത്സ്യക്കൃഷി വ്യാപിപ്പിക്കുമ്പോൾ തീർച്ചയായും ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച സ്ഥലങ്ങളിലേയ്ക്കും കൃഷി വ്യാപിപ്പിക്കാൻ സാധിക്കുന്ന വിധത്തിലുള്ള പദ്ധതിയാണ് തയ്യാറാക്കുന്നത്.

<u>ശ്രീ. ടി. വി. ഇബ്രാഹിം</u>: സർ, ഉൾനാടൻ മത്സ്യകൃഷി വമ്പിച്ച പ്രതിസന്ധിയാണ് നേരിട്ടുകൊണ്ടിരിക്കുന്നത്. എന്റെ തൊട്ടടുത്ത വീട്ടിൽ മത്സ്യകൃഷി നടത്തുന്ന കർഷകൻ അനുഭവിക്കുന്ന വേദന എനിക്കറിയാം. കിലോയ്ക്ക് 60-70 രൂപ കൊടുത്താണ് മത്സ്യത്തീറ്റ വാങ്ങുന്നത്. അങ്ങനെ മത്സ്യങ്ങൾ വളർത്തിയാൽപ്പോലും ആ മത്സ്യങ്ങൾക്ക് മാർക്കറ്റിംഗില്ല. ഇത്തരം പ്രതിസന്ധികൾ നേരിട്ടുകൊണ്ടിരിക്കുമ്പോൾ മത്സ്യകർഷകർക്ക് സബ്സിഡി കൊടുക്കുന്ന കാര്യം പരിഗണിക്കണം. ഉൾനാടൻ മത്സ്യക്കൃഷി നടത്തുന്നതിനായി തദ്ദേശഭരണ സ്ഥാപനങ്ങൾ കൂടി ഉൾപ്പെട്ട പ്രോജക്ടുകൾ എടുക്കണം. മത്സ്യത്തീറ്റയുൾപ്പെടക്കം സബ്സിഡി കൊടുത്തുകൊണ്ട് ഇവരെ പ്രോത്സാഹിപ്പിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് ഫിഷറീസ് വകുപ്പ് നടപ്പിലാക്കുന്നത്?

ശ്രീ. സജി ചെറിയാൻ: സർ, 2021-22 -ൽ 98 കോടി രൂപ ഉൾനാടൻ മത്സ്യകൃഷിക്കുവേണ്ടി മാത്രം സബ്സിഡിയായി അനുവദിച്ചിട്ടുണ്ട്. അർദ്ധ, ഊർജ്ജിത, ശുദ്ധജല മത്സ്യകൃഷിക്ക് 17.70 കോടി രൂപയാണ് അനുവദിച്ചിട്ടുള്ളത്. സ്വകാര്യ കുളങ്ങളിലെ വിശാല കാർപ്പ് മത്സ്യകൃഷിക്ക് 85 ലക്ഷം രൂപ എന്നിങ്ങനെ 19 ഇനങ്ങളിലായി ഏതാണ്ട് 7720 ലക്ഷത്തോളം രൂപ നമുക്ക് ഇതിനകം ചെലവഴിക്കാൻ കഴിഞ്ഞിട്ടുണ്ട്. ഈ ഇനത്തിൽ 40 ശതമാനമാണ് സബ്സിഡിയായി നൽകുന്നത്. ബയോഫ്ലോക്ക് ഉപയോഗപ്പെടുത്തിയതുകൊണ്ട് കൃഷിക്കാർക്ക് ചെറിയ തെറ്റുകൾ സംഭവിച്ചിട്ടുണ്ട്. അതുകൊണ്ടാണ് മത്സ്യകൃഷിക്കാർക്ക് പ്രയാസം നേരിടേണ്ടി വരുന്നത്. കുറച്ചുകൂടി ശാസ്ത്രീയമായി മത്സ്യക്കൃഷിയെ ഊർജ്ജിതപ്പെടുത്തേണ്ടതുണ്ട്. ഉൾനാടൻ മത്സ്യമേഖലയിലെ കൃഷിയിൽ കഴിഞ്ഞ 5 വർഷമായി വലിയ പുരോഗതിയാണ് ഉണ്ടായിട്ടുള്ളത്. അതിന്റെ കണക്ക് ഞാൻ പറയാം. 7 ലക്ഷം കുഞ്ഞുങ്ങളുടെ ഉൽപ്പാദനശേഷി വർദ്ധിച്ചു. അതായത്, 2.20 ആയിരുന്നത് വളരെ കൂടി. ഉൽപ്പാദനത്തിൽ വന്നിരിക്കുന്ന ഈ വർദ്ധനവിന്റെ ഭാഗമായി മത്സ്യ സമ്പത്തിനും വർദ്ധനവ് വന്നിട്ടുണ്ട്. നല്ല നിലയിൽ ഗവൺമെന്റ് ഉൾനാടൻ മത്സ്യകൃഷിക്കുവേണ്ടി സബ്സിഡി കൊടുക്കുന്നുണ്ട്. ഒറ്റപ്പെട്ട ഏതെങ്കിലും കേസ്സുണ്ടെങ്കിൽ അക്കാര്യം ശ്രദ്ധയിൽപ്പെടുത്തിയാൽ പരിഹാരം കാണാൻ സാധിക്കും.

മി. സ്പീക്കർ: ഓർഡർ...... ഓർഡർ ..... ചോദ്യോത്തരവേള അവസാനിച്ചിരിക്കുന്നു.

(ചോദ്യോത്തരസമയം കഴിഞ്ഞു.)

# 2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ

## (i) നക്ഷത്രചിഹനമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### പട്ടികജാതി, പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ ലംപ്സം ഗ്രാന്റ് വർദ്ധിപ്പിക്കാൻ നടപടി

4 (*64) ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി:
ശ്രീ. തോമസ് കെ. തോമസ്:

ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികജാതി, പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ ലംപ്സം ഗ്രാന്റ് വർദ്ധിപ്പിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

സംസ്ഥാനത്ത് പട്ടികജാതി, പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ പോസ്റ്റ്മെട്രിക്, പ്രീമെട്രിക് വിദ്യാഭ്യാസാനുകൂല്യം മൂന്ന് വർഷത്തിലൊരിക്കൽ പരിഷ്കരിക്കണമെന്ന ബാബു വിജയനാഥ് കമ്മീഷന്റെ ശിപാർശയുടെ അടിസ്ഥാനത്തിൽ കൃത്യമായി 3 വർഷത്തിലൊരിക്കൽ വിദ്യാഭ്യാസാനുകൂല്യം പരിഷ്കരിക്കുന്നുണ്ട്. 9-1-2020-ലെ സ.ഉ.(അച്ചടി)നം.1/2020/പജപവവിവ പ്രകാരം സംസ്ഥാനത്തെ പ്രീമെട്രിക്/ പോസ്റ്റ്മെട്രിക് കോഴ്സുകളിൽ പഠിക്കുന്ന പട്ടികജാതി, പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ ആനുകൂല്യങ്ങൾ മുൻപുള്ള നിരക്കിനേക്കാൾ 20% വർദ്ധിപ്പിച്ചിട്ടുണ്ട്.

(ബി) പട്ടികജാതി, പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ മുന്നേറ്റത്തിന് പുതിയ പദ്ധതികൾ ആരംഭിക്കാൻ നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

നിലവിലുള്ള വിദ്യാഭ്യാസാനുകൂല്യ പദ്ധതികളിൽ കാലോചിതമായ മാറ്റങ്ങൾ വരുത്തി നടപ്പിലാക്കിവരുന്നുണ്ട്. പുതിയ വിദ്യാഭ്യാസ പദ്ധതികൾ ആവശ്യമായി വരുന്നപക്ഷം അവ നടപ്പിലാക്കുന്ന നടപടികൾ സ്വീകരിക്കുന്നതാണ്.

**വനം, വന്യജീവി സംരക്ഷണം**

5 (*65) ശ്രീ. കെ. ബാബു (നെന്മാറ):
ശ്രീ. എം. എം. മണി:
ശ്രീ. ലിന്റോ ജോസഫ്:
ശ്രീ. ജി. സ്റ്റീഫൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സുസ്ഥിരമായ വനപരിപാലനം ഉറപ്പുവരുത്തുന്നതിനും വനനശീകരണം തടയുന്നതിനും വനവൽക്കരണം വർദ്ധിപ്പിക്കുന്നതിനുംവേണ്ടി ഈ സർക്കാർ സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ?

സംസ്ഥാനത്ത് സുസ്ഥിരമായ വനപരിപാലനം ഉറപ്പുവരുത്തുന്നതിനും വനനശീകരണം തടയുന്നതിനും വനവൽക്കരണം വർദ്ധിപ്പിക്കുന്നതിനും വേണ്ടി താഴെ പറയുന്ന നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്:-

1. വനപരിപാലനം ഉറപ്പുവരുത്തുന്നതിനായി വനാതിർത്തികളിൽ ജണ്ടകെട്ടി സംരക്ഷിക്കൽ പ്രവൃത്തികൾ കൂടുതൽ ഊർജ്ജിതമാക്കിയിട്ടുണ്ട്.

2. കൂടുതൽ ഫോറസ്റ്റ് സ്റ്റേഷനുകൾ സ്ഥാപിച്ച് വനമേഖലയിൽ ശക്തമായ പട്രോളിംഗും നടത്തിവരുന്നുണ്ട്. വനസംരക്ഷണ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പുതുതായി 10 ഫോറസ്റ്റ് സ്റ്റേഷനുകൾകൂടി സ്ഥാപിച്ചിട്ടുണ്ട്.

3. വനം കുറ്റകൃത്യങ്ങളിൽ കുറ്റക്കാർക്കെതിരെ ശക്തമായ നടപടികളും സ്വീകരിച്ച് വരുന്നുണ്ട്.

4. ശോഷണം സംഭവിച്ച വനഭാഗങ്ങളിൽ ശോഷിക്കപ്പെട്ട വനങ്ങളുടെ പുനരുജ്ജീവനം, പ്രകൃതിദത്ത വനങ്ങളുടെ സഹായ വനവൽക്കരണം എന്നീ പദ്ധതികളിലൂടെ പുനരുജ്ജീവിപ്പിച്ച് സ്വാഭാവിക വനങ്ങളാക്കി മാറ്റുന്നതിനുള്ള ഇക്കോ റെസ്റ്റോറേഷൻ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

5. വനപരിപാലനത്തിനും വന സമ്പത്ത് കാത്തുസൂക്ഷിക്കുന്നതിനും കാട്ടുതീ പ്രതിരോധ പ്രവർത്തനങ്ങൾ, പ്ലാന്റേഷനുകൾ നട്ടുപിടിപ്പിക്കലും അവയുടെ സംരക്ഷണ പ്രവർത്തനങ്ങളും കൂടാതെ, മണ്ണൊലിപ്പ് തടയുന്നതിനും ജലസംരക്ഷണത്തിനുള്ള പദ്ധതികളും ആവിഷ്കരിച്ചിട്ടുണ്ട്.

6. അധിനിവേശ സസ്യങ്ങളെ ഒഴിവാക്കി തദ്ദേശീയ വൃക്ഷങ്ങൾ വച്ചു പിടിപ്പിച്ചും പുൽമേടുകൾ സംരക്ഷിച്ചും ജൈവ വൈവിധ്യ സംരക്ഷണം ഉറപ്പാക്കുന്നുണ്ട്. വനപ്രദേശങ്ങളിലെ നീരുറവകൾ വറ്റിപ്പോകുന്നത് തടയുവാനും വന്യജീവികൾക്ക് ജലലഭ്യത ഉറപ്പാക്കുവാനും കുളങ്ങൾ, തടയണകൾ എന്നിവ നിർമ്മിക്കുകയും ജലസ്രോതസ്സുകളിൽ മാലിന്യവും ചെളിയും നീക്കി സംരക്ഷിച്ചും വനങ്ങളെ പുഷ്ടിപ്പെടുത്തിവരുന്നുണ്ട്.

7. വനപ്രദേശങ്ങളിലും വനത്തിനുള്ളിലും പട്രോളിംഗ് ക്യാമ്പുകൾ, സംയുക്ത റെയ്ഡുകൾ, നൈറ്റ് പട്രോളിംഗ് എന്നിവ നടത്തിയും വനസംരക്ഷണ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കിയിട്ടുള്ളതാണ്. ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റികൾ രൂപീകരിച്ച് പങ്കാളിത്ത വനപരിപാലനം നടപ്പാക്കി വന്യമൃഗവേട്ട തടയുന്നതിനും സംരക്ഷണം ഉറപ്പാക്കുന്നതിനും സാധിച്ചിട്ടുണ്ട്.

8. ഈ സർക്കാരിന്റെ കാലത്ത് കോട്ടയം വനം ഡിവിഷനിൽ വനവിസ്തൃതി വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി കോട്ടയം ജില്ലയിലെ കോട്ടയം താലൂക്കിൽപ്പെട്ട പെരുമ്പായിക്കാട് വില്ലേജിലെ ബ്ലോക്ക് 25, സർവ്വേ നമ്പർ 172-ൽപ്പെട്ട 3.7550 ഹെക്ടർ സ്ഥലം 1961-ലെ കേരള വനം ആക്ടിന്റെ (1962-ലെ 4) സെക്ഷൻ 4 വകുപ്പ് പ്രകാരം "പാറമ്പുഴ റിസർവ്"എന്നപേരിൽ ഒരു റിസർവ് വനമായി കേരള വനം-വന്യജീവി വകുപ്പിന്റെ 19-7-2021-ലെ എസ്.ആർ.ഒ. 680/2021 നമ്പരായി വിജ്ഞാപനം പുറപ്പെടുവിച്ച് വനമായി സംരക്ഷിച്ചുവരുന്നു.

9. ഈ സർക്കാരിന്റെ കാലത്ത് കോട്ടയം വനം ഡിവിഷനിൽ - ഇടുക്കി ജില്ലയിലെ പീരുമേട് താലൂക്കിലെ കുമിളി വില്ലേജിൽ സർവ്വേ നം. 46/24 pt, 46/25 pt, 46/26 pt, 45/9 pt ഉൾപ്പെട്ട 2.6798 ഹെക്ടർ

സ്ഥലവും 1961-ലെ കേരള വനം ആക്ടിന്റെ (1962-ലെ 4) സെക്ഷൻ 4 വകുപ്പ് പ്രകാരം കുമിളി റിസർവ് എന്ന പേരിൽ ഒരു റിസർവ് വനമായി കേരള വനംവന്യജീവി വകുപ്പിന്റെ 27-7-2021-ലെ എസ്.ആർ.ഒ. 681/2021 നമ്പരായി വിജ്ഞാപനം പുറപ്പെടുവിച്ച് വനമായി സംരക്ഷിച്ചു വരുന്നുണ്ട്.

(ബി) വന്യജീവികളെ വേട്ടയാടലും സംരക്ഷിത ജീവിവർഗ്ഗങ്ങളുടെയും സസ്യജാലങ്ങളുടെയും അനധികൃതമായ വാങ്ങലും വിൽക്കലും രാജ്യാന്തര കടത്തും തടയുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

1. വന്യമൃഗ വേട്ട തടയുന്നതിന് ഉൾവനങ്ങളിൽ ആന്റി-പോച്ചിംഗ് ക്യാമ്പുകൾ സ്ഥാപിച്ചും ഉൾവനങ്ങളിലും വനാതിർത്തി പ്രദേശങ്ങളിലും സംസ്ഥാന വനാതിർത്തികളിലും റോന്ത് ചുറ്റൽ, രാത്രികാല പട്രോളിംഗ് തുടങ്ങിയവയും നടത്തിവരുന്നു. വന സംരക്ഷണ സമിതികളും ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റികളുടെയും സഹകരണത്തോടെ നിയമലംഘകരെ നിരീക്ഷിക്കുന്നതിനും പിടികൂടുന്നതിനുമുള്ള പ്രവർത്തനങ്ങൾ നടത്തി വരുന്നുണ്ട്.

2. വനം കുറ്റകൃത്യങ്ങളുടെയും കുറ്റവാളികളുടെയും വിവരങ്ങൾ ശേഖരിക്കുന്നതിനും അവലോകനം ചെയ്യുന്നതിനുമായി Hostile Activity Watching Kernal (HAWK) എന്ന ഓൺലൈൻ മോഡ്യൂൾ വനം വകുപ്പ് വികസിപ്പിച്ച് ഉപയോഗിച്ച് വരുന്നുണ്ട്. ഇത് വനം വകുപ്പിന്റെ വെബ്സൈറ്റായ www.wildlife.hawkkerala.forest.in എന്ന സൈറ്റിൽ ലഭ്യമാണ്. ഈ മോഡ്യൂളിൽ ശേഖരിക്കുന്ന വിവരങ്ങൾ വനകുറ്റ കൃത്യങ്ങൾ തടയുന്നതിനും സ്ഥിരം കുറ്റവാളികളെ നിരീക്ഷിക്കുന്നതിനും വനപാലകരെ സഹായിക്കുന്നു.

3. "ഓപ്പറേഷൻ ശിക്കാർ" എന്ന പേരിൽ വനം വകുപ്പ് നടത്തിയ നീക്കത്തിൽ 18 കാട്ടാനകളുടെ വേട്ട കണ്ടെത്തുകയും 73 കുറ്റവാളികളെ നിയമത്തിന് മുൻപാകെ കൊണ്ടുവരുന്നതിനും 479.292 കി.ഗ്രാം. ആനക്കൊമ്പ് രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും കണ്ടെത്തുന്നതിന് സാധിക്കുകയുണ്ടായി.

4. ദേശീയ കടുവാ സംരക്ഷണ അതോറിറ്റി (NTCA) വികസിപ്പിച്ചെടുത്ത ആൻഡ്രോയിഡ് അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന മോണിറ്ററിംഗ് സോഫ്റ്റ്‌വെയർ MSTrlPES (Monitoring System for Tigers-Intensive Protection and Ecological Status) വനം വകുപ്പ്

ഉപയോഗിച്ചുവരുന്നു. ഗ്ലോബൽ പൊസിഷനിംഗ് സിസ്റ്റം (GPS), റിമോട്ട് സെൻസിംഗ് (RS), എന്നീ ആധുനിക സാങ്കേതികവിദ്യകൾ ഉപയോഗിച്ച് വിവരങ്ങൾ ശേഖരിച്ച് ഡാറ്റാബേസ് ഉണ്ടാക്കുകയും Geographic Information System (GIS) സ്റ്റാറ്റിസ്റ്റിക്കൽ ടൂളുകൾ എന്നിവ ഉപയോഗിച്ച് വിശകലനം ചെയ്ത് തീരുമാനങ്ങളെടുക്കുകയും ചെയ്തുവരുന്നു.

5. വനത്തിനുള്ളിൽ ക്യാമറ ട്രാപ്പുകൾ സ്ഥാപിച്ച് അനധികൃതമായി ആളുകൾ വനത്തിൽ പ്രവേശിക്കുന്നുണ്ടോ എന്ന് പരിശോധിക്കുകയും മൃഗങ്ങളുടെ സഞ്ചാരപഥം നിരീക്ഷിക്കുന്നതിനും കണക്കെടുക്കുന്നതിന് ഉപയോഗിക്കുകയും ചെയ്തുവരുന്നു.

6. പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വിജിലൻസ്)-ന്റെ നേതൃത്വത്തിൽ രഹസ്യ വിവര ശേഖരണത്തിൽ പരിശീലനം ലഭിച്ച ജീവനക്കാരെ ഉൾപ്പെടുത്തി വനം ഇന്റലിജൻസ് വിഭാഗം ശക്തിപ്പെടുത്തിയിട്ടുണ്ട്. സംരക്ഷിത സസ്യങ്ങളുടെയും ജീവിവർഗ്ഗങ്ങളുടെയും അവയുടെ ഉൽപ്പന്നങ്ങളുടെയും ഓൺലൈൻ കച്ചവടവും മറ്റും ഇന്റലിജൻസ് വിഭാഗം നിരീക്ഷിച്ച് കുറ്റവാളികളെ പിടികൂടുന്നതിനാവശ്യമായ സഹായങ്ങൾ ടെറിറ്റോറിയൽ/വൈൽഡ് ലൈഫ്/ വിജിലൻസ് വിഭാഗങ്ങൾക്ക് നൽകിവരുന്നു.

7. വൈൽഡ് ലൈഫ് ക്രൈം കൺട്രോൾ ബ്യൂറോയുമായി സഹകരിച്ച് സംരക്ഷിത ജീവിവർഗ്ഗങ്ങളുടെയും സസ്യജാലങ്ങളുടെയും അനധികൃതമായ വാങ്ങലും വിൽക്കലും രാജ്യാന്തര കടത്തും തടയുന്നതിനും പ്രവർത്തനങ്ങൾ നടത്തിവരുന്നു.

**പട്ടികജാതി, പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ ഓൺലൈൻ വിദ്യാഭ്യാസം**

6 (*66) ശ്രീ. സി. സി. മുകുന്ദൻ:
ശ്രീ. ഇ. കെ. വിജയൻ:
ശ്രീ. ജി. എസ്. ജയലാൽ:
ശ്രീ. മുഹമ്മദ് മുഹസിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇന്റർനെറ്റ് കണക്റ്റിവിറ്റി ലഭ്യമല്ലാത്ത വിദൂര വനമേഖലകളിലെ വിദ്യാർത്ഥികളുടെ ഓൺലൈൻ വിദ്യാഭ്യാസം ഉറപ്പാക്കുന്നതിനുവേണ്ടി നടപ്പിലാക്കിയിട്ടുള്ള പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദീകരിക്കുമോ?

പട്ടികവർഗ്ഗ മേഖലകളിൽ ഇന്റർനെറ്റ് കണക്റ്റിവിറ്റിയുടെ ലഭ്യതക്കുറവുള്ള കോളനികൾ കണ്ടെത്തി ടെലികോം ഇന്റർനെറ്റ് സേവന ദാതാക്കളുമായി ചർച്ച നടത്തി അനുയോജ്യമായ സാങ്കേതികവിദ്യകളിലൂടെ കണക്റ്റിവിറ്റി ലഭ്യമാക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിനായി പട്ടികവർഗ്ഗ വികസനം, ഐ.റ്റി, തദ്ദേശസ്വയംഭരണം എന്നീ വകുപ്പുകളുടെയും ജില്ലാ ഭരണകൂടങ്ങളുടെയും സഹകരണത്തോടെ പ്രവർത്തനങ്ങൾ നടത്തിവരുന്നു. ഐ.റ്റി. വകുപ്പിന്റെ ഫണ്ടിനുപുറമേ പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കോർപ്പസ് ഫണ്ട് ഈയാവശ്യത്തിനായി ഉപയോഗിക്കുവാൻ ജില്ലാ കളക്ടർമാർക്ക് അനുമതി നൽകുകയും ജില്ലകളിൽ പ്രവൃത്തികൾക്ക് അനുമതി നൽകുകയും ചെയ്തിട്ടുണ്ട്. ഓൺലൈൻ/ഡിജിറ്റൽ പഠന സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനായി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ സാമൂഹ്യ പഠനമുറികൾ, ഊരുവിദ്യാകേന്ദ്രങ്ങൾ, ക്ലബുകൾ, വായനശാലകൾ, അങ്കണവാടികൾ, മൾട്ടിഗ്രേഡ് ലേണിംഗ് സെന്ററുകൾ, പൊതു ഇടങ്ങളിൽ താൽക്കാലികമായി ഓൺലൈൻ/ ഡിജിറ്റൽ പഠന സൗകര്യങ്ങൾ എന്നിവ ഒരുക്കിയിട്ടുണ്ട്. വൈദ്യുതി സൗകര്യമില്ലാത്ത പ്രദേശങ്ങളിൽ സോളാർ പാനൽ സംവിധാനങ്ങൾ ഒരുക്കി നൽകിയിട്ടുണ്ട്. ഫെസിലിറ്റേറ്റർമാർ, മെന്റർ ടീച്ചർമാർ, ഊരിലെ അഭ്യസ്തവിദ്യരായ യുവതീ/യുവാക്കൾ എന്നിവരുടെ സേവനം പഠനത്തിനായി ലഭ്യമാക്കിയിട്ടുണ്ട്. ഇന്റർനെറ്റ്, ഡി.റ്റി.എച്ച്. സംവിധാനങ്ങൾ ലഭ്യമല്ലാത്ത കോളനികളിൽ അധ്യാപകർ, ക്ലാസ്സുകൾ റെക്കോർഡ് ചെയ്തശേഷം ആയത് ഊരിൽ ഒരു പൊതുസ്ഥലത്തെത്തി വിശദീകരിച്ച് പഠനത്തെ സഹായിക്കുന്നുണ്ട്. പൊതുവിദ്യാഭ്യാസ വകുപ്പിന്റെ നേതൃത്വത്തിലുള്ള കൈറ്റ് വിക്ടേഴ്സിലൂടെ എല്ലാ കുട്ടികൾക്കും ഡിജിറ്റൽ വിദ്യാഭ്യാസം നടപ്പിലാക്കിയിട്ടുണ്ട്. ആദിവാസി മേഖലയിലേതുൾപ്പെടെ എല്ലാ വിഭാഗം കുട്ടികൾക്കും ഓൺലൈൻ പഠനത്തിനുള്ള ഡിജിറ്റൽ ഉപകരണങ്ങൾ ലഭ്യമാക്കുന്നതിനും ഇതിന്റെ ആദ്യഘട്ടമായി പത്താം ക്ലാസിലെ പട്ടികവർഗ്ഗ വിഭാഗം കുട്ടികൾക്കുള്ള ഉപകരണ വിതരണം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) ഡിജിറ്റൽ ഉപകരണങ്ങൾ ലഭ്യമല്ലാത്ത പട്ടികജാതി, പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ആയത് ലഭ്യമാക്കുന്നതിനുവേണ്ടി നടപ്പിലാക്കിയ പദ്ധതികൾ എന്തെല്ലാമാണ്?

ഡിജിറ്റൽ ഉപകരണങ്ങൾ ഇല്ലെന്ന് വിദ്യാഭ്യാസവകുപ്പ് സൂക്ഷ്മ പരിശോധനയിൽ കണ്ടെത്തിയ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ വകുപ്പ് KITE മുഖേന ലാപ്ടോപ്പ് വിതരണം ആരംഭിച്ചിട്ടുണ്ട്. ഇതിനുപുറമേ പ്രാദേശികമായി ലഭ്യമാക്കുന്ന ഡിജിറ്റൽ ഉപകരണങ്ങൾ അർഹരായവർക്ക് നൽകുന്നതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നേതൃത്വം നൽകുന്ന പ്രവർത്തനങ്ങൾക്ക് വകുപ്പിന്റെ

സഹകരണം ലഭ്യമാക്കി വരുന്നുണ്ട്. പൊതുവിദ്യാഭ്യാസ വകുപ്പിൽനിന്നും സംസ്ഥാനത്ത് പൊതുവിദ്യാലയങ്ങളിൽ പഠിക്കുന്ന എല്ലാ വിദ്യാർത്ഥികൾക്കും ഓൺലൈൻ പഠനത്തിനാവശ്യമായ ഡിജിറ്റൽ ഉപകരണങ്ങൾ ലഭ്യമാക്കുന്നതിന് 'വിദ്യാകിരണം' പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരികയാണ്. ഇതിന്റെ മുന്നോടിയായി ആദ്യം ഉപകരണങ്ങൾ നൽകുന്നത് പട്ടികവർഗ്ഗ വിഭാഗം കുട്ടികൾക്കാണ്.

(സി) സ്കൂൾ തലത്തിൽ പഠിക്കുന്ന വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് ഒഴിവാക്കുന്നതിന് സാങ്കേതികവിദ്യാധിഷ്ഠിത സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ?

പട്ടികജാതി വികസന വകുപ്പിൽ സ്കൂൾ തലത്തിലുള്ള കൊഴിഞ്ഞുപോക്ക് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് തടയുന്നതിനും പരമാവധി വിദ്യാർത്ഥികളെ സ്കൂളുകളിൽ എത്തിക്കുന്നതിനുമായി 'ഗോത്രബന്ധു', 'ഗോത്രസാരഥി' എന്നീ പദ്ധതികൾ നടപ്പിലാക്കുന്നു. പൊതുവിദ്യാഭ്യാസ വകുപ്പിന്റെ നേതൃത്വത്തിൽ പൊതുവിദ്യാലയങ്ങളിൽ പഠിക്കുന്ന കുട്ടികളുടെ അക്കാദമിക നിലവാരം മെച്ചപ്പെടുത്തുന്നതിനും ഭൗതിക സൗകര്യവികസനത്തിനുമായി 'പൊതു വിദ്യാഭ്യാസ സംരക്ഷണയജ്ഞം' എന്ന പേരിൽ പ്രത്യേക പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്.

(ഡി) പ്രൊഫഷണൽ കോളേജുകളിൽ പഠിക്കുന്ന പട്ടികജാതി, പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് ഒഴിവാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

സംസ്ഥാനത്ത് ബി.ടെക്-ന് പഠിക്കുന്ന പട്ടികജാതി വിഭാഗം വിദ്യാർത്ഥി കളിലെ കൊഴിഞ്ഞുപോക്ക് തടയുന്നതിനായി IHRD നിയന്ത്രണത്തിലുള്ള Model Finishing School എന്ന സ്ഥാപനം മുഖേന റെമഡിയൽ ട്യൂഷൻ പദ്ധതി നടത്തിവരുന്നു. സാങ്കേതിക വിദ്യാഭ്യാസ വകുപ്പുമായി ചേർന്ന് സംസ്ഥാനത്ത് ബി.ടെക്-ന് പഠിച്ചുകൊണ്ടിരിക്കുന്ന വിദ്യാർത്ഥികൾക്ക് പ്രത്യേക കോച്ചിംഗ് നൽകുന്ന പദ്ധതിയും നടപ്പിലാക്കിവരുന്നുണ്ട്. പ്രൊഫഷണൽ കോഴ്സുകളിൽ പഠിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് അർഹമായ വിദ്യാഭ്യാസാനുകൂല്യങ്ങൾ യഥാസമയം ഇ-ഗ്രാന്റ് മുഖേന നൽകുന്നത് കൂടാതെ പഠന തുടർച്ച ഉറപ്പുവരുത്തു ന്നതിനായി ലാപ്ടോപ്പ് നൽകുന്ന പദ്ധതിയും നടപ്പിലാക്കിവരുന്നു.

## മത്സ്യസമ്പത്ത് വർദ്ധിപ്പിക്കാൻ പദ്ധതി

7 (*67) ശ്രീ. കെ. ആൻസലൻ:
ശ്രീമതി ഒ. എസ്. അംബിക:
ശ്രീ. എം. മുകേഷ്:
ശ്രീമതി ദെലീമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി (ശ്രീ. അഹമ്മദ് ദേവർകോവിൽ) സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം തുറമുഖ പദ്ധതി നടപ്പാക്കുന്നതിലൂടെ തൊഴിലും ഉപജീവന മാർഗ്ഗവും നഷ്ടപ്പെടുന്ന മത്സ്യത്തൊഴിലാളികളുടെ പുനരധിവാസ പദ്ധതിയുടെ ഭാഗമായി പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) ഇതിന്റെ ഭാഗമായി മത്സ്യത്തിന്റെ ആവാസ വ്യവസ്ഥ സൃഷ്ടിച്ച് മത്സ്യ സമ്പത്ത് വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ?

(എ & ബി) വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ നിർമ്മാണവുമായി ബന്ധപ്പെട്ട് ഉപജീവനം നഷ്ടമാകുന്ന മത്സ്യത്തൊഴിലാളികൾക്ക് സമഗ്രമായ നഷ്ടപരിഹാര പുനരധിവാസ പാക്കേജ് സർക്കാർ ആവിഷ്ക്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. പ്രോജക്ടുമായി ബന്ധപ്പെട്ട് ഉപജീവനമാർഗം നഷ്ടപ്പെടുന്ന ചിപ്പി/ലോബ്സ്റ്റർ വിഭാഗത്തിലെ കട്ടമരച്ചിപ്പിത്തൊഴിലാളികൾ, കരച്ചിപ്പിത്തൊഴിലാളികൾ, ചിപ്പിക്കച്ചവടക്കാർ എന്നീ വിഭാഗത്തിൽപ്പെട്ട 262 പേർക്ക് 12.35 കോടി രൂപയും കരമടിത്തൊഴിലാളികൾക്ക് നഷ്ടപരിഹാരമായി 900 പേർക്ക് 52.61 കോടി രൂപയും വിതരണം ചെയ്തുകഴിഞ്ഞു. നിർമ്മാണ കാലയളവിൽ പദ്ധതി പ്രദേശം ചുറ്റിപോകേണ്ടതിനാൽ 1221 മത്സ്യത്തൊഴിലാളികൾക്ക് 29.95 ലക്ഷം ലിറ്റർ (23.02 കോടി രൂപ) മണ്ണെണ്ണ വിതരണം ചെയ്തിട്ടുണ്ട്. റിസോർട്ട് തൊഴിലാളികളായ 211 പേർക്ക് 6.08 കോടി രൂപ വിതരണം ചെയ്തിട്ടുണ്ട്. നാല് സ്വയം സഹായ സംഘങ്ങളിലെ 33 പേർക്ക് 0.08 കോടി രൂപ നൽകിയിട്ടുണ്ട്. ഇപ്രകാരം പദ്ധതി ബാധിത പ്രദേശങ്ങളിലെ 2627 പേർക്ക് ജീവനോപാധി നഷ്ടപരിഹാരമായി 94.14 കോടി രൂപ ഇതിനകം തന്നെ വിതരണം ചെയ്തുകഴിഞ്ഞു. കൂടാതെ മത്സ്യത്തൊഴിലാളികളുടെ പുനരധിവാസ പദ്ധതിയുടെ ഭാഗമായി പ്രത്യേക പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കിവരുന്നു. ആയതിനായി 475 കോടി രൂപയുടെ പദ്ധതിക്ക് അംഗീകാരം നൽകിയിട്ടുണ്ട്. ടി പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് ആരംഭിച്ച പ്രോജക്ട് ഇംപ്ലിമെന്റേഷൻ യൂണിറ്റ് 30.36 കോടി രൂപയുടെ പദ്ധതികൾ അംഗീകാരത്തിനായി സമർപ്പിക്കുകയും ഇതിൽ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിനായി കൃത്രിമപാര് നിർമ്മിക്കുന്നതിനുള്ള പ്രോജക്ടിനായി 3.75 കോടി രൂപയ്ക്ക് ഭരണാനുമതി നൽകി പദ്ധതി നടപ്പിലാക്കിവരുന്നു.

(സി) തീര നൈപുണ്യ പദ്ധതിയിലൂടെ ഏതൊക്കെ കാര്യങ്ങളാണ് ലക്ഷ്യ മിടുന്നത്; പദ്ധതിയുടെ വിശദാംശങ്ങൾ അറിയിക്കാമോ?

സാഫ് മുഖേന നടപ്പിലാക്കിവരുന്ന തീരമൈത്രി പദ്ധതിയിലൂടെ മത്സ്യ ത്തൊഴിലാളി കുടുംബങ്ങളിലെ +2 പാസ്സായ 20-നും 35-നും ഇടയിൽ പ്രായമുള്ള അഭ്യസ്തവിദ്യരായ യുവതികൾക്ക് വിവിധ മേഖലകളിൽ തൊഴിലും വരുമാനവും നേടിയെടുക്കുന്നതിന് പ്രാപ്തരാക്കുന്നതിനായി അവരുടെ വ്യക്തിത്വ വികസനം, നേതൃപാടവം, പൊതുവിജ്ഞാനം, കമ്പ്യൂട്ടർ പരിജ്ഞാനം തുടങ്ങിയ വിഷയങ്ങളിൽ ഊന്നൽ നൽകിക്കൊണ്ട് തീരനൈപുണ്യ പദ്ധതി നടപ്പിലാക്കിവരുന്നു.

**പുനർഗേഹം പദ്ധതി**

8 (*68) ശ്രീ. ഇ. ചന്ദ്രശേഖരൻ:
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:
ശ്രീ. വാഴൂർ സോമൻ:
ശ്രീ. പി. ബാലചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ) സദയം മറുപടി നൽകുമോ:

(എ) തീരദേശ പരിപാലന നിയമപ്രകാരം നിർമ്മാണ പ്രവർത്തനങ്ങൾക്ക് നിയന്ത്രണം ഏർപ്പെടുത്തിയിട്ടുള്ള തീരപ്രദേശങ്ങളിലെ മത്സ്യത്തൊഴിലാളികളെ പൂർണ്ണ മായും പുനരധിവസിപ്പിക്കുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

ഉണ്ട്. തീരദേശത്ത് വേലിയേറ്റ പരിധിയിൽനിന്നും 50 മീറ്ററിനുള്ളിൽ അധിവസിക്കുന്ന മുഴുവൻ കുടുംബങ്ങളെയും പുനരധിവസിപ്പിക്കുന്നതിനായി 2450 കോടി രൂപ അടങ്കലുള്ള പുനർഗേഹം പദ്ധതി ഫിഷറീസ് വകുപ്പ് നടപ്പിലാക്കിവരുന്നു. പദ്ധതി പ്രകാരം 29-9-2021-വരെ തീരദേശ ജില്ലകളിലെ 10949 ഗുണഭോക്താക്കളെ ജില്ലാതല അപ്രൂവൽ കമ്മിറ്റി അംഗീകരിച്ചിട്ടുണ്ട്. ഇതിൽ 29-9-2021-വരെ മാറിതാമസിക്കാൻ തയ്യാറായ 7716 ഗുണഭോക്താക്കളിൽ 2378 പേർ ഭൂമി കണ്ടെ ത്തുകയും ജില്ലാതല കമ്മിറ്റി ഭൂമിവില അംഗീകരിച്ചിട്ടുമുണ്ട്. 1771 ഗുണഭോക്താക്കൾ ഭൂമി രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാക്കിയിട്ടുള്ളതും 616 ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടുമുണ്ട്. 276 പേർ ടി പദ്ധതി പ്രകാരം ഫ്ലാറ്റിലേയ്ക്ക് താമസം മാറിയിട്ടുമുണ്ട്. 898 വ്യക്തിഗത ഫ്ലാറ്റുകളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിലുമാണ്.

(ബി) മത്സ്യത്തൊഴിലാളികളുടെ ക്ഷേമം ലക്ഷ്യമാക്കി നടപ്പിലാക്കുന്ന പുനർഗേഹം പദ്ധതിയുടെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

ഉണ്ട്. പുനർഗേഹം പദ്ധതിയുടെ പ്രവർത്തന പുരോഗതി വിലയിരുത്തുന്നതിനായി കൃത്യമായ ഇടവേളകളിൽ DLSC (Department Level Steering Committee) വകുപ്പുതലത്തിൽ കൂടുന്നുണ്ട്. കൂടാതെ സർക്കാർ തലത്തിലും കൃത്യമായ ഇടവേള കളിൽ അവലോകന യോഗങ്ങൾ നടത്തി പദ്ധതി പുരോഗതി വിലയിരുത്തുന്നുണ്ട്. പദ്ധതിയുടെ 29-9-2021 വരെയുള്ള പുരോഗതി അനുബന്ധമായി ചേർക്കുന്നു.*

(സി) വിവിധ കാലത്തുണ്ടായ കടലാക്രമണത്തെ തുടർന്ന് വീട് നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളികൾക്ക് പുനർഗേഹം പദ്ധതിയിൽ മുൻഗണന നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

തീരദേശത്ത് വേലിയേറ്റ രേഖയിൽനിന്നും 50 മീറ്ററിനുള്ളിൽ അധിവസിക്കുന്ന കുടുംബങ്ങളിൽ സുരക്ഷിത മേഖലയിലേയ്ക്ക് മാറി താമസിക്കുവാൻ സമ്മതം അറിയിക്കുന്ന എല്ലാ ഗുണഭോക്താക്കളെയും ആദ്യ ഘട്ടമായി പുനരധിവസിപ്പിക്കും. അപ്രകാരം മാറിത്താമസിക്കാൻ സമ്മതം അറിയിച്ചിട്ടുള്ള 7716 കുടുംബങ്ങളെ മാറ്റി പാർപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. 2016 മുതൽ കടലാക്രമണത്തിൽ ഭൂമിയും വീടും നഷ്ടപ്പെട്ട എല്ലാവരെയും വകുപ്പ് പുനരധിവസിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ഈ പദ്ധതിയിൽ അംഗമായി ഇനിയും പദ്ധതി പൂർത്തീകരിക്കേണ്ടവരെ പുനർഗേഹം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ഡി) ഭവനരഹിതരായ മുഴുവൻ മത്സ്യത്തൊഴിലാളികൾക്കും പ്രസ്തുത പദ്ധതിയിലൂടെ വീട് ലഭ്യമാക്കുന്നതിന് കഴിയുമോയെന്ന് വിശദമാക്കുമോ?

ഇല്ല. പദ്ധതി മാർഗ്ഗരേഖ പ്രകാരം വേലിയേറ്റ രേഖയിൽനിന്നും 50 മീറ്ററിനുള്ളിൽ അധിവസിക്കുന്ന കുടുംബങ്ങളെ പുനരധിവസിപ്പിക്കാൻ സാധിക്കും. നിലവിൽ ലൈഫ് മിഷൻ മുഖേനയാണ് മത്സ്യത്തൊഴിലാളികളുൾപ്പെടെയുള്ളവർക്ക് ഭവന പദ്ധതി നടപ്പിലാക്കുന്നത്.

### മത്സ്യമേഖലയിലെ അടിസ്ഥാന സൗകര്യ വികസനം

9 (*69) ശ്രീമതി കാനത്തിൽ ജമീല:
ശ്രീ. എം. രാജഗോപാലൻ:
ശ്രീ. എച്ച്. സലാം:
ശ്രീ. മുരളി പെരുനെല്ലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ) സദയം മറുപടി നൽകുമോ:

(എ) ഫിഷിംഗ് ഹാർബറുകൾ, ലാന്റിംഗ് സെന്ററുകൾ, മത്സ്യമാർക്കറ്റുകൾ എന്നിവയും ഇവയെ ദേശീയപാതയുമായി ബന്ധിപ്പിക്കുന്ന തീരദേശ റോഡുകളും ഉയർന്ന നിലവാരത്തോടെ മെച്ചപ്പെടുത്തുന്നതിനുതകുന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഫിഷിംഗ് ഹാർബറുകൾ, ലാന്റിംഗ് സെന്ററുകൾ, മത്സ്യമാർക്കറ്റുകൾ എന്നിവ ദേശീയ, തീരദേശ റോഡുകളുമായി ബന്ധിപ്പിക്കുന്നതിന് വിവിധ ജില്ലകളിലായി പദ്ധതികൾ നടപ്പാക്കിവരുന്നു. വിശദവിവരം അനുബന്ധമായി ചേർക്കുന്നു.*

(ബി) മീൻപിടുത്ത ഹാർബറുകളുടെ പരിപാലനത്തിനും നവീകരണത്തിനുമായി എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശം ലഭ്യമാക്കാമോ?

ഹാർബർ എഞ്ചിനീയറിംഗ് വകുപ്പുമുഖേന കേന്ദ്രാവിഷ്കൃത പദ്ധതികൾ, കിഫ്ബി, നബാർഡ്, ഓഖി ഡെവലപ്മെന്റ് പാക്കേജ് തുടങ്ങിയവ പ്രകാരം വിവിധ പദ്ധതികൾ നടപ്പാക്കിവരുന്നു. വിശദവിവരം അനുബന്ധമായി ചേർക്കുന്നു.* കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ എസ്.പി.വി. ആയി ആലപ്പുഴ ജില്ലയിലെ ചെത്തി ഫിഷിംഗ് ഹാർബർ നിർമ്മാണ പ്രവൃത്തിക്കും (97.43 കോടി രൂപ) മലപ്പുറം ജില്ലയിലെ പരപ്പനങ്ങാടി ഫിഷിംഗ് ഹാർബർ നിർമ്മാണ പ്രവൃത്തിക്കും (112.18 കോടി രൂപ) കിഫ്ബിയിൽനിന്നും ഭരണാനുമതി നൽകിയിട്ടുണ്ട്. ചെത്തി ഫിഷിംഗ് ഹാർബർ നിർമ്മാണ പ്രവൃത്തി ഏർപ്പാടാക്കി വരുന്നു. പരപ്പനങ്ങാടി ഫിഷിംഗ് ഹാർബറിന് 9-1-2021-ന് കരാറിൽ ഏർപ്പെട്ട പ്രകാരം പുലിമുട്ട് നിർമ്മാണം പുരോഗമിച്ചുവരുന്നു.

**വന്യജീവികൾമൂലമുള്ള കൃഷി നാശത്തിന് നഷ്ടപരിഹാരം**

10 (*70) ശ്രീ. മഞ്ഞളാംകുഴി അലി:
ശ്രീ. നജീബ് കാന്തപുരം:
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:
ശ്രീ. കെ. പി. എ. മജീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വന്യജീവി-മനുഷ്യ സംഘർഷംമൂലം കർഷകർ ബുദ്ധിമുട്ടുകൾ അനുഭവിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) വനത്തിന് പുറത്തുകടക്കുന്ന വന്യമൃഗങ്ങളെ വനത്തിലേയ്ക്ക് തന്നെ മടക്കി അയയ്ക്കാൻ ദ്രുതകർമ്മ സേനയുടെ പ്രവർത്തനം ശക്തിപ്പെടുത്തുമോ?

ശക്തിപ്പെടുത്തുന്നതാണ്. 15-2-2012-ലെ സ.ഉ.(എം.എസ്)നമ്പർ 7/2012/ വനം പ്രകാരം 8 ദ്രുതകർമ്മ സേനകളും 5 ദ്രുതകർമ്മ സേനകൾ താത്ക്കാലികമായും രൂപീകരിച്ച് പ്രവർത്തിച്ചു വരുന്നുണ്ട്. വർദ്ധിച്ചുവരുന്ന മനുഷ്യ-വന്യമൃഗ സംഘർഷം കണക്കിലെടുത്ത് 2018-ൽ നിലവിലുള്ള ദ്രുതകർമ്മ സേനകൾ വിപുലീകരിക്കുവാനും

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ശാക്തീകരിക്കുവാനും പുതിയവ രൂപീകരിക്കുവാനുമുള്ള ഒരു ശിപാർശ ചീഫ് വൈൽഡ് ലൈഫ് വാർഡൻ സർക്കാരിന് സമർപ്പിക്കുകയുണ്ടായി. സംസ്ഥാനത്തിന്റെ സാമ്പത്തിക സാഹചര്യം, പ്രളയാനന്തര പുനർ നിർമ്മാണത്തിന്റെ അത്യാവശ്യം എന്നിവ പരിഗണിച്ച് വനം വകുപ്പിന്റെ പുതിയ ദ്രുതകർമ്മ സേനകൾ രൂപീകരിക്കുന്നതിന്റെ ഭാഗമായി വാഹനം വാങ്ങുക, കെട്ടിടം നിർമ്മിക്കുക എന്നീ ആവശ്യങ്ങൾ മോശം സാമ്പത്തിക സ്ഥിതിയുടെ പശ്ചാത്തലത്തിൽ പരിഗണിക്കുകയുണ്ടായില്ല. വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനായി ചീഫ് വൈൽഡ് ലൈഫ് വാർഡൻ 2021 സെപ്റ്റംബറിൽ സർക്കാരിന് സമർപ്പിച്ച 5 വർഷത്തേയ്ക്കുള്ള സമഗ്ര പദ്ധതിയിൽ ദ്രുതകർമ്മ സേനകൾ വിപുലീകരിക്കുന്നതിനും ശാക്തീകരിക്കുന്നതിനുമുള്ള ശിപാർശകൾ ഉൾപ്പെടുത്തിയിട്ടുണ്ട്. ആയത് സർക്കാർ പരിശോധിച്ചുവരുന്നു. ദ്രുതകർമ്മ സേനകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനായി 2019-ൽ വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ ചീഫ് വൈൽഡ് ലൈഫ് വാർഡൻ പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) കർഷകർക്കുണ്ടാകുന്ന കൃഷി നാശത്തിന് നിലവിൽ നൽകി വരുന്ന നഷ്ടപരിഹാരം അപര്യാപ്തമായതിനാൽ ആയത് വർദ്ധിപ്പിച്ചു നൽകുവാൻ നടപടി സ്വീകരിക്കുമോ?

കർഷകർക്ക് നിലവിൽ കൃഷി നാശത്തിന് നഷ്ടപരിഹാരം നൽകിവരുന്നത് 8-1-2015-ലെ സ.ഉ. (കൈ) നമ്പർ 02/2015/വനം., 5-4-2018-ലെ സ.ഉ. (കൈ) നമ്പർ 17/2018/വനം. എന്നിവ പ്രകാരമാണ്. നിലവിലുള്ള നിരക്കുകൾ വർദ്ധിപ്പിക്കുന്നതിനുള്ള സാദ്ധ്യതകൾ പരിശോധിച്ചുവരികയാണ്.

**ജലസംരക്ഷണ പദ്ധതികൾ**

11 (*71) ശ്രീ. സി. എച്ച്. കുഞ്ഞമ്പു:
ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ:
ശ്രീ. പി. മമ്മിക്കുട്ടി:
ശ്രീമതി യു. പ്രതിഭ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ചെറുനീർത്തടാടിസ്ഥാനത്തിൽ ജലസംരക്ഷണ പദ്ധതികൾ തയ്യാറാക്കി ഇവയെ സംയോജിപ്പിച്ച് നദീതടാടിസ്ഥാനത്തിലുള്ള ജലസുരക്ഷ പദ്ധതികൾ ആവിഷ്ക്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

വാർഷിക ശരാശരി മഴലഭ്യത 3000 മി.മീറ്ററുള്ള സംസ്ഥാനമാണ് കേരളമെങ്കിലും മഴക്കാലം കഴിയുന്നതോടുകൂടി തന്നെ ജലലഭ്യത വളരെക്കുറയുന്ന പ്രദേശങ്ങളും സംസ്ഥാനത്തുണ്ട്. ഇത് പരിഹരിക്കുന്നതിനുള്ള ശാസ്ത്രീയ മാർഗ്ഗങ്ങളിലൊന്ന്

നീർത്തടാടിസ്ഥാനത്തിൽ ജലസംരക്ഷണ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുക എന്നതാണ്. ജലസംരക്ഷണത്തിനുള്ള പ്രകൃതിദത്ത യൂണിറ്റായ നീർത്തടങ്ങളെ ആധാരമാക്കി ഹരിതകേരളം മിഷന്റെ ഉപമിഷനായ 'ജലസമൃദ്ധി'-യുടെ ഭാഗമായി 'സംയോജിത നീർത്തടപ്ലാനുകൾ' തയ്യാറാക്കിയിട്ടുണ്ട്. ഗ്രാമ പഞ്ചായത്ത് തലത്തിൽ സംയോജിത നീർത്തട പ്ലാനുകളും അവയെ സംയോജിപ്പിച്ച്, ബ്ലോക്ക്തലത്തിൽ നീർത്തട മാസ്റ്റർ പ്ലാനുകളും തയ്യാറാക്കിയിട്ടുണ്ട്. ജനകീയമായി നടത്തിയ ഈ പ്രവർത്തനത്തിന് വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥരും ജനപ്രതിനിധികളും സന്നദ്ധ പ്രവർത്തകരുമാണ് നേതൃത്വം നൽകിയത്. പ്രാഥമിക വിവരശേഖരണത്തിനായി ജനപങ്കാളിത്തത്തോടുകൂടി വിവിധ പ്രവർത്തനങ്ങളും നടത്തിയിട്ടുണ്ട്. 1013 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ സംയോജിത നീർത്തട പ്ലാനുകളും 105 ബ്ലോക്ക് പഞ്ചായത്തുകളിൽ നീർത്തടപ്ലാനുകൾ സംയോജിപ്പിച്ച് 'നീർത്തട മാസ്റ്റർ പ്ലാനുകളും' തയ്യാറാക്കിയിട്ടുണ്ട്. ഇപ്പോൾ പ്രഖ്യാപിച്ചിട്ടുള്ള നവകേരളം കർമ്മ പദ്ധതി II-ന്റെ ഭാഗമായി നീർത്തട മാസ്റ്റർ പ്ലാനുകളെ സംയോജിപ്പിച്ചുകൊണ്ടുള്ള നീർത്തടപ്ലാനുകൾ തയ്യാറാക്കാൻ കഴിയും. ഇതിന്റെ അടിസ്ഥാനത്തിൽ ജലലഭ്യത സ്ഥായിയാക്കിക്കൊണ്ട് ജലസുരക്ഷ നേടുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കുന്നതിനാവശ്യമായ പ്രവർത്തന മാർഗ്ഗരേഖയുടെ കരട് നിർദ്ദേശം തയ്യാറാക്കികഴിഞ്ഞു.

(ബി) പുഴകളെ ജലസംഭരണികളാക്കി മാറ്റുന്നതിനും ഭൂഗർഭ ജല റീചാർജിംഗ് പദ്ധതികൾ ആവിഷ്ക്കരിക്കുന്നതിനും സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; ഇതിലൂടെ എന്തെല്ലാം ലക്ഷ്യങ്ങളാണ് കൈവരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

കേരളത്തിലെ സവിശേഷമായ ഭൂപ്രകൃതിയാലും വൻകിട ഡാമുകൾ നിർമ്മിക്കുന്നതിനുള്ള പാരിസ്ഥിതിക പ്രശ്നങ്ങൾ കണക്കിലെടുത്തും പുഴകളെതന്നെ ചെറു ജലസംഭരണികളാക്കി മാറ്റുന്ന പദ്ധതികൾക്ക് പ്രാധാന്യം നൽകിവരുന്നു. പുഴകളിലെ നീരൊഴുക്കിന് തടസ്സം വരാത്തവിധം ഇത്തരം പദ്ധതികൾ നിർവ്വഹിക്കാൻ കഴിയും. എന്നതിനുപുറമെ, പുഴകളിലെ നീരൊഴുക്ക് സ്ഥായിയാക്കുന്നതിനും ഇത്തരം നിർമ്മിതികൾ സഹായിക്കുന്നു. ജലം കെട്ടിനിൽക്കുന്ന കാലപരിധി വർദ്ധിക്കുന്നു എന്നതുകൊണ്ടുതന്നെ ഭൂജല പോഷണം വർദ്ധിപ്പിക്കുകയും സമീപത്തെ കിണറുകൾ/തോടുകൾ എന്നിവിടങ്ങളിലെ ജല സാന്നിദ്ധ്യം വർദ്ധിക്കുകയും ചെയ്യുന്നു. കൂടാതെ, ചെറിയ തോതിലുള്ള മാലിന്യ ലഘൂകരണവും നീരൊഴുക്ക് സ്ഥായിയാക്കുന്നതിലൂടെ സാധ്യമാകുന്നു. ഇതിനായി റെഗുലേറ്ററുകൾ, തടയണകൾ എന്നിവ നിർമ്മിക്കുന്ന പ്രവർത്തനമാണ് ജലസേചന വകുപ്പ് മുഖേന നിർവ്വഹിച്ച് വരുന്നത്. പുഴകളോടൊപ്പം പുഴകളുടെ പ്രധാന കൈവഴികളിലും തടയണകൾ നിർമ്മിച്ച് വരുന്നു. ഈ പ്രവൃത്തികൾ വഴിയും മേൽപ്പറഞ്ഞ ലക്ഷ്യം നേടാൻ

കഴിയുന്ന എന്നതിനുപുറമെ നദികളിലേയ്ക്കുള്ള നീരൊഴുക്ക് വർദ്ധിപ്പിക്കാനും സാധ്യമാകുന്നു. 2017-18 ബഡ്ജറ്റ് പ്രസംഗത്തിൽ റെഗുലേറ്ററുകളും തടയണകളും വഴി നദികളെ തന്നെ ജലസംഭരണികളാക്കി മാറ്റുന്നതിന് നദികളിൽ റെഗുലേറ്ററുകൾ നിർമ്മിക്കുന്ന പദ്ധതിക്ക് രൂപം നൽകി. അതനുസരിച്ച് ഓരുവെള്ള നിയന്ത്രണത്തിനും വേനൽക്കാലത്ത് വരൾച്ചയുടെ കാഠിന്യം കുറയ്ക്കുന്നതിനും ഉതകുന്ന തരത്തിൽ ഷിറിയ, കുപ്പം, വളപട്ടണം, അഞ്ചരക്കണ്ടി, മാഹി, കുറ്റിയാടി, കടലുണ്ടി, മൂവാറ്റുപുഴ, അച്ചൻകോവിൽ, മണിമല, വാമനപുരം, കരമന മുതലായ നദികളിൽ കിഫ്ബിയുടെ ധനസഹായത്തോടെ റെഗുലേറ്ററുകൾ നിർമ്മിക്കുന്നതിന് 600 കോടി രൂപ വകയിരുത്തി. കേരളത്തിലെ സവിശേഷതകൾ പരിഗണി ക്കുമ്പോൾ പുഴകൾക്കുള്ളിൽ ജലസംഭരണം സാധ്യമാക്കാൻ കഴിയുന്ന തരത്തിൽ ജലസംഭരണികൾ നിർമ്മിക്കുകയാണ് കൂടുതൽ അനുയോജ്യം. ഇത്തരത്തിൽ നിർമ്മിക്കുന്ന ജലസംഭരണികൾ മഴക്കാലത്തെ നീരൊഴുക്ക് തടസ്സപ്പെടുത്താത്ത രീതിയിലുള്ളവയായിരിക്കുകയും വേണം. ഗോവയിൽ വ്യാപകമായി ഉപയോഗിക്കുന്ന ബന്ധാരകൾ ഇതിന് ഏറ്റവും അനുയോജ്യമായ മാതൃകയാണ്. ഒരു നദിക്കുള്ളിൽ തന്നെ ഇത്തരം തടയണകൾ അടുത്തടുത്ത് നിർമ്മിച്ച് വേനൽക്കാലത്തേയ്ക്ക് പരമാവധി ജലസംഭരണം സാധ്യമാക്കാൻ കഴിയും. ജലസേചന വകുപ്പ് ഇതിനെ ക്കുറിച്ച് പഠനം നടത്തുന്നതിനായി വിദഗ്ധരുടെ ഒരു ടീം രൂപീകരിക്കുകയും പ്രസ്തുത സംഘത്തിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കണ്ണൂർ ജില്ലയിലെ തളിപ്പറമ്പ് മണ്ഡലത്തിൽ ബന്ധാരകളുടെ നിർമ്മാണം വിജയകരമായി പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. കിഫ്ബിയുടെ സാധ്യത പ്രയോജനപ്പെടുത്തിക്കൊണ്ട് കൂടുതൽ ജലക്ഷാമം നേരിടുന്ന 5 ജില്ലകളിലെ 4 പുഴകളിൽ 34 ബന്ധാരകൾ നിർമ്മിക്കുന്ന പ്രവർത്തനം പുരോഗതിയിലാണ്. ഇവ പൂർത്തിയാകുമ്പോൾ ഈ പുഴകളിൽ ജലസംഭരണം സാധ്യമാകുന്നതിനോടൊപ്പം ആവശ്യമായ സമയങ്ങളിൽ ഘട്ടം ഘട്ടമായി ഷട്ടറുകൾ മാറ്റി കൂടുതൽകാലം ഈ പുഴകളിലെ വേനൽക്കാല പാരിസ്ഥിതിക നീരൊഴുക്ക് ഉറപ്പാക്കാനും കഴിയും. ഹരിതകേരളം മിഷൻ പ്രവർത്തനങ്ങളുടെ ഭാഗമായി 18883 കുളങ്ങൾ നിർമ്മിക്കുകയും 25241 കുളങ്ങൾ നവീകരിക്കുകയും ചെയ്തിട്ടുണ്ട്. അതോടൊപ്പം നീർച്ചാലുകളിൽ സ്ഥിരവും താൽക്കാ ലികവുമായ നിരവധി തടയണകൾ നിർമ്മിച്ചും ജലസംഭരണം സാധ്യമാക്കി യിട്ടുണ്ട്. 62921 കിണറുകളിൽ റീചാർജ്ജിംഗ് സംവിധാനം ഏർപ്പെടുത്തി. ഇവയുടെയൊക്കെ ഫലമായി ഭൂജല റീചാർജ്ജിംഗ് നടത്താനായിട്ടുണ്ട്. റോഡുകൾക്ക് സമീപം ആവശ്യമായ സ്ഥലങ്ങളിൽ റീചാർജ് പിറ്റുകൾ നിർമ്മിച്ച് റീചാർജ്ജ് നടത്തുകയും അവയുടെ ഫലമായി റോഡിലെ വെള്ളക്കെട്ട് ഒഴിവാക്കാൻ കഴിയുന്ന തരത്തിലുള്ളതും ഉപേക്ഷിക്കപ്പെട്ട പാറക്വാറികളിലെ ജലം ഉപയോഗിച്ച്

ഭൂജല റീചാർജ്ജിംഗ് നടത്തുന്നതിനുമുള്ള പ്രവർത്തനങ്ങൾ വ്യാപകമാക്കാൻ കഴിയുന്ന തരത്തിലുള്ള മാതൃകാ പ്രവർത്തനങ്ങൾ നടത്താൻ കഴിഞ്ഞിട്ടുണ്ട്. ഭൂജല വകുപ്പിൽ 'ഭൂജലത്തിന്റെ സംരക്ഷണവും സംപോഷണവും' എന്ന പ്ലാൻ പദ്ധതിയിൽ ഉൾപ്പെടുത്തി ഭൂജല സംപോഷണം (റീചാർജ്ജിംഗ്) ഭൂജല വകുപ്പ് നടപ്പിലാക്കി വരുന്നു. തുറന്ന കിണർ/ റീചാർജ്ജ് പിറ്റ് /കുഴൽകിണർ എന്നിവ വഴിയുള്ള ഭൂജല സംപോഷണ ചെറുനീർത്തടാടിസ്ഥാനത്തിൽ ചെറിയ തടയണകളുടെ (First and second order stream) നിർമ്മാണം, അനുയോജ്യമായ പ്രദേശങ്ങളിൽ അടിയണകളുടെ നിർമ്മാണം, ചെറിയ കുളങ്ങളുടെ പുനരുജ്ജീവനം (0.1 ഹെക്ടറിൽ താഴെയുള്ളത്) എന്നീ പദ്ധതികളാണ് നടപ്പിലാക്കിവരുന്നത്. പ്രധാനമായും പൊതുസ്ഥാപനങ്ങൾ, സർക്കാർ സ്കൂളുകൾ/എയ്ഡഡ് സ്കൂളുകൾ എന്നിവിടങ്ങളിലെ ഭൂജലനിർമ്മിതികളുടെ സംപോഷണമാണ് നിലവിൽ നടപ്പിലാക്കിവരുന്നത്. അമിതചൂഷിത, ഗുരുതര, അർദ്ധ ഗുരുതര ബ്ലോക്കുകളിലെ ഭൂജല സംപോഷണത്തിന് മുൻഗണന നൽകിക്കൊണ്ടാണ് പദ്ധതികൾ നടപ്പിലാക്കിവരുന്നത്.

### പട്ടിക വിഭാഗങ്ങളുടെ സമഗ്ര വികസനം

12 (*72) ശ്രീ. കെ. ഡി. പ്രസേനൻ:
ശ്രീ. എ. എൻ. ഷംസീർ:
ശ്രീ. എം. നൗഷാദ്:
ശ്രീ. പി. നന്ദകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഓരോ പട്ടികജാതി കുടുംബത്തിനും ആവശ്യമായ വിദ്യാഭ്യാസവും തൊഴിലും ലഭിക്കുന്നതിന് ഊന്നൽ നൽകുന്ന സമഗ്രവികസന പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉണ്ട്. പട്ടികജാതി വികസനവകുപ്പ് മുഖേന പട്ടികജാതി വിഭാഗത്തിന്റെ വിദ്യാഭ്യാസപരമായും തൊഴിൽപരമായുമുള്ള വികസനത്തിനായി സമഗ്ര വികസന പദ്ധതികൾ പ്രകാരം ആനുകൂല്യങ്ങൾ അനുവദിച്ചുവരുന്നു. വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

(ബി) പട്ടികജാതി, പട്ടികവർഗ്ഗ വ്യവസായ സംരംഭകർക്ക് പുതിയ വ്യവസായങ്ങൾ ആരംഭിക്കുന്നതിന് പ്രത്യേക പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ പദ്ധതിയുമായി ബന്ധപ്പെട്ട് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ നൽകാമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഉണ്ട്. പട്ടികജാതി വികസനവകുപ്പുമായി ബന്ധപ്പെട്ട വിശദാംശം അനുബന്ധമായി* ചേർക്കുന്നു. പട്ടികവർഗ്ഗ വ്യവസായ സംരംഭകർക്ക് പുതിയ വ്യവസായങ്ങൾ ആരംഭിക്കുന്നതിന് പട്ടികവർഗ്ഗ വികസന വകുപ്പ് പ്രത്യേക പദ്ധതികൾ നടപ്പിലാക്കുന്നില്ല. എന്നാൽ പട്ടികവർഗ്ഗ യുവജനങ്ങൾക്കിടയിലെ തൊഴിലില്ലായ്മ പരിഹരിക്കുന്നതിന് വ്യക്തികൾക്കും സ്വയംസഹായ സംഘങ്ങൾക്കും പട്ടികവർഗ്ഗ വികസന വകുപ്പ് ധനസഹായം ചെയ്തുവരുന്നു. വ്യക്തിഗത വ്യവസായ സംരംഭങ്ങളെക്കാൾ ഗ്രൂപ്പ് അധിഷ്ഠിത സംരംഭങ്ങൾക്കാണ് വകുപ്പ് ധനസഹായം നൽകുന്നത്.

## ഇതര സംസ്ഥാന ബോട്ടുകൾ മത്സ്യ സമ്പത്ത് കൊള്ളയടിക്കുന്നത് തടയാൻ നടപടി

13 (*73) ശ്രീ. കുറുക്കോളി മൊയ്തീൻ:
ശ്രീ. നജീബ് കാന്തപുരം:
ശ്രീ. എ. കെ. എം. അഷ്റഫ്:
ശ്രീ. പി. അബ്ദുൽ ഹമീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തീരത്ത് നിന്നും മത്സ്യബന്ധനം നടത്തുന്ന ബോട്ടുകളെ നിയന്ത്രിക്കണമെന്ന ആവശ്യം സർക്കാർ പരിശോധിച്ചിട്ടുണ്ടോ?

ഉണ്ട്.

(ബി) ഇത്തരം ബോട്ടുകളിൽ നിന്ന് യൂസേഴ്സ് ഫീ പിരിക്കുന്നുണ്ടോ; എങ്കിൽ ഇവ പിരിച്ചെടുക്കുന്നതിൽ വീഴ്ചവരുത്തുന്നവർക്കെതിരെ നടപടി സ്വീകരിക്കുമോ?

സംസ്ഥാനത്ത് രജിസ്റ്റർ ചെയ്തിട്ടുള്ള യന്ത്രവൽകൃത യാനങ്ങളിൽ 20 മീറ്ററിനു മുകളിൽ നീളമുള്ളതും 250 HP-ക്ക് മുകളിൽ എഞ്ചിൻ ക്ഷമതയുള്ളതുമായ ബോട്ടുകൾക്ക് 12 നോട്ടിക്കൽ മൈലിനുള്ളിൽ ഫിഷിങ് ലൈസൻസ് അനുവദിക്കാറില്ല. അവർക്ക് തീരക്കടലിലൂടെ ഹാർബറുകളിലേയ്ക്ക് പ്രവേശിക്കുന്നതിനും ഹാർബറുകളിലെ സൗകര്യങ്ങൾ ഉപയോഗപ്പെടുത്തുന്നതിനും വാർഷിക പെർമിറ്റ് ഫീസാണ് ഏർപ്പെടുത്തിയിട്ടുള്ളത്. അന്യസംസ്ഥാന ബോട്ടുകൾക്കും വാർഷിക പെർമിറ്റ് ഫീസാണ് ഏർപ്പെടുത്തിയിട്ടുള്ളത്. വാർഷിക പെർമിറ്റ് ഫീസ് പിരിച്ചെടുക്കുന്നതിൽ വീഴ്ച വരുത്തിയിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) ഇതര സംസ്ഥാന ബോട്ടുകൾ നിരോധിത വലകളുമായി മത്സ്യ സമ്പത്ത് കൊള്ളയടിക്കുന്നത് തടയാൻ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കുമോ?

പേഴ്സ്-സീൻ പെലാജിക് ട്രാൾ, മിഡ് വാട്ടർ ട്രാൾ, ബുൾ ട്രാൾ (പെയർ ട്രാൾ) മുൻകൂർ അനുമതി വാങ്ങാത്ത മറ്റ് പുതിയതരം വലകൾ എന്നിവയാണ് KMFR Act-ന്റെയും KMFR Rules-ന്റെയും അടിസ്ഥാനത്തിൽ കേരളത്തിൽ നിരോധിച്ചിട്ടുള്ള മത്സ്യബന്ധന വലകൾ. ഇതുകൂടാതെ റിംഗ് സീൻ, ബോട്ടം ട്രാൾ എന്നിവ ഉപയോഗിച്ചുള്ള മത്സ്യബന്ധനം സർക്കാർ വിജ്ഞാപനം ചെയ്യുന്ന പ്രദേശങ്ങളിലും സമയങ്ങളിലും തടഞ്ഞിട്ടുണ്ട്. ഇത്തരം വലകൾ ഉപയോഗിച്ചുള്ള മത്സ്യബന്ധനം നിയന്ത്രിക്കുന്നതിന് KMFR Act-ലെയും Rule-ലെയും ബന്ധപ്പെട്ട വകുപ്പുകളുടെ അടിസ്ഥാനത്തിൽ കർശനമായ നിയന്ത്രണ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ഫിഷറീസ് വകുപ്പും മറൈൻ എൻഫോഴ്സ്മെന്റും സംയുക്തമായി കടലിൽ പട്രോളിംഗ് നടത്തി നിയമ ലംഘനം നടത്തുന്ന യാനങ്ങളെ ഇമ്പൗണ്ട് ചെയ്ത് പിഴ ചുമത്തുന്നത് അടക്കമുള്ള ശിക്ഷാനടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. കടൽ പട്രോളിംഗ് ശക്തിപ്പെടുത്തുകയും നിരോധിത വലകൾ ഉപയോഗിക്കുന്നത് കൊണ്ടുണ്ടാകുന്ന ദോഷഫലങ്ങൾ മത്സ്യത്തൊഴിലാളികൾക്ക് ബോധ്യപ്പെടുത്തിക്കൊടുക്കുന്നതിനുള്ള ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുകയും ചെയ്യുന്നുണ്ട്.

**ജൽജീവൻ പദ്ധതി**

14 (*74) ശ്രീ. ജി. എസ്. ജയലാൽ:
ശ്രീ. മുഹമ്മദ് മുഹസിൻ:
ശ്രീ. ഇ. കെ. വിജയൻ:
ശ്രീ. സി. സി. മുകുന്ദൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നടപ്പിലാക്കിവരുന്ന ജൽജീവൻ പദ്ധതിയുടെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദീകരിക്കാമോ?

മുൻഗണനാ പദ്ധതികളിൽ ഉൾപ്പെട്ട ജൽജീവൻ പദ്ധതിയുടെ പ്രവർത്തന പുരോഗതി നിരന്തരം വിലയിരുത്തുന്നുണ്ട്. പ്രതിവാര മോണിറ്ററിംഗ് നടത്തി കേന്ദ്ര സർക്കാരിന്റെയും കേരള വാട്ടർ അതോറിറ്റിയുടെയും വെബ്സൈറ്റുകളിൽ പ്രസിദ്ധീകരിക്കുകയും ചെയ്യുന്നു. ഇതിലൂടെ പൊതുജനങ്ങൾക്കും ജനപ്രതിനിധികൾക്കും പദ്ധതി പുരോഗതി സ്വയം അവലോകനം ചെയ്യുവാൻ സാധിക്കുന്നതാണ്.

(ബി) സംസ്ഥാനത്ത് കൂടുതലായി നൽകുന്ന കുടിവെള്ള കണക്ഷനുകൾക്ക് ആവശ്യമായ ജലം വിതരണം ചെയ്യുന്നതിനുള്ള കുടിവെള്ള ലഭ്യത ഇപ്പോൾ നിലവിലുണ്ടോ; ഇല്ലെങ്കിൽ പുതിയ ജല സ്രോതസുകൾ കണ്ടെത്തുന്നതിന് പദ്ധതിയുണ്ടോ; വിശദീകരിക്കുമോ?

ജൽജീവൻ പദ്ധതിയുടെ മാർഗ്ഗരേഖ പ്രകാരം നിഷ്കർഷിച്ചിട്ടുള്ള പ്രതിദിന ആളോഹരി ജല ലഭ്യത (55 ലിറ്റർ) ഉറപ്പുവരുത്തുന്നതിനായി ജല അതോറിറ്റി, ഭൂജല വകുപ്പ് എന്നിവയിൽ നിന്നുള്ള ഉദ്യോഗസ്ഥരും ജില്ലാ പഞ്ചായത്ത് മെമ്പറും അടങ്ങുന്ന സോഴ്സ് ഫൈൻഡിംഗ് കമ്മിറ്റി സ്രോതസ്സ് വിലയിരുത്തിയതിനു ശേഷമാണ് പദ്ധതികൾക്ക് അംഗീകാരം നൽകുന്നത്. സ്രോതസ്സുകളിലെ ജല ലഭ്യതയും സുസ്ഥിരതയും പ്രസ്തുത കമ്മിറ്റി ഉറപ്പുവരുത്തുന്നുണ്ട്. നിലവിലുള്ള കുടിവെള്ള പദ്ധതികളിൽനിന്നും ഗാർഹിക കുടിവെള്ള കണക്ഷനുകൾ നൽകുമ്പോൾ ആവശ്യമായ പദ്ധതികളിൽ സ്രോതസ്സുകളുടെ ശേഷി വർദ്ധിപ്പിക്കൽ (augmentation) ഉൾപ്പെടെ നടപ്പിലാക്കി ജലലഭ്യത ഉറപ്പാക്കുന്നുണ്ട്.

(സി) ഈ പദ്ധതിയിലൂടെ തീരദേശ, മലയോര മേഖലകളിലെ കുടിവെള്ളക്ഷാമം പൂർണ്ണമായും പരിഹരിക്കുന്നതിന് കഴിയുമോ; വിശദീകരിക്കാമോ?

കേരളത്തിലെ എല്ലാ ഗ്രാമീണ ഭവനങ്ങളിലും 2024-ഓടുകൂടി പൂർണ്ണമായും കുടിവെള്ള കണക്ഷൻ നൽകുന്നതിന് ഈ പദ്ധതി ലക്ഷ്യമിടുന്നു. തീരദേശ, മലയോര പ്രദേശങ്ങളിലെ ഗ്രാമീണ ഭവനങ്ങൾക്കും കുടിവെള്ളമെത്തിക്കുന്നതിനു വേണ്ട നടപടികൾ പദ്ധതി പ്രകാരം ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നു.

(ഡി) വിദൂര വനമേഖലകളിലെ പട്ടികവർഗ്ഗ കോളനികളിൽ പ്രാദേശിക സ്രോതസ്സുകൾ ഉപയോഗപ്പെടുത്തി കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനുള്ള പദ്ധതി ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

സമഗ്ര കുടിവെള്ള പദ്ധതികൾ നടപ്പിലാക്കുന്നതിന് പ്രായോഗിക ബുദ്ധിമുട്ടുകൾ അനുഭവപ്പെടുന്ന വിദൂര വന മേഖലകളിൽ പ്രാദേശിക സ്രോതസ്സുകൾക്ക് പ്രാധാന്യം നൽകി ചെറുകിട പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ട്. വനത്തിനുള്ളിലെ സ്വാഭാവിക നീർച്ചാലുകൾ പ്രയോജനപ്പെടുത്തിയും കുളങ്ങൾ, കുഴൽകിണറുകൾ എന്നിവ നിർമ്മിച്ചും സൗരോർജ്ജത്താൽ പ്രവർത്തിക്കുന്ന പമ്പ് ഹൗസുകൾ സ്ഥാപിച്ചും വിദൂര വനമേഖലകളിലെ പട്ടിക വർഗ്ഗകോളനികളിൽ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനുള്ള പദ്ധതികൾ നിർവ്വഹണ ഏജൻസികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നു.

## നഗരങ്ങളിൽ കുടിവെള്ള ലഭ്യത ഉറപ്പാക്കാൻ പദ്ധതി

15 (*75) ശ്രീ. കടകംപള്ളി സുരേന്ദ്രൻ:
ശ്രീ. കെ. ജെ. മാക്സി:
ശ്രീ. ജി. സ്റ്റീഫൻ:
ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ) സദയം മറുപടി നൽകുമോ:

(എ) നഗരങ്ങളിൽ സദാസമയം കുടിവെള്ള ലഭ്യത ഉറപ്പാക്കുന്നതിന്റെ ഭാഗമായി തിരുവനന്തപുരം, കൊച്ചി നഗരങ്ങളിലെ കുടിവെള്ള ശൃംഖലയുടെ നവീകരണത്തിനായി രണ്ടായിരത്തി അഞ്ഞൂറ്റി പതിനൊന്ന് കോടി രൂപയുടെ പദ്ധതിക്ക് അനുമതി നൽകിയിട്ടുണ്ടോ; വ്യക്തമാക്കാമോ?

ഏഷ്യൻ ഡെവലപ്മെന്റ് ബാങ്ക് (ADB) ധനസഹായത്തോടെ നടപ്പി ലാക്കുവാൻ ഉദ്ദേശിക്കുന്ന കേരള അർബൻ വാട്ടർ സർവ്വീസ് ഇംപ്രൂവ്മെന്റ് പ്രോജക്ട് (KUWSIP), തിരുവനന്തപുരം, കൊച്ചി നഗരങ്ങളിൽ 24X7 ജലവിതരണ സംവിധാനം ഏർപ്പെടുത്താൻ ഉദ്ദേശിച്ചിട്ടുള്ളതാണ്. ടി പദ്ധതിക്കായി 2511 കോടി രൂപയുടെ ഭരണാനുമതി G.O. (Ms) No. 13/2020/WRD നമ്പർ ഉത്തരവ് പ്രകാരം 7-2-2020-ൽ നൽകിയിട്ടുണ്ട്. ADB-യും സംസ്ഥാന സർക്കാരും 70:30 അനുപാതത്തിലാണ് പദ്ധതിയുടെ ചെലവ് പങ്കിടുന്നത്. ഇതിനനുസരിച്ച് 1757.70 കോടി രൂപ ADB വായ്പയായും 753.30 കോടി രൂപ സംസ്ഥാന സർക്കാർ വിഹിതവുമായി ഉൾപ്പെടുത്തിയിരിക്കുന്നു.

(ബി) പദ്ധതിയിൽ ശുദ്ധീകരണശാലകളുടെ ശേഷി വർദ്ധിപ്പിക്കാൻ പരിപാടിയുണ്ടോ; പദ്ധതിയുടെ രൂപരേഖ അറിയിക്കാമോ?

ADB ധനസഹായത്തോടെയുള്ള ഈ പദ്ധതിയിൽ വിവിധ നവീകരണ പ്രവൃത്തികളിലൂടെ ജലശുദ്ധീകരണശാലകളുടെ ശേഷി വർദ്ധിപ്പിക്കുവാനാണ് ഉദ്ദേശിച്ചിട്ടുള്ളത്. ഡിസൈൻ, ബിൽഡ്, ഓപ്പറേറ്റ് & മെയിന്റയിൻ (DBOM) വ്യവസ്ഥയിൽ ആദ്യ 7 വർഷംകൊണ്ട് നിർമ്മാണ നവീകരണ പ്രവർത്തനങ്ങളും അനുബന്ധമായുള്ള അറ്റകുറ്റപ്പണികളും പൂർത്തിയാക്കി. തുടർന്നുള്ള 3 വർഷങ്ങളി ലേയ്ക്കുള്ള അറ്റകുറ്റപ്പണികളുടെ ചുമതല പൂർണ്ണമായും പ്രവൃത്തി ഏറ്റെടുക്കുന്ന കരാറുകാരനിൽ നിക്ഷിപ്തമാക്കിക്കൊണ്ട്, 10 വർഷ കാലയളവിൽ പൂർണ്ണത യിലെത്തുന്ന തരത്തിലാണ് ഈ പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്.

(സി) തലസ്ഥാനത്ത് കുടിവെള്ള ലഭ്യത ഉറപ്പാക്കുന്നതിന് പേപ്പാറ ജലസംഭരണിയുടെ ശേഷി വർദ്ധിപ്പിക്കാൻ പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വ്യക്തമാക്കാമോ?

തലസ്ഥാന നഗരിയിലേയ്ക്കുള്ള കുടിവെള്ള ലഭ്യത ഉറപ്പാക്കുന്നതിന് പ്രധാന സ്രോതസ്സായ പേപ്പാറ ഡാമിന്റെ ജലനിരപ്പ് അതിന്റെ മുഴുവൻ ശേഷിയായ 110.5 മീറ്റർ വരെ ഉയർത്തേണ്ടതുണ്ട്. നിലവിൽ റിസർവോയറിൽ 107.5 മീറ്റർ വരെ മാത്രമാണ് ജലം നിറച്ചിരുന്നത്. ജലനിരപ്പ് ഉയർത്തുന്നതിന്റെ ഭാഗമായി ഫോറസ്റ്റ് ഡിപ്പാർട്ട്മെന്റിന്റെ അനുമതിക്കായി "പരിവേഷ്" എന്ന ഓൺലൈൻ പോർട്ടലിൽ കേരള വാട്ടർ അതോറിറ്റി അപേക്ഷ നൽകിയതിന്റെ അടിസ്ഥാനത്തിൽ ഫോറസ്റ്റ് ഡിപ്പാർട്ട്മെന്റിന്റെയും വൈൽഡ് ലൈഫ് ഡിപ്പാർട്ട്മെന്റിന്റെയും സ്ഥല പരിശോധന, വൈൽഡ് ലൈഫ് ഇമ്പാക്ട് പഠനം എന്നിവയ്ക്കായുള്ള തുടർനടപടികൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിക്കുന്നു.

**മനുഷ്യ-വന്യജീവി സംഘർഷം ഒഴിവാക്കാൻ പദ്ധതി**

16 (*76) ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:
ശ്രീ. വാഴൂർ സോമൻ:
ശ്രീ. ഇ. ചന്ദ്രശേഖരൻ:
ശ്രീ. പി. ബാലചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മനുഷ്യ-വന്യജീവി സംഘർഷം ഒഴിവാക്കുന്നതിനു വേണ്ടി കിഫ്ബി ധനസഹായത്തോടെ നടപ്പിലാക്കുന്ന പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

സംസ്ഥാനത്ത് മനുഷ്യ-വന്യജീവി സംഘർഷം ഒഴിവാക്കുന്നതിനുവേണ്ടി വിവിധ വനം ഡിവിഷനുകളിൽ കിഫ്ബി ധനസഹായത്തോടെ രണ്ട് ഘട്ടങ്ങളിലായി പദ്ധതികൾ നടപ്പിലാക്കി വരുന്നു. ഒന്നാംഘട്ട പദ്ധതിയിൽ പുനലൂർ, തെന്മല, തിരുവനന്തപുരം, മണ്ണാർക്കാട്, പാലക്കാട് എന്നീ വനം ഡിവിഷനുകളിലായി 101.50 കി.മീറ്റർ ദൂരം സൗരോർജ്ജവേലി നിർമ്മാണത്തിനായി 1.83 കോടി രൂപയും വയനാട് വൈൽഡ് ലൈഫ് ഡിവിഷനുകീഴിൽ 0.41 കി.മീറ്റർ ദൂരത്തിൽ ആന പ്രതിരോധ മതിൽ നിർമ്മാണത്തിനായി 0.57 കോടി രൂപയും 10 കി.മീറ്റർ ദൂരത്തിൽ റെയിൽ ഫെൻസിങ് പ്രവൃത്തികൾ നടത്തുന്നതിനായി 15.00 കോടി രൂപയും വകയിരുത്തിയിട്ടുള്ളതും ആയതിന് ഭരണാനുമതി നൽകിയിട്ടുള്ളതുമാണ്. രണ്ടാംഘട്ട പദ്ധതിയിലുൾപ്പെടുത്തി പുനലൂർ, തെന്മല, തിരുവനന്തപുരം, മണ്ണാർക്കാട്, പാലക്കാട് എന്നീ വനം ഡിവിഷനുകളിലായി 136.70 കി.മീറ്റർ ദൂരത്തിൽ സൗരോർജ്ജവേലി നിർമ്മാണത്തിനായി 2.47 കോടി രൂപയും പാലക്കാട് വനം ഡിവിഷന് കീഴിൽ 0.30 കി.മീറ്റർ ദൂരത്തിൽ ആന പ്രതിരോധ

മതിൽ നിർമ്മാണത്തിനായി 0.45 കോടി രൂപയും നിലമ്പൂർ സൗത്ത്, വയനാട് സൗത്ത്, വയനാട് നോർത്ത്, വയനാട് വൈൽഡ് ലൈഫ് എന്നീ വനം ഡിവിഷനുകളിലായി 48 കി.മീറ്റർ ദൂരത്തിൽ ക്രാഷ് ഗാർഡ് സ്റ്റീൽ റോപ് ഫെൻസിങ് നിർമ്മാണത്തിനായി 24.00 കോടി രൂപയും കൂടാതെ തിരുവനന്തപുരം വയനാട് സൗത്ത്, കണ്ണൂർ എന്നീ ഡിവിഷനുകളിൽ വനത്തിനുള്ളിൽ താമസിക്കുന്ന ആദിവാസി ഇതര കുടുംബങ്ങളെ അവരുടെ സമ്മതത്തോടുകൂടി മാറ്റി പാർപ്പിക്കൽ പദ്ധതിക്കായി 75.15 കോടി രൂപയും വകയിരുത്തുകയും ആയതിന് ഭരണാനുമതി നൽകിയിട്ടുള്ളതുമാണ്.

(ബി) ഈ പദ്ധതി നടപ്പിലാക്കുന്നതിന് ഏതെങ്കിലും ഏജൻസിയെ ചുമതല പ്പെടുത്തിയിട്ടുണ്ടോ; പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് കാലാവധി നിശ്ചയിച്ചി ട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

ഉണ്ട്. വന വികസന ഏജൻസി (State Forest Development Agency)യെ ആണ് ഈ പദ്ധതി നടത്തിപ്പിന്റെ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (SPV) ആയി ചുമതലപ്പെടുത്തിയിരിക്കുന്നത്. വനംവകുപ്പ് ഏറ്റെടുത്ത് നടത്തുന്ന പദ്ധതികൾക്ക് നിശ്ചിത കാലാവധി നിശ്ചയിച്ചിട്ടില്ല.

(സി) വനത്തിനുള്ളിൽ താമസിക്കുന്ന കുടുംബങ്ങളെ മാറ്റി പാർപ്പിക്കു ന്നതിനുള്ള പദ്ധതി ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; ഇവർക്ക് വനവിഭവങ്ങൾ ശേഖരിക്കുന്നതിനും വനത്തിലേയ്ക്ക് കടക്കുന്നതിനുമുള്ള നിയന്ത്രണങ്ങൾ പദ്ധതിയിൽ നിർദ്ദേശിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

വന്യമൃഗ ശല്യം കൂടുതലായി അനുഭവപ്പെടുന്ന തിരുവനന്തപുരം, വയനാട് സൗത്ത്, കണ്ണൂർ എന്നീ വനം ഡിവിഷനുകളുടെ കീഴിൽ വനത്തിനുള്ളിൽ താമസിക്കുന്ന ആദിവാസി ഇതര കുടുംബങ്ങളെ അവരുടെ സമ്മതത്തോടുകൂടി അർഹമായ ഒരു കുടുംബത്തിന് 15 ലക്ഷം രൂപ എന്ന നിരക്കിൽ നഷ്ടപരിഹാരം നൽകി മാറ്റി പാർപ്പിക്കുന്നതിനായി കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. തലമുറകളായി വനത്തിനുള്ളിൽ താമസിച്ചുവരുന്ന പട്ടിക ഗോത്രവർഗ്ഗങ്ങളുടെ വനാവകാശങ്ങൾ സ്ഥാപിച്ചു നൽകുന്നതിനും പരമ്പരാഗതമായി വനത്തിൽ ജീവിച്ചുപോരുന്നവർക്ക് വനഭൂമിക്കും വനവിഭവങ്ങൾക്കും മേൽ സ്വാതന്ത്ര്യവും നിബന്ധനകളോടുകൂടി അവകാശങ്ങളായി അംഗീകരിച്ചുകൊടുക്കുന്ന നിയമമാണ് 2006-ലെ വനാവകാശ നിയമം. എന്നാൽ ആദിവാസി ഇതര കുടുംബങ്ങളുടെ കാര്യത്തിൽ ടി നിയമ പ്രകാരം വനവിഭവങ്ങൾ ശേഖരിക്കുന്നതിന് അനുവദിച്ചിട്ടില്ല.

**പട്ടികജാതി, പട്ടികഗോത്രവർഗ്ഗങ്ങളിൽപ്പെട്ടവർക്കുള്ള കടാശ്വാസ പദ്ധതി**

17 (*77) ശ്രീ. കെ. കെ. രാമചന്ദ്രൻ:

ശ്രീ. പി. ടി. എ. റഹീം:

ശ്രീ. പി. വി. അൻവർ:

ശ്രീമതി ശാന്തകുമാരി കെ.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി, പട്ടികഗോത്രവർഗ്ഗങ്ങളിൽപ്പെട്ടവർ എടുത്ത അഞ്ചു ലക്ഷത്തിന് താഴെയുള്ള വായ്പകളിൽ മുതലും പലിശയുമായി വായ്പാതുകയുടെ ഇരട്ടിയെങ്കിലും അടച്ചിട്ടുള്ളവർക്ക് 2016-ൽ മുഖ്യമന്ത്രിയുടെ കടാശ്വാസ പദ്ധതി പ്രകാരം അനുവദിച്ചിരുന്ന ആനുകൂല്യം ഇപ്പോഴും തുടരുന്നുണ്ടോ എന്ന് അറിയിക്കുമോ; എങ്കിൽ ഈ പദ്ധതി കൂടുതൽ പേർക്ക് ഗുണകരമാകുന്ന തരത്തിൽ വിപുലീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ?

പട്ടികജാതി വികസന വകുപ്പിൽ മുഖ്യമന്ത്രിയുടെ കടാശ്വാസ പദ്ധതി പ്രകാരമുള്ള ആനുകൂല്യം നൽകുന്ന പദ്ധതി കേരള സംസ്ഥാന പട്ടികജാതി/പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ മുഖേന നടപ്പിലാക്കി വരുന്നു. പട്ടികവർഗ്ഗ വികസന വകുപ്പുമായി ബന്ധപ്പെട്ട് 2016-ലെ മുഖ്യമന്ത്രിയുടെ കടാശ്വാസ പദ്ധതി പ്രകാരം ആനുകൂല്യം അനുവദിക്കുന്ന പദ്ധതി നിലവിലില്ല.

(ബി) പട്ടിക വിഭാഗക്കാരുടെ കിടപ്പാടം ജപ്തി ചെയ്യുന്നത് ഒഴിവാക്കുന്നതിനാവശ്യമായ നിയമനിർമ്മാണം നടത്തുവാൻ അടിയന്തര നടപടി സ്വീകരിക്കുമോ?

പട്ടികവിഭാഗക്കാരുടെ വായ്പാ കുടിശ്ശികകൾ റവന്യൂ റിക്കവറി ഉൾപ്പെടെയുള്ള നടപടികളിലൂടെ ഈടാക്കുന്നതിനും വായ്പകൾക്ക് ഈടായി വച്ചിട്ടുള്ള ഭൂമി ജപ്തി ചെയ്യുന്നതിനും ബാങ്കുകൾ ഉൾപ്പെടെയുള്ള ധനകാര്യ സ്ഥാപനങ്ങൾക്ക് അധികാരം നൽകുവാൻ വ്യവസ്ഥ ചെയ്യുന്ന കേന്ദ്ര സർക്കാരിന്റെ സർഫാസി ആക്ട്-2002 (Securitisation and Reconstruction of Financial Assets and Enforcement of Security Interest Act) നിലവിലുണ്ട്. ടി നിയമത്തിന്റെ വ്യവസ്ഥകളിൽ മാറ്റം വരുത്തുന്ന വിഷയം കേന്ദ്ര സർക്കാരിന്റെ പരിധിയിൽപ്പെടുന്നതാണ്.

## മുട്ടിൽ മരം മുറി അന്വേഷണം

18 (*78) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:

ശ്രീ. പി. ടി. തോമസ്:

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):

ശ്രീ. റോജി എം. ജോൺ.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ) സദയം മറുപടി നൽകുമോ:

(എ) മുട്ടിൽ മരം മുറി അഴിമതിയുമായി ബന്ധപ്പെട്ട് അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(ബി) മുട്ടിൽ മരം മുറി കേസ് അട്ടിമറിക്കാൻ ശ്രമിച്ചെന്ന ആരോപണം നേരിടുന്ന വനം കൺസർവേറ്റർക്കെതിരെ എന്ത് നടപടിയാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത കേസിലെ പ്രധാന പ്രതികൾ നൽകിയ രഹസ്യ വിവരത്തിന്റെ അടിസ്ഥാനത്തിലാണ് ആരോപണം നേരിടുന്ന വനം കൺസർവേറ്റർ നടപടി സ്വീകരിച്ചതെന്നും പ്രതികളും ഒരു മാധ്യമ പ്രവർത്തകനും ചേർന്ന് നടത്തിയ ഗൂഢാലോചനയുടെ ഫലമാണ് മണിക്കുന്നുമല മരം മുറി സംബന്ധിച്ച വ്യാജ റിപ്പോർട്ടെന്നും സൂചിപ്പിക്കുന്നതായി പറയപ്പെടുന്ന പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നിയമ നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

(എ-സി) പട്ടയഭൂമിയിലെ മരംമുറിയുമായി ബന്ധപ്പെട്ട എല്ലാ വിഷയങ്ങളും ആഭ്യന്തരം, വനം, വിജിലൻസ് വകുപ്പുകൾ ചേർന്ന സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീമിന്റെ അന്വേഷണത്തിലാണ്. ഇക്കാര്യം സംബന്ധിച്ച് ലഭിച്ച എല്ലാ അന്വേഷണ റിപ്പോർട്ടുകളും 1-7-2021- ലെ സ.ഉ. (സാധാ) നമ്പർ 1852/2021/ ആഭ്യന്തരം പ്രകാരം സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീമിന് കൈമാറാൻ ഉത്തരവായിട്ടുണ്ട്. സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീമിന്റെ അന്വേഷണ റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് ഉചിതമായ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

## ക്രെസ്റ്റ് റിപ്പോർട്ടിന്മേൽ നടപടി

19 (*79) ശ്രീ. പി. വി. ശ്രീനിജിൻ:
ശ്രീ. ടി. പി. രാമകൃഷ്ണൻ:
ശ്രീ. എ. രാജ:
ശ്രീ. കെ. വി. സുമേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികജാതി, പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ സാമൂഹ്യ പുരോഗതിക്കായി പ്രവർത്തിക്കുന്ന പഠന ഗവേഷണ കേന്ദ്രമായ ക്രെസ്റ്റ് കഴിഞ്ഞ അഞ്ച് വർഷം നടത്തിയ പഠന ഗവേഷണ പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാണോ; എങ്കിൽ വിശദമാക്കാമോ;

(ബി) ക്രെസ്റ്റിന്റെ കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ പട്ടികജാതി, പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ പുരോഗതിക്കായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചതെന്ന് വ്യക്തമാക്കുമോ?

(എ&ബി) ലഭ്യമാണ്. സംസ്ഥാനത്ത് പട്ടികജാതി, പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ സാമൂഹ്യ പുരോഗതിക്കായി പ്രവർത്തിക്കുന്ന പഠന ഗവേഷണ കേന്ദ്രമായ ക്രെസ്റ്റ് കഴിഞ്ഞ അഞ്ച് വർഷമായി പരിശീലന പരിപാടികളിലാണ് പ്രധാനമായും ശ്രദ്ധ കേന്ദ്രീകരിച്ചിരുന്നത്. ദേശീയ പ്രാധാന്യമുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പ്രവേശനം നേടുന്നതിനും കോർപ്പറേറ്റ് മേഖലയിൽ ജോലി ലഭിക്കുന്നതിനും പട്ടികജാതിക്കാരെ പ്രാപ്തരാക്കുന്നതിന് ഇത്തരം പരിശീലന പരിപാടികളിലൂടെ സാധിച്ചിട്ടുണ്ട്. അഞ്ച് മാസം ദൈർഘ്യമുള്ള Post Graduate Certificate Course for Professional Development (PGCCPD) ആണ് പ്രധാനമായും നടത്തിയിരുന്നത്. കേരളത്തിലെ പട്ടികജാതി, പട്ടികവർഗ്ഗ, പിന്നോക്ക സമുദായങ്ങളിൽനിന്നും പ്രൊഫഷണൽ വിദ്യാഭ്യാസം ലഭിച്ചവരും ബിരുദധാരികളുമായ 400 പേർ ഈ കോഴ്സ് പൂർത്തിയാക്കിയിട്ടുണ്ട്. ഓരോ PGCCPD ബാച്ചിലും ഗ്രാജ്ജുവേഷൻ തലത്തിലും അഭിമുഖത്തിലും ലഭിച്ച മാർക്കിന്റെ അടിസ്ഥാനത്തിൽ 40 വിദ്യാർത്ഥികളെയാണ് പ്രവേശിപ്പിക്കുന്നത്. പട്ടികജാതി വികസന വകുപ്പിന്റെ കീഴിലുള്ള മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലെ ഹൈസ്കൂൾ, ഹയർ സെക്കൻഡറി സ്കൂൾ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുക, ദേശീയ തലത്തിൽ പ്രശസ്തമായ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഉന്നത വിദ്യാഭ്യാസം ഉറപ്പുവരുത്തുക എന്നിവയും ക്രെസ്റ്റിന്റെ പ്രധാന പദ്ധതികളാണ്.

(സി) സ്കൂൾ വിദ്യാഭ്യാസം, ഉന്നതവിദ്യാഭ്യാസം, തൊഴിൽ എന്നീ മേഖലകളിൽ എസ്.സി., എസ്.ടി. വിദ്യാർത്ഥികൾക്ക് കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ ഉണ്ടായിട്ടുള്ള പുരോഗതി സംബന്ധിച്ച ക്രെസ്റ്റിന്റെ കണ്ടെത്തൽ വിശദമാക്കുമോ?

കോവിഡ് മഹാമാരി കാരണം പ്രതികൂല സാഹചര്യം നിലനിന്നിരുന്നതിനാൽ കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ സ്കൂൾ വിദ്യാഭ്യാസം, ഉന്നത വിദ്യാഭ്യാസം, തൊഴിൽ എന്നീ മേഖലകളിൽ പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ പുരോഗതി സംബന്ധിച്ച വിശദാംശങ്ങൾ ക്രെസ്റ്റിന് ശേഖരിക്കാനായിട്ടില്ല.

**മത്സ്യത്തൊഴിലാളികൾക്കായുള്ള പാക്കേജ്**

20 (*80) ശ്രീ. എം. വിൻസെന്റ്
ശ്രീ. സി. ആർ. മഹേഷ്:
ശ്രീ. പി. സി. വിഷ്ണുനാഥ്:
ശ്രീ. ടി. ജെ. വിനോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ) സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാർ 2018-19 മുതൽ മൂന്ന് വർഷങ്ങളിലെ ബഡ്ജറ്റുകളിൽ മത്സ്യത്തൊഴിലാളികൾക്കായി നീക്കിവച്ച അയ്യായിരം കോടി രൂപയുടെ പാക്കേജിന്റെ പുരോഗതി വ്യക്തമാക്കാമോ?

തീരദേശത്തിന്റെ സമഗ്ര വികസനം ലക്ഷ്യമിട്ട് 5 വർഷം കൊണ്ട് അയ്യായിരം കോടി രൂപയുടെ പാക്കേജ് നടപ്പാക്കുമെന്നാണ് പ്രഖ്യാപിച്ചിട്ടുള്ളത്. തീരദേശത്തിന്റെ സമഗ്ര വികസനത്തിനും മത്സ്യത്തൊഴിലാളികളുടെ ക്ഷേമത്തിനും ഉതകുന്ന പദ്ധതികളാണ് ഫിഷറീസ് വകുപ്പും അനുബന്ധ ഏജൻസികളും പാക്കേജിന്റെ ഭാഗമായി നടപ്പാക്കിവരുന്നു. ഇതിൽ ഏറ്റവും പ്രധാനപ്പെട്ട ഒന്നാണ് തീരദേശത്ത് കടലാക്രമണ ഭീഷണിയിൽ വേലിയേറ്റ രേഖയിൽ നിന്നും 50 മീറ്ററിനുള്ളിൽ കഴിയുന്ന 18685 മത്സ്യത്തൊഴിലാളികളെ സുരക്ഷിത മേഖലയിൽ പുനരധിവസിപ്പിക്കുന്ന പുനർഗേഹം പദ്ധതി. 2450 കോടി രൂപ അടങ്കൽ വരുന്ന പദ്ധതിയിൽ 1398 കോടി രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 1052 കോടി സംസ്ഥാന പദ്ധതി വിഹിതവുമാണ്. പദ്ധതിയുടെ ആദ്യഘട്ടത്തിൽ 8487 കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിന് 998.61 കോടി രൂപയും രണ്ടാംഘട്ടത്തിൽ 5099 കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിന് 796.54 കോടി രൂപയും മൂന്നാംഘട്ടത്തിൽ 5099 കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിന് 654.85 കോടി രൂപയുമാണ് വകയിരുത്തുന്നത്. പദ്ധതി പ്രകാരം വേലിയേറ്റ

രേഖയിൽനിന്നും 50 മീറ്റർ പരിധിക്കുള്ളിൽ താമസിക്കുന്ന 10949 കുടുംബങ്ങളെ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി ജില്ലാതല അപ്രൂവൽ കമ്മിറ്റി അംഗീകരിക്കുകയും ആയതിൽ 7716 കുടുംബങ്ങൾ 50 മീറ്റർ വേലിയേറ്റ രേഖയിൽനിന്നും മാറി താമസിക്കുന്നതിന് തയ്യാറാകുകയും ചെയ്തിട്ടുണ്ട്. ഇതിൽ 1771 കുടുംബങ്ങൾ ഭൂമി രജിസ്റ്റർ ചെയ്യുകയും 1263 കുടുംബങ്ങൾ ഭവന നിർമ്മാണം ആരംഭിക്കുകയും 616 കുടുംബങ്ങൾ ഭവന നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ 276 കുടുംബങ്ങൾ ഫ്ളാറ്റുകളിലേയ്ക്ക് താമസമാക്കുകയും ചെയ്തിരിക്കുന്നു. വിവിധ ജില്ലകളിലായി 898 ഫ്ളാറ്റുകൾ പലഘട്ടങ്ങളിലായി നിർമ്മാണത്തിലാണ്. തീരദേശ സമഗ്ര വികസനം ലക്ഷ്യം വച്ചുള്ള പാക്കേജിന്റെ ഭാഗമായി കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി താഴെപറയുന്ന 518.94 കോടി രൂപയുടെ പദ്ധതികൾ പുരോഗമിക്കുന്നു.

1. തീരദേശത്തെ 57 സ്കൂളുകളുടെ നവീകരണം - 66.35 കോടി രൂപ

2. 51 മാർക്കറ്റുകളുടെ നവീകരണം - 120.57 കോടി രൂപ

3. തീരസംരക്ഷണ പദ്ധതികൾ - 101.59 കോടി രൂപ

4. ഹാർബർ നിർമ്മാണം - 230.43 കോടി രൂപ പാക്കേജിന്റെ ഭാഗമായി ആർ.ഐ.ഡി.എഫ്.-ൽ ഉൾപ്പെടുത്തി 100.18 കോടി രൂപയുടെ പദ്ധതികൾ നടപ്പാക്കിവരുന്നു. ഓഖി പാക്കേജിൽ ഉൾപ്പെടുത്തി ഹാർബറുകളുടെ നവീകരണ വികസന പ്രവൃത്തികൾക്കായി 54.70 കോടി രൂപയുടെ പദ്ധതികൾ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖാന്തിരം നടപ്പിലാക്കിവരുന്നു. തീരദേശത്തിന്റെ സമഗ്ര വികസനം ലക്ഷ്യമിട്ട് 2018-19 മുതൽ ഫിഷറീസ് വകുപ്പിന്റെ വിവിധ പദ്ധതി വിഹിതത്തിൽ ഉൾപ്പെടുത്തി ആകെ 702.18 കോടി രൂപ വകയിരുത്തുകയും 614.79 കോടി രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.* ഇതിനെല്ലാം പുറമെ തീരദേശത്തെ സമഗ്ര വികസനത്തിനായി ആരോഗ്യ വകുപ്പ് മുഖാന്തിരം കിഫ്ബി ഫണ്ടിൽ ഉൾപ്പെടുത്തി തീരദേശ ആശുപത്രികളുടെ നവീകരണവും ജലസേചന വകുപ്പ് മുഖാന്തിരം തീരസംരക്ഷണ പ്രവർത്തനങ്ങളും നടപ്പാക്കി വരുന്നു.

(ബി) 2018-ൽ ഓഖി ദുരന്തത്തിനുശേഷം പ്രഖ്യാപിച്ച രണ്ടായിരം കോടി രൂപയുടെ പാക്കേജ് നാളിതുവരെ നടപ്പിലാക്കാൻ സാധിച്ചിട്ടുണ്ടോ;

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) പ്രസ്തുത പാക്കേജ് നടപ്പാക്കുന്നതിൽ ഉണ്ടാകുന്നതായി പറയപ്പെടുന്ന കാലതാമസത്തിന്റെ കാരണം വിശദമാക്കാമോ?

(ബി&സി) ഓഖി പാക്കേജിന്റെ ഭാഗമായി മത്സ്യത്തൊഴിലാളി സമൂഹത്തിന്റെ ജീവിതനിലവാരം ഉയർത്തുന്നതിനും തീരദേശത്തെ അടിസ്ഥാന സൗകര്യ വികസനത്തിനും ഉതകുന്ന പദ്ധതികൾ നടപ്പാക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളത്. കടലാക്രമണ ഭീഷണിയിൽ കഴിഞ്ഞിരുന്ന മത്സ്യത്തൊഴിലാളികളെ സുരക്ഷിതമേഖലയിൽ പുനരധിവസിപ്പിക്കുന്നതിനുതകുന്ന പുനർഗേഹം പദ്ധതി നടപ്പാക്കുക വഴി മത്സ്യത്തൊഴിലാളി സമൂഹത്തിന്റെ സാമൂഹിക സുരക്ഷയും ജീവിതനിലവാരവും ഉയർത്തുന്നതിന് കഴിയുന്നതാണ്. ഫിഷറീസ് വകുപ്പിന്റെയും അനുബന്ധ ഏജൻസികളുടെയും ബഡ്ജറ്റ് വിഹിതവും കിഫ്ബി ധനസഹായവും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നുള്ള ധനസഹായവും പ്രയോജനപ്പെടുത്തിയാണ് തീരദേശത്തെ അടിസ്ഥാന സൗകര്യ വികസനവും മത്സ്യത്തൊഴിലാളി സുരക്ഷയും വിദ്യാഭ്യാസ ആരോഗ്യ സൗകര്യങ്ങളുടെ മെച്ചപ്പെടുത്തലും പ്രധാനമായും നടപ്പാക്കുന്നത്. ഈ പ്രവർത്തനങ്ങൾ തീരദേശത്ത് നടന്നുവരുന്നു. എന്നാൽ സർക്കാർ ഇതരസഹായം ലഭ്യമാക്കി പദ്ധതികൾ ആവിഷ്കരിക്കുന്നതിന് സൂക്ഷ്മതലത്തിലുള്ള പഠനവും വിവരശേഖരണവും അത്യന്താപേക്ഷിതമാണ്. പാക്കേജ് തയ്യാറാക്കുന്നതിനായി നിയോഗിച്ച മുൻ ചീഫ് സെക്രട്ടറി ശ്രീ. എസ്. എം. വിജയാനന്ദ് കമ്മിറ്റിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ ഇതിനായുള്ള പഠനങ്ങൾ നടന്നുവരുന്നു. ഓഖി ദുരന്തത്തിനുശേഷം പ്രഖ്യാപിച്ച 2000 കോടി രൂപയുടെ പാക്കേജ് നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. അതുമായി ബന്ധപ്പെട്ട് പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിന് ഫീൽഡ്തല വിവരങ്ങൾ ശേഖരിച്ച് വിശദമായ പഠനങ്ങൾ നടത്തുന്നതിന് Tata Institute of Social Science (TISS) നേയും Institute of Rural Management (IRMA)യെയും ചുമതലപ്പെടുത്തി. TISS പഠന റിപ്പോർട്ട് സമർപ്പിക്കുകയും വിശദമായ ചർച്ച സർക്കാർ തലത്തിൽ നടത്തുകയും ചെയ്തിട്ടുണ്ട്. IRMA യുമായി എഗ്രിമെന്റ് വച്ച് പഠനം ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. Detailed Project Report മൂന്ന് ഘട്ടങ്ങളിലായി തയ്യാറാക്കുന്നതിന് തീരുമാനിക്കുകയും Expression of Interest ക്ഷണിച്ചിരുന്നുവെങ്കിലും മത്സര സ്വഭാവമുള്ള ക്വട്ടേഷനുകൾ ലഭിച്ചിരുന്നില്ല. ഈ കാര്യത്തിൽ തുടർ നടപടി സ്വീകരിച്ചുവരുന്നു.

(ഡി) പാക്കേജ് നടപ്പിലാക്കുന്നതിനായി നിയോഗിച്ച റിട്ടയേർഡ് ചീഫ് സെക്രട്ടറി എസ്.എം. വിജയാനന്ദ് ചെയർമാനായ എക്സ്പെർട്ട് കമ്മിറ്റിയുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

ഉണ്ട്. കേരളത്തിന്റെ തീരദേശ മേഖലയുടെ സമഗ്രവികസനത്തിനായി കോൺസെപ്റ്റ് നോട്ട് തയ്യാറാക്കുക, സമഗ്ര വികസനത്തിനായുള്ള വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിന് മുന്നോടിയായുള്ള പഠനങ്ങളുടെ മേൽനോട്ടം വഹിക്കുക, പഠന ഏജൻസികൾക്കും സർക്കാരിനും ഇടയിൽ ഒരു ലിങ്കായി പ്രവർത്തിക്കുക, പഠന ഏജൻസികൾക്ക് മറ്റ് വകുപ്പുകളുമായുള്ള ഏകോപനം ഉറപ്പാക്കുക തുടങ്ങിയവയ്ക്കാണ് എക്സ്പെർട്ട് കമ്മിറ്റി രൂപീകരിച്ചിട്ടുള്ളത്. ആയതു പ്രകാരമുള്ള പ്രവർത്തനങ്ങൾ കമ്മിറ്റി നടത്തി വരുന്നുണ്ട്.

**തദ്ദേശീയ മത്സ്യങ്ങളുടെ സംരക്ഷണം**

21 (*81) ശ്രീ. എ. പ്രഭാകരൻ:
ശ്രീ. വി. ജോയി:
ശ്രീ. കെ. ജെ. മാക്സി:
ശ്രീ. എൻ. കെ. അക്ബർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ) സദയം മറുപടി നൽകുമോ:

(എ) വംശഭീഷണി നേരിടുന്ന തദ്ദേശീയ മത്സ്യങ്ങളുടെ സംരക്ഷണത്തിനായി സർക്കാർ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

സംസ്ഥാനത്ത് വംശഭീഷണി നേരിടുന്ന തദ്ദേശീയ മത്സ്യങ്ങളെ സംരക്ഷിക്കുന്നതിനായി 2021-22 സാമ്പത്തിക വർഷം റിസർവോയർ ഫിഷറീസ് പദ്ധതിയുടെ ഭാഗമായി തെൻമല, ഇടുക്കി, ഭൂതത്താൻകെട്ട്, ചിമ്മിനി, ഷോളയാർ (ലോവർ), പെരിങ്ങൽക്കുത്ത്, പീച്ചി, വാഴാനി എന്നീ 8 റിസർവോയറുകളിലായി വംശനാശ ഭീഷണി നേരിടുന്നത് ഉൾപ്പെടെ തദ്ദേശീയ വിഭാഗത്തിൽപ്പെട്ട endemic carp, endemic cat fish, കുയിൽ മത്സ്യം, വരാൽ തുടങ്ങിയ മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കിവരുന്നു. ഉൾനാടൻ ജലാശയങ്ങളിൽ അശാസ്ത്രീയ മത്സ്യബന്ധന രീതികൾ നിരോധിച്ചിട്ടുണ്ട്. ഉൾനാടൻ ജലാശയങ്ങളിൽ പട്രോളിംഗ് ഊർജ്ജിതപ്പെടുത്തിയിട്ടുണ്ട്. വംശനാശ ഭീഷണി നേരിടുന്ന മഞ്ഞക്കൂരി, കുയിൽ മത്സ്യം, ചെങ്കണിയാൻ, നാടൻമുഷി, ക്ലളി തുടങ്ങിയ തദ്ദേശീയ മത്സ്യങ്ങളുടെ കുഞ്ഞുങ്ങളെ വകുപ്പിന്റെ ഹാച്ചറികളിൽ ഉല്പാദിപ്പിക്കുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) പൊതുജലാശയങ്ങളിൽ മത്സ്യവിത്തുകൾ നിക്ഷേപിക്കുന്ന പദ്ധതിയിലൂടെ എന്തെല്ലാം നേട്ടങ്ങളാണ് പ്രതീക്ഷിക്കുന്നതെന്ന് വിശദമാക്കാമോ?

സംസ്ഥാനത്തെ ഉൾനാടൻ ജലാശയങ്ങളിലെ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിനും അതുവഴി മത്സ്യത്തൊഴിലാളികളുടെ വരുമാനം വർദ്ധിപ്പിച്ച് ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനും കഴിയും. ഇതിലൂടെ 4320 മെട്രിക് ടൺ അധിക ഉല്പാദനം പ്രതീക്ഷിക്കുന്നു. 2021-22 സാമ്പത്തിക വർഷം 300 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി കാർപ്പ്, ആറ്റുകൊഞ്ച്, കാരചെമ്മീൻ, നാരൻ ചെമ്മീൻ, പൂമീൻ തുടങ്ങിയ 370 ലക്ഷം മത്സ്യ/ചെമ്മീൻ കുഞ്ഞുങ്ങളെ സംസ്ഥാനത്തെ 100 ജലാശയങ്ങളിൽ നിക്ഷേപിക്കുന്നു.

(സി) മത്സ്യങ്ങളുടെ സ്വാഭാവിക പ്രജനന ആവാസ കേന്ദ്രങ്ങൾ സംരക്ഷിക്കുന്നതുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

കരിമീൻപോലെയുള്ള തനത് മത്സ്യങ്ങളുടെ പ്രജനനത്തിനും സംരക്ഷണത്തിനുമായി 8-12 ppt ലവണത്വമുള്ളതും മിതമായ ജലമൊഴുക്കുള്ളതും ഒരു മീറ്റർ ആഴമുള്ളതുമായ പ്രദേശങ്ങൾ കണ്ടെത്തി മത്സ്യസംരക്ഷണ മേഖലയാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. അതനുസരിച്ച് കായലിലെ മത്സ്യവിഭവങ്ങളുടെ സംരക്ഷണവുമായി ബന്ധപ്പെട്ട് സ്വാഭാവിക പ്രജനന ആവാസ കേന്ദ്രങ്ങൾ സ്ഥാപിക്കുക, നശിച്ചു പോയ ആവാസ വ്യവസ്ഥകളെ പുന:സ്ഥാപിക്കുക എന്നീ ലക്ഷ്യങ്ങളോടെ വേമ്പനാട് കായൽ മത്സ്യ സംരക്ഷണ പദ്ധതി, അഷ്ടമുടി കായൽ മത്സ്യസംരക്ഷണ പദ്ധതി എന്നിവ നടപ്പിലാക്കി. സംരക്ഷിത മേഖലകളുടെ ഭാഗത്ത് എല്ലാ വിധത്തിലുള്ള മത്സ്യബന്ധന പ്രവർത്തനങ്ങളും നിരോധിച്ചിരിക്കുന്നു. പദ്ധതികളുടെ ഭാഗമായി അഷ്ടമുടി, വേമ്പനാട് കായലുകളിൽ കരിമീൻ പ്രജനനത്തിന് സഹായകരമാകുന്ന 25 മത്സ്യ പ്രജനന കേന്ദ്രങ്ങളും 17 കറുത്ത കക്ക സംരക്ഷിത പ്രദേശങ്ങളും ഒരുക്കിയിട്ടുണ്ട്.

**ജലചോർച്ച തടയാൻ നടപടി**

22 (*82) ശ്രീ. എ. കെ. എം. അഷ്റഫ്:

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ) സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റിയുടെ നഷ്ടം നികത്തുന്നതിന് സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണെന്നറിയിക്കുമോ?

ഉൽപ്പാദന ചെലവിനേക്കാൾ കുറഞ്ഞ നിരക്കിൽ ജലവിതരണം നടത്തുന്നതാണ് കേരള വാട്ടർ അതോറിറ്റി അഭിമുഖീകരിക്കുന്ന നഷ്ടത്തിന്റെ പ്രധാന കാരണം. 1000 ലിറ്റർ കുടിവെള്ളം ഉപഭോക്താവിന് നൽകുമ്പോൾ കേരള വാട്ടർ

അതോറിറ്റിക്ക് 13.41 രൂപ നഷ്ടമുണ്ടാകുന്നു. 2014-ൽ താരിഫ് പുതുക്കിയതിനുശേഷം ശമ്പളം, പെൻഷൻ, വൈദ്യുതിചാർജ്, അറ്റകുറ്റപ്പണികളുടെ ചെലവ് എന്നിവയിൽ ഗണ്യമായ വർദ്ധനവുണ്ടായി. വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി വിവിധ പദ്ധതികളിലൂടെ പരമാവധി കണക്ഷനുകൾ നൽകിവരുന്നു. റവന്യൂ വർദ്ധിപ്പിക്കുന്നതിനായി ഡിവിഷൻ തലത്തിൽ കണക്ഷനുകൾക്കനുസൃതമായി റവന്യൂ ടാർജറ്റുകൾ നൽകിയിട്ടുണ്ട്. ഇത് കൃത്യമായി പിരിക്കുന്നുണ്ടെന്ന് ഉറപ്പാക്കുവാൻ റവന്യൂ മീറ്റിംഗുകൾ നടത്തുന്നുണ്ട്. ഉൽപ്പാദിപ്പിക്കുന്ന ജലം വിതരണം ചെയ്യുമ്പോഴുണ്ടാകുന്ന നഷ്ടം, കാര്യക്ഷമമല്ലാത്ത ഊർജ്ജ ഉപയോഗത്തിന്റെ ഭാഗമായുണ്ടാകുന്ന നഷ്ടം, ജലശുദ്ധീകരണ ശാലകൾ, വിതരണ ശൃംഖലകൾ എന്നിവയിലൂടെ ഒഴുകുന്ന ജലത്തിന്റെ അളവറിയുവാനായുള്ള സംവിധാനമില്ലായ്മ, പമ്പ് ഹൗസുകൾ, ജലശുദ്ധീകരണ ശാലകൾ എന്നിവയിലെ പ്രവർത്തനം പൂർണ്ണമായും പരമ്പരാഗത രീതിയിൽ മാനുഷിക വിഭവശേഷിയെ മാത്രം ആശ്രയിച്ചതിനാൽ ഉണ്ടാകുന്ന നഷ്ടം തുടങ്ങിയവ അതോറിറ്റി അഭിമുഖീകരിച്ചുവരുന്നു. ഇത്തരത്തിലുള്ള നഷ്ടം നികത്തുന്നതിന് പഴക്കം ചെന്ന പൈപ്പുകളും പമ്പുകളും മാറ്റി സ്ഥാപിക്കുക, പൂരിത ശേഷിയിലും താഴെ പ്രവർത്തിക്കുന്ന പദ്ധതികൾ ചെറിയതുക ചെലവഴിച്ച് പൂർണ്ണമായും വിനിയോഗ സജ്ജമാക്കുക, വിതരണ ശൃംഖലയെ വിവിധ മേഖലകളാക്കി തിരിച്ച് ഡി.എം.എ. (District Metering Area) കൾ സ്ഥാപിച്ച് ജല വിതരണം കാര്യക്ഷമമാക്കുകയും ജല ചോർച്ച നിയന്ത്രണത്തിലാക്കുകയും ചെയ്യുന്ന പ്രവൃത്തികൾ നടത്തുക, മർദ്ദ നിയന്ത്രണ ഉപകരണങ്ങളും ഫ്ലോമീറ്ററുകളും എല്ലാ മേഖലകളിലും സ്ഥാപിക്കുക, പഴയതും ചോർച്ചയുള്ളതുമായ സർവ്വീസ് കണക്ഷനുകൾ പുനരുദ്ധരിക്കുക, എല്ലാ ഉണഭോക്തൃ വാട്ടർ മീറ്ററുകളും മാറ്റി ഉന്നത നിലവാരമുള്ള സ്മാർട്ട് മീറ്ററുകൾ സ്ഥാപിക്കുക, വിതരണ ശൃംഖലയുടെ സർവ്വേ നടത്തി ജി.ഐ.എസ്. മാപ്പ് തയ്യാറാക്കുക, സാധ്യമായ സ്ഥലങ്ങളിലെല്ലാം പമ്പ് ഹൗസുകൾ വിദൂരനിയന്ത്രണത്തിലൂടെ പ്രവർത്തിപ്പിക്കുക തുടങ്ങിയവ ചെയ്യുന്നുണ്ട്.

(ബി) വാട്ടർ അതോറിറ്റിയുടെ വരുമാന നഷ്ടത്തിന്റെ പ്രധാന കാരണം വിതരണം ചെയ്യുന്ന ജലത്തിന്റെ ചോർച്ചയാണെന്ന് കണ്ടെത്തിയിട്ടുണ്ടോ;

(സി) എങ്കിൽ വിതരണശൃംഖല പുനരുദ്ധരിച്ച് ജലചോർച്ച തടയുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ?

(ബി & സി) വാട്ടർ അതോറിറ്റിയുടെ വരുമാന നഷ്ടത്തിന്റെ പ്രധാന കാരണം വിതരണം ചെയ്യുന്ന ജലത്തിന്റെ ചോർച്ചയാണെന്ന് പറയാൻ കഴിയില്ല. ഉൽപ്പാദന ചെലവിനേക്കാൾ കുറഞ്ഞ നിരക്കിൽ ജലവിതരണം നടത്തുന്നതാണ് കേരള വാട്ടർ

അതോറിറ്റി നേരിടുന്ന വരുമാന നഷ്ടത്തിന്റെ പ്രധാന കാരണം. അതോറിറ്റിയുടെ വരുമാന നഷ്ടത്തിന്റെ ഒരു അനുബന്ധ കാരണം മാത്രമാണ് ഉൽപ്പാദിപ്പിക്കുന്ന ജലം വിതരണം ചെയ്യുമ്പോഴുണ്ടാകുന്ന നഷ്ടം. ഇത്തരത്തിലുള്ള വരുമാന നഷ്ടം ഒഴിവാക്കാനായി വിതരണ ശൃംഖല പുനരുദ്ധരിച്ച് ആധുനിക സാങ്കേതിക വിദ്യ ഉപയോഗപ്പെടുത്തി ജലവിതരണം കാര്യക്ഷമമാക്കാനും ജല ചോർച്ച നിയന്ത്രണത്തിലാക്കാനും വിവിധ നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിൽ പൈപ്പുകളിലൂടെയുള്ള ചോർച്ച കാരണമുണ്ടാകുന്ന നഷ്ടവും (ഭൗതിക നഷ്ടം) മീറ്റർ തകരാർ, മോഷണം തുടങ്ങിയ കാരണങ്ങൾകൊണ്ട് ജലത്തിന്റെ ശരിയായ ഉപയോഗം തിട്ടപ്പെടുത്താൻ കഴിയാത്തതുമൂലമുള്ള നഷ്ടവും (വാണിജ്യ നഷ്ടം) ഉൾപ്പെടുന്നു. എ.ഡി.ബി. ധനസഹായത്തോടെ തിരുവനന്തപുരം, കൊച്ചി നഗരങ്ങളിൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതിയിൽ വിതരണ ശൃംഖലയെ വിവിധ മേഖലകളായി തിരിച്ച് ഡി. എം.എ. (ഡിസ്ട്രിക്ട് മീറ്ററിംഗ് ഏരിയ) സ്ഥാപിച്ച് ജലവിതരണം കാര്യക്ഷമമാക്കാനും ജല ചോർച്ച നിയന്ത്രണത്തിലാക്കാനും പദ്ധതി പൂർത്തിയാകുമ്പോൾ ജലചോർച്ച ദേശീയ ബെഞ്ച് മാർക്ക് നിലവാരമായ 20%-ൽ എത്തിക്കുവാനും ലക്ഷ്യമിടുന്നു. കേന്ദ്ര സംസ്ഥാന പദ്ധതികളിലുൾപ്പെടുത്തി കാലപ്പഴക്കം ചെന്ന പൈപ്പുകൾ മാറ്റി സ്ഥാപിക്കുന്നുണ്ട്. കൂടാതെ നഗരസഭ, മുനിസിപ്പാലിറ്റി, പഞ്ചായത്ത് എന്നീ സ്ഥാപനങ്ങളുടെ നിക്ഷേപ പ്രവൃത്തിയിലുൾപ്പെടുത്തിയും വിവിധ പ്രവൃത്തികൾ പുരോഗമിക്കുന്നുണ്ട്. ഇതുവഴി വിതരണ ശൃംഖല ഘട്ടം ഘട്ടമായി പുനരുദ്ധരിച്ച് ജലനഷ്ടം കുറയ്ക്കുന്നുണ്ട്.

**പട്ടികജാതി, പട്ടിക ഗോത്ര വിദ്യാർത്ഥികളുടെ പഠനനിലവാരം**

23 (*83) ശ്രീമതി ശാന്തകുമാരി കെ.:
ശ്രീ. മുരളി പെരുനെല്ലി:
ശ്രീ. പി. ടി. എ. റഹീം:
ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) സദയം മറുപടി നൽകുമോ:

(എ) പ്രാഥമികതലം മുതൽ ഉന്നതതലം വരെയുള്ള വിദ്യാഭ്യാസരംഗത്ത് ഡിജിറ്റൽ വിദ്യാഭ്യാസവും ഓൺലൈൻ വിദ്യാഭ്യാസവും അനിവാര്യമായി മാറിയ സാഹചര്യത്തിൽ പട്ടികജാതി, പട്ടിക ഗോത്ര വർഗ്ഗങ്ങളിൽപ്പെട്ട വിദ്യാർത്ഥികൾ പഠനോപകരണങ്ങളുടെയും പഠന സൗകര്യങ്ങളുടെയും അപര്യാപ്തത നേരിടുന്നത് പരിഹരിക്കാൻ നടത്തിയ പ്രവർത്തനങ്ങൾ എന്തെല്ലാമാണ്?

പട്ടികവർഗ്ഗ വികസന വകുപ്പ്, കോളനികളിൽ സാമൂഹ്യപഠന മുറികൾ, പഠനകേന്ദ്രങ്ങൾ എന്നിവ സജ്ജീകരിക്കുകയും ഫെസിലിറ്റേറ്റർമാരെ നിയോഗിച്ച് പഠന സഹായം നൽകുകയും ചെയ്തുവരുന്നു. ഉന്നതവിദ്യാഭ്യാസ മേഖലയിലും പൊതുവിദ്യാഭ്യാസ മേഖലയിലും അർഹരായ വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വിതരണം ചെയ്തുവരുന്നുണ്ട്. പൊതുവിദ്യാഭ്യാസ വകുപ്പിന്റെ നേതൃത്വത്തിലുള്ള കൈറ്റ് വിക്ടേഴ്സിലൂടെ എല്ലാ കുട്ടികൾക്കും ഡിജിറ്റൽ വിദ്യാഭ്യാസം നടപ്പിലാക്കിയിട്ടുണ്ട്. ആദിവാസി മേഖലയിലേതുൾപ്പെടെ എല്ലാ വിഭാഗം കുട്ടികൾക്കും ഓൺലൈൻ പഠനത്തിനുള്ള കണക്ടിവിറ്റി സൗകര്യങ്ങളും ഡിജിറ്റൽ ഉപകരണങ്ങളും ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. കണക്ടിവിറ്റി ഇല്ലാത്ത പ്രദേശങ്ങളിൽ അനുയോജ്യമായ സാങ്കേതികവിദ്യകൾ ഉപയോഗിച്ച് കണക്ടിവിറ്റി ലഭ്യമാക്കുന്നതിന് ടെലികോം/ഇന്റർനെറ്റ് സേവന ദാതാക്കൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഈ വിഷയത്തിൽ ബന്ധപ്പെട്ട വകുപ്പുകളുടെ പ്രവർത്തനങ്ങൾ ജില്ലാതലത്തിൽ ഏകോപിപ്പിക്കുന്നതിനും പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കോർപ്പസ് ഫണ്ട് ഉപയോഗിക്കുന്നതിനും ജില്ലാകളക്ടർമാർക്ക് അനുമതി നൽകിയിട്ടുണ്ട്.

(ബി) ഇത്തരം സാഹചര്യങ്ങളിൽ പഠന പ്രവർത്തനങ്ങളിൽ പിന്നാക്കം പോയിട്ടുണ്ടാകാനിടയുള്ള പട്ടികജാതി, പട്ടികഗോത്ര വർഗ്ഗങ്ങളിൽപ്പെട്ട വിദ്യാർത്ഥികളുടെ പിന്നാക്കാവസ്ഥ പരിഹരിക്കുന്നതിന് ഇടപെടൽ നടത്തുമോ; വിശദമാക്കുമോ?

എല്ലാ പട്ടികജാതി വിഭാഗം വിദ്യാർത്ഥികൾക്കും ലംപ്സംഗ്രാന്റ്, സ്റ്റൈപ്പന്റ്, ഫീസാനുകൂല്യങ്ങൾ, പ്രൈമറി/സെക്കന്ററി എഡ്യൂക്കേഷണൽ എയ്ഡ് എന്നിവ വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ മെസ് അലവൻസ്, പോക്കറ്റ് മണി എന്നിവയും നൽകിവരുന്നു. സാമൂഹ്യപഠനമുറികളിലും പൊതുഇടങ്ങളിലും ഓൺലൈൻ ക്ലാസ്സുകൾക്കായി ദൃശ്യ-ശ്രാവ്യ സംവിധാനങ്ങൾ ഏർപ്പെടുത്തുകയും ഫെസിലിറ്റേറ്റർമാരുടെ സേവനം ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. മോഡൽ റസിഡൻഷ്യൽ സ്കൂളിലെ സ്മാർട്ട് ക്ലാസ്സ് റൂമുകൾ ഉപയോഗപ്പെടുത്തികൊണ്ട് വിദ്യാർത്ഥികൾക്കുവേണ്ടി പ്രത്യേക ഓൺലൈൻ ക്ലാസ്സുകൾ നൽകിവരുന്നുണ്ട്. കൂടാതെ ക്ലാസ്സുകൾ റെക്കോർഡ് ചെയ്ത് വിദൂര സ്ഥലങ്ങളിലുള്ള കോളനികളിൽ എത്തിക്കുന്നുണ്ട്.

(സി) പട്ടികജാതി, പട്ടിക ഗോത്രവർഗ്ഗ വിദ്യാർത്ഥികളുടെ പൊതുവേയുള്ള പഠന പിന്നാക്കാവസ്ഥ പരിഹരിക്കാൻ നടത്തുന്ന ഇടപെടലുകൾ എന്തെല്ലാമാണ്; വിശദമാക്കുമോ?

പട്ടികവർഗ്ഗ വിഭാഗത്തിലുള്ള വിദ്യാർത്ഥികളുടെ പഠനനിലവാരം ഉയർത്തുന്നതിനായി വകുപ്പിനുകീഴിലുള്ള മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ സ്മാർട്ട് ക്ലാസ്സ് റൂമുകൾ ഉൾപ്പെടെയുള്ള നൂതന പഠന സങ്കേതങ്ങളും അത്യാധുനിക ലബോറട്ടറികൾ, ഡിജിറ്റൽ ലൈബ്രറി, ലാംഗ്വേജ് ലാബ് തുടങ്ങിയ പഠനാനുബന്ധ

സജ്ജീകരണങ്ങളും ഒരുക്കിയിട്ടുണ്ട്. വകുപ്പിന് കീഴിലുള്ള പ്രീമെട്രിക് ഹോസ്റ്റലുകളിൽ പഠന സൗകര്യങ്ങൾ വർദ്ധിപ്പിക്കുകയും കൂടുതൽ വിഷയങ്ങൾക്ക് ട്യൂട്ടർമാരെ ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. പട്ടികവർഗ്ഗത്തിൽപ്പെട്ട അദ്ധ്യാപന യോഗ്യതയുള്ളവരെ പ്രൈമറി ക്ലാസ്സുകളിൽ സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ മെന്റർ ടീച്ചർമാരായി ഗോത്രബന്ധു പദ്ധതി പ്രകാരം നിയമിക്കുന്നു. പഠനനിലവാരം മെച്ചപ്പെടുത്തുന്നതിനായി സ്റ്റുഡൻസ് കൗൺസിലർമാരുടെയും പാർട്ട് ടൈം ട്യൂട്ടർമാരുടെയും സേവനം ലഭ്യമാക്കിയിട്ടുണ്ട്. ഉന്നത വിദ്യാഭ്യാസരംഗത്ത് കൂടുതൽ പട്ടികവർഗ്ഗ വിദ്യാർത്ഥികളെ എത്തിക്കുന്നതിന് സർവ്വകലാശാലകളുമായി ബന്ധപ്പെട്ട് സ്പോട്ട് അഡ്മിഷൻ ക്യാമ്പുകൾ സംഘടിപ്പിക്കുകയും വകുപ്പിലെ കമ്മിറ്റഡ് സോഷ്യൽ വർക്കർമാർ/പ്രൊമോട്ടർമാർ/ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർമാർ എന്നിവരുടെ സഹകരണത്തോടെ വിദ്യാർത്ഥികൾക്ക് പ്രവേശനം നേടി കൊടുക്കാനുമുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. പഠന പിന്നാക്കാവസ്ഥ പരിഹരിക്കാനായി പട്ടികജാതി വികസന വകുപ്പിൽ പ്രൈമറി/ സെക്കണ്ടറി എഡ്യൂക്കേഷൻ എയ്ഡ്, 9, 10 ക്ലാസ്സുകളിൽ പഠിക്കുന്നവർക്ക് പ്രീമെട്രിക് സ്കോളർഷിപ്പ്, കമ്പ്യൂട്ടർ അധിഷ്ഠിത പ്രൊഫഷണൽ കോഴ്സുകൾക്ക് ലാപ്ടോപ്പ് വാങ്ങുന്നതിനുള്ള ധനസഹായം, MBBS, BDS വിദ്യാർത്ഥികൾക്ക് സ്റ്റെതസ്കോപ്പ് വാങ്ങുന്നതിനുള്ള ധനസഹായം, എഞ്ചിനീയറിംഗ്/മെഡിക്കൽ കോഴ്സ് അഡ്മിഷൻ ലഭിച്ചവർക്ക് പ്രാഥമിക ചെലവിനുള്ള ആനുകൂല്യം, ബുക്ക് ബാങ്ക് പദ്ധതി, ബി.ടെക്.-ന് പഠിക്കുന്ന പട്ടികജാതി വിഭാഗം വിദ്യാർത്ഥികൾക്കുള്ള റെമഡിയൽ ട്യൂഷൻ പദ്ധതി, ഗവൺമെന്റ്/എയ്ഡഡ് കോളേജുകളിൽ ബി.ടെക്.-ന് പഠിച്ചുകൊണ്ടിരിക്കുന്ന വിദ്യാർത്ഥികൾക്കുള്ള പ്രത്യേക കോച്ചിംഗ് എന്നീ പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്.

**ശബരിമല തീർത്ഥാടനം**

24 (*84) ശ്രീ. എം. മുകേഷ്:
ശ്രീ. ഐ. ബി. സതീഷ്:
ശ്രീ. എം. എസ്. അരുൺ കുമാർ:
ശ്രീ. കെ. പ്രേംകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) സദയം മറുപടി നൽകുമോ:

(എ) കോവിഡ് ആശങ്ക ഒഴിയാത്ത സാഹചര്യത്തിൽ ഇത്തവണത്തെ ശബരിമല തീർത്ഥാടനത്തിൽ ഏർപ്പെടുത്താനുദ്ദേശിക്കുന്ന സൗകര്യങ്ങളും നിയന്ത്രണങ്ങളും എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾക്കനുസരിച്ച് സാമൂഹിക അകലം പാലിച്ച് ദർശനം നടത്താനുള്ള അടിസ്ഥാന സൗകര്യങ്ങൾ ശബരിമലയിൽ ഒരുക്കിയിട്ടുണ്ട്. കൂടാതെ കോവിഡ് -19 ന്റെ പശ്ചാത്തലത്തിൽ തീർത്ഥാടനം സംബന്ധിച്ച മുന്നൊരുക്കം, പമ്പ, എരുമേലി എന്നിവിടങ്ങളിലെ ആശുപത്രികളുടെ സൗകര്യം, RTPCR ടെസ്റ്റ് നടത്തുന്നതിനുള്ള സൗകര്യം തുടങ്ങിയ എല്ലാ മേഖലകളിലും ആരോഗ്യ വകുപ്പും റവന്യൂ (ദേവസ്വം) വകുപ്പും സംയുക്തമായി ആക്ഷൻ പ്ലാൻ തയ്യാറാക്കിയിട്ടുണ്ട്. ഈ വർഷം നവംബർ 16 മുതൽ നടത്തുന്ന തീർത്ഥാടനത്തിന് അനുവദിക്കേണ്ട ഇളവുകൾ, തീർത്ഥാടകരുടെ എണ്ണം എന്നിവ അന്തിമമായി തീരുമാനിച്ചിട്ടില്ല.

(ബി) ശബരിമല തീർത്ഥാടനത്തിനുള്ള ഒരുക്കം സംബന്ധിച്ച് ഉദ്യോഗസ്ഥ തലത്തിലും ദേവസ്വം ബോർഡ് തലത്തിലും അവലോകനം നടത്തിയിരുന്നോ;

(സി) ആവശ്യമായ ഗതാഗത സൗകര്യം ഒരുക്കുന്നതിനും ഇടത്താവളങ്ങളിലും ശബരിമലയിലും അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും നടപടിയെടുത്തിട്ടുണ്ടോ; വിശദമാക്കാമോ?

(ബി&സി) അവലോകനയോഗം നടത്തിയിരുന്നു. കോവിഡ് മഹാമാരി കാരണം കോവിഡ് പ്രോട്ടോക്കോൾ അനുസരിച്ച് ഇലക്ട്രിക് ബസ്സുകൾ ഉൾപ്പെടെ കെ.എസ്.ആർ.ടി.സി. ബസ്സുകളുടെ എണ്ണം, ജീവനക്കാരുടെ എണ്ണം എന്നിവ ക്രമീകരിച്ച് സർവ്വീസ് നടത്തുന്നതിനും തീർത്ഥാടനം പൂർണ്ണമായ തോതിൽ നടത്താൻ കഴിഞ്ഞാൽ കൂടുതൽ കെ.എസ്.ആർ.ടി.സി. ബസ്സുകൾ വിന്യസിക്കുന്നതിനും പോലീസ്, തിരുവിതാംകൂർ ദേവസ്വം ബോർഡ് എന്നിവരുടെ സഹായത്തോടെ നിലയ്ക്കൽ വാഹന പാർക്കിംഗ് സൗകര്യം കൂട്ടുന്നതിനും 7-7-2021-ന് ബഹുമാനപ്പെട്ട ഗതാഗത മന്ത്രിയുടെ സാന്നിദ്ധ്യത്തിൽ നടന്ന യോഗത്തിൽ തീരുമാനിച്ചിട്ടുണ്ട്. ശബരിമലയിലും കൂടാതെ ശബരിമല തീർത്ഥാടനവുമായി ബന്ധപ്പെട്ട ഇടത്താവളങ്ങളിലുമെല്ലാം കുടിവെള്ള ലഭ്യത, ഭക്ഷണം, ടോയ്‌ലെറ്റ് സൗകര്യം, വിശ്രമം, ആരോഗ്യ പരിരക്ഷ തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങളൊരുക്കുന്ന നടപടികൾ ത്വരിതപ്പെടുത്തുന്നതിന് ദേവസ്വം വകുപ്പുമന്ത്രി 16-6-2021-നും 7-9-2021-നും തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രസിഡന്റിന്റെയും ഉദ്യോഗസ്ഥരുടെയും കിഫ്ബി ഉദ്യോഗസ്ഥരുടെയും എൻ.ബി.സി.സി. ഉദ്യോഗസ്ഥരുടെയും യോഗം വിളിച്ചിരുന്നു. തുടർന്ന് 28-6-2021-ന് ജലവിഭവ വകുപ്പുമന്ത്രിയുടെ സാന്നിദ്ധ്യത്തിലും 6-7-2021-ന് ആരോഗ്യ വകുപ്പുമന്ത്രിയുടെ സാന്നിദ്ധ്യത്തിലും 7-7-2021-ന് പൊതുമരാമത്തും ടൂറിസവും വകുപ്പ് മന്ത്രിയുടെയും ഗതാഗത വകുപ്പുമന്ത്രിയുടെയും സാന്നിദ്ധ്യത്തിലും മന്ത്രിമാരുടെയും ബന്ധപ്പെട്ട സർക്കാർ വകുപ്പുകളുടെയും തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രസിഡന്റിന്റെയും ഉദ്യോഗസ്ഥരുടെയും യോഗം ചേർന്ന് അതത് വകുപ്പുകൾ എടുക്കേണ്ട നടപടികൾ

സംബന്ധിച്ച തീരുമാനങ്ങൾ കൈക്കൊണ്ടിരുന്നു. അതിൻപ്രകാരമുള്ള നടപടികൾ നടന്നുവരുന്നു. കൂടാതെ വനം വകുപ്പുമായി നിലവിലുള്ള ഭൂമി സംബന്ധിച്ച തർക്കങ്ങൾ പരിഹരിക്കുന്നതിന് 28-6-2021-ന് വനം വകുപ്പുമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ യോഗം ചേർന്നിരുന്നു. പ്രസ്തുത യോഗത്തിൽ 29-6-2021-ന് വനം, ദേവസ്വം പ്രിൻസിപ്പൽ സെക്രട്ടറിമാരുടെ ഉദ്യോഗസ്ഥതലത്തിലുള്ള സംയുക്ത യോഗം ചേർന്ന് തീരുമാനം കൈക്കൊള്ളാൻ നിർദ്ദേശിച്ചിരുന്നു. ആയതിനാൽ 29-6-2021-നും 9-7-2021നും 19-7-2021-നും പ്രിൻസിപ്പൽ സെക്രറിമാരുടെ തലത്തിൽ യോഗം ചേർന്നിരുന്നു. തുടർന്ന് 2-8-2021-ന് വനം വകുപ്പുമന്ത്രിയുടെ സാന്നിദ്ധ്യത്തിലും ദേവസ്വം മന്ത്രിയുടെ അദ്ധ്യക്ഷതയിലും യോഗം ചേർന്ന് ശബരിമല വികസനത്തിനാവശ്യമായ ഭൂമി വിട്ടുനൽകുന്നതിന് എതിർപ്പില്ലെന്ന് ബഹുമാനപ്പെട്ട ഹൈക്കോടതി മുമ്പാകെ അറിയിക്കുന്നതിന് തീരുമാനമെടുത്തു.

**എല്ലാ പട്ടികജാതി, പട്ടിക ഗോത്ര കുടുംബങ്ങൾക്കും വീട്**

25 (*85) ശ്രീ. പി. വി. അൻവർ:
ഡോ. കെ. ടി. ജലീൽ:
ശ്രീ. ഒ. ആർ. കേളു:
ശ്രീ. പി. പി. സുമോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അഞ്ചുവർഷത്തിനുള്ളിൽ മുഴുവൻ പട്ടികജാതി, പട്ടിക ഗോത്ര കുടുംബങ്ങൾക്കും വീട് നൽകുമെന്ന സർക്കാരിന്റെ പ്രഖ്യാപിത ലക്ഷ്യം നേടുന്നതിനുവേണ്ടി നടത്തുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ?

നവകേരള മിഷന്റെ ഭാഗമായ ലൈഫ് മിഷൻ പദ്ധതി മുഖേനയാണ് സംസ്ഥാനത്തെ മുഴുവൻ പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്കും വീട് അനുവദിച്ചുനൽകുന്നത്. ഇതിന് പുറമെ, പട്ടികവർഗ്ഗക്കാർക്ക് ലാന്റ് ബാങ്ക് പദ്ധതിയിലൂടെ ഭൂമി വാങ്ങി നൽകിയും ആദിവാസി പുനരധിവാസ മിഷൻ മുഖേന വീട് നൽകിയും പുനരധിവസിപ്പിക്കുന്നുണ്ട്. അഞ്ച് വർഷത്തിനുള്ളിൽ അർഹരായ മുഴുവൻ പട്ടികവർഗ്ഗ കുടുംബങ്ങൾക്കും ടി പദ്ധതികളിലൂടെ വീട് ലഭ്യമാക്കുവാൻ കഴിയുന്ന വിധമാണ് പദ്ധതിയുടെ പ്രവർത്തനം നടന്നുവരുന്നത്. ലൈഫ് മിഷൻ പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ ലൈഫ് മിഷൻ തയ്യാറാക്കിയ ഭൂമിയുള്ള ഭവനരഹിതരുടെ ലിസ്റ്റിൽ ഉൾപ്പെട്ട 22,224 പട്ടികജാതിക്കാരിൽ 12,985 പേരെ ഭവന നിർമ്മാണത്തിന് അർഹരെന്ന് കണ്ടെത്തിയിരുന്നു. അവരിൽ 12,147 ഗുണഭോക്താക്കൾ വീടിന്റെ നിർമ്മാണം ആരംഭിക്കുകയും 9,931 വീടുകൾ

പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. ലൈഫ് മിഷൻ മൂന്നാം ഘട്ടത്തിൽ ഭൂമിയില്ലാത്ത ഭവനരഹിതരുടെ ലിസ്റ്റിൽ ഉൾപ്പെട്ട 7,241 പട്ടികജാതിക്കാരിൽ 5,117 ഗുണഭോക്താക്കൾ വീടിന്റെ നിർമ്മാണം ആരംഭിക്കുകയും 1,934 വീടുകൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. സ്വന്തമായി ഭൂമിയില്ലാത്ത ഭവനരഹിതരുടെ ലിസ്റ്റിൽ ഉൾപ്പെട്ടവർക്ക് സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ ഭവന സമുച്ചയങ്ങൾ നിർമ്മിച്ച് നൽകുന്നതിനും പദ്ധതി ലക്ഷ്യമിടുന്നു. ലൈഫ് മിഷൻ തയ്യാറാക്കിയ ലിസ്റ്റിലും അഡീഷണൽ ലിസ്റ്റിലും ഉൾപ്പെട്ടവർ ഉൾപ്പെടെയുള്ള 1,50,000 പട്ടികജാതി ഗുണഭോക്താക്കൾക്ക് അടുത്ത 5 വർഷത്തിനുള്ളിൽ ഭവനനിർമ്മാണ ധനസഹായം അനുവദിക്കുന്നതിനുള്ള നടപടിയും ലൈഫ് മിഷൻ സ്വീകരിച്ചുവരുന്നുണ്ട്.

(ബി) മറ്റ് ജനവിഭാഗങ്ങളുടെ കാര്യത്തിൽനിന്നും വ്യത്യസ്തമായി പട്ടിക ഗോത്രങ്ങളിൽപ്പെട്ടവർക്ക് അനുവദിച്ച വീടുകളിൽ മൂന്നിലൊന്നിൽ താഴെ എണ്ണം മാത്രമേ നിർമ്മാണം പൂർത്തിയായിട്ടുള്ളൂവെന്ന കാര്യം പരിഗണിച്ച് ഇത് പരിഹരിക്കാൻ പ്രത്യേകം ശ്രദ്ധ പതിപ്പിക്കുമോ?

ലൈഫ് മിഷൻ 2-ാം ഘട്ടത്തിൽ (ഭൂമിയുള്ള ഭവനരഹിതർ) അർഹരെന്ന് കണ്ടെത്തിയ 3,556 പട്ടികവർഗ്ഗ ഗുണഭോക്താക്കളിൽ, വിവിധ കാരണങ്ങളാൽ എഗ്രിമെന്റ് വച്ചിട്ടില്ലാത്ത 176 പേരൊഴിച്ച് 3,380 പേർക്ക് വീട് അനുവദിച്ചതിൽ 2,748 പേർ (81.30%) ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. ശേഷിക്കുന്നവയുടെ നിർമ്മാണം പുരോഗമിച്ചുവരികയാണ്. ലൈഫ് മിഷന്റെ പ്രാരംഭ പട്ടികയിലുൾപ്പെടാത്തതും എന്നാൽ ശോചനീയാവസ്ഥയിലുള്ള വീടുകളിൽ താമസിക്കുന്നതുമായ 16,070 പട്ടികവർഗ്ഗ ഗുണഭോക്താക്കളുടെ പട്ടിക ലൈഫ് മിഷന് കൈമാറിയിരുന്നു. അതിൽ 10,916 പേരുടെ അർഹത ലൈഫ് മിഷൻ അംഗീകരിക്കുകയും 5,177 പേർ കരാർ വയ്ക്കുകയും ചെയ്തിട്ടുണ്ട്. ഇവയുടെ പ്രവൃത്തികൾ പൂർത്തീകരിക്കാൻ ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർമാർ/പട്ടികവർഗ്ഗ പ്രൊമോട്ടർമാർ എന്നിവരുടെ മേൽനോട്ടവും ഉറപ്പുവരുത്തിയിട്ടുണ്ട്.

(സി) ലൈഫ് മിഷന്റെ അർഹതാ ലിസ്റ്റിൽ ഉൾപ്പെടാത്തതും എന്നാൽ വാസയോഗ്യമല്ലാത്ത വീടുകളിൽ കഴിയുന്നവരുമായ പട്ടികജാതി, പട്ടിക ഗോത്രങ്ങളിൽപ്പെട്ട കുടുംബങ്ങളുടെ കണക്ക് ലഭ്യമാണോ; ഇവരെക്കൂടി അർഹതാ ലിസ്റ്റിൽ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

പട്ടികവർഗ്ഗ വികസന വകുപ്പ് ലൈഫ് മിഷന്റെ അർഹതാ ലിസ്റ്റിൽ ഉൾപ്പെടാത്തതും എന്നാൽ ശോച്യമായ വീടുകളിൽ താമസിക്കുന്നതുമായ 16,070 പട്ടിക വർഗ്ഗക്കാരെ വകുപ്പ് നടത്തിയ സർവ്വേ പ്രകാരം കണ്ടെത്തുകയും ടി ലിസ്റ്റ്

തുടർനടപടികൾക്കായി ലൈഫ് മിഷന് കൈമാറുകയും ചെയ്തിട്ടുണ്ട്. ആയതിൽ ലൈഫ് മിഷൻ അർഹരെന്ന് കണ്ടെത്തിയ 12,931 പേരിൽ 10,916 പേരെ ലൈഫ് മിഷൻ കമ്മിറ്റി അംഗീകരിച്ചിട്ടുണ്ട്. പട്ടികജാതി വികസന വകുപ്പ് ലൈഫ് മിഷൻ തയ്യാറാക്കിയ ഭൂരഹിത ഭവനരഹിതരുടെയും ഭൂമിയുള്ള ഭവനരഹിതരുടെയും ലിസ്റ്റിൽ ഉൾപ്പെടാതെപോയ അർഹരായ പട്ടികജാതിവിഭാഗക്കാരെക്കൂടി ലൈഫ് മിഷനിൽ ഉൾപ്പെടുത്തുന്നതിനായി വകുപ്പ് കണ്ടെത്തിയ 36399 ഭൂരഹിത ഭവനരഹിതരുടെയും 49105 ഭൂമിയുള്ള ഭവനരഹിതരുടെയും പട്ടിക ലൈഫ് മിഷൻ കൈമാറിയിട്ടുണ്ട്. ആയതിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അർഹത പരിശോധിച്ച് 21773 ഭൂരഹിത ഭവനരഹിതരെയും 35078 ഭൂമിയുള്ള ഭവന രഹിതരെയും കൂടി ലൈഫ് മിഷൻ അഡീഷണൽ ലിസ്റ്റായി ഉൾപ്പെടുത്തിയിട്ടുണ്ട്. ഇവർക്കും വാസയോഗ്യമായ വീട് നിർമ്മിക്കുന്നതിന് 4 ലക്ഷം രൂപ നിരക്കിൽ ധനസഹായം അനുവദിക്കുന്നതിന് ലൈഫ് മിഷൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

### കാട്ടുപന്നിയെ കൊല്ലാൻ കർഷകർക്ക് അനുമതി

26(*86) ശ്രീ. സണ്ണി ജോസഫ്:
ശ്രീ. സജീവ് ജോസഫ്:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ) സദയം മറുപടി നൽകുമോ:

(എ) കൃഷി നശിപ്പിക്കുന്ന കാട്ടുപന്നിയെ കൊല്ലാൻ കർഷകരെ അനുവദിക്കണമെന്ന് 2021 ജൂലൈ 23-ന് ഹൈക്കോടതി നിർദേശിച്ചതിനെ തുടർന്ന് സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

WP(C) 21207/2020, WP(C) 12496/2021 എന്നീ കേസുകളിൽ ബഹുമാനപ്പെട്ട കേരള ഹൈക്കോടതി 23-7-2021-ന് ഇടക്കാല ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ടി ഇടക്കാല ഉത്തരവിൽ കൃഷി നശിപ്പിക്കുന്ന കാട്ടുപന്നിയെ വേട്ട ചെയ്യുവാൻ പരാതിക്കാർക്ക് ചീഫ് വൈൽഡ് ലൈഫ് വാർഡൻ അനുവാദം നൽകണമെന്ന് ഉത്തരവായിരുന്നു. പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ ടി കേസ്സുകളിലെ 12 പരാതിക്കാർക്ക് ചീഫ് വൈൽഡ് ലൈഫ് വാർഡൻ 10-8-2021-ലെ KFDHQ/188794/2021-CWW/WL12 നമ്പർ നടപടി ഉത്തരവ് പ്രകാരം ടിയാന്മാരുടെ കൃഷിസ്ഥല പ്രദേശത്ത് കാട്ടുപന്നികളെ വേട്ട ചെയ്യുന്നതിന് അനുമതി നൽകിയിട്ടുണ്ട്. തുടർന്ന്, WP(C) No.17801/2021 നമ്പർ കേസിലും ബഹുമാനപ്പെട്ട കേരള ഹൈക്കോടതി 23-7-2021-ലെ ടി ഉത്തരവ് ബാധകമാക്കിക്കൊണ്ട് 2-9-2021 തീയതിയായി ഇടക്കാല ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത

കേസിലെ 10 പരാതിക്കാർക്കും ചീഫ് വൈൽഡ് ലൈഫ് വാർഡൻ 16-9-2021-ൽ KFDHQ/3618/2021-CWW/WL12 നമ്പർ നടപടി ഉത്തരവ് പ്രകാരം ടിയാന്മാരുടെ കൃഷിസ്ഥല പ്രദേശത്ത് കാട്ടുപന്നികളെ വേട്ട ചെയ്യുന്നതിന് അനുമതി നൽകിയിട്ടുണ്ട്. കൂടാതെ, WP(C)18757/2021 നമ്പർ കേസിൽ 16-9-2021-ലും WP(C)18779/2021 നമ്പർ കേസിൽ 17-9-2021-ലും സമാന രീതിയിൽ ബഹുമാന പ്പെട്ട കേരള ഹൈക്കോടതി ഉത്തരവായിരുന്നു. ടി കേസുകളിലെ പരാതിക്കാർക്ക് (WP(C)18757/2021 ലെ 4 പേർ, WP(C)18779/2021-ലെ 13 പേർ) ടിയാൻമാരുടെ കൃഷി പ്രദേശത്ത് കാട്ടുപന്നികളെ വേട്ട ചെയ്യുന്നതിന് അനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ബി) പ്രസ്തുത നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ വകുപ്പ് നിയമോപദേശം തേടിയിരുന്നോ; വിശദാംശം നൽകുമോ?

തേടിയിരുന്നു. ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ 23-7-2021-ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ സമയ പരിധിക്കുള്ളിൽ സ്വീകരിക്കേണ്ട നടപടി അറിയിക്കാൻ അഡ്വക്കേറ്റ് ജനറലിനോട് 26-7-2021-ന് കത്ത് മുഖാന്തിരം പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് (വൈൽഡ് ലൈഫ്) & ചീഫ് വൈൽഡ് ലൈഫ് വാർഡൻ അപേക്ഷിച്ചിരുന്നു. ടി കത്തിനോടൊപ്പം കാട്ടുപന്നികളെ വേട്ട ചെയ്യുന്നതിന് പരാതിക്കാർക്ക് അനുമതി നൽകുന്നതിനുള്ള കരട് നടപടി ഉത്തരവും ഉൾക്കൊള്ളിച്ചിരുന്നു. ടി കരട് ഉത്തരവിൽ വരുത്തേണ്ട ഭേദഗതി നിർദ്ദേശിച്ചുകൊണ്ടും ടി ഉത്തരവ് നൽകാവുന്നതാണെന്ന് അറിയിച്ചു കൊണ്ടും 10-8-2021 -ന് അഡ്വക്കേറ്റ് ജനറൽ ഓഫീസിലെ വനം സ്പെഷ്യൽ ഗവൺമെന്റ് പ്ലീഡർ മറുപടി നൽകിയിട്ടുണ്ട്.

(സി) കാട്ടുപന്നിയെ ക്ഷുദ്രജീവിയായി പ്രഖ്യാപിക്കുന്നതിനായി കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന് സംസ്ഥാന സർക്കാർ അപേക്ഷ നൽകിയിരുന്നോ എന്ന് അറിയിക്കുമോ?

അപേക്ഷ നൽകിയിരുന്നു. കാട്ടുപന്നികളെ ക്ഷുദ്രജീവികളായി പ്രഖ്യാപിക്കു ന്നതിന് സംസ്ഥാന സർക്കാർ 1-11-2020, 17-6-2021 എന്നീ തീയതികളിൽ കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന് സർക്കാർ കത്ത് നമ്പർ ഡി2/126/2020/ വനം പ്രകാരം അപേക്ഷ നൽകിയിരുന്നു.

(ഡി) എങ്കിൽ പ്രസ്തുത അപേക്ഷയിന്മേലുള്ള കേന്ദ്ര സർക്കാരിന്റെ മറുപടി വെളിപ്പെടുത്തുമോ?

സംസ്ഥാന സർക്കാരിന്റെ 1-11-2020-ലെ കത്തിന് മറുപടിയായി 1972-ലെ വന്യജീവി (സംരക്ഷണ) നിയമത്തിന്റെ 11 (1) (b) വകുപ്പ് പ്രകാരമുള്ള നടപടികൾ സ്വീകരിക്കാനും പ്രശ്നക്കാരായ കാട്ടുപന്നികളുടെ കാര്യത്തിൽ പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ സേവനങ്ങൾ ഉപയോഗിക്കാനുള്ള സാധ്യത പരിഗണിക്കുവാൻ നിർദ്ദേശിച്ചുകൊണ്ടും കേന്ദ്ര സർക്കാർ, എഫ്.നമ്പർ 8-31/2020-ഡബ്ള്യൂ.എൽ, തീയതി 10-12-2020-ലെ കത്ത് പ്രകാരം മടക്കി നൽകിയിരുന്നു. ഇതിനെ തുടർന്ന് സംസ്ഥാന സർക്കാർ 17-6-2021-ലെ കത്ത് പ്രകാരം 2011 മുതൽ പഞ്ചായത്തുകളുടെ സേവനം ഉപയോഗിച്ച് 1972-ലെ വന്യജീവി (സംരക്ഷണ) നിയമത്തിന്റെ 11 (1) (b) വകുപ്പ് പ്രകാരമുള്ള നടപടികൾ എടുത്തുവന്നിരുന്നുവെങ്കിലും കാട്ടുപന്നി പ്രശ്നത്തിൽ കാര്യമായ പുരോഗതി കൈവരിക്കാൻ സാധിച്ചിട്ടില്ല എന്ന് വ്യക്തമാക്കി കാട്ടുപന്നികളെ ക്ഷുദ്രജീവിയായി പ്രഖ്യാപിക്കുന്നതിനുള്ള അപേക്ഷ വീണ്ടും കേന്ദ്ര സർക്കാരിന് സമർപ്പിക്കുകയുണ്ടായി. ആയതിനെ തുടർന്ന്, 2011 മുതൽ കാട്ടുപന്നികളുടെ ശല്യം കൈകാര്യം ചെയ്യുന്നതിന് സംസ്ഥാന സർക്കാർ സ്വീകരിച്ച നടപടികളും 6-2-2021-ൽ F.No..8/60/2020-WL(part-I)നമ്പർ അഡ്വൈസറി പ്രകാരം സ്വീകരിച്ച നടപടികളും അറിയിക്കുന്നതിന് 8-7-2021-ലെ F.No.8-31/2020-WL എന്ന കത്ത് മുഖാന്തിരം കേന്ദ്ര സർക്കാർ ആവശ്യപ്പെടുകയുണ്ടായി. കേന്ദ്ര സർക്കാർ ആവശ്യപ്പെട്ട വിശദാംശങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള മറുപടിയുടെ കരട് തയ്യാറാക്കിയിട്ടുണ്ട്. ആയത് ഉടൻ തന്നെ കേന്ദ്ര വനം -പരിസ്ഥിതി മന്ത്രാലയത്തിന് നൽകുന്നതാണ്.

**എസ്.സി., എസ്.ടി. വിഭാഗങ്ങൾക്ക് ഭവന നിർമ്മാണ ധനസഹായം**

27(*87) ശ്രീമതി കെ. കെ. രമ:
ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എസ്.സി., എസ്.ടി. വിഭാഗങ്ങൾക്ക് ഭവന നിർമ്മാണത്തിനായി നൽകിവരുന്ന സഹായധനം പര്യാപ്തമല്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യം ഗൗരവത്തോടെ കാണുമോ;

(ബി) സംസ്ഥാനത്ത് നിർമ്മാണ സാമഗ്രികളുടെ വിലവർദ്ധനവും കൂലി വർദ്ധനവും കാരണം ഭവന നിർമ്മാണച്ചെലവ് ഭീമമായി വർദ്ധിച്ചിരിക്കുന്ന സാഹചര്യത്തിൽ പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് നൽകിവരുന്ന ഭവന നിർമ്മാണ ധനസഹായ തുക വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

(എ &ബി) 2018-19 സാമ്പത്തിക വർഷം മുതൽ ലൈഫ് മിഷൻ മുഖാന്തിരമാണ് ഭവനനിർമ്മാണ ധനസഹായ പദ്ധതി നടപ്പാക്കിവരുന്നത്. 4 ലക്ഷം രൂപ നിരക്കിലാണ് പട്ടികജാതി വിഭാഗത്തിന് ഭവന നിർമ്മാണത്തിന് ധനസഹായം അനുവദിക്കുന്നത്. ലൈഫ് മിഷൻ മുഖേന പട്ടികവർഗ്ഗ സങ്കേത ങ്ങൾക്കുള്ളിൽ അനുവദിക്കുന്ന വീടുകൾക്ക് 6 ലക്ഷം രൂപ നിരക്കിലും പട്ടികവർഗ്ഗ സങ്കേതങ്ങൾക്ക് പുറത്ത് താമസിക്കുന്ന പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഗുണഭോക്താവിന് 4 ലക്ഷം രൂപയുടെ ധനസഹായവും അനുവദിക്കുന്നു. അതീവ ദുർഘട പ്രദേശങ്ങളിൽ നിർമ്മിക്കുന്ന വീടുകൾക്ക് നിർവ്വഹണ ഉദ്യോഗസ്ഥന്റെ ശിപാർശയുടെ അടിസ്ഥാനത്തിൽ പ്രസ്തുത തുകയുടെ 20% അധികവും അനുവദിക്കുന്നുണ്ട്. ഇതിനു പുറമേ ഭവന നിർമ്മാണ പ്രവൃത്തികൾ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെടുത്തി 90 പ്രവൃത്തി ദിനങ്ങളും ലഭ്യമാക്കുന്നുണ്ട്. ഭവന നിർമ്മാണ ധനസഹായം, വർദ്ധിച്ചുവരുന്ന നിർമ്മാണ ചെലവുകൾക്ക് ആനുപാതികമായി വർദ്ധിപ്പിക്കുന്ന കാര്യം സർക്കാർ പരിശോധി ക്കുന്നതാണ്.

(സി) സംസ്ഥാനത്തെ മുഴുവൻ പട്ടികജാതി, പട്ടികവർഗ്ഗ കുടുംബങ്ങൾക്കും ഭവനം നിർമ്മിച്ച് നൽകുന്നതിന് പ്രത്യേക പദ്ധതി നടപ്പാക്കുമോ; വിശദമാക്കാമോ ?

നിലവിൽ നവകേരള മിഷന്റെ ഭാഗമായി നടപ്പിലാക്കിയ ലൈഫ് മിഷൻ പദ്ധതി മുഖേനയാണ് പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് വീട് അനുവ ദിക്കുന്നത്.

### മുതലപ്പൊഴിയിലെ പുലിമുട്ട് പൊളിച്ചുനീക്കിയ സംഭവം

28 (*88) <u>ശ്രീ. സജീവ് ജോസഫ്</u>:
<u>ഡോ. മാത്യു കുഴൽനാടൻ</u>:
<u>ശ്രീ. പി. ടി. തോമസ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി (<u>ശ്രീ. അഹമ്മദ് ദേവർകോവിൽ</u>) സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം ഹാർബർ നിർമ്മാണത്തിന് പാറ ശേഖരിച്ച് കടൽമാർഗ്ഗം കൊണ്ടുപോകാനുള്ള സൗകര്യങ്ങൾ മുതലപ്പൊഴി കടൽത്തീരത്ത് ഏർപ്പെടുത്താൻ അദാനി കമ്പനിക്ക് സർക്കാർ അനുവാദം നൽകിയിരുന്നോ എന്ന് വ്യക്തമാക്കാമോ?

നൽകിയിരുന്നു.

(ബി) ഇതുമൂലം ഉണ്ടായേക്കാവുന്ന പാരിസ്ഥിതിക ആഘാതം സംബന്ധിച്ച് പഠനം നടത്താതെയാണ് പുലിമുട്ട് പൊളിച്ചുനീക്കിയതെന്ന ആരോപണത്തിന്റെ നിജസ്ഥിതി അറിയിക്കാമോ?

ഇതിനായി കേരള കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റിയുടെ അനുമതി ലഭിച്ചിട്ടുണ്ട്.

(സി) പാറ കൊണ്ടുപോകാനുള്ള ബാർജ്ജുകളുടെ പ്രവേശനത്തിനായി തെക്ക ഭാഗത്തെ പുലിമുട്ട് അദാനി കമ്പനി പൊളിച്ചുനീക്കിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്. ലോഡ് ഔട്ട് ഫെസിലിറ്റി നിർമ്മിക്കുന്നതിനായി ഒപ്പിട്ടുള്ള ധാരണാ പത്രത്തിലെ വ്യവസ്ഥകൾക്ക് വിധേയമായാണ് നിർമ്മാണ പ്രവർത്തനങ്ങൾ നടന്നിട്ടുള്ളത്.

(ഡി) പൊളിച്ചുനീക്കിയ പുലിമുട്ടുകൾ കടലിൽ നിക്ഷേപിച്ചിരിക്കുന്നത് കാരണം നിരവധി ബോട്ടുകൾക്കും വലയ്ക്കും കേടുപാടുകൾ സംഭവിക്കുന്നതായി പരാതി ലഭിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

പൊളിച്ചുനീക്കിയ പുലിമുട്ടിന്റെ കല്ലുകൾ അദാനി കമ്പനി ചാനലിൽ നിന്നും നീക്കം ചെയ്തിട്ടുണ്ട്.

## 2021-ലെ സമുദ്ര മത്സ്യബന്ധന ബിൽ

29 (*89) ശ്രീ. പി. നന്ദകുമാർ:
ശ്രീ. എ. എൻ. ഷംസീർ:
ശ്രീ. എച്ച്. സലാം:
ശ്രീ. പി. മമ്മിക്കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനങ്ങളുടെ എതിർപ്പ് അവഗണിച്ചുകൊണ്ട് വൻകിട ട്രോളറുകളുടെ താല്പര്യ സംരക്ഷണാർത്ഥം നാടൻ വള്ളങ്ങളിലും യന്ത്രവൽകൃത ചെറുയാനങ്ങളിലും കടൽ മത്സ്യബന്ധനത്തിലേർപ്പെടുന്നവരുടെ താല്പര്യം ഹനിച്ച് കേന്ദ്ര സർക്കാർ 2021-ലെ സമുദ്ര മത്സ്യബന്ധന ബില്ലിന്റെ കരട് തയ്യാറാക്കിയിട്ടുള്ളത് പരിശോധനാ വിധേയമാക്കിയിരുന്നോ?

കേന്ദ്രസർക്കാരിന്റെ 2021-ലെ സമുദ്ര മത്സ്യബന്ധന ബില്ലിന്റെ കരട് പരിശോധനയ്ക്ക് വിധേയമാക്കിയിരുന്നു. ആയത് പ്രസിദ്ധീകരിച്ച ഉടൻ തന്നെ സംസ്ഥാന താൽപ്പര്യത്തിന് ഹാനികരമാകുന്ന നിർദ്ദേശങ്ങൾ തിരുത്തണമെന്ന് കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നു.

(ബി) ഇതുസംബന്ധിച്ച് തീരദേശ മത്സ്യത്തൊഴിലാളികളുടെ ആശങ്ക കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ടോ?

ഉണ്ട്. കൂടാതെ സംസ്ഥാനത്തിന്റെ താൽപ്പര്യം സംരക്ഷിക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങളും കേന്ദ്രത്തിന് സമർപ്പിച്ചിട്ടുണ്ട്.

(സി) മത്സ്യത്തൊഴിലാളികളുടെ താല്പര്യ സംരക്ഷണത്തിനായി സംസ്ഥാന സർക്കാർ നടപ്പിലാക്കുന്ന പ്രധാന പദ്ധതികൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ?

മത്സ്യത്തൊഴിലാളികളുടെ താല്പര്യ സംരക്ഷണത്തിനായി സംസ്ഥാന സർക്കാർ നടപ്പിലാക്കുന്ന പ്രധാന പദ്ധതികൾ ചുവടെ ചേർക്കുന്നു :

1. പരമ്പരാഗത മത്സ്യത്തൊഴിലാളി ഗ്രൂപ്പുകളെ ആഴക്കടൽ മത്സ്യ ബന്ധനത്തിന് പ്രാപ്തരാക്കുന്നതിന് ബോട്ടുകൾ നൽകുന്ന പദ്ധതി
2. സമ്പാദ്യ സമാശ്വാസ പദ്ധതി
3. പുനർഗേഹം പദ്ധതി
4. വിദ്യാഭ്യാസ സഹായ പദ്ധതികൾ
5. മത്സ്യബന്ധനയാനങ്ങൾക്കും എഞ്ചിനുകൾക്കും ഇൻഷ്വറൻസ് പദ്ധതി
6. സുരക്ഷിത മത്സ്യബന്ധനം ഉറപ്പാക്കുന്ന കടൽ സുരക്ഷാ പദ്ധതി.
7. മത്സ്യത്തൊഴിലാളികൾക്ക് FRP ബോട്ട് നൽകുന്ന പദ്ധതി
8. മത്സ്യത്തൊഴിലാളികൾക്ക് ഇൻസുലേറ്റഡ് ബോക്സ് നൽകുന്ന പദ്ധതി
9. മത്സ്യത്തൊഴിലാളികൾക്ക് മണ്ണെണ്ണ സബ്സിഡി
10. മത്സ്യത്തൊഴിലാളി വനിതകൾക്ക് വിപണനത്തിന് സുരക്ഷിത യാത്രാസൗകര്യത്തിനായി സൗജന്യ ബസ് സർവ്വീസ് പദ്ധതി
11. ഓഖി പുനരധിവാസ പദ്ധതികൾ.
12. മത്സ്യത്തൊഴിലാളി/അനുബന്ധത്തൊഴിലാളി ഗ്രൂപ്പ് ആക്സിഡന്റ് ഇൻഷ്വറൻസ് പദ്ധതി.
13. കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് നടപ്പിലാക്കുന്ന വിവിധ പദ്ധതികൾ.
14. മത്സ്യഫെഡ് വഴി നടപ്പാക്കുന്ന പദ്ധതികൾ.

15. മത്സ്യത്തൊഴിലാളി വനിതകൾക്ക് സാഫ് മുഖേന സ്വയംതൊഴിൽ കണ്ടെത്തുന്നതിനുള്ള പദ്ധതി.

16. മത്സ്യത്തൊഴിലാളി പങ്കാളിത്തം ഉറപ്പാക്കിയ ഫിഷറീസ് മാനേജ്മെന്റ് കൗൺസിലുകൾ.

**വനമേഖലയിൽ താമസിക്കുന്നവർക്ക് വന്യമൃഗങ്ങളിൽ നിന്നും സംരക്ഷണം**

30 (*90) ശ്രീ. കെ. പി. മോഹനൻ:
ശ്രീ. തോമസ് കെ. തോമസ്:
ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ) സദയം മറുപടി നൽകുമോ:

(എ) വനമേഖലയോട് ചേർന്ന് താമസിക്കുന്നവർക്കും വനവാസികൾക്കും കാട്ടുമൃഗങ്ങളിൽനിന്നും സംരക്ഷണം നൽകുന്നതിന് സ്വീകരിച്ച് വരുന്ന നടപടികൾ വ്യക്തമാക്കുമോ?

വനമേഖലയോട് ചേർന്ന് താമസിക്കുന്നവർക്കും വനവാസികൾക്കും കാട്ടുമൃഗങ്ങളിൽനിന്നും സംരക്ഷണം നൽകുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ ചുവടെ ചേർക്കുന്നു:-

വന്യമൃഗങ്ങളുടെ നാട്ടിലേയ്ക്കുള്ള പ്രവേശനം തടയുന്നതിനായി വനാതിർത്തികളിൽ സൗരോർജ്ജ വേലി, ആന പ്രതിരോധ മതിലുകൾ, കിടങ്ങുകൾ, ക്രാഷ്ഗാർഡ് റോപ്പ് ഫെൻസിംഗ്, റെയിൽ ഫെൻസിംഗ് എന്നിവ നിർമ്മിക്കുകയും കാലാ കാല ങ്ങളിൽ അറ്റകുറ്റപ്പണികൾ നടത്തി പ്രവർത്തന ക്ഷമമാക്കുന്നുമുണ്ട്. വന്യമൃഗങ്ങളുടെ സാന്നിദ്ധ്യം മുൻകൂറായി അറിയിക്കുന്നതിനായി ഏർളി വാർണിംഗ് സിസ്റ്റം വനത്തിനോട് ചേർന്നുള്ള ജനവാസ മേഖലകളിൽ നടപ്പാക്കിയിട്ടുണ്ട്. നാട്ടിലേയ്ക്ക് ഇറങ്ങുന്ന വന്യജീവികളെ കാട്ടിലേയ്ക്ക് തുരത്തു ന്നതിനായി വിവിധ പ്രദേശങ്ങളിൽ 13 സ്ഥിരം/താത്കാലിക റാപ്പിഡ് റെസ്പോൺസ് ടീമുകൾ പ്രവർത്തിച്ചുവരുന്നു. പ്രശ്നക്കാരായ ആനകളെ റേഡിയോ കോളർ ഘടിപ്പിച്ച് സഞ്ചാരപഥം നിരീക്ഷിച്ച് വനാതിർത്തിയിലെ താമസക്കാർക്ക് മുന്നറിയിപ്പ് കൊടുക്കുന്നതിനും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. കാട്ടാന പ്രശ്നം രൂക്ഷമായിട്ടുള്ള പാലക്കാട്, വയനാട് ജില്ലകളിൽ കുങ്കിയാനകളെ ഉപയോഗിച്ച് പ്രശ്നക്കാരായ കാട്ടാനകളെ തിരിച്ച് കാട്ടിലേയ്ക്ക് തുരത്തുന്നതിനായി കുങ്കി സ്ക്വാഡുകളും പ്രവർത്തിച്ച് വരുന്നുണ്ട്. സ്ഥിരമായി ജനവാസ കേന്ദ്രങ്ങളിലിറങ്ങുന്ന വന്യജീവികളെ മയക്ക് വെടിവച്ചോ കൂടുകൾ സ്ഥാപിച്ചോ പിടിച്ച് ജനവാസ കേന്ദ്രങ്ങളിൽനിന്നും അകലെയുള്ള വനമേഖലയിലേയ്ക്ക് പുനരധിവസിപ്പിക്കുന്നതിനും നടപടി സ്വീകരിച്ച് വരുന്നുണ്ട്.

മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിന് പൊതുജന പങ്കാളിത്തത്തോടെ നടപടികൾ സ്വീകരിക്കുന്നതിനായി തദ്ദേശിയരും ജനപ്രതിനിധികളും വനം ഉദ്യോഗസ്ഥരും ചേർന്നുള്ള 246 ജനജാഗ്രതാ സമിതികൾ രൂപീകരിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെയും സംസ്ഥാന സർക്കാരിന്റെയും സഹായത്തോടെ നടപ്പാക്കുന്ന പദ്ധതികളിൽപ്പെടുത്തി വന്യ ജീവികളുടെ ആവാസ വ്യവസ്ഥ അഭിവൃദ്ധിപ്പെടുത്തുന്നതിന് മണ്ണ് ജലസംരക്ഷണ പ്രവൃത്തികൾ, ചെക്ക് ഡാമുകളുടെ നിർമ്മാണം, തദ്ദേശീയമല്ലാത്തകളകളുടെ നിർമ്മാർജ്ജനം, വനത്തിനകത്ത് ജലലഭ്യത ഉറപ്പുവരുത്തുന്നതിന് കുളങ്ങളുടെ നിർമ്മാണം, പുനരുദ്ധാരണം തുടങ്ങിയവ നടത്തിവരുന്നുണ്ട്. വന്യജീവികൾക്കും അവയുടെ ആവാസ വ്യവസ്ഥയ്ക്കും ദോഷകരമായി ഭവിക്കുന്ന കാട്ടുതീ തടയുന്നതിനായി വനമേഖലകളിലും വനാതിർത്തി പങ്കിടുന്ന ജനവാസ മേഖലകളിലും കാട്ടുതീ പ്രതിരോധ പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. കാട്ടുപന്നികൾ ജനവാസ മേഖലയിലും കൃഷിയിടങ്ങളിലും നാശം വരുത്തുകയും മനുഷ്യർക്ക് പരിക്ക്, ജീവഹാനി എന്നിവ ഉണ്ടാക്കുന്ന സാഹചര്യത്തിൽ അവയെ ഉപാധികളോടെ വെടിവച്ച് കൊല്ലുന്നതിനും നശിപ്പിക്കുന്നതിനും 18-5-2020-ലെ സ.ഉ. (സാധാ) നമ്പർ 111/2020/വനം, 11-1-2021-ലെ സ.ഉ.(സാധാ) നമ്പർ 5/2021/വനം, 28-1-2021-ലെ സ.ഉ. (സാധാ) നമ്പർ 25/2021/വനം എന്നിവ പ്രകാരം ഉത്തരവായിട്ടുണ്ട്. 29-5-2021-ലെ സ.ഉ. (സാധാ) നം. 159/2021/വനം പ്രകാരം മേൽ ഉത്തരവുകളുടെ കാലാവധി 17-5-2022 വരെ ദീർഘിപ്പിച്ച് നൽകിയിട്ടുണ്ട്. വന്യജീവി ആക്രമണംമൂലം കൃഷിനാശം സംഭവിച്ച കർഷകർക്ക് 8-1-2015-ലെ സ.ഉ. നമ്പർ (കൈ) 2/2015/ വനം, 5-4-2018-ലെ സ.ഉ. നമ്പർ (കൈ) 17/2018/ വനം എന്നീ ഉത്തരവുകൾ പ്രകാരം നഷ്ടപരിഹാരം നൽകി വരുന്നുണ്ട്. വന്യജീവി ആക്രമണംമൂലം ജീവഹാനി, പരിക്ക്, സ്വത്ത്നാശം, അംഗവൈകല്യം എന്നിവ ഉണ്ടാകുന്നവർക്ക് 5-4-2018-ലെ സ.ഉ.(കൈ)നമ്പർ 17/2018/വനം എന്ന ഉത്തരവ് പ്രകാരം നഷ്ട പരിഹാരം നൽകി വരുന്നുണ്ട്. വന്യമൃഗശല്യം രൂക്ഷമായ പ്രദേശങ്ങളിലെ ഫോറസ്റ്റ് സെറ്റിൽമെന്റുകളിലെ താമസക്കാരെ സ്വയം സന്നദ്ധ പുനരധിവാസ പദ്ധതി പ്രകാരം കാടിന് പുറത്തേയ്ക്ക് പുനരധിവസിപ്പിക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

(ബി) സംസ്ഥാനത്ത് വന്യമൃഗങ്ങളുടെ ആക്രമണത്താൽ കൃഷിയും ജീവനും നഷ്ടപ്പെടുന്നത് തടയാൻ ശാസ്ത്രീയമായ പുതിയ നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

സ്വീകരിക്കുന്നതാണ്. മനുഷ്യ വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനായി സംസ്ഥാനതലത്തിൽ 5 വർഷത്തേയ്ക്കുള്ള ഒരു ബൃഹത് പദ്ധതി പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വൈൽഡ് ലൈഫ്) & ചീഫ് വൈൽഡ് ലൈഫ് വാർഡൻ ലഭ്യമാക്കിയിട്ടുണ്ട്. ആയത് സർക്കാർ പരിശോധിച്ച് വരികയാണ്.

പ്രസ്തുത പദ്ധതിയിൽ നിലവിലുള്ള പ്രതിരോധ മാർഗ്ഗങ്ങൾക്ക് പുറമെ നൂതനമായ ശാസ്ത്രീയ മാർഗ്ഗങ്ങളും വിഭാവനം ചെയ്തിട്ടുണ്ട്. വന്യജീവികളുടെ സാന്നിദ്ധ്യം മുൻകൂട്ടി അറിയുന്നതിനുള്ള ഏർളി വാർണിംഗ് സംവിധാനം 42 സ്ഥലങ്ങളിൽ നടപ്പിലാക്കാനും വന്യജീവി ആക്രമണം രൂക്ഷമായ 17 സ്ഥലങ്ങളിൽ ഡ്രോൺ ഉപയോഗിച്ച് നിരീക്ഷണം നടത്തുന്നതിനും സ്ഥിരമായി കൃഷി നശിപ്പിക്കുന്ന വന്യജീവികളെ റേഡിയോ കോളർ ഘടിപ്പിച്ച് നിരീക്ഷിക്കുന്നതിന് 8 റേഡിയോ ടെലിമെട്രി സംവിധാനം വാങ്ങുന്നതിനും 470 കി.മീ. ഹാങ്ങിംഗ് സോളാർ ഫെൻസിംഗ് സ്ഥാപിക്കുന്നതിനും പദ്ധതിയിൽ വിഭാവനം ചെയ്തിട്ടുണ്ട്.

(സി) ജൈവ വേലികൾ ഉൾപ്പെടെ സൃഷ്ടിച്ചും വനത്തിനുള്ളിൽ ജലവും തീറ്റയും ലഭ്യമാക്കത്തക്ക തരത്തിൽ നടപടികൾ സ്വീകരിച്ചും ഇവ വനത്തിൽ നിന്നും നാട്ടിൻ പ്രദേശങ്ങളിൽ കയറുന്നത് തടയാൻ കൂടുതൽ നടപടികൾ ഉണ്ടാകുമോ; വിവരം ലഭ്യമാക്കുമോ?

നടപടികൾ സ്വീകരിച്ചുവരുന്നു. ഇക്കാര്യങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് വിശദമായ ഒരു കർമ്മപദ്ധതി സർക്കാർ പരിശോധിച്ചുവരുകയാണ്. അടുത്ത 5 വർഷത്തേയ്ക്ക് സംസ്ഥാനത്ത് വനാതിർത്തി പങ്കിടുന്ന സ്ഥലങ്ങളിൽ 17.5 കി.മീ. നീളത്തിൽ ജൈവവേലികൾ നിർമ്മിക്കാൻ ഈ പദ്ധതിയിൽ വിഭാവനം ചെയ്തിട്ടുണ്ട്. വന്യജീവികളുടെ സ്വാഭാവിക ആവാസ മേഖലകളിൽ ജലവും തീറ്റയും ലഭ്യമാക്കുന്നതിന്റെ ഭാഗമായി പുതിയതായി 197 കുളങ്ങളുടെ നിർമ്മാണം 723 കുളങ്ങളുടെ വൃത്തിയാക്കൽ, 1288 ഹെക്ടർ വയലുകളുടെ പരിപാലനം, 2284 ഹെക്ടർ അധിനിവേശ സസ്യങ്ങളുടെ നിർമ്മാർജ്ജനം എന്നിവ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. വന്യമൃഗങ്ങൾക്ക് ഭക്ഷ്യയോഗ്യമായ പ്ലാവ് (ചക്ക), മാവ് (മാങ്ങ) മുതലായ തദ്ദേശീയ വൃക്ഷങ്ങൾ ഉൾവന ഭാഗങ്ങളിൽ വച്ചുപിടിപ്പിക്കുന്നത് കൃഷി ഇടങ്ങളിലേയ്ക്ക് കടന്നുകയറുന്ന ചില വന്യമൃഗങ്ങളെ തടയുവാൻ സഹായിക്കുമെന്നതിനാൽ 5000 ഹെക്ടർ സ്ഥലത്ത് ഇത്തരം സംപുഷ്ടീകരണം നടത്തുവാനും പദ്ധതിയിൽ വിഭാവനം ചെയ്തിട്ടുണ്ട്.

## (ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### എസ്.സി./എസ്.ടി. വിഭാഗങ്ങളുടെ ഭവന പദ്ധതികൾ

1 (746) ശ്രീമതി ശാന്തകുമാരി കെ.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എസ്.സി./എസ്.ടി. വിഭാഗങ്ങളുടെ ഭവന നിർമ്മാണത്തിനായി ഏതെല്ലാം പദ്ധതികളാണ് നിലവിൽ സംസ്ഥാനത്ത് നടപ്പാക്കിക്കൊണ്ടിരിക്കുന്നത്; പദ്ധതി തിരിച്ച് വിശദാംശം ലഭ്യമാക്കാമോ?

നവകേരള മിഷന്റെ ഭാഗമായുള്ള ലൈഫ് മിഷൻ പദ്ധതിയിലൂടെയാണ് നിലവിൽ ഭവനരഹിതരായ പട്ടികജാതി പട്ടികവർഗ്ഗക്കാർക്ക് വീട് അനുവദിച്ച് വരുന്നത്. ആദിവാസി പുനരധിവാസ പദ്ധതിയിലൂടെയും ഭവന രഹിതരായ പട്ടികവർഗ്ഗ വിഭാഗക്കാർക്ക് വീട് അനുവദിക്കുന്നുണ്ട്.

(ബി) നിർമ്മാണം മുടങ്ങിക്കിടന്നതോ താമസയോഗ്യമോ അല്ലാതിരുന്ന എത്ര എസ്.സി./എസ്.ടി. ഭവനങ്ങളാണ് ലൈഫ് പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ ഇതുവരെ പൂർത്തീകരിച്ചത്; പൂർത്തീകരിക്കാനാവാതെ ഉപേക്ഷിക്കപ്പെട്ട വീടുകൾ ഈ വിഭാഗത്തിൽ ഉണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകുമോ?

പട്ടികജാതി വികസന വകുപ്പ് - ലൈഫ് മിഷന്റെ ഒന്നാം ഘട്ടത്തിൽ മുൻവർഷങ്ങളിൽ അനുവദിച്ച് പൂർത്തീകരിക്കാതെ അവശേഷിച്ച 3893 വീടുകളെ ഉൾപ്പെടുത്തുകയും അതിൽ 3844 വീടുകൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. അവശേഷിക്കുന്ന 49 വീടുകൾ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

പട്ടികവർഗ്ഗ വികസന വകുപ്പ് - ലൈഫ് മിഷന്റെ ഒന്നാം ഘട്ടത്തിൽ മുൻവർഷങ്ങളിൽ അനുവദിച്ച് പൂർത്തീകരിക്കാതെ അവശേഷിച്ച 11377 വീടുകൾ പൂർത്തീകരിച്ചിട്ടുണ്ട്. പൂർത്തീകരിക്കാനാകാതെ ഉപേക്ഷിക്കപ്പെട്ട വീടുകളുള്ളതായി റിപ്പോർട്ട് ചെയ്തിട്ടില്ല.

(സി) ലൈഫിന്റെ രണ്ടാം ഘട്ടത്തിൽ എത്ര വീടുകളാണ് തെരഞ്ഞെടുത്തത്; എത്ര എണ്ണം ഇതിനകം പൂർത്തീകരിച്ചു; എത്ര എണ്ണം പൂർത്തിയായി വരുന്നു; ജില്ല തിരിച്ചുള്ള കണക്ക് നൽകുമോ?

പട്ടികജാതി വികസന വകുപ്പ് - ലൈഫ് പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ ഭവനനിർമ്മാണത്തിന് അർഹരായ 12985 പേരിൽ 12147 ഗുണഭോക്താക്കൾ വീടിന്റെ നിർമ്മാണം ആരംഭിക്കുകയും 9931 പേർ ഭവന നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിവരങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

പട്ടികവർഗ്ഗ വികസന വകുപ്പ് - ലൈഫ് മിഷൻ പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ അർഹരാണെന്ന് കണ്ടെത്തിയ 3556 ഗുണഭോക്താക്കളിൽ 3380 പേർ ഭവനനിർമ്മാണം ആരംഭിക്കുകയും 2748 ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിവരങ്ങൾ അനുബന്ധമായി* ചേർക്കുന്നു. കൂടാതെ ലൈഫ് മിഷന്റെ അർഹതാ ലിസ്റ്റിൽ ഉൾപ്പെടാത്തതും എന്നാൽ ശോച്യമായ വീടുകളിൽ താമസിക്കുന്നതുമായ പട്ടികവർഗ്ഗക്കാരിൽനിന്നും

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ലൈഫ് മിഷൻ അർഹരെന്ന് കണ്ടെത്തിയ 12931 പേരിൽ 10916 പേരെ ലൈഫ് മിഷൻ അംഗീകരിക്കുകയും ഇതിൽ 5177 പേർ ഭവനനിർമ്മാണത്തിനായി കരാർ വയ്ക്കുകയും ചെയ്തു. ജില്ല തിരിച്ചുള്ള വിവരങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

(ഡി) സ്ഥലവും വീടുമില്ലാത്ത എത്ര പേർക്കാണ് മൂന്നാം ഘട്ടത്തിൽ ഭവനസമുച്ചയങ്ങൾ അനുവദിച്ചത്; എത്ര എണ്ണം പൂർത്തിയായി വരുന്നു; ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ?

പട്ടികജാതി വികസന വകുപ്പ് - ലൈഫ് മിഷൻ പദ്ധതിയുടെ മൂന്നാം ഘട്ടത്തിൽ ഭൂരഹിത ഭവനരഹിതരായി കണ്ടെത്തിയവരിൽ ലൈഫ് മിഷൻ ലിസ്റ്റിൽ ഉൾപ്പെട്ട 7241 ഗുണഭോക്താക്കളിൽ 5117 ഗുണഭോക്താക്കൾ വീടിന്റെ നിർമ്മാണം ആരംഭിക്കുകയും 1934 പേർ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിവരങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

പട്ടികവർഗ്ഗ വികസന വകുപ്പ് - ലൈഫ് മിഷൻ പദ്ധതിയുടെ മൂന്നാം ഘട്ടത്തിൽ ഭൂരഹിത ഭവനരഹിതരായി കണ്ടെത്തിയവരിൽ 487 പേർ നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുകയും അതിൽ 265 വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിവരങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

(ഇ) ലൈഫ് പദ്ധതിക്ക് മുമ്പ് കഴിഞ്ഞ സർക്കാരിന്റെ ആദ്യ വർഷങ്ങളിൽ എസ്.സി. വകുപ്പ് നേരിട്ട് എത്ര വീടുകളാണ് അനുവദിച്ചത്; അവയിൽ എത്ര എണ്ണം പൂർത്തീകരിച്ചു; നിർമ്മാണം ഇനിയും പൂർത്തീകരിക്കാനുണ്ടോ; ഉണ്ടെങ്കിൽ എത്രയെണ്ണം; അവയെ ലൈഫിന്റെ ഒന്നാം ഘട്ടത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ;

(എഫ്) മുൻസർക്കാരിന്റെ കാലം മുതൽ ഇതുവരെ വിവിധ പദ്ധതികളിലായി എത്ര എസ്.സി. കുടുംബങ്ങൾക്ക് ഭവനങ്ങൾ നൽകാൻ കഴിഞ്ഞു; പദ്ധതിയും പൂർത്തീകരിച്ച വീടുകളുടെ എണ്ണവും ജില്ല തിരിച്ച് നൽകുമോ?

(ഇ & എഫ്) ലൈഫ് പദ്ധതിക്ക് മുൻപായി ഏതൊക്കെ വർഷങ്ങളിലെ കണക്കുകളാണ് ആവശ്യപ്പെട്ടിരിക്കുന്നതെന്ന് വ്യക്തമല്ല. പട്ടികജാതി വികസന വകുപ്പ് മുഖേന അനുവദിച്ച വീടുകളിൽ 3621 വീടുകൾ പൂർത്തീകരിക്കുവാനുണ്ട്. ലൈഫ് പദ്ധതി പ്രകാരം വീടനുവദിച്ച ഭൂമിയുള്ളവരുടെ എണ്ണം (ലൈഫ് മിഷൻ ഫെയ്സ് II)-12147 ലൈഫ് പദ്ധതി പ്രകാരം വീടനുവദിച്ച ഭൂരഹിത ഭവനരഹിതരുടെ എണ്ണം (ലൈഫ് മിഷൻ ഫെയ്സ് III)-5117, പൂർത്തീകരിച്ച വീടുകളുടെ എണ്ണം (ഫെയ്സ് -II) - 9931, പൂർത്തീകരിച്ച വീടുകളുടെ എണ്ണം (ഫെയ്സ് -III)-1934. ജില്ല തിരിച്ചുള്ള എണ്ണം അനുബന്ധമായി*ചേർത്തിട്ടുണ്ട്.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## തൃശ്ശൂർ മണ്ഡലത്തിലെ ലൈഫ് മിഷൻ പദ്ധതി

2 (747) ശ്രീ. പി. ബാലചന്ദ്രൻ: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തൃശ്ശൂർ മണ്ഡലത്തിൽ പട്ടികജാതി - പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട എത്രപേർ നിലവിൽ ലൈഫ് മിഷൻ പദ്ധതിയിൽ അപേക്ഷ നൽകിയിട്ടുണ്ട്?

പട്ടികജാതി വിഭാഗത്തിൽപ്പെട്ട 761 പേരും പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഒരാളും ലൈഫ് മിഷൻ പദ്ധതിയിൽ അപേക്ഷ നൽകിയിട്ടുണ്ട്.

## പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് വീടുകളുടെ അറ്റകുറ്റപ്പണിക്കായി അനുവദിക്കുന്ന സാമ്പത്തിക സഹായം

3 (748) ശ്രീമതി കാനത്തിൽ ജമീല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വിഭാഗത്തിലുൾപ്പെട്ടവരുടെ വീടിന്റെ അറ്റകുറ്റപ്പണി കൾക്കായി സാമ്പത്തിക സഹായം പ്രസ്തുത വകുപ്പ് മുഖേന നല്കിവരുന്നുണ്ടോ; വിശദമാക്കാമോ;

(ബി) ഉണ്ടെങ്കിൽ ആയതിന്റെ അപേക്ഷ നൽകേണ്ടത് എവിടെയാണെന്നും അപേക്ഷയോടൊപ്പം ഹാജരാക്കേണ്ട രേഖകൾ എന്തെല്ലാമാണെന്നും വിശദമാക്കാമോ; അപേക്ഷാ ഫോറത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) പരമാവധി എത്ര രൂപയാണ് ഒരു അപേക്ഷയിന്മേൽ അനുവദിക്കുന്നത് എന്ന് വിശദമാക്കാമോ?

(എ-സി) പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരുടെ വീടിന്റെ അറ്റകുറ്റപ്പണി കൾക്കായി 2016-17 സാമ്പത്തിക വർഷം വരെ വകുപ്പിൽ നിന്നും സാമ്പത്തിക സഹായം അനുവദിച്ചിരുന്നു. നിലവിൽ പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നില്ല.

## വീട് അറ്റകുറ്റപ്പണിക്ക് ധനസഹായം

4 (749) ശ്രീ. എൻ. കെ. അക്ബർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വികസന വകുപ്പ് മുഖേന വീട് അറ്റകുറ്റപ്പണിക്ക് ധനസഹായം അനുവദിക്കുന്ന പദ്ധതി നടപ്പിലാക്കുന്നത് പരിഗണിക്കുമോ;

(ബി) പട്ടികജാതി വികസന വകുപ്പ് മുഖേന വീട് അറ്റകുറ്റപണിക്ക് ഏതുവർഷം വരെ ധനസഹായം അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

(എ&ബി) 2016-17 സാമ്പത്തിക വർഷം വരെ പട്ടികജാതി വികസന വകുപ്പ് മുഖേന വീട് അറ്റകുറ്റപ്പണിക്ക് ധനസഹായം അനുവദിച്ചിരുന്നു. പ്രസ്തുത പദ്ധതി വീണ്ടും നടപ്പിലാക്കുന്ന വിഷയം നിലവിൽ സർക്കാർ പരിഗണനയിലില്ല.

**പട്ടികജാതി-വർഗ്ഗ-ഗോത്ര ഭവനരഹിതരുടെ കണക്ക്**

5 (750) ശ്രീ. പി. കെ. ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി-പട്ടികവർഗ്ഗ ഗോത്രങ്ങളിൽപ്പെട്ട ഭവനരഹിതരായവരുടെ ജില്ല തിരിച്ചും വിഭാഗം തിരിച്ചുമുള്ള പട്ടിക വെളിപ്പെടുത്താമോ;

(ബി) ഇവരിൽ എത്രപേർക്ക് വകുപ്പുതലത്തിൽ വീട് നിർമ്മിച്ചു നൽകിയിട്ടുണ്ടെന്നും എത്രപേർക്ക് 'ലൈഫ് പദ്ധതി പ്രകാരം വീട് നൽകിയിട്ടുണ്ടെന്നും ഇനം തിരിച്ചും ജില്ല തിരിച്ചും അറിയിക്കുമോ;

(സി) സർക്കാർ രണ്ട് ലക്ഷത്തിലേറെ പേർക്ക് ലൈഫ് പദ്ധതി പ്രകാരം വീട് നിർമ്മിച്ചു നൽകിയതിൽ എത്ര പട്ടികജാതി, പട്ടികവർഗ, ഗോത്ര വിഭാഗങ്ങളെ ആയതിൽ ഉൾപ്പെടുത്തിയെന്നത് ജില്ല തിരിച്ച് വ്യക്തമാക്കുമോ?

(എ-സി) അനുബന്ധമായി* ചേർക്കുന്നു.

(ഡി) ഭൂരഹിതരായ പട്ടികജാതി പട്ടികവർഗ്ഗക്കാർക്ക് പട്ടയ മേളയിലൂടെ ഭൂമി വിതരണം സാദ്ധ്യമായിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

റവന്യൂ വകുപ്പ് മുഖേന പട്ടയ വിതരണം നടപ്പിലാക്കി വരുന്നുണ്ട്.

**അഴീക്കോട് മണ്ഡലത്തിലെ ഭവന/ഭൂരഹിതരായ പട്ടികജാതി/ പട്ടികവർഗ്ഗ കുടുംബങ്ങൾ**

6(751) ശ്രീ. കെ. വി. സുമേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ അഴീക്കോട് മണ്ഡലത്തിൽ ഭവനരഹിതരായ എത്ര പട്ടികജാതി-പട്ടികവർഗ്ഗ കുടുംബങ്ങളുണ്ടെന്ന് പഞ്ചായത്ത് തിരിച്ച് വിശദാംശങ്ങൾ ലഭ്യമാക്കാമോ;

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) പ്രസ്തുത മണ്ഡലത്തിലെ പട്ടികജാതി-പട്ടികവർഗ്ഗത്തിൽപ്പെട്ട ഭൂരഹിതരായ ഭവനരഹിതർ എത്ര; പഞ്ചായത്ത് അടിസ്ഥാനത്തിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

(എ & ബി) വിവരങ്ങൾ അനുബന്ധമായി* ഉൾപ്പെടുത്തിയിരിക്കുന്നു.

**പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ലൈഫ് ഭവന പദ്ധതി**

7 (752) ശ്രീ. എ. പി. അനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈഫ് ഭവന പദ്ധതിയിലേക്ക് പട്ടികവർഗ്ഗ വികസന വകുപ്പിൽ നിന്നും നാളിതുവരെ എത്ര തുകയാണ് നൽകിയിട്ടുള്ളതെന്ന് വിശദമാക്കാമോ?

2019-20 സാമ്പത്തിക വർഷം 64.46 കോടി രൂപയും 2020-21 സാമ്പത്തിക വർഷം 140 കോടി രൂപയും ലൈഫ് മിഷന് അനുവദിച്ച് നൽകിയിട്ടുണ്ട്.

(ബി) ലൈഫ് ഭവന പദ്ധതിയിൽ ഉൾപ്പെടുത്തി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഭവനരഹിതരായ എത്ര കുടുംബങ്ങൾക്ക് വീട് നൽകിയിട്ടുണ്ട്; വിശദമാക്കാമോ?

ലൈഫ് മിഷൻ രണ്ടാം ഘട്ടത്തിൽ (ഭൂമിയുള്ള ഭവനരഹിതർ) 3380 പേർക്കും ലൈഫ് മിഷൻ മൂന്നാം ഘട്ടത്തിൽ (ഭൂരഹിത ഭവനരഹിതർ) 487 പേർക്കും പുതിയ വീട് അനുവദിച്ച് നൽകിയിട്ടുണ്ട്.

**പട്ടികജാതി /പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് വീട്**

8 (753) ശ്രീ. വി. ശശി:
ശ്രീ. പി. എസ്. സുപാൽ:
ശ്രീ. വി. ആർ. സുനിൽ കുമാർ:
ശ്രീമതി സി. കെ. ആശ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഭൂരഹിതരായ പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് സ്ഥലവും വീടും ലഭിക്കുന്നതിനുവേണ്ടി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ എന്തെല്ലാമെന്ന് വിശദീകരിക്കുമോ?

പട്ടികജാതി വികസന വകുപ്പ് ഭൂരഹിത പുനരധിവാസ പദ്ധതി പ്രകാരം പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഭൂരഹിതരായ കുടുംബങ്ങൾക്ക് ഗ്രാമപ്രദേശത്ത് കുറഞ്ഞത് 5 സെന്റ് ഭൂമിയും മുനിസിപ്പൽ/കോർപ്പറേഷൻ പ്രദേശത്ത് കുറഞ്ഞത്

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

3 സെന്റ് ഭൂമിയും വാങ്ങുന്നതിന് ഗ്രാമ/മുനിസിപ്പൽ/കോർപ്പറേഷൻ പ്രദേശങ്ങളിൽ യഥാക്രമം 3,75,000 രൂപയും 4,50,000 രൂപയും 6,00,000 രൂപയും ഗ്രാന്റായി അനുവദിക്കുന്നുണ്ട്. ഈ തുകയ്ക്ക് ലഭിക്കാവുന്ന പരമാവധി ഭൂമി വാങ്ങേണ്ടതാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തയ്യാറാക്കുന്ന ലൈഫ് ഭവന പദ്ധതി ലിസ്റ്റിൽ നിന്നാണ് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത്. ഭവന നിർമ്മാണത്തിനായി ലൈഫ് മിഷൻ മുഖേനയാണ് ധനസഹായം അനുവദിക്കുന്നത്. വകുപ്പിൽനിന്നും ഭൂമി ലഭിച്ചവർക്കും മറ്റ് ഏജൻസികളിൽ നിന്നും ഭൂമി ലഭിച്ചിട്ടുള്ളവർക്കും ഭവന നിർമ്മാണത്തിനുള്ള തുക ലൈഫ് മിഷൻ മുഖേന നൽകുന്നതാണ്. കെട്ടിട സമുച്ചയങ്ങളും ലൈഫ് മിഷൻ മുഖേന നിർമ്മിക്കുന്നുണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പ് ഭൂരഹിതരായ മുഴുവൻ പട്ടികവർഗ്ഗ കുടുംബങ്ങൾക്കും വനാവകാശ നിയമം, നിക്ഷിപ്ത വനഭൂമി വിതരണം, റവന്യൂ ഭൂമി വിതരണം, ലാൻഡ് ബാങ്ക് പദ്ധതി എന്നീ പദ്ധതികളിലായി ഭൂമി വിതരണം ചെയ്യുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നുണ്ട്. ഭൂമി അനുവദിച്ച സ്ഥലങ്ങളിൽ വീട് നിർമ്മിക്കുന്നതിനുള്ള ധനസഹായം നൽകി വരുന്നുണ്ട്.

(ബി) പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് വീട് വയ്ക്കുന്നതിനുവേണ്ടി നിക്ഷിപ്ത വനഭൂമി വിതരണം ചെയ്യുന്നതിനുള്ള പദ്ധതി നിലവിലുണ്ടോ; ഇതിന് കേന്ദ്ര സർക്കാരിന്റെ അനുമതി ലഭിച്ചിട്ടുണ്ടോ?

പട്ടികജാതി വികസന വകുപ്പിൽ നിക്ഷിപ്ത വനഭൂമി വിതരണം ചെയ്യുന്ന പദ്ധതി നിലവിലില്ല. പട്ടികവർഗ്ഗ വികസന വകുപ്പ്, ബഹു. സുപ്രീം കോടതി വിധി പ്രകാരം കേന്ദ്ര സർക്കാരിന്റെ അനുമതിയോടെ ലഭ്യമായ നിക്ഷിപ്ത വനഭൂമിയിൽ നിന്നും കാസർഗോഡ്, വയനാട്, പാലക്കാട്, മലപ്പുറം എന്നീ ജില്ലകളിലായി 4731 പട്ടികവർഗ്ഗ ഗുണഭോക്താക്കൾക്ക് 5333.14 ഏക്കർ നിക്ഷിപ്ത വനഭൂമി വിതരണം ചെയ്തിട്ടുണ്ട്.

(സി) പ്രസ്തുത പദ്ധതി പ്രകാരമുള്ള ആനുകൂല്യങ്ങൾ ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വിശദീകരിക്കുമോ?

പതിച്ച് നൽകുവാൻ കണ്ടെത്തുന്ന ഭൂമിക്കുവേണ്ടി അർഹരായ പട്ടികവർഗ്ഗക്കാരിൽനിന്നും അപേക്ഷകൾ സ്വീകരിച്ച് ലഭിക്കുന്ന അപേക്ഷകളുടെ കരട് ലിസ്റ്റ് തയ്യാറാക്കി ജില്ലാ മിഷൻ ആക്ഷേപങ്ങളും അഭിപ്രായങ്ങളും രേഖപ്പെടുത്തുന്നതിനായി പ്രസിദ്ധപ്പെടുത്തുന്നു. കരട് ലിസ്റ്റ് ഊരുകൂട്ടത്തിന്റെയും ജനകീയ കമ്മിറ്റിയുടെയും പരിശോധനയും ശിപാർശയും പരിഗണിച്ച് റ്റി.ആർ.ഡി.എം. ജില്ലാ മിഷൻ അന്തിമ ലിസ്റ്റ് തയ്യാറാക്കുന്നു. ഭൂരഹിതർ, ഏറ്റവും കുറവ് ഭൂമിയുള്ളവർ എന്ന ക്രമത്തിലാണ് ഗുണഭോക്തൃ ലിസ്റ്റിന്റെ മുൻഗണനാക്രമം.

(ഡി) ലാൻഡ് ബാങ്ക് പദ്ധതി പ്രകാരം വിലനിർണ്ണയം പൂർത്തീകരിച്ച ഭൂമി പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗത്തിലെ അർഹരായവർക്ക് വിതരണം ചെയ്യുന്നതിനുവേണ്ടി സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ?

പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ലാൻഡ് ബാങ്ക് പദ്ധതി പ്രകാരം 53.27 ഏക്കർ ഭൂമി വാങ്ങിയതിൽ 15.7 ഏക്കർ ഭൂമി 108 പേർക്ക് വിതരണം ചെയ്തു. ശേഷിക്കുന്ന 37.57 ഏക്കർ ഭൂമി വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ 19.96 ഏക്കർ ഭൂമി കൂടി വാങ്ങുന്നതിനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്.

## ലൈഫ് ഭവന പദ്ധതി

9 (754) ശ്രീ. എ. പി. അനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈഫ് ഭവന പദ്ധതിയിലേക്ക് പട്ടികജാതി വികസന വകുപ്പിൽ നിന്ന് നാളിതുവരെ എത്ര തുകയാണ് നൽകിയിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) ലൈഫ് ഭവന പദ്ധതിയിൽ ഉൾപ്പെടുത്തി പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഭവനരഹിതരായ എത്ര കുടുംബങ്ങൾക്ക് വീട് നൽകിയിട്ടുണ്ട്, വിശദമാക്കാമോ?

(എ & ബി) വിശദാംശങ്ങൾ അനുബന്ധമായി* ഉൾപ്പെടുത്തിയിരിക്കുന്നു.

## ഭവനരഹിതർ, ഭൂരഹിതരായ ഭവനരഹിതർ എന്നിവരെ സംബന്ധിച്ച കണക്കുകൾ

10(755) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ മണ്ഡലത്തിൽ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഭവനരഹിതർ, ഭൂരഹിതരായ ഭവനരഹിതർ എന്നിവരെ സംബന്ധിച്ച കണക്കുകൾ പഞ്ചായത്തടിസ്ഥാനത്തിൽ നൽകാമോ?

വിശദാംശങ്ങൾ അനുബന്ധമായി* ഉൾപ്പെടുത്തിയിരിക്കുന്നു.

(ബി) പ്രസ്തുത മണ്ഡലത്തിൽ പുതിയ ഭവനത്തിനായി ടി വിഭാഗത്തിൽപ്പെട്ടവരിൽനിന്നും എത്ര അപേക്ഷകൾ ലഭ്യമായെന്നും ഇതിൽ എത്രപേർക്ക് ധനസഹായം നൽകിയെന്നും അറിയിക്കുമോ; ഇത് സംബന്ധിച്ച കണക്കുകൾ നൽകാമോ;

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

(സി) പ്രസ്തുത വിഭാഗത്തിൽപ്പെട്ടവർക്ക് പുതിയ ഭവനം നൽകാനും വീടുകൾക്ക് അറ്റകുറ്റപണികൾ നടത്തുന്നതിനും ഏതൊക്കെ പദ്ധതികളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ; വിശദാംശങ്ങൾ നൽകാമോ?

(ബി&സി) ലൈഫ് മിഷൻ മുഖാന്തരം പഞ്ചായത്ത് മുൻസിപ്പൽ തലത്തിലാണ് നിലവിൽ ഭവന പദ്ധതി നടപ്പിലാക്കുന്നത്. നിർമ്മാണം കഴിഞ്ഞ് 6 വർഷം കഴിഞ്ഞ ഭവനങ്ങളുടെ പുനരുദ്ധാരണത്തിനായി 1.50 ലക്ഷം രൂപ പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന അനുവദിച്ചുവരുന്നു. വീടുകളുടെ അറ്റകുറ്റപണിക്കായി ധനസഹായം അനുവദിക്കുന്ന പദ്ധതി നിലവിൽ വകുപ്പ് മുഖാന്തരം നടപ്പിലാക്കുന്നില്ല.

## പട്ടികജാതി വിഭാഗങ്ങൾക്കുള്ള ഭവന പദ്ധതികൾക്കായി അനുവദിച്ച തുക

11(756) ശ്രീ. സി. ആർ. മഹേഷ്: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2019-20, 2020-21 സാമ്പത്തിക വർഷങ്ങളിൽ പട്ടികജാതി വിഭാഗങ്ങൾക്കുള്ള ഭവന പദ്ധതികൾക്കായി ലൈഫ് മിഷന് കീഴിൽ എത്ര രൂപ അനുവദിച്ചിട്ടുണ്ട്; അനുവദിച്ച തുകയിൽ ചെലവായ തുകയുടെ വർഷം തിരിച്ചുള്ള വിവരം വ്യക്തമാക്കാമോ?

2019-20 സാമ്പത്തിക വർഷത്തിൽ ലൈഫ് മിഷന് തുക അനുവദിച്ചിരുന്നില്ല. 2020-21 സാമ്പത്തിക വർഷത്തിൽ 245 കോടി രൂപ അനുവദിച്ചിരുന്നു. അതിൽ നിന്നും 18.11 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

## വർക്കല മണ്ഡലത്തിൽ ലൈഫ് മിഷൻ പദ്ധതിയിൽ ഉൾപ്പെട്ട പട്ടികജാതി വിഭാഗക്കാരുടെ എണ്ണം

12 (757) ശ്രീ. വി. ജോയി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല മണ്ഡലത്തിൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഭവന രഹിതരായ എത്ര കുടുംബങ്ങളുണ്ടെന്ന് പഞ്ചായത്തടിസ്ഥാനത്തിൽ വ്യക്തമാക്കാമോ; ആയതിൽ ഭൂരഹിതർ എത്രയെന്ന് വ്യക്തമാക്കാമോ?

വിശദാംശങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

(ബി) പ്രസ്തുത ഭൂരഹിതരായിട്ടുള്ളവരിലും ഭവനരഹിതരായിട്ടുള്ളവരിലും എത്ര പേർ 'ലൈഫ് മിഷൻ' പദ്ധതിയിലെ മുൻഗണനാപട്ടികയിൽ ഉൾപ്പെട്ടിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്..

ലൈഫ് മിഷന്റെ മാനദണ്ഡങ്ങളനുസരിച്ച് സൂക്ഷ്മ പരിശോധന നടത്തി അർഹരായ ഗുണഭോക്താക്കളെയാണ് ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെടുത്തുന്നത്. ഇപ്രകാരം 1,429 പേർ ഭൂരഹിത ഭവനരഹിതരായും 782 പേർ ഭൂമിയുള്ള ഭവനരഹിതരുടെ ഗുണഭോക്തൃ പട്ടികയിലും ഉൾപ്പെട്ടിട്ടുണ്ട്.

## പട്ടികജാതി /പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ഭവനം

13 (758) ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിലുള്ള എം.എൻ. ലക്ഷം വീട് ഇരട്ടവീടുകൾ മുഴുവൻ ഒറ്റവീടുകളാക്കി മാറ്റുന്നതിന് നടപടി സ്വീകരിക്കുമോ?

നിലവിൽ അത്തരത്തിലൊരു പദ്ധതി വകുപ്പ് മുഖേന നടപ്പിലാക്കുന്നില്ല. വിഷയം പരിശോധിക്കുന്നതാണ്. തദ്ദേശസ്വയംഭരണ വകുപ്പ് വഴി ഈ പദ്ധതി നടപ്പിലാക്കുന്നുണ്ട്.

(ബി) വിവിധ കാരണങ്ങളാൽ ലൈഫ് പദ്ധതിയിൽ ഉൾപ്പെടാത്ത, വാസ യോഗ്യമായ ഭവനങ്ങളില്ലാത്ത മുഴുവൻ പട്ടികജാതി/പട്ടികവർഗ്ഗ കുടുംബങ്ങൾക്കും വീട് അനുവദിക്കുന്നതിനായി നടപടി സ്വീകരിക്കുമോ?

വിവിധ കാരണങ്ങളാൽ ലൈഫ് മിഷൻ അർഹതാ ലിസ്റ്റിൽ ഉൾപ്പെ ടാത്തതും എന്നാൽ വാസയോഗ്യമായ വീടില്ലാത്തവരുമായ പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരെ പട്ടികജാതി, പട്ടികവർഗ്ഗ വികസന വകുപ്പുകൾ നടത്തിയ സർവ്വേ പ്രകാരം കണ്ടെത്തുകയും, ടി ലിസ്റ്റ് തുടർനടപടികൾക്കായി ലൈഫ് മിഷന് കൈമാറുകയും ചെയ്തിട്ടുണ്ട്. ആയതിൽ അർഹരായ മുഴുവൻ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്കും വീട് അനുവദിക്കുന്നതിനുള്ള നടപടികൾ ലൈഫ് മിഷൻ മുഖേന സ്വീകരിച്ചുവരുന്നു.

## സ്വന്തമായി വീടില്ലാത്ത പട്ടികജാതി കുടുംബങ്ങൾ

14 (759) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്വന്തമായി വീടില്ലാത്ത എത്ര പട്ടികജാതി കുടുംബ ങ്ങളുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ?

സംസ്ഥാനത്ത് സ്വന്തമായി വീടില്ലാത്ത ഭൂമിയുള്ള ഭവനരഹിതരുടെയും ഭൂമിയില്ലാത്ത ഭവനരഹിതരുടെയും ജില്ല തിരിച്ചുള്ള വിവരം അനുബന്ധമായി* ചേർക്കുന്നു.

(ബി) 2021 ആഗസ്റ്റ് 28-ന് കേരള ദളിത് ഫെഡറേഷൻ സംഘടിപ്പിച്ച അയ്യങ്കാളി ജയന്തി സമ്മേളനത്തിൽ എല്ലാ പട്ടികജാതി കുടുംബങ്ങൾക്കും അഞ്ചു വർഷത്തിനുള്ളിൽ വീട് ഉറപ്പുവരുത്തുമെന്ന് സർക്കാർ തീരുമാനമായി മുഖ്യമന്ത്രി പ്രഖ്യാപിച്ചിരുന്നോ;

(സി) എങ്കിൽ ഇതിനനുസൃതമായി സ്വീകരിച്ചുവരുന്ന നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

(ബി&സി) സംസ്ഥാനത്ത് 5 വർഷത്തിനുള്ളിൽ ലൈഫ് മിഷൻ മാനദണ്ഡ പ്രകാരം അർഹരായ മുഴുവൻ പട്ടികജാതി കുടുംബങ്ങൾക്കും വീട് അനുവദിക്കുന്നതിനാണ് സർക്കാർ ലക്ഷ്യമിടുന്നത്. ലൈഫ് മിഷന്റെ നിലവിലുള്ള ലിസ്റ്റിൽ ഉൾപ്പെട്ട ഭൂമിയുള്ള ഭവനരഹിതർക്കും ഭൂമിയില്ലാത്ത ഭവനരഹിതർക്കും വീട് അനുവദിച്ചു വരുന്നുണ്ട്. ലൈഫ് മിഷൻ മുൻപ് തയ്യാറാക്കിയ ലിസ്റ്റിലും പട്ടികജാതി വികസന വകുപ്പ് ലൈഫ് മിഷന് കൈമാറിയ അഡീഷണൽ ലിസ്റ്റിലും ഉൾപ്പെടാത്ത ഭവന നിർമ്മാണത്തിന് അർഹരായവരെ കണ്ടെത്തുന്നതിന് 2020-21 കാലയളവിൽ ഓൺലൈനായി അപേക്ഷ ക്ഷണിച്ചതിൽ 174827 പട്ടികജാതിക്കാർ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ഇതിന്മേൽ അർഹതാ പരിശോധന നടത്തി ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടി ലൈഫ് മിഷൻ സ്വീകരിച്ചു വരുന്നുണ്ട്.

### നെന്മാറ നിയോജകമണ്ഡലത്തിൽ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് വീട് അനുവദിക്കാൻ നടപടി

15(760) ശ്രീ. കെ. ബാബു (നെന്മാറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വന്തമായി വീടും സ്ഥലവും ഇല്ലാത്ത എത്ര പട്ടികവർഗ്ഗ കുടുംബങ്ങൾ നെന്മാറ നിയോജകമണ്ഡലത്തിലുണ്ടെന്ന് വിശദമാക്കുമോ?

സ്വന്തമായി സ്ഥലവും വീടും ഇല്ലാത്ത 260 പട്ടികവർഗ്ഗ കുടുംബങ്ങളും സ്ഥലമുണ്ടെങ്കിലും വീടില്ലാത്ത 127 പട്ടികവർഗ്ഗ കുടുംബങ്ങളുമുണ്ട്.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) ഇവർക്ക് ഭൂമിയും വീടും അനുവദിക്കുന്നതിനാവശ്യമായ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് വിശദമാക്കുമോ?

ലാൻഡ് ബാങ്ക് പദ്ധതി, മിച്ചഭൂമി വിതരണം, വി.എഫ്.സി. ഭൂമി വിതരണം എന്നീ പദ്ധതികൾ മുഖേന ലഭ്യതയ്ക്കനുസരിച്ച് ഭൂമി അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സ്ഥലം അനുവദിച്ച നെല്ലിയാമ്പതിയിലെ 127 കുടുംബങ്ങൾക്ക് ലൈഫ്മിഷൻ പദ്ധതി മുഖേന വീട് അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## പട്ടികവർഗ്ഗ കുടുംബങ്ങളുടെ ഭവന നിർമ്മാണം

16(761) <u>ശ്രീ. പി. വി. അൻവർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ നിയോജകമണ്ഡലത്തിലെ ഭവനരഹിതരായതും നിലവിൽ ഒരു പദ്ധതി പ്രകാരവും വീട് അനുവദിച്ചിട്ടില്ലാത്തവരുമായ പട്ടികവർഗ്ഗ കുടുംബങ്ങളുടെ വിവരങ്ങൾ കോളനികൾ തിരിച്ച് ലഭ്യമാക്കാമോ;

(ബി) പ്രസ്തുത മണ്ഡലത്തിൽ ഭൂരഹിതരായതും നിലവിൽ ഒരു പദ്ധതി പ്രകാരവും സ്ഥലം അനുവദിച്ചിട്ടില്ലാത്തവരുമായ പട്ടികവർഗ്ഗ കുടുംബങ്ങളുടെ വിവരങ്ങൾ കോളനികൾ തിരിച്ച് ലഭ്യമാക്കാമോ?

(എ&ബി) നിലമ്പൂർ നിയോജകമണ്ഡലത്തിലെ ഭവനരഹിതരും ഭൂരഹിതരും നിലവിൽ ഒരു പദ്ധതി പ്രകാരവും വീടും സ്ഥലവും അനുവദിച്ചിട്ടില്ലാത്തവരുമായ പട്ടികവർഗ്ഗ കുടുംബങ്ങളുടെ വിവരങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

(സി) ഈ മണ്ഡലത്തിലെ ഭൂരഹിതരും ഭവനരഹിതരുമായ പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ഭൂമിയും വീടും അനുവദിക്കുന്നതിന് സർക്കാർ സ്വീകരിക്കുന്ന നടപടികൾ വിശദമാക്കാമോ?

ലൈഫ് മിഷൻ പദ്ധതിയുടെ ഭാഗമായാണ് നിലവിൽ പട്ടികവർഗ്ഗക്കാർക്കും സ്ഥലവും വീടും അനുവദിച്ചു വരുന്നത്. കൂടാതെ 275.13 ഏക്കർ നിക്ഷിപ്ത വനഭൂമി, പട്ടികവർഗ്ഗക്കാർക്ക് പതിച്ച് നൽകുന്നതിനായി വനം വകുപ്പ്, റവന്യൂ വകുപ്പിന് കൈമാറിയിട്ടുണ്ട്. ടി ഭൂമി അർഹതപ്പെട്ട പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് വിതരണം ചെയ്യുന്നതിന് ആദിവാസി പുനരധിവാസ മിഷൻ മുഖേന നിശ്ചിത അപേക്ഷ ക്ഷണിച്ച് സർവ്വേ നടപടികൾ പൂർത്തിയാക്കിയിട്ടുണ്ട്. ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള കമ്മിറ്റി രൂപീകരിച്ച് തുടർ നടപടി സ്വീകരിച്ചിട്ടുണ്ട്.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ഡി) പ്രസ്തുത മണ്ഡലത്തിൽ പട്ടികവർഗ്ഗ കുടുംബങ്ങളിൽ നിന്നും ഭവന നിർമ്മാണത്തിനും ഭൂമി ലഭിക്കുന്നതിനുംവേണ്ടി എത്ര അപേക്ഷകൾ ലഭ്യമായിട്ടുണ്ടെന്നും പ്രസ്തുത അപേക്ഷകളിന്മേൽ സ്വീകരിച്ച നടപടികളും അറിയിക്കാമോ?

നിലമ്പൂർ നിയോജകമണ്ഡലത്തിലെ പട്ടികവർഗ്ഗ കുടുംബങ്ങളിൽ നിന്നും ഭൂമി ലഭ്യമാക്കുന്നതിന് വേണ്ടി 1354 അപേക്ഷകൾ ലഭ്യമായിട്ടുണ്ട്. അർഹരായ പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ഭൂമി വിതരണം ചെയ്യുന്നതിന്, ആദിവാസി പുനരധിവാസ മിഷൻ മുഖേന അപേക്ഷ ക്ഷണിച്ച് സർവ്വേ നടപടികൾ പൂർത്തിയാക്കിയിട്ടുണ്ട്. ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള കമ്മിറ്റി രൂപീകരിച്ച് തുടർ നടപടി സ്വീകരിച്ചുവരുന്നു. അർഹതപ്പെട്ടവർക്ക് ഭൂമി അനുവദിച്ചു നൽകിയതിനുശേഷം ലൈഫ്മിഷൻ മുഖേനയോ ആദിവാസി പുനരധിവാസ മിഷൻ മുഖേനയോ വീട് അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**പ്രമാടം ഗ്രാമപഞ്ചായത്തിലെ കൈതകര എസ്.ടി. കോളനി നവീകരണം**

17(762) ശ്രീ. കെ. യു. ജനീഷ് കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോന്നി നിയോജകമണ്ഡലത്തിൽ പ്രമാടം ഗ്രാമപഞ്ചായത്തിലെ കൈതകര എസ്.ടി. കോളനി നവീകരണത്തിന് അംബേദ്കർ സെറ്റിൽമെന്റ് ഡെവലപ്മെന്റ് പ്രോജക്ടിൽ ഉൾപ്പെടുത്തി ഒരു കോടി രൂപ അനുവദിച്ചിരുന്നുവെങ്കിലും നാളിതുവരെയായി നിർമ്മാണം ആരംഭിച്ചിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) ഉണ്ടെങ്കിൽ അടിയന്തരമായി നിർമ്മാണം ആരംഭിക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ; അറിയിക്കുമോ?

2017-18 വർഷം അംബേദ്ക്കർ സെറ്റിൽമെന്റ് വികസന പദ്ധതി പ്രകാരം തെരഞ്ഞെടുത്ത കൈതക്കര പട്ടികവർഗ്ഗ കോളനിയിലെ നിർമ്മാണ പ്രവൃത്തികൾ ഹാബിറ്റാറ്റ് ടെക്നോളജി ഗ്രൂപ്പ് എന്ന ഏജൻസി മുഖേനയാണ് നടപ്പിലാക്കുന്നത്. ഇതിനായി എസ്റ്റിമേറ്റ് തുകയുടെ 20% മൊബിലൈസേഷൻ അഡ്വാൻസ് ഏജൻസിക്ക് അനുവദിച്ചിരുന്നു. എന്നാൽ നാളിതുവരെ പദ്ധതി ആരംഭിച്ചിട്ടില്ല. പത്തനംതിട്ട ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ 2-2-2021 തീയതിയിൽ ചേർന്ന മോണിറ്ററിംഗ് കമ്മിറ്റി യോഗത്തിൽ പ്രവൃത്തി ആരംഭിക്കുന്നതിന് ഏജൻസിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ 29-9-2021-ന് ബഹു. എം.എൽ.എ., ജില്ലാ

കളക്ടർ, ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർ, ഹാബിറ്റാറ്റ് ടെക്നോളജി ചെയർമാൻ എന്നിവരുടെ ഒരു യോഗം ചേരുകയും പദ്ധതി ഉടൻ ആരംഭിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കാൻ നിർവ്വഹണ ഏജൻസിക്ക് വീണ്ടും നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

**അഴീക്കോട് മണ്ഡലത്തിലെ കോളനികളിലെ ക്ഷേമ പ്രവർത്തനങ്ങൾ**

18(763) ശ്രീ. കെ. വി. സുമേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഴീക്കോട് മണ്ഡലത്തിൽ 2011 മുതൽ 2021 വരെയുള്ള വർഷങ്ങളിൽ പട്ടികജാതി പട്ടികവർഗ്ഗ കോളനികളുടെ ക്ഷേമ പ്രവർത്തനത്തിന് എത്ര തുക വീതം ചെലവഴിച്ചുയെന്നത് സംബന്ധിച്ച് പഞ്ചായത്ത് അടിസ്ഥാനത്തിൽ വിശദാംശങ്ങൾ നൽകാമോ?

അനുബന്ധമായി* ചേർക്കുന്നു.

(ബി) പ്രസ്തുത പദ്ധതികളിൽ ഏതെങ്കിലും പൂർത്തീകരിക്കാത്തതായുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

അത്താഴക്കുന്ന് പുല്ലൂപ്പി കോളനിയിലെ (2019-20) പ്രവൃത്തിയുടെ റിവൈസ്ഡ് എസ്റ്റിമേറ്റിന് ഭരണാനുമതി നൽകുന്ന വിഷയം പരിശോധിച്ചുവരുന്നു. മുണ്ടയാട് സെറ്റിൽമെന്റ് കോളനിയിലെ പ്രവൃത്തികളുടെ (2019-20) റിവൈസ്ഡ് എസ്റ്റിമേറ്റ് സമർപ്പിക്കുന്നതിന് 14-9-2021-ന് കേരള ഹൗസിംഗ് ബോർഡിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

**എരുമേലി എരുത്വാപ്പുഴ മലവേടർ പട്ടികവർഗ്ഗ കോളനി വികസനം**

19(764) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അംബേദ്കർ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തി പൂഞ്ഞാർ നിയോജകമണ്ഡലത്തിലെ എരുമേലി എരുത്വാപ്പുഴ മലവേടർ പട്ടികവർഗ്ഗ കോളനി നവീകരിക്കുന്നതിനായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പ്രവൃത്തികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ്; വിശദാംശം ലഭ്യമാക്കുമോ?

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

2020-21 വർഷത്തെ പട്ടികവർഗ്ഗ വികസന വകുപ്പിന്റെ അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതിയിൽ എരുത്വാപ്പുഴ കോളനിയെ ഉൾപ്പെടുത്തിയിട്ടുണ്ട്. പദ്ധതി നടപ്പിലാക്കുന്നതിനായി നിർവ്വഹണ ഏജൻസിയെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ഏതൊക്കെ പ്രവൃത്തികളാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദമാക്കുമോ?

ഊരുകൂട്ട ശിപാർശയുടെ അടിസ്ഥാനത്തിലുള്ള പ്രവൃത്തികളാണ് ടി പദ്ധതിയിൽ ഉൾപ്പെടുത്തുന്നത്. നിർവ്വഹണ ഏജൻസികളെ തെരഞ്ഞെടുത്തതിനുഷം ഊരുകൂട്ട തീരുമാനപ്രകാരം ഡി.പി.ആർ. തയ്യാറാക്കി ജില്ലാകളക്ടർ അദ്ധ്യക്ഷനായുള്ള ജില്ലാതല വർക്കിംഗ് ഗ്രൂപ്പിന്റെ അനുമതിയോടുകൂടി പ്രവൃത്തി ആരംഭിക്കുന്നതാണ്.

(സി) പ്രസ്തുത പ്രവൃത്തികൾ അടിയന്തരമായി ആരംഭിച്ച് കോളനി നവീകരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

ഊരുകൂട്ട ശിപാർശയുടെ അടിസ്ഥാനത്തിലുള്ള പ്രവൃത്തികളാണ് ടി പദ്ധതിയിൽ ഉൾപ്പെടുത്തുന്നത്. നിർവ്വഹണ ഏജൻസികളെ തെരഞ്ഞെടുത്തതിനു ശേഷം ഊരുകൂട്ട തീരുമാന പ്രകാരം ഡി.പി.ആർ. തയ്യാറാക്കി ജില്ലാ കളക്ടർ അദ്ധ്യക്ഷനായുള്ള ജില്ലാതല വർക്കിംഗ് ഗ്രൂപ്പിന്റെ അനുമതിയോടുകൂടി പ്രവൃത്തി ആരംഭിക്കുന്നതാണ്.

**അംബേദ്കർ ഗ്രാമം പദ്ധതി**

20(765) <u>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-2021 കാലയളവിൽ 'അംബേദ്കർ ഗ്രാമം' പദ്ധതി പ്രകാരം വടക്കാഞ്ചേരി നിയോജകമണ്ഡലത്തിൽ പദ്ധതികൾ അനുവദിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

വടക്കാഞ്ചേരി നിയോജകമണ്ഡലത്തിൽ നിന്നും 2016-21 കാലയളവിൽ അംബേദ്കർ ഗ്രാമവികസന പദ്ധതി പ്രകാരം വെടിപ്പാറ കോളനി, വെട്ടാംകോട്ട് കോളനി, റെയിൽവേ സ്റ്റേഷൻ കോളനി, കാരക്കുന്ന് കോളനി, വരടിയം അംബേദ്കർ കോളനി, കവറ പാപ്പാനഗർ കോളനി, പാരിക്കാട് എന്നീ കോളനികളെ തെരഞ്ഞെടുത്തിട്ടുണ്ട്.

(ബി) അപ്രകാരം അനുവദിക്കപ്പെട്ട പദ്ധതികളുടെ പ്രവർത്തന പുരോഗതി പട്ടികപ്പെടുത്തി ലഭ്യമാക്കാമോ?

വിവരങ്ങൾ അനുബന്ധമായി* ഉൾപ്പെടുത്തിയിരിക്കുന്നു.

(സി) 2016-21 കാലയളവിൽ വടക്കാഞ്ചേരി മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികളുടെ വിവരങ്ങൾ പട്ടികതിരിച്ച് ലഭ്യമാക്കാമോ?

I. സമൂഹ്യക്ഷേമം, സാമ്പത്തിക വികസന പദ്ധതികൾ, ഭൂരഹിത ഭവന രഹിത പുനരധിവാസ പദ്ധതി, പഠനമുറി, ഭവന പൂർത്തീകരണം, ഭവന പുനരുദ്ധാരണം, വിവാഹ ധനസഹായം, മിശ്ര വിവാഹ ധനസഹായം, ആരോഗ്യ സുരക്ഷാ പദ്ധതി, ഏകവരുമാനദായകൻ മരണപ്പെട്ട കുടുംബങ്ങൾക്കുള്ള ധനസഹായം, വിദേശത്ത് തൊഴിൽ നേടുന്നതിന് ധനസഹായം, വാത്സല്യ നിധി, സ്വയം തൊഴിൽ പദ്ധതി, സ്വയംപര്യാപ്ത ഗ്രാമം, അംബേദ്കർ ഗ്രാമ വികസന പദ്ധതി, കോർപ്പസ് ഫണ്ട് പദ്ധതികൾ.

II. വിദ്യാഭ്യാസാനുകൂല്യങ്ങൾ-വിദ്യാർത്ഥികൾക്കുള്ള ലംപ്സംഗ്രാന്റ്, സ്റ്റൈപ്പന്റ്, സ്കോളർഷിപ്പ്, ട്യൂഷൻ ഫീ റീഇംപേഴ്സ്മെന്റ്, പ്രൈമറി/സെക്കണ്ടറി എയ്ഡ്, പ്രത്യേക പ്രോത്സാഹന സമ്മാനം, റാങ്ക് ജേതാക്കൾക്ക് സ്വർണ്ണ മെഡൽ, എൻട്രൻസ് കോച്ചിംഗ്, ലാപ്ടോപ്പ്, സ്റ്റെതസ്കോപ്പ് വാങ്ങുന്നതിനുള്ള ധനസഹായം എന്നിവ നൽകിയിട്ടുണ്ട്.

III നിയമാധിഷ്ഠിത സേവനം - പട്ടികജാതി പട്ടികവർഗ്ഗ (അതിക്രമം തടയൽ) നിയമപ്രകാരം അതിക്രമത്തിനിരയാകുന്നവർക്കും/ ആശ്രിതർക്കും ആശ്വാസ ധനസഹായം.

**ആദിവാസി മേഖലയിൽ വൈദ്യുതിയും ഡിജിറ്റൽ പഠനവും സാദ്ധ്യമാക്കൽ**

21(766) <u>ശ്രീ. കെ. ജെ. മാക്സി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ആദിവാസി മേഖലകളിൽ വൈദ്യുതി ലഭ്യമല്ലാത്ത മേഖലകൾ കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ അവിടങ്ങളിൽ വൈദ്യുതി ലഭ്യമാക്കുന്നതിനായി പട്ടികജാതി - പട്ടികവർഗ്ഗ വികസന വകുപ്പ് വൈദ്യുതി വകുപ്പുമായി ചേർന്ന് സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വൈദ്യുതി കണക്ഷൻ ലഭ്യമല്ലാത്ത കോളനികളുള്ളതായി കണ്ടെത്തിയിട്ടുണ്ട്. കോളനികളിലെ ഏതെങ്കിലും പൊതുഇടത്ത് ANERT-ന്റെ സഹായത്തോടെ സോളാർ പാനലുകൾ സ്ഥാപിച്ച് വിദ്യാർത്ഥികൾക്ക് പഠനാവശ്യത്തിനായി വൈദ്യുതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) വൈദ്യുതിയുള്ള മേഖലകളിൽ കേബിൾ നെറ്റ്‌വർക്കിന്റെയോ ടവറുകളുടെയോ അഭാവംമൂലം ഡിജിറ്റൽ പഠനം വിദ്യാർത്ഥികൾക്ക് സാധിക്കാതെ വരുന്നതും പല വിദ്യാർത്ഥികളും പാറപ്പുറത്തും മരത്തിന് മുകളിലും കയറി അപകടത്തിലാകുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

ഉണ്ട്. കണ്ണൂർ ജില്ലയിൽ ചിറ്റാരിപ്പറമ്പ് ഗ്രാമപഞ്ചായത്തിലെ പന്നിയോട് കോളനിയിലെ ഒരു വിദ്യാർത്ഥി മരത്തിൽ നിന്നു വീണിരുന്നു. എന്നാൽ അത് ഡിജിറ്റൽ കണക്ടിവിറ്റി ലഭിക്കുന്നതിനുവേണ്ടി മരത്തിൽ കയറിയപ്പോൾ സംഭവിച്ചതാണോയെന്ന കാര്യത്തിൽ അന്വേഷണം നടത്തേണ്ടതായിട്ടുണ്ട്. ഇദ്ദേഹത്തിന് പരിയാരം ഗവ. മെഡിക്കൽ കോളേജിൽ ചികിത്സ ലഭ്യമാക്കുകയും ധനസഹായം വകുപ്പ് മുഖേന നൽകുകയും ചെയ്തിട്ടുണ്ട്.

(സി) ഇവർക്ക് പഠനസൗകര്യം ഉറപ്പാക്കുന്നതിനും പഠനശ്രമത്തിനിടെ അപകടത്തിൽപ്പെട്ടവർക്ക് സഹായം ലഭ്യമാക്കുന്നതിനുമായി വകുപ്പ് സ്വീകരിച്ചു വരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമെന്നും ഇത്തരത്തിൽ എത്ര പേർക്ക് സഹായം ലഭ്യമാക്കിയെന്നും വ്യക്തമാക്കുമോ?

ഇത്തരത്തിൽ അപകടത്തിൽപ്പെട്ട ഒരാൾക്ക് സൗജന്യ ചികിത്സയും ധനസഹായവും ലഭ്യമാക്കിയിട്ടുണ്ട്. ആശുപത്രിയിലെത്തിക്കുന്നതിനും തിരികെ വീട്ടിലെത്തിക്കുന്നതിനും സൗജന്യ ആംബുലൻസ് സേവനം ലഭ്യമാക്കിയിട്ടുണ്ട്. ടി വിദ്യാർത്ഥിയുടെ വീട്ടിൽ ഉൾപ്പെടെ ടി കോളനിയിൽ ഇന്റർനെറ്റ് സേവനം ലഭ്യമാക്കിയിട്ടുണ്ട്.

**കൊണ്ടോട്ടി മണ്ഡലത്തിലെ എസ്.സി. കോളനികളുടെ വികസനം**

22(767) <u>ശ്രീ. ടി. വി. ഇബ്രാഹിം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അംബേദ്കർ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തി കൊണ്ടോട്ടി മണ്ഡലത്തിലെ പട്ടികജാതി കോളനികളുടെ വികസനത്തിനായി നടപ്പിലാക്കുന്ന വിവിധ പദ്ധതികളുടെ പുരോഗതി വിശദമാക്കാമോ?

വിശദാംശങ്ങൾ അനുബന്ധമായി* ഉൾപ്പെടുത്തിയിരിക്കുന്നു.

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) പ്രവൃത്തി ഏറ്റെടുത്ത ഏജൻസികൾ പദ്ധതി പൂർത്തിയാക്കുന്നുണ്ടോയെന്ന് ഉറപ്പാക്കുന്നതിനായി വകുപ്പുതല പരിശോധന കൃത്യമായി നടക്കുന്നുണ്ടോയെന്ന് വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ?

പ്രവൃത്തികൾ കൃത്യമായി അവലോകനം ചെയ്യുന്നതിനും സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനും ഡയറക്ടറേറ്റ് തലത്തിലും ജില്ലാ ഓഫീസുകൾ മുഖേനയും ഫീൽഡ് തലത്തിലും നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ 9-9-2021-ന് വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ ഉന്നതതല അവലോകന യോഗത്തിൽ കോളനികളുടെ നിർമ്മാണ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് ഏജൻസികൾക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) പദ്ധതി വിലയിരുത്തുന്നതിനായി ജില്ലാ കളക്ടർ, ജില്ലാ പട്ടികജാതി വികസന ഓഫീസർ എന്നിവരുടെ നേതൃത്വത്തിലുള്ള ജില്ലാതല മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ ഈ കമ്മിറ്റി പ്രസ്തുത പദ്ധതി മോണിറ്റർ ചെയ്തിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

ജില്ലാതല മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിച്ചിട്ടില്ല. ഡിസ്ട്രിക്ട് ഡെവലപ്മെന്റ് കമ്മീഷണറുടെ അദ്ധ്യക്ഷതയിൽ 6-8-2021-ന് ചേർന്ന യോഗത്തിൽ ജില്ലയിലെ എല്ലാ പ്രവൃത്തികളും അവലോകനം ചെയ്തു.

(ഡി) മണ്ഡലത്തിലെ അംബേദ്കർ ഗ്രാമം പദ്ധതികൾ എന്നത്തേയ്ക്ക് പൂർത്തീകരിക്കാൻ കഴിയുമെന്ന് വിശദമാക്കുമോ?

പദ്ധതികൾ അടിയന്തരമായി പൂർത്തീകരിക്കുന്നതിന് 9-9-2021-ലെ ഉന്നതതല അവലോകന യോഗത്തിൽ ഏജൻസികൾക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

## അമ്പലപ്പുഴ നിയോജകമണ്ഡലത്തിലെ പട്ടികവർഗ്ഗ സങ്കേതങ്ങളുടെ സമഗ്രവികസനം

23(768) <u>ശ്രീ. എച്ച്. സലാം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അമ്പലപ്പുഴ നിയോജകമണ്ഡലത്തിൽ എത്ര പട്ടികവർഗ്ഗ സങ്കേതങ്ങളിലായി എത്ര കുടുംബങ്ങളുണ്ടെന്ന് വ്യക്തമാക്കുമോ?

അമ്പലപ്പുഴ നിയോജകമണ്ഡലത്തിൽ 5 പട്ടികവർഗ്ഗ സങ്കേതങ്ങളിലായി ആകെ 32 കുടുംബങ്ങളുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | കോളനികൾ | കുടുംബങ്ങളുടെ എണ്ണം |
|---|---|---|
| 1 | പുന്നപ്ര ഹരിജൻ കോളനി | 6 |
| 2 | ശാന്തമംഗലം കോളനി | 6 |
| 3 | തോപ്പിൽ | 7 |
| 4 | മാനിഷാദ | 5 |
| 5 | ചിറമുറിക്കൽ | 8 |
| | ആകെ | 32 |

(ബി) പട്ടികവർഗ്ഗ സങ്കേതങ്ങളുടെ സമഗ്രവികസനം ലക്ഷ്യമിടുന്ന അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതിയിൽ ഉൾപ്പെടുത്തി പ്രസ്തുത സങ്കേതങ്ങളിലെ അടിസ്ഥാന സൗകര്യ വികസനം നടപ്പാക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിശദാംശം നൽകുമോ?

അംബേദ്കർ സെറ്റിൽമെന്റ് പദ്ധതിയിൽ അമ്പലപ്പുഴ നിയോജക മണ്ഡലത്തിൽ നിന്നും കോളനികൾ തെരഞ്ഞെടുത്തിട്ടില്ല.

## പുനലൂർ താലൂക്കിലെ പട്ടികജാതി പട്ടികവർഗ്ഗ കോളനികളിൽ ഇന്റർനെറ്റ് സൗകര്യം ലഭ്യമാക്കാൻ നടപടി

24(769) <u>ശ്രീ. പി. എസ്. സുപാൽ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുനലൂർ താലൂക്കിൽ നിലവിൽ ഇന്റർനെറ്റ്, മൊബൈൽ റേഞ്ച് ലഭ്യതയില്ലാത്ത പട്ടികജാതി-പട്ടികവർഗ്ഗ കോളനികൾ എത്രയെന്ന് വ്യക്തമാക്കുമോ?

പുനലൂർ താലൂക്കിൽ 8 പട്ടികജാതി കോളനികളിലും 11 പട്ടികവർഗ്ഗ കോളനികളിലും ഇന്റർനെറ്റ്, മൊബൈൽ റേഞ്ച് കണക്റ്റിവിറ്റി ലഭ്യമായിട്ടില്ല.

(ബി) പ്രസ്തുത പട്ടികജാതി-പട്ടികവർഗ്ഗ കോളനികളിൽ ഇന്റർനെറ്റ്, മൊബൈൽ റേഞ്ച് ലഭ്യത ഉറപ്പാക്കാൻ സ്വീകരിച്ച നടപടികളുടെ വിശദാംശം നൽകുമോ?

മേൽപ്പറഞ്ഞ 11 പട്ടികവർഗ്ഗ കോളനികൾ ഉൾപ്പെടെ കൊല്ലം ജില്ലയിലെ ഇന്റർനെറ്റ് സൗകര്യമില്ലാത്ത 15 പട്ടികവർഗ്ഗ കോളനികളിൽ Fibre to the home (എഫ്.റ്റി.റ്റി.എച്ച്) കണക്ഷൻ നൽകുന്നതിനായി 11,76,500 രൂപയുടെ എസ്റ്റിമേറ്റ് ബി.എസ്.എൻ.എൽ.-ൽ നിന്നും ലഭ്യമാക്കിയിരുന്നു. അവയിൽ 5 കോളനികളിൽ കണക്ഷൻ നൽകുന്നതിന് 4,87,500 രൂപയുടെ ഭരണാനുമതി ജില്ലാ കളക്ടർ ലഭ്യമാക്കിയിട്ടുണ്ട്. ശേഷിക്കുന്ന 10 കോളനികളിൽ ടി സംവിധാനം ഏർപ്പെടുത്തുന്നതിന് 6,89,000 രൂപയുടെ ഭരണാനുമതി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കോർപ്പസ് ഫണ്ടിൽനിന്നും ബി.എസ്.എൻ.എൽ. ജനറൽ മാനേജർക്ക് നൽകിയിട്ടുണ്ട്. അപ്രകാരം 11 കോളനികളിൽ 5 സ്ഥലത്ത് കണക്ഷൻ ലഭ്യമാക്കുകയും 4 കോളനികളിൽ പണികൾ പുരോഗമിക്കുകയും ചെയ്യുന്നു. ശേഷിക്കുന്ന 2 കോളനികളിലെ പണികൾ ഉടൻ ആരംഭിക്കുന്നതുമാണ്. പട്ടികജാതി കോളനികളിലും മൊബൈൽ റേഞ്ച്, ഇന്റർനെറ്റ് സൗകര്യം ലഭ്യമാക്കുന്ന കാര്യവും പരിശോധിച്ചുവരുന്നു.

(സി) പ്രസ്തുത കോളനികളിൽ എന്നത്തേക്ക് പൂർണ്ണമായി ഇന്റർനെറ്റ്, മൊബൈൽ റേഞ്ച് സൗകര്യം ലഭ്യമാക്കുമെന്ന് വ്യക്തമാക്കുമോ?

പ്രസ്തുത മുഴുവൻ കോളനികളിലും 2021 ഒക്ടോബർ അവസാനത്തോടെ Fibre to the home (എഫ്.റ്റി.റ്റി.എച്ച്) സൗകര്യം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## പുതുക്കാട് മണ്ഡലത്തിൽ അനുവദിച്ച അംബേദ്കർ സ്വയംപര്യാപ്ത ഗ്രാമ പദ്ധതി

25(770) <u>ശ്രീ. കെ. കെ. രാമചന്ദ്രൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുക്കാട് മണ്ഡലത്തിൽപ്പെട്ട ഏതെല്ലാം പട്ടികജാതി-പട്ടികവർഗ്ഗ കോളനികളിലാണ് അംബേദ്കർ സ്വയംപര്യാപ്ത ഗ്രാമ പദ്ധതി അനുവദിച്ച് നടപ്പാക്കുന്നതെന്ന് അറിയിക്കാമോ;

(ബി) ഓരോ കോളനിയിലെയും നടപടികൾ ഏതുഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

(എ & ബി) വിശദാംശങ്ങൾ അനുബന്ധമായി* ഉൾപ്പെടുത്തിയിരിക്കുന്നു.

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**കോട്ടയ്ക്കൽ നിയോജകമണ്ഡലത്തിലെ അംബേദ്കർ ഗ്രാമം പദ്ധതി**

26(771) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയ്ക്കൽ നിയോജകമണ്ഡലത്തിൽ അംബേദ്കർ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയ പൊൻവള പഞ്ചായത്തിലെ തെക്കേക്കര കോളനി, ഇരിമ്പിളിയം പഞ്ചായത്തിലെ കൊട്ടമുടി - പോക്കാട്ടുകുഴി കോളനി, എടയൂർ പഞ്ചായത്തിലെ പൊറ്റെക്കളംപടി കോളനി എന്നിവയുടെ നവീകരണം സംബന്ധിച്ച് വിശദമായ വിവരം ലഭ്യമാക്കുമോ?

വിശദാംശങ്ങൾ അനുബന്ധമായി* ഉൾപ്പെടുത്തിയിരിക്കുന്നു.

(ബി) പ്രസ്തുത പ്രവൃത്തികൾ എന്നത്തേയ്ക്ക് പൂർത്തിയാകുമെന്ന് വ്യക്തമാക്കുമോ?

പദ്ധതികൾ അടിയന്തരമായി പൂർത്തീകരിക്കുന്നതിന് 9-9-2021-ൽ ബഹു. മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന അവലോകന യോഗത്തിൽ ഏജൻസികൾക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

**പട്ടികവർഗ്ഗ കോളനികളിലേക്കുള്ള റോഡുകളുടെ നവീകരണം**

27(772) ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികവർഗ്ഗ കോളനികളിലേക്കുള്ള റോഡുകളുടെ അപര്യാപ്തത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

ഉണ്ട്. ഊരുകൂട്ടങ്ങളുടെ ശിപാർശയുടെയും ഫീസിബിലിറ്റിയുടെയും അടിസ്ഥാനത്തിൽ എസ്റ്റിമേറ്റ് തയ്യാറാക്കി ജില്ലാതല വർക്കിംഗ് ഗ്രൂപ്പിന്റെ അനുമതി ലഭ്യമാകുന്ന മുറയ്ക്ക് ഫണ്ടിന്റെ ലഭ്യതയനുസരിച്ച് സംസ്ഥാനതല വർക്കിംഗ് ഗ്രൂപ്പിന്റെ അനുമതി തേടി റോഡുകൾ നിർമ്മിക്കാൻ നടപടി സ്വീകരിക്കുന്നതാണ്.

(ബി) കൂത്തുപറമ്പ് നിയോജകമണ്ഡലത്തിലെ പാട്യം പഞ്ചായത്തിൽപ്പെട്ട ഇളമാങ്കൽ, കടവ് എന്നീ കോളനികളിൽ താമസിക്കുന്ന 45 കുടുംബങ്ങൾക്ക് ഗതാഗതയോഗ്യമായ റോഡില്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഉണ്ട്. വനത്തിനുള്ളിൽ ഒറ്റപ്പെട്ട് കിടക്കുന്ന ഇളമാങ്കൽ കോളനിയിൽ 5 വീടുകളിലായി 5 കുടുംബങ്ങൾ താമസിക്കുന്നുണ്ട്. മുണ്ടയോട് നിന്ന് 4 കി.മീ വനത്തിനുള്ളിൽ കൂടി നടവഴിയാണ് നിലവിലുള്ളത്. ഈ 4 കി.മീ ദൂരം കോൺക്രീറ്റ് അഥവാ ഇന്റർലോക്ക് ചെയ്ത് റോഡ് നിർമ്മിക്കേണ്ടി വരും. കടവിൽ കോളനിയിൽ 18 വീടുകളിലായി 19 കുടുംബങ്ങൾ താമസിക്കുന്നുണ്ട്. മുണ്ടയോട് നിന്നും കടവിൽ കോളനിയിലേയ്ക്ക് 3. കി.മീ. ദൂരം മൺറോഡാണ്. ഇതിൽ 300 മീറ്റർ പാടും ഗ്രാമപഞ്ചായത്തിന്റെ ഫണ്ട് ഉപയോഗിച്ച് കോൺക്രീറ്റ് ചെയ്തിട്ടുണ്ട്. ബാക്കി ഭാഗം കോൺക്രീറ്റ് ചെയ്യേണ്ടതായിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യതക്കനുസരിച്ച് ടി പ്രവൃത്തികൾ നടപ്പാക്കുവാൻ നടപടി സ്വീകരിക്കുന്നതാണ്.

(സി) മുണ്ടയോട് മുതൽ ഇളമാങ്കൽ കോളനി വരെയും മുണ്ടയോട് മുതൽ കടവ് കോളനി വരെയുമുള്ള റോഡുകൾ പ്രത്യേക പദ്ധതിയിൽ ഉൾപ്പെടുത്തി ഗതാഗതയോഗ്യമാക്കാൻ പദ്ധതികൾ ആവിഷ്കരിക്കുമോ; എങ്കിൽ എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കുകയെന്ന് വിശദമാക്കാമോ?

പ്രവൃത്തികൾ ഊരുകൂട്ടത്തിന്റെ ശിപാർശയോടെ ഫീസിബിലിറ്റി സർട്ടിഫിക്കറ്റ്, എസ്റ്റിമേറ്റ് എന്നിവ തയ്യാറാക്കി ജില്ലാതല വർക്കിംഗ് ഗ്രൂപ്പിന്റെ അനുമതി ലഭ്യമാകുന്ന പക്ഷം ഫണ്ടിന്റെ ലഭ്യതയനുസരിച്ച് സംസ്ഥാനതല വർക്കിംഗ് ഗ്രൂപ്പ് മുമ്പാകെ പരിഗണനയ്ക്കായി സമർപ്പിക്കുന്നതാണ്.

## പട്ടികജാതി പട്ടികവർഗ്ഗ കോളനികളിലേക്കുള്ള റോഡുകളുടെ നവീകരണം

28(773) <u>ശ്രീ. സജീവ് ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരിക്കൂർ നിയോജകമണ്ഡലത്തിലെ പട്ടികജാതി-പട്ടികവർഗ്ഗ കോളനി കളിലേയ്ക്കുള്ള റോഡുകളിൽ എത്രയെണ്ണം ഗതാഗതയോഗ്യമല്ലാതായി തീർന്നിട്ടു ണ്ടെന്ന് വ്യക്തമാക്കാമോ? വിശദാംശംങ്ങൾ നൽകുമോ?

നിലവിൽ ഇരിക്കൂർ നിയോജകമണ്ഡലത്തിലെ പട്ടികജാതി കോളനികളിൽ ഗതാഗതയോഗ്യമല്ലാത്ത റോഡുകളില്ല. പട്ടികവർഗ്ഗ കോളനികളിലേയ്ക്കുള്ള റോഡുകളിൽ ഗതാഗതയോഗ്യമല്ലാതായി തീർന്നിട്ടുള്ളതിന്റെ വിവരം അനുബന്ധമായി* ചേർക്കുന്നു.

(ബി) പ്രസ്തുത റോഡുകൾ നവീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഊരുകൂട്ട തീരുമാനങ്ങൾക്കനുസരിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കി ജില്ലാതല വർക്കിംഗ് ഗ്രൂപ്പിന്റെ അനുമതി ലഭ്യമാക്കി ഫണ്ടിന്റെ ലഭ്യതയനുസരിച്ച് സംസ്ഥാനതല വർക്കിംഗ് ഗ്രൂപ്പ് മുമ്പാകെ സമർപ്പിച്ച് അംഗീകാരം ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്.

## ചാലക്കുടി നിയോജകമണ്ഡലത്തിലെ അരേക്കാപ്പ് ആദിവാസി കോളനിയിൽ അടിസ്ഥാന സൗകര്യമൊരുക്കൽ

29(774) ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി നിയോജകമണ്ഡലത്തിലെ അതിരപ്പിള്ളി ഗ്രാമപഞ്ചായത്തിലെ അരേക്കാപ്പ് ആദിവാസി കോളനിനിവാസികൾക്ക് പുറംലോകവുമായി ബന്ധപ്പെടുന്നതിന് വഴി സൗകര്യമില്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

(ബി) ചെങ്കുത്തായ കയറ്റങ്ങളും ഇറക്കങ്ങളുമുള്ള ചെറിയ നടപ്പാതയിലൂടെ നാലുകിലോമീറ്ററോളം ചുമന്നാണ് രോഗികളെ ഊരിൽ നിന്നും മലക്കപ്പാറയിൽ എത്തിക്കുന്നതെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) വന്യമൃഗശല്യവും അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തതയുംമൂലം പ്രസ്തുത ഊരിൽ നിന്നും കുടുംബങ്ങൾ പുറത്തേക്ക് പോയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ആയത് ഗൗരവത്തിലെടുത്ത് കുടുംബങ്ങൾ ഊര് ഉപേക്ഷിക്കുന്നത് ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ;

(ഡി) പ്രസ്തുത ഊരിൽ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിന് സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വിശദീകരിക്കുമോ?

(എ-ഡി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അരേക്കാപ്പ് ആദിവാസി കോളനിയിൽ ആകെ 40 കുടുംബങ്ങളാണ് താമസിച്ചുവന്നിരുന്നത്. ഇതിൽ നിന്നും 10 കുടുംബങ്ങളും വനത്തിനുള്ളിൽ താമസിച്ചുവന്നിരുന്ന ഒരു കുടുംബവും ഉൾപ്പെടെ 11 കുടുംബങ്ങളാണ് എറണാകുളം ജില്ലയിലെ ഇടമലയാർ പ്രദേശത്തേക്ക് മാറിയത്. നിലവിൽ ഇവർ ഇടമലയാർ പ്രീ-മെട്രിക് ഹോസ്റ്റലിൽ താമസിച്ചുവരികയാണ്. ബാക്കിയുള്ള 30 കുടുംബങ്ങൾ നിലവിൽ അരേക്കാപ്പിലാണ് താമസിക്കുന്നത്. ഓരോ കുടുംബത്തിനും അവിടെ 4 ഹെക്ടർ വരെ സ്ഥലം കൈവശത്തിലുണ്ട്. പ്രധാനമായും അവിടെ കൃഷി ചെയ്താണ് അവർ കഴിഞ്ഞുവരുന്നത്. റോഡ് സൗകര്യവും വന്യമൃഗശല്യവും പ്രദേശവാസികൾക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വന്യമൃഗശല്യം തടയുന്നതിന് 12 ലക്ഷം രൂപ ഫെൻസിംഗിനായി

മലയാറ്റൂർ ഡിവിഷൻ ഫോറസ്റ്റ് ഓഫീസർക്ക് അനുവദിച്ചിട്ടുണ്ട്. കൂടാതെ, പട്ടികവർഗ്ഗ വികസന വകുപ്പിന്റെ അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതിയിലും റീ ബിൽഡ് കേരള/ നബാർഡ് RIDF എന്നീ പദ്ധതികളിലും ഉൾപ്പെടുത്തി അരേക്കാപ്പ് പട്ടികവർഗ്ഗ സങ്കേതത്തിൽ ഗതാഗത സൗകര്യം ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യ വികസനത്തിനാവശ്യമായ പദ്ധതികൾ നടപ്പിലാക്കുന്ന വിഷയം പരിശോധിക്കുന്നതാണ്.

**തിരുനാരായണപുരം പട്ടികജാതി കോളനിയിലെ വിജ്ഞാൻവാടി**

30(775) <u>ശ്രീ. അൻവർ സാദത്ത്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലുവ നിയോജകമണ്ഡലത്തിലെ തിരുനാരായണപുരം പട്ടികജാതി കോളനിയിലെ വിജ്ഞാൻ വാടിയിൽ ഇന്റർനെറ്റ് കണക്ഷൻ ഇല്ലാത്തതും കമ്പ്യൂട്ടറും പ്രിന്ററും പ്രവർത്തനരഹിതമായതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ നാളിതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(ബി) പ്രസ്തുത വിജ്ഞാൻവാടി എന്നത്തേക്ക് പൂർണ്ണ പ്രവർത്തന സജ്ജമാക്കാനാണ് ഉദ്ദേശിക്കുന്നത്; വ്യക്തമാക്കാമോ?

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ജില്ലാ പട്ടികജാതി വികസന ഓഫീസിൽനിന്നും കമ്പ്യൂട്ടർ വാങ്ങുന്നതിനും ഇന്റർനെറ്റ് കണക്ഷൻ എടുക്കുന്നതിനും ആവശ്യമായ തുക അനുവദിച്ച് പ്രസ്തുത വിജ്ഞാൻവാടി അടിയന്തരമായി പ്രവർത്തനസജ്ജമാക്കുന്നതിനായുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.

(സി) ഈ വിഷയത്തിൽ പട്ടികജാതി ക്ഷേമ വകുപ്പുമന്ത്രിയുടെ ഓഫീസിൽ നിന്നുള്ള No.017/2021/VIP/M (SC/ST&D) നമ്പർ കത്തിൽ പട്ടികജാതി വികസന ഡയറക്ടർ നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ; പ്രസ്തുത ഫയൽ ഇപ്പോൾ ആരുടെ പരിഗണനയിലാണെന്നും വ്യക്തമാക്കാമോ?

പ്രസ്തുത കത്ത് അടിയന്തര നടപടി സ്വീകരിക്കുന്നതിനായി 13-9-2021-ലെ സി2/352/2021/പജപവവിവ നമ്പർ കത്ത് പ്രകാരം വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രസ്തുത കത്ത് നിലവിൽ പട്ടികജാതി വികസന വകുപ്പ് ഡയറക്ടർ പരിശോധിച്ച് വരുന്നു.

## അംബേദ്കർ ഗ്രാമ വികസന പദ്ധതി

31(776) ശ്രീ. പി. ബാലചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ മണ്ഡലത്തിൽ അംബേദ്കർ ഗ്രാമ വികസന പദ്ധതി പ്രകാരം നടക്കുന്ന നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്. തൃശ്ശൂർ മണ്ഡലത്തിൽ അംബേദ്കർ ഗ്രാമ വികസന പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള പുലരി നഗർ കോളനി, പുല്ലഴി; എ.കെ.ജി കോളനി, നെട്ടുപുഴ; സെറ്റിൽമെന്റ് കോളനി, വടൂക്കര എന്നീ കോളനികളിൽ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 9-9-2021-ൽ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ പദ്ധതിയുടെ വിശദമായ അവലോകനം നടത്തുകയും 2019-20 വരെയുള്ള പ്രവൃത്തികൾ 31-12-2021-ന് മുമ്പായി പൂർത്തീകരിക്കാൻ കർശന നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. പുല്ലഴി പുലരി നഗർ കോളനിയിലെ പ്രവൃത്തികൾ മൂന്നുമാസത്തിനുള്ളിൽ പൂർത്തീകരിക്കുമെന്ന് ജില്ലാ നിർമ്മിതി കേന്ദ്രം അറിയിച്ചിട്ടുണ്ട്. മറ്റ് രണ്ട് കോളനികളുടെ പ്രവൃത്തികൾ നടന്നുവരുന്നു.

(ബി) പ്രസ്തുത വികസന പ്രവർത്തനങ്ങൾ വേഗം പൂർത്തീകരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കാമോ?

തൃശ്ശൂർ മണ്ഡലത്തിൽ അംബേദ്കർ ഗ്രാമ വികസന പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള പുലരി നഗർ കോളനി, പുല്ലഴി; എ.കെ.ജി കോളനി, നെട്ടുപുഴ; സെറ്റിൽമെന്റ് കോളനി, വടൂക്കര എന്നീ കോളനികളിൽ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടില്ലായെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 9-9-2021-ൽ വകുപ്പു മന്ത്രിയുടെ അദ്ധ്യക്ഷതയിൽ പദ്ധതിയുടെ വിശദമായ അവലോകനം നടത്തുകയും 2019-20 വരെയുള്ള പ്രവൃത്തികൾ 31-12-2021-നു മുമ്പായി പൂർത്തീകരിക്കുവാൻ കർശന നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. പുല്ലഴി പുലരി നഗർ കോളനിയിലെ പ്രവൃത്തികൾ മൂന്നുമാസത്തിനുള്ളിൽ പൂർത്തീകരിക്കുമെന്ന് ജില്ലാ നിർമ്മിതി കേന്ദ്രം അറിയിച്ചിട്ടുണ്ട്. മറ്റ് രണ്ട് കോളനികളുടെ പ്രവൃത്തികൾ നടന്നുവരുന്നു.

## ബാലുശ്ശേരി മണ്ഡലത്തിലെ പട്ടികജാതി കോളനി വീടുകളിൽ വൈദ്യുതി കണക്ഷൻ

32(777) ശ്രീ. കെ. എം. സച്ചിൻദേവ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാലുശ്ശേരി മണ്ഡലത്തിലെ എല്ലാ പട്ടികജാതി കോളനികളിലെ വീടുകളിലും വൈദ്യുതി കണക്ഷൻ ലഭിച്ചിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ ഏതെല്ലാം കോളനികളിലാണ് വൈദ്യുതി കണക്ഷൻ നിലവിലില്ലാത്തത്; വിശദാംശങ്ങൾ അറിയിക്കാമോ?

(എ&ബി) ബാലുശ്ശേരി മണ്ഡലത്തിലെ എല്ലാ പട്ടികജാതി കോളനികളിലെ വീടുകളിലും വൈദ്യുതി കണക്ഷൻ ലഭ്യമായിട്ടുണ്ട്.

## കുണ്ടറ നിയോജകമണ്ഡലത്തിലെ പട്ടികജാതി കോളനി വികസനം

33(778) ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുണ്ടറ നിയോജകമണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളിൽ പട്ടികജാതി കോളനികളുടെ വികസനത്തിനായി മുൻസർക്കാരിന്റെ കാലത്ത് എത്ര രൂപ വീതമാണ് അനുവദിച്ചിട്ടുള്ളതെന്നുള്ള വിവരം പഞ്ചായത്ത് തിരിച്ച് നൽകാമോ;

(ബി) പ്രസ്തുത പദ്ധതികളിൽ നടപടി പൂർത്തീകരിച്ചവ, നടന്നു കൊണ്ടിരിക്കുന്നവ, ഇനിയും ആരംഭിക്കാത്തവ എന്നിങ്ങനെയുള്ള വിവരം തരംതിരിച്ച് നൽകാമോ?

(എ & ബി) വിവരങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

(സി) 2021-22 സാമ്പത്തികവർഷം സംസ്ഥാനത്തെ പട്ടികജാതി കോളനികളുടെ വികസനത്തിനായി അനുവദിച്ചിട്ടുള്ള തുക എത്രയെന്ന് വ്യക്തമാക്കാമോ?

2021-22 സാമ്പത്തിക വർഷത്തിൽ പുതിയ കോളനികൾക്ക് തുക അനുവദിച്ചിട്ടില്ല. സ്പിൽഓവർ ഇനത്തിൽ ഫൈനൽ ബിൽ, പാർട്ട് ബിൽ എന്നിവ മാറുന്നതിന് 7000 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

---
*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ഡി) നിലവിലെ സാമ്പത്തിക വർഷത്തേയ്ക്ക് പട്ടികജാതി കോളനി വികസനങ്ങൾക്കായി ഓരോ നിയോജകമണ്ഡലത്തിനും എത്ര രൂപ വീതമാണ് അനുവദിച്ചിട്ടുള്ളതെന്ന് തരം തരിച്ച് വ്യക്തമാക്കാമോ?

നിലവിലെ സാമ്പത്തിക വർഷത്തിൽ പുതിയ പ്രവൃത്തികൾക്കായി തുകയൊന്നും അനുവദിച്ചിട്ടില്ല. 2021-22 സാമ്പത്തിക വർഷം കോളനികളെ കണ്ടെത്തി ഒരു കോടി രൂപ വരെ എസ്റ്റിമേറ്റിനു വിധേയമായി അനുവദിച്ച്, പദ്ധതി നടപ്പിലാക്കുന്നത് സംബന്ധിച്ച് സി2/381/2021/പജപവവിവ നമ്പർ ഫയലിൽ നടപടി സ്വീകരിച്ചു വരുന്നു.

**മങ്കട നിയോജകമണ്ഡലത്തിലെ പട്ടികജാതി കോളനികൾ**

34(779) ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട നിയോജകമണ്ഡലത്തിൽ നിലവിലുള്ള പട്ടികജാതി കോളനികളെ സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ; പ്രസ്തുത കോളനികളിൽ വകുപ്പിന്റെ കോർപ്പസ് ഫണ്ടിൽനിന്നും തുക വകയിരുത്തി നടത്തുന്ന പദ്ധതികൾ ഏതൊക്കെയെന്ന് അറിയിക്കുമോ?

മങ്കട നിയോജകമണ്ഡലത്തിൽ നിലവിലുള്ള പട്ടികജാതി കോളനികളെ സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി* ചേർക്കുന്നു. പ്രസ്തുത കോളനികളിൽ നിലവിൽ കോർപ്പസ് ഫണ്ടിൽ തുക വകയിരുത്തി നടത്തുന്ന പദ്ധതികളില്ല.

(ബി) ഈ സാമ്പത്തിക വർഷം പ്രസ്തുത കോളനികളുടെ വികസനത്തിന് എത്ര തുക വകയിരുത്തിയിട്ടുണ്ട്; എന്തെല്ലാം പ്രവൃത്തികൾ നടപ്പിലാക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളത്; വിശദാംശം നൽകുമോ?

മങ്കട നിയോജകമണ്ഡലത്തിലെ കുറുവ പഞ്ചായത്തിലെ ചൊവ്വാണ പട്ടികജാതി കോളനി, കളത്തിൽ ചാലക്കൽ പട്ടികജാതി കോളനി, അമ്പലപ്പറമ്പ് പട്ടികജാതി കോളനി എന്നീ കോളനികളിലാണ് അംബേദ്കർ ഗ്രാമം വികസന പദ്ധതി പ്രകാരം പ്രവൃത്തികൾ നടന്നുകൊണ്ടിരിക്കുന്നത്. 2021-22 സാമ്പത്തിക വർഷത്തിൽ ഏജൻസിയായ ജില്ലാ നിർമ്മിതി കേന്ദ്രം ഫൈനൽ ബില്ലോ പാർട്ട് ബില്ലോ സമർപ്പിച്ചിട്ടില്ല. ആയതിനാൽ തുക അനുവദിച്ചിട്ടില്ല. ചൊവ്വാണ പട്ടികജാതി കോളനിയിൽ ഉൾറോഡ്, നടപ്പാത നിർമ്മാണം, കുടിവെള്ള പദ്ധതി, വീട് റിപ്പയർ, സംരക്ഷണ ഭിത്തി, ഡ്രെയിനേജ് സാനിറ്റേഷൻ എന്നീ പ്രവൃത്തികൾ

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പൂർത്തീകരിച്ചിട്ടുണ്ട്. എസ്റ്റിമേറ്റിൽ റിവിഷൻ ആവശ്യപ്പെട്ടിട്ടുണ്ട്. ആയത് ജില്ലാ നിർമ്മിതി കേന്ദ്രത്തിൽനിന്നും ലഭ്യമായിട്ടില്ല. കളത്തിൽ ചാലക്കൽ പട്ടികജാതി കോളനിയിൽ ഉൾറോഡ്, നടപ്പാത നിർമ്മാണം, കുടിവെള്ള പദ്ധതി, വീട് റിപ്പയർ, സംരക്ഷണ ഭിത്തി, സാനിറ്റേഷൻ, സോളാർ തെരുവ് വിളക്ക്, ഖരമാലിന്യ പരിപാലനം എന്നീ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. എസ്റ്റിമേഷൻ റിവിഷൻ ആവശ്യമാണ്. ആയത് ജില്ലാ നിർമ്മിതി കേന്ദ്രത്തിൽനിന്നും ലഭ്യമായിട്ടില്ല. അമ്പലപ്പറമ്പ് പട്ടികജാതി കോളനിയിൽ ഉൾറോഡ്, നടപ്പാത നിർമ്മാണം, പുനരുദ്ധാരണം, ഭവന പുനരുദ്ധാരണം, പോസ്റ്റ് മാറ്റി സ്ഥാപിക്കൽ എന്നീ പ്രവൃത്തികളാണ് നടപ്പാക്കാനുള്ളത്. ഗുണഭോക്താക്കൾക്കിടയിലെ തർക്കംമൂലം വർക്ക് തുടങ്ങാനായിട്ടില്ല. മങ്കട നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ട കോളനികളിൽ ഈ സാമ്പത്തിക വർഷവും കോർപ്പസ് ഫണ്ടിൽ തുക വകയിരുത്തി നടപ്പിലാക്കേണ്ട പദ്ധതികൾ സംബന്ധിച്ച ശിപാർശ ലഭ്യമായിട്ടില്ല.

### ദേവികുളം മണ്ഡലത്തിലെ അംബേദ്കർ ഗ്രാമം പദ്ധതി

35(780) ശ്രീ. എ. രാജ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേവികുളം മണ്ഡലത്തിൽ പട്ടികവർഗ്ഗ കോളനികളുടെ നവീകരണത്തിനായി അംബേദ്കർ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തി തെരഞ്ഞെടുത്ത കുടികൾ ഏതൊക്കെയെന്നും പ്രസ്തുത കോളനികളിൽ നടപ്പാക്കുന്ന പദ്ധതികൾ ഏതൊക്കെയാണെന്നും വിശദമാക്കാമോ?

ഇടുക്കി ജില്ലയിലെ ദേവികുളം മണ്ഡലത്തിൽ നിന്നും 2017-18 വർഷം അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതി പ്രകാരം, കുറത്തിക്കുടി, കട്ടമുടിക്കുടി, നെല്ലിപെട്ടിക്കുടി, ചമ്പക്കാട്ട്കുടി, കൂടല്ലാർകുടി, കോഴിയാളക്കുടി, സിങ്കുകുടി-ചിക്കണാംകുടി ക്ലസ്റ്റർ എന്നീ കോളനികളെ തെരഞ്ഞെടുത്തിട്ടുണ്ട്. പ്രസ്തുത കോളനികളിൽ നടപ്പാക്കുന്ന പദ്ധതികൾ സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

(ബി) ഓരോ പദ്ധതിക്കും നീക്കിവച്ചിട്ടുള്ള തുകയും പദ്ധതികളുടെ നിലവിലെ സ്ഥിതിയും വിശദമാക്കാമോ?

ഇടുക്കി ജില്ലയിലെ ദേവികുളം മണ്ഡലത്തിൽനിന്നും 2017-18 വർഷം അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതി പ്രകാരം, കുറത്തിക്കുടി, കട്ടമുടിക്കുടി, നെല്ലി പെട്ടിക്കുടി, ചമ്പക്കാട്ട്കുടി, കൂടല്ലാർകുടി, കോഴിയാളക്കുടി, സിങ്കുകുടി-ചിക്കണാം കുടി ക്ലസ്റ്റർ എന്നീ കോളനികളെ തെരഞ്ഞെടുത്തിട്ടുണ്ട്. പ്രസ്തുത കോളനികളിൽ നടപ്പാക്കുന്ന പദ്ധതികൾ സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) പ്രസ്തുത പദ്ധതി പ്രകാരം 2019-20 കാലയളവിൽ ദേവികുളം മണ്ഡലത്തിൽ പുതുതായി തെരഞ്ഞെടുത്ത പട്ടികവർഗ്ഗ കോളനികളുടെ പേരും പദ്ധതികളുടെ വിവരവും നിലവിലെ സ്ഥിതിയും വിശദമാക്കാമോ?

2019-20 കാലയളവിൽ ദേവികുളം മണ്ഡലത്തിൽ നിന്നും അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതി പ്രകാരം കോളനികൾ തെരഞ്ഞെടുത്തിരുന്നില്ല. 2020-21 വർഷം ദേവികുളം മണ്ഡലത്തിൽ നിന്നും ചെമ്പട്ടിക്കുടി, തലനിരപ്പൻകുടി, അഞ്ചാംമൈൽകുടി, ഇരുട്ടളക്കുടി, കമ്മാളംകുടി, ചെറുവാട്കുടി, ഇഡ്ഡലിപ്പാറക്കുടി, കൊച്ച്കൊടകല്ല്, ഈച്ചാംപെട്ടിക്കുടി എന്നീ പട്ടികവർഗ്ഗ കോളനികളെ തെരഞ്ഞെടുത്തിട്ടുണ്ട്. ടി കോളനികളിൽ പദ്ധതി നടപ്പിലാക്കുന്നതിനായി ഏജൻസികളെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## കോഴിക്കോട് നോർത്ത് നിയോജകമണ്ഡലത്തിലെ പട്ടികജാതി കോളനികളുടെ സമഗ്ര വികസനം

36(781) <u>ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ</u>: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോഴിക്കോട് നോർത്ത് നിയോജകമണ്ഡലത്തിലെ പട്ടികജാതി കോളനികളുടെ സമഗ്ര വികസനത്തിന് പ്രത്യേക പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

കോഴിക്കോട് നോർത്ത് നിയോജകമണ്ഡലത്തിലെ അംബേദ്കർ കോളനിയെ (കോഴിക്കോടിനടുത്ത സിവിൽ സ്റ്റേഷൻ) അംബേദ്കർ ഗ്രാമം വികസന പദ്ധതി പ്രകാരം വികസന പ്രവർത്തനങ്ങൾക്കായി (അടങ്കൽ തുക -50 ലക്ഷം) തെരഞ്ഞെടുത്ത്, അവിടെ നടപ്പിലാക്കേണ്ട വികസന പ്രവൃത്തികൾക്കുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. കോഴിക്കോട് നോർത്ത് നിയോജകമണ്ഡലത്തിലെ തന്നെ കുമ്മാട്ടിക്കുളം എസ്.സി. കോളനിയിൽ നടപ്പിലാക്കേണ്ട വികസന പ്രവൃത്തികൾക്കുള്ള എസ്റ്റിമേറ്റ് ലഭ്യമാക്കുവാൻ കോഴിക്കോട് ജില്ലാ നിർമ്മിതി കേന്ദ്രം മാനേജർ, കോഴിക്കോട് കോർപ്പറേഷൻ പട്ടികജാതി വികസന ഓഫീസർ എന്നിവർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**മുതലമട പഞ്ചായത്തിലെ ചപ്പക്കാട് പട്ടികവർഗ്ഗ ലക്ഷംവീട് കോളനിയിലെ വീട് നിർമ്മാണത്തിനുള്ള ഫണ്ട്**

37(782) ശ്രീ. കെ. ബാബു (നെന്മാറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുതലമട പഞ്ചായത്തിലെ ചപ്പക്കാട് പട്ടികവർഗ്ഗ ലക്ഷംവീട് കോളനിയിൽ എത്ര വീടുകളുടെ നിർമ്മാണത്തിനാണ് ഫണ്ട് അനുവദിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ?

13 വീടുകളുടെ നിർമ്മാണത്തിന് ധനസഹായം അനുവദിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത ഫണ്ട് ഏത് വർഷം അനുവദിച്ചുവെന്നും വീടുകളുടെ നിർമ്മാണ പ്രവൃത്തികൾ എപ്പോൾ പൂർത്തീകരിക്കാൻ കഴിയുമെന്നും വിശദമാക്കുമോ?

2016-17 സാമ്പത്തിക വർഷമാണ് ധനസഹായം അനുവദിച്ചത്. പ്രസ്തുത 13 വീടുകളിൽ 5 വീടുകളുടെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്. 8 വീടുകളുടെ നിർമ്മാണം അവസാന ഘട്ടത്തിലാണ്.

**അംബേദ്കർ ഗ്രാമം പദ്ധതി**

38(783) ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി കോളനികളുടെ വികസനത്തിനുവേണ്ടി തയ്യാറാക്കിയ അംബേദ്കർ ഗ്രാമം പദ്ധതിയിൽ 2020-21, 2021-22 വർഷങ്ങളിൽ കോഴിക്കോട് ജില്ലയിൽനിന്ന് ഏതൊക്കെ കോളനികളെയാണ് തെരഞ്ഞെടുത്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരമുള്ള പ്രവൃത്തികൾ ഏത് ഏജൻസി മുഖേന യാണ് നടപ്പിലാക്കി വരുന്നത് ?

(എ & ബി) കോഴിക്കോട് ജില്ലയിൽനിന്നും 2020-21 സാമ്പത്തിക വർഷത്തിൽ ബാലുശ്ശേരി നിയോജകമണ്ഡലത്തിൽ ഉൾപ്പെടുന്ന ഉള്ളിയേരി ഗ്രാമ പഞ്ചായത്തിലെ നെല്ലിക്കുന്ന് എസ്.സി. കോളനിയെയും കുന്നമംഗലം നിയോജക മണ്ഡലത്തിൽ ഉൾപ്പെടുന്ന പെരുവയൽ ഗ്രാമപഞ്ചായത്തിലെ ഗോശാലിക്കുന്ന് എസ്.സി. കോളനിയെയും അംബേദ്കർ ഗ്രാമം പദ്ധതി പ്രകാരം തെരഞ്ഞെടുത്തിട്ടുണ്ട്. പ്രസ്തുത പ്രവൃത്തികൾ ജില്ലാ നിർമ്മിതി കേന്ദ്രം കോഴിക്കോട് മുഖേന നടപ്പിലാക്കി വരുന്നു. 2021-22 സാമ്പത്തിക വർഷത്തിലേയ്ക്ക് കോളനികളെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(സി) ടി പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

പ്രസ്തുത പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു.

(ഡി) കോളനികൾ തെരഞ്ഞെടുക്കുന്നതിന് നിലവിലുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണ്; ഇതിൽ മാറ്റം വരുത്തുന്നത് സംബന്ധിച്ച് സർക്കാർ ആലോചിക്കുന്നുണ്ടോ?

ഓരോ നിയോജകമണ്ഡലത്തിലുമുള്ള അടിസ്ഥാന സൗകര്യ വികസനത്തിൽ ഏറ്റവും പിന്നോക്കം നിൽക്കുന്നതും മുപ്പതോ അതിലധികമോ പട്ടികജാതി കുടുംബങ്ങൾ അധിവസിക്കുന്നതും വികസന പ്രവർത്തനങ്ങൾ ആവശ്യമുള്ളതുമായ സങ്കേതങ്ങളെ തെരഞ്ഞെടുത്ത് ഓരോ കോളനിയിലും ഒരു കോടി രൂപയുടെ വികസന പ്രവർത്തനങ്ങൾ നടത്തിവരുന്നു. ഓരോ സങ്കേതത്തിന്റെയും വികസനാവശ്യങ്ങൾ വിലയിരുത്തി എം.എൽ.എ.-മാരുടെ മേൽനോട്ടത്തിലാണ് പദ്ധതി നിർവ്വഹണം. ടി പദ്ധതിയിൽ കോളനികളുടെ തെരഞ്ഞെടുപ്പുരീതി, നടത്തിപ്പ് എന്നിവ സംബന്ധിച്ച് സി2/68/2020/പജപവവിവ നമ്പർ ഫയലിൽ നടപടി സ്വീകരിച്ചു വരുന്നു.

**കോതമംഗലം മണ്ഡലത്തിലെ അംബേദ്കർ സെറ്റിൽമെന്റ് പദ്ധതി**

39(784) ശ്രീ. ആന്റണി ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിൽ അംബേദ്കർ സെറ്റിൽമെന്റ് പദ്ധതിയിൽ ഉൾപ്പെടുത്തി നവീകരിക്കുന്ന തേര, എളംബ്ലാശ്ശേരി കോളനികളുടെ നിർമ്മാണ പ്രവർത്തനങ്ങളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(ബി) ഓരോ കോളനിയിലും വിഭാവന ചെയ്തിട്ടുള്ള പ്രവൃത്തികൾ എന്തെല്ലാമെന്ന് അറിയിക്കാമോ; ഓരോ പ്രവൃത്തിയുടെയും നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

(എ&ബി) വിശദാംശം അനുബന്ധമായി* ചേർക്കുന്നു. 9-9-2021-ൽ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ പദ്ധതിയുടെ അവലോകന യോഗം ചേരുകയും 2012 മുതൽ 2019-20 വരെയുള്ള എല്ലാ പ്രവൃത്തികളും 31-12-2021-ന് മുൻപായി പൂർത്തീകരിക്കണമെന്ന് നിർദ്ദേശം നൽകിയിട്ടുള്ളതുമാണ്.

(സി) എളംബ്ലാശ്ശേരി കോളനിയിലെ നവീകരണ പ്രവൃത്തികൾ എന്നത്തേക്ക് പൂർത്തീകരിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

2021 ഡിസംബർ 31-നുള്ളിൽ പൂർത്തീകരിക്കാൻ കഴിയുന്നതാണ്.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ഡി) തേര കോളനിയിൽ വിഭാവന ചെയ്തിട്ടുള്ള പ്രവൃത്തികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ?

അനുബന്ധമായി* ചേർക്കുന്നു.

(ഇ) തേര കോളനിയിൽ കിണർ നിർമ്മാണം ഒഴികെ മറ്റൊരു പ്രവൃത്തിയും നാളിതുവരെ ആരംഭിക്കുവാൻ കഴിഞ്ഞിട്ടില്ലെന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; കോളനിയിലെ നവീകരണ പ്രവർത്തനങ്ങൾ വൈകുന്നതിന്റെ കാരണം വ്യക്തമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 2018, 2019 വർഷങ്ങളിലുണ്ടായ കാലവർഷക്കെടുതിയും കോവിഡ് മഹാമാരിമൂലമുണ്ടായ ലോക്ഡൗണും കൂടാതെ കോളനിയിലേക്കുള്ള റോഡ് കോൺക്രീറ്റ് ചെയ്യുന്നതിന് വനം വകുപ്പിൽ നിന്നുള്ള അനുമതി ലഭ്യമാകുന്നതിന് താമസം നേരിട്ടതുമാണ് നിർമ്മാണ പ്രവൃത്തികൾ വൈകുന്നതിന് കാരണമായിട്ടുള്ളത്.

(എഫ്) നവീകരണ പ്രവൃത്തിയുടെ എസ്. പി. വി. ആയ ഹാബിറ്റാറ്റ് മുഖേന പ്രവർത്തനങ്ങൾ അടിയന്തരമായി പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

ഹാബിറ്റാറ്റ് മുഖേന നിർമ്മാണ പ്രവൃത്തികൾ അടിയന്തരമായി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. റോഡ് നിർമ്മാണത്തിനുള്ള അനുമതി വനം വകുപ്പിൽനിന്നും 13-8-2021-ന് ലഭ്യമായിട്ടുണ്ട്. നിർമ്മാണ പ്രവൃത്തികൾ അടിയന്തരമായി ആരംഭിക്കുന്നതാണെന്ന് 24-9-2021-ന് എറണാകുളം ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ ചേർന്ന മോണിറ്ററിംഗ് കമ്മിറ്റിയിൽ ഹാബിറ്റാറ്റ് അറിയിച്ചിട്ടുണ്ട്.

## പട്ടികജാതി കോളനികളുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ

40(785) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി കോളനികളുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കായി തയ്യാറാക്കുന്ന എസ്റ്റിമേറ്റുകളിൽ കെട്ടിടത്തിന്റെ ഏതെല്ലാം പ്രവൃത്തികളാണ് പുനരുദ്ധാരണത്തിനായി ഉൾപ്പെടുത്താൻ സാധിക്കാത്തതായുള്ളതെന്ന് അറിയിക്കാമോ?

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

അംബേദ്കർ ഗ്രാമ വികസന പദ്ധതി പ്രകാരം പട്ടികജാതി കോളനികളിൽ വീടുകളുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കായി തയ്യാറാക്കുന്ന എസ്റ്റിമേറ്റുകളിൽ ഒന്നര ലക്ഷം രൂപ എന്ന പരിധിക്കുവിധേയമായി ഏത് ഘടകവും (പ്രവൃത്തികളും) ഉൾപ്പെടുത്താവുന്നതാണ്. എന്നാൽ Floor tiling മാത്രമായിട്ടുള്ള പ്രവൃത്തികൾ ഉൾപ്പെടുത്തുന്നത് അനുവദനീയമല്ല.

(ബി) തകർന്ന മേൽക്കൂര പൂർണ്ണമായി കോൺക്രീറ്റ് ചെയ്യുന്നതിനുള്ള ഘടകങ്ങൾ എസ്റ്റിമേറ്റുകളിൽ വിഭാവന ചെയ്യാൻ സാധിക്കുമോ?

തകർന്ന മേൽക്കൂര പൂർണ്ണമായി കോൺക്രീറ്റ് ചെയ്യുന്നതിനുള്ള ഘടകങ്ങൾ ഒന്നര ലക്ഷം രൂപ എന്ന പരിധിക്ക് വിധേയമായി ഉൾപ്പെടുത്താവുന്നതാണ്.

(സി) പട്ടികജാതി കോളനികളുടെ പുനരുദ്ധാരണ പ്രോജക്ടുകൾ പി.എം.സി.-യെ ഏൽപ്പിക്കുമ്പോൾ പി.എം.സി.-യുടെ മേൽനോട്ട ചുമതല ഏതൊക്കെ വകുപ്പുകൾക്കാണെന്ന് അറിയിക്കാമോ?

പട്ടികജാതി കോളനികളുടെ പുനരുദ്ധാരണ പ്രോജക്ടുകൾ പി.എം.സി-യെ ഏൽപ്പിക്കുമ്പോൾ പി.എം.സി-യുടെ മേൽനോട്ട ചുമതല പട്ടികജാതി വികസന വകുപ്പിനാണ്.

## പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ ഓൺലൈൻ പഠനം ഉറപ്പുവരുത്തുന്നതിനായി സർക്കാർ സ്വീകരിച്ച നടപടികൾ

41 (786) ശ്രീ. പി. ടി. തോമസ്:
ശ്രീ. റോജി എം. ജോൺ:
ശ്രീ. അൻവർ സാദത്ത്:
ശ്രീ പി. സി. വിഷ്ണുനാഥ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ ഓൺലൈൻ പഠനം ഉറപ്പുവരുത്തുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ഡിജിറ്റൽ പഠന സൗകര്യങ്ങൾ താരതമ്യേന കുറവായ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് വകുപ്പിന്റെ നിയന്ത്രണത്തിലുള്ള സാമൂഹ്യപഠനമുറികൾ കൂടാതെ ഊരുവിദ്യാ കേന്ദ്രങ്ങൾ, ക്ലബ്ബുകൾ, വായനശാലകൾ, അങ്കണവാടികൾ, മൾട്ടിഗ്രേഡ് ലേണിംഗ് സെന്ററുകൾ മുതലായ കോളനികളിലെ പൊതുഇടങ്ങളിൽ താല്ക്കാലികമായി ഓൺലൈൻ/ഡിജിറ്റൽ പഠന സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്. വൈദ്യുതി സൗകര്യം ഇല്ലാത്ത 32 പ്രദേശങ്ങളിൽ സോളാർ പാനൽ സംവിധാനങ്ങൾ ഒരുക്കി

വൈദ്യുതി എത്തിക്കാൻ നടപടി സ്വീകരിച്ചുവരുന്നു. സാമൂഹ്യപഠനമുറി ഫെസിലിറ്റേറ്റർമാർ, ഗോത്രബന്ധു പദ്ധതിയിലെ മെന്റർ ടീച്ചർമാർ, ഊരിലെ അഭ്യസ്തവിദ്യരായ യുവതീ-യുവാക്കൾ എന്നിവരുടെ സേവനം പഠനത്തിനായി ലഭ്യമാക്കിയിട്ടുണ്ട്. ഇന്റർനെറ്റ്, ഡി.റ്റി.എച്ച്. സംവിധാനങ്ങൾ ലഭ്യമല്ലാത്ത കോളനികളിൽ വിക്ടേഴ്സ് ചാനലിലെ ക്ലാസ്സുകൾ അദ്ധ്യാപകർ റെക്കോഡ് ചെയ്ത ശേഷം ആയത് ഊരിൽ ഒരു പൊതുസ്ഥലത്തെത്തി വിശദീകരിച്ച് പഠനത്തെ സഹായിക്കുന്നുണ്ട്. ഫെസിലിറ്റേറ്റർമാരുടെയും മെന്റർ ടീച്ചർമാരുടെയും സഹായത്തോടുകൂടി ഓൺലൈൻ പഠനം ഗോത്രഭാഷയിലും നൽകുന്നുണ്ട്.

(ബി) ഇന്റർനെറ്റ് സൗകര്യം ലഭ്യമല്ലാത്തതോ കുറവുള്ളതോ ആയ ആയിരത്തോളം ആദിവാസി കോളനികൾ സംസ്ഥാനത്തുണ്ടെന്ന് കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ യുദ്ധകാലാടിസ്ഥാനത്തിൽ ഈ കോളനികളിൽ കൂടി ഇന്റർനെറ്റ് സേവനം ലഭ്യമാക്കാൻ നടപടികൾ സ്വീകരിക്കുമോ?

ഇന്റർനെറ്റ് കണക്ടിവിറ്റി തീരെയില്ലാത്ത 164 കോളനികളും ഭാഗികമായി മാത്രം കണക്ടിവിറ്റി ലഭ്യമായ 273 കോളനികളും ഉള്ളതായി കണക്കാക്കിയിട്ടുണ്ട്. ടെലികോം/ഇന്റർനെറ്റ് സേവനദാതാക്കളുടെ യോഗം വിളിച്ചു ചേർത്ത് കണക്ടിവിറ്റിയില്ലാത്ത പ്രദേശങ്ങളിൽ വിവിധ സാങ്കേതിക വിദ്യകൾ ഉപയോഗിച്ച് കണക്ടിവിറ്റി ലഭ്യമാക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പട്ടികവർഗ്ഗ വികസനം, തദ്ദേശസ്വയംഭരണം, ഐ.ടി. എന്നീ വകുപ്പുകളുടെ പ്രവർത്തനങ്ങൾ ജില്ലാതലത്തിൽ ഏകോപിപ്പിക്കുന്നതിന് ജില്ലാ കളക്ടർമാർക്ക് ചുമതല നൽകിയിട്ടുണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കോർപ്പസ് ഫണ്ട് ഈ ആവശ്യത്തിനായി ഉപയോഗിക്കുന്നതിന് ജില്ലാ കളക്ടർമാർക്ക് അനുമതി നൽകിയിട്ടുണ്ട്. കണക്ടിവിറ്റി ലഭ്യമാക്കുന്നത് സംബന്ധിച്ച പുരോഗതി വിലയിരുത്തി വരുന്നു.

(സി) ഓൺലൈൻ പഠനത്തിന് ആവശ്യമായ ഉപകരണങ്ങൾ ലഭ്യമല്ലാത്ത പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ കണക്ക് ശേഖരിച്ചിട്ടുണ്ടോ; പഠനത്തിനാവശ്യമായ ഉപകരണങ്ങൾ ലഭ്യമല്ലാത്ത പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് അവ ലഭ്യമാക്കാൻ നടപടികൾ സ്വീകരിക്കുമോ?

ഉണ്ട്. ഹയർ സെക്കണ്ടറിതലം വരെയുള്ള ഡിജിറ്റൽ ഉപകരണങ്ങൾ സ്വന്തമായി ലഭ്യമാക്കാൻ സാഹചര്യമില്ലാത്തവരെന്ന് കണ്ടെത്തിയ 37,717 വിദ്യാർത്ഥികൾക്ക് പൊതുവിദ്യാഭ്യാസ വകുപ്പ് KITE മുഖേന ലാപ്ടോപ്പുകൾ വിതരണം ചെയ്യുന്ന നടപടികൾ ആരംഭിച്ചിട്ടുണ്ട്.

## പറമ്പിക്കുളത്തെ ആദിവാസി കോളനികളിൽ പാർപ്പിട സൗകര്യം ഒരുക്കുന്നത്

42(787) ശ്രീ. കെ. ബാബു (നെന്മാറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പറമ്പിക്കുളത്തെ ഏതെല്ലാം ആദിവാസി കോളനികളിലാണ് മതിയായ പാർപ്പിട സൗകര്യമില്ലാത്തതെന്ന് വിശദമാക്കുമോ?

പറമ്പിക്കുളത്തെ കടവ് കോളനിയിൽ മതിയായ പാർപ്പിട സൗകര്യമില്ല.

(ബി) ഇത്തരം കോളനികളിൽ അടിയന്തരമായി പാർപ്പിട സൗകര്യം ഒരുക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ?

കടവ് കോളനിയിൽ വനാവകാശ രേഖ പ്രകാരം 1 മുതൽ 3 സെന്റ് സ്ഥലം മാത്രമാണ് ലഭ്യമായിട്ടുള്ളത്. ഭവന നിർമ്മാണത്തിന് മതിയായ സ്ഥലം ലഭ്യമല്ലാത്ത സാഹചര്യത്തിൽ ഇരുനിലകളിലായി പാർപ്പിട സമുച്ചയങ്ങൾ നടപ്പിലാക്കുന്നതിന് സർവ്വേ സ്കെച്ച് തയ്യാറാക്കി, എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനായി കേരള സംസ്ഥാന നിർമ്മിതി കേന്ദ്രത്തിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

## പയ്യന്നൂർ മണ്ഡലത്തിൽ അംബേദ്കർ ഗ്രാമം പദ്ധതി

43(788) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ നിയോജകമണ്ഡലത്തിലെ ഏതെല്ലാം കോളനികളെയാണ് അംബേദ്കർ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നത്?

പ്രസ്തുത നിയോജകമണ്ഡലത്തിൽ മാടക്കാംപൊയിൽ കോളനി, കാരന്താട് കോളനി, ക്കുക്കാനം കോളനി എന്നീ കോളനികളെയാണ് അംബേദ്കർ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നത്.

(ബി) പ്രസ്തുത കോളനികളിലെ ഓരോന്നിന്റെയും നിലവിലെ നിർമ്മാണ പുരോഗതി വിശദമാക്കാമോ?

1. മാടക്കാംപൊയിൽ കോളനിയിലെ പ്രവൃത്തികൾ പൂർത്തീകരിച്ചു.
2. കാരന്താട് കോളനിയിൽ ഒരു റോഡിന്റെ ടാറിംഗും തെരുവുവിളക്കും ഒഴികെ ബാക്കി എല്ലാ പ്രവൃത്തികളും പൂർത്തീകരിച്ചു.
3. ക്കുക്കാനം കോളനി - പ്രവൃത്തിയുടെ എഗ്രിമെന്റ് നടപടികൾ പൂർത്തിയാക്കുകയും പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

## മഞ്ചേരി മണ്ഡലത്തിൽ അംബേദ്കർ ഗ്രാമം പദ്ധതി

44(789) ശ്രീ. യു. എ. ലത്തീഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേരി മണ്ഡലത്തിൽ അംബേദ്ക്കർ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയ ഏറാഞ്ചേരി കോളനി (പാണ്ടിക്കാട് പഞ്ചായത്ത്), ചക്കിങ്ങൽ കോളനി (തൃക്കലങ്ങോട് പഞ്ചായത്ത്) എന്നിവയുടെ പദ്ധതി പൂർത്തീകരണം വൈകുന്നതിന്റെ കാരണം വ്യക്തമാക്കാമോ;

(ബി) പ്രസ്തുത കോളനികളിലെ പ്രവൃത്തികളിൽ പൂർത്തീകരിച്ചവ ഏതൊക്കെയെന്നും ഇനി പൂർത്തികരിക്കാനുള്ളവ ഏതൊക്കെയെന്നും അവ എന്നേക്ക് പൂർത്തീകരിക്കുമെന്നും വ്യക്തമാക്കാമോ?

(എ&ബി) ഏറാഞ്ചേരി കോളനിയിലെ 75% പ്രവൃത്തികളും പൂർത്തീകരിച്ചിട്ടുണ്ട്. ആമയൂർ ചക്കിങ്ങൽ കോളനിയുടെ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയ ഒരു കിണറിന് പുറമെ മറ്റൊരു കിണർ കൂടി ആവശ്യമാണെന്ന് കോളനി നിവാസികൾ ആവശ്യപ്പെടുകയും എം.എൽ.എ.-യുടെ സാന്നിദ്ധ്യത്തിൽ മീറ്റിംഗ് നടത്തുകയും പുതിയ കിണർ നിർമ്മിക്കുവാൻ തീരുമാനമെടുക്കുകയും ചെയ്തിരുന്നു. പുതിയ കിണർ ചെയ്തതിനുശേഷം മാത്രമേ പൈപ്പ് ലൈൻ വർക്ക് ചെയ്യാൻ സാധിക്കുകയുള്ളൂ. ഇത് കാരണം പൈപ്പ് ലൈൻ മാറുകയും റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടിവരികയും ചെയ്തിട്ടുണ്ട്. ആയതിനാൽ പദ്ധതി പൂർത്തിയാക്കുന്നതിന് കാലതാമസം വന്നിട്ടുണ്ട്. കുടിവെള്ള പദ്ധതി ഒഴികെ ബാക്കിയെല്ലാം പൂർത്തീകരിച്ചിട്ടുണ്ട്. ഏറാഞ്ചേരി കോളനി - ഉൾറോഡ്, നടപ്പാത നിർമ്മാണം, റീഡിംഗ് റൂം നിർമ്മാണം, ഡ്രൈയിനേജ്, വീട് റിപ്പയർ (28 എണ്ണം), സംരക്ഷണ ഭിത്തി എന്നീ പ്രവൃത്തികൾ പൂർത്തീകരിച്ചു. കുടിവെള്ള പദ്ധതി പുരോഗമിക്കുന്നു. കുടിവെള്ള പദ്ധതിയിൽ കിണർ പൂർത്തിയായി. പൈപ്പ് ലൈൻ 90% പൂർത്തിയായിട്ടുണ്ട്. ആമയൂർ ചക്കിങ്ങൽ കോളനി- 75% പ്രവൃത്തികൾ പൂർത്തീകരിച്ചു. ഉൾറോഡ്, നടപ്പാത നിർമ്മാണം, അങ്കണവാടിക്ക് മുകളിൽ ഹാൾ നിർമ്മാണം, പൊതു സൗകര്യങ്ങളുടെ വികസനം എന്നിവ പൂർത്തീകരിച്ചു. കുടിവെള്ള പദ്ധതി ഭാഗികമായി പൂർത്തീകരിച്ചിട്ടുണ്ട്.

(സി) അംബേദ്കർ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയ മഞ്ചേരി ആര്യമ്പാടം കുറുങ്കാട്ടുകുന്ന് കോളനിയുടെ പ്രവൃത്തി നാളിതുവരെ ആരംഭിക്കാത്തതിന്റെ കാരണവും പദ്ധതിയുടെ പ്രവൃത്തികൾ എന്നേക്ക് ആരംഭിക്കാൻ കഴിയുമെന്നും എന്നേക്ക് പൂർത്തീകരിക്കാനാകുമെന്ന വിവരവും നല്കുമോ?

ആര്യമ്പാടം കുറുങ്കാട്ടുകുന്ന് കോളനിയിലെ പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്. ഭവന പുനരുദ്ധാരണ പ്രവൃത്തികൾ പുരോഗമിക്കുന്നുണ്ട്. 6 വീടുകളുടെ പ്ലാസ്റ്ററിംഗ് കഴിഞ്ഞു. കുടിവെള്ള വിതരണം, ഉൾറോഡ്, നടപ്പാത നിർമ്മാണം എന്നിവ തുടങ്ങിയിട്ടില്ല. പ്രവൃത്തികൾ 31-12-2021-ന് മുമ്പായി പൂർത്തീകരിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

## കണ്ണൂർ പള്ളിപ്രം കോളനിയിലെ അംബേദ്കർ ഗ്രാമം പദ്ധതി

45(790) ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ നിയോജകമണ്ഡലത്തിലെ പള്ളിപ്രം കോളനിയിൽ നടപ്പിലാക്കുന്ന അംബേദ്കർ ഗ്രാമം പദ്ധതിയുടെ പുരോഗതി വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി എപ്പോൾ പൂർത്തീകരിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

(എ&ബി) പ്രസ്തുത കോളനിയിലെ ചുറ്റുമതിൽ നിർമ്മാണം പൂർത്തിയായിട്ടുണ്ട്. അവശേ ഷിക്കുന്ന പ്രവൃത്തികൾ അടിയന്തരമായി പൂർത്തീകരിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

## കിഴക്കേമറ്റം കോളനി പുനരുദ്ധാരണം

46(791) ശ്രീമതി യു പ്രതിഭ: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കായംകുളം മണ്ഡലത്തിൽ 'അംബേദ്കർ ഗ്രാമം' പദ്ധതിയിൽ ഉൾപ്പെടുത്തി പുനരുദ്ധാരണം നടത്തുന്ന കിഴക്കേമറ്റം കോളനിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിച്ചിട്ടില്ലെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിന്റെ കാരണം വ്യക്തമാക്കാമോ; നിർമ്മാണ പ്രവർത്തനങ്ങൾ എന്നേക്ക് ആരംഭിക്കാൻ കഴിയുമെന്ന് വിശദമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത കോളനിയുടെ എസ്റ്റിമേറ്റിൽ ഭേദഗതി ആവശ്യമായതിനാലാണ് കാലതാമസമുണ്ടായത്. നിർവ്വഹണ ഏജൻസി സമർപ്പിച്ചിട്ടുള്ള പുതുക്കിയ എസ്റ്റിമേറ്റിന് ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ ഡയറക്ടറേറ്റ് തലത്തിൽ സ്വീകരിച്ചുവരുന്നു. ആയത് സർക്കാരിൽ ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിച്ച് ഭരണാനുമതി ലഭ്യമാക്കി പ്രവൃത്തി ആരംഭിക്കുന്നതാണ്.

## അംബേദ്കർ ഗ്രാമം പദ്ധതി

47(792) ശ്രീ. പി. വി. ശ്രീനിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അംബേദ്കർ ഗ്രാമം പദ്ധതിയിൽ കുന്നത്തുനാട് മണ്ഡലത്തിലെ പുത്തൻകുരിശ് പഞ്ചായത്തിലെ വിട്ടൂർ കോളനിക്ക് 2019-20 വർഷം 50 ലക്ഷം രൂപയും മൂലേക്കുഴി കോളനിക്ക് 2020-21 വർഷം ഒരു കോടി രൂപയും അനുവദിച്ചിരുന്നുവെങ്കിലും പ്രവൃത്തികൾ ആരംഭിച്ചിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത കോളനികളിൽ എന്തെല്ലാം പ്രവൃത്തികളാണ് ഈ പദ്ധതിയിൽ നടപ്പിലാക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മൂലേക്കുഴി കോളനിയിൽ മൂലേക്കുഴി റോഡ് നിർമ്മാണം, പെരിയാർവാലി കനാൽ റോഡ്, സംരക്ഷണഭിത്തി നിർമ്മാണം, ഭവന പുനരുദ്ധാരണം എന്നിവ ഉൾപ്പെടുത്തിയിട്ടുണ്ട്. മോണിറ്ററിംഗ് കമ്മിറ്റിയുടെ തീരുമാനമനുസരിച്ച് വിട്ടൂർ കോളനിയിൽ ഓപ്പൺ സ്റ്റേഡിയവും നടപ്പാത നിർമ്മാണവും ശിപാർശ ചെയ്തിട്ടുണ്ട്.

(സി) അടിസ്ഥാന സൗകര്യ വികസനത്തിനായി അനുവദിച്ച ഫണ്ട് വിനിയോഗിച്ചുകൊണ്ട് പ്രവൃത്തികൾ അടിയന്തരമായി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

മോണിറ്ററിംഗ് കമ്മിറ്റി ശിപാർശ ചെയ്ത പ്രവൃത്തികളുടെ എസ്റ്റിമേറ്റ് അടിയന്തരമായി സമർപ്പിക്കുന്നതിന് നിർവ്വഹണ ഏജൻസിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ആയത് ലഭ്യമാകുന്ന മുറയ്ക്ക് ഭരണാനുമതി നൽകി പ്രവൃത്തികൾ ആരംഭിക്കുന്നതാണ്.

## അമ്പലപ്പുഴ നിയോജകമണ്ഡലത്തിലെ അംബേദ്കർ ഗ്രാമം പദ്ധതി

48(793) ശ്രീ. എച്ച്. സലാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അമ്പലപ്പുഴ നിയോജകമണ്ഡലത്തിൽ പട്ടികജാതി വികസന വകുപ്പിന്റെ അംഗീകാരമുള്ള എത്ര കോളനികളാണുള്ളത്; അവ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ?

1. പേത്രൂർ കോളനി
2. നാലുപുരയ്ക്കൽ കോളനി
3. അറവുകാട് എസ്.സി. കോളനി
4. അമ്പലപ്പുഴ വടക്ക് എസ്.സി. കോളനി
5. ഐ.എച്ച്.ഡി.പി. കോളനി
6. പോട്ടത്തറ ലക്ഷം വീട് കോളനി
7. വിരുത്തുവേലി കോളനി
8. മാമ്പലത്തറ അംബേദ്കർ കോളനി
9. പറത്തറപറമ്പ് കോളനി
10. കുരമാടി ലക്ഷം വീട് കോളനി
11. എണ്ണയ്ക്കാട് കോളനി
12. ഇല്ലിച്ചിറ കോളനി
13. കരീച്ചിറ കോളനി
14. നാഗപറമ്പ് കോളനി
15. മണ്ണംപുറം കോളനി
16. നാഗമംഗലം കോളനി
17. നാലുചിറ സെറ്റിൽമെന്റ് കോളനി
18. ഇല്ലിച്ചിറ അംബേദ്കർ കോളനി
19. എം.ആർ.തോട് കോളനി
20. ഗാന്ധി വിലാസം കോളനി.

(ബി) അംബേദ്കർ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തി ഏതൊക്കെ കോളനികളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി എത്ര ഫണ്ടനുവദിച്ചുവെന്ന് ഉത്തരവുകളുടെ കോപ്പികൾ സഹിതം വ്യക്തമാക്കാമോ;

(സി) ഇവ ഓരോന്നിന്റെയും നിർമ്മാണ ചുമതല ഏത് ഏജൻസിക്കാണ് നൽകിയിട്ടുള്ളത്; ഇതുവരെയുള്ള ഓരോന്നിന്റെയും നിർമ്മാണ പുരോഗതി വ്യക്തമാക്കാമോ;

(ഡി) ഇനിയും നിർമ്മാണം ആരംഭിച്ചിട്ടില്ലാത്ത ഏജൻസികളെ ഒഴിവാക്കി പുതിയ ഏജൻസികൾക്ക് നിർമ്മാണ ചുമതല നൽകുവാൻ എന്ത് നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ?

(ബി-ഡി) അമ്പലപ്പുഴ നിയോജകമണ്ഡലത്തിൽ നിന്നും അംബേദ്കർ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തി മണ്ണംപുറം കോളനിയെ മാത്രമാണ് തെരഞ്ഞെടുത്തി രുന്നത്. വീട് മെയിന്റനൻസ്, ഇന്റർലോക്ക്, റോഡ് ടാറിംഗ്, സൈഡ് കെട്ട്, സോളാർ ലാമ്പ്, കമ്മ്യൂണിറ്റി ഹാൾ നിർമ്മാണം എന്നീ പ്രവൃത്തികളാണ് ഉൾപ്പെടു ത്തിയിരുന്നത്. ഫോറസ്റ്റ് ഇൻഡസ്ട്രീസ് ട്രാവൻകൂർ ലിമിറ്റഡ് (FIT) നിർവ്വഹണ ഏജൻസിയായിട്ടുള്ള പ്രസ്തുത പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിക്കായി 40,55,393 രൂപ അനുവദിച്ചിട്ടുണ്ട്. ഉത്തരവുകളുടെ പകർപ്പുകൾ ഉള്ളടക്കം* ചെയ്യുന്നു.

**വനാവകാശ സമിതി**

49(794) <u>ശ്രീമതി കെ. കെ. രമ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനാവകാശ സമിതികളുടെ ചുമതലകൾ എന്തെല്ലാമാണ്; വ്യക്തമാക്കുമോ?

വനാവകാശ സമിതികളുടെ ചുമതലകൾ ചുവടെ ചേർക്കുന്നു. വനാവകാശം ഉന്നയിക്കുന്നവരിൽ നിന്ന് അനുസംബന്ധിച്ച അപേക്ഷ ലഭിക്കുവാൻ സമിതി നടപടികളെടുക്കണം. വനാവകാശത്തിനുള്ള നിശ്ചിത ഫോറത്തിലുള്ള അപേക്ഷയും അനുബന്ധ രേഖകളും വനാവകാശ സമിതിയുടെ ചെയർമാനോ/സെക്രട്ടറിയോ സ്വീകരിച്ച് കൈപ്പറ്റ് രസീത് നൽകി അപേക്ഷകൾ കൈവശം വയ്ക്കണം. അപേക്ഷകൾ ചട്ടം അനുശാസിക്കും വിധമാണോ സമർപ്പിച്ചിട്ടുള്ളതെന്ന് പരിശോധിക്കണം. അപേക്ഷകനെയും വനം വകുപ്പിനെയും മുൻകൂട്ടി അറിയിച്ചതിനുശേഷം നേരിട്ടു പോയി അവരുടെ സാന്നിദ്ധ്യത്തിൽ സ്ഥല പരിശോധനകളും തെളിവെടുപ്പുകളും നടത്തണം. തെളിവെടുപ്പും സ്ഥലപരിശോധനയും ബന്ധപ്പെട്ട എല്ലാ കക്ഷികളുടെയും സാക്ഷികളുടെയും സാന്നിദ്ധ്യത്തിൽ നടത്തിയെന്ന് ഉറപ്പാക്കണം. റിപ്പോർട്ട് തയ്യാറാക്കി (പ്രസ്തുത വനഭൂമിയുടെ അതിരുകൾ നിർണ്ണയിച്ചുകൊണ്ടുള്ള ഭൂരേഖാ ചിത്രത്തോടുകൂടി) അവരുടെ കണ്ടെത്തലുകൾ അപേക്ഷകളിൽ രേഖപ്പെടുത്തി (സാമുദായിക അവകാശത്തിനുള്ള അപേക്ഷ ഉൾപ്പെടെ) അവ ഗ്രാമസഭകളുടെ പരിഗണനയ്ക്കായി സമർപ്പിക്കണം. വനാശ്രിത ആദിമസമൂഹങ്ങളിൽപ്പെട്ടവരുടെ ആവാസമേഖലകൾ നിർണ്ണയിക്കുന്ന വേളകളിൽ അവരുടെ ഗോത്രപാരമ്പര്യ സ്ഥാപനങ്ങളുമായി തുറന്നു സംവദിച്ചതിനുശേഷം മാത്രമാണ് തീരുമാനമെടുത്തതെന്ന് ഉറപ്പുവരുത്തണം. അയൽ ഗ്രാമസഭകൾ തമ്മിൽ വനാവകാശ മേഖലകളെ സംബന്ധിച്ച് അതിർത്തി തർക്കമുയരുന്നപക്ഷം ബന്ധപ്പെട്ട വനാവകാശ സമിതികൾ കൂടിയാലോചിച്ച് അതിരുകൾ നിശ്ചയിക്കുകയും തീരുമാനങ്ങളെടു ക്കുകയും വേണം.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) വനാവകാശ സമിതിയിലെ അംഗങ്ങൾ ആരൊക്കെയാണ്; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഗ്രാമസഭയുടെ ആദ്യയോഗത്തിൽ തന്നെ 10-നം 15-നം ഇടയ്ക്ക് അംഗങ്ങളുള്ള വനാവകാശ നിർണ്ണയ സമിതിയെ (എഫ്.ആർ.സി.) തെരഞ്ഞെടുക്കുന്നു. എല്ലാ തട്ടിലുമുള്ള പട്ടികവർഗ്ഗ വിഭാഗങ്ങളുടെ താല്പര്യങ്ങൾ സംരക്ഷിക്കുവാനായി അവരവരുടെയെല്ലാം അർഹമായ പ്രാതിനിധ്യം സമിതിയിലുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്. പട്ടികവർഗ്ഗ മേഖലകളിലുള്ള സമിതികളിൽ മൂന്നിൽ രണ്ടെങ്കിലും പട്ടികവർഗ്ഗക്കാരായിരിക്കണം. (2012-ലെ നിയമഭേദഗതി പ്രകാരം) അതിൽ തന്നെ മൂന്നിലൊന്നെങ്കിലും അംഗങ്ങൾ സ്ത്രീകളുമായിരിക്കണം. വനാവകാശ നിർണ്ണയ സമിതി അതിന്റെ ചെയർമാനെയും സെക്രട്ടറിയെയും തീരുമാനിച്ച് സബ് ഡിവിഷണൽ സമിതിയെ അറിയിക്കേണ്ടതാണ്.

(സി) സംസ്ഥാനത്ത് നിലവിൽ എത്ര വനാവകാശ സമിതികളാണ് രൂപീകരിക്കപ്പെട്ടിട്ടുള്ളത്; വ്യക്തമാക്കുമോ?

സംസ്ഥാനത്ത് നിലവിൽ 662 വനാവകാശ സമിതികളാണ് രൂപീകരിച്ചിട്ടുള്ളത്.

**വനാവകാശനിയമം**

50 (795) <u>ശ്രീമതി കെ. കെ. രമ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വനാവകാശ നിയമപ്രകാരം എത്ര പട്ടികവർഗ്ഗ വിഭാഗക്കാർക്കാണ് വനഭൂമി ലഭ്യമാക്കിയിട്ടുള്ളത്; വിശദാംശം ലഭ്യമാക്കുമോ?

സംസ്ഥാനത്ത് വനാവകാശ നിയമപ്രകാരം നാളിതുവരെയായി 26,600 പേർക്ക് 35,349.29 ഏക്കർ ഭൂമിക്കുള്ള കൈവശരേഖ വിതരണം ചെയ്തിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിവരം അനുബന്ധമായി* ചേർക്കുന്നു.

(ബി) വനാവകാശ നിയമപ്രകാരം വനഭൂമി ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാം; വിശദമാക്കുമോ?

വനാവകാശ നിയമപ്രകാരം 13-12-2005 വരെ തലമുറകളായി വനത്തിനകത്ത് ജീവിച്ചുപോരുന്ന പട്ടികവർഗ്ഗ കുടുംബങ്ങൾക്കാണ് കൈവശാവകാശ രേഖയ്ക്ക് അർഹതയുള്ളത്. ഇതിനുള്ള തെളിവുകൾ സഹിതമുള്ള അപേക്ഷ സമർപ്പിക്കുന്ന മുറയ്ക്ക് ഗ്രാമസഭ, SDLC, DLC എന്നീ കമ്മിറ്റികളുടെ അംഗീകാരത്തോടെ കൈവശരേഖ നൽകുന്നു.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) വനാവകാശ നിയമപ്രകാരം വനഭൂമി ലഭിക്കാൻ അർഹതയുള്ള പട്ടികവർഗ്ഗ വിഭാഗക്കാർക്ക് എന്നത്തേക്ക് വനഭൂമി നൽകാനാകും; ഇതിനായി എന്തൊക്കെ അടിയന്തര നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കുമോ?

വനാവകാശ നിയമപ്രകാരം ലഭിക്കുന്ന അപേക്ഷകൾ ഗ്രാമസഭ പരിശോധിച്ച് സർവ്വേ നടപടികൾ പൂർത്തീകരിച്ച് SDLC, DLC എന്നീ കമ്മിറ്റികളുടെ അംഗീകാരത്തോടെയാണ് കൈവശാവകാശരേഖ നൽകുന്നത്. നാളിതുവരെയായി 26,600 പേർക്ക് കൈവശാവകാശരേഖ നൽകിയിട്ടുണ്ട്. DLC പാസ്സാക്കിയതിൽ കൈവശരേഖ നൽകാനുള്ള 1,098 അപേക്ഷകളിൽ കൈവശരേഖ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഗ്രാമസഭയിൽ 271 അപേക്ഷകളും SDLC-യിൽ 3,634 അപേക്ഷകളും DLC-യിൽ 348 അപേക്ഷകളും പരിഗണനയിലാണ്. പുതിയതായി ലഭിച്ച അപേക്ഷകളിൽ സംയുക്ത പരിശോധനയും സർവ്വേ നടപടികളും സമയബന്ധിതമായി പൂർത്തീകരിച്ച് വനാവകാശ രേഖ വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

## വയനാട് ജില്ലയിലെ പട്ടികവർഗ്ഗ വിഭാഗത്തിലെ കുട്ടികളുടെ ഓൺലൈൻ പഠനം

51(796) ശ്രീ. ഒ. ആർ. കേളു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിൽ ഓൺലൈൻ പഠനത്തിന് സ്വന്തമായി സംവിധാനമില്ലാത്ത പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട എത്ര കുട്ടികളുണ്ടെന്ന കണക്ക് ലഭ്യമാക്കാമോ?

വയനാട് ജില്ലയിൽ ഓൺലൈൻ പഠനത്തിനാവശ്യമായ പഠനോപകരണങ്ങൾ സ്വന്തമായി ഇല്ലാത്ത 18,044 പട്ടികവർഗ്ഗ വിദ്യാർത്ഥികളുണ്ടെന്ന് കണക്കാക്കിയിട്ടുണ്ട്.

(ബി) പ്രസ്തുത പ്രശ്നം പരിഹരിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ?

പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ ഓൺലൈൻ പഠന സൗകര്യം മെച്ചപ്പെടുത്തുന്നതിനായി നിരവധി പ്രവർത്തനങ്ങൾ സർക്കാർ തലത്തിൽ സ്വീകരിച്ചിട്ടുണ്ട്. ഓൺലൈൻ പഠനോപകരണങ്ങൾ ലഭ്യമല്ലാത്ത വിദ്യാർത്ഥികൾക്ക് KITE മുഖേന പഠനാവശ്യത്തിന് ലാപ്ടോപ്പുകൾ നൽകുന്ന പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഓൺലൈൻ പഠനോപകരണങ്ങൾ ലഭ്യമാക്കുന്നതിനു വേണ്ടി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കനുവദിച്ച TSP/ തനത് ഫണ്ട് ഉപയോഗിക്കുന്നതിനായി അനുമതി നൽകി 23-6-2021-ന് ഉത്തരവിറക്കിയിട്ടുണ്ട്.

## പട്ടികജാതി, പട്ടിക -ഗോത്രവർഗ്ഗ വിദ്യാർത്ഥികളുടെ പഠനം

52 (797) ശ്രീ. കെ. ബാബു (നെന്മാറ):
ശ്രീ. സി. എച്ച്. കുഞ്ഞമ്പു:
ശ്രീ. ലിന്റോ ജോസഫ്:
ശ്രീ. എ. പ്രഭാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡിജിറ്റൽ ഉപകരണങ്ങളുടെ അഭാവം കൊണ്ടും കണക്റ്റിവിറ്റിയുടെ പ്രശ്നം കൊണ്ടും വീടുകളിലെ അസൗകര്യം കൊണ്ടും ഡിജിറ്റൽ വിദ്യാഭ്യാസ രീതിയിൽ പട്ടികജാതി, പട്ടിക-ഗോത്രവർഗ്ഗ വിദ്യാർത്ഥികൾ പിന്നാക്കം പോകാൻ സാദ്ധ്യതയുണ്ടാകാമെന്നതിനാൽ ആയതു പരിഹരിക്കുന്നതിനായി പ്രത്യേക ബോധന പരിപാടി ആവിഷ്കരിക്കുന്ന കാര്യം പരിശോധിക്കുമോ?

കണക്റ്റിവിറ്റിയില്ലാത്ത കോളനികളിൽ കണക്റ്റിവിറ്റി ലഭ്യമാക്കാൻ ടെലികോം/ഇന്റർനെറ്റ് സേവന ദാതാക്കളുമായി ചർച്ച നടത്തി സങ്കേതങ്ങൾക്ക് അനുസൃതമായ മാർഗ്ഗങ്ങൾ സ്വീകരിച്ച് കണക്റ്റിവിറ്റി ലഭ്യമാക്കുന്നതിനായി വകുപ്പിന്റെ കോർപ്പസ് ഫണ്ട് ഉപയോഗിക്കാൻ ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതിനായുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. അർഹരായ വിദ്യാർത്ഥികൾക്ക് KITE മുഖേന ലാപ്ടോപ്പ് വിതരണം ആരംഭിച്ചിട്ടുണ്ട്. ഓൺലൈൻ പഠനം തടസ്സപ്പെടാതിരിക്കാനും ബോധന പ്രശ്നങ്ങൾ പരിഹരിക്കാനും സാമൂഹ്യപഠന മുറികൾ, മറ്റ് കേന്ദ്രങ്ങൾ എന്നിവിടങ്ങളിൽ ഫെസിലിറ്റേറ്റർമാരെ നിയോഗിച്ചിട്ടുണ്ട്. ഇതിനുപുറമേ മെന്റർ ടീച്ചർമാർ, മോഡൽ റെസിഡൻഷ്യൽ സ്കൂൾ അദ്ധ്യാപകർ, റിട്ട. അദ്ധ്യാപകർ എന്നിവരുടെ സേവനവും ലഭ്യമാക്കിയിട്ടുണ്ട്. സ്കൂളുകൾ തുറന്നു പ്രവർത്തിക്കാൻ തീരുമാനിച്ച സാഹചര്യത്തിൽ പ്രത്യേക ബോധനരീതി ആവിഷ്കരിക്കുന്ന കാര്യത്തിൽ വിദ്യാഭ്യാസ വകുപ്പുമായി സഹകരിച്ച് നടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) പട്ടികജാതി വിദ്യാർത്ഥികൾക്കായുള്ള പഠനമുറി, പട്ടിക-ഗോത്ര വർഗ്ഗ വിദ്യാർത്ഥികൾക്കായുള്ള സാമൂഹ്യ പഠനമുറി എന്നിവയുടെ നിർമ്മാണം ത്വരിത ഗതിയിൽ പൂർത്തീകരിച്ച് പഠനത്തിന് വേണ്ട അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നുണ്ടോ?

പട്ടികജാതി വിഭാഗം വിദ്യാർത്ഥികൾക്ക് പഠിക്കുന്നതിനുള്ള അടിസ്ഥാന സൗകര്യം ലഭ്യമാക്കുന്നതിനായി പഠനമുറി നിർമ്മിക്കുന്നതിന് പട്ടികജാതി വികസന വകുപ്പ് ധനസഹായം അനുവദിച്ചുവരുന്നു. 19,111 പഠനമുറി പൂർത്തീകരിച്ചിട്ടുണ്ട്. 2021-22 വർഷം 5,000 പേർക്ക് പഠനമുറി അനുവദിക്കുന്നതിന് DDO-മാർക്ക്

അനുമതി ഉത്തരവ് നൽകിയിട്ടുണ്ട്. അനുവദിക്കുന്ന പഠനമുറി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള നടപടി വകുപ്പ് സ്വീകരിച്ചുവരുന്നുണ്ട്. പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ പഠന നിലവാരം മെച്ചപ്പെടുത്തുന്നതിന് ഊരുകൾ കേന്ദ്രീകരിച്ച് 250 സാമൂഹ്യ പഠനമുറികൾ എല്ലാ സജ്ജീകരണങ്ങളും ഉൾപ്പെടെ പ്രവർത്തിച്ചു വരുന്നു. ഒരു പഠനകേന്ദ്രത്തിൽ 30 പട്ടികവർഗ്ഗ പഠിതാക്കൾക്ക് പഠനസൗകര്യം ഒരുക്കുന്നതിന് കോളനികളിലെ കമ്മ്യൂണിറ്റി ഹാളുകളും മറ്റു സമാനയിടങ്ങളും കണ്ടെത്തിയിട്ടുണ്ട്. ഈ പദ്ധതിയിലൂടെ പട്ടികവർഗ്ഗ കുട്ടികളുടെ കൊഴിഞ്ഞുപോക്ക് തടയുന്നതിനും പട്ടികവർഗ്ഗ യുവതീ-യുവാക്കൾക്ക് ജോലി ഉറപ്പുവരുത്തുന്നതിനും സാധിച്ചിട്ടുണ്ട്. നിലവിൽ 250 സാമൂഹ്യപഠന മുറികളിലായി 7,392 വിദ്യാർത്ഥികൾ പഠനം നടത്തിവരുന്നു. കൂടാതെ 250 സാമൂഹ്യപഠനമുറികൾ കൂടി ഒരുക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. പുതുതായി 114 സാമൂഹ്യപഠനമുറികൾ സജ്ജീകരിക്കുന്നതിനായി നബാർഡ്-RIDF ധനസഹായം അഭ്യർത്ഥിച്ചിട്ടുണ്ട്.

(സി) കോവിഡ് കാലത്തും പട്ടികജാതി, പട്ടികഗോത്രവർഗ്ഗ വിദ്യാർത്ഥികളുടെ ലംപ്സംഗ്രാന്റും പ്രതിമാസ സ്റ്റൈപ്പെന്റും സമയബന്ധിതമായി നൽകിയിരുന്നോയെന്ന് വ്യക്തമാക്കാമോ?

കോവിഡ് കാലത്ത് ഓൺലൈൻ ക്ലാസായതിനാൽ അതിന് വിധേയമായി പട്ടികജാതി വിഭാഗം വിദ്യാർത്ഥികളുടെ ലംപ്സംഗ്രാന്റ്, സ്റ്റൈപ്പന്റ് എന്നിവ കൃത്യമായി നൽകിയിട്ടുണ്ട്. 9-1-2020-ലെ സ.ഉ(അച്ചടി) നം.1/2020/പജപവവിവ ഉത്തരവ് പ്രകാരം വിദ്യാഭ്യാസാനുകൂല്യങ്ങളായ LSG, Stipend എന്നിവ വർദ്ധിപ്പിച്ചിട്ടുണ്ട്. വർദ്ധനവിനനുസൃതമായി വിദ്യാഭ്യാസാനുകൂല്യങ്ങൾ സമയബന്ധിതമായി അനുവദിച്ചു നൽകിയിട്ടുണ്ട്. സ്കൂൾ വർഷാരംഭം മുതൽ തന്നെ ലംപ്സംഗ്രാന്റ് പ്രതിമാസ സ്റ്റൈപ്പന്റ് മുതലായ വിദ്യാഭ്യാസാനുകൂല്യങ്ങൾ പട്ടികവർഗ്ഗ വികസന വകുപ്പ് വിതരണം ചെയ്തു തുടങ്ങിയിട്ടുണ്ട്.

**പട്ടികജാതി വിദ്യാർത്ഥികൾക്കുവേണ്ടിയുള്ള പദ്ധതികൾ**

53(798) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ:
ശ്രീ. പി. പി. സുമോദ്:
ശ്രീ. ഐ. ബി. സതീഷ്:
ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികജാതി വിദ്യാർത്ഥികൾക്കിടയിലെ കൊഴിഞ്ഞുപോക്ക് നിരക്ക് കുറയ്ക്കുന്നതിനുതകുന്ന പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പദ്ധതികളുടെ ഭാഗമായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ഉണ്ട്. സംസ്ഥാനത്തെ വിവിധ അംഗീകൃത കോളേജുകളിൽ ബി.ടെക്. കോഴ്സിന് പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്കിടയിലെ കൊഴിഞ്ഞുപോക്ക് നിരക്ക് കുറയ്ക്കുന്നതിനും തോറ്റുപോയ വിഷയങ്ങൾ എഴുതി വിജയിക്കുന്നതിനുമായി റെമഡിയൽ ട്യൂഷൻ പദ്ധതി IHRD-യുടെ നിയന്ത്രണത്തിൽ Model Finishing School എന്ന സ്ഥാപനം മുഖേന നടത്തിവരുന്നു. സാങ്കേതിക വിദ്യാഭ്യാസ വകുപ്പുമായി ചേർന്ന് സംസ്ഥാനത്തെ 12 ഗവൺമെന്റ്/എയ്ഡഡ് എഞ്ചിനീയറിംഗ് കോളേജുകൾ കേന്ദ്രീകരിച്ച് എഞ്ചിനീയറിംഗ് പഠനം നടത്തിവരുന്ന വിദ്യാർത്ഥികൾക്ക് പ്രത്യേക പദ്ധതി നടപ്പിലാക്കിവരുന്നു.

(ബി) പട്ടികജാതി വിദ്യാർത്ഥികളുടെ ഹോസ്റ്റലുകൾ ആധുനികവൽക്കരിച്ചിട്ടുണ്ടോ; ഇതിനായി കമ്പ്യൂട്ടർ, ഇന്റർനെറ്റ് ഉൾപ്പെടെയുള്ള സൗകര്യങ്ങൾ ലഭ്യമാക്കിയിട്ടുണ്ടോ; ഇതിന്റെ ഭാഗമായി നടപ്പാക്കിയ മറ്റ് കാര്യങ്ങൾ എന്തൊക്കെയാണ്; വിശദാംശം ലഭ്യമാക്കാമോ?

ഉണ്ട്. എല്ലാ ഹോസ്റ്റലുകളിലും കമ്പ്യൂട്ടർ സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഇന്റർനെറ്റ് സൗകര്യം ലഭ്യമല്ല. ഹോസ്റ്റലുകളുടെ പ്രവർത്തനങ്ങൾ സുഗമമാക്കുന്നതിനും അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) പട്ടികജാതി വിദ്യാർത്ഥികൾക്കുവേണ്ടിയുള്ള മോഡൽ റെസിഡൻഷ്യൽ സ്കൂളുകളിൽ ആധുനിക സൗകര്യങ്ങൾ ഏർപ്പെടുത്തി മികവുറ്റതാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉണ്ട്. പട്ടികജാതി വികസന വകുപ്പിന്റെ നിയന്ത്രണത്തിൽ പ്രവർത്തിച്ചു വരുന്ന മോഡൽ റെസിഡൻഷ്യൽ സ്കൂളുകളിൽ സ്മാർട്ട് ക്ലാസ് റൂമുകൾ, ലൈബ്രറി, ഇന്റർനെറ്റ് സൗകര്യമുള്ള ഐ.ടി. ലാബ്, സയൻസ് ലാബ്, ലാംഗ്വേജ് ലാബ്, ഭൂമിശാസ്ത്ര ലാബ് എന്നിവ സജ്ജീകരിച്ചിട്ടുണ്ട്. എം.ആർ.എസ്.കളിൽ യൂണിസെഫ് നിശ്ചയിച്ചിട്ടുള്ള അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പാക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. ക്ലാസ്റൂമുകൾ പൊതുവിദ്യാഭ്യാസ വകുപ്പിന്റെ സഹകരണത്തോടെ ഹൈടെക്കാക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം പദ്ധതി പ്രകാരം നടത്തപ്പെടുന്ന പദ്ധതികളും എം.ആർ.എസ്.-കളിൽ നടപ്പാക്കുന്നുണ്ട്.

## പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായി ഡിജിറ്റൽ വിദ്യാഭ്യാസ പദ്ധതി

54(799) ശ്രീ. പി. കെ. ബഷീർ:

ശ്രീ. എൻ. ഷംസുദ്ദീൻ:

ശ്രീ. യു. എ. ലത്തീഫ്:

ശ്രീ. നജീബ് കാന്തപുരം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായി ഡിജിറ്റൽ വിദ്യാഭ്യാസ പദ്ധതി ആലോചനയിലുണ്ടോ;

(ബി) എങ്കിൽ ഈ പദ്ധതിയിൽ ഉൾപ്പെടുന്ന വിദ്യാർഥികൾക്ക് ഡിജിറ്റൽ പഠനോപകരണങ്ങൾ ലഭ്യമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ?

(എ&ബി) ഉണ്ട്. കോവിഡ്-19 ന്റെ പശ്ചാത്തലത്തിൽ നിലവിൽ ഓൺലൈൻ ക്ലാസ്സുകളാണ് നടന്നുവരുന്നത്. KITE Victers ചാനൽ മുഖേനയാണ് പ്രധാനമായും ക്ലാസുകൾ നടക്കുന്നത്. പട്ടികജാതി വിഭാഗത്തിൽപ്പെടുന്ന ഓൺലൈൻ പഠനത്തിന് തടസ്സം നേരിടുന്ന ഒന്നാം ക്ലാസ്സ് മുതൽ പന്ത്രണ്ടാം ക്ലാസ് വരെ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ടാബ്‌ലെറ്റും ബിരുദം, ബിരുദാനന്തര ബിരുദം, മറ്റ് പോസ്റ്റ്മെട്രിക് കോഴ്സുകൾക്ക് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ലാപ്‌ടോപ്പും വാങ്ങി നൽകുന്നതിനുള്ള നിർദ്ദേശങ്ങളടങ്ങിയ പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചു വരുന്നു. പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ലാപ്‌ടോപ്പ്, ടാബ്‌ലറ്റ് തുടങ്ങിയ ഉപകരണങ്ങൾ പട്ടികവർഗ്ഗ ഉപപദ്ധതി വിഹിതം/തനതു ഫണ്ടുപയോഗിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വാങ്ങി നൽകുന്നതിന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. (23-6-2021-ലെ സ.ഉ.(സാധ) നമ്പർ 1128/2021/തസ്വഭവ). കൂടാതെ വിദ്യാഭ്യാസ വകുപ്പ് KITE വഴി സ്കൂളുകൾക്ക് വിതരണം ചെയ്ത ലാപ്‌ടോപ്പുകൾ പട്ടികവർഗ്ഗ മേഖലയിലുള്ള ഡിജിറ്റൽ പഠനോപകരണങ്ങൾ ഇല്ലാത്ത വിദ്യാർത്ഥികൾക്ക് വിതരണം ചെയ്യുന്നതിന് 1-9-2021-ലെ സ.ഉ.(സാധാ) നമ്പർ 3852/2021/പൊ.വി.വ പ്രകാരം സർക്കാർ അനുമതി നൽകുകയും ലാപ്‌ടോപ്പുകളുടെ വിതരണം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

(സി) വൈദ്യുതി എത്തിച്ചേരാത്ത ഊരുകളിലെ വിദ്യാർഥികൾക്കായി നടപ്പിലാക്കാനുദ്ദേശിക്കുന്ന പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ?

വൈദ്യുതി എത്തിച്ചേരാത്ത പട്ടികജാതി കോളനികളിൽ വൈദ്യുതി ലഭ്യമാക്കുന്നതിന് കോർപ്പസ് ഫണ്ടിൽ തുക വകയിരുത്തിയിട്ടുണ്ട്. വൈദ്യുതി എത്തിച്ചേരാത്ത പട്ടികജാതി സങ്കേതങ്ങൾ, ഒറ്റപ്പെട്ട കുടുംബങ്ങൾ എന്നിവിടങ്ങളിൽ വൈദ്യുതി ലഭ്യമാക്കുന്നതിന് ടി ഫണ്ടിൽ നിന്നും ജില്ലാ ഓഫീസർമാർക്ക് തുക അനുവദിച്ചുവരുന്നു. കൂടാതെ പട്ടികവർഗ്ഗ കോളനികളിൽ ANERT-ന്റെ സഹായത്തോടെ വിദ്യാർത്ഥികൾക്ക് പഠനാവശ്യത്തിനായി ഡിജിറ്റൽ പാനലുകൾ പ്രയോഗിച്ച് വൈദ്യുതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇത്തരം കേന്ദ്രങ്ങളിൽ ഏതെങ്കിലും ഒരു പൊതു ഇടത്ത് സോളാർ പാനൽ മുഖേന വൈദ്യുതി ലഭ്യമാക്കി ക്ലാസുകൾ നടത്താനുള്ള സൗകര്യങ്ങൾ ഒരുക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

(ഡി) കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ പട്ടികജാതി, പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് വകുപ്പുതലത്തിൽ നൽകിവരുന്ന സേവനങ്ങളും പ്രവർത്തനങ്ങളും എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ സ്കൂളുകൾ തുറന്നു പ്രവർത്തിപ്പിക്കുന്നതിന് കഴിഞ്ഞിട്ടില്ലെങ്കിൽ കൂടിയും എല്ലാ പട്ടികജാതി വിഭാഗം വിദ്യാർത്ഥികൾക്കും അനുവദിച്ച് വന്നിരുന്ന അർഹമായ എല്ലാ വിദ്യാഭ്യാസാനുകൂല്യങ്ങളും അനുവദിച്ച് നൽകിയിട്ടുണ്ട്. കൂടാതെ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിലുള്ള (മോഡൽ റെസിഡൻഷ്യൽ സ്കൂളുകൾ, പ്രീ-മെട്രിക് ഹോസ്റ്റലുകൾ, പോസ്റ്റ്മെട്രിക് ഹോസ്റ്റലുകൾ, നഴ്സറി സ്കൂളുകൾ) പട്ടികജാതി വിഭാഗം വിദ്യാർത്ഥികൾക്ക് മേല്പറഞ്ഞിട്ടുള്ള ആനുകൂല്യങ്ങൾക്ക് പുറമെ മെസ്സ് അലവൻസ്, പോക്കറ്റ് മണി എന്നിവ 2020 ജൂൺ മാസം മുതൽ അവരുടെ അക്കൗണ്ടിലേയ്ക്ക് നൽകിവരുന്നുണ്ട്. പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക്, പട്ടികവർഗ്ഗ വികസന വകുപ്പ് നൽകുന്ന വിദ്യാഭ്യാസ ആനുകൂല്യങ്ങൾക്ക് പുറമെ, ഓൺലൈൻ ക്ലാസുകൾ വീക്ഷിക്കുന്നതിനായി സാമൂഹ്യ പഠനമുറികൾ, കോളനികളിലെ പൊതു ഇടങ്ങളിൽ പഠന കേന്ദ്രങ്ങൾ എന്നിവ സജ്ജീകരിച്ചിട്ടുണ്ട്. ഹോസ്റ്റൽ, എം.ആർ.എസ്. എന്നിവിടങ്ങളിൽ താമസിച്ച് പഠിക്കുന്ന വിദ്യാർത്ഥികളുടെ മെസ് ചാർജ്ജിന് തുല്യമായ തുക രക്ഷിതാക്കളുടെ അക്കൗണ്ടിലേയ്ക്ക് നൽകുകയും ചെയ്തിട്ടുണ്ട്. മോഡൽ റെസിഡൻഷ്യൽ സ്കൂളിലെ കുട്ടികളുടെ വ്യക്തിത്വ വികസനത്തിനായും വിദ്യാഭ്യാസ ഉന്നമനത്തിനായും പ്രത്യേക പദ്ധതികളും ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. സംസ്ഥാനത്ത് സ്റ്റേറ്റ് സിലബസിലുള്ള 18-ഉം സി.ബി.എസ്.ഇ. സിലബസിലുള്ള 2-ഉം ഉൾപ്പെടെ 20 മോഡൽ റെസിഡൻഷ്യൽ സ്കൂളുകളും 114 പ്രീ/പോസ്റ്റ്മെട്രിക് ഹോസ്റ്റലുകളുമുണ്ട്. ഇവിടെയുള്ള അദ്ധ്യാപകർ സാമൂഹ്യ മാധ്യമങ്ങളിലൂടെ ഡിജിറ്റൽ ക്ലാസുകൾ കൈകാര്യം ചെയ്തുവരുന്നുണ്ട്.

## ട്രൈബൽ സ്കൂളുകളിലെ അടിസ്ഥാന സൗകര്യ വികസനം

55 (800) ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ മേഖലകളിൽ പ്രവർത്തിക്കുന്ന ട്രൈബൽ സ്കൂളുകളിലെ അടിസ്ഥാന സൗകര്യ വികസനത്തിനായി പട്ടികവർഗ്ഗ വകുപ്പിനുകീഴിൽ പദ്ധതികൾ നിലവിലുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

സർക്കാർ വക (വിദ്യാഭ്യാസ വകുപ്പ്) ട്രൈബൽ സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസന പ്രവൃത്തികൾ ഗ്രാമപഞ്ചായത്തുകളുടെ ഫണ്ട് ഉപയോഗിച്ച് നിർവ്വഹിക്കേണ്ടവയാണ്. ഇവയുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി പട്ടികവർഗ്ഗ വികസന വകുപ്പ് പ്രത്യേക പദ്ധതികൾ നടപ്പിലാക്കുന്നില്ല.

(ബി) പാറശാല മണ്ഡലത്തിലെ കള്ളിക്കാട് ഗ്രാമപഞ്ചായത്ത് വ്ലാവെട്ടി ഗവ. ട്രൈബൽ എൽ.പി.എസ്., അമ്പൂരി പുരവിമല ഗവ. ട്രൈബൽ എൽ.പി.എസ്., അമ്പൂരി കുന്നത്തുമല ഏകാദ്ധ്യാപക വിദ്യാലയം എന്നിവിടങ്ങളിലെ അടിസ്ഥാന സൗകര്യ വികസനത്തിനായി നടപടികൾ സ്വീകരിക്കാമോ; ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഗവ. ട്രൈബൽ എൽ.പി. സ്കൂളുകളുടെ നിയന്ത്രണം ഗ്രാമപഞ്ചായത്തുകൾക്കാണ്. ഈ സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യ വികസന പ്രവൃത്തികൾ ഗ്രാമപഞ്ചായത്തുകളുടെ ഫണ്ട് ഉപയോഗിച്ച് നിർവ്വഹിക്കേണ്ടവയാണ്. മേൽപ്പറഞ്ഞ സ്കൂളുകളിൽ 50%-ത്തിലധികം പട്ടികവർഗ്ഗ വിദ്യാർത്ഥികൾ പഠിച്ചു വരുന്നതിനാൽ ഊരുകൂട്ട ശിപാർശയുടെയും ഗ്രാമപഞ്ചായത്ത് തീരുമാനത്തിന്റെയും അടിസ്ഥാനത്തിൽ പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കോർപ്പസ് ഫണ്ടിൽ ഉൾപ്പെടുത്തി അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നത് പരിശോധിക്കുന്നതാണ്.

(സി) പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ട കുട്ടികളുടെ വിദ്യാഭ്യാസ ഉന്നതിക്കായി മുൻ സർക്കാരിന്റെ കാലയളവിൽ നടപ്പിലാക്കിയ പദ്ധതികൾ, ആയതിലേയ്ക്കായി ചെലവഴിച്ച തുക എന്നിവയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ ഉന്നതിക്കായി ചുവടെ പറയുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു. പ്രീ-മെട്രിക്/പോസ്റ്റ് മെട്രിക് വിദ്യാഭ്യാസ ആനുകൂല്യങ്ങൾ, മോഡൽ റെസിഡൻഷ്യൽ സ്കൂളുകൾ, പ്രീ മെട്രിക്/പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ, അയ്യൻകാളി മെമ്മോറിയൽ ടാലന്റ് സെർച്ച് & ഡെവലപ്മെന്റ് പദ്ധതി, ഗോത്രസാരഥി, ഗോത്രബന്ധു, സമർത്ഥരായ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പ്രോത്സാഹനം, പഠനയാത്രയ്ക്ക് ധനസഹായം, ലാപ്ടോപ്പ് വിതരണം, സാമൂഹ്യപഠനമുറി, വിദേശ പഠനത്തിന് ധനസഹായം എന്നിവയാണ്. പ്രൊമോഷൻ ഓഫ് എഡ്യൂക്കേഷൻ എന്ന ശീർഷകത്തിൽ ചെലവഴിച്ച തുക സംബന്ധിച്ച വിവരം അനുബന്ധമായി* ചേർക്കുന്നു.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## മോഡൽ റെസിഡൻഷ്യൽ സ്കൂളുകളും ഹോസ്റ്റലുകളും

56 (801) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി പട്ടികവർഗ്ഗ വകുപ്പിന് കീഴിലുള്ള മോഡൽ റെസിഡൻഷ്യൽ സ്കൂളുകളും ഹോസ്റ്റലുകളും മികവുറ്റതാക്കാൻ സ്വീകരിക്കുന്ന നടപടികളെക്കുറിച്ച് വിശദമാക്കാമോ?

പട്ടികജാതി വികസന വകുപ്പിന്റെ നിയന്ത്രണത്തിൽ 9 മോഡൽ റെസിഡൻഷ്യൽ സ്കൂളുകൾ പ്രവർത്തിച്ചു വരുന്നു. കൂടാതെ പുതിയതായി ആരംഭിച്ച 2 എം.ആർ.എസ്.-കളിലേക്കുള്ള പ്രവേശന നടപടികൾ നടന്നുകൊണ്ടിരിക്കുകയാണ്. സാമ്പത്തികമായും സാമൂഹികമായും പിന്നാക്കാവസ്ഥയിൽ നിൽക്കുന്ന മിടുക്കരായ വിദ്യാർത്ഥികൾക്ക് മികച്ചതും ഗുണമേന്മയുള്ളതുമായ വിദ്യാഭ്യാസം ഉറപ്പുവരുത്തുന്നതിനായി 20 മോഡൽ റെസിഡൻഷ്യൽ സ്കൂളുകളും 105 പ്രീമെട്രിക് ഹോസ്റ്റലുകളും 9 പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളും പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിൽ പ്രവർത്തിച്ചു വരുന്നു. പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പുകൾക്ക് കീഴിലുള്ള മോഡൽ റെസിഡൻഷ്യൽ സ്കൂളുകളും ഹോസ്റ്റലുകളും മികവുറ്റതാക്കാൻ സ്വീകരിച്ച നടപടികളെ സംബന്ധിച്ച വിശദവിവരങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

(ബി) സ്വന്തമായി കെട്ടിടങ്ങളില്ലാത്ത മോഡൽ റെസിഡൻഷ്യൽ സ്കൂളുകൾക്ക് പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നത്; വിശദമാക്കുമോ?

പട്ടികജാതി വകുപ്പിന്റെ നിയന്ത്രണത്തിലുള്ള മോഡൽ റെസിഡൻഷ്യൽ സ്കൂളുകളെല്ലാം സ്വന്തം കെട്ടിടത്തിലാണ് പ്രവർത്തിച്ചു വരുന്നത്. പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിൽ സ്വന്തമായി കെട്ടിടങ്ങളില്ലാത്ത രണ്ട് മോഡൽ റെസിഡൻഷ്യൽ സ്കൂളുകളാണ് നിലവിലുള്ളത്. ഇതിൽ കാസർഗോഡ് ജില്ലയിലെ പ്രത്യേക ദുർബല വിഭാഗത്തിനായുള്ള ആശ്രമം സ്കൂൾ നിർമ്മാണത്തിനായി ബദിയടുക്കയിൽ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള പത്ത് ഏക്കർ ഭൂമിയിൽ സ്കൂൾ കെട്ടിടം നിർമ്മിക്കുന്നതിനായി വകുപ്പ് ഡയറക്ടർ ലഭ്യമാക്കിയ 29.09 കോടി രൂപയുടെ പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചു വരുന്നു. കൂടാതെ തിരുവനന്തപുരം ജില്ലയിലെ കുറ്റിച്ചൽ ഗ്രാമപഞ്ചായത്തിലെ വാലിപ്പാറ പട്ടികവർഗ്ഗ സങ്കേതത്തിൽ വനം വകുപ്പിൽനിന്നും ലഭ്യമായ ഒരു ഹെക്ടർ ഭൂമിയിൽ കെട്ടിട നിർമ്മാണം ആരംഭിക്കുന്നതിനുള്ള നടപടികളും പുരോഗതിയിലാണ്. ഈ പദ്ധതിക്ക് കിഫ്ബിയിൽ ഉൾപ്പെടുത്തി 25.05 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## അമ്പലപ്പുഴ മണ്ഡലത്തിലെ പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കുള്ള ഓൺലൈൻ പഠന സൗകര്യം

57(802) ശ്രീ. എച്ച്. സലാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അമ്പലപ്പുഴ നിയോജകമണ്ഡലത്തിലെ എല്ലാ പട്ടികജാതി -പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കും ഓൺലൈൻ പഠനസൗകര്യം ലഭ്യമായിട്ടുണ്ടോ; ഇല്ലെങ്കിൽ പ്രസ്തുത സൗകര്യം ലഭ്യമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടി വ്യക്തമാക്കുമോ;

(ബി) ഇന്റർനെറ്റ് ലഭ്യമല്ലാത്ത കോളനികളിൽ പ്രസ്തുത സൗകര്യം ഏർപ്പെടുത്തുന്നതിനും ഓൺലൈൻ പഠനം സാധ്യമാക്കുന്നതിനും സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

(എ&ബി) അമ്പലപ്പുഴ നിയോജകമണ്ഡലത്തിലെ എല്ലാ പട്ടികജാതി വിഭാഗം വിദ്യാർത്ഥികൾക്കും ഓൺലൈൻ പഠന സൗകര്യം ലഭ്യമായിട്ടുണ്ട്. അമ്പലപ്പുഴ ഉൾപ്പെടെയുള്ള ആലപ്പുഴ ജില്ലയിലെ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഓൺലൈൻ പഠനസൗകര്യങ്ങൾ ലഭ്യമാകുന്നുവെന്ന് ഉറപ്പുവരുത്താൻ പട്ടികവർഗ്ഗ വികസന വകുപ്പിലെ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. സംസ്ഥാനത്തെ പട്ടികവർഗ്ഗ സങ്കേതങ്ങളിൽ കണക്ടിവിറ്റി തീരെയില്ലാത്തതും ഭാഗികമായി മാത്രം ലഭ്യമായതുമായ സങ്കേതങ്ങളിൽ കണക്ടിവിറ്റി ലഭ്യമാക്കുന്നതിനായി ടെലികോം/ ഇന്റർനെറ്റ് സേവന ദാതാക്കളുമായി ചേർന്ന് നടപടികൾ സ്വീകരിച്ചുവരുന്നു.

## കുണ്ടംകുഴിയിലെ ആശ്രമം സ്കൂളിന് കെട്ടിടം

58(803) ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ കുണ്ടംകുഴിയിൽ പ്രവർത്തിക്കുന്ന ആശ്രമം സ്കൂളിന് വലിയപാറയിൽ വകുപ്പിന്റെ കൈവശമുള്ള സ്ഥലത്ത് സ്വന്തമായി കെട്ടിടം നിർമ്മിക്കാൻ ഭരണാനുമതിക്കായുള്ള ഫയൽ തീരുമാനമാകാതിരിക്കുന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത വിഷയത്തിൽ വ്യക്തമായ തീരുമാനം കൈക്കൊള്ളുന്നതിനുള്ള തടസ്സം എന്താണെന്ന് വിശദമാക്കാമോ;

(സി) ഫയൽ ഇപ്പോൾ ധനകാര്യവകുപ്പിൽ നിന്ന് പ്ലാനിംഗ് ബോർഡിലാണുള്ളതെന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ പ്ലാനിംഗ് ബോർഡുമായി ബന്ധപ്പെട്ട് പ്രസ്തുത വിഷയത്തിൽ എത്രയും വേഗം അനുകൂല തീരുമാനം കൈക്കൊള്ളുമോ; വിശദമാക്കാമോ?

(എ-ഡി) കാസർഗോഡ് ജില്ലയിൽ പ്രവർത്തിക്കുന്ന ആശ്രമം സ്കൂളിന് വകുപ്പിന്റെ അധീനതയിലുള്ള 10 ഏക്കർ ഭൂമിയിൽ സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിനുള്ള ഭരണാനുമതിക്കായി 29.09 കോടി രൂപയുടെ പ്രൊപ്പോസൽ പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർ ലഭ്യമാക്കിയിട്ടുണ്ട്. 2020-21 ബഡ്ജറ്റിൽ 'പട്ടികവർഗ്ഗ മേഖലയിൽ മോഡൽ റെസിഡൻഷ്യൽ സ്കൂളുകളുടെയും/ആശ്രമം സ്കൂളുകളുടെയും/ഏകലവ്യ മോഡൽ റെസിഡൻഷ്യൽ സ്കൂളുകളുടെയും പ്രീമെട്രിക്/ പോസ്റ്റ്മെട്രിക് ഹോസ്റ്റലുകളുടെയും നിർമ്മാണം എന്ന പദ്ധതിക്കായി 4225-02-277-42 എന്ന ശീർഷകത്തിൽ നിന്നും നിബന്ധനകൾക്ക് വിധേയമായി ഈ പദ്ധതിക്കായി തുക അനുവദിക്കുന്ന കാര്യം പ്ലാനിംഗ് വകുപ്പ്/പ്ലാനിംഗ് ബോർഡ് എന്നിവരുമായി ബന്ധപ്പെട്ട് പരിശോധിച്ചു വരികയാണ്.' നിലവിൽ എസ്റ്റിമേറ്റ് തയ്യാറാക്കിയിരിക്കുന്നത് 2016-ലെ ഷെഡ്യൂൾ ഓഫ് റേറ്റ് പ്രകാരമാണ്. 2018-ലെ ഷെഡ്യൂൾ ഓഫ് റേറ്റ് നിലവിൽ വന്നിട്ടുള്ളതിനാൽ ഈ നിരക്ക് പ്രകാരം പുതുക്കിയ എസ്റ്റിമേറ്റ് ലഭ്യമാകുന്ന മുറയ്ക്ക് ധനകാര്യ വകുപ്പിന്റെ അനുമതിക്ക് വിധേയമായി ഭരണാനുമതി നല്കുന്ന വിഷയത്തിൽ സത്വര തീരുമാനം കൈക്കൊള്ളുന്നതാണ്.

**പഠനമുറി നിർമ്മിച്ചു നൽകുന്ന പദ്ധതി**

59(804) <u>ശ്രീ. പി. വി. ശ്രീനിജിൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുന്ന വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മിച്ചു നൽകുന്ന പദ്ധതി പ്രകാരം കുന്നത്തുനാട് മണ്ഡലത്തിൽ എത്ര അപേക്ഷ ലഭിച്ചിട്ടുണ്ടെന്നറിയിക്കാമോ?

പട്ടികജാതി വിഭാഗത്തിൽപ്പെടുന്ന വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മിച്ച് നൽകുന്ന പദ്ധതി പ്രകാരം കുന്നത്തുനാട് മണ്ഡലത്തിൽ 332 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മിച്ച് നൽകുന്ന പദ്ധതി വകുപ്പ് നടപ്പിലാക്കുന്നില്ല.

(ബി) പ്രസ്തുത പദ്ധതിക്കായി വകയിരുത്തിയ തുക എത്രയെന്ന് വ്യക്തമാക്കാമോ?

പ്രസ്തുത പദ്ധതിക്കായി 2021-22 സാമ്പത്തിക വർഷം 1,62,00,000 രൂപ വകയിരുത്തിയിട്ടുണ്ട്.

(സി) ഇതുവരെ നിർമ്മിച്ച പഠനമുറികളുടെ എണ്ണവും ചെലവഴിച്ച തുകയും എത്രയെന്ന് പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കാമോ?

വിവരങ്ങൾ അനുബന്ധമായി* ചേർക്കുന്നു

**എസ്.സി./എസ്.ടി. വിദ്യാർത്ഥികൾക്ക് ഇ-ഗ്രാന്റ് കാലതാമസം**

60(805) ശ്രീ. ടി. സിദ്ദിഖ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എസ്.സി./എസ്.ടി. വിദ്യാർത്ഥികൾക്ക് ഇ-ഗ്രാന്റ് അനുവദിച്ചു നൽകുന്നതിന് കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

പട്ടികജാതി പട്ടികവർഗ്ഗ വിഭാഗം വിദ്യാർത്ഥികൾക്ക് ഇ-ഗ്രാന്റ്സ് അനുവദിക്കുന്നതിന് കാലതാമസം നേരിടുന്നില്ല. എന്നാൽ കേന്ദ്ര സർക്കാർ നിഷ്കർഷിച്ച മാറ്റങ്ങൾ നടപ്പിൽ വരുത്തേണ്ട സാഹചര്യത്തിൽ, നിലവിൽ പോസ്റ്റ്മെട്രിക് വിദ്യാർത്ഥികൾക്കുള്ള ഇ-ഗ്രാന്റ്സ് വിതരണം താത്കാലികമായി നിർത്തിവച്ചിരിക്കുകയാണ്. ഇ-ഗ്രാന്റ്സ് സൈറ്റിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തി ധനസഹായ വിതരണം അടിയന്തരമായി പുനരാരംഭിക്കുന്നതാണ്. അനുവദനീയമായ വിദ്യാഭ്യാസാനുകൂല്യങ്ങൾ അർഹത പരിശോധിച്ച് ഉറപ്പുവരുത്തി ഇ-ഗ്രാന്റ്സ് മുഖേന യഥാസമയം അനുവദിച്ചുവരുന്നു. പട്ടികജാതി വിഭാഗം വിദ്യാർത്ഥികൾക്കുള്ള ഇ-ഗ്രാന്റ്സ് ബിൽ പ്രോസസ്സിംഗും തുക വിതരണവും മതിയായ ശ്രദ്ധയും സുരക്ഷയും ഉറപ്പുവരുത്തി ജില്ലാതലത്തിലേക്ക് മാറ്റുന്നതിന്, 18-9-2021-ലെ സ.ഉ.(സാധാ) നം.834/2021/പജപവവിവ പ്രകാരം പട്ടികജാതി വികസന വകുപ്പ് ഡയറക്ടർക്ക് അനുമതി നൽകിയിട്ടുണ്ട്.

(ബി) നിലവിൽ പ്രസ്തുത ഗ്രാന്റ് നൽകുന്നതിനുള്ള സംവിധാനം എന്താണെന്ന് വിശദമാക്കാമോ?

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വിദ്യാർത്ഥികൾ അക്ഷയ സെന്റർ മുഖേന ഇ-ഗ്രാന്റ്സ് സ്കോളർഷിപ്പ് പോർട്ടലിൽ അപേക്ഷിക്കുകയും അപേക്ഷയുടെ പ്രിന്റൗട്ട് സ്ഥാപനത്തിന് നൽകുകയും ചെയ്യുന്നു. സ്ഥാപന മേധാവി പ്രസ്തുത അപേക്ഷയും അനുബന്ധമായ രേഖകളും പരിശോധിക്കുന്നു. ഗവ/എയ്ഡഡ് സ്ഥാപനങ്ങൾ അപേക്ഷയുടെ ഹാർഡ് കോപ്പി സ്ഥാപനത്തിൽ സൂക്ഷിച്ച് ഓൺലൈൻ അപേക്ഷ ജില്ലാ ഓഫീസിലേക്ക് ഫോർവേഡ് ചെയ്യുന്നു. സ്വാശ്രയ സ്ഥാപനങ്ങൾ ഹാർഡ്കോപ്പിയും ഓൺലൈൻ അപേക്ഷയും ബന്ധപ്പെട്ട ജില്ലാ ഓഫീസുകളിലേക്ക് ഫോർവേഡ് ചെയ്യുന്നു. ജില്ലാ ഓഫീസിൽ പ്രസ്തുത അപേക്ഷകൾ പരിശോധിച്ച് അർഹതയുള്ള അപേക്ഷകൾക്ക് അനുമതി നൽകുന്നു. അനുമതി ലഭ്യമായ അപേക്ഷകരുടെ ആനുകൂല്യങ്ങൾ സ്ഥാപനത്തിൽനിന്നും ഫോർവേഡ് ചെയ്യുകയും ആയത് ജില്ലാ ഓഫീസിൽ പരിശോധിച്ച് പേമെന്റ് ചെയ്യുന്നതിനായി ഡയറക്ടറേറ്റ് തലത്തിൽ എത്തുന്നു. ഡയറക്ടറേറ്റിൽനിന്നും വിദ്യാർത്ഥികൾക്കുള്ള ആനുകൂല്യം വിദ്യാർത്ഥികളുടെ അക്കൗണ്ടിലേക്കും സ്ഥാപനത്തിന് ലഭിക്കേണ്ട ഫീസുകൾ സ്ഥാപനത്തിന്റെ അക്കൗണ്ടിലേക്കും അനുവദിക്കുന്നതാണ്.

## പട്ടികജാതി, പട്ടികവർഗ്ഗ, ഒ.ഇ.സി. വിദ്യാർത്ഥികൾക്കുള്ള ആനുകൂല്യങ്ങൾ

61(806) ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ മേഖലയിൽ പ്രവർത്തിക്കുന്ന യൂണിവേഴ്സിറ്റി അഫിലിയേഷനുള്ള സെൽഫ് ഫൈനാൻസിംഗ് ആർട്സ് & സയൻസ് കോളേജുകളിൽ പഠിക്കുന്ന പട്ടികജാതി, പട്ടികവർഗ്ഗ, ഒ.ഇ.സി. വിദ്യാർത്ഥികൾക്ക് ലഭിച്ചു കൊണ്ടിരിക്കുന്ന വിദ്യാഭ്യാസ ആനുകൂല്യങ്ങൾ നിർത്തിവച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

സഹകരണ മേഖലയിൽ പ്രവർത്തിക്കുന്ന യൂണിവേഴ്സിറ്റി അഫിലിയേഷനുള്ള സെൽഫ് ഫൈനാൻസിംഗ് ആർട്സ് & സയൻസ് കോളേജുകളിൽ പഠിക്കുന്ന പട്ടികജാതി, പട്ടികവർഗ്ഗ, ഒ.ഇ.സി. വിദ്യാർത്ഥികൾക്ക് കേന്ദ്രസർക്കാർ നൽകുന്ന സ്കോളർഷിപ്പ് നൽകി വരുന്നുണ്ട്.

(ബി) ഉണ്ടെങ്കിൽ തുടർന്നും ആനുകൂല്യം ലഭ്യമാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

പരിശോധിക്കുന്നതാണ്.

**പട്ടികജാതി, പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ സേവനങ്ങൾ**

62(807) <u>ശ്രീമതി യു. പ്രതിഭ</u>: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങളിലെ വിദ്യാർത്ഥികൾക്ക് ഇപ്പോൾ സർക്കാർ നൽകിവരുന്ന വിദ്യാഭ്യാസ സേവനങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കാമോ?

പട്ടികജാതി വിഭാഗങ്ങളിലെ വിദ്യാർത്ഥികൾക്ക് സർക്കാർ നൽകിവരുന്ന വിദ്യാഭ്യാസ സേവനങ്ങൾ ചുവടെ ചേർക്കുന്നു:

1. പ്രീ-മെട്രിക് തലത്തിലുള്ള വിദ്യാർത്ഥികൾക്ക് ലംപ്സംഗ്രാന്റ്, സ്റ്റൈപ്പന്റ്
2. 1 മുതൽ 8 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് പ്രൈമറി എഡ്യൂക്കേഷൻ എയ്ഡ് പദ്ധതി പ്രകാരം 2,000 രൂപ നൽകിവരുന്നു.
3. അയ്യൻകാളി ടാലന്റ് സെർച്ച് ആൻഡ് ഡെവലപ്മെന്റ് സ്കീം
4. 9, 10 ക്ലാസ്സുകളിൽ പഠിക്കുന്നവർക്ക് പ്രീമെട്രിക് സ്കോളർഷിപ്പ് (100% CSS) ഡേ സ്കോളേഴ്സിനു 3,000 രൂപയും ഹോസ്റ്റലേഴ്സിന് 6,250 രൂപയും അനുവദിച്ചുവരുന്നു.
5. പോസ്റ്റ് മെട്രിക് തലത്തിലുള്ള വിദ്യാർത്ഥികൾക്ക് ലംപ്സംഗ്രാന്റ്, സ്റ്റൈപ്പന്റ്, ഫീസാനുകൂല്യങ്ങൾ
6. MBBS, BDS വിദ്യാർത്ഥികൾക്ക് സ്റ്റെതസ്കോപ്പ് വാങ്ങുന്നതിന് ധനസഹായമായി 5,800 രൂപ അനുവദിക്കുന്നു.
7. എഞ്ചിനീയറിംഗ്/മെഡിക്കൽ കോഴ്സ് അഡ്മിഷൻ ലഭിച്ചവർക്ക് പ്രാഥമിക ചെലവിനത്തിൽ യഥാക്രമം 5,000 രൂപയും 10,000 രൂപയും അനുവദിക്കുന്നു.
8. സർക്കാർ അംഗീകരിച്ച കോഴ്സുകൾക്ക് ലാപ്ടോപ്പ് വാങ്ങുന്നതിനുള്ള ധനസഹായം
9. ബുക്ക് ബാങ്ക് പദ്ധതി.

10. ബി.ടെക്.-ന് പഠിക്കുന്ന പട്ടികജാതി വിഭാഗം വിദ്യാർത്ഥികൾക്കായി IHRD നിയന്ത്രണത്തിലുള്ള Model Finishing School എന്ന സ്ഥാപനം മുഖേന റെമഡിയൽ ട്യൂഷൻ പദ്ധതി നടത്തി വരുന്നു.

11. സാങ്കേതിക വിദ്യാഭ്യാസ വകുപ്പുമായി ചേർന്ന് സംസ്ഥാനത്തെ 12 ഗവൺമെന്റ്/എയ്ഡഡ് കോളേജുകൾ കേന്ദ്രീകരിച്ച് ബി.ടെക്.-ന് പഠിച്ചു കൊണ്ടിരിക്കുന്ന വിദ്യാർത്ഥികൾക്ക് പ്രത്യേക കോച്ചിംഗ് നൽകുന്ന പദ്ധതിയും നടപ്പിലാക്കി വരുന്നുണ്ട്.

സംസ്ഥാനത്ത് പട്ടികവർഗ്ഗ വിഭാഗങ്ങളിലെ വിദ്യാർത്ഥികൾക്ക് ഇപ്പോൾ സർക്കാർ നൽകി വരുന്ന വിദ്യാഭ്യാസ സേവനങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. പ്രീ-മെട്രിക് സ്കോളർഷിപ്പ് പദ്ധതി നഴ്സറിതലം മുതൽ എസ്.എസ്. എൽ.സി. വരെ പഠനം നടത്തുന്ന കുട്ടികൾക്ക് ലംപ്സംഗ്രാന്റ്, പ്രതിമാസ സ്റ്റൈപന്റ് എന്നിവ നൽകുന്നു.

2. പ്രീ-മെട്രിക് സ്കോളർഷിപ്പ് പദ്ധതി - 9,10 ക്ലാസുകളിൽ (100% കേന്ദ്രാവിഷ്കൃത പദ്ധതി) 9,10 ക്ലാസുകളിൽ പഠിക്കുന്നതും കുടുംബ വാർഷിക വരുമാനം 2.5 ലക്ഷത്തിൽ താഴെയുള്ള വിദ്യാർത്ഥികൾക്ക് സംസ്ഥാന സർക്കാരിന്റെ വിദ്യാഭ്യാസാനുകൂല്യം കൂടാതെ കേന്ദ്ര സർക്കാരിന്റെ വിദ്യാഭ്യാസാനുകൂല്യവും നൽകുന്നു. പ്രതിവർഷം 2250 രൂപ സ്കോളർഷിപ്പ് ഇനത്തിലും 750 രൂപ ബുക്സ് തുടങ്ങിയ പഠനസാമഗ്രികൾ വാങ്ങുന്നതിന് ഗ്രാന്റ് ഇനത്തിലും നൽകുന്നു. ഹോസ്റ്റലിൽ താമസിച്ച് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് യഥാക്രമം 5250 രൂപയും 1000 രൂപയും നൽകുന്നു.

3. പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് പദ്ധതി പട്ടികവർഗ്ഗ വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് പത്താം ക്ലാസിന് മുകളിൽ പഠിക്കുന്നവർക്ക് "പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് സ്കീം" എന്ന പദ്ധതി മുഖേന വിദ്യാഭ്യാസാനുകൂല്യം വിതരണം ചെയ്തുവരുന്നു.

4. വിദേശപഠനത്തിനുള്ള ധനസഹായം സംസ്ഥാനത്ത് സ്ഥിര താമസ ക്കാരായ പട്ടികവർഗ്ഗക്കാരായ വിദ്യാർത്ഥികൾക്ക് വിദേശത്ത് മികച്ച സർവ്വകലാശാലകളിൽ പോയി പഠനം നടത്തുന്നതിനുള്ള വിദ്യാഭ്യാസ ധനസഹായം നൽകുന്നതിനുള്ള പദ്ധതി നടപ്പിലാക്കി വരുന്നു.

5. ഇതരസംസ്ഥാന പഠനം- പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് മറ്റ് സംസ്ഥാനങ്ങളിൽ പഠനം നടത്തുന്നതിനായി ആനുകൂല്യങ്ങൾ നൽകുന്നുണ്ട്. കൂടാതെ നാഷണൽ എൻട്രൻസ് ടെസ്റ്റ് വഴി സംസ്ഥാനത്തിന് പുറത്ത് വിവിധ മികച്ച സ്ഥാപനങ്ങളിൽ പ്രവേശനം ലഭിക്കുന്ന വിദ്യാർത്ഥികൾക്ക് സംസ്ഥാന സർക്കാരിന്റെ വിദ്യാഭ്യാസാനുകൂല്യവും അനുവദിച്ചുവരുന്നു.

6. അയ്യങ്കാളി മെമ്മോറിയൽ ടാലന്റ് സെർച്ച് ആൻഡ് ഡെവലപ്മെന്റ് പദ്ധതി സർക്കാർ എയ്ഡഡ് സ്കൂളുകളിലെ 4-ാം ക്ലാസ് വിദ്യാർത്ഥികളെ ഒരു മത്സര പരീക്ഷയുടെ അടിസ്ഥാനത്തിൽ തെരഞ്ഞെടുത്ത് 10-ാം ക്ലാസുവരെ സ്കോളർഷിപ്പ് നൽകുകയും ബോധതലം ഉയർത്താൻ സെമിനാർ നടത്തുകയും ചെയ്യുന്നു.

7. സമർത്ഥരായ വിദ്യാർത്ഥികൾക്ക് പ്രത്യേക പ്രോത്സാഹനം. അക്കാഡമിക്-കലാ-കായിക മത്സരങ്ങളിൽ ഉന്നത വിജയം നേടുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പ്രത്യേക പ്രോത്സാഹനം നൽകുന്ന ഒരു പദ്ധതിയാണിത്.

8. മെഡിക്കൽ/എഞ്ചിനീയറിംഗ് കോഴ്സുകൾക്ക് പ്രവേശനം ലഭിച്ചവർക്കുള്ള ധനസഹായം - മെഡിക്കൽ/എഞ്ചിനീയറിംഗ് കോഴ്സുകൾക്ക് പ്രവേശനം ലഭിച്ചവർക്ക് (വാർഷിക വരുമാനം 40,000 രൂപയ്ക്ക് താഴെ) പ്രാരംഭ ചെലവിനത്തിൽ 5,000 രൂപ ധനസഹായം നൽകിവരുന്നു.

9. പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പൊതു പ്രവേശന പരീക്ഷാ പരിശീലനം - പ്ലസ് ടു സയൻസ്, കണക്ക് വിഷയങ്ങളെടുത്ത് വിജയിച്ച വിദ്യാർത്ഥികളെ പ്ലസ് ടു കോഴ്സുകൾക്ക് ലഭിച്ച മാർക്കിന്റെ അടിസ്ഥാനത്തിൽ തെരഞ്ഞെടുത്ത്, എം.ബി.ബി.എസ്./എഞ്ചിനീയറിംഗ് കോഴ്സുകൾക്ക് പ്രവേശനം ലഭ്യമാക്കുന്നതിനായി ഒരു മാസത്തെ ക്രാഷ് കോഴ്സ്, 10 മാസത്തോളം നീണ്ടുനിൽക്കുന്ന ഒരു വർഷത്തെ റിപ്പീറ്റിംഗ് കോഴ്സ് എന്നിവ വകുപ്പ് നടത്തുന്നു.

10. ലാപ്ടോപ്പ് വിതരണം- ലാപ്ടോപ്പ് വിതരണത്തിന് അർഹതയുള്ള കോഴ്സുകളുടെ എണ്ണം 2017-18 വർഷം വരെ 12 ആയിരുന്നു. 2018-19 വർഷം മുതൽ കോഴ്സുകളുടെ എണ്ണം 32 ആയി വർദ്ധിപ്പിച്ചിട്ടുണ്ട്.

11. സാമൂഹ്യപഠനമുറി-പട്ടികവർഗ്ഗ കുട്ടികളുടെ കൊഴിഞ്ഞുപോക്ക് തടയുന്നത് ലക്ഷ്യം വച്ച് സ്കൂളുകളിൽ നിന്നും ഊരുകളിൽ തിരികെയെത്തുന്ന കുട്ടികൾക്ക് പഠന സൗകര്യവും ലഘുഭക്ഷണവും ഒരുക്കുന്നതിനായി ആവിഷ്കരിച്ച പദ്ധതിയാണ് സാമൂഹ്യപഠനമുറി.

12. ഗോത്രബന്ധു പദ്ധതി - വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് തടയുക, ഭാഷാപ്രശ്നം പരിഹരിക്കുക എന്നീ ലക്ഷ്യങ്ങൾ മുൻനിർത്തി സർക്കാർ/ എയ്ഡഡ് പ്രൈമറി സ്കൂളുകളിൽ മെന്റർ ടീച്ചർമാരെ നിയമിക്കുന്ന പദ്ധതി പ്രകാരം വയനാട്, പാലക്കാട് ജില്ലകളിലായി 287 മെന്റർ ടീച്ചർമാരെ നിയമിച്ചിട്ടുണ്ട്.

13. മോഡൽ റെസിഡൻഷ്യൽ സ്കൂൾ, പ്രീമെട്രിക് & പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ-വകുപ്പിന് കീഴിൽ 20 മോഡൽ റെസിഡൻഷ്യൽ സ്കൂളുകളും 105 പ്രീ-മെട്രിക് ഹോസ്റ്റലുകളും 9 പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളും പ്രവർത്തിക്കുന്നു.

**ഡിജിറ്റൽ പഠനോപകരണങ്ങളുടെ ലഭ്യത**

63(808) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓൺലൈൻ പഠനവുമായി ബന്ധപ്പെട്ട് സംസ്ഥാനത്തെ ആദിവാസി മേഖലകളിലും പട്ടികജാതി/പട്ടികവർഗ്ഗ കോളനികളിലും നെറ്റ്‌വർക്ക് കണക്ടിവിറ്റി ലഭ്യത ഉറപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഡിജിറ്റൽ പഠനോപകരണങ്ങളുടെ അഭാവംമൂലവും കണക്ടിവിറ്റിയുടെ അഭാവംമൂലവും പഠന പ്രവർത്തനങ്ങൾക്ക് വിഷമം നേരിടുന്ന വിദ്യാർത്ഥികൾക്ക് ഇവ ലഭ്യമാക്കാൻ പട്ടികവർഗ്ഗ വികസന വകുപ്പ് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കണക്ടിവിറ്റി ലഭ്യമാക്കാൻ ടെലികോം/ഇന്റർനെറ്റ് സേവനദാതാക്കളുമായി ചർച്ച നടത്തി സങ്കേതങ്ങൾക്ക് അനുസൃതമായ മാർഗ്ഗങ്ങൾ സ്വീകരിച്ച് കണക്ടിവിറ്റി ലഭ്യമാക്കാൻ വകുപ്പിന്റെ കോർപ്പസ് ഫണ്ട് ഉപയോഗിക്കാൻ ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകി, പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നുണ്ട്. ഡിജിറ്റൽ ഉപകരണങ്ങൾ ഇല്ലാത്തതായി കണ്ടെത്തിയ വിദ്യാർത്ഥികൾക്ക് KITE മുഖേന ലാപ്ടോപ്പ് വിതരണം ആരംഭിച്ചിട്ടുണ്ട്. ഓൺലൈൻ പഠനം തടസ്സപ്പെടാതിരിക്കാനും, ബോധന പ്രശ്നങ്ങൾ പരിഹരിക്കാനും സാമൂഹ്യ പഠന മുറികൾ, മറ്റ് കേന്ദ്രങ്ങൾ എന്നിവിടങ്ങളിൽ ഫെസിലിറ്റേറ്റർമാരെ നിയമിച്ചിട്ടുണ്ട്. ഇതിന് പുറമേ മെന്റർ ടീച്ചർമാർ, മോഡൽ റെസിഡൻഷ്യൽ സ്കൂൾ അദ്ധ്യാപകർ, റിട്ട. അദ്ധ്യാപകർ എന്നിവരുടെ സേവനവും ലഭ്യമാക്കിയിട്ടുണ്ട്. സ്കൂളുകൾ തുറന്ന് പ്രവർത്തിക്കാൻ തീരുമാനിച്ച സാഹചര്യത്തിൽ പ്രത്യേക ബോധനരീതി ആവിഷ്കരിക്കുന്ന കാര്യത്തിൽ വിദ്യാഭ്യാസ വകുപ്പുമായി സഹകരിച്ച് നടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) ആദിവാസി/പട്ടികജാതി/പട്ടികവർഗ്ഗ കോളനികളിലെ എത്ര കുട്ടികൾക്ക് ഡിജിറ്റൽ പഠനോപകരണങ്ങൾ ലഭ്യമായിട്ടില്ല എന്നതിന്റെ കണക്ക് ശേഖരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

പട്ടികജാതി കോളനികളിലെ കണക്ക് മാത്രമായി ശേഖരിച്ചിട്ടില്ല. എന്നാൽ സംസ്ഥാനത്താകെ 39,098 പട്ടികജാതി വിഭാഗം വിദ്യാർത്ഥികൾക്ക് ഡിജിറ്റൽ പഠനോപകരണങ്ങൾ ഇല്ലായെന്ന് കണക്കാക്കിയിട്ടുണ്ട്. ഹയർ സെക്കണ്ടറി തലംവരെ ഡിജിറ്റൽ ഉപകരണങ്ങൾ സ്വന്തമായി ലഭ്യമാക്കാൻ സാഹചര്യമില്ലാത്തവർ എന്ന് കണ്ടെത്തിയ 37,717 പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പൊതുവിദ്യാഭ്യാസ വകുപ്പ് KITE മുഖേന പഠനാവശ്യത്തിനായി ലാപ്ടോപ്പുകൾ നൽകുന്ന നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(സി) മുഴുവൻ കുട്ടികൾക്കും ഡിജിറ്റൽ പഠനോപകരണങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

അർഹരായ എല്ലാ കുട്ടികൾക്കും ഡിജിറ്റൽ പഠനോപകരണങ്ങൾ ലഭ്യമാക്കുന്നതിനായി പൊതുവിദ്യാഭ്യാസ വകുപ്പ് KITE മുഖേന ലാപ്ടോപ്പുകൾ നൽകുന്നതിന് 1-9-2021-ലെ ജി.ഒ(ആർ.ടി) 3852/2021/GEDN നമ്പർ സർക്കാർ ഉത്തരവ് പ്രകാരം തീരുമാനമായിട്ടുണ്ട്. ആയതിന്റെ വിതരണ നടപടികൾ പൊതുവിദ്യാഭ്യാസ വകുപ്പ് KITE മുഖേന ആരംഭിച്ചിട്ടുണ്ട്.

## തൃക്കരിപ്പൂർ മണ്ഡലത്തിൽ മോഡൽ റെസിഡൻഷ്യൽ സ്കൂൾ ആരംഭിക്കാൻ നടപടി

64(809) <u>ശ്രീ. എം. രാജഗോപാലൻ</u>: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തൃക്കരിപ്പൂർ മണ്ഡലത്തിലെ കയ്യൂർ-ചീമേനി പഞ്ചായത്തിൽ പട്ടികവർഗ്ഗ വിഭാഗത്തിലെ പാവപ്പെട്ട കുട്ടികൾക്ക് താമസിച്ച് പഠിക്കുന്നതിനായി ഒരു മോഡൽ റെസിഡൻഷ്യൽ സ്കൂൾ ആരംഭിക്കാൻ നടപടികൾ സ്വീകരിക്കുമോ; സൗജന്യമായി ഭൂമി ലഭ്യമായിട്ടുള്ള പ്രസ്തുത സ്ഥലത്ത് മോഡൽ റെസിഡൻഷ്യൽ സ്കൂൾ അനുവദിക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തുമോ; വിശദമാക്കുമോ?

കാസർഗോഡ് ജില്ലയിൽ നിലവിൽ പെൺകുട്ടികൾക്കായി ഒരു മോഡൽ റെസിഡൻഷ്യൽ സ്കൂൾ, പ്രത്യേക ദുർബല വിഭാഗത്തിനായി ഒരു ആശ്രമം സ്കൂൾ എന്നിവ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ഒരു സ്പോർട്ട്സ് ഏകലവ്യ മോഡൽ റെസിഡൻഷ്യൽ സ്കൂൾ ആരംഭിക്കുന്നതിനുള്ള

നടപടികൾ പുരോഗമിച്ചുവരുന്നു. പട്ടികജാതി വകുപ്പിന് കീഴിലും ജില്ലയിൽ ഒരു മോഡൽ റെസിഡൻഷ്യൽ സ്കൂൾ പ്രവർത്തിക്കുന്നുണ്ട്. ടി സ്കൂളിൽ ഭൂരിഭാഗവും പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളാണ് പഠനം നടത്തുന്നത്. ഇതുകൂടാതെ തൃക്കരിപ്പൂർ മണ്ഡലത്തിൽനിന്നും അധികം ദൂരെയല്ലാതെ കണ്ണൂർ ജില്ലയിൽ പെരിങ്ങോം എന്ന സ്ഥലത്ത് പട്ടികജാതി വികസന വകുപ്പിന് കീഴിൽ മോഡൽ റെസിഡൻഷ്യൽ സ്കൂൾ ആരംഭിച്ചിട്ടുണ്ട്. ഇവിടെയും പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് പ്രവേശനം ലഭിക്കുന്നതാണ്. ഈ സാഹചര്യത്തിൽ തൃക്കരിപ്പൂർ മണ്ഡലത്തിൽ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട കുട്ടികൾക്കായി മോഡൽ റെസിഡൻഷ്യൽ സ്കൂൾ ആരംഭിക്കുന്ന കാര്യം ഇപ്പോൾ പട്ടികവർഗ്ഗ വികസന വകുപ്പിന്റെ പരിഗണനയിലില്ല.

**ആദിവാസി ഹോസ്റ്റലുകൾ മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതി**

65(810) <u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u>: താഴെക്കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഏകലവ്യ മോഡൽ റെസിഡൻഷ്യൽ സ്കൂളുകൾ, ആദിവാസി ഹോസ്റ്റലുകൾ എന്നിവ മെച്ചപ്പെടുത്താനുള്ള പദ്ധതിക്കായി നീക്കിവച്ച തുകയിൽനിന്നും 2019-20, 2020-21 സാമ്പത്തിക വർഷങ്ങളിൽ എത്ര രൂപ വീതം വിനിയോഗിച്ചുവെന്ന് വർഷം തിരിച്ച് വ്യക്തമാക്കുമോ; പ്രസ്തുത ഫണ്ട് വിനിയോഗം കുറഞ്ഞതിനുള്ള കാരണങ്ങൾ വ്യക്തമാക്കാമോ?

ഏകലവ്യ മോഡൽ റെസിഡൻഷ്യൽ സ്കൂളുകൾ, പട്ടികവർഗ്ഗ ഹോസ്റ്റലുകൾ എന്നിവ മെച്ചപ്പെടുത്തുന്നതിനായി പ്രത്യേക ശീർഷകം നിലവിലില്ല. EMRS, ഹോസ്റ്റൽ എന്നിവയുടെ നിർമ്മാണവുമായി ബന്ധപ്പെട്ട 4225-02-277-42-Construction of MRS, Boys and Girls Hostels (Plan) എന്ന ശീർഷകം പൊതുമരാമത്ത് വകുപ്പ് ചീഫ് എഞ്ചിനീയറുടെ നിയന്ത്രണത്തിലുള്ളതായതിനാൽ വകുപ്പിൽനിന്നും ലെറ്റർ ഓഫ് ക്രെഡിറ്റ് പ്രൊപ്പോസൽ പൊതുമരാമത്ത് വകുപ്പിന് നൽകുന്ന രീതിയാണ് നിലവിലുള്ളത്. പ്രസ്തുത ശീർഷകത്തിൽ നിന്നും 2019-20, 2020-21 വർഷത്തെ വിനിയോഗം ചുവടെ ചേർക്കുന്നു :

| വർഷം | അലോട്ട്മെന്റ് | വിനിയോഗം | PWD യിൽ നിന്നും ലഭ്യമാകാനുണ്ടായിരുന്ന LOC പ്രൊപ്പോസൽ തുക |
|---|---|---|---|
| 2019-20 | 12 കോടി രൂപ | 12.35 കോടി രൂപ | 2.91 കോടി രൂപ |
| 2020-21 | 8 കോടി രൂപ | 3.63 കോടി രൂപ | 2.29 കോടി രൂപ |

കോവിഡ് വ്യാപന പ്രതിരോധവുമായി ബന്ധപ്പെട്ട് ലോക്ഡൗൺ നിയന്ത്രണങ്ങൾ നിലവിൽ വന്നതിനാലും നിർമ്മാണ പ്രവർത്തനങ്ങൾക്കും അന്തർ ജില്ലാ യാത്രകൾക്കും വിലക്ക് വന്നതിനാലും നിർമ്മാണ തൊഴിലാളികളുടെ കുറവുകൊണ്ടുമാണ് പ്രസ്തുത ഫണ്ടിന്റെ വിനിയോഗത്തിൽ കുറവ് വന്നിട്ടുള്ളത്. അവ പരിഹരിക്കുന്നതിനുള്ള നടപടികൾ വകുപ്പ് കൈക്കൊണ്ടിട്ടുണ്ട്.

**പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് വ്യക്തിഗത പഠനമുറി ധനസഹായം അനുവദിക്കുന്നതിനുള്ള നടപടി**

66(811) ഡോ. മാത്യു കുഴൽനാടൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വകുപ്പ്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവ മുഖേന പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് വ്യക്തിഗത പഠനമുറി ധനസഹായം അനുവദിക്കുമ്പോൾ കൂടുതൽ ദുർബല വിഭാഗമായ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പട്ടികവർഗ്ഗ വകുപ്പ് മുഖേന പ്രസ്തുത ധനസഹായം അനുവദിക്കാതിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിശോധിച്ച് വിശദാംശങ്ങൾ വ്യക്തമാക്കാമോ?

പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സ്കൂൾ സമയത്തിനുശേഷം പഠനത്തിനായി സഹായം നൽകുന്നതിന് കോളനികളിലെ അവരുടെ വീടുകളിൽ സൗകര്യമില്ലാത്ത സാഹചര്യത്തിലാണ് സാമൂഹ്യ പഠനമുറികൾ ആരംഭിച്ചത്. സാമൂഹ്യ പഠന മുറികളിൽ പഠനത്തിനായി എത്തുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികളെ പഠനത്തിൽ സഹായിക്കുന്നതിന് ദൃശ്യ-ശ്രവ്യ മാധ്യമങ്ങളുടെ സഹായവും അദ്ധ്യാപന പരിശീലനവും ലഭിച്ച ഒരു ഫെസിലിറ്റേറ്ററുടെ സേവനവും ലഭിക്കുന്നതാണ്. വീടുകളിൽ പഠനമുറി നൽകുന്നതിലൂടെ ഈ സൗകര്യങ്ങൾ ലഭ്യമാകുന്നില്ല.

(ബി) പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കും പ്രസ്തുത ധനസഹായം നൽകുന്നതിനായി നടപടി സ്വീകരിക്കാനുദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകാമോ?

ഈ വിഷയം പരിശോധിക്കുന്നതാണ്.

## ഗോത്രജ്യോതി പദ്ധതിയിലൂടെ ഓൺലൈൻ വിദ്യാഭ്യാസ സംവിധാനം നടപ്പിലാക്കുന്നതിന് നടപടി

67(812) ശ്രീ. ടി. ജെ. വിനോദ്: താഴെക്കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിന് നടപ്പിലാക്കിയിരുന്ന 'ഗോത്രജ്യോതി' പദ്ധതിയിലൂടെ ഓൺലൈൻ വിദ്യാഭ്യാസ സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിക്കാൻ സാധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

"ഗോത്രജ്യോതി" എന്ന പദ്ധതി പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന നടപ്പിലാക്കുന്നില്ല. 'ഗോത്രബന്ധു' പദ്ധതി നടപ്പിലാക്കിവരുന്നു.

## പെരിങ്ങോം മോഡൽ റെസിഡൻഷ്യൽ സ്കൂൾ

68(813) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുതായി അനുവദിച്ച പെരിങ്ങോം മോഡൽ റെസിഡൻഷ്യൽ സ്കൂളിൽ ഈ വർഷം അദ്ധ്യയനം ആരംഭിക്കാൻ സാധിക്കുമോ?

വകുപ്പിനുകീഴിൽ പുതുതായി പ്രവർത്തനമാരംഭിച്ച പെരിങ്ങോം എം.ആർ.എസ്.-ൽ ഈ വർഷം അദ്ധ്യയനം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത സ്കൂളിൽ പ്രവേശന നടപടികൾ ഏതുവരെയായിയെന്ന് വിശദമാക്കാമോ?

സംസ്ഥാനത്തെ പട്ടികജാതി-പട്ടികവർഗ്ഗ വകുപ്പുകളുടെ കീഴിലുള്ള എം.ആർ. എസ്.-കളിലേയ്ക്ക് ഓൺലൈനായി അപേക്ഷ ക്ഷണിച്ചതിൻ പ്രകാരം തയ്യാറാക്കിയ റാങ്ക് പട്ടികയിൽ പെരിങ്ങോം എം.ആർ.എസ്.-ലേക്ക് 3 വിദ്യാർത്ഥികൾ മാത്രമാണ് ഉൾപ്പെട്ടിരുന്നത്. പ്രസ്തുത വിദ്യാർത്ഥികൾ അഡ്മിഷൻ എടുത്തിട്ടില്ല. തുടർന്ന് വിദ്യാർത്ഥികളെ ലഭിക്കുന്നതിനായി ജില്ലാതലത്തിൽ പുതിയ വിജ്ഞാപനം നൽകിയിട്ടുണ്ട്.

## പട്ടികവർഗ്ഗ മേഖലയിലെ വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക്

69(814) ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് സാഹചര്യത്തിൽ വിദ്യാഭ്യാസം ഓൺലൈൻ സമ്പ്രദായത്തിലേക്ക് മാറിയത് പട്ടികവർഗ്ഗ വിഭാഗത്തിലെ കുട്ടികളുടെ വലിയ തോതിലുള്ള കൊഴിഞ്ഞുപോക്കിന് കാരണമായിട്ടുള്ളതായി വിലയിരുത്തുന്നുണ്ടോ; വിശദമാക്കുമോ?

കോവിഡ് കാലഘട്ടത്തിൽ സ്കൂളുകൾ തുറന്ന് പ്രവർത്തിക്കാത്ത സാഹചര്യത്തിൽ പട്ടികവർഗ്ഗ വിഭാഗത്തിലെ കുട്ടികൾ സ്കൂളുകളിൽ എത്താതെ വൻതോതിൽ കൊഴിഞ്ഞുപോയതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ ഓൺലൈൻ സമ്പ്രദായത്തിലേക്ക് മാറിയത് കാരണം ചില കുട്ടികൾ ഓൺലൈൻ ക്ലാസുകളിൽ പങ്കെടുക്കുന്നതിൽ വിമുഖത കാണിക്കുന്നതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഓൺലൈൻ ക്ലാസ്സുകളിൽ പങ്കെടുക്കുന്നതിന് വകുപ്പിന്റെ സാമൂഹ്യ പഠന മുറികൾ, പൊതു കെട്ടിടങ്ങളിൽ വകുപ്പ് ഏറ്റെടുത്തിട്ടുള്ള മറ്റ് പഠന കേന്ദ്രങ്ങൾ എന്നിവയിലൂടെ പരമാവധി കുട്ടികളെ ക്ലാസ്സുകളിൽ പങ്കെടുപ്പിക്കാൻ സാധിച്ചിട്ടുണ്ട്.

(ബി) ഈ കാര്യത്തിൽ ഗോത്രസാരഥി പദ്ധതിയിലൂടെ എന്തെങ്കിലും ഇടപെടലുകൾ നടത്താൻ സാധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

വിദൂര സങ്കേതങ്ങളിലുള്ള കുട്ടികളെ വാഹനം ഏർപ്പാടാക്കി സ്കൂളുകളിൽ എത്തിക്കുന്ന പദ്ധതിയാണ് 'ഗോത്രസാരഥി പദ്ധതി' എന്നതിനാൽ കോവിഡ് കാലത്ത് ഇത്തരം ഇടപെടലുകൾ സാധ്യമായിട്ടില്ല. സ്കൂളുകൾ തുറന്ന് പ്രവർത്തിക്കുന്ന മുറയ്ക്ക് ത്രിതല പഞ്ചായത്തുകളുടെ സഹകരണത്തോടെ പദ്ധതി നടപ്പിലാക്കാൻ സാധിക്കുന്നതാണ്.

## പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ സ്റ്റൈപ്പന്റ് വിതരണം

70(815) ശ്രീ. മോൻസ് ജോസഫ്:
ശ്രീ. പി. ജെ. ജോസഫ്:
ശ്രീ. അനൂപ് ജേക്കബ്:
ശ്രീ. മാണി. സി. കാപ്പൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ സ്റ്റൈപ്പന്റ് വിതരണത്തിലെ കാലതാമസത്തെക്കുറിച്ച് വിശദീകരിക്കാമോ?

സംസ്ഥാനത്ത് പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗം വിദ്യാർത്ഥികളുടെ സ്റ്റൈപ്പന്റ് വിതരണത്തിൽ കാലതാമസം വരുന്നില്ല. പോസ്റ്റ്മെട്രിക് വിഭാഗം വിദ്യാർത്ഥികൾ ഇ-ഗ്രാന്റ്സ് മുഖേന അപേക്ഷിച്ച് ആയത് ജില്ലാ ഓഫീസർ അംഗീകരിച്ചശേഷം സ്ഥാപനത്തിൽനിന്നും ക്ലെയിമുകൾ ഡയറക്ടറേറ്റിൽ എത്തുന്ന മുറയ്ക്ക് തുക വിതരണം ചെയ്തുവരുന്നു. പ്രീമെട്രിക് വിഭാഗം വിദ്യാർത്ഥികളുടെ ആനുകൂല്യം വിദ്യാഭ്യാസ സ്ഥാപനങ്ങളിൽനിന്നും അധ്യയന വർഷത്തിന്റെ ആരംഭത്തിൽ തന്നെ ഇ-ഗ്രാന്റ്സ് മുഖേന ക്ലെയിം ചെയ്യുകയും തുക വിദ്യാർത്ഥികളുടെ അക്കൗണ്ടിലേക്ക് നൽകുകയും ചെയ്തു വരുന്നു. 2021-22 വർഷം പോസ്റ്റ്മെട്രിക് വിദ്യാഭ്യാസ ആനുകൂല്യ വിതരണം സംബന്ധിച്ച പുതുക്കിയ മാർഗ്ഗനിർദേശം കേന്ദ്രസർക്കാർ പുറപ്പെടുവിച്ചതിനാൽ ആയതനുസരിച്ച് ഇ-ഗ്രാന്റ്സ് സൈറ്റിൽ മാറ്റങ്ങൾ വരുത്തിക്കൊണ്ടിരിക്കുകയാണ്. ഇതുമായി ബന്ധപ്പെട്ട നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് 2021-22 വർഷത്തെ വിദ്യാഭ്യാസ ആനുകൂല്യങ്ങൾ വിതരണം ആരംഭിക്കുന്നതാണ്. പട്ടികവർഗ്ഗ വിഭാഗം വിദ്യാർത്ഥികൾക്ക് പ്രീമെട്രിക് സ്കോളർഷിപ്പ് അനുവദിക്കുന്ന ഫണ്ടിന്റെ അപര്യാപ്തത കാരണം ചില സന്ദർഭങ്ങളിൽ സ്കോളർഷിപ്പ് വിതരണം നടത്തുന്നതിൽ കാലതാമസമുണ്ടായിട്ടുണ്ട്.

(ബി) സ്റ്റൈപ്പന്റ് വിതരണം കാര്യക്ഷമമാക്കുന്നതിന് അതത് വർഷം തന്നെ വിദ്യാർത്ഥികൾക്ക് സ്റ്റൈപ്പന്റ് നൽകുന്ന കാര്യം പരിഗണിക്കുമോ?

പ്രീമെട്രിക്/പോസ്റ്റ്മെട്രിക് വിഭാഗം വിദ്യാർത്ഥികളുടെ സ്റ്റൈപ്പന്റ് നിലവിൽ അതത് വർഷം തന്നെ വിതരണം ചെയ്തുവരുന്നു.

(സി) പ്രൊഫഷണൽ കോളേജുകളിലെയും ആർട്സ് & സയൻസ് കോളേജുകളിലെയും വിദ്യാർത്ഥികൾക്കുള്ള സ്റ്റൈപ്പന്റ് അവരുടെ ബാങ്ക് അക്കൗണ്ടുകളിലൂടെ വിതരണം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

സംസ്ഥാനത്ത് എല്ലാ പ്രീമെട്രിക്/പോസ്റ്റ്മെട്രിക് വിഭാഗം പട്ടികജാതി/ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കും അർഹതപ്പെട്ട സ്റ്റൈപ്പന്റ് അതത് വിദ്യാർത്ഥികളുടെ ബാങ്ക് അക്കൗണ്ടിലൂടെയാണ് നിലവിൽ വിതരണം ചെയ്തുവരുന്നത്.

### വാമനപുരം മണ്ഡലത്തിലെ സാമൂഹ്യപഠനമുറി പദ്ധതി

71(816) ശ്രീ. ഡി. കെ. മുരളി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യപഠനമുറി പദ്ധതി വാമനപുരം നിയോജകമണ്ഡലത്തിൽ എവിടെയൊക്കെയാണ് നടപ്പാക്കുന്നത് എന്നറിയിക്കാമോ?

വാമനപുരം നിയോജകമണ്ഡലത്തിൽ താന്നിമൂട്, ആല്യംമൂട് എന്നീ പട്ടികവർഗ്ഗ കോളനികളിലാണ് നിലവിൽ സാമൂഹ്യ പഠനമുറികൾ പ്രവർത്തിക്കുന്നത്. കക്കോട്ട്കുന്ന് പാങ്ങോട്, ഇയ്യക്കോട് പെരിങ്ങമല, പന്നിയോട്ട്കടവ് പെരിങ്ങമല, കുറുപ്പൻകാല പെരിങ്ങമല, വട്ടപ്പൻകോട് നന്ദിയോട്, ഇലഞ്ചിയം പെരിങ്ങമല എന്നീ കോളനികളിൽ പുതിയതായി സാമൂഹ്യപഠന മുറികൾ അനുവദിച്ചിട്ടുണ്ടെങ്കിലും, പ്രവർത്തനം ആരംഭിച്ചിട്ടില്ല, ഭൗതിക സാഹചര്യം ഒരുക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) ഓരോ പഠനമുറിയിലും എത്ര കുട്ടികൾ വീതം പങ്കെടുക്കുന്നുവെന്ന് വിശദമാക്കാമോ?

താന്നിമൂട് 22 വിദ്യാർത്ഥികളും ആല്യംമൂട് 73 വിദ്യാർത്ഥികളും പഠനം നടത്തുന്നുണ്ട്.

**പട്ടികജാതി വിഭാഗക്കാർക്കായുള്ള കോച്ചിംഗ് സെന്ററുകൾ**

72 (817) ശ്രീ. എൻ. കെ. അക്ബർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരെ പി.എസ്.സി./ യു.പി.എസ്.സി./ ബാങ്കിംഗ് മത്സര പരീക്ഷകൾക്ക് പ്രാപ്തരാക്കുന്നതിന് ജില്ലാതലത്തിൽ കോച്ചിംഗ് സെന്ററുകൾ ഏർപ്പെടുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിനുള്ള നടപടികൾ സ്വീകരിക്കുമോ;

(ബി) സംസ്ഥാന തലത്തിൽ പട്ടികജാതിക്കാർക്കായി പി.എസ്.സി./ യു.പി.എസ്.സി./ബാങ്കിംഗ് കോച്ചിംഗ് സെന്ററുകൾ നിലവിലുണ്ടോ എന്ന് അറിയിക്കുമോ?

(എ&ബി) ഏർപ്പെടുത്തിയിട്ടുണ്ട്. പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരെ പി.എസ്.സി./യു.പി.എസ്.സി./ബാങ്കിംഗ്, റെയിൽവേ, എഞ്ചിനീയറിംഗ്/ മെഡിക്കൽ എൻട്രൻസ് എന്നീ മത്സര പരീക്ഷകൾക്ക് പ്രാപ്തരാക്കുന്നതിന് ചുവടെ ചേർക്കുന്ന നാല് ജില്ലകളിലായി കോച്ചിംഗ് നടത്തിവരുന്നു.

| ജില്ല | PETC-യുടെ പേര് |
|---|---|
| തിരുവനന്തപുരം | മണ്ണന്തല PETC |
| എറണാകുളം | ആലുവ PETC |
| പാലക്കാട് | കുഴൽമന്ദം PETC |
| കോഴിക്കോട് | കോഴിക്കോട് PETC |

**വർക്കല മണ്ഡലത്തിൽ നടപ്പിലാക്കിയ സാമൂഹ്യക്ഷേമ പദ്ധതികൾ**

73(818) ശ്രീ. വി. ജോയി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 ജൂൺ 30 മുതൽ 2021 ജൂൺ 30 വരെയുള്ള കാലയളവിൽ വർക്കല മണ്ഡലത്തിൽ പട്ടികജാതി ക്ഷേമ വകുപ്പ് നടപ്പിലാക്കിയ വിവിധ സാമൂഹിക ക്ഷേമ പദ്ധതികളുടെ അടങ്കൽ തുകയും ചെലവാക്കിയ തുകയും സംബന്ധിച്ച വിശദവിവരം പദ്ധതി തിരിച്ച് പട്ടികയായി ലഭ്യമാക്കാമോ;

(ബി) പ്രസ്തുത കാലയളവിൽ മണ്ഡലത്തിലെ പട്ടികജാതി വിദ്യാർത്ഥികൾക്കായി അനുവദിച്ച ആനുകൂല്യങ്ങൾ ഏതെല്ലാമെന്നും അതിനായി എത്ര തുക വിനിയോഗിച്ചെന്നും വ്യക്തമാക്കാമോ?

(എ & ബി) വിവരം അനുബന്ധമായി ചേർക്കുന്നു.*

**പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഓൺലൈൻ പഠന സൗകര്യം**

74(819) ശ്രീ എ. സി. മൊയ്തീൻ: താഴെക്കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഓൺലൈൻ പഠനസൗകര്യം മെച്ചപ്പെടുത്തുന്നതിന് ഇന്റർനെറ്റ് കണക്ഷൻ ലഭ്യമല്ലാത്ത മേഖലകളിൽ കണക്ടിവിറ്റി എത്തിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ ഓൺലൈൻ പഠന സൗകര്യം മെച്ചപ്പെടുത്തുന്നതിന് നിരവധി പ്രവർത്തനങ്ങൾ സർക്കാർ തലത്തിൽ സ്വീകരിച്ചിട്ടുണ്ട്. ടെലികോം, ഇന്റർനെറ്റ് ദാതാക്കളുടെ യോഗം സർക്കാർ വിളിച്ചുചേർത്ത് കണക്ടിവിറ്റി ഇല്ലാത്ത പ്രദേശങ്ങളിൽ അനുയോജ്യമായ സാങ്കേതികവിദ്യകളുപയോഗിച്ച് കണക്ടിവിറ്റി ലഭ്യമാക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇന്റർനെറ്റ് കണക്ടിവിറ്റി ലഭ്യമാക്കുന്നതിന് തദ്ദേശസ്വയംഭരണം, ഐ.ടി. എന്നീ വകുപ്പുകളുടെ പ്രവർത്തനങ്ങൾ ജില്ലാതലത്തിൽ ഏകോപിപ്പിക്കുന്നതിന് ജില്ലാ കളക്ടർമാർക്ക് ചുമതല നൽകിയിട്ടുണ്ട്. കൂടാതെ, കണക്ടിവിറ്റി ലഭ്യമാക്കുന്നത് സംബന്ധിച്ച പുരോഗതി ഐ.ടി. മിഷൻ ജില്ലാ പ്രോഗ്രാം മാനേജർമാരും വകുപ്പിലെ ഉദ്യോഗസ്ഥരും സംയുക്തമായി വിലയിരുത്തുന്നുണ്ട്.

**പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസത്തിലുണ്ടായ പ്രതിസന്ധി**

75(820) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): താഴെക്കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വിദ്യാഭ്യാസം ഓൺലൈൻ സമ്പ്രദായത്തിലേക്ക് മാറിയ കോവിഡ് സാഹചര്യത്തിൽ പഠനസൗകര്യങ്ങളും ഇന്റർനെറ്റ് കണക്ടിവിറ്റിയും നൽകാൻ കഴിയാതെ വന്നതിനാൽ പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസത്തിലുണ്ടായ പ്രതിസന്ധി പരിഹരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

പട്ടികവർഗ്ഗ വികസന വകുപ്പിന്റെ നിയന്ത്രണത്തിലുള്ള സാമൂഹ്യപഠന മുറികൾ കൂടാതെ ഊരുവിദ്യാകേന്ദ്രങ്ങൾ, ക്ലബ്ബുകൾ, വായനശാലകൾ, അങ്കണവാടികൾ, മൾട്ടി ഗ്രേഡ് ലേണിംഗ് സെന്ററുകൾ മുതലായ പൊതു ഇടങ്ങളിൽ താത്കാലികമായി ഓൺലൈൻ/ഡിജിറ്റൽ പഠന സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്. വൈദ്യുതി സൗകര്യം ഇല്ലാത്ത പ്രദേശങ്ങളിൽ സോളാർ പാനൽ സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ട്. സാമൂഹ്യപഠനമുറി ഫെസിലിറ്റേറ്റർമാർ, ഗോത്രബന്ധു പദ്ധതിയിലെ മെന്റർ ടീച്ചർമാർ, ഊരിലെ അഭ്യസ്തവിദ്യരായ യുവതീയുവാക്കൾ എന്നിവരുടെ സേവനം പഠനത്തിനായി ലഭ്യമാക്കിയിട്ടുണ്ട്. ഇന്റർനെറ്റ്/ഡി.റ്റി.എച്ച്. സംവിധാനങ്ങൾ ലഭ്യമല്ലാത്ത കോളനികളിൽ അദ്ധ്യാപകർ വിക്ടേഴ്സ് ചാനലിലെ ക്ലാസുകൾ റെക്കോർഡ് ചെയ്തശേഷം ആയത്

ഊരിൽ ഒരു പൊതുസ്ഥലത്തെത്തി വിശദീകരിച്ച് പഠനത്തെ സഹായിക്കുന്നുണ്ട്. അർഹരായ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക്, പഠനത്തിനായി വിദ്യാഭ്യാസ വകുപ്പ് KITE മുഖേന ലാപ്ടോപ്പുകൾ വിതരണം ചെയ്തുവരുന്നു.

## ലക്ഷ്യ സ്കോളർഷിപ്പ്

76(821) ശ്രീ. ടി. ജെ. വിനോദ്: താഴെക്കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സിവിൽ സർവീസ് പരീക്ഷാ പരിശീലനത്തിനായുള്ള ലക്ഷ്യ സ്കോളർഷിപ്പ് മുഖേന കഴിഞ്ഞ വർഷം എത്ര ഉദ്യോഗാർത്ഥികൾക്ക് സഹായം ലഭിച്ചു; എത്ര പേരുടെ അപേക്ഷകൾ നിരസിച്ചു; വിശദാംശങ്ങൾ നൽകുമോ?

ലക്ഷ്യ സ്കോളർഷിപ്പ് പദ്ധതിയിൽ ഒരു വർഷം 30 കുട്ടികൾക്കാണ് പ്രവേശനം നൽകുന്നത്. 2020-21 വർഷം ലക്ഷ്യ സ്കോളർഷിപ്പ് പദ്ധതിയിലേയ്ക്ക് 843 പേർ അപേക്ഷ സമർപ്പിച്ചിരുന്നു. ഇതിൽ യോഗ്യതാ പരീക്ഷയിൽ ഉയർന്ന മാർക്ക് നേടിയ 100 കുട്ടികളെ കൂടിക്കാഴ്ചയ്ക്ക് ക്ഷണിച്ചു. കൂടിക്കാഴ്ചയിൽ 87 കുട്ടികളാണ് പങ്കെടുത്തത്. ഇന്റർവ്യൂ ബോർഡ് തയ്യാറാക്കിയ ചുരുക്ക പട്ടിക പ്രകാരം 30 കുട്ടികളെ തെരഞ്ഞെടുക്കുകയും ടി വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസാനുകൂല്യങ്ങൾ അനുവദിച്ചു നൽകുകയും ചെയ്തിട്ടുണ്ട്. 57 അപേക്ഷകൾ നിരസിച്ചിട്ടുണ്ട്.

## വടക്കാഞ്ചേരി കമ്മ്യൂണിറ്റി കോളേജ് കെട്ടിട നിർമ്മാണം

77(822) ശ്രീ. പി. പി. സുമോദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി, പട്ടികവർഗ്ഗ ക്ഷേമ വകുപ്പിനു കീഴിലുള്ള പാലക്കാട്, വടക്കാഞ്ചേരി കമ്മ്യൂണിറ്റി കോളേജിന്റെ കെട്ടിട നിർമ്മാണം ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ?

പട്ടികജാതി, പട്ടികവർഗ്ഗക്ഷേമ വകുപ്പിനുകീഴിലുള്ള പാലക്കാട്, വടക്കാഞ്ചേരി കമ്മ്യൂണിറ്റി കോളേജ് കെട്ടിടത്തിന്റെ മുഴുവൻ സ്ട്രക്ചറൽ പ്രവൃത്തികളും ഒന്നാം നിലയിലെ Masonary Work-ഉം പ്ലാസ്റ്ററിംഗും രണ്ടാം നിലയിലെ മൂന്നിലൊരു ഭാഗം Masonary Work-ഉം പൂർത്തിയായിട്ടുണ്ട്. ഹോസ്റ്റൽ കെട്ടിടത്തിന്റെ ഗ്രൗണ്ട്

ഫ്ലോറിന്റെ ബീം ലെവൽ വരെ ഭിത്തിയുടെ പണി പൂർത്തിയായിട്ടുണ്ട്. ഷട്ടറിംഗ് വർക്കും പൂർത്തിയായിട്ടുണ്ട്. ഇതുവരെ ഏകദേശം 35% പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ട്.

(ബി) പ്രസ്തുത കെട്ടിട നിർമ്മാണം അതിവേഗം പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

കെട്ടിട നിർമ്മാണം ത്വരിതപ്പെടുത്താൻ കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷന് നിർദ്ദേശം നൽകിയിട്ടുണ്ട്. പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

**പട്ടികജാതി ഐ.ടി.ഐ.-ക്ക് പുതിയ കെട്ടിടം**

78(823) ശ്രീ. വി. ജോയി: താഴെക്കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വർക്കല ശ്രീനിവാസപുരം പട്ടികജാതി ഐ.ടി.ഐ.-ക്ക് പുതിയ കെട്ടിടം നിർമ്മിക്കാൻ ഉദ്ദേശിച്ചിട്ടുള്ള സ്ഥലത്തുകൂടി കടന്നുപോകുന്ന കുടിവെള്ള പൈപ്പ് ലൈൻ മാറ്റി സ്ഥാപിക്കാൻ വാട്ടർ അതോറിറ്റി നൽകിയ എസ്റ്റിമേറ്റിന്മേൽ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

പട്ടികജാതി വികസന വകുപ്പ് ഡയറക്ടർ 27-8-2021-ലെ റ്റി1-25673/ 2017-ാം നമ്പർ കത്ത് പ്രകാരം സർക്കാരിൽ സമർപ്പിച്ച കേരള വാട്ടർ അതോറിറ്റി എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ, 38,59,657/-രൂപയുടെ എസ്റ്റിമേറ്റ് സർക്കാർ പരിശോധിച്ചുവരുന്നു.

**പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്കുള്ള സ്പെഷ്യൽ റിക്രൂട്ട്മെന്റ്**

79(824) ശ്രീ. ടി. സിദ്ദിഖ്: താഴെക്കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട അഭ്യസ്തവിദ്യർക്കുവേണ്ടി ഏതൊക്കെ വകുപ്പുകളിലാണ് സ്പെഷ്യൽ റിക്രൂട്ട്മെന്റ് നടക്കുന്നത്; വിശദാംശങ്ങൾ വ്യക്തമാക്കുമോ?

സംസ്ഥാനത്ത് പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട അഭ്യസ്തവിദ്യർക്കുവേണ്ടി സ്പെഷ്യൽ റിക്രൂട്ട്മെന്റ് നടത്തിവരുന്നു. സംസ്ഥാനത്തെ 89 വകുപ്പുകളിലെയും ഗസറ്റഡ്, നോൺ ഗസറ്റഡ്, ലാസ്റ്റ് ഗ്രേഡ് കാറ്റഗറികളിലെ ഇവരുടെ പ്രാതിനിധ്യം

കണ്ടെത്താനായി-എസ്.സി./എസ്.ടി. വിഭാഗത്തിൽ 8 ശതമാനവും എസ്.ടി. വിഭാഗത്തിൽ 2 ശതമാനവും ഉൾപ്പെടെ ആകെ 10% പ്രാതിനിധ്യം ഉറപ്പുവരുത്തുന്നതിനായി - 89 വകുപ്പുകളിലും വാർഷിക അവലോകനം നടത്തിവരുന്നുണ്ട്. ഗസറ്റഡ്/ നോൺ ഗസറ്റഡ്/ലാസ്റ്റ് ഗ്രേഡ് കാറ്റഗറികളിൽ പ്രാതിനിധ്യക്കുറവ് കണ്ടെത്തുന്ന പക്ഷം എസ്.സി./എസ്.ടി. വിഭാഗത്തിലും എസ്.ടി. വിഭാഗത്തിലുമായി കുറവ് പരിഹരിക്കുന്നതിനുള്ള തസ്തികകൾ കണ്ടെത്തി സംവരണം ചെയ്ത് നൽകുകയും അതിനനുസരിച്ച് നിയമന നടപടികൾ സ്വീകരിച്ച് പട്ടികവർഗ്ഗ വിഭാഗത്തിന്റെ പ്രാതിനിധ്യം ഉറപ്പുവരുത്തുകയും ചെയ്യുന്നു.

## വാമനപുരം നിയോജകമണ്ഡലത്തിൽ പട്ടികജാതി വകുപ്പുമന്ത്രിയുടെ ദുരിതാശ്വാസനിധി

80(825) ശ്രീ. ഡി. കെ. മുരളി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം നിയോജകമണ്ഡലത്തിൽ മന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും 2016-17 മുതൽ 2020-21 വരെ എത്ര പേർക്ക് എത്ര തുക വീതം അനുവദിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

വാമനപുരം നിയോജകമണ്ഡലത്തിൽ ബഹു. പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പുമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നും 2016-17 മുതൽ 2020-21 വരെ 509 പേർക്ക് 66,69,263/- രൂപ (അറുപത്തി ആറു ലക്ഷത്തി അറുപത്തി ഒൻപതിനായിരത്തി ഇരുന്നൂറ്റി അറുപത്തി മൂന്ന് രൂപ മാത്രം) വിതരണം ചെയ്തിട്ടുണ്ട്.

(ബി) പ്രസ്തുത തുക അനുവദിച്ചതിന്റെ പഞ്ചായത്തടിസ്ഥാനത്തിലുള്ള വിശദാംശം നൽകാമോ?

പഞ്ചായത്തടിസ്ഥാനത്തിലുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പഞ്ചായത്ത് | ഗുണഭോക്താക്കളുടെ എണ്ണം | അനുവദിച്ച തുക |
|---|---|---|
| (1) | (2) | (3) |
| പുല്ലമ്പാറ | 168 | 1633500 |
| വാമനപുരം | 52 | 802500 |

| (1) | (2) | (3) |
|---|---|---|
| പെരിങ്ങമല | 46 | 836763 |
| നന്ദിയോട് | 25 | 434500 |
| നെല്ലനാട് | 94 | 1251500 |
| കല്ലറ | 55 | 722000 |
| പാങ്ങോട് | 69 | 988500 |
| ആകെ | 509 | 66,69,263 (അറുപത്തി ആറ് ലക്ഷത്തി അറുപത്തി ഒൻപതിനായിരത്തി ഇരുന്നൂറ്റി അറുപത്തി മൂന്ന് രൂപ മാത്രം) |

**കോഴിക്കോട് ജില്ലയിൽ അനുവദിച്ച കോർപ്പസ് ഫണ്ട്**

81(826) ശ്രീ. ലിന്റോ ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021-22 സാമ്പത്തിക വർഷം കോഴിക്കോട് ജില്ലയിൽ പട്ടികജാതി വകുപ്പിനുകീഴിൽ കോർപ്പസ് ഫണ്ടുപയോഗിച്ച് നടത്തുന്ന പ്രവൃത്തികൾ ഏതൊക്കെ യാണെന്നും എത്ര തുക വീതം അനുവദിച്ചുവെന്നും വിശദമാക്കുമോ?

വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | കോളനിയുടെ പേര് | പഞ്ചായത്ത് /മുനിസിപ്പാലിറ്റി | അംഗീകരിച്ച തുക |
|---|---|---|---|
| (1) | (2) | (3) | (4) |
| 1 | ചിറക്കര എസ്.സി കോളനി കുടിവെള്ള പദ്ധതി | പയ്യോളി | 2420000 |
| 2 | എട്ടേക്ര കായകുണ്ട് എസ്.സി കോളനി കുടിവെള്ള പദ്ധതി | കട്ടിപ്പാറ | 2275000 |

| (1) | (2) | (3) | (4) |
|---|---|---|---|
| 3 | കരുപാറമ്മൽ എസ്.സി കോളനി റോഡ് | താമരശ്ശേരി | 2400000 |
| 4 | കോട്ടക്കുന്ന് എസ്.സി. കോളനി റോഡ് | തലക്കുളത്തൂർ | 2500000 |
| 5 | കാളങ്ങാലി 4 സെന്റ് എസ്.സി കോളനി കുടിവെള്ള പദ്ധതി | കൂരാച്ചുണ്ട് | 1000000 |
| 6 | കല്ലത്തറ എസ്.സി കോളനി റോഡ്, കൾവർട്ട് നിർമ്മാണം | അരിക്കുളം | 1200000 |

(ബി) പദ്ധതികളുടെ നിലവിലെ അവസ്ഥ വ്യക്തമാക്കുമോ?

പദ്ധതികളുടെ ടെണ്ടർ നടപടി പുരോഗമിക്കുന്നു.

**പട്ടികജാതി -പട്ടികവർഗ്ഗ മേഖലയിലെ ഫണ്ട് വിനിയോഗം**

82(827) ശ്രീ. എ. പി. അനിൽ കുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായുള്ള വിവിധ ക്ഷേമ പദ്ധതികളുടെ ഫണ്ട് ശരിയായ രീതിയിൽ വിനിയോഗിക്കപ്പെടാതെ ക്രമക്കേടുകൾ നടക്കുന്നത് ആവർത്തിക്കാതിരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) പട്ടികജാതി/പട്ടികവർഗ്ഗ മേഖലയിലെ ഫണ്ട് വിനിയോഗം പരിശോധിക്കാൻ പ്രത്യേക സംവിധാനം ഏർപ്പെടുത്തുമോ; വ്യക്തമാക്കുമോ?

(എ&ബി) പട്ടികജാതി വികസന വകുപ്പ് നടപ്പിലാക്കുന്ന ക്ഷേമ പദ്ധതികളെല്ലാം രജിസ്റ്ററിൽ കൃത്യമായി പരിപാലിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ വകുപ്പുതല ഓഡിറ്റ് സംവിധാനം ശക്തമാക്കുന്നതിനുള്ള നടപടികളും ആയതിനോടൊപ്പം സാമ്പത്തിക തട്ടിപ്പുകൾ ഒഴിവാക്കുന്നതിനായി വകുപ്പിന്റെ ക്ഷേമ പദ്ധതികളെല്ലാം ഓൺലൈനായി നടപ്പാക്കുന്നതിനുള്ള അടിയന്തര നടപടികളും സ്വീകരിച്ചുവരുന്നു. പട്ടികവർഗ്ഗക്കാർക്കായി പട്ടികവർഗ്ഗ ഉപപദ്ധതി പ്രകാരം വിവിധ ക്ഷേമപദ്ധതികളിൽ ലഭ്യമാകുന്ന തുക അതത് വർഷം ശരിയായ രീതിയിൽ

വിനിയോഗിക്കുന്നതിനും ക്രമക്കേടുകൾ ഉണ്ടാകാതിരിക്കുന്നതിനും പട്ടികവർഗ്ഗ വികസന വകുപ്പ് ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ക്ഷേമ പദ്ധതികളുടെ ഫണ്ട് ശരിയായ രീതിയിൽ നടപ്പിലാക്കുന്നതിന് സ്വീകരിച്ച നടപടികൾ അനുബന്ധമായി ചേർക്കുന്നു.*

**വാമനപുരം നിയോജകമണ്ഡലത്തിൽ അനുവദിച്ച എസ്.സി./എസ്.റ്റി. കോർപ്പസ് ഫണ്ടുകൾ**

83(828) ശ്രീ. ഡി. കെ. മുരളി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 മുതൽ 2020-21 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ വാമനപുരം നിയോജകമണ്ഡലത്തിൽ അനുവദിച്ച എസ്.സി./എസ്.റ്റി. കോർപ്പസ് ഫണ്ടുകളുടെ വിവരങ്ങൾ പഞ്ചായത്തടിസ്ഥാനത്തിൽ വ്യക്തമാക്കാമോ;

(ബി) ഓരോ പ്രവൃത്തിയുടെയും പേരും അനുവദിച്ച തുകയും നിലവിലെ സ്ഥിതിയും വിശദമാക്കാമോ?

(എ & ബി) 2016-17 മുതൽ 2020-21 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ പട്ടികജാതി വികസന വകുപ്പിന് കീഴിൽ വാമനപുരം നിയോജകമണ്ഡലത്തിൽ അനുവദിച്ച കോർപ്പസ് ഫണ്ടുകളുടെ വിവരങ്ങളും പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിൽ അനുവദിച്ച കോർപ്പസ് ഫണ്ട് വിവരങ്ങളും അനുബന്ധമായി ചേർക്കുന്നു.*

**കോർപ്പസ് ഫണ്ട് ഉപയോഗിച്ചുള്ള പദ്ധതികൾ**

84(829) ശ്രീ ഒ. ആർ. കേളു: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാനന്തവാടി നിയോജകമണ്ഡലത്തിൽ നിലവിൽ വർക്കിംഗ് ഗ്രൂപ്പുകൾ അംഗീകാരം നൽകിയതും പ്രവൃത്തികൾ പൂർത്തീകരിക്കാത്തതുമായ പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കോർപ്പസ് ഫണ്ട് ഉപയോഗിച്ചുള്ള പദ്ധതികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) ഓരോ പദ്ധതിയുടെയും നിലവിലെ സ്ഥിതി അറിയിക്കാമോ?

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ & ബി) മാനന്തവാടി നിയോജകമണ്ഡലത്തിൽ നിലവിൽ വർക്കിംഗ് ഗ്രൂപ്പുകൾ അംഗീകാരം നൽകിയതും പ്രവൃത്തികൾ പൂർത്തീകരിക്കാത്തതുമായ പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കോർപ്പസ് ഫണ്ടുപയോഗിച്ചുള്ള പദ്ധതികളും നിലവിലെ സ്ഥിതിയും അനുബന്ധമായി ചേർക്കുന്നു*

**അംബേദ്കർ ഗ്രാമ പദ്ധതി**

85(830) ശ്രീമതി ദെലീമ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 'അംബേദ്കർ ഗ്രാമ' പദ്ധതി പ്രകാരം 2016 മുതൽ അരൂർ മണ്ഡലത്തിലെ വിവിധ പ്രദേശങ്ങളിൽ നടപ്പിലാക്കിയ പദ്ധതികൾ വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളിൽ ഇപ്പോഴും നടപ്പിലാകാത്ത പ്രവൃത്തികൾ ഉണ്ടോ; ഉണ്ടെങ്കിൽ ഏതാണെന്നും നടപ്പിലാക്കാത്തതിന്റെ കാരണവും വിശദമാക്കാമോ?

(എ&ബി) 2016-17 സാമ്പത്തിക വർഷത്തിൽ അരൂർ മണ്ഡലത്തിൽനിന്നും പൊറ്റേത്തറ കോളനിയെയും കുമ്പഞ്ഞി കോളനിയെയും പ്രസ്തുത പദ്ധതി പ്രകാരം തെരഞ്ഞെടുത്തിട്ടുണ്ട്. പൊറ്റേത്തറ കോളനിയിൽ റോഡ് നിർമ്മാണമാണ് ഉൾപ്പെടുത്തിയിരുന്നത്. 225 മീറ്റർ റോഡ് നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. റോഡ് നിർമ്മാണത്തിൽ ഇനി പൂർത്തീകരിക്കാനുള്ള പ്രവൃത്തികളുടെ പുതുക്കിയ എസ്റ്റിമേറ്റിന് ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കുമ്പഞ്ഞി കോളനി വെള്ളക്കെട്ട് പ്രദേശമായതിനാൽ പദ്ധതി നടപ്പിലാക്കാൻ സാധിച്ചിട്ടില്ല.

**ഒറ്റപ്പാലം നിയോജകമണ്ഡലത്തിൽ പട്ടികവർഗ്ഗ മേഖലയിലെ പദ്ധതികൾ**

86(831) ശ്രീ. കെ. പ്രേംകുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഒറ്റപ്പാലം നിയോജകമണ്ഡലത്തിൽ പട്ടികവർഗ്ഗ മേഖലയിൽ അനുവദിച്ചിട്ടുള്ള പദ്ധതികളുടെ പുരോഗതി ഉൾപ്പെടെയുള്ള വിശദ വിവരങ്ങൾ നൽകുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഒറ്റപ്പാലം നിയോജകമണ്ഡലത്തിൽ പട്ടികവർഗ്ഗ മേഖലയിൽ പദ്ധതികളൊന്നും ആരംഭിച്ചിട്ടില്ല.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) ഇത്തരത്തിലുള്ള പുതിയ പദ്ധതികൾ ആരംഭിക്കുന്നതിന് നടപടി ആയിട്ടുണ്ടോ?

പുതിയ പദ്ധതികൾ ആരംഭിക്കുന്നത് സംബന്ധിച്ച് പരിശോധിക്കുന്നതാണ്.

## പട്ടികജാതി പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾ

87(833) ശ്രീ. പി. വി. ശ്രീനിജിൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന പട്ടികജാതി/പട്ടികവർഗ്ഗ വികസന സഹകരണ ഫെഡറേഷനിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള പട്ടികജാതി/ പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾ എത്രയെന്നും ഇതിൽ എത്ര സംഘങ്ങൾ ലാഭകരമായി പ്രവർത്തിക്കുന്നുണ്ടെന്നും അറിയിക്കാമോ?

കേരള സംസ്ഥാന പട്ടികജാതി/ പട്ടികവർഗ്ഗ വികസന സഹകരണ ഫെഡറേഷനിൽ ആകെ 683 പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾ അഫിലിയേറ്റ് ചെയ്തിട്ടുണ്ട്. ഇതിൽ 582 പട്ടികജാതി സർവ്വീസ് സഹകരണ സംഘങ്ങളും 101 പട്ടികവർഗ്ഗ സർവ്വീസ് സഹകരണ സംഘങ്ങളുമാണുള്ളത്. ഇവയിൽ ലാഭകരമായി പ്രവർത്തിക്കുന്ന സംഘങ്ങൾ സംബന്ധിച്ച കണക്കുകൾ ഇപ്പോൾ ലഭ്യമല്ല.

(ബി) നഷ്ടത്തിൽ പ്രവർത്തിക്കുന്ന പട്ടികജാതി/പട്ടികവർഗ്ഗ സംഘങ്ങളെ പുനരുജ്ജീവിപ്പിക്കാനും പുന:സംഘടിപ്പിക്കാനും ആവശ്യമായ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

നഷ്ടത്തിൽ പ്രവർത്തിക്കുന്ന പട്ടികജാതി/പട്ടികവർഗ്ഗ സംഘങ്ങളുടെ പുനരുജ്ജീവനവും പുന:സംഘടനയും ലക്ഷ്യമാക്കി സമഗ്ര വികസന പരിശീലന പദ്ധതി നടപ്പാക്കുന്നത് സംബന്ധിച്ച വിഷയം സഹകരണ വകുപ്പിന്റെ പരിഗണ നയിലാണ്. ഈ പദ്ധതിയുടെ കീഴിൽ സംഘങ്ങളുടെ പ്രവർത്തന അടിസ്ഥാ നത്തിൽ തരംതിരിച്ച് നിഷ്ക്രിയ സംഘങ്ങളുടെ പുനരുജ്ജീവനത്തിന് പ്രാധാന്യം നൽകുകയും, ഇതര വകുപ്പുകളുടെ കീഴിലുള്ള പട്ടികജാതി/പട്ടികവർഗ്ഗ സംഘങ്ങളെയും, ഈ പദ്ധതിയുടെ കീഴിൽ ഉൾപ്പെടുത്തുന്നതുമാണ്.

(സി) പട്ടികജാതി പട്ടികവർഗ്ഗ സംഘങ്ങൾക്ക് ജില്ലാ സഹകരണ ബാങ്കുകളിലും മറ്റുമുള്ള കുടിശ്ശിക ഒറ്റത്തവണ തീർപ്പാക്കുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

പട്ടികജാതി/പട്ടികവർഗ്ഗ സംഘങ്ങൾക്ക് ജില്ലാ സഹകരണ ബാങ്കിലും മറ്റുമുള്ള കുടിശ്ശിക ഒറ്റത്തവണ തീർപ്പാക്കുന്നതിന് പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പുകൾ പദ്ധതി ആവിഷ്കരിച്ചിട്ടില്ല. എന്നാൽ പട്ടികജാതി പട്ടികവർഗ്ഗ ഫെഡറേഷൻ അതിന്റെ അംഗസംഘങ്ങൾക്ക് 1999-2000 സാമ്പത്തിക വർഷം വരെ പദ്ധതി ഇനത്തിൽ നൽകിയിട്ടുള്ള വായ്പ ഇനത്തിലെ കുടിശ്ശിക തുക ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരമുള്ള കുടിശ്ശിക നിവാരണത്തിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

## പട്ടികജാതി പട്ടികവർഗ്ഗ ഫണ്ടുകളിലെ ക്രമക്കേട്

88(834) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് അനുവദിക്കുന്ന ഫണ്ടുകളിൽ വ്യാപകമായ ക്രമക്കേട് നടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

പട്ടികജാതി വിഭാഗക്കാർക്ക് അനുവദിക്കുന്ന ഫണ്ടുകളിൽ ക്രമക്കേട് നടന്നിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പ് പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് അനുവദിക്കുന്ന ഫണ്ടുകളിൽ ക്രമക്കേട് നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) എങ്കിൽ ഇത്തരം ക്രമക്കേടുകൾ പ്രസ്തുത വിഭാഗങ്ങൾക്ക് എതിരെയുള്ള അതിക്രമം തടയൽ നിയമത്തിന്റെ പരിധിയിൽ കൊണ്ടുവന്ന് ശിക്ഷ നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് അനുവദിക്കുന്ന ഫണ്ടുകളിൽ ക്രമക്കേട് നടത്തിയതായി ശ്രദ്ധയിൽപ്പെട്ടാൽ കർശന നടപടികൾ സ്വീകരിക്കുന്നതാണ്. പട്ടികജാതി/പട്ടികവർഗ്ഗ അതിക്രമം തടയൽ നിയമപ്രകാരം ശിക്ഷാനടപടികൾ സ്വീകരിക്കേണ്ടത് പോലീസ് വകുപ്പ് മുഖേനയാണ്.

## കോവിഡ്മൂലം മരണപ്പെട്ടവർക്ക് പ്രത്യേക വായ്പാ പദ്ധതി

89(835) ഡോ. മാത്യു കുഴൽനാടൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ്മൂലം മരണപ്പെട്ട പട്ടികജാതിയിൽപ്പെട്ടവരുടെ ആശ്രിതർക്ക് എന്തെങ്കിലും പ്രത്യേക വായ്പാ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇപ്രകാരം വായ്പ ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

(എ&ബി) കോവിഡ് കാരണം മരണപ്പെട്ട 60 വയസ്സിൽ താഴെ പ്രായമുള്ള ഏക വരുമാനദായകന്റെ കുടുംബത്തിലെ ആശ്രിതർക്ക് പരമാവധി 5 ലക്ഷം രൂപ വരെ സ്വയംതൊഴിൽ സംരംഭങ്ങൾക്കായി വായ്പ നൽകുന്ന പദ്ധതി NSFDC (National Scheduled Castes Finance & Development Corporation)-നുമായി ചേർന്ന് നടപ്പാക്കുന്നു. ഇതിന്റെ വരുമാന പരിധി 3 ലക്ഷം രൂപയാണ്. പരമാവധി ഒരുലക്ഷം രൂപ സബ്സിഡിയും ലഭിക്കുന്നതാണ്. NSFDC-യുടെ അനുമതി ലഭ്യമാകുന്ന മുറയ്ക്ക് പദ്ധതിയിൽ അപേക്ഷിച്ചിട്ടുള്ളവർക്ക് ധനസഹായം നൽകുന്നതാണ്.

## പട്ടികവർഗ്ഗ വകുപ്പിൽ നടപ്പിലാക്കുന്ന പദ്ധതികൾ

90(836) ശ്രീ. പി. മമ്മിക്കുട്ടി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാരിന്റെ നൂറ് ദിന കർമ്മപരിപാടിയുടെ ഭാഗമായി പട്ടികവർഗ്ഗ വകുപ്പ് എന്തെല്ലാം പദ്ധതികൾ നിർവ്വഹിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

സർക്കാരിന്റെ നൂറ് ദിന കർമ്മ പരിപാടിയുടെ ഭാഗമായി പട്ടികവർഗ്ഗ വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.

1. ഹരിതരശ്മി പദ്ധതിയുടെ ഭാഗമായ "നിറവല്ലം" (കൃഷി) - വയനാട്, ഇടുക്കി എന്നീ ജില്ലകളിലെ പട്ടികവർഗ്ഗ കർഷകരെ സംഘടിപ്പിച്ച്, കൃഷി അവർക്ക് സുസ്ഥിരമായ ജീവനോപാധിയാക്കി മാറ്റുന്നതിനുള്ള വിശാലമായ പദ്ധതിയാണ്. 'ഹരിതരശ്മി" -ഈ പദ്ധതിയുടെ ഭാഗമായി വിത്തുകളും തൈകളും കർഷകർക്ക് നൽകി വിളവെടുക്കുന്ന പരിപാടിയാണ് 'നിറവല്ലം' . വയനാട് ജില്ലയിലെ 1500 പേർക്കും ഇടുക്കി ജില്ലയിൽ 1000 പേർക്കും ഇതിന്റെ പ്രയോജനം ലഭിക്കുന്നു.

2. ആറളം ഫാം നവീകരണം കണ്ണൂർ ജില്ലയിൽ ഇരിട്ടി താലൂക്കിൽ പട്ടികവർഗ്ഗ വികസന വകുപ്പിന്റെ സഹായത്തോടെ പ്രവർത്തിക്കുന്ന ആറളം ഫാമിംഗ് കോർപ്പറേഷന്റെ നിയന്ത്രണത്തിൽ ആറളത്തുള്ള ഫാമിൽ കേരള കാർഷിക സർവ്വകലാശാലയുടെ സാങ്കേതിക സഹകരണത്തോടെ നടപ്പാക്കുന്ന ഫാം പുനരുദ്ധാരണ പാക്കേജിന്റെ ഭാഗമായി ചുവടെ പരാമർശിക്കുന്ന കാർഷിക പ്രവർത്തനങ്ങൾ നടത്തിയിരുന്നു.

- നഴ്സറി വിപുലീകരണം.
- അലങ്കാര ചെടി തോട്ടം സ്ഥാപിക്കൽ
- യന്ത്രവത്ക്കരണം
- വിപണനസ്ഥലം ഒരുക്കൽ
- മഞ്ഞൾ കൃഷി നടപ്പിലാക്കൽ
- മത്സ്യകൃഷി.

3. പട്ടികവർഗ്ഗക്കാരുടെ സാമൂഹിക-സാമ്പത്തിക സർവ്വേ റിപ്പോർട്ട് പ്രസിദ്ധീകരണം, പട്ടികവർഗ്ഗ വിഭാഗക്കാരുടെ വ്യക്തിയധിഷ്ഠിത, കുടുംബാധിഷ്ഠിത, ഊരധിഷ്ഠിതമായ വ്യത്യസ്ത വിവരങ്ങൾ വകുപ്പിലെ പ്രൊമോട്ടർമാരെ ഉപയോഗിച്ച് ശേഖരിച്ച് മെർജിയോസ് ഐ.റ്റി. സൊല്യൂഷൻസ് എന്ന സ്റ്റാർട്ടപ്പിന്റെ സാങ്കേതിക സഹായത്തോടെ സർവ്വേ അനുബന്ധ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരികയാണ്.

(ബി) പട്ടികവർഗ്ഗ വിഭാഗത്തിന് പുതിയതായി എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിവരുന്നത്; വിശദമാക്കാമോ?

പുതിയ പദ്ധതികൾ ആവിഷ്കരിക്കുന്നത് സംബന്ധിച്ചുള്ള പ്രവർത്തനങ്ങൾ നടന്നുവരികയാണ്.

## നൂറ് ദിന കർമ്മപദ്ധതിയുടെ ഭാഗമായി എസ്.സി./എസ്.ടി. വകുപ്പിലെ പദ്ധതികൾ

91(837) ശ്രീമതി ശാന്തകുമാരി കെ.: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ നൂറ് ദിന കർമ്മപദ്ധതിയുടെ ഭാഗമായി എസ്.സി./ എസ്.ടി. വകുപ്പിൽ വിഭാവനം ചെയ്തിട്ടുള്ള പുതിയ പദ്ധതികൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) ഓരോ പദ്ധതിയും എത്രത്തോളം പൂർത്തീകരിക്കാൻ കഴിഞ്ഞുവെന്നതിന്റെ വിശദാംശങ്ങൾ പദ്ധതി അടിസ്ഥാനത്തിൽ ലഭ്യമാക്കാമോ?

(എ & ബി) ഈ സർക്കാരിന്റെ നൂറ് ദിന കർമ്മ പരിപാടിയുടെ ഭാഗമായി വിഭാവനം ചെയ്തിട്ടുള്ള പദ്ധതികളും നാളിതുവരെയുള്ള പുരോഗതിയും ചുവടെ ചേർക്കുന്നു :

പട്ടികജാതി വികസന വകുപ്പ്

1. പട്ടികജാതി വിഭാഗത്തിൽപ്പെട്ട കുട്ടികളുടെ പഠന സഹായത്തിനായി പഠനമുറി നിർമ്മാണം, വൈദ്യുതീകരണം, ആവശ്യമായ ഫർണിച്ചറുകൾ ഉൾപ്പെടെ 1000 പഠന മുറികളുടെ പൂർത്തീകരണം. ഇവയിൽ 1752 പഠനമുറികൾ പൂർത്തീകരിക്കുവാൻ സാധിച്ചു.
2. പൂർത്തീകരിക്കാതെ കിടക്കുന്ന 1000 വീടുകളുടെ പൂർത്തീകരണം. നിലവിലുള്ള പദ്ധതികളിൽ ടാർജറ്റ് നിശ്ചയിച്ച് പൂർത്തീകരിച്ചിട്ടുണ്ട്. ഇവയിൽ 1188 പൂർത്തീകരിക്കാത്ത ഭവനങ്ങൾ പൂർത്തീകരിക്കുവാൻ സാധിച്ചു.

പട്ടികവർഗ്ഗ വികസന വകുപ്പ്

1. ഹരിതരശ്മി "നിറവല്ലം" (കൃഷി) വയനാട്, ഇടുക്കി എന്നീ ജില്ലകളിലെ പട്ടികവർഗ്ഗ കർഷകരെ സംഘടിപ്പിച്ച്, കൃഷി അവർക്ക് സുസ്ഥിരമായ ജീവനോപാധിയാക്കി മാറ്റുന്നതിനുള്ള വിശാലമായ പദ്ധതിയാണ് 'ഹരിതരശ്മി' . ഈ പദ്ധതിയുടെ ഭാഗമായി വിത്തുകളും തൈകളും കർഷകർക്ക് നൽകി വിളവെടുക്കുന്ന പരിപാടിയാണ് 'നിറവല്ലം' . വയനാട് ജില്ലയിൽ 1500 പേർക്കും, ഇടുക്കി ജില്ലയിൽ 1000 പേർക്കും ഉൾപ്പെടെ 2500 കർഷകർക്ക് ഇതിന്റെ പ്രയോജനം ലഭിക്കുന്നു.

2. ആറളം ഫാം നവീകരണം കണ്ണൂർ ജില്ലയിൽ ഇരിട്ടി താലൂക്കിൽ പട്ടിക വർഗ്ഗ വികസന വകുപ്പിന്റെ സഹായത്തോടെ പ്രവർത്തിക്കുന്ന ആറളം ഫാമിംഗ് കോർപ്പറേഷന്റെ നിയന്ത്രണത്തിലുള്ള ഫാമിന്റെ പുനരുദ്ധാരണ പാക്കേജിന്റെ ഭാഗമായി പൂർത്തീകരിച്ച കാർഷിക പ്രവർത്തനങ്ങളുടെ ആദ്യഘട്ടം ചുവടെ പരാമർശിച്ച രീതിയിൽ പൂർത്തീകരിച്ചിട്ടുണ്ട്.

- നഴ്സറി വിപുലീകരണം.
- അലങ്കാര ചെടി തോട്ടം സ്ഥാപിക്കൽ
- യന്ത്രവത്ക്കരണം
- വിപണനസ്ഥലം ഒരുക്കൽ
- മഞ്ഞൾ കൃഷി നടപ്പിലാക്കൽ
- മത്സ്യകൃഷി.

3. പട്ടികവർഗ്ഗക്കാരുടെ സാമൂഹിക-സാമ്പത്തിക സർവ്വേ റിപ്പോർട്ട് പ്രസിദ്ധീകരണം, പട്ടികവർഗ്ഗ വിഭാഗക്കാരുടെ വ്യക്തിയധിഷ്ഠിത, കുടുംബാധിഷ്ഠിത, ഊരധിഷ്ഠിതമായ വ്യത്യസ്ത വിവരങ്ങൾ വകുപ്പിലെ പ്രൊമോട്ടർമാരെ ഉപയോഗിച്ച് ശേഖരിച്ച് മെർജിയോസ് ഐ.ടി. സൊല്യൂഷൻസ് എന്ന സ്റ്റാർട്ടപ്പിന്റെ സാങ്കേതിക സഹായത്തോടെ സർവ്വെ അനുബന്ധ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു.

(സി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നടപ്പിലാക്കിയ പദ്ധതികളിൽ ഏതെങ്കിലും നൂറ് ദിന കർമ്മ പദ്ധതിയുടെ ഭാഗമായി പൂർത്തീകരിക്കാൻ ലക്ഷ്യ മിട്ടിരുന്നോ; എങ്കിൽ പദ്ധതി തിരിച്ച വിശദാംശങ്ങൾ നൽകാമോ; ടി പദ്ധതികൾ എത്രത്തോളം ലക്ഷ്യം കണ്ടുവെന്നും വ്യക്തമാക്കാമോ?

കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നടപ്പിലാക്കിയ നൂറ് ദിന കർമ്മ പദ്ധതികളിൽ പട്ടികജാതി വികസന വകുപ്പിന് കീഴിൽ ഒന്നും പൂർത്തീകരിക്കാൻ അവശേഷിക്കുന്നില്ല. പട്ടികവർഗ്ഗ വികസന വകുപ്പിൽ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ആരംഭിച്ച പട്ടികവർഗ്ഗക്കാരുടെ സാമൂഹിക സാമ്പത്തിക സർവ്വേ എന്ന പദ്ധതി അടിസ്ഥാന വിവര ശേഖരണം പൂർത്തീകരണ ഘട്ടത്തിലായിരുന്നു. ടി പദ്ധതി ഈ സർക്കാരിന്റെ കാലത്ത് നൂറ് ദിന കർമ്മ പരിപാടിയുടെ ഭാഗമായി പൂർത്തീകരിക്കാൻ ലക്ഷ്യമിട്ടിരുന്നു. ആയതിന്റെ റിപ്പോർട്ട് തയ്യാറാക്കുന്നതിനായി കേരള സ്റ്റാറ്റിസ്റ്റിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിനെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്. അതിന്റെ അവസാനഘട്ട ജോലികൾ പുരോഗമിച്ചുവരുന്നു.

## പട്ടികജാതി വകുപ്പിൽ നടപ്പിലാക്കുന്ന പദ്ധതികൾ

92(838) ശ്രീ. പി. മമ്മിക്കുട്ടി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാരിന്റെ നൂറ് ദിന കർമ്മപരിപാടിയുടെ ഭാഗമായി പട്ടികജാതി വകുപ്പ് എന്തെല്ലാം പദ്ധതികളാണ് നിർവ്വഹിച്ചത്; വിശദമാക്കുമോ?

സർക്കാരിന്റെ നൂറ് ദിന കർമ്മപരിപാടിയുടെ ഭാഗമായി പട്ടികജാതി വികസന വകുപ്പ് ഏറ്റെടുത്ത് നടപ്പിലാക്കിയ പദ്ധതികൾ

1. പട്ടികജാതി വിഭാഗത്തിൽപ്പെട്ട കുട്ടികളുടെ പഠന സഹായത്തിനായി പഠനമുറി നിർമ്മാണം, വൈദ്യുതീകരണം, ആവശ്യമായ ഫർണിച്ചറുകൾ ഉൾപ്പെടെ 1000 പഠനമുറികളുടെ പൂർത്തീകരണം. 1752 എണ്ണം പൂർത്തീകരിക്കുവാൻ സാധിച്ചു.
2. പൂർത്തീകരിക്കാതെ കിടക്കുന്ന 1000 വീടുകളുടെ പൂർത്തീകരണം. 1188 എണ്ണം പൂർത്തീകരിക്കുവാൻ സാധിച്ചു.

(ബി) പുതിയ കാലഘട്ടത്തിനനുസരിച്ച് പുതിയതായി എന്തെല്ലാം പദ്ധതികളാണ് പട്ടികജാതി വിഭാഗത്തിനായി നടപ്പിലാക്കി വരുന്നത്; വിശദവിവരം നൽകാമോ?

പതിമൂന്നാം പഞ്ചവത്സര പദ്ധതിയുടെ ഭാഗമായി എറ്റെടുത്തിട്ടുള്ള പദ്ധതികളാണ് നടപ്പുസാമ്പത്തിക വർഷവും (2020-21) നടപ്പിലാക്കി വരുന്നത്. പതിനാലാം പഞ്ചവത്സര പദ്ധതിയുടെ പദ്ധതി രൂപീകരണ നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഇത് അന്തിമമാകുന്ന മുറയ്ക്ക് പുതിയ പദ്ധതിയുടെ വിവരങ്ങൾ ലഭ്യമാക്കുന്നതാണ്.

## പട്ടികജാതി- പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് ഭൂമി വാങ്ങലിനും ഭവന നിർമ്മാണത്തിനും അനുവദിച്ച തുക

93(839) ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് ഭൂമി വാങ്ങുന്നതിനും ഭവന നിർമ്മാണത്തിനുമായി മുൻ സർക്കാരിന്റെ കാലത്ത് എത്ര തുകയാണ് അനുവദിച്ചിട്ടുള്ളതെന്ന് തരം തിരിച്ച് വ്യക്തമാക്കാമോ;

(ബി) തുക അനുവദിച്ചിട്ടുണ്ടെങ്കിൽ ആയതിൽ എത്ര തുക മുൻ സർക്കാരിന്റെ കാലത്ത് ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) പട്ടികജാതി-പട്ടികവർഗ്ഗവിഭാഗങ്ങൾക്ക് ഭൂമി വാങ്ങുന്നതിനും ഭവന നിർമ്മാണത്തിനുമായി 2021-22 സാമ്പത്തിക വർഷം എത്ര രൂപ അനുവദി ച്ചിട്ടുണ്ടെന്നും അനുവദിച്ചതിൽ എത്ര രൂപ നാളിതുവരെ ചെലവാക്കിയിട്ടുണ്ടെന്നും വ്യക്തമാക്കാമോ?

(എ-സി) അനുബന്ധമായി ചേർത്തിരിക്കുന്നു.*

## അംബേദ്കർ സ്വാശ്രയഗ്രാമം പദ്ധതിയിൽ ഉൾപ്പെട്ടുത്തിയ പ്രവൃത്തികൾ

94(840) ശ്രീ. ജോബ് മൈക്കിൾ:
ശ്രീ. പ്രമോദ് നാരായൺ:
ഡോ. എൻ. ജയരാജ്:
ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികജാതി വികസന വകുപ്പിന് കീഴിൽ അംബേദ്കർ സ്വാശ്രയ ഗ്രാമം പദ്ധതിയിലുൾപ്പെടുത്തി പൂർത്തീകരിക്കാൻ നിർദ്ദേശിച്ച പദ്ധതികളിൽ ഇതുവരെ ഭരണാനുമതി നൽകിയിട്ടുള്ളവ പൂർത്തിയാക്കിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

2016-17 മുതൽ 2020-21 വരെ പ്രസ്തുത പദ്ധതിയിലുൾപ്പെടുത്തി ആകെ 392 കോളനികളിലെ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുള്ളതിൽ 145 എണ്ണം പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കിയുള്ള പ്രവൃത്തികൾ അടിയന്തരമായി പൂർത്തീകരിക്കു ന്നതിനുള്ള നിർദ്ദേശം 9-9-2021-ൽ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ നൽകിയിട്ടുണ്ട്.

(ബി) അംബേദ്കർ സ്വാശ്രയ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുന്ന പദ്ധതികൾക്ക് നിയോഗിക്കപ്പെട്ടിട്ടുള്ള അക്രഡിറ്റഡ് ഏജൻസികൾ ഏതൊക്കെയെന്ന് വ്യക്തമാക്കാമോ?

1. ജില്ലാ നിർമ്മിതി കേന്ദ്രം
2. സംസ്ഥാന നിർമ്മിതി കേന്ദ്രം
3. കേരള ഇലക്ട്രിക് അലൈഡ്എഞ്ചിനീയറിംഗ് ലിമിറ്റഡ്

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

4. ഫോറസ്റ്റ് ഇൻഡസ്ട്രീസ് ട്രാവൻകൂർ ലിമിറ്റഡ്
5. കേരള സ്റ്റേറ്റ് ഹൗസിംഗ് ബോർഡ്
6. കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ ലിമിറ്റഡ്
7. സ്മാൾ ഇൻഡസ്ട്രീസ് ഡെവലപ്മെന്റ് കോർപ്പറേഷൻ
8. കേരള ലാൻഡ് ഡെവലപ്മെന്റ് കോർപ്പറേഷൻ
9. കേരള പോലീസ് ഹൗസിംഗ് ആൻഡ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ ലിമിറ്റഡ്
10. കിറ്റ്കോ ലിമിറ്റഡ്.

(സി) സമയബന്ധിതമായി പദ്ധതികൾ പൂർത്തീകരിക്കാത്ത അക്രെഡിറ്റഡ് ഏജൻസികളുടെ അംഗീകാരം റദ്ദ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കാമോ?

സമയബന്ധിതമായി പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനായി 9-9-2021-ൽ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന അവലോകന യോഗത്തിൽ നിർവ്വഹണ ഏജൻസികൾക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. അതിനുശേഷവും നിർവ്വഹണ ഏജൻസികളുടെ പ്രവർത്തനം തൃപ്തികരമല്ലായെന്ന് റിപ്പോർട്ട് ചെയ്യുന്നപക്ഷം ആയത് പരിശോധിച്ച് പ്രസ്തുത ഏജൻസിയെ കരിമ്പട്ടികയിൽപ്പെടുത്തുന്നതിനായി ബന്ധപ്പെട്ട വകുപ്പുകൾക്ക് നിർദ്ദേശം നൽകുന്നതാണ്. നിലവിൽ ഫോറസ്റ്റ് ഇൻഡസ്ട്രീസ് ട്രാവൻകൂർ ലിമിറ്റഡിന്റെ പ്രവർത്തനം തൃപ്തികരമല്ലായെന്ന് വകുപ്പ് ഡയറക്ടർ റിപ്പോർട്ട് ചെയ്തതിൻ പ്രകാരം ആയതിന്മേൽ സി2/399/2020/പജപവവിവ നമ്പർ ഫയലിൽ നടപടി സ്വീകരിച്ചുവരുന്നു.

## പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ഉന്നമനത്തിനായി ബഡ്ജറ്റിൽ ഉൾക്കൊള്ളിക്കുന്ന തുക

95(841) <u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u>: താഴെക്കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ഉന്നമനത്തിനായി ബഡ്ജറ്റിൽ ഉൾക്കൊള്ളിക്കുന്ന തുകയും കേന്ദ്രവിഹിതവും സമയബന്ധിതമായി ചെലവഴിക്കുന്നുവെന്ന് ഉറപ്പാക്കാനും ഫണ്ട് ലാപ്സാകുന്നത് ഒഴിവാക്കാനും പ്രത്യേക സംവിധാനം ഏർപ്പെടുത്തുമോ; വിശദാംശം നൽകുമോ?

പട്ടികവർഗ്ഗ വിഭാഗത്തിനായി ബഡ്ജറ്റിൽ സംസ്ഥാന കേന്ദ്രാവിഷ്കൃത പദ്ധതികളിൽ ലഭ്യമാകുന്ന ഫണ്ട് ഉപയോഗിച്ച് പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിനും കാര്യക്ഷമത ഉറപ്പുവരുത്തി പുരോഗതി വിലയിരുത്തുന്നതിനുമായി പട്ടികവർഗ്ഗ വികസന വകുപ്പിൽ നിലവിൽ വിപുലമായ സംവിധാനങ്ങളുണ്ട്. പ്ലാൻ സ്പെയ്സ് എന്ന ഈ സംവിധാനം പ്രയോജനപ്പെടുത്തിക്കൊണ്ട് സംസ്ഥാനതലത്തിൽ ബഹു: മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ പദ്ധതി പുരോഗതി വിലയിരുത്തുന്നുണ്ട്. വകുപ്പ് മന്ത്രിയുടെയും ചീഫ് സെക്രട്ടറിയുടെയും അദ്ധ്യക്ഷതയിൽ പ്രത്യേകം പ്രത്യേകമായി മാസത്തിലൊരിക്കൽ പദ്ധതി പുരോഗതി വിലയിരുത്തുന്നതോടൊപ്പം വിവിധ പാദങ്ങളിലായി സർക്കാർ നിഷ്കർഷിച്ചിട്ടുള്ള പുരോഗതി കൈവരിക്കുന്നതിനാവശ്യമായ നിർദ്ദേശവും നൽകുന്നുണ്ട്. കൂടാതെ വകുപ്പ് സെക്രട്ടറി, വകുപ്പ് ഡയറക്ടർ എന്നിവരും മാസംതോറും പദ്ധതി പുരോഗതി വിലയിരുത്താറുണ്ട്. എല്ലാ ജില്ലകളിലും ജില്ലാകളക്ടർ അദ്ധ്യക്ഷനും ജനപ്രതിനിധികൾ അംഗങ്ങളുമായി വർക്കിംഗ് ഗ്രൂപ്പ് നിലവിലുണ്ട്. ജില്ലാതലത്തിൽ നടത്തുന്ന പദ്ധതികളുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് ഈ കമ്മിറ്റി, പദ്ധതികൾ പരിശോധിച്ച് യഥാസമയം പുരോഗതി വിലയിരുത്തി വരുന്നു. കേന്ദ്രാവിഷ്കൃത പദ്ധതികളുടെ വിനിയോഗം കേന്ദ്ര പട്ടികവർഗ്ഗ മന്ത്രാലയം വീഡിയോ കോൺഫറൻസിലൂടെ വിലയിരുത്തി വരുന്നുണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർ ചെയർമാനും, ജോയിന്റ് ഡയറക്ടർ കൺവീനറും, ഡെപ്യൂട്ടി ഡയറക്ടർ, ജില്ലാ ഓഫീസർമാർ എന്നിവർ അംഗങ്ങളായും രൂപീകരിച്ച കമ്മിറ്റി സംസ്ഥാനതലത്തിൽ പദ്ധതികൾ വിലയിരുത്തുന്നുണ്ട്. പദ്ധതി നടത്തിപ്പിന്റെ സാമ്പത്തിക ഭൗതിക നേട്ടങ്ങൾ എല്ലാ മാസവും ജില്ലാകളക്ടറുടെ അദ്ധ്യക്ഷതയിൽ ജില്ലാതലത്തിൽ ചേരുന്ന ജില്ലാവികസന സമിതി യോഗത്തിലും വിലയിരുത്തുന്നുണ്ട്. ഡയറക്ടറേറ്റിലെ ഉദ്യോഗസ്ഥർ ജില്ലകൾ സന്ദർശിച്ച് യഥാസമയം പുരോഗതി വിലയിരുത്തുകയും ചെയ്യുന്നുണ്ട്. കൂടുതൽ ശ്രദ്ധ ആവശ്യമുള്ള മേഖലകളിൽ അതിനായി പ്രത്യേകം ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തുന്ന കാര്യവും പരിഗണനയിലാണ്.

## പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് സാമ്പത്തിക സഹായം

96(842) ശ്രീ. എ. സി. മൊയ്തീൻ:
ശ്രീ. കെ. പ്രേംകുമാർ:
ശ്രീ. വി. കെ. പ്രശാന്ത്:
ശ്രീ. ഡി. കെ. മുരളി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രകൃതിക്ഷോഭങ്ങളാലും രോഗങ്ങളാലും ബുദ്ധിമുട്ടനുഭവിക്കുന്ന പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് സാമ്പത്തിക സഹായം ലഭ്യമാക്കുന്നതിനായി പട്ടികവർഗ്ഗ ആശ്വാസനിധി രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ ഇത്തരം കുടുംബങ്ങൾക്ക് അവശ്യ സന്ദർഭങ്ങളിൽ ആശ്വാസം നൽകുന്നതിന് പദ്ധതിയിൽ വ്യവസ്ഥയുണ്ടോ; വിശദാംശം നല്കുമോ?

പ്രകൃതിക്ഷോഭങ്ങളാലും രോഗങ്ങളാലും ബുദ്ധിമുട്ടനുഭവിക്കുന്ന പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് സാമ്പത്തിക സഹായം ലഭ്യമാക്കുന്നതിനായി വകുപ്പുമന്ത്രിയുടെ പേരിൽ ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടുണ്ട്. 5000 രൂപ വരെയുള്ള ചികിത്സ ധനസഹായം പി.ഒ/റ്റി.ഡി.ഒ-മാർ മുഖേനയും, 25,000 രൂപ വരെയുള്ള സർക്കാർ ആശുപത്രിയിലെ ചികിത്സാ ധനസഹായം പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടറും, 25,000 രൂപയ്ക്ക് മുകളിലുള്ളതും സ്വകാര്യ ആശുപത്രിയിൽ ചികിത്സ തേടിയിട്ടുള്ളതും ചികിത്സ ചെലവ് തുക സർക്കാരിന്റെ അനുമതിയോടുകൂടി അനുവദിച്ചു നൽകി വരുന്നുണ്ട്. ചികിത്സാ ധനസഹായം ലഭിക്കുന്നതിനായി അപേക്ഷകന്റെ ജാതി തെളിയിക്കുന്ന സർട്ടിഫിക്കറ്റ്, വരുമാന സർട്ടിഫിക്കറ്റ്, മെഡിക്കൽ സർട്ടിഫിക്കറ്റ് എന്നിവ സഹിതം നിശ്ചിത അപേക്ഷാ ഫാറത്തിൽ അപേക്ഷ സമർപ്പിക്കേണ്ടതാണ്. വകുപ്പുമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും ചികിത്സാ ധനസഹായം അനുവദിക്കുന്നതിനുള്ള വരുമാന പരിധി നിലവിൽ ഒരു ലക്ഷം രൂപയാണ്. അപകടത്തെത്തുടർന്ന് ചികിത്സയിൽ കഴിയുകയാണെങ്കിൽ 25,000 രൂപ വരെ ധനസഹായം അനുവദിക്കുന്നു. കാൻസർ, ഹൃദയശസ്ത്രക്രിയ, വൃക്കമാറ്റിവയ്ക്കൽ, ഡയാലിസിസ്, ബ്രെയിൻ ട്യൂമർ, പക്ഷാഘാതം, ഹീമോഫീലിയ തുടങ്ങിയ മാരകരോഗങ്ങളുടെ ചികിത്സയ്ക്കായി, രോഗി ചികിത്സയിലിരിക്കുന്ന ആശുപത്രിയിലെ ഡോക്ടറുടെ സർട്ടിഫിക്കറ്റ്, ചികിത്സയ്ക്ക് വേണ്ടിവരുന്ന ചെലവ് സംബന്ധിച്ച് ആശുപത്രി അധികൃതർ നൽകുന്ന എസ്റ്റിമേറ്റ് എന്നിവയുടെ അടിസ്ഥാനത്തിൽ ഒരുലക്ഷം രൂപ വരെ ധനസഹായം അനുവദിക്കുന്നു. കൂടാതെ വയനാട്, പാലക്കാട്, കോഴിക്കോട്, മലപ്പുറം എന്നീ

ജില്ലകളിൽ താമസിക്കുന്ന പട്ടികവർഗ്ഗക്കാർക്കിടയിൽ കണ്ടുവരുന്ന പാരമ്പര്യ രോഗമായ സിക്കിൾസെൽ അനീമിയ അഥവാ അരിവാൾ രോഗം ബാധിച്ചവർക്ക് പ്രതിമാസം 2,500 രൂപ ചികിത്സയ്ക്കുവേണ്ടി സമാശ്വാസ ധനസഹായമായി അനുവദിക്കുന്നുണ്ട്.

(ബി) പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഗുരുതര രോഗബാധിതർക്ക് തെരഞ്ഞെടുത്ത ആശുപത്രികളിലൂടെ വൈദ്യസഹായം ലഭ്യമാക്കുന്ന പദ്ധതി നിലവിലുണ്ടോ; രോഗികൾക്ക് കൂട്ടുനിൽക്കുന്നവർക്ക് പ്രത്യേക സഹായം നൽകുന്നതിന് വ്യവസ്ഥയുണ്ടോ; വിശദാംശം നൽകുമോ?

സംസ്ഥാനത്തെ പട്ടികവർഗ്ഗക്കാർക്ക് ചികിത്സയും ആരോഗ്യ സംരക്ഷണവും ഉറപ്പുവരുത്തുന്നതിനായി എ.പി.എൽ./ബി.പി.എൽ. വ്യത്യാസമില്ലാതെ എല്ലാ പട്ടികവർഗ്ഗക്കാർക്കും 10,000 രൂപവരെ ചികിത്സാ ചെലവ് സർക്കാർ ആശുപത്രികളിലും, മെഡിക്കൽകോളേജ് ആശുപത്രികളിലും സൗജന്യമായി നൽകി വരുന്നുണ്ട്. ബി.പി.എൽ. വിഭാഗത്തിൽപ്പെട്ട (വാർഷിക വരുമാനം ഒരുലക്ഷം രൂപയിൽ താഴെയുള്ള) രോഗികൾക്ക് സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട സർക്കാർ ആശുപത്രികൾ, സർക്കാർ മെഡിക്കൽ കോളേജ്, ഇതുമായി ബന്ധപ്പെട്ട ആശുപത്രികൾ, കണ്ണൂരിലെ പരിയാരം സഹകരണ മെഡിക്കൽ കോളേജ്, തിരുവനന്തപുരത്തെ ശ്രീചിത്തിര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് & ടെക്നോളജി, റീജിയണൽ കാൻസർ സെന്റർ, ശ്രീഅവിട്ടംതിരുനാൾ ആശുപത്രി, റീജിയണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഒഫ്താൽമോളജി എന്നീ സ്ഥാപനങ്ങൾ വഴി സൗജന്യ ചികിത്സനൽകി വരുന്നു. ചികിത്സാ ചെലവ് 50,000 രൂപയിൽ അധികരിക്കുകയാണെങ്കിൽ സർക്കാർ ഉത്തരവിലൂടെ ചികിത്സാചെലവ് അനുവദിക്കുന്നു. ആശുപത്രിയിൽ സൗജന്യമായി ലഭ്യമല്ലാത്ത മരുന്നുകൾ ആശുപത്രിയോട് അനുബന്ധിച്ചുള്ള മെഡിക്കൽ സ്റ്റോറുകളിൽ നിന്നും വാങ്ങുന്നതിനുള്ള ചെലവ്, ആശുപത്രി വികസന സമിതിയുടെ അധീനതയിലുള്ള മെഡിക്കൽ സ്റ്റോറുകളിൽ നിന്നും ലഭ്യമല്ലാത്ത മരുന്നുകൾ പുറത്ത് മെഡിക്കൽ സ്റ്റോറുകളിൽനിന്നും വാങ്ങുന്നതിനുള്ള ചെലവ്, ആശുപത്രികളിൽ നിന്നുള്ള ലാബ് ടെസ്റ്റിന്റെ ചെലവുകൾ, സർക്കാർ ആശുപത്രികൾ/ സർക്കാർ നിയന്ത്രിത സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ സൗജന്യമായി ലഭ്യമാകാത്ത ലാബ് ടെസ്റ്റുകൾ പുറത്ത് നിന്നുള്ള സ്ഥാപനങ്ങളിൽ നിന്നും ചെയ്യുന്നതിനുള്ള ചെലവ്, രോഗികൾക്ക് ചികിത്സയ്ക്കായി അത്യാവശ്യം വേണ്ടി വരുന്ന ചികിത്സാ ഉപകരണങ്ങൾ ആശുപത്രികളിൽ ലഭ്യമല്ലാത്ത സാഹചര്യങ്ങളിൽ പുറത്തുനിന്നും ലഭ്യമാക്കുന്നതിനുള്ള ചെലവ്, രോഗികളെ ആശുപത്രികളിൽ എത്തിക്കുന്നതിനും അർഹരായ രോഗികളെ ചികിത്സ കഴിഞ്ഞ് വീടുകളിൽ എത്തിക്കുന്നതിനും വേണ്ടി വരുന്ന യഥാർത്ഥ ആംബുലൻസ്/ വാഹന

വാടക, ആശുപത്രികളിൽ രോഗികളായവർക്ക് സൗജന്യഭക്ഷണം ലഭ്യമല്ലാത്ത സാഹചര്യങ്ങളിൽ ഭക്ഷണത്തിനായി പ്രതിദിനം 150 വരെയുള്ള ചെലവ്, ആശുപത്രികളിൽ രോഗികളുടെ കൂട്ടിരിപ്പിനായി തങ്ങുന്ന ഒരാൾക്ക് പ്രതിദിനം 200 രൂപ വരെയുള്ള ചെലവ് എന്നിവ അനുവദിച്ചുനൽകുന്നുണ്ട്.

## പട്ടികജാതി /പട്ടികവർഗ്ഗ വിഭാഗത്തിലുള്ളവരുടെ ചികിത്സ ധനസഹായ മാനദണ്ഡം

97(843) ശ്രീ. മുഹമ്മദ് മുഹസിൻ: താഴെക്കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുന്നവർക്ക് സർക്കാർ നൽകിവരുന്ന ചികിത്സാ ധനസഹായത്തിന്റെ മാനദണ്ഡങ്ങൾ വ്യക്തമാക്കാമോ?

പട്ടികജാതി വിഭാഗം :

മാരകമായ രോഗങ്ങൾ ബാധിച്ചവരും അത്യാഹിതങ്ങളിൽപ്പെട്ടവരുമായ 1,00,000 രൂപയിൽ താഴെ വാർഷിക വരുമാനമുള്ള പട്ടികജാതി വിഭാഗത്തിന് ആരോഗ്യ സുരക്ഷാ പദ്ധതി പ്രകാരം 50,000 രൂപ വരെ ചികിത്സാ ധന സഹായം അനുവദിക്കുന്നു. ഹൃദയശസ്ത്രക്രിയ, കാൻസർ, കിഡ്നി തകരാർ മുതലായ ഗുരുതരമായ രോഗങ്ങൾക്ക് പരമാവധി 1,00,000 രൂപ വരെ ആശുപത്രി മുഖാന്തരം നൽകുന്നു.

പട്ടികവർഗ്ഗ വിഭാഗം :

ടി വിഭാഗക്കാരുടെ ചികിത്സയും ആരോഗ്യ സംരക്ഷണവും ഉറപ്പുവരുത്തു ന്നതിനായി നടപ്പാക്കിവരുന്ന പദ്ധതിയിൽ എ.പി.എൽ./ ബി.പി.എൽ. വ്യത്യാസമില്ലാതെ എല്ലാ പട്ടികവർഗ്ഗക്കാർക്കും 10,000 രൂപവരെ ചികിത്സാ ചെലവ് സർക്കാർ ആശുപത്രികളിലും, മെഡിക്കൽ കോളേജ് ആശുപത്രി കളിലും സൗജന്യമായി ലഭിക്കുന്നു. ബി.പി.എൽ. വിഭാഗത്തിൽപ്പെട്ട (വാർഷിക വരുമാനം ഒരുലക്ഷം രൂപയിൽ താഴെയുള്ള) രോഗികൾക്ക് സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട സർക്കാർ ആശുപത്രികൾ, സർക്കാർ മെഡിക്കൽ കോളേജ്, ഇതുമായി ബന്ധപ്പെട്ട ആശുപത്രികൾ, കണ്ണൂരിലെ പരിയാരം സഹകരണ മെഡിക്കൽ കോളേജ്, തിരുവനന്തപുരത്തെ ശ്രീചിത്തിര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് &

ടെക്നോളജി, റീജിയണൽ കാൻസർ സെന്റർ, ശ്രീഅവിട്ടംതിരുനാൾ ആശുപത്രി, റീജിയണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഒഫ്ത്താൽമോളജി എന്നീ സ്ഥാപനങ്ങൾ വഴി സൗജന്യ ചികിത്സ നൽകി വരുന്നു. ചികിത്സാ ചെലവ് 50,000 രൂപയിൽ അധികരിക്കുകയാണെങ്കിൽ സർക്കാർ അനുമതി ഉത്തരവിലൂടെ ചികിത്സാചെലവ് അനുവദിക്കുന്നു. ചികിത്സാ ധനസഹായം അനുവദിക്കുന്നതിനുള്ള വരുമാനപരിധി നിലവിൽ ഒരു ലക്ഷം രൂപയാണ്. അപകടത്തെ തുടർന്ന് ചികിത്സയിൽ കഴിയുകയാണെങ്കിൽ 25,000 രൂപ വരെ ധനസഹായം അനുവദിക്കുന്നു. കാൻസർ, ഹൃദയശസ്ത്രക്രിയ, വൃക്ക മാറ്റിവയ്ക്കൽ, ഡയാലിസിസ്, ബ്രെയിൻ ട്യൂമർ, പക്ഷാഘാതം, ഹീമോഫീലിയ തുടങ്ങിയ മാരകരോഗങ്ങളുടെ ചികിത്സയ്ക്കായി ഒരുലക്ഷം രൂപ വരെ ആശുപത്രി മുഖേന ധനസഹായം അനുവദിക്കുന്നു. മറ്റ് രോഗങ്ങൾക്ക് രോഗത്തിന്റെ തീവ്രതയനുസരിച്ച് ചികിത്സാ ധനസഹായം അനുവദിക്കുന്നു.

## മലപ്പുറം ജില്ലയിലെ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുള്ള ധനസഹായം

98(844) <u>ശ്രീ. പി. ഉബൈദുള്ള</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിൽ പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുള്ള വിവിധ പദ്ധതികളുടെ ആയിരത്തിലധികം ധനസഹായ അപേക്ഷകൾ തീർപ്പ് കൽപ്പിക്കാതെ കെട്ടികിടക്കുന്നതായിട്ടുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ധനസഹായം വിതരണം ചെയ്യുന്നതിനുള്ള തടസ്സങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

മലപ്പുറം ജില്ലയിൽ പട്ടികജാതി വിഭാഗങ്ങൾക്കായുള്ള വിവിധ പദ്ധതി കളിലായുള്ള 955 അപേക്ഷകളിൽ 532 അപേക്ഷകൾ തീർപ്പാക്കിയിട്ടുണ്ട്. പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായുള്ള വിവിധ പദ്ധതികളിലും തീർപ്പ് കല്പിക്കാൻ ശേഷിക്കുന്ന ജനനീജന്മരക്ഷ, വിവാഹ ധനസഹായം എന്നീ അപേക്ഷകളിലും ഫണ്ട് ലഭിക്കുന്ന മുറയ്ക്ക് ധനസഹായം അനുവദിച്ചുനൽകുന്നതാണ്.

(ബി) ഏതെല്ലാം ആവശ്യങ്ങൾക്കായി നൽകിയ അപേക്ഷകളാണ് തീർപ്പ് കൽപ്പിക്കാനുള്ളതെന്നും അതിന് കാലതാമസം നേരിടുന്നതിന്റെ കാരണവും വ്യക്തമാക്കാമോ?

പട്ടികജാതി വിഭാഗത്തിൽ തീർപ്പ് കല്പിക്കാനുള്ള അപേക്ഷകളുടെ എണ്ണം അനുബന്ധമായി ചേർക്കുന്നു.* ടി അപേക്ഷകളിൽ തുക അനുവദിക്കുന്ന നടപടികൾ സ്വീകരിച്ചുവരുന്നു. പട്ടികവർഗ്ഗ വിഭാഗത്തിൽ ജനനീ ജന്മരക്ഷ പദ്ധതി പ്രകാരം 26 അപേക്ഷകളും വിവാഹ ധനസഹായ പദ്ധതി പ്രകാരം 8 അപേക്ഷകളും തീർപ്പ് കല്പിക്കാനുണ്ട്. വ്യയ നിയന്ത്രണമുള്ളതിനാൽ ആകെ ബഡ്ജറ്റ് വിഹിതത്തിന്റെ 55% തുക മാത്രമേ അലോട്ട് ചെയ്യാൻ കഴിയുകയുള്ളു. ഈ നിയന്ത്രണം ഒഴിവാകുന്ന മുറയ്ക്ക് ഫണ്ട് അനുവദിക്കുന്നതാണ്.

(സി) അർഹരായ ഗുണഭോക്താക്കൾക്ക് എത്രയും വേഗം ധനസഹായം വിതരണം ചെയ്യാൻ നടപടി സ്വീകരിക്കുമോ?

നടപടി സ്വീകരിക്കുന്നതാണ്.

**അംബേദ്കർ ഗ്രാമം പദ്ധതി**

99(845) <u>ശ്രീ. ജി. എസ്. ജയലാൽ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അംബേദ്കർ ഗ്രാമം പദ്ധതി നടപ്പിലാക്കുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

അംബേദ്ക്കർ ഗ്രാമം പദ്ധതി 2021-22 നടപ്പിലാക്കുന്നതിനുള്ള നടപടി സി2/381/2021/പജപവവിവ നമ്പർ ഫയലിൽ സ്വീകരിച്ചുവരുന്നു.

(ബി) ഏതെല്ലാം മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ് അംബേദ്കർ ഗ്രാമം പദ്ധതിയിലേക്ക് പട്ടികജാതി ഗ്രാമങ്ങളെ തെരഞ്ഞെടുക്കുന്നതെന്ന് വിശദമാക്കാമോ?

ഓരോ നിയോജകമണ്ഡലത്തിലുമുള്ള അടിസ്ഥാന സൗകര്യ വികസനത്തിൽ ഏറ്റവും പിന്നോക്കം നിൽക്കുന്നതും മുപ്പതോ അതിലധികമോ പട്ടികജാതി കുടുംബങ്ങൾ അധിവസിക്കുന്നതും വികസന പ്രവർത്തനങ്ങൾ ആവശ്യമുള്ളതുമായ സങ്കേതങ്ങളെ തെരഞ്ഞെടുത്ത് ഓരോ കോളനിയിലും ഒരു കോടി രൂപയുടെ വികസന പ്രവർത്തനങ്ങൾ നടത്തിവരുന്നു. ഓരോ സങ്കേതത്തിന്റെയും വികസനാവശ്യങ്ങൾ വിലയിരുത്തി എം.എൽ.എ.-മാരുടെ മേൽനോട്ടത്തിലാണ് പദ്ധതി നടപ്പിലാക്കുന്നത്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) പദ്ധതി സമഗ്രമായി പരിഷ്ക്കരിക്കുന്നത് സംബന്ധിച്ച കാര്യങ്ങൾ പട്ടികജാതി വികസന വകുപ്പിന്റെ പരിഗണനയിലുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ എന്തെല്ലാമെന്ന് അറിയിക്കാമോ ?

ടി പദ്ധതിയിൽ കോളനികളുടെ തെരഞ്ഞെടുപ്പുരീതിയിലും നടത്തിപ്പിലും ഭേദഗതി വരുത്തുന്ന വിഷയത്തിൽ സി2/68/2020/ പജപവവിവ നമ്പർ ഫയലിൽ നടപടി സ്വീകരിച്ചുവരുന്നു.

**വാത്സല്യ നിധി പദ്ധതി**

100(846) ശ്രീ. വി. ആർ. സുനിൽ കുമാർ: താഴെക്കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പട്ടികജാതി വിഭാഗത്തിൽപ്പെട്ട പെൺകുട്ടികൾക്കായി നടപ്പിലാക്കിയ വാത്സല്യനിധി പദ്ധതി പ്രകാരം എന്തൊക്കെ ആനുകൂല്യങ്ങളാണ് ലഭ്യമാക്കുന്നതെന്ന് അറിയിക്കാമോ?

പട്ടികജാതി വിഭാഗത്തിൽപ്പെട്ട പെൺകുട്ടികളുടെ ഉന്നമനത്തിനായി ഒരു ലക്ഷം രൂപയിൽ താഴെ വരുമാനമുള്ള മാതാപിതാക്കളുടെ പെൺകുട്ടികൾക്കായി 'വാത്സല്യനിധി' എന്ന പേരിൽ ഇൻഷ്വറൻസ് അധിഷ്ഠിത പദ്ധതി നടപ്പിലാക്കുന്നു. പട്ടികജാതി വികസന വകുപ്പും എൽ.ഐ.സി. ഓഫ് ഇൻഡ്യയും സംയുക്തമായി നടപ്പിലാക്കുന്ന ടി പദ്ധതിക്ക് വകുപ്പ് 1,38,000 രൂപ നാല് ഗഡുക്കളായി പെൺകുട്ടികളുടെ പേരിൽ നിക്ഷേപിക്കുന്നു. പെൺകുട്ടിക്ക് 18 വയസ്സ് പൂർത്തിയാകുമ്പോൾ 3,00,000 രൂപ ഇൻഷ്വർ ചെയ്യപ്പെട്ട പെൺകുട്ടിക്ക് എൽ.ഐ.സി. നൽകുന്നു. കുട്ടിയുടെ ആദ്യ രക്ഷിതാവിന് അപകടമരണം സംഭവിച്ചാൽ 4 ലക്ഷം രൂപ, ആദ്യ രക്ഷിതാവിന് പൂർണ്ണമായ അംഗവൈകല്യം സംഭവിച്ചാൽ 2 ലക്ഷം രൂപ, ഭാഗികമായി അംഗവൈകല്യം സംഭവിച്ചാൽ 1 ലക്ഷം രൂപ എന്നിവയും ലഭിക്കുമായിരുന്നു. എന്നാൽ നിലവിൽ കേന്ദ്രസർക്കാർ നടപ്പാക്കിയ ഇൻഷ്വറൻസ് പരിഷ്കാരങ്ങളുടെ ഭാഗമായി ഇത്തരത്തിലുള്ള ആനുകൂല്യങ്ങൾ നൽകുന്നതിൽനിന്നും എൽ.ഐ.സി. പിൻമാറിയിരിക്കുകയാണ്. ഇതുസംബന്ധിച്ച് എൽ.ഐ.സി. അധികൃതരുമായി ചർച്ച നടത്തുകയും ആവശ്യമായ അനുകൂല നടപടികൾ സ്വീകരിക്കാൻ നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. 1-4-2017 മുതൽ ജനിച്ച പെൺകുട്ടികളെയാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. പെൺകുട്ടി ജനിച്ച് 9 മാസത്തിനുള്ളിൽ ബന്ധപ്പെട്ട ബ്ലോക്ക്/മുനിസിപ്പാലിറ്റി/ കോർപ്പറേഷൻ പട്ടികജാതി വികസന ഓഫീസിൽ അപേക്ഷ സമർപ്പിക്കണം. ഇതുമായി ബന്ധപ്പെട്ട മാനദണ്ഡങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## ഗോത്രവർഗ്ഗക്കാരുടെ പരമ്പരാഗത കൃഷി

101(847) ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഗോത്രവർഗ്ഗക്കാരുടെ പരമ്പരാഗത കൃഷി വികസിപ്പിക്കുന്നതിനും കാർഷികോല്പന്നങ്ങളുടെ വിപണനത്തിനുമായി പ്രത്യേക പദ്ധതി നടപ്പിലാക്കുമോ; എങ്കിൽ വിശദാംശം നൽകുമോ?

ഗോത്രവർഗ്ഗക്കാരുടെ പരമ്പരാഗത കൃഷി വികസിപ്പിക്കുന്നതിനും കാർഷി കോത്പാദന വിപണത്തിനുമായി പട്ടികവർഗ്ഗ വികസന വകുപ്പ് നടപ്പിലാക്കി വരുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു :

1. മില്ലറ്റ് വില്ലേജ് പദ്ധതി:

അട്ടപ്പാടിയിൽ ഭക്ഷ്യ സുരക്ഷയും ജീവനോപാധിയും ഉറപ്പുവരുത്തുന്ന തിനായി 2017-18 സാമ്പത്തിക വർഷം വകുപ്പിന്റെ ഫണ്ട് ഉൾപ്പെടുത്തി അട്ടപ്പാടി പട്ടികവർഗ്ഗ മേഖലയിൽ ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി പട്ടികവർഗ്ഗ വികസന വകുപ്പും കൃഷി വകുപ്പും സംയുക്തമായി നടപ്പിലാക്കിയ മില്ലറ്റ് വില്ലേജ് എന്ന പദ്ധതി അഗളി, ഷോളയൂർ, പുതൂർ എന്നീ ഗ്രാമപഞ്ചായത്തുകളിലായാണ് നടപ്പിലാക്കിയത്. 165 ഊരുകളിലായി 1240 ഹെക്ടർ ഭൂമിയിൽ 3307 ഗുണഭോക്താക്കൾക്ക് പ്രയോജനം ലഭിക്കുന്ന തരത്തിലാണ് പദ്ധതി നടപ്പിലാക്കിയത്. പദ്ധതി പൂർത്തീകരണ ഘട്ടത്തിലാണ്. ചെറുധാന്യങ്ങൾ, വിവിധ ഊരുകളിൽനിന്നും സംഭരിച്ച് മൂല്യവർദ്ധനവ് വരുത്തി ജൈവ സർട്ടിഫിക്കേഷൻ ലഭ്യമാക്കി ഉല്പന്നങ്ങളാക്കി വിപണനം നടത്തുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.

2. പട്ടികവർഗ്ഗക്കാർക്കായുള്ള വരുമാനദായക കാർഷിക ഉദ്യമം:

പട്ടികവർഗ്ഗ ജനസംഖ്യ കേന്ദ്രീകരിച്ചിട്ടുള്ള പ്രദേശങ്ങളിൽ കാർഷിക പദ്ധതി നടപ്പിലാക്കുന്നു. അട്ടപ്പാടിയിലെ ആദിവാസി വിഭാഗങ്ങളുടെ പോഷകാഹാരക്കുറവ് പരിഹരിക്കുന്നതിനും, ഭക്ഷ്യസുരക്ഷ ഉറപ്പുവരുത്തു ന്നതിനും ഉപജീവനം മെച്ചപ്പെടുത്തുന്നതിനും സ്വന്തമായി ഭൂമിയുള്ളതും കൃഷി ചെയ്യാൻ താൽപര്യവുമുള്ള പട്ടികവർഗ്ഗ കർഷകർക്ക് ജൈവ കൃഷിയിലൂടെ ധാന്യങ്ങൾ, പയർവർഗ്ഗങ്ങൾ, പച്ചക്കറികൾ എന്നിവ കൃഷി

ചെയ്യുന്നതിനായി അട്ടപ്പാടിയിൽ 2019 മുതൽ "നമത് വെള്ളാമെ" എന്ന പദ്ധതി ആരംഭിച്ചു. ടി പദ്ധതി പ്രകാരം 1671 ഏക്കർ തരിശുഭൂമിയെ പരമ്പരാഗത കൃഷിക്ക് കീഴിൽ കൊണ്ടുവന്ന് 34 ഊരുകളിലായി 1208 കർഷകർക്ക് പ്രയോജനം ലഭിക്കുന്ന രീതിയിൽ നാളിതുവരെ 280 ലക്ഷം രൂപ ചെലവഴിച്ച് തുടർ പദ്ധതിയായി 2021-22-ലും നടപ്പിലാക്കിവരുന്നു. പരമ്പരാഗത കൃഷിയെ മറ്റ് ജില്ലകളിലേയ്ക്ക് വ്യാപിപ്പിക്കുന്നതിന് സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപമെന്റ് എന്ന സ്ഥാപനം മുഖേന ആദ്യ ഘട്ടത്തിൽ ഇടുക്കിയിലും വയനാട് ജില്ലകളിലുമായി 2500 പട്ടികവർഗ്ഗ ഗുണഭോക്താക്കൾക്ക് പ്രയോജനം ലഭിക്കുന്നതിന് 5.15 കോടി രൂപയുടെ പദ്ധതി നടപ്പിലാക്കിവരുന്നു. വകുപ്പിന്റെ കീഴിലുള്ള അട്ടപ്പാടി, ആറളം, ചീങ്ങേരി എന്നീ ഫാമുകളുടെ നവീകരണത്തിനും ഇതിലൂടെ സംഭരണം, പ്രാഥമിക സംസ്കരണം, വിപണനം എന്നിവയ്ക്കുള്ള സൗകര്യങ്ങൾ ഉൾപ്പെടുത്തി കൃഷി പ്രോത്സാഹനത്തിന് നടപടികൾ ആരംഭിച്ച് നടപ്പിലാക്കിവരുന്നു.

**വണ്ടൂർ നിയോജകമണ്ഡലത്തിലെ അംബേദ്കർ ഗ്രാമം പദ്ധതി**

102(848) ശ്രീ. എ. പി. അനിൽ കുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വണ്ടൂർ നിയോജകമണ്ഡലത്തിൽ ഏതൊക്കെ കോളനികളെയാണ് അംബേദ്കർ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് അറിയിക്കാമോ;

(ബി) തെരഞ്ഞെടുക്കപ്പെട്ട കോളനികളിലെ ഇപ്പോഴത്തെ പ്രവർത്തന പുരോഗതി വിശദമാക്കാമോ?

(എ&ബി) വിശദാംശങ്ങൾ അനുബന്ധമായി ഉൾപ്പെടുത്തിയിരിക്കുന്നു.*

**എസ്.സി./എസ്.ടി. വിഭാഗങ്ങൾക്കുള്ള ചികിത്സാ ധനസഹായം**

103(849) ശ്രീമതി ശാന്തകുമാരി കെ.: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ നാല് മാസത്തിനിടെ എസ്.സി. വിഭാഗങ്ങൾക്ക് ചികിത്സാ ധനസഹായമായി എത്ര രൂപ അനുവദിച്ചു; എത്രപേർക്ക് ഇതിന്റെ ആനുകൂല്യം ലഭിച്ചു?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കഴിഞ്ഞ നാല് മാസത്തിനിടെ പട്ടികജാതി വിഭാഗങ്ങൾക്ക് ചികിത്സാ ധനസഹായമായി 6,97,27,995 രൂപ (ആറ് കോടി തൊണ്ണൂറ്റി ഏഴ് ലക്ഷത്തി ഇരുപത്തിയേഴായിരത്തി തൊള്ളായിരത്തി തൊണ്ണൂറ്റി അഞ്ച് രൂപ മാത്രം) അനുവദിച്ചിട്ടുണ്ട്. 3782 പേർക്ക് ഇതിന്റെ ആനുകൂല്യം ലഭിച്ചു.

(ബി) ഗുരുതര രോഗം ബാധിച്ച് ആശുപത്രിയിൽ പ്രവേശിപ്പിച്ച രോഗികൾക്ക് കഴിഞ്ഞ നാല് മാസത്തിനിടയിൽ ആശുപത്രികളിൽ നേരിട്ട് എത്ര രൂപ നൽകിയിട്ടുണ്ട്; എത്രപേർക്ക് ഇതിന്റെ പ്രയോജനം ലഭിച്ചു; എത്ര രൂപവരെയാണ് ഇങ്ങനെ നൽകുന്നത്; പ്രസ്തുത തുക വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ?

ഗുരുതര രോഗം ബാധിച്ച് ആശുപത്രിയിൽ പ്രവേശിപ്പിച്ച രോഗികൾക്ക് കഴിഞ്ഞ നാല് മാസത്തിനിടയിൽ ആശുപത്രികളിൽ നേരിട്ട് 1,50,000 രൂപ (ഒരു ലക്ഷത്തി അമ്പതിനായിരം രൂപ മാത്രം) നൽകിയിട്ടുണ്ട്. രണ്ടുപേർക്ക് ഇതിന്റെ പ്രയോജനം ലഭിച്ചു. ഹൃദയശസ്ത്രക്രിയ, കാൻസർ, കിഡ്നി തകരാർ മുതലായ ഗുരുതരമായ രോഗങ്ങൾക്ക് പരമാവധി ഒരു ലക്ഷം രൂപവരെ ആശുപത്രി മുഖാന്തരം നൽകുന്നു. പ്രസ്തുത തുക വർദ്ധിപ്പിക്കുന്ന വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

(സി) കഴിഞ്ഞ നാല് മാസത്തിനിടെ എസ്.ടി. വിഭാഗക്കാർക്ക് ചികിത്സാ ധനസഹായമായി എത്ര രൂപ അനുവദിച്ചു; എത്ര പേർക്ക് ഇതിന്റെ പ്രയോജനം ലഭിച്ചു?

കഴിഞ്ഞ നാല് മാസത്തിനിടെ പട്ടികവർഗ്ഗ വിഭാഗക്കാർക്ക് ആശുപത്രികൾ ഉൾപ്പെടെ ചികിത്സാ ധനസഹായമായി 6,66,13,753 രൂപ (ആറ് കോടി അറുപത്തിയാറ് ലക്ഷത്തി പതിമൂന്നായിരത്തി എഴുന്നൂറ്റി അമ്പത്തി മൂന്ന് രൂപ മാത്രം) അനുവദിക്കുകയും 10819 പേർക്ക് പ്രയോജനം ലഭിക്കുകയും ചെയ്തിട്ടുണ്ട്.

(ഡി) ആശുപത്രികളിൽ പ്രവേശിപ്പിച്ച എത്ര എസ്.ടി. വിഭാഗക്കാർക്ക് കഴിഞ്ഞ നാല് മാസത്തിനിടയിൽ സൗജന്യ ചികിത്സ ഉറപ്പുവരുത്തിയിട്ടുണ്ട്?

ആശുപത്രികളിൽ പ്രവേശിപ്പിച്ച അർഹരായ മുഴുവൻ പട്ടികവർഗ്ഗ വിഭാഗക്കാർക്കും കഴിഞ്ഞ നാല് മാസത്തിനിടയിൽ സൗജന്യ ചികിത്സ ഉറപ്പുവരുത്തിയിട്ടുണ്ട്. അർഹരായ മുഴുവൻ പട്ടികവർഗ്ഗക്കാർക്കും കേരളത്തിലെ മുഴുവൻ സർക്കാർ ആശുപത്രികൾ, മെഡിക്കൽ കോളേജുകൾ, സർക്കാർ നിയന്ത്രണത്തിലുള്ള മെഡിക്കൽ കോളേജ്, മലബാർ കാൻസർ സെന്റർ, ആർ.സി.സി. തുടങ്ങിയവവഴി സൗജന്യ ചികിത്സ നൽകിവരുന്നുണ്ട്. അടിയന്തര സാഹചര്യങ്ങളിൽ സ്വകാര്യ ആശുപത്രികളിൽ ചികിത്സ തേടുന്ന പട്ടികവർഗ്ഗക്കാർക്ക് സർക്കാർ അനുമതിയോടുകൂടി ചികിത്സാ ധനസഹായം അനുവദിച്ചുവരുന്നു.

(ഇ) എസ്.സി./എസ്.ടി. വിഭാഗങ്ങൾക്കുള്ള ചികിത്സാ ധനസഹായം അനുവദിക്കുന്ന ഓൺലൈൻ സോഫ്റ്റ്‌വെയറിൽ എന്തെങ്കിലും മാറ്റം വരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകാമോ?

പട്ടികജാതി വിഭാഗങ്ങൾക്കുള്ള ചികിത്സാ ധനസഹായം അനുവദിക്കുന്ന ഓൺലൈൻ സോഫ്റ്റ്‌വെയറിൽ മാറ്റം വരുത്തിയിട്ടില്ല. പട്ടികവർഗ്ഗ വിഭാഗക്കാർക്ക് ചികിത്സാ ധനസഹായം അനുവദിക്കുന്നതിന് ഓൺലൈൻ സോഫ്റ്റ്‌വെയർ സംവിധാനം നിലവിൽ ആവിഷ്കരിച്ചിട്ടില്ല. ടി-ഗ്രാൻസ് എന്ന ആപ്ലിക്കേഷൻ മുഖേന ഓൺ ലൈനായി അപേക്ഷകൾ സമർപ്പിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

(എഫ്) അപേക്ഷ അപ് ലോഡ് ചെയ്താൽ ഒരാഴ്ചയ്ക്കുള്ളിൽ ധനസഹായം അക്കൗണ്ടിൽ നൽകാൻ നടപടി സ്വീകരിക്കുമോ; വകുപ്പിലെ ബ്ലോക്ക്, ജില്ലാ, സംസ്ഥാനതല ഉദ്യോഗസ്ഥർക്ക് അപേക്ഷകൾ സമയബന്ധിതമായി ഫോർവേർഡ് ചെയ്യാൻ നിർദേശം നൽകുമോ?

അപേക്ഷകൾ ബന്ധപ്പെട്ട രേഖകൾ സഹിതം സമർപ്പിക്കുമ്പോൾ ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ധനസഹായം സമയബന്ധിതമായി അക്കൗണ്ടിൽ നൽകാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. വകുപ്പിലെ ബ്ലോക്ക്/ ജില്ല/ സംസ്ഥാനതല ഉദ്യോഗ സ്ഥർക്ക് അപേക്ഷകൾ സമയബന്ധിതമായി ഫോർവേഡ് ചെയ്യാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

**പട്ടികജാതി-പട്ടികവർഗ്ഗ സഹകരണ സംഘങ്ങളുടെ പുനരുജ്ജീവനം**

104(850) ശ്രീ. സണ്ണി ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി, പട്ടികവർഗ്ഗ സഹകരണ സംഘങ്ങളുടെ പ്രവർത്തനം ഗോത്രമേഖലകളിൽ എത്രമാത്രം പ്രയോജനപ്പെടുന്നുണ്ടെന്ന് വിലയിരുത്തിയിട്ടുണ്ടോ?

പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങളുടെ പ്രവർത്തനം ഗോത്ര മേഖലകളിൽ എത്രമാത്രം പ്രയോജനപ്പെടുന്നുവെന്ന് പരിശോധിച്ചുവരുന്നു.

(ബി) നിഷ്ക്രിയമായ പട്ടികജാതി പട്ടികവർഗ്ഗ സഹകരണ സംഘങ്ങളുടെ പുനരുജ്ജീവനത്തിനായി പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

നിഷ്ക്രിയമായ പട്ടികജാതി സഹകരണ സംഘങ്ങളെ പുനരുജ്ജീവിപ്പി ക്കുന്നതുമായി ബന്ധപ്പെട്ട് "പുനർജ്ജനി" എന്ന പേരിൽ ഒരു പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കുന്നത് സഹകരണ വകുപ്പിന്റെ പരിഗണനയിലാണ്. സഹകരണ വകുപ്പിനു

കീഴിലുള്ള പട്ടികജാതി പട്ടികവർഗ്ഗ സംഘങ്ങളുടെ സമഗ്ര വികസനത്തിനും പരിശീലനത്തിനുമായുള്ള പദ്ധതി നിർദ്ദേശം ഫെഡറേഷൻ വഴി നടപ്പാക്കുന്നതിന് സഹകരണ സംഘം രജിസ്ട്രാർ മുഖേന സർക്കാരിന് സമർപ്പിച്ചിട്ടുള്ള പദ്ധതി നിർദ്ദേശം സഹകരണ വകുപ്പിന്റെ പരിഗണനയിലാണ്. ഈ പദ്ധതിയുടെ കീഴിൽ സംഘങ്ങളുടെ പ്രവർത്തന അടിസ്ഥാനത്തിൽ തരംതിരിച്ച് നിഷ്ക്രിയ സംഘങ്ങളുടെ പുനരുജ്ജീവനത്തിന് പ്രാധാന്യം നൽകിയിട്ടുണ്ട്. ഇതര വകുപ്പുകളുടെ കീഴിലുള്ള പട്ടികജാതി പട്ടികവർഗ്ഗ സംഘങ്ങളെയും ഈ പദ്ധതിയുടെ കീഴിൽ ഉൾപ്പെടുത്തുന്നതാണ്. ഈ പദ്ധതി കൊണ്ട് എണ്ണൂറോളം വരുന്ന പട്ടികജാതി-പട്ടികവർഗ്ഗ സഹകരണ സംഘങ്ങളുടെ ശാക്തീകരണവും അതുവഴിയുള്ള സാമ്പത്തിക സാമൂഹിക വളർച്ചയും നേടുന്നതോടൊപ്പം ഉദ്ദേശം പതിനായിരത്തോളം തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും ലക്ഷ്യമിടുന്നു.

### പട്ടികജാതി വികസന വകുപ്പിന് ബഡ്ജറ്റിൽ അനുവദിച്ച തുക

105(851) <u>ശ്രീ. എ. പി. അനിൽ കുമാർ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2020-21 സാമ്പത്തിക വർഷത്തിൽ ബഡ്ജറ്റിൽ ഉൾപ്പെടുത്തി പട്ടികജാതി വികസന വകുപ്പിന് എത്ര തുകയാണ് അനുവദിച്ചിട്ടുള്ളത്?

2020-21 സാമ്പത്തിക വർഷത്തിൽ പട്ടികജാതി വികസന വകുപ്പിന് സംസ്ഥാന പദ്ധതി വിഹിതമായി 1,41,779 ലക്ഷം രൂപയും കേന്ദ്ര വിഹിതമായി 22,440 ലക്ഷം രൂപയുമാണ് ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിരുന്നത്.

(ബി) 2021 മാർച്ച് 31 വരെ എത്ര രൂപയാണ് പട്ടികജാതി വികസന വകുപ്പ് ചെലവാക്കിയതെന്ന് വിശദമാക്കാമോ ?

2021 മാർച്ച് 31 വരെ (അധിക വകയിരുത്തലും റീ-അപ്രോപ്രിയേഷൻ തുകയും ഉൾപ്പെടെ) പട്ടികജാതി വികസന വകുപ്പ് സംസ്ഥാന പദ്ധതി വിഹിതത്തിൽ നിന്നും 1,24,788.01 ലക്ഷം രൂപയും കേന്ദ്രപദ്ധതി വിഹിതത്തിൽ നിന്നും 30562.77 ലക്ഷം രൂപയും ചെലവഴിച്ചിട്ടുണ്ട്.

### വാത്സല്യനിധി ഗോത്ര വാത്സല്യനിധി പദ്ധതികൾ

106(852) <u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളിലെ പെൺകുട്ടികളുടെ ഉന്നമനത്തിനായി വാത്സല്യനിധി, ഗോത്ര വാത്സല്യനിധി എന്നീ പേരുകളിൽ പദ്ധതികൾ നിലവിലുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളിലെ പെൺകുട്ടികളുടെ ഉന്നമനത്തിനായി വാത്സല്യനിധി, ഗോത്ര വാത്സല്യനിധി എന്നീ പേരുകളിൽ പദ്ധതികൾ നിലവിലുണ്ട്. പട്ടികജാതി പെൺകുട്ടികളുടെ ഉന്നമനത്തിനായി പട്ടികജാതി വികസന വകുപ്പും, എൽ.ഐ.സി. ഓഫ് ഇന്ത്യയും സംയുക്തമായി നടപ്പിലാക്കുന്ന വാത്സല്യനിധി പദ്ധതിക്ക് വകുപ്പ് 1,38,000 രൂപ നാല് ഗഡുക്കളായി പെൺകുട്ടികളുടെ പേരിൽ നിക്ഷേപിക്കുന്നു. പെൺകുട്ടിക്ക് 18 വയസ്സ് പൂർത്തിയാകുമ്പോൾ എൽ.ഐ.സി. 3,00,000 രൂപ ഇൻഷ്വർ ചെയ്യപ്പെട്ട പെൺകുട്ടിക്ക് നൽകുന്നു. 1-4-2017 മുതൽ ജനിച്ച പെൺകുട്ടികളെയാണ് ഈ പദ്ധതിയിലുൾപ്പെടുത്തിയിട്ടുള്ളത്. പെൺകുട്ടി ജനിച്ച് 9 മാസത്തിനുള്ളിൽ ബന്ധപ്പെട്ട ബ്ലോക്ക്; മുനിസിപ്പാലിറ്റി/ കോർപ്പറേഷൻ/പട്ടികജാതി വികസന ഓഫീസുകളിൽ അപേക്ഷ സമർപ്പിക്കണം. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

പട്ടികവർഗ്ഗവിഭാഗത്തിൽപ്പെട്ട പെൺകുട്ടികളുടെ ഉന്നമനത്തിനായി ഗോത്ര വാത്സല്യനിധി എന്ന പദ്ധതി നിലവിലുണ്ട്. പദ്ധതി സംബന്ധിച്ച മാർഗ്ഗനിർദ്ദേശം അംഗീകരിച്ച സർക്കാർ ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.* 1-4-2017 മുതൽ ജനിച്ച പട്ടികവർഗ്ഗ പെൺകുട്ടികളെ പട്ടികവർഗ്ഗ വികസന വകുപ്പ് എൽ.ഐ.സി. ഓഫ് ഇന്ത്യയിൽ 1,38,000 രൂപ സർക്കാർ വിഹിതമായി 4 ഗഡുക്കളായി അടയ്ക്കുകയും വാർഷികമായി ഇൻഷ്വറൻസ് പ്രീമിയം കിഴിവ് ചെയ്ത് ഇൻഷ്വർ ചെയ്യുന്നതുമാണ് പദ്ധതി. പട്ടികവർഗ്ഗ പെൺകുട്ടികൾക്ക് 2 വയസ്സ് പൂർത്തിയായി പ്രതിരോധ കുത്തിവയ്പ്പ് എടുത്ത് രേഖകൾ ഹാജരാക്കുമ്പോൾ മാതാപിതാക്കൾക്ക് 2,000 രൂപയും 5 വയസ് പൂർത്തിയായി സ്കൂളുകളിൽ/ അംഗൻവാടിയിൽ പേര് രജിസ്റ്റർ ചെയ്യുമ്പോൾ 3,000 രൂപയും പെൺകുട്ടിക്ക് 10 വയസ് പൂർത്തിയായി നാലാം ക്ലാസ്സിൽ പ്രവേശിക്കുമ്പോൾ 5000 രൂപയും പത്താം ക്ലാസ് പഠനം പൂർത്തിയാകുമ്പോൾ 10,000 രൂപയും ധനസഹായമായി ലഭിക്കുന്നു. പെൺകുട്ടിക്ക് 18 വയസ് പൂർത്തിയാകുമ്പോൾ മണിബാക്കായി നൽകിയ തുക കഴിഞ്ഞുള്ള തുക പലിശ സഹിതം ലംപ്സമായി ലഭിക്കുന്നു. അതേ സമയം എൽ.ഐ.സി. അധികൃതരുമായി വകുപ്പ് ഏർപ്പെട്ട കരാർ ഉടമ്പടിയിൽ പറയുന്ന പദ്ധതിയിൽനിന്നും ക്രേന്ദ സർക്കാരിന്റെ നയപരമായ തീരുമാന പ്രകാരം ടി പദ്ധതി എൽ.ഐ.സി. ഭേദഗതി ചെയ്തതിനാൽ കരാറിൽ ഏർപ്പെട്ട സമയത്തെ ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുകയില്ല. മേൽ സാഹചര്യത്തിൽ പദ്ധതി തുടരുന്ന വിഷയം പരിശോധിച്ചുവരുന്നു.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) പ്രസ്തുത പദ്ധതികളിൽ മണ്ണാർക്കാട് നിയോജകമണ്ഡലത്തിലെ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ട എത്ര പെൺകുട്ടികൾ ഉൾപ്പെട്ടിട്ടുണ്ട് എന്നതിന്റെ വിശദാംശം ലഭ്യമാക്കുമോ?

മണ്ണാർക്കാട് നിയോജകമണ്ഡലത്തിൽനിന്ന് 119 പട്ടികജാതി പെൺകുട്ടികളെ വാത്സല്യനിധി പദ്ധതിയിലും 450 പട്ടികവർഗ്ഗ പെൺകുട്ടികളെ ഗോത്ര വാത്സല്യനിധി പദ്ധതിയിലും ഇൻഷ്വർ ചെയ്തിട്ടുണ്ട്.

**അംബേദ്കർ ഗ്രാമം പദ്ധതി**

107(853) ശ്രീ. കെ. ബാബു (നെന്മാറ): താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അംബേദ്കർ ഗ്രാമം പദ്ധതിയിൽ നെന്മാറ നിയോജക മണ്ഡലത്തിലെ ഏതെല്ലാം പട്ടികവർഗ്ഗ കോളനികളെയാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഏത് വർഷമാണ് ഈ കോളനികളെ പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയതെന്ന് അറിയിക്കുമോ;

(സി) പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് നാളിതുവരെ എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തിയിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ഡി) പദ്ധതി എന്ന് പൂർത്തീകരിക്കാൻ കഴിയുമെന്ന് അറിയിക്കുമോ?

(എ-ഡി) 2017-18 വർഷം പട്ടികവർഗ്ഗ വികസന വകുപ്പിന്റെ അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതിയിൽ നെന്മാറ നിയോജക മണ്ഡലത്തിലെ ചപ്പക്കാട് പട്ടികവർഗ്ഗ കോളനി ഉൾപ്പെടുത്തിയിരുന്നു. ചപ്പക്കാട് കോളനിയിലേക്കുള്ള റോഡ് കോൺക്രീറ്റ്, സൈഡ് പ്രൊട്ടക്ഷൻ, ഹൗസ് റിപ്പയർ, കോമ്പൗണ്ട് വാൾ, കമ്മ്യൂണിറ്റി ഹാൾ നിർമ്മാണം എന്നീ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. 2020-21 വർഷം അംബേദ്കർ സെറ്റിൽമെന്റ് പദ്ധതിക്കായി നെന്മാറ നിയോജക മണ്ഡലത്തിൽനിന്നും സുങ്കം-കച്ചിത്തോട്, പൂപ്പാറ, പുല്ലുകാട് എന്നീ 3 കോളനികളെ തെരഞ്ഞെടുത്തിട്ടുണ്ട്. പദ്ധതി നടപ്പിലാക്കുന്നതിനായി നിർവ്വഹണ ഏജൻസിയെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## പട്ടികവർഗ്ഗ കുടുംബങ്ങളിലെ ഒരാൾക്കെങ്കിലും തൊഴിൽ

108(854) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പട്ടികവർഗ്ഗ കുടുംബങ്ങളിലെ അഭ്യസ്തവിദ്യരായ ഒരാൾക്കെങ്കിലും തൊഴിൽ നൽകുക എന്ന മുൻ സർക്കാരിന്റെ പ്രഖ്യാപനം പൂർത്തീകരിക്കാൻ സാധിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

പട്ടികവർഗ്ഗ കുടുംബങ്ങളിലെ ഒരാൾക്കെങ്കിലും സ്ഥിരവരുമാനമുള്ള തൊഴിൽ ലഭ്യമാക്കുകയെന്നത് സർക്കാരിന്റെ ലക്ഷ്യമാണ്. അതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

## പട്ടികജാതി, പട്ടികവർഗ്ഗത്തിൽപ്പെട്ട കുട്ടികൾക്ക് വിവാഹത്തിനുള്ള ധനസഹായം

109(855) ശ്രീ. മുഹമ്മദ് മുഹസിൻ: താഴെക്കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പട്ടികജാതി, പട്ടികവർഗ്ഗത്തിൽപ്പെട്ട കുട്ടികളുടെ വിവാഹത്തിന് ഏതെല്ലാം രീതിയിലുള്ള ധനസഹായങ്ങളാണ് നൽകിവരുന്നതെന്ന് വിശദമാക്കാമോ?

പട്ടികജാതി വിഭാഗം :

പട്ടികജാതി വികസന വകുപ്പ് മുഖാന്തരം പട്ടികജാതി വിഭാഗക്കാർ തമ്മിലുള്ള വിവാഹത്തിന് 75,000 രൂപ ധനസഹായം അനുവദിക്കുന്ന പദ്ധതി നിലവിലുണ്ട്. കൂടാതെ പട്ടികജാതിക്കാരും മറ്റ് ഇതര വിഭാഗക്കാരും തമ്മിലുള്ള മിശ്ര വിവാഹത്തിന് 75,000 രൂപ (എഴുപത്തി അയ്യായിരം രൂപ മാത്രം) ധനസഹായം അനുവദിച്ചുവരുന്നുണ്ട്. ഒരു ലക്ഷം രൂപയാണ് വരുമാന പരിധി. ആയതിന് അപേക്ഷയും അനുബന്ധ രേഖകളും ബന്ധപ്പെട്ട ബ്ലോക്ക്, മുൻസിപ്പാലിറ്റി, കോർപ്പറേഷൻ പട്ടികജാതി വികസന ഓഫീസിൽ സമർപ്പിക്കാവുന്നതാണ്.

പട്ടികവർഗ്ഗ വിഭാഗം:

നിർദ്ധനരായ പട്ടികവർഗ്ഗ പെൺകുട്ടികൾക്ക് 1,00,000 രൂപയും (ഒരുലക്ഷം രൂപ മാത്രം) അനാഥരായ പട്ടികവർഗ്ഗ പെൺകുട്ടികൾക്ക് 1,50,000 രൂപയും (ഒരു ലക്ഷത്തി അമ്പതിനായിരം രൂപ മാത്രം) വിവാഹ ധനസഹായമായി അനുവദിച്ചുവരുന്നു. ഒരു ലക്ഷം രൂപയാണ് വാർഷിക വരുമാന പരിധിയായി നിശ്ചയിച്ചിട്ടുള്ളത്.

## പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷന്റെ വനിതാ ശാക്തീകരണ പദ്ധതി

110(856) ശ്രീ. റോജി എം. ജോൺ: താഴെക്കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പട്ടികജാതി/പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ കുടുംബശ്രീ മിഷനുമായി ചേർന്ന് നടപ്പാക്കുന്ന വനിതാ ശാക്തീകരണ പദ്ധതി പ്രകാരം ആനുകൂല്യങ്ങൾ ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

പട്ടികജാതി/പട്ടികവർഗ്ഗത്തിൽപ്പെട്ട വനിതാ അംഗങ്ങൾ മാത്രം ഉൾപ്പെട്ട സ്വാശ്രയ സംഘങ്ങൾക്ക് വരുമാനദായകമായ സൂക്ഷ്മ/ലഘുസംരംഭങ്ങൾ ആരംഭിക്കുന്നതിനായി ഗ്രൂപ്പടിസ്ഥാനത്തിൽ വായ്പ നൽകുന്ന പദ്ധതിയാണിത്. സംസ്ഥാന സർക്കാർ ദേശീയ പട്ടികജാതി ധനകാര്യ വികസന കോർപ്പറേഷൻ (NSFDC), ദേശീയ പട്ടികവർഗ്ഗ ധനകാര്യ വികസന കോർപ്പറേഷൻ (NSTFDC) എന്നിവയുടെ പദ്ധതികളായ 'മഹിളാ സമൃദ്ധി യോജന', 'ആദിവാസി മഹിളാ സശാക്തീകരൻ യോജന' എന്നിവയുമായിച്ചേർന്ന് സംസ്ഥാന കുടുംബശ്രീ മിഷന്റെ സഹായത്തോടെ സംസ്ഥാനതല കാര്യനിർവ്വഹണ ഏജൻസിയായ കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ മുഖേനയാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത്.

യോഗ്യതാ മാനദണ്ഡങ്ങൾ

1. ഗുണഭോക്താക്കൾ:

   പട്ടികജാതി/ പട്ടികവർഗ്ഗത്തിൽപ്പെട്ട പരമാവധി സ്ത്രീ സംരംഭകർ ഉൾപ്പെട്ടതും കുടുംബശ്രീ വഴി രൂപീകൃതമായതുമായ സ്വയം സഹായസംഘങ്ങൾ അഥവാ അയൽക്കൂട്ടങ്ങളാണ് പദ്ധതിയുടെ ഗുണഭോക്താക്കൾ.

2. കുടുംബ വാർഷിക വരുമാന പരിധി :

   വായ്പ നൽകാൻ പരിഗണിക്കുന്ന അയൽക്കൂട്ടത്തിലെ ഓരോ അംഗത്തിന്റെയും കുടുംബ വാർഷിക വരുമാന പരിധി 3 ലക്ഷം രൂപയാണ്. ഇത് ഉറപ്പുവരുത്താനായി ഓരോ അംഗത്തിന്റെയും വരുമാന സർട്ടിഫിക്കറ്റ് പരിശോധിക്കുന്നതാണ്.

3. അംഗങ്ങളുടെ പ്രായപരിധി:

   അംഗങ്ങളുടെ പ്രായപരിധി 18-നും 55 വയസ്സിനുമിടയിൽ ആയിരിക്കണം.

4. ജാതി:

ഒരു സ്വയംസഹായ സംഘത്തിലെ/അയൽക്കൂട്ടത്തിലെ അംഗങ്ങളിൽ കുറഞ്ഞത് 80% പേരെങ്കിലും പട്ടികജാതി/ പട്ടികവർഗ്ഗത്തിൽ ഉൾപ്പെടുന്ന വരായിരിക്കണം. സംഘത്തിലെ ഓരോ അംഗത്തിന്റേയും ജാതി സർട്ടിഫിക്കറ്റ് പരിശോധിച്ച് ജാതി ഉറപ്പുവരുത്തേണ്ടതാണ്.

5. അംഗങ്ങളുടെ എണ്ണം:

ഒരു സ്വയം സഹായ സംഘത്തിലെ അംഗങ്ങളുടെ കുറഞ്ഞ എണ്ണം 5-ഉം കൂടിയ എണ്ണം 20-ഉം ആണ്.

6. ജാമ്യ വ്യവസ്ഥ:

സ്വയംസഹായ സംഘം വായ്പ ഉപയോഗിച്ച് ആർജ്ജിക്കുന്ന ആസ്തിയുടെ ഈടിന്മേലാണ് വായ്പ അനുവദിക്കുന്നത്. മറ്റ് ഉദ്യോഗസ്ഥ ജാമ്യമോ വസ്തു ജാമ്യമോ ഹാജരാക്കേണ്ടതില്ല.

7. ഗ്രേഡിംഗ്:

സംസ്ഥാന കുടുംബശ്രീ മിഷൻ വഴി തൃപ്തികരമായി ഗ്രേഡിംഗ് കഴിഞ്ഞ സ്വയം സഹായ സംഘങ്ങളെ മാത്രമേ കോർപ്പറേഷൻ വായ്പ നൽകുന്ന തിന് പരിഗണിക്കുകയുള്ളൂ.

8. തിരിച്ചടവ് കാലയളവ്:

വായ്പയുടെ തിരിച്ചടവ് കാലാവധി പട്ടികജാതിയിൽപ്പെട്ടവരുടെ സംഘ ങ്ങൾക്ക് 3 വർഷവും പട്ടികവർഗ്ഗത്തിൽപ്പെട്ടവരുടെ സംഘങ്ങൾക്ക് 4 വർഷവും ആയിരിക്കും.

9. പലിശനിരക്ക്:

വായ്പയുടെ പലിശ നിരക്ക് 5% ആണ്.

10. വായ്പാ നിബന്ധനകൾ പ്രകാരം ആവശ്യമായ മറ്റു രേഖകളും അപേക്ഷകൻ ഹാജരാക്കേണ്ടതാണ്.

## ഇരിക്കൂർ നിയോജകമണ്ഡലത്തിൽ അനുവദിച്ച പട്ടികജാതി വകുപ്പുമന്ത്രിയുടെ ദുരിതാശ്വാസ നിധി

111(857) ശ്രീ. സജീവ് ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരിക്കൂർ നിയോജകമണ്ഡലത്തിൽ പട്ടികജാതി വകുപ്പുമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്ന് 2016 മുതൽ 2021 വരെ എത്ര തുക അനുവദിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

ഇരിക്കൂർ നിയോജകമണ്ഡലത്തിൽ പട്ടികജാതി വകുപ്പുമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്ന് 2016 മുതൽ 2021 വരെ 25,37,500 രൂപ (ഇരുപത്തിയഞ്ച് ലക്ഷത്തി മുപ്പത്തിയേഴായിരത്തി അഞ്ഞൂറ് രൂപ മാത്രം) അനുവദിച്ചിട്ടുണ്ട്.

(ബി) ആയതിന്റെ പഞ്ചായത്തടിസ്ഥാനത്തിലുള്ള വിശദാംശം നൽകുമോ?

പഞ്ചായത്തടിസ്ഥാനത്തിലുള്ള വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(സി) എത്ര അപേക്ഷകൾക്ക് എത്ര തുക വീതം അനുവദിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്*

## മങ്കടയിലെ ഭവനരഹിതരായ എസ്.സി./എസ്.ടി. കുടുംബങ്ങൾ

112(858) ശ്രീ. മഞ്ഞളാംകുഴി അലി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട നിയോജകമണ്ഡലത്തിൽ ഭവനരഹിതരായ എത്ര പട്ടികജാതി, പട്ടികവർഗ്ഗ കുടുംബങ്ങളാണ് നിലവിലുള്ളതെന്നും ഇതിൽ ഭൂരഹിതരായ എത്രപേരുണ്ടെന്നുമുള്ള വിവരം പഞ്ചായത്ത് അടിസ്ഥാനത്തിൽ നൽകാമോ?

മങ്കടപഞ്ചായത്തിൽ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഒരാൾ ഭവനരഹിതനായുണ്ട്. ടിയാൻ ലൈഫ് മിഷൻ പദ്ധതിയുടെ മുൻഗണനാ പട്ടികയിൽ ഉൾപ്പെട്ടിട്ടുണ്ട്. പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരുടെ വിശദാംശം ചുവടെ ചേർക്കുന്നു :

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

| ക്രമ നമ്പർ | പഞ്ചായത്ത് | ഭവന രഹിതർ | ഭൂരഹിതർ |
|---|---|---|---|
| 1. | കുറുവ | 160 | 90 |
| 2. | കൂടിലങ്ങാടി | 120 | 70 |
| 3 . | മൂർക്കനാട് | 188 | 110 |
| 4. | മങ്കട | 150 | 60 |
| 5 . | പുഴക്കാട്ടിരി | 98 | 60 |
| 6 . | മക്കരപറമ്പ് | 16 | 06 |

(ബി) ഇവരിൽ എത്ര പേർ ലൈഫ് മിഷൻ പദ്ധതിയുടെ മുൻഗണനാ പട്ടികയിൽ ഉൾപ്പെട്ടിട്ടുണ്ട്; എത്രപേർ ഉൾപ്പെട്ടിട്ടില്ല; വിശദാംശം ലഭ്യമാക്കാമോ?

പട്ടികജാതി വിഭാഗത്തിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പഞ്ചായത്ത് | ലൈഫ് പട്ടികയിൽ ഉൾപ്പെട്ടവർ | ലൈഫ് പട്ടികയിൽ ഉൾപ്പെടാത്തവർ |
|---|---|---|---|
| 1. | കുറുവ | 65 | 170 |
| 2. | കൂടിലങ്ങാടി | 36 | 24 |
| 3. | മൂർക്കനാട് | 59 | 52 |
| 4. | മങ്കട | 60 | 70 |
| 5. | പുഴക്കാട്ടിരി | 44 | 70 |
| 6. | മക്കരപറമ്പ് | 38 | 82 |

(സി) കഴിഞ്ഞ സർക്കാരിന്റെ കാലത്തും ഈ സർക്കാരിന്റെ കാലത്തുമായി എത്ര പട്ടികജാതി, പട്ടികവർഗ്ഗ കുടുംബങ്ങളുടെ ഭവനനിർമ്മാണം പ്രസ്തുത മണ്ഡലത്തിൽ പൂർത്തീകരിച്ചിട്ടുണ്ടെന്ന വിവരം പഞ്ചായത്ത് അടിസ്ഥാനത്തിൽ ലഭ്യമാക്കുമോ?

കഴിഞ്ഞ സർക്കാരിന്റെ കാലത്ത് മങ്കട നിയോജകമണ്ഡലത്തിൽ ഒരു പട്ടികവർഗ്ഗ കുടുംബത്തിന്റെ ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പഞ്ചായത്ത് | ഭവന നിർമ്മാണം പൂർത്തീകരിച്ചവരുടെ എണ്ണം |
|---|---|---|
| 1. | കുറുവ | 22 |
| 2. | കൂട്ടിലങ്ങാടി | 18 |
| 3. | മൂർക്കനാട് | 32 |
| 4. | മങ്കട | 33 |
| 5. | പുഴക്കാട്ടിരി | 18 |
| 6. | മക്കരപറമ്പ് | 18 |

### ദേവസ്വം ഭൂമിയിലെ റോഡുകൾക്ക് ഫണ്ട് അനുവദിക്കുന്നത്

113(859) ശ്രീ. അൻവർ സാദത്ത്: താഴെക്കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ ദേവസ്വം ബോർഡുകളുടെ കീഴിലുള്ള ക്ഷേത്രങ്ങളുടെ മതിൽ കെട്ടിനുപുറമെയുള്ള ബോർഡുവക ഭൂമിയിലൂടെയുള്ള റോഡുകൾ ബോർഡിന്റെ അനുമതിയോടെ ഭക്തജനങ്ങളുടെ സൗകര്യാർത്ഥം സഞ്ചാരയോഗ്യമാക്കുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതം, എം.എൽ.എ.-മാരുടെ പ്രാദേശിക വികസന ഫണ്ട് എന്നിവയിൽനിന്നും പണമനുവദിക്കുന്നതിന് അനുമതിയുണ്ടോയെന്ന് വ്യക്തമാക്കാമോ?

സംസ്ഥാനത്തെ ദേവസ്വം ബോർഡുകളുടെ കീഴിലുള്ള ക്ഷേത്രങ്ങളുടെ മതിൽ ക്കെട്ടിന് പുറമെയുള്ള ബോർഡുവക ഭൂമിയിലൂടെയുള്ള റോഡുകൾ ബോർഡിന്റെ അനുമതിയോടെ ഭക്തജനങ്ങളുടെ സൗകര്യാർത്ഥം സഞ്ചാരയോഗ്യമാക്കുന്നതിന്

എം.എൽ.എ.-മാരുടെ പ്രാദേശിക വികസന ഫണ്ടിൽനിന്നും തുക അനുവദിക്കുന്നത് 29-12-2017-ലെ സ.ഉ.(അച്ചടി) നമ്പർ 161/2017/ധന നമ്പർ ഉത്തരവിലെ മാർഗ്ഗരേഖ പ്രകാരം അനുവദനീയമല്ല. ടി ആവശ്യത്തിന് തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതത്തിൽനിന്ന് തുക അനുവദിക്കാമോയെന്നത് സംബന്ധിച്ച വിവരം ശേഖരിച്ചുവരുന്നു.

**ദേവസ്വം വരുമാനം വർദ്ധിപ്പിക്കൽ**

114(860) ശ്രീ. മാണി സി. കാപ്പൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കോവിഡ് -19 മഹാമാരി തുടരുന്ന സാഹചര്യത്തിൽ ഭൂരിഭാഗം ക്ഷേത്രങ്ങളിലും ഭക്തജനങ്ങൾക്ക് നിയന്ത്രണം ഏർപ്പെടുത്തിയിരിക്കുന്നതിനാൽ ദേവസ്വം വരുമാനത്തിൽ വൻ കുറവുണ്ടായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) സംസ്ഥാനത്ത് കോവിഡ് -19 മൂന്നാം തരംഗ സാധ്യത നിലനിൽക്കുന്ന സാഹചര്യത്തിൽ ദേവസ്വം വരുമാനം വർദ്ധിപ്പിക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്; വിശദമാക്കുമോ?

ദേവസ്വം ബോർഡുകളുടെ നിലവിലെ പ്രവർത്തനങ്ങൾ അവലോകനം ചെയ്യുന്നതിനും കൂടുതൽ കാര്യക്ഷമമാക്കുന്നതിനും ദേവസ്വം ബോർഡുകൾ നേരിടുന്ന സാമ്പത്തിക പ്രതിസന്ധിക്ക് പരിഹാരം കാണുന്നതിനുമായി 13-7-2021-ൽ ദേവസ്വം വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ദേവസ്വം ബോർഡ് പ്രസിഡന്റുമാരുടെ സംയുക്ത യോഗം ചേർന്നിരുന്നു. പ്രസ്തുത യോഗത്തിൽ ദേവസ്വം ബോർഡുകളുടെ പക്കൽ ഉപയോഗിക്കാതെ കിടക്കുന്ന ഭൂമി ക്ഷേത്രാവശ്യങ്ങൾക്കായി പരമാവധി ഉപയോഗപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിന് തീരുമാനമെടുക്കുകയും ദേവസ്വം ബോർഡുകളുടെ ഭൂമിയിൽ വാണിജ്യ ഉദ്ദേശ്യത്തോടുകൂടിയ കെട്ടിട സമുച്ചയവും ഷോപ്പിംഗ് കോംപ്ലക്സും നിർമ്മിച്ച് വരുമാനം കണ്ടെത്തുന്നതിനുള്ള പദ്ധതികൾ ദേവസ്വം ബോർഡുകൾ ആസൂത്രണം ചെയ്ത് വരുകയും ചെയ്യുന്നുണ്ട്. ഇതുകൂടാതെ വിവിധ ദേവസ്വം ബോർഡുകൾ വരുമാനം വർദ്ധിപ്പിക്കുന്നതിനായി സ്വീകരിച്ചുവരുന്ന നടപടികൾ ചുവടെ ചേർക്കുന്നു. തിരുവിതാംകൂർ ദേവസ്വം ബോർഡിലെ ക്ഷേത്രങ്ങളോടനുബന്ധിച്ചുള്ള ഭൂമിയിൽ അതാത് പ്രദേശത്തിന് അനുയോജ്യമായ കൃഷികൾ ചെയ്യുന്നതിന് ബോർഡ് തീരുമാനമെടുത്തിട്ടുണ്ട്.

കൊച്ചിൻ ദേവസ്വം ബോർഡിൽ വഴിപാട് വരുമാനം വർദ്ധിപ്പിക്കുന്നതിനായി ഓൺലൈൻ വഴിപാട് ബുക്കിംഗ്, മൊബൈൽ ആപ്പ് വഴിയുള്ള വഴിപാട് ബുക്കിംഗ്, UPID മുഖേനയുള്ള വഴിപാട് ബുക്കിംഗ് എന്നിവ ഏർപ്പെടുത്തിയിട്ടുണ്ട്. ഗുരുവായൂർ ദേവസ്വത്തിൽ ഓൺലൈൻ വഴിപാടുകൾ നടത്താനുള്ള സംവിധാനം ഏർപ്പെടുത്തുക വഴിയും സ്പെഷ്യൽ ദർശനത്തിന് നിലവിലുണ്ടായിരുന്ന സംവിധാനം കൂടുതൽ ജനകീയമാക്കി ഇടനിലക്കാരെ നിയന്ത്രിച്ച് ഭക്തരുടെ കാണിക്ക മുഴുവൻ ക്ഷേത്രത്തിന് ലഭ്യമാക്കിയത് വഴിയും വിവിധ വഴിപാടുകൾ, തുലാഭാരം എന്നിവയുടെ നിരക്ക് കാലാനുസൃതമായി പുതുക്കിയത് വഴിയും വരുമാനം വർദ്ധിപ്പിക്കാൻ സാധിച്ചു. കൂടാതെ ചെലവ് ചുരുക്കുന്നതിനായി ഗുരുവായൂർ ക്ഷേത്രത്തിലേക്കാവശ്യമായ പാൽ, വെണ്ണ, നെയ്, തൈര് എന്നിവ ഉൽപാദിപ്പിക്കുവാൻ നല്ലയിനം പശുക്കളെ വളർത്തുകയും അവയുടെ തീറ്റയ്ക്കായി പച്ചപ്പുൽ വളർത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുകയും ചെയ്യുന്നു. കൂടൽമാണിക്യം ദേവസ്വത്തിന്റെ ഭൂമികളിൽ നാണ്യവിളകളും പച്ചക്കറികളും കൃഷി ചെയ്യുന്നതിനുള്ള പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ട്. കൂടാതെ കൂടൽമാണിക്യം ദേവസ്വത്തിന്റെ ഭൂമിയിൽ മൂന്ന് നിലകളുള്ള സംഗമേശ്വര കോംപ്ലക്സ് നിർമ്മിച്ച് വാടകയ്ക്ക് നൽകിയിട്ടുണ്ട്. കൂടൽമാണിക്യം ദേവസ്വത്തിന്റെ കീഴിലുള്ള മറ്റ് ഒഴിഞ്ഞുകിടക്കുന്ന ഭൂമികളിലും ഇത്തരത്തിൽ ദേവസ്വത്തിന് സാമ്പത്തിക ബാധ്യത വരാത്ത വിധത്തിൽ വാണിജ്യ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനുള്ള നടപടികളും പുരോഗമിച്ചുവരുന്നു. ദേവസ്വം ഭൂമിയിലെ കുളങ്ങളിൽ താമരപ്പൂവ് കൃഷി ചെയ്യുന്നതിനുള്ള നടപടികളും ഊർജ്ജ സ്വയംപര്യാപ്തതയ്ക്കായി ദേവസ്വം ഭൂമിയിൽ സോളാർ പാനലുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള പ്രധാന ക്ഷേത്രങ്ങളിൽ ഓൺലൈൻ വഴിപാട് ബുക്കിംഗ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ വഴിപാട്/ വഴിപാടിതര വരുമാനം വർദ്ധിപ്പിക്കുന്നതിനായി മൂന്നുവർഷ കാലയളവിനുള്ളിൽ വഴിപാട് നിരക്ക് വർദ്ധിപ്പിച്ചിട്ടില്ലാത്ത ക്ഷേത്രങ്ങളിലെ വഴിപാട് നിരക്ക് കാലാനുസൃതമായി വർദ്ധിപ്പിക്കുന്നതിനും വർഷങ്ങളായി വാടക പുതുക്കി നിശ്ചയിച്ചിട്ടില്ലാത്ത ക്ഷേത്രങ്ങളുടെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളുടെയും പീടികമുറികളുടെയും വാടക നിരക്ക് അതത് പ്രദേശത്ത് നിയമാനുസൃതം നിശ്ചയിക്കപ്പെട്ടിട്ടുള്ള വാടക നിരക്ക് അടിസ്ഥാനപ്പെടുത്തി റിവൈസ് ചെയ്യുന്നതിനും തരിശായി കിടക്കുന്ന ഭൂമി കൃഷി, വാണിജ്യ ആവശ്യങ്ങൾക്ക് ഉപയോഗപ്പെടുത്തുന്നതിനുള്ള സാധ്യത പരിശോധിക്കുന്നതിനും അതാത് ക്ഷേത്ര ഭരണാധികാരികൾക്ക് മലബാർ ദേവസ്വം ബോർഡ് നിർദ്ദേശം നൽകിയിട്ടുണ്ട്.

**ക്ഷേത്രങ്ങളിലെ മോഷണം**

115(861) ശ്രീ. കെ. ജെ. മാക്സി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ദേവസ്വങ്ങളുടെ കീഴിലുള്ള ക്ഷേത്രങ്ങളിൽനിന്നും ഇതര ക്ഷേത്രങ്ങളിൽനിന്നും സ്വർണ്ണം, വെള്ളി, മറ്റാഭരണങ്ങൾ എന്നിവ മോഷണം പോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ബി) കഴിഞ്ഞ അഞ്ച് വർഷക്കാലയളവിൽ ഓരോ വർഷവും എത്ര ക്ഷേത്രങ്ങളിൽ മോഷണം നടന്നു; വിശദാംശം ലഭ്യമാക്കുമോ;

(സി) പ്രസ്തുതകാലയളവിൽ മോഷണ വസ്തുക്കളിൽ തിരികെ ലഭ്യമായത് എത്രയെന്നും വിവിധ കോടതികളിലായുള്ളവ എത്രയെന്നും അറിയിക്കുമോ; വിശദാംശം ലഭ്യമാക്കുമോ;

(ഡി) പ്രസ്തുത കാലയളവിൽ വിവിധ ക്ഷേത്രങ്ങളിലായി എത്ര പണം മോഷണം പോയിട്ടുണ്ട്; ജീവനക്കാരാൽ നഷ്ടപ്പെട്ട തുകയും മറ്റുള്ളവയും എത്രയെന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകുമോ?

(എ-ഡി) വിവരം ശേഖരിച്ചു വരുന്നു.

**ശബരിമല ഇടത്താവളം പ്രോജക്ട്, ശബരിമല മാസ്റ്റർ പ്ലാൻ പ്രവൃത്തികൾ**

116(862) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേവസ്വം വകുപ്പിന്റെ കീഴിൽ നടന്നുവരുന്ന ശബരിമല ഇടത്താവളം പ്രോജക്ട്, ശബരിമല മാസ്റ്റർപ്ലാൻ പ്രവൃത്തികളുടെ വിശദാംശം നൽകുമോ?

ദേവസ്വം വകുപ്പിന്റെ കീഴിൽ നടന്നുവരുന്ന ശബരിമല ഇടത്താവളം പ്രോജക്ടിൽ ചുവടെ വിവരിക്കും പ്രകാരം 118.35 കോടി രൂപയുടെ പദ്ധതികളാണുള്ളത്.

| ക്രമ നമ്പർ | ഇടത്താവളം | അടങ്കൽ തുക |
|---|---|---|
| 1. | കഴക്കൂട്ടം ഇടത്താവളം | 9,61,33,491 |
| 2. | നിലയ്ക്കൽ | 39,79,87,952 |
| 3. | എരുമേലി | 14,44,57,653 |
| 4. | ചെങ്ങന്നൂർ | 10,47,34,375 |
| 5. | ചിറങ്ങര | 10,75,54,900 |
| 6. | മണിയൻ കോട് | 10,12,27,483 |
| 7. | ശുകപുരം | 8,58,21,074 |

കിഫ്ബിയുടെ ധനസഹായത്തോടെ നടപ്പിലാക്കുന്ന ശബരിമല ഇടത്താവളം പദ്ധതികൾക്ക് തിരുവിതാംകൂർ ദേവസ്വം ബോർഡിനെ എസ്.പി.വി. ആയും എൻ.ബി.സി.സി.-യെ പി.എം.സി. ആയും ചുമതലപ്പെടുത്തിയിട്ടുണ്ട്. ശബരിമല മാസ്റ്റർപ്ലാൻ പദ്ധതി ബഹു.ഹൈക്കോടതി ചുമതലപ്പെടുത്തിയ ഹൈപവർ കമ്മിറ്റിയാണ് നിർവ്വഹിക്കുന്നത്. പദ്ധതിക്ക് പ്രതിവർഷം സർക്കാർ ധനസഹായം നല്കിവരുന്നു. നാളിതുവരെ 134.35 കോടി രൂപ പ്രസ്തുത പദ്ധതിക്കായി ചെലവഴി ച്ചിട്ടുണ്ട്. ഈ വർഷം 28 കോടി രൂപ സംസ്ഥാന ബഡ്ജറ്റിലെ പ്ലാൻ ഫണ്ടിൽ വകയിരുത്തിയിട്ടുണ്ട്. മാസ്റ്റർ പ്ലാൻ അനുസരിച്ചുള്ള ഒരു ലേ-ഔട്ട് പ്ലാൻ തയ്യാറാക്കുന്നതിന് തിരുവനന്തപുരം എഞ്ചിനീയറിംഗ് കോളേജിനെ ചുമതലപ്പെടു ത്തിയിട്ടുണ്ട്. മാസ്റ്റർപ്ലാൻ അനുസരിച്ചുള്ള ചുവടെ വിവരിക്കുന്ന നാല് വർക്കുകൾ ഇപ്പോൾ നടന്നു വരുന്നു.

1. ഭസ്മക്കുളം അപ്ഗ്രഡേഷൻ
2. സന്നിധാനം ബയോ പ്ലാന്റ്
3. സന്നിധാനം ഡ്രിങ്കിംഗ് വാട്ടർ ഫൗണ്ടൻ
4. ഇൻഫ്രാസ്ട്രക്ചർ ഫോർ പോലീസ് ആൻഡ് കെ.എസ്.ആർ.ടി.സി പേഴ്സണൽ.

(ബി) ശബരിമല മാസ്റ്റർപ്ലാനിൽ പ്രവൃത്തികളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് വനംവകുപ്പിന്റെ അനുമതി ലഭ്യമാകാത്ത പദ്ധതികൾ ആരംഭിക്കുന്നതിന് സ്വീകരി ക്കുന്ന നടപടികൾ വിശദമാക്കാമോ?

ശബരിമലയിൽ വനം വകുപ്പുമായി നിലവിലുള്ള ഭൂമി സംബന്ധിച്ച തർക്കങ്ങൾ പരിഹരിക്കുന്നതിന് 28-6-2021 ന് ബഹു. വനം വകുപ്പുമന്ത്രിയുടെ സാന്നിദ്ധ്യത്തിലും ദേവസ്വം മന്ത്രിയുടെ അദ്ധ്യക്ഷതയിലും യോഗം ചേർന്നിരുന്നു. പ്രസ്തുത യോഗത്തിൽ 29-6-2021-ന് വനം, ദേവസ്വം പ്രിൻസിപ്പൽ സെക്രട്ടറിമാരുടെ ഉദ്യോഗസ്ഥ തലത്തിലുള്ള സംയുക്ത യോഗം ചേർന്ന് തീരുമാനം കൈക്കൊള്ളാൻ നിർദ്ദേശിച്ചിരുന്നു. ഇതിനെത്തുടർന്ന് 29-6-2021-നും 9-7-2021-നും 19-7-2021-നും പ്രിൻസിപ്പൽ സെക്രട്ടറിമാരുടെ തലത്തിൽ യോഗം ചേർന്നിരുന്നു. തുടർന്ന് 2-8-21-ന് ബഹു. വനം വകുപ്പുമന്ത്രിയുടെ സാന്നിദ്ധ്യത്തിലും ദേവസ്വം മന്ത്രിയുടെ അദ്ധ്യക്ഷതയിലും യോഗം ചേർന്ന് ശബരിമല വികസനത്തിനാവശ്യമായ ഭൂമി വിട്ട് നൽകുന്നതിന് എതിർപ്പില്ലെന്ന് ബഹു. ഹൈക്കോടതി മുമ്പാകെ അറിയിക്കുന്നതിന് തീരുമാനമെടുത്തു. ബഹു.ഹൈക്കോടതിയുടെ നിർദ്ദേശ പ്രകാരം ശബരിമലയിൽ വനം വകുപ്പിന്റെ തർക്കം നിലനിൽക്കുന്ന പ്രദേശത്തിന്റെ സർവ്വേ നടപടികൾ അഡ്വക്കേറ്റ് കമ്മീഷണറും സർവ്വേ ഡിപ്പാർട്ട്മെന്റും സംയുക്തമായി ചെയ്തുവരികയാണ്. സർവ്വേ നടപടികൾ പൂർത്തിയായാലുടൻ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു.

### എരുമേലിയിലെ ശബരിമല ഇടത്താവള പദ്ധതി

117(863) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമല ഇടത്താവള പദ്ധതിയിൽ ഉൾപ്പെടുത്തി എരുമേലിയിൽ നടപ്പിലാക്കുന്ന ഇടത്താവള പദ്ധതി ഇപ്പോൾ ഏത് ഘട്ടത്തിലാണ്?

എരുമേലിയിൽ നടപ്പിലാക്കുന്ന ശബരിമല ഇടത്താവളം പദ്ധതിയുടെ നിർമ്മാണം ആരംഭിക്കുന്നതിനാവശ്യമായ ടെണ്ടർ നടപടികൾ പൂർത്തിയായി. നിർമ്മാണ സ്ഥലത്തെ നീക്കം ചെയ്യേണ്ട പഴയ കെട്ടിടങ്ങൾ പൊളിക്കുന്ന ജോലി പുരോഗമിച്ചുവരുന്നു.

(ബി) പ്രസ്തുത പദ്ധതി എന്നത്തേക്ക് ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദാംശം വ്യക്തമാക്കുമോ?

ഒക്ടോബർ മാസം ആദ്യവാരം എൻ.ബി.സി.സി-യ്ക്ക് പദ്ധതിയുമായി ബന്ധപ്പെട്ട സ്ഥലം കൈമാറുന്നതോടെ ഒക്ടോബർ മാസം രണ്ടാംവാരം പദ്ധതി ആരംഭിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

**ക്ഷേത്രകലാ പഠനം**

118(864) ശ്രീ. വി. ജോയി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ കീഴിലുള്ള ക്ഷേത്രകലാ പീഠത്തിൽനിന്നും ക്ഷേത്രകലകൾ പഠിച്ച് വിജയിച്ചിട്ടുള്ള കലാകാരന്മാർക്ക് ദേവസ്വം ബോർഡിനുകീഴിലുള്ള ക്ഷേത്രങ്ങളിൽ ജോലി ലഭിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ നടപടി സ്വീകരിക്കുമോ?

തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ കീഴിലുള്ള ക്ഷേത്രകലാപീഠത്തിൽ നിന്നും ക്ഷേത്രകലകൾ പഠിച്ച് വിജയിച്ചിട്ടുള്ള കലാകാരന്മാർക്ക് ബോർഡിലെ ബന്ധപ്പെട്ട തസ്തികകളിലേക്കുള്ള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് വഴിയുള്ള നിയമനങ്ങളിൽ 80% സംവരണം നൽകുന്നതിന് തിരുവിതാംകൂർ ബോർഡ് തീരുമാനമെടുത്തിട്ടുണ്ട്.

(ബി) ടി ക്ഷേത്ര കലാപീഠത്തിൽ പഠിപ്പിക്കുന്ന വാദ്യ-നാട്യ കലകൾ ഏതെല്ലാമെന്ന് വിശദമാക്കാമോ?

പഞ്ചവാദ്യം, തകിൽ, നാദസ്വരം എന്നീ കലകൾ ക്ഷേത്ര കലാപീഠത്തിൽ പഠിപ്പിക്കുന്നു.

**ദേവസ്വം ബോർഡുകൾക്ക് കീഴിൽ പ്രവർത്തിക്കുന്ന ക്ഷേത്രങ്ങളിലെ ജീവനക്കാർ**

119(865) ശ്രീ. എം. രാജഗോപാലൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ വിവിധ ദേവസ്വം ബോർഡുകൾക്ക് കീഴിൽ എത്ര ക്ഷേത്രങ്ങളുണ്ടെന്നും ഈ ക്ഷേത്രങ്ങളിൽ എത്ര ജീവനക്കാരുണ്ടെന്നും വ്യക്തമാക്കാമോ?

വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള വരുമാനം തീരെ കുറഞ്ഞ ക്ഷേത്രങ്ങളിൽ എത്രപേർ ജോലി ചെയ്യുന്നുണ്ടെന്നും ഇവർക്കായി ശമ്പള ഇനത്തിൽ എത്ര തുകയാണ് പ്രതിവർഷം ചെലവഴിക്കുന്നതെന്നും വ്യക്തമാക്കാമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള വരുമാനം തീരെ കുറഞ്ഞ ക്ഷേത്രങ്ങളിൽ ആകെ 2745 ജീവനക്കാരുണ്ട്. ഇത്രയും ജീവനക്കാർക്ക് ശമ്പളം നൽകുന്നതിനായി 2020-21 സാമ്പത്തിക വർഷം ആകെ 34,91,86,372 രൂപ ചെലവഴിച്ചിട്ടുണ്ട്.

## എരുമേലി മുക്കൂട്ടുതറ ശ്രീകൃഷ്ണസ്വാമി ക്ഷേത്രക്കുള നവീകരണം

120(866) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമല തീർത്ഥാടന പാതയിലെ ഇടത്താവളമായ എരുമേലി മുക്കൂട്ടുതറ തിരുവമ്പാടി ശ്രീകൃഷ്ണസ്വാമി ക്ഷേത്രത്തിലെ ജീർണ്ണാവസ്ഥയിലായ ക്ഷേത്രക്കുളം സർക്കാരിന്റെ കാവുകളും കുളങ്ങളും സംരക്ഷിക്കുന്ന പദ്ധതിയിലുൾപ്പെടുത്തി നവീകരിക്കുന്നതിനായി ക്ഷേത്ര ഭരണസമിതിയും എരുമേലി ഗ്രാമപഞ്ചായത്തും സമർപ്പിച്ചിരുന്ന അപേക്ഷയിന്മേൽ നടപടി സ്വീകരിച്ചിട്ടുണ്ടോ?

(ബി) ഇല്ലെങ്കിൽ, പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി ടി ക്ഷേത്രക്കുളം നവീകരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

(എ&ബി) എരുമേലി മുക്കൂട്ടുതറ ശ്രീകൃഷ്ണസ്വാമി ക്ഷേത്രം തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ അധീനതയിലുള്ള ക്ഷേത്രമല്ലെന്നും പ്രസ്തുത ക്ഷേത്രത്തിലെ കുളം നവീകരണവുമായി ബന്ധപ്പെട്ട് അപേക്ഷകളൊന്നും ലഭിച്ചിട്ടില്ലെന്നും തിരുവിതാംകൂർ ദേവസ്വം ബോർഡ് അറിയിച്ചിട്ടുണ്ട്. കുളം നവീകരണത്തിനായി അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് പരിശോധിച്ച് തുടർ നടപടി സ്വീകരിക്കുന്നതാണ്.

## എരുവ ശ്രീകൃഷ്ണസ്വാമി ക്ഷേത്രം പുനരുദ്ധാരണം

121(867) ശ്രീമതി യു. പ്രതിഭ: താഴെക്കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കായംകുളം നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ട എരുവ ശ്രീകൃഷ്ണസ്വാമി ക്ഷേത്രത്തിലെ പാത്രക്കുളത്തിന്റെ പുനരുദ്ധാരണവുമായി ബന്ധപ്പെട്ട പദ്ധതികളുടെ നിലവിലുള്ള പുരോഗതി വിശദമാക്കാമോ?

എരുവ ദേവസ്വത്തിലെ പാത്രക്കുളം പുനർനിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട് തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ മേൽനോട്ടത്തിൽ ക്ഷേത്രോപദേശക സമിതിയുടെ പൂർണ്ണ ചെലവിൽ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ച് ഭാഗികമായി പൂർത്തീകരിച്ചിട്ടുണ്ട്. തുടർന്നുള്ള നിർമ്മാണ പ്രവർത്തനങ്ങൾ കോവിഡ്-19 മഹാമാരിമൂലം മന്ദഗതിയിലായെങ്കിലും നിർമ്മാണം അടിയന്തരമായി പൂർത്തീകരിക്കാനുള്ള നടപടികൾ തിരുവിതാംകൂർ ദേവസ്വം ബോർഡ് സ്വീകരിച്ചു വരുന്നു.

## ക്ഷേത്രകലാ അക്കാദമി

122(868) ശ്രീ. എം. വിജിൻ: താഴെക്കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മലബാർ ദേവസ്വം ബോർഡിനുകീഴിൽ കല്ല്യാശ്ശേരി മണ്ഡലത്തിലെ മാടായിക്കാവിൽ പ്രവർത്തിക്കുന്ന ക്ഷേത്രകലാ അക്കാദമിക്ക് ആസ്ഥാന മന്ദിരം നിർമ്മിക്കുന്നതിനും അനുബന്ധ പ്രവർത്തനങ്ങൾക്കുമായി സ്ഥലം ലഭ്യമാക്കുന്നതിനുള്ള നടപടി പൂർത്തിയായിട്ടുണ്ടോ; വിശദമാക്കാമോ?

മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്രകലാ അക്കാദമിക്ക് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനായി, മാടായി തിരുവർക്കാട്ട്കാവ് ദേവസ്വത്തിന്റെ ഉടമസ്ഥതയിലുള്ള ഭൂമി ഹിന്ദുമത ധർമ്മ സ്ഥാപന നിയമം സെക്ഷൻ 29 പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ച് പാട്ടത്തിന് എടുക്കുന്നതിന്, 15-1-2021-ൽ കൂടിയ മലബാർ ദേവസ്വം ബോർഡ് യോഗം ബോർഡ് കമ്മീഷണറെ ചുമതലപ്പെടുത്തി. പാട്ടത്തിനെടുക്കാൻ ഉദ്ദേശിക്കുന്ന ഭൂമിയുടെ, വില്ലേജ് ഓഫീസർ നൽകിയ അടങ്കൽ പകർപ്പ്, സ്കെച്ച്, സൈറ്റ് പ്ലാൻ തുടങ്ങിയ രേഖകൾ ലഭ്യമാക്കിയതിനുശേഷം, ശ്രീമാടായി തിരുവർക്കാട്ട്കാവ് ദേവസ്വം വക 50 സെന്റ് സ്ഥലം ക്ഷേത്രകലാ അക്കാദമിക്ക് 30 വർഷകാലത്തേയ്ക്ക് പാട്ടവ്യവസ്ഥയിൽ നൽകുന്നതിനുള്ള ശിപാർശ നടപ്പിലാക്കുന്നതിൽ ഭക്തജനങ്ങളുടേയും പൊതുജനങ്ങളുടേയും ആക്ഷേപാഭിപ്രായങ്ങൾ അറിയിക്കുന്നതിന് ഹിന്ദുമത ധർമ്മ സ്ഥാപന നിയമം സെക്ഷൻ 29(1) പ്രകാരമുള്ള നോട്ടീസ് 13-4-2021-ന് കമ്മീഷണർ പുറപ്പെടുവിച്ചിരുന്നു. ആക്ഷേപാഭിപ്രായങ്ങളിന്മേലുള്ള വിചാരണ നടന്നുവരുന്നു. 2 തവണ വിചാരണ നടന്നിട്ടുണ്ട്.

## സർക്കാർ സമിതികളിലെ പ്രതിനിധികളുടെ നാമനിർദ്ദേശം

123(869) ശ്രീ സി. ആർ. മഹേഷ്: താഴെക്കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നിയോജകമണ്ഡലങ്ങളിലെ ഏതൊക്കെ സർക്കാർ സമിതികളിലേക്കാണ് എം.എൽ.എ.-മാരുടെ പ്രതിനിധികളെ നാമനിർദ്ദേശം ചെയ്യാൻ സാധിക്കുന്നതെന്ന് വ്യക്തമാക്കാമോ?

വിവരം ശേഖരിച്ചുവരുന്നു.

## നിയമസഭാ സമിതി റിപ്പോർട്ടുകൾ

124(870) ശ്രീ. പി. കെ. ബഷീർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിയമസഭാ സമിതികൾ തുടർ നടപടികൾക്കായി സമർപ്പിക്കുന്ന റിപ്പോർട്ടുകൾ കാലവിളംബം കൂടാതെ നടപ്പാക്കുന്നതിനായി പാർലമെന്ററികാര്യ വകുപ്പ് സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണ്;

(ബി) പ്രസ്തുത റിപ്പോർട്ടുകളിലെ ശിപാർശകളിലും നിർദ്ദേശങ്ങളിലും വകുപ്പുകൾ യഥാകാലം സ്വീകരിക്കുന്ന നടപടികൾ സമയബന്ധിതമായി നിയമസഭയെ അറിയിക്കുന്നതിനായി വകുപ്പുകൾ സ്വീകരിക്കുന്ന നടപടികൾ പാർലമെന്ററികാര്യ വകുപ്പ് ഏകോപിപ്പിക്കുന്നുണ്ടോ; വിശദാംശം നൽകുമോ;

(സി) നിയമസഭാ റിപ്പോർട്ടുകളിന്മേൽ യഥാസമയം നടപടികൾ സ്വീകരിക്കുന്നതിനും യഥാവിധി നിയമസഭയെ അറിയിക്കുന്നതിനും ആവശ്യമായ മാർഗ്ഗനിർദ്ദേശം എല്ലാ വകുപ്പുകൾക്കും നൽകുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

(എ-സി) നിയമസഭാ സമിതി റിപ്പോർട്ടുകൾ പാർലമെന്ററികാര്യ വകുപ്പിൽ ലഭ്യമാകുന്ന മുറയ്ക്ക്, റിപ്പോർട്ടിലെ ശിപാർശകളിന്മേൽ അടിയന്തരമായി നടപടി സ്വീകരിച്ച് നടപടി റിപ്പോർട്ട് നേരിട്ട് നിയമസഭയ്ക്ക് നൽകാനും പകർപ്പ് പാർലമെന്ററികാര്യ വകുപ്പിന് ലഭ്യമാക്കുവാനും നിർദ്ദേശിച്ച് ബന്ധപ്പെട്ട വകുപ്പുകൾക്ക് റിപ്പോർട്ടിന്റെ പകർപ്പ് നൽകാറുണ്ട്. ഇതിന്മേൽ വകുപ്പുകൾക്ക് യഥാവിധി ഓർമ്മക്കുറിപ്പുകളും നൽകുന്നു. വകുപ്പുകളിൽനിന്നും ലഭിക്കുന്ന നടപടി റിപ്പോർട്ടുകൾ പരിശോധിക്കുകയും റിപ്പോർട്ട് ലഭ്യമാക്കാത്ത വകുപ്പുകൾക്ക് ഓർമ്മക്കുറിപ്പുകൾ, വിവിധ തലങ്ങളിലുള്ള അർദ്ധ ഔദ്യോഗിക കത്തുകൾ എന്നിവ ഉൾപ്പെടെയുള്ള വിനിമയങ്ങളിലൂടെ സമിതിക്ക് അടിയന്തരമായി റിപ്പോർട്ട് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാറുമുണ്ട്. കൂടാതെ നിയമസഭാ റിപ്പോർട്ടുകളിന്മേൽ യഥാസമയം നടപടികൾ സ്വീകരിക്കുന്നതിനും യഥാവിധി നിയമസഭയെ അറിയിക്കുന്നതിനും ആവശ്യമായ മാർഗ്ഗനിർദ്ദേശം എല്ലാ വകുപ്പുകൾക്കും നൽകുന്നതിന് സർക്കുലർ/കുറിപ്പുകൾ മുഖേന എല്ലാ വകുപ്പുകൾക്കും നിർദ്ദേശം നൽകാറുണ്ട്.

## വനമേഖലയിൽ ഔഷധ സസ്യകൃഷി വികസിപ്പിക്കൽ

125(871) ശ്രീ. സണ്ണി ജോസഫ്: താഴെ കാണുന്ന ചോദ്യത്തിന് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വനമേഖലയിൽ ഔഷധ സസ്യകൃഷി വികസിപ്പിക്കുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ; ഈ പദ്ധതി എവിടെയൊക്കെ നടപ്പാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

വിവിധ ഔഷധ സസ്യങ്ങളുടെ സംരക്ഷണത്തിനായി ദേശീയ ഔഷധ സസ്യ ബോർഡിന്റെ ധനസഹായം ഉപയോഗപ്പെടുത്തി പങ്കാളിത്ത വന പരിപാലന പ്രവർത്തനങ്ങളുടെ ഭാഗമായി വനാശ്രിതരായ ആദിവാസി വിഭാഗങ്ങൾ ഉൾപ്പെടെയുള്ളവരുടെ പങ്കാളിത്തത്തോടെ വിവിധ പദ്ധതികൾ സംസ്ഥാനത്ത് വനം വകുപ്പ് നടപ്പാക്കിയിട്ടുണ്ട്. ദേശീയ ഔഷധ സസ്യ ബോർഡിന്റെ ധനസഹായത്തോടെ നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു.* ദേശീയ വനവൽക്കരണ പരിപാടിയുടെ ഭാഗമായി 2002-03 മുതൽ 2015-16 വരെയുള്ള കാലയളവിൽ 29 വന വികാസ ഏജൻസികളിലൂടെ 2793.95 ലക്ഷം രൂപ ചെലവഴിച്ച് 15079.80 ഹെക്ടർ സ്ഥലത്ത് ഈറ, മുള എന്നിവയും വിവിധതരം ഔഷധ സസ്യങ്ങളും വച്ചുപിടിപ്പിക്കുന്നതിനുള്ള പദ്ധതികൾ വനം വകുപ്പ് നടപ്പിലാക്കിയിട്ടുണ്ട്.

## മുട്ടിൽ മരം മുറി കേസിന്റെ അന്വേഷണം

126(872) ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് മുട്ടിൽ അനധികൃതമായി മരം മുറിച്ച് കടത്തിയതിന്റെ അന്വേഷണം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ;

(ബി) വനത്തിൽനിന്നും മരം മുറിച്ച് കടത്തിയിട്ടുണ്ടോയെന്ന് അന്വേഷിച്ചിട്ടുണ്ടോ; സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീമിന്റെ അന്വേഷണത്തിൽ ഇത് ഉൾപ്പെടുത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത സംഭവത്തിൽ ഉദ്യോഗസ്ഥ-രാഷ്ട്രീയ കൂട്ടുകെട്ടുകളുടെ സഹായം പ്രതികൾക്ക് ലഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ-സി)വയനാട് മുട്ടിൽ ഉൾപ്പെടെയുള്ള സ്ഥലങ്ങളിൽ നടന്ന മരംമുറിയുമായി ബന്ധപ്പെട്ട എല്ലാ വിഷയങ്ങളും ആഭ്യന്തരം, വനം, വിജിലൻസ് വകുപ്പുകൾ ചേർന്ന സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീം അന്വേഷിച്ച് വരികയാണ്.

(ഡി) ഇതുമായി ബന്ധപ്പെട്ട് എത്ര കേസുകളെടുത്തിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

21-9-2021 വരെ വിവിധ വനം ഡിവിഷനുകളിലെ റെയിഞ്ചുകളിലായി 583 ഒ.ആർ. കേസുകൾ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുണ്ട്.

**മുട്ടിൽ മരംമുറി കേസന്വേഷണം**

127(873) <u>ശ്രീ. പി. കെ. ബഷീർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് മുട്ടിൽ മരംമുറി കേസുമായി ബന്ധപ്പെട്ട സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീമിന്റെ അന്വേഷണം നിലവിൽ ഏതു ഘട്ടത്തിലാണെന്ന് അറിയിക്കുമോ; പ്രസ്തുത അന്വേഷണത്തിന്റെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; അതിലെ കണ്ടെത്തലുകൾ വിശദമാക്കുമോ?

വയനാട് മുട്ടിൽ ഉൾപ്പെടെയുള്ള സ്ഥലങ്ങളിൽ നടന്ന മരംമുറിയുമായി ബന്ധപ്പെട്ട എല്ലാ വിഷയങ്ങളും ആഭ്യന്തരം, വനം, വിജിലൻസ് വകുപ്പുകൾ ചേർന്ന സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീം നടത്തുന്ന അന്വേഷണം പുരോഗമിക്കുകയാണ്. പ്രസ്തുത അന്വേഷണത്തിന്റെ റിപ്പോർട്ട് ലഭിച്ചിട്ടില്ല.

(ബി) അനധികൃതമായി കടത്തിയ വീട്ടിതടികൾ ചെക്പോസ്റ്റ് വഴി കടത്തിയതായും അത് തടയുന്നതിന് ജീവനക്കാർക്ക് വീഴ്ച സംഭവിച്ചതായും കണ്ടെത്തിയിട്ടുണ്ടോ; ഇതുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

ഉണ്ട്. സർക്കാരിലേക്ക് നിക്ഷിപ്തമാക്കിയ വീട്ടിമരങ്ങൾ അനധികൃതമായി ലക്കിടി ചെക്ക്പോസ്റ്റ് വഴി കടത്തികൊണ്ടു പോകാനിടയാക്കിയതുമായി ബന്ധപ്പെട്ട് ഔദ്യോഗിക കൃത്യ നിർവ്വഹണത്തിൽ വീഴ്ച വരുത്തിയ വനം ചെക്ക് പോസ്റ്റ് ജീവനക്കാരായ ഒരു സെക്ഷൻ ഫോറസ്റ്റ് ഓഫീസറെയും ഒരു ബീറ്റ് ഫോറസ്റ്റ് ഓഫീസറെയും കണ്ണൂർ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ 28-6-2021-ലെ ഇ 1-3896/2021 ഉത്തരവ് പ്രകാരം അന്വേഷണ വിധേയമായി സേവനത്തിൽ നിന്നും മാറ്റി നിർത്തിയിട്ടുണ്ട്. ഇവർക്ക് കുറ്റപത്രവും കുറ്റാരോപണ പത്രികയും നല്കുകയും ആയതിനുള്ള മറുപടി ഇവർ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്.

(സി) ഇപ്രകാരം എത്രമാത്രം തടികൾ കടത്തിയതായാണ് കണക്കാക്കുന്നതെന്നും മറ്റേതെല്ലാം തടികളാണ് അനധികൃതമായി മുറിച്ച് കടത്തിയതെന്നും വിശദമാക്കുമോ?

മുട്ടിൽ മരം മുറിയുമായി ബന്ധപ്പെട്ട് വനം വകുപ്പിന്റെ സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ സംഘം സമർപ്പിച്ച റിപ്പോർട്ട് പ്രകാരം വയനാട് ജില്ലയിൽ നിന്നും മുറിച്ചു കടത്തിയ മരങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു :

1. ആകെ മുറിച്ച തേക്ക് മരങ്ങൾ 86 എണ്ണം, വ്യാപ്തം - 23.76 M3

2. ആകെ മുറിച്ച ഈട്ടി മരങ്ങൾ 109 എണ്ണം, വ്യാപ്തം - 238.707 M3

3. ആകെ മുറിച്ച തേക്ക് & ഈട്ടി മരങ്ങൾ 195 എണ്ണം, വ്യാപ്തം - 262.467 M3

**മുട്ടിൽ മരം മുറി കേസന്വേഷണം**

128 (874) ശ്രീ. കെ. പി. എ. മജീദ്:
ശ്രീ. പി. കെ. ബഷീർ:
ശ്രീ. എൻ. ഷംസുദ്ദീൻ:
ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുട്ടിൽ മരംമുറി കേസന്വേഷണത്തിൽ ഉയർന്ന വനം വകുപ്പ് ഉദ്യോഗസ്ഥനും ദൃശ്യ- മാധ്യമ പ്രവർത്തകരും ഇടപെട്ട് കേസ് അട്ടിമറിക്കാൻ ശ്രമം നടത്തിയതായി വകുപ്പുതല അന്വേഷണ റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ഉദ്യോഗസ്ഥനെതിരെ എന്തു നടപടി സ്വീകരിക്കാനാണ് വകുപ്പുതല അന്വേഷണത്തിൽ ശിപാർശ ചെയ്തിരുന്നതെന്ന് അറിയിക്കുമോ;

(സി) ഇക്കാര്യത്തിൽ തുടർ നടപടി സ്വീകരിച്ചിരുന്നോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ?

(എ-സി) പട്ടയഭൂമിയിലെ മരംമുറിയുമായി ബന്ധപ്പെട്ട എല്ലാ വിഷയങ്ങളും ആഭ്യന്തരം, വനം, വിജിലൻസ് വകുപ്പുകൾ ചേർന്ന സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീമിന്റെ അന്വേഷണത്തിലാണ്. ഇക്കാര്യം സംബന്ധിച്ച് ലഭിച്ച എല്ലാ അന്വേഷണ റിപ്പോർട്ടുകളും 1-7-2021-ലെ സ.ഉ. (സാധാ) നമ്പർ 1852/2021/ആഭ്യന്തരം പ്രകാരം സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീമിന് കൈമാറാൻ ഉത്തരവായിട്ടുണ്ട്. കേസ് അട്ടിമറിക്കാൻ ശ്രമിച്ചെന്ന ആരോപണം നേരിടുന്ന ഉദ്യോഗസ്ഥനെ തൽസ്ഥാനത്തുനിന്ന് മാറ്റുന്നതിനും അച്ചടക്ക നടപടി സ്വീകരിക്കുന്നതിനും ശിപാർശ ചെയ്തിരുന്നു. സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീമിന്റെ അന്തിമ അന്വേഷണ റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് ഉചിതമായ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

**മുട്ടിൽ മരം മുറി അന്വേഷണ റിപ്പോർട്ടിലെ കണ്ടെത്തലുകൾ**

129 (875) ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. അൻവർ സാദത്ത്:
ശ്രീ. ടി.സിദ്ദിഖ്:
ഡോ. മാത്യു കുഴൽനാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 24-10-2020-ലെ റവന്യൂ വകുപ്പിന്റെ ഉത്തരവിന്റെ മറവിൽ റിസർവ് മരങ്ങൾ മുറിച്ച് മാറ്റിയത് സംബന്ധിച്ച് പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വിജിലൻസ്)-ന്റെ നേതൃത്വത്തിൽ നടത്തിയ അന്വേഷണത്തിന്റെ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത റിപ്പോർട്ടിലെ പ്രധാനപ്പെട്ട കണ്ടെത്തലുകൾ എന്താണെന്ന് വിശദമാക്കാമോ?

(എ & ബി) ഉണ്ട്. പട്ടയഭൂമിയിലെ മരം മുറിയുമായി ബന്ധപ്പെട്ട എല്ലാ വിഷയങ്ങളും ഇപ്പോൾ ആഭ്യന്തരം, വനം, വിജിലൻസ് വകുപ്പുകൾ ചേർന്ന സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീമിന്റെ അന്വേഷണത്തിലാണ്. ഇക്കാര്യം സംബന്ധിച്ച് ലഭിച്ച എല്ലാ അന്വേഷണ റിപ്പോർട്ടുകളും 1-7-2021-ലെ സ.ഉ. (സാധാ) നമ്പർ 1852/2021/ആഭ്യന്തരം പ്രകാരം സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീമിന് കൈമാറാൻ ഉത്തരവായിട്ടുണ്ട്. സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീമിന്റെ അന്തിമ അന്വേഷണ റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് ഉചിതമായ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) പ്രസ്തുത റിപ്പോർട്ടിൽ ഉത്തരവാദപ്പെട്ട വനം വകുപ്പ് ഉദ്യോഗസ്ഥർ ഉൾപ്പെട്ടിട്ടുണ്ടെന്ന് കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ; ഇവർക്കെതിരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

സർക്കാരിലേക്ക് നിക്ഷിപ്ത വനമാക്കിയ വീട്ടിമരങ്ങൾ അനധികൃതമായി ലക്കിടി ചെക്ക് പോസ്റ്റ്വഴി കടത്തിക്കൊണ്ടുപോകാനിടയാക്കിയതുമായി ബന്ധപ്പെട്ട് ഔദ്യോഗിക കൃത്യനിർവ്വഹണത്തിൽ വീഴ്ച വരുത്തിയ വനം ചെക്ക് പോസ്റ്റ് ജീവനക്കാരായ ഒരു സെക്ഷൻ ഫോറസ്റ്റ് ഓഫീസറെയും ഒരു ബീറ്റ് ഫോറസ്റ്റ് ഓഫീസറെയും കണ്ണൂർ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ 28-6-2021-ലെ ഇ 1-3896/2021 ഉത്തരവ് പ്രകാരം അന്വേഷണ വിധേയമായി സേവനത്തിൽനിന്നും മാറ്റിനിർത്തിയിട്ടുണ്ട്. ഇവർക്ക് കുറ്റപത്രവും കുറ്റാരോപണ പത്രികയും നല്കുകയും ആയതിനുള്ള മറുപടി ഇവർ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്.

(ഡി) പ്രസ്തുത റിപ്പോർട്ടിൽ വനം വകുപ്പിന്റെ കണക്കിലുള്ളതിനേക്കാൾ വളരെ കൂടുതൽ മരങ്ങൾ മുറിച്ചു മാറ്റിയിട്ടുണ്ടെന്ന കണ്ടെത്തലുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ?

വനം വിജിലൻസ് വിഭാഗത്തിന്റെ സ്പെഷൽ ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ട്പ്രകാരം 1441.751 ലക്ഷം രൂപ വിലമതിക്കുന്ന 1939.705M3 ആകെ വ്യാപ്തമുള്ള 2248 എണ്ണം തേക്ക് മരവും 171 എണ്ണം ഈട്ടി മരവും മുറിച്ചതായി കണ്ടെത്തിയിട്ടുണ്ട്.

**വീട് നിർമ്മാണത്തിന് തേക്ക്, ഈട്ടി മരങ്ങൾ മുറിക്കുന്നതിന് ഇളവ്**

130(876) ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വീട്ടുവളപ്പിൽ നട്ട് വളർത്തുന്ന തേക്ക്, ഈട്ടി തുടങ്ങിയ മരങ്ങൾ മുറിക്കുന്നതിന് വനം വകുപ്പിന്റെ അനുമതി ആവശ്യമുണ്ടോ; എങ്കിൽ ആയതിന്റെ നടപടിക്രമങ്ങൾ വിശദമാക്കാമോ?

ഉണ്ട്. മരങ്ങൾ മുറിക്കുന്നതിന് അനുവാദം ലഭിക്കുന്നതിനുള്ള നടപടിക്രമം ചുവടെ ചേർക്കുന്നു.

THE KERALA PROMOTION OF TREE GROWTH IN NON-FOREST AREAS RULE 2011-ലെ റൂൾ 2(g) പ്രകാരം നോട്ടിഫൈ ചെയ്യാത്ത വില്ലേജിലെ സ്വകാര്യ ഭൂമിയിൽനിന്നും മുറിച്ച തേക്ക്, ഈട്ടി തുടങ്ങിയ തടികൾ ടി നിയമത്തിൽ അനുശാസിക്കുന്ന പ്രകാരമുള്ള ചുമതലയുള്ള റെയിഞ്ച് ഫോറസ്റ്റ് ഓഫീസർക്ക് സമർപ്പിക്കുന്ന സത്യപ്രസ്താവനയുടെ രസീതിന്റെ പിൻബലത്തിൽ നീക്കം ചെയ്യാവുന്നതാണ്. എന്നാൽ, നോട്ടിഫൈ ചെയ്ത വില്ലേജിൽ റെയിഞ്ച് ഫോറസ്റ്റ് ഓഫീസറുടെ പരിശോധനയെത്തുടർന്നുള്ള അനുമതിയോടെ മുറിച്ച തേക്ക്, ഈട്ടി തുടങ്ങിയ മരങ്ങൾ, സത്യപ്രസ്താവനയിന്മേലുള്ള നിയമാനുസൃതമായ പരിശോധനയെ തുടർന്ന് ലഭിക്കുന്ന കടത്ത് പാസ്സിന്റെ പിൻബലത്തിൽ മാത്രമേ നീക്കം ചെയ്യാൻ കഴിയുകയുള്ളൂ.

(ബി) വീട് നിർമ്മാണത്തിനുവേണ്ടി ഇത്തരം മരങ്ങൾ മുറിക്കാൻ പ്രത്യേക ഇളവ് നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

സ്വകാര്യഭൂമിയിൽനിന്നും വീട്നിർമ്മാണം ഉൾപ്പെടെയുള്ള ആവശ്യങ്ങൾക്കായി മരം മുറിക്കുന്നതിനുള്ള നടപടിക്രമങ്ങൾ THE KERALA PROMOTION OF TREE GROWTH IN NON-FOREST AREAS RULE 2011-ൽ പ്രതിപാദിച്ചിട്ടുണ്ട്.

## വനം സർവ്വേ വിംഗിന്റെ പ്രവർത്തനം

131(877) ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനം സർവ്വേ വിംഗിന്റെ പ്രവർത്തനം വിശദമാക്കാമോ?

സംസ്ഥാനത്ത് വനസംരക്ഷണത്തിന്റെ ഭാഗമായുള്ള എല്ലാവിധ സർവ്വേ ജോലികളും ഫോറസ്റ്റ് മിനി സർവ്വേ വിഭാഗമാണ് നടത്തിവരുന്നത്. സാങ്കേതിക വിഭാഗം ജീവനക്കാരെല്ലാം തന്നെ സർവ്വേ & ഭൂരേഖാ വകുപ്പിൽ നിന്നും ഡെപ്യൂട്ടേഷനിലും മിനിസ്റ്റീരിയൽ ജീവനക്കാർ വനം വകുപ്പിൽ നിന്നുമുള്ള കൂട്ടായ പ്രവർത്തനത്തിലൂടെയാണ് സർവ്വേ സംബന്ധിച്ച ജോലികൾ ഏകോപിപ്പിക്കുന്നത്.

(ബി) നോട്ടിഫിക്കേഷൻ ഉൾപ്പെടെ തുടർനടപടികളൊന്നും കൈക്കൊള്ളാതിരുന്നതിനാൽ വനമായി പിടിച്ചെടുത്ത വസ്തുവകകൾ കൈവശക്കാർക്ക് വിട്ടുകൊടുക്കേണ്ടിവന്ന അവസ്ഥയ്ക്ക് അറുതിവരുത്തുവാൻ നടപടി സ്വീകരിക്കുമോ?

വനമായി പിടിച്ചെടുത്ത വസ്തുവകകൾ നോട്ടിഫിക്കേഷൻ ഉൾപ്പെടെയുള്ള തുടർനടപടികൾ സ്വീകരിച്ച് സർക്കാരിലേക്ക് മുതൽ കൂട്ടുന്നതിനുള്ള നടപടികൾ യഥാസമയം സ്വീകരിച്ചുവരുന്നുണ്ട്.

(സി) വനഭൂമി റീ-സർവ്വേ നടത്താൻ നടപടിയായിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; ഓരോ മുപ്പത് വർഷംതോറും റീ-സർവ്വേ എന്ന നയം നടപ്പിൽ വരുത്താൻ നടപടി സ്വീകരിക്കുമോ?

റീ-സർവ്വേ നടത്തുന്നതിന് റവന്യൂ വകുപ്പ് തീരുമാനം കൈകൊണ്ടിട്ടുണ്ട്. സ്വകാര്യഭൂമിയാണ് ആദ്യം റീ-സർവ്വേ നടത്തുന്നത്. ആയതിന് ശേഷമാണ് സർക്കാർ ഭൂമിയുടെ റീ-സർവ്വേ നടത്തുന്നത്. ആയതിന് വനം വകുപ്പ് എല്ലാ രേഖകൾ സഹിതം തയ്യാറാണ്.

(ഡി) വനംവകുപ്പിന് കീഴിൽ സർവ്വേ ട്രെയിൻഡ് സ്റ്റാഫിനെ സ്ഥിരമായി നിയമിക്കാൻ നടപടി കൈക്കൊള്ളുമോ?

വന സംരക്ഷണത്തിന്റെ ഭാഗമായുള്ള ഫീൽഡ് വിഭാഗം ജീവനക്കാരുടെ ജോലിയുടെ ഭാഗമാണ് സർവ്വേ. അത്തരത്തിലുള്ള ഫീൽഡ് വിഭാഗം ജീവനക്കാർക്ക് സർവ്വേ പരിശീലനം നൽകി സർവ്വേ ജോലികൾ വനസംരക്ഷണത്തിന്റെ ഭാഗമായി നിലവിൽ നടത്തി വരുന്നുണ്ട്. ആയതിനാൽ, സർവ്വേ ട്രെയിൻഡ് സ്റ്റാഫിനെ സ്ഥിരമായി നിയമിക്കേണ്ട ആവശ്യം നിലനിൽക്കുന്നില്ല.

## മുട്ടിൽ മരം മുറി ആരോപണം നേരിടുന്ന വനം കൺസർവേറ്റർക്കെതിരെ നടപടി

132 (878) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:

ശ്രീ. എ. പി. അനിൽ കുമാർ:

ശ്രീ. സജീവ് ജോസഫ്:

ശ്രീ. ഷാഫി പറമ്പിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുട്ടിൽ മരം മുറി അഴിമതിയുമായി ബന്ധപ്പെട്ട് അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററിന്റെ അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(ബി) പ്രസ്തുത കേസ് അട്ടിമറിക്കാൻ ശ്രമിച്ചെന്ന ആരോപണം നേരിടുന്ന വനം കൺസർവേറ്റർക്കെതിരെ സ്വീകരിച്ച നടപടി വ്യക്തമാക്കാമോ;

(സി) പ്രസ്തുത കേസിലെ പ്രധാന പ്രതികൾ നൽകിയ രഹസ്യവിവരത്തിന്റെ അടിസ്ഥാനത്തിലാണ് ആരോപണവിധേയൻ നടപടി സ്വീകരിച്ചതെന്നും പ്രതികളും ഒരു മാധ്യമ പ്രവർത്തകനും ചേർന്ന് നടത്തിയ ഗൂഢാലോചനയുടെ ഫലമാണ് മണിക്കുന്നമല മരംമുറി സംബന്ധിച്ച വ്യാജ റിപ്പോർട്ടെന്നും സൂചിപ്പിക്കുന്നതായി പറയപ്പെടുന്ന പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നിയമ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

(എ-സി) വയനാട് മുട്ടിൽ ഉൾപ്പെടെയുള്ള സ്ഥലങ്ങളിൽ നടന്ന മരംമുറിയുമായി ബന്ധപ്പെട്ട എല്ലാ വിഷയങ്ങളും ആഭ്യന്തരം, വനം, വിജിലൻസ് വകുപ്പുകൾ ചേർന്ന സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീമിന്റെ അന്വേഷണത്തിലാണ്. ഇക്കാര്യം സംബന്ധിച്ച് ലഭിച്ച എല്ലാ അന്വേഷണ റിപ്പോർട്ടുകളും 1-7-2021-ലെ സ.ഉ. (സാധാ) നമ്പർ 1852/2021/ ആഭ്യന്തരം പ്രകാരം സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീമിന് കൈമാറാൻ ഉത്തരവായിട്ടുണ്ട്. സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീമിന്റെ അന്തിമ അന്വേഷണ റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് ഉചിതമായ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

## ചാത്തന്നൂരിലെ കണ്ടൽക്കാടുകളുടെയും പക്ഷിസങ്കേതത്തിന്റെയും സംരക്ഷണം

133(879) ശ്രീ. ജി. എസ്. ജയലാൽ: താഴെ കാണുന്ന ചോദ്യത്തിന് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ചാത്തന്നൂർ നിയോജകമണ്ഡലത്തിലെ ദേശാടന പക്ഷികളുടെ സങ്കേതമായ പോളച്ചിറ, ലോകത്തിലെ ഏറ്റവും ഉയരം കൂടിയ കണ്ടൽക്കാടുകളുള്ള ഇത്തിക്കര യാറിന്റെയും മാലാക്കായലിന്റെയും തീരം എന്നിവ സംരക്ഷിക്കുന്നതിനായി വനം വകുപ്പിന്റെ സോഷ്യൽ ഫോറസ്ട്രി വിഭാഗം സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ?

ചാത്തന്നൂർ നിയോജകമണ്ഡലത്തിലെ ദേശാടന പക്ഷികളുടെ സങ്കേതമായ പോളച്ചിറയിൽ സന്നദ്ധ സംഘടനകളുമായി ചേർന്ന് എല്ലാ വർഷവും ദേശാടന സീസണിൽ പക്ഷി സർവ്വേ നടത്താറുണ്ട്. കണ്ടൽക്കാടുകളുള്ള ഇത്തിക്കര യാറിന്റെയും മാലാക്കായലിന്റെയും തീരം വനം വകുപ്പിന്റെ സോഷ്യൽ ഫോറസ്ട്രി വിഭാഗത്തിന്റെ അധീനതയിൽപ്പെടുന്നില്ല. ആയതിനാൽ ഈ പ്രദേശത്ത് സംരക്ഷണ പ്രവർത്തനമൊന്നും നടത്തിയിട്ടില്ല.

## സ്വകാര്യ എസ്റ്റേറ്റുകൾ ഏറ്റെടുക്കൽ

134(880) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യത്തിന് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പ്രളയാനന്തര പുനർനിർമാണത്തിന്റെ ഭാഗമായി സ്വാഭാവിക വനങ്ങളുടെ പുനഃസ്ഥാപനം ലക്ഷ്യംവച്ച് സ്വകാര്യ എസ്റ്റേറ്റുകൾ ഏറ്റെടുക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഇപ്രകാരം ഏറ്റെടുക്കുന്നതിന്റെ മാനദണ്ഡങ്ങൾ വ്യക്തമാക്കുമോ?

ഉണ്ട്. റീബിൽഡ് കേരള ഡെവലപ്മെന്റ് പദ്ധതിയിൽ (RKDP) ഉൾപ്പെട്ടിട്ടുള്ള ഉപപദ്ധതിയാണ് സ്വകാര്യ എസ്റ്റേറ്റുകളുടെ ഏറ്റെടുക്കൽ. വനത്തിനകത്ത് സ്ഥിതി ചെയ്യുന്ന സ്വകാര്യ എസ്റ്റേറ്റുകൾക്ക് അർഹമായ നഷ്ടപരിഹാരം നൽകി ഏറ്റെടുത്ത് സ്വാഭാവിക വനങ്ങളുടെ പുന:സ്ഥാപനമാണ് പദ്ധതി വഴി ലക്ഷ്യമാക്കുന്നത്. (കേരള ഫോറസ്റ്റ് (വെസ്റ്റിംഗ് & മാനേജ്മെന്റ് ഓഫ് ഇക്കോളജിക്കലി ഫ്രെജൈൽ ലാൻഡ്സ്) ആക്റ്റ്), 2003 സെക്ഷൻ 4(1) പ്രകാരം നഷ്ടപരിഹാരം നൽകിയോ അല്ലെങ്കിൽ റൈറ്റ് റ്റു ഫെയർ കോമ്പൻസേഷൻ & ട്രാൻസ്പാരൻസി ഇൻ ലാൻഡ് അക്വിസേഷൻ, റീഹാബിലിറ്റേഷൻ & റീസെറ്റിൽമെന്റ് ആക്റ്റ് 2013 പ്രകാരമോ സ്വകാര്യ എസ്റ്റേറ്റുകൾ ഏറ്റെടുക്കുന്നതിനാണ് അനുമതിയുള്ളത്.

## ഫോറസ്റ്റ് ഫെൻസിംഗ്

135(881) ശ്രീ. ടി. സിദ്ദിഖ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വന്യമൃഗങ്ങളുടെ അക്രമണങ്ങൾ തടയുന്നതിനായി കൽപ്പറ്റ നിയോജക മണ്ഡലത്തിലെ വനമേഖലയോട് ചേർന്ന ജനവാസ പ്രദേശങ്ങളിൽ ഫെൻസിംഗ് നിർമ്മിക്കുന്നതിനായി സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

കൽപ്പറ്റ നിയോജകമണ്ഡലത്തിൽ 88.3 കി.മീ. സൗരോർജ്ജ കമ്പിവേലി, 0.5 കി.മീ. ഹാംഗിംഗ് സോളാർ ഫെൻസിംഗ് എന്നിവ നിലവിലുണ്ട്. അവയുടെ പരിപാലനവും അറ്റകുറ്റപ്പണികളും യഥാസമയം നടത്തിവരുന്നുണ്ട്. കൂടാതെ 2020-21-ൽ 34.8 കി.മീറ്റർ സൗരോർജ്ജ കമ്പിവേലി പരിപാലനവും 0.5 കി.മീറ്റർ നിർമ്മാണവും (ഹാംഗിംഗ് സോളാർ) നടത്തിയിട്ടുണ്ട്. കിഫ്ബിയിൽ ഉൾപ്പെടുത്തി വന്യമൃഗശല്യം നേരിടുന്നതിന് വെങ്ങക്കോട്-ചെമ്പ്ര (5 കി.മീ.), കുന്നംപുറം -10-ാം മൈൽ (3 കി.മീ) എന്നീ സ്ഥലങ്ങളിൽ ക്രാഷ് ഗാർഡ് ഫെൻസിംഗ് നിർമ്മാണത്തിനായി 4.2249 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഈ പ്രവൃത്തി ടെണ്ടർ ചെയ്യുകയും ബന്ധപ്പെട്ട സബ് കമ്മിറ്റി ചേർന്ന് ടെണ്ടർ അംഗീകരിക്കുകയും പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടൻസിയായി പോലീസ് ഹൗസിംഗ് & കൺസ്ട്രക്ഷൻ കോർപ്പറേഷനെ നിയമിക്കുകയും ചെയ്തു. പ്രവൃത്തി ആരംഭിക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

(ബി) ഇതുമായി ബന്ധപ്പെട്ട് എന്തെങ്കിലും പ്ലാൻ തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

കൽപ്പറ്റ നിയോജകമണ്ഡലം ഉൾപ്പെടെയുള്ള പ്രദേശങ്ങളിൽ വന്യമൃഗശല്യം തടയുന്നതിന് ഫെൻസിംഗ് നിർമ്മിക്കുന്നതിനുള്ള പ്രവൃത്തി വയനാട് പാക്കേജിൽ ഉൾപ്പെടുത്തി, ആയത് വയനാട് ജില്ലാ കളക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു :

| ഐറ്റം | കി.മീ. | തുക (ലക്ഷത്തിൽ) |
|---|---|---|
| ഹാഗിംഗ് പവർ ഫെൻസിംഗ് | 100.5 | 552.75 |
| ക്രാഷ് ഗാർഡ് റോപ് ഫെൻസിംഗ് | 17.5 | 1537.50 |
| റെയിൽ ഫെൻസിംഗ് | 3 | 540 |
| ബയോ ഫെൻസിംഗ് | 8 | 16 |

(സി) പ്രസ്തുത മേഖലയിൽ ഫെൻസിംഗ് നിർമ്മിക്കുന്നതിനായി പ്രത്യേക ഫണ്ട് വകയിരുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

കിഫ്ബിയിൽ ഉൾപ്പെടുത്തി വന്യമൃഗശല്യം നേരിടുന്നതിന് ക്രാഷ് ഗാർഡ് ഫെൻസിംഗ് നിർമ്മാണത്തിനായി 4.2249 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

**കേന്ദ്രാവിഷ്കൃത പദ്ധതികളിലൂടെ ലഭിക്കുന്ന തുക**

136(882) ശ്രീ. പി. ടി. തോമസ്: താഴെ കാണുന്ന ചോദ്യത്തിന് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വനസംരക്ഷണവുമായി ബന്ധപ്പെട്ട കേന്ദ്രാവിഷ്കൃത പദ്ധതികളിലൂടെ ലഭിക്കുന്ന തുക പ്രസ്തുത പദ്ധതികൾക്ക് തന്നെയാണ് ചെലവാക്കുന്നതെന്ന് ഉറപ്പാക്കാനുള്ള സംവിധാനം എന്താണെന്ന് വ്യക്തമാക്കുമോ?

കേന്ദ്ര വനം മന്ത്രാലയത്തിന്റെ കൃത്യമായ മാർഗ്ഗനിർദ്ദേശ രേഖകളുടെ അടിസ്ഥാനത്തിൽ ഓരോ പദ്ധതിക്കും പ്രത്യേക വാർഷികപദ്ധതി രൂപരേഖ (APO) തയ്യാറാക്കി കേന്ദ്രത്തിന് സമർപ്പിച്ച് ലഭിക്കുന്ന അനുമതിയുടെ അടിസ്ഥാനത്തിലാണ് ഓരോ സാമ്പത്തിക വർഷവും കേന്ദ്രസർക്കാർ തുക അനുവദിച്ചു വരുന്നത്. വനസംരക്ഷണവുമായി ബന്ധപ്പെട്ട് വിവിധ കേന്ദ്രാവിഷ്കൃത പദ്ധതികളിലൂടെ ഗഡുക്കളായി ലഭിക്കുന്ന തുക അനുവദനീയമായ ശീർഷകങ്ങളിൽ കീഴ് ഓഫീസുകളിലേയ്ക്ക് അനുവദിക്കുന്നു. ഓരോ ഗഡുവിന്റെയും യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റും പ്രോഗ്രസ്സ് സ്റ്റേറ്റ്മെന്റും കേന്ദ്രവനം മന്ത്രാലയത്തിന് സമർപ്പിച്ചതിനുശേഷം മാത്രമേ തുടർ ഗഡു അനുവദിച്ച് കിട്ടുകയുള്ളൂ. സാമ്പത്തിക വർഷാവസാനം യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റും പ്രോഗ്രസ്സ് സ്റ്റേറ്റ്മെന്റും ചെയ്ത പ്രവൃത്തികളുടെ KML format-ൽ ഫോട്ടോഗ്രാഫും കേന്ദ്രവനം മന്ത്രാലയത്തിന് സമർപ്പിച്ചു വരുന്നു. കൂടാതെ, അക്കൗണ്ടന്റ് ജനറലിന്റെ ഓഫീസിൽ നിന്നുള്ള ഓഡിറ്റ് വിഭാഗത്തിന്റെയും വനം വകുപ്പിന്റെ കീഴിൽതന്നെയുള്ള ഇന്റേണൽ ഓഡിറ്റ് വിഭാഗത്തിന്റെയും മേൽനോട്ടത്തിൽ കേന്ദ്രാവിഷ്കൃത പദ്ധതികളിലൂടെ ലഭിക്കുന്ന തുക പ്രസ്തുത പദ്ധതികൾക്ക് തന്നെയാണ് ചെലവാക്കുന്നതെന്ന് ഉറപ്പുവരുത്തുന്നു.

**പെരിങ്ങാട് - ചേറ്റുവ കണ്ടൽ റിസർവ് വനവും വികസനവും**

137(883) ശ്രീ. മുരളി പെരുനെല്ലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിലെ പാവറട്ടി പഞ്ചായത്തിലെ പെരിങ്ങാട് - ചേറ്റുവ കണ്ടൽ റിസർവ് വനത്തിനുവേണ്ടി സ്ഥലം ഏറ്റെടുത്തിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

പെരിങ്ങാട്-ചേറ്റുവ കണ്ടൽ സംരക്ഷണത്തിന്റെ ഭാഗമായി തൃശ്ശൂർ ജില്ലയിലെ മണലൂർ മണ്ഡലത്തിലെ ചാവക്കാട് താലൂക്കിൽപ്പെട്ട വെൺമനാട് വില്ലേജിൽ പാവറട്ടി പഞ്ചായത്തിന്റെ പരിധിയിൽ വരുന്ന റീസർവ്വേ നമ്പർ 119/2-ൽ ഉൾപ്പെടുന്ന 234.8 ഏക്കർ (94.77 ഹെക്ടർ) റവന്യൂ ഭൂമി 15-2-2021-ലെ സർക്കാർ ഉത്തരവ് (പി) നമ്പർ 3/2021/വനം (എസ്.ആർ.ഒ. നമ്പർ 226/2021) പ്രകാരം 1961-ലെ വനം ആക്ടിന്റെ 1962 ലെ 4-ാം വകുപ്പ് പ്രകാരം റിസർവ് വനമായി വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) പദ്ധതിയുടെ ഭാഗമായി പ്രസ്തുത സ്ഥലത്ത് എന്തെല്ലാം വികസന പ്രവർത്തനങ്ങളാണ് നടപ്പാക്കുന്നതെന്ന് അറിയിക്കാമോ?

പ്രസ്തുത പദ്ധതിയുടെ ഭാഗമായി തൃശ്ശൂർ സോഷ്യൽ ഫോറസ്ട്രി റെയിഞ്ചിനു കീഴിൽ പെരിങ്ങാടുള്ള നിലവിലെ കെട്ടിടം കണ്ടൽക്കാട്-തണ്ണീർത്തട സംരക്ഷണ കേന്ദ്രമായി നവീകരിച്ചിട്ടുണ്ട്. കണ്ടൽക്കാട് - തണ്ണീർത്തട സംരക്ഷണ കേന്ദ്രത്തിലേക്കുള്ള റോഡിന്റെ അറ്റകുറ്റപണികളും നടത്തിയിട്ടുണ്ട്. നിരീക്ഷണത്തിനായി ഫൈബർ ബോട്ട് വാങ്ങി സംരക്ഷണ പ്രവൃത്തികൾ നടത്തിവരുന്നു. ഇതിനായി ഗ്രാമഹരിത സമിതി രൂപീകരിച്ചിട്ടുണ്ട്.

(സി) ഈ പ്രദേശത്ത് മത്സ്യബന്ധനത്തിന് എന്തെങ്കിലും നിയന്ത്രണമുണ്ടോയെന്ന് വ്യക്തമാക്കാമോ?

പ്രസ്തുത പ്രദേശത്തിന്റെ അതിർത്തിക്കുള്ളിലുള്ള ഏതെങ്കിലും അവകാശത്തിന്റെ നിലനിൽപ്പ്, സ്വഭാവം, വ്യാപ്തി എന്നിവയെക്കുറിച്ച് അന്വേഷിക്കുന്നതിനും തീരുമാനമെടുക്കുന്നതിനും ഫോറസ്റ്റ് സെറ്റിൽമെന്റ് ഓഫീസറെ നിയമിച്ചിട്ടുണ്ട്. ആയതുപ്രകാരം സെറ്റിൽമെന്റ് ഓഫീസറുടെ മുമ്പാകെയുള്ള ക്ലെയിമിന് വിധേയമായി നിയമാനുസൃതം നടപടിക്രമങ്ങൾ പാലിച്ച് മത്സ്യബന്ധനം നടത്താവുന്നതാണ്.

**സ്വകാര്യഭൂമിയിലെ കണ്ടൽവനങ്ങൾ ഏറ്റെടുക്കുന്ന പദ്ധതി**

138(884) <u>ശ്രീമതി കെ. കെ. രമ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യഭൂമിയിലെ കണ്ടൽവനങ്ങൾ നഷ്ടപരിഹാരം നൽകി ഏറ്റെടുക്കുന്നതിന് സർക്കാർ പദ്ധതി ഉണ്ടോയെന്ന് വ്യക്തമാക്കുമോ?

ഉണ്ട്. റീബിൽഡ് കേരള ഡെവലപ്മെന്റ് പദ്ധതിയുടെ ഭാഗമായി സ്വകാര്യ ഉടമസ്ഥതയിലുള്ള കണ്ടൽക്കാടുകൾ നഷ്ടപരിഹാരം നൽകി ഏറ്റെടുക്കുന്നതിനുള്ള പദ്ധതി വനംവകുപ്പ് നടപ്പാക്കിവരുന്നുണ്ട്.

(ബി) എങ്കിൽ ആയതിനുള്ള മാനദണ്ഡങ്ങൾ വെളിപ്പെടുത്തുമോ; എത്ര ഭൂമി വരെയുള്ളവരിൽ നിന്നാണ് ഇപ്രകാരം ഭൂമി ഏറ്റെടുക്കുന്നതെന്ന് അറിയിക്കുമോ?

കണ്ടൽക്കാടുകൾ കേരള ഫോറസ്റ്റ് (വെസ്റ്റിംഗ് & മാനേജ്മെന്റ് ഓഫ് ഇക്കോളജിക്കലി ഫ്രൈജൈൽ ലാൻഡ്സ്) ആക്റ്റ് 2003, സെക്ഷൻ 4 (1) പ്രകാരം അർഹമായ നഷ്ടപരിഹാരത്തുക നൽകി ഏറ്റെടുക്കാനാണ് തീരുമാനിച്ചിട്ടുള്ളത്. മേൽ നിയമത്തിലെ സെക്ഷൻ 15 പ്രകാരം നിയമിക്കപ്പെട്ട ഉപദേശക സമിതിയുടെ സ്ഥലപരിശോധനയും ശിപാർശയും വിധേയമായിട്ടാണ് സ്വകാര്യ ഉടമസ്ഥതയിലുള്ള കണ്ടൽ വനങ്ങൾ ഏറ്റെടുക്കുന്നത്. എത്ര ഭൂമി വരെയുള്ളവരിൽ നിന്നാണ് ഇപ്രകാരം ഭൂമി ഏറ്റെടുക്കുന്നതെന്നതിനുള്ള പരിധി നിശ്ചയിച്ചിട്ടില്ല.

(സി) നഷ്ടപരിഹാരമായി നൽകുന്ന തുക സംബന്ധിച്ച് സർക്കാർ തീരുമാനമെടുത്തിട്ടുണ്ടോ; എങ്കിൽ തുക എത്രയെന്ന് വ്യക്തമാക്കുമോ?

ഇല്ല. 2007-ലെ കേരള വനം (പരിസ്ഥിതി ശാസ്ത്രപരമായി ദുർബ്ബലമായ ഭൂപ്രദേശങ്ങളുടെ നിക്ഷിപ്തമാക്കലും കാര്യകർതൃത്വം നടത്തിപ്പും) ചട്ടം 9 പ്രകാരം രൂപീകരിച്ചിട്ടുള്ള നഷ്ടപരിഹാരം തീരുമാനിക്കുന്നതിനുള്ള സമിതിയാണ് സ്ഥല പരിശോധനയ്ക്കുശേഷം ഭൂമിയുടെ ഉടമസ്ഥർക്ക് നൽകേണ്ടതായ നഷ്ടപരിഹാരം തീരുമാനിക്കുന്നത്.

(ഡി) ജലാശയങ്ങളിൽ നിന്ന് എത്ര പരിധിക്കുള്ളിലെ സ്വകാര്യഭൂമിയാണ് ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നതെന്നും അറിയിക്കുമോ?

ജലാശയങ്ങളിൽ നിന്ന് എത്ര പരിധിക്കുള്ളിലെ സ്വകാര്യഭൂമിയാണ് ഏറ്റെടുക്കുന്നത് എന്നതിന് പരിധി നിശ്ചയിച്ചിട്ടില്ല. സ്വകാര്യ ഉടമസ്ഥതയിലുള്ള കണ്ടൽക്കാടുകൾ ഏറ്റെടുക്കുന്നതിനാണ് നിശ്ചയിച്ചിട്ടുള്ളത്.

**കണ്ടൽവനങ്ങളുടെ സംരക്ഷണം**

139(885) <u>ശ്രീ. പി. പി. ചിത്തരഞ്ജൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തീരദേശ പ്രദേശങ്ങളുടെ സ്വാഭാവിക സംരക്ഷണം ഉറപ്പുവരുത്താൻ കണ്ടൽകാടുകളുടെ പ്രയോജനം ലഭിക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

തീരപ്രദേശങ്ങളിൽ കാറ്റാടിതൈകളും അനുബന്ധകണ്ടൽ ചെടികളും നട്ടുപിടിപ്പിച്ച് സ്വാഭാവിക സംരക്ഷണം ഉറപ്പുവരുത്താൻ നടപടി സ്വീകരിച്ചുവരുന്നു. ചതുപ്പ് നിലങ്ങളിലും അഴിമുഖങ്ങളിലും മാത്രമേ കണ്ടൽ ചെടികൾ വളരുകയുള്ളൂ.

(ബി) നിലവിലുള്ള കണ്ടൽവനങ്ങൾ ശാസ്ത്രീയമായി പരിപാലിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

നിലവിൽ സർക്കാർ ഉടമസ്ഥതയിലുള്ള കണ്ടൽവനങ്ങൾ വന നിയമപ്രകാരം സംരക്ഷിക്കാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. സ്വകാര്യ ഉടമസ്ഥതയിലുള്ള കണ്ടൽ വനങ്ങൾ നഷ്ടപരിഹാരം നൽകി ഏറ്റെടുക്കാനുള്ള നടപടികളും നടന്നുവരുന്നു. കൂടാതെ കേന്ദ്രാവിഷ്കൃത പദ്ധതിയായ "Conservation of Management of Mangroves" പ്രകാരം കണ്ടൽതൈകൾ ഉൽപ്പാദിപ്പിച്ച് പൊതുജനങ്ങൾക്ക് വിതരണം ചെയ്യുകയും ഗാർഹികാവശ്യത്തിനുള്ള ഇന്ധന ആവശ്യങ്ങൾക്ക് കണ്ടൽ നശിപ്പിക്കപ്പെടാതിരിക്കാൻ മറ്റു അനുബന്ധ തൈകൾ നട്ടുപിടിപ്പിക്കുകയും ബയോഗ്യാസ് പ്ലാന്റ് നിർമ്മിക്കുക, എൽ.പി.ജി. ഗ്യാസ് വിതരണം തുടങ്ങിയ പ്രവൃത്തികളും നടത്തിവരുന്നു.

(സി) ക്ഷയോന്മുഖമായ കണ്ടൽ വനങ്ങളെ പരിസ്ഥിതി പുനഃസ്ഥാപനത്തിലൂടെ വീണ്ടെടുക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

കേന്ദ്രാവിഷ്കൃത പദ്ധതിയായ "Conservation of Management of Mangroves" എന്ന പദ്ധതി പ്രകാരം കണ്ടൽതൈകൾ ഉൽപാദിപ്പിച്ച് പൊതുജനങ്ങൾക്ക് വിതരണം ചെയ്തുവരുന്നു. ക്ഷയോന്മുഖമായ കണ്ടൽ വനങ്ങളെ പരിസ്ഥിതി പുന:സ്ഥാപനത്തിലൂടെ വീണ്ടെടുക്കാൻ ഒരു പരിധിവരെ ടി പദ്ധതി പ്രകാരം സാധിക്കുന്നതാണ്.

**സ്വകാര്യ ഭൂമിയിലെ കണ്ടൽക്കാടുകൾ**

140(886) <u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ ഭൂമിയിലെ കണ്ടൽക്കാടുകൾ ഏറ്റെടുത്ത് സംരക്ഷിക്കാനുള്ള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

റീബിൽഡ് കേരള ഡെവലപ്മെന്റ് പ്രോഗ്രാമിനു കീഴിൽ സ്വകാര്യ ഉടമസ്ഥതയിലുള്ള കണ്ടൽക്കാടുകൾ നഷ്ടപരിഹാരം നൽകി ഏറ്റെടുക്കുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.

(ബി) ഇത് നടപ്പാക്കുന്നതിനായി ചുമതലപ്പെടുത്തിയിരിക്കുന്ന ഏജൻസി ഏതാണെന്ന് വെളിപ്പെടുത്തുമോ?

14-11-2019-ലെ ജി.ഒ. (ആർ.റ്റി.) 483/2019/പി&ഇ.എ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം റീബിൽഡ് കേരള ഡെവലപ്മെന്റ് പദ്ധതിയുടെ കീഴിൽ സ്വകാര്യ ഉടമസ്ഥതയിലുള്ള കണ്ടൽക്കാടുകൾ ഏറ്റെടുക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. കേരള വനംവകുപ്പിനെയാണ് മേൽ പദ്ധതി നടത്തിപ്പിനായി ചുമതലപ്പെടുത്തിയിട്ടുള്ളത്.

(സി) പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുന്നതിനുള്ള നടപടിക്രമം വ്യക്തമാക്കുമോ?

കണ്ടൽക്കാടുകൾ കേരള ഫോറസ്റ്റ് (വെസ്റ്റിംഗ് & മാനേജ്മെന്റ് ഓഫ് ഇക്കോളജിക്കലി ഫ്രൈജൈൽ ലാൻഡ്) ആക്റ്റ് 2003, സെക്ഷൻ 4 (1) പ്രകാരം അർഹമായ നഷ്ടപരിഹാരത്തുക പകരം നൽകി ഏറ്റെടുക്കാനാണ് തീരുമാനിച്ചിട്ടുള്ളത്. കേരള ഫോറസ്റ്റ് (വെസ്റ്റിംഗ് & മാനേജുമെന്റ് ഓഫ് ഇക്കോളജിക്കലി ഫ്രൈജൈൽ ലാൻഡ്സ്) ആക്റ്റ് 2003, സെക്ഷൻ 15 പ്രകാരം നിയമിക്കപ്പെട്ട ഉപദേശക സമിതിയുടെ സ്ഥലപരിശോധനയും ശിപാർശയും വിധേയമായിട്ടാണ് സ്വകാര്യ ഉടമസ്ഥതയിലുള്ള കണ്ടൽ വനങ്ങൾ ഏറ്റെടുക്കുന്നത്.

**കണ്ടൽക്കാട് സംരക്ഷണം**

141(887) ശ്രീമതി കാനത്തിൽ ജമീല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ വ്യക്തികളുടെ ഭൂമികളിലെ കണ്ടൽ വനങ്ങൾ സംരക്ഷിക്കാൻ വനംവകുപ്പ് മുൻകയ്യെടുക്കുമോയെന്ന് അറിയിക്കുമോ?

സംസ്ഥാനത്ത് ജൈവവൈവിധ്യങ്ങളുടെ കലവറയായ കണ്ടൽക്കാടുകളുടെ സംരക്ഷണത്തിന്റെ ഭാഗമായി റീബിൽഡ് കേരള ഡെവലപ്മെന്റ് പദ്ധതിക്കു കീഴിൽ സ്വകാര്യ ഉടമസ്ഥതയിലുള്ള കണ്ടൽക്കാടുകൾ ഏറ്റെടുക്കുന്നതിനുള്ള പദ്ധതി വനംവകുപ്പ് നടപ്പാക്കി വരുന്നുണ്ട്.

(ബി) ഇത്തരത്തിലുള്ള പുഴയോര കണ്ടൽവനങ്ങൾ ധാരാളമുള്ളതും സ്വകാര്യ വ്യക്തികളുടെ കൈവശത്തിലുള്ളതുമായ ഭൂമികൾ വനംവകുപ്പ് നഷ്ടപരിഹാരം നൽകി ഏറ്റെടുത്ത് സംരക്ഷിത കണ്ടൽ വനമേഖലയായി സംരക്ഷിച്ച് വരുന്നുണ്ടോ; നഷ്ടപരിഹാരത്തുക അനുവദിക്കുമോ; വിശദമാക്കാമോ?

റീബിൽഡ് കേരള ഡെവലപ്‌മെന്റ് പദ്ധതിയുടെ ഒരു പ്രധാന ഉപ പദ്ധതിയാണ് കണ്ടൽക്കാടുകളുടെ ഏറ്റെടുക്കലും സംരക്ഷണവും. സ്വകാര്യ വ്യക്തികളുടെ കൈവശത്തിലുള്ളതായ കണ്ടൽഭൂമികൾ വനം വകുപ്പ് നഷ്ടപരിഹാരം നൽകി ഏറ്റെടുക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. കേരള ഫോറസ്റ്റ് (വെസ്റ്റിംഗ് & മാനേജ്‌മെന്റ് ഓഫ് ഇക്കോളജിക്കലി ഫ്രൈജൈൽ ലാന്റ്സ്) ആക്ട് 2003, സെക്ഷൻ 4 (1) പ്രകാരം അർഹമായ നഷ്ടപരിഹാരം നൽകി ഏറ്റെടുക്കാനാണ് തീരുമാനിച്ചിട്ടുള്ളത്. കേരള ഫോറസ്റ്റ് (വെസ്റ്റിംഗ് & മാനേജ്‌മെന്റ് ഓഫ് ഇക്കോളജിക്കലി ഫ്രൈജൈൽ ലാന്റ്സ്) ആക്ട് 2003, സെക്ഷൻ 15 പ്രകാരം നിയമിക്കപ്പെട്ട ഉപദേശക സമിതിയുടെ സ്ഥലപരിശോധനയ്ക്കും ശിപാർശയ്ക്കും വിധേയമായിട്ടാണ് സ്വകാര്യ ഉടമസ്ഥതയിലുള്ള കണ്ടൽ വനങ്ങൾ ഏറ്റെടുക്കുന്നത്.

(സി) കണ്ടൽ വനവിസ്തൃതി വർദ്ധിപ്പിക്കാൻ വനം വകുപ്പിന്റെ നേതൃത്വത്തിൽ നടത്തി വരുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ?

റീബിൽഡ് കേരള ഡെവലപ്‌മെന്റ് പ്രോഗ്രാമിനു കീഴിൽ സ്വകാര്യ ഉടമസ്ഥതയിലുള്ള കണ്ടൽക്കാടുകൾ ഏറ്റെടുക്കുകവഴി ജൈവ വൈവിധ്യങ്ങളുടെ കലവറയായ കണ്ടൽക്കാടുകളുടെ ഏകീകരണവും സംരക്ഷണവുമാണ് ലക്ഷ്യമാക്കുന്നത്. സ്വകാര്യ ഉടമസ്ഥതയിലുള്ള കണ്ടൽ വനങ്ങൾ കേരള ഫോറസ്റ്റ് (വെസ്റ്റിംഗ് & മാനേജ്‌മെന്റ് ഓഫ് ഇക്കോളജിക്കലി ഫ്രൈജൈൽ ലാന്റ്സ്) ആക്ട് 2003 സെക്ഷൻ 4 (1), മുഖേന അർഹമായ നഷ്ടപരിഹാരം നൽകി ഏറ്റെടുക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളത്. 14-11-2019-ലെ സ.ഉ (സാധാ) നമ്പർ 483/2019/P&EA നമ്പർ സർക്കാർ ഉത്തരവ് പ്രകാരം കണ്ടൽക്കാടുകളുടെ ഏറ്റെടുക്കലും സംരക്ഷണത്തിനുമായി ഭരണാനുമതി നൽകിയിട്ടുണ്ട്. ഈ സാമ്പത്തിക വർഷത്തിൽ ഈയിനത്തിൽ 2 കോടി രൂപയാണ് അനുവദിച്ചിട്ടുള്ളത്. ആദ്യഘട്ടത്തിൽ തൃശ്ശൂർ, കൊല്ലം, കണ്ണൂർ, മലപ്പുറം എന്നീ നാല് ജില്ലകളിലെ 51.41 ഹെക്ടർ കണ്ടൽക്കാടുകൾ അർഹമായ തുക നഷ്ടപരിഹാരം നൽകി ഏറ്റെടുക്കാനാണ് തീരുമാനിച്ചിട്ടുള്ളത്. ഇ.എഫ്.എൽ. അഡ്വൈസറി സബ്കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കൊല്ലം, തൃശ്ശൂർ ജില്ലകളിലെ കണ്ടൽഭൂമി ഏറ്റെടുക്കുന്നതിനായുള്ള നഷ്ടപരിഹാരം തീരുമാനിക്കുന്നതിനുള്ള സമിതി രൂപീകരിച്ച് സർക്കാർ വിജ്ഞാപനം പ്രസിദ്ധീകരിച്ചിട്ടുണ്ട്. മറ്റുള്ള ജില്ലകളിൽ കണ്ടൽക്കാടുകളുടെ വിവരശേഖരണം, സർവ്വേ രേഖകളുടെ പരിശോധന തുടങ്ങിയ പ്രാഥമിക പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.

**വനമേഖലകളിൽ താമസിക്കുന്നവർക്ക് പട്ടയം ലഭ്യമാക്കാൻ നടപടി**

142(888) ഡോ. എൻ. ജയരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണിമല, പൊന്തൻപുഴ, കോട്ടാങ്ങൽ, മേലേക്കവല ഭാഗങ്ങളിൽ വനമേഖലയ്ക്ക് സമീപം താമസിക്കുന്നവർക്ക് പട്ടയം നൽകുന്നത് സംബന്ധിച്ച നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ്; പട്ടയം ലഭിക്കുന്നതിനായി നിലവിൽ എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

മേൽ സ്ഥലങ്ങൾ റാന്നി, കോട്ടയം വനം ഡിവിഷന്റെ വനമേഖലയിൽ ഉൾപ്പെട്ടുവരുന്ന ഭാഗങ്ങളാണ്. റാന്നി ഡിവിഷന്റെ പരിധിയിൽ വരുന്ന പൊന്തൻപുഴ വനമേഖലയിൽ 1-1-1977-ന് മുമ്പായി വനഭൂമി കയ്യേറിയതായി വനം-റവന്യൂ വകുപ്പുകൾ സംയുക്ത പരിശോധനയിൽ കണ്ടെത്തിയ പെരുമ്പട്ടി വില്ലേജിലെ സർവ്വേ നമ്പർ 283/1-എ -യിൽപ്പെട്ട 1-1-1977-ന് മുമ്പ് വനം കയ്യേറ്റം നടത്തി സംയുക്ത പരിശോധന ലിസ്റ്റിലുൾപ്പെട്ട 414 കുടുംബങ്ങളുടെ കൈവശമുള്ള 104.73 ഹെക്ടർ വനഭൂമി ക്രമീകരിച്ച് പട്ടയം നൽകുന്നതിനുള്ള പ്രൊപ്പോസൽ 1980-ലെ ഫോറസ്റ്റ് കൺസർവേഷൻ ആക്ടനുസരിച്ച് കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുള്ളതും ആയതിന്റെ ഭാഗമായി കേന്ദ്ര സർക്കാർ പ്രതിനിധികൾ 1-1-1977-ന് മുമ്പുള്ള കയ്യേറ്റ പ്രദേശങ്ങൾ 15-1-2021, 16-1-2021 തീയതികളിലായി സന്ദർശിച്ചിട്ടുള്ളതുമാണ്. പട്ടയം ലഭ്യമാക്കുന്നതിനുള്ള അപേക്ഷകൾ കൈകാര്യം ചെയ്യുന്നത് റവന്യൂ വകുപ്പാണ്. കോട്ടയം ഡിവിഷന്റെ പരിധിയിൽ വരുന്ന മണിമല പൊന്തൻപുഴ വനമേഖലയിൽ 1-1-1977-ന് മുമ്പായി വനഭൂമി കയ്യേറിയതായി വനം-റവന്യൂ വകുപ്പുകൾ നടത്തിയ സംയുക്ത പരിശോധനയിൽ കണ്ടെത്തിയ സ്ഥലങ്ങളിലെ ബന്ധപ്പെട്ട കൈവശക്കാർക്ക് പട്ടയം നൽകുന്നത് തടഞ്ഞ് ബഹു. ഹൈക്കോടതി ഉത്തരവ് നിലവിലുണ്ട്.

(ബി) പൊന്തൻപുഴ വനമേഖലയിലെ ചില പ്രദേശങ്ങളുടെ അവകാശവുമായി ബന്ധപ്പെട്ട് എന്തെങ്കിലും കേസ് നിലവിലുണ്ടോ; എങ്കിൽ പ്രസ്തുത കേസിന്റെ നിലവിലെ അവസ്ഥയെന്താണെന്ന് വിശദമാക്കാമോ?

പൊന്തൻപുഴ മേഖലയുമായി വരുന്ന വലിയകാവ് റിസർവ്വിന്റെ അവകാശ വാദവുമായി ബന്ധപ്പെട്ട് ശ്രീമതി രാജമ്മ ബഹു. കേരള ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത WP(C) 890/2013 നമ്പർ കേസ് ബഹു. കേരള ഹൈക്കോടതിയുടെ പരിഗണനയിലാണ്. കൂടാതെ MSA 1/1981 നമ്പർ കേസിൽ ബഹു. കേരള ഹൈക്കോടതി 10-1-2018-ൽ പുറപ്പെടുവിച്ച വിധിക്കെതിരെ സർക്കാർ ബഹു. സുപ്രീം കോടതി മുമ്പാകെ ഫയൽ ചെയ്തിട്ടുള്ള SLP 2291/19 നമ്പർ കേസിൽ 3-7-2019 തീയതിയായി status quo ഉത്തരവായിട്ടുള്ളതാണ്.

(സി) പൂർണ്ണമായും വനമേഖലയിലുള്ള പ്രസ്തുത സ്ഥലം സംബന്ധിച്ച കേസും നൂറ് വർഷത്തിലധികമായി ജനങ്ങൾ വീട് കെട്ടി താമസിക്കുന്ന മറ്റ് മേഖലകളിലെ പട്ടയം അപേക്ഷയും തമ്മിൽ എന്തെങ്കിലും ബന്ധമുണ്ടോയെന്ന് വ്യക്തമാക്കാമോ; പ്രസ്തുത കേസ് പട്ടയം നൽകുന്നതിന് തടസം സൃഷ്ടിക്കുന്നുണ്ടോയെന്ന് വിശദമാക്കാമോ?

വലിയകാവ് റിസർവ് വന മേഖലയിൽപ്പെട്ട സ്ഥലങ്ങളിലെ പട്ടയം നൽകുന്നത് സംബന്ധിച്ച് കേന്ദ്ര സർക്കാർ മുമ്പാകെയുള്ള പ്രൊപ്പോസലിന്മേലുള്ള അനുമതിയുടെയും ബഹു. കോടതികളുടെ മുമ്പാകെയുള്ള വിവിധ കേസുകളുടെ തീരുമാനത്തിന്റെയും അടിസ്ഥാനത്തിൽ മാത്രമേ അന്തിമ തീരുമാനം എടുക്കാൻ സാധിക്കുകയുള്ളൂ.

(ഡി) ജനവാസ മേഖലകളിലുള്ളവരുടെ അപേക്ഷ പരിഗണിച്ച് പട്ടയം ലഭ്യമാക്കുന്നതിന് നടപടികൾ ത്വരിതപ്പെടുത്താമോ?

6-8-2021-ന് വനം വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗ തീരുമാനം അനുസരിച്ച് പത്തനംതിട്ട ജില്ലയിലെ 1-1-1977-നു മുമ്പ് വനഭൂമി കയ്യേറിയവരുടെ പട്ടയം നൽകുന്നതുമായി ബന്ധപ്പെട്ട് കേന്ദ്രസർക്കാരിന്റെ പരിഗണനയിലിരിക്കുന്ന പ്രൊപ്പോസലിന്മേലുള്ള നടപടികൾ അടിയന്തരമായി പൂർത്തിയാക്കാൻ വനം വകുപ്പിൽനിന്നും നടപടി സ്വീകരിച്ചിട്ടുണ്ട്. വനഭൂമിക്ക് പുറത്തുള്ളവർക്ക് പട്ടയം നൽകുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടത് റവന്യൂ വകുപ്പാണ്.

## ആലത്തൂർ മണ്ഡലത്തിൽ വനം വകുപ്പിന്റെ അധീനതയിലുള്ള പ്രദേശങ്ങൾ

143(889) <u>ശ്രീ. കെ. ഡി. പ്രസേനൻ</u>: താഴെ കാണുന്ന ചോദ്യത്തിന് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആലത്തൂർ മണ്ഡലത്തിൽ വനം വകുപ്പിന്റെ അധീനതയിലുള്ള പ്രദേശങ്ങൾ ഏതൊക്കെയെന്ന് പഞ്ചായത്തടിസ്ഥാനത്തിൽ വ്യക്തമാക്കാമോ?

ആലത്തൂർ മണ്ഡലത്തിൽ വനം വകുപ്പിന്റെ അധീനതയിലുള്ള പ്രദേശങ്ങൾ പഞ്ചായത്ത് അടിസ്ഥാനത്തിലുള്ളത് അനുബന്ധമായി ചേർക്കുന്നു.*

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## റവന്യൂ-വനം സംയുക്ത സർവ്വേ

144(890) ശ്രീ. ഒ. ആർ. കേളു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാനന്തവാടി നിയോജകമണ്ഡലത്തിൽ ഭൂമി കൈവശം വച്ചിരുന്നവർക്ക് പട്ടയം നൽകുന്നതിന് റവന്യൂ-വനം സംയുക്ത സർവ്വേ കഴിഞ്ഞ സ്ഥലങ്ങൾ ഏതെല്ലാമാണെന്ന് വെളിപ്പെടുത്തുമോ?

മാന്തവാടി നിയോജകമണ്ഡലത്തിൽ ഭൂമി കൈവശം വച്ചിരുന്നവർക്ക് പട്ടയം നൽകുന്നതിന് റവന്യൂ വനം സംയുക്ത സർവ്വേ കഴിഞ്ഞ സ്ഥലങ്ങൾ പേര്യ, കാഞ്ഞിരങ്ങാട്, തൃശ്ശിലേരി, തവിഞ്ഞാൽ, അമ്പുകുത്തി, തൊണ്ടർനാട് എന്നിവയാണ്.

(ബി) പ്രസ്തുത സർവ്വേ പൂർത്തീകരിച്ച സ്ഥലങ്ങളിൽ വനം വകുപ്പ് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

സംയുക്ത സർവ്വേ പൂർത്തീകരിച്ച് സ്കെച്ച് പരിശോധനയ്ക്കായി ലഭ്യമായിട്ടുണ്ട്. ആയത് പരിശോധിച്ചശേഷമുള്ള റിപ്പോർട്ട് ജില്ലാ കലക്ടർക്ക് തുടർ നടപടികൾക്കായി സമർപ്പിച്ചിരിക്കുകയാണ്. റവന്യൂ വകുപ്പിൽനിന്നും ഫോറസ്റ്റ് കൺസർവേഷൻ ആക്ട് പ്രകാരം യഥാവിധി ഫോറസ്റ്റ് ക്ലിയറൻസിനുള്ള അപേക്ഷ ലഭിച്ചാൽ മാത്രമേ തുടർ നടപടി സ്വീകരിക്കുവാൻ നിർവ്വാഹമുള്ളൂ.

## പട്ടർകടവിൽ ബൊട്ടാണിക്കൽ ഗാർഡനും കളിസ്ഥലവും

145(891) ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം പട്ടർകടവിൽ വനം വകുപ്പിന്റെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് ബൊട്ടാണിക്കൽ ഗാർഡനും നഗരസഭയുടെ കീഴിൽ ഒരു കളിസ്ഥലവും നിർമ്മിക്കാൻ ആവശ്യം ഉന്നയിച്ച് എം.എൽ.എ. നൽകിയ നിവേദനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മലപ്പുറം ജില്ലയിൽ പാണക്കാട് വില്ലേജിൽ പരാമർശിത സ്ഥലത്ത് റീ സർവ്വേ 162/4, 5 നമ്പറുകളിൽ കേരള വനം വകുപ്പിന്റെ ഉടമസ്ഥതയിലുള്ള 2 1/2 ഏക്കർ സ്ഥലം മലപ്പുറം നഗരസഭയ്ക്ക് പൊതുകളിസ്ഥലമായി ഉപയോഗിക്കുന്നതിന് വിട്ട് നൽകുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കാൻ പ്രസ്തുത നിവേദനത്തിൽ അപേക്ഷിച്ചിട്ടുണ്ട്. ടി സ്ഥലം വനം വകുപ്പിന്റെ അധീനതയിലായതിനാലും റിസർവ്വായി പ്രൊപ്പോസ് ചെയ്തിട്ടുള്ളതിനാലും നിവേദനപ്രകാരമുള്ള തുടർ നടപടികൾ സ്വീകരിക്കാൻ നിർവ്വാഹമില്ല.

(ബി) ഗവേഷണ വിദ്യാർത്ഥികൾക്കും പ്രകൃതി ആസ്വാദകർക്കും ഒരു പോലെ പ്രാധാന്യമുള്ളതിനാൽ ബൊട്ടാണിക്കൽ ഗാർഡനും കളിസ്ഥലവും നിർമ്മിക്കാനാവശ്യമായ സത്വര നടപടികൾ സ്വീകരിക്കുമോയെന്ന് അറിയിക്കുമോ?

ഗവേഷണ വിദ്യാർത്ഥികൾക്കും പ്രകൃതി ആസ്വാദകർക്കും ഒരുപോലെ പ്രാധാന്യമുള്ളതാണ് ബൊട്ടാണിക്കൽ ഗാർഡൻ. എന്നാൽ, ബൊട്ടാണിക്കൽ ഗാർഡൻ നിവേദനത്തിൽ പരാമർശിച്ചിട്ടില്ലാത്തതാണ്. എന്നാൽ അതിന്റെ പ്രാധാന്യം കണക്കിലെടുത്ത് ഈ പ്രവൃത്തി പരിഗണിക്കാവുന്നതാണ്. എന്നാൽ കളിസ്ഥല നിർമ്മാണം വനേതര പ്രവർത്തനമായതിനാൽ നടപ്പിലാക്കാൻ കഴിയില്ല.

(സി) ഒരു ഏക്കറിലധികം വരുന്ന പ്രസ്തുത ഭൂമിയിൽ മറ്റെന്തെങ്കിലും പദ്ധതികൾ വകുപ്പ് ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ?

പ്രസ്തുത സ്ഥലത്ത് ഡിവിഷനിലെ ജീവനക്കാർക്ക് ക്വാർട്ടേഴ്സ് നിർമ്മിക്കുന്നത് സജീവ പരിഗണനയിലാണ്.

**നിലമ്പൂർ നിയോജകമണ്ഡലത്തിലെ വനവിസ്തൃതി**

146(892) ശ്രീ. പി. വി. അൻവർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ നിയോജകമണ്ഡലത്തിൽ വനം വകുപ്പ് അവകാശ വാദമുന്നയിക്കുന്നതും സ്വകാര്യ വ്യക്തികളുമായി തർക്കത്തിലുള്ളതുമായ എത്ര ഹെക്ടർ സ്വകാര്യ ഭൂമിയാണുള്ളതെന്ന് പ്രദേശങ്ങൾ തിരിച്ച് വിവരം ലഭ്യമാക്കാമോ?

നിലമ്പൂർ നിയോജകമണ്ഡലത്തിൽ ഒരു സ്വകാര്യ ഭൂമിയിലും വനം വകുപ്പ് അവകാശവാദം ഉന്നയിച്ചിട്ടില്ല.

(ബി) 1977-ന് മുമ്പ് സ്വകാര്യ വ്യക്തികൾ കൈവശം വച്ച് പോരുന്നതും നികുതി അടയ്ക്കുന്നതുമായ ഭൂമിയിന്മേൽ വനം വകുപ്പ് അവകാശവാദമുന്നയിക്കുന്നതും കൃഷിവിളകൾ നശിപ്പിക്കുന്നതും ജണ്ടകൾ സ്ഥാപിക്കുന്നതും എന്തടിസ്ഥാനത്തിലാണെന്ന് അറിയിക്കാമോ; നിലമ്പൂർ നിയോജക മണ്ഡലത്തിലെ ഏതെല്ലാം പ്രദേശങ്ങളിലാണ് ഇത്തരം ഇടപെടലുകൾ വനം വകുപ്പ് നടത്തിയിട്ടുള്ളതെന്നും വിശദമാക്കാമോ?

Kerala Forest (vesting and Assignment) Act, 1971 നിലവിൽ വന്നത് 10-5-1971 നാണ്. ഈ നിയമപ്രകാരം സർക്കാരിൽ നിക്ഷിപ്തമായ വനഭൂമികൾ വിജ്ഞാപനം ചെയ്യപ്പെട്ടിട്ടുള്ളതും സർവ്വേ ചെയ്തിട്ടുള്ളതും സർവ്വേക്കല്ലുകൾ സ്ഥാപിച്ചിട്ടുള്ളതുമാണ്. എന്നാൽ, ജണ്ട നിർമ്മാണം പൂർത്തിയാക്കാൻ സാധിച്ചിട്ടില്ല.

10-5-1971-നും 1-1-1977-നും ഇടയിൽ ഇത്തരം ഭൂമികൾക്ക് പട്ടയം ലഭിച്ചിട്ടുണ്ടെങ്കിൽ ആയത് നിയമസാധുതയില്ലാത്തതാണ്. റിസർവ് വനഭൂമിയിൽ 1-1-1977-ന് മുമ്പുണ്ടായ കയ്യേറ്റങ്ങൾ ക്രമീകരിക്കാൻ സർക്കാർ തീരുമാനമുണ്ട്. 1-1-1977-ന് മുമ്പുള്ള വനം കയ്യേറ്റങ്ങൾ സംയുക്ത പരിശോധന നടത്തി ക്രമീകരിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ആയതിന് 1980-ലെ വനസംരക്ഷണ നിയമത്തിലെ വ്യവസ്ഥകൾ പ്രകാരം കേന്ദ്ര സർക്കാരിന്റെ അനുമതി ലഭ്യമാക്കേണ്ടതുണ്ട്. എന്നാൽ, നിക്ഷിപ്ത വനഭൂമി, പരിസ്ഥിതി ദുർബ്ബല പ്രദേശങ്ങൾ എന്നിവയിലുള്ള കയ്യേറ്റങ്ങൾ ഇപ്രകാരം ക്രമീകരിക്കുവാനാകില്ല.

(സി) വനാതിർത്തിയുമായി നേരിട്ട് ബന്ധമില്ലാത്ത സ്ഥലങ്ങളുടെ ക്രയ വിക്രയങ്ങൾക്കും രജിസ്ട്രേഷന് പോലും വനം വകുപ്പിന്റെ നിരാക്ഷേപപത്രം വേണമെന്ന സർക്കാർ ഉത്തരവ് നിലവിലുണ്ടോ; ഉണ്ടെങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ?

വനാതിർത്തിയുമായി നേരിട്ട് ബന്ധമില്ലാത്ത സ്ഥലങ്ങളുടെ ക്രയ വിക്രയങ്ങൾക്കും രജിസ്ട്രേഷനും വനം വകുപ്പിന്റെ നിരാക്ഷേപപത്രം വേണമെന്ന സർക്കാർ ഉത്തരവുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. വനഭൂമി ഉൾപ്പെടുന്ന സർവ്വേ നമ്പരുകളിൽ വ്യാപിച്ചു കിടക്കുന്ന സ്വകാര്യ കൈവശസ്ഥലങ്ങളുണ്ട്. ഇത്തരം ഭൂമികൾ പലതും വനാതിർത്തി പങ്കിടുന്നില്ലെങ്കിൽ പോലും ഇവയുടെ രജിസ്ട്രേഷനുമായി ബന്ധപ്പെട്ടുള്ള വിഷയങ്ങളിൽ രജിസ്ട്രാർമാർ വനം വകുപ്പിന്റെ നിരാക്ഷേപപത്രം ആവശ്യപ്പെട്ടുവരുന്നുണ്ട്.

(ഡി) നിലമ്പൂർ നിയോജകമണ്ഡലത്തിലെ 2000-ലെ വനവിസ്തൃതിയും 2020-ലെ വനവിസ്തൃതിയും എത്രയെന്ന് വ്യക്തമാക്കാമോ; നിലമ്പൂർ നിയോജക മണ്ഡലത്തിലെ ഏതെല്ലാം പ്രദേശങ്ങളിലാണ് ഇക്കാലയളവിൽ വനവിസ്തൃതി കാര്യമായി വർദ്ധി ച്ചിട്ടുള്ളതെന്നും അറിയിക്കാമോ?

നിയോജകമണ്ഡലാടിസ്ഥാനത്തിൽ 2000, 2020 വർഷങ്ങളിലെ വന വിസ്തൃതി കണക്കാക്കിയിട്ടില്ല.

## കേരളത്തിന്റെ വനവിസ്തൃതി

147(893) ശ്രീ. എൻ. എ. നെല്ലിക്കുന്ന്:
ഡോ. എം. കെ. മുനീർ:
ശ്രീ. പി. അബ്ദുൽ ഹമീദ് :
ശ്രീ. യു. എ. ലത്തീഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിന്റെ വനവിസ്തൃതി എത്ര ശതമാനമാണെന്ന് അറിയിക്കുമോ?

2018-19-ലെ വനം വകുപ്പിന്റെ ഭരണ റിപ്പോർട്ട് പ്രകാരം സംസ്ഥാനത്തിന്റെ ആകെ ജിയോഗ്രഫിക്കൽ ഏരിയയുടെ 29.65 ശതമാനമാണ് വനവിസ്തൃതി.

(ബി) ദേശീയ വനവിസ്തൃതിലേയ്ക്ക് എത്തുന്നതിനുള്ള ലക്ഷ്യം കൈവരിക്കാനുള്ള നടപടികൾ ആലോചനയിലുണ്ടോയെന്ന് വ്യക്തമാക്കുമോ?

സംസ്ഥാനത്തിന്റെ വനവിസ്തൃതി ദേശീയ ശരാശരി വനവിസ്തൃതിയേക്കാൾ കൂടുതലാണ്. എന്നിരുന്നാലും വനവിസ്തൃതി വർദ്ധിപ്പിക്കാനും കൂടുതൽ പരിസ്ഥിതി പ്രാധാന്യമുള്ള സ്ഥലങ്ങൾ ഏറ്റെടുത്ത് വനമായി സംരക്ഷിക്കാനുമുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

(സി) സംസ്ഥാനത്ത് വനവൽക്കരണത്തിനായുള്ള പദ്ധതികൾ വിശദമാക്കുമോ?

പരിസ്ഥിതി പ്രാധാന്യമുള്ള കണ്ടൽക്കാടുകൾ, പുറമ്പോക്കുകൾ, റിസർവ് വനമായി പ്രഖ്യാപിക്കാത്ത വനഭൂമികൾ എന്നിവ റിസർവ് വനമായി പ്രഖ്യാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുള്ളതാണ്. വനവിസ്തൃതി വർദ്ധിപ്പിക്കുന്നതിനായി പരിസ്ഥിതി പ്രാധാന്യമുള്ള കണ്ടൽവനങ്ങളും ഏറ്റെടുത്ത് സംരക്ഷിച്ചു വരുന്നുണ്ട്. കണ്ണൂർ ജില്ലയിൽ 237.92 ഹെക്ടറും തൃശ്ശൂർ ജില്ലയിൽ 3.3853 ഹെക്ടറും കണ്ടൽ വനങ്ങൾ വനനിയമം സെക്ഷൻ 19 പ്രകാരം റിസർവ് ഫോറസ്റ്റായി വിജ്ഞാപനം പുറപ്പെടുവിച്ച് സംരക്ഷിച്ചു വരുന്നുണ്ട്. ആലപ്പുഴ ജില്ലയിലെ പുറക്കാട് ഗാന്ധിവനം, തൃശ്ശൂർ, മലപ്പുറം, കോഴിക്കോട്, കാസർഗോഡ് ജില്ലകളിൽ യഥാക്രമം 135.3356, 3.3853, 20.78, 2.82, 54.6952 ഹെക്ടർ കണ്ടൽ വനങ്ങൾ (ആകെ 217.0161 ഹെക്ടർ) വന നിയമം സെക്ഷൻ 4 പ്രകാരം "പ്രൊപ്പോസ്ഡ്" റിസർവ് ഫോറസ്റ്റായി വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ളതാണ്. കൂടാതെ, കോട്ടയം ജില്ലയിലെ കോട്ടയം താലൂക്കിൽപ്പെട്ട പെരുമ്പായിക്കാട് വില്ലേജിലെ ബ്ലോക്ക് 25, സർവ്വേ നമ്പർ 172 ൽപ്പെട്ട 3.7550 ഹെക്ടർ സ്ഥലവും ഇടുക്കി ജില്ലയിലെ പീരുമേട് താലൂക്കിലെ കുമിളി വില്ലേജിൽ സർവ്വേ നം. 46/24 pt., 46/25 pt., 46/26 pt., 45/9 pt. ൽപ്പെട്ട 2.6798 ഹെക്ടർ സ്ഥലവും 1961-ലെ കേരള വനം ആക്ടിന്റെ

(1962 -ലെ 4) സെക്ഷൻ 4 വകുപ്പ് പ്രകാരം റിസർവ് വനമായി വിജ്ഞാപനം പുറപ്പെടുവിച്ച് വനമായി സംരക്ഷിച്ചു വരുന്നുണ്ട്. റീ-ബിൽഡ് കേരള പദ്ധതിയുടെ കീഴിൽ വനത്തോട് ചേർന്നുകിടക്കുന്ന തെരഞ്ഞെടുത്ത സ്വകാര്യ എസ്റ്റേറ്റുകൾ ഏറ്റെടുക്കുന്നതിനും ഇപ്രകാരമുള്ള പ്രദേശങ്ങളിലെ ജനവാസമുള്ള സ്വകാര്യ ഭൂമികൾ ഏറ്റെടുക്കുന്നതിനും സ്വകാര്യ കണ്ടൽ വനങ്ങൾ ഏറ്റെടുക്കുന്നതിനും വിഭാവനം ചെയ്തിട്ടുണ്ട്. KIIFB-യുടെ കീഴിൽ വനത്തിനുള്ളിൽ ജനവാസമുള്ള സ്വകാര്യ ഭൂമികൾ ഏറ്റെടുക്കുന്നതിനുള്ള പദ്ധതിയും വിഭാവനം ചെയ്തിട്ടുണ്ട്.

## ഫലവൃക്ഷങ്ങൾ നട്ടുപിടിപ്പിക്കൽ

148(894) ശ്രീ. കടകംപള്ളി സുരേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹിക വനവത്കരണത്തിന്റെ ഭാഗമായി പൊതു സ്ഥലങ്ങളിലും ക്യാമ്പസുകളിലും നട്ടുപിടിപ്പിച്ചിട്ടുള്ള മാഞ്ചിയം, അക്കേഷ്യ മറ്റ് പാഴ് വൃക്ഷങ്ങൾ എന്നിവ ഒഴിവാക്കി ഫലവൃക്ഷങ്ങളും ഈടുള്ള വൃക്ഷങ്ങളും നടുന്നതിനെക്കുറിച്ച് വനംവകുപ്പ് ആലോചിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

അക്കേഷ്യ, മാഞ്ചിയം, യൂക്കാലിപ്റ്റസ് എന്നീ വിദേശീയ വൃക്ഷങ്ങളുള്ള തോട്ടങ്ങൾ മുറിച്ചുമാറ്റുമ്പോൾ തെരഞ്ഞെടുത്ത വനപ്രദേശങ്ങളിൽ വിവിധയിനം തദ്ദേശീയ ഫല-ഔഷധ വൃക്ഷങ്ങൾ നട്ടുപിടിപ്പിക്കുന്ന വിഷയം വനം വകുപ്പ് പരിഗണിക്കുന്നുണ്ട്. ഏകവിളത്തോട്ടങ്ങൾമൂലമുണ്ടാകുന്ന പാരിസ്ഥിതിക പരിമിതികൾ മറികടക്കാനായി തദ്ദേശീയ വൃക്ഷത്തൈകൾ ഉപയോഗിച്ച് സ്വാഭാവിക വനം പുനർജ്ജനിപ്പിക്കുക, ഈ പ്രദേശത്തെ ജൈവവൈവിധ്യ സംരക്ഷണം ഉറപ്പാക്കുക, ചുറ്റുമുള്ള പ്രദേശത്തെ മണ്ണ്-ജല സംരക്ഷണ പ്രക്രിയയ്ക്ക് സഹായകരമാക്കുക എന്നിവ ലക്ഷ്യമിടുന്നു.

(ബി) പൊതുസ്ഥലങ്ങളിൽ അപകടാവസ്ഥയിലുള്ള പാഴ്മരങ്ങൾ മുറിച്ച് മാറ്റുന്നതിന് നിലവിലുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കാൻ കഴിയുമോയെന്ന് വിശദമാക്കാമോ?

സോഷ്യൽ ഫോറസ്ട്രി വിഭാഗം നിശ്ചയിച്ച തുകയ്ക്ക് ലേലം നടന്നില്ലെങ്കിൽ തുടർ ലേലം നടത്താവുന്നതും വനം വകുപ്പ് നിർണ്ണയിച്ച വില ലഭിക്കാത്തപക്ഷം ലേലം നടത്തുന്ന ഉദ്യോഗസ്ഥന് ആയതിനുള്ള കാരണം വ്യക്തമാക്കി ലേലം സ്ഥിരപ്പെടുത്താവുന്നതുമാണ്. ഈ രീതിയിൽ നടപടിക്രമങ്ങൾ ലഘൂകരിക്കാവുന്നതാണ്. അപകടകരമായ മരങ്ങൾ മുറിച്ചുമാറ്റുന്നതിന് റവന്യൂ ഡിവിഷൻ ഓഫീസർക്ക് അനുമതി നൽകാവുന്നതാണ്.

(സി) വനവൽക്കരണം പദ്ധതിയിൽ കാർഷിക വിളകൾക്കൂടി ഉൾപ്പെടുത്തുന്ന കാര്യം പരിഗണനയിലുണ്ടോയെന്ന് വിശദമാക്കാമോ?

വനവൽക്കരണ പദ്ധതിയിൽ കാർഷിക വിളകൾക്കൂടി ഉൾപ്പെടുത്തുന്ന കാര്യം പരിഗണനയിലില്ല.

(ഡി) ഈട്ടി, തേക്ക്, മഹാഗണി തുടങ്ങിയ ഈടുള്ള വൃക്ഷങ്ങൾ വച്ചു പിടിപ്പിക്കുന്നതിന് പ്രത്യേക പരിപാടികൾ വനം വകുപ്പിന്റെ പരിഗണനയിലുണ്ടോയെന്ന് വിശദമാക്കാമോ?

നിലവിൽ ഈട്ടി, തേക്ക്, മഹാഗണി തുടങ്ങിയ ഈടുള്ള വൃക്ഷങ്ങൾ വച്ചു പിടിപ്പിക്കുന്നതിന് പ്രത്യേക പരിപാടികൾ പരിഗണനയിലില്ല. എന്നിരുന്നാലും ഹരിത കേരളം പദ്ധതി പ്രകാരം ഈട്ടി, തേക്ക്, മഹാഗണി തുടങ്ങിയ വൃക്ഷത്തൈകൾ വിതരണം ചെയ്തുവരുന്നു.

(ഇ) പാട്ടവ്യവസ്ഥയിലെ വനഭൂമി കാലാവധി കഴിഞ്ഞും അനധികൃതമായി കൈവശം വച്ചിരിക്കുന്നത് തിരച്ചുപിടിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; ഇത്തരത്തിലുള്ള എത്ര ഹെക്ടർ വനഭൂമി തിരികെ പിടിച്ചിട്ടുണ്ടെന്നും വിശദമാക്കാമോ?

സംസ്ഥാനത്ത് പാട്ടവ്യവസ്ഥയിൽ നൽകിയ വനഭൂമിയിൽ 13,003.8026 ഹെക്ടർ ഭൂമി പാട്ടകാലാവധി പുതുക്കാതെ സർക്കാർ സ്ഥാപനങ്ങളും/ പൊതുമേഖല സ്ഥാപനങ്ങളും/ മറ്റു ഏജൻസികളും/ സ്വകാര്യ വ്യക്തികളും അനധികൃതമായി കൈവശം വച്ചിട്ടുണ്ട്. ഈ വിഷയത്തിൽ 1-3-2018-ലെ സ.ഉ (സാധാ) നമ്പർ 104/2018/വനം, 16-3-2018-ലെ സ.ഉ. (സാധാ) നമ്പർ 133/2018/വനം എന്നിവ പ്രകാരം പാട്ടത്തിന് നൽകിയ വനഭൂമിയുടെ സർവ്വേ നടത്തി അധികഭൂമി കണ്ടെത്തിയാൽ തിരിച്ചു പിടിക്കുന്നതിനും പാട്ടക്കാലാവധി പുതുക്കുന്നതിനുമുള്ള നടപടി സ്വീകരിച്ചു വരുന്നുണ്ട്. പ്രസ്തുത സർക്കാർ ഉത്തരവ് പ്രകാരം വനഭൂമി കൈവശം വച്ചിരിക്കുന്ന എല്ലാ സർക്കാർ സ്ഥാപനങ്ങളും/പൊതുമേഖല സ്ഥാപനങ്ങളും/ മറ്റു ഏജൻസികളും വനം വകുപ്പ് ഉദ്യോഗസ്ഥരുടെ സാന്നിദ്ധ്യത്തിലും സ്വന്തം ചെലവിലും 3 മാസത്തിനകം അതിർത്തി നിർണ്ണയം നടത്തണമെന്നും പാട്ടക്കരാർ ഒപ്പുവയ്ക്കണമെന്നുള്ള നിർദ്ദേശവും നൽകിയിട്ടുള്ളതാണ്. 27-4-2020-ലെ സ.ഉ (സാധാ) നമ്പർ 83/2020/വനം നമ്പർ സർക്കാർ ഉത്തരവ് പ്രകാരം മെ. ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡ് കമ്പനിക്ക് പാട്ടത്തിന് നൽകിയിട്ടുള്ള ക്യാപ്റ്റീവ് പ്ലാന്റേഷൻ ഭൂമിയായ 3036.3955 ഹെക്ടർ ഭൂമി ഉൾപ്പെടെ ലഭ്യമായ കണക്കുകൾ പ്രകാരം ഇത്തരത്തിലുള്ള 3382.7485 ഹെക്ടർ വനഭൂമി സംസ്ഥാനത്തെ വിവിധ വനം സർക്കിളുകളിലായി തിരികെ ഏറ്റെടുത്തിട്ടുള്ളതാണ്.

(എഫ്) നഗര/ഗ്രാമപ്രദേശങ്ങളിലെ പൊതു ഇടങ്ങളിൽ മിയാവാക്കി മാതൃകയിലുള്ള വനങ്ങൾ എന്ന ആശയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വിശദമാക്കാമോ?

വനം വകുപ്പ് 'മിയാവാക്കി' യുടെ തത്വങ്ങൾ ഉൾക്കൊള്ളിച്ച് അതിസാന്ദ്ര 'നഗരവന'ങ്ങളും, വിദ്യാലയങ്ങളിൽ 'വിദ്യാവന'ങ്ങളും നടപ്പിലാക്കി വരുന്നുണ്ട്. ഇതുവരെ 47 വിദ്യാവനങ്ങളും 13 നഗരവനങ്ങളും നടപ്പിലാക്കിയിട്ടുണ്ട്.

(ജി) വനഭൂമി കയ്യേറ്റം തടയുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

1. വനം കയ്യേറ്റം തടയുന്നതിനായി വനാതിർത്തി പുനർനിർണ്ണയം നടത്തി സ്ഥിരം ജണ്ടകൾ സ്ഥാപിച്ചും സംരക്ഷണ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുന്നതിനും നടപടി സ്വീകരിച്ചു വരുന്നുണ്ട്. സംസ്ഥാനത്തെ വനാതിർത്തി ഉദ്ദേശം 16,846 കിലോമീറ്ററാണ്. 2016-17 മുതൽ ജണ്ട നിർമ്മാണത്തിൽ കാര്യമായ പുരോഗതി കൈവരിക്കാനായി. 2016-17 -ൽ 12,500 ജണ്ടകളും (ഉദ്ദേശം 550 കി.മീ. വനാതിർത്തി), 2017-18 ൽ 14,416 ജണ്ടകളും (ഉദ്ദേശം 680 കി.മീ. വനാതിർത്തി), 2018-19 ൽ 14,618 ജണ്ടകളും (ഉദ്ദേശം 700 കി.മീ. വനാതിർത്തി) നിർമ്മിക്കുകയുണ്ടായി. 2019-20 -ൽ 11,779 ജണ്ടകൾ (ഉദ്ദേശം 530 കി.മീ. വനാതിർത്തി) നിർമ്മിക്കുകയുണ്ടായി. 2020-21 സാമ്പത്തിക വർഷത്തിൽ 16,993 ജണ്ടകൾ (ഉദ്ദേശം 700 കി.മീ. വനാതിർത്തി) നിർമ്മിച്ചു കഴിഞ്ഞിട്ടുണ്ട്.

2. പുതിയ വനം കയ്യേറ്റ ശ്രമങ്ങൾ അപ്പപ്പോൾ തന്നെ തടയുകയും ഇപ്രകാരമുള്ള പുതിയ കയ്യേറ്റങ്ങൾ ഒഴിപ്പിച്ച് കയ്യേറ്റക്കാർക്കെതിരെ കർശന നിയമ നടപടികൾ സ്വീകരിച്ചുവരുന്നുമുണ്ട്.

3. കൂടുതൽ ഫോറസ്റ്റ് സ്റ്റേഷനുകൾ സ്ഥാപിച്ചും സംരക്ഷണ ജീവനക്കാരുടെ എണ്ണം വർദ്ധിപ്പിച്ചും വനസംരക്ഷണ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. വനസംരക്ഷണ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പിൽ വരുത്തുന്നതിന് 26-5-2018-ലെ ജി.ഒ. (എം.എസ്) നമ്പർ 21/2018-വനം നമ്പർ സർക്കാർ ഉത്തരവ് പ്രകാരം സംസ്ഥാനത്ത് പുന്നല, ഏഴംകുളം, കടമാൻപാറ, കുംഭാവുരുട്ടി, കക്കയം, പെരുവണ്ണാമൂഴി, പുൽപ്പള്ളി, വൈത്തിരി, മുണ്ടക്കയം നരിക്കടവ് എന്നിങ്ങനെ 10 ഫോറസ്റ്റ് സ്റ്റേഷനുകൾ പുതുതായി അനുവദിച്ച് ഉത്തരവായതുൾപ്പെടെ ആകെ 124 ഫോറസ്റ്റ് സ്റ്റേഷനുകളാണ് നിലവിലുള്ളത്. കൂടുതൽ വാഹനങ്ങളും, വയർലെസ്സ് സ്റ്റേഷനുകളും അത്യാധുനിക സാങ്കേതിക വിദ്യകളും സംയോജിപ്പിച്ച് സംരക്ഷണ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

**പുഴയോര സംരക്ഷണം**

149(895) <u>ശ്രീ. കെ. എം. സച്ചിൻദേവ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പുഴയോരങ്ങൾ സംരക്ഷിക്കുന്നതിനും വനവൽക്കരണം സാധ്യമാക്കുന്നതിനുമായി സംസ്ഥാന സോഷ്യൽ ഫോറസ്ട്രി വിഭാഗം എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിവരുന്നത് എന്നറിയിക്കാമോ?

നിലവിൽ ഫണ്ടിന്റെ ലഭ്യതയനുസരിച്ച് മുളംതൈകൾ വളർത്തിയെടുത്ത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, ജില്ലാ ഭരണകൂടം, വിദ്യാർത്ഥികൾ തുടങ്ങിയവ യുമായി ചേർന്ന് വനേതര പ്രദേശങ്ങൾ ഉൾപ്പെടെ പുഴയോരങ്ങളിൽ മുളം തൈ നട്ട് പിടിപ്പിച്ച് വരുന്നുണ്ട്.

(ബി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ പുഴയോര സംരക്ഷണത്തിനായി മുളകൾ വച്ചുപിടിപ്പിക്കുന്ന പ്രത്യേക പദ്ധതികൾ നിലവിൽ നടപ്പിലാക്കിവരുന്നുണ്ടോ; എങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ?

മുളങ്കാടുകളുടെ സംരക്ഷണത്തിനായി പ്രത്യേക പദ്ധതികൾ നടപ്പിലാക്കിയിട്ടില്ല. എന്നാൽ ഹരിതകേരളം പദ്ധതിയോടനുബന്ധിച്ച് മുളം തൈകൾ തയ്യാറാക്കി വിതരണം ചെയ്യുകയും; വകുപ്പ് നേരിട്ടും, സ്വയംഭരണ സ്ഥാപനങ്ങൾ, ഹരിതകേരള മിഷൻ എന്നിവയുമായി സംയുക്തമായും സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നട്ട് പിടിപ്പിക്കുകയും ചെയ്തിട്ടുണ്ട്. പത്തനംതിട്ട ജില്ലയിൽ പമ്പാനദിയുടെ തീരത്ത് 2019-20, 2020-21 വർഷങ്ങളിൽ ഒരുലക്ഷത്തോളം മുളംതൈകൾ നട്ടുപിടിപ്പിച്ചിട്ടുണ്ട്.

(സി) ബാലുശ്ശേരി മണ്ഡലത്തിലെ മണപ്പുഴ, രാമൻപുഴ എന്നിവ സംരക്ഷിക്കുന്നതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ മുളകൾ വച്ചുപിടിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി സഹകരിച്ച് മണപ്പുഴ, രാമൻപുഴ എന്നിവ സംരക്ഷിക്കുന്നതിനായി മുളകൾ വച്ചുപിടിപ്പിക്കുന്നതിന് നിലവിൽ പദ്ധതിയില്ല.

**കാട്ടാനകൾക്ക് ഇടനാഴി നിർമ്മിക്കൽ**

150 (896) ശ്രീ. എം. എം. മണി:
ശ്രീ. ടി. ഐ. മധുസൂദനൻ:
ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ:
ശ്രീ. എ. രാജ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടാനകൾ മനുഷ്യവാസ പ്രദേശത്തേക്കിറങ്ങുന്നത് ഒഴിവാക്കാൻ വനമേഖലകളെ ബന്ധിപ്പിച്ച് ഇടനാഴി നിർമ്മിക്കുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ?

കേരളത്തിൽ പ്രധാനമായും ഏഴ് ആനത്താരകളാണ് കണ്ടെത്തിയിട്ടുള്ളത്. പ്രസ്തുത ഇടനാഴികൾ ഏറ്റെടുക്കുന്നതിനായി അംഗീകരിച്ച പദ്ധതികൾ നിലവിലില്ല. മേൽപ്പറഞ്ഞ 7 ആനത്താരകളുടെ വിവരം ചുവടെ ചേർക്കുന്നു :

1. തിരുനെല്ലി-കുദ്രക്കോട്: തിരുനെല്ലി-കുദ്രക്കോട് ആനത്താര കേരളത്തിന്റേത് മാത്രമായ ഒരു ആനത്താരയാണ്. ഇതിന്റെ നീളം 6 കി.മീറ്ററും, വീതി 1 മുതൽ 1.5 കി.മീറ്ററുമാണ്. ഈ ആനത്താര പൂർണ്ണമായി ഏറ്റെടുത്ത് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ളതുമാണ്. പ്രസ്തുത ആനത്താര വയനാട് വന്യജീവി സങ്കേതത്തിന് കീഴിൽ വരുന്ന തിരുൾക്കുന്ന് (15-8-2015-ലെ ജി.ഒ (പി) ന.56/2015/വനം, പ്രകാരം വന്യജീവി സങ്കേതമായി പ്രഖ്യാപിച്ച് 3.53 ഏക്കർ ഏറ്റെടുത്തിട്ടുള്ളതാണ്), വലിയഎമ്മടി (15-8-2015-ലെ ജി.ഒ (പി) ന.57/2015/വനം, പ്രകാരം വന്യജീവി സങ്കേതമായി 6.1 ഏക്കർ ഏറ്റെടുത്തിട്ടുള്ളതാണ്), കോട്ടപ്പടി (15-8-2015 -ലെ ജി.ഒ (പി) ന.58/2015/വനം, പ്രകാരം റിസർവ് ഫോറസ്റ്റായി 8.37 ഏക്കർ ഏറ്റെടുത്തിട്ടുള്ളതാണ്). മേൽപ്പറഞ്ഞ ആനത്താരയിൽപ്പെട്ട സ്ഥലങ്ങൾ വനം വകുപ്പ് സംരക്ഷിച്ച് പരിപാലിച്ചു വരുന്നു.

2. നിലമ്പൂർ കോവിലകം-ന്യൂഅമരമ്പലം: നിലമ്പൂർ കോവിലകം-ന്യൂഅമരമ്പലം ആനത്താര കേരളത്തിന്റേത് മാത്രമായ ഒരു ആനത്താരയാണ്. ഈ ആനത്താരയ്ക്കുവേണ്ടി സ്ഥലം ഏറ്റെടുക്കേണ്ട ആവശ്യമില്ല. ഇതിന്റെ നീളം 1 കി.മീറ്ററും വീതി 0.5 കി.മീറ്ററുമാണ്. നിലമ്പൂർ കോവിലകം-ന്യൂഅമരമ്പലം, ആനത്താരയിലൂടെ കടന്നു പോകുന്ന നിലമ്പൂർ, ഗൂഡല്ലൂർ അന്തർസംസ്ഥാന പാതയിൽ നവീകരണ

പ്രവർത്തനങ്ങൾ നടത്തിയപ്പോൾ ആന, റോഡ് മുറിച്ച് കടക്കുന്ന സ്ഥലങ്ങളിൽ താഴ്ന്ന ഭാഗങ്ങളിൽ റാമ്പുകൾ ഒരുക്കിയും ഉയർന്ന ഭാഗങ്ങളിൽ മൺതിട്ടകൾ നിരപ്പാക്കിയും റോഡിന്റെ പാർശ്വഭിത്തിയുടെ ഉയരം കുറച്ചും ആനകളുടെ സഞ്ചാരത്തിന് സൗകര്യമൊരിക്കിയിട്ടുണ്ട്. കൂടാതെ ആനകൾ റോഡ് മുറിച്ച് കടക്കുന്ന സ്ഥലങ്ങൾ കണ്ടെത്തി പൊതുജന അവബോധത്തിന് മുന്നറിയിപ്പ് ബോർഡുകൾ സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ ആനകൾ ഉൾപ്പടെയുള്ള വന്യജീവികളുടെ സഞ്ചാരം നിരീക്ഷിക്കുന്നതിന് നിശ്ചിത കാലയളവുകളിൽ നിരീക്ഷണ ക്യാമറകൾ സ്ഥാപിച്ച് വരുന്നുണ്ട്.

3. നിലമ്പൂർ-അപ്പൻകാപ്പ്-നിലമ്പൂർ നോർത്ത് ഡിവിഷനിൽ കാട്ടാനകൾ മനുഷ്യവാസ പ്രദേശത്ത് ഇറങ്ങുന്നത് ഒഴിവാക്കുന്നതിന് നിലമ്പൂർ-അപ്പൻകാപ്പ് ഇടനാഴി നിർമ്മിക്കുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. പ്രസ്തുത ഇടനാഴി നിലമ്പൂർ നോർത്ത് ഡിവിഷനിലെ നിലമ്പൂർ, വഴിക്കടവ് റെയിഞ്ചുകളെ ബന്ധിപ്പിക്കുന്നതാണ്. ഈ ഇടനാഴി കേരള-തമിഴ്നാട് അന്തർ-സംസ്ഥാന അതിർത്തിയിലാണ് സ്ഥിതി ചെയ്യുന്നത്. ആനകൾ സൗത്ത് വയനാട് ഡിവിഷനിൽനിന്നും തമിഴ്നാട്ടിലെ ഗൂഡല്ലൂർ ഫോറസ്റ്റ് ഡിവിഷൻ വഴി നിലമ്പൂർ സൗത്ത് ഡിവിഷനിലേയ്ക്കും ഈ ഇടനാഴിയിലൂടെ യാത്ര ചെയ്യുന്നുണ്ട്. ഈ ഇടനാഴിക്ക് 0.4 കി.മീ. നീളവും 0.5 കി.മീ. വീതിയുമുണ്ട്. ഈ പദ്ധതിക്ക് നിലമ്പൂർ നോർത്ത് ഡിവിഷനിൽ ഉൾപ്പെടുന്ന നിലമ്പൂർ താലൂക്കിലെ പോത്തുങ്കൽ വില്ലേജിൽ സ്വകാര്യ വ്യക്തികളുടെ കൈവശമുള്ള 6 എസ്റ്റേറ്റുകളിൽ നിന്നായി 22.8271 ഹെക്ടർ സ്ഥലം ഏറ്റെടുക്കേണ്ടതുണ്ട്.

4. മുതമലയ്-നിലമ്പൂർ 'ഒ' വാലി- ഇത് ഒരു അന്തർ-സംസ്ഥാന ആനത്താരയാണ്. ഇതിൽ കേരള സംസ്ഥാനത്തിന്റെ ഭാഗം വരുന്ന സ്ഥലം ഏറ്റെടുക്കേണ്ട ആവശ്യമില്ലാത്തതുമാണ്. ഇത് നിലമ്പൂർ നോർത്ത് ഡിവിഷനും തമിഴ്നാട്ടിലെ മുതുമലൈ ടൈഗർ റിസർവുമായി ബന്ധപ്പെട്ടുള്ള ഒരു ഇടനാഴിയാണ്. ഇതിന് 35 കി.മീ. നീളവും 0.1 കി.മീ. വീതിയും ഉള്ളതാണ്.

5. പേര്യ-പക്രാന്താളം- ഇത് കേരളത്തിന്റെ ഒരു ആനത്താരയാണ്. ഇതിന്റെ നീളം 0.5 കി.മീറ്ററും, വീതി 0.2 കി.മീറ്ററുമാണ്. ഈ ആനത്താരയുടെ സ്ഥലം ഏറ്റെടുക്കുവാനുണ്ട്. ഇത് വയനാട് നോർത്ത് ഡിവിഷനിൽ സ്ഥിതി ചെയ്യുന്ന ഒരു ആനത്താരയാണ്.

6. ബേഗുർ-ബ്രഹ്മഗിരി- ഇത് ഒരു അന്തർ-സംസ്ഥാന ആനത്താരയാണ്. ഇതിന്റെ നീളം 1 കി.മീറ്ററും വീതി 0.8 കി.മീറ്ററുമാണ്. ഈ ആനത്താരയുടെ സ്ഥലം ഏറ്റെടുക്കാനുള്ളതാണ്. ഇത് കേരളത്തിലെ വയനാട് വന്യജീവി സങ്കേതവും കർണ്ണാടകത്തിലെ ബ്രഹ്മഗിരി വന്യജീവി സങ്കേതവും നാഗർഹോള ടൈഗർ റിസർവ്വുമായും ബന്ധപ്പെട്ട് കിടക്കുന്നു.

7. കൊട്ടിയൂർ-പേരിയ ഇത് കേരള സംസ്ഥാനത്തിന്റെ ഒരു ആനത്താരയാണ്. ഇതിന്റെ നീളം 3.0 കി.മീറ്ററും വീതി 0.1 കി.മീറ്ററും ആണ്. ഈ ആനത്താരയുടെ സ്ഥലം ഏറ്റെടുക്കേണ്ടതായിട്ടുണ്ട്. ഇത് കണ്ണൂർ ഡിവിഷന്റെയും വയനാട് നോർത്ത് ഡിവിഷന്റെയും ഭാഗമായിട്ടുള്ള ഒരു ആനത്താരയാണ്. വനസംരക്ഷണ പ്രവർത്തനങ്ങളുടെ ഭാഗമായി നടപ്പിലാക്കുന്ന കാട്ടുതീ പ്രതിരോധ പ്രവർത്തനങ്ങൾ, വനഭൂമി കയ്യേറ്റം തടയുന്നതിനുള്ള പ്രവർത്തനങ്ങൾ, കാട്ടാനകൾക്കുള്ള ആഹാരവും ജലലഭ്യതയും ഉറപ്പുവരുത്തുന്നതിനുള്ള പ്രവൃത്തികൾ തുടങ്ങിയ മുഴുവൻ പ്രവർത്തനങ്ങളും മേൽപ്പറഞ്ഞ ആനത്താരകളിൽ നടപ്പിലാക്കി വരുന്നു.

(ബി) പ്രസ്തുത പദ്ധതിക്കായി എത്ര ഭൂമി ഏറ്റെടുക്കേണ്ടി വരുമെന്നും എത്ര കുടുംബങ്ങളെ മാറ്റിപ്പാർപ്പിക്കേണ്ടിവരുമെന്നും കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ അറിയിക്കാമോ?

1. തിരുനെല്ലി-കുദ്രക്കോട് ആനത്താര ഏറ്റെടുത്ത് കഴിഞ്ഞതാണ്.

2. നിലമ്പൂർ കോവിലകം-ന്യൂഅമരമ്പലം- ഈ ആനത്താരയ്ക്ക് വേണ്ടി സ്ഥലം ഏറ്റെടുക്കേണ്ട ആവശ്യമില്ല.

3. നിലമ്പൂർ-അപ്പൻകാപ്പ്- ഈ ആനത്താരയ്ക്ക് വേണ്ടി നിലമ്പൂർ നോർത്ത് ഡിവിഷനിൽ ഉൾപ്പെടുന്ന നിലമ്പൂർ താലൂക്കിലെ പോത്തുങ്കൽ വില്ലേജിൽ സ്വകാര്യ വ്യക്തികളുടെ കൈവശമുള്ള 6 എസ്റ്റേറ്റുകളിൽ നിന്നായി 22.8271 ഹെക്ടർ സ്ഥലം ഏറ്റെടുക്കേ ണ്ടതുണ്ട്.

4. മുതമലയ്-നിലമ്പൂർ 'ഒ' വാലി- ഈ ആനത്താരയ്ക്ക് വേണ്ടി കേരള സംസ്ഥാനത്തിന്റെ ഭാഗം വരുന്ന സ്ഥലം ഏറ്റെടുക്കേണ്ട ആവശ്യമില്ലാത്തതാണ്.

5. പേര്യ-പക്രാന്താളം- ഇതിൽ 13.46 ഹെക്ടർ സ്ഥലം ഏറ്റെടുക്കേണ്ടതായി വരുന്നുണ്ട്. ഇതിൽ കൃഷിസ്ഥലവും എസ്റ്റേറ്റുകളും ഉൾപ്പെടുന്നുണ്ട്. 6. ബേഗുർ-ബ്രഹ്മഗിരി- ഇതിലേയ്ക്കായി 2 എസ്റ്റേറ്റുകളിലായി (നരിക്കൽ എസ്റ്റേറ്റ്, ബാർഗിരി എസ്റ്റേറ്റ്) 247.7778 ഹെക്ടർ സ്ഥലം ഏറ്റെടുക്കേണ്ടതായിട്ടുണ്ട്. 7. കൊട്ടിയൂർ-പേരിയ- 5.4229 ഹെക്ടർ സ്ഥലം ഏറ്റെടുക്കേണ്ടതായിട്ടുണ്ട്.

(സി) സംസ്ഥാനത്തെ ആന സങ്കേതങ്ങൾ ഏതെല്ലാമെന്ന് അറിയിക്കാമോ?

സംസ്ഥാനത്തെ 4 ആന സങ്കേതങ്ങൾ താഴെ പറയും പ്രകാരമാണ്.

1. വയനാട് എലിഫന്റ് റിസർവ് - വിസ്തീർണ്ണം: 1200 ച.കി.മീ
2. നിലമ്പൂർ എലിഫന്റ് റിസർവ് - വിസ്തീർണ്ണം: 1419 ച.കി.മീ
3. ആനമുടി എലിഫന്റ് റിസർവ് - വിസ്തീർണ്ണം : 3728 ച.കി.മീ
4. പെരിയാർ എലിഫന്റ് റിസർവ് - വിസ്തീർണ്ണം : 3742 ച.കി.മീ

(ഡി) വയനാട് വന്യമൃഗ സങ്കേതത്തിനുള്ളിൽ വസിക്കുന്നവർ സ്വമേധയാ മാറിത്താമസിക്കാൻ തയ്യാറാവുകയാണെങ്കിൽ ആയതിനുവേണ്ട അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള പദ്ധതിയെക്കുറിച്ച് അറിയിക്കാമോ?

വന്യജീവി സംഘർഷം രൂക്ഷമായി അനുഭവപ്പെടുന്ന വയനാട് വന്യജീവി സങ്കേതത്തിനുള്ളിലെ സെറ്റിൽമെന്റുകളിൽ അധിവസിക്കുന്ന കുടുംബങ്ങളെ വനത്തിന് പുറത്തേക്ക് മാറ്റി താമസിപ്പിക്കുന്നതിനുള്ള കേന്ദ്ര ധനസഹായത്തോടുകൂടിയുള്ള വയനാട് സ്വയം സന്നദ്ധ പുനരധിവാസ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. 2012-ലാണ് വയനാട്ടിലെ വന്യജീവിസങ്കേതത്തിൽ സ്വയം സന്നദ്ധ പുനരധിവാസ പദ്ധതി ആരംഭിച്ചത്. വന്യജീവിസങ്കേതത്തിലെ 14 സെറ്റിൽമെൻറുകളിൽ നിന്നും യോഗ്യരായ 800 കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിലേക്കായി കേന്ദ്ര പരിസ്ഥിതി മന്ത്രാലയം 80 കോടി രൂപയുടെ പദ്ധതി അംഗീകരിച്ചിട്ടുണ്ട്. യോഗ്യതയുള്ള ഓരോ കുടുംബത്തിനും 10 ലക്ഷം രൂപ നഷ്ടപരിഹാരം നൽകുന്നതിലേക്കായി കേന്ദ്ര സർക്കാർ 2011-2012 മുതൽ സാമ്പത്തിക സഹായം പ്രസ്തുത പ്രൊപ്പോസലിന് നൽകിയിട്ടുണ്ട്. ടി ഫണ്ട് ഉപയോഗിച്ച് 339 കുടുംബങ്ങളെ ഇതിനകം മാറ്റി പാർപ്പിച്ചിട്ടുണ്ട്. വനത്തിനുള്ളിലുള്ളതും വനാതി ർത്തിയോട് ചേർന്നതുമായ മനുഷ്യ-വന്യജീവി സംഘർഷം നിലനിൽക്കുന്ന പ്രദേശങ്ങളിൽ നിന്നും ടി ഇടങ്ങളിൽ താമസിക്കുന്ന പട്ടികവർഗ്ഗ ഇതര വിഭാഗക്കാരെ

പുനരധിവസിപ്പിക്കുന്നതിനായി കിഫ്ബിയുടെ ധനസഹായത്തോടെ നടപ്പാക്കുന്ന സ്വയം സന്നദ്ധ പുനരധിവാസ പദ്ധതി വനം വകുപ്പ് നടപ്പാക്കി വരുന്നുണ്ട്. കൂടാതെ പ്രളയാനന്തര കേരളത്തിന്റെ പുനരുദ്ധാരണ പദ്ധതിയിൽ ഉൾപ്പെടുത്തി ടി പ്രദേശത്ത് താമസിക്കുന്ന പട്ടികവർഗ്ഗ ഇതര കുടുംബങ്ങളെ അവരുടെ സമ്മത ത്തോടുകൂടി പുനരധിവസിപ്പിക്കുന്നതിനുള്ള പദ്ധതിയും വനം വകുപ്പ് നടപ്പാക്കുന്നുണ്ട്. കിഫ്ബി പദ്ധതി പ്രകാരം 168.23 ഹെക്ടർ സ്ഥലത്തിൽ നിന്നും അർഹരായ 438 കുടുംബങ്ങളെയും പ്രളയാനന്തര കേരള പുനരുദ്ധാരണ പദ്ധതിയിൽ ഉൾപ്പെടുത്തി 218.37 ഹെക്ടർ സ്ഥലത്തിൽനിന്നും അർഹരായ 677 സ്വയം സന്നദ്ധ കുടുംബങ്ങ ളെയുമാണ് പുനരധിവസിപ്പിക്കുന്നതിന് അംഗീകാരം ലഭിച്ചിട്ടുള്ളത്.

## ഗ്രീൻ ഇന്ത്യ മിഷൻ പദ്ധതി

151(897) ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനങ്ങളുടെ ഗുണനിലവാരവും വിസ്തീർണവും വർദ്ധിപ്പിക്കാൻ കേന്ദ്ര സർക്കാർ ഗ്രീൻ ഇന്ത്യ മിഷൻ വഴി നൽകിയ തുക എത്രയാണ്; അതിൽ എത്ര രൂപ ചെലവഴിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

വനങ്ങളുടെ ഗുണനിലവാരവും വിസ്തീർണവും വർദ്ധിപ്പിക്കാൻ കേന്ദ്ര സർക്കാർ ഗ്രീൻ ഇന്ത്യ മിഷൻ വഴി താഴെപ്പറയും പ്രകാരം തുക അനുവദിച്ചിട്ടുണ്ട് :

| വർഷം | അനുവദിച്ച തുക (ലക്ഷത്തിൽ) | ചെലവഴിച്ച തുക(ലക്ഷത്തിൽ) |
|---|---|---|
| 2016-17 | 1524.70 | 1524.70 |
| 2019-20 | 1631.814 | 276.75 |

2016-17 വർഷം കേന്ദ്ര സർക്കാർ ഗ്രീൻ ഇന്ത്യ മിഷൻ വഴി നൽകിയ 1524.70 ലക്ഷം രൂപയിൽ മുഴുവൻ തുകയും 2019-20 വർഷം ലഭിച്ച 1631.814 ലക്ഷം രൂപയിൽ തൻ വർഷം 79.44 ലക്ഷം രൂപയും 2020-21 വർഷം 197.31 ലക്ഷം രൂപയും ചെലവഴിച്ചിട്ടുണ്ട്.

(ബി) പ്രളയാനന്തരം ഉണ്ടായ കാലാവസ്ഥാ വ്യതിയാനത്തെ അതിജീവിക്കാൻ പ്രസ്തുത ഫണ്ട് ഉപയോഗിക്കുന്നത് സംബന്ധിച്ച് സംസ്ഥാനം മാർഗ്ഗരേഖ തയ്യാറാ ക്കിയിരുന്നോ; വിശദമാക്കാമോ?

പ്രളയാനന്തരം ഉണ്ടായ കാലാവസ്ഥാ വ്യതിയാനത്തെ അതിജീവിക്കാൻ പ്രസ്തുത ഫണ്ട് ഉപയോഗിക്കുന്നത് സംബന്ധിച്ച് വനം വകുപ്പ് പ്രത്യേക മാർഗ്ഗ രേഖകളൊന്നും തയ്യാറാക്കിയിട്ടില്ല.

(സി) പ്രസ്തുത ഫണ്ടിന്റെ യൂട്ടിലിറ്റി സർട്ടിഫിക്കറ്റ് സംസ്ഥാനം കേന്ദ്ര സർക്കാരിന് നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ കേന്ദ്രത്തിൽ നിന്നും എന്ത് നിർദ്ദേശമാണ് ഇക്കാര്യത്തിൽ ലഭിച്ചതെന്ന് അറിയിക്കാമോ?

2016-17 വർഷം കേന്ദ്ര സർക്കാർ ഗ്രീൻ ഇന്ത്യ മിഷൻ വഴി നൽകിയ തുകയായ 1524.70 ലക്ഷം രൂപയിൽ മുഴുവൻ തുകയും ചെലവാക്കിയ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് കേന്ദ്രസർക്കാരിന് നൽകിയിട്ടുണ്ട്. 2019-20-ൽ അനുവദിച്ച 1631.814 ലക്ഷം രൂപയിൽ ചെലവഴിച്ച 276.75 ലക്ഷം രൂപയുടെ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് കേന്ദ്ര സർക്കാരിന് നൽകുകയും അവശേഷിക്കുന്ന 1355.064 ലക്ഷം രൂപയുടെ റീവാലിഡേഷൻ 2021-22 വർഷത്തേയ്ക്ക് അനുവദിച്ചു തരുവാൻ കേന്ദ്രസർക്കാരിനോട് ശിപാർശ ചെയ്തിട്ടുമുണ്ട്. ഇക്കാര്യത്തിൽ തുടർ നിർദ്ദേശങ്ങളൊന്നും ലഭിച്ചിട്ടില്ല.

**സ്വകാര്യഭൂമിയിൽ വൃക്ഷങ്ങൾ നട്ടുവളർത്തുന്നതിന് ഇൻസെന്റീവ്**

152(898) <u>ശ്രീ. ഷാഫി പറമ്പിൽ</u>: താഴെ കാണുന്ന ചോദ്യത്തിന് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സ്വകാര്യഭൂമിയിൽ വൃക്ഷങ്ങൾ നട്ടുവളർത്തുന്നതിന് ഇൻസെന്റീവ് നൽകുന്ന പദ്ധതി നിലവിലുണ്ടോ; എങ്കിൽ പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുന്നതിനുള്ള നടപടിക്രമം എന്താണെന്ന് വ്യക്തമാക്കാമോ?

സംസ്ഥാനത്തെ സ്വകാര്യഭൂമികളിൽ തടി ഉത്പാദനം വർദ്ധിപ്പിക്കുകയെന്ന ലക്ഷ്യത്തോടെ വൃക്ഷത്തൈകൾ വച്ചുപിടിപ്പിക്കുന്നവർക്ക് പ്രോത്സാഹന ധനസഹായം നൽകുന്ന പദ്ധതി 2012 മുതൽ നടപ്പിലാക്കി വരുന്നുണ്ട്. 29-9-2012-ലെ ജി.ഒ. (ആർ.റ്റി) 486/12/വനം എന്ന സർക്കാർ ഉത്തരവ് പ്രകാരമാണ് ഈ പദ്ധതി നടപ്പിലാക്കി വരുന്നത്. ഈ പദ്ധതി പ്രകാരം തേക്ക്, ചന്ദനം, മഹാഗണി, ആഞ്ഞിലി, പ്ലാവ്, ഈട്ടി, കമ്പകം, കുമ്പിൾ, കുന്നിവാക, തേമ്പാവ് എന്നിങ്ങനെ പത്തിനം വൃക്ഷത്തൈകൾ നട്ടുപരിപാലിക്കുന്നവർക്ക് തൈകളുടെ എണ്ണമനുസരിച്ച് മൂന്ന് തലങ്ങളിലായാണ് ധനസഹായം നൽകുന്നത്. 50 തൈകൾ മുതൽ 200 തൈകൾ വരെ തൈ ഒന്നിന് 50 രൂപ നിരക്കിലും 201 മുതൽ 400 എണ്ണം തൈകൾക്ക് തൈ ഒന്നിന് 40 രൂപ നിരക്കിലും 401 മുതൽ 625 എണ്ണം തൈകൾക്ക് തൈ ഒന്നിന് 30 രൂപ നിരക്കിലുമാണ് ധനസഹായം നൽകുന്നത്. ആഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിൽ ബന്ധപ്പെട്ട അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർമാർ പ്രമുഖ ദിനപത്രങ്ങൾ മുഖേനയും വനം വകുപ്പിന്റെ വെബ്സൈറ്റിലും അപേക്ഷകൾ ക്ഷണിച്ചുകൊണ്ട് പരസ്യം നൽകുന്നു. അപേക്ഷ സമയത്ത് മിനിമം ഒന്നുമുതൽ

രണ്ട് വർഷം വരെ വളർച്ചയെത്തിയ 50 തൈകളെങ്കിലും ഉണ്ടായിരിക്കേണ്ടതാണ്. സ്ഥലം ഉടമസ്ഥൻ ഉടമസ്ഥാവകാശം തെളിയിക്കുന്ന സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ബന്ധപ്പെട്ട റെയിഞ്ച് ഓഫീസർമാരുടെ ഫീൽഡ് പരിശോധനാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ധനസഹായം നൽകി വരുന്നു.

**സ്വകാര്യ തോട്ടങ്ങൾ ഏറ്റെടുക്കൽ**

153 (899) <u>ശ്രീ. പി. അബ്ദുൽ ഹമീദ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പരിസ്ഥിതി പുനഃസ്ഥാപന പദ്ധതിയുടെ ഭാഗമായി വന മേഖലയോട് ചേർന്ന സ്വകാര്യ തോട്ടങ്ങൾ ഏറ്റെടുക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ?

റീബിൽഡ് കേരള ഡെവലപ്മെന്റ് പദ്ധതിയിൽ (RKDP) ഉൾപ്പെട്ടിട്ടുള്ള ഉപപദ്ധതിയാണ് സ്വകാര്യ എസ്റ്റേറ്റുകളുടെ ഏറ്റെടുക്കൽ. വനത്തിനകത്ത് സ്ഥിതി ചെയ്യുന്ന സ്വകാര്യ എസ്റ്റേറ്റുകൾക്ക് അർഹമായ നഷ്ടപരിഹാരം നൽകി ഏറ്റെടുത്ത് സ്വാഭാവിക വനങ്ങളുടെ പുന:സ്ഥാപനമാണ് പദ്ധതി വഴി ലക്ഷ്യമാക്കുന്നത്. ആദ്യഘട്ടത്തിൽ 6 വനം ഡിവിഷനുകളിലായി 13 എസ്റ്റേറ്റുകളാണ് ഇതിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഡിവിഷൻ തലത്തിൽ ബന്ധപ്പെട്ട രേഖകളുടെ പ്രാഥമിക പരിശോധന നടത്തി വരുന്നു.

(ബി) ഇതിനാവശ്യമായ ഫണ്ട് കണ്ടെത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

14-11-2019-ലെ ജി.ഒ (ആർ.ടി) 483/2018/പി&ഇഎ നമ്പർ ഉത്തരവ് പ്രകാരം റീബിൽഡ് കേരള ഡെവലപ്മെന്റ് പദ്ധതിയുടെ കീഴിൽ വനമേഖലയോട് ചേർന്ന് കിടക്കുന്ന സ്വകാര്യത്തോട്ടങ്ങൾ ഏറ്റെടുക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. ആയതിലേയ്ക്കായി 385.31 കോടി രൂപയാണ് ആകെ വകയിരുത്തിയിട്ടുള്ളത്.

**വനാധിഷ്ഠിത പ്രകൃതിവിഭവങ്ങളുടെ സംഭരണം പ്രോത്സാഹിപ്പിക്കുന്നതിന് പദ്ധതികൾ**

154(900) <u>ശ്രീ. ജി. സ്റ്റീഫൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനാധിഷ്ഠിത പ്രകൃതി വിഭവങ്ങൾ ശാസ്ത്രീയമായി സംഭരിക്കുന്നതിനും അവയുടെ മൂല്യവർദ്ധനവ് നടത്തി ആദിവാസി സമൂഹത്തിന് ജീവസന്ധാരണം നടത്തുന്നതിനും എന്തെല്ലാം പുതിയ പദ്ധതികളാണ് സർക്കാർ ആവിഷ്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

വനാധിഷ്ഠിത പ്രകൃതി വിഭവങ്ങൾ ശാസ്ത്രീയമായി സംഭരിക്കുന്നതിനും അവയുടെ മൂല്യവർദ്ധനവ് നടത്തി വിപണിയിലെത്തിച്ച് ആദിവാസി സമൂഹത്തിന് കൂടുതൽ തൊഴിലവസരങ്ങളും വരുമാനവും ലഭ്യമാക്കുന്നതിനുമായി വിവിധ ഫോറസ്റ്റ് ഡെവലപ്മെന്റ് ഏജൻസികളുടെ (FDA) കീഴിൽ വനശ്രീ ഇക്കോഷോപ്പുകൾ പ്രവർത്തിച്ചുവരുന്നു. കൂടാതെ TRIFED (Tribal Co-operative Marketing Development Federation of India Limited)ന്റെ ധനസഹായത്തോടെ ചുവടെ ചേർത്തിട്ടുള്ള രണ്ട് പദ്ധതികൾകൂടി നടപ്പിലാക്കിവരുന്നു.

1. ചെറുകിട വനവിഭവങ്ങളുടെ താങ്ങുവില (MSP for MFP-Minimum Support Price for Minor Forest Produce) MSP for MFP പദ്ധതിയിലൂടെ കേരളത്തിലെ തെരഞ്ഞെടുക്കപ്പെട്ട വനവിഭവങ്ങൾക്ക് സുനിശ്ചിതമായ താങ്ങുവില ഉറപ്പാക്കുന്നു. കേരളത്തിൽ ശതാവരി, പുൽച്ചൂല് തുടങ്ങിയവയ്ക്ക് നിലവിലെ വിപണി വിലയേക്കാൾ കൂടുതൽ വില ഈ പദ്ധതി വഴി ലഭ്യമാകുന്നു. ഇതോടൊപ്പം പുതുതായി വിപണന സംസ്കരണ കേന്ദ്രങ്ങൾ നിർമ്മിക്കുവാനും നിലവിലെ വിപണന കേന്ദ്രങ്ങൾ നവീകരിക്കുവാനും സഹായം ലഭിക്കുന്നു.

2. വൻ ധൻ വികാസകേന്ദ്ര Van Dhan Vikas Kendra (VDVK) പ്രധാനമന്ത്രി വൻ ധൻ വികാസ യോജന പദ്ധതി (PMVDVY) മുഖേന വനാശ്രിത ഗോത്ര സമൂഹങ്ങൾക്ക് ശാസ്ത്രീയമായ വനവിഭവ സംസ്കരണം, മൂല്യവർദ്ധനവ് എന്നിവയിൽ പരിശീലനവും വനവിഭവങ്ങളുടെ മൂല്യവർദ്ധനവിനാവശ്യമായ യന്ത്രങ്ങൾ, അനുബന്ധ ഉപകരണങ്ങൾ, മറ്റ് സാധന സാമഗ്രികൾ എന്നിവ വാങ്ങുന്നതിനുള്ള സഹായവും നൽകുന്നു. കേരളത്തിൽ VDVK -ൽ അംഗങ്ങളായ എണ്ണായിരത്തോളം വനാശ്രിതർക്ക് ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നു.

(ബി) ഇത്തരത്തിൽ പദ്ധതികൾ ആവിഷ്കരിക്കുമ്പോൾ പരമ്പരാഗത ഔഷധമൂല്യങ്ങളുള്ള വിഭവങ്ങൾക്ക് മുൻഗണന നൽകുന്നതിന് സർക്കാർ ശ്രദ്ധിക്കുമോയെന്ന് വ്യക്തമാക്കുമോ?

പരമ്പരാഗത ഓഷധമൂല്യങ്ങളുള്ള വിഭവങ്ങൾ കൂടി ഉൾപ്പെടുത്തിയാണ് ടി പദ്ധതികൾ വനംവകുപ്പ് നടപ്പിലാക്കിവരുന്നത്.

## തിരുവനന്തപുരത്തെ വിദ്യാവനം പദ്ധതി

155(901) ശ്രീ. ജി. സ്റ്റീഫൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിലെ ഏതെങ്കിലും സ്കൂളിൽ വിദ്യാവനം പദ്ധതിയുടെ ഭാഗമായുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ?

തിരുവനന്തപുരം ജില്ലയിൽ 3 സ്കൂളുകളിൽ 2020-2021, 2021-2022 സാമ്പത്തിക വർഷങ്ങളിൽ വിദ്യാവനം പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. പട്ടിക അനുബന്ധമായി ചേർക്കുന്നു.*

(ബി) പ്രസ്തുത വനത്തിന്റെ പരിപാലനത്തിനായി എന്തെല്ലാം തുടർ പദ്ധതികളാണ് ആവിഷ്കരിക്കുന്നതെന്ന് വ്യക്തമാക്കുമോ?

2020-21-ൽ നടപ്പിലാക്കിയ വിദ്യാവനം പദ്ധതിയുടെ പരിചരണ പ്രവൃത്തികൾ 31-7-2021-ന് പൂർത്തീകരിച്ചിട്ടുണ്ട്. ആയതിലുള്ള വൃക്ഷത്തൈകൾ 100% അതിജീവിച്ചുവരുന്നു. 2021-22 നടപ്പിലാക്കിയ വിദ്യാവനം 31-7-2021-നാണ് പൂർത്തീകരിച്ചത്.

## എറണാകുളം, ആലപ്പുഴ ജില്ലകളിലെ തീരവനം പദ്ധതി

156(902) ശ്രീ. റോജി എം. ജോൺ: താഴെ കാണുന്ന ചോദ്യത്തിന് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തീരവനം പദ്ധതിയുടെ ഭാഗമായി എറണാകുളം, ആലപ്പുഴ ജില്ലകളുടെ തീരപ്രദേശങ്ങളിൽ എവിടെയൊക്കെ കാറ്റാടി മരങ്ങൾ വച്ചുപിടിപ്പിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; ഇതിൽ ഏതെങ്കിലും പ്രദേശത്ത് കാറ്റാടി മരങ്ങൾ വ്യാപകമായി മുറിച്ചുമാറ്റിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് അറിയിക്കുമോ?

ആലപ്പുഴ ജില്ലയിൽ 2007-ൽ ആലപ്പുഴ ബീച്ച് മുതൽ പുന്നപ്ര വരെയും തോട്ടപ്പള്ളി പൊഴിമുഖത്തും മാരാരിക്കുളം വടക്ക് പഞ്ചായത്തിലെ കാറ്റാടി കടപ്പുറത്തും കാറ്റാടി മരങ്ങൾ വച്ചുപിടിപ്പിച്ചിട്ടുണ്ട്. കൂടാതെ 2021-ൽ അർത്തുങ്കൽ മുതൽ മാരാരിക്കുളം വടക്ക് പഞ്ചായത്ത് അതിർത്തി വരെ 70,000 കാറ്റാടി തൈകൾ വച്ചുപിടിപ്പിച്ചിട്ടുണ്ട്. എറണാകുളം ജില്ലയിൽ തീരവനം പദ്ധതിയുടെ ഭാഗമായി ചെറായി, വളപ്പ് എന്നീ സ്ഥലങ്ങളിൽ കാറ്റാടി മരങ്ങൾ വച്ചു പിടിപ്പിച്ചിട്ടുണ്ട്. 2017-18-ൽ ചാപ്പാ ബീച്ചിലും 2021-22-ൽ മാലിപ്പുറത്തും കാറ്റാടി തൈകൾ വച്ചുപിടിപ്പിച്ചിട്ടുണ്ട്. ആലപ്പുഴ ജില്ലയിൽ മാരാരിക്കുളം വടക്ക്

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പഞ്ചായത്തിലെ കാറ്റാടി കടപ്പുറത്ത് ഏതാനും തൈകൾ നശിപ്പിച്ചതിന് നടപടി സ്വീകരിച്ചിട്ടുള്ളതാണ്. 2019-ൽ തോട്ടപ്പള്ളി അഴിമുഖത്തോട് ചേർന്നുള്ള 524 മരങ്ങൾ disaster management കമ്മിറ്റിയുടെ തീരുമാന പ്രകാരം മുറിച്ചിരുന്നു. എറണാകുളം ജില്ലയിൽ കാറ്റാടി മരങ്ങൾ വ്യാപകമായി മുറിച്ച സംഭവങ്ങളൊന്നും ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**എലിഫന്റ് ഇടനാഴികളുടെ സംരക്ഷണം**

157(903) <u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യത്തിന് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേരളത്തിൽ കണ്ടെത്തിയിരിക്കുന്ന എലിഫന്റ് ഇടനാഴികളുടെ സംരക്ഷണത്തിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയുടെ വിശദാംശം ലഭ്യമാക്കുമോ?

കേരളത്തിൽ പ്രധാനമായും ഏഴ് ആനത്താരകളാണ് കണ്ടെത്തിയിട്ടുള്ളത്. ഇവയുടെ സംരക്ഷണത്തിനായി സ്വീകരിച്ചിട്ടുള്ള നടപടി വിവരം ചുവടെ ചേർക്കുന്നു.

1. <u>തിരുനെല്ലി-കുദ്രക്കോട്</u> :

തിരുനെല്ലി-കുദ്രക്കോട് ആനത്താര കേരളത്തിന്റേത് മാത്രമായ ഒരു ആനത്താരയാണ്. ഇതിന്റെ നീളം 6 കി.മീറ്ററും, വീതി 1 മുതൽ 1.5 കി.മീറ്ററും ആണ്. ഈ ആനത്താര പൂർണ്ണമായി ഏറ്റെടുത്ത് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ളതുമാണ്. പ്രസ്തുത ആനത്താര വയനാട് വന്യജീവി സങ്കേതത്തിനു കീഴിൽ വരുന്ന തിരുൾക്കുന്ന് (15-8-2015-ലെ ജി.ഒ (പി) ന.56/2015/വനം, പ്രകാരം വന്യജീവി സങ്കേതമായി പ്രഖ്യാപിച്ച് 3.53 ഏക്കർ ഏറ്റെടുത്തിട്ടുള്ളതാണ്), വലിയഎമ്മടി (15-8-2015-ലെ ജി.ഒ (പി) നം.57/2015/വനം, പ്രകാരം വന്യജീവി സങ്കേതമായി 6.1 ഏക്കർ ഏറ്റെടുത്തിട്ടുള്ളതാണ്), കോട്ടപ്പടി (15-8-2015-ലെ ജി.ഒ (പി) ന.58/ 2015/വനം, പ്രകാരം റിസർവ് ഫോറസ്റ്റ് ആയി 8.37 ഏക്കർ ഏറ്റെടുത്തിട്ടുള്ളതാണ്.) മേൽപ്പറഞ്ഞ ആനത്താരയിൽപ്പെട്ട സ്ഥലങ്ങൾ വനം വകുപ്പ് സംരക്ഷിച്ച് പരിപാലിച്ചു വരുന്നു.

2. <u>നിലമ്പൂർ കോവിലകം-ന്യൂഅമരമ്പലം</u>:

നിലമ്പൂർ കോവിലകം-ന്യൂഅമരമ്പലം ആനത്താര കേരളത്തിന്റേത് മാത്രമായ ഒരു ആനത്താരയാണ്. ഈ ആനത്താരയ്ക്കുവേണ്ടി സ്ഥലം ഏറ്റെടുക്കേണ്ട ആവശ്യമില്ല. ഇതിന്റെ നീളം 1 കി.മീറ്ററും വീതി 0.5

കി.മീറ്ററുമാണ്. നിലമ്പൂർ കോവിലകം-നൃഅമരമ്പലം, ആനത്താരയിലൂടെ കടന്നു പോകുന്ന നിലമ്പൂർ-ഗൂഡല്ലൂർ അന്തർ-സംസ്ഥാന പാതയിൽ നവീകരണ പ്രവർത്തനങ്ങൾ നടത്തിയപ്പോൾ ആന, റോഡ് മുറിച്ച് കടക്കുന്ന സ്ഥലങ്ങളിൽ താഴ്ന്ന ഭാഗങ്ങളിൽ റാമ്പുകൾ ഒരുക്കിയും ഉയർന്ന ഭാഗങ്ങളിൽ മൺതിട്ടകൾ നിരപ്പാക്കിയും റോഡിന്റെ പാർശ്വഭിത്തിയുടെ ഉയരം കുറച്ചും ആനകളുടെ സഞ്ചാരത്തിന് സൗകര്യമൊരുക്കിയിട്ടുണ്ട്. കൂടാതെ ആനകൾ റോഡ് മുറിച്ച് കടക്കുന്ന സ്ഥലങ്ങൾ കണ്ടെത്തി പൊതുജന അവബോധത്തിന് മുന്നറിയിപ്പ് ബോർഡുകൾ സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ ആനകൾ ഉൾപ്പടെയുള്ള വന്യജീവികളുടെ സഞ്ചാരം നിരീക്ഷിക്കുന്നതിന് നിശ്ചിത കാലയളവുകളിൽ നിരീക്ഷണ ക്യാമറകൾ സ്ഥാപിച്ചു വരുന്നുണ്ട്.

3. <u>നിലമ്പൂർ-അപ്പൻകാപ്പ്</u> :

നിലമ്പൂർ നോർത്ത് ഡിവിഷനിൽ കാട്ടാനകൾ മനുഷ്യവാസ പ്രദേശത്ത് ഇറങ്ങുന്നത് ഒഴിവാക്കുന്നതിന് നിലമ്പൂർ-അപ്പൻകാപ്പ് ഇടനാഴി നിർമ്മിക്കുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. പ്രസ്തുത ഇടനാഴി നിലമ്പൂർ നോർത്ത് ഡിവിഷനിലെ നിലമ്പൂർ, വഴിക്കടവ് റെയിഞ്ചുകളെ ബന്ധിപ്പിക്കുന്നതാണ്. ഈ ഇടനാഴി കേരള-തമിഴ്നാട് അന്തർ-സംസ്ഥാന അതിർത്തിയിലാണ് സ്ഥിതി ചെയ്യുന്നത്. ആനകൾ സൗത്ത് വയനാട് ഡിവിഷനിൽനിന്നും തമിഴ്നാട്ടിലെ ഗൂഡല്ലൂർ ഫോറസ്റ്റ് ഡിവിഷൻവഴി നിലമ്പൂർ സൗത്ത് ഡിവിഷനിലേയ്ക്കും ഈ ഇടനാഴിയിലൂടെ യാത്ര ചെയ്യുന്നുണ്ട്. ഈ ഇടനാഴിയ്ക്ക് 0.4 കി.മീ. നീളവും 0.5 കി.മീ. വീതിയുമുണ്ട്. ഈ പദ്ധതിക്ക് നിലമ്പൂർ നോർത്ത് ഡിവിഷനിൽ ഉൾപ്പെടുന്ന നിലമ്പൂർ താലൂക്കിലെ പോത്തുങ്കൽ വില്ലേജിൽ സ്വകാര്യ വ്യക്തികളുടെ കൈവശമുള്ള 6 എസ്റ്റേറ്റുകളിൽ നിന്നായി 22.8271 ഹെക്ടർ സ്ഥലം ഏറ്റെടുക്കേണ്ടതുണ്ട്.

4. <u>മുതമലയ്-നിലമ്പൂർ "ഒ" വാലി</u> :

ഇത് ഒരു അന്തർ-സംസ്ഥാന ആനത്താരയാണ്. ഇതിൽ കേരള സംസ്ഥാനത്തിന്റെ ഭാഗം വരുന്ന സ്ഥലം ഏറ്റെടുക്കേണ്ട ആവശ്യമില്ലാത്തതുമാണ്. ഇത് നിലമ്പൂർ നോർത്ത് ഡിവിഷനും തമിഴ്നാട്ടിലെ മുതുമലൈ ടൈഗർ റിസർവ്വുമായി ബന്ധപ്പെട്ടിട്ടുള്ള ഒരു ഇടനാഴിയാണ്. ഇതിന് 35 കി.മീ. നീളവും 0.1 കി.മീ. വീതിയും ഉള്ളതാണ്.

5. <u>പേര്യ-പക്രാന്താളം</u> :

ഇത് കേരളത്തിന്റെ ഒരു ആനത്താരയാണ്. ഇതിന്റെ നീളം 0.5 കി.മീറ്ററും, വീതി 0.2 കി.മീറ്ററുമാണ്. ഈ ആനത്താരയുടെ സ്ഥലം ഏറ്റെടുക്കുവാനുണ്ട്. ഇത് വയനാട് നോർത്ത് ഡിവിഷനിൽ സ്ഥിതി ചെയ്യുന്ന ഒരു ആനത്താരയാണ്.

6. <u>ബേഗൂർ-ബ്രഹ്മഗിരി</u> :

ഇത് ഒരു അന്തർ-സംസ്ഥാന ആനത്താരയാണ്. ഇതിന്റെ നീളം 1 കി.മീറ്ററും, വീതി 0.8 കി.മീറ്ററുമാണ്. ഈ ആനത്താരയുടെ സ്ഥലം ഏറ്റെടുക്കാനുള്ളതാണ്. ഇത് കേരളത്തിലെ വയനാട് വന്യജീവി സങ്കേതവും കർണ്ണാടകത്തിലെ ബ്രഹ്മഗിരി വന്യജീവി സങ്കേതവും, നാഗർഹോള ടൈഗർ റിസർവ്വുമായും ബന്ധപ്പെട്ട് കിടക്കുന്നു.

7. <u>കൊട്ടിയൂർ-പേരിയ</u> :

ഇത് കേരള സംസ്ഥാനത്തിന്റെ ഒരു ആനത്താരയാണ്. ഇതിന്റെ നീളം 3 കി.മീറ്ററും, വീതി 0.1 കി.മീറ്ററുമാണ്. ഈ ആനത്താരയുടെ സ്ഥലം ഏറ്റെടുക്കേണ്ടതായിട്ടുണ്ട്. ഇത് കണ്ണൂർ ഡിവിഷന്റെയും വയനാട് നോർത്ത് ഡിവിഷന്റെയും ഭാഗമായിട്ടുള്ള ഒരു ആനത്താരയാണ്. വന സംരക്ഷണ പ്രവർത്തനങ്ങളുടെ ഭാഗമായി നടപ്പിലാക്കുന്ന കാട്ടുതീ പ്രതിരോധ പ്രവർത്തനങ്ങൾ, വനഭൂമി കയ്യേറ്റം തടയുന്നതിനുള്ള പ്രവർത്തനങ്ങൾ, കാട്ടാനകൾക്കുള്ള ആഹാരവും ജലലഭ്യതയും ഉറപ്പുവരുത്തുന്നതിനുള്ള പ്രവൃത്തികൾ തുടങ്ങിയ മുഴുവൻ പ്രവർത്തനങ്ങളും മേൽപ്പറഞ്ഞ ആനത്താരകളിൽ നടപ്പിലാക്കി വരുന്നു.

**വനമേഖലകളിലെ ട്രൈബൽ സെറ്റിൽമെന്റുകളിലെ റോഡ് നിർമ്മാണം**

158(904) <u>ശ്രീ. സി. കെ. ഹരീന്ദ്രൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ വിഭാഗത്തിലുള്ളവർ അധിവസിക്കുന്ന സെറ്റിൽമെന്റുകൾ സ്ഥിതി ചെയ്യുന്ന വനമേഖലകളിൽ വിവിധ സർക്കാർ ഏജൻസികളുടെ ഫണ്ട് വിനിയോഗിച്ച് റോഡുകൾ നിർമ്മിക്കുന്നതിനായി ഏതൊക്കെ നിയമാവലികളാണ് നിലവിലുള്ളത്; ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

വനമേഖലകളിൽ വിവിധ സർക്കാർ ഏജൻസികളുടെ ഫണ്ട് വിനിയോഗിച്ച് റോഡുകൾ നിർമ്മിക്കുന്നതിന് 1980-ലെ വനസംരക്ഷണ നിയമം, 1961-ലെ കേരള വനനിയമം, 2006-ലെ വനാവകാശ നിയമം The Scheduled Tribes and Other Traditional Forest Dwellers (Recognition of Forest Rights), വിവിധ പദ്ധതികളുടെ ഫണ്ട് വിനിയോഗം സംബന്ധിച്ച് സർക്കാർ ഉത്തരവുകൾ, മാർഗ്ഗനിർദ്ദേശങ്ങൾ മുതലായവ നിലവിലുണ്ട്.

(ബി) വനമേഖലകളിലെ ട്രൈബൽ സെറ്റിൽമെന്റുകളിലേക്ക് ടാറിട്ട റോഡുകൾ നിർമ്മിക്കുന്നതിന് ഏതെങ്കിലും തരത്തിലുള്ള നിയമതടസ്സമുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

വനമേഖലകളിലെ ട്രൈബൽ സെറ്റിൽമെന്റുകളിലേയ്ക്ക് വനസംരക്ഷണ നിയമം, വനാവകാശ നിയമം എന്നിവയിലെ നിബന്ധനകൾ പാലിച്ച് റോഡുകൾ നിർമ്മിക്കുന്നതിന് തടസ്സങ്ങളില്ല.

(സി) വനമേഖലകളിൽ സ്ഥിതിചെയ്യുന്ന സെറ്റിൽമെന്റ് പ്രദേശങ്ങളിൽ അടിസ്ഥാന സൗകര്യ വികസനം നടത്തുന്നതിന് റോഡുകൾ, കെട്ടിടങ്ങൾ എന്നിവയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് പലപ്പോഴും വനംവകുപ്പ് ഉദ്യോഗസ്ഥർ തടസ്സം നിൽക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ?

വന മേഖലകളിൽ അടിസ്ഥാന സൗകര്യവികസനം നടത്തുന്നതിന് റോഡുകൾ, കെട്ടിടങ്ങൾ എന്നിവ നിയമാനുസൃതം നിർമ്മിക്കുന്നതിന് വനം വകുപ്പ് ഉദ്യോഗസ്ഥർ തടസ്സം നിൽക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## പാലക്കാട് ജില്ലയിലെ വനം വകുപ്പിന് കീഴിലുള്ള വിനോദ സഞ്ചാര കേന്ദ്രങ്ങൾ

159(905) ശ്രീ. കെ. പ്രേംകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ പൊതുജനങ്ങൾക്ക് സന്ദർശനം അനുവദിച്ചിട്ടുള്ള വനം വകുപ്പിന് കീഴിലുള്ള വിനോദ സഞ്ചാര കേന്ദ്രങ്ങൾ ഏതെല്ലാമാണെന്ന് അറിയിക്കാമോ?

പാലക്കാട് ജില്ലയിൽ വനം വകുപ്പിനു കീഴിലുള്ള ഇക്കോടൂറിസം കേന്ദ്രങ്ങളുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) ഇത്തരത്തിലുള്ള പുതിയ വിനോദസഞ്ചാര കേന്ദ്രങ്ങൾ പൊതുജനങ്ങൾക്കായി തുറന്നുകൊടുക്കാൻ പദ്ധതിയുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

പുതിയ ഇക്കോ ടൂറിസം കേന്ദ്രങ്ങൾ തുറക്കുന്നതിന് വനം വകുപ്പ് പദ്ധതികളൊന്നും ആവിഷ്കരിച്ചിട്ടില്ല.

## ടൂറിസ്റ്റുകൾക്കായി നെയ്യാർഡാമിൽ ഒരുക്കിയിട്ടുള്ള സൗകര്യങ്ങൾ

160(906) ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാർഡാമിൽ ടൂറിസ്റ്റുകൾക്കായി ഏർപ്പെടുത്തിയിരിക്കുന്ന ബോട്ട് സർവീസിനായി കാലഹരണപ്പെട്ട ബോട്ടുകൾ ഉപയോഗിക്കുന്നുണ്ടെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

നെയ്യാർ വന്യജീവി സങ്കേതത്തിൽ വനം വകുപ്പിന്റെ കീഴിൽ കാലഹരണപ്പെട്ട ബോട്ടുകൾ ഉപയോഗിക്കുന്നില്ല. വർഷാവർഷം തുറമുഖ വകുപ്പ് ഉദ്യോഗസ്ഥർ ബോട്ട് പരിശോധിച്ച് നൽകുന്ന ഫിറ്റ്നസ് സർട്ടിഫിക്കറ്റ് അനുസരിച്ചാണ് ബോട്ടുകൾ സഞ്ചാരത്തിന് ഉപയോഗിക്കുന്നത്. നെയ്യാർ വന്യജീവി സങ്കേതത്തിന്റെ കീഴിൽ നെയ്യാർ ഡാം ജലാശയത്തിൽ വനം വകുപ്പിന് നിലവിൽ അഞ്ച് ബോട്ടുകളാണുള്ളത്. 23 സീറ്റുള്ള അഗസ്ത്യ ബോട്ട്, 9 സീറ്റുകൾ വീതമുള്ള ജലകന്യക, ജലറാണി, സമുദ്ര എന്നീ മൂന്ന് ബോട്ടുകൾ, 5 സീറ്റുള്ള ചിന്താർമണി ബോട്ട് എന്നിവയാണുള്ളത്. ഇതിൽ അഗസ്ത്യ ബോട്ട് അറ്റകുറ്റപ്പണികൾക്കായി ഡോക്ക് ചെയ്തിട്ടുള്ളതും ടി പണികൾക്കായി കൊല്ലം തുറമുഖ വകുപ്പ് ഉദ്യോഗസ്ഥരിൽ നിന്നും ലഭിച്ച 4 ലക്ഷം രൂപയുടെ അടങ്കൽ അംഗീകരിക്കുകയും ടെണ്ടർ നടപടി പൂർത്തിയാക്കി തുടർനടപടികൾ സ്വീകരിച്ചു വരുന്നു.

(ബി) നെയ്യാർ ഡാമിൽ ടൂറിസ്റ്റുകൾക്കായി പുതിയ ബോട്ട് അനുവദിച്ചു നൽകുന്നതിനായി സമർപ്പിച്ചിരുന്ന അപേക്ഷയിന്മേൽ സ്വീകരിച്ച നടപടികൾ, അതിന്റെ പുരോഗതി എന്നിവ അറിയിക്കാമോ?

നെയ്യാർ വന്യജീവിസങ്കേതത്തിലേക്ക് എം.എൽ.എ. ഫണ്ട് ഉപയോഗിച്ച് 24 സീറ്റിന്റെ ഒരു ബോട്ട് വാങ്ങുന്നതിലേക്കായി സ്റ്റീൽ ഇൻഡസ്ട്രീസ് കേരള ലിമിറ്റഡ്, അഴീക്കൽ, കണ്ണൂർ എന്ന സർക്കാർ സ്ഥാപനത്തിൽ നിന്നും 36,80,841 രൂപയുടെ അടങ്കൽ ലഭ്യമാക്കി ടി വിവരം വൈൽഡ് ലൈഫ് വാർഡൻ നെയ്യാറിന്റെ 12-2-2018-ലെ ഇ-559/18 നമ്പർ കത്ത് പ്രകാരം അനുഭാവപൂർവ്വം പരിഗണിക്കുന്നതിലേക്കായി ബഹു.പാറശ്ശാല എം.എൽ.എ.-യ്ക്ക് സമർപ്പിച്ചിരുന്നു.

തുടർന്ന് പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ & ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സിന്റെ നിർദ്ദേശ പ്രകാരം 18-9-2021-ന് ഡയറക്ടർ, ജലഗതാഗത വകുപ്പ് ആലപ്പുഴയുമായി സോളാർ/ഹൈബ്രിഡ് ബോട്ടിന്റെ പ്രവർത്തനങ്ങൾ സംബന്ധിച്ച് തിരുവനന്തപുരം വൈൽഡ് ലൈഫ് വാർഡൻ, നെയ്യാർ അസിസ്റ്റന്റ് വൈൽഡ് ലൈഫ് വാർഡൻ എന്നിവർ ആലപ്പുഴയിൽ വച്ച് ചർച്ച ചെയ്യുകയും ജലഗതാഗത വകുപ്പിന്റെ കീഴിലുള്ള ആദിത്യ എന്ന സോളാർ ബോട്ട് പരിശോധിക്കുകയും ചെയ്തിട്ടുള്ളതാണ്.

(സി) വനം വകുപ്പിന്റെ കീഴിൽ ടൂറിസ്റ്റുകൾക്കായി നെയ്യാർഡാമിൽ ഒരുക്കിയിട്ടുള്ള സൗകര്യങ്ങൾ എന്തൊക്കെയാണെന്നും പ്രസ്തുത മേഖലകളിലെ പുനരുദ്ധാരണ ത്തിനായി കഴിഞ്ഞ സർക്കാരിന്റെ കാലയളവിൽ എത്ര തുക ചെലവഴിച്ചിട്ടു ണ്ടെന്നുമുള്ള വിശദാംശം പദ്ധതികളുടെ വിവരം തരംതിരിച്ച് അറിയിക്കാമോ?

നെയ്യാർ വന്യജീവിസങ്കേതത്തിന്റെ കീഴിൽ ബോട്ടിംഗ്, മാൻപാർക്ക്, മുതല പാർക്ക് എന്നിവയ്ക്ക് പുറമേ വെട്ടിമുറിച്ചകോൺ, കോട്ടമൺപുറം, കൊമ്പൈ, മീൻമുട്ടി എന്നിവിടങ്ങളിൽ ക്യാമ്പിഗ് കെട്ടിടങ്ങൾ അറ്റകുറ്റപ്പണികൾ നടത്തി സഞ്ചാരികളെ ആകർഷിക്കുംവിധം അടിസ്ഥാനസൗകര്യവും താമസസൗകര്യവും ഒരുക്കിയിട്ടുണ്ട്. അടിസ്ഥാന സൗകര്യങ്ങളുടെ പുനരുദ്ധാരണത്തിനായി കഴിഞ്ഞ സർക്കാരിന്റെ കാലയളവിൽ താഴെപ്പറയും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

| സ്ഥലം | ചെലവാക്കിയ തുക രൂപയിൽ |
|---|---|
| അഗസ്ത്യ ക്രോക്കഡൈയിൽ പാർക്ക് | 383549 |
| ബോട്ട് ലാന്റിംഗ് | 619983 |
| വെട്ടിമുറിച്ചകോൺ | 2255805 |
| കോമ്പൈ | 720000 |
| മീൻമുട്ടി | 572279 |
| ബോർഡുകൾ | 45000 |
| ഫർണിച്ചർ, പാത്രങ്ങൾ, ബഡ്ഷീറ്റ്, ഇലക്ട്രോ ണി ക്ക് സാധനങ്ങൾ അടക്കമുള്ളവ | 1800425 |

(ഡി) നെയ്യാർഡാം കേന്ദ്രമാക്കി ടൂറിസം വികസനവുമായി ബന്ധപ്പെട്ട് വനം വകുപ്പ് പുതുതായി ഏതെങ്കിലും പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ?

നിലവിൽ പുതിയ പദ്ധതികളൊന്നും പരിഗണനയിലില്ല.

**ബീറ്റ്ഫോറസ്റ്റ് ഓഫീസർമാരുടെ സർവ്വീസ് സീനിയോറിറ്റിയും നിയമനവും**

161(907) ശ്രീ. പി. മമ്മിക്കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബീറ്റ് ഫോറസ്റ്റ് ഓഫീസർ തസ്തികയിൽ പി.എസ്.സി. മുഖാന്തരം നിയമനം നടത്തുന്നത് ജില്ലാ തലത്തിലാണോ, സംസ്ഥാനതലത്തിലാണോ എന്ന് വ്യക്തമാക്കാമോ?

കേരള പി.എസ്.സി. മുഖാന്തരം ജില്ലാ അടിസ്ഥാനത്തിലാണ് ബീറ്റ് ഫോറസ്റ്റ് ഓഫീസർ തസ്തികയിൽ നിയമനം നടത്തുന്നത്.

(ബി) പ്രസ്തുത ഓഫീസർമാരുടെ സർവ്വീസ് സീനിയോരിറ്റി വനം സർക്കിൾ തലത്തിൽ നിർണ്ണയിക്കുന്നത് ഏത് ചട്ടത്തിന്റെ/ നിയമത്തിന്റെ അടിസ്ഥാനത്തി ലാണെന്ന് വ്യക്തമാക്കാമോ?

കേരള ഫോറസ്റ്റ് സബോർഡിനേറ്റ് സർവ്വീസ് സ്പെഷ്യൽ റൂൾസ്, 2010 ലെ ചട്ടം 11 പ്രകാരം, ജില്ലാ തലത്തിൽ തയ്യാറാക്കുന്ന സീനിയോരിറ്റി ലിസ്റ്റുകൾ സർക്കിൾ തലത്തിലാണ് ഏകീകരിച്ച് സീനിയോരിറ്റി നിർണ്ണയിക്കുന്നത്. ബീറ്റ് ഫോറസ്റ്റ് ഓഫീസർ തസ്തികയുടെ പ്രൊമോഷൻ സെക്ഷൻ ഫോറസ്റ്റ് ഓഫീസർ തസ്തികയായതുകൊണ്ടാണ് ഇപ്രകാരം ചെയ്യേണ്ടി വരുന്നത്. ചട്ടപ്രകാരം സെക്ഷൻ ഫോറസ്റ്റ് ഓഫീസർ തസ്തികയുടെ യൂണിറ്റ് നിശ്ചയിക്കുന്നത് സർക്കിൾ തലത്തിലാണ്.

**റോഡരികിൽ അപകടകരമായി നിൽക്കുന്ന മരങ്ങൾ മുറിച്ച് മാറ്റാൻ നടപടി**

162(908) ഡോ. എൻ. ജയരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റോഡരികിൽ അപകടകരമായും കാഴ്ചമറച്ചും നിൽക്കുന്ന മരങ്ങൾ മുറിച്ച് മാറ്റാനുള്ള നടപടിക്രമം എന്തൊക്കെയാണെന്ന് അറിയിക്കുമോ?

റോഡരികിൽ അപകടകരമായി നിൽക്കുന്ന മരങ്ങൾ മുറിച്ചുമാറ്റുന്നതിനുള്ള അപേക്ഷകളിന്മേൽ നടപടി സ്വീകരിക്കുന്നത് അതാത് ജില്ലാ സോഷ്യൽ ഫോറസ്ട്രി വിഭാഗം അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർമാരാണ്. എൻ.ആർ. നായർ വോളിയം ടേബിൾ പ്രകാരമാണ് നിൽപ്പുമരത്തിന്റെ വോളിയം കണ്ടെത്തുന്നത്. മരങ്ങളുടെ വില നിശ്ചയിക്കുന്നത് കാലാകാലങ്ങളിൽ സർക്കാർ അംഗീകരിച്ച് നൽകുന്ന സീനിയറേജ് റേറ്റുകൾ പ്രകാരമാണ്. വനം വകുപ്പ് നിശ്ചയിച്ച തുകയ്ക്ക് ലേലം നടന്നില്ലെങ്കിൽ രണ്ട് പ്രാവശ്യം ലേലം നടത്താവുന്നതും വനം വകുപ്പ് നിർണ്ണയിച്ച വില ലഭിക്കാത്തപക്ഷം ലേലം നടത്തുന്ന ഉദ്യോഗസ്ഥന്റെ തൊട്ട്മുകളിലെ ഉദ്യോഗസ്ഥന് ലേലം സ്ഥിരപ്പെടുത്താവുന്നതുമാണ്. വനം വകുപ്പിൽ ഇപ്പോൾ ചെയ്തു വരുന്നത് ഇപ്രകാരമാണ്.

(ബി) അത്തരം മരം മുറിക്കുന്നതിന് അനുമതി നൽകുന്നത് ഏത് സമിതിയാണെന്നും ആ സമിതിയിൽ ആരൊക്കെയാണ് അംഗമായിട്ടുള്ളതെന്നും വ്യക്തമാക്കാമോ?

നിലവിൽ സർക്കാർ സ്ഥലങ്ങളിലും മറ്റ് പൊതു സ്ഥലങ്ങളിലും അപകടാവസ്ഥയിൽ നിൽക്കുന്ന മരങ്ങൾ മുറിക്കുന്നതിനുള്ള അപേക്ഷ, മരം നിൽക്കുന്ന ഭൂമിയുടെ കസ്റ്റോഡിയനായ വകുപ്പിൽ നിന്നും ലഭിക്കുന്ന മുറയ്ക്ക് 10-2-2010-ലെ സ.ഉ.(സാധാ)നമ്പർ 68/2010/വനം പ്രകാരമുള്ള പരിസ്ഥിതി കമ്മിറ്റി പരിശോധന നടത്തി മരം മുറിക്കാൻ അനുമതി നൽകിവരുന്നുണ്ട്. 11-7-2013-ൽ ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗ തീരുമാന പ്രകാരം ജീവനും സ്വത്തിനും ഹാനികരമായി നിൽക്കുന്ന മരങ്ങൾ അതാത് വകുപ്പുതല ഉദ്യോഗസ്ഥൻമാർ, ബന്ധപ്പെട്ട റവന്യൂ ഡിവിഷണൽ ഓഫീസർമാർ/ എക്സിക്യൂട്ടീവ് മജിസ്ട്രേറ്റ് മുൻപാകെ അപേക്ഷ സമർപ്പിച്ച് തുടർന്നുള്ള അനുമതി യോടുകൂടി (സി.ആർ.പി.സി.133 പ്രകാരം) ഉടൻ മുറിച്ചു മാറ്റാമെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

(സി) അപേക്ഷകൾ പരിശോധിക്കുന്ന വേളയിൽ മരത്തിന്റെ പഴക്കവും അപകടസാധ്യതയും കണക്കാക്കുമ്പോൾ റോഡിന്റെ അലൈൻമെന്റിൽ കാഴ്ച മറയ്ക്കുന്ന തരത്തിലാണോ പ്രസ്തുത മരം നിൽക്കുന്നതെന്നുകൂടി പരിശോധിക്കാൻ സാങ്കേതിക അറിവുള്ള ഗതാഗത വകുപ്പിന്റെയോ പൊതുമരാമത്ത് വകുപ്പിന്റെയോ നാറ്റ്പാക്കിന്റെയോ പ്രതിനിധികൾ പ്രസ്തുത സമിതിയിലുണ്ടോ; ഇല്ലെങ്കിൽ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

അപേക്ഷകൾ പരിശോധിക്കുന്ന വേളയിൽ മരത്തിന്റെ പഴക്കവും അപകട സാധ്യതയും കണക്കാക്കുമ്പോൾ റോഡിന്റെ അലൈൻമെന്റിൽ കാഴ്ചമറയ്ക്കുന്ന തരത്തിലാണോ പ്രസ്തുത മരം നിൽക്കുന്നതെന്നുകൂടി പരിശോധിക്കാൻ സാങ്കേതിക അറിവുള്ള ഗതാഗത വകുപ്പിന്റെയോ പൊതുമരാമത്ത് വകുപ്പിന്റെയോ നാറ്റ്പാക്കിന്റെയോ പ്രതിനിധികൾ നിലവിലുള്ള പരിസ്ഥിതി കമ്മിറ്റിയിലില്ല. ഇത്തരത്തിൽ പ്രസ്തുത പ്രതിനിധികളെക്കൂടി ഉൾപ്പെടുത്തുവാൻ നിലവിൽ നടപടികളൊന്നും സ്വീകരിച്ചിട്ടില്ല.

(ഡി) പ്രസ്തുത മരങ്ങൾ റോഡിലേക്ക് പതിക്കുന്നതുമൂലമുള്ള അപകടങ്ങളിൽപ്പെടുന്നവർക്ക് നഷ്ടപരിഹാരത്തിന് അർഹതയുണ്ടോയെന്ന് വ്യക്തമാക്കുമോ?

പ്രസ്തുത മരങ്ങൾ റോഡിലേക്ക് പതിക്കുന്നതുമൂലമുള്ള അപകടങ്ങളിൽപ്പെടുന്നവർക്ക് വനം വകുപ്പ് നഷ്ടപരിഹാരം നൽകുന്നില്ല.

(ഇ) സ്വകാര്യവ്യക്തികളുടെ പറമ്പിൽ നിൽക്കുന്ന മരം വീണ് കേടുപാടുകൾ സംഭവിച്ചാൽ അയൽവാസിക്ക് നഷ്ടപരിഹാരത്തിന് അർഹതയുള്ള സാഹചര്യത്തിൽ പൊതുനിരത്തിലുള്ള മരങ്ങൾമൂലം അപകടമുണ്ടാകുന്ന വേളയിലും നഷ്ട പരിഹാരത്തിന് അർഹത നൽകാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

പൊതുനിരത്തിലുള്ള മരങ്ങൾമൂലം ഉണ്ടാകുന്ന അപകടങ്ങൾക്ക് നഷ്ടപരിഹാരം നൽകുന്നത് നിലവിൽ വനം-വന്യജീവി വകുപ്പിന്റെ പരിഗണനയിലില്ല.

**മുട്ടിൽ മരം മുറിയുമായി ബന്ധപ്പെട്ട തടികളുടെ ഉറവിടം**

163(909) ശ്രീ. ഷാഫി പറമ്പിൽ: താഴെ കാണുന്ന ചോദ്യത്തിന് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മുട്ടിൽ മരം മുറിയുമായി ബന്ധപ്പെട്ട് പെരുമ്പാവൂരിലെ മില്ലിൽനിന്നും കല്ലപ്പാടി-കപ്പാടി റോഡ് അരികിൽനിന്നും കണ്ടെത്തിയ തടികളുടെ ഉറവിടം കണ്ടെത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

ഇതുസംബന്ധിച്ച അന്വേഷണം പുരോഗമിച്ചുവരികയാണ്.

**ആദിവാസി സെറ്റിൽമെന്റിലുള്ളവർക്ക് വനാവകാശ രേഖകൾ നൽകുന്നത്**

164 (910) ശ്രീ. എ. സി. മൊയ്തീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനാവകാശ നിയമപ്രകാരം കേരളത്തിലെ ആദിവാസി സെറ്റിൽമെന്റിലുള്ള എത്ര പേർക്കാണ് വനാവകാശ രേഖകൾ ലഭ്യമാക്കിയിട്ടുള്ളതെന്ന് അറിയിക്കുമോ?

സംസ്ഥാനത്ത് വനാവകാശ നിയമം (The Scheduled Tribes and Other Traditional Forest Dwellers (Recognition of Forest Rights) Act, 2006) പ്രകാരം നാളിതുവരെയായി 26600 പേർക്ക് ഭൂമിക്കുള്ള കൈവശാവകാശ രേഖ വിതരണം ചെയ്തിട്ടുണ്ട്.

(ബി) ഇനിയും എത്രപേർക്ക് പ്രസ്തുത രേഖകൾ നൽകാനുണ്ടെന്ന് വിശദമാക്കാമോ?

വനാവകാശ രേഖയ്ക്കായി ലഭിച്ച അപേക്ഷകളിൽ ജില്ലാതല കമ്മിറ്റി (DLC) പാസ്സാക്കിയതിൽ കൈവശാവകാശ രേഖ നൽകാനുള്ള 1098 അപേക്ഷകളിൽ കൈവശാവകാശ രേഖ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഗ്രാമസഭയിൽ 271 അപേക്ഷകളും സബ് ഡിവിഷൻ ലെവൽ കമ്മിറ്റി (SDLC)-യിൽ 3634 അപേക്ഷകളും ജില്ലാതല കമ്മിറ്റി (DLC)-യിൽ 348 അപേക്ഷകളും നിലവിലുണ്ട്. കൂടാതെ, പുതിയ അപേക്ഷകളിൽ വനാവകാശ കമ്മിറ്റികൾ മുഖേനയുള്ള നടപടിക്രമങ്ങൾ പുരോഗമിച്ചു വരുന്നു.

(സി) വനാവകാശ രേഖകൾ നൽകുന്നതിനായി സർവ്വേ നടപടികൾ ആരംഭിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ;

(ഡി) എങ്കിൽ ആയതിന്റെ പുരോഗതി വ്യക്തമാക്കാമോ?

(സി&ഡി) വനാവകാശ രേഖയ്ക്കായി ലഭിക്കുന്ന അപേക്ഷകളിൽ സംയുക്ത പരിശോധനയും സർവ്വേയും നടത്തിയ ശേഷമാണ് കൈവശാവകാശ രേഖ വിതരണം ചെയ്യുന്നത്. ജില്ലാതല കമ്മിറ്റി (DLC)-ക്ക് മുന്നിലുള്ള 348 അപേക്ഷകളിൽ സർവ്വേ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. സബ് ഡിവിഷൻ ലെവൽ കമ്മിറ്റി (SDLC)-ക്ക് മുന്നിലുള്ള 3634 അപേക്ഷകളിൽ സർവ്വേ നടത്തുന്നതിനുള്ള നടപടിക്രമങ്ങൾ പുരോഗമിച്ചുവരുന്നു.

**കാവ് സംരക്ഷണ പദ്ധതി**

165(911) ശ്രീ. ജോബ് മൈക്കിൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ഷേത്രങ്ങളോടനുബന്ധിച്ചുള്ള കാവുകൾ സംരക്ഷിക്കുന്നതിന് വനംവകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കുന്ന 'കാവ് സംരക്ഷണ പദ്ധതി'യിൽ ഉൾപ്പെടുന്നതിനുള്ള മാനദണ്ഡങ്ങളും നടപടിക്രമങ്ങളും എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

24-12-2016-ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 485/16/വനം, ഉത്തരവ് പ്രകാരം കാവുകളുടെ സംരക്ഷണത്തിനും പരിപാലനത്തിനുമായി പദ്ധതി നിലവിലുണ്ട്. പ്രസ്തുത ഉത്തരവിലെ മാർഗ്ഗ നിർദ്ദേശങ്ങൾക്ക് വിധേയമായി ജൈവവൈവിദ്ധ്യ സംരക്ഷണത്തിന്റെ ഭാഗമായി കാവുകളുടെ സംരക്ഷണ

പുനരുദ്ധാരണ പദ്ധതിയിൽ ഉൾപ്പെടുത്തി ഫണ്ട് ലഭ്യതയനുസരിച്ച് ജില്ലാ അടിസ്ഥാനത്തിൽ തെരഞ്ഞെടുക്കപ്പെടുന്ന കാവുകൾക്ക് എല്ലാ വർഷവും ധനസഹായം നൽകിവരുന്നുണ്ട്. ടി പദ്ധതി പ്രകാരം കാവുകളുടെ സംരക്ഷണ പുനരുദ്ധാരണ പ്രവർത്തനങ്ങൾക്ക് ധനസഹായം നൽകുന്നതിലേക്കായി അപേക്ഷകൾ ക്ഷണിച്ചുകൊണ്ട് പത്രക്കുറിപ്പ് നൽകുകയും വിപുലമായ പ്രചാരം നൽകി വരികയും ചെയ്യുന്നുണ്ട്. അപ്രകാരം ലഭ്യമാകുന്ന അപേക്ഷകളിൽ സ്ഥലപരിശോധന നടത്തി ഏറ്റവും അനുയോജ്യമായതും നിശ്ചിത മാനദണ്ഡങ്ങൾ പാലിക്കുന്നതുമായ നിശ്ചിത എണ്ണം (സാധാരണയായി ഒരു ജില്ലയിൽ നിന്നും ഒരു സാമ്പത്തിക വർഷം 5 കാവുകൾക്ക്) കാവുകളുടെ പേരുവിവരങ്ങൾ സംസ്ഥാനതല വിദഗ്ദ്ധ സമിതിക്ക് സമർപ്പിക്കുന്നു. ആയതിൽനിന്നും സംസ്ഥാനതല വിദഗ്ദ്ധ സമിതി തെരഞ്ഞെടുക്കുന്ന കാവുകൾ അടുത്ത 5 വർഷത്തെ പ്രവർത്തന വിവരങ്ങൾ അടങ്ങിയതും നിശ്ചിത മാനദണ്ഡങ്ങൾ പ്രകാരമുള്ളതുമായ സൂക്ഷ്മാസൂത്രണരേഖ തയ്യാറാക്കി സമർപ്പിക്കുകയും ആയത് അംഗീകരിക്കുന്നതിന്റെ അടിസ്ഥാനത്തിൽ വനം വകുപ്പുമായി ചേർന്ന് ധാരണാപത്രം ഒപ്പുവയ്ക്കുകയും തുടർന്ന് ടി കാവുകൾക്ക് അടുത്ത 5 വർഷത്തേക്ക് ദീർഘകാലാടിസ്ഥാനത്തിൽ ധനസഹായം നൽകി വരുന്നു. കാവുകളിലുള്ള ജൈവവൈവിധ്യം, ജലസ്രോതസ്സ്/ ജലസംരക്ഷണ കുളങ്ങൾ, വിസ്തൃതി, കാവിലുള്ള വൃക്ഷങ്ങളുടെയും ജീവജാലങ്ങളുടെയും വിശദാംശങ്ങൾ എന്നിവ പരിഗണിച്ചാണ് കാവുകളെ തെരഞ്ഞെടുക്കുന്നത്.

(ബി) കോട്ടയം ജില്ലയിൽ ഏതെല്ലാം കാവുകളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകുമോ?

കഴിഞ്ഞ 3 വർഷം കോട്ടയം ജില്ലയിൽ നിന്നും ധനസഹായത്തിന് അർഹമായ കാവുകളുടെ പേരുവിവരം അനുബന്ധമായി ചേർക്കുന്നു.*

**തെന്മല പോലീസ് സ്റ്റേഷന് വനഭൂമി വിട്ടു നൽകൽ**

166(912) ശ്രീ. പി. എസ്. സുപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തെന്മല പോലീസ് സ്റ്റേഷന് വനഭൂമി വിട്ടുനൽകുന്നതുമായി ബന്ധപ്പെട്ട നടപടികൾ ഏത് ഘട്ടത്തിലാണെന്നറിയിക്കാമോ?

തെന്മല പോലീസ് സ്റ്റേഷൻ നിർമ്മാണത്തിനായി 1980-ലെ വന സംരക്ഷണ നിയമത്തിലെ സെക്ഷൻ 2 പ്രകാരം 0.3845 ഹെക്ടർ വനഭൂമി വിട്ടുനൽകുന്നതിനായി യൂസർ ഏജൻസിയായ കൊല്ലം റൂറൽ ജില്ലാ പോലീസ്

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

മേധാവി പ്രൊപ്പോസൽ സമർപ്പിച്ചിരുന്നു. ആയത് സ്റ്റേജ്-1 അനുമതിക്കായി സംസ്ഥാന സർക്കാർ, കേന്ദ്ര വനം, പരിസ്ഥിതി, കാലാവസ്ഥാ വ്യതിയാന മന്ത്രാലയത്തിലേക്ക് നൽകിയിരുന്നു. എന്നാൽ 9-11-2020-ലെ F.No. 4 KLB 1265/2020-BAN പ്രകാരം കേന്ദ്ര സർക്കാർ ചില അധിക വിവരങ്ങൾ തേടിയിരുന്നു. ആയത് പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററോട് ആരാഞ്ഞിട്ടുണ്ട്. ടി വിവരങ്ങൾ ലഭ്യമാകുന്ന മുറയ്ക്ക് കേന്ദ്ര സർക്കാരിന് അയച്ച് കൊടുത്ത് ഉത്തരവ് ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) ഇതുമായി ബന്ധപ്പെട്ട് എന്തെങ്കിലും സാങ്കേതിക തടസ്സങ്ങൾ നിലവിലുണ്ടോയെന്ന് അറിയിക്കുമോ?

ഇല്ല.

(സി) പ്രസ്തുത സ്റ്റേഷന് വനഭൂമി വിട്ടു നൽകുന്നതുമായി ബന്ധപ്പെട്ട അനുമതി ലഭ്യമാക്കി എന്നത്തേക്ക് ഭൂമി വിട്ടുനല്കാനാകുമെന്ന് വ്യക്തമാക്കുമോ?

കേന്ദ്ര സർക്കാരിന്റെ സ്റ്റേജ്-1 അനുമതിയും തുടർന്ന് സ്റ്റേജ്-2 അനുമതിയും ലഭ്യമാകുന്ന മുറയ്ക്ക് ഭൂമി വിട്ടുനൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

## സർക്കാർ ആവശ്യപ്പെടുന്ന റിപ്പോർട്ടുകൾ സമയബന്ധിതമായി ലഭ്യമാക്കുന്നത് സംബന്ധിച്ച്

167(913) ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) FWL-C1/222/2019-FWD ഫയലിൻമേൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററോട് സർക്കാർ റിപ്പോർട്ട് ചോദിച്ചത് എന്നാണെന്ന് വ്യക്തമാക്കാമോ; പ്രസ്തുത റിപ്പോർട്ട് സർക്കാരിൽ ലഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

പട്ടയഭൂമി ലെഫ്റ്റ് ഔട്ട് ഫോറസ്റ്റ് പ്രൊപ്പോസലിനെ സംബന്ധിച്ച് ബഹു. വനം വകുപ്പുമന്ത്രി മുമ്പാകെ മുഹമ്മദ് s/o അഹമ്മദ്കുട്ടി, പാലക്കണ്ടിയിൽ, ആവിലോറ, താമരശ്ശേരി, കോഴിക്കോട് സമർപ്പിച്ച അപേക്ഷ പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ 26-11-2019-ലെ FWLD-C1/222/2019-FWLD നമ്പർ കത്തിലൂടെ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ & ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സിന് നിർദേശം നൽകിയിരുന്നു. മേൽ റിപ്പോർട്ട് ലഭ്യമായശേഷം പ്രസ്തുത വിഷയം FWLD-C1/222/2019-FWLD എന്ന ഫയലിൽ കൈകാര്യം ചെയ്ത അപേക്ഷകന് മറുപടി നൽകി തീർപ്പാക്കിയിട്ടുള്ളതാണ്.

(ബി) സർക്കാർ ആവശ്യപ്പെടുന്ന റിപ്പോർട്ടുകൾ സമയബന്ധിതമായി ലഭ്യമാക്കുന്നതിൽ കാലതാമസം വരുന്നതിന് ഇടയാക്കിയ കാരണങ്ങൾ വിശദമാക്കാമോ?

ഭൂമി സംബന്ധമായ വിഷയങ്ങളുമായി ബന്ധപ്പെട്ട കാര്യങ്ങളാണ് അപേക്ഷകന്റെ പരാതിയിൽ പരാമർശിച്ചിട്ടുള്ളത്. വെസ്റ്റഡ് ഫോറസ്റ്റ് നോട്ടിഫിക്കേഷൻ മുഖേന നിക്ഷിപ്ത വനഭൂമിയായി വിജ്ഞാപനം ചെയ്യപ്പെട്ടിട്ടുള്ള ഭൂമിയിന്മേലുള്ള തർക്കങ്ങളും കേസുകളും സംബന്ധിച്ചായതിനാൽ ബന്ധപ്പെട്ട ഓഫീസ് മേധാവികൾ ഭൂമിയുടെ രേഖകൾ വിശദമായി പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനുണ്ടായ സ്വാഭാവിക കാലതാമസം മാത്രമാണ് ഉണ്ടായിട്ടുള്ളത്.

(സി) പ്രസ്തുത ഫയലിന്മേൽ ഒരു പേഴ്സണൽ ഹിയറിംഗ് നടത്തുന്നതിന് ബന്ധപ്പെട്ട മന്ത്രി ഉത്തരവ് നൽകിയിട്ടുണ്ടോ; എങ്കിൽ എപ്പോൾ ഹിയറിംഗ് നടത്താൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

അപേക്ഷയിലെ സംഗതിക്ക് റിപ്പോർട്ട് വരുത്തി ബന്ധപ്പെട്ട കക്ഷിയെ കേട്ട് ആവശ്യമായ നടപടി സ്വീകരിക്കാൻ 19-11-2019-ൽ ബഹു. മന്ത്രി ഉത്തരവിട്ടിരുന്നു. എന്നാൽ തുടർന്ന് ഈ വിഷയത്തിൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഫോറസ്റ്റ് മാനേജ്മെന്റ്) നൽകിയ റിപ്പോർട്ട് പരിശോധിച്ചപ്പോൾ അപേക്ഷകൻ അവകാശവാദമുന്നയിച്ച സ്ഥലങ്ങളിലൊന്നും അപേക്ഷകന് യാതൊരു അവകാശവുമില്ലെന്ന് വ്യക്തമാക്കിയിരുന്നു. ആയതിനാൽ അപേക്ഷകന് മറുപടി നൽകി ഫയൽ തീർപ്പാക്കാൻ ബഹു. മന്ത്രി 9-8-2021-ൽ ഉത്തരവാകുകയുണ്ടായി. ടി ഉത്തരവിന്റെ അടിസ്ഥാനത്തിൽ പരാതിക്കാരന് മറുപടി നൽകി ഫയൽ തീർപ്പാക്കിയിരുന്നു.

**വനംവകുപ്പിൽ ഇ-ഓഫീസ് സംവിധാനം**

168(914) <u>ശ്രീമതി ശാന്തകുമാരി കെ.</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനംവകുപ്പിലെ എല്ലാ ഓഫീസുകളിലും ഇ-ഓഫീസ് സംവിധാനം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ?

വനം വകുപ്പിലെ ഡിവിഷൻതലം വരെയുള്ള എല്ലാ ഓഫീസുകളിലും ഇ-ഓഫീസ് സംവിധാനം ഏർപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ട്.

(ബി) ഉണ്ടെങ്കിൽ അതിനുവേണ്ടി എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്നും എന്നത്തേക്ക് പൂർത്തിയാക്കാൻ സാധിക്കുമെന്നും വിശദമാക്കാമോ?

നിലവിൽ ഇ-ഓഫീസ് സംവിധാനം വനം വകുപ്പ് ആസ്ഥാനത്തും, സോഷ്യൽ ഫോറസ്ട്രി (സെൻട്രൽ റീജിയൺ), ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഈസ്റ്റേൺ സർക്കിൾ), ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വൈൽഡ് ലൈഫ്)

നോർത്തേൺ റീജിയൺ, പാലക്കാട് എന്നീ സർക്കിൾതല ഓഫീസുകളിലും നടപ്പിലാക്കിയിട്ടുണ്ട്. അവശേഷിക്കുന്ന 10 സർക്കിൾ/റീജിയൺതല ഓഫീസുകളിൽ ഇ-ഓഫീസ് സംവിധാനവുമായി ബന്ധപ്പെട്ടുള്ള എല്ലാ സജ്ജീകരണങ്ങളും പൂർത്തിയാക്കിയിട്ടുള്ളതും, 2021 ഒക്ടോബർ മാസം മുതൽ ഇ-ഓഫീസ് സംവിധാനം നടപ്പിലാക്കുന്നതുമാണ്. ഡിവിഷൻ തലത്തിൽ ഇ-ഓഫീസ് സംവിധാനം നടപ്പിലാക്കുവാനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ (KSWAN Connectivity, കമ്പ്യൂട്ടറുകൾ ലഭ്യമാക്കൽ) നടന്നുകൊണ്ടിരിക്കുകയാണ്. അവ പൂർത്തിയാക്കി 2022 ഓഗസ്റ്റ് 15-ന് ഡിവിഷൻ തലത്തിലും ഇ-ഓഫീസ് സംവിധാനം നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്.

## വന്യജീവി ആക്രമണം ലഘൂകരിക്കുന്നതിനുള്ള നടപടികൾ

169(915) <u>ശ്രീ. എം. രാജഗോപാലൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ മലയോര മേഖലകളിൽ വ്യാപകമായ തോതിലുള്ള വന്യജീവി ആക്രമണം ലഘൂകരിക്കുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ടോ?

സ്വീകരിച്ചിട്ടുണ്ട്.

(ബി) വന്യമൃഗശല്യം യഥാസമയം അറിയുന്നതിനും ലഘൂകരിക്കുന്നതിനും വൈൽഡ് വാച്ച് എന്ന മൊബൈൽ ആപ്പിന്റെ പ്രവർത്തനം വിശദീകരിക്കാമോ?

വൈൽഡ് ലൈഫ് ട്രസ്റ്റ് ഓഫ് ഇന്ത്യ, ഡേവിഡ് ഷെപ്പേർഡ് വൈൽഡ് ലൈഫ് ഫൗണ്ടേഷന്റെ സഹായത്തോടുകൂടി അമൽ ജ്യോതി എഞ്ചിനീയറിംഗ് കോളേജിലെ എഞ്ചിനീയറിംഗ് വിദ്യാർത്ഥികളുടെ സഹകരണത്തോടെ മനുഷ്യ-വന്യജീവി സംഘർഷം കൈകാര്യം ചെയ്യുന്നതിന് തയ്യാറാക്കിയ ഒരു മൊബൈൽ ആപ്പാണ് വൈൽഡ് വാച്ച്. ഈ സംവിധാനം വൈൽഡ് ലൈഫ് ട്രസ്റ്റ് ഓഫ് ഇന്ത്യ ശബരിമല തീർത്ഥാടന പാതയിൽ ടെസ്റ്റിംഗ് നടത്തുക മാത്രമാണുണ്ടായിട്ടുള്ളത്. ഈ മൊബൈൽ ആപ്പ് ഇൻസ്റ്റാൾ ചെയ്ത മൊബൈലുമായി പരിശീലനം ലഭിച്ച ആളുകൾ തീർത്ഥാടന പാതയിൽ നിലയുറപ്പിക്കുകയും ഏതെങ്കിലും വന്യജീവിയെ പാതയുടെ അടുത്ത് കണ്ടെത്തുമ്പോൾ അവയുടെ ചിത്രം അടക്കമുള്ള സന്ദേശം ഇതിനായുള്ള കൺട്രോൾ റൂമിലേയ്ക്ക് കൈമാറുന്നു. ഇത് വിശകലനം ചെയ്ത് കൺട്രോൾ റൂമിൽനിന്നും മുന്നറിയിപ്പ് സന്ദേശം നൽകുന്നു. ഇതുമായി ബന്ധിപ്പിച്ചിട്ടുള്ള ഫെൻസ് മോണിറ്ററിംഗ് മോഡ്യൂൾ ഉപയോഗിച്ച് സൗരോർജ്ജ വേലിയിലെ വോൾട്ടേജ് വ്യതിയാനം നിരീക്ഷിച്ച് വന്യജീവികൾ വേലി തകർത്ത് കടന്നിട്ടുണ്ടോയെന്ന് കണ്ടുപിടിക്കുന്നതിനും സാധിക്കുന്നതാണ്. ഈ ആപ്ലിക്കേഷൻ കേരളത്തിൽ ഉപയോഗിച്ച് തുടങ്ങിയിട്ടില്ല.

(സി) വന്യമൃഗ ശല്യം രൂക്ഷമായ സ്ഥലങ്ങളിൽ സൗരോർജ്ജ വേലി ഉൾപ്പെടെയുള്ള പദ്ധതികൾ വ്യാപിപ്പിക്കുമോ?

കാസർഗോഡ് ജില്ലയിൽ വന്യമൃഗശല്യം രൂക്ഷമായ സ്ഥലങ്ങളിൽ 52.32 കി.മീ. സൗരോർജ്ജ വേലികൾ സ്ഥാപിച്ചിട്ടുണ്ട്. ഇതിന് പുറമെ 3.7 കി.മീ. ആന പ്രതിരോധ കിടങ്ങുകളും 1.45 കി.മീ. ആനപ്രതിരോധ മതിലുകളും സ്ഥാപിച്ചിട്ടുണ്ട്. അടുത്ത രണ്ട് സാമ്പത്തിക വർഷങ്ങളിൽ ഫണ്ടിന്റെ ലഭ്യതയനുസരിച്ച് 10 കി.മീ. സൗരോർജ്ജവേലി നിർമ്മാണവും 10 കി.മീ. ആനപ്രതിരോധ കിടങ്ങിന്റെ നിർമ്മാണവും ലക്ഷ്യമിടുന്നുണ്ട്. വന്യമൃഗശല്യം ലഘൂകരിക്കുന്നതിനായി 6 പഞ്ചായത്തുകളിൽ ജനജാഗ്രതാ സമിതികൾ രൂപീകരിച്ച് പ്രവർത്തിച്ച് വരുന്നുണ്ട്.

**ഭൂമി നഷ്ടപരിഹാരം നൽകി ഏറ്റെടുക്കുവാൻ പദ്ധതി**

170(916) ശ്രീ. എ. സി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യത്തിന് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വന്യജീവികളുടെ ആക്രമണംമൂലം ബുദ്ധിമുട്ടുന്ന കുടുംബങ്ങളുടെ ഭൂമി നഷ്ടപരിഹാരം നൽകി ഏറ്റെടുക്കുന്നതിന് പദ്ധതികൾ നടപ്പാക്കിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

ഉണ്ട്. വന്യജീവികളുടെ ആക്രമണംമൂലം ബുദ്ധിമുട്ടുന്ന കുടുംബങ്ങളുടെ ഭൂമി നഷ്ടപരിഹാരംനൽകി ഏറ്റെടുക്കുന്നതിന് റീബിൽഡ് കേരള ഡെവലപ്മെന്റ് പദ്ധതി, കിഫ്ബി ഫേസ്-II എന്നീ പദ്ധതികൾ നടപ്പിലാക്കിവരുന്നു. കേരളത്തിലെ വനത്തിനുള്ളിൽ താമസിക്കുന്ന ആദിവാസി ഇതര കുടുംബങ്ങളുടെ ഭൂമി നഷ്ടപരിഹാരം നൽകി ഏറ്റെടുക്കുന്നതിന് 14-11-2019-ലെ ജി.ഒ. (ആർ.റ്റി.) 483/ 2018/പി&ഇ.എ നമ്പർ ഉത്തരവ് പ്രകാരം റീബിൽഡ് കേരള ഡെവലപ്മെന്റ് പദ്ധതി, 23-1-2020-ലെ ജി.ഒ. (എം.എസ്.) 2/2020/വനം, 2-8-2021-ലെ ജി.ഒ. (എം.എസ്.)12/2021/വനം എന്നീ ഉത്തരവുകൾ പ്രകാരം കിഫ്ബി പദ്ധതിക്കും അനുമതി ലഭിച്ചിട്ടുണ്ട്. റീബിൽഡ് കേരള ഡെവലപ്മെന്റ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള ഒരു പ്രധാന പദ്ധതിയാണ് സ്വകാര്യ സെറ്റിൽമെന്റുകളുടെ പുനരധിവാസം. സ്വയം സന്നദ്ധമാകുന്ന ഒരു അർഹമായ കുടുംബത്തിന് 15 ലക്ഷം രൂപ എന്ന നിരക്കിൽ നൽകി റീബിൽഡ് കേരള ഡെവലപ്മെന്റ് പദ്ധതിക്ക് കീഴിൽ 4 വനം ഡിവിഷനുകളിലായി 22 സെറ്റിൽമെന്റുകളിലായി 677 ആദിവാസി ഇതര കുടുംബങ്ങളുടെയും കിഫ്ബി ഫെയ്സ്-II പദ്ധതിയിൽ 3 വനം ഡിവിഷനുകളിലെ 10 സെറ്റിൽമെന്റുകളിലായി 501 ആദിവാസി ഇതര കുടുംബങ്ങളെയും വനത്തിന് പുറത്തേക്ക് മാറ്റി പാർപ്പിക്കുന്നതാണ് പദ്ധതിയിലൂടെ ലക്ഷ്യമാക്കുന്നത്. റീബിൽഡ് കേരള ഡെവലപ്മെന്റ് പദ്ധതിക്ക് കീഴിലുള്ള സ്വകാര്യ സെറ്റിൽമെന്റുകളുടെ

പുനരധിവാസവുമായി ബന്ധപ്പെട്ട് ശെന്തുരുണി വനം ഡിവിഷനിലെ കട്ടിളപ്പാറ സെറ്റിൽമെന്റിലെ 50 കുടുംബങ്ങൾക്ക് 7.5 ലക്ഷം രൂപ വീതം ആകെ 3.75 കോടി രൂപ ആദ്യ ഗഡുവായി ഇതിനകം അനുവദിച്ചിട്ടുണ്ട്. കിഫ്ബി ഫെയ്സ്-II പദ്ധതിയിൽ സ്വകാര്യ സെറ്റിൽമെന്റുകളുടെ പുനരധിവാസവുമായി ബന്ധപ്പെട്ട് തിരുവനന്തപുരം വനം ഡിവിഷനിലെ ചണ്ണമല സെറ്റിൽമെന്റിലെ 10 അർഹതപ്പെട്ട കുടുംബങ്ങൾക്ക് 15 ലക്ഷം രൂപ വീതം ആകെ 1.5 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഇപ്രകാരം 1.3109 ഹെക്ടർ ഭൂമി വനം വകുപ്പ് ഏറ്റെടുത്തിട്ടുണ്ട്. തിരുവനന്തപുരം വനം ഡിവിഷനിലെ മറ്റൊരു സെറ്റിൽമെന്റായ വട്ടകരിക്കകം സെറ്റിൽമെന്റിലെ 19 അർഹതപ്പെട്ട കുടുംബങ്ങൾക്ക് 7.5 ലക്ഷം രൂപ വീതം ആകെ 142.5 ലക്ഷം രൂപ ആദ്യ ഗഡുവായി ഇതിനകം അനുവദിച്ചിട്ടുണ്ട്.

## കാസർകോട് ജില്ലയിലെ കാട്ടുപന്നി ശല്യം

171(917) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർകോട് ജില്ലയിൽ കാട്ടുപന്നികളെ വെടിവെച്ച് കൊല്ലാൻ വനം വകുപ്പ് നടപടി തുടങ്ങിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; എങ്കിൽ വിശദാംശം നൽകാമോ?

സ്വകാര്യ കൈവശ സ്ഥലത്തിറങ്ങി കൃഷിക്ക് ഭീഷണിയുയർത്തുന്ന കാട്ടുപന്നികളുടെ വ്യാപനം നിയന്ത്രിക്കുകായെന്ന ഉദ്ദേശ്യത്തോടെ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ അവയെ വെടിവച്ച് കൊല്ലാൻ അനുമതി നൽകിവരുന്നുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ, തോക്ക് ലൈസൻസുള്ള, കാട്ടുപന്നികളെ വെടിവയ്ക്കാൻ സന്നദ്ധതയുള്ള വ്യക്തികൾക്കും ഉദ്യോഗസ്ഥർക്കും ടിയാന്മാരുടെ അപേക്ഷയുടെ അടിസ്ഥാനത്തിൽ നിബന്ധനകൾക്ക് വിധേയമായി അനുമതി നൽകി വരുന്നുണ്ട്. കാസർഗോഡ് ജില്ലയിൽ നാളിതുവരെ 27 പേരെ ഇത്തരത്തിൽ എംപാനൽ ചെയ്തിട്ടുണ്ട്. കാസർഗോഡ് ജില്ലയിൽ 29-9-2021 വരെ വനം വകുപ്പിന്റെ ആഭിമുഖ്യത്തിൽ 4 കാട്ടുപന്നികളെ വെടിവെച്ചുകൊന്നിട്ടുണ്ട്.

(ബി) സംരക്ഷിത വനത്തിന്റെ 2 കിലോമീറ്റർ പരിധിയിലുള്ള സ്ഥലങ്ങൾ ഒഴിവാക്കിയിട്ടാണോ പ്രസ്തുത നടപടി എന്ന് വ്യക്തമാക്കാമോ; എങ്കിൽ ഇത് കർഷകർക്ക് തിരിച്ചടിയാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

സംരക്ഷിത വനത്തിന്റെ 2 കിലോമീറ്റർ പരിധിയിലുള്ള സ്ഥലങ്ങൾ ഒഴിവാക്കിയിട്ടില്ല. എന്നാൽ 2 കിലോമീറ്റർ പരിധിക്കുള്ളിൽ കാട്ടുപന്നികളെ വേട്ട ചെയ്യുന്നതിനായി വിഷ പ്രയോഗം, സ്ഫോടക വസ്തുപ്രയോഗം, വൈദ്യുതി ഷോക്ക് ഏൽപ്പിക്കൽ, കുരുക്കിട്ടു പിടിക്കൽ എന്നിവയ്ക്ക് അനുമതിയില്ല.

(സി) കാട്ടുപന്നികൾ ഏറ്റവും കൂടുതൽ ഭീഷണി ഉയർത്തുന്ന പ്രദേശങ്ങളാണോ മാനദണ്ഡപ്രകാരം ഒഴിവാക്കുന്നതെന്നുള്ള വസ്തുത പരിശോധിച്ചിട്ടുണ്ടോ?

വനത്തിന് പുറത്ത് ജനവാസ കേന്ദ്രങ്ങളിൽ കാട്ടുപന്നികൾ ഭീഷണി ഉയർത്തുന്ന ഏതൊരു പ്രദേശത്തും അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് വെടിവച്ചു കൊല്ലുന്നതിനുള്ള അനുമതി വനം വകുപ്പ് നൽകുന്നതാണ്.

(ഡി) വനമേഖലയോട് ചേർന്ന രണ്ട് കിലോമീറ്റർ പ്രദേശങ്ങൾ പന്നികളുടെ സ്വാഭാവിക ആവാസ വ്യവസ്ഥയിൽപ്പെട്ടതാണോയെന്ന് വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ കാട്ടുപന്നികളെ വെടിവച്ചുകൊല്ലാൻ തുടങ്ങിയ നടപടി ജില്ലയിലെ ഭൂരിഭാഗം കർഷകർക്കും ഗുണം ലഭിക്കില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ?

വിലയിരുത്തിയിട്ടുണ്ട്. സംരക്ഷിത വനത്തിന്റെ 2 കിലോമീറ്റർ പരിധിയിലുള്ള സ്ഥലങ്ങൾ ഒഴിവാക്കിയിട്ടില്ല. എന്നാൽ 2 കിലോമീറ്റർ പരിധിക്കുള്ളിൽ കാട്ടുപന്നികളെ വേട്ട ചെയ്യുന്നതിനായി വിഷ പ്രയോഗം, സ്ഫോടക വസ്തു പ്രയോഗം, വൈദ്യുതി ഷോക്ക് ഏൽപ്പിക്കൽ, കുരുക്കിട്ടു പിടിക്കൽ എന്നിവയ്ക്ക് അനുമതിയില്ല.

(ഇ) ജില്ലയിൽ എത്ര തദ്ദേശ സ്ഥാപനങ്ങളിൽ വനമേഖലയുണ്ടെന്ന് പേരു വിവരസഹിതം വ്യക്തമാക്കാമോ?

പനത്തടി, കള്ളാർ, ദേലംപാടി, കുറ്റിക്കോൽ. കാറഡുക്ക, മുളിയാർ, ബളാൽ, വെസ്റ്റ് എളേരി, ഈസ്റ്റ് എളേരി, കിനാനൂർ-കരിന്തളം, ബെള്ളൂർ, എൻമകജെ, ബൈഡഡുക്ക ഗ്രാമപഞ്ചായത്തുകളിൽ വനാതിർത്തി പങ്കിടുന്നു. കൂടാതെ വോർക്കാടി ഗ്രാമപഞ്ചായത്ത്, ബദിയടക്ക ഗ്രാമപഞ്ചായത്ത് എന്നിവിടങ്ങളിൽ പരിമിതമായ തോതിലെങ്കിലും പ്രഖ്യാപിത വനമേഖലയുണ്ട്. കുമ്പള, കാസർഗോഡ് മുനിസിപ്പാലിറ്റി എന്നിവിടങ്ങളിൽ കണ്ടൽ വനമേഖലയുമുണ്ട്.

**വന്യജീവി സങ്കേതങ്ങൾക്ക് ചുറ്റും ബഫർസോൺ**

172(918) <u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വന്യജീവി സങ്കേതങ്ങൾക്കും ദേശീയോദ്യാനങ്ങൾക്കും ഒരു കിലോമീറ്റർ ചുറ്റളവിൽ ബഫർസോൺ രൂപീകരിക്കുന്നത് സംബന്ധിച്ചുള്ള നടപടിക്രമങ്ങളുടെ ഇപ്പോഴത്തെ അവസ്ഥ എന്താണ് എന്നതിന്റെ വിശദവിവരം ലഭ്യമാക്കുമോ?

വന്യജീവി സങ്കേതങ്ങൾക്കും ദേശീയോദ്യാനങ്ങൾക്കും ബഫർസോൺ (ഇക്കോ സെൻസിറ്റീവ് സോൺ) രൂപീകരിക്കുന്നതിനായി 6 ദേശീയോദ്യാനങ്ങൾക്കും 15 വന്യജീവി സങ്കേതങ്ങൾക്കും 2 കടുവാ സങ്കേതങ്ങൾക്കുമായി 17 കരട്

വിജ്ഞാപന ശിപാർശകളാണ് കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന് സമർപ്പിച്ചിട്ടുള്ളത്. അതിൽ മതികെട്ടാൻഷോല ദേശീയോദ്യാനത്തെ സംബന്ധിച്ച് അന്തിമ വിജ്ഞാപനം 28-12-2020-ൽ കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയം പുറപ്പെടുവിച്ചിട്ടുണ്ട്. മറ്റ് 16 ശിപാർശകളിൽ പെരിയാർ ടൈഗർ റിസർവ്, നെയ്യാർ & പേപ്പാറ വന്യജീവി സങ്കേതങ്ങളുടെയും ഒഴികെയുള്ള കരട് വിജ്ഞാപനങ്ങൾ കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയം പ്രസിദ്ധീകരിച്ചിട്ടുണ്ട്. അവയുടെ അന്തിമ വിജ്ഞാപനം ആയിട്ടില്ല. പെരിയാർ ടൈഗർ റിസർവ്, നെയ്യാർ, പേപ്പാറ വന്യജീവി സങ്കേതങ്ങൾ എന്നിവയുടെ കരട് വിജ്ഞാപനം കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയം നാളിതുവരെ പ്രസിദ്ധീകരിച്ചിട്ടില്ല.

(ബി) പ്രസ്തുത ബഫർസോൺ രൂപീകരിക്കുമ്പോൾ ഇതിൽ ഉൾപ്പെടുന്ന ജനസാന്ദ്രത കൂടിയ മേഖലകളെ ഒഴിവാക്കിക്കൊണ്ടുള്ള കരട് ഭേദഗതി നിർദ്ദേശം കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന് നൽകിയിട്ടുണ്ടോ; എങ്കിൽ ഇതിൽ സ്വീകരിച്ചിട്ടുള്ള തുടർനടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

ഇക്കോ സെൻസിറ്റീവ് സോൺ രൂപീകരിക്കുന്നതിനായി ആദ്യം തയ്യാറാക്കി സമർപ്പിച്ചിരുന്ന കരട് വിജ്ഞാപന നിർദ്ദേശങ്ങളിൽനിന്നും ജനസാന്ദ്രത കൂടിയ പ്രദേശങ്ങൾ ഒഴിവാക്കിക്കൊണ്ട് ഭേദഗതി വരുത്തിയ വിജ്ഞാപന ശിപാർശകൾ കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന് സമർപ്പിച്ചിട്ടുണ്ട്. ഇക്കോ സെൻസിറ്റീവ് സോൺ രൂപീകരണം സംബന്ധിച്ച കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ എക്സ്പെർട്ട് കമ്മിറ്റി മീറ്റിംഗുകളിൽ ടി ശിപാർശകൾ ചർച്ച ചെയ്യുകയും നിർദ്ദേശങ്ങളിൽ വിശദീകരണം ആരായുകയും കൂടുതൽ രേഖകൾ സമർപ്പിക്കുന്നതിനായി നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്. ആയത് പ്രകാരമുള്ള വിശദീകരണങ്ങളും രേഖകളും കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന് സമർപ്പിച്ചുവരികയാണ്.

## കാട്ടുപന്നിശല്യം

173(919) <u>ശ്രീ. എം. എസ്. അരുൺ കുമാർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിലെ വിവിധ സ്ഥലങ്ങളിൽ കാട്ടുപന്നിശല്യം രൂക്ഷമായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മാവേലിക്കര മണ്ഡലത്തിലെ പാലമേൽ, ചെറിനാട് പഞ്ചായത്തുകളിൽ കാട്ടുപന്നി ശല്യം ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇവയുടെ ആക്രമണത്തിൽനിന്നും കൃഷിയെ സംരക്ഷിക്കാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

പാലമേൽ പഞ്ചായത്തിലെ ശല്യക്കാരായ കാട്ടുപന്നികളെ വെടിവെച്ച് കൊല്ലുന്നതിന് ജനജാഗ്രതാ സമിതിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ റാന്നി ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ 1-10-2020-ലെ ഡി1-7080/19 നമ്പർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. കൂടാതെ, മാവേലിക്കര ഉൾപ്പെടെ റാന്നി വനം ഡിവിഷന്റെ അധികാര പരിധിയിൽ വരുന്ന മുഴുവൻ പ്രദേശങ്ങളിലും കാട്ടുപന്നി ശല്യമുള്ള മേഖലകളിൽ പെട്ടെന്ന് ചെന്നെത്തുന്നതിനും നടപടി സ്വീകരിക്കുന്നതിനും റാന്നി റാപ്പിഡ് റെസ്പോൺസ് ടീമിന്റെ നേതൃത്വത്തിൽ പ്രത്യേക സ്ക്വാഡ് പ്രവർത്തിക്കുന്നുണ്ട്. അതൊടൊപ്പം കൃഷിനാശം സംഭവിക്കുന്ന കർഷകർക്ക് അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് നഷ്ടപരിഹാരം നൽകിവരുന്നുണ്ട്.

## വന്യജീവികൾ കൃഷി നശിപ്പിക്കുന്നത് തടയാൻ നടപടി

174(920) <u>ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി മണ്ഡലത്തിലെ നിരവധി കൃഷി സ്ഥലങ്ങളിൽ വന്യജീവികൾ കൃഷി നശിപ്പിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദ വിവരങ്ങൾ ലഭ്യമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രധാനമായും കാട്ടുപന്നി, കുരങ്ങ് എന്നിവയാണ് കൃഷി നശിപ്പിക്കുന്നത്.

(ബി) കൃഷി സ്ഥലങ്ങളിലേയ്ക്കുള്ള വന്യജീവികളുടെ കടന്നുകയറ്റം തടയുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്നറിയിക്കാമോ;

(സി) വന്യജീവികൾ കൃഷി നശിപ്പിക്കുന്നതുമൂലം കൃഷിക്കാർക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് എന്തൊക്കെ പദ്ധതികളാണ് നിലവിലുള്ളതെന്നറിയിക്കാമോ?

(ബി&സി) വന്യജീവികളുടെ കടന്നുകയറ്റം തടയുന്നതിനായി താഴെ പറയുന്ന പ്രതിരോധ മാർഗ്ഗങ്ങൾ സ്വീകരിച്ചിട്ടുണ്ട്.

വന്യമൃഗങ്ങളുടെ നാട്ടിലേയ്ക്കുള്ള പ്രവേശനം തടയുന്നതിനായി വനാതിർത്തികളിൽ സൗരോർജ്ജ വേലി, ആന പ്രതിരോധ മതിലുകൾ, കിടങ്ങുകൾ, ക്രാഷ്ഗാർഡ് റോപ്പ് ഫെൻസിംഗ്, റെയിൽ ഫെൻസിംഗ് എന്നിവ നിർമ്മിക്കുകയും കാലാകാലങ്ങളിൽ ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് അറ്റകുറ്റപ്പണികൾ നടത്തി പ്രവർത്തനക്ഷമമാക്കുന്നുമുണ്ട്. വന്യ മൃഗങ്ങളുടെ സാന്നിദ്ധ്യം മുൻകൂറായി അറിയിക്കുന്നതിനായി

ഏർളി വാർണിംഗ് സിസ്റ്റം വനത്തിനോട് ചേർന്നുള്ള ജനവാസ മേഖലകളിൽ നടപ്പാക്കിയിട്ടുണ്ട്. നാട്ടിലേക്ക് ഇറങ്ങുന്ന വന്യജീവികളെ കാട്ടിലേയ്ക്ക് തുരത്തുന്നതിനായി വിവിധ പ്രദേശങ്ങളിൽ 13 സ്ഥിരം/താത്കാലിക റാപ്പിഡ് റെസ്പോൺസ് ടീമുകൾ പ്രവർത്തിച്ചു വരുന്നു. പ്രശ്നക്കാരായ ആനകളെ റേഡിയോ കോളർ ഘടിപ്പിച്ച് സഞ്ചാരപഥം നിരീക്ഷിച്ച് വനാതിർത്തിയിലെ താമസക്കാർക്ക് മുന്നറിയിപ്പ് കൊടുക്കുന്നതിനും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. കാട്ടാന പ്രശ്നം രൂക്ഷമായിട്ടുള്ള പാലക്കാട്, വയനാട് ജില്ലകളിൽ കുങ്കിയാനകളെ ഉപയോഗിച്ച് പ്രശ്നക്കാരായ കാട്ടാനകളെ തിരിച്ച് കാട്ടിലേയ്ക്ക് തുരുത്തുന്നതിനായി കുങ്കി സ്ക്വാഡുകളും പ്രവർത്തിച്ച് വരുന്നുണ്ട്. സ്ഥിരമായി ജനവാസ കേന്ദ്രങ്ങളിലിറങ്ങുന്ന വന്യജീവികളെ മയക്ക് വെടിവച്ചോ കൂടുകൾ സ്ഥാപിച്ചോ പിടിച്ച് ജനവാസ കേന്ദ്രങ്ങളിൽനിന്നും അകലെയുള്ള വനമേഖലയിലേയ്ക്ക് പുനരധിവസിപ്പിക്കുന്നതിനും നടപടി സ്വീകരിച്ച് വരുന്നുണ്ട്. മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിന് പൊതുജന പങ്കാളിത്തത്തോടെ നടപടികൾ സ്വീകരിക്കുന്നതിനായി തദ്ദേശിയരും ജനപ്രതിനിധികളും വനം ഉദ്യോഗസ്ഥരും ചേർന്നുള്ള 246 ജനജാഗ്രതാ സമിതികൾ രൂപീകരിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെയും സംസ്ഥാന സർക്കാരിന്റെയും സഹായത്തോടെ നടപ്പാക്കുന്ന പദ്ധതികളിൽപ്പെടുത്തി വന്യ ജീവികളുടെ ആവാസവ്യവസ്ഥ അഭിവൃദ്ധിപ്പെടുത്തുന്നതിന് മണ്ണ് ജലസംരക്ഷണ പ്രവൃത്തികൾ, ചെക്ക് ഡാമുകളുടെ നിർമ്മാണം, തദ്ദേശീയമല്ലാത്ത കളകളുടെ നിർമ്മാർജ്ജനം, വനത്തിനകത്ത് ജലലഭ്യത ഉറപ്പുവരുത്തുന്നതിന് കുളങ്ങളുടെ നിർമ്മാണം, പുനരുദ്ധാരണം തുടങ്ങിയവ നടത്തിവരുന്നുണ്ട്. വന്യജീവികൾക്കും അവയുടെ ആവാസവ്യവസ്ഥയ്ക്കും ദോഷകരമായി ഭവിക്കുന്ന കാട്ടുതീ തടയുന്നതിനായി വനമേഖലകളിലും വനാതിർത്തി പങ്കിടുന്ന ജനവാസ മേഖലകളിലും കാട്ടുതീ പ്രതിരോധ പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. കാട്ടുപന്നികൾ ജനവാസ മേഖലയിലും കൃഷിയിടങ്ങളിലും നാശം വരുത്തുകയും മനുഷ്യർക്ക് പരിക്ക്, ജീവഹാനി എന്നിവ ഉണ്ടാക്കുന്ന സാഹചര്യത്തിൽ അവയെ ഉപാധികളോടെ വെടിവച്ച് കൊല്ലുന്നതിനും നശിപ്പിക്കുന്നതിനും 18-5-2020-ലെ സ.ഉ. (സാധാ) നമ്പർ 111/2020/വനം, 11-1-2021-ലെ സ.ഉ. (സാധാ) നമ്പർ 5/2021/വനം, 28-1-2021-ലെ സ.ഉ. (സാധാ) നമ്പർ 25/2021/വനം എന്നിവ പ്രകാരം ഉത്തരവായിട്ടുണ്ട്. 29-05-2021-ലെ സ.ഉ. (സാധാ) നമ്പർ 159/2021/വനം പ്രകാരം മേൽ ഉത്തരവുകളുടെ കാലാവധി 17-5-2022 വരെ ദീർഘിപ്പിച്ച് നൽകിയിട്ടുണ്ട്. വന്യജീവി ആക്രമണംമൂലം കൃഷി നാശം സംഭവിച്ച കർഷകർക്ക് 8-1-2015-ലെ സ.ഉ. നമ്പർ (കൈ) 2/2015/വനം, 5-4-2018-ലെ സ.ഉ. നമ്പർ (കൈ) 17/2018/വനം എന്നീ ഉത്തരവുകൾ പ്രകാരം നഷ്ടപരിഹാരം നൽകി വരുന്നുണ്ട്. വന്യജീവി ആക്രമണംമൂലം ജീവഹാനി, പരിക്ക്, സ്വത്ത്നാശം, അംഗവൈകല്യം എന്നിവ ഉണ്ടാകുന്നവർക്ക് 5-4-2018-ലെ

സ.ഉ. (കൈ) നമ്പർ 17/2018/വനം എന്ന ഉത്തരവ് പ്രകാരം നഷ്ടപരിഹാരം നൽകി വരുന്നുണ്ട്. വന്യമൃഗശല്യം രൂക്ഷമായ പ്രദേശങ്ങളിലെ ഫോറസ്റ്റ് സെറ്റിൽമെന്റുകളിലെ താമസക്കാരെ സ്വയം സന്നദ്ധ പുനരധിവാസ പദ്ധതി പ്രകാരം കാടിന് പുറത്തേക്ക് പുനരധിവസിപ്പിക്കുന്നതിനും നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്.

## വന്യമൃഗങ്ങൾമൂലമുള്ള കൃഷിനാശത്തിന് നഷ്ടപരിഹാരം

175 (921) ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വന്യമൃഗങ്ങൾമൂലമുണ്ടാകുന്ന കൃഷിനാശത്തിന് നഷ്ടപരിഹാരം ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ?

വന്യമൃഗങ്ങൾമൂലമുണ്ടാകുന്ന കൃഷിനാശത്തിന് നഷ്ടപരിഹാരം ലഭിക്കുന്നതിനായി തൊട്ടടുത്തുള്ള അക്ഷയകേന്ദ്രം വഴി ഇ-ഡിസ്ട്രിക് മുഖേന ബന്ധപ്പെട്ട റെയിഞ്ച് ഫോറസ്റ്റ് ഓഫീസർക്ക് ഓൺലൈൻ അപേക്ഷ സമർപ്പിക്കേണ്ടതാണ്. ഇപ്രകാരം ലഭിക്കുന്ന അപേക്ഷകളിന്മേൽ റെയിഞ്ച് ഓഫീസർക്ക് റിപ്പോർട്ട് സമർപ്പിക്കുകയും ഫണ്ടിന്റെ ലഭ്യതയനുസരിച്ച് അപേക്ഷകന് അർഹമായ നഷ്ടപരിഹാരം ബന്ധപ്പെട്ട ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ അപേക്ഷകന്റെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നേരിട്ട് അനുവദിക്കുന്നതാണ്. കൃഷിനാശത്തിനുള്ള നഷ്ടപരിഹാരത്തിനായി നഷ്ടം സംഭവിച്ച് 6 മാസത്തിനകം അപേക്ഷ സമർപ്പിക്കേണ്ടതാണ്.

(ബി) പ്രസ്തുത നഷ്ടപരിഹാരം കാലോചിതമായി വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വിശദമാക്കുമോ?

വന്യമൃഗങ്ങളുടെ ആക്രമണംമൂലമുണ്ടാകുന്ന കൃഷിനാശത്തിന് അനുവദിച്ച് വരുന്ന നഷ്ടപരിഹാരത്തുക വർദ്ധിപ്പിക്കുന്നതിനുള്ള സാധ്യതകൾ പരിശോധിച്ചു വരികയാണ്.

## വന്യമൃഗശല്യം നേരിടുന്ന കർഷകർക്ക് ഇൻഷ്വറൻസ് പരിരക്ഷ

176(922) ശ്രീ. എ. സി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യത്തിന് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വന്യമൃഗങ്ങളുടെ ആക്രമണംമൂലമുണ്ടാകുന്ന കൃഷിനാശത്തിൽ കർഷകർക്ക് ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പാക്കാനായി വനം വകുപ്പ് ഏതെങ്കിലും പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ?

പദ്ധതിക്ക് രൂപം നൽകുന്ന കാര്യം പരിശോധിച്ചുവരുന്നു.

## വന്യജീവി ആക്രമണംമൂലമുള്ള നഷ്ടപരിഹാരം ലഭിക്കുന്നതിലെ കാലതാമസം

177(923) ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വന്യജീവി ആക്രമണംമൂലമുള്ള കൃഷിനാശത്തിനും വന്യജീവി ആക്രമണത്തിനുമുള്ള നഷ്ടപരിഹാരം ലഭിക്കുന്നതിനും കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കാൻ എന്തൊക്കെ നടപടി കളാണ് സ്വീകരിച്ച് വരുന്നതെന്ന് വിശദമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഫണ്ടിന്റെ കുറവുമൂലമാണ് വന്യജീവി ആക്രമണംമൂലമുള്ള കൃഷിനാശത്തിന് നഷ്ടപരിഹാരം അനുവദിക്കുന്നതിൽ കാലതാമസം നേരിടുന്നത്. മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനായി 5 വർഷത്തേയ്ക്കുള്ള ഒരു ബൃഹത്പദ്ധതി പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (വൈൽഡ് ലൈഫ്) & ചീഫ് വൈൽഡ് ലൈഫ് വാർഡൻ സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. ആയത് സർക്കാർ പരിശോധിച്ച് വരികയാണ്. ഈ പദ്ധതിയിൽ വന്യമൃഗാ ക്രമണത്താൽ ഉണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് നഷ്ടപരിഹാരം നൽകുന്നതിനായി 83.75 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. അപേക്ഷകളിൽ മുൻഗണനാക്രമത്തിൽ നഷ്ടപരിഹാരം വിതരണം ചെയ്യുന്നതാണ്.

(ബി) കൂത്തുപറമ്പ് നിയോജക മണ്ഡലത്തിലെ കണ്ണവം റെയ്ഞ്ചിൽ വന്യജീവി ആക്രമണത്തിനുള്ള നഷ്ടപരിഹാരം ഏത് തീയതി വരെ കൊടുത്തു വെന്നും ഇനിയെത്ര അപേക്ഷകൾ ബാക്കിയുണ്ടെന്നും വെളിപ്പെടുത്താമോ?

കൂത്തുപറമ്പ് നിയോജകമണ്ഡലത്തിൽ കണ്ണവം റെയിഞ്ചിൽ നിലവിൽ വന്യജീവി ആക്രമണത്തിനുള്ള നഷ്ടപരിഹാരം ഡിസംബർ 2019 വരെ നൽകിയിട്ടുണ്ട്. ഇനി 378 അപേക്ഷകളിൽ നഷ്ടപരിഹാരം നൽകാൻ ബാക്കിയുണ്ട്.

(സി) ഇനിയും തീർപ്പാക്കാനുള്ള അപേക്ഷകൾക്ക് നഷ്ടപരിഹാരമായി എത്ര രൂപ വേണ്ടിവരുമെന്നും ആയത് എപ്പോൾ കൊടുത്ത് തീർക്കുമെന്നും വിശദീ കരിക്കാമോ?

ഇനിയും തീർപ്പാക്കാനുള്ള അപേക്ഷകൾക്ക് നഷ്ടപരിഹാരമായി ഉദ്ദേശം 12 ലക്ഷം രൂപ വേണ്ടിവരും. ആയത് 2021-22 സാമ്പത്തിക വർഷം തന്നെ കൊടുത്തു തീർക്കാമെന്ന് പ്രതീക്ഷിക്കുന്നു.

(ഡി) വന്യജീവി ആക്രമണത്തിന് ശാശ്വത പരിഹാരമായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ച് വരുന്നതെന്ന് വിശദമാക്കാമോ.?

വന്യമൃഗങ്ങളുടെ നാട്ടിലേയ്ക്കുള്ള പ്രവേശനം തടയുന്നതിനായി വനാതിർത്തി കളിൽ സൗരോർജ്ജ വേലി, ആന പ്രതിരോധ മതിലുകൾ, കിടങ്ങുകൾ, ക്രാഷ്ഗാർഡ് റോപ്പ് ഫെൻസിംഗ്, റെയിൽ ഫെൻസിംഗ് എന്നിവ നിർമ്മിക്കുകയും കാലാകാലങ്ങളിൽ അറ്റകുറ്റപ്പണികൾ നടത്തി പ്രവർത്തനക്ഷമമാക്കുന്നുണ്ട്. വന്യമൃഗങ്ങളുടെ സാന്നിദ്ധ്യം മുൻകൂറായി അറിയിക്കുന്നതിനായി ഏർളി വാർണിംഗ് സിസ്റ്റം വനത്തിനോട് ചേർന്നുള്ള ജനവാസ മേഖലകളിൽ നടപ്പാക്കിയിട്ടുണ്ട്. നാട്ടിലേക്ക് ഇറങ്ങുന്ന വന്യജീവികളെ കാട്ടിലേയ്ക്ക് തുരത്തുന്നതിനായി വിവിധ പ്രദേശങ്ങളിൽ 13 സ്ഥിരം/താത്കാലിക റാപ്പിഡ് റെസ്പോൺസ് ടീമുകൾ പ്രവർത്തിച്ചു വരുന്നു. പ്രശ്നക്കാരായ ആനകളെ റേഡിയോ കോളർ ഘടിപ്പിച്ച് സഞ്ചാരപഥം നിരീക്ഷിച്ച് വനാതിർത്തിയിലെ താമസക്കാർക്ക് മുന്നറിയിപ്പ് കൊടുക്കുന്നതിനും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. കാട്ടാന പ്രശ്നം രൂക്ഷമായിട്ടുള്ള പാലക്കാട്, വയനാട് ജില്ലകളിൽ കുങ്കിയാനകളെ ഉപയോഗിച്ച് പ്രശ്നക്കാരായ കാട്ടാനകളെ തിരിച്ച് കാട്ടിലേയ്ക്ക് തുരത്തുന്നതിനായി കുങ്കി സ്ക്വാഡുകളും പ്രവർത്തിച്ച് വരുന്നു. സ്ഥിരമായി ജനവാസ കേന്ദ്രങ്ങളിലിറങ്ങുന്ന വന്യജീവികളെ മയക്ക് വെടിവച്ചോ കൂടുകൾ സ്ഥാപിച്ചോ പിടിച്ച് ജനവാസ കേന്ദ്രങ്ങളിൽനിന്നും അകലെയുള്ള വനമേഖലയിലേയ്ക്ക് പുനരധിവസിപ്പിക്കുന്നതിനും നടപടി സ്വീകരിച്ച് വരുന്നു. മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിന് പൊതുജന പങ്കാളി ത്തത്തോടെ നടപടികൾ സ്വീകരിക്കുന്നതിനായി തദ്ദേശിയരും ജനപ്രതിനിധികളും വനം ഉദ്യോഗസ്ഥരും ചേർന്നുള്ള 246 ജനജാഗ്രതാ സമിതികൾ രൂപീകരിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെയും സംസ്ഥാന സർക്കാരിന്റെയും സഹായത്തോടെ നടപ്പാക്കുന്ന പദ്ധതികളിൽപ്പെടുത്തി വന്യജീവികളുടെ ആവാസവ്യവസ്ഥ അഭിവൃദ്ധിപ്പെടുത്തു ന്നതിന് മണ്ണ് ജലസംരക്ഷണ പ്രവൃത്തികൾ, ചെക്ക് ഡാമുകളുടെ നിർമ്മാണം, തദ്ദേശീയമല്ലാത്ത കളകളുടെ നിർമ്മാർജ്ജനം, വനത്തിനകത്ത് ജലലഭ്യത ഉറപ്പു വരുത്തുന്നതിന് കുളങ്ങളുടെ നിർമ്മാണം, പുനരുദ്ധാരണം തുടങ്ങിയവ നടത്തി വരുന്നുണ്ട്. വന്യജീവികൾക്കും അവയുടെ ആവാസവ്യവസ്ഥയ്ക്കും ദോഷകരമായി ഭവിക്കുന്ന കാട്ടുതീ തടയുന്നതിനായി വനമേഖലകളിലും വനാതിർത്തി പങ്കിടുന്ന ജനവാസ മേഖലകളിലും കാട്ടുതീ പ്രതിരോധ പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. കാട്ടുപന്നികൾ ജനവാസ മേഖലയിലും കൃഷിയിടങ്ങളിലും നാശം വരുത്തുകയും മനുഷ്യർക്ക് പരിക്ക്, ജീവഹാനി എന്നിവ ഉണ്ടാക്കുന്ന സാഹചര്യത്തിൽ അവയെ ഉപാധികളോടെ വെടിവച്ച് കൊല്ലുന്നതിനും നശിപ്പിക്കുന്നതിനും 18-5-2020-ലെ സ.ഉ. (സാധാ) നമ്പർ 111/2020/വനം, 11-1-2021-ലെ സ.ഉ. (സാധാ) നമ്പർ 5/2021/വനം, 28-1-2021-ലെ സ.ഉ. (സാധാ) നമ്പർ 25/2021/വനം എന്നിവ പ്രകാരം ഉത്തരവായിട്ടുണ്ട്. 29-5-2021-ലെ സ.ഉ. (സാധാ) നമ്പർ 159/2021/വനം പ്രകാരം മേൽ ഉത്തരവുകളുടെ കാലാവധി 17-5-2022 വരെ ദീർഘിപ്പിച്ച് നൽകിയിട്ടുണ്ട്. വന്യജീവി ആക്രമണംമൂലം കൃഷിനാശം സംഭവിച്ച കർഷകർക്ക്

8-1-2015-ലെ സ.ഉ. (കൈ) നമ്പർ 2/2015/വനം, 5-4-2018-ലെ സ.ഉ. (കൈ)നമ്പർ 17/2018/വനം എന്നീ ഉത്തരവുകൾ പ്രകാരം നഷ്ടപരിഹാരം നൽകി വരുന്നുണ്ട്. വന്യജീവി ആക്രമണംമൂലം ജീവഹാനി, പരിക്ക്, സ്വത്ത്നാശം, അംഗവൈകല്യം എന്നിവ ഉണ്ടാകുന്നവർക്ക് 5-4-2018-ലെ സ.ഉ. (കൈ) നമ്പർ 17/2018/വനം എന്ന ഉത്തരവ് പ്രകാരം നഷ്ടപരിഹാരം നൽകി വരുന്നുണ്ട്. വന്യമൃഗശല്യം രൂക്ഷമായ പ്രദേശങ്ങളിലെ ഫോറസ്റ്റ് സെറ്റിൽമെന്റുകളിലെ താമസക്കാരെ സ്വയം സന്നദ്ധ പുനരധിവാസ പദ്ധതി പ്രകാരം കാടിന് പുറത്തേക്ക് പുനരധിവസിപ്പിക്കുന്നതിനും നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്.

## വന്യജീവി ആക്രമണത്തിന് ഇരയായവർക്കുള്ള നഷ്ടപരിഹാരം

178(924) ശ്രീ. സജീവ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വന്യജീവികളുടെ ആക്രമണത്തിന് വിധേയരായി ഗുരുതരമായി പരിക്കേറ്റവർക്കും ജീവഹാനി നേരിട്ടവർക്കും നൽകുന്ന നഷ്ടപരിഹാരത്തുക ഏത് കാലയളവിലുള്ളതുവരെ നൽകിയിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ?

അഗസ്ത്യവനം സർക്കിളിന് കീഴിലെ തിരുവനന്തപുരം വന്യജീവി സങ്കേതത്തിൽ 2021-22 കാലയളവിൽ പാമ്പുകടിയേറ്റും ആനയുടെ ആക്രമണത്തിലും കൊല്ലപ്പെട്ട 2 കേസുകളിൽ ബാക്കി നഷ്ടപരിഹാരത്തുക നൽകാനുണ്ട്. മേൽ അപേക്ഷകളിൻ മേൽ അടിയന്തര സഹായം ലഭ്യമാക്കിയിട്ടുണ്ട്. പാലക്കാട് വന്യജീവി വിഭാഗം സർക്കിളിന് കീഴിൽ വന്യജീവി ആക്രമണംമൂലം പരിക്കേറ്റവർക്കും ജീവഹാനി നേരിട്ടവർക്കും 6/2021 വരെയുള്ള അപേക്ഷകളിൽ നഷ്ടപരിഹാരം നൽകിയിട്ടുണ്ട്. ഫീൽഡ് ഡയറക്ടർ, കോട്ടയം സർക്കിളിന് കീഴിൽ പരിക്കേറ്റവർക്കും ജീവഹാനി നേരിട്ടവർക്കും അപേക്ഷകളിൽ മുഴുവൻ നഷ്ടപരിഹാരത്തുകയും നൽകിയിട്ടുണ്ട്. കൊല്ലം സതേൺ സർക്കിളിന് കീഴിലെ റാന്നി, കോന്നി, പുനലൂർ, തിരുവനന്തപുരം എന്നീ ഡിവിഷനുകളിൽ 05/2021 വരെയുള്ള അപേക്ഷകൾ തീർപ്പാക്കിയിട്ടുണ്ട്. മറ്റു ഡിവിഷനുകളിൽ മുഴുവൻ നഷ്ടപരിഹാരത്തുകയും നൽകിയിട്ടുണ്ട്. കണ്ണൂർ നോർത്തേൺ സർക്കിളിന് കീഴിൽ, നോർത്ത് വയനാട് ഡിവിഷനിൽ എല്ലാ അപേക്ഷകളും തീർപ്പാക്കിയിട്ടുണ്ട്. സൗത്ത് വയനാട് ഡിവിഷനിൽ പരിക്കേറ്റവർക്ക് 04/2019 വരെയുള്ള നഷ്ടപരിഹാരത്തുകയും ജീവഹാനി സംഭവിച്ച കേസുകളിൽ 2-4-2021-വരെ ആശ്രിതർക്ക് അടിയന്തര ധനസഹായം നൽകിയിട്ടുണ്ട്. കോഴിക്കോട് ഡിവിഷനിൽ 12/2020 വരെയുള്ള അപേക്ഷകൾ തീർപ്പാക്കുകയും തുടർന്ന് ലഭിച്ച ഒരു അപേക്ഷയിൻമേൽ അടിയന്തര സഹായവും ലഭ്യമാക്കിയിട്ടുണ്ട്. കാസർഗോഡ് ഡിവിഷനിൽ 03/2021 വരെയുള്ള അപേക്ഷകൾ തീർപ്പാക്കി യിട്ടുണ്ട്. കണ്ണൂർ ഡിവിഷനിൽ പരിക്കേറ്റവരുടെ അപേക്ഷകൾ 12/2019 വരെയും

മരണപ്പെട്ടവരുടെ ആശ്രിതർക്കുള്ള അടിയന്തര ധനസഹായം 09/2021 വരെയും പാമ്പ് കടിയേറ്റ് മരണപ്പെട്ടവരുടെ ആശ്രിതർക്ക് 03/2019 വരെയുള്ള അപേക്ഷകൾ തീർപ്പാക്കിയിട്ടുണ്ട്. തൃശ്ശൂർ സെൻട്രൽ സർക്കിളിന് കീഴിലെ ചാലക്കുടി, മലയാറ്റൂർ ഡിവിഷനുകളിൽ പരിക്കേറ്റവർക്കും, ജീവഹാനി നേരിട്ടവർക്കും യഥാക്രമം 06/2020, 10/2020 വരെയുള്ള കാലയളവിലെ നഷ്ടപരിഹാരത്തുക നൽകിയിട്ടുണ്ട്. തൃശ്ശൂർ ഡിവിഷനിൽ പരിക്കേറ്റവർക്ക് 07/2021 വരെയും മരണപ്പെട്ടവർക്ക് 10/2020 വരെയുള്ള നഷ്ടപരിഹാരത്തുക നൽകിയിട്ടുണ്ട്. വാഴച്ചാൽ ഡിവിഷനിൽ നാളിതു വരെയുള്ള അപേക്ഷകളിൽ ഒന്നൊഴികെയുള്ള എല്ലാ അപേക്ഷകളും തീർപ്പാക്കി യിട്ടുണ്ട്. തീർപ്പാക്കാനുള്ള അപേക്ഷയിന്മേൽ അടിയന്തര സഹായം ലഭ്യമാക്കി യിട്ടുണ്ട്. ജീവഹാനി സംഭവിച്ചവർക്ക് നിലമ്പൂർ നോർത്ത് & സൗത്ത് ഡിവിഷനു കളിൽ 08/2021 വരെയും മണ്ണാർക്കാട് ഡിവിഷനിൽ 09/2020 വരെയും പാലക്കാട് ഡിവിഷനിൽ 05/2021 വരെയും നെന്മാറ ഡിവിഷനിൽ 04/2021 വരെയും നഷ്ടപരിഹാരത്തുക നൽകിയിട്ടുണ്ട്. ഗുരുതരമായി പരിക്കേറ്റവർക്ക് നിലമ്പൂർ നോർത്ത് ഡിവിഷനിൽ 03/2021 വരെയും നിലമ്പൂർ സൗത്ത് ഡിവിഷനിൽ 08/2021 വരെയും മണ്ണാർക്കാട് ഡിവിഷനിൽ 07/2020 വരെയും പാലക്കാട് ഡിവിഷനിൽ 05/2021 വരെയും നെന്മാറ ഡിവിഷനിൽ 02/2021 വരെയും നഷ്ടപരിഹാരത്തുക നൽകിയിട്ടുണ്ട്. കോട്ടയം ഹൈറേഞ്ച് സർക്കിളിന് കീഴിൽ കോതമംഗലം, മാങ്കുളം, കോട്ടയം, മറയൂർ എന്നീ ഡിവിഷനുകളിൽ യഥാക്രമം 06/2020, 08/2021, 02/2021, 09/2021 എന്നീ കാലയളവ് വരെയുള്ള പരിക്കേറ്റ വരുടെയും ജീവഹാനി സംഭവിച്ച അപേക്ഷകളിൻമേലും നഷ്ടപരിഹാരത്തുക നൽകിയിട്ടുണ്ട്. മൂന്നാർ ഡിവിഷനിൽ മരണപ്പെട്ടവരുടെ ആശ്രിതരുടെ അപേക്ഷകളിൽ 05/2019 വരെയും പരിക്ക് പറ്റിയവരുടെ അപേക്ഷയിൻമേൽ 08/2020 വരെയുള്ള കാലയളവിൽ നഷ്ടപരിഹാരത്തുക നൽകിയിട്ടുണ്ട്.

(ബി) മരണപ്പെട്ടവർക്കും പരിക്കുപറ്റുന്നവർക്കും നൽകുന്ന തുകയുടെ തോത് എത്രയെന്ന് അറിയിക്കാമോ?

5-4-2018-ലെ സ.ഉ.(കൈ)നമ്പർ 17/2018/വനം ഉത്തരവ് പ്രകാരം വന്യജീവി ആക്രമണംമൂലമുള്ള നാശനഷ്ടങ്ങൾക്ക് നഷ്ടപരിഹാരം നൽകി വരുന്നുണ്ട്. വന്യജീവി ആക്രമണംമൂലം മരണമടയുന്നവരുടെ ആശ്രിതർക്ക് 10 ലക്ഷം രൂപയും വനത്തിന് പുറത്ത് വച്ച് പാമ്പുകടിയേറ്റുള്ള മരണത്തിന് 2 ലക്ഷം രൂപയും നഷ്ടപരിഹാരമായി അനുവദിച്ച് വരുന്നു. വന്യജീവി ആക്രമണത്തിൽ പരിക്കേറ്റ് സ്ഥായിയായ അംഗഭംഗം സംഭവിക്കുന്നവർക്ക് 2 ലക്ഷം രൂപയും പരിക്കേൽക്കു ന്നവർക്ക് സർക്കാർ മെഡിക്കൽ ഓഫീസറുടെ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാ നത്തിൽ പരമാവധി 1 ലക്ഷം രൂപ വരെയും നഷ്ടപരിഹാരം നൽകി വരുന്നുണ്ട്. പട്ടികവർഗ്ഗക്കാരുടെ കാര്യത്തിൽ ചികിത്സാതുക മുഴുവനായും നൽകി വരുന്നുണ്ട്.

(സി) തുക നൽകാൻ അവശേഷിക്കുന്നവർക്ക് നഷ്ടപരിഹാരത്തുകയുടെ കുടിശ്ശിക എന്നത്തേക്ക് നൽകാൻ സാധിക്കുമെന്ന് വെളിപ്പെടുത്താമോ?

അവശേഷിക്കുന്നവർക്കുള്ള നഷ്ടപരിഹാരത്തുക കാലതാമസം കൂടാതെ വിതരണം ചെയ്യുന്നതാണ്.

(ഡി) വന്യജീവികൾമൂലം കൃഷിനാശം സംഭവിച്ചവർക്കുള്ള കുടിശ്ശിക തുക നൽകാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

വന്യജീവികൾമൂലം കൃഷിനാശം സംഭവിച്ചവർക്കുള്ള കുടിശ്ശിക തുക കാലതാമസം കൂടാതെ വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നുണ്ട്. മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനായി 5 വർഷത്തേയ്ക്കുള്ള ഒരു ബൃഹത്പദ്ധതി പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വൈൽഡ് ലൈഫ്) & ചീഫ് വൈൽഡ് ലൈഫ് വാർഡൻ സർക്കാരിൽ ലഭ്യമാക്കിയിട്ടുണ്ട്. ഈ പദ്ധതിയിൽ വന്യമൃഗാക്രമണത്താൽ ഉണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് നഷ്ടപരിഹാരം നൽകുന്നതിനായി 83.75 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ലഭിച്ചിട്ടുള്ള അപേക്ഷകളിൽ മുൻഗണനാക്രമത്തിൽ നഷ്ടപരിഹാരം വിതരണം ചെയ്യുന്നതാണ്.

## കാട്ടുപന്നിയെ കൊല്ലാൻ കർഷകരെ അനുവദിക്കൽ

179 (925) ശ്രീ. സണ്ണി ജോസഫ്:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീ. ടി. സിദ്ദിഖ്:
ഡോ. മാത്യു കുഴൽനാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടുപന്നിയെ കൊല്ലാൻ കർഷകരെ അനുവദിക്കാമെന്ന നിർദ്ദേശം കേന്ദ്ര സർക്കാർ നൽകിയിട്ടുണ്ടോ?

കാട്ടുപന്നിയെ വെർമിൻ ആയി പ്രഖ്യാപിക്കുന്നതിനായി സംസ്ഥാന സർക്കാർ 1-11-2020-ൽ സമർപ്പിച്ച അപേക്ഷയിൽ, 1972-ലെ വന്യജീവി (സംരക്ഷണ) നിയമത്തിന്റെ 11 (1) (ബി) വകുപ്പ് പ്രകാരമുള്ള നടപടികൾ സ്വീകരിക്കാനും ഇതിനായി പഞ്ചായത്തിരാജ് സ്ഥാപനങ്ങളുടെ സേവനങ്ങൾ ഉപയോഗിക്കാനുള്ള സാധ്യത പരിഗണിക്കുവാനുമാണ് കേന്ദ്രസർക്കാർ 10-12-2020 തീയതിയിലെ കത്ത് പ്രകാരം നിർദ്ദേശം നൽകിയിട്ടുള്ളത്.

(ബി) പ്രസ്തുത നിർദ്ദേശം ലഭിച്ചിട്ടും ഈ കാര്യത്തിൽ തീരുമാനം കൈക്കൊള്ളാത്തതിന്റെ കാരണം വിശദമാക്കാമോ;

(സി) ഈ കാര്യത്തിൽ കേന്ദ്ര സർക്കാർ തങ്ങളുടെ നിലപാടറിയിച്ചിട്ടും കാട്ടുപന്നികളെ വെർമിനായി പ്രഖ്യാപിക്കാനുള്ള ശിപാർശ വീണ്ടും കേന്ദ്രത്തിന് അയയ്ക്കാനുള്ള കാരണം വിശദമാക്കാമോ?

(ബി&സി) കാട്ടുപന്നിയെ കൊല്ലാൻ കർഷകരെ അനുവദിക്കാമെന്ന സംസ്ഥാന സർക്കാരിന്റെ ഉത്തരവ് 2011 മുതൽ ഉണ്ട്. 17-6-2011-ലെ സ.ഉ. (സാധാ) നം. 265/2011/വനം പ്രകാരം കൃഷിഭൂമികളിലെ നാശനഷ്ടമുണ്ടാക്കുന്ന കാട്ടുപന്നികളെ വെടിവച്ച് കൊല്ലുന്നതിനുള്ള അനുമതി അപേക്ഷിക്കുന്ന കർഷകർക്ക് നൽകാവുന്നതാണ്. തുടർന്ന്, എല്ലാ വർഷങ്ങളിലേയ്ക്കും ആവശ്യമായ ഭേദഗതി കളോടെ പുതുക്കിയ ഉത്തരവുകൾ ഇറക്കിയിട്ടുണ്ട്. നിലവിൽ ഈ ഉത്തരവുകളുടെ കാലാവധി 17-5-2022-വരെ ദീർഘിപ്പിച്ച് നൽകിയിട്ടുണ്ട്. മനുഷ്യജീവനും, സ്വത്തിനും, കൃഷിക്കും നാശം വരുത്തുന്ന കാട്ടുപന്നികളെ വനേതര ഭൂമികളിൽ നശിപ്പിക്കാൻ കർഷകർക്കും ഉദ്യോഗസ്ഥർക്കും നടപടി സ്വീകരിക്കാവുന്നതാണ്. വനേതര ഭൂമികളിൽ കൃഷി നശിപ്പിക്കുന്ന കാട്ടുപന്നികളെ നശിപ്പിക്കുന്നതിനായി ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ എന്നിവർക്ക് അപേക്ഷ സമർപ്പിക്കുന്ന എല്ലാ കർഷകർക്കും അനുമതി ലഭ്യമാകുന്നതാണ്. കേന്ദ്ര സർക്കാരിന്റെ 10-12-2020-ലെ നിർദ്ദേശത്തിന് വളരെ മുമ്പുതന്നെ സംസ്ഥാന സർക്കാർ ഇക്കാര്യത്തിൽ ഉത്തരവായിട്ടുള്ളതാണ്.

(ഡി) കാട്ടുപന്നികൾ കൃഷി നശിപ്പിക്കുന്നതുമൂലം പ്രതിസന്ധി നേരിടുന്ന കർഷകർക്ക് നഷ്ടപരിഹാരമായി ലഭ്യമാകുന്ന പരമാവധി തുകയുടെ പരിധി നിശ്ചയിച്ചിട്ടുണ്ടോ; പ്രസ്തുത പരിധി വർദ്ധിപ്പിക്കാനുള്ള നടപടികൾ സ്വീകരിക്കുമോ?

23-1-2020-ൽ സ്റ്റേറ്റ് ബോർഡ് ഓഫ് വൈൽഡ് ലൈഫ് കൃഷിനാശം വരുത്തുന്ന കാട്ടുപന്നികളെ "വെർമിൻ" ആക്കി പ്രഖ്യാപിക്കുന്നതിനായി കേന്ദ്ര സർക്കാരിനോട് അപേക്ഷിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. കാട്ടുപന്നികളെ ക്ഷുദ്ര ജീവികളായി പ്രഖ്യാപിക്കുന്നതിന് സംസ്ഥാന സർക്കാർ 1-11-2020-ൽ കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന് നൽകിയ അപേക്ഷയിൽ 1972-ലെ വന്യജീവി (സംരക്ഷണ) നിയമത്തിന്റെ 11 (1) (ബി) വകുപ്പ് പ്രകാരമുള്ള നടപടികൾ സ്വീകരിക്കാനും പ്രശ്നക്കാരായ കാട്ടുപന്നികളുടെ കാര്യത്തിൽ പഞ്ചായത്തീരാജ് സ്ഥാപനങ്ങളുടെ സേവനങ്ങൾ ഉപയോഗിക്കാനുള്ള സാധ്യത പരിഗണിക്കുവാൻ നിർദ്ദേശിച്ചുകൊണ്ടും കേന്ദ്ര സർക്കാർ, 10-12-2020-ലെ എഫ്.നം.8-31/2020-ഡബ്ല്യൂ.എൽ, കത്ത് പ്രകാരം മടക്കി നൽകിയിരുന്നു. 2011 മുതൽ പഞ്ചായത്തുകളുടെ സേവനം ഉപയോഗിച്ച് 1972-ലെ വന്യജീവി (സംരക്ഷണ) നിയമത്തിന്റെ 11 (1) (ബി) വകുപ്പ് പ്രകാരമുള്ള നടപടികൾ എടുത്തു വന്നിരുന്നുവെങ്കിലും കാട്ടുപന്നി പ്രശ്നത്തിൽ കാര്യമായ പുരോഗതി കൈവരിക്കാൻ സാധിച്ചിരുന്നില്ല. ഈ

സാഹചര്യത്തിൽ 21-12-2020-ൽ ബഹു.വനം മന്ത്രി വിളിച്ച്കൂട്ടിയ യോഗത്തിലെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ കാട്ടുപന്നികളെ ക്ഷുദ്രജീവിയായി പ്രഖ്യാപിക്കുന്നതിനുള്ള അപേക്ഷ സംസ്ഥാന സർക്കാർ 17-6-2021-ലെ കത്ത് പ്രകാരം വീണ്ടും കേന്ദ്ര സർക്കാരിന് സമർപ്പിക്കുകയാണ് ഉണ്ടായത്.

**കാട്ടുപന്നിയെ ശല്യക്കാരായ മൃഗമായി പ്രഖ്യാപിക്കൽ**

180(926) ശ്രീ. ലിന്റോ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടുപന്നിയെ ശല്യക്കാരായ മൃഗമായി പ്രഖ്യാപിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

കാട്ടുപന്നികളെ ക്ഷുദ്രജീവികളായി പ്രഖ്യാപിക്കുന്നതിന് സംസ്ഥാന സർക്കാർ 1-11-2020, 17-6-2021 എന്നീ തീയതികളിൽ കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന് സർക്കാർ കത്ത് നം.ഡി2/126/2020/വനം പ്രകാരം അപേക്ഷ നൽകിയിരുന്നു.

(ബി) പ്രസ്തുത നിർദ്ദേശത്തിന്റെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

സംസ്ഥാന സർക്കാരിന്റെ 1-11-2020-ലെ അപേക്ഷ, 1972-ലെ വന്യജീവി (സംരക്ഷണ) നിയമത്തിന്റെ 11 (1) (b) വകുപ്പ് പ്രകാരമുള്ള നടപടികൾ സ്വീകരിക്കാനും പ്രശ്നക്കാരായ കാട്ടുപന്നികളുടെ കാര്യത്തിൽ പഞ്ചായത്തീരാജ് സ്ഥാപനങ്ങളുടെ സേവനങ്ങൾ ഉപയോഗിക്കാനുള്ള സാധ്യത പരിഗണിക്കുവാൻ നിർദ്ദേശിച്ചുകൊണ്ടും കേന്ദ്രസർക്കാർ, 10-12-2020-ലെ എഫ്.നം.8-31/2020-ഡബ്ല്യൂ.എൽ. കത്ത് പ്രകാരം മടക്കി നൽകിയിരുന്നു. ഇതിനെ തുടർന്ന് സംസ്ഥാന സർക്കാർ 17-6-2021-ലെ കത്ത് പ്രകാരം 2011 മുതൽ പഞ്ചായത്തുകളുടെ സേവനം ഉപയോഗിച്ച് 1972-ലെ വന്യജീവി (സംരക്ഷണ) നിയമത്തിന്റെ 11 (1) (b) വകുപ്പ് പ്രകാരമുള്ള നടപടികൾ എടുത്തു വന്നിരുന്നുവെങ്കിലും കാട്ടുപന്നി പ്രശ്നത്തിൽ കാര്യമായ പുരോഗതി കൈവരിക്കാൻ സാധിച്ചിട്ടില്ലെന്ന് വ്യക്തമാക്കി കാട്ടുപന്നികളെ ക്ഷുദ്രജീവിയായി പ്രഖ്യാപിക്കുന്നതിനുള്ള അപേക്ഷ വീണ്ടും കേന്ദ്ര സർക്കാരിന് സമർപ്പിക്കുകയുണ്ടായി. ആയതിനെ തുടർന്ന്, 2011 മുതൽ കാട്ടുപന്നികളുടെ ശല്യം കൈകാര്യം ചെയ്യുന്നതിന് സംസ്ഥാന സർക്കാർ സ്വീകരിച്ച നടപടികളും 6-2-2021-ൽ F.No.8/60/2020/WL (Part - I) നമ്പർ അഡ്വൈസറി പ്രകാരം സ്വീകരിച്ച നടപടികളും അറിയിക്കുന്നതിന് 8-7-2021-ലെ F.No. 8-31/2020/WL എന്ന കത്ത് മുഖാന്തരം കേന്ദ്ര സർക്കാർ ആവശ്യപ്പെടുകയുണ്ടായി. ഈ കത്തിനുള്ള മറുപടി സംസ്ഥാന സർക്കാർ ഉടൻ നൽകുന്നതാണ്.

(സി) പ്രസ്തുത പ്രഖ്യാപനം എപ്പോൾ നടപ്പിൽ വരുത്താനാകുമെന്ന് വ്യക്തമാക്കാമോ?

കാട്ടുപന്നികളെ ക്ഷുദ്രജീവികളായി പ്രഖ്യാപിക്കുന്നതിന് സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിന് സമർപ്പിച്ച അപേക്ഷ കേന്ദ്ര സർക്കാർ അംഗീകരിച്ച് ഉത്തരവായാൽ മാത്രമേ ഇപ്രകാരമുള്ള പ്രഖ്യാപനം നടപ്പിൽ വരുത്തുവാൻ സാധിക്കുകയുള്ളൂ.

**കാട്ടുപന്നികളെ വെർമിനായി പ്രഖ്യാപിക്കാൻ നടപടി**

181(927) ഡോ. മാത്യു കുഴൽനാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടുപന്നികളെ വെർമിനായി പ്രഖ്യാപിക്കുന്നത് സംബന്ധിച്ച സംസ്ഥാന സർക്കാരിന്റെ നിർദ്ദേശത്തിന് കേന്ദ്രത്തിൽ നിന്നുള്ള മറുപടി വനം വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെട്ടിരുന്നോയെന്ന് വ്യക്തമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇക്കാര്യത്തിൽ സ്വീകരിച്ച തുടർനടപടികളുടെ വിശദാംശം നൽകുമോ?

കാട്ടുപന്നികളെ ക്ഷുദ്രജീവികളായി പ്രഖ്യാപിക്കുന്നതിന് സംസ്ഥാന സർക്കാർ 1-11-2020, 17-6-2021 എന്നീ തീയതികളിൽ കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന് കത്ത് നമ്പർ ഡി2/126/2020/വനം പ്രകാരം അപേക്ഷ നൽകിയിരുന്നു. സംസ്ഥാന സർക്കാരിന്റെ 1-11-2020-ലെ അപേക്ഷ, 1972-ലെ വന്യജീവി (സംരക്ഷണ) നിയമത്തിന്റെ 11 (1) (b) വകുപ്പ് പ്രകാരമുള്ള നടപടികൾ സ്വീകരിക്കാനും പ്രശ്നക്കാരായ കാട്ടുപന്നികളുടെ കാര്യത്തിൽ പഞ്ചായത്തീരാജ് സ്ഥാപനങ്ങളുടെ സേവനങ്ങൾ ഉപയോഗിക്കാനുള്ള സാധ്യത പരിഗണിക്കുവാൻ നിർദ്ദേശിച്ചുകൊണ്ടും കേന്ദ്ര സർക്കാർ, 10-12-2020-ലെ എഫ്.നം.8-31/2020-ഡബ്ല്യു.എൽ. കത്ത് പ്രകാരം മടക്കി നൽകിയിരുന്നു. ഇതിനെ തുടർന്ന് സംസ്ഥാന സർക്കാർ 17-6-2021-ലെ കത്ത് പ്രകാരം 2011 മുതൽ പഞ്ചായത്തുകളുടെ സേവനം ഉപയോഗിച്ച് 1972-ലെ വന്യജീവി (സംരക്ഷണ) നിയമത്തിന്റെ 11 (1) (b) വകുപ്പ് പ്രകാരമുള്ള നടപടികൾ എടുത്തു വന്നിരുന്നുവെങ്കിലും കാട്ടുപന്നി പ്രശ്നത്തിൽ കാര്യമായ പുരോഗതി കൈവരിക്കാൻ സാധിച്ചിട്ടില്ലായെന്ന് വ്യക്തമാക്കി കാട്ടുപന്നികളെ ക്ഷുദ്രജീവികളായി പ്രഖ്യാപിക്കുന്നതിനുള്ള അപേക്ഷ വീണ്ടും കേന്ദ്ര സർക്കാരിന് സമർപ്പിക്കുകയുണ്ടായി. ആയതിനെ തുടർന്ന് 2011 മുതൽ കാട്ടുപന്നികളുടെ ശല്യം കൈകാര്യം ചെയ്യുന്നതിന് സംസ്ഥാന സർക്കാർ സ്വീകരിച്ച നടപടികളും 6-2-2021-ൽ F.No.8/60/2020-WL(part-1) നമ്പർ അഡ്വൈസറി പ്രകാരം സ്വീകരിച്ച നടപടികളും അറിയിക്കുന്നതിന് 8-7-2021-ലെ F.No.8-31/2020-WL എന്ന കത്ത് മുഖാന്തരം കേന്ദ്ര സർക്കാർ ആവശ്യപ്പെടുകയുണ്ടായി. ആയതിനുള്ള മറുപടി തയ്യാറാക്കിയിട്ടുണ്ട്. ആയത് ഉടൻതന്നെ കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന് അയച്ചുകൊടുക്കുന്നതാണ്.

**വന്യമൃഗങ്ങൾമൂലമുള്ള കൃഷിനാശം സംബന്ധിച്ച്**

182(928) <u>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനമേഖലയോട് ചേർന്ന ജനവാസകേന്ദ്രങ്ങളിൽ വന്യമൃഗങ്ങൾ മൂലമുള്ള കൃഷിനാശത്തിന് സർക്കാർ മതിയായ നഷ്ടപരിഹാരം നൽകാറുണ്ടോയെന്ന് വ്യക്തമാക്കുമോ?

വന്യജീവി ആക്രമണംമൂലം കൃഷി നാശം സംഭവിക്കുന്ന കർഷകർക്ക് 8-1-2015-ലെ സ.ഉ. (കൈ) നമ്പർ 2/2015/വനം, 5-4-2018-ലെ സ.ഉ. (കൈ) നമ്പർ 17/2018/വനം, എന്നീ ഉത്തരവുകൾ പ്രകാരം നഷ്ടപരിഹാരം നൽകിവരുന്നുണ്ട്.

(ബി) ഇതുസംബന്ധിച്ച മാനദണ്ഡങ്ങൾ അറിയിക്കാമോ?

8-1-2015-ലെ സ.ഉ. (കൈ) നമ്പർ 02/2015/വനം ഉത്തരവ് പ്രകാരം നിശ്ചയിച്ചിട്ടുള്ള നിരക്കിൽ 27 ഇനം കാർഷികവിളകൾക്ക് നഷ്ടപരിഹാരം നൽകി വരുന്നു. ഇപ്രകാരം നൽകിവരുന്ന നഷ്ടപരിഹാരം, കണക്കാക്കപ്പെടുന്ന നഷ്ടത്തിന്റെ 100% പരമാവധി 1 ലക്ഷം രൂപ എന്ന നിരക്കിൽ ഓരോ നാശനഷ്ടത്തിനും 5-4-2018-ലെ സ.ഉ.(കൈ) നമ്പർ 17/2018/വനം ഉത്തരവ് പ്രകാരം നിജപ്പെടുത്തി യിട്ടുണ്ട്. ഇപ്രകാരമുള്ള നഷ്ടപരിഹാരം വർഷത്തിൽ 4 പ്രാവശ്യം മാത്രമേ അനുവദിക്കാവൂ.

(സി) വടക്കാഞ്ചേരി മണ്ഡലത്തിൽ ഇപ്രകാരം സംഭവിച്ച കൃഷിനാശത്തിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

വടക്കാഞ്ചേരി മണ്ഡലത്തിൽ നേന്ത്രവാഴ, നെല്ല്, റബ്ബർ, മരച്ചീനി തുടങ്ങി വിളകളുടെ കൃഷിനാശം സംഭവിച്ചതിന് നഷ്ടപരിഹാരം ലഭിക്കുന്നതിന് 2021 വർഷത്തിൽ നാളിതുവരെ 17 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്.

(ഡി) പ്രസ്തുത മണ്ഡലത്തിൽ നൽകിയ നഷ്ടപരിഹാരം സംബന്ധിച്ച വിശദാംശങ്ങൾ നൽകുമോ?

വടക്കാഞ്ചേരി മണ്ഡലത്തിൽ കൃഷിനാശം സംഭവിച്ചതിന് നഷ്ടപരിഹാരത്തിനായി ലഭിച്ച 17 അപേക്ഷകളിൽ 9 എണ്ണം അനുവദിക്കുകയും, ആയതിന് 11,039 രൂപ നഷ്ടപരിഹാരം നൽകുകയും ചെയ്തിട്ടുണ്ട്.

## വന്യമൃഗങ്ങൾ കൃഷി നശിപ്പിക്കുന്നത്

183(929) ശ്രീ. യു. എ. ലത്തീഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വന്യമൃഗങ്ങൾ വ്യാപകമായി കൃഷി നശിപ്പിക്കുന്നത് സംബന്ധിച്ച് കർഷകർ പരാതികൾ നൽകിയിട്ടുണ്ടോ; എങ്കിൽ അവയിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

വന്യമൃഗങ്ങൾ കൃഷിനശിപ്പിക്കുന്നത് തടയുന്നതിനായി താഴെപ്പറയുന്ന പ്രതിരോധ മാർഗ്ഗങ്ങൾ സ്വീകരിച്ചിട്ടുണ്ട്.

വന്യമൃഗങ്ങളുടെ നാട്ടിലേയ്ക്കുള്ള പ്രവേശനം തടയുന്നതിനായി വനാതിർത്തികളിൽ സൗരോർജ്ജ വേലി, ആന പ്രതിരോധ മതിലുകൾ, കിടങ്ങുകൾ, ക്രാഷ്ഗാർഡ്, റോപ്പ് ഫെൻസിംഗ്, റെയിൽ ഫെൻസിംഗ് എന്നിവ നിർമ്മിക്കുകയും കാലാകാലങ്ങളിൽ ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് അറ്റകുറ്റപ്പണികൾ നടത്തി പ്രവർത്തന ക്ഷമമാക്കുന്നുമുണ്ട്. വന്യമൃഗങ്ങളുടെ സാന്നിദ്ധ്യം മുൻകൂറായി അറിയിക്കുന്നതിനായി ഏർളി വാർണിംഗ് സിസ്റ്റം വനത്തിനോട് ചേർന്നുള്ള ജനവാസ മേഖലകളിൽ നടപ്പാക്കിയിട്ടുണ്ട്. നാട്ടിലേക്ക് ഇറങ്ങുന്ന വന്യജീവികളെ കാട്ടിലേയ്ക്ക് തുരത്തുന്നതിനായി വിവിധ പ്രദേശങ്ങളിൽ 13 സ്ഥിരം/താത്കാലിക റാപ്പിഡ് റെസ്പോൺസ് ടീമുകൾ പ്രവർത്തിച്ചു വരുന്നു. പ്രശ്നക്കാരായ ആനകളെ റേഡിയോ കോളർ ഘടിപ്പിച്ച് സഞ്ചാരപഥം നിരീക്ഷിച്ച് വനാതിർത്തിയിലെ താമസക്കാർക്ക് മുന്നറിയിപ്പ് കൊടുക്കുന്നതിനും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. കാട്ടാന പ്രശ്നം രൂക്ഷമായിട്ടുള്ള പാലക്കാട്, വയനാട് ജില്ലകളിൽ കുങ്കിയാനകളെ ഉപയോഗിച്ച് പ്രശ്നക്കാരായ കാട്ടാനകളെ തിരിച്ച് കാട്ടിലേയ്ക്ക് തുരത്തുന്നതിനായി കുങ്കി സ്ക്വാഡുകളും പ്രവർത്തിച്ച് വരുന്നുണ്ട്. സ്ഥിരമായി ജനവാസ കേന്ദ്രങ്ങളിലിറങ്ങുന്ന വന്യജീവികളെ മയക്ക് വെടിവച്ചോ കൂടുകൾ സ്ഥാപിച്ചോ പിടിച്ച് ജനവാസ കേന്ദ്രങ്ങളിൽ നിന്നും അകലെയുള്ള വനമേഖലയിലേയ്ക്ക് പുനരധിവസിപ്പിക്കുന്നതിനും നടപടി സ്വീകരിച്ച് വരുന്നുണ്ട്. മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിന് പൊതുജന പങ്കാളിത്തത്തോടെ നടപടികൾ സ്വീകരിക്കുന്നതിനായി തദ്ദേശീയരും ജനപ്രതി നിധികളും വനം ഉദ്യോഗസ്ഥരും ചേർന്നുള്ള 246 ജനജാഗ്രതാ സമിതികൾ രൂപീകരിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെയും സംസ്ഥാന സർക്കാരിന്റെയും സഹായത്തോടെ നടപ്പാക്കുന്ന പദ്ധതികളിൽപ്പെടുത്തി വന്യജീവികളുടെ ആവാസ വ്യവസ്ഥ അഭിവൃദ്ധിപ്പെടുത്തുന്നതിന് മണ്ണ് ജലസംരക്ഷണ പ്രവൃത്തികൾ, ചെക്ക് ഡാമുകളുടെ നിർമ്മാണം, തദ്ദേശീയമല്ലാത്ത കളകളുടെ നിർമ്മാർജ്ജനം, വനത്തി

നകത്ത് ജലലഭ്യത ഉറപ്പുവരുത്തുന്നതിന് കുളങ്ങളുടെ നിർമ്മാണം, പുനരുദ്ധാരണം തുടങ്ങിയവ നടത്തിവരുന്നുണ്ട്. വന്യജീവികൾക്കും അവയുടെ ആവാസവ്യവസ്ഥയ്ക്കും ദോഷകരമായി ഭവിക്കുന്ന കാട്ടുതീ തടയുന്നതിനായി വനമേഖലകളിലും വനാതിർത്തി പങ്കിടുന്ന ജനവാസ മേഖലകളിലും കാട്ടുതീ പ്രതിരോധ പ്രവർത്ത നങ്ങൾ നടത്തുന്നുണ്ട്. കാട്ടുപന്നികൾ ജനവാസ മേഖലയിലും കൃഷിയിടങ്ങളിലും നാശം വരുത്തുകയും മനുഷ്യർക്ക് പരിക്ക്, ജീവഹാനി എന്നിവ ഉണ്ടാക്കുന്ന സാഹചര്യത്തിൽ അവയെ ഉപാധികളോടെ വെടിവച്ച് കൊല്ലുന്നതിനും നശിപ്പി ക്കുന്നതിനും 18-5-2020-ലെ സ.ഉ.(സാധാ)നമ്പർ 111/2020/വനം, 11-1-2021-ലെ സ.ഉ.(സാധാ)നമ്പർ 5/2021/വനം, 28-1-2021-ലെ സ.ഉ. (സാധാ)നമ്പർ 25/2021/ വനം എന്നിവ പ്രകാരം ഉത്തരവായിട്ടുണ്ട്. 29-5-2021-ലെ സ.ഉ.(സാധാ)നമ്പർ 159/2021/വനം പ്രകാരം മേൽ ഉത്തരവുകളുടെ കാലാവധി 17-5-2022-വരെ ദീർഘിപ്പിച്ച് നൽകിയിട്ടുണ്ട്. വന്യജീവി ആക്രമണംമൂലം കൃഷിനാശം സംഭവിച്ച കർഷകർക്ക് 8-1-2015-ലെ സ.ഉ. (കൈ)നമ്പർ 2/2015/വനം, 5-4-2018- ലെ സ.ഉ. (കൈ) നമ്പർ 17/2018/വനം എന്നീ ഉത്തരവുകൾ പ്രകാരം നഷ്ടപരിഹാരം നൽകി വരുന്നുണ്ട്. വന്യജീവി ആക്രമണംമൂലം ജീവഹാനി, പരിക്ക്, സ്വത്ത്നാശം, അംഗവൈകല്യം എന്നിവ ഉണ്ടാകുന്നവർക്ക് 5-4-2018-ലെ സ.ഉ.നമ്പർ (കൈ) 17/2018/വനം എന്ന ഉത്തരവ് പ്രകാരം നഷ്ടപരിഹാരം നൽകി വരുന്നുണ്ട്. വന്യമൃഗശല്യം രൂക്ഷമായ പ്രദേശങ്ങളിലെ ഫോറസ്റ്റ് സെറ്റിൽമെന്റുകളിലെ താമസക്കാരെ സ്വയം സന്നദ്ധ പുനരധിവാസ പദ്ധതി പ്രകാരം കാടിന് പുറത്തേക്ക് പുനരധിവസിപ്പിക്കുന്നതിനും നടപടികൾ സ്വീകരിച്ച് വരുന്നു. കഴിഞ്ഞ നാല് വർഷം കൃഷിനാശത്തിന് നൽകിയ നഷ്ടപരിഹാരത്തിന്റെ കണക്ക് ചുവടെ ചേർക്കുന്നു:

| വർഷം | ലഭിച്ച അപേക്ഷകളുടെ എണ്ണം | അനുവദിച്ച അപേക്ഷകളുടെ എണ്ണം | അനുവദിച്ച തുക (രൂപ) |
|---|---|---|---|
| 2017-18 | 6508 | 5698 | 39382446 |
| 2018-19 | 7347 | 6149 | 46765633 |
| 2019-20 | 7317 | 5529 | 38470502 |
| 2020-21 | 7021 | 3163 | 19802655 |

(ബി) മഞ്ചേരി മണ്ഡലത്തിലെ എടപ്പറ്റ ഗ്രാമപഞ്ചായത്തിലെ മൂന്നാടി പ്രദേശത്ത് ആന, പുലി, പന്നി തുടങ്ങിയ വന്യമൃഗങ്ങൾ കൃഷി നശിപ്പിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്ന് അറിയിക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മൂന്നാടി, എടപ്പറ്റ പ്രദേശങ്ങളിലെ വന്യമൃഗശല്യം സംബന്ധിച്ച് പരിശോധനകൾ നടത്തുകയും ചെയ്യുന്നുണ്ട്. ടി പ്രദേശത്തോട് സമീപമുള്ള സൈലന്റ് വാലി ബഫർ സോണിന്റെ അതിർത്തിയായ പറയമ്മോട് ഭാഗത്ത് കാട്ടാനകൾ ഇറങ്ങിവരുന്നത് തടയുന്നതിന് വാച്ചർമാരെ നിയോഗി ച്ചിട്ടുണ്ട്. ആയതിനെത്തുടർന്ന് ഈ വർഷം കാര്യമായ വന്യമൃഗശല്യം റിപ്പോർട്ട് ചെയ്തിട്ടില്ല. എടപ്പറ്റ പഞ്ചായത്തിൽ നിലവിൽ മനുഷ്യ വന്യ-ജീവി സംഘർഷം ലഘൂകരിക്കുന്നതിന്റെ ഭാഗമായി ജനജാഗ്രതാ സമിതി നിലവിലുണ്ട്. എടപ്പറ്റയുടെ സമീപ പ്രദേശങ്ങളായ പൂൽവെട്ട, പുളിയക്കോട് എന്നിവിടങ്ങളിലായി കൃഷിനാശം വരുത്തുന്ന 4 കാട്ടുപന്നികളെ വെടിവെച്ചുകൊന്നിട്ടുണ്ട്.

(സി) പ്രസ്തുത കാര്യത്തിന് പരിഹാരം കാണാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മൂന്നാടി, എടപ്പറ്റ പ്രദേശങ്ങളിലെ വന്യമൃഗശല്യം സംബന്ധിച്ച് പരിശോധനകൾ നടത്തുകയും ചെയ്യുന്നുണ്ട്. ടി പ്രദേശത്തോട് സമീപമുള്ള സൈലന്റ് വാലി ബഫർ സോണിന്റെ അതിർത്തിയായ പറയമ്മോട് ഭാഗത്ത് കാട്ടാനകൾ ഇറങ്ങിവരുന്നത് തടയുന്നതിന് വാച്ചർമാരെ നിയോഗിച്ചിട്ടുണ്ട്. ആയതിനെ തുടർന്ന് ഈ വർഷം കാര്യമായ വന്യമൃഗശല്യം റിപ്പോർട്ട് ചെയ്തിട്ടില്ല. എടപ്പറ്റ പഞ്ചായത്തിൽ നിലവിൽ മനുഷ്യ വന്യജീവി സംഘർഷം ലഘൂകരിക്ക ന്നതിന്റെ ഭാഗമായി ജനജാഗ്രതാ സമിതി നിലവിലുണ്ട്. എടപ്പറ്റയുടെ സമീപ പ്രദേശങ്ങളായ പൂൽവെട്ട, പുളിയക്കോട് എന്നിവിടങ്ങളിലായി കൃഷിനാശം വരുത്തുന്ന 4 കാട്ടുപന്നികളെ വെടിവെച്ച് കൊന്നിട്ടുണ്ട്.

## അതിരപ്പിള്ളി, വാഴച്ചാൽ, ചാലക്കുടി വന മേഖലകളിലെ വന്യമൃഗ പ്രതിരോധ നടപടികൾ

184(930) ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അതിരപ്പിള്ളി, വാഴച്ചാൽ, ചാലക്കുടി വനമേഖലകളിലെ വന്യ ജീവികളുടെ ആക്രമണത്തിൽ നിന്നും വനാതിർത്തിയിലുള്ള ഗ്രാമങ്ങളിലെ ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം ഉറപ്പാക്കുന്നതിന് കഴിഞ്ഞ സർക്കാരിന്റെ കാലത്ത് വനം വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ എത്ര തവണ ഉന്നതതലയോഗം ചേർന്നുവെന്ന് വെളിപ്പെടുത്തുമോ?

ചാലക്കുടി നിയോജകമണ്ഡലത്തിലെ വനമേഖലകളിലെ വന്യജീവി സംഘർഷവുമായി ബന്ധപ്പെട്ട് വനം വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ വാഴച്ചാൽ, ചാലക്കുടി ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർമാരെ ഉൾപ്പെടുത്തി ഉന്നതതല യോഗം കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 14-11-2019-ന് കൂടിയിട്ടുണ്ട്.

(ബി) പ്രസ്തുത യോഗത്തിലെ തീരുമാനങ്ങൾ വിശദീകരിക്കാമോ?

വന്യജീവി സംഘർഷം തടയുന്നതിന് ചാലക്കുടി വനം ഡിവിഷനിലെ പരിയാരം റെയിഞ്ചിൽ 29 കി.മീ. സ്ഥലത്ത് സോളാർ ഫെൻസിംഗ് നിർമ്മിക്കുന്നതിന് തീരുമാനിക്കുകയും ടി ജോലി പൂർത്തീകരിക്കുകയും ചെയ്തിട്ടുള്ളതാണ്.

(സി) ഇതിൽ നടപ്പിലാക്കിയവയും നടപ്പിലാക്കാനുള്ളവയും ഏതൊക്കെയെന്ന് അറിയിക്കുമോ?

14-11-2019-ലെ യോഗ തീരുമാനം നടപ്പാക്കിയിട്ടുള്ളതാണ്.

**വന്യജീവി ആക്രമണത്തിനിരയായവർക്ക് നഷ്ടപരിഹാരം**

185(931) <u>ശ്രീ. എം. രാജഗോപാലൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വന്യജീവി ആക്രമണംമൂലം ജീവഹാനി സംഭവിക്കുന്നവർക്കും അംഗവൈകല്യം സംഭവിക്കുന്നവർക്കുമുള്ള നഷ്ടപരിഹാരം വർദ്ധിപ്പിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ?

വന്യജീവി ആക്രമണംമൂലം ജീവഹാനി സംഭവിക്കുന്നവർക്കും അംഗവൈകല്യം സംഭവിക്കുന്നവർക്കും നിലവിൽ 5-4-2018-ലെ സ.ഉ.(കൈ) 17/2018/വനം നമ്പർ ഉത്തരവ് പ്രകാരമാണ് നഷ്ടപരിഹാരം നല്കി വരുന്നത്.

(ബി) വന്യജീവി ആക്രമണംമൂലമുള്ള കൃഷി നാശത്തിന് എത്ര തുകയാണ് നഷ്ടപരിഹാരം ലഭിക്കുന്നതെന്നും ഇതിനായുള്ള മാനദണ്ഡം എന്താണെന്നും വ്യക്തമാക്കാമോ?

വ്യക്തമാക്കാം. വന്യമൃഗങ്ങൾമൂലമുണ്ടാകുന്ന കൃഷി നാശത്തിന് 8-1-2015-ലെ സ.ഉ. (കൈ)നമ്പർ 2/2015/വനം ഉത്തരവിൽ പറയും പ്രകാരം 27 ഇനം കാർഷിക വിളകൾക്ക് നഷ്ടപരിഹാരം അനുവദിച്ചു വരുന്നു. 5-4-2018-ലെ സ.ഉ.(കൈ) നമ്പർ 17/2018/വനം പ്രകാരം കൃഷിനാശത്തിന് കണക്കാക്കപ്പെടുന്ന തുകയുടെ 100% പരമാവധി 1,00,000 (ഒരു ലക്ഷം രൂപ) നിരക്കിൽ ഓരോ നാശനഷ്ടത്തിനും നൽകാവുന്നതാണ്. കൃഷിനാശം ഉണ്ടായി ആറ് മാസത്തിനകം അപേക്ഷകൻ നഷ്ടപരിഹാരത്തിനായി അപേക്ഷ സമർപ്പിക്കേണ്ടതാണ്.

## വന്യജീവികൾ കൃഷിയിടങ്ങളിൽ ഉണ്ടാക്കുന്ന പ്രശ്നങ്ങൾ

186(932) ശ്രീ. എൻ. കെ. അക്ബർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷിയിടങ്ങളിൽ വന്യജീവികൾ ഇറങ്ങുന്നതുമായി ബന്ധപ്പെട്ട് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ?

വന്യമൃഗങ്ങൾ കൃഷിയിടങ്ങളിൽ ഇറങ്ങുന്നത് തടയുന്നതിനായി താഴെ പറയുന്ന മാർഗ്ഗങ്ങൾ സ്വീകരിച്ചിട്ടുണ്ട്: വന്യമൃഗങ്ങളുടെ നാട്ടിലേയ്ക്കുള്ള പ്രവേശനം തടയുന്നതിനായി വനാതിർത്തികളിൽ സൗരോർജ്ജ വേലി, ആന പ്രതിരോധ മതിലുകൾ, കിടങ്ങുകൾ, ക്രാഷ്ഗാർഡ്, റോപ്പ് ഫെൻസിംഗ്, റെയിൽ ഫെൻസിംഗ് എന്നിവ നിർമ്മിക്കുകയും കാലാകാലങ്ങളിൽ ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് അറ്റകുറ്റപ്പണികൾ നടത്തി പ്രവർത്തനക്ഷമമാക്കുന്നുമുണ്ട്. വന്യമൃഗങ്ങളുടെ സാന്നിദ്ധ്യം മുൻകൂറായി അറിയിക്കുന്നതിനായി ഏർളി വാർണിംഗ് സിസ്റ്റം വനത്തിനോട് ചേർന്നുള്ള ജനവാസ മേഖലകളിൽ നടപ്പാക്കിയിട്ടുണ്ട്. നാട്ടിലേക്ക് ഇറങ്ങുന്ന വന്യജീവികളെ കാട്ടിലേയ്ക്ക് തുരത്തുന്നതിനായി വിവിധ പ്രദേശങ്ങളിൽ 13 സ്ഥിരം/താത്കാലിക റാപ്പിഡ് റെസ്പോൺസ് ടീമുകൾ പ്രവർത്തിച്ചു വരുന്നു. പ്രശ്നക്കാരായ ആനകളെ റേഡിയോ കോളർ ഘടിപ്പിച്ച് സഞ്ചാരപഥം നിരീക്ഷിച്ച് വനാതിർത്തിയിലെ താമസക്കാർക്ക് മുന്നറിയിപ്പ് കൊടുക്കുന്നതിനും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. കാട്ടാന പ്രശ്നം രൂക്ഷമായിട്ടുള്ള പാലക്കാട്, വയനാട് ജില്ലകളിൽ കുങ്കിയാനകളെ ഉപയോഗിച്ച് പ്രശ്നക്കാരായ കാട്ടാനകളെ തിരിച്ച് കാട്ടിലേയ്ക്ക് തുരത്തുന്നതിനായി കുങ്കി സ്ക്വാഡുകളും പ്രവർത്തിച്ച് വരുന്നുണ്ട്. സ്ഥിരമായി ജനവാസ കേന്ദ്രങ്ങളിലിറങ്ങുന്ന വന്യജീവികളെ മയക്ക് വെടിവച്ചോ കൂടുകൾ സ്ഥാപിച്ചോ പിടിച്ച് ജനവാസ കേന്ദ്രങ്ങളിൽ നിന്നും അകലെയുള്ള വനമേഖലയിലേയ്ക്ക് പുനരധിവസിപ്പിക്കുന്നതിനും നടപടി സ്വീകരിച്ച് വരുന്നുണ്ട്. മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിന് പൊതുജന പങ്കാളിത്തത്തോടെ നടപടികൾ സ്വീകരിക്കുന്നതിനായി തദ്ദേശിയരും ജനപ്രതിനിധികളും വനം ഉദ്യോഗസ്ഥരും ചേർന്നുള്ള 246 ജനജാഗ്രതാ സമിതികൾ രൂപീകരിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെയും സംസ്ഥാന സർക്കാരിന്റെയും സഹായത്തോടെ നടപ്പാക്കുന്ന പദ്ധതികളിൽപ്പെടുത്തി വന്യജീവികളുടെ ആവാസവ്യവസ്ഥ അഭിവൃദ്ധിപ്പെടുത്തുന്നതിന് മണ്ണ് ജലസംരക്ഷണ പ്രവൃത്തികൾ, ചെക്ക് ഡാമുകളുടെ നിർമ്മാണം, തദ്ദേശീയമല്ലാത്ത കളകളുടെ നിർമ്മാർജ്ജനം, വനത്തിനകത്ത് ജലലഭ്യത ഉറപ്പു വരുത്തുന്നതിന് കുളങ്ങളുടെ നിർമ്മാണം, പുനരുദ്ധാരണം തുടങ്ങിയവ നടത്തി വരുന്നുണ്ട്. വന്യജീവികൾക്കും അവയുടെ ആവാസവ്യവസ്ഥയ്ക്കും ദോഷകരമായി

ഭവിക്കുന്ന കാട്ടുതീ തടയുന്നതിനായി വനമേഖലകളിലും വനാതിർത്തി പങ്കിടുന്ന ജനവാസ മേഖലകളിലും കാട്ടുതീ പ്രതിരോധ പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. കാട്ടുപന്നികൾ ജനവാസ മേഖലയിലും കൃഷിയിടങ്ങളിലും നാശം വരുത്തുകയും മനുഷ്യർക്ക് പരിക്ക്, ജീവഹാനി എന്നിവ ഉണ്ടാക്കുന്ന സാഹചര്യത്തിൽ അവയെ ഉപാധികളോടെ വെടിവച്ച് കൊല്ലുന്നതിനും നശിപ്പിക്കുന്നതിനും 18-5-2020-ലെ സ.ഉ. (സാധാ) നമ്പർ 111/2020/വനം, 11-1-2021-ലെ സ.ഉ. (സാധാ) നമ്പർ 5/2021/വനം, 28-1-2021-ലെ സ.ഉ. (സാധാ) നമ്പർ 25/2021/വനം എന്നിവ പ്രകാരം ഉത്തരവായിട്ടുണ്ട്. 29-5-2021-ലെ സ.ഉ. (സാധാ) നമ്പർ 159/2021/വനം പ്രകാരം മേൽ ഉത്തരവുകളുടെ കാലാവധി 17-5-2022 വരെ ദീർഘിപ്പിച്ച് നൽകിയിട്ടുണ്ട്. വന്യജീവി ആക്രമണംമൂലം കൃഷിനാശം സംഭവിച്ച കർഷകർക്ക് 8-1-2015-ലെ സ.ഉ. (കൈ)നമ്പർ 2/2015/വനം, 5-04-2018- ലെ സ.ഉ. (കൈ) നമ്പർ 17/2018/വനം എന്നീ ഉത്തരവുകൾ പ്രകാരം നഷ്ടപരിഹാരം നൽകി വരുന്നുണ്ട്. വന്യജീവി ആക്രമണംമൂലം ജീവഹാനി, പരിക്ക്, സ്വത്ത്നാശം, അംഗവൈകല്യം എന്നിവ ഉണ്ടാകുന്നവർക്ക് 5-4-2018-ലെ സ.ഉ. (കൈ) നമ്പർ 17/2018/വനം എന്ന ഉത്തരവ് പ്രകാരം നഷ്ടപരിഹാരം നൽകിവരുന്നുണ്ട്. വന്യമൃഗശല്യം രൂക്ഷമായ പ്രദേശങ്ങളിലെ ഫോറസ്റ്റ് സെറ്റിൽമെന്റുകളിലെ താമസക്കാരെ സ്വയം സന്നദ്ധ പുനരധിവാസപദ്ധതി പ്രകാരം കാടിന് പുറത്തേക്ക് പുനരധിവസിപ്പിക്കുന്നതിനും നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്.

(ബി) കൃഷിയിടങ്ങളിൽ കാട്ടാന ശല്യം രൂക്ഷമായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഏതൊക്കെ മേഖലയിലാണ് കാട്ടാന ശല്യം രൂക്ഷമായിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പാലക്കാട്, വയനാട് ജില്ലകളിലാണ് കാട്ടാന ശല്യം രൂക്ഷമായിട്ടുള്ളത്.

(സി) ട്രെയിൻ ഇടിച്ച് കാട്ടാനകൾ ചരിഞ്ഞ സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിനെതിരെ ശാസ്ത്രീയമായ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കഴിഞ്ഞ 10 വർഷത്തിനിടെ 8 ആനകൾ ഇപ്രകാരം ചരിഞ്ഞിട്ടുണ്ട്. ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കുന്നതിനായി റെയിൽ വേയുടെ സഹകരണത്തോടെ താഴെ പറയുന്ന ക്രമീകരണങ്ങൾ ഏർപ്പെടുത്തി യിട്ടുണ്ട്:- ലോക്കോ പൈലറ്റ്മാർക്കും റെയിൽവേ ട്രാക്ക് മുറിച്ച് കടക്കുന്ന ആനകൾക്കും പരസ്പരം കാണുന്നതിനായി ട്രാക്കിന്റെ ഇരുവശത്തും വിസ്താ ക്ലിയറൻസ് നടത്തുന്നുണ്ട്. ആനകളുടെ സഞ്ചാരപാതയിൽ വരുന്ന ട്രാക്കിന്റെ ഇരുവശവും സുഗമമായി കടന്നു പോകുന്നതിനായി സ്ഥലം നിരപ്പാക്കിയിട്ടുണ്ട്.

ആനകൾ ട്രാക്ക് മുറിച്ച് കടക്കുന്ന വിവരങ്ങൾ എളുപ്പത്തിൽ കൈമാറുന്നതിനായി ലൈൻമാൻമാർ, ഫോറസ്റ്റ് വാച്ചർമാർ, വനം വകുപ്പ് ഉദ്യോഗസ്ഥർ, ദക്ഷിണ റെയിൽവെ പാലക്കാടിലെ മുതിർന്ന ഉദ്യോഗസ്ഥർ എന്നിവരുടെ ഒരു വാട്ട്സ്ആപ്പ് ഗ്രൂപ്പ് രൂപീകരിച്ചിട്ടുണ്ട്. രാത്രികാല നിരീക്ഷണത്തിനായി ട്രാക്ക് വാച്ചർമാരെ നിയോഗിച്ചിട്ടുണ്ട്. ട്രാക്ക് വാച്ചർമാരും സ്റ്റേഷൻ മാസ്റ്റർമാരും തമ്മിൽ ആശയ വിനിമയത്തിന് സംവിധാനം ഒരുക്കിയിട്ടുണ്ട്. രാത്രിയിൽ ഈ മേഖലകളിൽ ട്രെയിനിന്റെ പരമാവധി വേഗത 45 കി.മീ./ മണിക്കൂറായി നിജപ്പെടുത്തിയിട്ടുണ്ട്. ട്രാക്കിന്റെ വിവിധ ഭാഗങ്ങളിലായി 17.9 കി.മീ. ദൂരത്തിൽ സോളാർ ഫെൻസിംഗ് സ്ഥാപിച്ചിട്ടുണ്ട്. മേൽപ്പറഞ്ഞ സംവിധാനങ്ങളുടെ കാര്യക്ഷമത അവലോകനം ചെയ്യുന്നതിനായി വനം വകുപ്പിലേയും റെയിൽവേയിലേയും ഉന്നത ഉദ്യോഗസ്ഥരുടെ മീറ്റിംഗ് കൃത്യമായ ഇടവേളകളിൽ കൂടുന്നുണ്ട്.

### വന്യജീവി ആക്രമണത്തിൽ നഷ്ടപരിഹാരം

187(933) ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യത്തിന് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വന്യജീവി ആക്രമണത്തിൽ ഗുരുതരമായി പരിക്കേറ്റവർക്കും മരണമടയുന്ന വർക്കും വനം വകുപ്പ് നൽകുന്ന നഷ്ടപരിഹാരത്തിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ?

5-4-2018-ലെ സ.ഉ.(കൈ) 17/2018/വനം നമ്പർ ഉത്തരവ് പ്രകാരമാണ് വന്യജീവി ആക്രമണത്തിൽ ഗുരുതരമായി പരിക്കേറ്റവർക്കും മരണമടയുന്നവർക്കും നഷ്ടപരിഹാരം നൽകിവരുന്നത്. വന്യജീവി ആക്രമണംമൂലം മരണപ്പെടുന്ന വ്യക്തികളുടെ ആശ്രിതർക്ക് 10 ലക്ഷം രൂപയും വനത്തിനു പുറത്ത് വച്ച് പാമ്പ് കടിയേറ്റ് ജീവഹാനി സംഭവിച്ചാൽ 2 ലക്ഷം രൂപയും നഷ്ടപരിഹാരമായി അനുവദിക്കുന്നു. വന്യമൃഗങ്ങളുടെ ആക്രമണംമൂലം പരിക്കേൽക്കുന്ന വ്യക്തികൾക്ക് ചികിത്സയ്ക്ക് ചെലവാകുന്ന തുക പരമാവധി ഒരു ലക്ഷം രൂപ വരെയും സ്ഥായിയായ അംഗവൈകല്യം സംഭവിക്കുന്നവർക്ക് 2 ലക്ഷം രൂപയും മേൽ സർക്കാർ ഉത്തരവ് പ്രകാരം അനുവദിച്ചുവരുന്നു. അപേക്ഷകന് ചികിത്സാർത്ഥം ചെലവായ തുക സംബന്ധിച്ച് കേരള സർക്കാർ സർവ്വീസിലെ സിവിൽ സർജൻ റാങ്കിൽ കുറയാത്ത മെഡിക്കൽ ഓഫീസർ നൽകുന്ന സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിലാണ് ചികിത്സാ ചെലവ് അനുവദിക്കുന്നത്. പട്ടികവർഗ്ഗ വിഭാഗക്കാർക്ക് ചികിത്സാർത്ഥം ചെലവാകുന്ന മുഴുവൻ തുകയും നൽകുന്നതാണ്.

**പുതുക്കാട് മണ്ഡലത്തിൽ വന്യജീവികളുടെ ആക്രമണം തടയേണ്ട നടപടി**

188(934) ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുക്കാട് മണ്ഡലത്തിൽപ്പെട്ട വരന്തരപ്പിള്ളി, മറ്റത്തൂർ ഗ്രാമ പഞ്ചായത്തുകളിൽപ്പെടുന്ന മലയോര ഗ്രാമങ്ങളിലും പ്ലാന്റേഷൻ മേഖലകളിലും കാട്ടാനകളുടെയും മറ്റു വന്യജീവികളുടെയും ആക്രമണം അടിക്കടിയുണ്ടാകുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ചാലക്കുടി ഡിവിഷണൽ ഫോറസ്റ്റ് ഓഫീസിനു കീഴിലുള്ള പാലപ്പിള്ളി, എലിക്കോട്, ശാസ്താംപൂവ്വം, കാരിക്കുളം, കള്ളിച്ചിത്ര, എച്ചിപ്പാറ തുടങ്ങിയ ആദിവാസികോളനികളിലും മലയോരമേഖലയിലും കാട്ടാന ആക്രമണംമൂലം മാസങ്ങൾക്കുള്ളിൽ അഞ്ചോളം പേർ മരിക്കുന്നതിനും കാർഷികവിളകൾക്കും മറ്റുവകകൾക്കും നാശനഷ്ടം സംഭവിച്ചിരിക്കുന്നതും കണക്കിലെടുത്ത് വന്യജീവി ആക്രമണം തടയാൻ ശക്തമായ നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കുമോ?

ചാലക്കുടി വനം ഡിവിഷനിൽ ഹാരിസൺ മലയാളം ലിമിറ്റഡ് കമ്പനി, കൊച്ചിൻ മലബാർ എസ്റ്റേറ്റ് കമ്പനി എന്നിവയ്ക്ക് പാട്ടത്തിന് നൽകിയ വന ഭൂമിയിലാണ് ആനകൾ കൂടുതലായി ഇറങ്ങുന്നതും ആക്രമണങ്ങൾ നടത്തുന്നതും. ടി കമ്പനി മാനേജരുമായി മീറ്റിംഗ് നടത്തുകയും പ്ലാന്റേഷൻ തൊഴിലാളികൾ പുലർച്ചെ 5-നു മുമ്പ് മേൽനോട്ടമില്ലാതെ പുറത്തിറങ്ങുന്നത് തടയുന്നതിനും ശരിയായ വെളിച്ചം ജോലിസ്ഥലങ്ങളിലും റോഡുകളിലും ഉറപ്പുവരുത്തുന്നതിനും ജോലിക്കാരുടെ യാത്രാസൗകര്യം സുരക്ഷിതമാക്കുന്നതിനും നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. രാത്രികാല പട്രോളിംഗ് കൂടുതൽ ശക്തിപ്പെടുത്തുന്നതിനും കൂടുതൽ വാച്ചർമാരെ നിയോഗിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ചാലക്കുടി ഡിവിഷനു കീഴിൽ 5 ജനജാഗ്രതാ സമിതികൾ പ്രവർത്തിച്ചു വരുന്നു. ടി സമിതികൾ യോഗം ചേർന്നു വരുന്നുണ്ട്.

(സി) പ്രസ്തുത മേഖലകളിൽ വന്യജീവി ആക്രമണം തടയുന്നതിന് എന്തെല്ലാം നടപടികളാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

വ്യക്തമാക്കാം. ചാലക്കുടി വനം ഡിവിഷന് കീഴിൽ വന്യമൃഗങ്ങൾ നാട്ടിലിറങ്ങുന്നത് തടയുന്നതിന് ഭൂരിഭാഗം പ്രദേശങ്ങളിലും സോളാർ ഫെൻസിംഗ് നടത്തിയിട്ടുണ്ട്. വനത്തിനുള്ളിൽ ഭക്ഷ്യലഭ്യത ഉറപ്പുവരുത്തുന്നതിന് കുളങ്ങൾ, ചെക്ക് ഡാമുകൾ എന്നിവ നിർമ്മിക്കുകയും നിലവിലുള്ളവയുടെ അറ്റകുറ്റപ്പണികൾ

നടത്തുകയും ചെയ്തിട്ടുണ്ട്. ജനജാഗ്രതാ സമിതികൾ രൂപീകരിക്കുകയും യോഗങ്ങൾ നടത്തുകയും രാത്രികാല പട്രോളിംഗ് നടത്തുകയും ആനകൾ നാട്ടിൽ ഇറങ്ങുന്നത് തടയാൻ പടക്കം പൊട്ടിക്കുകയും കൂടുതൽ വാച്ചർമാരെ നിയോഗിക്കുകയും ചെയ്തിട്ടുണ്ട്. ചാലക്കുടി മൊബൈൽ ടീമിലെ ജീവനക്കാരെ ആർ.ആർ.ടി. മാതൃകയിൽ പ്രവർത്തിപ്പിക്കുന്നതിന് ശ്രദ്ധിക്കുന്നുണ്ട്.

### വന്യമൃഗങ്ങളുടെ ആക്രമണവും തദ്ദേശവാസികളുടെ സംരക്ഷണവും

189(935) <u>ശ്രീ. കെ. ജെ. മാക്സി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വന്യമൃഗങ്ങളുടെ ആക്രമണങ്ങളാൽ ജീവൻ നഷ്ടപ്പെട്ടുന്നതുൾപ്പെടെ കൃഷി/വീട് നഷ്ടപ്പെടുന്നത് സർക്കാർ ശ്രദ്ധയിൽപ്പെട്ടുവോയെന്ന് അറിയിക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) എങ്കിൽ ഇത്തരത്തിൽ കഴിഞ്ഞ 10 വർഷക്കാലയളവിൽ ഓരോ വർഷവും എത്രപേർ മരണപ്പെട്ടുവെന്നും കൃഷിനാശവും വീടുകൾ നഷ്ടപ്പെട്ടതും സംബന്ധിച്ച വിശദാംശവും വ്യക്തമാക്കുമോ?

കഴിഞ്ഞ 10 വർഷക്കാലയളവിൽ വന്യജീവി ആക്രമണംമൂലം മരണപ്പെട്ടവരുടെ വിവരം അനുബന്ധമായി ചേർക്കുന്നു. കഴിഞ്ഞ 10 വർഷക്കാലയളവിൽ വന്യജീവി ആക്രമണംമൂലം മരണപ്പെട്ടവരുടെ ആശ്രിതരിൽനിന്നും മറ്റു നാശനഷ്ടം സംഭവിച്ചവരിൽനിന്നും ലഭിച്ച അപേക്ഷയുടെയും ധനസഹായത്തിന്റെയും വിവരം അനുബന്ധമായി ചേർക്കുന്നു.*

(സി) ഇതിൽ നിന്നും തദ്ദേശവാസികളെ സംരക്ഷിക്കാനും കൃഷി/വീട് സംരക്ഷണം ഉറപ്പുവരുത്താനുമായി വനം വകുപ്പ് സ്വീകരിച്ചു വരുന്ന പ്രധാന പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

വന്യമൃഗ ആക്രമണങ്ങളിൽനിന്നും തദ്ദേശവാസികളെ സംരക്ഷിക്കാനും കൃഷി/വീട് സംരക്ഷണം ഉറപ്പുവരുത്താനുമായി താഴെപ്പറയുന്ന പ്രതിരോധ സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ട്. വന്യമൃഗങ്ങളുടെ നാട്ടിലേയ്ക്കുള്ള പ്രവേശനം തടയുന്നതിനായി വനാതിർത്തികളിൽ സൗരോർജ്ജ വേലി, ആന പ്രതിരോധ മതിലുകൾ, കിടങ്ങുകൾ, ക്രാഷ്ഗാർഡ്, റോപ്പ് ഫെൻസിംഗ്, റെയിൽ ഫെൻസിംഗ് എന്നിവ നിർമ്മിക്കുകയും കാലാകാലങ്ങളിൽ ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച്

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

അറ്റകുറ്റപ്പണികൾ നടത്തി പ്രവർത്തനക്ഷമമാക്കുന്നുമുണ്ട്. വന്യമൃഗങ്ങളുടെ സാന്നിദ്ധ്യം മുൻകൂറായി അറിയിക്കുന്നതിനായി ഏർളി വാർണിംഗ് സിസ്റ്റം വനത്തിനോട് ചേർന്നുള്ള ജനവാസ മേഖലകളിൽ നടപ്പാക്കിയിട്ടുണ്ട്. നാട്ടിലേക്ക് ഇറങ്ങുന്ന വന്യജീവികളെ കാട്ടിലേയ്ക്ക് തുരത്തുന്നതിനായി വിവിധ പ്രദേശങ്ങളിൽ 13 സ്ഥിരം/താത്കാലിക റാപ്പിഡ് റെസ്പോൺസ് ടീമുകൾ പ്രവർത്തിച്ചു വരുന്നു. പ്രശ്നക്കാരായ ആനകളെ റേഡിയോ കോളർ ഘടിപ്പിച്ച് സഞ്ചാരപഥം നിരീക്ഷിച്ച് വനാതിർത്തിയിലെ താമസക്കാർക്ക് മുന്നറിയിപ്പ് കൊടുക്കുന്നതിനും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. കാട്ടാന പ്രശ്നം രൂക്ഷമായിട്ടുള്ള പാലക്കാട്, വയനാട് ജില്ലകളിൽ കുങ്കിയാനകളെ ഉപയോഗിച്ച് പ്രശ്നക്കാരായ കാട്ടാനകളെ തിരിച്ച് കാട്ടിലേയ്ക്ക് തുരത്തുന്നതിനായി കുങ്കി സ്ക്വാഡുകളും പ്രവർത്തിച്ച് വരുന്നുണ്ട്. സ്ഥിരമായി ജനവാസ കേന്ദ്രങ്ങളിലിറങ്ങുന്ന വന്യജീവികളെ മയക്ക് വെടിവെച്ചോ കൂടുകൾ സ്ഥാപിച്ചോ പിടിച്ച് ജനവാസ കേന്ദ്രങ്ങളിൽനിന്നും അകലെയുള്ള വനമേഖലയിലേയ്ക്ക് പുനരധിവസിപ്പിക്കുന്നതിനും നടപടി സ്വീകരിച്ച് വരുന്നുണ്ട്. മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിന് പൊതുജന പങ്കാളിത്തത്തോടെ നടപടികൾ സ്വീകരിക്കുന്നതിനായി തദ്ദേശീയരും ജനപ്രതിനിധികളും വനം ഉദ്യോഗസ്ഥരും ചേർന്നുള്ള 246 ജനജാഗ്രതാ സമിതികൾ രൂപീകരിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെയും സംസ്ഥാന സർക്കാരിന്റെയും സഹായത്തോടെ നടപ്പാക്കുന്ന പദ്ധതികളിൽപ്പെടുത്തി വന്യജീവികളുടെ ആവാസവ്യവസ്ഥ അഭിവൃദ്ധിപ്പെടുത്തുന്നതിന് മണ്ണ്, ജലസംരക്ഷണ പ്രവൃത്തികൾ, ചെക്ക് ഡാമുകളുടെ നിർമ്മാണം, തദ്ദേശീയമല്ലാത്ത കളകളുടെ നിർമ്മാർജ്ജനം, വനത്തിനകത്ത് ജലലഭ്യത ഉറപ്പുവരുത്തുന്നതിന് കുളങ്ങളുടെ നിർമ്മാണം, പുനരുദ്ധാരണം തുടങ്ങിയവ നടത്തിവരുന്നുണ്ട്. വന്യ ജീവികൾക്കും അവയുടെ ആവാസവ്യവസ്ഥയ്ക്കും ദോഷകരമായി ഭവിക്കുന്ന കാട്ടുതീ തടയുന്നതിനായി വനമേഖലകളിലും വനാതിർത്തി പങ്കിടുന്ന ജനവാസ മേഖലകളിലും കാട്ടുതീ പ്രതിരോധ പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. കാട്ടുപന്നികൾ ജനവാസ മേഖലയിലും കൃഷിയിടങ്ങളിലും നാശം വരുത്തുകയും മനുഷ്യർക്ക് പരിക്ക്, ജീവഹാനി എന്നിവ ഉണ്ടാക്കുന്ന സാഹചര്യത്തിൽ അവയെ ഉപാധികളോടെ വെടിവച്ച് കൊല്ലുന്നതിനും നശിപ്പിക്കുന്നതിനും 18-5-2020-ലെ സ.ഉ. (സാധാ) നമ്പർ 111/2020/വനം, 11-1-2021-ലെ സ.ഉ. (സാധാ) നമ്പർ 5/2021/വനം, 28-1-2021-ലെ സ.ഉ. (സാധാ) നമ്പർ 25/2021/വനം എന്നിവ പ്രകാരം ഉത്തരവായിട്ടുണ്ട്. 29-5-2021-ലെ സ.ഉ. (സാധാ) നമ്പർ 159/2021/വനം പ്രകാരം മേൽ ഉത്തരവുകളുടെ കാലാവധി 17-5-2022 വരെ ദീർഘിപ്പിച്ച് നൽകിയിട്ടുണ്ട്. വന്യജീവി ആക്രമണംമൂലം കൃഷിനാശം സംഭവിച്ച കർഷകർക്ക് 8-1-2015-ലെ സ.ഉ. (കൈ) നമ്പർ 2/2015/വനം, 5-4-2018-ലെ സ.ഉ. (കൈ) നമ്പർ 17/2018/വനം എന്നീ ഉത്തരവുകൾ പ്രകാരം നഷ്ടപരിഹാരം നൽകി വരുന്നുണ്ട്. വന്യജീവി ആക്രമണംമൂലം ജീവഹാനി, പരിക്ക്, സ്വത്ത്നാശം,

അംഗവൈകല്യം എന്നിവ ഉണ്ടാകുന്നവർക്ക് 5-4-2018-ലെ സ.ഉ.(കൈ)നമ്പർ 17/2018/വനം എന്ന ഉത്തരവ് പ്രകാരം നഷ്ടപരിഹാരം നൽകി വരുന്നുണ്ട്. വന്യമൃഗശല്യം രൂക്ഷമായ പ്രദേശങ്ങളിലെ ഫോറസ്റ്റ് സെറ്റിൽമെന്റുകളിലെ താമസക്കാരെ സ്വയം സന്നദ്ധ പുനരധിവാസ പദ്ധതി പ്രകാരം കാടിന് പുറത്തേക്ക് പുനരധിവസിപ്പിക്കുന്നതിനും നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്.

(ഡി) ഇത്തരത്തിൽ ദുരിതമനുഭവിക്കുന്നവർക്കും മരണപ്പെട്ടവർക്കും നൽകിവരുന്ന സർക്കാർ സഹായം വ്യക്തമാക്കുമോ; ഇവർക്കായുള്ള സംരക്ഷണ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കാൻ വനം വകുപ്പ് നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കുമോ?

വന്യജീവികളുടെ ആക്രമണം നേരിട്ടവർക്ക് 1980-ലെ ദി കേരള റൂൾസ് ഫോർ പേയ്മെന്റ് ഓഫ് കോമ്പൻസേഷൻ റ്റു വിക്ടിംസ് ഓഫ് അറ്റാക്ക് ബൈ വൈൽഡ് ആനിമൽസ് പ്രകാരം നഷ്ടപരിഹാരം നൽകുന്നുണ്ട്. 5-4-2018-ലെ സർക്കാർ ഉത്തരവ് (കൈ) നം.17/2018/വനം പ്രകാരം പുതുക്കിയ നിരക്കിൽ നഷ്ടപരിഹാരം നൽകി വരുന്നു. നിലവിലെ നിരക്ക് അനുബന്ധമായി ചേർക്കുന്നു.* 8-1-2015-ലെ സർക്കാർ ഉത്തരവ് (എം.എസ്.) നമ്പർ 02/2015/വനം പ്രകാരം കൃഷിനാശം സംഭവിക്കുന്ന 27 ഇനം കാർഷിക വിളയ്ക്കുള്ള നഷ്ടപരിഹാരം നൽകി വരുന്നു.

**വന്യജീവി സംഘർഷം നിയന്ത്രിക്കൽ**

190(936) ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യത്തിന് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വന്യജീവി സംഘർഷം വനാതിർത്തിയിലുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ നിയന്ത്രിക്കുന്നതിന് ഫലപ്രദമായ നടപടികൾ സ്വീകരിക്കുന്നതിനുള്ള സാധ്യത പരിശോധിക്കുമോ; വിശദാംശങ്ങൾ നൽകുമോ?

വന്യജീവി സംഘർഷം വനാതിർത്തിയിലുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ നിയന്ത്രിക്കുന്നതിന് ഫലപ്രദമായ നടപടികൾ സ്വീകരിക്കുന്നതിനുള്ള സാധ്യത പരിശോധിക്കുന്നതിനായി 14-9-2021-ൽ ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ഒരു അടിയന്തര യോഗം വിളിച്ച് ചേർത്തിരുന്നു. സംസ്ഥാനത്തെ വനാതിർത്തികളോട് ചേർന്ന് ഉണ്ടാകുന്ന മനുഷ്യവന്യജീവി സംഘർഷംമൂലമുള്ള മരണങ്ങൾ, കൃഷിനാശം എന്നീ വിഷയങ്ങളുമായി ബന്ധപ്പെട്ട് വനം വകുപ്പും തദ്ദേശ സ്വയംഭരണ വകുപ്പും

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സംയുക്തമായി ആലോചിച്ച് ത്രിതല പഞ്ചായത്തുകളുടെ പങ്കാളിത്തം ഉറപ്പുവരുത്തി, തൊഴിലുറപ്പ് പദ്ധതികൂടി ഉൾപ്പെടുത്തിക്കൊണ്ട് പരിഹാര മാർഗ്ഗങ്ങൾ സ്വീകരിക്കേണ്ടതിന്റെ ആവശ്യകതയെപ്പറ്റി വനം വകുപ്പ് വ്യക്തമാക്കിയിട്ടുണ്ട്. ഈ വിഷയത്തിൽ സത്വര നടപടികൾ ഉണ്ടാകുന്നതിനും ഇതിനായി ജില്ലതിരിച്ച് കാര്യനിർവ്വഹണത്തിനായി ബന്ധപ്പെട്ട അധികാരികളെ നിയോഗിക്കുന്നതിനും ആവശ്യമായ പ്രാരംഭ യോഗങ്ങൾ ചേരുന്നതിനെപ്പറ്റിയും യോഗത്തിൽ ചർച്ച ചെയ്തിട്ടുണ്ട്. നിലവിൽ വകുപ്പ് സ്വീകരിച്ചുവരുന്ന മാർഗ്ഗങ്ങളെപ്പറ്റി പഞ്ചായത്ത് തലത്തിൽ അവബോധം നൽകിക്കൊണ്ട് വനം വകുപ്പ് ഈ പദ്ധതി നടപ്പിൽ വരുത്തുന്നതിനും ജില്ലാടിസ്ഥാനത്തിൽ യോഗം ചേരുമ്പോൾ എം.എൽ.എ.-മാരെയും പഞ്ചായത്ത് പ്രസിഡന്റ്, സെക്രട്ടറി, എന്നിവരെയും ഉൾപ്പെടുത്തുന്നതിനും വനം വകുപ്പിൽ നിന്നും പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (പി & ഡി) യെ പദ്ധതി ഏകോപന ചുമതല നൽകുന്നതിനും യോഗത്തിൽ തീരുമാനമായിട്ടുണ്ട്. മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിന് വനാതിർത്തി പങ്കിടുന്ന പഞ്ചായത്തുകളിൽ തദ്ദേശീയരും ജനപ്രതിനിധികളും വന ഉദ്യോഗസ്ഥരും ചേർന്നുള്ള ജനജാഗ്രതാ സമിതികൾ 7-2-2017-ലെ സ.ഉ.(സാധാ) നമ്പർ 51/2017/വനം പ്രകാരം രൂപീകരിച്ച് 2017 മുതൽ പ്രവർത്തിച്ച് വരുന്നുണ്ട്. ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്/ മുനിസിപ്പൽ ചെയർപേഴ്സൺ അദ്ധ്യക്ഷനും ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് / മുനിസിപ്പൽ വൈസ് ചെയർപേഴ്സൺ ഉപാദ്ധ്യക്ഷനും ജില്ലാ പഞ്ചായത്ത് മെമ്പർ, ബ്ലോക്ക് പഞ്ചായത്ത് മെമ്പർ എന്നിവർ അംഗങ്ങളുമായ 246 ജനജാഗ്രതാ സമിതികൾ നിലവിൽ സംസ്ഥാനത്ത് രൂപീകരിച്ചിട്ടുണ്ട്. ജനജാഗ്രതാ സമിതികൾക്ക് മനുഷ്യ-വന്യജീവി സംഘർഷം കുറയ്ക്കുന്നതിലുള്ള ഉത്തരവാദിത്തങ്ങളും കടമകളും ചുവടെ ചേർക്കുന്നു :

വന്യജീവി ആക്രമണമുണ്ടാകുന്ന മേഖലകളിൽ വനം വകുപ്പിന്റെ ജനകീയ മുഖമായി പ്രവർത്തിച്ച് ജനങ്ങളെ സഹായിക്കുക, പ്രദേശത്തിന് ഏറ്റവും യോജിച്ച പ്രതിരോധ മാർഗ്ഗങ്ങളെക്കുറിച്ച് വനം വകുപ്പിനെ അറിയിക്കുക, മൂന്ന് മാസത്തിലൊരിക്കൽ യോഗം കൂടി വേണ്ട ശിപാർശകൾ വനം വകുപ്പ് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർക്ക് നൽകുക, നിലവിൽ നിർമ്മിച്ചിട്ടുള്ള ഫെൻസിംഗ് ഉൾപ്പെടെയുള്ള പ്രതിരോധ മാർഗ്ഗങ്ങൾക്ക് കേടുപാടുകൾ സംഭവിച്ചിട്ടുണ്ടെങ്കിൽ ആ വിവരം ബന്ധപ്പെട്ട റെയിഞ്ച് ഫോറസ്റ്റ് ഓഫീസറെ അറിയിക്കുകയും കമ്മിറ്റിയിൽ ചർച്ച ചെയ്ത് പരിഹാര മാർഗ്ഗങ്ങൾ നിർദ്ദേശിക്കുകയും ചെയ്യുക, വന്യജീവി ആക്രമണമുണ്ടാകുന്ന പക്ഷം സ്ഥലത്തെത്തി വേണ്ട നടപടികൾ സ്വീകരിക്കാൻ വനം വകുപ്പിനെ സഹായിക്കുക, വനാതിർത്തി പങ്കിടുന്ന മേഖലകളിൽ വന്യ ജീവികളെ ആകർഷിക്കാത്ത തരത്തിലുള്ള കൃഷി ചെയ്യുന്നതിന് ജനങ്ങളിൽ

അവബോധം സൃഷ്ടിക്കുന്ന വകുപ്പിന്റെ നടപടികളിൽ പങ്കാളികളാകുക, വന്യ ജീവികൾ കാടിന് പുറത്തേയ്ക്ക് വരുന്നത് തദ്ദേശവാസികളെ മുൻകൂട്ടി അറിയിക്കുന്നതിനുള്ള എസ്.എം.എസ്. അലർട്ട് സിസ്റ്റം തുടങ്ങിയ സംവിധാനങ്ങളുടെ പ്രവർത്തക്ഷമത ഉറപ്പ് വരുത്തുക.

**വന്യജീവി ആക്രമണങ്ങളിൽ നിന്ന് സംരക്ഷണം**

191(937) ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അതിരപ്പിള്ളി, വാഴച്ചാൽ, ചാലക്കുടി വനമേഖലയോടനുബന്ധിച്ചുള്ള ജനവാസകേന്ദ്രങ്ങളിൽ അധിവസിക്കുന്നവർക്ക് വന്യമൃഗങ്ങളിൽ നിന്നും നേരിടേണ്ടി വരുന്ന ഭീഷണിയും ജീവഹാനിയും കൃഷിനാശവും സംബന്ധിച്ച് നിരന്തരമായി ഉയർന്നു വരുന്ന പരാതികൾ ഗൗരവത്തിലെടുക്കുമോ?

ഗൗരവത്തിൽ എടുത്തിട്ടുണ്ട്.

(ബി) വന്യജീവികളുടെ ആക്രമണങ്ങളിൽ നിന്ന് ജനങ്ങളെ സംരക്ഷിക്കുന്നതിന് നിലവിലുള്ള സംവിധാനങ്ങൾ എന്തെല്ലാമാണ്; ജനങ്ങളെ സംരക്ഷിക്കുന്നതിന് അവ പര്യാപ്തമാണോ; ഇല്ലെങ്കിൽ മെച്ചപ്പെട്ട മാർഗ്ഗങ്ങൾ അവലംബിക്കുമോയെന്ന് വ്യക്തമാക്കുമോ?

വന്യജീവികളുടെ ആക്രമണങ്ങളിൽ നിന്ന് ജനങ്ങളെ സംരക്ഷിക്കുന്നതിന് നിലവിലുള്ള സംവിധാനങ്ങൾ ചുവടെ ചേർക്കുന്നു - വന്യമൃഗങ്ങളുടെ നാട്ടിലേയ്ക്കുള്ള പ്രവേശനം തടയുന്നതിനായി വനാതിർത്തികളിൽ സൗരോർജ്ജ വേലി, ആന പ്രതിരോധ മതിലുകൾ, കിടങ്ങുകൾ, ക്രാഷ്ഗാർഡ് റോപ്പ് ഫെൻസിംഗ്, റെയിൽ ഫെൻസിംഗ്, ജൈവവേലി എന്നിവ നിർമ്മിക്കുകയും അറ്റകുറ്റപ്പണികൾ നടത്തി പ്രവർത്തനക്ഷമമാക്കുന്നുമുണ്ട്. വന്യമൃഗങ്ങളുടെ സാന്നിദ്ധ്യം മുൻകൂറായി അറിയിക്കുന്നതിനായി ഏർളി വാർണിംഗ് സിസ്റ്റം വനത്തിനോട് ചേർന്നുള്ള ജനവാസ മേഖലകളിൽ നടപ്പാക്കിയിട്ടുണ്ട്. നാട്ടിലേക്ക് ഇറങ്ങുന്ന വന്യജീവികളെ കാട്ടിലേയ്ക്ക് തുരത്തുന്നതിനായി വിവിധ പ്രദേശങ്ങളിൽ 13 സ്ഥിരം/താത്കാലിക റാപ്പിഡ് റെസ്പോൺസ് ടീമുകൾ പ്രവർത്തിച്ചു വരുന്നു. പ്രശ്നക്കാരായ ആനകളെ റേഡിയോ കോളർഘടിപ്പിച്ച് സഞ്ചാരപഥം നിരീക്ഷിച്ച് വനാതിർത്തിയിലെ താമസക്കാർക്ക് മുന്നറിയിപ്പ് കൊടുക്കുന്നതിനും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. കാട്ടാന പ്രശ്നം രൂക്ഷമായിട്ടുള്ള പാലക്കാട്, വയനാട് ജില്ലകളിൽ കുങ്കിയാനകളെ ഉപയോഗിച്ച് പ്രശ്നക്കാരായ കാട്ടാനകളെ തിരിച്ച് കാട്ടിലേയ്ക്ക് തുരത്തുന്നതിനായി കുങ്കി സ്ക്വാഡുകളും പ്രവർത്തിച്ചു വരുന്നുണ്ട്. സ്ഥിരമായി ജനവാസ കേന്ദ്രങ്ങളിലിറങ്ങുന്ന

വന്യജീവികളെ മയക്ക് വെടിവച്ചോ കൂടുകൾ സ്ഥാപിച്ചോ പിടിച്ച് ജനവാസ കേന്ദ്രങ്ങളിൽ നിന്നും അകലെയുള്ള വനമേഖലയിലേയ്ക്ക് പുനരധിവസിപ്പിക്കുന്നതിനും നടപടി സ്വീകരിച്ച് വരുന്നുണ്ട്. മനുഷ്യ വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിന് പൊതുജന പങ്കാളിത്തത്തോടെ നടപടികൾ സ്വീകരിക്കുന്നതിനായി തദ്ദേശിയരും ജനപ്രതിനിധികളും വനം ഉദ്യോഗസ്ഥരും ചേർന്നുള്ള 246 ജനജാഗ്രതാ സമിതികൾ രൂപീകരിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെയും സംസ്ഥാന സർക്കാരിന്റെയും സഹായത്തോടെ നടപ്പാക്കുന്ന പദ്ധതികളിൽപ്പെടുത്തി വന്യജീവികളുടെ ആവാസവ്യവസ്ഥ അഭിവൃദ്ധി പ്പെടുത്തുന്നതിന് മണ്ണ് ജലസംരക്ഷണ പ്രവൃത്തികൾ, ചെക്ക് ഡാമുകളുടെ നിർമ്മാണം, തദ്ദേശീയമല്ലാത്ത കളകളുടെ നിർമ്മാർജ്ജനം, വനത്തിനകത്ത് ജലലഭ്യത ഉറപ്പുവരുത്തുന്നതിന് കുളങ്ങളുടെ നിർമ്മാണം, പുനരുദ്ധാരണം തുടങ്ങിയവ നടത്തിവരുന്നുണ്ട്. വന്യജീവികൾക്കും അവയുടെ ആവാസവ്യവസ്ഥയ്ക്കും ദോഷകരമായി ഭവിക്കുന്ന കാട്ടുതീ തടയുന്നതിനായി വനമേഖലകളിലും വനാതിർത്തി പങ്കിടുന്ന ജനവാസ മേഖലകളിലും കാട്ടുതീ പ്രതിരോധ പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. കാട്ടുപന്നികൾ ജനവാസ മേഖലയിലും, കൃഷിയിടങ്ങളിലും നാശം വരുത്തുകയും മനുഷ്യർക്ക് പരിക്ക്, ജീവഹാനി എന്നിവ ഉണ്ടാകുന്ന സാഹചര്യത്തിൽ അവയെ ഉപാധികളോടെ വെടിവച്ച് കൊല്ലുന്നതിനും നശിപ്പിക്കുന്നതിനും 18-5-2020-ലെ സ.ഉ. (സാധാ) നമ്പർ 111/ 2020/വനം, 11-1-2021-ലെ സ.ഉ. (സാധാ) നമ്പർ 5/ 2021/വനം, 28-1-2021-ലെ സ.ഉ. (സാധാ) നമ്പർ 25/2021/വനം എന്നിവ പ്രകാരം ഉത്തരവായിട്ടുണ്ട്. 29-5-2021-ലെ സ.ഉ. (സാധാ) നമ്പർ 159/2021/ വനം പ്രകാരം മേൽ ഉത്തരവുകളുടെ കാലാവധി 17-5-2022-വരെ ദീർഘിപ്പിച്ച് നൽകിയിട്ടുണ്ട്. വന്യജീവി ആക്രമണംമൂലം കൃഷിനാശം സംഭവിച്ച കർഷകർക്ക് 8-1-2015 -ലെ സ.ഉ. (കൈ) നമ്പർ 2/2015/ വനം, 5-4-2018-ലെ സ.ഉ. (കൈ) നമ്പർ 17/2018/വനം എന്നീ ഉത്തരവുകൾ പ്രകാരം നഷ്ട പരിഹാരം നൽകി വരുന്നുണ്ട്. വന്യജീവി ആക്രമണംമൂലം ജീവഹാനി, പരിക്ക്, സ്വത്ത്നാശം, അംഗവൈകല്യം എന്നിവ ഉണ്ടാകുന്നവർക്ക് 5-4-2018-ലെ സ.ഉ.(കൈ) നമ്പർ 17/2018/വനം എന്ന ഉത്തരവ് പ്രകാരം നഷ്ടപരിഹാരം നൽകി വരുന്നുണ്ട്. വന്യമൃഗശല്യം രൂക്ഷമായ പ്രദേശങ്ങളിലെ ഫോറസ്റ്റ് സെറ്റിൽമെന്റുകളിലെ താമസക്കാരെ സ്വയം സന്നദ്ധ പുനരധിവാസ പദ്ധതി പ്രകാരം കാടിന് പുറത്തേക്ക് പുനരധിവസിപ്പിക്കുന്നതിനും നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്. ജനങ്ങളെ സംരക്ഷിക്കുന്നതിന് കൂടുതൽ മെച്ചപ്പെട്ട മാർഗ്ഗങ്ങൾ ഉൾപ്പെടുത്തി കേരളത്തിലെ മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനായി 5 വർഷത്തേയ്ക്കുള്ള ഒരു കർമ്മ പദ്ധതി പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വൈൽഡ് ലൈഫ്) &, ചീഫ് വൈൽഡ് ലൈഫ് വാർഡൻ സമർപ്പിച്ചിട്ടുണ്ട്. ആയത് സർക്കാർ പരിശോധിച്ച് വരികയാണ്.

(സി) വന്യജീവികൾമൂലമുണ്ടാകുന്ന കൃഷിനാശം പ്രദേശത്തെ കാർഷിക വൃത്തിയേയും ജനജീവിതത്തേയും കൂടുതൽ ദുരിതത്തിലാക്കിയിരിക്കുന്ന വസ്തുത പ്രത്യേകം പരിശോധിക്കുമോയെന്ന് വ്യക്തമാക്കാമോ?

പരിശോധിക്കുന്നതാണ്.

(ഡി) ചാലക്കുടി, വാഴച്ചാൽ ഡി.എഫ്.ഒ. ഓഫീസുകളുടെ പരിധിയിൽ വന്യജീവി ആക്രമണംമൂലം മരണപ്പെട്ടവരുടെ ആശ്രിതർക്കുള്ള നഷ്ടപരിഹാരം, സ്ഥായിയായ അംഗഭംഗം, പരിക്ക്, വീടുനഷ്ടം, കന്നുകാലിനഷ്ടം, വിളനാശം തുടങ്ങിയവയ്ക്കുള്ള നഷ്ടപരിഹാരത്തിനായുള്ള എത്ര അപേക്ഷകളിൽ നടപടി സ്വീകരിക്കാനുണ്ടെന്ന് ഇനം തിരിച്ച് വിശദമാക്കുമോ?

വിശദമാക്കാം. വിവരം ചുവടെ ചേർക്കുന്നു :

| ഡിവിഷൻ | വിഭാഗം | അപേക്ഷകരുടെ എണ്ണം | നൽകുവാനുള്ള നഷ്ടപരിഹാര തുക(രൂപയിൽ) |
|---|---|---|---|
| ചാലക്കുടി | കന്നുകാലി നഷ്ടം | 12 | 2,54,000 |
| | കൃഷി | 71 | 13,85,130 |
| | പരിക്ക് | 26 | 9,61,781 |
| | മരണം | 11 (പാമ്പുകടിമൂലം -5, കാട്ടാനയുടെ ആക്രമണം മൂലം- 6) | 70,00,000 |
| | വസ്തുവകകൾ | 4 | 32,660 |
| | ആകെ | | 96,33,571 |
| വാഴച്ചാൽ | മരണം | 1(കാട്ടാനയുടെ ആക്രമണംമൂലം) | 5,00,000 (ബാക്കി 5 ലക്ഷം രൂപ അനന്തരാവകാശ സർട്ടിഫിക്കറ്റ് ലഭ്യമാകുന്ന മുറയ്ക്ക് നൽകുന്നതാണ്.) |

(ഇ) നഷ്ടപരിഹാരം അനുവദിക്കുന്നതിന് പര്യാപ്തമായ ഫണ്ട് ലഭ്യമാണോ; വിശദാംശങ്ങൾ നൽകുമോ?

2021-22 സാമ്പത്തിക വർഷത്തിൽ ചാലക്കുടി, വാഴച്ചാൽ ഡിവിഷനുകളിൽ നഷ്ടപരിഹാര തുക മുഴുവനായും അനുവദിക്കുന്നതിന് പര്യാപ്തമായ നടപടികൾ സ്വീകരിക്കുന്നതാണ്. 2021-22 സാമ്പത്തിക വർഷം ഈ ഡിവിഷനുകളിൽ നഷ്ടപരിഹാരത്തിന് അനുവദിച്ച തുക, ചെലവാക്കിയ തുക എന്നിവ സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു:-

| ഡിവിഷൻ | ബഡ്ജറ്റ് ഹെഡ് | അനുവദിച്ച തുക | ചെലവാക്കിയ തുക |
|---|---|---|---|
| ചാലക്കുടി | 2406-02-800-92-Relief to victims | 33,250 | 33,167 |
| | 2406-01-800-56-MRMAC | 4,50,000 | 4,48,774 |
| വാഴച്ചാൽ | 2406-02-800-92-Relief to victims | 33,250 | 31,105 |
| | 2406-01-800-56-MRMAC | 11,25,000 | 11,24,000 |

**വന്യമൃഗ പ്രതിരോധം**

192(938) ശ്രീ. എൻ. ഷംസുദീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണ്ണാർക്കാട് മണ്ഡലത്തിലെ വിവിധ ഭാഗങ്ങളിൽ വന്യമൃഗ പ്രതിരോധത്തിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

മണ്ണാർക്കാട് നിയോജകമണ്ഡലത്തിലെ വിവിധ ഭാഗങ്ങളിൽ വന്യജീവി ആക്രമണം പ്രതിരോധിക്കുന്നതിനായി മണ്ണാർക്കാട് കേന്ദ്രീകരിച്ച് ഒരു റാപ്പിഡ് റെസ്പോൺസ് ടീമും അഗളി കേന്ദ്രീകരിച്ച് ഒരു താൽക്കാലിക റാപ്പിഡ് റെസ്പോൺസ് ടീമും പ്രവർത്തിച്ച് വരുന്നുണ്ട്. പ്രശ്നബാധിത പ്രദേശങ്ങളിൽ വന്യജീവികളെ കാട്ടിലേയ്ക്ക് തിരികെ അയയ്ക്കുന്നതിന് സ്ഥിരം ജീവനക്കാരെ കൂടാതെ പ്രദേശ വാസികളായ താൽക്കാലിക വാച്ചർമാരെ നിയമിച്ചിട്ടുണ്ട്. വന്യജീവികൾ വനത്തിന്

പുറത്ത് വരുന്നത് തടയുന്നതിനായി 50.45 കി.മീ. സൗരോർജ്ജവേലി, 7.44 കി.മീ. ആന പ്രതിരോധ കിടങ്ങ് എന്നിവ സ്ഥാപിക്കുകയും അവയുടെ അറ്റകുറ്റപണികൾ നടത്തിവരുകയും ചെയ്യുന്നുണ്ട്. കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി 88.50 കി.മീ. സൗരോർജ്ജവേലി നിർമ്മാണത്തിനുള്ള നടപടി പുരോഗമിച്ച് വരുന്നുണ്ട്.

(ബി) പ്രസ്തുത മണ്ഡലത്തിലെ വിവിധ ഭാഗങ്ങളിൽ പുലി, കടുവ എന്നിവയുടെ വർദ്ധിച്ചുവരുന്ന ശല്യം പ്രതിരോധിക്കുവാൻ എന്തെങ്കിലും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ ഇതിന്റെ വിശദാംശം വ്യക്തമാക്കുമോ?

പുലി, കടുവ എന്നിവയുടെ സാന്നിദ്ധ്യം വർദ്ധിച്ച തോതിൽ അനുഭവപ്പെടുന്ന പ്രദേശങ്ങളിൽ നിരീക്ഷണ ക്യാമറകൾ സ്ഥാപിച്ചിട്ടുണ്ട്. ചീഫ് വൈൽഡ് ലൈഫ് വാർഡന്റെ അനുമതിയോടെ ഇത്തരം പ്രദേശങ്ങളിൽ രണ്ട് തവണ കൂട് സ്ഥാപിച്ചിട്ടുണ്ട്. കഴിഞ്ഞ വർഷം പൊതുവപ്പാടം ഭാഗത്തുനിന്നും കൂട് സ്ഥാപിച്ച് പുലിയെ പിടികൂടിയിട്ടുണ്ട്. കൂടാതെ മണ്ണാർക്കാട് ഡിവിഷനിലെ പ്രശ്നബാധിത പ്രദേശങ്ങളിൽ ഒരു കി.മീ. ആനപ്രതിരോധ കിടങ്ങ്, 33.50 കി.മീ. സൗരോർജ്ജ വേലി, 31.50 കി.മീ. ഹാങ്ങിംഗ് പവ്വർ ഫെൻസ്, ഏർലി വാർണിംഗ് സിസ്റ്റം എന്നിവ സ്ഥാപിക്കുന്നതിനും വിസ്റ്റാ ക്ലിയറൻസ്, പുതിയ ആർ.ആർ.ടി. സ്ഥാപിക്കൽ, ജലാശയങ്ങൾ നിർമ്മിക്കലും പരിപാലനവും, ആർ.ആർ.ടി.-ക്കുള്ള വിവിധ ഉപകരണങ്ങൾ ലഭ്യമാക്കൽ, ട്രെയിനിംഗ് തുടങ്ങി പ്രവൃത്തികൾ മനുഷ്യ-വന്യജീവി സംഘർഷം നിയന്ത്രിക്കുന്നതിനായി സർക്കാരിലേയ്ക്ക് സമർപ്പിച്ചിട്ടുള്ള കർമ്മ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ആയത് സർക്കാരിന്റെ പരിഗണനയിലാണ്.

### കുട്ടനാട്ടിലെ വെള്ളപ്പൊക്ക നിയന്ത്രണം

193(939) <u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u>: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കുട്ടനാട്ടിലെ വെള്ളപ്പൊക്ക നിയന്ത്രണം സംബന്ധിച്ച് സംസ്ഥാന പ്ലാനിംഗ് ബോർഡ് സമർപ്പിച്ച റിപ്പോർട്ടിലെ ഏതൊക്കെ നിർദ്ദേശങ്ങൾ നാളിതുവരെ നടപ്പാക്കിയിട്ടുണ്ട്; ഈ പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ?

കുട്ടനാട്ടിലെ വെള്ളപ്പൊക്ക നിയന്ത്രണം സംബന്ധിച്ച് സംസ്ഥാന പ്ലാനിംഗ് ബോർഡ് സമർപ്പിച്ച റിപ്പോർട്ട് പ്രകാരം നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

1. റൂം ഫോർ റിവർ പദ്ധതി- റീബിൽഡ് കേരള ഇനിഷ്യേറ്റീവിലുൾപ്പെടുത്തി പദ്ധതി നടപ്പിലാക്കുവാനാണ് തീരുമാനിച്ചിട്ടുള്ളത്. തോട്ടപ്പള്ളി സ്പിൽവേ, ലീഡിംഗ് ചാനൽ എന്നിവയുടെ നവീകരണവും എ.സി. കനാലിന്റെ രണ്ടും മൂന്നും റീച്ചുകളുടെ നിർമ്മാണം എന്നിവയാണ് ഈ പദ്ധതിയിലൂടെ

വിഭാവന ചെയ്തിരിക്കുന്നത്. ഈ പദ്ധതി നടപ്പിലാക്കുന്നതിന് മുൻപായി വിശദമായ ഹൈഡ്രോ ഡൈനാമിക് പഠനം ആവശ്യമായിട്ടുണ്ട്. പ്രസ്തുത പഠനത്തിനായി ചെന്നൈ ഐ.ഐ.റ്റി.-യെ ചുമതലപ്പെടുത്തുകയും കരാറിൽ ഒപ്പുവെച്ചിട്ടുള്ളതുമാണ്. പ്രാരംഭ പഠനങ്ങൾ ചെന്നൈ ഐ.ഐ.റ്റി. ആരംഭിച്ചു കഴിഞ്ഞു. റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് പ്രവൃത്തികൾ ആരംഭിക്കാവുന്നതാണ്.

2. പാടശേഖരങ്ങളുടെ പുറംബണ്ട് ബലപ്പെടുത്തലും തോടുകളുടെ നവീകരണവും-2019-20, 2020-21 ബഡ്ജറ്റിലുൾപ്പെടുത്തി 66 പാടശേഖരങ്ങളുടെ പുറംബണ്ട് ബലപ്പെടുത്തുന്ന പ്രവൃത്തികൾ നടപ്പിലാക്കി വരുന്നു. കൂടാതെ തോട്ടപ്പള്ളി സ്പിൽവേയുടെ ഇലക്ട്രിക്കൽ, മെക്കാനിക്കൽ പ്രവൃത്തിയും ഇതിലുൾപ്പെടുന്നതാണ്. ഈ പ്രവൃത്തികൾക്കുള്ള തുക പ്ലാൻ സ്കീമിലും നബാർഡിലും ഉൾപ്പെടുത്തി ലഭിച്ചിട്ടുള്ളതാണ്. കൂടാതെ 2021-22 ബഡ്ജറ്റിലുൾപ്പെടുത്തി 39 പാടശേഖരങ്ങളുടെ പുറംബണ്ട് നിർമ്മിക്കുന്ന പ്രവൃത്തികൾക്ക് പ്ലാൻ സ്കീമിലുൾപ്പെടുത്തി ഭരണാനുമതി നൽകുകയും നബാർഡ് സ്കീമിലുൾപ്പെടുത്തി 4 പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. തോടുകളിലെ എക്കലും ചെളിയും നീക്കം ചെയ്യുന്ന പ്രവൃത്തികളും ഈ സ്കീമിലുൾപ്പെടുത്തിയിട്ടുണ്ട്.

## തൃശ്ശൂർ നിയോജക മണ്ഡലത്തിലെ മേജർ ഇറിഗേഷൻ പ്രവൃത്തികൾ

194(940) ശ്രീ. പി. ബാലചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മേജർ ഇറിഗേഷൻ വകുപ്പിന്റെ കീഴിൽ തൃശ്ശൂരിൽ നിലവിൽ അനുവദിച്ചിട്ടുള്ള പ്രവൃത്തികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തികൾ അനുവദിച്ച തീയതി, എസ്റ്റിമേറ്റ് തുക, ഭരണാനുമതി, സാങ്കേതികാനുമതി എന്നിവയുടെ തീയതികൾ, നിലവിലെ സ്ഥിതി എന്നിവ ലഭ്യമാക്കുമോ?

(എ & ബി) തൃശ്ശൂർ നിയോജകമണ്ഡലത്തിൽ നിലവിൽ അനുവദിച്ച മേജർ ഇറിഗേഷൻ പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## ജലനിധി പദ്ധതിയിൽ റോഡ് റെസ്റ്റോറേഷൻ ചാർജ് ഉൾപ്പെടുത്തുവാൻ നടപടി

195(941) ശ്രീ. പി. അബ്ദുൽ ഹമീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമീണ മേഖലയിൽ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനും കുടിവെള്ളം എത്തിക്കുന്നതിനും വേണ്ടി ജലനിധി പദ്ധതിയിൽ ഉൾപ്പെടുത്തിയ പ്രോജക്ടുകളിൽ റോഡ് റെസ്റ്റോറേഷൻ ചാർജ് കൂടി ഉൾപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ?

ഗ്രാമീണ മേഖലയിൽ കുടിവെള്ളം എത്തിക്കുന്നതിനുള്ള ജലനിധി പദ്ധതി ലോക ബാങ്ക് ധനസഹായത്തോടുകൂടിയാണ് നടപ്പിലാക്കിയത്. ജലനിധി പദ്ധതികളുടെ ലോകബാങ്ക് ധനസഹായം 2019 ഡിസംബർ മാസത്തിൽ അവസാനിച്ചു. ജലനിധി പദ്ധതിയിൽ ഇനി പൂർത്തീകരിക്കാനുള്ളത് മലപ്പുറം ജില്ലയിലെ മൂന്നിയൂർ പദ്ധതി മാത്രമാണ്. ജലനിധി പദ്ധതികളിൽ PWD/NH മുതലായ റോഡുകൾക്കുള്ള റെസ്റ്റോറേഷൻ ചാർജ്ജ് പൂർണ്ണമായും അനുവദിച്ചിരുന്നു.

(ബി) നിലവിൽ പദ്ധതി നിർവ്വഹണം പൂർത്തിയായ നിരവധി ഗ്രാമ പഞ്ചായത്തുകളിൽ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനുവേണ്ടി പൊളിച്ച റോഡുകൾ പുനഃസ്ഥാപിക്കാത്തതിനാൽ ജനങ്ങൾ നേരിടുന്ന ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) വള്ളിക്കുന്ന് മണ്ഡലത്തിലെ മൂന്നിയൂർ ഗ്രാമപഞ്ചായത്തിൽ നടപ്പാക്കിയ ജലനിധി പദ്ധതിയുടെ ഭാഗമായി സഞ്ചാരയോഗ്യമല്ലാതായ റോഡുകൾ നവീകരിക്കുന്നതിനാവശ്യമായ ഫണ്ട് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

മൂന്നിയൂർ പദ്ധതി ലോക ബാങ്ക് സഹായത്തോടെയുള്ള ജലനിധി പദ്ധതിയിൽ ഏറ്റെടുത്തതാണെങ്കിലും വിവിധ കാരണങ്ങളാൽ ജലനിധി പദ്ധതിയുടെ കാലയളവിൽ പൂർത്തീകരിക്കാൻ കഴിഞ്ഞില്ല. 2019 ഡിസംബർ മാസത്തോടെ ലോക ബാങ്ക് സഹായം അവസാനിക്കുകയും ചെയ്തു. ഇപ്പോൾ പദ്ധതി പൂർത്തീകരിക്കുന്നത് സംസ്ഥാന സർക്കാരിന്റെ പ്ലാൻ ഫണ്ട് ഉപയോഗിച്ചാണ്. പഞ്ചായത്ത് റോഡുകളുടെ റെസ്റ്റോറേഷൻ ചാർജ്ജ് സംബന്ധിച്ച ആവശ്യം പരിഗണനയിലാണ്.

## നാദാപുരം മണ്ഡലത്തിലെ മലയംകുളം ഫീൽഡ് ചാനൽ നിർമ്മാണം

196(942) ശ്രീ. ഇ. കെ. വിജയൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാദാപുരം മണ്ഡലത്തിൽ ഏറ്റവും കൂടുതൽ നെൽകൃഷി ചെയ്യുന്ന എടച്ചേരി ഗ്രാമപഞ്ചായത്തിലെ കച്ചേരി പാറപ്പുറത്ത് മലയംകുളം ഫീൽഡ് ചാനൽ നിർമ്മാണം പരിഗണനയിലുണ്ടോ ; വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി സാധ്യമാക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ;

(സി) പ്രസ്തുത പദ്ധതിയുടെ എസ്റ്റിമേറ്റ് തുക എത്രയെന്നും ഭരണാനുമതി നൽകാൻ വൈകുന്നതിന്റെ കാരണമെന്തെന്നും വിശദമാക്കാമോ?

(എ-സി) പരിഗണനയിലുണ്ട്. കച്ചേരി പാറപ്പുറത്ത് മലയംകുളം ഫീൽഡ് ചാനൽ നിർമ്മാണ പ്രവൃത്തിക്കുവേണ്ടി നഗര സഞ്ചയ പദ്ധതി പ്രകാരം 17.08 ലക്ഷം രൂപ നഗരസഞ്ചയ ഫണ്ടും 3.125 ലക്ഷം രൂപ പഞ്ചായത്ത് വിഹിതവും ഉൾപ്പെടെ 20.205 ലക്ഷം രൂപ വകയിരുത്തി എടച്ചേരി ഗ്രാമപഞ്ചായത്തിലെ 2020-21 വാർഷിക പദ്ധതിയിൽ ഡെപ്പോസിറ്റ് വർക്കായി ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രവൃത്തിയുടെ ഫണ്ട് ഇറിഗേഷൻ വകുപ്പിലേയ്ക്ക് ഡെപ്പോസിറ്റ് ചെയ്തിട്ടില്ല. പ്രവൃത്തിയുടെ ഫണ്ട് ഇറിഗേഷൻ വകുപ്പിലേക്ക് കൈമാറുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

## മഞ്ചേശ്വരം മണ്ഡലത്തിലെ പദ്ധതികൾ

197(943) ശ്രീ. എ. കെ. എം. അഷ്റഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം മണ്ഡലത്തിൽ ജലവിഭവ വകുപ്പിന്റെ ഏതൊക്കെ പദ്ധതികളാണ് ഭരണാനുമതിക്കായി പരിഗണനയിലുള്ളതെന്ന് വിശദമാക്കാമോ?

മഞ്ചേശ്വരം മണ്ഡലത്തിൽ ഭരണാനുമതിക്കായി പരിഗണനയിലുള്ള പ്രവൃത്തികൾ ചുവടെ ചേർക്കുന്നു.

1. കാസർഗോഡ് ജില്ലയിലെ കുമ്പള പഞ്ചായത്തിലെ ഷിറിയ പുഴയിലെ ബംബ്രണയിലെ എസ്.ഡബ്ല്യൂ.ഇ.സി.ബി റെഗുലേറ്ററോടു കൂടിയ പാലത്തിന്റെ പുനർ നിർമ്മാണ പ്രവൃത്തി
2. കാസർഗോഡ് ജില്ലയിലെ കുമ്പള പഞ്ചായത്തിലെ കുമ്പള പുഴയിലെ കഞ്ചിക്കട്ട റെഗുലേറ്ററോടു കൂടിയ പാലത്തിന്റെ പുനർനിർമ്മാണ പ്രവൃത്തി

(ബി) പ്രസ്തുത പദ്ധതികൾ ഏത് ഫണ്ട് ഉപയോഗിച്ചാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

നബാർഡ് ആർ.ഐ.ഡി.എഫ്. XXVII ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.

(സി) പ്രസ്തുത പദ്ധതികൾക്ക് എപ്പോൾ ഭരണാനുമതി ലഭ്യമാക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ;

(ഡി) ഭരണാനുമതിക്കായി പരിഗണനയിലുള്ള പ്രസ്തുത പദ്ധതികൾ ഏത് സർക്കാർ കാര്യാലയത്തിലാണ് നിലവിലുള്ളത്; ആയതിന്റെ ഫയൽ നമ്പർ സഹിതമുള്ള വിവരങ്ങൾ ലഭ്യമാക്കുമോ?

(സി&ഡി) നബാർഡ് അംഗീകാരത്തോടെ മേൽ പരാമർശിച്ച പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുന്ന വിഷയം ജലവിഭവ വകുപ്പിന്റെ എം.ഐ 3/68/2021/ ജവിവ നമ്പർ ഫയലിൽ പരിശോധിച്ചുവരുന്നു.

**രണ്ടാം കുട്ടനാട് പാക്കേജ്**

198(944) ശ്രീ. തോമസ് കെ. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രണ്ടാം കുട്ടനാട് പാക്കേജ് നടപ്പാക്കുന്നതിന് ഈ സർക്കാർ സ്വീകരിച്ചു വരുന്ന നടപടികൾ എന്തെല്ലാം; വ്യക്തമാക്കാമോ?

രണ്ടാം കുട്ടനാട് പാക്കേജിനായി 2019-2020, 2020-2021, 2021-2022 ബഡ്ജറ്റിൽ പ്ലാൻ സ്കീമിലുൾപ്പെടുത്തിയും NABARD-RIDF സ്കീമിലുൾപ്പെടുത്തിയും പാടശേഖരങ്ങളുടെ പുറംബണ്ട് ബലപ്പെടുത്തുന്നതിനും അനുബന്ധ നിർമ്മിതികൾക്കുമായി തുക വകയിരുത്തിയിട്ടുണ്ട്. 2019-20, 2020-21 ബഡ്ജറ്റ് തുക ഉപയോഗിച്ച് 66 പാടശേഖരങ്ങളുടെ പുറംബണ്ട് ബലപ്പെടുത്തുന്ന പ്രവൃത്തികളും തോട്ടപ്പള്ളി സ്പിൽവേയുടെ ഇലക്ട്രിക്കൽ, മെക്കാനിക്കൽ പ്രവൃത്തികളുമാണ് നടപ്പിലാക്കി വരുന്നത്. ഇതിൽ മിക്ക പ്രവൃത്തികളും പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കി പ്രവൃത്തികൾ നല്ല പുരോഗതിയിൽ നടന്നു വരുന്നു. 2021-2022 ബഡ്ജറ്റിൽ പ്ലാൻ സ്കീം ഫണ്ടുപയോഗിച്ച് 39 പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുകയും, NABARD-RIDF സ്കീമിലുൾപ്പെടുത്തി 4 പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു. കൂടാതെ തോട്ടപ്പള്ളി സ്പിൽവേ, ലീഡിംഗ് ചാനൽ നവീകരണം, എ.സി. കനാൽ രണ്ടും മൂന്നും റീച്ചുകളുടെ നിർമ്മാണം എന്നീ പ്രവൃത്തികൾ റൂം ഫോർ റിവർ പദ്ധതിയിലുൾപ്പെടുത്തി

റീബിൽഡ് കേരള ഇനിഷ്യേറ്റീവ് മുഖേന നടപ്പിലാക്കുന്നുണ്ട്. ഈ പദ്ധതി നടപ്പിലാക്കുന്നതിന് മുൻപ് വിശദമായ ഹൈഡ്രോ ഡൈനാമിക് പഠനം ആവശ്യമായിട്ടുണ്ട്. ഇതിനായി ചെന്നൈ ഐ.ഐ.റ്റി.-യെ ചുമതലപ്പെടുത്തുകയും അവരുമായി കരാർ ഒപ്പിടുകയും ചെയ്തിട്ടുണ്ട്. ചെന്നൈ ഐ.ഐ.റ്റി. പ്രാരംഭ പഠനം ആരംഭിച്ചിട്ടുണ്ട്. റിപ്പോർട്ട് കിട്ടുന്ന മുറയ്ക്ക് തുടർ പ്രവൃത്തികൾ ആരംഭിക്കാവുന്നതാണ്.'

(ബി) പ്രസ്തുത പദ്ധതി കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് ഒരു ലെയ്സൺ ഓഫീസറെ നിയമിക്കാൻ നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

കുട്ടനാട് പാക്കേജുമായി ബന്ധപ്പെട്ട എല്ലാ കാര്യാലയങ്ങളും കുട്ടനാട്ടിലും ആലപ്പുഴ, കോട്ടയം ജില്ലകളിലുമായാണ് സ്ഥിതി ചെയ്യുന്നത്. ചീഫ് എഞ്ചിനീയറുടെ നേതൃത്വത്തിൽ എല്ലാ ഉദ്യോഗസ്ഥരെയും ഏകോപിപ്പിച്ചുകൊണ്ട് പദ്ധതികൾ കാര്യക്ഷമമായി നടപ്പിലാക്കി വരുന്നതിനാൽ ഇതുമായി ബന്ധപ്പെട്ട് ഒരു ലെയ്സൺ ഓഫീസറെ നിയമിക്കുന്ന കാര്യം പരിഗണനയിലില്ല.

(സി) പ്രസ്തുത പദ്ധതി സംബന്ധിച്ച് കൃത്യമായ മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനും സമയബന്ധിതമായി പദ്ധതികൾ നടപ്പിലാക്കുന്നതിനും നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദമാക്കാമോ?

കുട്ടനാട് പാക്കേജ് രണ്ടാം ഘട്ട പദ്ധതി സംബന്ധിച്ച് വ്യക്തമായ രൂപരേഖ തയ്യാറാക്കിയാണ് ഓരോ പദ്ധതിയും നടപ്പിലാക്കി വരുന്നത്. ഇതു സംബന്ധിച്ച നിർദ്ദേശങ്ങൾ ബന്ധപ്പെട്ട എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്ക് നൽകുകയും ഓരോ വർഷവും നടപ്പിലാക്കേണ്ട പദ്ധതികളെക്കുറിച്ച് വ്യക്തമായ പ്ലാൻ തയ്യാറാക്കി പദ്ധതികൾ നടപ്പിലാക്കി വരികയുമാണ് ചെയ്യുന്നത്.

**കുട്ടനാട്ടിലെ മേജർ - മൈനർ ഇറിഗേഷൻ പദ്ധതികൾ**

199(945) <u>ശ്രീ തോമസ് കെ. തോമസ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട്ടിൽ നിലവിൽ പുരോഗമിക്കുന്ന മേജർ-മൈനർ ഇറിഗേഷൻ പദ്ധതികളുടെ പ്രവർത്തന പുരോഗതി അറിയിക്കാമോ?

കുട്ടനാട്ടിൽ നിലവിൽ പുരോഗമിക്കുന്ന മേജർ-മൈനർ ഇറിഗേഷൻ പ്രവൃത്തികളുടെ വിവരങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) ടി പദ്ധതികളുടെ പൂർത്തീകരണം വൈകുന്നതിന്റെ കാരണം വ്യക്തമാക്കാമോ;

(സി) ഇത്തരം പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

(ബി&സി) 1. കൈനകരി പഞ്ചായത്ത് ആറാം വാർഡിൽ വെള്ളമത്തറ, ചാലേച്ചിറ ലൂർദ്ദ് മാതാ ചർച്ച് എന്നിവ ബന്ധിപ്പിക്കുന്ന ട്രാക്ടർ റോഡും ഇരട്ട കലുങ്ക് നിർമ്മാണവും

2. വെളിയനാട് പഞ്ചായത്തിൽ പി.ഡബ്ല്യൂ.ഡി. റോഡ് മുതൽ എൻ.എസ്.എസ്. സ്കൂൾ വരെ ട്രാക്ടർ റോഡ് നിർമ്മാണം എന്നീ മൈനർ ഇറിഗേഷൻ പ്രവൃത്തികൾക്ക് തണ്ണീർത്തട സംരക്ഷണ നിയമ പ്രകാരമുള്ള അനുമതി ലഭിക്കാത്തതിനാലാണ് ടി പ്രവർത്തികൾ പൂർത്തീകരിക്കുവാൻ വൈകുന്നത്. തണ്ണീർത്തട സംരക്ഷണ നിയമ പ്രകാരമുള്ള അനുമതി ലഭിക്കുന്ന മുറയ്ക്ക് പദ്ധതി പൂർത്തീകരിക്കുന്നതാണ്.

**മങ്കടയിലെ മൈനർ ഇറിഗേഷൻ പദ്ധതികൾ**

200(946) <u>ശ്രീ. മഞ്ഞളാംകുഴി അലി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട നിയോജകമണ്ഡലത്തിൽ മൈനർ ഇറിഗേഷൻ വിഭാഗം വഴി നടപ്പിലാക്കിവരുന്ന ആനപ്പാറ പൊറ്റമ്മൽ കടവിലെ ചെക്ക്ഡാം നിർമ്മാണം, മൂർക്കനാട് പോത്തുള്ളച്ചിറ വി.സി.ബി. നിർമ്മാണം എന്നീ പ്രവൃത്തികളുടെ നിലവിലെ സ്ഥിതി സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് ബാക്കിയുള്ളത്; പ്രവൃത്തികൾ സമയപരിധി നിശ്ചയിച്ച് പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

(എ&ബി) മങ്കട നിയോജക മണ്ഡലത്തിൽ ആനപ്പാറ-പൊറ്റമ്മൽ ചെക്ക് ഡാം നിർമ്മാണം മേജർ ഇറിഗേഷൻ വിഭാഗത്തിനു കീഴിലാണ് വരുന്നത്. പ്രസ്തുത പ്രവൃത്തി 77 ശതമാനം പൂർത്തിയായി. ചെയ്തു തീർക്കാനുള്ള പ്രവൃത്തിയിൽ വിയർ ബോഡിയുടെ 20 മീറ്റർ നീളത്തിലുള്ള ഫൗണ്ടേഷനും ഇടതു കരയോടു ചേർന്ന് 22 മീറ്റർ നീളത്തിൽ വിയർ ബോഡിയും ഇടതു കരയിൽ താഴ്ഭാഗത്തുള്ള

സംരക്ഷണ ഭിത്തിയും ഉൾപ്പെടുന്നു. മഴമൂലം പ്രവൃത്തി തടസ്സപ്പെട്ടിരിക്കുകയാണ്. മഴ തീരുന്ന മുറയ്ക്ക് പ്രവൃത്തികൾ സമയപരിധി നിശ്ചയിച്ച് പൂർത്തീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്. മൈനർ ഇറിഗേഷനു കീഴിൽ വരുന്ന മൂർക്കനാട് പോത്തുള്ളിച്ചിറ വി.സി.ബി. നിർമ്മാണ പ്രവൃത്തിയുടെ കരാറുടമ്പടി വച്ച് സ്ഥലം കരാറുകാരന് കൈമാറിയിട്ടുണ്ട്.

(സി) ഈ മണ്ഡലത്തിൽ മൈനർ ഇറിഗേഷൻ വിഭാഗം മുഖേന പുതുതായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പ്രവൃത്തികൾ ഏതെല്ലാമാണ്; വിശദാംശം ലഭ്യമാക്കുമോ?

മൈനർ ഇറിഗേഷൻ മുഖാന്തരം മങ്കട മണ്ഡലത്തിൽ പുതുതായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പ്രവൃത്തികളെ സംബന്ധിച്ച വിവരം അനുബന്ധമായി* ചേർക്കുന്നു.

**ഇരുമ്പിളിയം - എടയൂർ - വളാഞ്ചേരി കുടിവെള്ള പദ്ധതി**

201(947) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി ധനസഹായത്തോടെ നടപ്പിലാക്കുന്ന ഇരുമ്പിളിയം- എടയൂർ- വളാഞ്ചേരി കുടിവെള്ള പദ്ധതിയുടെ നിലവിലെ അവസ്ഥ അറിയിക്കുമോ?

കോട്ടയ്ക്കൽ നിയോജക മണ്ഡലത്തിലെ ഇരുമ്പിളിയം-എടയൂർ- വളാഞ്ചേരി കുടിവെള്ള പദ്ധതി മൂന്ന് പാക്കേജുകളായിട്ടാണ് നടപ്പിലാക്കുന്നത്. നിലവിലുള്ള കിണറിന്റെ നവീകരണം, ജല ശുദ്ധീകരണ ശാല, പമ്പിംഗ് മെയിനുകൾ, ടാങ്കുകൾ എന്നിവയുടെ നിർമ്മാണം ഉൾപ്പെട്ട പാക്കേജ്-1-ലെ പ്രവൃത്തികൾ 60 ശതമാനം പൂർത്തീകരിച്ചു. വിതരണ ശൃംഖല സ്ഥാപിക്കുന്ന പാക്കേജ് 2-ലെ പ്രവൃത്തിയും ഇലക്ട്രോ മെക്കാനിക്കൽ പ്രവൃത്തികൾ ഉൾപ്പെടുന്ന പാക്കേജ്-3-ലെ പ്രവൃത്തിയും പുരോഗമിച്ചു വരുന്നു.

(ബി) പ്രസ്തുത പദ്ധതി അടിയന്തരമായി പൂർത്തിയാക്കുവാൻ നടപടി സ്വീകരിക്കുമോ?

2022 മേയ് മാസത്തോടെ പ്രസ്തുത പദ്ധതി പൂർത്തീകരിക്കാനാണ് ലക്ഷ്യമിടുന്നത്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**മാനന്തവാടി മണ്ഡലത്തിലെ നീർവാരം കല്ലുവയൽ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി**

202(948) ശ്രീ ഒ. ആർ. കേളു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാനന്തവാടി മണ്ഡലത്തിലെ പനമരം ഗ്രാമപഞ്ചായത്തിലെ നീർവാരം കല്ലുവയൽ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടെ നിലവിലെ സ്ഥിതി അറിയിക്കാമോ;

(ബി) പ്രസ്തുത പദ്ധതി പൂർത്തിയാക്കുന്നതിൽ നിലവിലെ തടസ്സങ്ങൾ എന്തൊക്കെയെന്ന് അറിയിക്കാമോ; തടസ്സം പരിഹരിക്കാൻ സ്വീകരിച്ച നടപടി വ്യക്തമാക്കാമോ;

(സി) നിലവിൽ ഈ ഫയൽ ഏത് ഓഫീസിലാണുള്ളതെന്ന് വ്യക്തമാക്കാമോ?

(എ-സി) 4-3-2016-ലെ എഗ്രിമെന്റ് No. SE (MI) 76/2015-16, പ്രകാരം മാനന്തവാടി മണ്ഡലത്തിലെ നീർവാരം കല്ലുവയൽ ലിഫ്റ്റ് ഇറിഗേഷൻ പ്രവൃത്തിയുടെ പ്രവൃത്തിസ്ഥലം കരാറുകാരന് 4-3-2016-ന് ഒരു വർഷ പൂർത്തീകരണ കാലാവധിയോടുകൂടി കൈമാറിയിരുന്നു. ആയതു പ്രകാരം 28 ശതമാനം പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. മെയിൻ കനാൽ 237.00 മീറ്ററും എൽ.ബി കനാൽ 271.00 മീറ്ററും റിട്ടേൺ കനാൽ 420.00 മീറ്ററും റോഡ് ഡ്രെയിൻ 42.00 മീറ്ററും കരാറുകാരൻ പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ സംരക്ഷണഭിത്തിയും പമ്പ്ഹൗസിന്റെ ഫിനിഷിംഗ് പ്രവൃത്തികൾ ഒഴികെയുള്ള പ്രവൃത്തികളും പൂർത്തീകരിച്ചിട്ടുണ്ട്. നിശ്ചിത കാലയളവിനുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കുവാൻ സാധിച്ചിട്ടില്ലാത്ത തിനാൽ പ്രവൃത്തി പൂർത്തീകരണ കാലാവധി നീട്ടി പല തവണകളിലായി 3-6-2019 വരെ അനുവദിച്ചു നൽകുകയും ചെയ്തു. ടി കാലയളവിലും പ്രവൃത്തി പൂർത്തീകരിക്കുവാൻ കരാറുകാരന് സാധിക്കാത്തതിനാൽ ടി കരാറുകാരനെ ചെറുകിട ജലസേചന (ഉത്തരമേഖല) വിഭാഗം, സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ കാര്യാലയത്തിലെ 25-1-2021-ലെ ഉത്തരവ് നമ്പർ ഡിബി 54188/2014 തീയതി എഗ്രിമെന്റ് നിയമങ്ങൾ, വ്യവസ്ഥകൾ പ്രകാരം റിസ്ക് & കോസ്റ്റിൽ ടെർമിനേറ്റ് ചെയ്തു. തുടർന്ന് ബാലൻസ് പ്രവൃത്തി സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ കാര്യാ ലയത്തിൽ നിന്നും 5-5-2021-ലെ ഇ-ടെണ്ടർ No-SEMI/ET/12/2020-21 Re tender 1 പ്രകാരം ടെണ്ടർ ക്ഷണിക്കുകയും ആയതിൽ 2 പേർ പങ്കെടുക്കുകയും അധിക നിരക്ക് ക്വാട്ട് ചെയ്യുകയും ചെയ്തിരുന്നു. അധിക നിരക്ക് ക്വാട്ട് ചെയ്തതിനാൽ അംഗീകാരത്തിനായി ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽ നിന്നും ടെണ്ടർ എക്സസ് പ്രൊപ്പോസൽ സർക്കാരിൽ ലഭ്യമായിട്ടുണ്ട്. ആയത് സർക്കാരിൽ പരിശോധിച്ചു വരുന്നു.

## കുടിവെള്ളത്തിന് എടുക്കുന്ന ജലസ്രോതസ്സുകളുടെ സംരക്ഷണം

203(949) ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജൽജീവൻ മിഷൻ ഉൾപ്പെടെ കുടിവെള്ളത്തിനായി എടുക്കുന്ന ജല സ്രോതസ്സുകളുടെ സംരക്ഷണത്തിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ?

കുടിവെള്ള സ്രോതസ്സുകൾ മലിനപ്പെടാതിരിക്കാൻ പരസ്യബോർഡുകൾ സ്ഥാപിച്ചും കമ്പിവേലി കെട്ടി സംരക്ഷിച്ചും മാധ്യമങ്ങൾ വഴി ബോധവൽക്കരണം നടത്തിയും നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ ഗ്യാലറി വൃത്തിയാക്കൽ, വേനൽ കാലത്ത് താത്കാലിക തടയണ കെട്ടൽ എന്നിവ നടത്തി സ്രോതസ്സിൽ ലഭ്യമായ ജലം സംരക്ഷിക്കുകയും ഉപ്പുവെള്ളം, ഓരുവെള്ളം എന്നിവ കയറുന്നത് നിയന്ത്രിക്കുകയും ചെയ്യുന്നു. ഏതെങ്കിലും സ്രോതസ്സുകൾ ബോധപൂർവം മലിന പ്പെടുത്തുന്നത് ശ്രദ്ധയിൽപ്പെട്ടാൽ ബന്ധപ്പെട്ട പോലീസ്, റവന്യൂ അധികാരികളെ അറിയിച്ച് ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) കുടിവെള്ള പദ്ധതി മുഖേന വിതരണം ചെയ്യുന്ന വെള്ളത്തിന്റെ ഗുണ നിലവാരം ഉറപ്പുവരുത്തുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളതെന്ന് അറിയിക്കാമോ?

സ്രോതസ്സിൽ നിന്നും ശേഖരിക്കുന്ന ജലം ശുദ്ധീകരിച്ച് വിതരണം ചെയ്യുന്നതു വരെയുള്ള വിവിധ ഘട്ടങ്ങളിൽ, കൃത്യമായ ഇടവേളകളിൽ ജലത്തിന്റെ ഗുണ നിലവാരം പരിശോധിക്കുകയും ശുദ്ധവും സുരക്ഷിതവുമായ ജലമാണ് പൊതുജന ങ്ങളിലേക്ക് എത്തുന്നത് എന്ന് ഉറപ്പാക്കുകയും ചെയ്യുന്നുണ്ട്. ജല ശുദ്ധീകരണ ശാലകളുള്ള കുടിവെള്ള പദ്ധതികൾ മുഖേന ജല അതോറിറ്റി വിതരണം ചെയ്യുന്ന വെള്ളത്തിന്റെ പ്രാഥമിക ഗുണനിലവാരം ഉറപ്പു വരുത്തുന്നതിനായി ശുദ്ധീകരണ ശാലകളിൽ തന്നെ ലാബുകൾ പ്രവർത്തിക്കുന്നുണ്ട്. മറ്റ് പദ്ധതികളിൽ ജലം അണുവിമുക്തമാക്കി അവക്ഷിപ്ത ക്ലോറിൻ ഉറപ്പാക്കിയാണ് വിതരണം ചെയ്യുന്നത്. വിതരണം ചെയ്യുന്ന കുടിവെള്ളത്തിന്റെ ഗുണനിലവാരം ഉറപ്പാക്കുന്നതിനായി വാട്ടർ അതോറിറ്റിയുടെ ക്വാളിറ്റി കൺട്രോൾ വിഭാഗം കൃത്യമായ ഇടവേളകളിൽ പരിശോധന നടത്തി വരുന്നു. കുടിവെള്ളത്തിന്റെ ഗുണനിലവാര പരിശോധന നടത്താനായി എല്ലാ ജില്ലകളിലും ക്വാളിറ്റി കൺട്രോൾ ലാബുകളും പ്രവർത്തിച്ചുവരുന്നു. പ്ലാന്റുകൾ, പമ്പിംഗ് സ്റ്റേഷനുകൾ വിതരണ ശൃംഖലയുടെ വിവിധ പോയിന്റുകൾ എന്നിവയിൽ നിന്നും നിശ്ചിത ഇടവേളകളിൽ ജല സാമ്പിളുകൾ ശേഖരിച്ച് ഈ ലാബുകളിൽ പരിശോധിക്കുകയും ഘടകങ്ങളുടെ അളവ് ഐഎസ് 10500-2012 പ്രതിപാദിക്കുന്ന പ്രകാരമാണോ എന്ന് ഉറപ്പാക്കുന്നുണ്ട്. ജൽ ജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായി

ഗ്രാമീണ മേഖലയിലുള്ള കിണർ, കുഴൽ കിണർ തുടങ്ങിയ മറ്റ് കുടിവെള്ള സ്രോതസ്സുകളുടെ ഗുണനിലവാരം ഫീൽഡ് ടെസ്റ്റ് കിറ്റ് (FTK) ഉപയോഗിച്ച് പരിശോധിക്കുന്നതിനുള്ള നടപടി കുടുംബശ്രീ യൂണിറ്റിനെ ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ഇത്തരം കുടിവെള്ള സ്രോതസ്സുകളിൽ നിന്നുള്ള വെള്ളം ജല അതോറി റ്റിയുടെ ക്വാളിറ്റി കൺട്രോൾ സബ് ജില്ലാ ലാബുകളിലും പരിശോധിക്കുന്നുണ്ട്. ജൽ ജീവൻ മിഷൻ പദ്ധതിയിലുൾപ്പെടുത്തി നടന്നുവരുന്ന ഇത്തരം ഗുണനിലവാര പരിശോധനാ ഫലങ്ങൾ കേന്ദ്ര സർക്കാർ വെബ് പോർട്ടലിൽ അതത് സമയം രേഖപ്പെടുത്തി വരുന്നു.

(സി) കുടിവെള്ളത്തിന്റെ ഗുണനിലവാര പരിശോധനയ്ക്കായുള്ള ലാബുകൾ എല്ലാ ജില്ലകളിലും ലഭ്യമാണോ; ഇല്ലെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

കുടിവെള്ളത്തിന്റെ ഗുണനിലവാര പരിശോധനയ്ക്കായുള്ള ലാബുകൾ എല്ലാ ജില്ലകളിലും ലഭ്യമാണ്.

**തൃശ്ശൂർ മണ്ഡലത്തിലെ മൈനർ ഇറിഗേഷൻ പദ്ധതികൾ**

204(950) ശ്രീ. പി. ബാലചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ മണ്ഡലത്തിൽ മൈനർ ഇറിഗേഷൻ വകുപ്പ് നടപ്പാക്കുന്ന പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) കൂടുതൽ ചെറുകിട ജലസേചന പദ്ധതികൾ നടപ്പാക്കുന്ന കാര്യം പരിഗണനയിലുണ്ടോയെന്ന് വ്യക്തമാക്കുമോ?

(എ & ബി) തൃശ്ശൂർ മണ്ഡലത്തിൽ മൈനർ ഇറിഗേഷൻ വകുപ്പ് നടപ്പാക്കുന്ന പദ്ധതികളൊന്നും തന്നെ നിലവിലില്ല. പരാതികൾ പരിഗണിച്ചും പ്രവൃത്തികളുടെ ആവശ്യകത അനുസരിച്ചും പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

**നെയ്യാറ്റിൻകര മണ്ഡലത്തിലെ റിവർ മാനേജ്മെന്റ് പദ്ധതി**

205(951) ശ്രീ. കെ. ആൻസലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര മണ്ഡലത്തിൽ റിവർ മാനേജ്മെന്റ് പദ്ധതി പ്രകാരം ഏതൊക്കെ പ്രവൃത്തികൾക്കാണ് ഭരണാനുമതി നൽകിയിട്ടുള്ളതെന്ന് വിശദമാക്കാമോ?

നെയ്യാറ്റിൻകര മണ്ഡലത്തിൽ നിലവിൽ റിവർ മാനേജ്മെന്റ് പദ്ധതി പ്രകാരം ഭരണാനുമതി നൽകിയ പ്രവൃത്തികളൊന്നും തന്നെയില്ല.

(ബി) നെയ്യാറ്റിൻകര മണ്ഡലത്തിലെ നെയ്യാർ, മറ്റ് ചെറുതോടുകൾ എന്നിവയുടെ ഭിത്തി സംരക്ഷിക്കുന്നതിന് എത്ര കോടി രൂപയാണ് ഓരോ പ്രദേശത്തും അനുവദിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

നെയ്യാറ്റിൻകര മണ്ഡലത്തിൽ " Improving irrigation facilities at Nallorvattom Ela, Aruvalloor Ela and Nellikkonam Ela by constructing protection wall at Kulathoor Valiyathodu in Aruvalloor ward and HS ward of Kulathoor Grama Panchayath in Neyyattinkara LAC" എന്ന പ്രവൃത്തിക്ക് 40.00 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ഈ പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ നടന്നുവരുന്നു.

**നുച്യാട് പുഴയിലെ മാലിന്യം നീക്കം ചെയ്യുവാൻ നടപടി**

206(952) ശ്രീ. സജീവ് ജോസഫ്: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഉളിക്കൽ ഗ്രാമപഞ്ചായത്തിലെ കോക്കോട്, നുച്യാട് പാലത്തിനുസമീപം നുച്യാട് പുഴയിൽ ഉരുൾപൊട്ടൽമൂലം അടിഞ്ഞുകൂടിയ ചെളി, മണ്ണ്, ഉരുളൻ കല്ലുകൾ എന്നിവ നീക്കം ചെയ്യുന്നതിനുള്ള പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അടിയന്തരമായി ഇവ നീക്കം ചെയ്യാനുള്ള നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

ഉളിക്കൽ ഗ്രാമപഞ്ചായത്തിലെ കോക്കോട്, നുച്യാട് പാലത്തിന് സമീപം നുച്യാട് പുഴയിൽ ഉരുൾപൊട്ടൽമൂലം അടിഞ്ഞുകൂടിയ ചെളിമണ്ണ്, ഉരുളൻ കല്ലുകൾ എന്നിവ നീക്കം ചെയ്യുന്നതിനായി ഒമ്പത് ലക്ഷം രൂപ അടങ്കൽ വരുന്ന ഒരു പ്രവൃത്തി 2021 മേയ് മാസം 18-ന് കരാർ വച്ചിരുന്നു. കാലവർഷം തുടങ്ങി പുഴയിൽ ജലനിരപ്പ് ഉയർന്നതിനാൽ പ്രവൃത്തി ആരംഭിക്കുവാൻ സാധിച്ചിട്ടില്ല. പുഴയിൽ വെള്ളം കുറഞ്ഞാൽ ഉടൻ തന്നെ പ്രവൃത്തി നടപ്പിലാക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

**പയ്യന്നൂർ മണ്ഡലത്തിൽ ഇറിഗേഷൻ വകുപ്പിന് കീഴിൽ വരുന്ന പുഴകൾ**

207(953) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ മണ്ഡലത്തിൽ മേജർ ഇറിഗേഷൻ വകുപ്പിന് കീഴിൽ വരുന്ന പുഴകൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ?

പയ്യന്നൂർ മണ്ഡലത്തിൽ മേജർ ഇറിഗേഷൻ വകുപ്പിന് കീഴിൽ വരുന്ന പുഴകൾ പെരുമ്പ, കാര്യങ്കോട് പുഴയുടെ കണ്ണൂർ ജില്ലയിൽ വരുന്ന ഭാഗങ്ങൾ എന്നിവയാണ്.

(ബി) വകുപ്പിന്റെ കീഴിൽ പയ്യന്നൂർ മണ്ഡലത്തിൽ നടപ്പിലാക്കുന്ന പദ്ധതികൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ?

മേജർ ഇറിഗേഷൻ ഡിവിഷന്റെ കീഴിൽ പയ്യന്നൂർ മുനിസിപ്പാലിറ്റിയിലെ പരവന്തട്ടയെയും ചെറുതാഴം പഞ്ചായത്തിലെ നട്ടിക്കടവിനെയും ബന്ധിപ്പിച്ചു കൊണ്ട് പെരുമ്പ പുഴയ്ക്കു കുറുകെ റെഗുലേറ്റർ-കം-ബ്രിഡ്ജ് നിർമ്മിക്കുന്നതിനുള്ള പര്യവേക്ഷണ പ്രവൃത്തിക്കുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## കുന്ദമംഗലം മണ്ഡലത്തിലെ പുഴകളുടെ സംരക്ഷണം

208(954) <u>ശ്രീ. പി. ടി. എ. റഹീം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്ദമംഗലം മണ്ഡലത്തിൽ പുഴകളുടെ വശങ്ങൾ കെട്ടി സംരക്ഷിക്കുന്നതിന് ഏതെല്ലാം പദ്ധതികളാണ് പരിഗണനയിലുള്ളതെന്ന് വ്യക്തമാക്കാമോ; ഓരോ പ്രവൃത്തിക്കും എത്ര രൂപ വീതം ആവശ്യമായി വരുമെന്നാണ് കണക്കാക്കിയിട്ടുള്ളതെന്ന് അറിയിക്കാമോ?

നിയോജകമണ്ഡലത്തിൽ വരുന്ന പുഴകളുടെ പാർശ്വ സംരക്ഷണ പ്രവൃത്തികൾക്കായി 33 പ്രവൃത്തികൾക്ക് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തികളുടെ വിവരങ്ങൾ അനുബന്ധമായി* ചേർത്തിരിക്കുന്നു.

(ബി) നിലവിൽ ഭരണാനുമതിയുള്ള ഏതൊക്കെ പ്രവൃത്തികളാണ് നടന്നിരുന്നതെന്ന് വിശദമാക്കാമോ?

ഭരണാനുമതി ലഭിച്ച നിലവിലെ പ്രവൃത്തികളുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

## നദികളിലും തോടുകളിലും അടിഞ്ഞുകൂടുന്ന മാലിന്യങ്ങൾ നീക്കുന്നതിനുള്ള നടപടി

209(955) <u>ശ്രീ. ജോബ് മൈക്കിൾ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നദികളിലും തോടുകളിലും അടിഞ്ഞുകൂടുന്ന പോളയും മറ്റ് മാലിന്യങ്ങളും നദികളുടെ സ്വാഭാവിക ഒഴുക്ക് തടസ്സപ്പെടുത്തി വെള്ളപ്പൊക്കവും ജനങ്ങൾക്ക് ആരോഗ്യ പ്രശ്നങ്ങളും ഉണ്ടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) ഉണ്ടെങ്കിൽ പ്രസ്തുത പ്രശ്നം പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ?

(എ&ബി) നദികൾ, തോടുകൾ തുടങ്ങിയ ജലസ്രോതസ്സുകളിൽ പോളയും മറ്റ് മാലിന്യങ്ങളും അടിഞ്ഞുകൂടി സ്വാഭാവിക നീരൊഴുക്കിന് തടസ്സമുണ്ടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഒപ്പം, നദികൾ/തോടുകൾ എന്നിവയിൽ എക്കൽ/ചെളി/ മണൽ, മറ്റ് മാലിന്യങ്ങൾ എന്നിവ അടിഞ്ഞുകൂടി ഒഴുക്ക് തടസ്സപ്പെട്ട് പ്രാദേശിക വെള്ളപ്പൊക്കമുണ്ടാകുന്ന സാഹചര്യം രൂപപ്പെട്ടിട്ടുള്ളതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരം പ്രശ്നങ്ങൾ കാരണം ജലഗുണനിലവാരം താഴുന്നത് ആരോഗ്യ പ്രശ്നങ്ങൾ/ കൊതുകുജന്യ രോഗങ്ങൾ ഉണ്ടാകുന്നതിന് കാരണമായിത്തീരാനിടയുണ്ടെന്ന സാഹചര്യം കണക്കിലെടുത്ത് നദികളിലെ നിലവിലെ പ്രശ്നങ്ങൾ പ്രാഥമിക വിവരശേഖരണത്തിലൂടെ കണ്ടെത്തുന്നതിന് 44 നദികളുടെ/നദീഭാഗങ്ങളുടെ ചുമതല ജലസേചന വകുപ്പിലെ എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്ക് നൽകിയിട്ടുണ്ട്. വിവരശേഖരണവുമായി ബന്ധപ്പെട്ട് നിലവിൽ നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ അവലോകനം ചെയ്ത് അവശ്യമായ നിർദ്ദേശങ്ങൾ ഉദ്യോഗസ്ഥർക്ക് നൽകിയിട്ടുണ്ട്. കൂടാതെ, ജലസേചന വകുപ്പിന്റെ ബഡ്ജറ്റ് വിഹിതം ഉപയോഗിച്ച് വളരെ അത്യാവശ്യമുള്ള നദീഭാഗങ്ങളിലെ തടസ്സങ്ങൾ നീക്കം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) പ്രസ്തുത പ്രശ്നം പരിഹരിക്കുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങളുമായി സഹകരിച്ച് പുതിയ പദ്ധതികൾ ആവിഷ്കരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ യെന്ന് വ്യക്തമാക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

നദികൾ/തോടുകൾ ഉൾപ്പെടെയുള്ള ജലസ്രോതസ്സുകൾകൂടി ഉൾപ്പെടുന്നതാണ് നീർത്തടങ്ങൾ. തദ്ദേശഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ ഹരിതകേരളം മിഷന്റെ ഉപമിഷനായ ജലസമൃദ്ധിയുടെ ഭാഗമായി നീർത്തട പ്ലാനുകൾ തയ്യാറാക്കിയിട്ടുണ്ട്. പ്രസ്തുത പ്ലാനിൽ ഇത്തരം പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. അവ നിർവ്വഹിക്കുന്നതിനുള്ള ഏജൻസികൾ/ വകുപ്പുകൾ എന്നിവയും ഉൾപ്പെടുത്തിയിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, തൊഴിലുറപ്പ് പദ്ധതി, വിവിധ വകുപ്പുകൾ എന്നിവ സംയുക്തമായും തനതായും തോടുകളുടെയും നദികളുടെയും നീരൊഴുക്ക് സുഗമമാക്കുന്ന പ്രവൃത്തികൾ നിർവ്വഹിച്ചിട്ടുണ്ട്. കൂടാതെ ജനകീയമായും ഇത്തരം പ്രവൃത്തി നിർവ്വഹിച്ചിട്ടുണ്ട്. നവകേരളം കർമ്മപദ്ധതി-II-ന്റെ ഭാഗമായി തദ്ദേശഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെ ജനകീയമായി ഇത്തരം പ്രവൃത്തികൾ മുന്നോട്ട് കൊണ്ടുപോകുന്നതിന് ലക്ഷ്യമിട്ടിട്ടുണ്ട്.

**കോഴിക്കോട് നോർത്ത് മണ്ഡലത്തിൽ പാച്ചാക്കിൽ തോട് നവീകരണം**

210(956) ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് നോർത്ത് മണ്ഡലത്തിൽ ഉൾപ്പെട്ട പാച്ചാക്കിൽ തോട് നവീകരണത്തിന് തയ്യാറാക്കിയ പദ്ധതിയുടെ ഇപ്പോഴത്തെ അവസ്ഥ വ്യക്തമാക്കുമോ?

കോഴിക്കോട് നോർത്ത് മണ്ഡലത്തിൽ ഉൾപ്പെട്ട പാച്ചാക്കൽ തോട് നവീകരണത്തിനുവേണ്ടി തയ്യാറാക്കിയ 2 കോടി രൂപയുടെ പദ്ധതിക്ക് 6-2-2021 -ലെ G.O.(Rt)No. 88/2021/WRD പ്രകാരം അനുമതി നൽകുകയും ടെണ്ടർ നടപടികൾ പൂർത്തിയാക്കി പ്രവൃത്തിയുടെ സൈറ്റ് 13-8-2021-ാം തീയതി കരാറുകാരന് കൈമാറുകയും ചെയ്തിട്ടുണ്ട്. എന്നാൽ പ്രവൃത്തി ചെയ്യേണ്ട ഭാഗങ്ങളിൽ തോടിന്റെ പുറമ്പോക്ക് ഭൂമി അളന്ന് അതിർത്തി നിർണ്ണയിക്കുന്നതിനുവേണ്ടിയുള്ള സർവ്വേ നടപടികൾ എത്രയും വേഗം പൂർത്തിയാക്കുന്നതിനുവേണ്ടി തഹസിൽദാർ (ഭൂരേഖ) കോഴിക്കോടിന് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, കോഴിക്കോട് മൈനർ ഇറിഗേഷൻ സബ് ഡിവിഷനിൽ നിന്നും കത്ത് നൽകിയിരിക്കുകയാണ്. ആയതിന്റെ അടിസ്ഥാനത്തിൽ സർവ്വേ വിഭാഗം സ്ഥല പരിശോധന നടത്തി തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) പദ്ധതി നടപടിക്രമങ്ങൾ വേഗത്തിലാക്കാൻ നടപടി സ്വീകരിക്കുമോ?

സർവ്വേ പൂർത്തീകരിച്ച് കഴിഞ്ഞാൽ പ്രവൃത്തി എത്രയും വേഗം പൂർത്തികരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

**പൊതുകുളങ്ങൾ നവീകരിക്കൽ**

211(957) ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ഷേത്രക്കുളങ്ങൾ ഉൾപ്പെടെ പൊതുകുളങ്ങൾ നവീകരിക്കുന്നതിന് എം.എൽ.എ. ഫണ്ട് വിനിയോഗിക്കുമ്പോൾ വാട്ടർ ഷെയർ എഗ്രിമെന്റ് തയ്യാറാക്കുന്നതിന് കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത കാലതാമസം പരിഹരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കാമോ?

(എ&ബി) കാലതാമസമുണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പൊതുകുളങ്ങളായി പ്രഖ്യാപിച്ചിട്ടുള്ള ക്ഷേത്രക്കുളങ്ങൾ ഉൾപ്പെടെയുള്ള കുളങ്ങളുടെ നവീകരണം വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി ജലസേചന വകുപ്പിന് കീഴിൽ നവീകരിച്ചു വരുന്നു. ആയതിന് വാട്ടർ ഷെയർ എഗ്രിമെന്റ് ആവശ്യമില്ല. എന്നാൽ ക്ഷേത്രക്കുളങ്ങൾ നവീകരിക്കേണ്ടി വരുമ്പോൾ ആവശ്യമായ വാട്ടർ ഷെയർ എഗ്രിമെന്റ് തയ്യാറാക്കുന്നതിനായി ഉൾക്കൊള്ളിക്കേണ്ട വ്യവസ്ഥകൾ ഉൾപ്പെടുത്തി കരട് മാതൃക അടിയന്തരമായി സമർപ്പിക്കുവാൻ ചെറുകിട ജലസേചന വിഭാഗം സൂപ്രണ്ടിംഗ് എഞ്ചിനീയറോട് ആവശ്യപ്പെട്ടിട്ടുണ്ട്. പ്രസ്തുത വ്യവസ്ഥകൾ ക്രോഡീകരിച്ച് മാതൃക ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിക്കുന്നതാണ്.

**നീർച്ചാലുകളുടെ ശുദ്ധീകരണം**

212(958) ശ്രീ. പി. കെ. ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒഴുക്കുനിലച്ച് നീർച്ചാലുകൾ മലിനപ്പെടുന്നത് തടയാനായി ആരംഭിച്ച 'ഇനി ഞാനൊഴുകട്ടെ' എന്ന കാമ്പയിനിലൂടെ എത്ര നീർച്ചാലുകൾ ശുദ്ധീകരിച്ചിട്ടുണ്ട്; ജില്ല തിരിച്ച് വിശദാംശം വെളിപ്പെടുത്തുമോ?

ഹരിതകേരളം മിഷന്റെ ഭാഗമായി സംസ്ഥാനത്തെ നീർച്ചാലുകളുടെ ശൃംഖല ജനകീയമായി ശുചിയാക്കി വീണ്ടെടുക്കുന്നതിന് വേണ്ടി "ഇനി ഞാനൊഴുകട്ടെ" എന്ന കാമ്പയിനിലൂടെ മൂന്നു ഘട്ടങ്ങളിലായി 10252.57 കിലോമീറ്റർ നീളത്തിൽ 6847 നീർച്ചാലുകൾ പുനരുജ്ജീവിപ്പിച്ചിട്ടുണ്ട്. ഇതിന്റെ ജില്ല തിരിച്ചുള്ള പട്ടിക അനുബന്ധമായി* ചേർത്തിരിക്കുന്നു.

(ബി) പ്രളയത്തിനുശേഷം ഏതെല്ലാം ഡാമുകളുടെ സംഭരണശേഷി വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് ജില്ല, വർഷം എന്നിവ തിരിച്ച് വിശദമാക്കുമോ?

നിർമ്മാണാനന്തരം വിവിധതരത്തിലും തോതിലുമുള്ള പ്രകൃതി പ്രതിഭാസങ്ങളുടെ ഫലമായി ഡാമുകളുടെ സംഭരണശേഷിയിൽ കുറവ് സംഭവിക്കാറുണ്ട്. 2018-ലെ പ്രളയത്തിന് മുൻപായിത്തന്നെ ഡാമുകളിൽ അടിഞ്ഞുകൂടിയിട്ടുള്ള എക്കൽ/ ചെളി/മണൽ/ മറ്റ് മാലിന്യങ്ങൾ എന്നിവ നീക്കം ചെയ്യുന്നതിനുള്ള "അംഗീകൃത പ്രവർത്തനരേഖ (SOP)" തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. 2018-ലെ പ്രളയാനന്തരം മംഗലം - (പാലക്കാട്) ചുള്ളിയാർ- (പാലക്കാട്) ഡാമുകളിൽ അടിഞ്ഞുകൂടിയിട്ടുള്ള മണ്ണും എക്കലും ചെളിയും നീക്കം ചെയ്യുന്നതിനുള്ള വിശദമായ പദ്ധതി രേഖ

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

തയ്യാറാക്കുകയും മംഗലം ഡാമിന്റെ ഡീ-സിൽറ്റേഷൻ പ്രവൃത്തി 17-12-2020 മുതൽ നടന്നുവരികയും ചെയ്യുന്നു. ചുള്ളിയാർ ഡാമിന്റെ ഡീ-സിൽറ്റേഷൻ പ്രവൃത്തി ജലസേചന വകുപ്പിന്റെ SPV ആയ KIIDC മുഖേന നിർവ്വഹിക്കുന്നതിനുള്ള ടെണ്ടർ നടപടികൾ പൂർത്തിയാക്കി തുടർ നടപടികൾ സ്വീകരിച്ചുവരുന്നു. വാളയാർ (പാലക്കാട്), മീൻകര (പാലക്കാട്)-ഡാമുകളുടെ ഡീ-സിൽറ്റേഷൻ നിർവ്വഹിക്കുന്നതിന് Kerala State Mineral Development Corporation Limited (KEMDEL) മുഖേന ടെണ്ടർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. മലമ്പുഴ (പാലക്കാട്), കാരാപ്പുഴ (പാലക്കാട്), മലങ്കര (ഇടുക്കി) എന്നീ ഡാമുകളുടേയും പഴശ്ശി (കണ്ണൂർ), മണിയാർ (പത്തനംതിട്ട) എന്നീ ബാരേജുകളുടേയും ഡീസിൽറ്റേഷൻ പ്രവർത്തനങ്ങൾക്കുവേണ്ടിയുള്ള ഡി.പി.ആർ. തയ്യാറാക്കുന്നതിനുള്ള കരാർ നടപടി സ്വീകരിക്കുന്നതിന് 1-7-2021-ൽ അനുമതി നൽകിയിട്ടുണ്ട്. പെരിയാർ വാലി ജലസേചന പദ്ധതിക്ക് കീഴിൽ എറണാകുളം ജില്ലയിൽ ഭൂതത്താൻ കെട്ട് ബാരേജാണുള്ളത്. ജലവിതരണത്തിനുശേഷം മഴക്കാലമാകുന്നതോടെ ബാരേജിന്റെ ഷട്ടറുകളെല്ലാം തുറന്നുവയ്ക്കുന്നതിനാൽ ബാരേജിൽ ചെളിയും മണലും അടിഞ്ഞു കിടക്കാറില്ല. പമ്പാ ജലസേചന പദ്ധതിക്ക് കീഴിലുള്ള പത്തനംതിട്ട ജില്ലയിലെ മണിയാർ ബാരേജിൽ ബാത്തിമെട്രിക് സർവ്വേ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കൊല്ലം ജില്ലയിലെ കല്ലട ജലസേചന പദ്ധതിയുടെ കീഴിലുള്ള തെന്മല ഡാമിലും 2018-ൽ സെഡിമെന്റേഷൻ സ്റ്റഡി നടത്തുകയും 28Mm3 മണൽ അടിഞ്ഞിട്ടുള്ളതായി കണ്ടെത്തിയിട്ടുമുണ്ട്. തൃശ്ശൂർ ജില്ലയിലെ വാഴാനി ഡാമിന്റെ സംഭരണശേഷിയിൽ കുറവുവന്നിട്ടില്ല.

(സി) ഭൂജലസംരക്ഷണവും സംപോഷണവും എന്ന പദ്ധതി പ്രകാരം നടപ്പാക്കിയ പ്രവർത്തനങ്ങൾ ജില്ലതിരിച്ച് വ്യക്തമാക്കുമോ ?

ഭൂജല സംരക്ഷണവും സംപോഷണവും എന്ന പദ്ധതി പ്രകാരം ഭൂജലവകുപ്പ് മുഖേന നടപ്പാക്കിയ 325 പ്രവൃത്തികളുടെ ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി* ചേർത്തിരിക്കുന്നു.

## എ.സി. കനാൽ നദിയുമായി സംയോജിപ്പിക്കുന്ന സ്വാമിനാഥൻ കമ്മീഷൻ ശിപാർശ

213(959) ശ്രീ. ജോബ് മൈക്കിൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എ.സി. കനാൽ നെടുമുടി വരെ നീട്ടി നദിയുമായി സംയോജിപ്പിക്കുവാനുള്ള സ്വാമിനാഥൻ കമ്മീഷന്റെ ശിപാർശ പരിഗണനയിലുണ്ടോ;

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) പ്രസ്തുത ശിപാർശ നടപ്പിലാക്കുവാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ?

(എ&ബി) എ.സി.കനാൽ നെടുമുടി വരെ നീട്ടി നദിയുമായി സംയോജിപ്പിക്കുവാനുള്ള സ്വാമിനാഥൻ കമ്മീഷന്റെ ശിപാർശ പരിഗണനയിലുണ്ട്. ടി വിഷയവുമായി ബന്ധപ്പെട്ട് ഹൈഡ്രോ ഡൈനാമിക് പഠനം നടത്തുന്നതിന് മദ്രാസ് ഐ.ഐ.റ്റി.-യെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത പഠന റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് പ്രവൃത്തികൾ നടപ്പിലാക്കുവാൻ സാധിക്കും.

(സി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനായി തുക വകയിരുത്തിയിട്ടുണ്ടോ ; വിശദാംശം ലഭ്യമാക്കുമോ?

പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനായി തുക വകയിരുത്തിയിട്ടില്ല. എന്നാൽ തോട്ടപ്പള്ളി സ്പിൽവേ ലീഡിംഗ് ചാനൽ നവീകരണം, എ.സി. കനാൽ രണ്ടും മൂന്നും റീച്ചുകളുടെ നിർമ്മാണം എന്നിവയുടെ ഹൈഡ്രോ ഡൈനാമിക് പഠനത്തിനായി റീബിൽഡ് കേരള ഇനിഷ്യേറ്റീവിലുൾപ്പെടുത്തി 4.50 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

**വൈപ്പിൻ മണ്ഡലത്തിലെ ആർ.എം.പി. കനാൽ നവീകരണം**

214(960) ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ മണ്ഡലത്തിൽ കൊച്ചി അഴിമുഖത്ത് നിന്നാരംഭിച്ച് മാലിപ്പുറം ബന്ധർ കനാൽ വരെയുള്ള ആർ.എം.പി കനാൽ നവീകരിക്കുന്നതിനായി ജലസേചന വകുപ്പ് 8 കോടി രൂപയുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത റിപ്പോർട്ടിൽ സ്വീകരിച്ചിട്ടുള്ള നടപടി വ്യക്തമാക്കാമോ;

(സി) പ്രോജക്ട് റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ?

(എ-സി) വൈപ്പിൻ മണ്ഡലത്തിൽ കൊച്ചി അഴിമുഖത്ത് നിന്നാരംഭിച്ച് മാലിപ്പുറം ബന്തർ കനാൽ വരെയുള്ള ആർ.എം.പി. കനാൽ നവീകരിക്കുന്നതിനായി ജലസേചന വകുപ്പ് പ്രോജക്ട് സമർപ്പിച്ചിട്ടില്ല. എന്നാൽ 2021-22 ബഡ്ജറ്റ് Vol. II Annexure II SL NO 244-ൽ 100 രൂപ ടോക്കൺ പ്രൊവിഷനിൽ ഉൾപ്പെടുത്തിയിട്ടുള്ള ആർ.എം.പി. തോടിന്റെ (കനാലിന്റെ) തോന്നിപാലം മുതൽ മലപ്പുറം ബീച്ച് റോഡ് വരെ പാർശ്വഭിത്തി കെട്ടുന്നതിനും ആഴം കൂട്ടുന്നതിനുമുള്ള 15 കോടി രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

## കാരിക്കോട് ഡിസ്ട്രിബ്യൂട്ടറി കനാൽ പൂർത്തീകരണം

215(961) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാരിക്കോട് ഡിസ്ട്രിബ്യൂട്ടറി കനാലിന്റെ മുടങ്ങിക്കിടക്കുന്ന നാല് റീച്ചുകളുടെ പണി പൂർത്തീകരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് ടെക്നിക്കൽ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടോ; അതിലെ അംഗങ്ങൾ ആരെല്ലാമെന്ന് വെളിപ്പെടുത്താമോ; കമ്മിറ്റി റിപ്പോർട്ട് നൽകിയിട്ടുണ്ടോ; റിപ്പോർട്ട് പ്രകാരമുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

22-2-2017 ലെ സ.ഉ(സാധാ)നമ്പർ 146/2017/ജവിവ പ്രകാരം ടെക്നിക്കൽ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്.

ടെക്നിക്കൽ കമ്മിറ്റി അംഗങ്ങൾ

| | | |
|---|---|---|
| 1. | ചീഫ് എഞ്ചിനീയർ, ജലസേചനവും ഭരണവും | ചെയർമാൻ |
| 2. | ചീഫ് എഞ്ചിനീയർ, പദ്ധതി വിഭാഗം-2 | കൺവീനർ |
| 3. | ചീഫ് എഞ്ചിനീയർ, ഐ.ഡി.ആർ.ബി | മെമ്പർ |
| 4. | സൂപ്രണ്ടിംഗ് എഞ്ചിനീയർ, എം.വി.ഐ.പി പ്രോജക്ട് സർക്കിൾ, മൂവാറ്റുപുഴ | |

മെമ്പർ ടെക്നിക്കൽ കമ്മിറ്റി പ്രത്യേക റിപ്പോർട്ട് നൽകിയിട്ടില്ലെങ്കിലും 29-4-2020-ലെ ചീഫ് എഞ്ചിനീയർമാരുടെ ടെക്നിക്കൽ കമ്മിറ്റിയിലെ തീരുമാനപ്രകാരം പൂർത്തീകരിക്കുവാനുള്ള 2,3,5&6 എന്നീ നാല് റീച്ചുകളിലേയും പ്രവൃത്തികൾ ക്രോഡീകരിച്ച് നിലവിൽ കനാലിന്റെ നിർമ്മാണം പൂർത്തീകരിക്കുന്നതിന് ആവശ്യം വേണ്ട പ്രവൃത്തികൾ മാത്രം ഉൾപ്പെടുത്തികൊണ്ട് ഒറ്റ പ്രവൃത്തിയാക്കി നിലവിലെ നിരക്ക് പ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(ബി) പ്രസ്തുത കനാലിന്റെ രണ്ട്, അഞ്ച് റീച്ചുകളുടെ പ്രവൃത്തികളുടെ റിവൈസ്ഡ് എസ്റ്റിമേറ്റിന് അംഗീകാരം നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ?

അംഗീകാരം നൽകിയിട്ടില്ല. രണ്ടാം (ചെ. 1210 മീ. മുതൽ 2560 മീ. വരെ) റീച്ചിന്റെ റിവൈസ്ഡ് എസ്റ്റിമേറ്റ് സർക്കാരിന്റെ പരിശോധനയിലാണ്. അഞ്ചാം (ചെ. 5430 മീ. മുതൽ 7330 മീ. വരെ) റീച്ചിന്റെ റിവൈസ്ഡ് എസ്റ്റിമേറ്റ് പുനഃസമർപ്പിക്കുവാൻ 10-9-2021-ലെ കത്ത് പ്രകാരം ചീഫ് എഞ്ചിനീയർ പദ്ധതി വിഭാഗം-2 നോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(സി) ഇനി എത്ര റീച്ചുകളുടെ പണികളാണ് പൂർത്തീകരിക്കാനുള്ളതെന്ന് വ്യക്തമാക്കാമോ; മുളക്കുളം പഞ്ചായത്തിലെ മുടങ്ങിക്കിടക്കുന്ന കനാലിന്റെ അപകടാവസ്ഥ പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടി വിശദമാക്കാമോ?

2, 3, 5 & 6 എന്നീ നാല് റീച്ചുകളുടെ പണികൾ പൂർത്തീകരിക്കുവാനുണ്ട്. മുളക്കുളം പഞ്ചായത്തിൽ പതിനേഴാം വാർഡിലെ ആറാമത്തെ റീച്ചിൽ ഉൾപ്പെടുന്ന ചെ. 9700 മീ. റോഡ് ക്രോസിംഗിലെ താൽകാലിക പാലം പുനരുദ്ധരിച്ചുകൊണ്ട് അപകടാവസ്ഥ പരിഹരിച്ചിട്ടുണ്ട്.

(ഡി) കാരിക്കോട് ഡിസ്ട്രിബ്യൂട്ടറിയുടെ തകർന്ന് കിടക്കുന്ന കനാൽ ബണ്ട് റോഡുകൾ നവീകരിക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദീകരിക്കാമോ?

കാരിക്കോട് ഡിസ്ട്രിബ്യൂട്ടറിയുടെ കനാൽ നിർമ്മാണം പൂർത്തീകരിക്കുന്ന മുറയ്ക്കും ഫണ്ടിന്റെ ലഭ്യതയനുസരിച്ചും കനാൽ ബണ്ട് റോഡുകൾ നവീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്

**കൽപ്പറ്റ മണ്ഡലത്തിലെ പാടിക്കര-ചിത്രമൂല ഡാം നവീകരണ പ്രവർത്തനം**

216(962)<u>ശ്രീ. ടി. സിദ്ദിഖ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൽപ്പറ്റ മണ്ഡലത്തിലെ കണിയാമ്പറ്റ ഗ്രാമപഞ്ചായത്തിലെ പാടിക്കര-ചിത്രമൂല ഡാം വി.സി.ബി.-കം-ട്രാക്ടർ വേ ആക്കി നവീകരിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതി നൽകുന്നതിന് നടപടി ആരംഭിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ ആയതിനുള്ള കാരണം വിശദമാക്കാമോ?

(എ & ബി) 2018-19 സാമ്പത്തിക വർഷത്തിൽ 14 പ്രോജക്റ്റ്സ് ഇൻ കാവേരി ബേസിനിൽ ഉൾപ്പെടുത്തി 13-11-2018-ലെ G.O (Rt) No.819/2018/WRD പ്രകാരം വയനാട് ജില്ലയിലെ കണിയാമ്പറ്റ പഞ്ചായത്തിലെ പാടിക്കര- ചിത്രമൂല എന്ന സ്ഥലത്ത് ചെക്ക്ഡാം നിർമ്മാണ പ്രവൃത്തിക്ക് 139.00 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. എന്നാൽ തദ്ദേശവാസികളായ പാടശേഖര സമിതി അംഗങ്ങൾ, ബഹുമാനപ്പെട്ട എം.എൽ.എ. എന്നിവരുടെ അഭ്യർത്ഥന പ്രകാരം സർക്കാർ ഉത്തരവിൽ പ്രതിപാദിച്ചിട്ടുള്ള വയനാട് ജില്ലയിലെ കണിയാമ്പറ്റ പഞ്ചായത്തിലെ പാടിക്കര ചിത്രമൂല എന്ന സ്ഥലത്ത് ചെക്ക്ഡാം നിർമ്മാണം

എന്നതിന് പകരം വയനാട് ജില്ലയിലെ കണിയാമ്പറ്റ പഞ്ചായത്തിലെ പാടിക്കര ചിത്രമൂല എന്ന സ്ഥലത്ത് V.C.B-Cum-tractor way നിർമ്മാണം എന്ന പേരിലേക്ക് മാറ്റുന്നതിനായി DSR 2018 പ്രകാരം തയ്യാറാക്കിയ പുതുക്കിയ എസ്റ്റിമേറ്റും ഡ്രോയിംഗും ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയർ തയ്യാറാക്കി വരുന്നു. ആയത് ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

**പ്രളയഭീഷണി നേരിടുന്നതിന് കൂടുതൽ ഡാമുകൾ**

217 (963) ഡോ. എം.കെ. മുനീർ:
ശ്രീ. കെ. പി. എ. മജീദ്:
ശ്രീ. പി. അബ്ദുൽ ഹമീദ് :
ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തുടർച്ചയായി ഉണ്ടാകുന്ന പ്രളയഭീഷണി നേരിടുന്നതിന് കൂടുതൽ ഡാമുകൾ ആവശ്യമാണെന്ന നിർദ്ദേശം ഉണ്ടായിട്ടുണ്ടോ;

(ബി) പുതിയ അണക്കെട്ടുകൾ നിർമ്മിക്കുന്നതിനായി എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ ?

(എ & ബി) ഉണ്ട്. 2018-19- ൽ ഉണ്ടായ വെള്ളപ്പൊക്കത്തിൽ കൂടുതൽ ഭീഷണി നേരിട്ട നദീതടങ്ങളിൽ പ്രളയനിയന്ത്രണ ഡാമുകൾ നിർമ്മിക്കുന്നതിന്റെ പ്രാഥമിക സാധ്യതാപഠനം (Hydrological Feasibility Study) നടത്തിയിട്ടുണ്ട്.

(സി) എങ്കിൽ എവിടെയെല്ലാം പുതിയ ഡാമുകൾ പണിയുന്നതിനാണ് നിർദ്ദേശിച്ചിരിക്കുന്നതെന്ന് വിശദമാക്കുമോ?

പെരിയാർ, ചാലക്കുടി, ചാലിയാർ, അച്ചൻകോവിൽ - പമ്പ, മീനച്ചിൽ എന്നീ നദീതടങ്ങളിൽ ഡാമുകൾ പണിയുന്നതിനായി പ്രാഥമിക സാധ്യതാ പഠനം നടത്തിയിട്ടുണ്ട്.

**ഡാമുകളുടെ സുരക്ഷിതത്വം**

218(964) ശ്രീ. സണ്ണി ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലവിഭവ വകുപ്പിന് കീഴിലുള്ള ഡാമുകളുടെ സുരക്ഷിതത്വം സംബന്ധിച്ച് കഴിഞ്ഞ അഞ്ചു വർഷക്കാലയളവിൽ ഡാം സേഫ്റ്റി അതോറിറ്റി നൽകിയിട്ടുള്ള നിർദ്ദേശങ്ങൾ എന്തൊക്കെയാണ്;

(ബി) ഇവയിൽ ഏതൊക്കെ നിർദ്ദേശങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്; വ്യക്തമാക്കുമോ?

(എ&ബി) ജലവിഭവ വകുപ്പിന് കീഴിലുള്ള ഡാമുകളുടെ സുരക്ഷിതത്വം സംബന്ധിച്ച് കഴിഞ്ഞ അഞ്ചു വർഷക്കാലയളവിൽ ഡാം സേഫ്റ്റി അതോറിറ്റി നൽകിയിട്ടുള്ള നിർദ്ദേശങ്ങളും അവയിന്മേൽ സ്വീകരിച്ച നടപടികളും അനുബന്ധമായി* ചേർത്തിരിക്കുന്നു.

**വാളയാർ ഡാം ഇറിഗേഷൻ കനാലുകളുടെ നവീകരണം**

219(965) <u>ശ്രീ. എ. പ്രഭാകരൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ വാളയാർ ഡാം ഇറിഗേഷൻ കനാലുകളുടെ അറ്റകുറ്റപണികൾക്കും നവീകരണത്തിനുമായി 2016 ജനുവരി മുതൽ 2021 മാർച്ച് വരെയുള്ള കാലയളവിൽ എത്ര രൂപയുടെ ഭരണാനുമതിയാണ് നൽകിയിട്ടുള്ളതെന്ന് അറിയിക്കാമോ?

പാലക്കാട് ജില്ലയിലെ വാളയാർ ഡാം ഇറിഗേഷൻ കനാലുകളുടെ അറ്റകുറ്റപ്പണികൾക്കും നവീകരണത്തിനുമായി 2016 ജനുവരി മുതൽ 2021 മാർച്ച് വരെയുള്ള കാലയളവിൽ ആകെ 8,30,27,450 രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) ഇതിൽ ഓരോ പദ്ധതിയുടെയും ഭരണാനുമതി തുകയും പ്രവൃത്തിയുടെ നിലവിലെ സ്ഥിതിയും അറിയിക്കാമോ?

അനുബന്ധമായി ചേർക്കുന്നു.*

**പാലായിലെ മിനി ഡാം റെഗുലേറ്റർ-കം -ബ്രിഡ്ജ് നിർമ്മാണം**

220(966) <u>ശ്രീ. മാണി. സി. കാപ്പൻ</u> : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പാലാ മുനിസിപ്പാലിറ്റിയിലെ അരുണാപുരം മിനി ഡാം റെഗുലേറ്റർ-കം-ബ്രിഡ്ജ് നിർമ്മാണത്തിന്റെ നിലവിലെ നിർമ്മാണ പുരോഗതിയും നിജസ്ഥിതിയും വ്യക്തമാക്കാമോ; പ്രസ്തുത നിർമ്മാണം സമയബന്ധിതമായി പൂർത്തീകരിക്കുവാൻ നടപടി സ്വീകരിക്കുമോ?

പാലാ മുനിസിപ്പാലിറ്റിയിലെ അരുണാപുരം മിനി ഡാം റെഗുലേറ്റർ-കം-ബ്രിഡ്ജ് നിർമ്മാണ പദ്ധതി പുനർദർഘാസ് നടത്തി പൂർത്തീകരിക്കുവാൻ 16-2-2021-ലെ സ.ഉ(സാധാ) നമ്പർ 117/2021/ജവിവ നമ്പർ ഉത്തരവ് പ്രകാരം

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പദ്ധതി വിഭാഗം-2 ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിരുന്നു. നിർദ്ദിഷ്ട പദ്ധതിയുടെ രൂപകൽപനയ്ക്ക് ഉപയോഗിച്ചിരിക്കുന്ന maximum flood level(MFL) +9.60 മീ. ആണ്. 2018-ൽ ഉണ്ടായ പ്രളയത്തിൽ MFL 11.55 മീറ്ററും 2019-ൽ +9.6 മീറ്ററും 2020-ൽ +12.05 മീറ്ററും രേഖപ്പെടുത്തിയിട്ടുണ്ട്. ഇതിൽ 2020-ൽ രേഖപ്പെടുത്തിയ MFL നിർദ്ദിഷ്ട പദ്ധതിയുടെ രൂപകൽപനയ്ക്ക് ഉപയോഗിച്ചിരിക്കുന്ന MFL-നെക്കാളും വളരെ കൂടുതലാണ്. ഈ സാഹചര്യത്തിൽ നിർദ്ദിഷ്ട സ്ട്രക്ചറിന്റെ റീ ഡിസൈൻ ആവശ്യമാണോയെന്നത് പരിശോധി ക്കുന്നതിനായി 28-2-2021-ൽ ഐ.ഡി.ആർ.ബി, ചീഫ് എഞ്ചിനീയർ സ്ഥലം സന്ദർശിക്കുകയും നിർദ്ദിഷ്ട സ്ഥലത്ത് യാതൊരു നിർമ്മിതിയുടെയും സ്ട്രക്ചറൽ സ്റ്റെബിലിറ്റി ഉറപ്പാക്കാൻ സാധിക്കില്ലെന്നും ആയതിനാൽ മിനി ഡാം കം ആർ.സി.ബി. നിർദ്ദിഷ്ട സ്ഥലത്ത് പണിയുന്നതിനുള്ള സാധ്യത പുനഃപരി ശോധിക്കേണ്ടതാണെന്നും നിർദ്ദേശിച്ചിരുന്നു. പര്യവേഷണ പ്രവൃത്തികൾക്കായി 16.60 ലക്ഷം രൂപ വരുന്ന എസ്റ്റിമേറ്റ് പദ്ധതി വിഭാഗം-2, ചീഫ് എഞ്ചിനീയർ, ഐ.ഡി.ആർ.ബി ചീഫ് എഞ്ചിനീയർക്ക് സമർപ്പിച്ചിട്ടുണ്ട്. അപ്രകാരം വിശദമായ പര്യവേഷണം/ സർവ്വേ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ടി നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് പ്രസ്തുത പദ്ധതി പുനർ രൂപകല്പന ചെയ്ത് നിർമ്മാണം സമയബന്ധിതമായി പൂർത്തീകരിക്കുവാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

### ചെല്ലൻകാവ് മിനി ഡാം പുനർനിർമ്മാണം

221(967) <u>ശ്രീ. എ. പ്രഭാകരൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലമ്പുഴ മണ്ഡലത്തിലെ പുതുശ്ശേരി പഞ്ചായത്തിലെ ചെല്ലൻകാവ് മിനിഡാം പുനർനിർമ്മിക്കുന്നതിന് മൈനർ ഇറിഗേഷൻ വകുപ്പ് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിക്ക് എന്ന് ഭരണാനുമതി നൽകുവാൻ കഴിയുമെന്ന് അറിയിക്കാമോ?

(എ & ബി) ചെല്ലൻകാവ് മിനി ഡാമിന്റെ പുനർ നിർമ്മാണവുമായി ബന്ധപ്പെട്ട് 4 കോടി രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കുകയുണ്ടായി. എന്നാൽ ഏരി നിലകൊള്ളുന്ന സ്ഥലത്തെ ഉടമസ്ഥാവകാശം സംബന്ധിച്ചുള്ള പരിശോധനയിൽ ഒരു സ്വകാര്യ വ്യക്തിയുടെ ഉടമസ്ഥതയിലാണ് നിലവിലുള്ളതെന്ന് പുതുശ്ശേരി സെൻട്രൽ വില്ലേജ് ഓഫീസിൽ നിന്നും അറിഞ്ഞതിനെത്തുടർന്ന് പാലക്കാട് തഹസീൽദാരുമായി ബന്ധപ്പെടുകയും, തഹസിൽദാർ പുതുശ്ശേരി സെൻട്രൽ

വില്ലേജ് ഓഫീസറോട് ഏരിയുടെ നിലവിലെ കൈവശക്കാരുടെയും, ഉടമസ്ഥരുടെയും പേരു വിവരങ്ങൾ അടങ്ങിയ വിശദമായ റിപ്പോർട്ട് സമർപ്പിക്കാൻ നിർദ്ദേശി ച്ചിട്ടുമുണ്ട്. പ്രസ്തുത റിപ്പോർട്ട് ലഭ്യമായതിനുശേഷം ഏരിയുടെ ഉടമസ്ഥാവകാശം ജലസേചന വകുപ്പിന്റേതാണെന്ന് വ്യക്തമാകുന്നപക്ഷം തുടർനടപടികൾ സ്വീകരി ക്കുന്നതാണ്.

**കൽപ്പറ്റ മണ്ഡലത്തിലെ ഐക്കരപ്പടി ചെക്ക് ഡാം നിർമ്മാണം**

222(968) <u>ശ്രീ. ടി. സിദ്ദിഖ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൽപ്പറ്റ മണ്ഡലത്തിലെ തരിയോട് പഞ്ചായത്തിൽ ഐക്കരപ്പടി ചെക്ക് ഡാം നിർമ്മാണത്തിന് പുതിയ ഭരണാനുമതി നൽകുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് നിലവിൽ എന്തെങ്കിലും തടസ്സങ്ങൾ നേരിടുന്നുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ കാരണങ്ങൾ വിശദമാക്കാമോ?

(എ&ബി) നടപടികൾ സ്വീകരിച്ചുവരുന്നു. ഐക്കരപ്പടിയിൽ തരിയോട് ഭാഗത്ത് ഒരു വി.സി.ബി. നിർമ്മിക്കുന്നതിന് ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽനിന്നും 22/10/2020-ലെ ഉത്തരവ് നമ്പർ എം.ഐ.ഡി.എസ്. ബി.വൈ. 2020, 3054/ ഐ.എ, തീയതി. പ്രകാരം ഭരണാനുമതി നല്കിയിരുന്നു. എന്നാൽ പ്രസ്തുത പ്രവൃത്തിയുമായി ബന്ധപ്പെട്ട സൈറ്റ് സന്ദർശന വേളയിൽ ചെക്ക് ഡാമിന്റെ 2 കി.മീ. താഴ്ഭാഗത്തുള്ള ഒരുവുമ്മൽ വി.സി.ബി.-യുടെ ഷട്ടറുകൾ ഇട്ടപ്പോൾ നിർദ്ദിഷ്ട സ്ഥാനത്ത് ആവശ്യത്തിന് ജലവിതാനം ലഭ്യമാകുമെന്നും ആയതിനാൽ നിർദ്ദിഷ്ട പ്രവൃത്തി ഈ സ്ഥലത്തിന്റെ 2 കി.മീ. മുകൾ ഭാഗത്തുള്ള മടത്തുവയൽ എന്ന സ്ഥലത്തേയ്ക്ക് മാറ്റി സ്ഥാപിക്കുന്നതിന് അനുവാദം നല്കണമെന്നും അപേക്ഷിച്ചുകൊണ്ട് സൂപ്രണ്ടിംഗ് എഞ്ചിനീയർ റിപ്പോർട്ട് നല്കിയതിനാൽ ഇക്കാര്യത്തിൽ വ്യക്തത ആവശ്യപ്പെട്ടുകൊണ്ട് ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽ നിന്നും സൂപ്രണ്ടിംഗ് എഞ്ചിനീയർക്ക് കത്ത് നൽകിയിരിക്കുകയാണ്. സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ വിശദീകരണം ലഭ്യമാകുന്ന മുറയ്ക്ക് ചെക്ക്ഡാം നിർമ്മാണത്തിനുള്ള തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

**പൂഞ്ഞാർ ചെക്ക് ഡാം-കം-ബ്രിഡ്ജ് നിർമ്മാണം**

223(969) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ മണ്ഡലത്തിലെ തിടനാട് പഞ്ചായത്ത് പതിമൂന്നാം വാർഡിൽ ചിറ്റാർ പുഴയിൽ പള്ളി ചപ്പാത്ത് ഭാഗത്ത് ചെക്ക് ഡാം-കം-ബ്രിഡ്ജ് നിർമ്മിക്കണമെന്ന പ്രദേശവാസികളുടെ ദീർഘകാലമായുള്ള ആവശ്യം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) എസ്റ്റിമേറ്റ് തയ്യാറാക്കി സർക്കാരിലേക്ക് സമർപ്പിച്ചിരിക്കുന്ന പ്രസ്തുത പദ്ധതിക്ക് ഭരണാനുമതി നല്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഇതുസംബന്ധിച്ച എസ്റ്റിമേറ്റ് സർക്കാരിൽ ലഭ്യമായിട്ടില്ല. ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിച്ച് ഭരണാനുമതി നൽകുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

**മഞ്ചേരി ഒറവം പുറത്ത് തടയണ നിർമ്മാണം**

224(970) ശ്രീ. യു. എ. ലത്തീഫ്: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മഞ്ചേരി മണ്ഡലത്തിലെ ഒറവംപുറത്ത് തടയണ നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

മലപ്പുറം-മഞ്ചേരി നിയമസഭാ മണ്ഡലത്തിലെ ഒറവംപുറത്ത് തടയണ നിർമ്മാണ പ്രവൃത്തിക്ക് ബഡ്ജറ്റ് 2021-22 അനുബന്ധം 11-ൽ 100 രൂപ ടോക്കൺ പ്രൊവിഷൻ വെച്ചിട്ടുള്ളതാണ്. (സീരിയൽ നമ്പർ 1046). മേൽ പ്രവൃത്തിക്ക് ഇൻവെസ്റ്റിഗേഷൻ കഴിഞ്ഞ് ഡ്രോയിംഗും ഡിസൈനും ഐ.ഡി.ആർ.ബി.-യിൽ നിന്നും ലഭിച്ചിട്ടുള്ളതനുസരിച്ച് ഡി.എസ്.ആർ -2018 പ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു. ആയത് സർക്കാരിൽ ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിച്ച് ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

## തലശ്ശേരി മണ്ഡലത്തിലെ തോടുകളുടെ സംരക്ഷണം

225(971) ശ്രീ. എ. എൻ. ഷംസീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലശ്ശേരി മണ്ഡലത്തിലെ തോടുകളുടെ സൈഡ് കെട്ടി സംരക്ഷിക്കുന്നതിന് മൈനർ ഇറിഗേഷൻ മുഖാന്തരമുള്ള പ്രവൃത്തികളായ അരങ്ങേറ്റപറമ്പ്-കൊട്ടാരക്കണ്ടി തോട് (പ്രൈസ് ഐ ഡി -2021/4135/ഐ എ), മലാൽ വെള്ളപോയിൽ കൊട്ടാരക്കണ്ടി തോട് (പ്രൈസ് ഐ ഡി -2021/4136/ഐ എ), മടത്തും ഭാഗം പൂവൻതോട് (പ്രൈസ് ഐ ഡി 2021/4134/ഐ എ) എന്നിവയുടെ നിലവിലെ സ്ഥിതി എന്തെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികൾക്ക് ഭരണാനുമതി ലഭ്യമാക്കുന്നതിന് ഇതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

(എ & ബി) തലശ്ശേരി മണ്ഡലത്തിലെ അരങ്ങേറ്റ പറമ്പ-കൊട്ടാരക്കണ്ടി തോട് 39 ലക്ഷം, മലാൽ വെള്ളപ്പൊയിൽ കൊട്ടാരക്കണ്ടി തോട്-112 ലക്ഷം, മഠത്തും ഭാഗം പൂവൻ തോട് - 122 ലക്ഷം എന്നിവയുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് 2702-03-101-98-03-NV എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകുന്നതിനായുള്ള ശിപാർശ സർക്കാരിൽ ലഭിച്ചെങ്കിലും പ്രസ്തുത ശീർഷകത്തിൽ ആവശ്യമായ ഫണ്ട് ഇല്ലാത്തതിനാൽ 2021-22 സാമ്പത്തിക വർഷത്തേക്ക് മാറ്റി വയ്ക്കുന്നതിനായി ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിരുന്നു. അതിനാൽ DSR 2018 പ്രകാരമുള്ള പുതുക്കിയ വിശദമായ പ്രോജക്റ്റ് റിപ്പോർട്ട് തയ്യാറാക്കി വരുന്നു. ആയത് ചീഫ് എഞ്ചിനീയർ സർക്കാരിൽ ലഭ്യമാക്കുന്ന മുറയ്ക്ക് പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

## കുറ്റ്യാടി പുഴയോര സംരക്ഷണം

226(972) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ കാലവർഷ സമയത്ത് ഇടിഞ്ഞു വീണതും നിലവിൽ ഭീഷണി നേരിടുന്നതുമായ കുറ്റ്യാടി പുഴയോരം കെട്ടി സംരക്ഷിക്കുന്ന പ്രവൃത്തി ഏതെല്ലാം ഭാഗങ്ങളിലാണ് നടന്നു വരുന്നതെന്ന് അറിയിക്കാമോ?

കുറ്റ്യാടി പുഴയോരം കെട്ടി സംരക്ഷിക്കുന്നതിനായി 22-1-2021-ലെ G.O. (Rt) No. 45/2021/WRD പ്രകാരം ഭരണാനുമതി നൽകിയ 17 പ്രവൃത്തികൾ ചങ്ങരോത്ത്, ചെറുവണ്ണൂർ പഞ്ചായത്തുകളിലാണ്. 17 പ്രവൃത്തികളുടെ വിശദാംശം അനുബന്ധമായി* ചേർക്കുന്നു.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) ജനങ്ങളുടെ സുരക്ഷിതത്വം പരിഗണിച്ച് അടുത്ത കാലവർഷത്തിന് മുൻപായി പുഴയോരം ഇടിഞ്ഞുവീഴാൻ സാധ്യതയുള്ള ഭാഗങ്ങൾ കെട്ടി സംരക്ഷിക്കുന്നതിന് പദ്ധതികൾ വിഭാവന ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദ വിവരങ്ങൾ അറിയിക്കാമോ?

പദ്ധതികൾ വിഭാവന ചെയ്തിട്ടുണ്ട്. മരുതോങ്കര, കുറ്റ്യാടി, തിരുവള്ളൂർ, കാവിലുംപാറ, മണിയൂർ, വേളം, ചെറുവണ്ണൂർ, ചങ്ങരോത്ത്, പേരാമ്പ്ര എന്നീ പഞ്ചായത്തുകളിലും പയ്യോളി മുനിസിപ്പാലിറ്റിയിലുമായി കുറ്റ്യാടി പുഴയോരം കെട്ടി സംരക്ഷിക്കുന്നതിന് 1624 ലക്ഷം രൂപയുടെ 33 പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

(സി) പ്രസ്തുത പ്രവൃത്തി ഏത് ഏജൻസിയെയാണ് ഏൽപ്പിക്കുന്നതെന്ന് അറിയിക്കാമോ; പ്രവൃത്തി എന്ന് പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

നിലവിൽ ഭരണാനുമതി നൽകിയ 17 പ്രവൃത്തികളുടെ ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് പ്രവൃത്തി ഏറ്റെടുത്ത് നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഈ പ്രവൃത്തികളിൽ കരാർ ഉടമ്പടിയിൽ ഏർപ്പെട്ട 3 പ്രവൃത്തികളുടെ വിശദാംശം അനുബന്ധമായിചേർക്കുന്നു.*

(ഡി) പ്രസ്തുത സുരക്ഷാഭിത്തി നിർമ്മാണം സമയബന്ധിതമായി പൂർത്തീകരിക്കുന്നതുവരെ ആവശ്യമായ മുൻകരുതലുകൾ പ്രദർശിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കാമോ;വ്യക്തമാക്കാമോ?

സുരക്ഷാഭിത്തി നിർമ്മാണം പൂർത്തീകരിക്കുന്നതുവരെ അപകട ഭീഷണിയുള്ള സ്ഥലങ്ങളിൽ മുൻകരുതലുകൾ പ്രദർശിപ്പിക്കുന്നതിനുള്ള നടപടികൾ തദ്ദേശഭരണ സ്ഥാപനവുമായി ബന്ധപ്പെട്ട് സ്വീകരിക്കുന്ന കാര്യം പരിഗണിക്കാവുന്നതാണ്.

### കുട്ടനാട്ടിലെ പാടശേഖരങ്ങളുടെ പുറംബണ്ട് ബലപ്പെടുത്തൽ

227(973) <u>ശ്രീ. തോമസ് കെ. തോമസ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട്ടിൽ കൊയ്യാൻ പാകമായ നെല്ല് മടവീണ് മുങ്ങിപ്പോകുന്നത് തടയാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

കുട്ടനാട്ടിലെ പാടശേഖരങ്ങളിൽ മടവീഴ്ചമൂലം നെല്ല് മുങ്ങിപ്പോകുന്നത് തടയുവാനായി പാടശേഖരങ്ങളുടെ പുറംബണ്ട് ബലപ്പെടുത്തുന്ന പ്രവൃത്തികൾ കുട്ടനാട് പാക്കേജ്‌വഴി നടപ്പിലാക്കി വരുന്നുണ്ട്. ഓരോ വർഷത്തെയും ബഡ്ജറ്റിൽ

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പ്ലാൻ സ്കീമിലുൾപ്പെടുത്തിയും NABARD-RIDF സ്കീമിലുൾപ്പെടുത്തിയും ലഭ്യമാകുന്ന തുകയ്ക്കാണ് ആലപ്പുഴ, കോട്ടയം ജില്ലകളിലായുള്ള പാടശേഖരങ്ങളുടെ പുറംബണ്ട് ബലപ്പെടുത്തുന്ന പ്രവൃത്തികൾ നടപ്പിലാക്കി വരുന്നത്.

(ബി) പാടശേഖരങ്ങളുടെ പുറംബണ്ടുകളുടെ ബലക്ഷയമുള്ള ഭാഗങ്ങൾ അടിയന്തരമായി ബലപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

എസ്.ഡി.ആർ.എഫ്. പദ്ധതിയിലുൾപ്പെടുത്തി പാടശേഖരങ്ങളുടെ പുറംബണ്ടുകളുടെ ബലക്ഷയമുള്ള ഭാഗങ്ങൾ ബലപ്പെടുത്തുന്ന പ്രവൃത്തികൾ നടപ്പിലാക്കി വരുന്നുണ്ട്. കൂടാതെ ആലപ്പുഴ ജില്ലയിലെ കൈനകരി ഗ്രാമപഞ്ചായത്തിൽ ഉൾപ്പെട്ട കനകാശ്ശേരി പാടശേഖരത്തിൽ സ്ഥിരമായി ഉണ്ടാകുന്ന മടവീഴ്ചയ്ക്ക് ഒരു ശാശ്വതപരിഹാരം ഉണ്ടാക്കുന്നതിനായി 6-2-2020-ൽ ഐ.ഡി.ആർ.ബി. ചീഫ് എഞ്ചിനീയറുടെ നേതൃത്വത്തിൽ സ്ഥല പരിശോധന നടത്തുകയും തുടർന്ന് സാങ്കേതിക ഡിസൈൻ ജോലികൾ നിർവ്വഹിക്കുന്നതിന് 16-6-2021-ലെ സ.ഉ(സാധാ)നമ്പർ 314/ 2021/ ജവിവ പ്രകാരം LBS Institute of Technology for Womens Thiruvananthapuram-നെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത ഡിസൈന്റെ പ്രവർത്തനങ്ങൾ നടന്നുവരുന്നു.

(സി) പുറംബണ്ടുകളുടെ നിർമ്മാണത്തിന് ചെലവ് കുറഞ്ഞതും അതിവേഗം നിർമ്മാണം പൂർത്തിയാകുന്നതുമായ ആധുനിക സാങ്കേതികവിദ്യകൾ സ്വീകരിക്കുന്നതിന് നടപടിയുണ്ടാകുമോ; വിശദമാക്കുമോ?

കുട്ടനാട്ടിലെ ജലാശയങ്ങളിലെ ഓളങ്ങൾ പ്രതിരോധിക്കുവാൻ നിലവിലെ രീതികളായ കൽക്കെട്ടും പൈൽ ആൻഡ് സ്ലാബ് ഉപയോഗിച്ചുകൊണ്ടുള്ള പുറംബണ്ട് നിർമ്മാണവുമാണ് പര്യാപ്തമായിട്ടുള്ളത്. ആധുനിക സാങ്കേതികവിദ്യകളെല്ലാം പ്രാരംഭ ഘട്ടത്തിലാണ്. വിശദമായ പഠനത്തിനുശേഷം മാത്രമേ കുട്ടനാട്ടിലെ സാഹചര്യത്തിന് അവ അനുയോജ്യമാണോയെന്ന് അറിയാൻ സാധിക്കുകയുള്ളൂ.

(ഡി) തകർന്ന പുറംബണ്ട് പുനർനിർമ്മിച്ച പാടശേഖര സമിതികൾക്ക് പ്രസ്തുത തുക അടിയന്തരമായി നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

തകർന്ന പുറംബണ്ട് പുനർ നിർമ്മിക്കുന്നതിന് ജലസേചന വകുപ്പ്, പാടശേഖര സമിതി വഴി പ്രവൃത്തി നടപ്പിലാക്കിയിട്ടില്ലാത്തതിനാൽ തുക അനുവദിക്കുന്നത് സംബന്ധിച്ച വിഷയം പരിഗണനയിലില്ല.

## പെരിയാർവാലി കനാൽ ബണ്ട് റോഡിന്റെ സംരക്ഷണം

228(974) ശ്രീ. പി. വി. ശ്രീനിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തുനാട് പഞ്ചായത്തിലെ കിഴക്കേ മോറക്കാല (17-ാം വാർഡ്) ഗാന്ധി റോഡിനെയും മാർ ഗ്രിഗോറിയസ് കുരിശ്തൊട്ടിയെയും ബന്ധിപ്പിക്കുന്ന 150 മീറ്റർ വരുന്ന പെരിയാർ വാലി കനാൽ ബണ്ട് റോഡിന്റെ വശങ്ങൾ ഇടിഞ്ഞ് സഞ്ചാരയോഗ്യമല്ലാതായ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പ്രസ്തുത ബണ്ട് റോഡ് ഭിത്തി കെട്ടി സംരക്ഷിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

പ്രസ്തുത ബണ്ട് റോഡ് ഭിത്തി നിർമ്മിക്കുവാൻ ആവശ്യമായ തുക അടുത്ത സാമ്പത്തിക വർഷത്തെ ആക്ഷൻ പ്ലാനിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

## തീരസംരക്ഷണ പ്രവൃത്തികൾ

229(975) ശ്രീ. പി. എസ്. സുപാൽ:
ശ്രീ. വി. ആർ. സുനിൽ കുമാർ:
ശ്രീ. വി. ശശി:
ശ്രീമതി സി. കെ. ആശ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിരന്തരമുണ്ടാകുന്ന കടലാക്രമണത്തിൽ പല ഭാഗങ്ങളിലും സംരക്ഷണഭിത്തി തകർന്ന് തീരശോഷണം സംഭവിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) തകർന്ന സംരക്ഷണഭിത്തികളുടെ പുനർനിർമ്മാണത്തിനും തീര ശോഷണം കുറയ്ക്കുന്നതിനുംവേണ്ടി ആധുനിക സാങ്കേതികവിദ്യയുടെ സഹായത്തോടെ നടപ്പിലാക്കിവരുന്ന പദ്ധതികൾ വിശദീകരിക്കുമോ?

(എ & ബി) സംസ്ഥാനത്ത് നിരന്തരമുണ്ടാകുന്ന കടലാക്രമണത്തിൽ പലഭാഗങ്ങളിലും സംരക്ഷണഭിത്തി തകർന്ന് തീരശോഷണം സംഭവിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കടലാക്രമണം ചെറുക്കുന്നതിന് സാധാരണയായി സി.ഡബ്ല്യൂ.പി.ആർ.എസ്., പൂനൈ/ഐ.ഐ.ടി. ചെന്നൈ മുതലായ സ്ഥാപനങ്ങളിൽ

നിന്നും ഡിസൈൻ ലഭ്യമാക്കി കരിങ്കല്ലുപയോഗിച്ചുള്ള കടൽഭിത്തിയും ഗ്രോയിനു കളുമാണ് കാലാകാലങ്ങളായി നിർമ്മിച്ചുവരുന്നത്. പരീക്ഷണാടിസ്ഥാനത്തിൽ ജിയോട്യൂബ് ഉപയോഗിച്ചും ജിയോബാഗുകളിൽ മണൽ നിറച്ചും അടിയന്തരമായി കടൽത്തീരത്തെ സംരക്ഷിക്കാനുള്ള നടപടികളും സ്വീകരിച്ചു വരുന്നു. ഹ്രസ്വ കാലാടിസ്ഥാനത്തിൽ ജിയോ ബാഗിൽ മണൽ നിറച്ച് തീരത്തെ അടിയന്തരമായി സംരക്ഷിക്കാനുള്ള നടപടികളും സ്വീകരിക്കാറുണ്ട്. എന്നാൽ കേരളത്തിൽ അടിക്കടി അനുഭവപ്പെടുന്ന ന്യൂനമർദ്ദവും ചുഴലിക്കാറ്റുംമൂലമുണ്ടാകുന്ന കടലാ ക്രമണവും കടൽകയറ്റവും തീരത്ത് വൻ നാശനഷ്ടങ്ങളുണ്ടാക്കുന്നു. കാലാവസ്ഥാ വ്യതിയാനവും മറ്റ് പ്രകൃതി പ്രതിഭാസങ്ങളുംമൂലമുണ്ടാകുന്ന കടലാക്രമണത്തെ ചെറുക്കുവാൻ മറ്റ് സുസ്ഥിരമായ നൂതന പരിഹാരമാർഗ്ഗങ്ങൾ അവലംബി ക്കേണ്ടതായിട്ടുണ്ട്. 2021-2022 സംസ്ഥാന ബഡ്ജറ്റിൽ പ്രഖ്യാപിച്ച 5 വർഷം കൊണ്ട് പൂർത്തീകരിക്കാൻ കഴിയുന്ന 5300 കോടി രൂപയുടെ കടലാക്രമണ പ്രതിരോധ പ്രവർത്തനങ്ങളുടെ ആദ്യഘട്ടമായി കിഫ്ബി ധനസഹായത്തോടെ 1500 കോടി രൂപയുടെ പദ്ധതി നടപ്പിലാക്കാൻ തീരുമാനിക്കുകയുണ്ടായി. ഇതിനെത്തുടർന്ന് കടലാക്രമണം ഏറ്റവും രൂക്ഷമായ ചെല്ലാനം പ്രദേശത്ത് നാഷണൽ സെന്റർ ഫോർ കോസ്റ്റൽ റിസർച്ച് (NCCR) പഠനം നടത്തി ഒരു ഹൈബ്രിഡ് പദ്ധതി (സംയോജിത കടൽ ഭിത്തിയുടെയും പുലിമുട്ടുകളുടെയും നിർമ്മാണം) അവലംബിക്കണമെന്ന് നിർദ്ദേശിക്കുകയും പ്രസ്തുത ഡിസൈൻ പ്രകാരം തയ്യാറാക്കിയ 254.20 കോടി രൂപയുടെ കടൽഭിത്തി നിർമ്മാണത്തിന്റെയും 90 കോടി രൂപയുടെ പുലിമുട്ട് നിർമ്മാണത്തിന്റെയും (ആകെ തുക: 344.20 കോടി രൂപ) വിശദമായ രൂപരേഖ കിഫ്ബി ധനസഹായത്തോടെ നടപ്പിലാക്കുന്നതിന് 29-7-2021-ലെ G.O.(Rt) No. 395/2021/WRD പ്രകാരം ഭരണാനുമതി നല്കിയിട്ടുണ്ട്. ഈ പ്രവൃത്തി KIIDC-നെ SPV ആക്കിയാണ് തുടർപ്രവർത്തനങ്ങൾ നടപ്പിലാക്കുന്നത്. എന്നാൽ കേരളത്തിൽ അടിക്കടി അനുഭവപ്പെടുന്ന ന്യൂനമർദ്ദവും ചുഴലിക്കാറ്റുംമൂലമുണ്ടാകുന്ന കടലാക്രമണവും കടൽകയറ്റവും തീരത്ത് വൻ നാശനഷ്ടങ്ങൾ ഉണ്ടാക്കുന്നു. കാലാവസ്ഥാ വ്യതിയാനവും മറ്റ് പ്രകൃതി പ്രതിഭാസങ്ങളുംമൂലമുണ്ടാകുന്ന കടലാക്രമണത്തെ ചെറുക്കുവാൻ മറ്റ് സുസ്ഥിരമായ നൂതന പരിഹാര മാർഗ്ഗങ്ങൾ അവലംബിക്കേണ്ടതായിട്ടുണ്ട്. 2021-2022 സംസ്ഥാന ബഡ്ജറ്റിൽ പ്രഖ്യാപിച്ച 5 വർഷം കൊണ്ട് പൂർത്തീകരിക്കുവാൻ കഴിയുന്ന 5300 കോടി രൂപയുടെ കടലാക്രമണ പ്രതിരോധ പ്രവർത്തനങ്ങളുടെ ആദ്യഘട്ടമായി കിഫ്ബി ധനസഹാത്തോടെ 1500 കോടി രൂപയുടെ പദ്ധതി നടപ്പിലാക്കാൻ തീരുമാനിക്കുകയുണ്ടായി. ഇതിനെത്തുടർന്ന് കടലാക്രമണം ഏറ്റവും രൂക്ഷമായ ചെല്ലാനം പ്രദേശത്ത് നാഷണൽ സെന്റർ ഫോർ കോസ്റ്റൽ റിസർച്ച് (NCCR) പഠനം നടത്തി ഒരു ഹൈബ്രിഡ് പദ്ധതി (സംയോജിത കടൽ ഭിത്തിയുടെയും പുലിമുട്ടുകളുടെയും നിർമ്മാണം) അവലംബിക്കണമെന്ന്

നിർദ്ദേശിക്കുകയും പ്രസ്തുത ഡിസൈൻ പ്രകാരം തയ്യാറാക്കിയ 254.20 കോടി രൂപയുടെ കടൽഭിത്തി നിർമ്മാണത്തിന്റെയും 90 കോടി രൂപയുടെ പുലിമുട്ട് നിർമ്മാണത്തിന്റെയും (ആകെ തുക : 344.20 കോടി രൂപ) വിശദമായ രൂപരേഖ കിഫ്ബി ധനസഹായത്തോടെ നടപ്പിലാക്കുന്നതിന് 29-7-2021-ലെ G.O.(Rt) No. 395/2021/ WRD പ്രകാരം ഭരണാനുമതി നല്കിയിട്ടുണ്ട്. ഈ പ്രവൃത്തി KIIDC-നെ SPV ആക്കിയാണ് തുടർപ്രവർത്തനങ്ങൾ നടപ്പിലാക്കുന്നത്.

(സി) കടലാക്രമണത്തെ കാര്യക്ഷമമായി തടയുന്ന പുലിമുട്ടുകൾ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് സാദ്ധ്യതാപഠനം നടത്തുന്നതിന് ചുമതലപ്പെടുത്തിയിട്ടുള്ള സ്ഥാപനങ്ങൾ ഏതെല്ലാമാണെന്ന് വിശദീകരിക്കാമോ;

(ഡി) പ്രസ്തുത പഠനം പൂർത്തീകരിച്ച് റിപ്പോർട്ട് ലഭിക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

(സി&ഡി) ശക്തമായ തിരമാലകളുള്ള തീരപ്രദേശമാണ് കേരളത്തിന്റേത്. ഇതിന് ആക്കം കൂട്ടും വിധമാണ് കാലാവസ്ഥാ വ്യതിയാനം, ചുഴലിക്കാറ്റുകളുടെ സ്വാധീനം എന്നിവ മൂലമുള്ള അതിതീവ്ര തീരശോഷണം ചില പ്രത്യേക പ്രദേശങ്ങളിൽ അനുഭവപ്പെടുന്നത്. ഇത് കണക്കിലെടുത്ത് കേരളത്തിലെ തീരപ്രദേശത്തെക്കുറിച്ച് പൊതുവിലും പത്ത് സ്ഥലങ്ങളെക്കുറിച്ച് പ്രത്യേകിച്ചും പഠിച്ച് സുസ്ഥിരമായ തീരസംരക്ഷണ മാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നതിനായി ചെന്നൈ ആസ്ഥാനമായ നാഷണൽ സെന്റർ ഫോർ കോസ്റ്റൽ റിസർച്ച് എന്ന സ്ഥാപനവുമായി ചർച്ചകൾ നടത്തുകയും കരട് ധാരണാപത്രത്തിന് സർക്കാർ അംഗീകാരം നൽകുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത സ്ഥാപനത്തിന്റെ പഠന റിപ്പോർട്ടിലെ നിർദ്ദേശാനുസരണം മാത്രമേ അനുയോജ്യമായ തീരസംരക്ഷണ മാർഗ്ഗം-കടൽ ഭിത്തിയാണോ പുലിമുട്ടാണോ പുലിമുട്ടുകളുടെ ശ്രുംഖലയാണോ തുടങ്ങിയവ ഏതെന്ന് തീരുമാനിക്കുവാൻ കഴിയൂ. എൻ.സി.സി.ആർ. എന്ന സ്ഥാപനവുമായുള്ള കരാർ കാലാവധി മൂന്ന് വർഷമായാണ് നിലവിൽ നിജപ്പെടുത്തിയിട്ടുള്ളത്.

**കൊയിലാണ്ടി മണ്ഡലം മൈനർ ഇറിഗേഷൻ പ്രവൃത്തികൾ**

230(976) <u>ശ്രീമതി കാനത്തിൽ ജമീല</u>: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കൊയിലാണ്ടി മണ്ഡലത്തിൽ മൈനർ ഇറിഗേഷൻ വിഭാഗത്തിന്റെ കീഴിൽ ഭരണാനുമതിയായതും നിർമ്മാണം പൂർത്തീകരിക്കാത്തതുമായ പ്ലാൻ/നോൺപ്ലാൻ ഫണ്ട് വിനിയോഗിക്കുന്ന പ്രവൃത്തികളുടെ പേര്, തുക, തൽസ്ഥിതി എന്നീ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

കൊയിലാണ്ടി മണ്ഡലത്തിൽ മൈനർ ഇറിഗേഷൻ വിഭാഗത്തിന് കീഴിൽ ഭരണാനുമതിയായതും നിർമ്മാണം പൂർത്തീകരിക്കാത്തതുമായ പ്ലാൻ/നോൺ പ്ലാൻ ഫണ്ട് വിനിയോഗിക്കുന്ന പ്രവൃത്തികളുടെ വിവരങ്ങൾ അനുബന്ധമായി* ചേർത്തിരിക്കുന്നു.

**കോതമംഗലം മണ്ഡലത്തിലെ കനാൽ ബണ്ട് റോഡുകൾ**

231(977) <u>ശ്രീ. ആന്റണി ജോൺ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിലെ പി.വി.ഐ.പി., എം.വി.ഐ.പി. കനാൽ ബണ്ട് റോഡുകൾ പല സ്ഥലങ്ങളിലും തകർന്ന് സഞ്ചാര യോഗ്യമല്ലാതായിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

കോതമംഗലം മണ്ഡലത്തിൽ എം.വി.ഐ.പി.-യിൽ ഉൾപ്പെട്ട വാരപ്പെട്ടി, നടുവക്കാട്, ഇഞ്ചൂർ എന്നീ ഡിസ്ട്രിബ്യൂട്ടറികളുടെയും ആർ.ബി.എം.സി. കനാലിന്റെയും ബണ്ട് റോഡുകൾ ചിലയിടങ്ങളിൽ മെറ്റലിംഗ്, ടാറിംഗ് എന്നിവ പൊളിഞ്ഞു പോയിട്ടുള്ളതായും പി.വി.ഐ.പി കനാൽ ബണ്ടു റോഡുകൾ തകർന്നു പോയിട്ടുള്ളതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പ്രസ്തുത റോഡുകൾ പുന:നിർമ്മിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ;

(സി) ധാരാളം ആളുകൾ നിത്യേന യാത്രയ്ക്കായി ഉപയോഗിക്കുന്ന പ്രസ്തുത റോഡുകൾ അടിയന്തരമായി പുനഃനിർമ്മിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

(ബി & സി) കനാൽ ബണ്ടു റോഡുകൾ റീ ടാറിംഗ് ചെയ്യുന്നതിനും റീ കോൺക്രീറ്റിംഗ് ചെയ്യുന്നതിനും തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അവർ ആവശ്യപ്പെടുന്നതനുസരിച്ച് എൻ.ഒ.സി. നൽകി വരുന്നു. ഫണ്ട് ലഭ്യതയ്ക്കനുസരിച്ച് വകുപ്പുതലത്തിലും കനാൽ ബണ്ടു റോഡുകളുടെ തകരാറുകൾ തീർക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## പുതുക്കാട് മണ്ഡലത്തിലെ ആറ്റപ്പിള്ളി റെഗുലേറ്റർ-കം-ബ്രിഡ്ജ് നിർമ്മാണം

232 (978) ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുക്കാട് മണ്ഡലത്തിലെ വരന്തരപ്പിള്ളി, മറ്റത്തൂർ പഞ്ചായത്തുകളെ ബന്ധിപ്പിച്ചുകൊണ്ട് കുറുമാലിപ്പുഴയിൽ ആറ്റപ്പിള്ളി റെഗുലേറ്റർ-കം-ബ്രിഡ്ജ് നിർമ്മാണം പൂർത്തിയാകാത്തതും പാലത്തിന്റെ അപ്രോച്ച് റോഡിൽ ഗർത്തങ്ങൾ രൂപപ്പെട്ടതുംമൂലം ഗതാഗതം പൂർണ്ണമായും തടസ്സപ്പെട്ടിരിക്കുന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ?

ഗതാഗത തടസ്സം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പാലത്തിന്റെയും അപ്രോച്ച് റോഡിന്റെയും നിർമ്മാണം പൂർത്തിയാക്കുന്നതിനും അതുവരെ താൽക്കാലിക ഗതാഗത സൗകര്യമൊരുക്കുന്നതിനും അടിയന്തര നടപടി സ്വീകരിക്കുമോ;

(സി) താൽക്കാലിക ഗതാഗതസൗകര്യമൊരുക്കുന്നതിനുള്ള എസ്റ്റിമേറ്റിനും ഡിസൈനും അംഗീകാരം നൽകാനും ആവശ്യമായ തുക അനുവദിക്കുന്നതിനും അടിയന്തര നടപടി സ്വീകരിക്കുമോ?

(ബി&സി) പാലത്തിന്റെയും അപ്രോച്ച് റോഡിന്റെയും നിർമ്മാണം പൂർത്തിയാക്കുന്നതിനും താൽക്കാലിക ഗതാഗത സൗകര്യമൊരുക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. 16-8-2021, 30-8-2021 തീയതികളിൽ ജലവിഭവ അഡീഷണൽ ചീഫ് സെക്രട്ടറി വിളിച്ചുചേർത്ത യോഗത്തിൽ പാലത്തിന്റെയും അപ്രോച്ച് റോഡിന്റെയും നിർമ്മാണം പൂർത്തിയാക്കുന്നതിനും അതുവരെ താൽക്കാലിക ഗതാഗത സൗകര്യമൊരുക്കുന്നതിനും അടിയന്തര നടപടി സ്വീകരിക്കുവാൻ കേരള എഞ്ചിനീയറിംഗ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (KERI), പീച്ചി-യെ ചുമതലപ്പെടുത്തിയിരുന്നു. അതനുസരിച്ച് പാലത്തിലൂടെ ചെറിയ വാഹനങ്ങൾ കടന്നുപോകുന്നതിനായി കേട്ടു വന്ന ഇടതുകര അപ്രോച്ച് റോഡിന്റെ ഭാഗത്ത് താൽക്കാലിക ഗതാഗത സംവിധാനം ഒരുക്കുന്നതിന് KERI, ഡയറക്ടർ തയ്യാറാക്കിയ സ്റ്റീൽ ബ്രിഡ്ജിന്റെ ഡിസൈൻ ആവശ്യമായ പരിശോധനകൾ നടത്തുന്നതിനായി ചീഫ് എഞ്ചിനീയർ ഐ.ഡി.ആർ.ബി.-യുടെ കാര്യാലയത്തിൽ നൽകിയിട്ടുണ്ട്. ചീഫ് എഞ്ചിനീയർ ഐ.ഡി.ആർ.ബി.-യിൽനിന്നും അംഗീകാരം ലഭിച്ചാലുടൻ എസ്റ്റിമേറ്റ് തയ്യാറാക്കി അനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

## ചിത്താരി റെഗുലേറ്റർ നിർമ്മാണം

233(979) ശ്രീ. ഇ. ചന്ദ്രശേഖരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചിത്താരി പുഴയിൽ ചിത്താരി റെഗുലേറ്റർ പുനർ നിർമ്മാണത്തിന്റെ നടപടികൾ ഏത് ഘട്ടത്തിലെന്ന് വിശദമാക്കുമോ;

(ബി) പദ്ധതിയുടെ ഡി.പി.ആർ. തയ്യാറാക്കിയോ; എങ്കിൽ എത്ര തുകയാണ് പദ്ധതിക്ക് വേണ്ടി ചെലവ് വരികയെന്ന് വ്യക്തമാക്കുമോ;

(സി) പദ്ധതിക്കുവേണ്ടി ഏതെങ്കിലും സ്രോതസ്സിൽനിന്ന് ഫണ്ടുകൾ നീക്കി വച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

(എ-സി) ചിത്താരിപുഴയിൽ ചിത്താരി റെഗുലേറ്റർ പുനർ നിർമ്മിക്കുന്നതിനായി ഐ.ഡി.ആർ.ബി.-യുടെ ഡിസൈൻ പ്രകാരം 34.00 കോടി രൂപ ചെലവ് വരുന്ന നാവിഗേഷൻ ലോക്കോട് കൂടിയ റെഗുലേറ്ററിന്റെ വിശദമായ പ്രോജക്ട് റിപ്പോർട്ട് (DSR 2018 പ്രകാരം തയ്യാറാക്കിയത്) നബാർഡ്-XXVII-ൽ ഉൾപ്പെടുത്തി ഭരണാനുമതി നല്കുന്നതിനായി സർക്കാരിൽ ലഭ്യമായിട്ടുണ്ട്. ആയത് പരിശോധിച്ച് വരുന്നു.

## കാസർഗോഡ് ജില്ലയിലെ ഒഴിവുകൾ

234(980) ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ ഇറിഗേഷൻ, മൈനർ ഇറിഗേഷൻ, ഇൻലാന്റ് നാവിഗേഷൻ എന്നീ വകുപ്പുകളിലെ ആകെ സാംഗ്ഷൻഡ് സ്ട്രെങ്ത് എത്രയെന്നും ഇതിൽ എത്ര ഒഴിവുകൾ വിവിധ തസ്തികകളിലായി നിലവിലുണ്ടെന്നും വ്യക്തമാക്കാമോ?

കാസർഗോഡ് ജില്ലയിൽ ഇറിഗേഷൻ, മൈനർ ഇറിഗേഷൻ, ഇൻലാന്റ് നാവിഗേഷൻ എന്നീ വകുപ്പുകളിലെ ആകെ സാങ്ഷൻഡ് സ്ട്രെങ്ത്, വിവിധ തസ്തികകളിലെ ഒഴിവുകൾ എന്നിവ അനുബന്ധമായി* ചേർക്കുന്നു.

(ബി) കാസർഗോഡ് ജില്ലയിൽ ഈ വകുപ്പുകളിൽ എത്രപേർ താല്ക്കാലിക/കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്യുന്നുണ്ടെന്നും അറിയിക്കാമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കാസർഗോഡ് ജില്ലയിൽ ഇറിഗേഷൻ, മൈനർ ഇറിഗേഷൻ, ഇൻലാന്റ് നാവിഗേഷൻ എന്നീ വകുപ്പുകളിൽ താൽക്കാലിക/കരാർ അടിസ്ഥാനത്തിൽ ആരും തന്നെ ജോലി ചെയ്യുന്നില്ല.

**ജലസേചന വകുപ്പിലെ ജീവനക്കാരുടെ പെൻഷൻ**

235(981) ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലസേചന വകുപ്പിൽ 1968 മുതൽ താൽക്കാലിക ജോലി ചെയ്ത് 1990-ൽ സ്ഥിരപ്പെട്ട ജീവനക്കാർക്ക് കാഷ്വൽ സർവ്വീസ് കാലം കൂടി പരിഗണിച്ച് പെൻഷൻ അനുവദിക്കാൻ ഉത്തരവ് പുറപ്പെടുവിച്ചതിന്റെ അടിസ്ഥാനത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചത്; വിശദമാക്കാമോ?

ജലസേചന വകുപ്പിൽ 1968 മുതൽ താൽക്കാലിക ജോലി ചെയ്ത് 1990-ൽ സ്ഥിരപ്പെട്ട ജീവനക്കാർക്ക് കാഷ്വൽ സർവ്വീസ് കാലം കൂടി പരിഗണിച്ച് പെൻഷൻ അനുവദിക്കാൻ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചതിന്റെ അടിസ്ഥാനത്തിൽ (G.O(Rt) No. 588/2019/WRD dtd, 17-8-2019) അർഹരായ ജീവനക്കാർക്ക് പെൻഷൻ അനുവദിക്കുന്നതിനുള്ള അപേക്ഷകൾ പാസ്സാക്കി അംഗീകാരത്തിനുവേണ്ടി അക്കൗണ്ടന്റ് ജനറൽ, കേരള, തിരുവനന്തപുരത്തിന് സമർപ്പിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത ഉത്തരവിലൂടെ പ്രയോജനം ലഭിക്കുന്ന ജീവനക്കാരുടെ എണ്ണം, നാളിതുവരെ ആനുകൂല്യം ലഭ്യമായ ജീവനക്കാർ, ഇനി ആനുകൂല്യം ലഭിക്കാനുള്ളവർ എന്നിവ വിശദമാക്കാമോ?

പ്രസ്തുത സർക്കാർ ഉത്തരവിലൂടെ പ്രയോജനം ലഭിക്കുന്ന ജീവനക്കാർ - 359, നാളിതുവരെ ആനുകൂല്യം ലഭ്യമായ ജീവനക്കാർ - 44, ആനുകൂല്യം ലഭിക്കാനുള്ളവർ - 315.

(സി) ഇതുമായി ബന്ധപ്പെട്ട് ശ്രീ. എം. യു. ഉതുപ്പ്, മൂത്തേടത്ത്, രാമമംഗലം എന്നയാളിന്റെ പെൻഷൻ അനുവദിക്കാൻ നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; പ്രസ്തുത വ്യക്തിക്ക് ടി ഉത്തരവ് പ്രകാരമുള്ള പെൻഷൻ എന്നത്തേക്ക് നൽകുവാൻ സാധിക്കുമെന്നറിയിക്കാമോ?

ശ്രീ. എം. യു. ഉതുപ്പ്, മൂത്തേടത്ത്, രാമമംഗലം എന്നയാൾ ആലുവ ഇലക്ട്രിക്കൽ സബ് ഡിവിഷന്റെ കീഴിലുള്ള രാമമംഗലം ഇലക്ട്രിക്കൽ സെക്ഷനിൽ ജോലി ചെയ്തിരുന്ന ജീവനക്കാരനാണ്. ടിയാന്റെ സർവ്വീസ് ബുക്ക് നഷ്ടപ്പെട്ടു പോയതിനാൽ പെൻഷൻ സംബന്ധിച്ച അർഹത വിലയിരുത്തുവാൻ

കാലതാമസമുണ്ടായി. 19-5-1983 പ്രാബല്യത്തിലുള്ള സി.എൽ.ആർ. ജീവനക്കാരുടെ സീനിയോറിറ്റി ലിസ്റ്റിൽ ടിയാൾ ക്രമ നമ്പർ 230 ആയി ഉൾപ്പെട്ടിട്ടുള്ളതായും ടിയാന്റെ ജനനത്തീയതി 13-5-1951 ആയും സർവ്വീസിൽ പ്രവേശിച്ച തീയതി 15-12-1976 ആയും 19-5-1983 പ്രാബല്യത്തിൽ ടിയാൻ 1421 ദിവസം ജോലി ചെയ്തിട്ടുള്ളതായും കണ്ടെത്തിയിട്ടുണ്ട്. മേൽ വിവരങ്ങളുടെ അടിസ്ഥാനത്തിൽ ടിയാന് പെൻഷനുള്ള അർഹത ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽ പരിശോധിച്ച് വരുന്നു.

## ഗസറ്റഡ് ഉദ്യോഗസ്ഥരുടെ സ്ഥാനക്കയറ്റം

236(982) ശ്രീ. മുഹമ്മദ് മുഹസിൻ: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

ജലസേചന വകുപ്പിൽ ഗസറ്റഡ് വിഭാഗം ഉദ്യോഗസ്ഥർക്ക് ഡി.പി.സി. ഇല്ലാത്തതിനാൽ ടി വിഭാഗത്തിൽപ്പെട്ട നിരവധി എഞ്ചിനീയർമാർക്ക് പ്രൊമോഷൻ നിഷേധിക്കപ്പെടുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ഇല്ല. ജലസേചന വകുപ്പിലെ ടെക്നിക്കൽ വിഭാഗത്തിലെ ഗസറ്റഡ് വിഭാഗം ജീവനക്കാരുടെ സ്ഥാനക്കയറ്റവുമായി ബന്ധപ്പെട്ട് സിവിൽ, മെക്കാനിക്കൽ വിഭാഗത്തിൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (സിവിൽ-ഡിഗ്രി, സിവിൽ-ഡിപ്ലോമ) തസ്തികയിലേക്കുള്ള പ്രൊമോഷന് വേണ്ടിയുള്ള ഡി.പി.സി, സൂപ്രണ്ടിംഗ് എഞ്ചിനീയർ (സിവിൽ) തസ്തികയിലേയ്ക്കുള്ള പ്രൊമോഷന് വേണ്ടിയുള്ള ഡി.പി.സി. എന്നിവ ഒഴികെ സിവിൽ, മെക്കാനിക്കൽ വിഭാഗത്തിലെ ബാക്കി എല്ലാ തസ്തികയിലേയ്ക്കും അർഹതപ്പെട്ട പ്രൊമോഷൻ നൽകുന്നതിലേക്കുള്ള ഡിപ്പാർട്ട്മെന്റൽ പ്രൊമോഷൻ കമ്മിറ്റി മീറ്റിംഗ് 23-9-2021-ൽ കൂടുകയും ആയതിന്റെ തുടർ നടപടികൾ സർക്കാരിൽ സ്വീകരിച്ചു വരികയുമാണ്. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (സിവിൽ ഡിഗ്രി, സിവിൽ-ഡിപ്ലോമ) തസ്തികയിലേക്കുള്ള പ്രൊമോഷന് വേണ്ടിയുള്ള ഡി.പി.സി., സൂപ്രണ്ടിംഗ് എഞ്ചിനീയർ (സിവിൽ) തസ്തികയിലേയ്ക്കുള്ള പ്രൊമോഷന് വേണ്ടിയുള്ള ഡി.പി.സി. എന്നിവ കൂടുവാനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു.

## പാലക്കാട് ജില്ലയിലെ ലിഫ്റ്റ് ഇറിഗേഷൻ മെക്കാനിക്കൽ പ്രവൃത്തികൾ

237(983) ശ്രീ. മുഹമ്മദ് മുഹസിൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ ലിഫ്റ്റ് ഇറിഗേഷൻ മെക്കാനിക്കൽ പ്രവൃത്തികൾ കോഴിക്കോട് പി.ഡബ്ല്യു.ഡി. മെക്കാനിക്കൽ ഡിവിഷന് കീഴിലാക്കിയതു കൊണ്ടുള്ള വൈഷമ്യങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

വൈഷമ്യങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കോഴിക്കോട് പി.ഡബ്ല്യൂ.ഡി. മെക്കാനിക്കൽ ഡിവിഷനിൽനിന്നും ലിഫ്റ്റ് ഇറിഗേഷൻ പ്രവൃത്തികൾ കാല താമസം കൂടാതെ ചെയ്തുവരുന്നുണ്ട്.

(ബി) പാലക്കാട് ജില്ലയിലെ ജനപ്രതിനിധികളുമായി ചർച്ച നടത്തിയിട്ടാണോ ഇത്തരത്തിൽ ഒരു തീരുമാനം എടുത്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

അല്ല. 22-8-2017-ന് മെക്കാനിക്കൽ ചീഫ് എഞ്ചിനീയറുടെ അദ്ധ്യക്ഷതയിൽ ചേർന്ന മെക്കാനിക്കൽ വിഭാഗം എഞ്ചിനീയർമാരുടെ യോഗത്തിൽ വിവിധ ഡിവിഷനുകളിലെ ജോലിഭാരം കണക്കിലെടുത്താണ് ലിഫ്റ്റ് ഇറിഗേഷൻ സ്കീമുകളിലെ പൈപ്പ് ലൈനിന്റേയും പമ്പിന്റേയും ഇറക്ഷൻ വർക്കുകൾ പി.ഡബ്ല്യൂ.ഡി. മെക്കാനിക്കൽ ഡിവിഷൻ/സബ് ഡിവിഷൻ വഴി ചെയ്യുവാൻ തീരുമാനമെടുത്തിട്ടുള്ളത്.

(സി) പാലക്കാട് ജില്ലയിലെ ലിഫ്റ്റ് ഇറിഗേഷൻ മെക്കാനിക്കൽ പ്രവൃത്തികൾ മലമ്പുഴ മെക്കാനിക്കൽ ഡിവിഷന് കീഴിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ലിഫ്റ്റ് ഇറിഗേഷൻ മെക്കാനിക്കൽ പ്രവൃത്തികൾ നടപ്പിലാക്കുന്നതിന് കോഴിക്കോട് പി.ഡബ്ല്യൂ.ഡി. മെക്കാനിക്കൽ ഡിവിഷന്റെ ഭാഗത്തുനിന്നും കാലതാമസമുണ്ടാകുന്നതായി കാണുന്നില്ല. കാലതാമസം വരുന്ന പക്ഷം ആയവ പരിഹരിക്കുന്നതിനുള്ള കർശന നടപടി സ്വീകരിക്കുന്നതാണ്.

## ചെരണ്ടത്തൂർ ചിറ പാടശേഖരത്തിന് പുതിയ മോട്ടോർ

238(984) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെരണ്ടത്തൂർ ചിറയിലെ പാടശേഖരങ്ങളിലെ ജലനിരപ്പ് ക്രമപ്പെടുത്തുന്നതിനായി സ്ഥാപിച്ച 40 HP മോട്ടോർ കാലപ്പഴക്കത്താൽ പ്രവർത്തന രഹിതമാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കൃത്യസമയങ്ങളിൽ പമ്പിംഗ് നടക്കാത്തത് നെൽകൃഷിയെ ഗുരുതരമായി ബാധിക്കുന്നത് തടയാൻ സ്വീകരിക്കുന്ന നടപടികൾ എന്തെല്ലാം; വ്യക്തമാക്കാമോ ;

(സി) പ്രസ്തുത പാടശേഖരങ്ങളിൽ അടിയന്തരമായി പുതിയ മോട്ടോർ സ്ഥാപിക്കുന്നതിന് നടപടികൾ സ്വീകരിക്കാമോ?

(ബി&സി) ചെരണ്ടത്തൂർ ചിറ പാടശേഖരത്തിലെ ജലനിരപ്പ് ക്രമപ്പെടുത്തുന്നതിനായി ആവശ്യമായ സമയങ്ങളിൽ പമ്പിംഗ് നടത്തുന്നതിനുള്ള 60 എച്ച്.പി. മോട്ടോറും പമ്പും പ്രവർത്തനക്ഷമമല്ലാതായതിനാൽ, അവ മാറ്റി പുതിയ 60 എച്ച്.പി. മോട്ടോർ സ്ഥാപിക്കുന്നതിനുവേണ്ടിയുള്ള പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ പുരോഗമിച്ചു വരികയാണ്.

**തോട്ടപ്പള്ളി സ്പിൽവേ**

239(985) ശ്രീ. ടി. ജെ. വിനോദ്: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തോട്ടപ്പള്ളി സ്പിൽവേയുടെ ആഴവും വീതിയും കൂട്ടുന്ന പ്രവൃത്തിയുമായി ബന്ധപ്പെട്ട് കാറ്റാടി മരങ്ങൾ മുറിച്ചു മാറ്റുന്നതിന് നിർദ്ദേശമുണ്ടായിരുന്നോ; വ്യക്തമാക്കുമോ?

തോട്ടപ്പള്ളി സ്പിൽവേയുടെ ആഴവും വീതിയും കൂട്ടുന്ന പ്രവൃത്തിയുമായി ബന്ധപ്പെട്ട് കാറ്റാടി മരങ്ങൾ മുറിച്ചു മാറ്റുന്നതിന് നിർദ്ദേശം നൽകിയിരുന്നു. തോട്ടപ്പള്ളി സ്പിൽവേ, തണ്ണീർമുക്കം ബണ്ട് എന്നിവയുടെ പ്രവർത്തനം, നവീകരണം എന്നിവ സംബന്ധിച്ച് അന്നത്തെ ബഹുമാനപ്പെട്ട ജലവിഭവ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 2-5-2019-ന് ചേർന്ന യോഗത്തിന്റെ തീരുമാനമനുസരിച്ച് ദുരന്തനിവാരണ നിയമപ്രകാരം മരങ്ങൾ മുറിച്ചുമാറ്റാൻ ജില്ലാകളക്ടറെ ചുമതലപ്പെടുത്തിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ജില്ലാ ദുരന്തനിവാരണ അതോറിറ്റി യോഗം കൂടുകയും 7-5-2019-ൽ ആലപ്പുഴ ജില്ലാ കളക്ടർ ദുരന്തനിവാരണ നിയമപ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്.

**അഴീക്കോട് മണ്ഡലത്തിലെ ഇറിഗേഷൻ പദ്ധതികൾ**

240(986) ശ്രീ. കെ. വി. സുമേഷ്: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

അഴീക്കോട് മണ്ഡലത്തിൽ 2016 മുതൽ ഇറിഗേഷൻ വകുപ്പ് മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ ഏതെങ്കിലുമുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

അഴീക്കോട് മണ്ഡലത്തിൽ 2016 മുതൽ ഇറിഗേഷൻ വകുപ്പ് മുഖേന നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

**കൊയിലാണ്ടി മണ്ഡലത്തിലെ മേജർ ഇറിഗേഷൻ പ്രവൃത്തികൾ**

241(987) ശ്രീമതി കാനത്തിൽ ജമീല: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മേജർ ഇറിഗേഷൻ വിഭാഗത്തിന്റെ കീഴിൽ കൊയിലാണ്ടി മണ്ഡല പരിധിയിൽ ഭരണാനുമതിയായതും നിർമ്മാണം പൂർത്തീകരിക്കാത്തതുമായ പ്ലാൻ/നോൺ പ്ലാൻ ഫണ്ട് വിനിയോഗിക്കുന്ന പ്രവൃത്തികളുടെ പേര്, പ്രവൃത്തികളുടെ തൽസ്ഥിതി എന്നിവ പട്ടികയാക്കി നൽകാമോ?

മേജർ ഇറിഗേഷൻ വിഭാഗത്തിന്റെ കീഴിൽ കൊയിലാണ്ടി മണ്ഡല പരിധിയിൽ ഭരണാനുമതിയായതും നിർമ്മാണം പൂർത്തീകരിക്കാത്തതുമായ പ്രവൃത്തികളുടെ വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

**ജലസേചന പ്രവൃത്തികൾക്കായി നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങൾ**

242(988) ശ്രീ. കെ. പ്രേംകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര ജലകമ്മീഷൻ ജലസേചന പ്രവൃത്തികൾക്കായി നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ?

പ്രസ്തുത മാനദണ്ഡങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) പ്രസ്തുത മാനദണ്ഡങ്ങൾ പാലിക്കാൻ കഴിയാത്തതുമൂലം ഏതെങ്കിലും കേന്ദ്ര പദ്ധതികൾ നടപ്പിലാക്കുവാൻ കഴിയാതെ വന്നിട്ടുണ്ടോ; ഉണ്ടെങ്കിൽ അവ ഏതെന്ന് വ്യക്തമാക്കാമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കേന്ദ്ര ജലകമ്മീഷൻ നിഷ്കർഷിക്കുന്ന മാനദണ്ഡങ്ങൾ പാലിക്കുവാൻ കഴിയാത്തതിനാൽ പി.എം.കെ.എസ്.വൈ.-യുടെ Repair, Renovation and Restoration (RRR), സർഫസ് മൈനർ ഇറിഗേഷൻ (SMI) പദ്ധതിയിൽ ഉൾപ്പെട്ട പ്രവൃത്തികൾക്ക് അംഗീകാരം ലഭിച്ചിട്ടില്ല.

(സി) കേരളത്തിന്റെ പ്രത്യേക ഭൂപ്രകൃതിയും ജനസാന്ദ്രതയും കണക്കിലെടുത്ത് കേന്ദ്ര ജല കമ്മീഷൻ നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങളിൽ ഇളവ് ലഭിക്കുവാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

കേരളത്തിന്റെ പ്രത്യേക ഭൂപ്രകൃതിയും ജനസാന്ദ്രതയും കണക്കിലെടുത്ത് കേന്ദ്ര ജലകമ്മീഷൻ നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങളിൽ ഇളവ് നൽകണമെന്ന് അഭ്യർത്ഥിച്ചിട്ടുണ്ട്. പി.എം.കെ.എസ്.വൈ.-യുടെ മാനദണ്ഡങ്ങളിൽ ഇളവ് അനുവദിക്കുന്ന വിഷയം കമ്മീഷന്റെ 6-10-2020-ൽ ചേർന്ന യോഗത്തെ അറിയിക്കുകയും ഉചിതമായ നടപടികൾ കൈക്കൊള്ളാമെന്ന് കമ്മീഷൻ അധികാരികൾ അഭിപ്രായപ്പെടുകയും ചെയ്തിട്ടുണ്ട്.

**എൻ.ഒ.സി. ലഭ്യമാകാതെ കാലതാമസം നേരിടുന്ന പദ്ധതികൾ**

243(989) <u>ശ്രീ. പി. പി. സുമോദ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ വകുപ്പുകൾ സർക്കാരിനായി ഏറ്റെടുക്കുന്ന നിർമ്മാണ പ്രവൃത്തികൾക്ക് ഇറിഗേഷൻ വകുപ്പിന്റെ എൻ.ഒ.സി. ആവശ്യമായി വരുന്ന വേളയിൽ ആയതിനായി സമർപ്പിക്കുന്ന ഫോം 3 എ-യിൽ ടി സർക്കാർ വകുപ്പിലെ ജീവനക്കാരന്റെ സ്വകാര്യ വിവരങ്ങൾ ആവശ്യപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല. നിർമ്മാണ പ്രവർത്തനങ്ങൾക്ക് പ്രധാനമായും അപേക്ഷ ലഭ്യമാകുന്നത് സ്വകാര്യ വ്യക്തികളിൽ നിന്നാണ്. പ്രസ്തുത അപേക്ഷകളിൽ അപേക്ഷകന്റെ വിവരം ആവശ്യപ്പെടാറുണ്ട്. എന്നാൽ തദ്ദേശഭരണ സ്ഥാപനങ്ങൾ, മറ്റ് വകുപ്പുകൾ എന്നിവിടങ്ങളിൽനിന്നും ലഭിക്കുന്ന അപേക്ഷകളിൽ സ്വകാര്യ വിവരങ്ങൾ വേണമെന്ന് നിഷ്കർഷിക്കാറില്ല. പകരം ഔദ്യോഗിക മേൽവിലാസത്തിലുള്ള അപേക്ഷ ആവശ്യമായ രേഖകൾ സഹിതം സ്വീകരിച്ച് തുടർ നടപടി സ്വീകരിച്ച് എൻ.ഒ.സി. നൽകാറുണ്ട്.

(ബി) ടി ഫോമിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ വ്യക്തിഗത വിവരങ്ങൾ നൽകാത്തതുമൂലം എൻ.ഒ.സി. ലഭ്യമാകാതെ പദ്ധതികൾ പൂർത്തീകരിക്കാൻ കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## പ്രളയത്തെ തുടർന്ന് ഗതി മാറി ഒഴുകിയ നദികൾ

244(990) ശ്രീ. ഷാഫി പറമ്പിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയത്തെ തുടർന്ന് സ്വാഭാവിക ഒഴുക്ക് തടസ്സപ്പെടുകയും ഗതി മാറി ഒഴുകുകയും ചെയ്ത നദികളെ പൂർവ്വസ്ഥിതിയിലേക്ക് കൊണ്ടുവരുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ?

പ്രളയത്തെ തുടർന്ന് സ്വാഭാവിക ഒഴുക്ക് തടസ്സപ്പെടുകയും ഗതി മാറി ഒഴുകുകയും ചെയ്ത നദികളെ പൂർവ്വസ്ഥിതിയിലേക്ക് കൊണ്ടുവരുന്നതിന്റെ ഭാഗമായി നദികൾക്കു കുറുകെ നിർമ്മിച്ചിട്ടുള്ള തടയണ/റെഗുലേറ്ററുകൾക്ക് സമീപം അടിഞ്ഞു കൂടിയിട്ടുള്ള എക്കൽ, ചെളി, മണൽ, മറ്റ് മാലിന്യങ്ങൾ നീക്കം ചെയ്ത് നീരൊഴുക്ക് സുഗമമാക്കുന്ന പ്രവൃത്തികൾ നിർവ്വഹിച്ചുവരുന്നു.

(ബി) ഇക്കാര്യത്തിൽ എന്തെങ്കിലും ശാസ്ത്രീയപഠനങ്ങൾ നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

പ്രളയത്തെത്തുടർന്ന് സംസ്ഥാനത്തെ ചില നദികളുടെ ഭാഗങ്ങൾ ഗതിമാറി ഒഴുകുന്ന അവസ്ഥ ഉണ്ടായിട്ടുണ്ട്. എന്നാൽ ഇതുസംബന്ധിച്ച് പൊതുവിൽ പഠനങ്ങൾ നടന്നിട്ടില്ല. ഇത് കണക്കിലെടുത്ത്, കേരളത്തിലെ 44 നദികളുടെയും നിലവിലെ സ്ഥിതി പഠിക്കുന്നതിന് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരെ ചുമതലപ്പെടുത്തുകയും പ്രാഥമിക വിവരശേഖരണം നടന്നുവരികയും ചെയ്യുന്നു.

## സ്വകാര്യഭൂമിയിലെ ജല സ്രോതസ്സുകളുടെ സംരക്ഷണം

245(991) ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ ഭൂമിയിലെ ഭൂഗർഭ ജലസമ്പത്തുകളെയും നീരുറവകളെയും പരിരക്ഷിക്കാനും അതുവഴി കൃഷിയിടങ്ങളിലേക്ക് ആവശ്യാനുസരണം ജലം ലഭ്യമാക്കാനും പര്യാപ്തമായ ജല സ്രോതസ്സുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് സംരക്ഷിക്കാൻ നടപടി സ്വീകരിക്കാമോ;

(ബി) സ്വകാര്യ ഭൂമിയിലെ ജല സ്രോതസ്സുകളുടെ സംരക്ഷണത്തിന് തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി സർക്കാർ പദ്ധതികൾ ആവിഷ്കരിക്കുമോ ; എങ്കിൽ എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കുകയെന്ന് വിശദമാക്കാമോ;

(സി) കൂത്തുപറമ്പ് നിയോജക മണ്ഡലത്തിൽ സ്വകാര്യ ഭൂമിയിലെ ജല സ്രോതസ്സുകളുടെ സംരക്ഷണത്തിന് സർക്കാർ പദ്ധതികൾ ആവിഷ്കരിക്കുമോ, എങ്കിൽ എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കുകയെന്ന് വിശദമാക്കാമോ;

(ഡി) സ്വകാര്യഭൂമിയിൽ ജല സംരക്ഷണത്തിന്റെ ഭാഗമായി കയ്യാല കെട്ടൽ, മഴക്കുഴി നിർമ്മാണം, കിണർ റീചാർജിംഗ് തുടങ്ങിയ പ്രവൃത്തികൾക്ക് ധനസഹായം അനുവദിക്കുമോ; വിശദമാക്കാമോ?

(എ-ഡി) സർക്കാർ തലത്തിൽ ഇതുസംബന്ധിച്ച് തീരുമാനമൊന്നും കൈക്കൊണ്ടിട്ടില്ല.

### ഭൂജലനിരപ്പും കുഴൽകിണർ നിർമ്മാണവും

246(992) <u>ശ്രീ. പി. മമ്മിക്കുട്ടി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഭൂജലനിരപ്പിന്റെ നിലവിലെ സ്ഥിതി എന്താണ്; ഇതിൽ ഏതെല്ലാം തട്ടുകളെ (ബ്ളോക്ക്) ആണ് കുഴൽ കിണർ വിഭാഗത്തിൽ നിന്നും ഒഴിവാക്കിയിട്ടുള്ളത്; വിശദമാക്കാമോ?

ഭൂജലവകുപ്പ് സംസ്ഥാനത്ത് സ്ഥാപിച്ചിട്ടുള്ള നിരീക്ഷണ കിണറുകളിലെ ജലവിതാനം എല്ലാ മാസവും ശേഖരിച്ച് പഠന വിധേയമാക്കി വരുന്നു. 2021 ഏപ്രിൽ മാസത്തിലെ (പ്രീ-മൺസൂൺ) ഭൂജലവിതാനം, ദശാബ്ദശരാശരിയുമായി (2011-2020) താരതമ്യം ചെയ്യുപ്പോൾ തുറന്ന കിണറുകളിൽ 26 ശതമാനവും കുഴൽ കിണറുകളിൽ 43 ശതമാനവും 31 ശതമാനം ട്യൂബ് വെല്ലുകളിലും ജലവിതാനത്തിൽ കുറവ് സംഭവിച്ചിട്ടുണ്ട്. 50 ശതമാനവും കിണറുകളിലും ജലവിതാനത്തിലെ കുറവ് 0.5 മീറ്ററിന് താഴെ മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. സംസ്ഥാന ഭൂജലവകുപ്പും, കേന്ദ്ര ഭൂജലബോർഡും സംയുക്തമായി സംസ്ഥാനത്തെ ഭൂജലവിഭവശേഷി 3 വർഷത്തിലൊരിക്കൽ തിട്ടപ്പെടുത്തി വരുന്നു. ഭൂജല എസ്റ്റിമേഷൻ കമ്മിറ്റി റിപ്പോർട്ട് പ്രകാരം ഭൂജല ഉപഭോഗ-തോതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ 152 ബ്ലോക്കുകളെ അമിത ചൂഷിതം, ഗുരുതരം, അർദ്ധ ഗുരുതരം, സുരക്ഷിതം എന്നീ വിഭാഗങ്ങളായി തിരിച്ചിരിക്കുന്നു. ടി റിപ്പോർട്ട് പ്രകാരം ഒരു തട്ടുകളെയും (ബ്ലോക്കുകളെയും) കുഴൽ കിണർ വിഭാഗത്തിൽ നിന്ന് ഒഴിവാക്കിയിട്ടില്ല. നിലവിൽ 19-5-2005-ലെ ജി.ഒ. (പി) നമ്പർ 58/2005/ജവിവ പ്രകാരം വിജ്ഞാപനം ചെയ്യപ്പെട്ട ബ്ലോക്കുകളായ 1. അതിയന്നൂർ 2. കൊടുങ്ങല്ലൂർ 3. ചിറ്റൂർ 4. കോഴിക്കോട് 5.കാസർഗോഡ് എന്നിവിടങ്ങളിൽ കുഴൽകിണർ നിർമ്മാണത്തിന് സംസ്ഥാന ഭൂജല അതോറിറ്റിയുടെ പെർമിറ്റ് നിർബന്ധമാക്കിയിട്ടുണ്ട്. കൂടാതെ കേരള കെട്ടിട നിർമ്മാണ ചട്ടം അനുസരിച്ച് സംസ്ഥാനത്ത് കുഴൽകിണർ നിർമ്മിക്കുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങളുടെ പെർമിറ്റ് നിർബന്ധമാണ്. ഇതിന് ഭൂജല വകുപ്പിന്റെ ക്ലിയറൻസ് ആവശ്യമാണ്.

(ബി) സ്വകാര്യ വ്യക്തികൾക്കുള്ള കുഴൽ കിണറിനുള്ള അപേക്ഷയിൽ നിലവിലെ ഫീസ് എന്താണ്; ഇത് കാലോചിതമായി പരിഷ്കരിക്കാറുണ്ടോ; വിശദമാക്കാമോ?

സ്വകാര്യ വ്യക്തികൾക്കുള്ള കുഴൽ കിണറിനുള്ള അപേക്ഷയിൽ നിലവിലെ ഫീസ് 585 രൂപയാണ്. ഫീസ് കാലോചിതമായി പരിഷ്കരിക്കാറുണ്ട്. നിലവിൽ മാർച്ച് 2019-ലാണ് അവസാനമായി നിരക്ക് പരിഷ്കരിച്ചത്.

(സി) സർക്കാരിതര ഏജൻസികൾ കുഴൽകിണർ നിർമ്മിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇവർക്കുള്ള ലൈസൻസ്, ഇവയുടെ പ്രവർത്തനം എന്നിവ പരിശോധിക്കുന്നതിനും ജനങ്ങളുടെ പരാതി സ്വീകരിക്കുന്നതിനും മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

സർക്കാരിതര ഏജൻസികൾ കുഴൽകിണർ നിർമ്മിക്കുന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ട്. ഈ ഏജൻസികളും അവരുപയോഗിക്കുന്ന റിഗ്ഗുകളും ഭൂജലവകുപ്പിൽ രജിസ്റ്റർ ചെയ്യുന്നുണ്ട്. ഇങ്ങനെ രജിസ്റ്റർ ചെയ്ത റിഗ്ഗുകളുടെ പ്രവർത്തനം പരിശോധിക്കാറുണ്ട്. ജനങ്ങളുടെ പരാതികൾ വകുപ്പിന്റെ ജില്ലാ ഓഫീസുകളിലും ഡയറക്ടറുടെ കാര്യാലയത്തിലും സ്വീകരിച്ച് ആവശ്യമായ നടപടി സ്വീകരിച്ചു വരുന്നു. ഇതിന് പ്രത്യേക മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടില്ല.

**കാസർഗോഡ് ജില്ലയിലെ കുഴൽ കിണർ ഡ്രില്ലിംഗ് റിഗ്ഗ്**

247(993) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ ഭൂഗർഭ ജലവകുപ്പിൽ കുഴൽകിണർ നിർമ്മിക്കുന്നതിനുള്ള ഡ്രില്ലിംഗ് റിഗ്ഗ് ഉണ്ടോയെന്ന് വ്യക്തമാക്കാമോ?

കാസർഗോഡ് ജില്ലയിൽ കുഴൽക്കിണർ നിർമ്മാണത്തിനായി ഒരു Rotarycum - DTH റിഗ്ഗുണ്ട്.

(ബി) ഉണ്ടെങ്കിൽ എപ്പോൾ എത്ര രൂപ ചെലവിട്ടാണ് ഈ റിഗ്ഗ് വാങ്ങിയതെന്ന് വ്യക്തമാക്കാമോ?

2010 ജൂലൈ മാസത്തിൽ 88,33,000 രൂപ ചെലവഴിച്ചാണ് പ്രസ്തുത റിഗ്ഗ് വാങ്ങിയത്.

(സി) പ്രസ്തുത റിഗ്ഗ് ഉപയോഗിച്ച് ആകെ എത്ര കുഴൽക്കിണർ കുഴിച്ചിട്ടുണ്ടെന്നും എത്ര ലക്ഷം രൂപയുടെ കുഴൽക്കിണറുകളാണ് കുഴിച്ചതെന്നും വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത റിഗ്ഗ് ഇപ്പോൾ ഉപയോഗശൂന്യമായി മാറിയിട്ടുണ്ടോ; എങ്കിൽ എത്രകാലമായി ഈ അവസ്ഥ തുടരുന്നുവെന്ന് വ്യക്തമാക്കാമോ?

(സി&ഡി) പ്രസ്തുത റിഗ്ഗ് ഉപയോഗിച്ച് 1,33,43,445 രൂപയുടെ 242 കുഴൽക്കിണറുകൾ കുഴിച്ചിട്ടുണ്ട്.

(ഇ) നിലവാരമില്ലാത്ത ഡ്രില്ലിംഗ് റിഗ്ഗ് ഉയർന്ന വില നൽകി വാങ്ങിയതാണ് ഉപയോഗശൂന്യമായി മാറാൻ കാരണമെന്നത് ശരിയാണോയെന്നും അതേക്കുറിച്ച് അന്വേഷണം നടത്തുമോയെന്നും വ്യക്തമാക്കാമോ?

ശരിയല്ല. കുഴൽക്കിണർ നിർമ്മാണത്തിനിടെ സംഭവിക്കാവുന്ന അറ്റകുറ്റ പണികൾ മാത്രമാണ് നിലവിൽ റിഗ്ഗിന് സംഭവിച്ചിട്ടുള്ളത്. ഉടനെ പ്രവർത്തന യോഗ്യമാക്കുന്നതാണ്.

(എഫ്) പ്രസ്തുത ഡ്രില്ലിംഗ് റിഗ്ഗുമായി ബന്ധപ്പെട്ട് പ്രവർത്തിച്ചിരുന്ന സർക്കാർ ജീവനക്കാർ എത്രയാണെന്നും തൊഴിൽരഹിതരായ അവരെ പുനർവിന്യസിക്കുന്നതിന് എന്ത് നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്നും വ്യക്തമാക്കാമോ?

പ്രസ്തുത റിഗ്ഗുമായി ബന്ധപ്പെട്ട് ഡ്രില്ലിംഗ് നടത്തുന്നതിന് നിലവിൽ 7 ജീവനക്കാരാണുള്ളത്. ഇവരെ ഭൂജലവകുപ്പ് മുഖേന നടപ്പിലാക്കി വരുന്ന കൃത്രിമ ഭൂജല സംപോഷണ പദ്ധതികൾ, കുഴൽക്കിണർ നിർമ്മാണം, കുഴൽക്കിണർ അധിഷ്ഠിത കുടിവെള്ള പദ്ധതികൾ തുടങ്ങിയവയുടെ സൂപ്പർവിഷൻ ജോലികൾക്കായി നിയോഗിച്ചിട്ടുണ്ട്.

**ജലവിഭവ വകുപ്പിന്റെ കാര്യക്ഷമത ഉയർത്താൻ നടപടി**

248(994) <u>ശ്രീ. കെ. ജെ. മാക്സി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലവിഭവ വകുപ്പ് കാര്യക്ഷമമാക്കാനും മീറ്റർ റീഡിംഗ് യഥാസമയം നടത്താനും മീറ്റർ തകരാർമൂലമുണ്ടാകുന്ന അധികചാർജ്ജ് ഒഴിവാക്കാനും മീറ്റർ തകരാറാണെങ്കിൽ ആയത് ഉപഭോക്താവിനെ അറിയിച്ച് സമയബന്ധിതമായി മാറ്റിവയ്ക്കാനും സ്വീകരിച്ചു വരുന്ന പ്രവർത്തനങ്ങൾ വ്യക്തമാക്കുമോ?

വാട്ടർ കണക്ഷൻ എടുക്കുന്നതിലെയും മീറ്റർ മാറ്റിവയ്ക്കുന്നതിലെയും ഉടമസ്ഥാവകാശം മാറ്റുന്നതിലെയും കാറ്റഗറി മാറ്റുന്നതിലെയും നടപടിക്രമങ്ങൾ ലഘൂകരിക്കുകയും വാട്ടർ ചാർജ് അടയ്ക്കുന്നത് ഉൾപ്പെടെയുള്ള പരമാവധി സേവനങ്ങൾ ഓൺലൈൻ വഴിയാക്കുന്നതിന് നടപടികൾ സ്വീകരിക്കുകയും ചെയ്തുകൊണ്ട് സേവനങ്ങൾ കൺസ്യൂമർ സൗഹൃദമാക്കാൻ ശ്രമിച്ചു വരുന്നു. കൂടാതെ ബിൽ തുകയുടെ വിശദാംശങ്ങൾ എസ്.എം.എസ്. വഴി ഉപഭോക്താക്കളെ അറിയിക്കുന്നതിനുള്ള സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. മീറ്റർ തകരാർ കണ്ടു പിടിച്ച് റിപ്പോർട്ട് ചെയ്യുന്നതിന് അതത് സെക്ഷനുകൾവഴി മീറ്റർ റീഡർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രവർത്തനരഹിതമായ മീറ്റർ മാറ്റിസ്ഥാപിക്കുന്നതിന് നോട്ടീസ് നൽകി ഉപഭോക്താക്കളുടെ ചെലവിൽ മീറ്റർ മാറ്റി സ്ഥാപിക്കുന്ന

സംവിധാനമാണ് നിലവിലുള്ളത്. എന്നാൽ ഉപഭോക്താക്കളെ അറിയിച്ചിട്ടും കേടായ മീറ്റർ മാറ്റി സ്ഥാപിക്കാത്ത ഉപഭോക്താക്കളിൽ നിന്നുമാണ് ഫൈൻ ഈടാക്കിയിട്ടുള്ളത്. വാട്ടർ അതോറിറ്റിയുടെ ഇപ്പോഴത്തെ സാമ്പത്തിക പ്രതിസന്ധിയിൽ കേടായ എല്ലാ മീറ്ററുകളും മാറ്റി സ്ഥാപിച്ചു നൽകാൻ സാധ്യമല്ല. എന്നാൽ ഉയർന്ന ഉപഭോഗമുള്ള ഉപഭോക്താക്കളുടെ അത്തരം മീറ്ററുകൾ അതോറിറ്റി ചെലവിൽ മാറ്റി സ്ഥാപിച്ച് തുക ബില്ലിൽ 10 തവണകളായി ഈടാക്കിവരുന്നു.

(ബി) സ്പോട്ട് ബിൽ സംവിധാനം നിർത്തലാക്കി എസ്.എം.എസ്.-ലൂടെ ബിൽ സംവിധാനം ഏർപ്പെടുത്തിയതോടെ ഉപഭോക്താക്കളുടെ ഭാഗത്തുനിന്നും വ്യാപകമായ പരാതികൾ വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

കോവിഡ് മഹാമാരിയുടെ പ്രത്യേക സാഹചര്യത്തിൽ സർക്കാരിന്റെ പ്രത്യേക നിയന്ത്രണമുണ്ടായിരുന്നതിനാൽ മീറ്റർ റീഡിംഗ് നേരിട്ട് എടുക്കാൻ കഴിയാത്ത സാഹചര്യമുണ്ടായിരുന്നു. ഈ സാഹചര്യത്തിലാണ് ഉപഭോക്താവ് മീറ്റർ റീഡിംഗ് സ്വയം എടുത്ത് വാട്സാപ്പിലൂടെ അറിയിക്കുന്ന സംവിധാനവും എസ്.എം.എസ്. വഴി ബിൽ തുക അറിയിക്കുന്നതിനുള്ള സംവിധാനവും നടപ്പിലാക്കിയത്. ഈ സമയത്ത് ആദ്യ തവണ നൽകിയ ബില്ലുകളിൽ ചുരുക്കം ചില ഉപഭോക്താക്കളിൽനിന്നും പരാതികൾ ലഭിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയത് പരിഹരിക്കുന്നതിന് ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. വ്യാപകമായ തോതിൽ പരാതി ലഭിച്ചിട്ടില്ല.

(സി) എങ്കിൽ മീറ്റർ റീഡിംഗിലെ പിഴവിനെക്കുറിച്ച് വിശദമായി പഠിച്ച് അടിയന്തര പരിഹാരം കാണാനും ഉപഭോക്താവ് ഇതുമായി ബന്ധപ്പെട്ട് പരാതി നൽകിയാൽ കൃത്യസമയത്ത് പരിഹാരം കണ്ടെത്തുവാനും എന്ത് നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

മീറ്റർ റീഡിംഗിലെ പിഴവുകൾ പരിഹരിക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിച്ചുവരുന്നു. റീഡിംഗിലെ അപാകതകളിന്മേൽ പരാതി ലഭിച്ചാൽ ഉടൻതന്നെ അതോറിറ്റി ഉദ്യോഗസ്ഥർ മീറ്റർ പരിശോധിച്ച് വേണ്ട പരിഹാരം കാണുകയും അർഹതപ്പെട്ടവർക്ക് നിയമാനുസരണം ബിൽ തുക കുറവ് ചെയ്ത് നൽകി പരാതികൾക്ക് അടിയന്തര പരിഹാരം കണ്ടെത്തി വരികയും ചെയ്യുന്നു.

## സർക്കാരിന്റെ 100 ദിനകർമ്മ പദ്ധതികളിൽ ജലവിഭവ വകുപ്പിന്റെ പദ്ധതികൾ

249(995) ശ്രീമതി ശാന്തകുമാരി കെ.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാരിന്റെ നൂറ് ദിന കർമ്മപദ്ധതിയുടെ ഭാഗമായി ജലവിഭവ വകുപ്പ് വിഭാവന ചെയ്ത പുതിയ പദ്ധതികൾ ഏതെല്ലാം;

(ബി) ഓരോ പദ്ധതിയും എത്രത്തോളം പൂർത്തീകരിക്കാൻ കഴിഞ്ഞു; പദ്ധതി അടിസ്ഥാനത്തിൽ വിശദാംശം ലഭ്യമാക്കാമോ?

(എ&ബി) സർക്കാരിന്റെ നൂറുദിന കർമ്മപദ്ധതിയുടെ ഭാഗമായി ചുവടെ ചേർക്കുന്ന 2 പ്രവൃത്തികൾ ജലവിഭവ വകുപ്പിന് കീഴിലുണ്ട്.

1. ചെല്ലാനം കടൽത്തീരത്തെ കടലാക്രമണം തടയാനുള്ള നൂതന സാങ്കേതികവിദ്യ ഉപയോഗിച്ചുള്ള പ്രവൃത്തിയുടെ വിശദമായ അന്തിമ ഡി.പി.ആർ. തയ്യാറാക്കി പ്രസ്തുത പ്രവൃത്തിയുടെ പ്രഖ്യാപനം 30-8-2021-ന് നടന്നു.

2. കടലാക്രമണ സാധ്യതയുള്ള മറ്റ് പ്രദേശങ്ങളിൽ നൂതന സാങ്കേതിക വിദ്യ ഉപയോഗിച്ച് പ്രവർത്തനം ആരംഭിക്കാനുള്ള പഠനം പൂർത്തിയാക്കൽ നടപടി ആരംഭിക്കൽ. ടി പ്രവൃത്തിയുടെ കരട് ധാരണാപത്രം അംഗീകരിച്ച് NCCR-ന് കൈമാറിയിട്ടുണ്ട്. ആയത് ഒപ്പിട്ട പ്രവൃത്തികൾ ആരംഭിക്കുന്നതിനുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ്.

## വൈപ്പിൻ മണ്ഡലത്തിലെ കുടിവെള്ള ക്ഷാമം

250(996) ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ മണ്ഡലത്തിലെ രൂക്ഷമായ കുടിവെള്ള ക്ഷാമം ചർച്ച ചെയ്യുന്നതിനായി 30-8-2021-ന് വകുപ്പുമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ എറണാകുളം ഗസ്റ്റ് ഹൗസിൽ വിളിച്ചുചേർത്ത യോഗത്തിലെടുത്ത തീരുമാനങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ ?

മണ്ഡലത്തിലെ രൂക്ഷമായ കുടിവെള്ള ക്ഷാമം ചർച്ച ചെയ്യുന്നതിനായി വിളിച്ച ചേർത്ത 30-8-2021-ലെ യോഗത്തിലെ തീരുമാനങ്ങൾ ഉൾക്കൊള്ളുന്ന മിനിറ്റ്സിന്റെ പകർപ്പ് അനുബന്ധമായി* ചേർക്കുന്നു.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) പ്രസ്തുത യോഗത്തിലെ തീരുമാനപ്രകാരം മണ്ഡലത്തിലെ കുടിവെള്ള ക്ഷാമത്തെ സംബന്ധിച്ച സമഗ്ര റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(സി) ഇല്ലെങ്കിൽ പ്രസ്തുത റിപ്പോർട്ട് എന്നത്തേയ്ക്ക് സമർപ്പിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

(ബി & സി) സമർപ്പിച്ചിട്ടില്ല. 30-8-2021-ന് നടന്ന യോഗ തീരുമാന പ്രകാരം സമഗ്ര റിപ്പോർട്ട് കേരള വാട്ടർ അതോറിറ്റി തയ്യാറാക്കി വരുന്നതേയുള്ളൂ.

(ഡി) 30-8-2021-ലെ യോഗത്തിന്റെ മിനിറ്റ്സിന്റെ പകർപ്പ് ലഭ്യമാക്കാമോ?

പ്രസ്തുത യോഗത്തിന്റെ മിനിറ്റ്സിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്.*

### വാട്ടർ ചാർജ്ജ് കുടിശ്ശിക പിരിച്ചെടുക്കാൻ നടപടി

251(997) <u>ശ്രീമതി കെ. കെ. രമ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021 മാർച്ചിൽ അവസാനിച്ച സാമ്പത്തിക വർഷത്തിൽ വാട്ടർ അതോറിറ്റിക്ക് വെള്ളക്കരം ഇനത്തിൽ കുടിശ്ശികയായി പിരിഞ്ഞുകിട്ടാനുള്ള തുക എത്രയാണെന്ന് അറിയിക്കുമോ?

2021 മാർച്ച് മാസം അവസാനിച്ച സാമ്പത്തിക വർഷത്തിൽ 2032.85 കോടി രൂപ (പൊതു ടാപ്പുകളുടേത് ഉൾപ്പെടെ) കുടിശ്ശികയായി പിരിഞ്ഞു കിട്ടാനുണ്ട്.

(ബി) വെള്ളക്കരം കുടിശ്ശിക വരുത്തിയിട്ടുള്ളവരിൽ ഏതൊക്കെ സർക്കാർ സ്ഥാപനങ്ങളും വാട്ടർ അതോറിറ്റി ഉദ്യോഗസ്ഥരുമാണ് ഉൾപ്പെട്ടിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) ഇതിൽ ഏതൊക്കെ സ്ഥാപനങ്ങളുടെയും ഉദ്യോഗസ്ഥരുടെയും വാട്ടർ കണക്ഷനുകളാണ് നാളിതുവരെ വിച്ഛേദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

(ബി&സി) കെട്ടിട ഉടമസ്ഥർ നൽകുന്ന അപേക്ഷയുടെ അടിസ്ഥാനത്തിലാണ് വാട്ടർ കണക്ഷനുകൾ നൽകി വരുന്നത്. അതിൽ കെട്ടിടത്തിന്റെ മേൽവിലാസവും ഫോൺ നമ്പരും മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഉപഭോക്താവിന്റെ ജോലി സംബന്ധമായ വിവരങ്ങളൊന്നും തന്നെ ലെഡ്ജറിലോ ഇ-അബാക്കസ് സോഫ്റ്റ്‌വെയറിലോ രേഖപ്പെടുത്താറില്ല. ആയതിനാൽ കുടിശ്ശിക വരുത്തിയിട്ടുള്ള ഉദ്യോഗസ്ഥരെ സംബന്ധിച്ചോ ഇപ്രകാരം കണക്ഷൻ വിച്ഛേദിക്കപ്പെട്ട ഉദ്യോഗസ്ഥരെ സംബന്ധിച്ചോ ഉള്ള വിവരങ്ങൾ ലഭ്യമല്ല. സർക്കാർ സ്ഥാപനങ്ങൾ, ആശുപത്രികൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, പോലീസ് സ്റ്റേഷനുകൾ, മറ്റ് അവശ്യ സർവ്വീസുകൾ എന്നിവയും ഉൾപ്പെടുന്നതിനാൽ സർക്കാർ സ്ഥാപനങ്ങളുടെ കുടിശ്ശിക വരുത്തുന്ന കണക്ഷനുകൾ വിച്ഛേദിക്കാറില്ല.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ഡി) കുടിശ്ശിക തുക അടിയന്തരമായി പിരിച്ചെടുക്കുന്നതിന് നടപടി സ്വീകരിക്കുമോ?

കുടിശ്ശിക തുക അടിയന്തരമായി പിരിച്ചെടുക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു. ഇതിന്റെ ഭാഗമായി കുടിശ്ശിക വരുത്തിയിരിക്കുന്ന ഉപഭോക്താക്കൾക്ക് നോട്ടീസ് നൽകുകയും ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിൽ വരുത്തുകയും ഡിസ്കണക്ട് ചെയ്ത ഉപഭോക്താക്കളിൽനിന്ന് കുടിശ്ശിക ഈടാക്കുന്നതിന് റവന്യൂ റിക്കവറി നടപടികൾ ഉൾപ്പെടെ സ്വീകരിച്ചു വരുന്നു.

**വാട്ടർ അതോറിറ്റി ബില്ലിംഗ് രീതിയിലെ മാറ്റം**

252 (998) ശ്രീ. എൻ. എ. നെല്ലിക്കുന്ന്:
ശ്രീ. മഞ്ഞളാംകുഴി അലി:
ശ്രീ. പി. ഉബൈദുള്ള:
ശ്രീ. കുറുക്കോളി മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റിയുടെ ബില്ലിംഗ് സമ്പ്രദായത്തിൽ മാറ്റം വരുത്തിയിട്ടുണ്ടോയെന്ന് അറിയിക്കാമോ?

കേരള വാട്ടർ അതോറിറ്റി ബില്ലിംഗ് സമ്പ്രദായത്തിൽ നിലവിൽ മാറ്റം വരുത്തിയിട്ടില്ല. എന്നാൽ കടലാസ് രഹിത ഹരിത പ്രോട്ടോകോൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായി പ്രിന്റ് ചെയ്ത ബില്ലുകൾക്ക് പകരം എസ്.എം.എസ്. ആയി അയയ്ക്കുന്ന രീതിയാണ് തിരുവനന്തപുരം നഗരത്തിൽ ഇപ്പോഴുള്ളത്.

(ബി) പുതിയ സമ്പ്രദായ പ്രകാരം ബില്ലുകൾ നൽകുമ്പോൾ പിഴവുകൾ സംഭവിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കാൻ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ?

ബില്ലിംഗ് സമ്പ്രദായത്തിൽ കേരള വാട്ടർ അതോറിറ്റി നിലവിൽ മാറ്റം വരുത്തിയിട്ടില്ലാത്തതിനാൽ പിഴവുകളുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) വാട്ടർ അതോറിറ്റി നൽകുന്ന ബില്ലിൽ ഉപയോഗിച്ച വെള്ളത്തിന്റെ അളവിനോടൊപ്പം ഈടാക്കുന്ന നിരക്കും മുൻ കുടിശ്ശികയും ചേർക്കാറുണ്ടോ; ഇല്ലെങ്കിൽ അതിനുവേണ്ട നിർദ്ദേശം നൽകുമോ?

വാട്ടർ അതോറിറ്റി നൽകുന്ന പ്രിന്റ് ചെയ്ത ബില്ലിൽ ഉപയോഗിച്ച വെള്ളത്തിന്റെ അളവിനോടൊപ്പം ഈടാക്കുന്ന നിരക്കും മുൻ കുടിശ്ശികയും ചേർക്കാറുണ്ട്. എന്നാൽ എസ്.എം.എസ്. സംവിധാനത്തിൽ നിലവിൽ ഉപഭോക്താക്കൾക്ക് അടയ്ക്കുവാനുള്ള തുക മാത്രമാണ് കാണിക്കുന്നത്. എന്നാൽ ഓൺലൈനായി ബിൽ ലഭിക്കുന്നതിൽ, വെള്ളത്തിന്റെ അളവിനോടൊപ്പം ഈടാക്കുന്ന നിരക്കും മുൻ കുടിശ്ശികയും ഉൾപ്പെടുത്തിയിട്ടുള്ളത് കാണുവാനും പ്രിന്റ് ചെയ്യുവാനുമുള്ള സംവിധാനം വാട്ടർ അതോറിറ്റിയുടെ ഓൺലൈൻ പേമെന്റ് സൈറ്റിൽ നൽകിയിട്ടുണ്ട്.

**വടക്കാഞ്ചേരി മണ്ഡലത്തിലെ ജലവിഭവ വകുപ്പ് പദ്ധതികൾ**

253(999) ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2016-21 കാലത്ത് വടക്കാഞ്ചേരി മണ്ഡലത്തിൽ ജലവിഭവ വകുപ്പ് നടപ്പിലാക്കിയ വിവിധ പ്രവർത്തനങ്ങളുടെയും പദ്ധതികളുടെയും നിർമ്മാണവും പുരോഗതിയും പട്ടിക തിരിച്ച് വ്യക്തമാക്കാമോ?

കേരള വാട്ടർ അതോറിറ്റിയുടെ കീഴിൽ സംസ്ഥാന പദ്ധതിയിൽ ഉൾപ്പെടുത്തി 2016-2017 കാലഘട്ടത്തിൽ അഞ്ച് പ്രവൃത്തികൾക്കായി 35.15 ലക്ഷം രൂപയും 2017-18-ൽ മൂന്ന് പ്രവൃത്തികൾക്കായി 30 ലക്ഷം രൂപയും 2018-19-ൽ ഒരു പ്രവൃത്തിക്കായി 13.70 ലക്ഷം രൂപയും 2019-20-ൽ മൂന്ന് പ്രവൃത്തികൾക്കായി 65 ലക്ഷം രൂപയും 2021-22-ൽ ഒരു പ്രവൃത്തിക്കായി 10 ലക്ഷം രൂപയും വകയിരുത്തി ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ 10 പ്രവൃത്തികൾ പൂർത്തിയാക്കിയിട്ടുണ്ട്. 2017-18 വർഷത്തിൽ എം.എൽ.എ.– എസ്.ഡി.എഫ്.-ൽ ഉൾപ്പെടുത്തി വാട്ടർ അതോറിറ്റി നിർവ്വഹണ ഏജൻസിയായി മൂന്ന് പദ്ധതികളിലായി 37.30 ലക്ഷം രൂപയുടെ പദ്ധതികൾക്ക് ഭരണാനുമതി ലഭിച്ച് പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. 2020-21 വർഷത്തിൽ ജൽജീവൻ മിഷനിൽ ഉൾപ്പെടുത്തി 4100 ഗാർഹിക കുടിവെള്ള കണക്ഷനുകൾ നൽകുന്നതിനായി ആകെ 672.38 ലക്ഷം രൂപയുടെ (ഒന്നാം ഘട്ടമായി 456.48 ലക്ഷം രൂപയും രണ്ടാം ഘട്ടമായി 215.90 ലക്ഷം രൂപയും) പ്രവൃത്തികൾക്കാണ് ഭരണാനുമതി നൽകിയിരിക്കുന്നത്. പദ്ധതികളുടെ വിശദമായ ലിസ്റ്റ് അനുബന്ധമായി* ചേർത്തിരിക്കുന്നു. ജൽനിധിയെ സംബന്ധിച്ച് 2020-21 വർഷത്തിൽ തെക്കുംകര പഞ്ചായത്തിലെ 2 പദ്ധതികളുടെ പുനരുദ്ധാരണത്തിന് തുക അനുവദിച്ചുവെങ്കിലും പഞ്ചായത്ത് വിഹിതം ലഭ്യമാകാത്തതിനാൽ നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചിട്ടില്ല. 2016-21 കാലഘട്ടത്തിൽ വടക്കാഞ്ചേരി മണ്ഡലത്തിൽ നടപ്പിലാക്കിയ വിവിധ പദ്ധതികളുടെ വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

**ശംഖുംമുഖം വേളി തീരങ്ങളിലെ കടലാക്രമണം**

254(1000) ശ്രീ. കടകംപള്ളി സുരേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശംഖുംമുഖം, വേളി തീരപ്രദേശങ്ങളിൽ കടലാക്രമണം തടയുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കേരള തീരത്ത് അടിക്കടി അനുഭവപ്പെടുന്ന ന്യൂനമർദ്ദവും ചുഴലിക്കാറ്റും മൂലമുണ്ടാകുന്ന കടലാക്രമണവും കടൽകയറ്റവും തീരത്ത് വൻ നാശനഷ്ടങ്ങൾ ഉണ്ടാക്കുന്നു. രൂക്ഷമായ കടലാക്രമണം നേരിടുന്നതായി കണ്ടെത്തിയിട്ടുള്ള സംസ്ഥാനത്തെ 10 ഹോട്ട്സ്പോട്ടുകളിൽ തിരുവനന്തപുരം ജില്ലയിലെ ശംഖുമുഖവും ഉൾപ്പെടുന്നു. പ്രസ്തുത സ്ഥലങ്ങളിൽ National Centre for Coastal Research (NCCR), ചെന്നൈ എന്ന വിദഗ്ദ്ധ സ്ഥാപനത്തിന്റെ സഹായത്തോടെ തീരത്തിന്റെ ഘടനയ്ക്ക് അനുയോജ്യമായ രീതിയിലുള്ള പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ വേളി തീരപ്രദേശത്ത് വേളിപ്പൊഴിക്ക് വടക്ക് ഭാഗത്തായി കഴിഞ്ഞ കുറച്ചുവർഷങ്ങളായി കടൽക്ഷോഭം അനുഭവപ്പെടുന്നുണ്ട്. ഈ പ്രദേശത്ത് ഏകദേശം ഒരു കിലോമീറ്റർ ഭാഗത്ത് പുതിയതായി കടൽഭിത്തി നിർമ്മിക്കേണ്ടതായിട്ടുണ്ട്. ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് ടി പ്രദേശത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പിലാക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(ബി) കഴക്കൂട്ടം, ശ്രീകാര്യം, ഉള്ളൂർ മേഖലകളിൽ സ്വീവേജ് സംവിധാനം നടപ്പിലാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

തിരുവനന്തപുരം നഗരസഭ പരിധിയിൽ അമൃത് പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന മേജർ സ്വീവേജ് പദ്ധതികളിൽ കഴക്കൂട്ടം, ശ്രീകാര്യം, ഉള്ളൂർ ഭാഗങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.

(സി) പാരമ്പര്യ ജലസ്രോതസ്സുകളായ കുളങ്ങൾ സംരക്ഷിക്കുന്നതിന് നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതി എന്താണെന്ന് വിശദമാക്കാമോ?

നിലവിലുള്ള കുളങ്ങളുടെ പുനരുദ്ധാരണവും പുനരുജ്ജീവനവും പുതിയ കുളങ്ങളുടെ നിർമ്മാണവും MI class - I ഹരിതകേരളം, MI class-2 ഹരിതകേരളം Renovation of Tanks and Ponds (Haritha Keralam) എന്നീ പദ്ധതികളിൽ ഉൾപ്പെടുത്തി നിർവ്വഹിച്ചുവരുന്നുണ്ട്. തിരുവനന്തപുരം നഗരസഭയുടെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നഗരസഭാ ആസ്തിയിലുള്ള കുളങ്ങൾ നവീകരിക്കുന്ന പ്രവർത്തനങ്ങൾ നടന്നു വരുന്നു.

**മലമ്പുഴ പഞ്ചായത്തിലെ ജൽജീവൻ മിഷൻ പദ്ധതി**

255(1001) <u>ശ്രീ. എ. പ്രഭാകരൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലമ്പുഴ മണ്ഡലത്തിലെ മലമ്പുഴ ഗ്രാമപഞ്ചായത്തിൽ ജൽജീവൻ മിഷൻ പദ്ധതി മുഖാന്തരം നടത്തുന്ന പ്രവൃത്തികൾ സംബന്ധിച്ച വിശദവിവരം ലഭ്യമാക്കാമോ; ഈ പദ്ധതിക്കായി എത്ര രൂപയുടെ ഭരണാനുമതിയാണ് നൽകിയിട്ടുള്ളതെന്ന് അറിയിക്കാമോ?

മലമ്പുഴ മണ്ഡലത്തിലെ മലമ്പുഴ ഗ്രാമപഞ്ചായത്തിൽ ജൽജീവൻ മിഷൻ പദ്ധതി മുഖാന്തരം നടത്തുന്ന പ്രവൃത്തികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

1. ജൽജീവൻ മിഷൻ – 2020-21 മലമ്പുഴ ഗ്രാമ പഞ്ചായത്തിലെ 1143 ഗാർഹിക കുടിവെള്ള കണക്ഷനുകൾ നൽകുന്ന പ്രവൃത്തിക്ക് 346.75 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. കുടിവെള്ള കണക്ഷനുകൾ നൽകുന്ന പ്രവൃത്തി പുരോഗമിക്കുന്നു.

2. മലമ്പുഴ ഗ്രാമപഞ്ചായത്തിൽ വിതരണ ശൃംഖല സ്ഥാപിച്ച് 1704 ഗാർഹിക കുടിവെള്ള കണക്ഷനുകൾ നല്കുന്നതിനുമുള്ള പ്രവൃത്തിക്ക് 2990 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ടെണ്ടർ നടപടിക്രമങ്ങൾ പുരോഗമിച്ച് വരുന്നു.

(ബി) പ്രസ്തുത പ്രവൃത്തി പൂർത്തിയാകുന്നതോടെ എത്ര പുതിയ കുടിവെള്ള കണക്ഷനുകൾ നൽകാനാകുമെന്ന് വ്യക്തമാക്കാമോ?

പ്രസ്തുത പ്രവൃത്തി പൂർത്തിയാകുന്നതോടെ 2847 പുതിയ കുടിവെള്ള കണക്ഷനുകൾ നൽകാനാകും.

(സി) പഞ്ചായത്തിലെ മുഴുവൻ വീടുകളിലേക്കും കുടിവെള്ള കണക്ഷൻ ഇതുവഴി നൽകാൻ കഴിയുമോ; വിശദവിവരങ്ങൾ ലഭ്യമാക്കാമോ?

പ്രസ്തുത പ്രവൃത്തി പൂർത്തിയാകുന്നതോടെ പഞ്ചായത്തിലെ എല്ലാ വീടുകളിലേക്കും കുടിവെള്ള കണക്ഷൻ നൽകുന്നതിനാണ് പദ്ധതി ലക്ഷ്യമിടുന്നത്.

**ആലപ്പുഴ ജില്ലയിലെ കുടിവെള്ള പദ്ധതികൾ**

256(1002) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജൽജീവൻ പദ്ധതി മുഖേന ആലപ്പുഴ ജില്ലയിൽ നടക്കുന്ന പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

ആലപ്പുഴ ജില്ലയിൽ 2020-21-ൽ 202222 കണക്ഷൻ നൽകുന്നതിനായി ജൽജീവൻ മിഷൻ പദ്ധതിയിൽപ്പെടുത്തി 46,340.34 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതുവരെ 86150 കണക്ഷനുകൾ നൽകിയിട്ടുണ്ട്. 2021-22-ൽ 40499 കണക്ഷൻ നൽകുന്നതിനായി 6880 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. അടുത്ത ഘട്ടത്തിൽ ഉൾപ്പെടുത്താനായി 33 പ്രവൃത്തികൾക്കായി 75852.95 ലക്ഷം രൂപയ്ക്കുള്ള ഡി.ഇ.ആർ. തയ്യാറാക്കി പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ജൽജീവൻ മിഷൻ പദ്ധതി മുഖേന നടപ്പിലാക്കുന്ന പ്രവൃത്തികളുടെ നിലവിലെ സ്ഥിതിയും, പൂർത്തീകരിച്ച പ്രവർത്തികളുടെ ലിസ്റ്റും അനുബന്ധമായി* ചേർക്കുന്നു.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) പ്രസ്തുത പദ്ധതിക്ക് പുറമെ ആലപ്പുഴ ജില്ലയിൽ കിഫ്ബി മുഖേന കുടിവെള്ള പദ്ധതികൾ നടപ്പിലാക്കുന്നുണ്ടോ; വിശദവിവരം ലഭ്യമാക്കാമോ?

കിഫ്ബി മുഖേന കുടിവെള്ള പദ്ധതികൾ ആലപ്പുഴ ജില്ലയിൽ നടപ്പിലാക്കി വരുന്നുണ്ട്. മൂന്ന് പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. പദ്ധതി വിവരങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

## കോതമംഗലം മണ്ഡലത്തിലെ ആവോലിച്ചാൽ മില്ലാഞ്ചിറ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി

257(1003) ശ്രീ. ആന്റണി ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിലെ വാരപ്പെട്ടി, കവളങ്ങാട്, പല്ലാരിമംഗലം അടക്കമുള്ള പഞ്ചായത്തുകളിലെയും കോതമംഗലം മുനിസിപ്പാലിറ്റിയിലെയും വിവിധ പ്രദേശങ്ങളിൽ വേനൽക്കാലത്ത് ഉണ്ടാവുന്ന കുടിവെള്ളക്ഷാമവും വരൾച്ചയും പരിഹരിക്കുന്നതിനുവേണ്ടി ആവിഷ്കരിച്ചിട്ടുള്ള ആവോലിച്ചാൽ മില്ലാഞ്ചിറ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടെ ഭരണാനുമതി ലഭ്യമായിട്ടുണ്ടോ; ഉണ്ടെങ്കിൽ പകർപ്പ് ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് എത്ര തുകയുടെ ഭരണാനു മതിയാണ് നല്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

(എ & ബി) ആവോലിച്ചാൽ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിക്ക് 10.70 കോടി രൂപയുടെ ഭരണാനുമതി 28-9-2021-ലെ ജി.ഒ. (ആർ.റ്റി.) നമ്പർ502/2021/ ജ.വി.വ. ഉത്തരവ് പ്രകാരം നൽകിയിട്ടുണ്ട്. പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു*.

(സി) ഭരണാനുമതി ലഭ്യമായ ശേഷം സ്വീകരിച്ചിട്ടുള്ള തുടർനടപടി വിശദമാക്കാമോ?

(ഡി) സാങ്കേതികാനുമതി ലഭ്യമാക്കി ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് പദ്ധതി വേഗത്തിൽ നടപ്പിലാക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

(സി & ഡി) 28-9-2021-ൽ ടി പദ്ധതിക്കുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. ഈ പദ്ധതിയുടെ പമ്പ് ഹൗസ് നിർമ്മിക്കുന്നത് കേരള ജല അതോറിറ്റിയുടെ സ്ഥലത്തായതിനാൽ കേരള ജല അതോറിറ്റിയിൽ നിന്നും അനുമതി ലഭ്യമാക്കേണ്ടതുണ്ട്. കൂടാതെ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനുള്ള അനുവാദം പൊതുമരാമത്ത്, വനം എന്നീ വകുപ്പുകളിൽ നിന്നും ലഭ്യമാക്കേണ്ടതുണ്ട്. ഇത് ലഭ്യമായാലുടൻ സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**അഴീക്കോട് മണ്ഡലത്തിലെ ജൽജീവൻ മിഷൻ പദ്ധതി**

258(1004) ശ്രീ. കെ. വി. സുമേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഴീക്കോട് മണ്ഡലത്തിൽ ജൽജീവൻ മിഷനിൽ ഉൾപ്പെടുത്തിയ പദ്ധതികൾ വിശദമാക്കാമോ;

(ബി) എത്ര ഗാർഹിക കണക്ഷനുകളാണ് മിഷൻ വഴി നൽകുന്നതെന്നത് പഞ്ചായത്ത് അടിസ്ഥാനത്തിൽ വിശദമാക്കാമോ?

(എ & ബി) അഴീക്കോട് മണ്ഡലത്തിൽ ജൽജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി 2020-21, 2021-22-ൽ അംഗീകാരം നൽകി നടപ്പിലാക്കി വരുന്ന പ്രവൃത്തികളുടെയും 30-9-2021 വരെ നൽകിയ കണക്ഷനുകളുടെയും വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു*.

(സി) പദ്ധതി എന്നത്തേക്ക് പൂർത്തിയാകും; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

2024-ഓടുകൂടി എല്ലാ ഗ്രാമീണ വീടുകളിലും ഗാർഹിക കുടിവെള്ള കണക്ഷനുകൾ ലഭ്യമാക്കുവാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

**പാറശ്ശാല മണ്ഡലത്തിലെ മൂവേരിക്കര തോടിന്റെ സംരക്ഷണഭിത്തി പുനർനിർമ്മാണം**

259(1005) ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശ്ശാല മണ്ഡലത്തിൽ കുന്നത്തുകാൽ ഗ്രാമപഞ്ചായത്തിലെ മൂവേരിക്കര തോടിന് സമീപത്തെ സംരക്ഷണഭിത്തി കാലഹരണപ്പെട്ടതിനെത്തുടർന്ന് സമീപത്തെ വീടുകളുടെ നിലനിൽപ്പ് അപകടാവസ്ഥയിലായ വിവരം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പ്രസ്തുത സംരക്ഷണഭിത്തി പുനർനിർമ്മിക്കുന്നതിനായി മൈനർ ഇറിഗേഷൻ വിഭാഗം 2020-ൽ സമർപ്പിച്ച എസ്റ്റിമേറ്റിന്മേൽ നാളിതുവരെ തുടർ നടപടികൾ സ്വീകരിച്ചിട്ടില്ലെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത എസ്റ്റിമേറ്റിന്റെ വിശദാംശം അറിയിക്കാമോ;

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) അത്യധികം അപകടാവസ്ഥയിലായ സംരക്ഷണഭിത്തി പുനർനിർമ്മിക്കുന്ന പ്രവൃത്തിക്ക് മുൻഗണന നൽകുന്നതിനും ആയത് ജലവിഭവ വകുപ്പിന്റെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി അടിയന്തര പ്രാധാന്യത്തോടെ നിർവ്വഹിക്കുന്നതിനും തുടർ നടപടികൾ സ്വീകരിക്കാമോ; വിശദവിവരങ്ങൾ അറിയിക്കാമോ?

(ബി&സി) സംരക്ഷണഭിത്തി പുനർനിർമ്മാണത്തിനായി " FD-Urgent Repairs to damaged bund of Mooverikkarathodu in the downstream of Aravilakom Bridge in Kunnathukal Panchayath" എന്ന പ്രവൃത്തിക്ക് ജലസേചന വകുപ്പിന്റെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി 11.00 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ടെണ്ടർ നടപടിക്രമങ്ങൾ പൂർത്തിയാകുന്ന മുറയ്ക്ക് പ്രവൃത്തി ഏറ്റെടുത്ത് നിർവ്വഹിക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

**മഴുവന്നൂർ പഞ്ചായത്തിലെ കാരംമൂട് ലിഫ്റ്റ് ഇറിഗേഷൻ സ്കീം**

260(1006) <u>ശ്രീ. പി. വി. ശ്രീനിജിൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തുനാട് മണ്ഡലത്തിലെ മഴുവന്നൂർ പഞ്ചായത്തിൽ പെരിങ്ങാട്ടു ചിറയിൽ നിന്ന് കാരംമൂട് ഭാഗത്ത് സ്ഥാപിച്ച ടാങ്കിലേയ്ക്ക് ജലം എത്തിക്കുന്നതിനായി ഇറിഗേഷൻ വകുപ്പ് എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിച്ച കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്. പ്രയോറിറ്റി വർക്ക്സ് അണ്ടർ മൈനർ ഇറിഗേഷൻ വർക്ക്സ് (4702-00-101-84-01-00-വി) എന്ന നോൺ പ്ലാൻ ശീർഷകത്തിൽ ഉൾപ്പെടുത്തി " Laying new pipeline cum maintenance of pump house and premises of Karamoottil lift irrigation scheme under M.I Section pattimattam" എന്ന പ്രവൃത്തിക്കായി 16 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് സാമ്പത്തികാനുമതിക്കായി 29-9-2021-ൽ പ്രൈസ് മുഖേന എറണാകുളം മൈനർ ഇറിഗേഷൻ സെൻട്രൽ സർക്കിൾ സൂപ്രണ്ടിംഗ് എഞ്ചിനീയർ, ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽ ലഭ്യമാക്കിയിട്ടുണ്ട്. ആയത് സാമ്പത്തികാനുമതി നൽകുന്നതിനായി പരിശോധിച്ചുവരുന്നു.

(ബി) പ്രദേശവാസികളുടെ ദീർഘകാല ആവശ്യമായ പ്രസ്തുത പദ്ധതി ജലജീവൻ മിഷനിൽ ഉൾപ്പെടുത്തി അടിയന്തരമായി പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

മഴുവന്നൂർ പഞ്ചായത്തിൽ എല്ലാ വീടുകളിലും കുടിവെള്ള കണക്ഷനുകൾ നൽകുന്നത് ലക്ഷ്യമിട്ടുകൊണ്ട് ജൽജീവൻ മിഷൻ പദ്ധതിയിൽപ്പെടുത്തിയുള്ള കുടിവെള്ള പദ്ധതിയുടെ ഡി.പി.ആർ. കേരള വാട്ടർ അതോറിറ്റി തയ്യാറാക്കിയിട്ടുണ്ട്.

**ജൽജീവൻ പദ്ധതിയും റോഡുകളുടെ പുനഃസ്ഥാപനവും**

261(1007) ശ്രീ. പി. പി. സുമോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജൽജീവൻ പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി തദ്ദേശസ്ഥാപനങ്ങളുടെ റോഡുകൾ വ്യാപകമായി വെട്ടിപ്പൊളിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ജൽജീവൻ മിഷൻ പദ്ധതി പ്രകാരമുള്ള പ്രവർത്തികൾ നിർവ്വഹിക്കുന്നതിലേയ്ക്കായി തദ്ദേശ സ്ഥാപനങ്ങളുടെ റോഡുകൾ മുറിക്കേണ്ടി വരുന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ട്.

(ബി) എങ്കിൽ പ്രസ്തുത റോഡുകൾ അറ്റകുറ്റപ്പണി ചെയ്ത് പൂർവ്വസ്ഥിതിയിലാക്കുന്നതിന് എന്തെങ്കിലും കർമ്മപദ്ധതി പരിഗണനയിലുണ്ടോ?

ജൽജീവൻ മിഷൻ പദ്ധതി ഗ്രാമപഞ്ചായത്തുകളുടെ ചുമതലയിൽ നടപ്പിലാക്കുന്ന പദ്ധതിയാണ്. ജൽജീവൻ മിഷൻ പദ്ധതി പ്രകാരമുള്ള പ്രവൃത്തികൾ നിർവ്വഹിക്കുന്നതിലേയ്ക്കായി മുറിക്കേണ്ടി വരുന്ന റോഡുകൾ താത്കാലികമായി പുനഃസ്ഥാപിക്കുന്നതിന് പ്രവൃത്തിയുടെ അംഗീകൃത ഷെഡ്യൂളിൽ വ്യവസ്ഥ ഉൾക്കൊള്ളിച്ചിട്ടുണ്ട്. റോഡുകളുടെ പൂർണ്ണമായ പുനഃസ്ഥാപനം തദ്ദേശ സ്ഥാപനങ്ങളുടെ ചുമതലയാണ്.

(സി) ജൽജീവൻ പദ്ധതികളുടെ ഭാഗമായി റോഡുകളിൽ പൈപ്പ്ലൈൻ സ്ഥാപിക്കുന്നതിന് പി.ഡബ്ല്യു.ഡി.-യുടെ അനുമതി ലഭ്യമല്ലാത്തതിനാൽ എത്ര കുടിവെള്ള പദ്ധതികൾ സംസ്ഥാനത്ത് തടസ്സപ്പെട്ടിട്ടുണ്ട്; അറിയിക്കാമോ?

അനുമതി ലഭിക്കാത്ത പദ്ധതികൾ ഉൾകൊള്ളുന്ന പഞ്ചായത്തുകളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു*.

(ഡി) ഇത്തരത്തിൽ കുടിവെള്ള പദ്ധതികൾ തടസ്സപ്പെട്ടിട്ടുണ്ടെങ്കിൽ ആയത് പരിഹരിക്കുന്നതിന് ഉന്നതതല കമ്മിറ്റിയുടെ സാധ്യത പരിശോധിക്കുമോ?

ഇത്തരത്തിലുള്ള വിഷയങ്ങൾ പരിഹരിക്കുന്നതിനായി സ്റ്റേറ്റ് വാട്ടർ ആൻഡ് സാനിറ്റേഷൻ മിഷന്റെ എക്സിക്യൂട്ടീവ് കമ്മിറ്റി കൂടുന്നുണ്ട്. കൂടാതെ ഇത്തരം വിഷയങ്ങൾ പൊതുമരാമത്ത് വകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്തി പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

(ഇ) ജൽജീവൻ പദ്ധതികൾക്ക് പഞ്ചായത്ത് അനുമതി ലഭ്യമല്ലാത്തതിനാൽ അവ തടസ്സപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പഞ്ചായത്ത് അനുമതി ലഭ്യമായ പദ്ധതികൾക്ക് മാത്രമേ ഭരണാനുമതി നൽകുകയുള്ളൂ. ആയതിനാൽ നിലവിൽ നടന്നു കൊണ്ടിരിക്കുന്ന പദ്ധതികൾക്ക് തടസ്സമില്ല. അനുമതി ലഭ്യമാകുവാനുള്ള പഞ്ചായത്തുകളിൽനിന്നും അവ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

(എഫ്) ജൽജീവൻ മിഷൻ വഴി നടപ്പാക്കുന്ന/പൂർത്തീകരിക്കുന്ന കുടിവെള്ള പദ്ധതികൾ ഏത് ഏജൻസി വഴി തുടർപരിപാലനം നടത്താനാണ് നിശ്ചയിച്ചിരിക്കുന്നത്; ഇതുമായി ബന്ധപ്പെട്ട് എൽ.എസ്.ജി.ഡി.-ഡബ്ല്യു.ആർ.ഡി. വകുപ്പുകൾ സംയുക്തമായി കൈക്കൊണ്ട തീരുമാനം അറിയിക്കാമോ?

ജൽജീവൻ മിഷൻ മാർഗ്ഗരേഖ പ്രകാരം കുടിവെള്ള പദ്ധതികളുടെ തുടർ പരിപാലനം പഞ്ചായത്തുകളുടെ/വില്ലേജ് വാട്ടർ ആൻഡ് സാനിറ്റേഷൻ കമ്മിറ്റികളുടെ ചുമതലയിലാണ്. ഇതിനായുള്ള കരാറിന്മേൽ തീരുമാനം സർക്കാരിന്റെ പരിഗണനയിലാണ്.

**തിരുവമ്പാടി മണ്ഡലത്തിലെ ജൽജീവൻ പദ്ധതി**

262(1008) ശ്രീ. ലിന്റോ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2023-ഓടെ എല്ലാ കുടുംബങ്ങൾക്കും ശുദ്ധജലമെത്തിക്കുന്ന പദ്ധതിയായ ജൽജീവൻ മിഷന്റെ തിരുവമ്പാടി മണ്ഡലത്തിലെ പദ്ധതികളുടെ വിശദാംശം വ്യക്തമാക്കാമോ?

ജൽജീവൻ മിഷൻ ഒന്നാം ഘട്ടത്തിൽ, തിരുവമ്പാടി മണ്ഡലത്തിലെ കോടഞ്ചേരി, തിരുവമ്പാടി, കാരശ്ശേരി, കൊടിയത്തൂർ എന്നീ പഞ്ചായത്തുകളിൽ 260 കണക്ഷനുകൾ നൽകുന്നതിനുള്ള പ്രവൃത്തി പൂർത്തിയായിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

(ബി) കാരശ്ശേരി, കൊടിയത്തൂർ, കൂടരഞ്ഞി പഞ്ചായത്തുകൾക്കായി തയ്യാറാക്കിയ സമഗ്രപദ്ധതി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്നും എപ്പോൾ പ്രവൃത്തി തുടങ്ങാൻ കഴിയുമെന്നും വ്യക്തമാക്കുമോ?

ജൽജീവൻ മിഷൻ രണ്ടാം ഘട്ടത്തിൽ കാരശ്ശേരി, കൊടിയത്തൂർ, ഓമശ്ശേരി, തിരുവമ്പാടി, കൂടരഞ്ഞി എന്നീ പഞ്ചായത്തുകൾക്ക് 29,723 കുടിവെള്ള കണക്ഷനുകൾ നൽകുന്നതിനായുള്ള സമഗ്ര കുടിവെള്ള പദ്ധതിക്ക് 294.90 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പദ്ധതി നടപ്പിലാക്കുവാനുള്ള തുടർ നടപടികൾ സ്വീകരിച്ചുവരുന്നു.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**ജൽജീവൻ മിഷൻ ചുമതലയുള്ള ഏജൻസികൾ**

263(1009) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ:
ശ്രീ. ജോബ് മൈക്കിൾ:
ശ്രീ. പ്രമോദ് നാരായൺ:
ഡോ. എൻ. ജയരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജൽജീവൻ മിഷൻ പൂർത്തീകരണത്തിന് തെരഞ്ഞെടുത്തിട്ടുള്ള ഏജൻസികൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ; വാട്ടർ അതോറിറ്റിയല്ലാതെ ഏതെങ്കിലും ഏജൻസികൾ ജൽജീവൻ മിഷൻ പ്രവർത്തനങ്ങൾക്ക് തദ്ദേശ സ്ഥാപനങ്ങളുമായി കരാർ ഒപ്പിട്ടിട്ടുണ്ടോയെന്നും അത്തരത്തിൽ കരാറിൽ ഏർപ്പെടുന്നതിന് സർക്കാരിന്റെ അനുമതിയുണ്ടോയെന്നും വിശദമാക്കാമോ ?

കേരള വാട്ടർ അതോറിറ്റി, കേരള ഗ്രാമീണ ശുദ്ധജല വിതരണ ശുചിത്വ പദ്ധതി (ജലനിധി), ഭൂജലവകുപ്പ് എന്നിവയാണ് സംസ്ഥാനത്ത് ജൽജീവൻ മിഷൻ പൂർത്തീകരണത്തിന് തെരഞ്ഞെടുത്തിട്ടുള്ള നിർവ്വഹണ ഏജൻസികൾ. സാമൂഹ്യ സംഘാടനത്തിനും അനുബന്ധ പ്രവർത്തനങ്ങൾക്കും പഞ്ചായത്തുകളെ സഹായിക്കുവാനായി നിർവ്വഹണ സഹായ സംഘടനകളെ (ISA) തെരഞ്ഞെടുത്തിട്ടുണ്ട്. ജലജീവൻ മിഷൻ പ്രവർത്തനങ്ങൾക്ക് മൂന്നാം കക്ഷി പരിശോധനക്കായി Third Party Inspection ഏജൻസികളെയും തെരഞ്ഞെടുത്തിട്ടുണ്ട്. മൂന്നാം കക്ഷി പരിശോധന ഏജൻസികളും നിർവ്വഹണ സഹായ സംഘടനകളും സർക്കാരിന്റെ അനുമതിയോടെ തദ്ദേശ സ്ഥാപനങ്ങളുമായി കരാറിൽ ഏർപ്പെടുന്നുണ്ട്.

(ബി) വാട്ടർ അതോറിറ്റിയുടെ കീഴിലുള്ള ട്രീറ്റ്മെന്റ് പ്ലാന്റ്, വിതരണ ശൃംഖലകൾ എന്നിവയ്ക്ക് സമാനമായ സൗകര്യങ്ങൾ മറ്റ് ഏജൻസികളുടെ കീഴിലും പ്രവർത്തിക്കുന്നുണ്ടോയെന്നും വാട്ടർ അതോറിറ്റി നൽകുന്ന തരത്തിൽ ട്രീറ്റ് ചെയ്ത കുടിവെള്ളം വിതരണം ചെയ്യാൻ കഴിയുന്ന മറ്റ് ഏജൻസികൾ ഏതെല്ലാമെന്നും വ്യക്തമാക്കാമോ?

കേരള ജല അതോറിറ്റി പദ്ധതികൾക്ക് സമാനമായ ട്രീറ്റ്മെന്റ് പ്ലാന്റ്, വിതരണ ശൃംഖലകൾ, മറ്റു സൗകര്യങ്ങൾ എന്നിവ നിർമ്മിച്ച് സാമൂഹ്യ ഉടമസ്ഥതയിലുള്ള ബൃഹത് കുടിവെള്ള പദ്ധതികളും കുടിവെള്ള വിതരണവും കേരള ഗ്രാമീണ ശുദ്ധജല വിതരണ ശുചിത്വ പദ്ധതി (ജലനിധി) നടത്തി വരുന്നുണ്ട്. ഇത്തരത്തിലുള്ള 7 ബൃഹത് പദ്ധതികളും ജലഅതോറിറ്റിയിൽ നിന്ന് ബൾക്ക് വാട്ടർ വാങ്ങി വിതരണ ശൃംഖല നിർമ്മിച്ച് ഗുണഭോക്തൃ സമിതികൾ തന്നെ

കുടിവെള്ള വിതരണം ചെയ്യുന്ന 15 ബൾക്ക് വാട്ടർ പദ്ധതികളും 3 മൾട്ടി ഗ്രാമപഞ്ചായത്ത് പദ്ധതികളും ജലനിധി പദ്ധതിയിൽ ഉൾപ്പെടുത്തി കേരള ഗ്രാമീണ ശുദ്ധജല വിതരണ ശുചിത്വ പദ്ധതി(ജലനിധി) പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ മൂന്നിയൂർ പഞ്ചായത്തിലെ ബൃഹത് പദ്ധതിയുടെ നിർമ്മാണം പൂർത്തിയായി വരികയുമാണ്. ഇങ്ങനെയുള്ള പദ്ധതികളിലൂടെ ജല അതോറിറ്റി നൽകുന്ന തരത്തിൽ ട്രീറ്റ് ചെയ്ത കുടിവെള്ളം നൽകുന്നതിനു കേരള ഗ്രാമീണ ശുദ്ധജല വിതരണ ശുചിത്വ പദ്ധതി (ജലനിധി)ക്കും സാധിക്കുന്നുണ്ട്.

(സി) വാട്ടർ അതോറിറ്റി ഏറ്റെടുത്ത് നടത്തുന്ന മെഗാ പ്രോജക്ടുകൾ പോലെയുള്ളവയാണോ പ്രാദേശിക ചെറുകിട കുടിവെള്ള പദ്ധതികളാണോ മറ്റ് ഏജൻസികൾ ലക്ഷ്യമിടുന്നതെന്ന് വ്യക്തമാക്കാമോ?

കേരള ഗ്രാമീണ ശുദ്ധജല വിതരണ ശുചിത്വ പദ്ധതി (ജലനിധി) മുഖേന പ്രധാനമായും പ്രാദേശിക ചെറുകിട കുടിവെള്ള പദ്ധതികളിലൂടെയും ജല അതോറിറ്റിയിൽ നിന്ന് ബൾക്ക് വാട്ടർ വാങ്ങി വിതരണ ശൃംഖല സ്ഥാപിച്ചും കുടിവെള്ളം ലഭ്യമാക്കുന്നതിനാണ് ലക്ഷ്യമിടുന്നത്. നിലവിലുള്ള ജലനിധി കുടിവെള്ള പദ്ധതിയിൽ നിന്നും അധികമായി 37,296 പ്രവർത്തനക്ഷമമായ ഗാർഹിക കുടിവെള്ള കണക്ഷനുകൾ (FHTCs) ജൽ ജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി നൽകുന്നതിനാണ് കേരള ഗ്രാമീണ ശുദ്ധജല വിതരണ ശുചിത്വ പദ്ധതി (ജലനിധി)ക്ക് ഭരണാനുമതി നൽകിയിരിക്കുന്നത്.

(ഡി) വാട്ടർ അതോറിറ്റി, മറ്റ് ഏജൻസികൾ എന്നിവ കുടിവെള്ള വിതരണത്തിനായി തെരഞ്ഞെടുക്കുന്ന ജലസ്രോതസ്സുകളുടെ സുസ്ഥിരത ഉറപ്പാക്കാൻ എന്തെല്ലാം സംവിധാനമാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ?

കേരള വാട്ടർ അതോറിറ്റി ജല സ്രോതസ്സുകളുടെ സുസ്ഥിരത ഉറപ്പാക്കാൻ വേനൽകാലത്തിനു മുൻപ് ആവശ്യമുള്ള ഇടങ്ങളിൽ തടയണ കെട്ടൽ, ഗ്യാലറി വൃത്തിയാക്കൽ, കിണർ വൃത്തിയാക്കൽ എന്നീ നടപടികൾ യഥാസമയം ചെയ്തു വരുന്നു. ജൽജീവൻ മിഷൻ മുഖേന സംസ്ഥാനത്തു നടപ്പിലാക്കുന്ന പദ്ധതികളുടെ സ്രോതസ്സുകളുടെ പര്യാപ്തത ഉറപ്പു വരുത്തിയാണ് പദ്ധതികൾ തയ്യാറാക്കുന്നത്. ഇതിനായി ജില്ലാതലത്തിൽ സോഴ്സ് ഫൈൻഡിംഗ് കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത കമ്മിറ്റി പരിശോധിച്ച് സ്രോതസ്സിന്റെ പര്യാപ്തത ഉറപ്പു വരുത്തിയാണ് പദ്ധതികൾ നടപ്പിലാക്കി വരുന്നത്. ജലനിധി പദ്ധതിയിലും മറ്റു പദ്ധതികളിലും ഉൾപ്പെടുത്തി പൂർത്തീകരിച്ചതും സാമൂഹ്യ ഉടമസ്ഥതയിൽ ഗുണഭോക്താക്കൾ തന്നെ തുടർനടത്തിപ്പും പരിപാലനവും നടത്തുന്നതുമായ കുടിവെള്ള സ്കീമുകളുടെ പുനരുദ്ധാരണത്തിനും നവീകരണത്തിനും വേണ്ടി സുസ്ഥിരത പദ്ധതിയിൽ ഉൾപ്പെടുത്തി ജലലഭ്യതക്കുറവുള്ള സ്രോതസ്സുകളുടെ പരിപോഷണത്തിനുള്ള നടപടികൾ കേരള ഗ്രാമീണ ശുദ്ധജല വിതരണ ശുചിത്വ പദ്ധതി (ജലനിധി) സ്വീകരിക്കുന്നുണ്ട്.

## മണലൂർ മണ്ഡലത്തിലെ കുടിവെള്ള പദ്ധതി

264(1010) ശ്രീ. മുരളി പെരുനെല്ലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിലെ മുല്ലശ്ശേരി, എളവള്ളി പഞ്ചായത്തുകളിലെ എല്ലാ വീടുകളിലും കുടിവെള്ളമെത്തിക്കുന്ന പദ്ധതിക്കായി ഓരോ പഞ്ചായത്തിലും ചെലവഴിക്കുന്ന തുക എത്രയാണ്?

1. മണലൂർ മണ്ഡലത്തിലെ, മുല്ലശ്ശേരി പഞ്ചായത്തിനുവേണ്ടി റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതിയിൽ ഉൾപ്പെടുത്തി പാവറട്ടി-മുല്ലശ്ശേരി പഞ്ചായത്തുകൾക്കുവേണ്ടിയുള്ള കുടിവെള്ള പദ്ധതിക്ക് 54.80 കോടി രൂപ, ജൽജീവൻ മിഷൻ പദ്ധതിയിൽ 6801 കുടിവെള്ള കണക്ഷനുകൾ നല്കുന്നതിലേക്കായി 5.79 കോടി രൂപ എന്നിങ്ങനെ ആകെ 60.59 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.
2. മണലൂർ മണ്ഡലത്തിലെ, എളവള്ളി പഞ്ചായത്തിലേക്കുള്ള കുടിവെള്ള പദ്ധതികൾക്കുവേണ്ടി ജൽജീവൻ മിഷൻ പദ്ധതിയിൽ 500 കുടിവെള്ള കണക്ഷനുകൾ നൽകുന്നതിന് ജലനിധിക്ക് 75.1 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) ഗ്രാവിറ്റി മെയിൻ പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ചാട്ടുകുളം മുതൽ പാവറട്ടി മുല്ലശ്ശേരി ടാങ്കുകൾ വരെ ഗ്രാവിറ്റി മെയിൻ 13.8 കി.മീ. സ്ഥാപിക്കുന്ന പ്രവൃത്തി 50% പൂർത്തീകരിച്ചിട്ടുണ്ട്. ശേഷിച്ചവ പൂർത്തിയാക്കുന്നതിനുള്ള നടപടി പുരോഗമിക്കുന്നു.

(സി) ടാങ്കിൽ നിന്നും വീടുകളിലേക്ക് ജലമെത്തിക്കുന്നതിനുള്ള ഡിസ്ട്രിബ്യൂഷൻ നടപടികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ; പ്രവൃത്തികൾ എപ്പോൾ പൂർത്തീകരിക്കാനാകുമെന്ന് അറിയിക്കാമോ?

റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതിയിൽ ഉൾപ്പെടുത്തി മുല്ലശ്ശേരി പഞ്ചായത്തിൽ എല്ലാ വീടുകളിലും ശുദ്ധജലം എത്തിക്കുന്നതിനായി വിതരണ ശൃംഖല സ്ഥാപിക്കുന്ന പ്രവൃത്തി 10% പൂർത്തീകരിച്ചു. 5192 മീറ്റർ DI പൈപ്പുകളും 40056 മീറ്റർ പി.വി.സി പൈപ്പുകളും കരാറുകാരൻ വിതരണം ചെയ്തിട്ടുള്ളതും 12985.50 മീറ്റർ നീളത്തിൽ വിതരണ ശൃംഖല സ്ഥാപിക്കുന്ന പ്രവൃത്തി പൂർത്തീകരിച്ചിട്ടുള്ളതുമാണ്. 2022 ജൂൺ മാസത്തിനുള്ളിൽ പ്രവൃത്തികൾ പൂർത്തീകരിക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു.

## നഗര ജലവിതരണം അഭിവൃദ്ധിപ്പെടുത്തൽ പദ്ധതി

265 (1011) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ:
ശ്രീമതി ഒ. എസ്. അംബിക:
ശ്രീ. പി. വി. ശ്രീനിജിൻ:
ഡോ. സുജിത് വിജയൻപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നഗര ജലവിതരണം അഭിവൃദ്ധിപ്പെടുത്തൽ പദ്ധതി പ്രകാരം തലസ്ഥാന നഗരത്തിലും കൊച്ചിയിലും സദാസമയം കുടിവെള്ളം ലഭ്യമാക്കാൻ എ.ഡി.ബി. സഹായത്തോടെ ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയുടെ നിലവിലെ സ്ഥിതി അറിയിക്കാമോ?

ഏഷ്യൻ ഡെവലപ്മെന്റ് ബാങ്ക് (ADB) ധനസഹായത്തോടെ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന കേരള അർബൻ വാട്ടർ സർവ്വീസ് ഇംപ്രൂവ്മെന്റ് പ്രോജക്ട് (KUWSIP), തിരുവനന്തപുരം, കൊച്ചി നഗരങ്ങളിൽ 24X7 ജലവിതരണ സംവിധാനം ഏർപ്പെടുത്തുവാൻ ഉദ്ദേശിച്ചിട്ടുള്ളതാണ്. ടി പദ്ധതിക്കായി 2511 കോടി രൂപയുടെ ഭരണാനുമതി G.O. (Ms) No. 13/2020/WRD നമ്പർ ഉത്തരവ് പ്രകാരം 7-2-2020-ൽ നൽകിയിട്ടുണ്ട്. ഈ പദ്ധതി നടപ്പിലാക്കുന്നതിനായി ലോൺ ഇംപ്ലിമെന്റേഷൻ സപ്പോർട്ട് യൂണിറ്റ് (LISU) കൺസൽട്ടന്റിനെ നിയമിക്കുന്നതിനുവേണ്ടി കേരള വാട്ടർ അതോറിറ്റി താൽപര്യപത്രം (Expression of Interest) ക്ഷണിച്ച്, ചുരുക്കപ്പട്ടികയിൽപ്പെടുത്തിയ വിദഗ്ദ്ധരിൽ നിന്നും ടെക്നിക്കൽ പ്രൊപ്പോസലുകളും ഫിനാൻഷ്യൽ പ്രൊപ്പോസലുകളും സ്വീകരിക്കുന്നതിനുള്ള റിക്വസ്റ്റ് ഫോർ പ്രൊപ്പോസലിന് (RFP), ADB-യുടെ അംഗീകാരം ലഭ്യമായിട്ടുണ്ട്. കൊച്ചി നഗരത്തിലെ വിതരണ ശൃംഖല പുനരുദ്ധരിക്കുന്നതിനുള്ള നിർമ്മാണ കരാറിന്റെ ദർഘാസ് ക്ഷണിക്കുന്നതിനായി, കേരള വാട്ടർ അതോറിറ്റി തയ്യാറാക്കിയ ദർഘാസ് പ്രമാണങ്ങൾക്ക് ADB-യുടെ അംഗീകാരം ലഭ്യമായിട്ടുണ്ട്. ഇവയ്ക്ക് അന്തിമ അനുമതി ലഭ്യമാക്കുന്നതിനായി കേരള വാട്ടർ അതോറിറ്റി സമർപ്പിച്ച പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചു വരികയാണ്.

(ബി) തിരുവനന്തപുരം നഗരത്തിലെ ജലവിതരണ സ്രോതസ്സിന്റെ ശേഷി വർദ്ധിപ്പിക്കുന്നത് സാധ്യമായിട്ടുണ്ടോ; ജല ശുദ്ധീകരണശാലയുടെ ശേഷി വർദ്ധിപ്പിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

തലസ്ഥാന നഗരിയിലേയ്ക്കുള്ള കുടിവെള്ളത്തിന്റെ പ്രധാന സ്രോതസ്സാണ് പേപ്പാറ ഡാം. പുതിയ അമൃത് പദ്ധതിയുടെ ശുദ്ധീകരണശാലകൂടി പ്രവർത്തനം ആരംഭിച്ചപ്പോൾ പ്രതിദിനം 375 ദശലക്ഷം ലിറ്റർ ജലമാണ് പേപ്പാറയിൽ നിന്ന്

അരുവിക്കരയിലെത്തിച്ച് ശുദ്ധീകരിച്ച് നഗരത്തിലെത്തിക്കുന്നത്. വേനലിൽ പേപ്പാറയിൽ ജലം താഴുമ്പോൾ തലസ്ഥാനത്ത് ജലക്ഷാമം രൂക്ഷമാകാറുണ്ട്. പേപ്പാറ ഡാമിന്റെ ജലനിരപ്പ് അതിന്റെ മുഴുവൻ സംഭരണശേഷിയായ 110.5 മീറ്ററായി ഉയർത്തിയാൽ മാത്രമേ വേനൽക്കാലത്തുൾപ്പെടെ തലസ്ഥാനനഗരിക്ക് ആവശ്യത്തിനുള്ള ജലലഭ്യത ഉറപ്പാക്കാൻ കഴിയൂ. ജലനിരപ്പ് ഉയർത്തുന്നതിന്റെ ഭാഗമായി ഫോറസ്റ്റ് ഡിപ്പാർട്ട്മെന്റിന്റെ അനുമതിക്കായി കേരള വാട്ടർ അതോറിറ്റി "പരിവേഷ്" എന്ന ഓൺലൈൻ പോർട്ടലിൽ അപേക്ഷ നൽകിയതിന്റെ അടിസ്ഥാനത്തിൽ ഫോറസ്റ്റ് ഡിപ്പാർട്ട്മെന്റിന്റെയും വൈൽഡ് ലൈഫ് ഡിപ്പാർട്ട്മെന്റിന്റെയും സ്ഥലപരിശോധന, വൈൽഡ് ലൈഫ് ഇമ്പാക്ട് പഠനം എന്നിവ പൂർത്തീകരിച്ച് അനുവാദത്തിനായുള്ള തുടർ നടപടികൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിക്കുന്നു. ജലശുദ്ധീകരണ ശാലയുടെ ശേഷി വർദ്ധിപ്പിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി 86 MLD പ്ലാന്റ് 96 MLD ആയി ഉയർത്തുകയും 74 MLD പ്ലാന്റ് 83 MLD ആയി ഉയർത്തുകയും ചെയ്തിട്ടുണ്ട്. 75 MLD പ്ലാന്റിന്റെ പുതിയ ശുദ്ധീകരണശാലയുടെ പ്രവർത്തനം 2021-ൽ ആരംഭിച്ചിട്ടുണ്ട്.

(സി) കുടിവെള്ള കണക്ഷനുകൾ കാലവിളംബമില്ലാതെ ലഭ്യമാക്കുന്നതിനും വിതരണം ചെയ്യുന്ന ജലത്തിന്റെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനും പരാതികൾ ത്വരിതഗതിയിൽ പരിഹരിക്കുന്നതിനുമുൾപ്പെടെയുള്ള ഉപഭോക്തൃ സേവനം കാര്യക്ഷമമാക്കുന്നതിനും കേരള വാട്ടർ അതോറിറ്റിയുടെ പ്രവർത്തന മികവ് മെച്ചപ്പെടുത്താനായിട്ടുണ്ടോ; വ്യക്തമാക്കാമോ?

വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു*.

### നിലമ്പൂർ മണ്ഡലത്തിലെ ജൽജീവൻ മിഷൻ പദ്ധതി

266(1012) ശ്രീ. പി. വി. അൻവർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ മണ്ഡലത്തിൽ ജൽജീവൻ മിഷനിലെ ഏതെങ്കിലും പദ്ധതികൾക്ക് അംഗീകാരം ലഭിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

മലപ്പുറം ജില്ലയിലെ നിലമ്പൂർ മണ്ഡലത്തിൽ ജൽജീവൻ മിഷനിൽ അംഗീകാരം നൽകിയ പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

(ബി) പ്രസ്തുത മണ്ഡലത്തിൽനിന്നും ജൽജീവൻ മിഷന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുള്ള പദ്ധതികളുടെ അടങ്കൽ തുക ഉൾപ്പെടെയുള്ള ലഘുവിവരങ്ങളും മേൽ സമർപ്പണങ്ങളും നിലവിലെ അവസ്ഥയും വ്യക്തമാക്കാമോ?

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

1. ചുങ്കത്തറ എടക്കര, പോത്തുകല്ല്, വഴിക്കടവ് പഞ്ചായത്തുകൾക്കായി പുതിയതായി 19315 ഗാർഹിക കണക്ഷനുകൾ നൽകുന്നതിനായി ശുദ്ധീകരണശാലയോട്ടുകൂടിയുള്ള സമഗ്ര കുടിവെള്ള പദ്ധതിക്ക് 28800 ലക്ഷം രൂപയുടെ ഡി.പി.ആർ. തയ്യാറാക്കിയിട്ടുണ്ട്.

2. അമരമ്പലം, കരുളായി, മൂത്തേടം പഞ്ചായത്തുകൾക്കായി പുതിയതായി 15137 ഗാർഹിക കണക്ഷനുകൾ നൽകുന്നതിനായി ശുദ്ധീകരണ ശാലയോട്ടുകൂടിയുള്ള സമഗ്ര കുടിവെള്ള പദ്ധതിക്ക് 21699 ലക്ഷം രൂപയുടെ ഡി.പി.ആർ. തയ്യാറാക്കിയിട്ടുണ്ട്.

3. പോത്തുകല്ല് പഞ്ചായത്തിലെ വാർഡ് 2 ലേക്കായി 390 ഗാർഹിക കണക്ഷനുകൾ നൽകുന്നതിനായി 135 ലക്ഷം രൂപയുടെയും വഴിക്കടവ് പഞ്ചായത്തിലെ വാർഡ് 7 ലേക്കായി 150 ഗാർഹിക കണക്ഷനുകൾ നൽകുന്നതിനായി 66 ലക്ഷം രൂപയുടെയും ഡി.പി.ആർ. തയ്യാറാക്കിയിട്ടുണ്ട്.

(സി) പ്രസ്തുത മണ്ഡലത്തിൽ ജൽജീവൻ മിഷന്റെ അംഗീകാരത്തിനായി സമർപ്പിച്ച പദ്ധതികളിൽ പുനഃസമർപ്പണം ആവശ്യമായ ഏതെങ്കിലും പദ്ധതികളുണ്ടോയെന്നും എന്താണ് തിരുത്തൽ വരുത്തേണ്ട ന്യൂനതകളെന്നും അറിയിക്കാമോ; ന്യൂനതകൾ പരിഹരിച്ച് എന്നത്തേയ്ക്ക് പദ്ധതികൾ പുനഃസമർപ്പിക്കാനാകുമെന്നും വ്യക്തമാക്കാമോ?

രണ്ട് സമഗ്ര കുടിവെള്ള പദ്ധതികളുടെ ഡി.പി.ആർ. പുതുക്കേണ്ടതായി വന്നിട്ടുണ്ട്. ശരാശരി ഒരു ഗാർഹിക കണക്ഷന് (per FHTC cost) ഒരു ലക്ഷത്തിനു മുകളിൽ ചെലവ് വന്നത് കാരണമാണ് ഡി.പി.ആർ. പുതുക്കേണ്ടി വന്നത്. ആയത് ഒരു ലക്ഷത്തിനു താഴെയാക്കി പുനഃക്രമീകരിക്കേണ്ടതുണ്ട്.

1. ചുങ്കത്തറ എടക്കര, പോത്തുകല്ല്, വഴിക്കടവ് പഞ്ചായത്തുകൾക്കായി പുതിയതായി 19315 ഗാർഹിക കണക്ഷനുകൾ നൽകുന്നതിനായി ശുദ്ധീകരണശാലയോട്ടുകൂടിയുള്ള സമഗ്ര കുടിവെള്ള പദ്ധതിക്ക് 28800 ലക്ഷം രൂപയുടെ ഡി.പി.ആർ. പുതുക്കി തയ്യാറാക്കിയിട്ടുണ്ട്.

2. അമരംമ്പലം, കരുളായി, മൂത്തേടം പഞ്ചായത്തുകൾക്കായി പുതിയതായി 15137 ഗാർഹിക കണക്ഷനുകൾ നൽകുന്നതിനായി ശുദ്ധീകരണ ശാലയോട്ടുകൂടിയുള്ള സമഗ്ര കുടിവെള്ള പദ്ധതിക്ക് 21699 ലക്ഷം രൂപയുടെ ഡി.പി.ആർ. തയ്യാറാക്കി. എങ്കിലും ശരാശരി ഒരു ഗാർഹിക കണക്ഷന് വരുന്ന ചെലവ് 1 ലക്ഷം രൂപയിൽ കൂടുതൽ ആയതിനാൽ

ഈ പദ്ധതിയിൽ ചോക്കാട് പഞ്ചായത്ത് കൂടി ഭാഗീകമായി ഉൾപ്പെടുന്ന വിധത്തിൽ എസ്റ്റിമേറ്റ് പുതുക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. രണ്ടു പദ്ധതികളും 4th SLSSC-യിൽ പരിഗണിക്കുവാൻ കഴിയും.

(ഡി) സംസ്ഥാനത്ത് ജൽജീവൻ മിഷനിൽ എത്ര കോടി രൂപയുടെ പദ്ധതികൾക്കാണ് ഇനിയും അംഗീകാരം ലഭിക്കാനുള്ളതെന്ന് അറിയിക്കാമോ; കേന്ദ്രം സംസ്ഥാനത്തിന് അനുവദിച്ച വിഹിതത്തിൽ ഇനിയും ശേഷിക്കുന്നത് എത്ര കോടി രൂപയാണെന്നും വ്യക്തമാക്കാമോ?

ജൽജീവൻ മിഷനിൽ ഉൾപ്പെടുത്തി എല്ലാ വീടുകളിലും കുടിവെള്ള കണക്ഷൻ നൽകുവാനുള്ള ഡി.പി.ആർ.-കൾ തയ്യാറാക്കി പഞ്ചായത്തുകളിൽ നൽകി വരുന്നു. പഞ്ചായത്തുകളുടെയും, DWSM ന്റെയും അംഗീകാരം ലഭിച്ച് SLSSC-യുടെ അംഗീകാരം ലഭിക്കുന്ന പദ്ധതികൾക്കാണ് ഭരണാനുമതി നൽകുന്നത്. അംഗീകാരത്തിനായി ഡി.പി.ആർ. തയ്യാറാക്കി സമർപ്പിക്കുന്ന പ്രക്രിയ പുരോഗമിക്കുന്നു. ആയത് പൂർത്തിയാകുന്ന മുറയ്ക്ക് മാത്രമേ അംഗീകാരം ലഭിക്കുന്നതിനുള്ള ബാക്കി പദ്ധതികളുടെ തുക കണക്കാക്കുന്നതിന് സാധിക്കുകയുള്ളൂ. 30-9-2021-ലെ കണക്കു പ്രകാരം കേന്ദ്രം സംസ്ഥാനത്തിന് അനുവദിച്ച വിഹിതത്തിൽ ഇനി 199.87 കോടിരൂപ ശേഷിക്കുന്നുണ്ട്.

## മലിനജല മാനേജ്മെന്റ്

267(1013) <u>ശ്രീ. മോൻസ് ജോസഫ്</u>:
<u>ശ്രീ. പി. ജെ. ജോസഫ്</u>:
<u>ശ്രീ. അനൂപ് ജേക്കബ്</u>:
<u>ശ്രീ. മാണി സി. കാപ്പൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മലിനജല മാനേജ്മെന്റ് സംവിധാനം ഏർപ്പെടുത്താൻ വേണ്ടി പ്രോജക്ട് റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിലേക്കായി സ്വീവറേജ് വെർട്ടിക്കൽ രൂപീകരിച്ചിട്ടുണ്ടോയെന്നും ഉണ്ടെങ്കിൽ റിപ്പോർട്ടുകൾ സമർപ്പിച്ചിട്ടുണ്ടോയെന്നും വിശദമാക്കാമോ?

സംസ്ഥാനത്ത് മലിനജല മാനേജ്മെന്റ് സംവിധാനം ഏർപ്പെടുത്താൻ വേണ്ട പ്രോജക്ട് റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിലേക്കായി സ്വീവറേജ് വെർട്ടിക്കൽ രൂപീകരിച്ചിട്ടുണ്ട്. സംസ്ഥാനത്തെ 14 ജില്ലകൾക്കുവേണ്ടി സ്വീവറേജ് & സെപ്റ്റേജ് മാനേജ്മെന്റ് പ്ലാനിന്റെ പ്രിലിമിനറി എഞ്ചിനീയറിംഗ് റിപ്പോർട്ട് (PER) ലഭ്യമായിട്ടുണ്ട്.

(ബി) സംസ്ഥാനത്ത് മലിനജല മാനേജ്മെന്റ് ശൃംഖലയുടെ വ്യാപ്തി നിലവിൽ എത്രയാണ്; വ്യാപ്തി വർദ്ധിപ്പിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ?

തിരുവനന്തപുരം കോർപ്പറേഷൻ ഏരിയയിലെ 43 വാർഡുകളിൽ പൂർണ്ണമായോ ഭാഗികമായോ സ്വീവറേജ് സ്കീം നിലവിലുണ്ട്. 5 ബ്ലോക്കുകളിലായിട്ടാണ് സ്വീവറേജ് സംവിധാനം വിഭജിച്ചിരിക്കുന്നത്. നിലവിൽ 52000 കണക്ഷനുകൾ നൽകിയിട്ടുണ്ട്. കഴക്കൂട്ടം, ശ്രീകാര്യം, ഉള്ളൂർ മേഖലകളുൾപ്പെടെ തിരുവനന്തപുരം നഗരത്തിൽ സ്വീവറേജ് സംവിധാനം നടപ്പിലാക്കുന്നതിനായി അമൃത് പദ്ധതിയിൽ ഉൾപ്പെടുത്തി വിവിധ പദ്ധതികളുടെ പ്രവൃത്തികൾ നടന്നുവരുന്നു. കൊച്ചി കോർപ്പറേഷനിലെ 5 ഡിവിഷനുകളിലായി ഏകദേശം 28 കിലോമീറ്റർ നീളത്തിൽ സ്വീവറേജ് നെറ്റ്‌വർക്ക് നിലവിലുണ്ട്. മേൽ ശൃംഖലയുടെ വ്യാപ്തി വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി പുതിയ 5 എം.എൽ.ഡി. ശേഷിയുള്ള പ്ലാന്റിന്റെ നിർമ്മാണം അമൃത് പദ്ധതിയിൽ ഉൾപ്പെടുത്തി ഇളംകുളത്ത് പുരോഗമിക്കുന്നു. ഈ പ്രവൃത്തി 48% പൂർത്തീകരിച്ചിട്ടുണ്ട്. മാർച്ച് 2022-ൽ പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു. ഗുരുവായൂർ മുനിസിപ്പാലിറ്റിയിലെ 14, 15, 17, 18, 19, 27, 28 വാർഡുകൾ ഉൾപ്പെടുത്തി 1.4 ചതുരശ്ര കിലോമീറ്റർ ഏര്യയിൽ 7340 മീറ്റർ സ്വീവേജ് ലൈൻ സ്ഥാപിക്കുന്ന ഗുരുവായൂർ അഴുക്കുചാൽ പദ്ധതി ഭാഗികമായി കമ്മീഷൻ ചെയ്തിട്ടുണ്ട്. പൂർണ്ണതോതിലുള്ള പ്രവർത്തനത്തിനായി യുദ്ധകാലാടിസ്ഥാനത്തിൽ നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) മലിനജല മാനേജ്മെന്റുകൾ സംവിധാനം നടപ്പിലാക്കുന്നതിന് നിലവിൽ നേരിടുന്ന പ്രതിസന്ധികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

ശുദ്ധീകരണശാലകളും സംഭരണ കിണറുകളും നിർമ്മിക്കുന്നതിന് ആവശ്യമായ സ്ഥലത്തിന്റെ ലഭ്യതക്കുറവും പൈപ്പുകൾ സ്ഥാപിക്കുന്നതിനും ആൾനൂഴികൾ നിർമ്മിക്കുന്നതിനാവശ്യമായ അനുമതി ലഭിക്കുന്നതിനുള്ള കാലതാമസവും പരിശീലനം ലഭിച്ച ഉദ്യോഗസ്ഥരുടെ എണ്ണത്തിലുള്ള പരിമിതിയും പദ്ധതി നിർവ്വഹണത്തിന് പ്രതിസന്ധി സൃഷ്ടിക്കുന്നുണ്ട്.

**തീരദേശ കുടിവെള്ള പദ്ധതി**

268(1014) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തീരദേശ കുടിവെള്ള പദ്ധതികളുടെ നിർമ്മാണ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; പ്രസ്തുത പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

തീരദേശ കുടിവെള്ള പദ്ധതികളുടെ നിർമ്മാണ പുരോഗതി വിലയിരുത്തുകയും സമയബന്ധിതമായി പൂർത്തീകരിക്കുവാൻ വേണ്ട നടപടികൾ കൈക്കൊള്ളുകയും ചെയ്തുവരുന്നു. കേരള വാട്ടർ അതോറിറ്റി നടപ്പിലാക്കി വരുന്ന എല്ലാ പദ്ധതികളുടെയും പുരോഗതി Project Status Alert System of KWA - PASK സോഫ്റ്റ്‌വെയറിലൂടെ വിലയിരുത്തുന്നുണ്ട്. തീരദേശ മേഖലകൾക്ക് പ്രയോജനം ലഭിക്കുന്നതും, നിർമ്മാണത്തിലിരിക്കുന്നതുമായ, പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ച് വരുന്നു.

### ചാത്തന്നൂർ കുടിവെള്ള പദ്ധതി

269(1015) ശ്രീ. ജി. എസ്. ജയലാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ മണ്ഡലത്തിലെ അഞ്ച് ഗ്രാമപഞ്ചായത്തുകളിലും പരവൂർ നഗരസഭയിലും നടപ്പിലാക്കി വരുന്ന ചാത്തന്നൂർ കുടിവെള്ള പദ്ധതിയുമായി ബന്ധപ്പെട്ട ജലവിതരണ ശൃംഖലകളുടെ വിപുലീകരണ പ്രവൃത്തികൾ സംബന്ധിച്ച നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

ചാത്തന്നൂർ മണ്ഡലത്തിലെ അഞ്ചു ഗ്രാമപഞ്ചായത്തുകളിലും പരവൂർ നഗരസഭയിലും നടപ്പിലാക്കി വരുന്ന ചാത്തന്നൂർ കുടിവെള്ള പദ്ധതിയിൽ ഏഴ് പാക്കേജുകളാണുള്ളത്. ഇതിൽ പരവൂർ (പാർട്ട്), പൂയപ്പള്ളി, ചിറക്കര, മീനാട് വില്ലേജുകളിലെ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. പരവൂർ നഗരസഭ ആദിച്ചനല്ലൂർ, പൂതക്കുളം വില്ലേജുകളിലെ പ്രവൃത്തികൾ പുരോഗമിക്കുന്നു.

(ബി) ഗ്രാമ പഞ്ചായത്തുകളിലും നഗരസഭയിലും പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട പ്രവൃത്തികൾ എത്രത്തോളം പൂർത്തീകരിച്ചുവെന്നും ഇനി എത്രത്തോളം പ്രവൃത്തികൾ അവശേഷിക്കുന്നുവെന്നും വിശദമാക്കാമോ?

മേൽപ്പറഞ്ഞ പദ്ധതികളിലെ ഏഴു പാക്കേജുകളിൽ നാലെണ്ണം പൂർത്തീകരിച്ചിട്ടുണ്ട്. പരവൂർ നഗരസഭയിൽ 46%-ഉം, ആദിച്ചനല്ലൂർ വില്ലേജിൽ 40%-ഉം, പൂതക്കുളം വില്ലേജിൽ 48%-ഉം പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. പരവൂർ നഗരസഭയിൽ 54%- ഉം ആദിച്ചനല്ലൂർ വില്ലേജിൽ 60%-ഉം പൂതക്കുളം വില്ലേജിൽ 52%-ഉം പ്രവൃത്തികൾ പൂർത്തീകരിക്കാനുണ്ട്.

(സി) പരവൂർ നഗരസഭയിലും പൂതക്കുളം ഗ്രാമപഞ്ചായത്തിലും ജലവിതരണ ശൃംഖലകളുടെ വിപുലീകരണ പ്രവൃത്തികൾ പുനരാരംഭിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ?

പരവൂർ നഗരസഭയിലെ പ്രവൃത്തിയിൽ സോയിൽ സ്ട്രാറ്റ മാറിയതിനാലും കരാറിലേർപ്പെട്ട കാലയളവിലേതിനേക്കാൾ പൈപ്പിന്റെ വില അധികരിച്ചതിനാലും പദ്ധതി പൂർത്തീകരണത്തിൽ കാലതാമസം നേരിടുന്നുണ്ട്. പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി കഴിഞ്ഞതിനാൽ അത് നീട്ടി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പൂതക്കുളം വില്ലേജിൽ ബന്ധപ്പെട്ട കരാറുകാരൻ പുതുക്കിയ ടൈം ഷെഡ്യൂൾ സമർപ്പിക്കാത്തതിനാൽ ഈ കരാറുകാരന്റെ നഷ്ടോത്തര വാദിത്ത്വത്തിൽ ഉൾപ്പെടുത്തി പ്രവൃത്തികൾ പൂർത്തീകരിക്കാൻ നടപടികൾ സ്വീകരിച്ചുവരുന്നു.

**കുട്ടനാട് സമഗ്ര കുടിവെള്ള പദ്ധതി**

270(1016) ശ്രീ. തോമസ് കെ. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട് സമഗ്ര കുടിവെള്ള പദ്ധതിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടി വിശദമാക്കാമോ; ഈ പദ്ധതി നടപ്പിലാക്കുന്നതിന് നിലവിലുള്ള തടസ്സങ്ങൾ വ്യക്തമാക്കാമോ;

(സി) പദ്ധതിയുടെ അടങ്കൽ തുക, പദ്ധതി സംബന്ധിച്ച് നാളിതുവരെ സ്വീകരിച്ച നടപടികൾ എന്നിവ വിശദമാക്കുമോ?

(എ-സി) കുട്ടനാട് സമഗ്ര കുടിവെള്ള പദ്ധതിയുടെ നിലവിലെ സ്ഥിതിയും പദ്ധതി നേരിടുന്ന തടസ്സങ്ങളും സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു*. പ്രസ്തുത കുടിവെള്ള പദ്ധതിക്ക് ഒന്നാം ഘട്ടത്തിൽ 70 കോടി രൂപയുടെയും രണ്ടാം ഘട്ടത്തിൽ 289.54 കോടി രൂപയുടെയും ഭരണാനുമതിയാണ് നൽകിയിട്ടുള്ളത്.

(ഡി) ഈ പദ്ധതി പൂർത്തീകരിച്ചാൽ കുട്ടനാടിന് ലഭിക്കുന്ന ഗുണങ്ങൾ വ്യക്തമാക്കാമോ?

കുട്ടനാട് താലൂക്കിൽ പെട്ട 13 പഞ്ചായത്തുകളായ തലവടി, എടത്വാ, തകഴി, മുട്ടാർ, നെടുമുടി, രാമങ്കരി, ചമ്പക്കുളം നീലംപേരൂർ, കാവാലം, പുളിങ്കുന്ന്, കൈനകരി, വെളിയനാട്, വീയപുരം എന്നീ പഞ്ചായത്തുകളിൽ പൂർണ്ണ തോതിൽ ശുദ്ധജലം എത്തിക്കാൻ സാധിക്കും.

(ഇ) ഈ പദ്ധതി എന്നത്തേയ്ക്ക് ഉദ്ഘാടനം ചെയ്യാൻ കഴിയുമെന്ന് അറിയിക്കാമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ജലശുദ്ധീകരണശാലയുടെ നിർമ്മാണത്തിനായി തലവടി പഞ്ചായത്തിലെ നീരേറ്റുപുറത്ത് 125 സെന്റ് സ്ഥലവും ഉന്നതതല ജലസംഭരണികളുടെ നിർമ്മാണത്തിനായി വെളിയനാട് പഞ്ചായത്തിൽ 20 സെന്റ് സ്ഥലവും പുളിങ്കുന്ന് പഞ്ചായത്തിൽ 20 സെന്റ് സ്ഥലവും 2021 ഡിസംബർ മാസത്തോടെ ലഭ്യമാകുമെന്ന് പ്രതീക്ഷിക്കുന്നു. ആയത് ലഭ്യമായാൽ 2023 ഡിസംബർ മാസത്തോടെ പണികൾ പൂർത്തീകരിച്ച് പദ്ധതി കമ്മീഷൻ ചെയ്യാനാകുമെന്ന് പ്രതീക്ഷിക്കുന്നു.

(എഫ്) ഈ പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് പ്രത്യേക മേൽനോട്ട സമിതിയെ നിയമിക്കാൻ നടപടി സ്വീകരിക്കാമോ; എങ്കിൽ വിശദവിവരം ലഭ്യമാക്കാമോ?

പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് പ്രത്യേക ഓഫീസ് രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതി കാര്യക്ഷമമായി നടപ്പിലാക്കുന്നതിനുവേണ്ടി എക്സിക്യൂട്ടീവ് എഞ്ചിനീയർ, കിഫ്ബി പ്രോജക്ട് ഡിവിഷൻ, ആലപ്പുഴയെ ലെയ്സൺ ഓഫീസറായി ചുമതലപ്പെടുത്തിയിട്ടുണ്ട്. കൂടാതെ രണ്ടാഴ്ച കൂടുമ്പോൾ പദ്ധതി പ്രവർത്തന പുരോഗതി സർക്കാർ അവലോകനം ചെയ്യുന്നുമുണ്ട്.

## ആലത്തൂർ മണ്ഡലത്തിലെ കനാലുകളുടെയും ഇടത്തോടുകളുടെയും നവീകരണം

271(1017) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ മണ്ഡലത്തിലെ കനാലുകളുടെയും ഇടത്തോടുകളുടെയും നവീകരണത്തിനായി നടന്നുവരുന്ന പദ്ധതികളുടെ വിശദവിവരം ലഭ്യമാക്കാമോ; പഞ്ചായത്ത് തിരിച്ച് വിവരങ്ങൾ നൽകാമോ?

പദ്ധതി വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു*.

(ബി) പ്രസ്തുത പ്രവൃത്തികൾക്കായി ചെലവഴിക്കുന്ന തുക എത്രയെന്ന് വ്യക്തമാക്കാമോ?

പ്രസ്തുത പ്രവൃത്തികൾക്കായി 1,63,73,374 രൂപ ചെലവഴിക്കാനാണ് ഉദ്ദേശിക്കുന്നത്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**അരൂർ മണ്ഡലത്തിലെ ജൽജീവൻ മിഷൻ**

272(1018) ശ്രീമതി ദെലീമ: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ജൽജീവൻ മിഷൻ പ്രകാരം അരൂർ മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ വിശദമാക്കാമോ?

ജൽജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി അരൂർ മണ്ഡലത്തിൽ നടപ്പിലാക്കിവരുന്ന പ്രവൃത്തികളുടെ വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.* അംഗീകാരം ലഭിച്ചതിൽ ബാക്കി നൽകുവാനുള്ള ഗാർഹിക കുടിവെള്ള കണക്ഷനുകൾ നൽകുന്നതിനുള്ള പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു.

**വർക്കല മണ്ഡലത്തിലെ കുടിവെള്ള പദ്ധതികളുടെ ടെണ്ടർ**

273(1019) ശ്രീ. വി. ജോയി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല മണ്ഡലത്തിലെ ഇടവ പഞ്ചായത്തിലെ കോട്ടെപ്പാണി കുടിവെള്ള പദ്ധതി, ഇലകമൺ പഞ്ചായത്തിലെ പള്ളിത്തൊടി കുടിവെള്ള പദ്ധതി എന്നിവയുടെ ടെണ്ടർ നടപടികൾ വിശദമാക്കാമോ?

വർക്കല മണ്ഡലത്തിലെ ഇടവ പഞ്ചായത്തിലെ കോട്ടെപ്പാണി കുടിവെള്ള പദ്ധതി, ഇലകമൺ പഞ്ചായത്തിലെ പള്ളിത്തൊടി കുടിവെള്ള പദ്ധതി എന്നിവയ്ക്ക് ജൽജീവൻ മിഷനിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകുകയും ടെൻഡർ ചെയ്യുകയും ചെയ്തു. എന്നാൽ ആരും തന്നെ ക്വാട്ട് ചെയ്തില്ല. പൈപ്പുകളുടെ നിരക്ക് പുതുക്കൽ സംബന്ധിച്ച് സർക്കാർ ഉത്തരവ് പുറത്തിറങ്ങിയതിനുശേഷം ഇവ വീണ്ടും ടെൻഡർ ചെയ്യുന്നതാണ്.

(ബി) ടെണ്ടറുകൾ ക്വാട്ട് ചെയ്യുവാൻ കരാറുകാർ തയ്യാറാകാത്ത സാഹചര്യമുണ്ടെങ്കിൽ എസ്റ്റിമേറ്റ് പ്രൊഡക്ഷൻ, ഡിസ്ട്രിബ്യൂഷൻ എന്നിവ പ്രത്യേകം ഇ-ടെണ്ടർ ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഈ രണ്ട് ടെൻഡറുകൾ ആരും ക്വാട്ട് ചെയ്യാത്ത സാഹചര്യത്തിൽ പ്രൊഡക്ഷൻ, ഡിസ്ട്രിബ്യൂഷൻ എന്നിവ രണ്ടായി പ്രത്യേകം പ്രത്യേകം ടെൻഡർ ചെയ്യുവാൻ തീരുമാനിച്ചിരുന്നു. എന്നാൽ ആവശ്യമായ വഴി സൗകര്യം പരിമിതമായതിനാൽ ഉത്പാദന ഘടകങ്ങളുടെ പ്രവൃത്തി നടത്തുന്നതിന് കരാറുകാർ തയ്യാറാകാത്ത സാഹചര്യമുണ്ട്. ആയതിനാൽ പ്രൊഡക്ഷൻ, ഡിസ്ട്രിബ്യൂഷൻ എന്നിവ ഒരുമിച്ച് ടെൻഡർ ചെയ്യുന്നതാണ് അഭികാമ്യമെന്ന് വിലയിരുത്തിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ വീണ്ടും ടെൻഡർ ചെയ്യുന്നതാണ്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## ഒറ്റപ്പാലം നഗരസഭയിലെ കുടിവെള്ള വിതരണം

274(1020) ശ്രീ. കെ. പ്രേംകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം നഗരസഭയിൽ കുടിവെള്ള വിതരണം തുടർച്ചയായ ദിവസങ്ങളിൽ മുടങ്ങുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഒറ്റപ്പാലം നഗരസഭയിൽ എല്ലാ പ്രദേശങ്ങളിലേയ്ക്കും ഒന്നിടവിട്ട ദിവസങ്ങളിൽ കുടിവെള്ളം വിതരണം ചെയ്യുന്നുണ്ട്. എന്നാൽ പമ്പിംഗ് സ്റ്റേഷനുകളിൽ വൈദ്യുതി തകരാറുകൾ ഉണ്ടെങ്കിൽ വിതരണം മുടങ്ങാറുണ്ട്.

(ബി) നഗരസഭയുടെ ഭൂരിഭാഗം സ്ഥലങ്ങളിലും കാലപ്പഴക്കംചെന്ന പൈപ്പുകൾ പൊട്ടി വെള്ളം നഷ്ടപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അത്തരം പൈപ്പുകൾ മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിക്കാമോ?

നഗരസഭയിലെ പഴയ പൈപ്പുകൾ പൊട്ടി വെള്ളം നഷ്ടപ്പെടാറുണ്ട്. സ്റ്റേറ്റ് പ്ലാനിൽ ഉൾപ്പെടുത്തി നഗരസഭയിലെ പഴയ എ.സി പൈപ്പുകൾ മാറ്റി സ്ഥാപിക്കുന്നതിനുള്ള പ്രവർത്തികൾ (27 കിലോമീറ്റർ) നടന്നുവരുന്നുണ്ട്. ഏകദേശം 17 കിലോമീറ്റർ എ.സി. പൈപ്പുകൾ മാറ്റി കഴിഞ്ഞിട്ടുണ്ട്. പ്രവൃത്തി പുരോഗമിച്ചു വരുന്നു. കൂടാതെ സ്റ്റേറ്റ് പ്ലാനിൽ ഉൾപ്പെടുത്തി ഒറ്റപ്പാലം നഗരസഭയിലെ മീറ്റിന, തോട്ടക്കര ഭാഗങ്ങളിലെ പഴയ പൈപ്പുകൾ മാറ്റി സ്ഥാപിക്കുന്ന പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്.

(സി) ഒറ്റപ്പാലം നഗരസഭയിലേക്ക് വെള്ളം പമ്പ് ചെയ്യുന്നതിനുള്ള മോട്ടോർ പ്രവർത്തനക്ഷമമാണോ; അല്ലെങ്കിൽ അത് പരിഹരിക്കുന്നതിനുള്ള നടപടി ഉടൻ സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

നഗരസഭയിലേക്ക് വെള്ളം പമ്പ് ചെയ്യുന്നതിനുള്ള മോട്ടോറുകൾ നിലവിൽ പ്രവർത്തനക്ഷമമാണ്.

## വാട്ടർ അതോറിറ്റിയുടെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തൽ

275(1021) ശ്രീ. ഡി. കെ. മുരളി:
ശ്രീ. എം. രാജഗോപാലൻ:
ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ:
ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശുദ്ധീകരിച്ച് വിതരണം ചെയ്യുന്നതിനുവേണ്ട ചെലവിന്റെ നാല്പത് ശതമാനത്തോളം മാത്രം ഈടാക്കി കേരള വാട്ടർ അതോറിറ്റി കുടിവെള്ളം വിതരണം ചെയ്യുന്നത് സ്ഥാപനത്തിന്റെ പ്രവർത്തനക്ഷമതയെ പ്രതികൂലമായി ബാധിക്കാതിരിക്കാൻ സർക്കാർ നൽകി വരുന്ന സഹായങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

കേരള ജല അതോറിറ്റി അതിന്റെ ഉത്ഭവ കാലം മുതൽ തന്നെ റവന്യൂ കമ്മിയിലാണ് പ്രവർത്തിക്കുന്നത്. സർക്കാരിൽനിന്നും ലഭിക്കുന്ന പദ്ധതിയേതര ഗ്രാന്റാണ് ഈ റവന്യൂ കമ്മി നികത്തുന്നതിന് ഒരുപരിധി വരെ സഹായകര മാകുന്നത്. കുടിവെള്ള വിതരണത്തിനുവേണ്ടിയുള്ള ചെലവുകൾ വഹിക്കാൻ കേരള വാട്ടർ അതോറിറ്റിക്ക് വർഷാവർഷം പദ്ധതിയേതര ഗ്രാന്റ് ഇനത്തിൽ തുക അനുവദിക്കാറുണ്ട്. 2021-22 സാമ്പത്തിക വർഷത്തിൽ പദ്ധതിയേതര ഗ്രാന്റ് ഇനത്തിൽ സർക്കാർ കേരള വാട്ടർ അതോറിറ്റിക്ക് ബഡ്ജറ്റിൽ 321.05 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. കുടിവെള്ള പദ്ധതികൾ നടപ്പിലാക്കുവാൻവേണ്ടി സർക്കാർ എല്ലാ വർഷവും ബഡ്ജറ്റിൽ തുക വകയിരുത്താറുണ്ട്. കൂടാതെ സ്കീമുകൾ നടപ്പിലാക്കാൻ കിഫ്ബിയിൽനിന്നും തുക വകയിരുത്താറുണ്ട്. കേരള വാട്ടർ അതോറിറ്റി നേരിടുന്ന ഗുരുതരമായ സാമ്പത്തിക പ്രതിസന്ധി പരിഹരിക്കുന്നതിന് 2016-17 ബഡ്ജറ്റ് പ്രഖ്യാപനം അനുസരിച്ച് വാട്ടർ അതോറിറ്റി സർക്കാരിന് നൽകാനുള്ള 1004 കോടി രൂപയുടെ പലിശയും പിഴപ്പലിശയും എഴുതിത്തള്ളുകയും 713 കോടി രൂപയുടെ സർക്കാർ വായ്പകൾ ബോർഡിന്റെ ഓഹരി മൂലധനമായി മാറ്റുകയും ചെയ്തു. 30-9-2018 വരെയുള്ള കേരള വാട്ടർ അതോറിറ്റിയുടെ വൈദ്യുതി ചാർജിനത്തിലുള്ള കുടിശ്ശികയായി കെ.എസ്.ഇ.ബി.-ക്ക് നൽകുവാനുള്ള 1326.69 കോടി രൂപ സർക്കാർ തലത്തിൽ 4 വർഷമായി തീർപ്പാക്കാൻ സർക്കാർ ഉത്തരവായിട്ടുണ്ട്.

(ബി) വിതരണം ചെയ്യുന്ന കുടിവെള്ളത്തിൽ പകുതിയിലധികം വിതരണ ശൃംഖലയിലെ ചോർച്ച, ജലമോഷണം, പ്രവർത്തനരഹിതമായ മീറ്ററുകൾ എന്നിവ കാരണം നഷ്ടപ്പെടുന്നത് പരിഹരിച്ചാൽ കേരള വാട്ടർ അതോറിറ്റിയുടെ സാമ്പത്തിക സ്ഥിതി കാര്യമായി മെച്ചപ്പെടുമെന്നതിനാൽ അതിനായി കാര്യക്ഷമമായ നടപടി സ്വീകരിക്കുന്നുണ്ടോ; വ്യക്തമാക്കാമോ?

കേരള വാട്ടർ അതോറിറ്റി വിതരണം ചെയ്യുന്ന ജലത്തിന്റെ 40-45% വരുമാനരഹിത ജലം ആയാണ് കണക്കാക്കുന്നത്. ഇതിൽ പൈപ്പുകളിലൂടെയും മറ്റുമുള്ള ചോർച്ച കാരണം ഉണ്ടാകുന്ന നഷ്ടവും (ഭൗതിക നഷ്ടം) മീറ്റർ തകരാർ, മോഷണം തുടങ്ങിയ കാരണങ്ങൾ കൊണ്ട് ജലത്തിന്റെ ശരിയായ ഉപയോഗം തിട്ടപ്പെടുത്തുവാൻ കഴിയാത്തതു മൂലമുള്ള നഷ്ടവും (വാണിജ്യ നഷ്ടം) ഉൾപ്പെടുന്നു. വരുമാനരഹിത ജലത്തിന്റെ അളവ് കുറയ്ക്കുന്നതിന്റെ ആദ്യപടിയായി നഷ്ടം കൃത്യമായി കണക്കാക്കേണ്ടതുണ്ട്. ആയതിനായി ഉൽപ്പാദന കേന്ദ്രങ്ങളിലും പ്രധാന വിതരണ ലൈനുകളിലും ബൾക്ക് വാട്ടർ മീറ്ററുകൾ സ്ഥാപിക്കേണ്ടതുണ്ട്. ആയത് ഘട്ടംഘട്ടമായി പൂർത്തിയാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പ്രധാന പൈപ്പ് ലൈനുകളിലും ഉപലൈനുകളിലും ഭൂമിയുടെ മുകൾത്തട്ടിലേക്ക് വരാതെ മണ്ണിനടിയിൽ ഉണ്ടാകുന്ന ചോർച്ച കണ്ടെത്തുന്നതിനായി ലീക്ക് ഡിറ്റക്ഷൻ

ഉപകരണങ്ങൾ ഉപയോഗപ്പെടുത്തി വരുന്നു. കൂടാതെ പ്രധാന ലൈനുകളിൽ ഫ്ലോമീറ്റർ ഉപയോഗിച്ച് ജലത്തിന്റെ അളവ് നിർണ്ണയിച്ച് ലീക്ക് കണ്ടുപിടിക്കുന്ന മാർഗ്ഗവും സ്വീകരിക്കാറുണ്ട്. ഇത്തരം സാധ്യത വിപുലപ്പെടുത്തുന്നതിനായി എല്ലാ റീജിയണുകളിലും ലീക്ക് ഡിറ്റക്ഷൻ ആൻഡ് സർവെയ്‌ലൻസ് സ്ക്വാഡ് രൂപീകരിക്കുവാനുള്ള ആലോചനയുണ്ട്. പൊതുജനങ്ങളിൽനിന്ന് ലഭിക്കുന്ന വിവരങ്ങളുടെയും പരാതികളുടെയും അടിസ്ഥാനത്തിൽ കണ്ടെത്തുന്ന ലീക്കുകൾ അടിയന്തരമായി പരിഹരിക്കുവാനും സംവിധാനമുണ്ട്. പൊതുജനങ്ങൾക്ക് ഇത്തരം പരാതികൾ രജിസ്റ്റർ ചെയ്യുവാനും ലീക്കുകൾ പരിഹരിക്കുന്നത് വരെ നിരീക്ഷിക്കുവാനായി കേന്ദ്ര കാര്യാലയത്തിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന പരാതി പരിഹാര കേന്ദ്രം പ്രവർത്തിക്കുന്നുണ്ട്. വാണിജ്യ നഷ്ടത്തിന്റെ തോത് കുറയ്ക്കുക എന്ന ലക്ഷ്യത്തോടെ ഒരു മീറ്റർ പോളിസി രൂപീകരിച്ചിട്ടുണ്ട്. ജലമോഷണം കണ്ടെത്തുന്നതിന് നിലവിൽ കൊച്ചിയിൽ പ്രവർത്തിക്കുന്ന ആന്റി വാട്ടർ തെഫ്റ്റ് സ്ക്വാഡിന്റെ മാതൃകയിൽ തിരുവനന്തപുരം കോഴിക്കോട് എന്നിവിടങ്ങളിൽ സ്ക്വാഡ് രൂപീകരിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. നിലവിൽ ജല മോഷണം തടയുന്നതിനായി താഴെപ്പറയുന്ന നടപടികൾ കൂടി സ്വീകരിച്ചുവരുന്നു.

1. ജലത്തിന്റെ ദുരുപയോഗം, ജലമോഷണം എന്നിവ തടയുന്നതിനായി ആന്റി വാട്ടർ തെഫ്റ്റ് സ്ക്വാഡിന്റെ സേവനം കൂടുതൽ സ്ഥലങ്ങളിലേക്ക് വ്യാപിപ്പിക്കുക.

2. ദുർവ്യയം ശ്രദ്ധയിൽപ്പെടുന്ന പൊതുടാപ്പുകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അനുമതിയോടെ നീക്കം ചെയ്യുന്നുണ്ട്.

3. ഗാർഹിക വാട്ടർ കണക്ഷൻ മറ്റ് ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്നത് ശ്രദ്ധയിൽപ്പെട്ടാൽ ഉയർന്ന ചാർജ്ജ് ഈടാക്കുകയും കണക്ഷൻ ഗാർഹികേതര വിഭാഗത്തിലേക്ക് മാറ്റുകയും ചെയ്യുന്നു.

4. പ്രവർത്തനക്ഷമമല്ലാത്ത വാട്ടർ മീറ്ററുകളുള്ള സ്ഥലങ്ങളിൽ ദുരുപയോഗത്തിനുള്ള സാധ്യത കൂടുതലായതിനാൽ സമയബന്ധിതമായി മാറ്റി വയ്ക്കുവാൻ നോട്ടീസ് നൽകുകയും കണക്ഷൻ വിച്ഛേദിക്കുന്നതടക്കമുള്ള തുടർ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു.

5. കുടിവെള്ളക്ഷാമം രൂക്ഷമാകുന്ന സമയങ്ങളിൽ പ്രാദേശിക സാഹചര്യം അനുസരിച്ച് കൂടുതൽ ജലം ഉപയോഗിക്കുന്ന വാണിജ്യ കണക്ഷനുകളിൽ ഉപഭോഗത്തിന് നിയന്ത്രണം ഏർപ്പെടുത്തുകയും പുതിയ കണക്ഷൻ നൽകുന്നതിന് താൽക്കാലിക നിയന്ത്രണം ഏർപ്പെടുത്തുകയും ചെയ്യുന്നു.

(സി) കാലപ്പഴക്കം ചെന്ന വിതരണ പൈപ്പ് ലൈനുകൾ മാറ്റിസ്ഥാപിക്കാൻ പദ്ധതിയുണ്ടോയെന്നും ശുദ്ധീകരിച്ച ജലത്തിന്റെ ദുർവ്യയം, ദുരുപയോഗം എന്നിവ തടയാൻ നടപടി സ്വീകരിക്കുന്നുണ്ടോയെന്നും വിശദമാക്കാമോ?

പൈപ്പുകൾ പൊട്ടുന്നതുമൂലമുണ്ടാകുന്ന ജലനഷ്ടം ഒഴിവാക്കുന്നതിന് റണ്ണിംഗ് കോൺട്രാക്ടർ മുഖേനയും ബ്ലൂ ബ്രിഗേഡ് സംവിധാനം ഉപയോഗിച്ചും പൊട്ടിയ പൈപ്പിന്റെ ഭാഗം അടിയന്തരമായി മാറ്റി സ്ഥാപിച്ച് ജലനഷ്ടം ഒഴിവാക്കിവരുന്നു. കൂടാതെ കുടിവെള്ളം പാഴാകുന്നതു തടയുന്നതിനായി സമയബന്ധിതമായി അറ്റകുറ്റപ്പണികൾ നടപ്പിലാക്കിവരുന്നു. അമൃത്, കിഫ്ബി പദ്ധതികൾ വഴിയും സർക്കാരിൽനിന്നും സംസ്ഥാന പദ്ധതിയിലുൾപ്പെടുത്തിയും കാലപ്പഴക്കം ചെന്ന പൈപ്പുകൾ മാറ്റി സ്ഥാപിക്കുന്നുണ്ട്. കൂടാതെ നഗരസഭ, മുനിസിപ്പാലിറ്റി, പഞ്ചായത്ത് എന്നീ സ്ഥാപനങ്ങളുടെ നിക്ഷേപ പ്രവൃത്തിയിലുൾപ്പെടുത്തിയും വിവിധ പ്രവൃത്തികൾ പുരോഗമിക്കുന്നുണ്ട്. ഇതുവഴി വിതരണ ശൃംഖല ഘട്ടം ഘട്ടമായി പുനരുദ്ധരിച്ച് ജലനഷ്ടം കുറയ്ക്കുന്നുണ്ട്. ഇതു കൂടാതെ എ.ഡി.ബി.-യുടെ ധനസഹായത്തോടെ തിരുവനന്തപുരം, കൊച്ചി എന്നീ നഗരങ്ങളിൽ 24X7 ജലവിതരണ സംവിധാനം ഒരുക്കുന്നതിനുള്ള പദ്ധതിയുടെ പ്രാരംഭ നടപടികൾ പുരോഗമിച്ചുവരുന്നു. ഇതിന് കേന്ദ്ര സർക്കാരിന്റെ തത്വത്തിലുള്ള അനുമതി ലഭ്യമായിട്ടുണ്ട്. ഈ പദ്ധതിയിൽ വിതരണശൃംഖലയെ വിവിധ മേഖലകളായി തിരിച്ച് ഡി.എം.എ. (ഡിസ്ട്രിക്ട് മീറ്ററിംഗ് ഏരിയ) സ്ഥാപിച്ച് ജലവിതരണം കാര്യക്ഷമമാക്കുകയും ജല ചോർച്ച നിയന്ത്രണത്തിലാക്കുകയും പദ്ധതി പൂർത്തിയാകുമ്പോൾ നിലവിലെ ജലച്ചോർച്ച ദേശീയ ബെഞ്ച്മാർക്ക് നിലവാരമായ 20% ൽ എത്തിക്കുവാനും ലക്ഷ്യമിടുന്നു. ജലമോഷണം, ദുരുപയോഗം എന്നിവ ശിക്ഷാർഹമാണെന്ന സന്ദേശം വിവിധ മാർഗ്ഗങ്ങളിലൂടെ പൊതുജനങ്ങളിൽ എത്തിച്ച് അവബോധം നൽകാറുണ്ട്. കൂടാതെ ജല ദുർവ്യയം ഒഴിവാക്കുന്നതിന് പത്ര-ദൃശ്യ മാധ്യമങ്ങളിലൂടെയും കൈപ്പുസ്തകം, ലഘുലേഖകൾ തുടങ്ങിയവ മുഖേനയും ബോധവൽക്കരണ സന്ദേശങ്ങൾ പ്രചരിപ്പിക്കുന്നുണ്ട്.

**പൊന്നാനി മണ്ഡലത്തിലെ കുടിവെള്ള പദ്ധതി**

276(1022) ശ്രീ. പി. നന്ദകുമാർ: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പൊന്നാനി മണ്ഡലത്തിൽ സമഗ്ര കുടിവെള്ള പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികളുടെ പുരോഗതി വിവരിക്കുമോ; ഏതെല്ലാം പ്രോജക്ടുകളാണ് നിലവിലുള്ള തെന്നറിയിക്കുമോ?

പൊന്നാനി മുനിസിപ്പാലിറ്റിക്കും സമീപ പഞ്ചായത്തുകൾക്കുമുള്ള സമഗ്ര കുടിവെള്ള പദ്ധതിയുടെ ഒന്നാം ഘട്ടം (കിണർ, പമ്പ് ഹൗസ്, 50 എം.എൽ.ഡി. ശുദ്ധീകരണശാല, റോ വാട്ടർ, ക്ലിയർ വാട്ടർ പമ്പ് സെറ്റുകൾ, ട്രാൻസ്ഫോർമറുകൾ, തൃക്കണ്ണാപുരം ടാങ്കിലേക്കുള്ള ക്ലിയർ വാട്ടർ പമ്പിങ് മെയിൻ മുതലായവ) പൂർത്തിയാക്കി കമ്മീഷൻ ചെയ്തിട്ടുണ്ട്. പൊന്നാനി മുനിസിപ്പാലിറ്റിയിലുള്ള ടാങ്കുകളും, വിതരണ ശൃംഖലകളും ഉൾപ്പെടുന്ന 124.88 കോടി രൂപയുടെ രണ്ടാംഘട്ട പ്രവൃത്തികളുടെ ഭരണാനുമതി കിഫ്ബിയുടെ പരിഗണനയിലാണ്. പൊന്നാനി മണ്ഡലത്തിൽ ജൽ ജീവൻ മിഷൻ പദ്ധതിയിൽ താഴെ പറയുന്ന പ്രവൃത്തികൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

1. ആലംകോട് പഞ്ചായത്തിൽ 7850 ഗാർഹിക കുടിവെള്ള കണക്ഷൻ നൽകുന്ന പ്രവൃത്തി പുരോഗമിച്ചുവരുന്നു.
2. മാറാഞ്ചേരി പഞ്ചായത്തിൽ 95 ഗാർഹിക കുടിവെള്ള കണക്ഷൻ നൽകുന്ന ഒന്നാം ഘട്ട പ്രവൃത്തി പൂർത്തീകരിച്ചു.
3. നന്നംമുക്ക് പഞ്ചായത്തിൽ 170 ഗാർഹിക കുടിവെള്ള കണക്ഷൻ നൽകുന്ന ഒന്നാം ഘട്ട പ്രവൃത്തി പൂർത്തീകരിച്ചു. 7304 ഗാർഹിക കുടിവെള്ള കണക്ഷൻ നൽകുന്ന രണ്ടാം ഘട്ട പ്രവർത്തികൾക്ക് 1350 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി ടെണ്ടർ നടപടികൾ പുരോഗമിച്ചുവരുന്നു.
4. പെരുമ്പടപ്പ് പഞ്ചായത്തിൽ 90 ഗാർഹിക കുടിവെള്ള കണക്ഷൻ നൽകുന്ന ഒന്നാം ഘട്ട പ്രവൃത്തി പൂർത്തീകരിച്ചു.
5. വെളിയംകോട് പഞ്ചായത്തിൽ 90 ഗാർഹിക കുടിവെള്ള കണക്ഷൻ നൽകുന്ന ഒന്നാം ഘട്ട പ്രവൃത്തി പൂർത്തീകരിച്ചു.
6. വെളിയംകോട്, മാറാഞ്ചേരി പെരുമ്പടപ്പ് പഞ്ചായത്തുകളിലായി 21942 ഗാർഹിക കുടിവെള്ള കണക്ഷൻ നൽകുന്നതിനായി 22246 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

മേൽ പ്രവൃത്തികൾ പൂർത്തിയാക്കുന്ന മുറയ്ക്ക് പൊന്നാനി നിയമസഭ മണ്ഡലത്തിലെ മുഴുവൻ വീടുകൾക്കും കുടിവെള്ള കണക്ഷൻ നൽകാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

**കായംകുളം മണ്ഡലത്തിലെ ജൽജീവൻ മിഷൻ പദ്ധതി**

277(1023) ശ്രീമതി യു. പ്രതിഭ: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ജൽജീവൻ മിഷൻ വഴി കായംകുളം മണ്ഡലത്തിൽ നടപ്പാക്കുന്ന പദ്ധതികൾ ഏതൊക്കെയെന്നും അതിന്റെ നിലവിലുള്ള പുരോഗതി എന്തൊക്കെയെന്നും വിശദമാക്കാമോ?

ജൽജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി കായംകുളം മണ്ഡലത്തിൽ നടപ്പിലാക്കിവരുന്ന പ്രവൃത്തികളുടെ പഞ്ചായത്തു തിരിച്ചുള്ള വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു*. അംഗീകാരം ലഭിച്ചതിൽ, നൽകുവാൻ ബാക്കിയുള്ള ഗാർഹിക കുടിവെള്ള കണക്ഷനുകൾ നൽകുന്നതിനുള്ള പ്രവൃത്തികൾ പുരോഗമിച്ചു വരുന്നു. കൂടാതെ പത്തിയൂർ, കണ്ടല്ലൂർ, ദേവികുളങ്ങര എന്നീ പഞ്ചായത്തുകളിലെ എല്ലാ വീടുകൾക്കും കുടിവെള്ള കണക്ഷനുകൾ ലഭ്യമാക്കുന്നതിന് പമ്പാ നദി സ്രോതസ്സായും ചെട്ടികുളങ്ങര പഞ്ചായത്തിനുവേണ്ടി അച്ചൻകോവിൽ നദി സ്രോതസ്സായും ജൽജീവൻ മിഷന് കീഴിൽ വിഭാവനം ചെയ്തിട്ടുള്ള പദ്ധതികൾക്ക് അംഗീകാരം നൽകുന്നത് പരിഗണനയിലാണ്.

## കണ്ണൂർ മണ്ഡലത്തിൽ നടപ്പിലാക്കുന്ന ജൽജീവൻ കുടിവെള്ള പദ്ധതി

278(1024) ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ മണ്ഡലത്തിൽ നടപ്പിലാക്കുന്ന ജൽജീവൻ കുടിവെള്ള പദ്ധതിയുടെ പ്രവർത്തന പുരോഗതി വിശദമാക്കാമോ?

2020-21-ൽ കണ്ണൂർ നിയോജകമണ്ഡലത്തിലെ മുണ്ടേരി പഞ്ചായത്തിൽ ജൽജീവൻ മിഷൻ പദ്ധതി പ്രകാരം 50 കുടിവെള്ള കണക്ഷനുകൾ നൽകി. ബാക്കിയുള്ള 4222 കണക്ഷനുകൾക്ക് 4572 ലക്ഷം രൂപയുടെ ഭരണാനുമതി 18-9-2021-ൽ നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത പ്രവൃത്തി എന്ന് പൂർത്തീകരിക്കുമെന്ന് വിശദമാക്കാമോ?

മേൽപ്പറഞ്ഞ 4222 കണക്ഷനുകൾ നൽകുന്നതിനുവേണ്ടിയുള്ള പ്രവൃത്തിക്ക് സാങ്കേതികാനുമതി നൽകുന്നതിനും ടെണ്ടർ ചെയ്യുന്നതിനുമുള്ള നടപടികൾ പുരോഗമിക്കുന്നു. ഈ പ്രവൃത്തി 2023-ൽ പൂർത്തീകരിക്കുന്നതിനാണ് ലക്ഷ്യമിടുന്നത്.

## കോട്ടയ്ക്കൽ മണ്ഡലത്തിലെ ജൽജീവൻ പദ്ധതി

279(1025) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കുടിവെള്ളത്തിന്റെ ഗുണനിലവാരം ഉറപ്പാക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ?

സംസ്ഥാനത്ത് വിതരണം നടത്തുന്ന കുടിവെള്ളത്തിന്റെ ഗുണനിലവാരം പരിശോധിക്കുകയും ശുദ്ധവും സുരക്ഷിതവുമായ ജലമാണ് പൊതുജനങ്ങളിലേക്ക് എത്തുന്നതെന്ന് ഉറപ്പാക്കുകയും ചെയ്യുന്നുണ്ട്. ഗുണനിലവാരം ഉറപ്പാക്കുന്നതിനായി താഴെ പറയുന്ന പ്രവൃത്തികൾ നിലവിൽ നടപ്പിലാക്കിവരുന്നു.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

1. എല്ലാ ജില്ലകളിലും ക്വാളിറ്റി കൺട്രോൾ ലാബുകൾ പ്രവർത്തിച്ച് വരുന്നു.

2. പരിശോധനാ ഫലങ്ങൾ രേഖപ്പെടുത്തി സൂക്ഷിക്കുന്നതിനും വിവിധ തലങ്ങളിൽ ഉദ്യോഗസ്ഥർക്ക് നിരീക്ഷിക്കുന്നതിനും തീരുമാനമെടുക്കുന്നതിനും LIMS (Laboratory Information Management System) സോഫ്റ്റ്‌വെയർ ഉപയോഗിച്ച് വരുന്നുണ്ട്.

3. സംസ്ഥാനത്തെ 8 ജില്ലാ ലാബുകൾ ജൽജീവൻ പദ്ധതിയുടെ ഭാഗമായി ISO/IEC 17025 നിലവാരത്തിലേയ്ക്ക് ഉയർത്തി NABL അക്രഡിറ്റേഷൻ ലഭ്യമാക്കിയിട്ടുണ്ട്.

4. സംസ്ഥാനത്തെ മുഴുവൻ കുടിവെള്ള സ്രോതസ്സുകളും വർഷത്തിൽ രണ്ടു തവണ വീതം ഫീൽഡ് ടെസ്റ്റ് കിറ്റ് (Field Test Kit) ഉപയോഗിച്ച് പരിശോധിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനായി കുടുംബശ്രീ യൂണിറ്റിനെ ഏർപ്പെടുത്തിയിട്ടുണ്ട്.

(ബി) ജൽജീവൻ പദ്ധതിയിൽ ഉൾപ്പെടുത്തി കോട്ടയ്ക്കൽ മണ്ഡലത്തിൽ നടപ്പ് സാമ്പത്തിക വർഷം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ ഏതെല്ലാമെന്ന് വിശദമാക്കുമോ?

ജൽജീവൻ പദ്ധതിയിൽ ഉൾപ്പെടുത്തി കോട്ടയ്ക്കൽ മണ്ഡലത്തിൽ വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ച് വരുന്ന പ്രവൃത്തികളുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

### മാവേലിക്കര മണ്ഡലത്തിലെ കുടിവെള്ള പദ്ധതികൾ

280(1026) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മാവേലിക്കര മണ്ഡലത്തിലെ തഴക്കര, കുറത്തിക്കാട് കുടിവെള്ള പദ്ധതികൾ ആരംഭിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

മാവേലിക്കര മണ്ഡലത്തിലെ തഴക്കര, ചെട്ടികുളങ്ങര പഞ്ചായത്തുകൾക്കും, മാവേലിക്കര മുനിസിപ്പാലിറ്റിക്കുമായി അച്ചൻകോവിൽ നദിയിൽ കിണറും മാവേലിക്കര സബ് ഡിവിഷൻ ഓഫീസ് കോമ്പൗണ്ടിൽ 35 ദശലക്ഷം ലിറ്റർ (MLD) ശേഷിയുള്ള ശുദ്ധീകരണശാലയും ഉന്നതതല ജലസംഭരണികളും വിതരണ ശൃംഖലയും ഉൾപ്പെടുന്ന 200 കോടി രൂപയുടെ സമഗ്ര കുടിവെള്ള പദ്ധതിക്കായി ഒരു പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയിരുന്നു. ഇതിൽ തഴക്കര, ചെട്ടികുളങ്ങര പഞ്ചായത്തുകളിലെ പ്രവൃത്തികൾക്ക് മാത്രമായി ജൽജീവൻ മിഷൻ പദ്ധതിയിൽ

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഉൾപ്പെടുത്തുന്നതിനായി വിശദ പദ്ധതി റിപ്പോർട്ട് (DPR) തയ്യാറാക്കിയിട്ടുണ്ട്. അപ്രകാരം തഴക്കര പഞ്ചായത്തിനായി 65 കോടി രൂപയുടേയും ചെട്ടികുളങ്ങര പഞ്ചായത്തിനായി 67.7 കോടി രൂപയുടേയും ഡി.പി.ആർ. അംഗീകരിച്ച് ജൽജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി കേരള വാട്ടർ അതോറിറ്റിക്ക് ബന്ധപ്പെട്ട പഞ്ചായത്തുകളുടെ തീരുമാനം ലഭിച്ചിട്ടുണ്ട്. തഴക്കര ചെട്ടികുളങ്ങര ഗ്രാമ പഞ്ചായത്തുകൾക്കുവേണ്ടിയുള്ള പ്രസ്തുത പദ്ധതി ജൽജീവൻ മിഷനിൽ ഉൾപ്പെടുത്തി അംഗീകാരം ലഭ്യമാക്കുന്നതിനുള്ള നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിക്കുന്നതാണ്. എന്നാൽ പ്രസ്തുത സമഗ്ര കുടിവെള്ള പദ്ധതിയുടെ ഉത്പാദന ഘടകങ്ങൾ മാവേലിക്കര മുനിസിപ്പാലിറ്റിയുടെ പദ്ധതി നിർദ്ദേശത്തിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ഈ പദ്ധതിക്കായി 67.3 കോടി രൂപയുടെ പദ്ധതി നിർദ്ദേശം കേരള വാട്ടർ അതോറിറ്റി തയ്യാറാക്കിയിട്ടുണ്ട്. ഈ പദ്ധതി അനുയോജ്യമായ ശീർഷകത്തിൽ ഉൾപ്പെടുത്തി അംഗീകാരത്തിനായി കേരള വാട്ടർ അതോറിറ്റി സർക്കാരിലേക്ക് സമർപ്പിക്കേണ്ടതുണ്ട്. ഭരണിക്കാവ് കുടിവെള്ള പദ്ധതിയുടെ ഒരു ഘടകമാണ് തെക്കേക്കര പഞ്ചായത്തിലെ കുറത്തികാട് ഉന്നതതല സംഭരണി. ഈ പദ്ധതി വള്ളികുന്നം, തെക്കേക്കര, ഭരണിക്കാവ്, കൃഷ്ണപുരം പഞ്ചായത്തുകൾക്കായി വിഭാവനം ചെയ്ത് 1993-ൽ ഭരണാനുമതി നൽകിയിട്ടുണ്ട്. പദ്ധതിയുടെ കിണർ, ജലശുദ്ധീകരണശാല തുടങ്ങിയവ മാവേലിക്കരയിൽ പ്രായിക്കര എന്ന സ്ഥലത്താണ്. മേൽ പദ്ധതിയുടെ റെയിൽവേ ക്രോസിംഗ് ഒഴികെയുള്ള പമ്പിംഗ് മെയിൻ, കുറത്തികാട് ഉന്നതതല സംഭരണി തുടങ്ങിയവ ഏകദേശം 20 വർഷത്തോളം മുൻപ് പൂർത്തീകരിച്ചിരുന്നെങ്കിലും കല്ലുമലയിൽ റെയിൽവേ ക്രോസ് ചെയ്ത് പമ്പിംഗ് മെയിൻ സ്ഥാപിക്കുവാൻ റെയിൽവേ അനുമതി ലഭിക്കാത്തതുകാരണം പദ്ധതി പൂർത്തീകരിക്കാൻ സാധിച്ചില്ല. പുതിയകാവ് കല്ലുമല റോഡിലെ റെയിൽവേ ഓവർ ബ്രിഡ്ജിൽ കൂടി പൈപ്പ് സ്ഥാപിക്കുന്നതിന് റെയിൽവേയിൽ അപേക്ഷ നൽകിയെങ്കിലും ചെന്നൈ ഓഫീസിൽ നിന്നും നിരസിച്ചതിനാൽ റെയിൽവേ നിർദ്ദേശിച്ച പ്രകാരം റെയിൽവേ ഓവർ ബ്രിഡ്ജിനു (ROB) സമാന്തരമായി മറ്റൊരു പൈപ്പ് ബ്രിഡ്ജ് നിർമ്മിക്കുന്നതിനുള്ള അപേക്ഷ 2017-ൽ കേരള വാട്ടർ അതോറിറ്റി സമർപ്പിച്ചു. പ്രസ്തുത പദ്ധതിയുടെ ജോയിന്റ് ഇൻസ്പെക്ഷൻ 27-4-2021-ൽ പൂർത്തിയായി. ഈ പദ്ധതി നിർദ്ദേശത്തിൽ ഭൂമി ഏറ്റെടുക്കേണ്ടിവരുന്നതിനാൽ 23-9-2021-ൽ DRM-ഉം ആയുള്ള യോഗത്തിൽ റെയിൽവേ ഓവർ ബ്രിഡ്ജിൽ കൂടി തന്നെ പൈപ്പ് ലൈൻ ക്രോസ്സ് ചെയ്യാൻ അനുമതി നൽകണമെന്ന് വീണ്ടും അപേക്ഷിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ റെയിൽവേ ക്രോസ്സിംഗ് അനുമതി ലഭ്യമായാൽ മാത്രമേ പദ്ധതി പൂർത്തീകരിക്കുവാൻ കഴിയുകയുള്ളൂ.

## കല്ല്യാശ്ശേരി മണ്ഡലത്തിലെ ജൽജീവൻ മിഷൻ പദ്ധതി

281(1027) ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കല്ല്യാശ്ശേരി മണ്ഡലത്തിൽ നടപ്പിലാക്കി വരുന്ന ജൽജീവൻ മിഷൻ പദ്ധതിയുടെ നിർമ്മാണ പുരോഗതി അറിയിക്കാമോ?

ജൽജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി കല്യാശ്ശേരി മണ്ഡലത്തിൽ 30-9-2021 വരെ ആകെ 22832 ഗാർഹിക കുടിവെള്ള കണക്ഷനുകൾ നൽകിയിട്ടുണ്ട്. നിലവിൽ നടപ്പിലാക്കി വരുന്ന ജൽജീവൻ മിഷൻ പദ്ധതിയുടെ പുരോഗതി അനുബന്ധമായി ചേർക്കുന്നു*.

(ബി) ജൽജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായി തകർന്ന് കിടക്കുന്ന ഗ്രാമീണ റോഡുകൾ പുനരുദ്ധരിക്കുന്നതിന് ഫണ്ട് ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കാമോ?

ജൽജീവൻ മിഷൻ പദ്ധതി ഗ്രാമീണ മേഖലയിലെ വീടുകൾക്ക് ഗാർഹിക കുടിവെള്ള കണക്ഷനുകൾ നല്കുന്നതിലേക്കായി നടപ്പിലാക്കുന്ന പദ്ധതിയാണ്. ജൽജീവൻ മിഷൻ പദ്ധതി പ്രകാരമുള്ള പ്രവൃത്തികൾ നിർവ്വഹിക്കുന്നതിലേക്കായി മുറിക്കേണ്ടി വരുന്ന റോഡുകൾ താത്കാലികമായി പുനഃസ്ഥാപിക്കുന്നതിന് പ്രവൃത്തിയുടെ അംഗീകൃത ഷെഡ്യൂളിൽ വ്യവസ്ഥ ഉൾക്കൊള്ളിച്ചിട്ടുണ്ട്. റോഡുകളുടെ പൂർണ്ണമായ പുനഃസ്ഥാപനം തദ്ദേശ സ്ഥാപനങ്ങളുടെ ചുമതലയാണ്.

## പാലാ മണ്ഡലത്തിൽ ഗ്രാമീണ മേഖലയിൽ കുടിവെള്ളം ലഭ്യമാക്കാൻ പദ്ധതി

282(1028) ശ്രീ. മാണി സി. കാപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജൽജീവൻ പദ്ധതിയിൽ ഗ്രാമീണ മേഖലയിൽ കുടിവെള്ളം ലഭ്യമാക്കുന്നതിന് 2021-22 വർഷത്തേയ്ക്ക് പുതിയ പദ്ധതികൾ പ്രഖ്യാപിച്ചിട്ടുണ്ടോ?

സംസ്ഥാനത്ത് ജൽജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി 2021-22 വർഷത്തിൽ 29,37,564 കുടിവെള്ള കണക്ഷനുകൾ നൽകുവാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. 2021-22-ൽ ഇതുവരെ 13,99,540 കുടിവെള്ള കണക്ഷനുകൾ നൽകാനുള്ള 11551.23 കോടി രൂപയുടെ പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. കൂടാതെ 2021-22 വർഷത്തിൽ കെ.ആർ.ഡബ്ല്യൂ.എസ്.എ മുഖേന നടപ്പിലാക്കിയ കണ്ണൂർ ജില്ലയിലെ ഇരിക്കൂർ ജലനിധി കുടിവെള്ള പദ്ധതിയിൽ നിന്നും അധികമായി 200 പ്രവർത്തനക്ഷമമായ ഗാർഹിക കുടിവെള്ള കണക്ഷനുകൾ (FHTCs) ജൽജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി നൽകുന്നതിനും പുതിയതായി ഭരണാനുമതി നൽകിയിട്ടുണ്ട്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) എങ്കിൽ പ്രസ്തുത വർഷം പാലാ മണ്ഡലത്തിൽ ഗ്രാമീണ മേഖലയിൽ കുടിവെള്ളം ലഭ്യമാക്കുന്നതിന് എന്തെല്ലാം പദ്ധതികൾക്കാണ് രൂപം കൊടുത്തിട്ടുള്ളത്; വിശദാംശം ലഭ്യമാക്കുമോ?

2021-22 വർഷം പാല മണ്ഡലത്തിൽ എലിക്കുളം, കരൂർ പഞ്ചായത്തുകൾക്കായി 12644 കുടിവെള്ള കണക്ഷനുകൾ നൽകുന്നതിനായുള്ള 10582 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. കൂടാതെ കെ.ആർ.ഡബ്ല്യു.എസ്.എ മുഖേന പാല നിയോജക മണ്ഡലത്തിലെ 10 പഞ്ചായത്തുകളിലായി 14598 FHTCs നൽകുന്നതിനുള്ള പദ്ധതി രേഖ തയ്യാറാക്കിയിട്ടുണ്ട്. ഇവയ്ക്ക് അനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പഞ്ചായത്ത് തിരിച്ചുള്ള പട്ടിക ഇതോടൊപ്പം അനുബന്ധമായി ചേർക്കുന്നു*.

**കുടിവെള്ളത്തിന്റെ ഗുണനിലവാര പരിശോധന**

283(1029) <u>ശ്രീ. മാണി സി. കാപ്പൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കുടിവെള്ള മോഷണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് തടയാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

സംസ്ഥാനത്ത് കുടിവെള്ള മോഷണം നിലനിൽക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കുടിവെള്ള മോഷണം, ജലത്തിന്റെ ദുരുപയോഗം, ജലമോഷണം എന്നിവ തടയുന്നതിനായുള്ള റവന്യൂ വാട്ടർ മാനേജ്മെന്റ് & ആന്റി വാട്ടർ തെഫ്റ്റ് സ്ക്വാഡ് കൊച്ചിയിൽ പ്രവർത്തിച്ചുവരുന്നു. മോട്ടോറുകൾ വിതരണ ശൃംഖലയിലേക്ക് നേരിട്ട് ഘടിപ്പിക്കുക, വിതരണ ശൃംഖലയിൽ നിന്നും നേരിട്ട് നടത്തുന്ന ജലമോഷണം, പൊതു ടാപ്പുകളുടെ ദുരുപയോഗം, നിർമ്മാണ പ്രവർത്തനങ്ങൾക്കായി കുടിവെള്ളം ദുരുപയോഗം ചെയ്യുന്നത് എന്നീ പ്രവർത്തികൾ കണ്ടെത്തുകയും വാട്ടർ സപ്ലൈ & സ്വീവറേജ് ആക്ട് 1986 പ്രകാരം ഉചിതമായ നടപടികൾ സ്വീകരിക്കുകയും പിഴ ചുമത്തുകയും ചെയ്ത് വരുന്നു. പൊതു ടാപ്പുകളിലെ ജല ദുരുപയോഗം ശ്രദ്ധയിൽപ്പെടുമ്പോൾ കത്ത് മുഖേനയും ഫോൺ മുഖേനയും പൊതുജനങ്ങളുടെയും ജനപ്രതിനിധികളുടെയും ഭാഗത്തുനിന്നും അറിയിപ്പുകൾ ലഭിക്കുന്നുണ്ട്. മാത്രമല്ല വാട്ടർ അതോറിറ്റിയുടെ മീറ്റർ റീഡർമാർ, ഓവർസിയർമാർ തുടങ്ങിയ ഫീൽഡ് ജീവനക്കാർ നടത്തുന്ന സന്ദർശനം മുഖേനയും ജല ദുരുപയോഗം കണ്ടെത്തി വരുന്നുണ്ട്. ജലമോഷണം, ദുരുപയോഗം എന്നിവ ശിക്ഷാർഹമാണെന്ന സന്ദേശം വിവിധ മാർഗ്ഗങ്ങളിലൂടെ പൊതുജനങ്ങളിൽ എത്തിച്ച് അവബോധം നൽകാറുണ്ട്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) സംസ്ഥാനത്ത് പകർച്ചപ്പനി മുതലായ രോഗങ്ങൾ കൂടുന്ന സാഹചര്യത്തിൽ ഗാർഹിക ആവശ്യത്തിന് ഉപയോഗിക്കുന്ന വെള്ളത്തിന്റെ ഗുണനിലവാരം വീടുകളി ലെത്തി പരിശോധിക്കാൻ നിലവിൽ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ പരിശോധന നടത്തുവാൻ നടപടി സ്വീകരിക്കുമോ?

ഗാർഹിക ആവശ്യത്തിന് ഉപയോഗിക്കുന്ന വെള്ളത്തിന്റെ ഗുണനിലവാരം വീടുകളിലെത്തി പരിശോധിക്കാൻ നിലവിൽ സംവിധാനം ഇല്ല. എന്നാൽ സംസ്ഥാനത്ത് വിതരണം നടത്തുന്ന കുടിവെള്ളത്തിന്റെ ഗുണനിലവാരം പരിശോ ധിക്കുകയും ശുദ്ധവും സുരക്ഷിതവുമായ ജലമാണ് പൊതുജനങ്ങളിലേക്ക് എത്തുന്നതെന്ന് ഉറപ്പാക്കുകയും ചെയ്യുന്നുണ്ട്. ഗുണനിലവാരം ഉറപ്പാക്കുന്നതിനായി ചുവടെ പറയുന്ന പ്രവൃത്തികൾ നിലവിൽ നടപ്പിലാക്കി വരുന്നു.

1. എല്ലാ ജില്ലകളിലും ക്വാളിറ്റി കൺട്രോൾ ലാബുകൾ പ്രവർത്തിച്ച് വരുന്നു.
2. പരിശോധന ഫലങ്ങൾ രേഖപ്പെടുത്തി സൂക്ഷിക്കുന്നതിനും വിവിധ തലങ്ങളിൽ ഉദ്യോഗസ്ഥർക്ക് നിരീക്ഷിക്കുന്നതിനും തീരുമാനമെടുക്കുന്നതിനും LIMS (Laboratory Information Management System) സോഫ്റ്റ്‌വെയർ ഉപയോഗിച്ച് വരുന്നുണ്ട്.
3. സംസ്ഥാനത്തെ 8 ജില്ലാ ലാബുകൾ ജൽജീവൻ പദ്ധതിയുടെ ഭാഗമായി ISO/IEC 17025 നിലവാരത്തിലേയ്ക്ക് ഉയർത്തി NABL അക്രഡിറ്റേഷൻ ലഭ്യമാക്കിയിട്ടുണ്ട്.
4. സംസ്ഥാനത്തെ മുഴുവൻ കുടിവെള്ള സ്രോതസ്സുകളും വർഷത്തിൽ രണ്ടു തവണ വീതം ഫീൽഡ് ടെസ്റ്റ് കിറ്റ് (Field Test Kit) ഉപയോഗിച്ച് പരിശോധിക്കുന്നതിനുള്ള നടപടികൾ കുടുംബശ്രീ യൂണിറ്റിനെ ഏർപ്പെടു ത്തിയിട്ടുണ്ട്.

**പ്രളയഭീഷണി നേരിടാൻ കൂടുതൽ അണക്കെട്ടുകൾ**

284(1030) <u>ശ്രീ. യു. എ. ലത്തീഫ്</u>:

<u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രളയഭീഷണി നേരിടുന്നതിനായി കൂടുതൽ അണക്കെട്ടുകൾ ആവശ്യമാണെന്ന നിർദ്ദേശം ഉണ്ടായിട്ടുണ്ടോ?

ഉണ്ട്.

(ബി) പാരിസ്ഥിതിക ആശങ്കകൾ പരിഹരിച്ച് പുതിയ അണക്കെട്ടുകൾ പണിയുവാൻ നടപടികൾ ആരംഭിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

2018-19 ൽ ഉണ്ടായ വെള്ളപ്പൊക്കത്തിൽ കൂടുതൽ ഭീഷണി നേരിട്ട നദീ തടങ്ങളിൽ സെൻട്രൽ വാട്ടർ കമ്മീഷന്റെ (CWC) പ്രളയ റിപ്പോർട്ടിന്റെ കൂടി അടിസ്ഥാനത്തിൽ പ്രളയനിയന്ത്രണ ഡാമുകൾ നിർമ്മിക്കുന്നതിന്റെ പ്രാഥമിക സാധ്യതാപഠനം (Hydrological Feasibility Study) നടത്തിയിട്ടുണ്ട്.

(സി) നിലവിലുള്ള അണക്കെട്ടുകളിൽ പരമാവധി വെള്ളം സംഭരിക്കാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

2018-19 വർഷങ്ങളിൽ ഉണ്ടായിട്ടുള്ള പ്രളയത്തെ തുടർന്ന് ഡാമുകളിൽ അടിഞ്ഞുകൂടിയിട്ടുള്ള ചെളി, മണൽ, എക്കൽ എന്നിവ നീക്കി അണക്കെട്ടുകളുടെ സംഭരണശേഷി പൂർവ്വസ്ഥിതിയിലാക്കുന്നതിനായുള്ള ഡീസിൽറ്റേഷൻ പ്രവൃത്തികൾ നടത്തുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. മംഗലം ഡാമിന്റെ ജല സംഭരണികളിൽ അടിഞ്ഞ് കൂടിയിട്ടുള്ള മണ്ണും ചെളിയും നീക്കം ചെയ്യുന്ന പ്രവൃത്തികൾ 17-12-2020 മുതൽ നടന്നു വരുന്നു. ചുള്ളിയാർ ഡാമിന്റെ ഡീസിൽറ്റേഷൻ പ്രവൃത്തി കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡിനെ (KIIDC) ഏൽപ്പിക്കുകയും റീ-ടെണ്ടറിംഗ് നടപടികൾ പുരോഗമിക്കുകയും ചെയ്യുന്നു. വാളയാർ, മീൻകര ഡാമുകളുടെ ഡീസിൽറ്റേഷൻ പ്രവൃത്തികൾ കേരളാ സ്റ്റേറ്റ് മിനറൽ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡിനെ (KEMDEL) ഏൽപ്പിക്കുകയും അപ്രകാരം ടെണ്ടറിംഗ് നടപടികൾ പുരോഗമിക്കുകയും ചെയ്യുന്നു. ഇറിഗേഷൻ ഡിപ്പാർട്ട്മെന്റിന് കീഴിലുള്ള മറ്റു ജലാശയങ്ങളിലെ ഡീസിൽറ്റേഷൻ പ്രവർത്തനങ്ങൾക്കായുള്ള വിശദമായ പദ്ധതിരേഖ തയ്യാറാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. കേരള വാട്ടർ അതോറിറ്റിക്ക് കീഴിൽ വരുന്ന അരുവിക്കര ഡാമിന്റെ ഡീസിൽറ്റേഷൻ പ്രവൃത്തികൾ ടെണ്ടർ ചെയ്യുന്നതിനാവശ്യമായ നടപടികൾ പുരോഗമിച്ചുവരുന്നു.

**പ്രളയഭീഷണി നേരിടാൻ കൂടുതൽ അണക്കെട്ടുകൾ**

285(1031) ശ്രീ. പി. കെ. ബഷീർ:
ശ്രീ. കുറുക്കോളി മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രളയഭീഷണി നേരിടുന്നതിനായി കൂടുതൽ അണക്കെട്ടുകൾ ആവശ്യമാണെന്ന നിർദ്ദേശം ഉണ്ടായിട്ടുണ്ടോ?

ഉണ്ട്.

(ബി) പാരിസ്ഥിതിക ആശങ്കകൾ പരിഹരിച്ച് പുതിയ അണക്കെട്ടുകൾ പണിയുവാൻ നടപടികൾ ആരംഭിച്ചിട്ടുണ്ടോ ; വിശദാംശം നൽകുമോ?

2018-19 ൽ ഉണ്ടായ വെള്ളപ്പൊക്കത്തിൽ കൂടുതൽ ഭീഷണി നേരിട്ട നദീതടങ്ങളിൽ സെൻട്രൽ വാട്ടർ കമ്മീഷന്റെ (CWC) പ്രളയ റിപ്പോർട്ടിന്റെ കൂടി അടിസ്ഥാനത്തിൽ പ്രളയനിയന്ത്രണ ഡാമുകൾ നിർമ്മിക്കുന്നതിന്റെ പ്രാഥമിക സാധ്യതാപഠനം (Hydrological Feasibility Study) നടത്തിയിട്ടുണ്ട്.

(സി) നിലവിലുള്ള അണക്കെട്ടുകളിൽ പരമാവധി വെള്ളം സംഭരിക്കാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

2018-19 വർഷങ്ങളിൽ ഉണ്ടായിട്ടുള്ള പ്രളയത്തെ തുടർന്ന് ഡാമുകളിൽ അടിഞ്ഞുകൂടിയിട്ടുള്ള ചെളി, മണൽ, എക്കൽ എന്നിവ നീക്കി അണക്കെട്ടുകളുടെ സംഭരണശേഷി പൂർവ്വസ്ഥിതിയിലാക്കുന്നതിനായുള്ള ഡീസിൽറ്റേഷൻ പ്രവൃത്തികൾ നടത്തുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. മംഗലം ഡാമിന്റെ ജല സംഭരണികളിൽ അടിഞ്ഞ് കൂടിയിട്ടുള്ള മണ്ണും ചെളിയും നീക്കം ചെയ്യുന്ന പ്രവൃത്തികൾ 17-12-2020 മുതൽ നടന്നു വരുന്നു. ചുള്ളിയാർ ഡാമിന്റെ ഡീസിൽറ്റേഷൻ പ്രവൃത്തി കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡിനെ (KIIDC) ഏൽപ്പിക്കുകയും റീ-ടെണ്ടറിംഗ് നടപടികൾ പുരോഗമിക്കുകയും ചെയ്യുന്നു. വാളയാർ, മീൻകര ഡാമുകളുടെ ഡീസിൽറ്റേഷൻ പ്രവൃത്തികൾ കേരളാ സ്റ്റേറ്റ് മിനറൽ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡിനെ (KEMDEL) ഏൽപ്പിക്കുകയും അപ്രകാരം ടെണ്ടറിംഗ് നടപടികൾ പുരോഗമിക്കുകയും ചെയ്യുന്നു. ഇറിഗേഷൻ ഡിപ്പാർട്ട്മെന്റിന് കീഴിലുള്ള മറ്റു ജലാശയങ്ങളിലെ ഡീസിൽറ്റേഷൻ പ്രവർത്തനങ്ങൾക്കായുള്ള വിശദമായ പദ്ധതിരേഖ തയ്യാറാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. കേരള വാട്ടർ അതോറിറ്റിക്ക് കീഴിൽ വരുന്ന അരുവിക്കര ഡാമിന്റെ ഡീസിൽറ്റേഷൻ പ്രവൃത്തികൾ ടെണ്ടർ ചെയ്യുന്നതിനാവശ്യമായ നടപടികൾ പുരോഗമിച്ചു വരുന്നു.

**നെയ്യാറ്റിൻകര പുല്ലാമലയിൽ നെയ്യാർ ബണ്ട് പുനർ നിർമ്മാണം**

286(1032) ശ്രീ. കെ. ആൻസലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെയ്യാറ്റിൻകര അമരവിള പുല്ലാമലയിൽ നെയ്യാർ ബണ്ട് തകർന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ബണ്ട് പുനഃസ്ഥാപിക്കുന്നതിനുവേണ്ടി എന്തെല്ലാം നടപടികളാണ് പൂർത്തീകരിച്ചതെന്ന് വിശദമാക്കാമോ;

(സി) ബണ്ട് പുനഃസ്ഥാപിക്കുന്നതിനുവേണ്ടി ഡി.പി.ആർ. പൂർത്തീകരിച്ചിട്ടുണ്ടോയെന്നും എങ്കിൽ ഡി.പി.ആർ. എത്ര കോടി രൂപയുടേതെന്നും വ്യക്തമാക്കാമോ;

(ഡി) ടെണ്ടർ തുടർ നടപടി പൂർത്തീകരിച്ച് പ്രവൃത്തി എപ്പോൾ ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

(എ-ഡി) നെയ്യാറ്റിൻകര അമരവിള പുല്ലാമലയിൽ നെയ്യാർ ബണ്ട് തകർന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ബണ്ടിന്റെ ഗാബിയോൾ പ്രൊട്ടക്ഷൻ വോളിന്റെ ഡിസൈൻ തയ്യാറാക്കുന്നതിനായി ഐ.ഡി.ആർ.ബി. സംഘം പ്രസ്തുത സ്ഥലം സന്ദർശിക്കുകയും അതിന്മേൽ സൂപ്രണ്ടിങ് എഞ്ചിനീയറുടെ നേതൃത്വത്തിൽ ചർച്ച നടത്തുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ ഡിസൈൻ ഐ.ഡി.ആർ.ബി., ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽ തയ്യാറാക്കി, ആയത് അന്തിമഘട്ടത്തിലാണ്. പ്രസ്തുത ഡിസൈൻ പൂർത്തിയായതിനുശേഷം മാത്രമേ പദ്ധതിയുടെ വിശദമായ ഡി.പി.ആർ. തയ്യാറാക്കി ഭരണാനുമതി നൽകുവാൻ കഴിയുകയുള്ളൂ. ആയതിനുശേഷം മാത്രമേ സാങ്കേതിക അനുമതിക്കും ടെണ്ടർ നടപടികളിലേയ്ക്കും കടക്കുവാൻ കഴിയുകയുള്ളൂ.

**മംഗലം ഡാം കുടിവെള്ള പദ്ധതി**

287(1033) <u>ശ്രീ. കെ. ഡി. പ്രസേനൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ മണ്ഡലത്തിലെ മംഗലം ഡാം കുടിവെള്ള പദ്ധതിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

വണ്ടാഴി, വടക്കഞ്ചേരി, കിഴക്കഞ്ചേരി കണ്ണമ്പ്ര കുടിവെള്ള പദ്ധതിയുടെ ഒന്നാം ഘട്ടമായി സ്റ്റേറ്റ് പ്ലാൻ 2017-18-ൽ ഉൾപ്പെടുത്തി 20 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ 24.5 എം.എൽ.ഡി ജലശുദ്ധീകരണശാല, 24.5 ലക്ഷം ലിറ്റർ സംഭരണ ശേഷിയുള്ള ഉന്നതതല ജലസംഭരണി, സബ്സ്റ്റേഷൻ എന്നിവയുടെ നിർമ്മാണം, ക്ലിയർ വാട്ടർ പമ്പിങ് മെയിൻ സ്ഥാപിക്കൽ, ക്ലിയർ വാട്ടർ പമ്പ് സെറ്റും ട്രാൻസ്ഫോർമറും വിതരണം ചെയ്ത് സ്ഥാപിക്കുന്ന പ്രവൃത്തി എന്നിവ ഉൾപ്പെടുന്ന ഒന്നാം ഘട്ടം 68% പൂർത്തീകരിച്ചിട്ടുണ്ട്. സ്റ്റേറ്റ് പ്ലാൻ 2017-18-ൽ 2 കോടി രൂപയുടെ ഭരണാനുമതി കൂടി ഈ പ്രവൃത്തിയുടെ ഒന്നാം ഘട്ടത്തിലെ മറ്റു ഘടകങ്ങൾക്ക് നൽകിയിരുന്നു. ഇതിൽ 2 പാക്കേജുകൾ ഉൾപ്പെടുന്നു. പാക്കേജ് 1- ഡാമിനകത്ത് ഇൻടേക് ബ്രിഡ്ജിന്റെ പ്രവൃത്തി പുരോഗമിച്ചുവരുന്നു. പാക്കേജ് 2- ഡാമിൽ നിന്നും ജലശുദ്ധീകരണ ശാലയിലേക്ക് പമ്പ് ചെയ്യുന്നതിനുള്ള ഇൻടേക്ക് സ്ട്രക്ചർ, റോ വാട്ടർ പമ്പ് സെറ്റ്, റോ വാട്ടർ പമ്പിംഗ് മെയിൻ എന്നിവയുടെ പ്രവൃത്തി പല തവണ ടെണ്ടർ ചെയ്തിട്ടും ആരും പങ്കെടുക്കാത്തതിനാൽ പുതുക്കിയ എസ്.ഒ.ആർ. പ്രകാരമുള്ള റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു. കിഫ്ബി 2017-18 രണ്ടാം ഘട്ടത്തിലായി വണ്ടാഴി, കിഴക്കഞ്ചേരി,

വടക്കഞ്ചേരി പദ്ധതിക്കായി 69.54 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ആദ്യ പാക്കേജിൽ വടക്കഞ്ചേരി കരിങ്കുന്നത്ത് 22 ലക്ഷം ലിറ്റർ സംഭരണ ശേഷിയുള്ള ഉന്നതതല ജല സംഭരണി, ക്ലിയർ വാട്ടർ പമ്പ് സെറ്റ്, ക്ലിയർ വാട്ടർ പമ്പിംഗ് മെയിൻ എന്നിവയുടെ പ്രവൃത്തി 45% പൂർത്തീകരിച്ചിട്ടുണ്ട്. രണ്ടാം പാക്കേജിന്റെ പാർട്ട് 1-ൽ കരിങ്കുന്നത്തുള്ള ജലസംഭരണിയിൽ നിന്നും വടക്കഞ്ചേരി പഞ്ചായത്തിൽ 45 കിലോമീറ്റർ വിതരണ ശൃംഖല സ്ഥാപിക്കലും 6480 ഗാർഹിക കണക്ഷൻ നൽകുന്ന പ്രവൃത്തിയും നിലവിൽ 33% പൂർത്തീകരിച്ചിട്ടുണ്ട്. രണ്ടാം പാക്കേജിന്റെ പാർട്ട് 2-ൽ ആലത്തൂർ താലൂക്കിലെ കണ്ണമ്പ്ര ഗ്രാമപഞ്ചായത്തിലെ ലോ ലെവൽ സോണിൽ വിതരണ ശൃംഖല സ്ഥാപിക്കുന്ന പ്രവൃത്തിയുടെ ടെൻഡർ നടപടികൾ പുരോഗമിക്കുന്നു. രണ്ടാം പാക്കേജിന്റെ പാർട്ട് 2, പാക്കേജ് 3 എന്നിവയിലെ പ്രവൃത്തികളുടെ ടെണ്ടർ നടപടികൾ പുരോഗമിച്ചുവരുന്നു. ഈ പദ്ധതിയുടെ മൂന്നാം ഘട്ടമായി ജൽജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി വണ്ടാഴി, കിഴക്കഞ്ചേരി പഞ്ചായത്തുകളിലെ വിതരണ ശൃംഖല സ്ഥാപിക്കുന്നതിനും 10055 ഗാർഹിക കുടിവെള്ള കണക്ഷൻ നൽകുന്നതിനുമായി 21-12-2020-ന 53.6 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. കിഴക്കഞ്ചേരി പഞ്ചായത്തിലേക്ക് വിതരണ ശൃംഖല സ്ഥാപിക്കലും ഗാർഹിക കണക്ഷൻ നൽകുന്ന പ്രവൃത്തിയുടെയും വണ്ടാഴി പഞ്ചായത്തിലേക്ക് വിതരണശൃംഖല സ്ഥാപിക്കലും ഗാർഹിക കണക്ഷൻ നൽകുന്ന പ്രവൃത്തിയുടെയും ടെണ്ടർ നടപടികൾ പുരോഗമിച്ച് വരുന്നു. ജൽജീവൻ മിഷൻ പദ്ധതിയിലുൾപ്പെടുത്തി വണ്ടാഴി, കിഴക്കഞ്ചേരി, വടക്കഞ്ചേരി, കണ്ണമ്പ്ര എന്നീ പഞ്ചായത്തുകളിലെ ഉയരംകൂടിയ പ്രദേശങ്ങളിൽ ടാങ്കുകളും വിതരണ ശൃംഖലകളും ഉൾപ്പെടെ 8712 ഗാർഹിക കണക്ഷൻ നൽകുന്ന പ്രവൃത്തികൾക്കായി 103.16 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

പ്രസ്തുത പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുവാൻ വേണ്ട നടപടികൾ സ്വീകരിച്ചു വരുന്നു.

**ആക്കുളം കായൽ പുനരുദ്ധാരണ പദ്ധതി**

288(1034) <u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആക്കുളം കായൽ പുനരുദ്ധാരണ പദ്ധതിയുടെ പുരോഗതി വിശദമാക്കാമോ?

ആക്കുളം കായൽ സംരക്ഷണ പദ്ധതിയിലൂടെ ആക്കുളം കായൽ പുനരുജ്ജീവന പദ്ധതിക്കായി 185.23 കോടി രൂപയുടെ ഭരണാനുമതിക്ക് തത്വത്തിൽ അംഗീകാരം നൽകുകയും ആയതിൻ പ്രകാരം ഒന്നാംഘട്ടമായി 64.13 കോടി രൂപ കിഫ്ബി അംഗീകാരം നൽകുകയും ചെയ്തിട്ടുണ്ട്. കേന്ദ്ര സർക്കാർ സ്ഥാപനമായ WAPCOS-നെയാണ് SPV-യായി ചുമതലപ്പെടുത്തിയിട്ടുള്ളത്. ആക്കുളം കായലും അനുബന്ധ

തോടുകളും ശുദ്ധീകരിച്ച് ടൂറിസം പ്രവർത്തനങ്ങൾക്ക് ഉതകത്തക്ക രീതിയിലുള്ള സുസ്ഥിരവും പരിസ്ഥിതി സൗഹാർദ്ദവുമായ വികസനമാണ് ഈ പദ്ധതികൊണ്ട് ലക്ഷ്യമിടുന്നത്. DBOT മാതൃകയിലാണ് പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്. ഈ പദ്ധതി ടെണ്ടർ ചെയ്യുകയും 3 ഏജൻസികൾ ടെൻഡറിൽ പങ്കെടുക്കുകയുണ്ടായി. അതിൽനിന്ന് ശ്രീ.അവാന്തികാ കോൺട്രാക്ടേഴ്സ് (ഐ) ലിമിറ്റഡ് ഹൈദരാബാദ് എന്ന ഏജൻസി ക്വാളിഫൈ ചെയ്തു. എന്നാൽ കിഫ്ബി അംഗീകരിച്ച തുകയിൽ കൂടുതലാണ് ഫിനാൻഷ്യൽ ബിഡിൽ ക്വാളിഫൈ ചെയ്ത ഏജൻസി ക്വാട്ട് ചെയ്തിരിക്കുന്നത് (185.70 കോടി രൂപ). തുടർന്ന് 22-7-2021-ൽ ടി ഏജൻസിയുമായി റേറ്റ് നെഗോസിയേഷൻ നടത്തുകയുണ്ടായി. അതിന്റെ ഭാഗമായി ഏജൻസി റിവൈസ്ഡ് റേറ്റ് ക്വാട്ട് ചെയ്ത് (183.46 കോടി രൂപ) കിഫ്ബിക്ക് സമർപ്പിക്കുകയുണ്ടായി. ഇതിനെ തുടർന്ന് കിഫ്ബി 14-9-2021-ൽ റിവൈസ്ഡ് റേറ്റ് റിവ്യൂ ചെയ്യുകയും കിഫ്ബി അംഗീകരിച്ച് നൽകിയതിൽനിന്നും കൂടുതൽ തുക എന്തുകൊണ്ട് ക്വാട്ട് ചെയ്തതിനുള്ള കാരണം കാണിച്ച് Justification Report സമർപ്പിക്കാൻ SPV-യായ WAPCOS നോട് ആവശ്യപ്പെട്ടിട്ടുണ്ട്. കിഫ്ബി അംഗീകാരം നൽകുന്ന മുറയ്ക്ക് കരാറുകാരനെ ഫൈനലൈസ് ചെയ്യാവുന്നതാണ്.

(ബി) കണ്ണമ്മൂല-ആക്കുളം ഭാഗങ്ങളിലെ ആമയിഴഞ്ചാൻ തോടിന്റെ കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

ആമയിഴഞ്ചാൻ തോടിന്റെ അതിർത്തി നിർണ്ണയിക്കുന്നതിനുവേണ്ടി റവന്യൂ ഡിപ്പാർട്ട്മെന്റുമായി ചേർന്ന് നടപടികൾ സ്വീകരിച്ചിരുന്നു. ആയതിന്റെ ഭാഗമായി കണ്ണമ്മൂല മുതൽ നെല്ലിക്കുഴി പാലത്തിന് താഴെ ഏകദേശം 500 മീ. ദൂരം വരെ അതിർത്തി നിർണ്ണയിച്ച് കല്ലുകൾ സ്ഥാപിച്ചിട്ടുണ്ട്. തുടർന്ന്, താഴോട്ട് കടകംപള്ളി വില്ലേജ് ആമയിഴഞ്ചാൻ തോടിന്റെ ഭാഗങ്ങളുടെ അതിർത്തി നിർണ്ണയിച്ച് നൽകാൻ സർവ്വേ ഡിപ്പാർട്ട്മെന്റിന് രേഖകളുടെ അഭാവംമൂലം സാധിച്ചിട്ടില്ല.

(സി) തിരുവനന്തപുരത്തിന്റെ തനത് ജലസ്രോതസ്സായ ആമയിഴഞ്ചാൻതോട് സംരക്ഷിക്കുന്നതിന് പ്രത്യേക നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ?

നിലവിൽ ആമയിഴഞ്ചാൻ തോടിന്റെ (കണ്ണമ്മൂല മുതൽ ആക്കുളം വരെ) പുനരുദ്ധാരണത്തിന്റെ ഭാഗമായി 25 കോടി രൂപയുടെ പദ്ധതിക്ക് അനുമതി നൽകിയിട്ടുണ്ട്. ഇവയിൽ ഉൾപ്പെടുത്തി ആമയിഴഞ്ചാൻ തോടിന്റെ സൈഡ് ബണ്ടിലൂടെ സ്വീവേജ് ലൈൻ സ്ഥാപിക്കുന്നതിനും തോട്ടിലെ അടിഞ്ഞുകൂടിയ മണ്ണ് നീക്കുന്നതിനും കണ്ണമ്മൂല മുതൽ നെല്ലിക്കുഴി വരെയുള്ള സൈഡ് ഭിത്തിയുടെ പുനർനിർമ്മാണത്തിനും വേണ്ടിയുള്ള 18.13 കോടി രൂപയുടെ പ്രവൃത്തി ടെണ്ടർ ചെയ്യുകയും ഉണ്ടായി. Cheerans Structural Foundation എന്ന കമ്പനിയുമായി എഗ്രിമെന്റ് വയ്ക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ 17-8-2021-ൽ പ്രവൃത്തിയുടെ സ്ഥലം കോൺട്രാക്ടർക്ക് കൈമാറുകയും ചെയ്തിട്ടുണ്ട്. മണ്ണ് മാറ്റുന്നതിനു മുന്നോടിയായി മണ്ണിന്റെ അളവ് (quantity) അറിയുന്നതിനുവേണ്ടി ലെവൽസ് (levels) എടുക്കുന്ന നടപടികൾ പുരോഗമിച്ചുവരുന്നു.

**ജല അതോറിറ്റിയുടെ സാമ്പത്തികനില**

289(1035) ശ്രീ. വി. കെ. പ്രശാന്ത്:
ശ്രീ. ആന്റണി ജോൺ:
ശ്രീമതി കാനത്തിൽ ജമീല:
ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നടത്തിപ്പ് ചെലവിന്റെ പകുതിയോളം മാത്രം ഈടാക്കി കുടിവെള്ള വിതരണം കാര്യക്ഷമമായി നടത്തി വന്നിരുന്ന ജല അതോറിറ്റിയുടെ സാമ്പത്തികനില കോവിഡ് കാലത്ത് കൂടുതൽ മോശമായിട്ടുണ്ടോയെന്ന് അറിയിക്കാമോ?

ജലഅതോറിറ്റിയുടെ സാമ്പത്തികനില കോവിഡ് കാലത്ത് കൂടുതൽ മോശമായിട്ടുണ്ട്. കോവിഡ് കാലത്ത് സർക്കാർ നിയന്ത്രണത്തെ തുടർന്ന് ജല അതോറിറ്റി മീറ്റർ റീഡിംഗ് നിർത്തിവയ്ക്കുകയും പ്രസ്തുത കാലയളവിൽ ഉപഭോക്താക്കൾക്ക് ബില്ലുകൾ അടയ്ക്കുന്നതിന് സാവകാശം നൽകുകയും ചെയ്തിരുന്നു. കോവിഡ് രൂക്ഷമായ മാസങ്ങളിൽ വാട്ടർ അതോറിറ്റിയുടെ വരുമാനം ശരാശരി ഡിമാന്റിന്റെ 83% വരെ കുറവുണ്ടായി.

(ബി) ജല അതോറിറ്റിയുടെ സാമ്പത്തിക സുസ്ഥിരതയില്ലായ്മ കുടിവെള്ള വിതരണത്തെയും പദ്ധതി നിർവ്വഹണത്തെയും പ്രതികൂലമായി ബാധിക്കാതിരിക്കാൻ ചെലവ് ചുരുക്കലിനും കാര്യക്ഷമത വർദ്ധനവിനും സ്വീകരിച്ച് വരുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ?

കേരള വാട്ടർ അതോറിറ്റിയിൽ സാമ്പത്തിക സുസ്ഥിരത കൈവരിക്കാൻ താഴെ പരാമർശിക്കുന്ന കർമ്മ പദ്ധതികൾ തയ്യാറാക്കി നിർവഹിക്കുന്നു.

1. വാട്ടർ അതോറിറ്റിയുടെ ജല വിതരണ ശൃംഖലയിലെ ജല ചോർച്ച തടയുന്നതിന് പഴക്കം ചെന്ന എല്ലാ പൈപ്പുകളും പമ്പുകളും മാറ്റി സ്ഥാപിക്കും.
2. ഒട്ടനവധി പദ്ധതികൾ ചെറിയതുക ചെലവഴിച്ച് പൂർണ്ണമായും വിനിയോഗ സജ്ജമാക്കും.
3. നഗരമേഖലയിലെ ചില പദ്ധതികൾ മുൻഗണന നൽകി പൂർത്തിയാക്കും.
4. ഉപഭോക്താക്കൾക്ക് മെച്ചപ്പെട്ട സേവനം നൽകുന്നതിന് വാട്ടർ അതോറിറ്റിയുടെ കാര്യക്ഷമത വർദ്ധിപ്പിക്കും.
5. തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ നഗരങ്ങളിൽ 24 X 7 ജല വിതരണ സംവിധാനം ഒരുക്കുന്നതിനുള്ള പദ്ധതി തയ്യാറാക്കിവരുന്നു.

6. ഉൽപ്പാദന ഘട്ടങ്ങളിൽ ആവശ്യമായ പുനരുദ്ധാരണ പ്രവർത്തനങ്ങൾ നടത്തുക.

7. വിതരണ ശൃംഖലയെ വിവിധ മേഖലകളാക്കി തിരിച്ച് ഡി.എം.എ (District Metering Area)കൾ സ്ഥാപിച്ച് ജല വിതരണം കാര്യക്ഷമ മാക്കുകയും ജല ചോർച്ച നിയന്ത്രണത്തിൽ ആക്കുകയും ചെയ്യുക.

8. മർദ്ദ നിയന്ത്രണ ഉപകരണങ്ങളും ഫ്ലോമീറ്ററുകളും എല്ലാ മേഖലകളിലും സ്ഥാപിക്കുക.

9. SCADA (Supervisory Control and Data Acquisition) പോലെയുള്ള ആധുനിക സാങ്കേതികവിദ്യ ഉപയോഗിച്ച് ജല വിതരണ സംവിധാനം നിയന്ത്രിക്കുക.

10. പഴയതും ചോർച്ചയുള്ളതുമായ സർവ്വീസ് കണക്ഷനുകൾ പുനരുദ്ധരിക്കുക.

11. എല്ലാ ഉണഭോക്തൃ വാട്ടർ മീറ്ററുകളും മാറ്റി ഉന്നത നിലവാരമുള്ള സ്മാർട്ട് മീറ്ററുകൾ സ്ഥാപിക്കുക. വിതരണ ശൃംഖലയുടെ സർവ്വേ നടത്തി ജി.ഐ.എസ്. മാപ്പ് തയ്യാറാക്കുക. കുടിവെള്ള പദ്ധതികളുടെ റിങ്ങ് ഫെനസ്ഡ് അവലോകനത്തിലൂടെ ഇവയുടെ കാര്യക്ഷമതയും ഇതിൽ നിന്നുള്ള വരവ് ചെലവ് താരതമ്യപഠനവും നടത്തി കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. റവന്യൂ വർദ്ധിപ്പിക്കുന്നതിനായി ഡിവിഷൻ തലത്തിൽ കണക്ഷനുകൾക്കനു സൃതമായി റവന്യൂ ടാർജറ്റുകൾ നൽകിയിട്ടുണ്ട്. ഇത് കൃത്യമായി പിരിക്കു ന്നുണ്ടെന്ന് ഉറപ്പാക്കുവാൻ റവന്യൂ മീറ്റിംഗുകൾ നടത്തുന്നുണ്ട്. ക്യാഷ് ലെസ്സ് റവന്യൂ കളക്ഷൻ വർദ്ധിപ്പിക്കുവാൻവേണ്ടി ഓൺലൈൻ പേമെന്റ് സംവിധാനം വിപുലമാക്കി. പമ്പ് ഹൗസുകളിൽ ഓട്ടോമേഷൻ നടപ്പാക്കു ന്നതുവഴി ഓപ്പറേഷൻ ചെലവുകളിൽ കുറവ് വരുത്താൻ സാധിക്കും. വാട്ടർ അതോറിറ്റിയുടെ കെട്ടിടങ്ങളിലും ട്രീറ്റ്മെന്റ് പ്ലാന്റുകളിലും സോളാർ പാനലുകൾ സ്ഥാപിച്ച് വൈദ്യുതി ചാർജ്ജ് കുറയ്ക്കുവാനുള്ള നടപടികൾ ആരംഭിച്ചു. ഇപ്പോഴുള്ള ഡിപ്പാർട്ട്മെന്റ് വാഹനങ്ങൾ മാറ്റി പകരം ഇലക്ട്രിക് വാഹനങ്ങൾ കൂടുതൽ ഉപയോഗിക്കാനും അവ വാടകയ്ക്ക് എടുത്തും ചെലവ് കുറയ്ക്കുന്നു. SCADA (Supervisory Control and Data Acquisition) സിസ്റ്റം ഉപയോഗിക്കുന്നതു വഴി ഓപ്പറേഷൻ ചെലവു കുറക്കാനും സാധിക്കും.

(സി) കുടിവെള്ള ചാർജ് കുടിശ്ശിക സമയബന്ധിതമായി പിരിച്ചെടുക്കുന്നതിന് ഊർജ്ജിത ശ്രമം നടത്തുമോ; വ്യക്തമാക്കാമോ?

കുടിവെള്ള ചാർജ്ജിന്റെ കുടിശ്ശിക സമയബന്ധിതമായി പിരിച്ചെടുക്കുന്നതിനുള്ള ഊർജ്ജിത ശ്രമം നടത്തി വരുന്നു. കുടിശ്ശിക അടയ്ക്കാത്ത ഉപഭോക്താക്കൾക്ക് ഡിസ്കണക്ഷൻ നോട്ടീസ് നൽകിയിട്ടും തുക ഒടുക്കാത്ത പക്ഷം കണക്ഷൻ കട്ട് ചെയ്ത് കുടിശ്ശിക ഈടാക്കുക, ഒറ്റതവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കി കുടിശ്ശിക പിരിച്ചെടുക്കുക, വലിയ കുടിശ്ശികയുള്ള ബില്ലുകൾക്ക് തവണകൾ (പരമാവധി പത്ത് തവണകൾ) അനുവദിച്ച് കുടിശ്ശിക പിരിച്ചെടുക്കുക, റവന്യൂ അദാലത്തുകൾ സംഘടിപ്പിച്ച് കുടിശ്ശിക ഈടാക്കുക, റവന്യൂ റിക്കവറി നടപടികൾ നടത്തി കുടിശ്ശിക ഈടാക്കുക, എസ്.എം.എസ്. വഴി സന്ദേശം അയച്ച് കുടിശ്ശിക തുക അടയ്ക്കാൻ പ്രേരിപ്പിക്കുക തുടങ്ങി വിവിധ മാർഗ്ഗങ്ങളിലൂടെ വാട്ടർ ചാർജ് കുടിശ്ശിക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(ഡി) ജലനഷ്ടം ഒഴിവാക്കി വരുമാന ചോർച്ച തടയുന്നതിന് പദ്ധതിയുണ്ടോ; വ്യക്തമാക്കാമോ?

ഉണ്ട്. വിതരണ പൈപ്പ് ലൈനുകളിലെ ചോർച്ച വഴിയുള്ള ജലനഷ്ടം കുറയ്ക്കുന്നതിലേക്കായി ചോർച്ചയുള്ള ഇത്തരം പൈപ്പ് ലൈനിലെ അറ്റകുറ്റപ്പണികൾ അടിയന്തരമായി റണ്ണിങ് കോൺട്രാക്ട് മുഖേനയും ബ്ലൂ ബ്രിഗേഡ് സംവിധാനം ഉപയോഗിച്ചും നടത്തിവരുന്നു. കാലപ്പഴക്കം ചെന്ന പൈപ്പുകളുടെ ചോർച്ചവഴി ജലം നഷ്ടപ്പെടുന്നത് ഒഴിവാക്കുന്നതിനായി പഴയതും കേടായതുമായ പൈപ്പുകൾ വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി മാറ്റി സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. കൂടാതെ നിലവിൽ കേരള വാട്ടർ അതോറിറ്റിയുടെ പൈപ്പ് പോളിസിയിൽ നിഷ്കർഷിച്ചിട്ടുള്ള പൈപ്പുകളാണ് ഉപയോഗിച്ച് വരുന്നത്. ഇതുവഴി ജല വിതരണ പൈപ്പുകൾ അടിക്കടി പൊട്ടുന്നത് ഒഴിവാക്കുവാൻ സാധിക്കുന്നുണ്ട്. ജല അതോറിറ്റിയുടെ പരിധിയിൽ ഉപയോഗിക്കുന്ന പൈപ്പുകളുടെ ഗുണനിലവാരം ഉറപ്പുവരുത്തുവാൻ വേണ്ടി പ്രത്യേക നടപടികളും സ്വീകരിച്ചു വരുന്നു. ഇതിനായി പൈപ്പുകളുടെ Pre Delivery, Post Delivery ടെസ്റ്റിംഗ് നടത്തുന്നതിനായി സർക്കാർ സ്ഥാപനമായ CIPET-നെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ജലത്തിന്റെ ദുരുപയോഗം, ജലമോഷണം എന്നിവ തടയുന്നതിനായുള്ള റവന്യൂ വാട്ടർ മാനേജ്മെന്റ് & ആന്റി വാട്ടർ തെഫ്റ്റ് സ്ക്വാഡ് പ്രവർത്തിച്ചുവരുന്നു. ദുർവ്യയം ശ്രദ്ധയിൽപ്പെടുന്ന പൊതുടാപ്പുകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അനുമതിയോടെ നീക്കം ചെയ്യുന്നുണ്ട്. ഗാർഹിക വാട്ടർ കണക്ഷൻ മറ്റാവശ്യങ്ങൾക്കായി ഉപയോഗിക്കുന്നത് ശ്രദ്ധയിൽപ്പെട്ടാൽ ഉയർന്ന ചാർജ് ഈടാക്കുകയും കണക്ഷൻ

ഗാർഹികേതര വിഭാഗത്തിലേക്ക് മാറ്റുകയും ചെയ്യുന്നു. പ്രവർത്തനക്ഷമമല്ലാത്ത വാട്ടർ മീറ്ററുകളുള്ള സ്ഥലങ്ങളിൽ ദുരുപയോഗത്തിനുള്ള സാധ്യത കൂടുതലായതിനാൽ സമയബന്ധിതമായി മാറ്റി വയ്ക്കുവാൻ നോട്ടീസ് നൽകുകയും കണക്ഷൻ വിച്ഛേദിക്കുന്നതടക്കമുള്ള തുടർ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. ജലമോഷണം, ദുരുപയോഗം എന്നിവ ശിക്ഷാർഹമാണെന്ന സന്ദേശം വിവിധ മാർഗ്ഗങ്ങളിലൂടെ പൊതുജനങ്ങളിൽ എത്തിച്ച് അവബോധം നൽകാറുണ്ട്. ജല ദുർവ്യയം ഒഴിവാക്കുന്നതിന് പത്ര-ദൃശ്യ മാധ്യമങ്ങളിലൂടെയും കൈപ്പുസ്തകം, ലഘുലേഖകൾ തുടങ്ങിയവ മുഖേനയും ബോധവൽക്കരണ സന്ദേശങ്ങൾ പ്രചരിപ്പിക്കുന്നുണ്ട്. കുടിവെള്ളക്ഷാമം രൂക്ഷമാകുന്ന സമയങ്ങളിൽ പ്രാദേശിക സാഹചര്യം അനുസരിച്ച് കൂടുതൽ ജലം ഉപയോഗിക്കുന്ന വാണിജ്യ കണക്ഷനുകളിൽ ഉപഭോഗത്തിന് നിയന്ത്രണം ഏർപ്പെടുത്തുകയും പുതിയ കണക്ഷൻ നൽകുന്നതിന് താൽക്കാലിക നിയന്ത്രണം ഏർപ്പെടുത്തുകയും ചെയ്യുന്നുണ്ട്.

## വാട്ടർ അതോറിറ്റിയുടെ മീറ്റർ റീഡിംഗ് സംവിധാനം

290(1036) <u>ശ്രീ. മോൻസ് ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉപഭോക്താക്കളുടെ വീടുകളിലെത്തി മീറ്റർ റീഡിംഗ് എടുക്കുന്ന രീതി കേരള വാട്ടർ അതോറിറ്റി അവസാനിപ്പിച്ചിട്ടുണ്ടോയെന്നും ആയതിന് പുതിയ സംവിധാനം നിലവിൽ വന്നിട്ടുണ്ടോയെന്നും അറിയിക്കാമോ?

Covid-19 മഹാമാരിയുടെ പശ്ചാത്തലത്തിൽ വീട്ടിലെത്തി മീറ്റർ റീഡിംഗ് എടുക്കുന്നത് ഒഴിവാക്കി ഉപഭോക്താക്കളെ വിശ്വാസത്തിലെടുത്തുകൊണ്ട് സെൽഫ് റീഡിംഗ് ഏർപ്പെടുത്തുന്നതിനുവേണ്ടി പുതിയ സെൽഫ് റീഡിംഗ് ആപ്പ് നിർമ്മിച്ച് കഴിഞ്ഞു. ഈ സംവിധാനം കേരള വാട്ടർ അതോറിറ്റിയുടെ എല്ലാ ഉപഭോക്താക്കൾക്കുമായി ഏർപ്പെടുത്തുവാനാണ് ഉദ്ദേശിക്കുന്നത്. പുതിയ മീറ്റർ പോളിസി പ്രകാരം സെൽഫ് റീഡിംഗുള്ള സാഹചര്യത്തിൽ, ഡൊമസ്റ്റിക് കണക്ഷന് 2 മാസത്തിൽ ഒരിക്കൽ ഉപഭോക്താവ് സെൽഫ് റീഡിങ് എടുക്കേണ്ടതും 6 മാസത്തിൽ ഒരിക്കൽ കേരള വാട്ടർ അതോറിറ്റി മീറ്റർ റീഡർ നേരിട്ട് റീഡിങ് എടുക്കേണ്ടതുമാണ്. ഇത് ഡൊമസ്റ്റിക് അല്ലാത്ത കാറ്റഗറിക്ക് ബാധകമല്ല.

(ബി) ഉപഭോക്താക്കൾക്ക് വാട്ടർ ബില്ല് നൽകുന്നതിന് പകരം ഫോണിലേക്ക് എസ്.എം.എസ്. അയയ്ക്കുന്ന സംവിധാനം നിലവിൽ വന്നിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(സി) എസ്.എം.എസ്. അയയ്ക്കുന്ന സംവിധാനം പ്രായമായവർക്കും സാധാരണക്കാർക്കും മൊബൈൽ സാങ്കേതികവിദ്യ അറിയാത്തവർക്കും ഏറെ പ്രയാസം സൃഷ്ടിക്കുന്നുവെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പല കെട്ടിടങ്ങളിലും യഥാർത്ഥ ഓണർ ആയിരിക്കില്ല ഉപഭോക്താവെന്നത് പ്രശ്നം സങ്കീർണമാക്കുന്ന തിനാൽ ഇത് തിരുത്തുവാൻ നടപടി സ്വീകരിക്കുമോ;

(ബി&സി) ഉപഭോക്താക്കൾക്ക് വാട്ടർ ബിൽ നൽകുന്നതിന് പകരം ഫോണിലേക്ക് എസ്.എം.എസ്. അയയ്ക്കുന്ന സംവിധാനം നിലവിൽ വന്നിട്ടുണ്ട്. ആദ്യ ഘട്ടമായി തിരുവനന്തപുരം നഗര (North & South) ഡിവിഷനുകളിലാണ് ഹരിത പ്രോട്ടോക്കോളിന്റെ ഭാഗമായി പ്രിന്റഡ് ബില്ലിന് പകരം എസ്.എം.എസ്. സംവിധാനം ഏർപ്പെടുത്തിയിട്ടുള്ളത്. എല്ലാ ഉപഭോക്താക്കൾക്കും ബില്ലിന്റെ ലിങ്ക് എസ്.എം.എസ് ആയി അയച്ചു വരുന്നു. കൂടാതെ ഉപഭോക്താക്കൾക്ക് യഥാസമയം ബില്ല് അടച്ച തുകയുടെ രസീത്, പരാതിയുടെ പുരോഗതി, കുടിവെള്ള തടസ്സം സംബന്ധിച്ച വിവരങ്ങൾ എന്നിവ എസ്.എം.എസ്. മുഖേന അറിയാൻ സാധിക്കും. അക്ഷയ സെന്റർ വഴിയോ കേരള വാട്ടർ അതോറിറ്റിയുടെ ഓഫീസുകൾ വഴിയോ വാട്ടർ ബിൽ, ബില്ല് അടച്ച രസീത് എന്നിവ ഡൗൺലോഡ് ചെയ്യാവുന്നതാണ്. കൂടാതെ വാട്ടർ അതോറിറ്റി ബില്ലുകൾ ഓൺലൈനായി ഡൗൺലോഡ് ചെയ്ത് പ്രിന്റ് എടുക്കുവാനുള്ള സംവിധാനം വാട്ടർ അതോറിറ്റിയുടെ ഓൺലൈൻ പേമെന്റ് സൈറ്റിൽ (Quick Pay) നൽകിയിട്ടുണ്ട്. ഉപഭോക്താക്കൾക്ക് വെള്ളത്തിന്റെ ഉപയോഗം, മീറ്ററിന്റെ വർക്കിംഗ് കണ്ടിഷൻ, ബിൽ തുക എന്നിവ ഈ സംവിധാനം ഉപയോഗിച്ച് മനസ്സിലാക്കാൻ സാധിക്കുന്നതാണ്.

(ഡി) നഗരപ്രദേശങ്ങളിൽ യഥാസമയം മീറ്റർ റീഡിംഗ് എടുക്കാതിരുന്നതു മൂലമുണ്ടായ വൻ കുടിശ്ശികയുള്ള ബില്ലുകൾ ഇപ്പോൾ നൽകുന്നകാര്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോയെന്നും ആയത് പരിഹരിക്കുമോയെന്നും വിശദമാക്കാമോ?

കോവിഡ് മഹാമാരി കാരണം നേരിട്ട് വീടുകളിൽ പോയി മീറ്റർ റീഡിംഗ് എടുക്കാൻ കഴിയാതിരുന്നതിനാൽ തൊട്ട് മുൻപുള്ള ഉപഭോഗം (റീഡിംഗ്) അടിസ്ഥാനമാക്കിയുള്ള ബില്ലുകളാണ് നൽകിയിരുന്നത്. യഥാർത്ഥ റീഡിംഗ് കിട്ടുന്ന മുറയ്ക്ക് തുകയിലെ വ്യത്യാസം ഉപഭോക്താവിന് അടുത്ത ബില്ലിൽ ക്രമപ്പെടുത്തി നൽകി വരുന്നു. ഇതുമായി ബന്ധപ്പെട്ട് ലഭിക്കുന്ന പരാതി യഥാസമയം പരിഹരിച്ചു വരുന്നു.

(ഇ) മീറ്റർ റീഡിംഗ് യഥാസമയം നടത്തി ബിൽ നൽകുകയും ഇതോടൊപ്പം എസ്.എം.എസ് അയയ്ക്കുകയും ചെയ്യുന്ന കെ.എസ്.ഇ.ബി.-യുടെ മാതൃക വാട്ടർ അതോറിറ്റിയും നടപ്പിൽ വരുത്തുമോ?

മീറ്റർ റീഡിംഗ് യഥാസമയം നടത്തി എസ്.എം.എസ്. അയയ്ക്കാനാണ് ഉദ്ദേശിക്കുന്നത്. ഇപ്പോൾ ആദ്യ ഘട്ടമായി തിരുവനന്തപുരം നഗര (North & South) ഡിവിഷനുകളിലാണ് കടലാസ് രഹിത ഹരിത പ്രോട്ടോക്കോളിന്റെ ഭാഗമായി പ്രിന്റഡ് ബില്ലിന് പകരം എസ്.എം.എസ്. സംവിധാനം ഏർപ്പെടുത്തിയിട്ടുള്ളത്. ഉപഭോക്താക്കൾക്ക് സമയാസമയം ബില്ല് അടച്ച തുകയുടെ രസീത്, പരാതിയുടെ പുരോഗതി, കുടിവെള്ള തടസ്സം സംബന്ധിച്ച വിവരങ്ങൾ എന്നിവ എസ്.എം.എസ്. മുഖേന അറിയിക്കുകയും ചെയ്യുന്നു. ആവശ്യക്കാർക്ക് ഇത് ഡൗൺലോഡ് ചെയ്ത് പ്രിന്റ് എടുക്കുവാനുള്ള സൗകര്യവുമുണ്ട്.

(എഫ്) വാട്ടർ അതോറിറ്റിക്ക് ആധുനിക രീതിയിലുള്ള പുതിയ ബില്ലിംഗ് മെഷീൻ വാങ്ങുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

കോവിഡ് -19 പശ്ചാത്തലത്തിൽ സമ്പർക്കരഹിതവും ആധുനികവുമായ മൊബൈൽ ആപ്പ് അധിഷ്ഠിത ബില്ലിംഗ് സമ്പ്രദായമാണ് വാട്ടർ അതോറിറ്റിയിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്.

## മണ്ണാർക്കാട് മണ്ഡലത്തിലെ ജലവിഭവ വകുപ്പ് പ്രവൃത്തികൾ

291(1037) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് മണ്ണാർക്കാട് മണ്ഡലത്തിൽ ജലവിഭവ വകുപ്പിന്റെ സ്റ്റേറ്റ് പ്ലാനിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ ഏതെല്ലാമാണെന്ന് വിശദമാക്കുമോ;

(ബി) ഇതിൽ ഏതെല്ലാം പ്രവൃത്തികൾ പൂർത്തീകരിക്കാനുണ്ട് എന്നതിന്റെ വിശദാംശം കൂടി ലഭ്യമാക്കുമോ?

(എ & ബി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ജലവിഭവ വകുപ്പിന്റെ വിവിധ വിഭാഗങ്ങളുടെ കീഴിൽ മണ്ണാർക്കാട് മണ്ഡലത്തിൽ സ്റ്റേറ്റ് പ്ലാനിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയ പ്രവൃത്തികളുടെയും പൂർത്തീകരിക്കാനുള്ള പ്രവൃത്തികളുടെയും വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

## വാട്ടർ അതോറിറ്റിയിലെ പുതിയ ബില്ലിംഗ് സംവിധാനം

292(1038) ശ്രീ. പി. ടി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാട്ടർ അതോറിറ്റി നടപ്പാക്കിയ പുതിയ ബില്ലിംഗ് സംവിധാനത്തിന്റെ ഭാഗമായി ഉപഭോക്താക്കളിൽനിന്നും ഉയർന്ന വാട്ടർ ചാർജ്ജ് ഈടാക്കുന്ന സാഹചര്യമുണ്ടായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) പ്രസ്തുത തകരാർ പരിഹരിക്കുന്നതിന് എന്തൊക്കെ നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

(എ & ബി) ബില്ലിംഗ് സമ്പ്രദായത്തിൽ കേരള വാട്ടർ അതോറിറ്റി നിലവിൽ മാറ്റം വരുത്തിയിട്ടില്ലാത്തതിനാൽ തകരാർ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ കടലാസ് രഹിത ഹരിത പ്രോട്ടോക്കോൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായി പ്രിന്റ് ചെയ്ത ബില്ലുകൾക്ക് പകരം എസ്.എം.എസ്. ആയി അയയ്ക്കുന്ന രീതിയാണ് തിരുവനന്തപുരം നഗരത്തിൽ ഇപ്പോഴുള്ളത്. covid മഹാമാരി കാലത്ത് കണ്ടെയിൻമെന്റ് സോണിലും ലോക്ക്ഡൗൺ കാലയളവിലും വീടുകളിൽ പോയി മീറ്റർ റീഡിംഗ് എടുക്കാൻ സാധിക്കാത്തതിനാൽ തൊട്ട് മുമ്പുള്ള ഉപയോഗം (റീഡിംഗ്) വച്ചുള്ള ബില്ലുകളാണ് നൽകിവന്നിരുന്നത്. അവസാന ഉപയോഗം (റീഡിംഗ്) കൂടുതൽ ആയിരുന്ന ഉപഭോക്താവിന് ബിൽ തുക കൂടുതലായിരിക്കും എന്നാൽ യഥാർത്ഥ റീഡിംഗ് കിട്ടുന്ന മുറയ്ക്ക് തുകയിൽ വ്യത്യാസം വരുകയും ആയത് ഉപഭോക്താവിന് അടുത്ത ബില്ലിൽ ഉൾപ്പെടുത്തി നൽകുകയും ചെയ്യുന്നതാണ്.

**വരൾച്ച ദുരിതാശ്വാസമായി വിതരണം ചെയ്ത കുടിവെള്ളത്തിന് തുക ഈടാക്കൽ**

293(1039) ശ്രീ. സി. എച്ച്. കുഞ്ഞമ്പു : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാസർഗോഡ് ജില്ലയിലെ ബേഡഡുക്ക പഞ്ചായത്തിലെ വാട്ടർ അതോറിറ്റിയുടെ അധീനതയിലുള്ള സ്രോതസ്സിൽ നിന്നും ശേഖരിച്ച് വരൾച്ച ദുരിതാശ്വാസമായി വിതരണം ചെയ്ത കുടിവെള്ളത്തിന് തുക ഈടാക്കാനുള്ള വകുപ്പിന്റെ നടപടി ഒഴിവാക്കണമെന്നാവശ്യപ്പെട്ട് സ്ഥലം എം.എൽ.എ മുഖേന പഞ്ചായത്ത് നൽകിയ ഹർജിയിൽ വാട്ടർ അതോറിറ്റി എന്തെങ്കിലും തീരുമാനം എടുത്തിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

സംസ്ഥാനത്ത് കുടിവെള്ളക്ഷാമം രൂക്ഷമായ പ്രദേശങ്ങളിൽ ഗ്രാമപഞ്ചായത്തുകൾക്കും നഗരസഭകൾക്കും കോർപ്പറേഷനുകൾക്കും തങ്ങളുടെ തനത്/പ്ലാൻ ഫണ്ടിൽ നിന്നും തുക വിനിയോഗിക്കുന്നതിനായി സർക്കാർ ഉത്തരവായിരുന്നു. പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് കുടിവെള്ളക്ഷാമം രൂക്ഷമായ പ്രദേശങ്ങളിൽ ഗ്രാമപഞ്ചായത്തുകൾക്കും നഗരസഭകൾക്കും കോർപ്പറേഷനുകൾക്കും ടാങ്കർ ലോറിയിൽ വിതരണം ചെയ്യുവാൻ വേണ്ടി നൽകുന്ന കുടിവെള്ളത്തിന് തുക ഈടാക്കാൻ കേരള വാട്ടർ അതോറിറ്റി നിർദ്ദേശം നൽകിയത്. എന്നാൽ ഏതെങ്കിലും കാരണവശാൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് തുക ഒടുക്കുവാൻ കഴിയാത്ത

പക്ഷം അവർക്ക് കുടിവെള്ളം നൽകുന്നത് നിഷേധിക്കരുതെന്നും നൽകുന്ന ജലത്തിന്റെ ചാർജ്ജ് റീഇംബേഴ്സ് ചെയ്യുവാൻ ശ്രമിക്കുവാനും നിർദ്ദേശിച്ചിരുന്നു. ബേഡഡുക്ക ഗ്രാമപഞ്ചായത്തിന് മേൽപ്പറഞ്ഞ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ 5-4-2021 മുതൽ 5-5-2021 വരെ 807 കിലോ ലിറ്റർ കുടിവെള്ളം വിതരണത്തിനായി നൽകിയെങ്കിലും പ്രസ്തുത ആവശ്യത്തിലേക്കായി തുക ഒടുക്കുവാൻ ആ അവസരത്തിൽ നിഷ്കർഷിച്ചിരുന്നില്ല. എന്നാൽ ഗ്രാമപഞ്ചയാത്തുകൾക്ക് കുടിവെള്ള വിതരണത്തിന് സർക്കാർ ഫണ്ട് അനുവദിച്ചതിനെ തുടർന്ന് തുക അടയ്ക്കുവാൻ പഞ്ചായത്തിനോട് ആവശ്യപ്പെട്ടിരുന്നു. ബഹു. എം.എൽ.എ. 2-7-2021-ന് നൽകിയ ഹർജി കേരള വാട്ടർ അതോറിറ്റിയുടെ പരിഗണനയിലാണ്.

## ഗുരുവായൂർ മണ്ഡലത്തിലെ പാലങ്ങളും കലുങ്കുകളും

294(1040) ശ്രീ. എൻ. കെ. അക്ബർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ മണ്ഡലത്തിൽ കനോലി കനാൽ പുഴയുടെയും തോടുകളുടെയും കൈവഴികളിൽ ജലവിഭവ വകുപ്പ് മുഖേന നിർമ്മിച്ച പാലങ്ങൾ, കലുങ്കുകൾ എന്നിവ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) ഇപ്രകാരം ജലവിഭവ വകുപ്പ് നിർമ്മിച്ച പാലങ്ങൾ, കലുങ്കുകൾ എന്നിവയുടെ അറ്റകുറ്റപണിക്കായി ഏതൊക്കെ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) ഗുരുവായൂർ മണ്ഡലത്തിൽ ജലവിഭവ വകുപ്പ് നിർമ്മിച്ച പാലങ്ങളിൽ അടിയന്തര അറ്റകുറ്റപണി നടത്തേണ്ടവയുടെ വിവരങ്ങൾ വ്യക്തമാക്കാമോ?

(എ-സി) ഇത്തരം നിർമ്മാണ പ്രവർത്തനങ്ങളോ അറ്റകുറ്റപ്പണികളോ നടത്തിയിട്ടില്ല.

## മുളിയങ്ങൽ- കായണ്ണ -കൈതക്കൊല്ലി റോഡിലെ പൈപ്പ് ലൈൻ മാറ്റി സ്ഥാപിക്കൽ

295(1041) ശ്രീ. കെ. എം. സച്ചിൻദേവ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുളിയങ്ങൽ-കായണ്ണ-കൈതക്കൊല്ലി റോഡിലെ റോഡ് പ്രവൃത്തി ആരംഭിക്കുന്നതിന് മുന്നോടിയായി വാട്ടർ അതോറിറ്റിക്ക് പൈപ്പ്ലൈൻ മാറ്റുന്നതിന് പൊതുമരാമത്ത് വിഭാഗം നിർദ്ദേശം നൽകിയിരുന്നോ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

മുളിയങ്ങൽ-കൈതക്കൊല്ലി റോഡിന്റെ പ്രവൃത്തി നടന്നുവരുമ്പോൾ നിലവിലുള്ള കായണ്ണ ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതിയുടെ പൈപ്പ് ലൈനിൽ ചോർച്ചകളുണ്ടായി. പഴകിയ പൈപ്പ് ലൈനായതിനാൽ റോഡ് പ്രവൃത്തി നടന്നുവരുമ്പോൾ പല സ്ഥലങ്ങളിലായി തുടർച്ചയായി ചോർച്ചകൾ ഉണ്ടാവുകയും, പൈപ്പ് ലൈൻ മാറ്റണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് പൊതുമരാമത്ത് വകുപ്പ് വാട്ടർ അതോറിറ്റിക്ക് നിർദ്ദേശം നൽകുകയുമുണ്ടായി. അതുപ്രകാരം നിലവിൽ തകരാറിലായ ഭാഗങ്ങളിലെ പൈപ്പ് ലൈൻ മാറ്റാനുള്ള എസ്റ്റിമേറ്റ് (27 ലക്ഷം രൂപ) പൊതുമരാമത്ത് വകുപ്പ് അസി. എക്സി. എഞ്ചിനീയർക്ക് 30-4-2021-ൽ സമർപ്പിക്കുകയും ചെയ്തു. നിലവിലെ റോഡ് പ്രവൃത്തിയുടെ എസ്റ്റിമേറ്റിൽ പൈപ്പ് മാറ്റാനുള്ള തുക വകയിരുത്തിയിട്ടില്ലെന്ന് പൊതുമരാമത്ത് വകുപ്പ് 27-5-2021-ന് വാട്ടർ അതോറിറ്റിയെ അറിയിക്കുകയുമുണ്ടായി.

(ബി) പ്രസ്തുത റോഡിലെ പഴക്കംചെന്ന് പൊട്ടിയ പൈപ്പ് ലൈൻ മാറ്റി സ്ഥാപിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ?

പ്രസ്തുത റോഡിൽ വരുന്ന 2200 മീറ്റർ പൈപ്പ് ലൈൻ, റോഡരികിലേക്ക് മാറ്റി സ്ഥാപിക്കാനായി 37 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതി നൽകിയിട്ടുണ്ട്. പൈപ്പ് ലൈൻ മാറ്റിസ്ഥാപിക്കാനായി റോഡ് റീസ്റ്റോറേഷൻ തുകയായ 20,26,000 രൂപ പൊതുമരാമത്ത് വകുപ്പിന് അടവാക്കണമെന്ന് 20-7-2021-ന് പൊതുമരാമത്ത് വകുപ്പ് അറിയിക്കുകയുണ്ടായി. എന്നാൽ പുതിയ റോഡ് നിർമ്മാണവുമായി ബന്ധപ്പെട്ട് പൈപ്പ് ലൈൻ മാറ്റുന്നത് കൊണ്ട് റോഡ് റീസ്റ്റോറേഷൻ തുക എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിരുന്നില്ല. 20-9-2021-ന് എം.എൽ.എ., ജില്ലാകളക്ടർ എന്നിവരുടെ നേതൃത്വത്തിൽ നടന്ന യോഗത്തിൽ പൈപ്പ് ലൈൻ മാറ്റുന്ന പ്രവൃത്തിയിൽ റോഡ് റീസ്റ്റോറേഷൻ ഉൾപ്പെടുത്തി ടെണ്ടർ ചെയ്യാൻ തീരുമാനിച്ചു. എന്നാൽ റോഡ് റീസ്റ്റോറേഷൻ വാട്ടർ അതോറിറ്റി ചെയ്യുകയാണെങ്കിൽ പ്രസ്തുത ഭാഗങ്ങളിലുണ്ടാകുന്ന തകരാറുകൾക്ക് പി.ഡബ്ല്യു.ഡി. കരാറുകാരന് ഉത്തരവാദിത്തം ഏറ്റെടുക്കാൻ കഴിയില്ലെന്ന് റോഡ് കരാറുകാരൻ അറിയിച്ചതായി പൊതുമരാമത്ത് വകുപ്പ് എക്സി. എഞ്ചിനീയർ അറിയിക്കുകയുണ്ടായി. തുടർന്ന് പൊതുമരാമത്ത് വകുപ്പ് എക്സി. എഞ്ചിനീയറുമായി നടന്ന ചർച്ചയിൽ റോഡ് റീസ്റ്റോറേഷന് വരുന്ന ചെലവ് പൊതുമരാമത്ത് വകുപ്പിൽ അടയ്ക്കാൻ തീരുമാനിക്കുകയുണ്ടായി.

(സി) പ്രസ്തുത ജോലികൾ എപ്പോൾ പൂർത്തിയാക്കാൻ കഴിയുമെന്ന് അറിയിക്കാമോ?

8-10-2021-ന് നടക്കുന്ന ടെണ്ടർ ലഭിച്ച് ഒരു മാസത്തിനകം പ്രവൃത്തി പൂർത്തീകരിക്കുവാൻ സാധിക്കുന്നതാണ്.

## പട്ടികവർഗ്ഗ കോളനികളിൽ കുടിവെള്ള ലഭ്യത ഉറപ്പാക്കൽ

296(1042) ശ്രീ. ഷാഫി പറമ്പിൽ: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ എല്ലാ പട്ടികവർഗ്ഗ കോളനികളിലും കുടിവെള്ള ലഭ്യത ഉറപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

പട്ടികവർഗ്ഗ കോളനികൾക്കുവേണ്ടി നീതി ആയോഗ്, വാട്ടർ അതോറിറ്റി നിർവഹണ ഏജൻസിയായിട്ടുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നിക്ഷേപ പദ്ധതി, ഇന്റഗ്രേറ്റഡ് ട്രൈബൽ ഡെവലപ്മെന്റ് പ്രോജക്ട് (ITDP), അഡീഷണൽ ട്രൈബൽ സബ് പ്ലാൻ (ATSP), ട്രൈബൽ സബ് പ്ലാൻ (TSP), ജനപ്രതിനിധികളുടെ വികസന പദ്ധതി, പട്ടികവർഗ്ഗ കോർപ്പസ് ഫണ്ട് എന്നിവ വഴി വിവിധ കുടിവെള്ള പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട്. ചില പദ്ധതികൾ പുരോഗമിച്ചു വരുന്നു. 2024-ഓടുകൂടി എല്ലാ ഗ്രാമീണ വീടുകളിലും ഗാർഹിക കുടിവെള്ള കണക്ഷനുകൾ ലഭ്യമാക്കി കുടിവെള്ള ലഭ്യത ഉറപ്പാക്കുന്നത് ലക്ഷ്യമിട്ട് കേന്ദ്ര-സംസ്ഥാന സർക്കാരുകൾ സംയുക്തമായി നടപ്പിലാക്കുന്ന പദ്ധതിയാണ് ജൽജീവൻ മിഷൻ പദ്ധതി. പ്രസ്തുത പദ്ധതിയിൽപെടുത്തി ഗ്രാമീണ മേഖലയിലെ എല്ലാ പട്ടികവർഗ്ഗ കോളനികളിലും കുടിവെള്ള കണക്ഷനുകൾ 2024-ഓടുകൂടി ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഈ ലക്ഷ്യം കൈവരിക്കുന്നതോടെ ഗ്രാമീണ മേഖലയിലെ എല്ലാ പട്ടികവർഗ്ഗ കുടുംബങ്ങൾക്കും കുടിവെള്ളം ലഭ്യമാകുന്നതാണ്.

## കായംകുളത്ത് വാട്ടർ അതോറിറ്റി ഡിവിഷൻ ഓഫീസ് ആരംഭിക്കുന്നതിനുള്ള നടപടികളുടെ പുരോഗതി

297(1043) ശ്രീമതി യു. പ്രതിഭ: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കായംകുളം കേന്ദ്രമാക്കി വാട്ടർ അതോറിറ്റിയുടെ ഒരു ഡിവിഷൻ ഓഫീസ് ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട നടപടികളുടെ പുരോഗതി വിശദമാക്കാമോ?

സംസ്ഥാനത്താകെയുള്ള ഡിവിഷൻ ഓഫീസുകളുടെ പുന:ക്രമീകരണം ആവശ്യമാണെന്നുള്ള കേരള വാട്ടർ അതോറിറ്റി ഡയറക്ടർ ബോർഡിന്റെ കണ്ടെത്തലിന്റെ അടിസ്ഥാനത്തിൽ പുന:ക്രമീകരണം സംബന്ധിച്ച് വിവിധ ജില്ലകളിൽ നിന്ന് പ്രൊപ്പോസലുകൾ സ്വീകരിച്ച് വരുന്നു. കായംകുളത്ത് ഡിവിഷണൽ ഓഫീസ് അനുവദിക്കുന്നത് സംബന്ധിച്ച വിഷയം ഡിവിഷൻ ഓഫീസുകളുടെ പുനഃക്രമീകരണം നടത്തുന്നതോടൊപ്പം പരിശോധിക്കാവുന്നതാണ്.

## മഞ്ചേരി ടൗണിൽ തകരാറിലായ റോഡുകൾ

298(1044) ശ്രീ. യു. എ. ലത്തീഫ്: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മഞ്ചേരി ടൗണിൽ പൈപ്പ് ലൈൻ മാറ്റി സ്ഥാപിക്കുന്ന പ്രവൃത്തിമൂലം തകരാറിലായ റോഡുകൾ അറ്റകുറ്റപ്പണി ചെയ്ത് പൂർവ്വസ്ഥിതിയിലാക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ?

മഞ്ചേരി ടൗണിൽ തകരാറിലായ റോഡുകൾ പൂർവ്വസ്ഥിതിയിലാക്കുന്നതിന് പ്രസ്തുത പദ്ധതിയിൽ തന്നെ തുക വകയിരുത്തിയിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പിന്റെ മേൽനോട്ടത്തിൽ, മേൽ പ്രവൃത്തിയുടെ കരാറുകാരൻ തന്നെ പൈപ്പ് ലൈൻ പൂർത്തിയായതിനുശേഷം റോഡിന്റെ അറ്റകുറ്റപ്പണികൾ ചെയ്ത് റോഡ് പൂർവ്വ സ്ഥിതിയിലാക്കുന്നതാണ്.

## തദ്ദേശീയ മത്സ്യങ്ങളുടെ സംരക്ഷണം

299(1045) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വംശനാശഭീഷണി നേരിടുന്ന തദ്ദേശീയ മത്സ്യങ്ങളുടെ സംരക്ഷണത്തിനായി പ്രത്യേകമായ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കാമോ?

ഉണ്ട്. 2021-22 സാമ്പത്തിക വർഷം റിസർവോയർ ഫിഷറീസ് പദ്ധതിയുടെ ഭാഗമായി തെൻമല, ഇടുക്കി, ഭൂതത്താൻകെട്ട്, ചിമ്മിനി, ഷോളയാർ (ലോവർ), പെരിങ്ങൽക്കുത്ത്, പീച്ചി, വാഴാനി എന്നീ 8 റിസർവോയറുകളിലായി വംശനാശ ഭീഷണി നേരിടുന്നത് ഉൾപ്പെടെ തദ്ദേശീയ വിഭാഗത്തിൽപ്പെട്ട endemic carp, endemic catfish, കുയിൽ മത്സ്യം, വരാൽ തുടങ്ങിയവയുടെ മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കി വരുന്നു. പദ്ധതിക്കായി 2021-22 സാമ്പത്തിക വർഷം 150 ലക്ഷം രൂപയുടെ ഭരണാനുമതി നല്കിയിട്ടുണ്ട്. കൂടാതെ ഉൾനാടൻ ജലാശയങ്ങളിൽ തദ്ദേശീയ മത്സ്യങ്ങളുടെ വംശനാശം തടയുന്നതിനായി അശാസ്ത്രീയ മത്സ്യബന്ധന രീതികൾ നിരോധിച്ചിട്ടുണ്ട്. ആയത് കണ്ടെത്തുന്നതിനും നടപ്പിലാക്കുന്നതിനുമായി പട്രോളിംഗ് ഊർജ്ജിതപ്പെടുത്തിയിട്ടുണ്ട്. വംശനാശ ഭീഷണി നേരിടുന്ന മഞ്ഞക്കൂരി, കുയിൽ, ചെങ്കണിയാൻ, നാടൻമുഷി, ഉളി തുടങ്ങിയ തദ്ദേശീയ മത്സ്യ കുഞ്ഞുങ്ങളെ വകുപ്പിന്റെ നെയ്യാർ, പോളച്ചിറ, തളിപ്പുഴ, പീച്ചി എന്നീ ഹാച്ചറികളിൽ ഉല്പാദിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. 2021-22 വർഷം 50 ലക്ഷം കുഞ്ഞുങ്ങളുടെ ഉൽപ്പാദനം ലക്ഷ്യമിടുന്നു.

(ബി) മത്സ്യങ്ങളുടെ സ്വാഭാവിക പ്രജനന ആവാസകേന്ദ്രങ്ങൾ സംരക്ഷിക്കുന്നതിന് എന്തെല്ലാം നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ?

മത്സ്യങ്ങളുടെ സ്വാഭാവിക പ്രജനന ആവാസ കേന്ദ്രങ്ങൾ സംരക്ഷിക്കുക എന്ന ലക്ഷ്യത്തോടെ വേമ്പനാട് കായൽ മത്സ്യ സംരക്ഷണ പദ്ധതി, അഷ്ടമുടി കായൽ മത്സ്യസംരക്ഷണ പദ്ധതി എന്നിവ നടപ്പിലാക്കി. വേമ്പനാട് കായലിലെ ഉൾനാടൻ മത്സ്യവിഭവങ്ങളുടെ സംരക്ഷണം, വർദ്ധനവ് ഇവ ലക്ഷ്യമാക്കി 2019-20 സാമ്പത്തിക വർഷം വേമ്പനാട് കായൽ മത്സ്യസംരക്ഷണ പദ്ധതിക്ക് 248 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി. ആയതിൻപ്രകാരം കരിമീൻ പ്രജനനത്തിന് സഹായകരമാവുന്ന തരത്തിൽ കായലിൽ 2 ഹെക്ടർ വിസ്തൃതിയിലുള്ള 20 യൂണിറ്റ് സ്വാഭാവിക മത്സ്യ പ്രജനന കേന്ദ്രങ്ങളും കറുത്ത കക്കയുടെ സംരക്ഷണത്തിനും പുനരുജ്ജീവനത്തിനുമായി 15 യൂണിറ്റ് കക്കസംരക്ഷിത മേഖലകളും സ്ഥാപിച്ചിട്ടുണ്ട്. അഷ്ടമുടി കായലിലെ ഉൾനാടൻ മത്സ്യവിഭവങ്ങളുടെ സംരക്ഷണവും വർദ്ധനവും ലക്ഷ്യമാക്കി 2019-20 സാമ്പത്തിക വർഷം അഷ്ടമുടി കായൽ മത്സ്യസംരക്ഷണ പദ്ധതിക്കായി 95 ലക്ഷം രൂപയുടെ ഭരണാനുമതി നല്കി. ആയതിൻപ്രകാരം കരിമീൻ പ്രജനനത്തിന് സഹായകരമാവുന്ന തരത്തിൽ കായലിൽ 2 ഹെക്ടർ വിസ്തൃതിയിലുള്ള 5 യൂണിറ്റ് സ്വാഭാവിക മത്സ്യ പ്രജനന കേന്ദ്രങ്ങളും കറുത്ത കക്കയുടെ സംരക്ഷണത്തിനും പുനരുജ്ജീവനത്തിനുമായി 2 യൂണിറ്റ് കക്ക സംരക്ഷിത മേഖലകളും സ്ഥാപിച്ചിട്ടുണ്ട്.

## ബി.പി.എൽ. പട്ടികയിൽ ഉൾപ്പെടുന്ന കുടുംബങ്ങൾ

300(1046) ശ്രീ. എം. വിൻസെന്റ്: താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ബി.പി.എൽ. പട്ടികയിൽ ഉൾപ്പെടുന്ന കുടുംബങ്ങളുടെ എണ്ണം പഞ്ചായത്തിലെ ആകെ ജനസംഖ്യയുടെ 25 ശതമാനത്തിലധികം ആകരുതെന്ന നിബന്ധന നിലവിലുണ്ടോ; പ്രസ്തുത നിബന്ധനമൂലം മത്സ്യ തൊഴിലാളികൾ കൂടുതലായി അധിവസിക്കുന്ന പ്രദേശങ്ങളിൽ അർഹരായ നിരവധി ആളുകൾ പട്ടികയ്ക്ക് പുറത്താകുന്നത് പരിഹരിക്കുന്നതിനായി സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

ബി.പി.എൽ. പട്ടിക സംബന്ധിച്ച വിഷയങ്ങൾ കൈകാര്യം ചെയ്യുന്നത് സിവിൽ സപ്ലൈസ് വകുപ്പാണ്. ഫിഷറീസ് വകുപ്പ് മത്സ്യത്തൊഴിലാളികൾക്ക് ആനുകൂല്യങ്ങൾ നൽകുന്നത് എ.പി.എൽ./ ബി.പി.എൽ. വകഭേദമില്ലാതെയാണ്.

## അശാസ്ത്രീയ മത്സ്യബന്ധനം

301(1047) ശ്രീ. മോൻസ് ജോസഫ്:
ശ്രീ. അനൂപ് ജേക്കബ്:
ശ്രീ. മാണി സി. കാപ്പൻ:
ശ്രീ. പി. ജെ. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) തീരത്തെ അശാസ്ത്രീയ മത്സ്യബന്ധനംമൂലം സംസ്ഥാനത്ത് മത്സ്യ സമ്പത്തിൽ ശോഷണം സംഭവിച്ചുകൊണ്ടിരിക്കുന്ന നിലവിലെ സ്ഥിതിവിശേഷം പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

ഉണ്ട്. തീരത്തെ അശാസ്ത്രീയ മത്സ്യബന്ധനം, വർദ്ധിച്ച മത്സ്യബന്ധന സമ്മർദ്ദം, ചെറുമത്സ്യങ്ങളെ പിടിക്കൽ, വിദേശ ട്രോളറുകളുടെ കടന്നുകയറ്റം, ജലമലിനീകരണം, കണ്ടൽക്കാടുകളുടെ തിരോധാനം, കാലാവസ്ഥാ വ്യതിയാനം, ആഗോളതാപനം തുടങ്ങിയ നിരവധി കാരണങ്ങളാൽ മത്സ്യ സമ്പത്തിന് മുൻകാലങ്ങളെ അപേക്ഷിച്ച് ശോഷണം സംഭവിക്കുന്നുവെന്ന് കേന്ദ്ര സർക്കാർ സ്ഥാപനമായ CMFRI-യുടെ പഠനത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. ഓഖി, പ്രളയം പോലുള്ള പ്രകൃതി ദുരന്തങ്ങളും മത്സ്യസമ്പത്ത് കുറയുന്നതിന് ഒരുപരിധിവരെ കാരണമായി മാറിയിട്ടുണ്ട്. മുൻകാലങ്ങളെ അപേക്ഷിച്ച് കടൽ മത്സ്യത്തിന്റെ ലഭ്യത 2017-18 വരെ കുറഞ്ഞു വരുന്നതായി വിലയിരുത്തിയിട്ടുണ്ട്. എന്നാൽ കെ.എം.എഫ്.ആർ. നിയമം 2017-ൽ കാലോചിതമായി പരിഷ്കരിക്കുകയും 2018-ൽ പുതിയ കെ.എം.എഫ്.ആർ. റൂൾ നടപ്പാക്കുകയും ചെയ്യുക വഴി ശാസ്ത്രീയ മത്സ്യബന്ധനം ഉറപ്പാക്കുകയും കടൽ മത്സ്യസമ്പത്ത് 2018-19-ൽ 6.09 ടണ്ണായി വർദ്ധിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ തുടർന്നുള്ള രണ്ടു വർഷങ്ങളിൽ കടൽ മത്സ്യ ലഭ്യത കുറയുന്നതായിട്ടാണ് കാണുന്നത്. കഴിഞ്ഞ രണ്ടു വർഷങ്ങളിൽ മത്സ്യലഭ്യത കുറയാനുള്ള പ്രധാന കാരണങ്ങളിൽ കോവിഡ് പ്രതിസന്ധി, കാലാവസ്ഥ മുന്നറിയിപ്പ് എന്നിവമൂലം മത്സ്യബന്ധന ദിവസങ്ങൾ കുറഞ്ഞതും ഉൾപ്പെടുന്നു.

(ബി) ഇത് മത്സ്യത്തൊഴിലാളി സമൂഹത്തെ എപ്രകാരം ബാധിക്കുമെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. അശാസ്ത്രീയമായ മത്സ്യബന്ധനവും കാലാവസ്ഥാ വ്യതിയാനവും കൊണ്ടുണ്ടാകുന്ന മത്സ്യവിഭവ ശോഷണം മത്സ്യത്തൊഴിലാളികളെ നേരിട്ട് ബാധിക്കുന്നുണ്ട്. ഇത് പരമ്പരാഗത/ചെറുകിട മത്സ്യത്തൊഴിലാളികളുടെ വരുമാന ക്കുറവിനും അനുബന്ധ തൊഴിലാളികളുടേതുൾപ്പെടെ തൊഴിൽ ദിനങ്ങൾ നഷ്ടപ്പെടുന്നതിനും കാരണമാകുന്നു.

(സി) എങ്കിൽ മത്സ്യസമ്പത്ത് സംഭരിക്കുന്നതിനും വർദ്ധിപ്പിക്കുന്നതിനും പര്യാപ്തമായ രീതിയിൽ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

കടൽ മത്സ്യസമ്പത്ത് സംരക്ഷിക്കുന്നതിനും പരിപാലിക്കുന്നതിനും വർദ്ധിപ്പിക്കുന്നതിനും ഉതകുന്ന തരത്തിൽ KMFR Act-ഉം Rule-ഉം കാലോചിതമായി പരിഷ്കരിക്കുകയും കാര്യക്ഷമമായി നടപ്പിലാക്കുകയും ചെയ്തുവരുന്നു. വിവിധ മത്സ്യ വർഗ്ഗങ്ങളുടെ സ്വാഭാവിക ആവാസ വ്യവസ്ഥകൾ സംരക്ഷിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. ശാസ്ത്രീയ മത്സ്യബന്ധനം ഉറപ്പാക്കുന്നതിനായി ട്രോൾ നെറ്റുകളുടെ കോഡ് എന്റിൽ സ്ക്വയർ മെഷ് നിർബന്ധമാക്കി. പ്രധാനപ്പെട്ട എല്ലാ വലകളുടെയും ആകെ വലിപ്പം നിയന്ത്രിക്കുകയും കുറഞ്ഞ കണ്ണി വലിപ്പം നിശ്ചയിക്കുകയും ചെയ്തിട്ടുണ്ട്. തീരക്കടലിലെ മത്സ്യബന്ധന സമ്മർദ്ദം കുറയ്ക്കുന്നതിനായി 20 മീറ്ററിന് മുകളിൽ നീളവും 250 എച്ച്.പി.യ്ക്ക് മുകളിൽ ഇന്ധന ക്ഷമതയുള്ളതുമായ യാനങ്ങൾക്ക് തീരക്കടലിൽ (12 നോട്ടിക്കൽ മൈൽ വരെ) മത്സ്യബന്ധന ലൈസൻസ് നിരോധിച്ചു. ചെറുമത്സ്യങ്ങളെ പിടിച്ച് വളം നിർമ്മാണത്തിനും മത്സ്യതീറ്റ നിർമ്മാണത്തിനും മറ്റും ഉപയോഗിക്കുന്നത് മത്സ്യ സമ്പത്തിന്റെ ശോഷണത്തിന് കാരണമാകുന്നു എന്ന് മനസ്സിലാക്കി കേരള തീരത്ത് സുലഭമായ 58 ഇനം മത്സ്യങ്ങളുടെ പിടിച്ചെടുക്കാവുന്ന കുറഞ്ഞ വലിപ്പം നിശ്ചയിച്ച് വിജ്ഞാപനം ഇറക്കുകയും ആയത് നടപ്പിലാക്കുകയും ചെയ്തുവരുന്നു. കൂടാതെ ട്രോൾബാൻ 47 ദിവസത്തിൽ നിന്നും 52 ദിവസമായി വർദ്ധിപ്പിച്ചു. കടലിൽ കൃത്രിമ ആവാസ വ്യവസ്ഥയായ കൃത്രിമ പാര് നിക്ഷേപിക്കുന്ന പദ്ധതി പ്രാവർത്തികമാക്കിയിട്ടുണ്ട്.

## കടൽ രക്ഷാ സ്ക്വാഡുകൾ

302(1048) <u>ശ്രീ. സി. എച്ച്. കുഞ്ഞമ്പു</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മത്സ്യത്തൊഴിലാളികളെ ഉൾപ്പെടുത്തി കടൽ രക്ഷാ സ്ക്വാഡുകൾ രൂപീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

ഉണ്ട്. ഓഖി ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ കടൽ രക്ഷാ പ്രവർത്തനങ്ങളും മറ്റു ദുരന്ത നിവാരണ പ്രവർത്തനങ്ങളും ശക്തിപ്പെടുത്തുന്നതിനായി കേരളത്തിലെ തെരഞ്ഞെടുത്ത 60 മത്സ്യഗ്രാമങ്ങളിൽ കടൽ സുരക്ഷാ സ്ക്വാഡുകൾ രൂപീകരിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിനായി പ്രത്യേക പരിശീലനം നൽകി 900 കടൽ സുരക്ഷാ സ്ക്വാഡുകളെ നിയമിക്ക

ന്നതിനായി 7.15 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഗോവ ആസ്ഥാനമായി പ്രവർത്തിക്കുന്ന നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പോർട്സ് എന്ന കേന്ദ്ര സർക്കാർ അംഗീകാരമുള്ള സ്ഥാപനത്തിലാണ് പരിശീലനം നൽകുന്നത്. 15 ദിവസം വീതമാണ് ട്രെയിനിംഗ്. ഇതുവരെ 15 ബാച്ചുകളിലായി ഒൻപത് തീരദേശ ജില്ലകളിൽ നിന്നും 612 മത്സ്യത്തൊഴിലാളികൾ പരിശീലനം പൂർത്തീകരിച്ചു. കോവിഡ്-19 സാഹചര്യത്തിൽ ട്രെയിനിംഗ് മാറ്റി വച്ചിരിക്കുകയാണ്. കടൽ സുരക്ഷാ സ്ക്വാഡിലെ മത്സ്യബന്ധന യാനങ്ങൾക്ക് നൽകുന്ന സുരക്ഷാ ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) കാസർഗോഡ് ജില്ലയിൽ ഇത്തരത്തിൽ എത്ര സ്ക്വാഡുകളാണ് രൂപീകരിച്ചിട്ടുള്ളത്; ഇവർക്ക് വകുപ്പ് തലത്തിൽ എന്തൊക്കെ സംവിധാനങ്ങളാണ് നൽകുന്നത്; വിശദാംശങ്ങൾ അറിയിക്കാമോ?

കാസർഗോഡ് ജില്ലയിൽ നിലവിൽ 10 മത്സ്യത്തൊഴിലാളികൾക്ക് കടൽ സുരക്ഷാ സ്ക്വാഡിലേക്കുള്ള പരിശീലനം നൽകിയിട്ടുണ്ട്. പരിശീലനം പൂർത്തിയാക്കുന്നവർക്ക് യൂണിഫോം, യാനത്തിലേക്ക് ആവശ്യമുള്ള വാർത്താ വിനിമയ ഉപകരണങ്ങൾ, ഡിസ്ട്രസ്സ് അലെർട് ട്രാൻസ്മിറ്റർ, ജി.പി.എസ്, ലൈഫ് ജാക്കറ്റ്, ലൈഫ് ബോയ്, ടോർച്ച്, മറ്റ് അത്യാവശ്യ സുരക്ഷാ ഉപകരണങ്ങൾ എന്നിവ വകുപ്പിൽ നിന്നും വിതരണം ചെയ്തു വരുന്നു.

## ഫിഷറീസ് ടൂറിസം

303(1049) <u>ശ്രീ. റോജി എം. ജോൺ</u>: താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഉൾനാടൻ മത്സ്യകൃഷിയുടെ സാധ്യതകൾ കൂടി പ്രയോജനപ്പെടുത്തിക്കൊണ്ട് ടൂറിസം വകുപ്പുമായി സഹകരിച്ച് ഫിഷറീസ് ടൂറിസം മേഖലയിൽ കൂടുതൽ പദ്ധതികൾ നടപ്പിലാക്കുന്നതിന് തയ്യാറാകുമോ; വിശദാംശം നൽകുമോ?

ഉൾനാടൻ മത്സ്യകൃഷിയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തി ടൂറിസം വകുപ്പുമായി സഹകരിച്ച് ഫിഷറീസ് ടൂറിസം മേഖലയിൽ പദ്ധതികൾ നടപ്പിലാക്കുന്ന കാര്യം പരിശോധിച്ചുവരികയാണ്. എറണാകുളം ജില്ലയിൽ കടമക്കുടി, ഞാറയ്ക്കൽ, കുമ്പളങ്ങി, ഉദയപേരൂർ, ചെറായി, ഏഴിക്കര, വരാപ്പുഴ തുടങ്ങിയ സ്ഥലങ്ങളിൽ ഫിഷറീസ് ടൂറിസവുമായി ബന്ധപ്പെട്ട് പദ്ധതികൾ നടപ്പിലാക്കുന്നതിന് വളരെയധികം സാധ്യതകളുണ്ട്. കടമക്കുടി പ്രദേശത്ത് നൂറോളം മത്സ്യക്കൂടുകൾ പുഴയിലും കായലിലുമായി സ്ഥാപിച്ചിട്ടുണ്ട്. ഇവിടെ സന്ദർശകരുടെ എണ്ണം ദിനംപ്രതി വർദ്ധിച്ചുവരുന്നുണ്ട്. കൂടാതെ മത്സ്യഫെഡ് വഴി എറണാകുളം ജില്ലയിലുള്ള

ഞാറയ്ക്കൽ, മാലിപ്പുറം മത്സ്യഫാമുകളിലും കോട്ടയം ജില്ലയിലെ പാലയ്ക്കരി ഫാമിലും നിലവിൽ മത്സ്യകൃഷിയോടൊപ്പം അക്വാ ടൂറിസവും നടത്തിവരുന്നു. മാലിപ്പുറം ഫാമിൽ ആധുനിക സൗകര്യങ്ങളോടെ അക്വാ ടൂറിസം പദ്ധതി നടപ്പിലാക്കുന്നതിന് മാസ്റ്റർ പ്ലാൻ/ഡി.പി.ആർ. തയ്യാറാക്കാൻ കൺസൾട്ടന്റിനെ തീരുമാനിക്കുകയും അതനുസരിച്ച് കരട് പ്രൊപ്പോസൽ സമർപ്പിക്കുകയും ടൂറിസം ഡിപ്പാട്ട്മെന്റിന്റെ പരിഗണനയ്ക്ക് നിർദ്ദേശങ്ങൾ (concept note) നൽകിയിട്ടുള്ളതുമാകുന്നു. സാധ്യമായ ഉൾനാടൻ ജലാശയങ്ങളിൽ മത്സ്യകൃഷിയോടൊപ്പം അക്വാ ടൂറിസം പദ്ധതി മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങൾ മുഖേന നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു.

**തീരശോഷണം തടയാൻ നടപടി**

304(1050) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. സി. ആർ. മഹേഷ്:
ശ്രീ. ടി. ജെ. വിനോദ്:
ശ്രീ. എം. വിൻസെന്റ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തീരശോഷണം വർദ്ധിക്കുന്ന സാഹചര്യം ഗൗരവത്തോടെ കാണുന്നുണ്ടോ?

ഉണ്ട്.

(ബി) ഇതുസംബന്ധിച്ച് എന്തെങ്കിലും പഠനങ്ങൾ നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(സി) തീരദേശത്തെ അശാസ്ത്രീയമായ നിർമ്മാണരീതികളും പ്രവർത്തനങ്ങളുമാണ് ഇതിന്റെ പ്രധാന കാരണം എന്ന ആരോപണത്തിൽ വസ്തുതയുണ്ടോ;

(ഡി) തീരദേശത്തെ നിർമ്മാണ പ്രവൃത്തികൾ കൂടുതൽ ശാസ്ത്രീയമാക്കാൻ നടപടികൾ സ്വീകരിക്കുമോ?

(ബി-ഡി) അംഗീകൃത ഏജൻസികൾ മുഖേന മാതൃകാപഠനം നടത്തിയതിനു ശേഷമാണ് ഹാർബർ നിർമ്മാണത്തിനുള്ള പദ്ധതിരൂപരേഖ തയ്യാറാക്കുന്നത്. ഹാർബർ നിർമ്മിതിമൂലം ഹാർബറിനോട് ചേർന്നുള്ള പ്രദേശത്ത് എന്തെങ്കിലുംവിധ മാറ്റം ഉണ്ടാകാനിടയുണ്ടോയെന്നും തീരശോഷണവും ഇതിൽ പഠന വിധേയമാക്കാറുണ്ട്. ശോഷിക്കുന്ന തീരദേശ ഭാഗങ്ങളിൽ ഇറിഗേഷൻ വകുപ്പാണ് ഏജൻസികൾ മുഖേന പഠനങ്ങൾ നടത്തുന്നത്.

(ഇ) തീരശോഷണം വർദ്ധിക്കുന്നതുമൂലമുണ്ടാകുന്ന പാരിസ്ഥിതിക ആഘാതത്തെ പ്രതിരോധിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

തീരശോഷണം കുറയ്ക്കുന്നതിനും കടലാക്രമണത്തിൽനിന്നും കരയെയും മത്സ്യത്തൊഴിലാളി കുടുംബങ്ങളെയും സംരക്ഷിക്കുന്നതിനുമായി ഹാർബറിന് സമീപത്തുള്ള പ്രദേശങ്ങൾ, ഗ്രോയിൻ തുടങ്ങിയ സംരക്ഷണ പ്രവൃത്തികൾ നടപ്പിലാക്കി സംരക്ഷിക്കുന്നതാണ്. നിലവിൽ കിഫ്ബി ഫണ്ടുപയോഗിച്ച് 101.51 കോടി രൂപയുടെ പ്രവൃത്തികൾ മുതലപ്പൊഴി, ചേറ്റുവ, മഞ്ചേശ്വരം, തോട്ടപ്പള്ളി, കായംകുളം, കൊല്ലം-താന്നി, പൂന്തുറ-വലിയതുറ എന്നിവിടങ്ങളിൽ നടപ്പിലാക്കുന്നതിന് ഭരണാനുമതി ലഭിച്ചിട്ടുണ്ട്. കൂടാതെ NABARD RIDF XXV-ൽ ഉൾപ്പെടുത്തി 7.14 കോടി രൂപയുടെ തീരസംരക്ഷണ പ്രവൃത്തി പുറത്തൂർ പഞ്ചായത്തിലെ പള്ളിക്കടവിൽ നടപ്പിലാക്കിയിട്ടുണ്ട്.

**തീരദേശ റോഡുകളുടെ നിലവാരം ഉയർത്തൽ**

305(1051) <u>ശ്രീ. എ. കെ. എം. അഷ്റഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തീരദേശ റോഡുകളുടെ നിലവാരം ഉയർത്തൽ പദ്ധതിയിൽ മഞ്ചേശ്വരം നിയോജകമണ്ഡലത്തിലെ ഏതൊക്കെ റോഡുകളാണ് ഭരണാനുമതിക്കായി സമർപ്പിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത മണ്ഡലത്തിലെ ഏതൊക്കെ റോഡുകളാണ് എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് വകുപ്പിന്റെ പരിഗണനയിലുള്ളതെന്ന് വിശദമാക്കുമോ;

(സി) എസ്റ്റിമേറ്റ് തയ്യാറായി ഭരണാനുമതി ലഭ്യമാകാത്ത പ്രവൃത്തികളുടെ വിശദവിവരങ്ങൾ ലഭ്യമാക്കുമോ?

(എ - സി) വിശദാംശം അനുബന്ധമായി ചേർക്കുന്നു*.

(ഡി) ഫിഷറീസ് വകുപ്പിന്റെ ഫണ്ട് ഉപയോഗിച്ച് തീരപ്രദേശങ്ങളിൽ സ്ഥിതി ചെയ്യുന്ന സർക്കാർ വിദ്യാലയങ്ങൾ, അങ്കണവാടികൾ, മറ്റു സർക്കാർ സ്ഥാപനങ്ങൾ എന്നിവയുടെ അടിസ്ഥാന ഭൗതിക സൗകര്യം മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതി നിലവിലുണ്ടോ; വിശദവിവരങ്ങൾ ലഭ്യമാക്കുമോ?

ഫിഷറീസ് വകുപ്പിലെ ഫണ്ട് ഉപയോഗിച്ച് തീരദേശത്തെ സർക്കാർ സ്കൂളുകളുടെ വികസനം, സർക്കാർ ആശുപത്രികളുടെ വികസനം, സർക്കാർ ഫിഷ് ഫാമുകളുടെയും ഫിഷ് ഹാച്ചറികളുടെയും വികസനം, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അധീനതയിലുള്ള മത്സ്യമാർക്കറ്റുകളുടെ വികസനം, ഫിഷിംഗ് ഹാർബറുകളുടെ നിർമ്മാണം എന്നിവ നടപ്പിലാക്കി വരുന്നു.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## പയ്യന്നൂർ മണ്ഡലത്തിലെ ഫിഷറീസ് റോഡ് നവീകരണം

306(1052) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ മണ്ഡലത്തിലെ കരിവെള്ളൂർ-പെരളം ഗ്രാമപഞ്ചായത്തിൽ വരുന്ന കുണിയൻ-എടാട്ടുമ്മൽ (ഫിഷറീസ് റോഡ്) നവീകരണ പ്രവൃത്തി പൂർത്തീകരിക്കാൻ കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) നിർമ്മാണപ്രവൃത്തി നീണ്ടുപോകുന്നത് എന്തുകൊണ്ടാണെന്ന് വിശദമാക്കാമോ?

കരാറുകാരന്റെ ഭാഗത്തു നിന്നുള്ള വീഴ്ച കാരണമാണ് പ്രവൃത്തി പൂർത്തീകരിക്കാൻ കാലതാമസം നേരിടുന്നത്.

(സി) നിർമ്മാണ പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കാമോ?

മേൽ കരാർ റദ്ദു ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കരാർ റദ്ദു ചെയ്തശേഷം ആദ്യ കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ ദർഘാസ് ക്ഷണിച്ച് ബാക്കി പ്രവൃത്തി പൂർത്തീകരിക്കുന്നതാണ്.

## തീരദേശ റോഡുകളുടെ പുനരുദ്ധാരണ പദ്ധതി

307(1053) ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തീരദേശ റോഡുകളുടെ പുനരുദ്ധാരണ പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭ്യമാക്കുന്നതിന് കുന്ദമംഗലം നിയോജക മണ്ഡലത്തിൽ നിന്നുള്ള ഏതെല്ലാം റോഡുകൾക്കാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഈ റോഡുകൾക്ക് എപ്പോൾ ഭരണാനുമതി ലഭ്യമാക്കുമെന്ന് വിശദമാക്കാമോ?

(എ&ബി) തീരദേശ റോഡുകളുടെ പുനരുദ്ധാരണ പദ്ധതിയിലുൾപ്പെടുത്തി ഭരണാനുമതി ലഭ്യമാക്കുന്നതിന് എസ്റ്റിമേറ്റ് തയ്യാറാക്കിയ കുന്ദമംഗലം നിയോജക മണ്ഡലത്തിൽ നിന്നുള്ള റോഡുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

| ക്രമ നമ്പർ | റോഡിന്റെ പേര് | എസ്റ്റിമേറ്റ് തുക (ലക്ഷം) |
|---|---|---|
| 1 | പെരുമണ്ണ പഞ്ചായത്തിലെ വാർഡ് നം.1-ലെ കണ്ണംചിന്നം പാലം മാമ്പുഴ പാലം റോഡിന്റെ വികസന പ്രവൃത്തി | 54.60 ലക്ഷം |
| 2 | ഒളവണ്ണ പഞ്ചായത്തിലെ വാർഡ് നം.3-ലെ മൂഴയിൽ പാലം-കൂടത്തുംപാറ ജംഗ്ഷൻ റോഡിന്റെ വികസന പ്രവൃത്തി | 62.70 ലക്ഷം |

ഫണ്ടിന്റെ ലഭ്യത കൂടി പരിഗണിച്ച് ഭരണാനുമതി നൽകുന്നത് പരിശോധിച്ചു വരുന്നു.

**മത്സ്യഫെഡിന്റെ ഫിഷ് മാർട്ടുകൾ**

308(1054) ശ്രീ. പി. വി. അൻവർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട്, മലപ്പുറം ജില്ലകളിൽ മത്സ്യഫെഡിന്റെ നേരിട്ട് നിയന്ത്രണമുള്ള ഫിഷ് മാർട്ടുകൾ എവിടെയെല്ലാമാണ് പ്രവർത്തിക്കുന്നതെന്ന് അറിയിക്കാമോ?

മലപ്പുറം ജില്ലയിൽ മത്സ്യഫെഡിന്റെ നേരിട്ട് നിയന്ത്രണമുള്ള ഫിഷ് മാർട്ടുകളൊന്നും തന്നെ പ്രവർത്തിക്കുന്നില്ല. കോഴിക്കോട് ജില്ലയിൽ അരയിടത്തുപാലം, തിരുവണ്ണൂർ എന്നിവിടങ്ങളിൽ മത്സ്യഫെഡ് ഫിഷ് മാർട്ടുകൾ പ്രവർത്തിക്കുന്നുണ്ട്.

(ബി) മത്സ്യഫെഡിന്റെ ഫിഷ് മാർട്ടുകൾ അനുവദിക്കുന്നതിന് മലപ്പുറം ജില്ലയിൽനിന്നും ഇതുവരെ ലഭിച്ച അപേക്ഷകളുടെയും താൽപ്പര്യപത്രങ്ങളുടെയും വിശദാംശങ്ങൾ ലഭ്യമാക്കാമോ; ഏതെല്ലാം നിയോജകമണ്ഡലങ്ങളിൽ നിന്നും അപേക്ഷ ലഭിച്ചുവെന്നും അപേക്ഷകളിന്മേൽ സ്വീകരിച്ച നടപടികളും അറിയിക്കാമോ?

മലപ്പുറം ജില്ലയിൽ ചുവടെ പറയുന്ന സഹകരണ ബാങ്ക്/സംഘം എന്നിവിടങ്ങളിൽ നിന്നും ഫ്രാഞ്ചൈസി മാർട്ടുകൾ ആരംഭിക്കുന്നതിന് അപേക്ഷകൾ ലഭ്യമായിട്ടുണ്ട്.

1. കാലിക്കറ്റ് യൂണിവേഴ്സിറ്റി കോ-ഓപ്പറേറ്റീവ് സ്റ്റോഴ്സ്, തേഞ്ഞിപ്പാലം- 27-1-2021-ന് പ്രവർത്തനം ആരംഭിച്ചു (വള്ളിക്കുന്ന് നിയോജക മണ്ഡലം)

2. എടപ്പാൾ വനിത കോ-ഓപ്പറേറ്റീവ് സൊസൈറ്റി- എടപ്പാൾ. 27-2-2021-ന് പ്രവർത്തനം ആരംഭിച്ചു (തവനൂർ നിയോജക മണ്ഡലം)

3. നവകേരള മൾട്ടി പർപ്പസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി, ഒതുങ്ങൽ, 8-3-2021-ന് പ്രവർത്തനം ആരംഭിച്ചു. (വേങ്ങര നിയോജക മണ്ഡലം)

(സി) മത്സ്യഫെഡിന്റെ ഫിഷ് മാർട്ടിലേക്കുള്ള വിതരണകേന്ദ്രങ്ങൾ കോഴിക്കോട്, മലപ്പുറം ജില്ലകളിൽ എവിടെയൊക്കെയാണ് പ്രവർത്തിക്കുന്നതെന്നും നിലമ്പൂർ നഗരത്തിലേയ്ക്ക് വിതരണ കേന്ദ്രത്തിൽ നിന്നും എത്ര കിലോമീറ്റർ ദൂരമാണുള്ള തെന്നും അറിയിക്കാമോ?

കോഴിക്കോട് ജില്ലയിൽ പുതിയാപ്പയിലും മലപ്പുറം ജില്ലയിൽ പൊന്നാനിയിലും മത്സ്യസംഭരണ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നു. നിലമ്പൂർ നഗരത്തിൽ നിന്ന് പൊന്നാനി സംഭരണ കേന്ദ്രത്തിലേയ്ക്ക് 90 കിലോമീറ്ററും പുതിയാപ്പ സംഭരണ കേന്ദ്രത്തിലേയ്ക്ക് 77 കിലോമീറ്ററും ദൂരമാണുള്ളത്.

(ഡി) മത്സ്യഫെഡിന്റെ ഫിഷ് മാർട്ടുകൾ ആർക്കൊക്കെയാണ് അനുവദി ക്കുകയെന്നും ഇതിനായുള്ള നടപടിക്രമങ്ങളും സജ്ജീകരണങ്ങളും എന്തൊക്കെ യാണെന്നും വ്യക്തമാക്കാമോ; സ്വകാര്യ വ്യക്തികൾക്ക് നടത്തിപ്പ് ചുമതല നൽകി ഫിഷ് മാർട്ട് അനുവദിക്കാനാവുമോയെന്നും അറിയിക്കാമോ?

മത്സ്യഫെഡിന്റെ നേരിട്ടുള്ള നിയന്ത്രണത്തിലുള്ള ഫിഷ് മാർട്ടുകൾ കൂടാതെ സഹകരണ വകുപ്പിന്റെ കീഴിലുള്ള സഹകരണ ബാങ്ക്/സംഘങ്ങളുമായിട്ടുള്ള കരാറിന്റെ അടിസ്ഥാനത്തിൽ മത്സ്യഫെഡ് ഫ്രാഞ്ചൈസി മാർട്ടുകളും പ്രവർത്തിക്കുന്നുണ്ട്. ഫ്രാഞ്ചൈസി ഫിഷ്മാർട്ടുകൾ തുടങ്ങുന്നതിന് സഹകരണ വകുപ്പിന്റെ ശിപാർശയോടു കൂടിയുള്ള അപേക്ഷകൾ ലഭ്യമാക്കി പ്രസ്തുത അപേക്ഷയിന്മേൽ തീരുമാനമെടുത്ത് മത്സ്യഫെഡ് ജില്ല ഓഫീസുകൾ/യൂണിറ്റുകൾ മുഖേന നടപടികൾ സ്വീകരിക്കുന്നു. സ്വകാര്യ വ്യക്തികൾക്ക് മത്സ്യഫെഡിന്റെ ഫിഷ് മാർട്ട് നിലവിൽ അനുവദിക്കുന്നില്ല.

## മത്സ്യമാർക്കറ്റുകളുടെ നവീകരണം

309(1055) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് മത്സ്യമാർക്കറ്റുകളുടെ നവീകരണ പ്രവർത്തനം പലയിടത്തും മുടങ്ങിക്കിടക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; മത്സ്യമാർക്കറ്റുകളുടെ നവീകരണം അടിയന്തര പ്രാധാന്യത്തോടെ പൂർത്തീകരിക്കുന്നതിനും സുരക്ഷിത മത്സ്യവിപണനത്തിന് സാഹചര്യം ഒരുക്കുന്നതിനും തദ്ദേശസ്ഥാപനങ്ങളുമായി സഹകരിച്ച് നടപടി സ്വീകരിക്കുമോ?

നാഷണൽ ഫിഷറീസ് ഡെവലപ്മെന്റ് ബോർഡിന്റെ ധനസഹായം/കേന്ദ്ര ഗവൺമെന്റിന്റെ ബ്ലൂ റെവല്യൂഷൻ പദ്ധതി എന്നിവയിലുൾപ്പെടുത്തി കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖാന്തരം സംസ്ഥാനത്ത് വിവിധ ജില്ലകളിലായി 38 ആധുനിക മത്സ്യമാർക്കറ്റുകളുടെ നിർമ്മാണം പൂർത്തീകരിച്ച് അതത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയിട്ടുണ്ട്. ആയതിന്റെ പരിപാലനവും നടത്തിപ്പും ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കാണ്. ഇതുകൂടാതെ കിഫ്ബി ധനസഹായത്തോടെ 51 ആധുനിക മത്സ്യമാർക്കറ്റുകൾ സ്ഥാപിക്കുന്നതിനുള്ള 120.57 കോടി രൂപയുടെ അനുമതി ലഭ്യമായിട്ടുണ്ട്. ടി മാർക്കറ്റുകളുടെ നിർമ്മാണം ആരംഭിക്കുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ചു വരുന്നു. മത്സ്യഫെഡ് വഴി 3 മത്സ്യ മാർക്കറ്റുകൾ ആധുനിക രീതിയിൽ നവീകരിച്ചിട്ടുണ്ട്. കൊല്ലം ജില്ലയിലെ അഞ്ചൽ, ഓച്ചിറ, ആലപ്പുഴ ജില്ലയിലെ അരൂർ മത്സ്യ മാർക്കറ്റ് എന്നിവയുടെ നവീകരണം പൂർത്തിയാക്കി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

## സുരക്ഷിതമായ മത്സ്യവിപണനം

310(1056) ശ്രീ. എം. വിൻസെന്റ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോക്ഡൗൺ നിയന്ത്രണങ്ങളുടെ പശ്ചാത്തലത്തിൽ മത്സ്യ ത്തൊഴിലാളികൾക്കെതിരെയുണ്ടായ അതിക്രമങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഇല്ല.

(ബി) മത്സ്യത്തൊഴിലാളികൾക്ക് സുരക്ഷിതമായി മത്സ്യവിപണനം നടത്തുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

മത്സ്യത്തൊഴിലാളികൾക്ക് സുരക്ഷിതമായി മത്സ്യവിപണനം നടത്തുന്നതിനായി തീരദേശ വികസന കോർപ്പറേഷൻ, മത്സ്യഫെഡ് എന്നിവ മുഖേന അടച്ചുറപ്പുള്ള ശുചിത്വ പൂർണ്ണമായ ആധുനിക മത്സ്യമാർക്കറ്റുകൾ നിർമ്മിച്ചുവരുന്നു. സംസ്ഥാനത്ത് വിവിധ ജില്ലകളിലായി 38 ആധുനിക മത്സ്യ മാർക്കറ്റുകളുടെ നിർമ്മാണം പൂർത്തീകരിച്ച് അതത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയിട്ടുണ്ട്. ആയതിന്റെ പരിപാലനവും നടത്തിപ്പും ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിനാണ്. പുതിയതായി കിഫ്ബി ധനസഹായത്തോടെ സംസ്ഥാനത്ത് 51 ആധുനിക മത്സ്യമാർക്കറ്റുകൾ സ്ഥാപിക്കുന്നതിനുള്ള 120.57 കോടി രൂപയുടെ അനുമതി ലഭ്യമായിട്ടുണ്ട്. പ്രസ്തുത മാർക്കറ്റുകൾ സ്ഥാപിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ പൂർത്തീകരിച്ചു വരുന്നു. കൂടാതെ മത്സ്യഫെഡ് മുഖേന കൊല്ലം, ആലപ്പുഴ ജില്ലകളിലായി മൂന്ന് മത്സ്യമാർക്കറ്റുകൾ നവീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

## പാറശാല പനച്ചമൂട് ഫിഷ് മാർക്കറ്റ് നവീകരണം

311(1057) ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശ്ശാല നിയോജകമണ്ഡലത്തിൽ കിഫ്ബിയുടെ സഹായത്തോടെ തീരദേശ വികസന കോർപ്പറേഷൻ മുഖേന നടപ്പിലാക്കുന്ന പനച്ചമൂട് ഫിഷ് മാർക്കറ്റ് നവീകരണപ്രവൃത്തിയുടെ പുരോഗതി അറിയിക്കാമോ?

പാറശ്ശാല നിയോജകമണ്ഡലത്തിൽ പനച്ചമൂട് മത്സ്യമാർക്കറ്റ് നിർമ്മാണത്തിനായി 462.82834 ലക്ഷം രൂപയുടെ അംഗീകാരം നൽകിയിരുന്നു. പ്രസ്തുത പ്രവൃത്തി 25-9-2020-ൽ ടെണ്ടർ ചെയ്ത് നടപ്പിലാക്കുന്നതിനായി കരാറിലേർപ്പെടുകയും ചെയ്തു. ഗ്രാമപഞ്ചായത്തിൽ നിന്നും പദ്ധതി നിർവ്വഹണത്തിനനുയോജ്യമായ സ്ഥലം കൈമാറുന്നതിലുണ്ടായ കാലതാമസം കാരണം കരാറുകാരനുമായുള്ള Firm period കഴിഞ്ഞതിനാൽ കരാറുകാരന്റെ അപേക്ഷ പ്രകാരം ടിയാളുമായുള്ള കരാർ റദ്ദാക്കിയിട്ടുണ്ട്. വെള്ളറട ഗ്രാമപഞ്ചായത്തിന്റെ LSGD അസിസ്റ്റന്റ് എഞ്ചിനീയറുടെ വാല്യുവേഷൻ പ്രകാരം കെട്ടിടങ്ങൾ പൊളിച്ചുമാറ്റുന്നതിന് ലേല നോട്ടീസ് പരസ്യപ്പെടുത്തിയിട്ടുള്ളതായും ടി സ്ഥലത്തുള്ള മരങ്ങൾ മുറിച്ചുമാറ്റുന്നതിന് ഫോറസ്റ്റിൽ നിന്നുള്ള വാല്യുവേഷൻ നാളിതുവരെ ലഭ്യമായിട്ടില്ലായെന്നും ആയത് ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. കിഫ്ബിയുടെ കത്ത് പ്രകാരം എല്ലാ മാർക്കറ്റുകൾക്കും നൽകുന്ന ധനസഹായം അതിൽ നിന്നും ലഭിക്കുന്ന വരുമാനത്തിന്റെ ഒരു ഭാഗം തിരിച്ചടയ്ക്കണമെന്നതിനാൽ കിഫ്ബിയുമായി LSGD, LSGI റവന്യൂ ഷെയറിംഗ് എഗ്രിമെന്റിൽ ഏർപ്പെട്ടതിനു ശേഷം മാത്രമേ അതത് പ്രവൃത്തികളുടെ കരാറുകാർക്ക് സെലക്ഷൻ നോട്ടീസ് നൽകാവുയെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. നിലവിലുള്ള കെട്ടിടങ്ങൾ പൊളിച്ചു നീക്കുകയും മരങ്ങൾ മുറിച്ച് മാറ്റുകയും ചെയ്തശേഷം കിഫ്ബിയുമായി LSGD, LSGI റവന്യൂ ഷെയറിംഗ് എഗ്രിമെൻറിൽ ഏർപ്പെട്ടതിനുശേഷം മാത്രമേ ടി പ്രവൃത്തിയുടെ കരാർ നടപടികളുമായി മുന്നോട്ടുപോകുവാൻ കഴിയുകയുള്ളൂ. DSR 2018 റേറ്റ് റിവിഷൻ നിലവിൽ വന്ന സാഹചര്യത്തിൽ എസ്റ്റിമേറ്റ് റിവൈസ് ചെയ്യുന്ന നടപടികൾ കിഫ്ബിയുമായി ചേർന്ന് കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ സ്വീകരിച്ചു വരുന്നു.

(ബി) പ്രസ്തുത പ്രവൃത്തിക്കായി മുൻപ് തയ്യാറാക്കിയ മാസ്റ്റർപ്ലാനിൽ മാറ്റം വരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷനിൽ നിന്നും കിഫ്ബി അംഗീകാരത്തിനായി നൽകിയിട്ടുള്ള മാസ്റ്റർ പ്ലാനിൽ മാറ്റം വരുത്തിയിട്ടില്ല.

(സി) പ്രസ്തുത പദ്ധതിക്ക് എത്ര രൂപയാണ് വകയിരുത്തിയിട്ടുള്ളത്; പദ്ധതി എന്ന് പൂർത്തിയാകും; വിശദാംശം അറിയിക്കാമോ?

പനച്ചമൂട് മത്സ്യമാർക്കറ്റ് നിർമ്മാണത്തിനായി 462.82834 ലക്ഷം രൂപയുടെ അംഗീകാരം ലഭിച്ചിരുന്നു. പദ്ധതി ആരംഭിച്ചു കഴിഞ്ഞാൽ പരമാവധി ഒരു വർഷത്തിനുള്ളിൽ പൂർത്തീകരിക്കാൻ കഴിയുന്നതാണ്.

(ഡി) പദ്ധതി നടത്തിപ്പിലെ കാലതാമസം പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

സ്വീകരിക്കുന്നതാണ്.

**മത്സ്യലേലത്തിൽ നിന്നും ഇടനിലക്കാരെ ഒഴിവാക്കുന്നതിന് നടപടി**

312(1058) ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യലേലത്തിൽ നിന്നും ഇടനിലക്കാരെ ഒഴിവാക്കുമെന്ന പ്രഖ്യാപനം നടപ്പിലാക്കാൻ കഴിയാത്തതിന്റെ കാരണങ്ങൾ വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രഖ്യാപനം നടപ്പിലാക്കുന്നതിനായി നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(സി) ഇതുമായി ബന്ധപ്പെട്ട് നിയമനിർമ്മാണം നടത്താൻ ഉദ്ദേശിച്ചിരുന്നോ; ഉണ്ടെങ്കിൽ അതിന്റെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

(എ-സി) സംസ്ഥാനത്തെ മത്സ്യത്തൊഴിലാളികൾക്ക് അവർ പിടിച്ചു കൊണ്ടുവരുന്ന മത്സ്യത്തിന് ന്യായവില ഉറപ്പാക്കുന്നതിനും ഗുണമേന്മയുള്ള മത്സ്യം ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിനും ലക്ഷ്യമിട്ട് മത്സ്യലേലവും, വിപണനവും നിയന്ത്രിക്കുന്നതിനും വ്യവസ്ഥാപിതവും ശുചിത്വപൂർണ്ണവും കാര്യക്ഷമവുമായ ലേലവും വിപണനവും പ്രോത്സാഹിപ്പിക്കുന്നതിനും മത്സ്യത്തിന്റെ ഗുണനിലവാരം പരിപാലിക്കുന്നതിനുമായി മത്സ്യലേല വിപണന ഗുണനിലവാര പരിപാലന ഓർഡിനൻസ് സർക്കാർ പ്രസിദ്ധപ്പെടുത്തുകയും തുടർന്ന് പുനർവിജ്ഞാപനം ചെയ്യുകയും ഉണ്ടായി. പതിനഞ്ചാം നിയമസഭയുടെ മൂന്നാം സമ്മേളനത്തിൽ ബിൽ നിയമ സഭയിൽ അവതരിപ്പിച്ച് അംഗീകാരം നേടുന്നതിന് ലക്ഷ്യമിടുന്നു. അതിന് ശേഷം ചട്ടങ്ങൾ രൂപീകരിച്ച് നടപ്പാക്കുന്നതാണ്. ചട്ടങ്ങൾ രൂപീകരണ ഘട്ടത്തിലുമാണ്.

## ആലുവ നഗരസഭ മാർക്കറ്റ് നവീകരണം

313(1059) ശ്രീ. അൻവർ സാദത്ത്: താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആലുവ നഗരസഭാ മാർക്കറ്റ് നവീകരണവുമായി ബന്ധപ്പെട്ട 23/വി.ഐ.പി/ എം(എഫ്.സി&വൈ.എ.)/2021 നമ്പർ പ്രകാരമുള്ള നിവേദനത്തിന്മേൽ 18-6-2021-ന് വകുപ്പുമന്ത്രി തുടർനടപടി സ്വീകരിക്കാൻ ഉത്തരവിട്ട വിഷയത്തിൽ തീരദേശ വികസന കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ നാളിതുവരെ എന്തെല്ലാം തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

തീരദേശ വികസന കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ ആലുവ നഗരസഭാ മാർക്കറ്റ് സന്ദർശിച്ച് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.

## മത്സ്യത്തൊഴിലാളികൾക്ക് നഷ്ടപരിഹാരം

314(1060) ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ മൂന്നുവർഷത്തിനിടയിൽ കാലാവസ്ഥ മുന്നറിയിപ്പിനെ തുടർന്ന് മത്സ്യത്തൊഴിലാളികൾക്ക് എത്ര ദിവസമാണ് മത്സ്യബന്ധനത്തിന് നിയന്ത്രണം ഏർപ്പെടുത്തിയിരുന്നത്; ട്രോളിംഗ് നിരോധനം കൂടി ഉൾപ്പെടുത്തിയാൽ ഏകദേശം എത്ര ദിവസത്തെ വിലക്കാണ് മത്സ്യബന്ധനത്തിന് പ്രസ്തുത കാലയളവിൽ ഉണ്ടായിരുന്നത്; വ്യക്തമാക്കുമോ?

കഴിഞ്ഞ മൂന്നു വർഷത്തിനിടയിൽ കാലാവസ്ഥാ മുന്നറിയിപ്പുമൂലം മത്സ്യ ത്തൊഴിലാളികൾക്ക് ആകെ 203 ദിവസമാണ് മത്സ്യബന്ധനത്തിന് വിലക്ക് ഏർപ്പെടുത്തിയിരുന്നത്. സംസ്ഥാനത്ത് 2018 മുതൽ 52 ദിവസമാണ് ട്രോളിംഗ് നിരോധനം ഏർപ്പെടുത്തിവരുന്നത്. 2018 മുതൽ 2020 വരെ 3 വർഷക്കാലത്ത് ആകെ 156 ദിവസമാണ് ട്രോളിംഗ് നിരോധനം ഏർപ്പെടുത്തിയിരുന്നത്. ട്രോളിംഗ് നിരോധന കാലത്ത് ട്രോൾ നെറ്റ് ഉപയോഗിക്കുന്ന യന്ത്രവൽകൃത മത്സ്യബന്ധന യാനങ്ങൾക്ക് മാത്രമേ വിലക്ക് ഉണ്ടായിരുന്നുള്ളു.

(ബി) ഈ ദിവസങ്ങളിലെ വരുമാനനഷ്ടത്തിന് ആനുപാതികമായി ഏതെങ്കിലും തരത്തിലുള്ള സാമ്പത്തിക സഹായമോ നഷ്ടപരിഹാരമോ മത്സ്യത്തൊഴിലാളികൾക്കും അനുബന്ധ തൊഴിലാളികൾക്കും നൽകിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

2021-ൽ പ്രകൃതിക്ഷോഭത്തിന്റെയോ കടൽക്ഷോഭത്തിന്റെയോ ഫലമായി തുടർച്ചയായി മത്സ്യബന്ധന വിലക്ക് ഏർപ്പെടുത്തുന്ന ദിവസങ്ങളിൽ തൊഴിൽ നഷ്ടപ്പെടുന്ന മത്സ്യത്തൊഴിലാളികൾക്കും അനുബന്ധ തൊഴിലാളികൾക്കും ടൗട്ടേ ചുഴലിക്കാറ്റ് സമയത്ത് പ്രതിദിനം 200 രൂപ വീതം ധനസഹായം നല്കിയിട്ടുണ്ട്. ഇതുകൂടാതെ പ്രസ്തുത ദിവസങ്ങളിലേക്ക് സൗജന്യ റേഷനും ഭക്ഷ്യക്കിറ്റുകളും നൽകിയിട്ടുണ്ട്. ട്രോളിംഗ് നിരോധന കാലത്ത് തൊഴിൽ നഷ്ടപ്പെടുന്ന യന്ത്രവൽകൃത മത്സ്യബന്ധന യാനങ്ങളിലെ മത്സ്യത്തൊഴിലാളികൾക്കും അനുബന്ധ തൊഴിലാളികൾക്കും പീലിംഗ് തൊഴിലാളികൾക്കും സൗജന്യ റേഷൻ നൽകി വരുന്നുണ്ട്. സമ്പാദ്യ സമാശ്വാസ പദ്ധതിയിൻ കീഴിൽ മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗങ്ങളായിട്ടുള്ള മത്സ്യ തൊഴിലാളികൾക്കും അനുബന്ധ തൊഴിലാളികൾക്കും ഈ കാലയളവിൽ 4500 രൂപ ധനസഹായം നൽകുന്നുണ്ട്. ഇതിൽ 1500 രൂപ കേന്ദ്ര സർക്കാർ വിഹിതവും 1500 രൂപ സംസ്ഥാന സർക്കാർ വിഹിതവും 1500 രൂപ ഗുണഭോക്തൃ വിഹിതവുമാണ്.

(സി) പ്രകൃതിക്ഷോഭവും കടൽക്ഷോഭവും വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധനത്തിന് നിയന്ത്രണം ഏർപ്പെടുത്തുന്ന കാരണത്താലുണ്ടാകുന്ന വരുമാനനഷ്ടത്തിന് പരിഹാരമായി സാമ്പത്തിക സഹായവും നഷ്ടപരിഹാരവും നൽകുന്നതിന് സ്ഥിരം സംവിധാനം ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ?

സ്ഥിരം സംവിധാനം നിലവിൽ പരിഗണനയിലില്ല. ടൗട്ടേ ചുഴലികൊടുങ്കാറ്റിന്റെ സാഹചര്യത്തിൽ പ്രത്യേക പരിഗണന നൽകി മത്സ്യത്തൊഴിലാളികളുടെ വരുമാന നഷ്ടം പരിഹരിക്കുന്നതിനായി പ്രതിദിനം 200 രൂപ നിരക്കിൽ 6 ദിവസത്തേക്ക് 1200 രൂപ ധനസഹായം അനുവദിച്ചിട്ടുണ്ട്.

**മത്സ്യബന്ധന വള്ളങ്ങൾക്കും ബോട്ടുകൾക്കും രജിസ്ട്രേഷൻ**

315(1061) <u>ശ്രീ. എം. വിൻസെന്റ്</u>: താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കെ.എം.എഫ്.ആർ. ആക്ട് പ്രകാരം രജിസ്റ്റർ ചെയ്തിട്ടില്ലാത്ത മത്സ്യബന്ധന വള്ളങ്ങൾക്കും ബോട്ടുകൾക്കും അപകടം സംഭവിക്കുമ്പോൾ നഷ്ടപരിഹാരം ലഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാര്യത്തിൽ മത്സ്യത്തൊഴിലാളികളെ ബോധവൽക്കരിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഉണ്ട്. എല്ലാ മത്സ്യബന്ധന യാനങ്ങളെയും ഇൻഷ്വറൻസ് പദ്ധതിയുടെ കീഴിൽ കൊണ്ടുവരുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കാൻ എല്ലാ തീരദേശ ജില്ലാ ഓഫീസർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ സംസ്ഥാനത്തെ എല്ലാ മത്സ്യബന്ധനയാനങ്ങളെയും ഇൻഷ്വറൻസ് പദ്ധതിയിൻ കീഴിൽ കൊണ്ടുവരുന്നതിന് മത്സ്യത്തൊഴിലാളികൾക്കിടയിൽ ഫിഷറീസ് വകുപ്പ് ഉദ്യോഗസ്ഥരുടെയും സാഗർമിത്രകളുടെയും നേതൃത്വത്തിൽ മത്സ്യഭവനുകൾ കേന്ദ്രീകരിച്ച് ബോധവത്കരണ പരിപാടികൾ നടത്തിവരുന്നുണ്ട്.

## പെരിങ്ങാട് കായലിലെ എക്കൽ നീക്കാൻ നടപടി

316(1062) <u>ശ്രീ. മുരളി പെരുനെല്ലി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തുണ്ടായ പ്രളയത്തെ തുടർന്ന് പാവറട്ടി പഞ്ചായത്തിലെ പെരിങ്ങാട് കായലിൽ മണ്ണും എക്കലും അടിഞ്ഞുകൂടി കായലിന്റെ സംഭരണശേഷി കുറഞ്ഞതുമൂലം മത്സ്യത്തൊഴിലാളികൾക്ക് വഞ്ചിയിറക്കാനും വലയിടാനും സാധിക്കാത്ത സ്ഥിതിയുണ്ടായ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മത്സ്യ സമ്പത്തുൾപ്പെടെ നശിക്കുന്ന സാഹചര്യം ഇല്ലാതാക്കുന്നതിന്റെ ഭാഗമായി ഈ പ്രശ്നം പരിഹരിക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകാമോ; ഇല്ലെങ്കിൽ ഇക്കാര്യത്തിൽ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

(എ & ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇക്കാര്യത്തിൽ ഫിഷറീസ് വകുപ്പ് മുഖേന നടപടികൾ സ്വീകരിച്ചിട്ടില്ല. ഇതുസംബന്ധിച്ച നടപടി സ്വീകരിക്കേണ്ടത് ഇറിഗേഷൻ വകുപ്പാണ്.

## പുനർഗേഹം പദ്ധതിയിലെ പരിഷ്കരണം

317(1063) <u>ശ്രീ. സനീഷ്കുമാർ ജോസഫ്</u>: താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മത്സ്യത്തൊഴിലാളികൾക്ക് വ്യക്തിഗതവീടുകളും ഫ്ലാറ്റുകളും നിർമ്മിച്ചുനൽകുന്ന പുനർഗേഹം പദ്ധതിയിലെ വ്യവസ്ഥകൾ നടപ്പ് സാമ്പത്തിക വർഷം ഗുണ ഭോക്താക്കൾക്ക് അനുകൂലമായി പരിഷ്കരിച്ചിട്ടുണ്ടോ; എന്തൊക്കെ മാറ്റങ്ങളാണ് വരുത്തിയതെന്ന് അറിയിക്കുമോ?

പുനർഗേഹം പദ്ധതിയുടെ മാർഗ്ഗരേഖ ഭേദഗതി ചെയ്യുന്നതു സംബന്ധിച്ച് പരിശോധിച്ചു വരുന്നു. ഇതുമായി ബന്ധപ്പെട്ട് ബഹു.മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷ തയിൽ 14-9-2021-ന് യോഗം ചേർന്നിട്ടുണ്ട്.

## മത്സ്യവിളകളുടെ സംരക്ഷണത്തിന് ഇൻഷ്വറൻസ്

318(1064) ഡോ. മാത്യു കുഴൽനാടൻ: താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഉൾനാടൻ മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി മത്സ്യവിളകളുടെ സംരക്ഷണത്തിന് വിള ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കാൻ തയ്യാറാകുമോ; വിശദാംശങ്ങൾ നൽകുമോ?

2018-19 സാമ്പത്തിക വർഷം ഉൾനാടൻ മത്സ്യകൃഷി വികസനത്തിൽ ഉൾപ്പെടുത്തി മത്സ്യവിളകളുടെ സംരക്ഷണത്തിനായി 100 ലക്ഷം രൂപയുടെ ഭരണാനുമതി നല്കുകയും ആയതനുസരിച്ച് മത്സ്യക്കൃഷിക്ക് വിള ഇൻഷ്വറൻസ് ഏർപ്പെടുത്തുവാൻ ഇൻഷ്വറൻസ് കമ്പനികളുമായി യോഗം ചേരുകയും തുടർന്ന് വിള ഇൻഷ്വറൻസിന് ടെണ്ടറുകൾ ക്ഷണിച്ചിരുന്നെങ്കിലും ടെണ്ടറുകൾ ഒന്നും തന്നെ ലഭിച്ചിരുന്നില്ല. പ്രസ്തുത സാഹചര്യത്തിൽ കൃഷി വകുപ്പ് നടപ്പിലാക്കി വരുന്ന സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി മാതൃകയിൽ മത്സ്യക്കൃഷി രംഗത്തും വിള ഇൻഷ്വറൻസ് പദ്ധതി അവലംബിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

## മത്സ്യത്തൊഴിലാളികൾക്ക് ഇൻഷ്വറൻസ് പരിരക്ഷ

319(1065) ശ്രീ. സി. ആർ. മഹേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടലിൽ പോകുന്ന മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധനത്തിനിടെ ഹൃദയസ്തംഭനമോ അപകടമരണങ്ങളോ ഉണ്ടായാൽ സാമ്പത്തിക സഹായം നൽകാറുണ്ടോ?

കടലിൽ പോകുന്ന മത്സ്യത്തൊഴിലാളികൾക്ക് അപകട മരണം ഉണ്ടായാൽ ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുന്നുണ്ട്. ഹൃദയസ്തംഭനം ഇൻഷ്വറൻസ് പരിരക്ഷയിൽ വരുന്നില്ല.

(ബി) മത്സ്യത്തൊഴിലാളികളെ ഇൻഷ്വറൻസ് പരിരക്ഷയിൽ ഉൾപ്പെടുത്തുവാൻ നടപടികൾ സ്വീകരിക്കുമോ; എങ്കിൽ തുകയും മാനദണ്ഡങ്ങളും ഉൾപ്പടെ വിശദ വിവരം നൽകാമോ?

മത്സ്യബോർഡിൽ അംഗത്വമുള്ള 18 മുതൽ 70 വയസ്സുവരെയുള്ള പ്രവർത്തനോന്മുഖ മത്സ്യത്തൊഴിലാളികളെയും അനുബന്ധ തൊഴിലാളികളെയും ഗ്രൂപ്പ് അപകട ഇൻഷ്വറൻസ് പദ്ധതി പ്രകാരം ഓരോ വർഷവും ഇൻഷ്വർ ചെയ്തു വരുന്നു. അപകടം

മൂലമുള്ള മരണം, ആശുപത്രി ചികിൽസ, അവശത, വിദ്യാഭ്യാസ ധനസഹായം, ശവസംസ്കാര ചെലവ് എന്നിവയ്ക്ക് നൽകുന്ന പരമാവധി ഇൻഷ്വറൻസ് ധനസഹായത്തുക സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

അപകടമരണം - 10 ലക്ഷം രൂപ, മത്സ്യബന്ധന വേളയിൽ അപകടംമൂലം കാണാതാകൽ - 10 ലക്ഷം രൂപ, സ്ഥിരവും പൂർണ്ണവുമായ അവശത - 10 ലക്ഷം രൂപ, സ്ഥിരവും ഭാഗികവുമായ അവശത - 5,00,000 രൂപ, അപകടമരണമടഞ്ഞ മത്സ്യത്തൊഴിലാളികളുടെ കുട്ടികൾക്ക് വിദ്യാഭ്യാസ സഹായം 5000 രൂപ പ്രകാരം പരമാവധി - 10,000 രൂപ, അപകടംമൂലം 24 മണിക്കൂറിലധികം ആശുപത്രിയിൽ കിടത്തി ചികിൽസിക്കേണ്ടി വരുന്നവർക്ക് ധനസഹായം - 25,000 (പരമാവധി), ശവസംസ്കാര ചെലവ്-2,500 രൂപ, മത്സ്യബന്ധന സമയത്തോ തൊട്ടുപിന്നാലെയോ അപകടം കൊണ്ടല്ലാത്ത ആകസ്മിക കാരണങ്ങളാൽ മരണപ്പെടുന്ന മത്സ്യത്തൊഴിലാളികളുടെ ആശ്രിതർക്ക് - 50,000 രൂപ മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേന ധനസഹായമായി നൽകി വരുന്നു.

**മത്സ്യബന്ധന ഉപകരണങ്ങൾക്ക് ഇൻഷ്വറൻസ് പരിരക്ഷ**

320(1066) ശ്രീ. പി. ടി. തോമസ്: താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മത്സ്യബന്ധന വള്ളങ്ങൾക്കും ബോട്ടുകൾക്കും മത്സ്യബന്ധന ഉപകരണങ്ങൾക്കും ഇൻഷ്വറൻസ് പരിരക്ഷ നിർബന്ധമാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ?

2018-19 സാമ്പത്തിക വർഷം മുതൽ ഫിഷറീസ് വകുപ്പ് മത്സ്യബന്ധന യാനങ്ങൾക്കുള്ള ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കിവരുന്നു. പരമ്പരാഗത യാനങ്ങളെയാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. 2018-19 സാമ്പത്തിക വർഷത്തിൽ ഹള്ളിന് മാത്രമാണ് ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തിയിരുന്നത്. എന്നാൽ 2019-20 മുതൽ ഹള്ളിനും എഞ്ചിനും ഇൻഷുറൻസ് പരിരക്ഷ നൽകി വരുന്നു. 2018-19 സാമ്പത്തിക വർഷം ടി പദ്ധതി നടപ്പാക്കുന്നതിന് ഇ-ടെൻഡർ നടപടിയിലൂടെ തെരഞ്ഞെടുക്കപ്പെട്ട പൊതുമേഖലാ സ്ഥാപനമായ യുണൈറ്റഡ് ഇൻഡ്യാ ഇൻഷ്വറൻസ് കമ്പനി മുഖേന പദ്ധതി നടപ്പിലാക്കി വരികയാണ്. ടി പദ്ധതി പ്രകാരം പ്രീമിയം തുകയുടെ 90% സർക്കാർ വിഹിതവും 10% ഗുണഭോക്തൃ വിഹിതവുമാണ്. നിശ്ചിത വിലയുടെ 1.3 ശതമാനവും ടാക്സും ഉൾപ്പെടുന്നതാണ് നിലവിലെ പ്രീമിയം തുക. 2018-19 -ൽ 647, 2019-20 -ൽ 856, 2020-21 -ൽ 924 എന്നിങ്ങനെ പരമ്പരാഗത മത്സ്യബന്ധന യാനങ്ങൾ ടി പദ്ധതിയിൽ ഗുണഭോക്താക്കളായിട്ടുണ്ട്. 2021-22 സാമ്പത്തിക വർഷം 2 കോടി രൂപ പദ്ധതിക്ക് വകയിരുത്തിയിട്ടുണ്ട്.

**ഫിഷറീസ് കോളനികളിലെ വീടുകൾ**

321(1067) <u>ശ്രീ. എൻ. കെ. അക്ബർ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ അഞ്ചുവർഷക്കാലയളവിൽ ഗുരുവായൂർ മണ്ഡലത്തിൽ ഫിഷറീസ് വകുപ്പ് മുഖേന ഫിഷറീസ് കോളനികളിൽ എത്ര വീടുകൾ നിർമ്മിച്ച് നൽകിയിട്ടുണ്ടെന്ന് അറിയിക്കുമോ;

(ബി) ഇപ്രകാരം നിർമ്മിച്ചുനൽകിയ വീടുകളുടെ ഗുണഭോക്താക്കളുടെ വിവരം, നിർമ്മാണം പൂർത്തീകരിച്ച വർഷം എന്നിവ വ്യക്തമാക്കാമോ?

(എ&ബി) അഞ്ചു വർഷക്കാലയളവിൽ ഗുരുവായൂർ മണ്ഡലത്തിൽ ഫിഷറീസ് വകുപ്പ് മുഖേന ഫിഷറീസ് കോളനികളിൽ വീടുകൾ നിർമ്മിച്ച് നൽകിയിട്ടില്ല.

(സി) ഫിഷറീസ് വകുപ്പ് നിർമ്മിച്ച് നൽകിയ വീടുകളുടെ അറ്റകുറ്റപ്പണിക്ക് ധനസഹായം ലഭ്യമാക്കുമോ?

ഫിഷറീസ് വകുപ്പ് മുഖേന വീടുകളുടെ അറ്റകുറ്റപ്പണിക്ക് ധനസഹായം നൽകുന്ന പദ്ധതി നിലവിൽ നടപ്പാക്കുന്നില്ല.

(ഡി) ഫിഷറീസ് കോളനികളിലെ ഇരട്ടവീട് ഒറ്റവീട് ആക്കുന്നതിനുള്ള പദ്ധതികൾ നിലവിലുണ്ടോയെന്നും നടപ്പിലാക്കുമോയെന്നും വ്യക്തമാക്കാമോ?

നിലവിലില്ല. ഫിഷറീസ് വകുപ്പ് മുഖേന നിലവിൽ ഭവന നിർമ്മാണ പ്രവൃത്തികൾ നടപ്പാക്കുന്നില്ല. ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് ഭവന രഹിതർക്കുള്ള ഭവന നിർമ്മാണ പദ്ധതികളും ഭൂരഹിത ഭവന രഹിതർക്കുള്ള ഭൂമി വാങ്ങി ഭവനം നിർമ്മിക്കുന്ന പദ്ധതികളും നടപ്പാക്കുന്നത്.

**പുനർഗേഹം പദ്ധതിയിലൂടെ വാങ്ങിയ സ്ഥലങ്ങളെപ്പറ്റിയുള്ള ആരോപണങ്ങൾ**

322(1068) <u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുനർഗേഹം പദ്ധതിയിലെ ഗുണഭോക്താക്കൾക്ക് വാങ്ങിയ സ്ഥലങ്ങളിൽ രജിസ്റ്റർ ചെയ്തത് പ്രകാരമുള്ള ഭൂമിയിൽ കുറവുണ്ടെന്നും സി.ആർ.ഇസെഡ്. പരിധിയിൽപ്പെടുന്നതാണെന്നും ചൂണ്ടിക്കാട്ടി പരാതികൾ കിട്ടിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏതൊക്കെ ജില്ലകളിലാണ് അത്തരം പരാതികളുള്ളതെന്നും അത് പരിഗണിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്നും വിശദമാക്കാമോ?

(എ&ബി) ഉണ്ട്. കാസർഗോഡ് ജില്ലയിൽ കാഞ്ഞങ്ങാട് പുഞ്ചാവിയിൽ 25 ഗുണഭോക്താക്കൾ പദ്ധതി പ്രകാരം വാങ്ങിയ ഭൂമിയിൽ 14 പേർക്ക് ¾ (മുക്കാൽ) സെന്റ് വീതം കുറവ് വന്നതായി പരാതി ഉന്നയിച്ചിട്ടുണ്ട്. മേൽ പരാതി വകുപ്പുതലത്തിൽ പരിശോധിക്കുന്നതിനുള്ള നടപടി ആരംഭിച്ചിട്ടുണ്ട്. ഭവന നിർമ്മാണത്തിന് കണ്ടെത്തിയ ഭൂമി CRZ പരിധിയിൽ ഉൾപ്പെടുന്നതാണെന്ന ചൂണ്ടിക്കാണിച്ച പരാതികളൊന്നും ലഭിച്ചിട്ടില്ല.

**പുനർഗേഹം പദ്ധതി**

323(1069) ശ്രീ. സി. കെ. ഹരീന്ദ്രൻ:
ശ്രീ. എൻ. കെ. അക്ബർ:
ശ്രീമതി യു. പ്രതിഭ:
ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുനർഗേഹം പദ്ധതിയിൽ ഇതുവരെ എത്ര കുടുംബങ്ങൾക്ക് വീട് നിർമ്മിച്ചു നൽകാനായി എന്ന കണക്ക് ലഭ്യമാണെങ്കിൽ നൽകുമോ ?

തീരപ്രദേശത്ത് വേലിയേറ്റ രേഖയിൽനിന്നും 50 മീറ്ററിനുള്ളിൽ അധിവസിക്കുന്ന മുഴുവൻ കുടുംബങ്ങളെയും പുനരധിവസിപ്പിക്കുവാൻ ലക്ഷ്യമിടുന്ന പദ്ധതി പ്രകാരം 29-9-2021-വരെ 616 ഭവനങ്ങളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ ഭൂമി രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാക്കിയ 1771 ഗുണഭോക്താക്കളിൽ 1263 പേർ ഭവന നിർമ്മാണം ആരംഭിച്ചിട്ടുമുണ്ട്. നിർമ്മാണം പൂർത്തീകരിച്ച ഭവനങ്ങളുടെ ജില്ല തിരിച്ചുള്ള എണ്ണം ചുവടെ ചേർക്കുന്നു. തിരുവനന്തപുരം-128, കൊല്ലം-91, ആലപ്പുഴ-168, എറണാകുളം-19, തൃശ്ശൂർ-114, മലപ്പുറം-46, കോഴിക്കോട്-25, കണ്ണൂർ-25 പദ്ധതി പ്രകാരം 276 കുടുംബങ്ങൾക്ക് ഫ്ലാറ്റും അനുവദിച്ചിട്ടുണ്ട്.

(ബി) കടലാക്രമണവും കടൽത്തീരമിടിച്ചിലുംമൂലമുള്ള ഭീഷണിയിൽ കഴിയുന്ന പത്തൊമ്പതിനായിരത്തോളം വരുന്ന കുടുംബങ്ങളെ സുരക്ഷിതമായി മാറ്റിപ്പാർപ്പിക്കാനും കടലാക്രമണ പ്രതിരോധമാർഗ്ഗങ്ങൾ അവലംബിക്കാനും തയ്യാറാക്കിയിട്ടുള്ള ബൃഹത് പദ്ധതിയുടെ പുരോഗതി അറിയിക്കാമോ?

ജില്ല തിരിച്ചുള്ള പദ്ധതി പുരോഗതി അനുബന്ധമായി* ചേർക്കുന്നു.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) എത്ര കുടുംബങ്ങൾ സുരക്ഷിത ദൂരത്തേക്ക് മാറാൻ തയ്യാറായിട്ടുണ്ട്; നിലവിലുള്ള ഭൂമിയുടെ അവകാശം അവരിൽ നിലനിർത്തിക്കൊണ്ടാണോ പുനരധിവാസ പദ്ധതി നടപ്പിലാക്കുന്നതെന്ന് വ്യക്തമാക്കുമോ?

പദ്ധതി പ്രകാരം തീരദേശത്ത് വേലിയേറ്റ രേഖയിൽനിന്നും 50 മീറ്ററിനുള്ളിൽ അധിവസിക്കുന്ന 7716 ഗുണഭോക്താക്കൾ സുരക്ഷിത മേഖലയിലേയ്ക്ക് മാറി താമസിക്കുന്നതിന് സമ്മതം അറിയിച്ചിട്ടുണ്ട്. ഉടമസ്ഥാവകാശം ഗുണഭോക്താക്കളിൽ നിലനിർത്തിയുള്ള പുനരധിവാസം സർക്കാർ പരിഗണനയിലാണ്.

**മത്സ്യത്തൊഴിലാളി കടാശ്വാസ വിതരണം**

324(1070) <u>ശ്രീ. എം. വിൻസെന്റ്</u>: താഴെക്കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മത്സ്യത്തൊഴിലാളി കടാശ്വാസ വിതരണത്തിനായി ബാങ്കുകൾക്ക് ലഭിക്കുന്ന തുക അർഹരായ മത്സ്യത്തൊഴിലാളികളുടെ അക്കൗണ്ടിൽ നിക്ഷേപിച്ച് കടാശ്വാസത്തിന്റെ ഗുണഫലം ലഭ്യമാക്കുന്നതിനായി സർക്കാർ എന്തൊക്കെ നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

മത്സ്യത്തൊഴിലാളികൾ വായ്പയെടുത്ത ധനകാര്യ സ്ഥാപനങ്ങൾക്കാണ് കടാശ്വാസമായി അനുവദിക്കുന്ന തുക നൽകുന്നത്. ആയതിനാൽ ടി തുക മത്സ്യത്തൊഴിലാളികളുടെ അക്കൗണ്ടിൽ നിക്ഷേപിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

**തീരോന്നതി, പ്രതിഭതീരം പദ്ധതികൾ**

325(1071) <u>ശ്രീ. സി. കെ. ഹരീന്ദ്രൻ</u>:
<u>ശ്രീ. പി. പി. ചിത്തരഞ്ജൻ</u>:
<u>ഡോ. സുജിത് വിജയൻപിള്ള</u>:
<u>ശ്രീ. എം. വിജിൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തീരപ്രദേശമേഖലയിൽ ആരോഗ്യ, വിദ്യാഭ്യാസ രംഗങ്ങളിൽ പ്രത്യേകമായ വികസന പാക്കേജ് ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ?

തീരദേശ മേഖലയിൽ കേരള ഫിഷറീസ് വകുപ്പ്, കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ, ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് എന്നിവ മുഖേന സ്റ്റേറ്റ് ഫണ്ട് നബാർഡ്, കിഫ്ബി ഫണ്ട് എന്നിവ ഉപയോഗിച്ച് തീരദേശത്തെ സർക്കാർ സ്കൂളുകളുടേയും സർക്കാർ ആശുപത്രികളുടേയും വികസനം നടപ്പിലാക്കി വരുന്നു.

(ബി) തീരോന്നതി പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കാമോ?

ഫിഷറീസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റികളുടെ പ്രവർത്തനങ്ങളെ മുഖ്യ ധാരയിൽ എത്തിക്കുകയും ശക്തിപ്പെടുത്തുകയും ചെയ്യുക, മത്സ്യത്തൊഴിലാളികൾക്കും അനുബന്ധത്തൊഴിലാളികൾക്കും മാരകമായ രോഗങ്ങൾക്ക് തുടർ ചികിത്സ ഉറപ്പുവരുത്തുക എന്നിവയാണ് തീരോന്നതി പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ.

(സി) തീരദേശ വിദ്യാലയങ്ങളിലെ പശ്ചാത്തല, അക്കാദമിക് സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി പ്രത്യേക പദ്ധതികൾ നിലവിലുണ്ടോ; വിശദമാക്കാമോ?

സംസ്ഥാന ബഡ്ജറ്റ് ഫണ്ട്, നബാർഡ് ഫണ്ട്, കിഫ്ബി ഫണ്ട് എന്നിവ ഉപയോഗിച്ച് തീരദേശത്തെ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ അടിസ്ഥാന സൗകര്യ വികസനം നടപ്പിലാക്കിവരുന്നു. പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ഡി) പ്രതിഭാതീരം പദ്ധതിയിലൂടെ എന്തൊക്കെ കാര്യങ്ങളാണ് ലക്ഷ്യ മാക്കുന്നത്; പദ്ധതിയുടെ നിലവിലെ അവസ്ഥ വിശദമാക്കാമോ?

തീരപ്രദേശത്തുള്ള കുട്ടികളുടെ പഠന പിന്നാക്കാവസ്ഥ പരിഹരിക്കുന്നതിനും സമഗ്ര വ്യക്തിത്വ വികസനത്തിനും ലക്ഷ്യമിട്ടുള്ള പദ്ധതിയാണ് പ്രതിഭാതീരം. തീരദേശ വായനശാലകളെ പഠന വീടുകളാക്കി മാറ്റി പ്രാദേശികമായി അയൽപക്ക പഠന കൂട്ടായ്മ സൃഷ്ടിച്ച് സ്കൂളിന് പുറത്ത് കുട്ടികൾക്ക് ഇരുന്ന് പഠിക്കുന്നതിനും ആധുനിക സാങ്കേതികവിദ്യ കുട്ടികൾക്ക് പ്രാപ്യമാക്കുന്നതിനും ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കി കുട്ടികളിൽ അക്ഷരബോധവും അക്കജ്ഞാനവും ലക്ഷ്യബോധവും ഉറപ്പിക്കുകയെന്നതാണ് പ്രതിഭാതീരം പദ്ധതിയുടെ ലക്ഷ്യം. സംസ്ഥാനത്തെ തീരപ്രദേശത്തെ തെരഞ്ഞെടുത്ത 75 ലൈബ്രറികളിൽ ആധുനിക പഠന സൗകര്യം ഒരുക്കുന്നതിനായി 1.06 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഓരോ ലൈബ്രറിയിലും 1.4 ലക്ഷം രൂപയുടെ ഉപകരണങ്ങളാണ് സജ്ജമാക്കുന്നത്. ഒരു ലാപ്ടോപ്പ്, പ്രൊജക്ടർ, യു.എസ്.ബി, സ്പീക്കർ, പ്രൊജക്ടർ സീലിംഗ് മൗണ്ടിംഗ് കിറ്റ്, പ്രൊജക്ടർ സ്ക്രീൻ, എൽ.സി.ഡി. ടെലിവിഷൻ, ഡെസ്ക്ടോപ്പ് കമ്പ്യൂട്ടർ, മൾട്ടി ഫങ്ക്ഷണൽ ലേസർ പ്രിന്റർ എന്നിവയാണ് ഉപകരണങ്ങൾ. പദ്ധതി നടപ്പിലാക്കുന്നത് ലൈബ്രറി കൗൺസിൽ മുഖേനയാണ്. തീരദേശ വികസന കോർപ്പറേഷൻ മുഖേനയാണ് ഉപകരണങ്ങൾ വാങ്ങി സ്ഥാപിക്കുന്നത്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## കാസർഗോഡ് ജില്ലയിലെ പുനർഗേഹം പദ്ധതി

326 (1072) ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുനർഗേഹം പദ്ധതിയിൽ കാസർഗോഡ് ജില്ലയിലെ വേലിയേറ്റ മേഖലയിൽനിന്ന് എത്ര കുടുംബങ്ങളെ മാറ്റിപ്പാർപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ അറിയിക്കാമോ?

പുനർഗേഹം പദ്ധതി പ്രകാരം കാസർഗോഡ് ജില്ലയിൽ വേലിയേറ്റ പരിധിയിൽനിന്നും 50 മീറ്ററിനുള്ളിൽ അധിവസിക്കുന്ന 1169 കുടുംബങ്ങളുള്ളതിൽ എല്ലാ കുടുംബങ്ങളേയും പദ്ധതി ഗുണഭോക്താക്കളായി ജില്ലാതല അപ്രൂവൽ കമ്മിറ്റി അംഗീകരിച്ചിട്ടുണ്ടെങ്കിലും നിലവിൽ 538 കുടുംബങ്ങളാണ് മാറിത്താമസിക്കുവാൻ സമ്മതം അറിയിച്ചിട്ടുള്ളത്. അപ്രകാരം സമ്മതം അറിയിച്ചിട്ടുള്ള കുടുംബങ്ങളുടെ പുനരധിവാസമാണ് ആദ്യഘട്ടമായി പരിഗണിക്കുക. തുടർന്ന് മാറിതാമസിക്കുവാൻ സന്നദ്ധരാകുന്ന മുഴുവൻ കുടുംബങ്ങളേയും സുരക്ഷിത മേഖലയിലേയ്ക്ക് മാറ്റിപ്പാർപ്പിക്കും.

(ബി) ഇതിനാവശ്യമായ സ്ഥലം വകുപ്പ് കണ്ടെത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

പദ്ധതി മാർഗ്ഗരേഖ പ്രകാരം വ്യക്തിഗത ഭവനങ്ങളുടെ നിർമ്മാണത്തിനായി ഗുണഭോക്താവ് സ്വന്തം നിലയിലാണ് ഭൂമി കണ്ടെത്തുന്നത്. കോയിപ്പാടി വില്ലേജിൽ 200 സെന്റ് സർക്കാർ ഭൂമി പദ്ധതിയ്ക്കായി ഏറ്റെടുത്ത് 144 ഫ്ലാറ്റുകൾ നിർമ്മിക്കുന്നതിനുള്ള ഭരണാനുമതി നല്കിയിട്ടുണ്ട്. ആയതിനുള്ള തുടർ നടപടികൾ സ്വീകരിച്ചു വരുന്നു.

## വൈപ്പിൻ മണ്ഡലത്തിലെ പുനർഗേഹം പദ്ധതി

327(1073) ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുനർഗേഹം പദ്ധതിയുടെ ഭാഗമായി നടത്തിയ സർവ്വേ പ്രകാരം വൈപ്പിൻ നിയോജകമണ്ഡലത്തിൽ മാറ്റി പാർപ്പിക്കുന്ന കുടുംബങ്ങൾ എത്രയെന്ന് പഞ്ചായത്ത് അടിസ്ഥാനത്തിൽ വ്യക്തമാക്കാമോ?

തീരപ്രദേശത്ത് വേലിയേറ്റ രേഖയിൽനിന്നും 50 മീറ്ററിനുള്ളിൽ വൈപ്പിൻ നിയോജക മണ്ഡലത്തിൽ 382 കുടുംബങ്ങളെ കണ്ടെത്തിയിട്ടുണ്ട്. അപ്രകാരം കണ്ടെത്തിയ കുടുംബങ്ങളുടെ എണ്ണം പഞ്ചായത്ത് തിരിച്ച് ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പഞ്ചായത്ത് | എണ്ണം |
|---|---|---|
| 1 | പള്ളിപ്പുറം | 94 |
| 2 | നായരമ്പലം | 104 |
| 3 | എടവനക്കാട് | 83 |
| 4 | കുഴുപ്പിള്ളി | 89 |
| 5 | എളങ്കുന്നപ്പുഴ | 11 |
| 6 | ഞാറയ്ക്കൽ | 1 |
| | ആകെ | 382 |

(ബി) പ്രസ്തുത കുടുംബങ്ങളിൽ മാറി താമസിക്കാൻ സമ്മതം പ്രകടിപ്പിച്ചിട്ടുള്ളതും പുനർഗേഹം പദ്ധതിയിൽ അപേക്ഷ സമർപ്പിച്ചിട്ടുള്ളതും ജില്ലാതല അപ്രൂവൽ കമ്മിറ്റിയുടെ അംഗീകാരം ലഭിച്ചതുമായ കുടുംബങ്ങൾ എത്രയെന്നും അവരെ മാറ്റി പാർപ്പിക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയെന്നും വിശദമാക്കാമോ?

പുനർഗേഹം പദ്ധതിയിലുൾപ്പെടുന്നതിനായി അപേക്ഷ സമർപ്പിച്ചവരുടെ എണ്ണവും ജില്ലാതല അപ്രൂവൽ കമ്മിറ്റി അംഗീകരിച്ച കുടുംബങ്ങളുടെ പഞ്ചായത്ത് തിരിച്ചുള്ള എണ്ണവും മാറി താമസിക്കാൻ സമ്മതം അറിയിച്ചവരുടെ എണ്ണവും അനുബന്ധമായി* ചേർക്കുന്നു. ജില്ലാതല അപ്രൂവൽ കമ്മിറ്റി അംഗീകരിച്ച 39 പേരിൽ 10 പേർ കണ്ടെത്തിയ സ്ഥലത്തിന്റേയും 4 പേർ കണ്ടെത്തിയ വീടുൾപ്പെടെയുള്ള സ്ഥലത്തിന്റേയും (ആകെ 14) രജിസ്ട്രേഷൻ പൂർത്തീകരിച്ചിട്ടുണ്ട്. ഇതിൽ 9 പേർക്ക് ഭവന നിർമ്മാണത്തിനുള്ള മുഴുവൻ ധനസഹായവും വിതരണം ചെയ്തിട്ടുണ്ട്. ശേഷിക്കുന്ന 5 ഗുണഭോക്താക്കളുടെ ഭവന നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ച് വരുന്നു.

(സി) ബാക്കിയുള്ള കുടുംബങ്ങളെ മാറ്റി പാർപ്പിക്കുന്നതിനായി നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ സ്വീകരിച്ചിട്ടുള്ള നടപടി എന്തെന്ന് വ്യക്തമാക്കാമോ?

സർക്കാർ മാനദണ്ഡങ്ങൾ പാലിച്ച് തീരപ്രദേശത്തുനിന്ന് മാറി താമസിക്കുവാൻ സമ്മതമറിയിച്ച മുഴുവൻ പേരെയും മാറ്റി പാർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## കടാശ്വാസ കമ്മീഷന്റെ നോഡൽ ഏജൻസി

328(1074) ശ്രീ. ടി. ജെ. വിനോദ്: താഴെക്കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷന്റെ ശിപാർശകൾ നടപ്പിലാക്കുന്നതിനുള്ള നോഡൽ ഏജൻസിയായി ഫിഷറീസ് ഡിപ്പാർട്ട്മെന്റിനെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; ഈ കാര്യത്തിൽ സഹകരണ വകുപ്പുമായുള്ള ഏകോപനത്തിന് എന്തൊക്കെ ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെന്ന് അറിയിക്കുമോ?

നോഡൽ ഏജൻസിയായി ഫിഷറീസ് വകുപ്പിനെ ചുമതലപ്പെടുത്തിയിട്ടില്ല. എന്നാൽ മത്സ്യത്തൊഴിലാളികൾ വിവിധ ധനകാര്യ സ്ഥാപനങ്ങൾ/സഹകരണ സ്ഥാപനങ്ങൾ എന്നിവയിൽനിന്ന് എടുത്ത വായ്പകളിന്മേൽ കടാശ്വാസം അനുവദിക്കുന്നതിന് കടാശ്വാസ കമ്മീഷൻ സമർപ്പിക്കുന്ന ശിപാർശകളിന്മേൽ ഫിഷറീസ് സഹകരണ വകുപ്പിന്റെ സംയുക്ത ഓഡിറ്റ് അടിസ്ഥാനമാക്കിയാണ് കടാശ്വാസം അനുവദിക്കുന്നത്.

## കുട്ടനാട്ടിലെ മത്സ്യതൊഴിലാളികൾക്കുള്ള ആനുകൂല്യം

329(1075) ശ്രീ. തോമസ് കെ. തോമസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉൾനാടൻ മത്സ്യത്തൊഴിലാളികൾ തിങ്ങിപ്പാർക്കുന്ന കുട്ടനാട്ടിൽ അവരുടെ ക്ഷേമത്തിന് കൂടുതൽ പദ്ധതികൾ ആരംഭിക്കാൻ നടപടികൾ സ്വീകരിക്കുമോ?

ഉൾനാടൻ മത്സ്യമേഖലയെ ആശ്രയിച്ച് ജീവിക്കുന്ന മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് തൊഴിലും സ്ഥിരവരുമാനവും ഉറപ്പു വരുത്തുന്നതിനായി വിവിധ പദ്ധതികൾ ഫിഷറീസ് വകുപ്പ് നേരിട്ടും സാഫ്, മത്സ്യഫെഡ്, മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് തുടങ്ങിയ ഏജൻസികൾ മുഖേനയും നടപ്പിലാക്കിവരുന്നു. സംസ്ഥാനത്ത് ഉൾനാടൻ മത്സ്യത്തൊഴിലാളികൾക്കായി നടപ്പിലാക്കി വരുന്ന വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

(ബി) വള്ളം, വല, എന്നിവ വാങ്ങുന്നതിനും മത്സ്യ വിപണനം കാര്യക്ഷമമായി നടത്തുന്നതിനും ഇപ്പോൾ മത്സ്യത്തൊഴിലാളികൾക്ക് നൽകി വരുന്ന ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ?

ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കുന്നത് നിലവിൽ പരിഗണനയിലില്ല.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) കുട്ടനാടൻ മേഖലയിൽ ഒരു മീനും ഒരു നെല്ലും പദ്ധതി വ്യാപകമാക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

കുട്ടനാടൻ മേഖലയിൽ ഒരു നെല്ലും ഒരു മീനും പദ്ധതി വ്യാപകമാക്കി വരുന്നു. പത്തനംതിട്ട ജില്ലയിൽ ഒരു നെല്ലും ഒരു മീനും പദ്ധതി നിലവിൽ 300 ഹെക്ടർ പ്രദേശത്ത് തുടർന്നു വരുന്നു. അനുയോജ്യമായ 100 ഹെക്ടർ പ്രദേശത്തു കൂടി പദ്ധതി വ്യാപിപ്പിക്കുന്നതാണ്. കോട്ടയം ജില്ലയിൽ ഒരു നെല്ലും ഒരു മീനും കൃഷിക്കായി 2386 ഹെക്ടർ ഏരിയ പ്രയോജനപ്പെടുത്തി. ഇതിന് പുറമേ 1400 ഹെക്ടർ ഏരിയയിൽ ഒരു നെല്ലും ഒരുമീനും പദ്ധതി വ്യാപിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. ആലപ്പുഴ ജില്ലയിൽ നിലവിൽ 6450 ഹെക്ടർ ഏരിയയിൽ ടി പദ്ധതി നടപ്പിലാക്കിവരുന്നു. 950 ഹെക്ടർ പ്രദേശത്തു കൂടി ഒരു നെല്ലും ഒരുമീനും പദ്ധതി വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ആലപ്പുഴ ജില്ലയിൽ ഒരു നെല്ലും ഒരു മീനും പദ്ധതി പ്രകാരം കൃഷി ചെയ്യാൻ തയ്യാറുള്ള പാടശേഖര സമിതിയുടെ സമ്മതപ്രകാരം കുട്ടനാട് മേഖലയിൽ മത്സ്യകൃഷി വ്യാപകമാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്.

**മാതൃകാ മത്സ്യഗ്രാമം പദ്ധതി**

330(1076) ശ്രീ. എ. കെ. എം. അഷ്റഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം നിയോജകമണ്ഡലത്തിലെ മംഗൽപാടി, കുമ്പള, മഞ്ചേശ്വരം എന്നീ പഞ്ചായത്തുകളിലെ തീരപ്രദേശങ്ങളെ മാതൃകാ മത്സ്യഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് സർക്കാരിന് പ്രൊപ്പോസൽ ലഭിച്ചിട്ടുണ്ടോ;

ഇല്ല.

(ബി) പ്രസ്തുത പഞ്ചായത്തുകളിലെ മത്സ്യഗ്രാമങ്ങളെ മാതൃകാ മത്സ്യഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ;

(സി) സർക്കാരിന്റെ മാതൃകാ മത്സ്യഗ്രാമം പദ്ധതിയിൽ എന്തൊക്കെ പ്രവർത്തനങ്ങളും പദ്ധതികളും ആണ് നടപ്പിലാക്കുന്നതെന്ന് വിശദമാക്കുമോ;

(ഡി) പ്രസ്തുത പദ്ധതിക്ക് മത്സ്യഗ്രാമങ്ങളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(ഇ) ആദ്യഘട്ടത്തിൽ പദ്ധതി നടപ്പാക്കുന്നത് എവിടെയൊക്കെയാണെന്നും വിശദാംശങ്ങൾ എന്തൊക്കെയാണെന്നും വിശദമാക്കുമോ?

(ബി-ഇ) ചെല്ലാനം മത്സ്യഗ്രാമത്തെ പൈലറ്റ് പ്രോജക്ട് ആയി മാതൃക മത്സ്യഗ്രാമം ആക്കുന്നതിനുവേണ്ടി സമഗ്ര വികസന പ്ലാൻ (Holistic Development Plan) തയ്യാറാക്കുന്നതിന് Advisory Committe-യും Technical Committe-യും രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്. ഈ പ്ലാൻ തയ്യാറാക്കി പദ്ധതി നടപ്പിലാക്കുന്നതു സംബന്ധിച്ച നടപടിക്രമങ്ങൾ പൂർത്തീകരിച്ചതിനുശേഷം മാത്രമേ മറ്റു മത്സ്യ ഗ്രാമങ്ങളെ മാതൃകാ മത്സ്യഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തുന്ന കാര്യം തീരുമാനിക്കുവാൻ കഴിയുകയുള്ളൂ.

**മത്സ്യത്തൊഴിലാളികളുടെ അവകാശങ്ങൾ**

331(1077) <u>ശ്രീ. പി. പി. ചിത്തരഞ്ജൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യബന്ധന ഉപകരണങ്ങളുടെ ഉടമസ്ഥാവകാശം മത്സ്യത്തൊഴിലാളികൾക്ക് മാത്രമായി ഉറപ്പുവരുത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) കടലിലെ മത്സ്യവിഭവങ്ങളുടെ ഉടമസ്ഥാവകാശം മത്സ്യത്തൊഴിലാളികൾക്ക് മാത്രമായി ഉറപ്പുവരുത്താൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(സി) കടലിൽ മത്സ്യബന്ധനത്തിനുള്ള പ്രവേശനാധികാരം, ആദ്യ വില്പനാവകാശം എന്നിവ മത്സ്യത്തൊഴിലാളികൾക്ക് മാത്രമായി ഉറപ്പ് വരുത്താൻ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ?

(എ-സി) മത്സ്യത്തൊഴിലാളികളുടെ അവകാശ സംരക്ഷണത്തിന് ഒരു കരട് നിയമം തയ്യാറാക്കുന്നതിന് ഒരു സമിതി രൂപീകരിച്ചിട്ടുണ്ട്. സമിതി കരട് നിയമം തയ്യാറാക്കി വരുന്നു.

**പുനർഗേഹം പദ്ധതി**

332(1078) <u>ശ്രീ. കെ. ജെ. മാക്സി</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തീരദേശവാസികളിൽ സ്വന്തമായി വീടില്ലാത്തവരുടെ കണക്ക് ലഭ്യമാക്കുമോ?

ഹൈദരാബാദിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റൂറൽ ഡെവലപ്മെന്റ് (എൻ.ഐ.ആർ.ഡി.)-ന്റെ 2010-ലെ പഠന റിപ്പോർട്ട് പ്രകാരം സംസ്ഥാനത്ത് ആകെ 29,209 മത്സ്യത്തൊഴിലാളി കുടുംബങ്ങൾ ഭവനരഹിതരെന്ന് കണ്ടെത്തിയിട്ടുണ്ട്. ഇതിൽ 16,359 മത്സ്യത്തൊഴിലാളി കുടുംബങ്ങൾ ഭവനരഹിതരും 12,850 മത്സ്യത്തൊഴിലാളി കുടുംബങ്ങൾ ഭൂരഹിത ഭവനരഹിതരുമായിരുന്നു.

(ബി) ഈ സർക്കാരിന്റെ നൂറ് ദിന കർമ്മ പദ്ധതിയിൽ ഉൾപ്പെടുത്തിയ പ്രസ്തുത പദ്ധതിയിലൂടെ എത്ര പേർക്ക് വീട്/ഫ്ലാറ്റ് നൽകിയെന്നും ഇനിയും നൽകാനുള്ളത് എത്ര പേർക്കെന്നും എപ്പോൾ ഇവർക്ക് പാർപ്പിടം നൽകുവാൻ കഴിയുമെന്നും ഇതിനായുള്ള തുടർപ്രവർത്തനങ്ങൾ എന്തെല്ലാമെന്നും വ്യക്തമാക്കുമോ?

സർക്കാരിന്റെ 100 ദിന കർമ്മ പദ്ധതിയിൽ ഉൾപ്പെടുത്തി 308 വ്യക്തിഗത ഭവനങ്ങളും 303 ഫ്ലാറ്റുകളും പൂർത്തീകരിച്ചിട്ടുണ്ട്. പദ്ധതി പ്രകാരം സുരക്ഷിത മേഖലയിലേയ്ക്ക് മാറിത്താമസിക്കുന്നതിന് സമ്മതം അറിയിച്ചിട്ടുള്ള 7,716 കുടുംബങ്ങളിൽ പദ്ധതി നിർവ്വഹണത്തിന്റെ വിവിധ തലങ്ങളിലുള്ള 7,100 കുടുംബങ്ങളുണ്ട്. നിലവിൽ 898 ഫ്ലാറ്റുകളുടെ നിർമ്മാണത്തിന് ഭരണാനുമതി ലഭിച്ച് നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്. സുരക്ഷിത മേഖലയിലേയ്ക്ക് മാറി താമസിക്കുവാൻ സന്നദ്ധത അറിയിച്ചിട്ടുള്ള മുഴുവൻ കുടുംബങ്ങളേയും മാറ്റിപ്പാർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(സി) നാളിതുവരെ പുനർഗേഹം പദ്ധതി വഴി എത്ര മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് വീട്/ഫ്ലാറ്റ് നൽകി; വിശദാംശം വ്യക്തമാക്കുമോ?

പദ്ധതി പ്രകാരം 29-9-2021-വരെ 616 പേർ വ്യക്തിഗത ഭവനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്. 303 ഫ്ലാറ്റുകൾ പൂർത്തീകരിക്കുകയും 276 എണ്ണം ഗുണഭോക്താക്കൾക്ക് കൈമാറിയിട്ടുമുണ്ട്. 29-9-2021-വരെ 2,378 പേർ ഭൂമി വില അംഗീകരിച്ചിട്ടുള്ളവരും 1,771 പേർ ഭൂമി രജിസ്റ്റർ ചെയ്തിട്ടുള്ളവരും ആണ്. 1,263 പേർ ഭവന നിർമ്മാണം ആരംഭിച്ചിട്ടുണ്ട്.

## മത്സ്യത്തൊഴിലാളികളുടെ മക്കളുടെ വിദ്യാഭ്യാസം

333(1079) <u>ശ്രീമതി ദെലീമ</u>: താഴെക്കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മത്സ്യത്തൊഴിലാളികളുടെ മക്കളുടെ വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിനും പഠനത്തിന് അടിസ്ഥാന സൗകര്യം ലഭ്യമാക്കുന്നതിനും എന്തൊക്കെ നടപടികളാണ് സർക്കാർ സ്വീകരിച്ചതെന്ന് വിശദമാക്കാമോ?

വിദ്യാഭ്യാസ പ്രോത്സാഹനത്തിലൂടെ മത്സ്യത്തൊഴിലാളികളുടെ മക്കളെ മുഖ്യധാരയിൽ എത്തിക്കുന്നതിന് ഫിഷറീസ് വകുപ്പ് 'വിദ്യാതീരം' എന്ന തുടർ പദ്ധതി നടപ്പിലാക്കി വരുന്നു. ഈ പദ്ധതിയിൽ ഉൾപ്പെടുത്തി മത്സ്യത്തൊഴിലാളികളുടെ മക്കളായ വിദ്യാർത്ഥികൾക്ക് വിവിധ ആനുകൂല്യങ്ങളായ ലംപ്സംഗ്രാന്റ്, പ്രതിമാസ സ്റ്റൈപ്പന്റ്, ട്യൂഷൻ ഫീസ്, പോക്കറ്റ് മണി, മെസ്സ് ഫീസ്, ഹോസ്റ്റൽ ഫീസ്, പരീക്ഷാ ഫീസ്, സ്പെഷ്യൽ ഫീസ് മുതലായവയും നൽകി വരുന്നു. 2020-21-ൽ

മത്സ്യത്തൊഴിലാളി വിദ്യാർത്ഥികൾക്കുള്ള വിദ്യാഭ്യാസാനുകൂല്യത്തിനായി 32.5 കോടി രൂപ ജില്ലകൾക്ക് അനുവദിച്ച നൽകിയിട്ടുണ്ട്. നടപ്പ സാമ്പത്തിക വർഷം വിദ്യാഭ്യാസാനുകൂല്യം നൽകുന്നതിനായി പ്ലാൻ ഫണ്ടിൽ 5.33 കോടി രൂപയും നോൺ പ്ലാനിൽ 50 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്. +2 മുതലുള്ള ക്ലാസുകളിലെ വിദ്യാഭ്യാസാനുകൂല്യങ്ങൾ 2017-18 മുതൽ ഇ-ഗ്രാൻറ്സ് പദ്ധതി വഴി അനുവദിച്ച വരുന്നു. തീരദേശത്തെ 10 ഗവൺമെന്റ് ഫിഷറീസ് ടെക്നിക്കൽ സ്കൂളുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് പഠനത്തിനാവശ്യമായ എല്ലാ ധനസഹായവും നൽകി വരുന്നു. ടി സ്കൂളുകളെ മികവിന്റെ കേന്ദ്രങ്ങളാക്കുന്നതിനുള്ള സമഗ്ര പദ്ധതികൾ നടപ്പിലാക്കി വരുന്നു. വിദ്യാതീരം പദ്ധതിയിൽ ഉൾപ്പെടുത്തി മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് റെസിഡൻഷ്യൽ മെഡിക്കൽ എൻട്രൻസ് പരിശീലനം, ബാങ്ക് പരിശീലനം, സിവിൽ സർവ്വീസ് പരിശീലനം, പി.എസ്.സി. പരീക്ഷാ പരിശീലനം എന്നീ പദ്ധതികൾ നടപ്പിലാക്കി വരുന്നു. 2015-16 മുതൽ 2020-21 വരെ 331 വിദ്യാർത്ഥികൾക്ക് മെഡിക്കൽ എൻട്രൻസ് പരിശീലനം നൽകുകയും ഇതിൽ 49 വിദ്യാർത്ഥികൾ എം.ബി.ബി.എസ്.-നും 84 പേർക്ക് ഇതര കോഴ്സുകൾക്കും അഡ്മിഷൻ ലഭിച്ചിട്ടുണ്ട്. 2021-22-ൽ പദ്ധതി നടപ്പാക്കുന്നതിന് നടപടി സ്വീകരിച്ച വരുന്നു. മത്സ്യത്തൊഴിലാളികളുടെ മക്കളുടെ പഠന നിലവാരം ഉയർത്തുന്നതിനായി ടി മേഖലയിലെ 75 ലൈബ്രറികൾക്ക് കമ്പ്യൂട്ടർ, ഇന്റർനെറ്റ്, ടി.വി, പ്രൊജക്ടർ, പ്രിന്റർ എന്നീ ആധുനിക പഠന സഹായ ഉപകരണങ്ങൾ നൽകുന്നതിന് ഫിഷറീസ് വകുപ്പ് 'പ്രതിഭാതീരം' എന്ന പദ്ധതി നടപ്പിലാക്കുന്നതിന്റെ പ്രാരംഭ നടപടികൾ പൂർത്തീകരിച്ച വരുന്നു. ഓൺലൈൻ പഠന സൗകര്യം ലഭ്യമല്ലാത്ത 2000 മത്സ്യത്തൊഴിലാളി കുട്ടികൾക്ക് ടാബ് വാങ്ങി നൽകുന്ന 'ജ്യോതിർഗമയ' പദ്ധതി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ച വരുന്നു.

**തീരദേശ വികസനവും മത്സ്യത്തൊഴിലാളി ക്ഷേമവും**

334(1080) ശ്രീ. കടകംപള്ളി സുരേന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) തുമ്പ, വേളി എന്നീ തീരപ്രദേശങ്ങൾ കേന്ദ്രീകരിച്ച് ഫിഷ് ലാന്റിംഗ് സെന്റർ സ്ഥാപിക്കുന്നതിന് പദ്ധതിയുണ്ടോയെന്ന് വിശദമാക്കാമോ?

നിലവിൽ പരിഗണനയിലില്ല

(ബി) മത്സ്യഫെഡിന്റെ കൈവശമുള്ള പള്ളിത്തുറയിലെ ഭൂമിയിൽ മത്സ്യ ത്തൊഴിലാളികൾക്ക് പാർപ്പിട സമുച്ചയം നിർമ്മിക്കാൻ പദ്ധതിയുണ്ടോയെന്ന് വിശദമാക്കാമോ?

തിരുവനന്തപുരം ജില്ലയിൽ പള്ളിത്തുറ മത്സ്യഗ്രാമത്തിൽനിന്നും 3 കുടുംബങ്ങൾ മാത്രമാണ് പുനരധിവാസത്തിനായി സന്നദ്ധരായിട്ടുള്ളത്. കൂടുതൽ ഗുണഭോക്താക്കൾ സന്നദ്ധരാകുന്ന പക്ഷം പാർപ്പിട സമുച്ചയ നിർമ്മാണം പരിശോധിക്കാവുന്നതാണ്.

(സി) തുമ്പ, വേളി എന്നീ തീരപ്രദേശങ്ങളിൽ കടലാക്രമണം തടയുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

കടലാക്രമണം തടയുന്നതിനായി സീവാൾ ഉൾപ്പെടെയുള്ള പ്രവൃത്തികൾ ഇറിഗേഷൻ വകുപ്പ് മുഖേനയാണ് നടപ്പിലാക്കുന്നത്.

(ഡി) മത്സ്യത്തൊഴിലാളികൾക്ക് ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പുവരുത്തുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

മത്സ്യബോർഡിൽ അംഗത്വമുള്ള 18 മുതൽ 70 വയസ്സുവരെയുള്ള പ്രവർത്തനോന്മുഖ മത്സ്യതൊഴിലാളികളെയും അനുബന്ധ തൊഴിലാളികളെയും ഗ്രൂപ്പ് അപകട ഇൻഷ്വറൻസ് പദ്ധതി പ്രകാരം ഓരോ വർഷവും ഇൻഷ്വർ ചെയ്തു വരുന്നു. അപകടംമൂലമുള്ള മരണം, ആശുപത്രി ചികിൽസ, അവശത, വിദ്യാഭ്യാസ ധനസഹായം (2 കുട്ടികൾക്ക്), ശവസംസ്കാര ചെലവ് എന്നിവയ്ക്ക് ഈ പദ്ധതി പ്രകാരം ഇൻഷ്വറൻസ് ധനസഹായം നൽകിവരുന്നു. മത്സ്യഫെഡിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള പ്രാഥമിക മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങളിലെ അംഗങ്ങൾക്ക് അപകട മരണം സംഭവിച്ചാൽ ആശ്രിതർക്ക് ആനുകൂല്യം ലഭിക്കത്തക്ക രീതിയിൽ മത്സ്യഫെഡ് മുഖേനയും അപകട ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കി വരുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു. അപകട മരണം - 10 ലക്ഷം രൂപ, മത്സ്യബന്ധന വേളയിൽ അപകടംമൂലം കാണാതാകൽ - 10 ലക്ഷം രൂപ, സ്ഥിരവും പൂർണ്ണവുമായ അവശത-10 ലക്ഷം രൂപ, സ്ഥിരവും ഭാഗികവുമായ അവശത-5,00,000 രൂപ, അപകട മരണമടഞ്ഞ മത്സ്യതൊഴിലാളികളുടെ കുട്ടികൾക്ക് വിദ്യാഭ്യാസ സഹായം 5,000/- രൂപ പ്രകാരം പരമാവധി - 10,000 രൂപ, അപകടംമൂലം 24 മണിക്കൂറിലധികം ആശുപത്രിയിൽ കിടത്തി ചികിത്സിക്കേണ്ടിവരുന്നവർക്ക് ധനസഹായം - 25,000 രൂപ (പരമാവധി), ശവസംസ്കാര ചെലവ് - 2,500.

(ഇ) വിഷരഹിതമായ മത്സ്യം ഉപഭോക്താക്കൾക്ക് നേരിട്ട് നൽകുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

മത്സ്യത്തിൽ മായം ചേർക്കലും രാസവസ്തുക്കൾ ഉപയോഗിച്ച് കൂടുതൽ കാലം മത്സ്യം കേടുകൂടാതെ വയ്ക്കുന്നതും രാസവസ്തു ഉപയോഗിച്ചുള്ള മത്സ്യവില്പന പ്രവണതകൾ എന്നിവ നിയന്ത്രിക്കുന്നതിനുമായി ഫുഡ് സേഫ്റ്റി വിഭാഗവും ഫിഷറീസ് വകുപ്പും ചേർന്ന് എല്ലാ ജില്ലകളിലും ജോയിന്റ് ഇൻസ്പെക്ഷൻ

സ്ക്വാഡുകൾ-ടാസ്ക് ഫോഴ്സ് രൂപീകരിച്ച് ചെക്ക് പോസ്റ്റുകൾ, മത്സ്യ മൊത്ത/ചില്ലറ വ്യാപാര കേന്ദ്രങ്ങൾ, റയിൽവേ സ്റ്റേഷനുകൾ, ഫിഷിംഗ് ഹാർബറുകൾ, ഫിഷ് ലാന്റിംഗ് സെന്ററുകൾ എന്നിവിടങ്ങളിൽ പരിശോധനകൾ നടത്തിവരുന്നു. പ്രസ്തുത പരിശോധനയിൽ രാസ പദാർത്ഥങ്ങൾ കലർന്നതോ പഴക്കം ചെന്നതോ ആയ മത്സ്യം കണ്ടെത്തുന്ന സാഹചര്യത്തിൽ അവ അതേ സംസ്ഥാനത്തേയ്ക്ക് തന്നെ തിരിച്ച് അയയ്ക്കുകയോ നശിപ്പിക്കുകയോ ചെയ്യുന്നുണ്ട്. അമോണിയ, ഫോർമാലിൻ എന്നിവ ചേർത്ത് മത്സ്യവില്പന സ്പോട്ടിൽ വച്ച് തന്നെ കണ്ടെത്തുന്നതിന് CIFT (Central Institute of Fisheries Technology)-യുമായി ചേർന്ന് പേപ്പർ സ്ട്രിപ്പ് സാങ്കേതിക വിദ്യ പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതിനായി Hi-Media Company വ്യവസായികാടിസ്ഥാനത്തിൽ ടെസ്റ്റിംഗ് കിറ്റ് ഉൽപ്പാദനം സാധ്യമാക്കിയിട്ടുണ്ട്. സ്ട്രിപ്പ് വാങ്ങി പരിശോധന ശക്തമാക്കുന്നതിന് എല്ലാ ജില്ലാ ഓഫീസർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ മത്സ്യത്തിന്റെ സാമ്പിളുകൾ ശേഖരിച്ച് ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള അനലിറ്റിക്കൽ ലാബുകളിൽ പരിശോധന നടത്തുന്നു. ടി ലാബുകളിൽ മത്സ്യത്തിലെ ഫോർമാലിൻ സാന്നിദ്ധ്യം കണ്ടുപിടിക്കുന്നതിന് Gas Chromatograph coupled with Mass Spectrophotometer (GCMS MS), High Performance Liquid Chromatograph (HPLC) എന്നീ ഉപകരണങ്ങൾ ഉപയോഗിച്ചുള്ള പരിശോധനകൾ നടത്തി വരുന്നു. ഇപ്രകാരം നടത്തുന്ന പരിശോധനകളിൽ കുറ്റക്കാർക്കെതിരെ ഭക്ഷ്യ സുരക്ഷ ഗുണനിലവാര നിയമം 2006 പ്രകാരം നിയമ നടപടികൾ സ്വീകരിച്ചു വരുന്നു. ഇത്തരത്തിലുള്ള പ്രവർത്തനങ്ങൾ ഉപഭോക്താക്കൾക്ക് ഗുണമേന്മയുള്ള വിഷരഹിത മത്സ്യങ്ങൾ ലഭ്യമാകാൻ സഹായകരമായിട്ടുണ്ട്.

(എഫ്) പരമ്പരാഗത മത്സ്യബന്ധന മേഖലയിൽ ആധുനികവൽക്കരണം നടപ്പിലാക്കുന്നതിനുള്ള സർക്കാർ പദ്ധതികൾ വിശദമാക്കാമോ?

ഓഖിയുടെ പശ്ചാത്തലത്തിൽ പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് കൂടുതൽ ബലവത്തായ മത്സ്യബന്ധന യാനങ്ങൾ വിതരണം ചെയ്യുക എന്ന ലക്ഷ്യത്തോടെ 120 ഗ്രൂപ്പുകൾക്ക് 8 ലക്ഷം രൂപ ചെലവിൽ FRP യൂണിറ്റ് സൗജന്യമായി വിതരണം ചെയ്യുന്ന പദ്ധതി നടപ്പിലാക്കി വരുകയാണ്. 2 ലക്ഷം രൂപ വിലമതിക്കുന്ന FRP ബോട്ടും 6 ലക്ഷം രൂപ ചെലവിൽ വലയും ജീവൻ രക്ഷാ ഉപകരണങ്ങളും അടങ്ങുന്നതാണ് ഒരു യൂണിറ്റ്. 9.88 കോടി രൂപയാണ് പദ്ധതിയുടെ അടങ്കൽ തുക ഇതിൽ 1.94 കോടി രൂപ ബ്ലൂ റെവല്യൂഷൻ പദ്ധതിയിലുൾപ്പെടുത്തിയുള്ള കേന്ദ്ര വിഹിതവും ബാക്കി തുക CMDRF-ൽ നിന്നുമാണ് കണ്ടെത്തിയിട്ടുള്ളത്. Replacement of Marine Plywood canoe with FRP എന്ന ബ്ലൂ റവല്യൂഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി 40 ശതമാനം

സബ്സിഡിയിൽ 200 FRP യാനങ്ങൾ വിതരണം ചെയ്യുന്നതിനുള്ള പദ്ധതി നടപ്പിലാക്കി വരുന്നു. 4.12 കോടി രൂപയാണ് പദ്ധതി തുക. പരമ്പരാഗത മത്സ്യത്തൊഴിലാളികളെ ആഴക്കടൽ മത്സ്യബന്ധനത്തിന് ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി ബ്ലൂ റവല്യൂഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി 10 ആഴക്കടൽ മത്സ്യബന്ധ ബോട്ടുകൾ വിതരണം ചെയ്യുന്ന പദ്ധതി 40 ശതമാനം സബ്സിഡിയോടുകൂടി നടപ്പാക്കി വരുന്നുണ്ട്. 10 പേരടങ്ങുന്ന ഗ്രൂപ്പിനാണ് ബോട്ട് നൽകുന്നത്. പദ്ധതിയുടെ യൂണിറ്റ് കോസ്റ്റ് 120 ലക്ഷം രൂപയാണ്. ഇതിനായുള്ള ഗുണഭോക്തൃ സെലക്ഷൻ ജില്ലകളിൽ നടന്നു വരുന്നു.

(ജി) മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിന് സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പദ്ധതികൾ വിശദമാക്കാമോ?

ഉൾനാടൻ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി 2021-22 സാമ്പത്തിക വർഷം 9212 ലക്ഷം രൂപ സംസ്ഥാന ബഡ്ജറ്റിൽ വകയിരുത്തി യിട്ടുണ്ട്. ഇതിൽ മത്സ്യ വിഭവങ്ങളുടെ സംരക്ഷണത്തിനും പരിപാലനത്തിനുമായി 500 ലക്ഷം രൂപ, മത്സ്യകൃഷി വികസനത്തിനായി 6262 ലക്ഷം രൂപ, ഉൾനാടൻ പ്രദേശങ്ങളിൽ മത്സ്യഭവനുകൾ സ്ഥാപിക്കുന്നതിനായി 100 ലക്ഷം രൂപ, ജലാശയ വിഭവങ്ങളുടെ ആരോഗ്യ മേൽനോട്ടത്തിനും നിർവ്വഹണത്തിനുമായി 100 ലക്ഷം രൂപ, ജലസംഭരണികളിലെ മത്സ്യകൃഷി വികസനത്തിനായി 150 ലക്ഷം രൂപ, വേമ്പനാട് കായൽ വൃത്തിയാക്കൽ യജ്ഞത്തിനായി 100 ലക്ഷം രൂപ എന്നിവ ഉപ്പെടുത്തിയിട്ടുണ്ട്. കൂടാതെ നിലവിലുള്ള ഹാച്ചറികൾ നവീകരിക്കുന്നതിനും പുതിയ ഹാച്ചറികൾ സ്ഥാപിക്കുന്നതിനും 1,600 ലക്ഷം രൂപയും അക്വാകൾച്ചർ ഡെവലപ്മെന്റിനായുള്ള മൂലധന വികസന പ്രവർത്തനങ്ങൾക്കായി 400 ലക്ഷം രൂപയും ഉൾപ്പെടുന്നു. ആയതനുസരിച്ച് ഉൾനാടൻ മത്സ്യ സമ്പത്ത് വർദ്ധിപ്പി ക്കുന്നതിന്റെ ഭാഗമായി 9,800 ലക്ഷം രൂപയുടെ സുഭിക്ഷ കേരളം-ജനകീയ മത്സ്യകൃഷി പദ്ധതിയും പൊതുജലാശയങ്ങളിൽ മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിക്കു ന്നതിനായി 300 ലക്ഷം രൂപയുടെ പദ്ധതിയും റിസർവോയറുകളിൽ മത്സ്യ കുഞ്ഞുങ്ങൾ നിക്ഷേപിക്കുന്നതിനായി 150 ലക്ഷം രൂപയുടെ പദ്ധതി പ്രവർത്തനം നടന്നു വരികയും ചെയ്യുന്നു. ഇതുകൂടാതെ കായലിലെയും പുഴകളിലെയും പ്രകൃത്യാലുള്ള മത്സ്യസമ്പത്ത് സുസ്ഥിരമായി പരിപാലിക്കുക വഴി മത്സ്യ ബന്ധനം വഴിയുള്ള ഉൾനാടൻ മത്സ്യോല്പാദനം ഉയർത്തുവാൻ കഴിയുന്നതാണ്. ആയതിലേക്ക് കേരള ഇൻലാന്റ് ഫിഷറീസ് അക്വാകൾച്ചർ ആക്ട് കർശനമായി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഇതിനു പുറമെ PMMSY പദ്ധതിയിൽ ഉൾപ്പെടുത്തി 2021-22 സാമ്പത്തിക വർഷം 63.40 കോടി രൂപയുടെ ബയോഫ്ളോക്ക് കൃഷി, RAS, ഓരുജല കൂടുകൃഷി, കുളങ്ങളിലെ ഓരുജല കൃഷി

എന്നീ 4 പദ്ധതികൾ കേന്ദ്ര സർക്കാരിന്റെ അനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്. കൂടാതെ അഡാക്ക് വഴി 12 കോടി രൂപയുടെ റിസർവോയർ വികസന പദ്ധതിയും അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. കടൽ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിൽ കടലിൽ കൃത്രിമ പാര് നിക്ഷേപിക്കുന്ന പദ്ധതി നടപ്പിലാക്കി വരുന്നു. കൂടാതെ ബ്ലൂ റവല്യൂഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി ഓപ്പൺ സീക്കേജ് ഫാമിങ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ശാസ്ത്രീയ മത്സ്യബന്ധനം ഉറപ്പാക്കി മത്സ്യസമ്പത്ത് സംരക്ഷിച്ച് ഉപയോഗപ്പെടുത്തുന്നതിന് കെ.എം.എഫ്.ആർ. ആക്ടിൽ കാലോചിതമായ മാറ്റങ്ങൾ വരുത്തുകയും പുതിയ കെ.എം.എഫ്.ആർ. റൂൾ നടപ്പാക്കുകയും ചെയ്തു. അതിലൂടെ തീരക്കടലിലെ മത്സ്യ ബന്ധന സമ്മർദ്ദം കുറക്കുന്നതിനായി കേരള തീരത്ത് പ്രവർത്തിച്ച് വരുന്ന 20 മീറ്ററിന് മുകളിൽ നീളമുള്ളതും 250 എച്ച്.പി.-ക്ക് മുകളിൽ എഞ്ചിൻ ക്ഷമതയുള്ളതുമായ യന്ത്രവൽകൃത യാനങ്ങൾക്ക് 12 നോട്ടിക്കൽ മൈൽ വരെയുള്ള തീരക്കടലിൽ മത്സ്യബന്ധന വലകളുടെ ആകെ വലിപ്പവും കുറഞ്ഞ കണ്ണിവലിപ്പവും നിശ്ചയിച്ച് നടപ്പിലാക്കി. ട്രോൾ വലകളുടെ കോഡ് എൻഡ് സ്ക്വയർ മെഷ് നിർബന്ധമാക്കി. കേരള തീരത്ത് സുലഭമായി ലഭിക്കുന്ന 58 ഇനം മത്സ്യങ്ങളുടെ പിടിച്ചെടുക്കാവുന്ന വലിപ്പം നിശ്ചയിച്ച് നടപ്പിലാക്കി. ട്രോൾബാൻ കാലാവധി 52 ദിവസമായി വർദ്ധിപ്പിച്ച് നടപ്പിലാക്കി.

### മാവേലിക്കര മണ്ഡലത്തിൽ അനുവദിച്ച പ്രവൃത്തികൾ

335(1081) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെക്കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരമേറ്റശേഷം മത്സ്യബന്ധന വകുപ്പ് മാവേലിക്കര മണ്ഡലത്തിൽ അനുവദിച്ച പ്രവൃത്തികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതിവിവരം ലഭ്യമാക്കാമോ?

ഈ സർക്കാർ അധികാരമേറ്റശേഷം മാവേലിക്കര മണ്ഡലത്തിൽ അനുവദിച്ച പ്രവൃത്തികളുടെ വിശദാംശങ്ങളും നിലവിലെ സ്ഥിതി വിവരങ്ങളും അനുബന്ധമായി* ചേർക്കുന്നു.

### കോട്ടയം ജില്ലയിലെ ആധുനിക മത്സ്യ മാർക്കറ്റുകൾ

336(1082) ശ്രീ. ജോബ് മൈക്കിൾ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം ജില്ലയിലെ ഏതെല്ലാം മത്സ്യ മാർക്കറ്റുകളാണ് ആധുനിക മത്സ്യ മാർക്കറ്റുകളായി ഉയർത്തുന്നതിന് തെരഞ്ഞെടുത്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) ഇതിനായി എത്ര തുക വകയിരുത്തിയിട്ടുണ്ടെന്നും അവയുടെ നിലവിലെ സ്ഥിതി എന്താണെന്നും വ്യക്തമാക്കുമോ?

(എ&ബി) കിഫ്ബി ധനസഹായത്തോടെ മത്സ്യ മാർക്കറ്റുകൾ നിർമ്മിക്കുന്ന പദ്ധതിയിൽ അനുമതി ലഭിച്ചവയിൽ കോട്ടയം ജില്ലയിലെ മത്സ്യമാർക്കറ്റുകൾ ഉൾപ്പെട്ടിട്ടില്ല.

**നായരമ്പലം ഗ്രാമപഞ്ചായത്തിലെ ഫിഷ് മാർക്കറ്റിന്റെ നവീകരണം**

337(1083) <u>ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ നിയോജകമണ്ഡലത്തിലെ നായരമ്പലം ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന ഫിഷ് മാർക്കറ്റിന്റെ നവീകരണത്തിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

സംസ്ഥാനത്തെ തെരഞ്ഞെടുത്ത മത്സ്യ മാർക്കറ്റുകൾ കിഫ്ബി ധന സഹായത്തോടെ പുനരുദ്ധരിക്കുന്നതിനായി 193.46 കോടി രൂപയുടെ പദ്ധതിക്ക് തത്ത്വത്തിൽ അംഗീകാരം നൽകിയിരുന്നു. ടി അംഗീകാരത്തിന്റെ അടിസ്ഥാ നത്തിൽ കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ നായരമ്പലം മത്സ്യമാർക്കറ്റ് നിർമ്മാണത്തിനായി വിശദമായ പദ്ധതി റിപ്പോർട്ട് കിഫ്ബിയുടെ അംഗീകാരത്തിനായി സമർപ്പിച്ചു പ്രകാരം 243.858 ലക്ഷം രൂപയുടെ അനുമതി കിഫ്ബി നൽകി. നിലവിൽ DSR rate revision വന്നതിനാൽ എസ്റ്റിമേറ്റ് പുതുക്കി കിഫ്ബിയുടെ അംഗീകാരം ലഭ്യമാക്കി പ്രവൃത്തി ടെണ്ടർ ചെയ്യുന്നതാണ്.

(ബി) 29-6-2018-ൽ ഫിഷറീസ് വകുപ്പ് ഭരണാനുമതി നൽകിയിട്ടുള്ളതും കേരള സ്റ്റേറ്റ് കോസ്റ്റൽ ഏരിയ ഡെവലപ്മെന്റ് കോർപ്പറേഷനെ എസ്.പി.വി.-യായി നിയമിച്ചിട്ടുള്ളതുമായ പ്രവൃത്തികൾ എന്നത്തേക്ക് ആരംഭിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷനെ സംസ്ഥാനത്തെ വിദ്യാഭ്യാസാടിസ്ഥാന സൗകര്യ വികസനത്തിനും മത്സ്യമാർക്കറ്റുകളുടെ നിർമ്മാണ ത്തിനുമായി കിഫ്ബിയുടെ ധനസഹായം ലഭ്യമാക്കുന്നതിനായി സർക്കാർ എസ്.പി.വി.-യാക്കി തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ടി പ്രവൃത്തികളുടെ വിശദമായ ഡി.പി.ആർ. തയ്യാറാക്കി കിഫ്ബിയുടെ അംഗീകാരത്തിനായി സമർപ്പിക്കുകയും 57 വിദ്യാഭ്യാസാടിസ്ഥാന സൗകര്യ വികസന പദ്ധതികൾക്ക് അംഗീകാരം നൽകിയിരുന്നു. ഇതിൽ 48 സ്കൂൾ പ്രവൃത്തികൾ ഏർപ്പാടാക്കിയിട്ടുള്ളതാണ്. സാങ്കേതിക തടസ്സങ്ങളുള്ള ബാക്കി പ്രവൃത്തികൾ ഈ വർഷം ഏർപ്പാടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

51 മത്സ്യമാർക്കറ്റ് നിർമ്മാണ പ്രവൃത്തികൾക്ക് അംഗീകാരം ലഭിച്ചിരുന്നു. ഇതിൽ സാങ്കേതിക തടസ്സങ്ങൾ ഇല്ലാത്തവയുടെ ടെണ്ടർ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. നിലവിൽ DSR rate revision ബാക്കിയുള്ള മത്സ്യമാർക്കറ്റുകളുടെ എസ്റ്റിമേറ്റ് പുതുക്കി കിഫ്ബിയുടെ അംഗീകാരത്തിനായി സമർപ്പിക്കുന്ന നടപടികൾ കൈക്കൊണ്ടുവരുന്നു. ആയത് ലഭ്യമാക്കി ടെണ്ടർ ചെയ്യുന്നതാണ്.

(സി) എന്തെല്ലാം നവീകരണ പ്രവൃത്തികളാണ് പ്രസ്തുത പദ്ധതി പ്രകാരം ഫിഷ് മാർക്കറ്റിൽ ചെയ്യുവാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

നായരമ്പലം മത്സ്യമാർക്കറ്റ് നിർമ്മാണ പ്രവൃത്തിയുടെ ഭാഗമായി 463.32 ചതുരശ്ര മീറ്റർ വിസ്തൃതിയിൽ ഒരു ഇരുനില കെട്ടിടമായി നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന മത്സ്യമാർക്കറ്റിൽ 16 വിപണന സ്റ്റാളുകൾ, ഒരു ലേല ഹാൾ, ചിൽ റൂം സംവിധാനം, ഓഫീസ് മുറി, ക്വാളിറ്റി കൺട്രോൾ റൂം, ടോയ്‌ലറ്റ് സംവിധാനം എന്നിവ ഉണ്ടായിരിക്കുന്നതാണ്.

**മത്സ്യത്തൊഴിലാളി ഓംബുഡ്സ്മാൻ**

338 (1084) ശ്രീ. സി. ആർ. മഹേഷ്: താഴെക്കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മത്സ്യത്തൊഴിലാളികളുടെ പ്രശ്നങ്ങൾ പരിഹരിക്കുവാൻ മത്സ്യത്തൊഴിലാളി ഓംബുഡ്സ്മാനെ നിയമിക്കുന്നത് സർക്കാരിന്റെ ആലോചനയിലുണ്ടോ; എങ്കിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

നിലവിൽ പരിഗണനയിലില്ല.

**ബ്ലൂ-ഇക്കോണമി നയത്തിന്റെ പ്രത്യാഘാതങ്ങൾ**

339(1085) ശ്രീ. കടകംപള്ളി സുരേന്ദ്രൻ:
ശ്രീ. പി. പി. ചിത്തരഞ്ജൻ:
ശ്രീ. കെ. ആൻസലൻ:
ശ്രീ. എം. നൗഷാദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടലിനെ ആശ്രയിച്ചു ജീവിക്കുന്നവരുടെ ആശങ്കയും പ്രതിഷേധവും കണക്കിലെടുക്കാതെ കടൽധാതുക്കൾ കുത്തകകൾക്ക് തീറെഴുതുന്നതായി പറയപ്പെടുന്ന ബ്ലൂ-ഇക്കോണമി നയം പ്രവർത്തികമാക്കരുതെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ;

(ബി) വ്യാപക തോതിൽ നടത്താനുദ്ദേശിക്കുന്ന സമുദ്ര ധാതുഖനനം കടലിന്റെ ആവാസവ്യവസ്ഥയെ തകർത്ത് മത്സ്യത്തൊഴിലാളികളെ പട്ടിണിയിലാക്കുമെന്ന ആശങ്ക സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) മത്സ്യബന്ധന മേഖലയിൽ കേന്ദ്രസർക്കാർ നടത്തുന്ന തെറ്റായ ഇടപെടലുകൾ സൃഷ്ടിക്കുന്ന ആശങ്ക പരിഹരിക്കാൻ വേണ്ട നടപടി സ്വീകരിക്കുമോ?

(എ-സി) കേന്ദ്ര സർക്കാർ പ്രസിദ്ധീകരിച്ച ബ്ലൂ-ഇക്കോണമി കരട് നയത്തിൽ സംസ്ഥാന മത്സ്യബന്ധന മേഖലയെ ബാധിക്കുന്ന വിഷയങ്ങളിൽ സംസ്ഥാനത്തിന്റെ ആശങ്കകളും അഭിപ്രായവും 20-9-2021-ലെ കത്ത് പ്രകാരം കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ട്.

## ഇതര സംസ്ഥാന ബോട്ടുകളുടെ നിയന്ത്രണം

340(1086) ശ്രീ. മോൻസ് ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇതര സംസ്ഥാന ബോട്ടുകൾ നിയന്ത്രണമില്ലാതെ മത്സ്യബന്ധനം നടത്തുന്നതായുള്ള വസ്തുത സർക്കാർ തലത്തിൽ വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. തീരത്തുനിന്നും 12 നോട്ടിക്കൽ മൈൽ അകലെവരെയുള്ള സംസ്ഥാന അധികാര പരിധിയിൽ വരുന്ന തീരക്കടലിൽ അന്യ സംസ്ഥാന ബോട്ടുകളുടെ മത്സ്യബന്ധനം കേരള കടൽ മത്സ്യബന്ധന നിയന്ത്രണ നിയമംമൂലം നിരോധി ച്ചിട്ടുണ്ട്. ഫിഷറീസ് വകുപ്പും മറൈൻ എൻഫോഴ്സ്മെന്റും സംയുക്തമായി കടലിൽ പട്രോളിംഗ് നടത്തി നിയമ ലംഘനം നടത്തുന്ന യാനങ്ങളെ കണ്ടുകെട്ടി ഉയർന്ന പിഴ ചുമത്തുന്നത് അടക്കമുള്ള ശിക്ഷാനടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. കടൽ പട്രോളിംഗ് ശക്തിപ്പെടുത്തുകയും ബോധവത്കരണ പരിപാടികൾ സംഘടിപ്പിക്കുകയും ചെയ്യുന്നുണ്ട്. അന്യസംസ്ഥാന ബോട്ടുകൾക്ക് സംസ്ഥാനത്തിന്റെ തീരക്കടലിലൂടെ ഹാർബറുകളിൽ പ്രവേശിക്കുന്നതിനും ഹാർബറുകളിലെ സൗകര്യങ്ങൾ ഉപയോഗി ക്കുന്നതിനും വാർഷിക പെർമിറ്റ് ഫീസ് ഏർപ്പെടുത്തിയിട്ടുണ്ട്.

(ബി) സി.എം.എഫ്.ആർ. നിർദ്ദേശവും ഹൈക്കോടതി നിർദ്ദേശവും അനുസരിച്ച് എല്ലാ യാനങ്ങളും രജിസ്റ്റർ ചെയ്യുന്നതിന് ഫിഷറീസ് വകുപ്പ് നടപടികൾ സ്വീകരി ച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. സംസ്ഥാനത്ത് മത്സ്യബന്ധനത്തിനുപയോഗിക്കുന്ന എല്ലാ മത്സ്യ ബന്ധന യാനങ്ങളെയും KMFR Act 1980 (Amendment Act 2017) Merchant Shipping Act എന്നിവയിലെ ബന്ധപ്പെട്ട വകുപ്പുകളുടെയും ചട്ടങ്ങളുടെയും അടിസ്ഥാനത്തിൽ ഫിഷറീസ് വകുപ്പിൽ രജിസ്റ്റർ ചെയ്തുവരുന്നുണ്ട്. യാനങ്ങളുടെ ആകെ നീളത്തിന്റെ അടിസ്ഥാനത്തിൽ വ്യത്യസ്ത ഫീസുകൾ ഈടാക്കിക്കൊണ്ടാണ് രജിസ്ട്രേഷൻ നടത്തുന്നത്. NIC യുടെ സഹായത്തോടെ തയ്യാറാക്കിയ Real Craft എന്ന സോഫ്റ്റ്‌വെയറിന്റെ സഹായത്താലാണ് രജിസ്ട്രേഷൻ പ്രവർത്ത നങ്ങൾ നിർവ്വഹിക്കുന്നത്.

(സി) ഇതര സംസ്ഥാന ബോട്ടുകളിൽനിന്നും യൂസേജ് ഫീ പിരിക്കുന്ന കാര്യത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ?

പുതിയ KMFR ചട്ടങ്ങൾ ഉത്തരവായ 2018 സെപ്റ്റംബറിനുശേഷം സംസ്ഥാനത്ത് രജിസ്റ്റർ ചെയ്തിട്ടുള്ള യന്ത്രവൽകൃത യാനങ്ങളിൽ 20 മീറ്ററിനു മുകളിൽ നീളമുള്ളതും 250 HP-ക്കു മുകളിൽ എഞ്ചിൻ ക്ഷമതയുള്ളതുമായ ബോട്ടുകൾക്ക് 12 നോട്ടിക്കൽ മൈലിനുള്ളിൽ ഫിഷിംഗ് ലൈസൻസ് അനുവദിച്ചിട്ടില്ല. അവർക്ക് തീരക്കടലിലൂടെ ഹാർബറുകളിലേക്കു പ്രവേശിക്കുന്നതിനും ഹാർബറുകളിലെ സൗകര്യങ്ങൾ ഉപയോഗപ്പെടുത്തുന്നതിനും വാർഷിക പെർമിറ്റ് ഫീസാണ് ഏർപ്പെ ടുത്തിയിട്ടുള്ളത്. അന്യസംസ്ഥാന ബോട്ടുകൾക്കും വാർഷിക പെർമിറ്റ് ഫീസാണ് ഏർപ്പെടുത്തിയിട്ടുള്ളത്. യന്ത്രവൽകൃത യാനങ്ങളിൽ ട്രോൾ ബോട്ടുകൾക്ക് 25,000 രൂപയും ഇൻബോർഡ് വള്ളങ്ങൾക്ക് 15,000 രൂപയുമാണ് വാർഷിക പെർമിറ്റ് ഫീസ് നിശ്ചയിച്ചിട്ടുള്ളത്. പെർമിറ്റ് ഫീസ് പിരിച്ചെടുക്കുന്നതിനുള്ള സംവിധാനം എല്ലാ തീരദേശ ജില്ലകളിലും ഒരുക്കിയിട്ടുണ്ട്. ആയതു പിരിച്ചെടുക്കുന്നതിന് എല്ലാ തീരദേശ ജില്ലാ ഓഫീസർമാർക്കും കർശന നിർദ്ദേശവും നൽകിയിട്ടുണ്ട്.

(ഡി) ഇതര സംസ്ഥാന മത്സ്യതൊഴിലാളികളും സംസ്ഥാനത്തെ മത്സ്യ തൊഴിലാളികളും തമ്മിൽ കടലിലുള്ള സംഘർഷ സാധ്യത ലഘൂകരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഇതര സംസ്ഥാന മത്സ്യതൊഴിലാളികളും സംസ്ഥാനത്തെ മത്സ്യതൊഴി ലാളികളും തമ്മിൽ കടലിലുള്ള സംഘർഷാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഇത്തരം സംഘർഷ സാധ്യത ഉണ്ടായാൽ ആയതു പരിഹരിയ്ക്കുന്നതിനുള്ള ഉത്തരവാദിത്തം കോസ്റ്റൽ പോലീസിനാണ്. മത്സ്യതൊഴിലാളികളുടെ ഭാഗത്തുനിന്ന് KMFR Act-ന്റെ ലംഘനം ഉണ്ടായാൽ ആയതിനെതിരെ ഫിഷറീസ് വകുപ്പ് മറൈൻ എൻഫോഴ്സ് മെന്റിന്റെ സഹായത്താൽ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

## മത്സ്യ ലഭ്യതയിലുണ്ടായ കുറവ്

341 (1087) ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെക്കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ മത്സ്യലഭ്യതയിൽ വലിയ തോതിലുള്ള കുറവുണ്ടായിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ പ്രതിസന്ധി പരിഹരിക്കുന്നതിനായി എന്തൊക്കെ മാർഗ്ഗങ്ങളാണ് അവലംബിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മുൻകാലങ്ങളെ അപേക്ഷിച്ച് കടൽ മത്സ്യത്തിന്റെ ലഭ്യത 2017-18-വരെ കുറഞ്ഞുവരുന്നതായി വിലയിരുത്തിയിട്ടുണ്ട്. എന്നാൽ കെ.എം.എഫ്.ആർ. നിയമം 2017-ൽ കാലോചിതമായി പരിഷ്കരിക്കുകയും 2018-ൽ പുതിയ കെ.എം.എഫ്.ആർ. റൂൾ നടപ്പാക്കുകയും ചെയ്യുക വഴി ശാസ്ത്രീയ മത്സ്യബന്ധനം ഉറപ്പാക്കുകയും കടൽ മത്സ്യസമ്പത്ത് 2018-19-ൽ 6.09 ടണ്ണായി വർദ്ധിക്കുകയും ചെയ്തിരുന്നു. എന്നാൽ തുടർന്നുള്ള രണ്ടു വർഷങ്ങളിൽ കടൽ മത്സ്യ ലഭ്യത കുറയുന്നതായിട്ടാണ് കാണുന്നത്. കഴിഞ്ഞ രണ്ടു വർഷങ്ങളിൽ മത്സ്യലഭ്യത കുറയാനുള്ള പ്രധാന കാരണങ്ങൾ കോവിഡ് പ്രതിസന്ധിയും കാലാവസ്ഥ മുന്നറിയിപ്പുമൂലം മത്സ്യ ബന്ധന ദിവസങ്ങൾ കുറഞ്ഞതുമാണ്. വർദ്ധിച്ച മത്സ്യ ബന്ധന സമ്മർദ്ദം, ചെറുമത്സ്യങ്ങളെ പിടിക്കൽ, അശാസ്ത്രീയ മത്സ്യബന്ധനം, വിദേശ ട്രോളറുകളുടെ കടന്നുകയറ്റം, ജല മലിനീകരണം, കണ്ടൽക്കാടുകളുടെ തിരോധാനം, കാലാവസ്ഥാ വ്യതിയാനം, ആഗോളതാപനം തുടങ്ങിയ നിരവധി കാരണങ്ങളാൽ മത്സ്യസമ്പത്തിന് ശോഷണം സംഭവിക്കുന്നുവെന്ന് കേന്ദ്ര സർക്കാർ സ്ഥാപനമായ CMFRI-യുടെ പഠനത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. ഓഖി, പ്രളയംപോലുള്ള പ്രകൃതി ദുരന്തങ്ങളും മത്സ്യസമ്പത്ത് കുറയുന്നതിന് ഒരു പരിധിവരെ കാരണമായി മാറിയിട്ടുണ്ട്. ഈ പ്രതിസന്ധി പരിഹരിക്കുന്നതിനായി കടൽ മത്സ്യസമ്പത്തിന്റെ സംരക്ഷണത്തിനും പരിപാലനത്തിനും ഉതകുന്ന തരത്തിൽ KMFR Act-ഉം Rules-ഉം കാലോചിതമായി പരിഷ്കരിക്കുകയും കാര്യക്ഷമമായി നടപ്പിലാക്കുകയും ചെയ്തുവരുന്നു. വിവിധ മത്സ്യവർഗ്ഗങ്ങളുടെ സ്വാഭാവിക ആവാസവ്യവസ്ഥകൾ സംരക്ഷിക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു. ശാസ്ത്രീയ മത്സ്യബന്ധനം ഉറപ്പാക്കുന്നതിനായി ട്രോൾ നെറ്റുകളുടെ കോഡ് എന്റിൽ സ്ക്വയർ മെഷ് നിർബ്ബന്ധമാക്കി. പ്രധാനപ്പെട്ട എല്ലാ വലകളുടെയും ആകെ വലിപ്പം നിയന്ത്രിക്കുകയും കുറഞ്ഞ കണ്ണി വലിപ്പം നിശ്ചയിക്കുകയും ചെയ്തിട്ടുണ്ട്. തീരക്കടലിലെ മത്സ്യബന്ധന സമ്മർദ്ദം കുറയ്ക്കുന്നതിനായി 20 മീറ്ററിന് മുകളിൽ നീളവും 250 എച്ച്.പി.-യ്ക്ക് മുകളിൽ ഇന്ധന ക്ഷമതയുള്ളതുമായ യാനങ്ങൾക്ക് തീരക്കടലിൽ (12 നോട്ടിക്കൽ മൈൽ വരെ) മത്സ്യബന്ധന ലൈസൻസ് നിരോധിച്ചു. ചെറുമത്സ്യങ്ങളെ പിടിച്ച് വളം നിർമ്മാണത്തിനും മത്സ്യതീറ്റ നിർമ്മാണത്തിനും മറ്റും ഉപയോഗിക്കുന്നത് മത്സ്യസമ്പത്തിന്റെ ശോഷണത്തിന് കാരണമാകുന്നുവെന്ന് മനസ്സിലാക്കി കേരള തീരത്ത് സുലഭമായ 58 ഇനം മത്സ്യങ്ങളുടെ പിടിച്ചെടുക്കാവുന്ന വലിപ്പം നിശ്ചയിച്ച് വിജ്ഞാപനം ഇറക്കുകയും ആയത് നടപ്പിലാക്കുകയും ചെയ്തുവരുന്നു. കൂടാതെ ട്രോൾബാൻ 47 ദിവസത്തിൽ നിന്നും 52 ദിവസമായി വർദ്ധിപ്പിച്ചു. കടലിൽ കൃത്രിമ ആവാസ വ്യവസ്ഥയായ കൃത്രിമ പാര് നിക്ഷേപിക്കുന്ന പദ്ധതി പ്രാവർത്തികമാക്കി.

## അക്വാകൾച്ചർ യൂണിറ്റ്

342(1088) ശ്രീമതി കാനത്തിൽ ജമീല: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

അക്വാകൾച്ചർ യൂണിറ്റ് ആരംഭിക്കാൻ ഫിഷറീസ് വകുപ്പ് നൽകി വരുന്ന സഹായങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

ഉൾനാടൻ മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി പുതിയ അക്വാകൾച്ചർ യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് യൂണിറ്റ് തുകയുടെ 40 ശതമാനം തുക ധനസഹായമായി നൽകിവരുന്നു. വിശദാംശം അനുബന്ധമായി* ചേർക്കുന്നു.

(ബി) കോഴിക്കോട് ജില്ലയിൽ ഇത്തരത്തിൽ എത്ര യൂണിറ്റുകൾ പ്രവർത്തിച്ചുവരുന്നുണ്ടെന്ന് വ്യക്തമാക്കാമോ?

കോഴിക്കോട് ജില്ലയിൽ പ്രവർത്തിച്ചുവരുന്ന അക്വാകൾച്ചർ യൂണിറ്റുകളുടെ വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു :

| ക്രമ നമ്പർ | പദ്ധതി | എണ്ണം |
|---|---|---|
| 1 | ശുദ്ധജല കൂട് മത്സ്യകൃഷി | 17 |
| 2 | വീട്ടുവളപ്പിലെ മത്സ്യകൃഷി | 205 |
| 3 | ബയോഫ്ളോക്ക് (160 m3) | 91 |
| 4 | RAS (50 m3) | 10 |
| 5 | ബയോഫ്ളോക്ക് (160 m3) | 15 |
| 6 | RAS (100 m3) | 11 |
| 7 | ഓരുജല കൂടുകൃഷി | 50 |
| 8 | കരിമീൻ വിത്തുല്പാദന യൂണിറ്റ് | 8 |
| 9 | വരാൽ വിത്തുല്പാദന യൂണിറ്റ് | 4 |

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**കുറ്റ്യാടി റിസർവോയറിലെ മത്സ്യകൃഷി**

343(1089) ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ പേരാമ്പ്ര മണ്ഡലത്തിൽ ഉൾപ്പെടുന്ന കുറ്റ്യാടി ജലസേചന പദ്ധതിയിലെ റിസർവോയറിൽ ആധുനിക രീതിയിൽ മത്സ്യകൃഷി നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) നിലവിൽ ഏതെങ്കിലും സഹകരണ സംഘങ്ങൾ പ്രസ്തുത റിസർവോയറിൽ മത്സ്യകൃഷി നടത്തുന്നുണ്ടോ?

(എ&ബി) ഉണ്ട്. പെരുവണ്ണാമൂഴി എസ്.സി./എസ്.ടി. ഫിഷർമെൻ കോ-ഓപ്പറേറ്റീവ് സൊസൈറ്റിയിലെ അംഗങ്ങളായ 100 ഗുണഭോക്താക്കളെയാണ് കൂട്ടുമത്സ്യകൃഷിയുമായി ബന്ധപ്പെട്ട പ്രവൃത്തികൾക്കായി തെരഞ്ഞെടുത്തിരിക്കുന്നത്.

(സി) പ്രസ്തുത സംഘങ്ങൾക്ക് എന്തെല്ലാം സഹായങ്ങളാണ് നൽകി വരുന്നത്?

പദ്ധതിയുമായി സഹകരിക്കുന്ന ഗുണഭോക്താക്കൾക്ക് ദിവസവേതനമായി 600 രൂപയാണ് നിശ്ചയിച്ചിരിക്കുന്നത്. ഈ തുക തൊഴിലാളികൾക്ക് നൽകുന്നുണ്ട്. മത്സ്യവിളവെടുപ്പും വിപണനവും ആരംഭിക്കുന്ന മുറയ്ക്ക് അതിലൂടെ ലഭിക്കുന്ന ലാഭത്തിന്റെ നിശ്ചിത വിഹിതവും ഗുണഭോക്താക്കൾക്ക് ലഭ്യമാകുന്നതാണ്. മത്സ്യകൃഷി പ്രവർത്തനങ്ങൾക്കുവേണ്ടി ഗുണഭോക്താക്കൾക്ക് പരിശീലനവും നൽകി വരുന്നു.

(ഡി) മത്സ്യവിപണനവും സംസ്കരണവുമായി ബന്ധപ്പെട്ട് പദ്ധതികൾ നടപ്പിലാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ?

റിസർവോയറിലെ മത്സ്യകൃഷിയുടെ ഒരു സംയോജിത വികസനമാണ് ടി പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. മത്സ്യകൃഷി വഴി ഉത്പ്പാദിപ്പിക്കുന്ന മത്സ്യം കേടുകൂടാതെ സൂക്ഷിക്കുന്നതിനും അവ വിപണനം ചെയ്യുന്നതിനുമുള്ള അടിസ്ഥാന സൗകര്യ വികസനവും പദ്ധതിയിൽ ഉൾപ്പെടുന്നു. ഈ പദ്ധതി വഴി പെരുവണ്ണാമൂഴിയിൽ സ്ഥാപിച്ചിട്ടുള്ള മത്സ്യക്കൂടുകളിൽ നിന്നുമാത്രം വർഷാവർഷം 100 മെട്രിക് ടൺ മത്സ്യം അധികമായി ഉത്പ്പാദിപ്പിച്ച് 200 ലക്ഷം രൂപയുടെ വരുമാനം ലക്ഷ്യമിടുന്നു.

## ഉൾനാടൻ മത്സ്യ വിപണനം

344(1090) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശാസ്ത്രീയമായി കൃഷി ചെയ്ത നിരവധി ഉൾനാടൻ മത്സ്യത്തൊഴിലാളികൾ മത്സ്യത്തിന് മതിയായ വിപണനമൂല്യം ലഭിക്കാത്തതുമൂലം പ്രയാസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉൾനാടൻ മത്സ്യക്കൃഷിക്ക് നല്ല വിപണി ലഭിക്കുന്നതിനായി മാധ്യമങ്ങളിൽ അറിയിപ്പ് നൽകുന്നത് പരിഗണനയിലുണ്ടോ?

(എ&ബി) ഉണ്ട്. ഉൾനാടൻ മത്സ്യത്തിന് നല്ല വിപണി ലഭിക്കുന്നതിനായി ഓരോ ജില്ലകളിലും വിളവെടുപ്പ് സമയങ്ങളിൽ മാധ്യമങ്ങളിലൂടെ പ്രാദേശികമായി അറിയിപ്പ് നൽകിവരുന്നുണ്ട്.

## ഉൾനാടൻ മത്സ്യകൃഷി പ്രോത്സാഹനം

345(1091) ശ്രീ. ടി. വി. ഇബ്രാഹിം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉൾനാടൻ മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

ഉൾനാടൻ മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി 2021-22 സാമ്പത്തിക വർഷം സുഭിക്ഷകേരളം ജനകീയ മത്സ്യകൃഷി പദ്ധതിയ്ക്കായി 98 കോടി രൂപയുടെ ഭരണാനുമതി നൽകുകയും ആയതനുസരിച്ച് വിവിധ മത്സ്യകൃഷി പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരികയും ചെയ്യുന്നു. വിശദാംശം അനുബന്ധമായി* ചേർക്കുന്നു.

(ബി) മതിയായ അളവിൽ ഗുണമേന്മയുള്ള മത്സ്യവിത്ത് ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്?

മത്സ്യവിത്തുകളുടെ ഉൽപ്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുക എന്ന ലക്ഷ്യത്തോടെ പുതിയ മത്സ്യവിത്തു ഫാമുകൾ, ഹാച്ചറികൾ എന്നിവ സ്ഥാപിക്കൽ, നിലവിലുള്ളവയുടെ വികസനം എന്നിവയ്ക്കായി സംസ്ഥാന ബഡ്ജറ്റിൽ 2016-17 സാമ്പത്തിക വർഷം മുതൽ ഉൾനാടൻ മത്സ്യമേഖലയുടെ വികസനത്തിൽ ഉൾപ്പെടുത്തി 50.4 കോടി രൂപയുടെയും ആർ.ഐ.ഡി.എഫ്.-ൽ ഉൾപ്പെടുത്തി

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

37.54 കോടി രൂപയുടെയും പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ഫിഷ്സീഡ് ഫാമുകൾ, ഹാച്ചറികൾ, അക്വേറിയങ്ങൾ എന്നിവയുടെ നടപ്പു സാമ്പത്തികവർഷത്തെ മത്സ്യകുഞ്ഞുല്പാദന പ്രവർത്തനങ്ങളോടനുബന്ധിച്ചുള്ള പ്രവർത്തനങ്ങൾക്കായി 900 ലക്ഷം രൂപയും ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. കൂടുതൽ അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിച്ചുകൊണ്ട് നിലവിലുള്ള മത്സ്യവിത്ത് ഫാമുകളുടെയും ഹാച്ചറികളുടെയും ഉല്പാദനക്ഷമത വർദ്ധിപ്പിക്കുവാനും പുതിയ ഹാച്ചറികളും മത്സ്യവിത്ത് ഫാമുകളും സ്ഥാപിക്കുവാനും വേണ്ട നടപടികൾ കൈക്കൊണ്ടതിന്റെ ഫലമായി മത്സ്യവിത്ത് ഹാച്ചറികളുടെ ഉല്പാദനക്ഷമത 7 കോടിയിൽ എത്തിക്കാൻ സാധിച്ചിട്ടുണ്ട്. 2002-നുശേഷം പ്രവർത്തന ക്ഷമമല്ലാതിരുന്ന മത്സ്യവിത്തുഫാമുകൾ പുനരുദ്ധരിക്കുവാനും 2016 മുതൽ പുതിയ മത്സ്യവിത്ത് ഫാമുകൾ സ്ഥാപിക്കാനും സാധിച്ചിട്ടുണ്ട്. മത്സ്യവിത്തുല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനായി തിരുവനന്തപുരം ജില്ലയിലെ നെയ്യാർ, തൃശ്ശൂർ ജില്ലയിലെ പീച്ചി, വയനാട് ജില്ലയിലെ തളിപ്പുഴ, കാരാപ്പുഴ എന്നിവിട ങ്ങളിൽ പുതിയ കാർപ്പ് ഹാച്ചറികൾ സ്ഥാപിച്ചു. പത്തനംതിട്ട ജില്ലയിലെ പോളച്ചിറ, കോട്ടയം ജില്ലയിലെ പള്ളം, പാലക്കാട് ജില്ലയിലെ മീങ്കര, ചുള്ളിയാർ, കോഴിക്കോട് ജില്ലയിലെ കല്ലനോട് എന്നീ കാർപ്പ് ഹാച്ചറികളിലെ അടിസ്ഥാന സൗകര്യം വികസിപ്പിച്ച് ഉല്പാദനശേഷി വർദ്ധിപ്പിച്ചു. ഇതുവഴി സർക്കാർ മത്സ്യവിത്തിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിനും മത്സ്യരോഗ നിയന്ത്രണത്തിനും നിരോധിത ആന്റിബയോട്ടിക്കുകളുടെ ഉപയോഗം ഒഴിവാക്കുന്നതിനും മെച്ചപ്പെട്ട പരിശോധന രീതികൾ അവലംബിക്കുന്നതിനുമായി എറണാകുളം ജില്ലയിൽ തേവരയിൽ ഒരു സംസ്ഥാന അക്വാട്ടിക് ആനിമൽ ഹെൽത്ത് സെന്ററും തിരുവനന്തപുരം ജില്ലയിൽ ഓടയം, പത്തനംതിട്ട ജില്ലയിൽ പന്നിവേലിച്ചിറ, കോട്ടയം ജില്ലയിൽ പള്ളം, തൃശ്ശൂർ ജില്ലയിൽ അഴീക്കോട്, മലപ്പുറം ജില്ലയിൽ ഉണ്ണിയാൽ, പാലക്കാട് ജില്ലയിൽ മലമ്പുഴ, കോഴിക്കോട് ജില്ലയിൽ വെള്ളയിൽ, വയനാട് ജില്ലയിലെ തളിപ്പുഴ എന്നിവിടങ്ങളിലായി പ്രാദേശിക അക്വാട്ടിക് ആനിമൽ ഹെൽത്ത് സെന്ററും ഉൾപ്പെടെ 9 എണ്ണം സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. മത്സ്യ/ചെമ്മീൻ വിത്തുകളുടെ വിവിധ ഘട്ടങ്ങളിൽ ഉണ്ടാകാവുന്ന രോഗങ്ങൾക്ക് കാരണമാകുന്ന വൈറസുകളുടെ സാന്നിദ്ധ്യം ഉണ്ടോയെന്ന് പി.സി.ആർ. ലാബുകളിൽ പരിശോധന നടത്തി ഗുണനിലവാരം ഉറപ്പു വരുത്തി ഫിഷറീസ് വകുപ്പ്/ അഡാക്ക് ഉദ്യോഗ സ്ഥരുടെ മേൽനോട്ടത്തിലാണ് വിത്തുകൾ കർഷകർക്ക് വിതരണം ചെയ്യുന്നത്. മത്സ്യവിത്ത് ഉൽപാദനത്തിന്റെ ഗുണമേന്മയും വിപണനവും സംഭരണവും നിയന്ത്രി ക്കുന്നതിനുവേണ്ട വ്യവസ്ഥ ചെയ്യുന്നതിനുള്ള കേരള മത്സ്യവിത്ത് ആക്ടും ചട്ടങ്ങളും രൂപീകരിച്ചിട്ടുണ്ട്. ആയതിന്റെ ഭാഗമായി സംസ്ഥാനത്ത് ഉൽപാദിപ്പിക്കുന്നതോ വിതരണം ചെയ്യപ്പെടുന്നതോ ആയ മത്സ്യവിത്തിന്റെ ഗുണനിലവാരം ഉറപ്പാക്കു ന്നതിന് ലക്ഷ്യമിട്ട് രൂപീകൃതമായിട്ടുള്ള സംസ്ഥാന മത്സ്യവിത്ത് കേന്ദ്രം കൊല്ലത്ത് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

(സി) തദ്ദേശ സ്ഥാപനങ്ങളുമായി സഹകരിച്ച് മത്സ്യകൃഷി വ്യാപക മാക്കുന്നതിന് കർഷകർക്ക് ആവശ്യമായ നിർദ്ദേശങ്ങൾ, പരിശീലനം, സഹായം എന്നിവ നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

തദ്ദേശ സ്ഥാപനങ്ങളുമായി സഹകരിച്ച് മത്സ്യകൃഷി വ്യാപകമാക്കുന്നതിന് കർഷകർക്ക് ആവശ്യമായ നിർദ്ദേശങ്ങൾ, പരിശീലനം, സഹായം എന്നിവ നൽകിവരുന്നു. ആയതിന്റെ ഭാഗമായി Central Institute of Fisheries Institution (CIFE), Kerala University of Fisheries and Ocean Science (KUFOS) എന്നീ സ്ഥാപനങ്ങളിലെ വിദഗ്ധർ, ഫിഷറീസ് വകുപ്പിലെ സാങ്കേതിക ഉദ്യോഗസ്ഥർ എന്നിവരുടെ സഹായത്തോടെ ആവശ്യമായ സാങ്കേതിക പരിജ്ഞാനവും പരിശീലനവും നൽകിവരുന്നു. കൂടാതെ കർഷകർക്ക് മത്സ്യകൃഷിയുമായി ബന്ധപ്പെട്ട് അതത് സമയങ്ങളിൽ ആവശ്യമായ നിർദ്ദേശങ്ങളും ഫീൽഡ്തല സഹായങ്ങളും നൽകുന്നതിന് വകുപ്പിലെ ഫീൽഡ്തല ഉദ്യോഗസ്ഥർ, പ്രോജക്ട് കോ-ഓർഡിനേറ്റർമാർ, അക്വാകൾച്ചർ പ്രൊമോർട്ടർമാർ എന്നിവർ വഴി സഹായം ഉറപ്പു വരുത്തുന്നു.

**ഉൾനാടൻ മത്സ്യകൃഷി പ്രോത്സാഹനം**

346(1092) ശ്രീ. അൻവർ സാദത്ത്:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീ. സി. ആർ. മഹേഷ്:
ശ്രീ. റോജി എം. ജോൺ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഉൾനാടൻ മത്സ്യക്യഷി പ്രോത്സാഹിപ്പിക്കാൻ എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്; വിശദാംശങ്ങൾ നൽകാമോ?

ഉൾനാടൻ മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി 2021-22 സാമ്പത്തിക വർഷം സുഭിക്ഷകേരളം ജനകീയ മത്സ്യ കൃഷി പദ്ധതിയ്ക്കായി 98 കോടി രൂപയുടെ ഭരണാനുമതി നൽകുകയും ആയതനുസരിച്ച് വിവിധ മത്സ്യകൃഷി രീതികൾ നടപ്പാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരികയും ചെയ്യുന്നു. വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

(ബി) മത്സ്യകൃഷി നടത്തുന്ന കർഷകർക്ക് എന്തൊക്കെ ആനുകൂല്യങ്ങളാണ് സർക്കാർ നൽകി വരുന്നതെന്ന് വ്യക്തമാക്കാമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

മത്സ്യകൃഷിയുടെ ഗുണഭോക്താക്കളായ കർഷകർക്ക് ഓരോ കൃഷിരീതിയ്ക്കനുസൃതമായി പുതിയതായി സ്ഥാപിക്കുന്ന യൂണിറ്റുകൾക്ക് യൂണിറ്റ് തുകയുടെ 40 ശതമാനം ധനസഹായം നൽകുന്നു. കൂടാതെ മുൻ വർഷങ്ങളിൽ സ്ഥാപിച്ച യൂണിറ്റുകൾക്ക് ഓപ്പറേഷണൽ കോസ്റ്റിന്റെ 20 ശതമാനവും ധനസഹായമായി നൽകുന്നു. 2021-22 സാമ്പത്തിക വർഷത്തിലെ സുഭിക്ഷ കേരളം ജനകീയ മത്സ്യകൃഷി പദ്ധതിയിലൂടെ മത്സ്യകർഷകർക്ക് നൽകുന്ന സാമ്പത്തിക സഹായത്തിന്റെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(സി) ലോക്ഡൗൺ കാലയളവിൽ വരുമാനം നിലച്ച സാധാരണക്കാർ മത്സ്യക്കൃഷിയിലേക്ക് ആകൃഷ്ടരാകുമ്പോൾ ഗുണമേന്മയുള്ള മത്സ്യക്കുഞ്ഞുങ്ങൾ, മത്സ്യ വിപണി, വായ്പ എന്നിവ ഒരുക്കുന്നതിനുള്ള പദ്ധതികൾ നിലവിലുണ്ടോ; വിശദമാക്കാമോ?

മത്സ്യവിത്തുകളുടെ ഉൽപ്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കുകയെന്ന ലക്ഷ്യത്തോടെ പുതിയ മത്സ്യവിത്തു ഫാമുകൾ, ഹാച്ചറികൾ എന്നിവ സ്ഥാപിക്കൽ, നിലവിലുള്ളവയുടെ വികസനം എന്നിവയ്ക്കായി സംസ്ഥാന ബഡ്ജറ്റിൽ 2016-17 സാമ്പത്തിക വർഷം മുതൽ ഉൾനാടൻ മത്സ്യമേഖലയുടെ വികസനത്തിൽ ഉൾപ്പെടുത്തി 50.4 കോടിയോളം രൂപയുടെയും ആർ.ഐ.ഡി.എഫ്.-ൽ ഉൾപ്പെടുത്തി 37.54 കോടിയോളം രൂപയുടെയും പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ഫിഷ്സീഡ് ഫാമുകൾ, ഹാച്ചറികൾ എന്നിവയുടെ ഉൾപ്പെടെയുള്ള നടത്തിപ്പ് ചെലവുകൾ നിർവ്വഹിക്കുന്നതിന് നടപ്പു സാമ്പത്തിക വർഷത്തെ മത്സ്യകുഞ്ഞുല്പാദന പ്രവർത്തനങ്ങളോടനുബന്ധിച്ചുള്ള പ്രവർത്തനങ്ങൾക്കായി 900 ലക്ഷം രൂപയും ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. കൂടുതൽ അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിച്ചുകൊണ്ട് നിലവിലുള്ള മത്സ്യവിത്ത് ഫാമുകളുടെയും ഹാച്ചറികളുടെയും ഉല്പാദനക്ഷമത വർദ്ധിപ്പിക്കുവാനും പുതിയ ഹാച്ചറികളും മത്സ്യവിത്ത് ഫാമുകളും സ്ഥാപിക്കുവാനും വേണ്ട നടപടികൾ കൈക്കൊണ്ടതിന്റെ ഫലമായി മത്സ്യവിത്ത് ഹാച്ചറികളുടെ ഉല്പാദനക്ഷമത 7 കോടിയിൽ എത്തിക്കാൻ സാധിച്ചിട്ടുണ്ട്. 2002-നുശേഷം പ്രവർത്തനക്ഷമമല്ലാതിരുന്ന മത്സ്യ വിത്തു ഫാമുകൾ പുനരുദ്ധരിക്കുവാനും 2016 മുതൽ പുതിയ മത്സ്യവിത്ത് ഫാമുകൾ സ്ഥാപിക്കാനും സാധിച്ചിട്ടുണ്ട്. സംസ്ഥാനത്താകെ മത്സ്യകൃഷിക്ക് കാർപ്പ്, തിലാപ്പിയ, നാടൻ മത്സ്യഇനങ്ങൾ, പങ്കേഷ്യസ് ഉൾപ്പെടെ 17 കോടി മത്സ്യവിത്ത് നടപ്പുസാമ്പത്തിക വർഷം ആവശ്യമാണ്. എന്നാൽ ആവശ്യമായത്രയും മത്സ്യവിത്ത് ഇവിടെ ഉല്പാദിപ്പിക്കുന്നില്ല. മത്സ്യവിത്തുല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനായി തിരുവനന്തപുരം ജില്ലയിലെ നെയ്യാർ, തൃശ്ശൂർ ജില്ലയിലെ പീച്ചി, വയനാട് ജില്ലയിലെ തളിപ്പുഴ, കാരാപ്പുഴ എന്നിവിടങ്ങളിൽ പുതിയ കാർപ്പ് ഹാച്ചറികൾ

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സ്ഥാപിച്ചു. പത്തനംതിട്ട ജില്ലയിലെ പോളച്ചിറ, കോട്ടയം ജില്ലയിലെ പള്ളം, പാലക്കാട് ജില്ലയിലെ മീങ്കര, ചുള്ളിയാർ, കോഴിക്കോട് ജില്ലയിലെ കല്ലനോട് എന്നീ കാർപ്പ് ഹാച്ചറികളിലെ അടിസ്ഥാന സൗകര്യം വികസിപ്പിച്ച് ഉല്പാദന ശേഷി വർദ്ധിപ്പിച്ചു. ഇതുവഴി സർക്കാർ ഹാച്ചറികളിലെ മത്സ്യവിത്തുല്പാദനം 2016-17 സാമ്പത്തിക വർഷം 195.10 ലക്ഷത്തിൽനിന്നും 2020-21 സാമ്പത്തിക വർഷം 545.85 ലക്ഷമായി വർദ്ധിപ്പിച്ചിട്ടുണ്ട്. മത്സ്യവിത്ത് ഉല്പാദനശേഷി 244 ലക്ഷത്തിൽനിന്നും (2016) 700 ലക്ഷമായി (2021) ഉയർന്നിട്ടുണ്ട്. മത്സ്യ വിത്തിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിനും മത്സ്യരോഗ നിയന്ത്രണത്തിനും നിരോധിത ആന്റിബയോട്ടിക്കുകളുടെ ഉപയോഗം ഒഴിവാക്കുന്നതിനും മെച്ചപ്പെട്ട പരിശോധന രീതികൾ അവലംബിക്കുന്നതിനുമായി എറണാകുളം ജില്ലയിൽ തേവരയിൽ ഒരു സംസ്ഥാന അക്വാട്ടിക് ആനിമൽ ഹെൽത്ത് സെന്ററും തിരുവനന്തപുരം ജില്ലയിൽ ഓടയം, പത്തനംതിട്ട ജില്ലയിൽ പന്നിവേലിച്ചിറ, കോട്ടയം ജില്ലയിൽ പള്ളം, തൃശ്ശൂർ ജില്ലയിൽ അഴീക്കോട്, മലപ്പുറം ജില്ലയിൽ ഉണ്ണിയാൽ, പാലക്കാട് ജില്ലയിൽ മലമ്പുഴ, കോഴിക്കോട് ജില്ലയിൽ വെള്ളയിൽ, വയനാട് ജില്ലയിലെ തളിപ്പുഴ എന്നിവിടങ്ങളിലായി പ്രാദേശിക അക്വാട്ടിക് ആനിമൽ ഹെൽത്ത് സെന്ററും ഉൾപ്പെടെ 9 എണ്ണം സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ഗുണമേന്മയുള്ള നല്ലയിനം മത്സ്യവിത്തുകൾ മത്സ്യകർഷകർക്ക് ലഭ്യമാക്കുന്നതിനായി വകുപ്പിന് കീഴിലുള്ള ഫിഷ് സീഡ് ഫാമുകളിലും ഹാച്ചറി കളിലും മത്സ്യവിത്തുകൾ ഉൽപാദിപ്പിച്ച് വിതരണം ചെയ്തുവരുന്നു. മത്സ്യ/ചെമ്മീൻ വിത്തുകളുടെ വിവിധ ഘട്ടങ്ങളിൽ ഉണ്ടാകാവുന്ന മാരകമായ രോഗങ്ങൾക്ക് കാരണമാകുന്ന വൈറസുകളുടെ സാന്നിദ്ധ്യം ഉണ്ടോയെന്ന് പി.സി.ആർ. ലാബുകളിൽ പരിശോധന നടത്തി ഗുണനിലവാരം ഉറപ്പുവരുത്തി ഫിഷറീസ് വകുപ്പ്/ അഡാക്ക് ഉദ്യോഗസ്ഥരുടെ മേൽനോട്ടത്തിലാണ് വിത്തുകൾ കർഷകർക്ക് വിതരണം ചെയ്യുന്നത്. മത്സ്യവിത്ത് ഉൽപ്പാദനത്തിന്റെ ഗുണമേന്മയും വിപണനവും സംഭരണവും നിയന്ത്രിക്കുന്നതിനുവേണ്ടി വ്യവസ്ഥ ചെയ്യുന്നതിനുള്ള കേരള മത്സ്യവിത്ത് ആക്ടും ചട്ടങ്ങളും രൂപീകരിച്ചിട്ടുണ്ട്. ആയതിന്റെ ഭാഗമായി സംസ്ഥാനത്ത് ഉൽപ്പാദിപ്പിക്കുന്നതോ വിതരണം ചെയ്യപ്പെടുന്നതോ ആയ മത്സ്യവിത്തിന്റെ ഗുണനിലവാരം ഉറപ്പാക്കുന്നതിന് ലക്ഷ്യമിട്ട് രൂപീകൃതമായിട്ടുള്ള സംസ്ഥാന മത്സ്യവിത്ത് കേന്ദ്രത്തിന്റെ ആസ്ഥാനം കൊല്ലത്ത് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഉൾനാടൻ വിപണി ഉറപ്പാക്കുന്നതിനായി ഒരു യൂണിറ്റിന് 10 ലക്ഷം രൂപ അടങ്കൽ തുക വരുന്ന 25 മാർക്കറ്റിംഗ് ഔട്ട്ലെറ്റുകൾ നടപ്പു സാമ്പത്തിക വർഷത്തിൽ സ്ഥാപിക്കു ന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഇതിനുപുറമേ ഗുണനിലവാരമുള്ള മത്സ്യം ശുചിത്വമായ സാഹചര്യത്തിൽ ഉപയോക്താക്കൾക്ക് ലഭ്യമാകുന്നതിന് മത്സ്യഫെഡ് മുഖേന ആധുനീകരിച്ച എയർകണ്ടീഷൻ ചെയ്ത 47 ഫിഷ് മാർട്ടുകൾ സ്ഥാപിച്ച് പ്രവർത്തിച്ചു വരുന്നു. സർവ്വീസ് സഹകരണ ബാങ്ക്/സംഘവുമായി

ചേർന്നുള്ള മത്സ്യവിപണന പദ്ധതിയിൽ കേരളത്തിലെ 140 നിയോജക മണ്ഡലത്തിലും ഫിഷ് മാർട്ട് ആരംഭിക്കുന്നതിന് തുടക്കമിട്ടു. ഇതിന്റെ ഭാഗമായി വിവിധ നിയോജക മണ്ഡലത്തിലായി 50 ഫ്രാഞ്ചൈസി ഫിഷ് മാർട്ടുകൾ പ്രവർത്തിക്കുന്നു. കൂടാതെ മത്സ്യകർഷകർക്ക് വായ്പ ലഭ്യമാകുന്ന കിസാൻ ക്രെഡിറ്റ് വായ്പാ പദ്ധതി ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(ഡി) അലങ്കാര മത്സ്യകൃഷി പ്രോത്സാഹിപ്പിക്കാനായി എന്തെങ്കിലും പ്രത്യേക പദ്ധതികൾ നടപ്പിലാക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ?

അലങ്കാര മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി കാവിൽ (കേരള അക്വാ വെഞ്ചേഴ്സ് ഇന്റർ നാഷണൽ ലിമിറ്റഡ്) മുഖേന PMMSY പദ്ധതിയിൽ ഉൾപ്പെടുത്തി 300 ചെറുകിട യൂണിറ്റുകൾ, 50 ഇടത്തരം യൂണിറ്റുകൾ, 20 ഇന്റർഗ്രേറ്റഡ് യൂണിറ്റുകൾ തുടങ്ങിയവ സ്ഥാപിക്കുന്നതിനായി 18 കോടി രൂപയുടെ പദ്ധതി കേന്ദ്ര സർക്കാരിന്റെ അനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്.

## ചാത്തന്നൂർ മണ്ഡലത്തിലെ ചില്ലയ്ക്കലിൽ ഫിഷ് ലാന്റിംഗ് സെന്റർ

347(1093) <u>ശ്രീ. ജി. എസ്. ജയലാൽ</u>: താഴെക്കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ചാത്തന്നൂർ മണ്ഡലത്തിലെ ചില്ലയ്ക്കലിൽ നബാർഡിന്റെ സഹായത്തോടെ മത്സ്യബന്ധന വകുപ്പ് ആരംഭിക്കുവാൻ ഉദ്ദേശിക്കുന്ന ഫിഷ് ലാന്റിംഗ് സെന്ററിന്റെ നിർമ്മാണ നടപടികളിലെ പുരോഗതി വിശദമാക്കാമോ?

ചാത്തന്നൂർ മണ്ഡലത്തിലെ ചില്ലയ്ക്കലിൽ ഫിഷ് ലാന്റിംഗ് സെന്റർ നിർമ്മിക്കുന്നതിനായി ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത ഫിഷ് ലാന്റിംഗ് സെന്റർ, സി.ആർ.ഇസഡ്. സോണിൽ ഉൾപ്പെട്ടിരിക്കുന്നതിനാൽ നിർമ്മാണം ആരംഭിക്കുന്നതിന് മുമ്പായി സി.ആർ.ഇസഡ്. ക്ലിയറൻസ് ലഭ്യമാകേണ്ടതുണ്ട്. ഇതുകൂടാതെ ടൗട്ടേ ചുഴലിക്കാറ്റുമൂലം പദ്ധതി പ്രദേശത്തെ തീരത്തുണ്ടായ മാറ്റം സംബന്ധിച്ചുള്ള മോഡൽ സ്റ്റഡി, സോയിൽ ഇൻവെസ്റ്റിഗേഷൻ എന്നിവയും നടത്തേണ്ടതായിട്ടുണ്ട്. ഇവ പൂർത്തിയാകുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

## പുതിയങ്ങാടി-പാലക്കോട് അഴിമുഖത്തെ റിവർ ട്രെയിനിംഗ് പ്രവൃത്തി

348(1094) <u>ശ്രീ. എം. വിജിൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റീബിൽഡ് കേരള ഇനിഷ്യേറ്റീവിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിച്ച കണ്ണൂർ ജില്ലയിലെ പുതിയങ്ങാടി-പാലക്കോട് അഴിമുഖത്തെ റിവർ ട്രെയിനിംഗ് പ്രവൃത്തിയുടെ വിശദാംശം ലഭ്യമാക്കാമോ?

പുതിയങ്ങാടി-പാലക്കോട് അഴിമുഖത്തെ Estuary River Training വർക്കിന്റെ EIA Study നടന്നുവരുന്നു. നിലവിൽ ഈ പ്രവൃത്തിക്ക് സാങ്കേതികാനുമതി നൽകി പ്രീക്വാളിഫിക്കേഷൻ ദർഘാസ് നടപടികൾ പുരോഗമിച്ചു വരികയാണ്.

(ബി) ഇതുമായി ബന്ധപ്പെട്ട് എന്തൊക്കെ പ്രവൃത്തികൾ നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

പുതിയങ്ങാടി-പാലക്കോട് അഴിമുഖത്തിന് വടക്കും തെക്കും ഭാഗങ്ങളിൽ യഥാക്രമം 365 മീറ്റർ, 210 മീറ്റർ നീളത്തിൽ കടലിലേക്ക് 2 ഗ്രോയിൻ (Groyne) കളുടെ നിർമ്മാണവും കൂടാതെ, നദിയുടെ വടക്ക് ഭാഗത്ത് ഉള്ളിലേയ്ക്ക് 100 മീറ്റർ, തെക്ക് ഭാഗത്ത് ഉള്ളിലേയ്ക്ക് 95 മീറ്റർ, ചുട്ടാട് ഭാഗത്ത് 500 മീറ്റർ എന്നിങ്ങനെ River Bank Protection പ്രവൃത്തികളും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.

### തലശ്ശേരി മണ്ഡലത്തിലെ തീരദേശ റോഡുകൾ

349(1095) <u>ശ്രീ. എ. എൻ. ഷംസീർ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹാർബർ എഞ്ചിനീയറിംഗ് വിഭാഗം കഴിഞ്ഞ 6 മാസത്തിനുള്ളിൽ സർക്കാരിലേയ്ക്ക് സമർപ്പിച്ച തലശ്ശേരി നിയോജകമണ്ഡലത്തിലെ ഏതൊക്കെ തീരദേശ റോഡുകൾക്കാണ് ഇനിയും ഭരണാനുമതി ലഭിക്കാത്തതെന്ന് വ്യക്തമാക്കാമോ;

(ബി) ഈ പ്രവൃത്തികൾ ഏതൊക്കെയാണെന്നും ഇവയുടെ നിലവിലുള്ള അവസ്ഥയെന്താണെന്നും ഫയൽ നമ്പർ അടക്കം വ്യക്തമാക്കാമോ?

(എ&ബി) കഴിഞ്ഞ ആറ് മാസത്തിനുള്ളിൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് സർക്കാരിലേയ്ക്ക് സമർപ്പിച്ച്, ഭരണാനുമതി നൽകാത്ത തലശ്ശേരി നിയോജക മണ്ഡലത്തിലെ റോഡുകളുടെ വിശദാംശങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

### മുതലപ്പൊഴി ഹാർബർ നിർമ്മാണത്തിലെ അപാകതകൾ

350(1096) ശ്രീ. എം. വിൻസെന്റ്:
ശ്രീ. പി. സി. വിഷ്ണുനാഥ്:
ശ്രീ. ടി. ജെ. വിനോദ്:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുതലപ്പൊഴി ഹാർബറിന്റെ നിർമ്മാണത്തിലെ അപാകതകൾ കാരണം തീരം കുറഞ്ഞുവരുന്ന ഗുരുതര സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

മുതലപ്പൊഴി മത്സ്യബന്ധന തുറമുഖ നിർമ്മാണശേഷം ഹാർബറിന്റെ വടക്ക ഭാഗത്ത് തീരം നഷ്ടപ്പെടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) അഞ്ചുതെങ്ങ് തീരപ്രദേശം മുഴുവനും കടലിന്റെ അടിത്തട്ടിലമരാനുള്ള സാധ്യത വിദൂരമല്ലെന്ന ശാസ്ത്രീയ പഠന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് ഗൗരവമായി കാണുന്നുണ്ടോ?

അഞ്ചുതെങ്ങ് തീരപ്രദേശത്ത് കടലാക്രമണംമൂലം തീരം നഷ്ടപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. തീരം സംരക്ഷിക്കുന്നത് സംബന്ധിച്ച നടപടികൾ കൈക്കൊള്ളേണ്ടത് ഇറിഗേഷൻ വകുപ്പാണ്.

(സി) മുതലപ്പൊഴി ഹാർബറിന്റെ നിർമ്മാണത്തിലെ അശാസ്ത്രീയത കാരണം അഴിമുഖത്ത് കടലിൽനിന്നും കരയിലേക്ക് തിരയടിക്കുന്ന സമയങ്ങളിൽ ചുഴികൾ രൂപപ്പെടുന്നതും ഈ ചുഴികളിൽപ്പെട്ട് മത്സ്യബന്ധന ബോട്ടുകൾ അപകടത്തിൽപ്പെടുന്ന സംഭവങ്ങളും പതിവായ സാഹചര്യത്തിൽ ഇത് പരിഹരിക്കാൻ അടിയന്തര ഇടപെടൽ നടത്തുമോ?

മുതലപ്പൊഴി മത്സ്യബന്ധന തുറമുഖത്തിന്റെ അഴിമുഖത്ത് മണ്ണടിയുന്നത് മൂലം ബോട്ടുകൾ അപൂർവ്വമായി അപകടത്തിൽപ്പെടുന്നുണ്ട്. അഴിമുഖത്ത് മണ്ണടിയുന്നതു കൊണ്ടുണ്ടാകുന്ന തിരയിളക്കം മൂലമുള്ള പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് റിപ്പോർട്ട് തയ്യാറാക്കുവാൻ NIOT, ചെന്നൈ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഹാർബറിലെ മൗത്തിലേയും ചാനലിലേയും ആഴം കൂട്ടുന്നതിന് M/s. അദാനി, വിഴിഞ്ഞം പോർട്ടിനെ ചുമതലപ്പെടുത്തുകയും ഹാർബറിന് തെക്ക് ഭാഗത്ത് അടിഞ്ഞുകൂടിയ മണ്ണ് സാന്റ് ബൈപാസിംഗ് നടത്തി വടക്ക ഭാഗത്ത് നിക്ഷേപിക്കുന്നതിന് EIA Study നടത്തുന്നതിനുള്ള നടപടിയും സ്വീകരിച്ചിട്ടുണ്ട്.

**വള്ളിക്കുന്ന് മണ്ഡലത്തിലെ ഹാർബർ റോഡുകളുടെ നവീകരണം**

351(1097) ശ്രീ. പി. അബ്ദുൽ ഹമീദ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വള്ളിക്കുന്ന് നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ട തീരദേശ റോഡുകൾ പുനരുദ്ധരിക്കാൻ നടപടികൾ സ്വീകരിക്കുമോ;

(ബി) പ്രസ്തുത റോഡുകളുടെ നവീകരണവുമായി ബന്ധപ്പെട്ട് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് തയ്യാറാക്കിയ ഡി.പി.ആർ. സംബന്ധിച്ച വിവരം ലഭ്യമാക്കാമോ;

(സി) നടപ്പ് സാമ്പത്തിക വർഷത്തിനുള്ളിൽ നിലവിൽ സഞ്ചാരയോഗ്യമല്ലാത്ത റോഡുകൾ മുഴുവൻ നവീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

(എ-സി) വള്ളിക്കുന്ന് നിയോജകമണ്ഡലത്തിലെ റോഡുകളുടെ നവീകരണത്തിന് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് തയ്യാറാക്കി സമർപ്പിച്ച നിർദ്ദേശങ്ങൾ പരിശോധിച്ച് ഫണ്ടിന്റെ ലഭ്യതയനുസരിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

**മുല്ലശ്ശേരി പഞ്ചായത്തിലെ കുമ്പുള്ളി ബണ്ട് റോഡ് നിർമ്മാണം**

352(1098) ശ്രീ. മുരളി പെരുനെല്ലി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിലെ മുല്ലശ്ശേരി പഞ്ചായത്തിലെ കുമ്പുള്ളി ബണ്ട് റോഡ് നിർമ്മാണത്തിന് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ഏത് വർഷമാണ് തുക അനുവദിച്ചത്?

മണലൂർ മണ്ഡലത്തിലെ മുല്ലശ്ശേരി പഞ്ചായത്തിലെ കുമ്പുള്ളി ബണ്ട് റോഡ് നിർമ്മാണ പ്രവൃത്തിക്കായി 4-9-2018-ൽ 51.30 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി.

(ബി) പ്രസ്തുത പ്രവൃത്തിയുടെ അടങ്കൽ തുക എത്രയാണെന്നും പ്രവൃത്തിയുടെ കരാർ വച്ചതെന്നാണെന്നും കരാർ പ്രകാരം പ്രവൃത്തി പൂർത്തീകരിക്കേണ്ടതെന്നാ ണെന്നും വ്യക്തമാക്കുമോ?

പ്രസ്തുത പ്രവൃത്തിയുടെ അടങ്കൽ തുക 50.80 ലക്ഷം രൂപയാണ്. പ്രവൃത്തിയുടെ കരാർ തീയതി 15-11-2019-ഉം കരാർ പ്രകാരം പ്രവൃത്തി പൂർത്തീകരിക്കേണ്ട തീയതി 22-3-2020-ഉം ആണ്.

(സി) പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ടോ ; വിശദാംശം നൽകാമോ?

ഭരണാനുമതി പ്രകാരമുള്ള പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. എന്നാൽ റോഡ് നിർമ്മാണത്തിന്റെ അവസാനഘട്ടത്തിൽ മുമ്പ് നിലവിലുണ്ടായിരുന്ന ബണ്ട് പൊളിഞ്ഞതുകാരണം റോഡ് സഞ്ചാരയോഗ്യമാക്കാൻ കഴിഞ്ഞില്ല. ഇവ പരിഹരിക്കുന്നതിന് സമർപ്പിച്ച നിർദ്ദേശം പരിശോധിച്ച് വരുന്നു.

**തോട്ടപ്പള്ളി ഫിഷറീസ് ഹാർബർ വികസനം**

353(1099) ശ്രീ. എച്ച്. സലാം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തോട്ടപ്പള്ളി ഫിഷറീസ് ഹാർബർ 2011-ൽ കമ്മീഷൻ ചെയ്തെങ്കിലും ഹാർബറിന്റെ പൂർണ്ണതോതിലുള്ള പ്രവർത്തനം ഇതേവരെ ആരംഭിച്ചിട്ടില്ലായെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഹാർബറിന്റെ രണ്ടാംഘട്ട വികസനത്തിനായി പ്രധാനമന്ത്രി മത്സ്യ സമ്പാദ് യോജനയിൽ ഉൾപ്പെടുത്തി നൽകിയ എസ്റ്റിമേറ്റിന് ഇനിയും അംഗീകാരം ലഭിച്ചിട്ടില്ലായെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അംഗീകാരം ലഭിക്കാൻ എന്താണ് തടസ്സമെന്ന് വ്യക്തമാക്കാമോ?

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഹാർബർ ബേസിനകത്ത് ക്രമാതീതമായി മണ്ണ് അടിയുന്നതിനാൽ ഹാർബർ പ്രവർത്തനക്ഷമമാക്കാൻ കഴിയാതെവന്ന സാഹചര്യത്തിൽ പൂണെ CWPRS എന്ന കേന്ദ്ര സർക്കാർ സ്ഥാപനത്തിന്റെ പഠന റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്. പ്രസ്തുത പഠന റിപ്പോർട്ടിൽ ഇപ്പോഴുള്ള തെക്കേ പുലിമുട്ടിന്റെ നീളം 420 മീറ്റർ വർദ്ധിപ്പിക്കുന്നതിനും വടക്കേ പുലിമുട്ടിൽനിന്നും 300 മീറ്റർ വടക്കോട്ട് മാറി 436 മീറ്റർ നീളത്തിൽ മറ്റൊരു പുലിമുട്ട് നിർമ്മിക്കുന്നതിനും ശിപാർശ ചെയ്യുകയുണ്ടായി. 28-5-2020-ൽ PMMSY സ്കീമിൽ 94.14 കോടി രൂപയുള്ള എസ്റ്റിമേറ്റ് അംഗീകാരത്തിനായി സമർപ്പിച്ചിരുന്നുവെങ്കിലും അംഗീകാരം ലഭിച്ചിട്ടില്ല.

(സി) ഹാർബർ വികസനം അടിയന്തരമായി പൂർത്തിയാക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

തോട്ടപ്പള്ളി മത്സ്യബന്ധന തുറമുഖത്തിന്റെ രണ്ടാംഘട്ട വികസനത്തിന്റെ ഭാഗമായി 13.38 കോടി രൂപ ചെലവിൽ തെക്കേ പുലിമുട്ടിന്റെ നീളം വർദ്ധിപ്പിക്കുന്ന പ്രവൃത്തിക്ക് ഭരണാനുമതി നൽകി പ്രവൃത്തി ഏർപ്പാടാക്കിയിട്ടുണ്ട്. ഇതോടൊപ്പം ബേസിനിൽ അടിഞ്ഞു കൂടിയ മണ്ണ് IREL-മായി കരാറിലേർപ്പെട്ട് ഡ്രെഡ്ജ് ചെയ്ത് നീക്കുന്നതിനാൽ ഹാർബർ ഭാഗികമായി പ്രവർത്തനക്ഷമമാണ്.

**കുമ്പള ഷിറിയയിലെ പുലിമുട്ട് പ്രവൃത്തി**

354(1100) <u>ശ്രീ. എ. കെ. എം. അഷ്റഫ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം നിയോജകമണ്ഡലത്തിൽ കുമ്പള ഷിറിയയിൽ ഹാർബർ എൻജിനീയറിങ് വിഭാഗം നിർവ്വഹണം നടത്തുന്ന പുലിമുട്ട് പ്രവൃത്തി നിലവിൽ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

ഷിറിയ അഴിമുഖത്ത് റിവർ ട്രെയിനിംഗ് പ്രവൃത്തി നടപ്പിലാക്കുന്നതിനായി 24.30 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ സാങ്കേതികാനുമതി നൽകി, പ്രീക്വാളിഫിക്കേഷൻ ടെൻഡർ വിളിച്ച് തുടർ നടപടിയുടെ ആദ്യഘട്ടമായ ടെക്നിക്കൽ ഇവാല്യൂവേഷൻ നടന്നു വരികയുമാണ്.

(ബി) പ്രസ്തുത പദ്ധതിയുടെ അടങ്കൽ തുക എത്രയാണ്; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

പ്രസ്തുത പദ്ധതിയുടെ അടങ്കൽ തുക 22.60 കോടി (സാങ്കേതികാനുമതി തുക) രൂപയാണ്.

(സി) പ്രസ്തുത പദ്ധതി യാഥാർത്ഥ്യമാകുന്നതോടെ ലഭ്യമാകുന്ന നേട്ടങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

1. പ്രസ്തുത പദ്ധതി യാഥാർത്ഥ്യമാകുന്നതോടെ അഴിമുഖം സ്ഥിരമായി തുറക്കപ്പെടുന്നു.
2. പൊഴിയിലെ മണൽ നീങ്ങുന്നതോടുകൂടി പുഴയുടെ മുകൾ ഭാഗത്തെ ഒഴുക്ക് സുഗമമാവുകയും പുഴയുടെ ഭാഗത്തുള്ള മത്സ്യ ത്തൊഴിലാളികൾക്ക് കൂടുതൽ പ്രയോജനപ്രദമാവുകയും ചെയ്യുന്നു.
3. മത്സ്യതൊഴിലാളികളുടെ തൊഴിൽ അവസരങ്ങൾ വർദ്ധിക്കുന്നു.
4. മത്സ്യതൊഴിലാളികൾക്ക് സുഗമമായി മത്സ്യം കരയ്ക്കടുപ്പിക്കാൻ സാധിക്കും.

(ഡി) പദ്ധതി എപ്പോൾ പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

പദ്ധതി ആരംഭിച്ച് പൂർത്തീകരണ കാലാവധിയായ 12 മാസത്തിനകം പൂർത്തീകരിക്കുമെന്ന് അനുമാനിക്കുന്നു.

**കുറുമാലി പുഴയോട് ചേർന്ന റോഡുകളുടെ നിർമ്മാണം**

355(1101) <u>ശ്രീ. കെ. കെ. രാമചന്ദ്രൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുക്കാട് മണ്ഡലത്തിലെ കുറുമാലി പുഴയോട് ചേർന്ന പഞ്ചായത്തു കളിലെ റോഡുകൾ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന്റെ ഫണ്ട് ഉപയോഗിച്ച് നിർമ്മിക്കുന്നതിന് അനുമതി നൽകുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ;

(ബി) ഇതിനായുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ?

(എ&ബി) ടി റോഡുകളുടെ നിർമ്മാണത്തിന് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ചീഫ് എഞ്ചിനീയർ സമർപ്പിച്ച നിർദ്ദേശം പരിശോധിച്ചുവരുന്നു.

## തോട്ടപ്പള്ളി ഹാർബർ കണക്ടിവിറ്റി റോഡ്

356(1102) ശ്രീ. എച്ച്. സലാം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എൻ.എച്ച്. 4-ൽ നിന്നും തോട്ടപ്പള്ളി മത്സ്യബന്ധന തുറമുഖത്തിലേക്ക് പോകുന്ന തോട്ടപ്പള്ളി ഹാർബർ കണക്ടിവിറ്റി റോഡ് തകർന്ന് കിടക്കുന്നതുമൂലം മത്സ്യതൊഴിലാളികളും ജനങ്ങളും അനുഭവിക്കുന്ന ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത റോഡിന്റെ പുനരുദ്ധാരണത്തിനായി ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് തയ്യാറാക്കിയ എസ്റ്റിമേറ്റിന് ഇതുവരെ അംഗീകാരം നൽകിയിട്ടില്ലായെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഈ പദ്ധതി നടപ്പാക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

(എ-സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ടി റോഡിന്റെ പുനരുദ്ധാരണത്തിനായി "തീരദേശ റോഡുകളുടെ പുനരുദ്ധാരണം" എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് തയ്യാറാക്കിയ എസ്റ്റിമേറ്റ് പരിശോധിച്ച് വരുന്നു.

## മത്സ്യകൃഷി വ്യാപനം

357(1103) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): താഴെക്കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് മത്സ്യകൃഷി വ്യാപിപ്പിക്കുന്നതിനായി ഫിഷറീസ് സർവകലാശാലയുടെ നേതൃത്വത്തിൽ എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ വിശദാംശങ്ങൾ നൽകുമോ?

സംസ്ഥാനത്ത് മത്സ്യകൃഷി വ്യാപിപ്പിക്കുന്നതിനായി ഫിഷറീസ് സർവ്വകലാശാല മുഖേന സാങ്കേതിക സഹായവും പരിശീലനവും നല്കുന്നുണ്ട്. 17 മത്സ്യ ഗ്രാമങ്ങളെ ദത്തെടുത്ത് പദ്ധതി നടപ്പാക്കിയിട്ടുണ്ട്.

## ഫിഷറീസ് യൂണിവേഴ്സിറ്റി ഉപകേന്ദ്രത്തിന് ഭൂമി കൈമാറ്റം

358(1104) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫിഷറീസ് യൂണിവേഴ്സിറ്റിയുടെ പയ്യന്നൂരിലെ ഉപകേന്ദ്രത്തിന് ആവശ്യമായ ഭൂമി കൈമാറിക്കിട്ടുന്നതിനുള്ള നടപടികൾ ഏതുവരെ ആയെന്ന് വിശദമാക്കാമോ?

കണ്ണൂർ ജില്ലയിൽ പയ്യന്നൂർ താലൂക്ക്, കോറോം വില്ലേജിൽ ബ്ലോക്ക് നമ്പർ 13-ൽ റീസർവ്വേ 32/1 pt-യിൽപ്പെട്ട 2.5375 ഹെക്ടർ ഭൂമിയും റീ സർവ്വേ 33/1 pt-യിൽപ്പെട്ട 2.5560 ഹെക്ടർ ഭൂമിയും ഉൾപ്പെടെ ആകെ 5.0935 ഹെക്ടർ ഭൂമി കേരള ഫിഷറീസ് യൂണിവേഴ്സിറ്റിയുടെ റീജിയണൽ കാമ്പസ് സെന്റർ തുടങ്ങുന്നതിനായി കേരള ഭൂപരിഷ്കരണ നിയമം 96 (1 A) സീലിങ് റൂൾ 32 എന്നിവ പ്രകാരം പൊതു ആവശ്യത്തിലേയ്ക്ക് മാറ്റി സ്റ്റേറ്റ് ലാന്റ് ബോർഡിന്റെ ഉത്തരവായിട്ടുണ്ട്. മിച്ചഭൂമിയായതിനാൽ പ്രസ്തുത ഭൂമി പതിച്ചു നൽകുന്നതിന് റവന്യൂ വകുപ്പിൽനിന്നും അനുമതി ലഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ബി) പൊതു ആവശ്യത്തിലേക്ക് നീക്കിവച്ച ഭൂമി കൈമാറിക്കിട്ടുന്നതിനായി യൂണിവേഴ്സിറ്റി അപേക്ഷ സമർപ്പിച്ചിട്ടുണ്ടോ?

ഉണ്ട്.

**പ്രൊഫഷണൽ നാടകങ്ങളുമായി ബന്ധപ്പെട്ട ആധികാരിക രേഖ**

359(1105) <u>ശ്രീ. പി. മമ്മിക്കുട്ടി</u>: താഴെക്കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സർക്കാർ നിയന്ത്രണത്തിലുള്ള അക്കാഡമികളിൽ പ്രൊഫഷണൽ നാടകങ്ങളെക്കുറിച്ചും ഇതിലെ കലാകാരൻമാർ, അണിയറ പ്രവർത്തകർ എന്നിവരെക്കുറിച്ചുമുള്ള ആധികാരിക രേഖ തയ്യാറാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ പ്രസ്തുത രേഖകൾ തയ്യാറാക്കുന്നതിന് പദ്ധതിയുണ്ടോ; വിശദവിവരം ലഭ്യമാക്കാമോ?

നിലവിൽ ഇത്തരമൊരു ആധികാരിക രേഖ തയ്യാറാക്കിയിട്ടില്ല. വരും വർഷങ്ങളിൽ സാധ്യമാകുമോയെന്ന കാര്യം പരിശോധിക്കുന്നതാണ്.

**സിനിമ മേഖലയിലെ തർക്കപരിഹാരത്തിന് നിയമനിർമ്മാണം**

360(1106) <u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: താഴെക്കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സിനിമ മേഖലയിലെ തർക്കപരിഹാരത്തിനായി നിയമനിർമ്മാണം നടത്തണമെന്ന ജസ്റ്റിസ് ഹേമ കമ്മീഷൻ റിപ്പോർട്ടിലെ ശിപാർശയുടെ അടിസ്ഥാനത്തിൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

ജസ്റ്റിസ് കെ. ഹേമ അദ്ധ്യക്ഷയായ സമിതി തയ്യാറാക്കിയ റിപ്പോർട്ടിലെ ശിപാർശകളിന്മേൽ പ്രത്യേക പ്രാധാന്യം നൽകി തുടർനടപടികൾ സ്വീകരിച്ചു വരികയാണ്. സിനിമാ റെഗുലേറ്ററി അതോറിറ്റി/സിനിമ മേഖലയിലെ തർക്ക പരിഹാരത്തിനായി ട്രിബൂണൽ രൂപീകരിക്കുക തുടങ്ങിയ നിർദ്ദേശങ്ങൾ സംബന്ധിച്ച നിയമവശങ്ങൾ സർക്കാർ പരിശോധിച്ച് വരുന്നു.

## സാംസ്കാരിക വകുപ്പ് നൽകുന്ന ഫെലോഷിപ്പ്

361(1107) <u>ശ്രീ. കെ. ആൻസലൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാംസ്കാരിക വകുപ്പ് നിലവിൽ ഫെലോഷിപ്പ് നൽകുന്നുണ്ടോയെന്ന് വിശദമാക്കാമോ?

ഉണ്ട്. യുവകലാകാരന്മാരെ പ്രോത്സാഹിപ്പിക്കുകയും പ്രാദേശിക തലത്തിൽ കലാരൂപങ്ങൾ പരിപോഷിപ്പിക്കുകയുംവഴി സാംസ്കാരിക ഉന്നമനം സാധ്യമാക്കുന്നതിനായി സാംസ്കാരിക വകുപ്പ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെ നടപ്പിലാക്കുന്ന പദ്ധതിയാണ് യുവകലാകാരന്മാർക്കുള്ള വജ്രജൂബിലി ഫെലോഷിപ്പ് പദ്ധതി. പ്രസ്തുത പദ്ധതിയിൽ കലാപഠനം പൂർത്തിയാക്കിയ യുവകലാകാരന്മാർക്ക് രണ്ടു വർഷക്കാലയളവിലേയ്ക്ക് ക്ലാസിക്കൽ, സമകാലീന, ഫോക്ലോർ വിഭാഗങ്ങളിലായി ആകെ 1,000 ഫെലോഷിപ്പുകൾ നൽകുന്നുണ്ട്. ഇവർക്ക് പ്രതിമാസം 10,000 രൂപാ വീതം സാംസ്കാരിക വകുപ്പിൽനിന്നും 5,000 രൂപാ വീതം തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽനിന്നും നൽകി വരുന്നു.

(ബി) നെയ്യാറ്റിൻകര മണ്ഡലത്തിൽ ഏതൊക്കെ കലാകാരന്മാർക്കാണ് ഫെലോഷിപ്പ് നൽകുന്നതെന്ന് വിശദമാക്കാമോ; ഓരോ കലാകാരന്മാർക്കും പ്രതിമാസം എത്ര രൂപയാണ് അനുവദിച്ചതെന്നും വിശദമാക്കാമോ?

നെയ്യാറ്റിൻകര മണ്ഡലത്തിൽ നെയ്യാറ്റിൻകര മുൻസിപ്പാലിറ്റി, അതിയന്നൂർ ബ്ലോക്ക് എന്നീ ക്ലസ്റ്ററുകളിലായി വിവിധ കലാരൂപങ്ങളിൽപ്പെട്ട 12 പേർക്ക് വജ്രജൂബിലി ഫെലോഷിപ്പ് നൽകി വരുന്നു. സർക്കാർ മാനദണ്ഡപ്രകാരം നിശ്ചിത ക്ലാസ്സുകൾ പൂർത്തിയാക്കുന്നവർക്ക് പ്രതിമാസം 10,000 രൂപാ വീതം സാംസ്കാരിക വകുപ്പിൽനിന്നും 5,000 രൂപാ തദ്ദേശസ്വയംഭരണ വകുപ്പിൽനിന്നും നൽകുന്നുണ്ട്.

## വെള്ളാവൂർ ട്രാവൻകൂർ ഫോക് വില്ലേജ്

362(1108) <u>ഡോ. എൻ. ജയരാജ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞിരപ്പള്ളി മണ്ഡലത്തിലെ വെള്ളാവൂർ പ്രദേശത്ത് പണി പൂർത്തിയായി കിടക്കുന്ന ട്രാവൻകൂർ ഫോക് വില്ലേജിന്റെ പ്രവർത്തനം ആരംഭിക്കാനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

2021 നവംബർ 1-ാം തീയതി മുതലാണ് ട്രാവൻകൂർ ഫോക് വില്ലേജിന്റെ പ്രവർത്തനം ആരംഭിക്കാൻ ലക്ഷ്യമിടുന്നത്.

(ബി) പ്രസ്തുത സ്ഥാപനത്തിൽ നാടൻ കലകളുമായി ബന്ധപ്പെട്ട് എന്തൊക്കെ കർമ്മപരിപാടികൾക്കാണ് ലക്ഷ്യമിട്ടിരുന്നതെന്നും ഏതെങ്കിലും പ്രവർത്തനങ്ങൾ ഇതിനോടകം ആരംഭിക്കാൻ സാധിച്ചിട്ടുണ്ടോയെന്നും അറിയിക്കുമോ?

ആദ്യഘട്ടത്തിൽ നാടൻ കലകളായ മുടിയേറ്റ്, പടയണി, കുത്തിയോട്ടം, നാടൻപാട്ട് തുടങ്ങിയ കലാരൂപങ്ങളിൽ പരിശീലനം നൽകുവാൻ ലക്ഷ്യമിടുന്നു. ഇതിന്റെ പ്രവർത്തനം 2021 നവംബർ മധ്യത്തോടെ ആരംഭിക്കുവാനുള്ള നടപടി ഫോക് ലോർ അക്കാദമി സ്വീകരിച്ചുവരുന്നു. ഭാവിയിൽ ദ്വൈമാസ കലാവതരണങ്ങളും സെമിനാറുകളും സംഘടിപ്പിക്കാൻ അക്കാദമി ഉദ്ദേശിക്കുന്നുണ്ട്.

(സി) ഈ സ്ഥാപനത്തിന്റെ ഭരണ ചുമതല ആർക്കാണെന്നും ജീവനക്കാരുടെ നിയമനത്തിന് നടപടികളായിട്ടുണ്ടോയെന്നും എന്നത്തേക്ക് പ്രവർത്തനം ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നതെന്നുമുള്ള വിശദാംശം ലഭ്യമാക്കുമോ?

സ്ഥാപനത്തിന്റെ ഭരണ ചുമതല സാംസ്കാരിക വകുപ്പിന് കീഴിലുള്ള ഫോക് ലോർ അക്കാദമിക്കാണ്. ജീവനക്കാരെ അനുവദിക്കുന്നതിനുള്ള ഫോക് ലോർ അക്കാദമിയുടെ പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചു വരികയാണ്.

## കവയത്രിയായ മേരി ബെനിഞ്ഞയുടെ പേരിലുള്ള സാഹിത്യ അവാർഡ്

363 (1109) <u>ശ്രീ. അനൂപ് ജേക്കബ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലയാളത്തിലെ കവയത്രിയായ മേരി ബെനിഞ്ഞയുടെ പേരിലുള്ള സാഹിത്യ അവാർഡ് നൽകുന്നത് സർക്കാർ ഏറ്റെടുക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദമാക്കാമോ;

(ബി) ഇതുമായി ബന്ധപ്പെട്ട് ബെനിഞ്ഞ ഫൗണ്ടേഷൻ നിവേദനം സമർപ്പിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ അതിന്മേൽ നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(സി) അടുത്ത വർഷം മുതൽ അവാർഡ് നൽകുന്ന ഉത്തരവാദിത്തം സർക്കാർ ഏറ്റെടുക്കുന്നതിന് തയ്യാറാകുമോ; ഇല്ലെങ്കിൽ അതിനുള്ള കാരണങ്ങൾ വിശദമാക്കാമോ?

(എ-സി) പ്രശസ്ത കവയത്രിയായ മേരി ബെനിഞ്ഞയുടെ പേരിലുള്ള സാഹിത്യ അവാർഡ് സർക്കാർ ഏറ്റെടുക്കണമെന്നാവശ്യപ്പെട്ട് ബെനിഞ്ഞ ഫൗണ്ടേഷൻ സമർപ്പിച്ച നിവേദനം പരിശോധിച്ചു വരുന്നു.

## ഷെയ്ഖ് സൈനുദ്ദീൻ മഖ്ദൂം സ്മാരക നിർമ്മാണം

364(1110) ശ്രീ. പി. നന്ദകുമാർ: താഴെക്കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2020-21 ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ച ഷെയ്ഖ് സൈനുദ്ദീൻ മഖ്ദൂം സ്മാരക നിർമ്മാണം പൂർത്തീകരിക്കുന്നതിനുവേണ്ടി എടുത്തിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ?

2020-2021 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ സർക്കാരിലെ സാംസ്കാരിക-കാര്യ വകുപ്പിന്റെ നേതൃത്വത്തിൽ ഷെയ്ഖ് സൈനുദ്ദീൻ മഖ്ദൂം സ്മാരക നിർമ്മാണത്തെ സംബന്ധിച്ച് യാതൊരുവിധ പരാമർശവുമില്ല. എന്നാൽ 2021-2022 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനയിൽ പൊതുഭരണ (പൊളിറ്റിക്കൽ) വകുപ്പിനായി 2075-00-800-10-10-നോൺ പ്ലാൻ എന്ന ശീർഷകത്തിൽ സൈനുദ്ദീൻ മഖ്ദൂം സ്മാരകത്തിന് 1000 രൂപ ടോക്കൺ പ്രൊവിഷനായി വകയിരുത്തിയിട്ടുണ്ട്. ഷെയ്ഖ് സൈനുദ്ദീൻ മഖ്ദൂം സ്മാരക നിർമ്മാണം സംബന്ധിച്ച തുടർ നടപടികൾ സർക്കാരിലെ പൊതുഭരണ (പൊളിറ്റിക്കൽ) വകുപ്പ് കൈകാര്യം ചെയ്ത് വരുകയാണ്. പ്രസ്തുത വിഷയത്തിൽ വിശദമായ പ്രൊപ്പോസൽ ലഭ്യമാക്കുവാൻ മലപ്പുറം ജില്ലാ കളക്ടറോട് ആവശ്യപ്പെട്ടിരിക്കുകയാണ്.

## നെന്മാറ നിയോജകമണ്ഡലത്തിൽ ചിത്രാഞ്ജലി തിയേറ്റർ

365(1111) ശ്രീ. കെ. ബാബു (നെന്മാറ): താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെന്മാറ നിയോജകമണ്ഡലത്തിൽ ചിത്രാഞ്ജലി തിയേറ്റർ ഇല്ലെന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ചലച്ചിത്ര വികസന കോർപ്പറേഷന്റെ തിയേറ്ററുകൾ നിലവിലില്ല.

(ബി) ചിത്രാഞ്ജലി തിയേറ്റർ തുടങ്ങുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ?

കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ കിഫ്ബി പദ്ധതി പ്രകാരം തിയേറ്ററുകൾ ആരംഭിക്കുന്നതിന് മിനിമം 80 സെന്റ് സ്ഥലം ആവശ്യമാണ്. കൂടാതെ ഒരു വിദഗ്ദ്ധ സമിതി സാദ്ധ്യതാ പഠനം നടത്തി, തിയേറ്റർ പദ്ധതിക്ക് ഉചിതമാണെന്ന് കണ്ടെത്തിയാണ് തിയേറ്റർ നിർമ്മിക്കുന്നത്.

(സി) നെന്മാറ മണ്ഡലത്തിൽ തിയേറ്റർ അനുവദിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

കെ.എസ്.എഫ്.ഡി.സി.-ക്ക് തിയേറ്റർ നിർമ്മാണത്തിനായി കിഫ്ബി അനുവദിച്ച ഫണ്ട് നിലവിൽ അംഗീകരിക്കപ്പെട്ട തിയേറ്ററുകൾക്കായി വകയിരുത്തി ചെലവഴിച്ചു. കൂടുതൽ ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് ഇക്കാര്യത്തിൽ നിയമാനുസൃത നടപടികൾ ആലോചിക്കുന്നതാണ്.

## സംരക്ഷിത സ്മാരകങ്ങളായി പുരാവസ്തു വകുപ്പ് പുതുതായി ഏറ്റെടുക്കാനുള്ള മാനദണ്ഡങ്ങൾ

366(1112) ശ്രീ. ഡി. കെ. മുരളി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കല്ലറ-പാങ്ങോട് സമരത്തിന്റെ ഭാഗമായി അവശേഷിക്കുന്ന പാങ്ങോട്ടെ പഴയ പോലീസ് സ്റ്റേഷൻ കെട്ടിടവും പഴയ അഞ്ചലാപ്പീസ് എന്ന് അറിയപ്പെടുന്ന പോസ്റ്റ് ഓഫീസ് കെട്ടിടവും സ്ഥലവും സംരക്ഷിത സ്മാരകമായി ഏറ്റെടുക്കാനുള്ള പുരാവസ്തു വകുപ്പിന്റെ നടപടികളുടെ പുരോഗതി അറിയിക്കാമോ?

പാങ്ങോട്ടെ പഴയ പോലീസ് സ്റ്റേഷൻ കെട്ടിടവും പഴയ അഞ്ചൽ ഓഫീസും പുരാവസ്തു വകുപ്പിലെ ഉദ്യോഗസ്ഥർ പരിശോധന നടത്തിയിരുന്നു. പ്രസ്തുത പരിശോധനയിൽ നിർമ്മിതികൾക്ക് നൂറു വർഷം പഴക്കമായിട്ടില്ലെന്ന് ബോധ്യപ്പെട്ടിട്ടുണ്ട്. മാത്രമല്ല, യഥാർത്ഥ നിർമ്മിതികൾ ഒട്ടനവധി കൂട്ടിച്ചേർക്കലുകൾക്കും നവീകരണങ്ങൾക്കും വിധേയമായിട്ടുണ്ട്. ആകയാൽ 1968-ലെ കേരള പ്രാചീന സ്മാരക പുരാവസ്തു സങ്കേത പുരാവശിഷ്ട നിയമപ്രകാരം ഈ നിർമ്മിതികളെ സംരക്ഷിത സ്മാരകമായി പ്രഖ്യാപിക്കുന്നതിന് നിർവ്വാഹമില്ല.

(ബി) സംരക്ഷിത സ്മാരകങ്ങളായി പുരാവസ്തു വകുപ്പ് പുതുതായി ഏറ്റെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വിശദീകരിക്കാമോ?

1968-ലെ കേരള പ്രാചീന സ്മാരക പുരാവസ്തു സങ്കേത പുരാവശിഷ്ട നിയമം ചട്ടം 2 (എ) പ്രാചീന സ്മാരകത്തെ താഴെപ്പറയുംപ്രകാരം നിർവ്വചിക്കുന്നു. "ചരിത്രപരമായോ, പുരാവസ്തു ശാസ്ത്ര സംബന്ധമായോ, കലാശിൽപ്പപരമായോ കൗതുക പ്രദമായതും, ഒരു ശതാബ്ദത്തിൽ കുറയാതെ നിലനിന്നിട്ടുള്ളതുമായ വല്ലനിർമ്മാണമോ, എടുപ്പോ, സ്മാരകമോ അഥവാ വല്ല ശ്മശാന സ്ഥലമേടയോ, തടങ്കൽ സ്ഥലമോ, അഥവാ വല്ല ഗുഹയോ, പാറമേലുള്ള ശിൽപവേലയോ, ശിലാലിഖിതമോ, അഥവാ ഏക ശിലാസ്തംഭമോ എന്നർത്ഥമാകുന്നതും, അതിൽ (I) പ്രാചീന സ്മാരകത്തിന്റെ അവശിഷ്ടങ്ങളും (II) പ്രാചീന സ്മാരക സങ്കേതവും (III)

പ്രാചീന സ്മാരകം വേലികെട്ടിതിരിക്കുന്നതിനോ, മറയ്ക്കുന്നതിനോ അഥവാ മറ്റുവിധത്തിൽ സംരക്ഷിക്കുന്നതിനോ ആവശ്യമായി വരത്തക്കവിധം അങ്ങനെയുള്ള സ്മാരക സങ്കേതത്തോട് തൊട്ടടുത്ത് കിടക്കുന്ന ഭൂമിയുടെ ഭാഗവും (IV) പ്രാചീന സ്മാരകത്തിന്റെ അടുത്ത് ചെല്ലുവാനും അത് സൗകര്യപ്രദമായി പരിശോധിക്കുവാനുള്ള മാർഗ്ഗവും ഉൾപ്പെടുന്നതും എന്നാൽ ദേശീയ പ്രാധാന്യമുള്ളതാണെന്ന് പാർലമെന്റ് ഉണ്ടാക്കിയ നിയമം മൂലമോ, നിയമപ്രകാരമോ പ്രഖ്യാപിക്കപ്പെട്ട യാതൊരു പ്രാചീന സ്മാരകമോ, ചരിത്ര സ്മാരകമോ ഉൾപ്പെടാത്തതുമാകുന്നു." മേൽ പറഞ്ഞ തരത്തിലുള്ള സ്മാരകങ്ങളെയാണ് പ്രാചീന സ്മാരകങ്ങളായി സംരക്ഷിച്ചു പോരുന്നത്.

(സി) വാമനപുരം നിയോജക മണ്ഡലത്തിൽ പുരാവസ്തു വകുപ്പ് ഏറ്റെടുത്ത് സംരക്ഷിത സ്മാരകങ്ങളായി നിലനിർത്തിയിട്ടുള്ളവ ഏതൊക്കെയെന്നുള്ള വിശദ വിവരം നൽകാമോ?

വാമനപുരം അസംബ്ലി നിയോജക മണ്ഡലത്തിൽ പുരാവസ്തു വകുപ്പ് ഏറ്റെടുത്ത് സംരക്ഷിച്ച് പോരുന്ന സ്മാരകങ്ങളില്ല.

## എറണാകുളം ജില്ലയിലെ വലിയ തമ്പുരാൻ കോവിലകം

367(1113) ശ്രീ. അൻവർ സാദത്ത്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാംസ്കാരിക കാര്യ (ബി) വകുപ്പിന്റെ ഉത്തരവ് (സാധാ) നമ്പർ 101/2020 പ്രകാരം എറണാകുളം ജില്ലയിലെ ആലുവാ താലൂക്കിലെ കിഴക്കുംഭാഗം വില്ലേജിലെ വലിയ തമ്പുരാൻ കോവിലകം സംരക്ഷിത സ്മാരകമാക്കുന്നതിനുള്ള അന്തിമ വിജ്ഞാപനത്തിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

എറണാകുളം ജില്ലയിൽ ആലുവ താലൂക്കിലെ കിഴക്കുംഭാഗം വില്ലേജിലുള്ള വലിയ തമ്പുരാൻ കോവിലകം 1968-ലെ കേരള പ്രാചീന സ്മാരക പുരാവസ്തു സങ്കേത പുരാവശിഷ്ട ആക്റ്റിലെ ചട്ടം 4(1) പ്രകാരം പുരാവസ്തു വകുപ്പിന്റെ സംരക്ഷിത സ്മാരകമാക്കുന്നതിനുവേണ്ടിയുള്ള പ്രാഥമിക വിജ്ഞാപനം 4-3-2020-ലെ സർക്കാർ ഉത്തരവ് സാധാ 101/2020/സാം.കാ.വ പ്രകാരം പുറപ്പെടുവിക്കുകയും കേരള ഗസറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്തിരുന്നു. ഇതിന്റെ പകർപ്പ് 1968-ലെ ആക്റ്റിന്റെ ചട്ടം 4(1) പ്രകാരം സ്മാരകത്തിൽ 25-6-2021-ൽ വില്ലേജ് ഓഫീസർ മുഖാന്തരം പതിച്ചു നടത്തിയിട്ടുണ്ട്. അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരവെ, ഡോ. രാഘവൻ, ശ്രീമതി പൊന്നമ്മ രാഘവൻ എന്നിവർ ബഹു. കേരള ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത W.P.(C)

No.18433/2021, W.P.(C).No.19497/2021 ഹർജികളിൽ പ്രസ്തുത ഹർജികൾ തീർപ്പാകുന്നതുവരെ തൽസ്ഥിതി തുടരുന്നതിന് ബഹു. കോടതി ഉത്തരവായിട്ടുണ്ട്. ആയതിനാൽ വലിയ തമ്പുരാൻ കോവിലകം സംരക്ഷിത സ്മാരകമാക്കുന്നതിന് അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കുവാൻ കഴിഞ്ഞിട്ടില്ല.

(ബി) അന്തിമ വിജ്ഞാപനത്തിനുശേഷമുള്ള നിയമാനുസൃത തുടർനടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കുന്നതിന് വിധേയമായി തുടർപ്രവർത്തനങ്ങൾ ആലോചിക്കുന്നതാണ്.

## കലാസമിതികൾക്ക് പ്രത്യേക ഗ്രാന്റ്

368(1114) ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെക്കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഗോത്രകലകളെ പ്രോത്സാഹിപ്പിക്കുന്നതിനും സംരക്ഷിക്കുന്നതിനുമായി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർ നടത്തുന്ന കലാസമിതികൾക്ക് പ്രത്യേക ഗ്രാന്റ് അനുവദിക്കുന്ന കാര്യം പരിശോധിക്കുമോ; വിശദാംശങ്ങൾ നൽകുമോ?

ഗോത്രകലകളെ പ്രോത്സാഹിപ്പിക്കുന്നതിനും സംരക്ഷിക്കുന്നതിനുമായി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർ നടത്തുന്ന കലാസമിതികൾ അപേക്ഷകൾ സമർപ്പിക്കുന്ന മുറയ്ക്ക് കലാസമിതികളുടെ പ്രവർത്തനങ്ങൾ പരിശോധിച്ച് അർഹതയുടെ അടിസ്ഥാനത്തിൽ ധനസഹായം അനുവദിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

## പ്രേംനസീർ സ്മാരക നിർമ്മാണം

369(1115) ശ്രീ. സണ്ണി ജോസഫ്: താഴെക്കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പ്രേംനസീർ സ്മാരകത്തിന്റെ നിർമ്മാണം പൂർത്തീകരിക്കാൻ സാധിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ; സ്മാരകനിർമ്മാണം പൂർത്തീകരിക്കുവാൻ അടിയന്തര നടപടി സ്വീകരിക്കുമോ?

അനശ്വര നടൻ പ്രേംനസീറിന്റെ പേരിൽ ഒരു സ്മാരക മന്ദിരം സ്ഥാപിക്കുന്നതിനായി തിരുവനന്തപുരം ജില്ലയിൽ ചിറയിൻകീഴ് താലൂക്കിൽ ശാർക്കര വില്ലേജിലെ റീസർവ്വെ നം. 442/7-ൽപ്പെട്ട ചിറയിൻകീഴ് ശാർക്കര ഗവൺമെന്റ് എൽ.പി. സ്കൂളിന്റെ 26.80 ആർ (66.22 സെന്റ്) ഭൂമി രണ്ട് സേവന വകുപ്പുകൾ തമ്മിലുള്ള ഭൂമി കൈമാറ്റ വ്യവസ്ഥകൾ പ്രകാരം, ഭൂമിയുടെ ഉടമസ്ഥാവകാശം റവന്യൂ വകുപ്പിൽ നിലനിർത്തിക്കൊണ്ട് സാംസ്കാരിക വകുപ്പിന് കൈവശാവകാശം

നൽകി 12-2-2020-ലെ സ.ഉ. (കൈ) നമ്പർ 54/2020/റവ നമ്പർ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. സ്മാരക മന്ദിരം നിർമ്മിക്കുന്നതിനായി തയ്യാറാക്കിയിട്ടുള്ള 230 ലക്ഷം രൂപ എസ്റ്റിമേറ്റുള്ള പദ്ധതിയിൽ ബഹു. എം.എൽ.എ. ശ്രീ. വി. ശശി-യുടെ ആസ്തി വികസന ഫണ്ടിൽനിന്നും 98 ലക്ഷം രൂപ വിനിയോഗിച്ച് നടത്തുന്ന നിർമ്മാണ പ്രവർത്തനങ്ങൾക്ക് പുറമെ ശേഷിക്കുന്ന 132 ലക്ഷം രൂപയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് "2205-00-102-08-32-പ്രേംനസീർ സാംസ്കാരിക നിലയം" എന്ന ശീർഷകത്തിൽ ചെലവ് വകയിരുത്തിക്കൊണ്ട് നിർവഹിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. ഈ നിർമ്മാണ പ്രവർത്തികൾ ടെണ്ടർ ചെയ്തിട്ടുണ്ട്. ഈ പദ്ധതിക്കായി 2020-21 സാമ്പത്തിക വർഷം അനുവദിച്ചതും തൻവർഷം പിൻവലിക്കുവാൻ കഴിയാതിരുന്നതുമായ 1,00,00,000 രൂപ (ഒരു കോടി രൂപ മാത്രം) 2021-22 സാമ്പത്തിക വർഷത്തെ " 2205-00-102-08-32-പ്രേംനസീർ സാംസ്കാരിക നിലയം (നോൺ പ്ലാൻ)" എന്ന ശീർഷകത്തിൽ സ്മാരക നിർമ്മാണത്തിന്റെ നിർവ്വഹണത്തിനായി ചുമതലപ്പെടുത്തിയിട്ടുള്ള തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ സ്പെഷ്യൽ ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യുന്നതിനുള്ള അനുമതി നൽകി ഉത്തരവായിട്ടുണ്ട്. പ്രേംനസീർ സാംസ്കാരിക സമുച്ചയ നിർമ്മാണ സ്ഥലത്തെ മരങ്ങൾ മുറിച്ചുമാറ്റുന്നതുമായി ബന്ധപ്പെട്ട കാലതാമസമാണ് നിർമ്മാണം ആരംഭിക്കാൻ വൈകിയത്. 9-7-2021-ൽ കൂടിയ പ്രേംനസീർ സ്മാരക സാംസ്കാരിക നിലയ നിർമ്മാണ സമിതിയുടെ യോഗ തീരുമാനപ്രകാരം നിർമ്മാണത്തിന്റെ നിർവ്വഹണത്തിനായി ചുമതലപ്പെടുത്തിയിട്ടുള്ള തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് മരങ്ങൾ മുറിച്ചുമാറ്റുവാൻ നിർദ്ദേശം നൽകിയിരുന്നു. മരങ്ങൾ മുറിച്ചുമാറ്റി അടിയന്തരമായി നിർമ്മാണ പ്രവർത്തനം ആരംഭിക്കുന്നതാണ്.

## സാംസ്കാരിക വകുപ്പിന്റെ പദ്ധതികൾ

370(1117) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാംസ്കാരിക വകുപ്പിന്റെ കീഴിൽ നടപ്പിലാക്കുന്ന പദ്ധതികൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ?

സാംസ്കാരിക വകുപ്പിനുകീഴിൽ നടപ്പിലാക്കുന്ന പദ്ധതി വിവരങ്ങൾ ചുവടെ ചേർക്കുന്നു :

1. വജ്ര ജൂബിലി ഫെലോഷിപ്പ്

2. നാട്ടരങ്ങ്

3. കേരള സംസ്കാര മ്യൂസിയം
4. കേരള സംസ്കാര വ്യാപനം
5. കലാകാരന്മാരുടെ ഉപജീവന സുസ്ഥിരത/റൂറൽ ആർട്ട് ഹബ്ബ്
6. ഗെയിമിംഗ് ആനിമേഷൻ ഹാബിറ്റാറ്റ്
7. കേരള സംസ്ഥാന കലാകാര പെൻഷൻ പദ്ധതി
8. അശരണരും രോഗബാധിതരുമായ കലാസാംസ്കാരിക പ്രവർത്തകർക്ക് അടിയന്തര ചികിത്സാ ധനസഹായം നൽകുന്ന പദ്ധതി
9. പ്രമുഖരായ സാഹിത്യകാരന്മാരുടെയും കലാകാരന്മാരുടെയും ആശ്രിതർക്ക് നൽകുന്ന ധനസഹായം
10. സാംസ്കാരിക സ്ഥാപനങ്ങൾക്കും സംഘടനകൾക്കും നൽകുന്ന ആവർത്തന/അനാവർത്തന ഗ്രാന്റ്. എല്ലാ ജില്ലകളിലും സാംസ്കാരിക സമുച്ചയങ്ങൾ സ്ഥാപിക്കുന്ന പദ്ധതി കിഫ്ബി ഫണ്ടിംഗോടെ നടപ്പിലാക്കിവരുന്നു.

കൊല്ലം ശ്രീനാരായണഗുരു സാംസ്കാരിക സമുച്ചയം, പാലക്കാട് വി. ടി. ഭട്ടതിരിപ്പാട് സാംസ്കാരിക സമുച്ചയം, കാസർഗോഡ് സുബ്രഹ്മണ്യം തിരുമുമ്പ് സാംസ്കാരിക സമുച്ചയം എന്നിവയുടെ ഒന്നാംഘട്ട ഉദ്ഘാടനം കഴിഞ്ഞു. മലപ്പുറം ജില്ലയിൽ അബ്ദുൽ റഹ്മാൻ സാഹിബ് സാംസ്കാരിക സമുച്ചയം, കണ്ണൂർ-വാഗ്ഭടാനന്ദ, ആലപ്പുഴ-പി.കൃഷ്ണപിള്ള, തൃശ്ശൂർ-വള്ളത്തോൾ നാരായണമേനോൻ, കോട്ടയം-ലളിതാംബിക അന്തർജ്ജനം എന്നീ സാംസ്കാരിക സമുച്ചയങ്ങളുടെ നിർമ്മാണം സംബന്ധിച്ച നടപടികൾ പുരോഗമിക്കുന്നു. ഇന്ത്യൻ ഭരണഘടന വാഗ്ദാനം ചെയ്യുന്ന സ്ത്രീ-പുരുഷ തുല്യത സമസ്ത മണ്ഡലങ്ങളിലും വിശേഷിച്ച് ആശയാവിഷ്കാരങ്ങളിൽ നടപ്പാക്കുകയെന്ന ഉദ്ദേശ്യത്തോടെ സാംസ്കാരിക വകുപ്പ് നടപ്പാക്കുന്ന പദ്ധതിയാണ് ' സമം' . സമീപകാലത്തായി സ്ത്രീകൾക്കും കുട്ടികൾക്കുമെതിരായി നടക്കുന്ന അതിക്രമങ്ങൾക്കെതിരെ സർഗ്ഗാത്മകമായി പ്രതികരിച്ച് സമസ്ത മേഖലകളിലും സ്ത്രീ-പുരുഷ സമത്വം എന്ന ആശയം പ്രചരിപ്പിക്കുന്നതിനായി വിഭാവനം ചെയ്തിരിക്കുന്ന ' സമം' പദ്ധതിയിൽ വൈവിധ്യപൂർണമായ പ്രവർത്തനങ്ങളാണ് ലക്ഷ്യമിടുന്നത്. സാംസ്കാരിക വകുപ്പിനുകീഴിൽ പ്രവർത്തി ക്കുന്ന ഭാരത് ഭവൻ, മലയാളം മിഷൻ, കേരള ചലച്ചിത്ര അക്കാദമി, കേരള ചലച്ചിത്ര വികസന കോർപ്പറേഷൻ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് എന്നീ സ്ഥാപനങ്ങളാണ് വ്യത്യസ്തമായ ക്യാമ്പയിൻ പ്രവർത്തനത്തിലൂടെ ഈ പരിപാടികൾക്ക് നേതൃത്വം കൊടുക്കുന്നത്. ഒരു വർഷം നീണ്ടു നിൽക്കുന്ന 'സമം' ക്യാമ്പയിൻ പദ്ധതിയിൽ സാംസ്കാരിക

വകുപ്പിനുകീഴിൽ പ്രവർത്തിക്കുന്ന മറ്റു സാംസ്കാരിക സ്ഥാപനങ്ങൾ, യുവജന ബോർഡ്, യുവജന കമ്മീഷൻ, നാഷണൽ സർവ്വീസ് സ്കീം, സ്കൗട്ട് ആൻഡ് ഗൈഡ് എന്നീ യുവജന പ്രസ്ഥാനങ്ങൾ സജീവമായി പങ്കാളികളാകുന്നു. ഒരു വർഷം നീണ്ടുനിൽക്കുന്ന 'സമം' പദ്ധതിയിൽ 23 ഇനം പരിപാടികൾ നടപ്പിലാക്കാനുദ്ദേശിക്കുന്നുണ്ട്. (ബന്ധപ്പെട്ട ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു).* ബഹു. മുഖ്യമന്ത്രി ചെയർമാനായ സംസ്ഥാനതല കമ്മിറ്റിയും ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർ ചെയർമാന്മാരായ ജില്ലാതല കമ്മിറ്റിയും പഞ്ചായത്ത് മുതൽ വാർഡുതല കമ്മിറ്റികൾവരെ പദ്ധതി പ്രവർത്തനങ്ങൾക്കായി രൂപീകരിച്ചിട്ടുണ്ട്. സാംസ്കാരിക വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളിൽ നടപ്പിലാക്കുന്ന പ്രധാന പദ്ധതി വിവരങ്ങൾ ചുവടെ ചേർക്കുന്നു.

മലയാളം മിഷൻ-മലയാള ഭാഷയെ സാങ്കേതികവിദ്യാ സൗഹൃദമാക്കുന്നതിനുള്ള മികവിന് മലയാളം മിഷൻ മലയാള ഭാഷാ പ്രതിഭാ പുരസ്കാരം നൽകി വരുന്നു. 50,000 രൂപയും പ്രശസ്തി പത്രവും ഫലകവും അടങ്ങുന്നതാണ് പുരസ്കാരം. മലയാള ഭാഷാ പ്രചരണത്തിനും പാഠ്യപദ്ധതിയുടെ പിന്തുണയ്ക്കായും ഇന്റർനെറ്റ് വഴി പ്രവർത്തിക്കുന്ന ' റേഡിയോ മലയാളം' മലയാളം മിഷൻ ആവിഷ്കരിച്ചിട്ടുണ്ട് ഭാഷാപ്രചരണത്തിനായി സാമ്പ്രദായിക മാർഗ്ഗങ്ങൾക്കപ്പുറം ഭാഷയെ സ്വജീവിതത്തിന്റെയും വ്യക്തിത്വത്തിന്റെയും വേഷവിധാനത്തിന്റെയും ഭാഗമാക്കി മാറ്റിക്കൊണ്ട് ഭാഷയിലൂടെ ഒരു സംസ്കാരം പ്രചരിപ്പിക്കുകയെന്ന ലക്ഷ്യത്തോടെ ആരംഭിച്ച സുവനീർ ഷോപ്പിലൂടെ മലയാള ഭാഷയുടെയും സാഹിത്യത്തിന്റെയും മുദ്രകൾ ആലേഖനം ചെയ്തു പല തരത്തിലുള്ള കപ്പുകൾ, ടീ ഷർട്ടുകൾ, സഞ്ചി, മാസ്കുകൾ, ബാഗുകൾ, സാരികൾ മുതലായവ വിൽപ്പന നടത്തിവരുന്നു. മലയാളഭാഷയുടെ അടിസ്ഥാനപാഠങ്ങൾ ശാസ്ത്രീയമായി തയ്യാറാക്കി പൂർണമായും ഇന്റർനെറ്റ് വഴി പഠിപ്പിക്കുന്ന പദ്ധതിയാണ് ഭൂമിമലയാളം ഓപ്പൺ ഓൺലൈൻ കോഴ്സ്. ഭാരത് ഭവൻ-കോവിഡിന്റെ പശ്ചാത്തലത്തിൽ കലാകാരന്മാർക്ക് പൊതുവേദികൾ നഷ്ടപ്പെടുന്നതുകൊണ്ട് കലാസമൂഹത്തിന് കൈത്താങ്ങാകുവാൻ വിവിധ പദ്ധതികൾ സാംസ്കാരികകാര്യ വകുപ്പ് നടപ്പിലാക്കിവരുന്നു. കേരള സർക്കാരിന്റെ സാംസ്കാരിക വിനിമയ കേന്ദ്രമായ ഭാരത് ഭവന്റെ ആഭിമുഖ്യത്തിൽ വിവിധ സാംസ്കാരിക സ്ഥാപനങ്ങളുടെ സഹകരണത്തോടെ കലാസമൂഹത്തിന് നവമാധ്യമത്തിലൂടെ വേദി ഒരുക്കുവാനും സാമ്പത്തിക സഹായം ലഭ്യമാക്കുന്നതിനുമായി കോവിഡ് ലോക്ഡൗൺ അനുബന്ധ സമാശ്വാസ പദ്ധതി - ' മഴമിഴി' നവമാധ്യമ കലാസംഗമം 2021 ഓഗസ്റ്റ് 28 മുതൽ നവംബർ 1 വരെ 65 ദിവസം നീണ്ടുനിൽക്കുന്ന സാംസ്കാരികോത്സവം സംഘടിപ്പിക്കുന്നുണ്ട്. ഗോത്രകലകൾ, നാടൻകലകൾ, അനുഷ്ഠാനകലകൾ,

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ക്രിസ്തീയകലകൾ, മാപ്പിളകലകൾ, ക്ഷേത്ര കലകൾ, ശാസ്ത്രീയ നൃത്തം, ശാസ്ത്രീയ സംഗീതം, ഉപകരണ സംഗീതം, നാടകം, ചിത്രകല, ശില്പകല, ഫോട്ടോഗ്രാഫി തുടങ്ങി 135-ഓളം കലാരൂപങ്ങളേയും ഭിന്നശേഷി, ട്രാൻസ്ജെൻഡേഴ്സ്, അന്ധ, ബധിര, മൂക കലാസംഘങ്ങൾ തുടങ്ങിയവരെ ഉൾപ്പെടുത്തി 380-ഓളം സംഘങ്ങ ളിലായി 350-ൽ പരം കലാപ്രവർത്തകർക്ക് ധനസഹായവും സർഗ്ഗ പ്രകാശന ങ്ങൾക്കുള്ള നവമാധ്യമ വേദിയും നൽകുവാൻ ഇതുവഴി സാധിക്കും. കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ-തിരുവനന്തപുരം കൈരളി/ശ്രീ/ നിള തീയേറ്റർ ആധുനിക സൗകര്യങ്ങളോടുകൂടിയുള്ള നവീകരണ പ്രവർത്തനം, ഒ.ടി.ടി. പ്ലാറ്റ്ഫോം, വനിതാ ശാക്തീകരണ കാഴ്ചപ്പാടിൽ വനിതാ സംവിധാ യകരുടെ രണ്ട് സിനിമകളും എസ്.സി./എസ്.ടി. വിഭാഗത്തിലെ സംവിധായ കരുടെ രണ്ടു സിനിമാ നിർമ്മാണവും നടപ്പിലാക്കിവരുന്നു. കെ.എസ്.എഫ്.ഡി.സി. SPV ആയി കിഫ്ബി ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കുന്ന തീയേറ്റർ പദ്ധതികൾ താഴെപ്പറയുന്നവയാണ്.

- തീയേറ്റർ സമുച്ചയങ്ങൾ-കായംകുളം, അളഗപ്പനഗർ, പയ്യന്നൂർ എന്നീ തീയേറ്റർ സമുച്ചയങ്ങളുടെ നിർമ്മാണം പുരോഗമിക്കുന്നു. കാക്കനാട്, പായം, വൈക്കം, താനൂർ, പേരാമ്പ്ര എന്നീ തീയേറ്ററുകളുടെ നിർമ്മാണത്തിന് കിഫ്ബിയിൽനിന്നും അംഗീകാരം ലഭിച്ചിട്ടുണ്ട്. ചിത്രാഞ്ജലി സ്റ്റുഡിയോ നവീകരണ ജോലികൾ പുരോഗമിക്കുന്നു. കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി-അന്താരാഷ്ട്ര ചലച്ചിത്രമേള, അന്താരാഷ്ട്ര ഡോക്യുമെന്ററി ഹ്രസ്വ ചലച്ചിത്രമേള, ദേശീയ ചലച്ചിത്രമേള, പ്രാദേശിക ചലച്ചിത്രമേളകൾ, കേരള സംസ്ഥാന ടെലിവിഷൻ അവാർഡ്, ടെലിവിഷൻ ലൈഫ്ടൈം അച്ചീവ്മെന്റ് അവാർഡ്, കേരള സംസ്ഥാന ചലച്ചിത്ര അവാർഡ്, ജെ.സി. ഡാനിയേൽ അവാർഡ്, ചലച്ചിത്ര ആസ്വാദന ക്യാമ്പുകൾ, ചലച്ചിത്ര ഗവേഷണത്തിനായുള്ള ഫെലോഷിപ്പ്, മലയാള സിനിമകളുടെ ഡിജിറ്റലൈസേഷൻ ആന്റ് ആർക്ക്കൈവിംഗ്, ചലച്ചിത്ര സമീക്ഷ എന്ന ദ്വിഭാഷ മുഖമാസിക, ചലച്ചിത്ര സംബന്ധിയായ പുസ്തകങ്ങളുടെ പ്രസിദ്ധീ കരണം, ചലച്ചിത്ര സംബന്ധിയായ ശില്പശാലകളും സെമിനാറുകളും ടൂറിംഗ് ടാക്കീസ്, സിനി കലാകാരന്മാർക്കുള്ള പെൻഷനും ചികിത്സാ ധനസഹായവും കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്
- ജാപ്പനീസ്-മലയാളം പഠന സഹായി പ്രസിദ്ധീകരിച്ചു.
- ജാപ്പനീസ്-മലയാളം പഠന കോഴ്സ്
- ശബ്ദാവലികളുടെ നിർമ്മാണം പുരോഗമിക്കുന്നു.

ഇ-പബ്ലിഷിംഗ് വിപുലീകരണം തുടങ്ങിവച്ച പുസ്തക പരിഭാഷകളുടെ പൂർത്തീകരണവും പുതിയ പുസ്തകങ്ങളും പരിഭാഷാ രീതിയും പുരോഗമിക്കുന്നു. കേരള സ്റ്റേറ്റ് ബുക്ക്മാർക്ക് 2021-ൽ വായന പക്ഷാചരണത്തോടനുബന്ധിച്ച് ജൂൺ 19 മുതൽ ജൂലായ് 19 വരെ 1000 രൂപയ്ക്ക് 1555 രൂപയുടെ പുസ്തകങ്ങൾ എന്ന പദ്ധതി നടപ്പിലാക്കി. കോവിഡ് കാലത്ത് പുസ്തകം ലഘു തവണ വ്യവസ്ഥയിൽ, വീടുകളിൽ ഒരു ലൈബ്രറി സെറ്റ് ചെയ്യുന്നതിനുവേണ്ടി കോഴിക്കോട് ഒരു സഹകരണ സൊസൈറ്റിയുമായി ചേർന്നുകൊണ്ട് അലമാരയും പുസ്തകവും നൽകാനുള്ള പദ്ധതി രൂപീകരിച്ച് നടപ്പിലാക്കി വരുന്നു. ഓരോ വീടുകളിലും അത്യാവശ്യം ഉണ്ടാകേണ്ട പുസ്തകങ്ങൾ നൽകുന്ന പദ്ധതി നടപ്പിലാക്കാൻ ബുക്ക്മാർക്ക് ഉദ്ദേശിക്കുന്നു. ആദ്യം പേര് രജിസ്റ്റർ ചെയ്യുന്ന 1,000 പേർക്ക് 10,000 രൂപയ്ക്ക് 15,000 രൂപയുടെ പുസ്തകങ്ങൾ നൽകും. മലയാളത്തിലേയും വിശ്വസാഹിത്യത്തിലേയും ഒരു വീട്ടിൽ അവശ്യം വേണമെന്ന് കരുതുന്ന പുസ്തകങ്ങൾ ഈ പദ്ധതിയിലൂടെ വീടുകളിൽ എത്തിക്കാനാണ് ആലോചിക്കുന്നത്. വിദഗ്ധ സമിതി നിശ്ചയിക്കുന്ന പുസ്തകമാണ് നൽകുക. വാസ്തുവിദ്യാ ഗുരുകുലം-സംരക്ഷിത സ്മാരകങ്ങൾ, പ്രധാനപ്പെട്ട കൊട്ടാരങ്ങൾ, കെട്ടിടങ്ങൾ എന്നിവയുടെ ഗ്രാഫിക്കൽ ഡോക്യുമെന്റേഷൻ, ചെലവു ചുരുങ്ങിയതും പരിസ്ഥിതി സൗഹാർദ്ദവുമായ മണ്ണ് നിർമ്മാണത്തിന്റെ (സുസ്ഥിര നിർമ്മാണ സങ്കേതങ്ങളുടെ) പ്രചാരണവും പാരമ്പര്യ മണ്ണ് വീട് നിർമ്മിതികളുടെ ഗ്രാഫിക്കൽ ഡോക്യുമെന്റേഷനും പാരമ്പര്യ നിർമ്മിതികളുടെ ഡിജിറ്റൽ ഡോക്യുമെന്റേഷനും ഡാറ്റാ ശേഖരണം.

(ബി) സാംസ്കാരിക വകുപ്പിന് കീഴിലുള്ള വിവിധ കേന്ദ്രങ്ങൾ ഏതൊക്കെയെന്നും അവയിലെ സൗകര്യങ്ങളും സംവിധാനങ്ങളും എന്തൊക്കെയാണെന്നും ജില്ല തിരിച്ച് വ്യക്തമാക്കാമോ?

സാംസ്കാരിക സ്ഥാപനങ്ങളുടെ പട്ടിക അനുബന്ധമായി ചേർക്കുന്നു.*

(സി) സാംസ്കാരിക വകുപ്പ് വിവിധ പദ്ധതികൾ പ്രകാരം ആർക്കൊക്കെ ധനസഹായം നൽകുന്നുണ്ടെന്നും അതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്നും അപേക്ഷിക്കേണ്ട രീതി എങ്ങനെയാണെന്നും വ്യക്തമാക്കാമോ?

സാംസ്കാരിക വകുപ്പിന്റെ വിവിധ ധനസഹായ പദ്ധതികളുടെ വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു :

1. കേരള സംസ്ഥാന കലാകാര പെൻഷൻ പദ്ധതി.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

2. അശരണരും രോഗബാധിതരുമായ കലാസാംസ്കാരിക പ്രവർത്തകർക്ക് അടിയന്തര ചികിത്സാ ധനസഹായം നൽകുന്ന പദ്ധതി.

3. പ്രമുഖരായ സാഹിത്യകാരന്മാരുടേയും കലാകാരന്മാരുടേയും ആശ്രിതർക്ക് നൽകുന്ന ധനസഹായം.

4. സാംസ്കാരിക സ്ഥാപനങ്ങൾക്കും സംഘടനകൾക്കും നൽകുന്ന ആവർത്തന/ അനാവർത്തന ഗ്രാന്റ്. ധനസഹായം നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ നിശ്ചയിച്ചുകൊണ്ടുള്ള ഉത്തരവുകളുടെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.* സാംസ്കാരിക വകുപ്പിന് കീഴിലുള്ള കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി ചലച്ചിത്ര രംഗത്തെ അവശകലാകാരന്മാർക്ക് 1000 രൂപ വീതം പ്രതിമാസ പെൻഷൻ നൽകിവരുന്നു. കൂടാതെ ആശുപത്രി രേഖകളുടെ അടിസ്ഥാനത്തിൽ പരമാവധി 25,000 രൂപവരെ ചികിത്സാ ധനസഹായവും നൽകുന്നു. 50 വയസ്സിൽ കൂടുതൽ പ്രായമുള്ളവരും പ്രതിവർഷ വരുമാനം 12,000 രൂപയിൽ കവിയാത്തവരുമായ ചലച്ചിത്രകാരന്മാർക്ക് പെൻഷനായി അപേക്ഷിക്കാവുന്നതാണ്. അപേക്ഷിക്കേണ്ട രീതി-ആധാറിന്റെ പകർപ്പ്, വരുമാന സർട്ടിഫിക്കറ്റ്, ഫോട്ടോ, ചലച്ചിത്ര സംഘടനയുടെ/സംവിധായകന്റെ സാക്ഷ്യപത്രം എന്നിവ സഹിതമുള്ള അപേക്ഷ ചലച്ചിത്ര അക്കാദമി സെക്രട്ടറിയ്ക്ക് നൽകിയാൽ മതി. കേരള സംസ്ഥാന സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡിന്റെ ധനസഹായ പദ്ധതികളും അർഹതാ മാനദണ്ഡങ്ങളും അനുബന്ധമായി ചേർക്കുന്നു.*

(ഡി) കഴിഞ്ഞ അഞ്ചുവർഷം സാംസ്കാരിക വകുപ്പിന്റെ കീഴിൽ നടത്തിയ പരിപാടികളും ചെലവഴിച്ച തുകയും ജില്ല തിരിച്ച് വ്യക്തമാക്കാമോ?

ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമല്ല. കഴിഞ്ഞ അഞ്ചു വർഷം സാംസ്കാരിക വകുപ്പിന്റെ കീഴിൽ നടത്തിയ പരിപാടികളും ചെലവഴിച്ച തുകയും സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

### ബാലഭവനുകളുടെ പ്രവർത്തനം

371(1118) <u>ശ്രീ. എം. നൗഷാദ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാംസ്കാരിക വകുപ്പിന് കീഴിൽ എത്ര ബാലഭവനുകൾ പ്രവർത്തിക്കുന്നുണ്ട്; വിശദാംശം വെളിപ്പെടുത്താമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സംസ്ഥാന സർക്കാരിന് കീഴിൽ തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കോട്ടയം, തൃശ്ശൂർ ജില്ലകളിലായി അഞ്ച് ജവഹർ ബാലഭവനുകൾ പ്രവർത്തിച്ച് വരുന്നുണ്ട്.

(ബി) ബാലഭവനുകളിലെ നിയമനാധികാരി ആരെന്നും ഓരോ ബാലഭവനിലെയും അംഗീകൃത ജീവനക്കാർ എത്രയെന്നും അവരുടെ സേവന-വേതന വ്യവസ്ഥകൾ എന്തെന്നും വ്യക്തമാക്കാമോ?

മേൽപറഞ്ഞ ഓരോ ബാലഭവനുകളിലുമുള്ള സർക്കാർ അംഗീകൃത തസ്തികകളിൽ ജീവനക്കാരെ തെരഞ്ഞെടുത്ത് നിയമിക്കുന്നതിനുള്ള ഉത്തരവാദിത്വം അതത് ബാലഭവനുകളിലെ ഭരണ-സമിതിയിൽ നിക്ഷിപ്തമാണ്. ഓരോ ബാലഭവനു കളിലായി സർക്കാർ സൃഷ്ടിച്ച/അംഗീകൃത തസ്തികകളിൽ ജോലി ചെയ്യുന്ന ജീവന ക്കാരുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.* പ്രസ്തുത ബാലഭവനു കളിൽ സർക്കാർ അംഗീകൃത തസ്തികകളിൽ നിയമിതരാകുന്നവർക്കുള്ള സർവ്വീസ് റൂൾസ് നിശ്ചയിച്ച് കൊണ്ട് 31-7-1997-ലെ സ.ഉ.(എം.എസ്) 44/1997/ സി.എ.ഡി. നമ്പർ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ പ്രസ്തുത തസ്തികകളിൽ നിയമിതരാകുന്നവർക്ക് 20-7-2018-ലെ സ. ഉ.(എം.എസ്.) 29/2018/ സാം.കാ.വ. നമ്പർ ഉത്തരവിൻ പ്രകാരമുള്ള ശമ്പള സ്കെയിലാണ് അനുവദിച്ച് പോരുന്നത്. പ്രസ്തുത സർക്കാർ ഉത്തരവുകളുടെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്. *

(സി) ബാലഭവനുകളിലെ ജീവനക്കാരുടെ ശമ്പളപരിഷ്കരണം അവസാനമായി നടപ്പിലാക്കിയത് എന്നാണ്; പരിഷ്കരിച്ച ശമ്പളം എന്നു മുതലാണ് വിതരണം ചെയ്ത് തുടങ്ങിയതെന്ന് വ്യക്തമാക്കാമോ?

സംസ്ഥാന സർക്കാർ ജീവനക്കാർക്ക് അനുവദിച്ച 9-ഉം, 10-ഉം ശമ്പള പരിഷ്കരണങ്ങൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്ന വിവിധ ബാലഭവനുകളിലെ ജീവനക്കാർക്കും 20-7-2018-ലെ സ. ഉ.(എം.എസ്.) 29/2018/സാം.കാ.വ. നമ്പർ ഉത്തരവിൻപ്രകാരം ബാധകമാക്കിയിട്ടുണ്ട്. പ്രസ്തുത ശമ്പള പരിഷ്കരണ ഉത്തരവുപ്രകാരമുള്ള പരിഷ്കരിച്ച ശമ്പളം വിവിധ ബാലഭവനുകൾ നടപ്പിലാക്കി വരുന്നതിന്റെ വിശദാംശങ്ങൾ അനുബന്ധമായി* ചേർത്തിട്ടുണ്ട്.

(ഡി) കഴിഞ്ഞ അഞ്ച് വർഷമായി ഓരോ ബാലഭവനും പ്രതിവർഷം അനുവദിക്കുന്ന ബഡ്ജറ്റ് വിഹിതത്തിന്റെ കണക്ക് വ്യക്തമാക്കാമോ; ബഡ്ജറ്റ് വിഹിതത്തിന്റെ വിനിയോഗം സംബന്ധിച്ച വിശദാംശം വ്യക്തമാക്കാമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

23-3-1995-ലെ സ.ഉ.(എം.എസ്.) 8/1995/സി.എ.ഡി. നമ്പർ ഉത്തരവിൻ പ്രകാരം കഴിഞ്ഞ അഞ്ച് വർഷമായി ഓരോ ബാലഭവനം പ്രതിവർഷം അനുവദിക്കുന്ന ബഡ്ജറ്റ് വിഹിതത്തിന്റെ കണക്ക്/ബഡ്ജറ്റ് വിഹിതത്തിന്റെ വിനിയോഗം സംബന്ധിച്ച വിശദാംശങ്ങൾ പട്ടിക രൂപത്തിൽ അനുബന്ധമായി ചേർത്തിട്ടുണ്ട്.* 23-3-1995-ലെ സ.ഉ. (എം.എസ്.) 8/1995/സി.എ.ഡി. നമ്പർ ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ഇ) ഓരോ ബാലഭവനും പ്രത്യേകം ശീർഷകം അനുവദിയ്ക്കണമെന്നും ബഡ്ജറ്റ് വിഹിതം തുല്യമായി വിതരണം ചെയ്യണമെന്നുമുള്ള ആവശ്യം സർക്കാരിനു മുമ്പാകെയുണ്ടോ; ആയതിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ഉണ്ട്. ആയത് പരിശോധിച്ചു വരുന്നു.

**പൂതങ്കരയിൽ സാംസ്കാരിക സമുച്ചയം**

372(1119) <u>ശ്രീ. കെ. യു. ജനീഷ് കുമാർ</u>: താഴെക്കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോന്നി നിയോജകമണ്ഡലത്തിലെ ഏനാദിമംഗലം പഞ്ചായത്തിലെ പൂതങ്കരയിൽ സാംസ്കാരിക സമുച്ചയം ആരംഭിക്കുന്നതിന് സ്വീകരിച്ച നടപടി വിശദമാക്കാമോ?

പരിശോധിച്ചു വരുന്നു.

**മാവേലിക്കര മണ്ഡലത്തിലെ സാംസ്കാരിക പദ്ധതികൾ**

373(1120) <u>ശ്രീ. എം. എസ്. അരുൺ കുമാർ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിലെ നൂറനാട് ലെപ്രസി സാനിട്ടോറിയത്തോട് ചേർന്നുള്ള സ്ഥലത്ത് കൃഷ്ണപിള്ള സാംസ്കാരിക സമുച്ചയം ആരംഭിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

കിഫ്ബി ധനസഹായത്തോടെ, എല്ലാ ജില്ലകളിലും നവോത്ഥാന നായകരുടെ പേരിൽ സാംസ്കാരിക സമുച്ചയങ്ങൾ സ്ഥാപിക്കുന്ന പദ്ധതി പ്രകാരം, ആലപ്പുഴ ജില്ലയിൽ പി. കൃഷ്ണപിള്ളയുടെ നാമധേയത്തിലുള്ള സമുച്ചയ നിർമ്മാണത്തിന് ആലപ്പുഴ ജില്ലയിലെ മാവേലിക്കര താലൂക്കിൽ താമരക്കുളം വില്ലേജിൽ ബ്ലോക്ക്

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നമ്പർ 18, റീ-സർവ്വേ നമ്പർ. 30-ൽ നൂറനാട് ലെപ്രസി സാനിട്ടോറിയം പ്രവർത്തിച്ചിരുന്ന സ്ഥലത്തുനിന്നും 5 ഏക്കർ ഭൂമി ആരോഗ്യ വകുപ്പ് വിട്ടു നൽകിയിട്ടുണ്ട്. പ്രസ്തുത ഭൂമിയിൽ പദ്ധതി നടപ്പിലാക്കുന്നതിനുള്ള പ്രാഥമിക നടപടിയായി വിശദമായ പ്രോജക്ട് റിപ്പോർട്ട് (DPR) കിഫ്ബിയുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്.

(ബി) മാവേലിക്കര മണ്ഡലത്തിലെ തഴക്കരയിൽ നാട്ടരങ്ങ് പദ്ധതി നടപ്പിലാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

മാവേലിക്കര നിയോജക മണ്ഡലത്തിൽപ്പെട്ട തഴക്കര ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽവരുന്ന പമ്പ ഇറിഗേഷൻ പ്രോജക്ട് (പി.ഐ.പി.) വക റീസർവ്വേ നമ്പർ 556/14-ൽപ്പെട്ട 30 സെന്റ് സ്ഥലത്ത് നാട്ടരങ്ങ് പദ്ധതി നടപ്പിലാക്കണമെന്ന് ആവശ്യപ്പെട്ടിരുന്നുവെങ്കിലും ഈ സ്ഥലത്ത് നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിന് പി.ഐ.പി. എക്സിക്യൂട്ടീവ് എഞ്ചിനീയർ മുന്നോട്ടുവച്ച വ്യവസ്ഥകൾ സ്വീകാര്യമല്ലാത്തതിനാൽ പദ്ധതി നിർദ്ദിഷ്ട സ്ഥലത്ത് നടപ്പിലാക്കാനാവില്ല.

## അഴീക്കോട് മണ്ഡലത്തിലെ സാംസ്കാരിക പദ്ധതികൾ

374 (1121) ശ്രീ. കെ. വി. സുമേഷ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഴീക്കോട് മണ്ഡലത്തിൽ 2011 മുതൽ 2021 മാർച്ച് വരെ സാംസ്കാരിക വകുപ്പ് നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ നൽകാമോ?

കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ആരംഭിച്ച യുവകലാകാരന്മാർക്കുള്ള വജ്രജൂബിലി ഫെലോഷിപ്പ് പദ്ധതിയുടെ ഭാഗമായി അഴീക്കോട് മണ്ഡലത്തിൽ കണ്ണൂർ ബ്ലോക്കിൽ 4-ഉം കല്ല്യാശ്ശേരി ബ്ലോക്കിലുള്ള ഒരു ഗ്രാമപഞ്ചായത്തിലും കലാകാരന്മാരെ വിന്യസിക്കുകയും പ്രസ്തുത ബ്ലോക്കു പഞ്ചായത്തിനു കീഴിലുള്ള വിവിധ കേന്ദ്രങ്ങളിൽ വിവിധ കലാരൂപങ്ങളിൽ കലാപരിശീലനം നൽകുകയും ചെയ്യുന്നുണ്ട്. ഓരോ കലാകാരനും 10,000 രൂപ സാംസ്കാരിക വകുപ്പിൽനിന്നും 5,000 രൂപാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽനിന്നും ഉൾപ്പെടെ പ്രതിമാസം ആകെ 15,000 രൂപ ഫെലോഷിപ്പായി നൽകിവരുന്നുണ്ട്. അഴീക്കോട് മണ്ഡലത്തിൽ ചിറയ്ക്കലിൽ പ്രവർത്തിക്കുന്ന കേരള ഫോക് ലോർ അക്കാദമിയുടെ നേതൃത്വത്തിൽ അന്യംനിന്നു പോകുന്ന നാടൻ കലകൾ പുതുതലമുറയ്ക്ക് പകർന്നുകൊടുക്കുന്നതിനും നാടൻ കലകൾ പഠിക്കുന്ന കുട്ടികൾക്ക് സ്റ്റൈപ്പന്റ്, സ്കൂൾ ഫോക് ലോർ ക്ലബ്ബ്, കോളേജ് ഫോക് ലോർ ക്ലബ്ബ് ഇന്ത്യയ്ക്കകത്തുള്ള

നാല്പതിൽപരം വംശീയ കലകൾ അവതരിപ്പിക്കുന്ന ശില്പശാല തുടങ്ങിയ പരിപാടികൾ അവതരിപ്പിച്ചിട്ടുണ്ട്. കേരള ഫോക് ലോർ അക്കാദമി ആസ്ഥാനത്ത് പി. കെ. കാളൻ മെമ്മോറിയൽ ആർട്ട് ഗ്യാലറി 2011-12 സാമ്പത്തിക വർഷത്തിൽ നിർമ്മാണ പ്രവൃത്തി പൂർത്തീകരിച്ചു. ഫോക് ലോർ അക്കാദമി ഓഫീസ് പരിസരത്ത് ചെറുശ്ശേരി സ്മൃതി മണ്ഡപം 2012-13 സാമ്പത്തിക വർഷത്തിൽ പണികഴിപ്പിച്ചിട്ടുണ്ട്. 2015-16 സാമ്പത്തിക വർഷത്തിൽ കണ്ണൂർ ചിറയ്ക്കൽ അക്കാദമി മ്യൂസിയം നവീകരണ പദ്ധതി പൂർത്തീകരിച്ചു. ചലച്ചിത്ര അക്കാദമി ടൂറിംഗ് ടാക്കീസിന്റെ ഭാഗമായി അഴീക്കോട് മണ്ഡലത്തിൽ ഉൾപ്പെടുന്ന കണ്ണൂർ സെൻട്രൽ ജയിൽ, വനിതാ ജയിൽ എന്നിവിടങ്ങളിൽ വിവിധ ഘട്ടങ്ങളിൽ ചലച്ചിത്ര പ്രദർശനങ്ങൾ സംഘടിപ്പിച്ചിട്ടുണ്ട്. അതിനു പുറമേ അഴീക്കൽ ചാല് വൃദ്ധസദനം, ചിറയ്ക്കൽ ഗാന്ധിജി റൂറൽ ലൈബ്രറി, പാപ്പിനിശ്ശേരി, അഴീക്കോട്, നാറാണത്ത്, പുതിയതെരു, പനങ്കാവ്, കൃഷ്ണമേനോൻ വനിതാ കോളേജ് എന്നീ പ്രദേശങ്ങളിലും സിനിമാ പ്രദർശനങ്ങൾ സംഘടിപ്പിച്ചിട്ടുണ്ട്.

(ബി) പൂർത്തിയാകാത്ത ഏതെങ്കിലും പദ്ധതികളുണ്ടെങ്കിൽ വിശദാംശങ്ങൾ നൽകാമോ?

ബാധകമല്ല.

**സമ്പൂർണ്ണ വായന പ്രസ്ഥാനം**

375 (1122) ഡോ. കെ. ടി. ജലീൽ:
ശ്രീ. ടി. ഐ. മധുസൂദനൻ:
ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ:
ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്, സർവ്വവിജ്ഞാനകോശം ഇൻസ്റ്റിറ്റ്യൂട്ട് എന്നിവയുടെ പ്രവർത്തനം വിപുലീകരിക്കുന്നതിന് പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കാമോ?

സർവ്വകലാശാല വിദ്യാഭ്യാസത്തിന് ആവശ്യമായ പുസ്തകങ്ങൾ, നിഘണ്ടുകൾ, ശബ്ദാവലികൾ എന്നിവയാണ് നിലവിൽ കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിച്ച് വരുന്നത്. ഇത് വിപുലപ്പെടുത്തുന്നതോടൊപ്പം കേരളത്തിലെ പൊതുസമൂഹത്തിന്റെ വായന താൽപ്പര്യങ്ങളെ കൂടി പരിഗണിച്ചുകൊണ്ട് കൂടുതൽ മേഖലകളിലേക്ക് പുസ്തക പ്രസിദ്ധീകരണം വിപുലപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ട്. സമീപകാലത്തായി സ്ത്രീകൾക്ക് നേരെയുള്ള ആക്രമണങ്ങൾ വർദ്ധിച്ചുവരുന്ന

സാഹചര്യത്തിൽ ലിംഗ പദവിയെയും സ്ത്രീ സമത്വത്തെയും സംബന്ധിച്ച് നവോത്ഥാന കാലം മുതൽ നടന്നുവന്നിട്ടുള്ള സ്ത്രീ മുന്നേറ്റങ്ങളേയും സമരങ്ങളേയും സംബന്ധിച്ച പുസ്തകങ്ങളും പ്രസിദ്ധീകരിക്കുന്നതാണ്. സ്വാതന്ത്ര്യലബ്ധിയുടെ 75-ാം വാർഷിക ആഘോഷങ്ങളുടെ ഭാഗമായി 2022 ആഗസ്റ്റ് 15-ന് അവസാനിക്കുന്ന തരത്തിൽ ഹ്രസ്വകാല പദ്ധതിക്കും അടുത്ത അഞ്ച് വർഷത്തേക്കുള്ള ദീർഘകാല പദ്ധതിക്കും പരിപാടികൾ ആവിഷ്കരിച്ചിട്ടുണ്ട്. നാട്ടുവാഴികൾ, ആദിവാസികൾ, കർഷകർ, വിദ്യാർത്ഥികൾ, വനിതകൾ, രാഷ്ട്രീയ പാർട്ടികൾ, പത്രപ്രവർത്തകർ തുടങ്ങിയവർ നടത്തിയിട്ടുള്ള ഇന്ത്യൻ സ്വാതന്ത്ര്യ സമരപ്രസ്ഥാനവുമായി ബന്ധപ്പെട്ട സമരങ്ങളെ സംബന്ധിച്ച ഒരു കൈപുസ്തകവും ഓരോ മേഖലകളെയും സംബന്ധിച്ച ലഘു പുസ്തകങ്ങളും പ്രസിദ്ധീകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്. കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനം വിപുലീകരിക്കുന്നതിനായി വിദേശ മലയാളികളുടെ മക്കൾക്ക് ഓൺലൈൻ ക്വിസ് പ്രോഗ്രാം, സാഹിത്യമത്സരം, അന്ധരായ കുട്ടികൾക്കുവേണ്ടി ബ്രെയ്‌ലി ലിപിയിലുള്ള പുസ്തകങ്ങളുടെ പ്രസിദ്ധീകരണം, വീട്ടിലൊരു ലൈബ്രറി, ബാലപ്രതിഭാസംഗമം പരിശീലന പരിപാടി എന്നീ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. വൈജ്ഞാനിക രംഗത്തെ ചലനങ്ങളും പുരോഗതിയും ആധികാരികമായി മാതൃഭാഷയിൽ ലഭ്യമാക്കുന്ന ഒരു സ്ഥാപനമായി സംസ്ഥാന സർവ്വവിജ്ഞാന ഇൻസ്റ്റിറ്റ്യൂട്ടിനെ മാറ്റുന്നതിനും ക്രമേണ ഇൻസ്റ്റിറ്റ്യൂട്ടിനെ ഒരു ഔദ്യോഗിക ഡിജിറ്റൽ വിജ്ഞാന കേന്ദ്രമായി വികസിപ്പിച്ച് കേരളത്തിനായുള്ള ഒരു സമഗ്ര ജനകീയ വിജ്ഞാന കേന്ദ്രമായി രൂപപ്പെടുത്തുന്നതിനും തീരുമാനിച്ചിട്ടുണ്ട്. രണ്ടു വർഷത്തിനുള്ളിൽ സർവ്വവിജ്ഞാനകോശം 19, 20 വാല്യങ്ങൾ പ്രസിദ്ധീകരിക്കുകയെന്നതാണ് ലക്ഷ്യം. 19, 20 വാല്യങ്ങൾക്കൊപ്പംതന്നെ നിർദ്ദിഷ്ട ഏകവാല്യ വിജ്ഞാന കോശങ്ങളായ നാടൻകലാ വിജ്ഞാനകോശം, മൂലകവിജ്ഞാനകോശം, ലോക രാഷ്ട്രവിജ്ഞാനകോശം, കേരള വിജ്ഞാനകോശം, നവസാങ്കേതികവിദ്യ വിജ്ഞാനകോശം, മനഃശാസ്ത്ര വിജ്ഞാനകോശം എന്നിവ പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടിയും തുടങ്ങി കഴിഞ്ഞിട്ടുണ്ട്. സർവ്വവിജ്ഞാനകോശം 11 മുതൽ 17 വരെ വാല്യങ്ങൾ പരിഷ്കരിക്കാനും ഇതിനു പുറമെ മറ്റ് ഏകവാല്യ വിജ്ഞാനകോശം ഓരോ മാസവും ഓരോ ഓൺലൈൻ വിജ്ഞാനകോശം, വാർഷിക വിജ്ഞാനകോശം, വിജ്ഞാനകോശങ്ങളുടെ വിഷയാടിസ്ഥാനത്തിലുള്ള ലഘു പുസ്തകങ്ങൾ എന്നിവ പ്രസിദ്ധീകരിക്കാനും ആലോചിക്കുന്നു. സർവ്വവിജ്ഞാനകോശം ഇൻസ്റ്റിറ്റ്യൂട്ടിന്റെ 60-ാം വാർഷികം 2021 നവംബർ മുതൽ ഒരു വർഷക്കാലം ആഘോഷിക്കുവാൻ പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. 2021 നവംബർ 1-ന് തിരുവനന്തപുരത്തുവച്ച് ഉദ്ഘാടനം നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്. 2021 നവംബർ 1 മുതൽ 2022 നവംബർ 1 വരെ വൈജ്ഞാനികം എന്ന പേരിൽ എല്ലാ ജില്ലകളിലും

വിജ്ഞാനോത്സവം പരിപാടി സംഘടിപ്പിക്കും. വിരൽത്തുമ്പിൽ വിജ്ഞാനം എത്തിക്കുകയെന്ന ജനകീയ ദൗത്യത്തിനുവേണ്ടി സർവ്വവിജ്ഞാനകോശം ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഓൺലൈൻ സംവിധാനം ഘട്ടം ഘട്ടമായി വിപുലീകരിക്കുന്നതിന്റെ ഭാഗമായി വിജ്ഞാനകോശങ്ങളുടെ ഡിജിറ്റലീകരണം പൂർത്തിയാക്കുക, വെബ്സൈറ്റ് സമകാലികമാക്കുക, ഇൻസ്റ്റിറ്റ്യൂട്ട് പുതുതായി ആരംഭിച്ച എസ്.ഐ.ഇ.പി. ലൈവ് എന്ന വെബ്സൈറ്റിനെ വിദ്യാർഥി ലോകത്തിന്റെ സംവാദക്കളരിയായി മാറ്റുവാൻ നവമാധ്യമങ്ങളുമായി ബന്ധിപ്പിക്കുക തുടങ്ങിയ പദ്ധതികൾ ആരംഭിക്കും. ഇൻസ്റ്റിറ്റ്യൂട്ടും ഓൺലൈൻ പേമെന്റ് സിസ്റ്റം നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ട്. വാല്യങ്ങളുടെ വില്പന ത്വരിതപ്പെടുത്തുന്നതിനായി വിജ്ഞാനകോശം വാല്യങ്ങളുടെ ശീർഷകങ്ങൾ അടങ്ങിയ ഇൻഡക്സ് വച്ച് ഒരു ബുക്ക്ലെറ്റും ബ്രോഷറും തയ്യാറാക്കി എക്സിബിഷനുകൾ സംഘടിപ്പിക്കുന്നതാണ്. വൈജ്ഞാനിക ശേഖരത്തെ അവലംബിച്ചുകൊണ്ട് അധ്യാപകർക്കും വിദ്യാർഥികൾക്കുമെന്നപോലെ സാധാരണക്കാർക്കും സവിശേഷമായ ഒരു വായനാശീലമുണ്ടാക്കിയെടുക്കാനുള്ള പദ്ധതി പ്രവർത്തനങ്ങൾ ആവിഷ്കരിച്ചിട്ടുണ്ട്.

(ബി) സമൂഹത്തിൽ വായന പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി സ്കൂൾ തലത്തിൽ പ്രത്യേക പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ടോ; വിശദമാക്കാമോ?

ആസൂത്രണം ചെയ്തുവരുന്നുണ്ട്. സ്കൂളുകൾ, കോളേജുകൾ മറ്റു യുവജന വിഭാഗങ്ങൾ എന്നിവയെ കേന്ദ്രീകരിച്ച് അതതുതലങ്ങളിൽ പ്രവർത്തിക്കുന്ന സംഘടനകളുമായി സഹകരിച്ചുകൊണ്ടുള്ള പ്രവർത്തനപദ്ധതികൾ കേരള സാഹിത്യ അക്കാദമി ആസൂത്രണം ചെയ്തിട്ടുണ്ട്. കേരള സ്റ്റേറ്റ് ബുക്ക് മാർക്ക് വായനയെ പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി ആസ്വാദനക്കുറിപ്പ് മത്സരം സംഘടിപ്പിക്കുന്നു. സമൂഹത്തിൽ വായന പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി സംസ്ഥാന ബാല സാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് സ്കൂൾതലത്തിൽ കുട്ടികൾക്ക് തളിര് സ്കോളർഷിപ്പ് പരീക്ഷ നടപ്പിലാക്കിവരുന്നു. സ്കോളർഷിപ്പ് പരീക്ഷ എഴുതുന്ന കുട്ടികൾക്ക് ഒരു വർഷത്തേക്ക് വായന പ്രോത്സാഹിപ്പിക്കുന്നതിന് തളിര് ബാലമാസിക സൗജന്യമായി നൽകുന്നു. കൂടാതെ അക്ഷരയാത്ര എന്ന പരിപാടിയിലൂടെ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിച്ച പുസ്തകങ്ങൾ കുട്ടികളിൽ എത്തിക്കുന്നതിനും കുട്ടികളിൽ വായനാമത്സരവും കവിതാലാപനമത്സരവും സംഘടിപ്പിക്കുകയും ചെയ്യുന്നു. സർവ്വവിജ്ഞാനകോശം ഇൻസ്റ്റിറ്റ്യൂട്ടിന്റെ 60-ാം വാർഷികം പ്രമാണിച്ച് 2021 നവംബർ 1 മുതൽ 2022 നവംബർ 1 വരെ വൈജ്ഞാനികം എന്ന പേരിൽ എല്ലാ ജില്ലകളിലും വിജ്ഞാനോത്സവം പരിപാടി സംഘടിപ്പിക്കും. വൈജ്ഞാനികത്തിന്റെ ഭാഗമായി ജില്ലയിലെ സ്കൂളുകളെ പങ്കെടുപ്പിച്ച് ഇൻസ്റ്റിറ്റ്യൂട്ട് നടത്തുന്ന ഉപന്യാസമത്സരത്തിൽ

പുരസ്കാരങ്ങളും സമ്മാനിക്കും. ഓരോ സ്കൂൾ ലൈബ്രറിയിലുമുള്ള സർവ്വവിജ്ഞാനകോശം പതിപ്പുകളെ ആധാരമാക്കുന്നതും പ്രസ്തുത വിഷയത്തിന്മേലുള്ള നൂതനപ്രവണതകൾ തേടുന്നതുമായ വിഷയങ്ങളിലായിരിക്കും മത്സരം നടത്തുക. ഇതിലൂടെ മികച്ച പ്രതിഭാശാലികളെ കണ്ടെത്തും. ജില്ലകളിൽ വച്ച് നടത്തുന്ന വൈജ്ഞാനികത്തിൽ സമകാലീന വൈജ്ഞാനിക വിഷയത്തിൽ ദേശീയപ്രാധാന്യമുള്ള പ്രഭാഷകരെ വച്ച് പ്രഭാഷണങ്ങൾ ഉണ്ടായിരിക്കും. സ്കൂളുകൾ കേന്ദ്രീകരിച്ച് നിർദിഷ്ട വാല്യങ്ങളുടെ റിവ്യു സംഘടിപ്പിക്കുക., ഓരോ വാല്യങ്ങളെയും അടിസ്ഥാനമാക്കി വിദ്യാർത്ഥികൾക്കും അധ്യാപകർക്കുമായി പ്രത്യേകം മത്സരം സംഘടിപ്പിക്കുക.. വിജയികൾക്ക് പ്രോത്സാഹന സമ്മാനമോ, അവാർഡോ ഏർപ്പെടുത്തുക. ഇത്തരത്തിലുള്ള പ്രവർത്തനം കാഴ്ചവയ്ക്കുന്ന സ്കൂളുകളിൽ ഒരു വൈജ്ഞാനികകേന്ദ്രംതന്നെ ഉണ്ടാക്കിയെടുക്കുക തുടങ്ങി നിരവധി പദ്ധതികൾ ഇൻസ്റ്റിറ്റ്യൂട്ട് വിഭാവനം ചെയ്യുന്നു.

(സി) ആധുനിക സാങ്കേതികവിദ്യ ഉപയോഗപ്പെടുത്തി ഗ്രന്ഥശാലകൾ നവീകരിക്കുന്നതിനും സമ്പൂർണ്ണ വായന പ്രസ്ഥാനം ആരംഭിക്കുന്നതിനും നടപടികൾ സ്വീകരിക്കാമോ; വിശദാംശങ്ങൾ വ്യക്തമാക്കാമോ?

ആധുനിക സാങ്കേതികവിദ്യ ഉപയോഗിച്ച് ലൈബ്രറികൾ നവീകരിക്കുന്നതിന് വിവിധ സ്കീമുകളിൽ ഉൾപ്പെടുത്തി ഉന്നത വിദ്യാഭ്യാസ വകുപ്പ് നടപടി സ്വീകരിക്കുകയും ഇതിനായി ലൈബ്രറി സോഫ്റ്റ്‌വെയർ, ഡിജിറ്റൽ ലൈബ്രറികളും ആവിഷ്കരിച്ച് നടപ്പിലാക്കിവരികയും ചെയ്യുന്നു. ആധുനിക വിവര സാങ്കേതികവിദ്യ ഗ്രാമീണ ഗ്രന്ഥശാലകളിൽ എത്തിക്കുന്നതിന്റെ ഭാഗമായി തെരഞ്ഞെടുത്ത ഗ്രന്ഥശാലകൾക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും നൽകിവരുന്നു. ഗ്രന്ഥശാലകളെ ഒരു കുടക്കീഴിൽ കൊണ്ടുവരുന്നതിന്റെ ഭാഗമായി കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ ഓൺലൈൻ ഇന്റഗ്രേറ്റഡ് ലൈബ്രറി മാനേജ്മെന്റ് സോഫ്റ്റ്‌വെയർ (COHA) മലയാളത്തിൽ കസ്റ്റമൈസ് ചെയ്ത് ഗ്രന്ഥശാലകൾക്ക് ലഭ്യമാക്കിയിട്ടുണ്ട്. നിലവിൽ 2390 അംഗ ലൈബ്രറികളിൽ കമ്പ്യൂട്ടറുണ്ട്. കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിലിന്റെ വാർഷിക പദ്ധതി, ജില്ലാ വികസന പദ്ധതി എന്നിവയിൽ ഉൾപ്പെടുത്തിയും കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും നൽകിവരുന്നുണ്ട്. മാനാഞ്ചിറ സ്റ്റേറ്റ് പബ്ലിക് ലൈബ്രറി ആൻഡ് റിസർച്ച് സെന്ററിൽ ഡിജിറ്റൽ ലൈബ്രറി ആരംഭിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ഗോത്രായനം പദ്ധതിയിൽ ഉൾപ്പെടുത്തി ട്രൈബൽ മേഖലയിലെ കുട്ടികൾക്ക് പഠന നിലവാരം ഉയർത്തുന്നതിന് ലക്ഷ്യമിട്ട് ട്രൈബൽ ലൈബ്രറികളിൽ കമ്പ്യൂട്ടർ (ലാപ് ടോപ്പ്), പ്രൊജക്ടർ, എൽ.ഇ.ഡി. ടെലിവിഷൻ എന്നിവ നൽകുന്നതിനുള്ള പദ്ധതിയും കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ ഈ വർഷം ആവിഷ്കരിച്ചിട്ടുണ്ട്. ബ്രയിലി ശ്രവ്യ ഗ്രന്ഥശാല പദ്ധതിയിൽ ഉൾപ്പെടുത്തി കാഴ്ച പരിമിതർക്കായും

ഓഡിയോ ബുക്സ് നിർമ്മിച്ച് നൽകുന്നതിനുള്ള പദ്ധതി കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ നടപ്പിലാക്കി വരുന്നുണ്ട്. സമ്പൂർണ്ണ വായന പ്രസ്ഥാനം ആരംഭിക്കുന്നതിനുള്ള നടപടികൾ കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിലിൽ സ്വീകരിച്ചിട്ടില്ല.. കേരള സാഹിത്യ അക്കാദമി സ്റ്റേറ്റ് ലൈബ്രറി കൗൺസിലുമായി സഹകരിച്ച് വായനശാലകൾ കേന്ദ്രീകരിച്ച് അടിസ്ഥാന തലങ്ങളിൽ വായന പ്രോത്സാഹിപ്പിക്കാനുള്ള പരിപാടികൾക്ക് രൂപം നൽകിയിട്ടുണ്ട്. കേരള സാഹിത്യ അക്കാദമി ലൈബ്രറി ' കോഹ' സോഫ്റ്റ് വെയർ ഉപയോഗിച്ച് ലൈബ്രറി പ്രവർത്തനങ്ങൾ നവീകരിക്കുന്നതിനും ഗ്രന്ഥസൂചി പ്രൊജക്ട് വഴി മലയാള പ്രസിദ്ധീകരണങ്ങളുടെ ഗ്രന്ഥസൂചി തയ്യാറാക്കുന്നതിനും നടപടികൾ കൈക്കൊണ്ടുവരുന്നുണ്ട്. ഇത് ഷെയറിംഗ് അടിസ്ഥാനത്തിൽ മറ്റ് ലൈബ്രറികൾക്കും പ്രയോജനപ്രദമാക്കിത്തീർക്കാവുന്നതാണ്. വായനയെ പ്രോത്സാഹിപ്പിക്കുന്നതിനായി മലയാളം മിഷൻ റേഡിയോ മലയാളത്തിലൂടെ ഓഡിയോ ബുക്ക്സ് പ്രക്ഷേപണം ചെയ്തുവരുന്നു. ആധുനിക സാങ്കേതികവിദ്യയായ റേഡിയോ മലയാളം ആപ്പിലൂടെയും യൂട്യൂബിലൂടെയും ഓഡിയോ ബുക്ക്സ് ശ്രവിക്കാം. കഥകൾ, കവിയരങ്ങ്, പയമേ പണലി തുടങ്ങി സാഹിത്യവുമായി ബന്ധപ്പെട്ട് മറ്റ് സർഗ്ഗരചനകളും പ്രക്ഷേപണം ചെയ്തുവരുന്നു. വിരൽത്തുമ്പിൽ വിജ്ഞാനം എത്തിക്കുക എന്ന ജനകീയ ദൗത്യത്തിനുവേണ്ടി സർവ്വവിജ്ഞാനകോശം ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഓൺലൈൻ സംവിധാനം ഘട്ടം ഘട്ടമായി വിപുലീകരിക്കുന്നതിന്റെ ഭാഗമായി വിജ്ഞാനകോശങ്ങളുടെ ഡിജിറ്റലീകരണം പൂർത്തിയാക്കുക, വെബ്സൈറ്റ് സമകാലികമാക്കുക, ഇൻസ്റ്റിറ്റ്യൂട്ട് പുതുതായി ആരംഭിച്ച എസ്.ഐ.ഇ.പി. ലൈവ് എന്ന വെബ്സൈറ്റിനെ വിദ്യാർത്ഥി ലോകത്തിന്റെ സംവാദക്കളരിയായി മാറ്റുവാൻ നവമാധ്യമങ്ങളുമായി ബന്ധിപ്പിക്കുക തുടങ്ങിയ പദ്ധതികൾ ആരംഭിക്കും. വൈജ്ഞാനിക ശേഖരത്തെ അവലംബിച്ചുകൊണ്ട് അധ്യാപകർക്കും വിദ്യാർത്ഥികൾക്കുമെന്നപോലെ സാധാരണക്കാർക്കും സവിശേഷമായ ഒരു വായനാശീലമുണ്ടാക്കിയെടുക്കാനുള്ള പ്രവർത്തനങ്ങൾക്കും പദ്ധതിയുണ്ട്.

**മതസൗഹാർദ്ദത്തിനായി ബോധവൽക്കരണ പരിപാടികൾ**

376(1123) <u>ശ്രീ. കെ. എം. സച്ചിൻദേവ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മതസൗഹാർദ്ദം തകർക്കുന്ന രീതിയിൽ ചില മത സംഘടനകൾ പ്രസ്താവന നടത്തുന്നതും പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരം പ്രവർത്തനങ്ങൾക്കെതിരെ കേരളീയ സമൂഹത്തെ ബോധവൽക്കരിക്കുന്നതിനായി സാംസ്കാരിക വകുപ്പിന്റെ നേതൃത്വത്തിൽ വിപുലമായ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കാൻ തയ്യാറാകുമോയെന്ന് വ്യക്തമാക്കുമോ?

(എ&ബി) സംസ്ഥാനത്ത് നിലവിലുള്ള മതസൗഹാർദ്ദത്തിന് കോട്ടം വരുത്തുന്ന തരത്തിലുള്ള പ്രസ്താവനകളും പ്രവർത്തനങ്ങളും വിവിധ തലങ്ങളിൽ നിന്നും സാമൂഹ്യ മാധ്യമങ്ങൾ വഴിയും ഇടയ്ക്കിടെ ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സാംസ്കാരിക വകുപ്പിന് കീഴിലുള്ള വിവിധ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ സംഘടിപ്പിച്ചുവരുന്ന വിവിധ പരിപാടികളുടെ ആത്യന്തിക ലക്ഷ്യം സാമൂഹിക ഐക്യവും മതസൗഹാർദ്ദവും അഖണ്ഡതയും സംരക്ഷിക്കുകയെന്നതാണ്. ഇത്തരം പ്രവർത്തനങ്ങൾ കൂടുതൽ ശക്തിപ്പെടുത്തുന്നതിനും വിപുലമാക്കുന്നതിനുമുള്ള വിവിധ പദ്ധതികൾ സാംസ്കാരിക വകുപ്പ് ആവിഷ്കരിച്ചുവരുന്നു.

**സ്റ്റേജ് കലാകാരന്മാർ അനുഭവിക്കുന്ന പ്രയാസങ്ങൾ**

377(1124) ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് പശ്ചാത്തലത്തിൽ കേരളത്തിലെ സ്റ്റേജ് കലാകാരന്മാർ അനുഭവിക്കുന്ന പ്രയാസങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സ്റ്റേജ് കലാകാരന്മാരുടെ ക്ഷേമത്തിനും ഉന്നമനത്തിനും സർക്കാർ പ്രത്യേക പദ്ധതി തയ്യാറാക്കുമോ; എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

(എ&ബി) കോവിഡ് മഹാമാരിമൂലം ഉപജീവനമാർഗ്ഗം നഷ്ടപ്പെട്ട് ജീവിതം വഴിമുട്ടിയവരും കുറഞ്ഞത് 10 വർഷക്കാലം തുടർച്ചയായി കലാരംഗത്ത് പ്രവർത്തിക്കുന്നവരും കേരളത്തിൽ സ്ഥിരതാമസം ആക്കിയിട്ടുള്ളവരുമായ 32,000 കലാകാരന്മാർക്കും അനുബന്ധ പ്രവർത്തകർക്കും ആകെ 640 ലക്ഷം രൂപ ചെലവഴിച്ച് പ്രതിമാസം 1,000 രൂപ വീതം 2 മാസത്തേക്ക് അടിയന്തര ധനസഹായം അനുവദിച്ചിട്ടുണ്ട്. ഇതിനുപുറമേ സാംസ്കാരിക വകുപ്പും അക്കാദമികളും മുഖേനയുള്ള സമാശ്വാസ ധനസഹായത്തിന് യഥാസമയം അപേക്ഷിക്കാൻ കഴിയാതെ പോയവരും അതുവരെ മറ്റ് യാതൊരുവിധ ധനസഹായങ്ങൾ ലഭിച്ചിട്ടില്ലാത്തവരുമായ 29,050 കലാകാരന്മാർക്കും അനുബന്ധ പ്രവർത്തകർക്കും കൂടി സമാശ്വാസ ധനസഹായമായി 1,000 രൂപ വീതം ആകെ 290.5 ലക്ഷം രൂപ ബഹു. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നും വിതരണം ചെയ്തിട്ടുണ്ട്. സാംസ്കാരിക ക്ഷേമനിധി ബോർഡിൽ അംഗങ്ങളായവർക്ക് കഴിഞ്ഞ വർഷം 2,000 രൂപ വീതം നൽകി. ഈ വർഷം 1,000 രൂപ വീതം ധനസഹായം നൽകിവരുന്നു. കൂടാതെ ക്ഷേമനിധിയിൽ അംഗങ്ങളായവർക്ക് പെൻഷൻ, ചികിത്സാ ധനസഹായം, അംഗങ്ങളുടെ അവകാശികൾക്ക് മരണാനന്തര ധനസഹായം, കുടുംബപെൻഷൻ എന്നിവ നൽകിവരുന്നു. കോവിഡ് കാലത്ത് കലാ സാംസ്കാരിക രംഗത്തെ തൊഴിൽ നഷ്ടം കണക്കിലെടുത്ത് കലാകാരന്മാരുടെ

കുടുംബാംഗങ്ങളെ സാമ്പത്തികമായി സഹായിക്കുകായെന്നതുകൂടി പരിഗണിച്ച് മലയാളം മിഷന്റെ റേഡിയോ മലയാളം വഴി നവോത്ഥാന നാടക പരമ്പര ആരംഭിച്ചു. ആദ്യ നാടകം 6 എപ്പിസോഡുകളിലായി റേഡിയോ, യൂട്യൂബ് എന്നിവ വഴി പ്രക്ഷേപണം ചെയ്തു. കോവിഡ് മഹാമാരിമൂലം തൊഴിൽ നഷ്ടമായ കലാകാരന്മാരെ സഹായിക്കുന്നതിനായി കേരള സംഗീത നാടക അക്കാദമി 'സർഗ്ഗ ഭൂമിക' എന്ന ഓൺലൈൻ പ്ലാറ്റ്ഫോം വഴി കലാകാരന്മാർക്ക് പ്രതിഫലത്തോടെ പരിപാടികൾ അവതരിപ്പിക്കാൻ അവസരം നൽകി. ഈ സർക്കാരിന്റെ കാലത്ത് നൂറു കേരള ഗാനങ്ങൾ രചിച്ച് സംഗീതം നൽകി പാടുന്ന കലാകാരന്മാർക്ക് ഓരോരുത്തർക്കും 5,000 രൂപ വീതം നൽകുന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. 25 അമച്വർ കലാസമിതികൾക്ക് 2 ലക്ഷം രൂപ വീതം ധനസഹായം നൽകുന്ന പദ്ധതിയുടെ ആദ്യഘട്ട പ്രവർത്തനങ്ങൾ കേരള സംഗീത നാടക അക്കാദമിയുടെ നേതൃത്വത്തിൽ നടന്നുവരുന്നു. കോവിഡ് ലോക്ഡൗൺമൂലം പ്രതിസന്ധി നേരിടുന്ന കലാസമൂഹത്തിന് സാമ്പത്തികമായും മാനസികമായും കൈത്താങ്ങാവുന്ന തരത്തിൽ 65 ദിവസം ദൈർഘ്യമുള്ള ഒരു നവമാധ്യമ കലാസംഗമം സാംസ്കാരികകാര്യ വകുപ്പിനുവേണ്ടി 'മഴമിഴി' എന്ന പേരിൽ ആകെ 99,75,000 രൂപ എസ്റ്റിമേറ്റിൽ സംഘടിപ്പിക്കുന്നതിന് ഭരണാനുമതി നൽകുകയും അതുപ്രകാരം പദ്ധതി നടപ്പിലാക്കി വരികയും ചെയ്യുന്നു.

**നാട്ടരങ്ങ് പദ്ധതി**

378 (1125) <u>ശ്രീ. ഡി. കെ. മുരളി</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാംസ്കാരിക വകുപ്പ് മുഖാന്തരം നടപ്പിലാക്കുന്ന നാട്ടരങ്ങ് പദ്ധതി കഴിഞ്ഞ സർക്കാരിന്റെ കാലത്ത് എവിടെയൊക്കെ നടപ്പിലാക്കിയെന്നും ഓരോന്നിന്റെയും പ്രവർത്തന പുരോഗതിയും അറിയിക്കാമോ?

കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നാട്ടരങ്ങ് പദ്ധതി പാലക്കാട് ജില്ലയിലെ വടക്കഞ്ചേരിയിൽ പൂർത്തീകരിച്ചിരുന്നു. ആലപ്പുഴ ജില്ലയിലെ ചെങ്ങന്നൂരിൽ നാട്ടരങ്ങ് സ്ഥാപിക്കുന്നതിനുള്ള നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.

(ബി) പ്രസ്തുത പദ്ധതി ഈ സർക്കാരിന്റെ കാലത്ത് എവിടെയെങ്കിലും അനുവദിച്ചോയെന്നും അനുവദിച്ചിട്ടുണ്ടെങ്കിൽ എവിടെയൊക്കെയാണെന്നും അറിയിക്കാമോ?

ഈ സർക്കാരിന്റെ കാലത്ത് നടപ്പ് സാമ്പത്തിക വർഷം നാട്ടരങ്ങ് സ്ഥാപിക്കുന്നതിന് 40 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ആയത് പ്രകാരം ലഭ്യമായ പ്രൊപ്പോസലുകൾ പരിശോധിച്ചു വരുന്നു.

## വാഗ്ഭടാനന്ദ സാംസ്കാരിക കേന്ദ്രം

379(1126) ശ്രീ. കെ. പി. മോഹനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നവോത്ഥാന നായകനായ വാഗ്ഭടാനന്ദ ഗുരുദേവന്റെ ജന്മദേശത്ത് സാംസ്കാരിക കേന്ദ്രം സ്ഥാപിക്കുന്നതിന്റെ പുരോഗതി വിശദീകരിക്കാമോ;

(ബി) പ്രസ്തുത സാംസ്കാരിക സ്ഥാപനത്തിന് ആവശ്യമായ ഭൂമി ഏറ്റെടുക്കൽ നടപടികളുടെ പുരോഗതി വിശദീകരിക്കാമോ?

(എ & ബി) നവോത്ഥാന സാംസ്കാരിക നായകരുടെ നാമധേയത്തിൽ സംസ്ഥാനത്തെ എല്ലാ ജില്ലകളിലും സാംസ്കാരിക സമുച്ചയങ്ങൾ നിർമ്മിക്കുന്നതിനുള്ള കിഫ്ബി പദ്ധതി പ്രകാരം കണ്ണൂർ ജില്ലയിൽ വാഗ്ഭടാനന്ദ ഗുരുദേവന്റെ നാമധേയത്തിൽ സാംസ്കാരിക സമുച്ചയം നിർമ്മിക്കുന്നതിനായി തലശ്ശേരി താലൂക്കിലെ പാട്യം ഗ്രാമപഞ്ചായത്തിലെ കൊട്ടയോടിയിലെ (പാട്യം അംശം ദേശം) സർവ്വേ നമ്പർ 24/3, 25/3-ൽ ഉൾപ്പെട്ട 87.0074 ആർ സ്വകാര്യ ഭൂമി (2.15 ഏക്കർ ഭൂമി) 2013-ലെ LARR Act പ്രകാരം സാംസ്കാരിക വകുപ്പ് ഏറ്റെടുത്തിട്ടുണ്ട്. കൂടാതെ പ്രസ്തുത ഭൂമിയോട് ചേർന്ന് കിടക്കുന്ന ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള 89.06 സെന്റ് ഭൂമി ലഭ്യമാക്കാൻ നടപടി സ്വീകരിച്ചു വരുന്നു.

(സി) പ്രസ്തുത സാംസ്കാരിക സ്ഥാപനത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ എപ്പോൾ ആരംഭിക്കുമെന്ന് വെളിപ്പെടുത്താമോ?

പ്രസ്തുത സാംസ്കാരിക സമുച്ചയ നിർമ്മാണത്തിനായുള്ള വിശദമായ പ്രോജക്ട് റിപ്പോർട്ട് (ഡി.പി.ആർ.) കിഫ്ബിയുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. പദ്ധതിക്ക് കിഫ്ബിയുടെ അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് ടെണ്ടർ നടപടികൾ സ്വീകരിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്.

## സാമൂഹിക ഐക്യം പരിപോഷിപ്പിക്കുന്നതിന് കലാ സാംസ്കാരിക ഇടപെടൽ

380 (1127) ശ്രീ. ടി. പി. രാമകൃഷ്ണൻ:
ശ്രീ. വി. ജോയി:
ശ്രീ. കെ. വി. സുമേഷ്:
ശ്രീമതി ദെലീമ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വാതന്ത്ര്യ സമരത്തിന്റെ ഭാഗമായ മലബാർ കലാപത്തെ വക്രീകരിച്ച് സംസ്ഥാനത്തെ മതനിരപേക്ഷ സമൂഹത്തിൽ സാമുദായിക പ്രശ്നങ്ങൾ സൃഷ്ടിക്കാൻ നടത്തുന്നതായി പറയപ്പെടുന്ന തെറ്റായ നീക്കങ്ങൾക്കെതിരെ കലാ-സാംസ്കാരിക ഇടപെടൽ സംഘടിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ;

(ബി) സാമൂഹിക ഐക്യവും മതനിരപേക്ഷതയും പുരോഗമന ആശയങ്ങളും പരിപോഷിപ്പിക്കുന്നതിന് സാംസ്കാരിക വിദ്യാഭ്യാസ പരിപാടി ഉദ്ദേശിക്കുന്നുണ്ടോ യെന്ന് വ്യക്തമാക്കുമോ?

(എ&ബി) സാമൂഹിക ഐക്യവും മതനിരപേക്ഷതയും പുരോഗമന ആശയങ്ങളും പരിപോഷിപ്പിക്കുന്നതിനായി സാംസ്കാരിക വകുപ്പ് വിവിധ സാംസ്കാരിക വിദ്യാഭ്യാസ പരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

(സി) സാംസ്കാരിക രംഗത്തെ ഉണർവ് ലക്ഷ്യമാക്കി നവോത്ഥാന നായകരുടെ നാമധേയത്തിൽ നിർമ്മിക്കുന്ന സാംസ്കാരിക സമുച്ചയങ്ങളുടെ നിലവിലെ നിർമ്മാണ പുരോഗതി അറിയിക്കാമോ?

ശ്രീനാരായണ ഗുരുവിന്റെ നാമധേയത്തിൽ കൊല്ലം കോർപ്പറേഷൻ പരിധിയിൽ ആശ്രമം മൈതാനത്തിന് സമീപത്തായി 3.5 ഏക്കർ ഭൂമിയിൽ നിർമ്മാണം നടന്നുവരുന്ന സമുച്ചയത്തിന്റെ ഒന്നാം ഘട്ട ഉദ്ഘാടനം 25-2-2021-ന് നിർവ്വഹിച്ചു. പ്രസ്തുത സമുച്ചയത്തിൽ എക്സിബിഷൻ ബ്ലോക്കിന്റെ ഫസ്റ്റ് ഫ്ലോറിൽ ബ്ലോക്ക് വർക്കും പ്ലാസ്റ്ററിംഗ് വർക്കും 90 ശതമാനം പൂർത്തീകരിച്ചു. ബാക്കിയുള്ള നിർമ്മാണ പ്രവൃത്തികൾ നടന്നുവരുന്നു. പാലക്കാട് ജില്ലയിൽ പാലക്കാട് മെഡിക്കൽ കോളേജിനു സമീപം യാക്കര വില്ലേജിൽ 5 ഏക്കർ ഭൂമിയിലാണ് വി. ടി. ഭട്ടതിരിപ്പാടിന്റെ നാമധേയത്തിലുള്ള സാംസ്കാരിക സമുച്ചയത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നത്. പെർഫോർമൻസ് ബ്ലോക്കിൽ ഗ്രൗണ്ട് ഫ്ലോറിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നു. കാസർഗോഡ് ജില്ലയിൽ ഹോസ്ദുർഗ് താലൂക്കിൽ മടിക്കൈ പഞ്ചായത്തിൽ 4 ഏക്കർ ഭൂമിയിലാണ് സുബ്രഹ്മണ്യൻ തിരുമുമ്പിന്റെ പേരിലുള്ള സാംസ്കാരിക സമുച്ചയത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നത്. പദ്ധതിയുടെ ഒന്നാംഘട്ട ഉദ്ഘാടനം 19-2-2021-ന് നിർവ്വഹിച്ചു. മലപ്പുറം ജില്ലയിൽ അബ്ദു റഹ്മാൻ സാഹിബ്ബിന്റെ നാമധേയത്തിലുള്ള സാംസ്കാരിക സമുച്ചയം പദ്ധതിയുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് കിഫ്ബി അംഗീകരിച്ചിട്ടുണ്ട്. സമുച്ചയ നിർമ്മാണത്തിനായുള്ള ടെണ്ടർ നടപടികളുടെ ഭാഗമായി ടെക്നിക്കൽ സാംങ്ഷൻ നൽകുന്ന നടപടി പുരോഗമിക്കുന്നു. തൃശ്ശൂർ, കണ്ണൂർ, ആലപ്പുഴ, കോട്ടയം സാംസ്കാരിക സമുച്ചയങ്ങളുടെ വിശദമായ പ്രോജക്ട് റിപ്പോർട്ടുകൾ (ഡി.പി.ആർ.) അംഗീകാരത്തിനായി കിഫ്ബിയ്ക്ക് സമർപ്പിച്ചിട്ടുണ്ട്. കോഴിക്കോട് ജില്ലയിൽ വൈക്കം മുഹമ്മദ് ബഷീറിന്റെ നാമധേയത്തിലുള്ള സാംസ്കാരിക സമുച്ചയത്തിന് ഭൂമി ഏറ്റെടുക്കുന്ന നടപടികൾ പുരോഗമിച്ചുവരുന്നു. എറണാകുളം, ഇടുക്കി, വയനാട്, തിരുവനന്തപുരം, പത്തനംതിട്ട എന്നീ ജില്ലകളിൽ സ്ഥാപിക്കുന്ന സാംസ്കാരിക സമുച്ചയങ്ങൾക്കായി ഭൂമി കണ്ടെത്തുവാൻ ജില്ലാ ഭരണകൂടങ്ങളോട് ആവശ്യപ്പെട്ടിട്ടുണ്ട്.

## നാടൻ കലാകാരന്മാർക്ക് ധനസഹായം

381(1128) ശ്രീ. ഷാഫി പറമ്പിൽ:
ശ്രീ. സണ്ണി ജോസഫ്:
ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):
ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കോവിഡും ലോക്ക്ഡൗണും കാരണം ജീവനോപാധി നഷ്ടപ്പെട്ട നാടൻ കലാകാരന്മാർ കടുത്ത പ്രതിസന്ധിയിലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ സാഹചര്യം പരിഗണിച്ച് ഇവർക്ക് ഏതെങ്കിലും തരത്തിലുള്ള ആശ്വാസ ധനസഹായം നിലവിൽ പ്രഖ്യാപിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) ഇത്തരം ഗ്രാമീണ കലാകാരന്മാരെ കണ്ടെത്തി കോവിഡ് കാലത്തെ ഉപജീവനത്തിന് പ്രത്യേക ധനസഹായം അനുവദിക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

(എ - സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കോവിഡ് മഹാമാരിമൂലം ഉപജീവനം നഷ്ടപ്പെട്ട് ജീവിതം വഴിമുട്ടിയവരും 10 വർഷക്കാലം തുടർച്ചയായി കലാരംഗത്ത് പ്രവർത്തിക്കുന്നവരും കേരളത്തിൽ സ്ഥിരതാമസം ആക്കിയിട്ടുള്ളവരുമായ 32,000 കലാകാരന്മാർക്കും അനുബന്ധ പ്രവർത്തകർക്കും പ്രതിമാസം 1,000 രൂപ വീതം 2 മാസത്തേയ്ക്ക് അടിയന്തര ധനസഹായം അനുവദിച്ചിട്ടുണ്ട്. ഈ പദ്ധതി പ്രകാരം, നാടൻ കലാകാരന്മാർക്കും ധനസഹായം ലഭ്യമാക്കിയിട്ടുണ്ട്. സാംസ്കാരിക വകുപ്പും അക്കാദമികളും മുഖേനയുള്ള സമാശ്വാസ ധനസഹായത്തിന് അപേക്ഷിക്കാൻ കഴിയാതെ പോയവരും അതുവരെ മറ്റ് ധനസഹായങ്ങൾ ലഭിച്ചിട്ടില്ലാത്തവരുമായ നാടൻ കലാകാരന്മാർ ഉൾപ്പെടെയുള്ള 29,050 പേർക്ക് കൂടി സമാശ്വാസ ധനസഹായമായി 1,000 രൂപ വീതം ബഹു. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്ന് അനുവദിച്ചിട്ടുണ്ട്. ഈ ഇനത്തിൽ ആകെ 61,050 കലാകാരന്മാർക്ക് ധനസഹായം നൽകുവാൻ കഴിഞ്ഞിട്ടുണ്ട്. സാംസ്കാരിക ക്ഷേമനിധി ബോർഡിൽ അംഗങ്ങളായവർക്ക് കഴിഞ്ഞ വർഷം 2,000 രൂപ വീതം നൽകിയിട്ടുണ്ട്. ഈ വർഷം 1,000 രൂപ വീതം ധനസഹായം നൽകി വരുന്നു. കൂടാതെ ക്ഷേമനിധിയിൽ അംഗമായ നാടൻ കലാകാരന്മാർ ഉൾപ്പെടെയുള്ളവർക്ക് പെൻഷൻ, ചികിത്സാ ധനസഹായം, അംഗങ്ങളുടെ അവകാശികൾക്ക് മരണാനന്തര ധനസഹായം, കുടുംബപെൻഷൻ എന്നിവ നൽകിവരുന്നു. കോവിഡിന്റെ പശ്ചാത്തലത്തിൽ കലാകാരന്മാർക്ക് പൊതുവേദികൾ നഷ്ടപ്പെടുന്നതുകൊണ്ട്

കലാസമൂഹത്തിന് കൈത്താങ്ങാകുവാൻ വിവിധ പദ്ധതികൾ സാംസ്കാരിക കാര്യ വകുപ്പ് നടപ്പിലാക്കിവരുന്നു. കേരള സർക്കാരിന്റെ സാംസ്കാരിക വിനിമയ കേന്ദ്രമായ ഭാരത് ഭവന്റെ ആഭിമുഖ്യത്തിൽ വിവിധ സാംസ്കാരിക സ്ഥാപനങ്ങളുടെ സഹകരണത്തോടെ കലാ സമൂഹത്തിന് നവമാധ്യമത്തിലൂടെ വേദി ഒരുക്കുവാനും സാമ്പത്തിക സഹായം ലഭ്യമാക്കുന്നതിനുമായി കോവിഡ് ലോക്ഡൗൺ അനുബന്ധ സമാശ്വാസ പദ്ധതി - ‘ മഴമിഴി’ നവമാധ്യമ കലാസംഗമം 2021 ഓഗസ്റ്റ് 28 മുതൽ നവംബർ 1 വരെ 65 ദിവസം നീണ്ടു നിൽക്കുന്ന സാംസ്കാരികോത്സവം സംഘടിപ്പിക്കുന്നുണ്ട്. ഗോത്രകലകൾ, നാടൻകലകൾ അനുഷ്ഠാന കലകൾ, ക്രിസ്തീയകലകൾ, മാപ്പിളകലകൾ, ക്ഷേത്രകലകൾ, ശാസ്ത്രീയ നൃത്തം, ശാസ്ത്രീയ സംഗീതം, ഉപകരണ സംഗീതം, നാടകം, ചിത്രകല, ശില്പകല, ഫോട്ടോഗ്രഫി തുടങ്ങി 135-ഓളം കലാരൂപങ്ങളേയും ഭിന്നശേഷി, ട്രാൻസ്ജെൻഡേഴ്സ്, അന്ധ, ബധിര, മൂക കലാസംഘങ്ങൾ തുടങ്ങിയവരെ ഉൾപ്പെടുത്തി 380 ഓളം സംഘങ്ങളിലായി 350-ൽ പരം കലാപ്രവർത്തകർക്ക് ധനസഹായവും സർഗ്ഗ പ്രകാശനങ്ങൾക്കുള്ള നവമാധ്യമ വേദിയും നൽകുവാൻ ഇത് വഴി സാധിക്കും.

(ഡി) സിനിമ, സീരിയൽ, നാടകം തുടങ്ങിയ കലാമേഖലകളിൽ കുറഞ്ഞ വേതനത്തിൽ ജോലി ചെയ്യുന്ന തൊഴിലാളികളുടെ പ്രതിസന്ധി പരിഹരിക്കാൻ പ്രത്യേക നടപടികൾ കൈകൊണ്ടിട്ടുണ്ടോ; ഇല്ലെങ്കിൽ ഇത് പരിഹരിക്കാൻ നടപടികൾ സ്വീകരിക്കാൻ തയ്യാറാകുമോ; അറിയിക്കുമോ?

കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ അടച്ചിടൽമൂലം കലാകാരന്മാർ നേരിടുന്ന പ്രതിസന്ധി തരണം ചെയ്യുന്നതിനായി കേരള സംഗീത നാടക അക്കാദമി സർഗ്ഗഭൂമിക എന്ന ഓൺലൈൻ പ്ലാറ്റ്ഫോം പരിപാടി സജ്ജീകരിക്കുകയുണ്ടായി. സർഗ്ഗഭൂമിക രണ്ടാംഘട്ട പ്രവർത്തനത്തിന് തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ട്. 25 അമച്വർ നാടകസംഘങ്ങൾക്ക് 2 ലക്ഷം രൂപ വീതം ധനസഹായം നൽകുന്ന പദ്ധതി നടപ്പാക്കിവരുന്നു. ഈ വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ അമച്വർ നാടക സംഘങ്ങളുടെ സഹായത്തിനായി 3 കോടി രൂപയും പ്രൊഫഷണൽ നാടക സംഘങ്ങളുടെ സഹായത്തിനായി 2 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്.

### സിനിമ തിയേറ്ററുകൾ

382 (1129) <u>ശ്രീ. സി. ആർ. മഹേഷ്</u>: താഴെക്കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോവിഡിനെ തുടർന്ന് സംസ്ഥാനത്തെ സിനിമ തിയേറ്ററുകൾ അടഞ്ഞു കിടക്കുന്നതിനാൽ പ്രതിസന്ധിയിലായ തിയേറ്റർ ഉടമകളെയും തൊഴിലാളികളെയും സഹായിക്കുവാൻ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

കോവിഡിനെ തുടർന്ന് സംസ്ഥാന സർക്കാർ തീയേറ്റർ ഉടമകളെ സഹായിക്കുവാനായി വിവിധ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. വൈദ്യുതി ഫിക്സഡ് ചാർജ്ജ് പകുതിയാക്കുകയും വൈദ്യുതി ബില്ലുകൾ ഘട്ടം ഘട്ടമായി ഒടുക്കുവാനുള്ള അനുമതിയും 28-1-2021-ലെ സ.ഉ.(സാധാ) നമ്പർ 14/2021/ഊ.വ ഉത്തരവുപ്രകാരം നൽകിയിട്ടുണ്ട്. കൂടാതെ 22-6-2021-ലെ സ.ഉ.(സാധാ) നമ്പർ 1195/2021/ത.സ്വ.ഭ.വ നമ്പർ ഉത്തരവു പ്രകാരം 2021 മാർച്ച് 31 വരെയുള്ള വിനോദ നികുതിയും ഒഴിവാക്കിയിട്ടുണ്ട്. കോവിഡിന്റെ പശ്ചാത്തലത്തിൽ സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡിൽ 2020 ഫെബ്രുവരിവരെ അംഗത്വത്തിന് അപേക്ഷ നൽകിയവരെ ഉൾപ്പെടെ പരിഗണിച്ച്, ധനസഹായത്തിന് അപേക്ഷ നൽകിയവർക്ക് കഴിഞ്ഞ വർഷം 2,000 രൂപ വീതം ധനസഹായം അനുവദിച്ചിട്ടുണ്ട്. നിലവിൽ ഏപ്രിൽ 2021-വരെ അംഗത്വത്തിന് അപേക്ഷ നൽകിയവർക്ക് അപേക്ഷിക്കുന്ന മുറയ്ക്ക് 1,000 രൂപ വീതം ധനസഹായം നൽകിവരുന്നു.

**യുവജന ക്ഷേമബോർഡിന്റെ പ്രവർത്തനം**

383(1130) ശ്രീ. ആന്റണി ജോൺ:
ശ്രീ. കെ. എം. സച്ചിൻദേവ്:
ശ്രീ. കെ. യു. ജനീഷ് കുമാർ:
ശ്രീ. എം. എസ്. അരുൺ കുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് യുവജന ക്ഷേമബോർഡിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ടോ?

സംസ്ഥാനത്ത് യുവജനക്ഷേമ ബോർഡിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് 2022-23 സാമ്പത്തിക വർഷം ഓൺലൈൻ ഡെലിവറി സംവിധാനം, എൽ.ഇ.ഡി. ബൾബ് നിർമ്മാണം, സെക്യൂരിറ്റി സർവ്വീസ്, വേസ്റ്റ് മാനേജ്മെന്റ്, ടൂറിസം വോളന്റിയർ, ബഹുഭാഷാ സമന്വയം, പരിസ്ഥിതി പ്രവർത്തനങ്ങൾ, ശാസ്ത്രം-ചരിത്രം-സാംസ്കാരിക പ്രവർത്തനങ്ങൾ, യുവതി ക്ലബ്ബ്, വനിതാ യൂത്ത് ഹോസ്റ്റൽ, സെൽഫ് ഡിഫൻസ് പരിശീലനം, ട്രൈബൽ സ്പോർട്സ് മത്സരങ്ങൾ, തീരദേശ കായികോത്സവം, നീന്തൽ പരിശീലനം, നാടക കളരി, ട്രക്കിംഗ്, സാഹസിക ക്യാമ്പ് തുടങ്ങിയ സാഹസിക പരിപാടികൾ, ട്രാൻസ്ജെന്റേഴ്സ് ശാക്തീകരണം, കേരള വോളന്ററി യൂത്ത് ആക്ഷൻ ഫോഴ്സ്, പി.എസ്.സി. പരിശീലനം, പാലിയേറ്റീവ് കെയർ, ലഹരി വിരുദ്ധ ക്യാമ്പയിൻ തുടങ്ങി വിവിധങ്ങളായ പദ്ധതികൾ ബോർഡ് ആസൂത്രണം ചെയ്ത് വരുന്നു.

(ബി) തദ്ദേശസ്വയംഭരണ അടിസ്ഥാനത്തിൽ യൂത്ത് കോ-ഓർഡിനേഷൻ കൗൺസിലുകൾ, യൂത്ത് സെന്ററുകൾ എന്നിവ സ്ഥാപിക്കുന്നതിന് പദ്ധതിയുണ്ടോ; എങ്കിൽ ഇതിലൂടെ എന്തൊക്കെ കാര്യങ്ങളാണ് നടപ്പിലാക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

2022-23 വർഷം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ യൂത്ത് കോ-ഓർഡിനേഷൻ കൗൺസിലുകൾ, യൂത്ത് സെന്ററുകൾ എന്നിവ സ്ഥാപിക്കുന്നതിന് പദ്ധതിയില്ല. എന്നാൽ സംസ്ഥാനത്തെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലും യുവശക്തി പദ്ധതിയുടെ ഭാഗമായി പഞ്ചായത്ത്/ മുൻസിപ്പാലിറ്റി/ കോർപ്പറേഷൻ/ജില്ലാ തലങ്ങളിൽ യൂത്ത് കോ-ഓർഡിനേറ്റർമാരെ നിയമിക്കുന്ന പദ്ധതി യുവജനക്ഷേമ ബോർഡ് നടപ്പിലാക്കി വരുന്നുണ്ട്. കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ പദ്ധതികളും പ്രവർത്തനങ്ങളും താഴെത്തട്ടിൽ എത്തിക്കുക, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പരിധിയിൽ പ്രവർത്തിക്കുന്ന ക്ലബ്ബുകളെ യുവജനക്ഷേമ ബോർഡുമായി ബന്ധപ്പെടുത്തുക, കേരളോത്സവം, ബോർഡിന്റെ മറ്റ് പ്രധാന പരിപാടികൾ എന്നിവയ്ക്ക് വേണ്ടത്ര പ്രചാരവും യുവജന പങ്കാളിത്തവും ഉറപ്പാക്കുക, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ വികസന പ്രക്രിയകളിൽ യുവജനക്ഷേമത്തിനും യുവജനക്ഷേമ ബോർഡിനും വേണ്ട പ്രാതിനിധ്യം ഉറപ്പാക്കുക, കാലാകാലങ്ങളിൽ സംസ്ഥാന യുവജനക്ഷേമ ബോർഡ് നിർദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ സമയബന്ധിതമായി നടപ്പിലാക്കുക എന്നീ കാര്യങ്ങളാണ് യൂത്ത് കോ-ഓർഡിനേറ്റർമാർ മുഖേന ബോർഡ് നടപ്പിലാക്കി വരുന്നത്.

(സി) ഡിസാസ്റ്റർ മാനേജ്മെന്റ്, ദുരിതാശ്വാസ പ്രവർത്തനം, മാലിന്യ നിർമ്മാർജനം, പാലിയേറ്റീവ് പ്രവർത്തനം തുടങ്ങിയ സേവനപ്രവർത്തനങ്ങൾ സമയോചിതമായി ചെയ്യുന്നതിനുതകുന്ന യുവജന സന്നദ്ധസേന രൂപീകരിച്ചിട്ടുണ്ടോ; ഇതിന്റെ ഭാഗമായി എന്തൊക്കെ ലക്ഷ്യങ്ങളും പ്രവർത്തന പദ്ധതികളുമാണ് ആവിഷ്കരിച്ചിട്ടുള്ളത്; വിശദമാക്കാമോ?

ഡിസാസ്റ്റർ മാനേജ്മെന്റ്, ദുരിതാശ്വാസ പ്രവർത്തനം, മാലിന്യ നിർമ്മാർജ്ജനം, പാലീയേറ്റീവ് പ്രവർത്തനം തുടങ്ങിയ സേവന പ്രവർത്തനങ്ങൾ സമയോചിതമായി ചെയ്യുന്നതിനായി കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് കേരള വോളന്ററി യൂത്ത് ആക്ഷൻ ഫോഴ്സ് എന്ന സന്നദ്ധ സേവന സേന രൂപീകരിച്ചിട്ടുണ്ട്. പ്രകൃതി ദുരന്തങ്ങളുണ്ടാകുമ്പോൾ അവയെ നേരിടാൻ യുവജന പങ്കാളിത്തത്തിൽ സന്നദ്ധ

സേവകരെ തയ്യാറാക്കുക എന്ന ലക്ഷ്യം മുന്നിൽകണ്ടാണ് സേന രൂപീകരിച്ചിട്ടുള്ളത്. കാലവർഷം സമാഗതമാകുന്ന അവസരത്തിൽ വെള്ളപ്പൊക്കം, ഉരുൾപ്പൊട്ടൽ തുടങ്ങിയവ പോലുള്ള പ്രകൃതി ദുരന്തങ്ങൾ സംഭവിക്കുന്ന അടിയന്തിര സാഹചര്യം സംജാതമാകുന്നപക്ഷം അവയെ നേരിടുന്നതിനായി എല്ലാ ജില്ലകളിലും പരിശീലനം നേടിയ വോളന്റിറി യൂത്ത് ആക്ഷൻ സേനയെ സജ്ജരാക്കിയിട്ടുണ്ട്. അപകടങ്ങളും പ്രകൃതി ദുരന്തങ്ങളും ഉണ്ടാകുമ്പോൾ കേരള വോളന്റിറി യൂത്ത് ആക്ഷൻ ഫോഴ്സ് സേനാംഗങ്ങളുടെ സേവനം പ്രയോജനപ്പെടുത്തുവാൻ ഉതകുന്ന തരത്തിൽ സേനാംഗങ്ങൾക്ക് ആവശ്യമായ സാഹസിക കായിക പരിശീലനം, ഫയർ ആൻഡ് റെസ്ക്യൂ പരിശീലനം, പ്രഥമ ശുശ്രൂഷാ പരിശീലനം എന്നിവ നൽകിയിട്ടുണ്ട്.

**യുവജന ക്ഷേമ ബോർഡ് മുഖേന നടപ്പാക്കിവരുന്ന പദ്ധതികൾ**

384(1131) ശ്രീ. പി. ഉബൈദുള്ള: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വയം തൊഴിൽ കണ്ടെത്തുന്നതിനും സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിനും യുവജനക്ഷേമ ബോർഡ് മുഖേന പ്രത്യേക പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ?

കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ 2021-22 സാമ്പത്തിക വർഷത്തെ പദ്ധതികളിൽ സ്വയംതൊഴിൽ കണ്ടെത്തുന്നതിനും സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിനുമുള്ള പ്രത്യേക പദ്ധതികൾ ഉൾപ്പെടുത്തിയിട്ടില്ല.

(ബി) യുവജനക്ഷേമ ബോർഡ് മുഖേന മലപ്പുറം ജില്ലയിൽ നടപ്പാക്കിവരുന്ന പദ്ധതികൾ ഏതെല്ലാമെന്ന് വിശദീകരിക്കാമോ;

(സി) ഓരോ പദ്ധതിക്കും അനുവദിച്ച തുകയും അവയുടെ പ്രവർത്തന പുരോഗതിയും വെളിപ്പെടുത്തുമോ?

(ബി & സി) കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിന് സംസ്ഥാനതല പദ്ധതികളാണ് നിലവിലുള്ളത്. ജില്ലകൾക്കായി പ്രത്യേകം പദ്ധതികൾ ബോർഡ് നടപ്പിലാക്കിവരുന്നില്ല.

## വടക്കാഞ്ചേരി മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ

385(1132) ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെക്കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വടക്കാഞ്ചേരി മണ്ഡലത്തിൽ 2016-2021 കാലയളവിൽ യുവജനകാര്യവകുപ്പ് നടപ്പിലാക്കിയ പദ്ധതികളെക്കുറിച്ച് പട്ടിക രൂപത്തിൽ വ്യക്തമാക്കാമോ?

കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് സംഘടിപ്പിക്കുന്ന പരിപാടികൾ സംസ്ഥാനതലത്തിലും ജില്ലാ യുവജന കേന്ദ്രങ്ങൾ വഴിയുമാണ് നടപ്പിലാക്കി വരുന്നത്. നിയമസഭാമണ്ഡലങ്ങൾ കേന്ദ്രീകരിച്ച് ബോർഡ് പ്രത്യേകം പദ്ധതികൾ/ പരിപാടികൾ നടപ്പിലാക്കുന്നില്ല. കേരള സംസ്ഥാന യുവജന കമ്മീഷൻ സംസ്ഥാനമൊട്ടാകെയാണ് പദ്ധതികൾ നടപ്പിലാക്കി വരുന്നത്.

## യുവജനങ്ങളിൽ ലഹരിമരുന്ന് ഉപയോഗം

386(1133) ശ്രീ. റോജി എം. ജോൺ: താഴെക്കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

യുവജനങ്ങളിൽ ലഹരിമരുന്ന് ഉപയോഗം വർദ്ധിക്കുന്നതായി റിപ്പോർട്ടുകൾ വരുന്ന സാഹചര്യത്തിൽ ബോധവൽക്കരണത്തിനായി പ്രത്യേക കർമ്മ പദ്ധതി യുവജനക്ഷേമവകുപ്പ് ആവിഷ്കരിക്കുമോ; വിശദാംശങ്ങൾ നൽകുമോ?

കേരള സംസ്ഥാന യുവജന കമ്മീഷൻ യുവജനങ്ങളിലെ ലഹരിമരുന്ന് ഉപയോഗം, റാഗിംഗ്, സൈബർ കുറ്റകൃത്യങ്ങൾ, തീവ്രവാദം എന്നിവയ്ക്കെതിരെയും റോഡ് സുരക്ഷ, മാനസിക ആരോഗ്യം എന്നിവ സംബന്ധിച്ചും ബോധവത്ക്കരണ പരിപാടികൾ നടത്തുന്നുണ്ട്. ടി പദ്ധതി ജില്ലകൾ കേന്ദ്രീകരിച്ച് സംസ്ഥാനത്തെ കോളേജുകളിലും കോളനികളിലും സംഘടിപ്പിക്കുന്നുണ്ട്. സംസ്ഥാന/ജില്ലാ കോ-ഓർഡിനേറ്റർമാരെ തെരഞ്ഞെടുത്ത് വിദഗ്ധരുടെ നേതൃത്വത്തിൽ പരിശീലനം നൽകി ബോധവത്ക്കരണ പ്രവർത്തനങ്ങൾ സംസ്ഥാനത്തുടനീളം നടത്തുന്നുണ്ട്. പ്രസ്തുത പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്ത് യുവജനങ്ങൾക്കിടയിൽ പദ്ധതിയുടെ സന്ദേശം എത്തിക്കാൻ കമ്മീഷൻ ശ്രമിച്ചുവരുന്നു. ഇത് കമ്മീഷന്റെ തുടർ പദ്ധതിയാണ്.

(നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 832, 1116 എന്നീ ചോദ്യങ്ങളുടെ ഉത്തരങ്ങൾ നിയമസഭാ വെബ്സൈറ്റിൽ ലഭ്യമല്ല.)

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു.)

10.00 A.M.]

## II അടിയന്തരപ്രമേയം

### എൻഡോസൾഫാൻ ദുരിതബാധിതർ നേരിടുന്ന പ്രതിസന്ധി

മി. സ്പീക്കർ: എൻഡോസൾഫാൻ പുനരധിവാസ പദ്ധതികളെ ഏകോപിപ്പിക്കുന്ന റെമഡിയേഷൻ സെൽ (Endosulfan Victims Relief and Remediation Cell) നിഷ്ക്രിയമായതിനെത്തുടർന്ന് ആനുകൂല്യങ്ങളും നഷ്ടപരിഹാരങ്ങളും ലഭ്യമാകാത്തതുമൂലം എൻഡോസൾഫാൻ ദുരിതബാധിതർ പ്രതിസന്ധിയിലായതായി പറയപ്പെടുന്ന സ്ഥിതിവിശേഷം സഭാനടപടികൾ നിർത്തിവച്ച് ചർച്ചചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ എൻ. എ. നെല്ലിക്കുന്ന്, സജീവ് ജോസഫ്, മോൻസ് ജോസഫ്, അനൂപ് ജേക്കബ്, മാണി സി. കാപ്പൻ, ശ്രീമതി കെ. കെ. രമ എന്നീ അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): സർ, എൻഡോസൾഫാൻ ദുരിതബാധിത ജനവിഭാഗങ്ങളുടെ പ്രയാസങ്ങൾ കേരള സമൂഹത്തിനാകെ വളരെയേറെ ഉത്കണ്ഠയും വേദനയും ഉളവാക്കുന്നതാണ്. അവരെ സഹായിക്കാനും ആശ്വാസമെത്തിക്കാനും പുനരധിവസിപ്പിക്കാനും നടത്തിവരുന്ന പ്രവർത്തനങ്ങൾക്ക് കേരളീയ സമൂഹമൊന്നാകെ വലിയ പിന്തുണയാണ് നൽകിപ്പോരുന്നതെന്ന കാര്യം ആശ്വാസകരമാണ്. ഈ നടപടികൾ വിട്ടുവീഴ്ചയില്ലാതെ മുമ്പോട്ടുകൊണ്ടുപോകാൻ പ്രതിജ്ഞാബദ്ധമായ ഒരു സർക്കാരാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ. പുനരധിവാസ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാനായി പ്രവർത്തിച്ചുവരുന്നത് റെമഡിയേഷൻ സെല്ലാണ് (Endosulfan Victims Relief and Remediation Cell). തെരഞ്ഞെടുപ്പിനുശേഷം ആ സെൽ പുനഃസംഘടിപ്പിക്കുന്നതിനുവേണ്ടിയുള്ള നടപടികൾ നടന്നുവരികയാണ്. എങ്കിൽപ്പോലും ജില്ലാതല അവലോകന സമിതി ഇക്കഴിഞ്ഞ ആഗസ്റ്റ് മാസം 24-ാം തീയതി യോഗം ചേർന്ന് അവലോകനം നടത്തുകയും സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച് നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട അംഗങ്ങൾ സഭയിൽ കൂട്ടംകൂടിനിന്ന് സംസാരിക്കരുത്. ക്രമം പാലിക്കേണ്ടതാണ്.

ഡോ. ആർ. ബിന്ദു: സർ, കാസർഗോഡ് ജില്ലയിലെ എൻഡോസൾഫാൻ ദുരിതബാധിതരുടെ പുനരധിവാസവുമായി ബന്ധപ്പെട്ട് റെമഡിയൽ സെൽ എടുത്ത തീരുമാനപ്രകാരം നഷ്ടപരിഹാര സാമ്പത്തിക സഹായമായി 171 കോടി രൂപയും

ചികിത്സാ സഹായമായി 16.83 കോടി രൂപയും വായ്പ എഴുതിത്തള്ളിയ ഇനത്തിൽ 6.82 കോടി രൂപയും പെൻഷനായി 81.42 കോടി രൂപയും ദുരിതബാധിതരെ പരിചരിക്കുന്നതിനുള്ള പെൻഷൻ ഇനത്തിൽ 4.54 കോടി രൂപയും ദുരിതബാധിത കുടുംബത്തിലെ 12-ാം ക്ലാസ് വരെയുള്ള കുട്ടികളുടെ സ്കോളർഷിപ്പിനത്തിൽ 4.44 കോടി രൂപയും സൗജന്യ റേഷൻ ഇനത്തിൽ 82 ലക്ഷം രൂപയും സർക്കാർ നൽകിയിട്ടുണ്ട്. കൂടാതെ ദുരിതബാധിത കുടുംബങ്ങൾക്ക് 200 യൂണിറ്റ് വരെ വൈദ്യുതി ഇളവും ദുരിതബാധിതരെ പരിചരിക്കുന്നതിന് മൊബൈൽ മെഡിക്കൽ യൂണിറ്റും ചികിത്സയ്ക്ക് സൗജന്യ യാത്രാസൗകര്യവും ഏർപ്പെടുത്തിയിട്ടുണ്ട്. ബഹുമാനപ്പെട്ട സുപ്രീംകോടതി വിധിപ്രകാരം 285.17 കോടി രൂപ നഷ്ടപരിഹാരമായി നൽകിയിട്ടുണ്ട്. മാനസിക വളർച്ചയെത്താത്ത 1498 പേർക്ക് 30,38,50,000 രൂപയും കിടപ്പിലായ 269 പേർക്ക് 13,45,00,000 രൂപയും ഇതിനകം നൽകിക്കഴിഞ്ഞു. കാൻസർ ബാധിതരായ 699 പേരിൽ 580 പേർക്ക് 3,00,000 രൂപ വീതം മൊത്തം 17,40,00,000 രൂപ നൽകിയിട്ടുണ്ട്. ശാരീരിക വൈകല്യമുള്ള 1189 പേരിൽ 988 പേർക്ക് മൂന്ന് ലക്ഷം രൂപ വീതം 29,64,00,000 രൂപ നൽകിയിട്ടുണ്ട്. ദുരിതബാധിതർക്ക് മൂന്ന് രീതിയിൽ സ്നേഹസാന്ത്വനം പദ്ധതി നടപ്പാക്കിവരുന്നു. വികലാംഗ പെൻഷൻ ലഭിക്കുന്നവർക്ക് പ്രതിമാസം 1700 രൂപ വീതം നൽകിവരുന്നു. 1413 പേർ ഇതിന്റെ ഗുണഭോക്താക്കളായിട്ടുണ്ട്. വികലാംഗ പെൻഷൻ ലഭിക്കാത്തവർക്ക് പ്രതിമാസം 2200 രൂപ വീതം നൽകിവരുന്നു. 1432 പേർ ഇതിന്റെ ഗുണഭോക്താക്കളായുണ്ട്. മറ്റ് എൻഡോസൾഫാൻ ബാധിതർക്ക് 1200 രൂപവീതം നൽകിവരുന്നു. 2501 പേർ ഇതിന്റെ ഗുണഭോക്താക്കളായുണ്ട്. ഇങ്ങനെ ആകെ 5346 പേർ സ്നേഹസാന്ത്വനം പദ്ധതിപ്രകാരം ആനുകൂല്യം സ്വീകരിച്ചുവരുന്നു. 2021-22 സാമ്പത്തിക വർഷത്തിൽ 30-9-2021 വരെ 4,32,00,075 രൂപ ഈ പദ്ധതിപ്രകാരം ആനുകൂല്യമായി നൽകിയിട്ടുണ്ട്. എൻഡോസൾഫാൻ ദുരിതബാധിതരുടെ പുനരധിവാസത്തിനും ആശ്വാസ നടപടി കൾക്കും വിട്ടുവീഴ്ചയില്ലാത്ത പ്രവർത്തനങ്ങളിലാണ് എൽ.ഡി.എഫ്. സർക്കാർ ഏർപ്പെട്ടിട്ടുള്ളത്. കാസർഗോഡ് മെഡിക്കൽ കോളേജിന്റെ നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചതും ഊർജ്ജിതമായി നടന്നുതുടങ്ങിയതും കഴിഞ്ഞ ഇടതുപക്ഷ സർക്കാർ അധികാരത്തിൽ വന്നശേഷമാണ്. മെഡിക്കൽ കോളേജിന്റെ അക്കാദമിക് ബ്ലോക്കിന്റെ നിർമ്മാണം പൂർത്തിയായിക്കഴിഞ്ഞു. ആശുപത്രി ബ്ലോക്കിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരികയാണ്. മെഡിക്കൽ കോളേജ് പ്രവർത്തിക്കാ നാവശ്യമായ 272 തസ്തികകൾ പുതിയതായി സൃഷ്ടിച്ചിട്ടുണ്ട്. ദുരിതബാധിതരുടെ ശാരീരികവും മാനസികവുമായ സമഗ്ര പുനരധിവാസം ലക്ഷ്യമാക്കി കാസർഗോഡ് ജില്ലയിലെ മൂളിയാറിൽ ദുരിതബാധിതർക്ക് പുനരധിവാസ വില്ലേജ് നിർമ്മി

ക്കാനുള്ള പ്രവർത്തനങ്ങൾ നടന്നുവരികയാണ്. ആദ്യഘട്ട നിർമ്മാണത്തിന് 5 കോടി രൂപ അനുവദിച്ചു. പുനരധിവാസ വില്ലേജിന്റെ നിർമ്മാണ പ്രവർത്തന ങ്ങൾക്ക് ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയെ നിയമിച്ച് ഉത്തരവായിട്ടുണ്ട്. എൻഡോസൾഫാൻ ദുരിതബാധിതരുടെ പുനരധിവാസവും ക്ഷേമവും ഉറപ്പുവരുത്തുന്നതിനുള്ള നടപടികളാണ് സർക്കാർ സ്വീകരിച്ചുവരുന്നത്. അടിയന്തര പ്രമേയത്തിൽ ഉന്നയിച്ചിട്ടുള്ള ഒരാശങ്കയുമുണ്ടാകേണ്ട സാഹചര്യം നിലവിലില്ല.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, കേരളത്തിന്റെ വടക്കേയറ്റത്തുള്ള കാസർഗോഡ് ജില്ല ഹിരോഷിമ പോലെ ഒരു ദുരന്തഭൂമിയാണെന്ന് നമുക്കെല്ലാ വർക്കുമറിയാം. ആ ദുരന്തഭൂമിയിൽ മരിച്ചതിനൊപ്പം ജീവിച്ചിരിക്കുന്ന കുറേ ഹതഭാഗ്യരുടെ ദയനീയാവസ്ഥ ഈ സഭയുടെയും സർക്കാരിന്റെയും മുമ്പിൽ കൊണ്ടുവരുന്നതിനുവേണ്ടിയാണ് ഈ അടിയന്തരപ്രമേയത്തിന് നോട്ടീസ് നൽകിയത്. നോട്ടീസ് നൽകിയത് ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കാണ്. പക്ഷേ ഇവിടെ മറുപടി പറഞ്ഞത് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രിയാണ്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എൻഡോസൾഫാൻ ബാധിതരുടെ പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിന് മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ യോഗം ചേർന്നിരുന്നോയെന്ന് വ്യക്തമാക്കാമോ; എങ്കിൽ എത്ര യോഗങ്ങൾ ചേർന്നിട്ടുണ്ടെന്നും തീരുമാനങ്ങൾ എന്തൊക്കെയായിരുന്നെന്നും വ്യക്തമാക്കാമോ യെന്ന് 7-3-2018-ൽ ഞാനൊരു ചോദ്യമുന്നയിച്ചിരുന്നു. അതിന് കിട്ടിയ ഉത്തരം 'വിവരം ശേഖരിച്ചുവരുന്നു' എന്നാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോടാണ് മേൽപ്പറഞ്ഞ ചോദ്യം ചോദിച്ചതെന്നാണ് ഇവിടെ മനസ്സിലാക്കേണ്ടത്. അമേരിക്കയിലെ വൈറ്റ്ഹൗസിൽ നടന്ന കാര്യത്തെക്കുറിച്ചല്ല ചോദിച്ചത്. ഇന്ന് 2021 ഒക്ടോബർ 6-ാം തീയതിയാണ്. ഒരു മാസം കഴിഞ്ഞ് ഈ സഭയിലെ ഒരംഗം, ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇന്ന് (2021 ഒക്ടോബർ 6-ാം തീയതി) ഈ സഭയിൽ ഉണ്ടായിരുന്നോയെന്ന് ചോദിച്ചാൽ അതിനുത്തരം 'വിവരം ശേഖരിച്ചു വരുന്നു' എന്നാണോ? വളരെ നിസ്സംഗതയോടെയാണ് സർക്കാർ ഇക്കാര്യങ്ങളെ നോക്കിക്കാണുന്നതെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. അതുപോലെ തന്നെ നിയമസഭയിൽ 29-2-2017-ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി നൽകിയ മറുപടി, "കശുമാവിൻ തോട്ടങ്ങളിൽ ആകാശ മാർഗ്ഗേന എൻഡോസൾഫാൻ തളിച്ച പ്ലാന്റേഷൻ കോർപ്പറേഷനിൽ നിന്നും മൊത്തം 53.105 കോടി രൂപ ഈടാക്കിയിട്ടുണ്ട്. എൻഡോസൾഫാൻ ദുരിതബാധിതരുടെ ശാരീരികവും മാനസികവുമായ സമഗ്ര പുനരധിവാസം ലക്ഷ്യമാക്കി ഒരു റീഹാബിലിറ്റേഷൻ സെന്റർ കാസർഗോഡ് ജില്ലയിലെ മൂളിയാർ വില്ലേജിൽ സ്ഥാപിക്കുന്നതിന്

തീരുമാനമായിട്ടുണ്ട്. ഇതിനായി മൂളിയാർ പഞ്ചായത്തിൽ പ്ലാന്റേഷൻ കോർപ്പറേഷന്റെ കൈവശമുള്ള ഭൂമിയിൽനിന്ന് റീഹാബിലിറ്റേഷൻ വില്ലേജിനനുയോജ്യമായ 25 ഏക്കർ ഭൂമി അനുവദിച്ചുകിട്ടിയിട്ടുണ്ട്. കൂടാതെ ബന്ധപ്പെട്ട കമ്പനികളിൽ നിന്നും ധനസഹായം ലഭ്യമാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ വിധിപ്രകാരം എൻഡോസൾഫാൻ ദുരിത ബാധിതർക്ക് 5 ലക്ഷം രൂപ വീതം ധനസഹായം അനുവദിക്കേണ്ടി വരുമ്പോൾ ആകെ 292.4 കോടി രൂപയാണ് വേണ്ടത്. ഇതിൽ ഇതുവരെ ധനസഹായം അനുവദിച്ച തുക കുറയ്ക്കുമ്പോൾ ബാക്കി ധനസഹായം അനുവദിക്കുന്നതിന് 200 കോടി രൂപയോളം വേണ്ടിവരുമെന്നാണ് കണക്കാക്കിയിരിക്കുന്നത്, ആവശ്യമായ ഫണ്ട് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു" എന്നാണ്. ഇപ്പോഴത്തെ അവസ്ഥ എന്താണെന്നുകൂടി അറിയാൻ താല്പര്യമുണ്ട്. എൻഡോസൾഫാൻ ദുരിതബാധിതരുടെ പട്ടികയിൽ ഉൾപ്പെടുത്തുന്നതിനുള്ള മെഡിക്കൽ പരിശോധന ഉദാരമാക്കണമെന്നും അർഹരായ പരാതിക്കാരെ ദുരിതബാധിതരുടെ പട്ടികയിൽ ഉൾപ്പെടുത്തി എല്ലാ സഹായങ്ങളും നൽകണമെന്നും 2018 ഏപ്രിൽ 21-ന്റെ ഉത്തരവിലൂടെ മനുഷ്യാവകാശ കമ്മീഷൻ ആവശ്യപ്പെട്ടിരുന്നു. എന്ത് നടപടികളാണ് സർക്കാർ സ്വീകരിച്ചതെന്നറിയാൻ താല്പര്യമുണ്ട്. ദേശീയ മനുഷ്യാവകാശ കമ്മീഷന്റെ ശിപാർശ പ്രകാരം 1446 പേർക്ക് 5 ലക്ഷം രൂപയും 1568 പേർക്ക് 3 ലക്ഷം രൂപയും ആശ്വാസധനം നല്കി. ബഹുമാനപ്പെട്ട സുപ്രീംകോടതി 2017 ജനുവരി 10-ാം തീയതി പുറപ്പെടുവിച്ച വിധി മുഴുവൻ ദുരിതബാധിതർക്കും 5 ലക്ഷം രൂപ വീതം നല്കണമെന്നായിരുന്നു. ഇപ്പോൾ ദുരിതബാധിതരുടെ പട്ടികയിലുള്ള 6727 പേരിൽ 5 ലക്ഷം രൂപ കിട്ടിയവർ 1446 പേർ മാത്രമാണ്. 3713 പേർക്ക് 5 ലക്ഷം രൂപയും 1568 പേർക്ക് 2 ലക്ഷം രൂപയും ലഭിക്കണം. സുപ്രീംകോടതി വിധി ഇപ്പോഴും നടപ്പിലാക്കാൻ സാധിച്ചിട്ടില്ല. മുൻകളക്ടർ 24-7-2020-ന് സാമൂഹ്യനീതി വകുപ്പിന് റിപ്പോർട്ട് നൽകിയതായി മനസ്സിലാക്കുന്നു. ആ റിപ്പോർട്ടിലെ പട്ടികയിലുള്ള ഏകദേശം ആറായിരത്തിൽപ്പരം ആളുകളെയും പ്രത്യേക മെഡിക്കൽ ബോർഡ് രൂപീകരിച്ച് പുന:പരിശോധിക്കണമെന്നാണ് ആവശ്യപ്പെട്ടിട്ടുള്ളത്. കളക്ടറുടെ റിപ്പോർട്ട് സർക്കാരിന്റെ നിലപാടാണോയെന്ന് വ്യക്തമാക്കണമെന്നാണ് എനിക്ക് ഈ അവസരത്തിൽ പറയാനുള്ളത്. ജില്ലയിലുള്ള അയ്യായിരത്തോളം കശുമാവിൻ തോട്ടങ്ങളിൽ കാൽനൂറ്റാണ്ട് കാലമായി എൻഡോസൾഫാൻ തളിച്ചതിന്റെ ദുരന്തഫലമാണ് കാസർഗോഡുള്ള ഹതഭാഗ്യരായ ജനങ്ങൾ ഇന്ന് അനുഭവിക്കുന്നത്. വിഷം തളിക്കുന്നത് നിർത്തിയിട്ട് രണ്ട് ദശകം കഴിഞ്ഞിട്ടും ജനങ്ങളുടെ ദുരിതത്തിന് ഇന്നും അറുതിവന്നിട്ടില്ല. അന്യഗ്രഹ വിചിത്ര ജീവികളെ പോലെ അംഗവൈകല്യമുള്ള കുഞ്ഞുങ്ങൾ മരിച്ചതിനൊപ്പം ജീവിച്ചിരിക്കുന്ന

കാഴ്ചയാണ് നമുക്കവിടെ കാണാൻ കഴിയുന്നത്. കുഞ്ഞുങ്ങളെ നെഞ്ചോട് ചേർത്തു പിടിച്ച് അമ്മമാർ കൊടുക്കുന്നത് മുലപ്പാലല്ല, വിഷമാണെന്ന് പാവപ്പെട്ട അമ്മമാർ അറിയുന്നില്ല. ……(ബഹളം) …. കോഴിക്കോട് മെഡിക്കൽ കോളേജിലെ പഠന സംഘം പുറത്തുവിട്ട റിപ്പോർട്ടിൽ കാസർഗോഡിന്റെ സുന്ദരമായ ഗ്രാമങ്ങളിലെ വെള്ളത്തിലും മണ്ണിലും രക്തത്തിലും അപകടകരമായ അളവിൽ എൻഡോസൾഫാൻ കലർന്നിട്ടുണ്ടെന്ന് വ്യക്തമാക്കിയിട്ടുണ്ട്. പതിനാറായിരത്തോളം രോഗികളാണ് വിവിധ മെഡിക്കൽ കോളേജുകളിൽ എത്തിച്ചേർന്നത്. അതിൽ 4300-ഓളം പേർ ഗുരുതരാവസ്ഥയിലുള്ളവരായിരുന്നു. 1963-ലാണ് സംസ്ഥാന കാർഷിക വകുപ്പ് എൻമകജെ പഞ്ചായത്തിലെ പെഡ്രെയിലും മറ്റ് സ്ഥലങ്ങളിലും കശുമാവ് തൈകൾ നടാൻ തുടങ്ങിയത്. 1978-ൽ ഈ തോട്ടം കേരള സർക്കാരിന്റെ കീഴിലുള്ള പ്ലാന്റേഷൻ കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡ് ഏറ്റെടുത്തു. 1977-ലാണ് കീടനാശിനി തളിക്കാൻ തുടങ്ങിയത്. ആദ്യത്തെ രണ്ട് വർഷം എൻടിൻ എന്ന കീടനാശിനി ഹാന്റ് പൈപ്പ് ഉപയോഗിച്ചാണ് തളിച്ചത്. റ്റി-മൊസ്കിറ്റോ എന്നറിയപ്പെടുന്ന കീടത്തെ തുരത്താനാണ് ഇത് ചെയ്തത്. 1979-ൽ പ്ലാന്റേഷൻ കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡ് ഹെലികോപ്റ്റർ ഉപയോഗിച്ച് ആകാശമാർഗ്ഗേന എൻഡോസൾഫാൻ തളിക്കാൻ തുടങ്ങി. അതോടെയാണ് നാടാകെ ദുരന്തഭൂമിയായി മാറിയത്. നാഡീവ്യൂഹത്തിലെ തകരാർ, തലച്ചോറിനെ ബാധിക്കുന്ന തളർവാതം, മാനസികവും ശാരീരികവുമായ വൈകല്യങ്ങൾ, അപസ്മാരം തുടങ്ങിയ രോഗങ്ങൾ വ്യാപകമായി. ലിവർ ക്യാൻസർ, ബ്ലഡ് ക്യാൻസർ, ഗർഭാശയ സംബന്ധമായ രോഗങ്ങൾ എന്നിവ വർദ്ധിച്ചുവന്നു. എൻഡോസൾഫാൻ വിഷയത്തിൽ ഈ സർക്കാരിന്റെ നിലപാടെന്താണെന്നാണ് എനിക്കറിയേണ്ടത്; ഒരു ജില്ലയിലെ കളക്ടർ എന്നുപറയുന്നത് സർക്കാരിന്റെ പ്രതിനിധിയാണ്. കളക്ടർ ആ ജില്ലയിലെ സർക്കാരിന്റെ നാവും തലച്ചോറുമാണ്. സർക്കാരിന്റെ നയം പറയേണ്ടതും നടപ്പിലാക്കേണ്ടതും ജില്ലാകളക്ടറാണ്. പക്ഷെ, നമ്മുടെ കാസർഗോഡ് മുൻ ജില്ലാകളക്ടർ എൻഡോസൾഫാൻ വിഷയത്തിൽ സ്വീകരിച്ച നിലപാട് എന്തായിരുന്നുവെന്ന് നമ്മളിവിടെ പരിശോധിക്കേണ്ടിയിരിക്കുന്നു. എന്റെ കയ്യിൽ മലയാളം വാരികയാണുള്ളത്. (വാരിക ഉയർത്തിക്കാണിച്ചു) ഇതിൽ കളക്ടറുടെ ഒരു ലേഖനം വന്നിട്ടുണ്ട്. ലേഖനത്തിന്റെ പേര് 'നോവലുകളല്ല, ശാസ്ത്രമാണ് തീരുമാനമെടുക്കുക' എന്നാണ്. അദ്ദേഹം പറയുന്നു, 'ഞാൻ അഗ്രിക്കൾച്ചറൽ സയന്റിസ്റ്റ് കൂടിയാണ്, അഗ്രിക്കൾച്ചറിൽ ഡോക്ടറേറ്റ് കഴിഞ്ഞ് ആറര കൊല്ലം കാർഷിക ശാസ്ത്രം പഠിപ്പിച്ച ഞാൻ ഇതുവരെ പഠിച്ചതും പഠിപ്പിച്ചതും തെറ്റാണെന്ന് പറയണോ; അതോ അംബികാ സുതൻ മാങ്ങാടിനെപ്പോലെയുള്ള സാഹിത്യകാരന്മാർ പറയുന്നത് വിശ്വസിക്കണോ? നമ്മുടെ ഭരണഘടന

പറയുന്നതുതന്നെ ശാസ്ത്രം വളർത്താനല്ലേ, അല്ലാതെ സാഹിത്യം വളർത്താനല്ല. സത്യം മാത്രമെ ജയിക്കാൻ പാടുള്ളൂ. ഇവിടെ ലിസ്റ്റ് തയ്യാറാക്കിയ ഡോക്ടർമാരെല്ലാം എന്തടിസ്ഥാനത്തിലാണ് അതുണ്ടാക്കിയത്. ബഹുമാനപ്പെട്ട സ്പീക്കർ, അങ്ങയെപ്പോലുള്ള എഴുത്തുകാരെയും സാഹിത്യകാരന്മാരെയും അപമാനിക്കുന്നൊരു ലേഖനമാണ് ജില്ലാകളക്ടർ ഈ മലയാളം വാരികയിൽ എഴുതിയിട്ടുള്ളതെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുന്നു. എന്റെ കയ്യിൽ 'സംഘപരിവാറും കോർപ്പറേറ്റ് രാഷ്ട്രീയവും' എന്ന പുസ്തകമുണ്ട്. ഈ പുസ്തകം ബഹുമാനപ്പെട്ട സ്പീക്കർ എഴുതിയതാണ്. സംഘപരിവാറിനേയും കോർപ്പറേറ്റ് രാഷ്ട്രീയത്തേയും വിറ്റ് കാശാക്കുന്ന ആളാണ് ശ്രീ. എം. ബി. രാജേഷ് എന്നുപറഞ്ഞാൽ ആരെങ്കിലും വിശ്വസിക്കുമോ; ഒരു എഴുത്തുകാരന്റെ സൃഷ്ടി എപ്പോഴാണുണ്ടാകുന്നതെന്ന് ഞാൻ അങ്ങയോട് പറഞ്ഞുതരേണ്ട കാര്യമില്ല. നമ്മുടെ സാമൂഹ്യ ജീവിതത്തിലെ ദുരവസ്ഥ ഒരു എഴുത്തുകാരന്റെ മനസ്സിലുണ്ടാക്കുന്ന ചലനമാണ് സാഹിത്യസൃഷ്ടിയെന്ന് നമുക്കെല്ലാവർക്കുമറിയാം. അംബികാസുതൻ മാങ്ങാട് പറഞ്ഞിട്ടുള്ളത് കഠിനമായ അസ്വാസ്ഥ്യങ്ങളാണ് എന്നെ രചനകളിലേയ്ക്ക് എടുത്തെറിയുന്നതെന്നാണ്. ഒരു നോവലായാലും കവിതയായാലും മറ്റേത് പുസ്തകമായാലും അത് രചിക്കുന്നതിന് എഴുത്തുകാരനെ പ്രേരിപ്പിക്കുന്നത് അത്തരം ചുറ്റുപാടുകളാണ്. അംബികാസുതൻ മാങ്ങാട് 'എൻമകജെ' എന്നൊരു നോവൽ എഴുതിയിട്ടുണ്ടെങ്കിൽ അതെഴുതാൻ അദ്ദേഹത്തെ പ്രേരിപ്പിച്ചത് കാസർഗോഡ് എൻഡോസൾഫാൻ ദുരിത ബാധിതരുടെ ദുരിതപൂർണ്ണമായ ജീവിതമാണ്. ആ എഴുത്തുകാരനെയാണ് കളക്ടർ അപമാനിച്ചത്. എനിക്ക് സർക്കാരിനോട് ചോദിക്കാനുള്ളത്, സർക്കാരിന്റെ നിലപാടാണോ ഈ കളക്ടർ പറഞ്ഞിട്ടുള്ളതെന്നാണ്. എൻഡോസൾഫാൻ കമ്പനിക്കുവേണ്ടി, അവരുടെ വക്താവായി കളക്ടർ മാറിയിട്ടുണ്ടെന്ന് സംസാരമുണ്ട്. ഇത് അന്വേഷണത്തിന് വിധേയമാക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. എന്റെ കയ്യിൽ ഒരു ഫെയ്സ്ബുക്ക് പോസ്റ്റുണ്ട്.

<u>മി. സ്പീക്കർ</u>: ദയവായി അവസാനിപ്പിക്കണം.

<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: ഞാൻ അവസാനിപ്പിക്കാം. ഫെയ്സ്ബുക്ക് പോസ്റ്റ് ഞാൻ വായിക്കാം. 'മതനിരപേക്ഷ, അഴിമതി വിമുക്ത, വികസിത പൊതുകേരള സൃഷ്ടിക്കായുള്ള നവകേരള മാർച്ച് ഇന്ന് കാസർഗോഡ് ഉപ്പളയിൽ നിന്ന് ആരംഭിക്കുകയാണ്. ഞങ്ങൾ ഇന്നലെത്തന്നെ കാസർഗോഡ് എത്തി. ജാഥയുടെ നായകൻ സഖാവ് പിണറായി വിജയന്റെ കൂടെ എൻഡോസൾഫാൻ ദുരിതബാധിത മേഖല സന്ദർശിച്ചു. ലാഭത്തിനുവേണ്ടിയുള്ള നെട്ടോട്ടത്തിൽ മുതലാളിത്തം കടപുഴകിയ ജീവിതങ്ങൾ ചോദ്യചിഹ്നങ്ങളായി ഞങ്ങളുടെ മുമ്പിൽനിന്നു. ഒന്നുറപ്പാണ്. ഇടതുപക്ഷ ജനാധിപത്യ മുന്നണി അധികാരത്തിൽ

വന്നാൽ എൻഡോസൾഫാൻ ദുരിതബാധിതരുടെ കണ്ണീരൊപ്പും; അവർക്ക് മികച്ച ജീവിതം ഉറപ്പുവരുത്തും. പതിനൊന്ന് പഞ്ചായത്തുകളിലായി ദുരിതം വിതച്ചിരിക്കുകയാണ് ഈ ജീവനാശിനി. എൻഡോസൾഫാൻ ദുരിതബാധിതർക്കുവേണ്ടി പല പദ്ധതികളും പരിപാടികളും ആസൂത്രണം ചെയ്ത് നടപ്പാക്കി. എങ്കിലും ഇന്നലെ ഞങ്ങൾക്ക് കാണാൻ കഴിഞ്ഞത് അത്യന്തം ദയനീയമായ കാഴ്ചയാണ്.' പ്രിയപ്പെട്ട എം. വി. ഗോവിന്ദൻ മാഷിന്റെ ഫെയ്സ്ബുക്ക് പോസ്റ്റാണിത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രീ. പിണറായി വിജയനോടൊപ്പം അന്ന് അങ്ങ് ജാഥ ഉദ്ഘാടനം ചെയ്യാൻ വന്നപ്പോഴുള്ള അങ്ങയുടെ ഫേസ്ബുക്ക് പോസ്റ്റാണിത്.

മി. സ്പീക്കർ: അങ്ങ് വിഷയം അവതരിപ്പിച്ചുകഴിഞ്ഞു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: എൻഡോസൾഫാൻ ഇരയായ ഒരു കുട്ടിയെ ആലിംഗനം ചെയ്യുന്ന ഒരു ഫോട്ടോ അതിലുണ്ട്. ഭരണത്തിലെത്തിയപ്പോൾ ഇതൊക്കെ നിങ്ങൾ മറന്നുപോയോ എന്നാണ് എനിക്ക് ചോദിക്കാനുള്ളത്. ചില കാര്യങ്ങൾകൂടി പറയാൻ അനുവദിക്കണം.

മി. സ്പീക്കർ: കഴിഞ്ഞ രണ്ട് ദിവസങ്ങളിൽ തന്നതിനേക്കാൾ സമയം തന്നു. അങ്ങ് പെട്ടെന്ന് അവസാനിപ്പിക്കണം.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: മുൻ മന്ത്രി ശ്രീ. കെ. പി. മോഹനൻ എൻഡോസൾഫാൻ വിഷയം ചർച്ച ചെയ്യുന്ന യോഗത്തിന്റെ ചെയർമാനായിരുന്നു. അദ്ദേഹം അന്ന് യോഗത്തിന് ഒരു മിനിട്ട് വൈകിയെത്തിയപ്പോൾ അദ്ദേഹത്തിന്റെ കയ്യിലുണ്ടായിരുന്ന കടലാസ് പിച്ചിച്ചീന്തിയെറിഞ്ഞ ആളുകളാണ് ഇപ്പോൾ ഇവിടെയുള്ളത്. എനിക്ക് ബഹുമാന്യനായ മുൻമന്ത്രി ശ്രീ. ഇ. ചന്ദ്രശേഖരനോട് ഒരു ചോദ്യം മാത്രം ചോദിക്കാനുണ്ട്. ...(മൈക്ക് ഓഫ്) .....

മി. സ്പീക്കർ: ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി.......

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): സർ, ഉത്തരം പറയാൻ അനുവദിക്കണം.

മി. സ്പീക്കർ: മൈക്ക് അങ്ങേയ്ക്കാണ്.

ഡോ. ആർ. ബിന്ദു: സർ, കേരള മനഃസാക്ഷിയെ പതിറ്റാണ്ടുകളായി വേട്ടയാടിക്കൊണ്ടിരിക്കുന്ന എൻഡോസൾഫാൻ വിപത്തിൽ മുതലാളിത്ത ആർത്തിയുടെ ഇരകളാക്കപ്പെട്ടവർക്കുവേണ്ടി ഏറ്റവും സക്രിയമായി ഇടപെടുന്നതും ആശ്വാസ നടപടിക്കുവേണ്ടി പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതും കേരളത്തിലെ ജനകീയ രാഷ്ട്രീയ പ്രവർത്തകരും ഇടതുപക്ഷ പുരോഗമന യുവജന പ്രവർത്തക

ളമാണെന്നുള്ളത് അഭിമാനപൂർവ്വം ഈ സഭയുടെ മുമ്പാകെ ചൂണ്ടിക്കാണിക്കാൻ ഞാൻ ഈ അവസരം ഉപയോഗിക്കുകയാണ്. ഇതുസംബന്ധിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്ററുമൊക്കെ പങ്കുവച്ച ഉൽക്കണ്ഠ ബഹുമാനപ്പെട്ട അംഗം ശ്രീ. എൻ. എ. നെല്ലിക്കുന്ന് ഇവിടെ ചൂണ്ടിക്കാണിക്കുകയുണ്ടായി. മുതലാളിത്തത്തിന്റെ അപമാനവീകരണം നിറഞ്ഞ സമീപനം ദുരിതത്തിലാക്കിയ എൻഡോസൾഫാൻ ദുരിതബാധിതരുടെ സങ്കടങ്ങളും നിവൃത്തികേടുകളും ഏറ്റെടുക്കുന്നത് ഇടതുപക്ഷ പുരോഗമന പ്രസ്ഥാനത്തിന്റെ പ്രവർത്തകരാണെന്നുള്ളതും ഡി.വൈ.എഫ്.ഐ. എന്ന യുവജനസംഘടന സുപ്രീംകോടതിവരെ പോയി വിട്ടുവീഴ്ചയില്ലാത്ത നിയമപോരാട്ടം നടത്തിയതിന്റെ ഭാഗമായിട്ടാണ് ഈ ദുരിതബാധിതർക്ക് നാളിതുവരെ സംരക്ഷണവും ആനുകൂല്യങ്ങളും ലഭിച്ചുപോരുന്നതെന്നുള്ളത് സഭയുടെ മുമ്പാകെ ഞാൻ ചൂണ്ടിക്കാണിക്കുകയാണ്. 2018-2019 കാലയളവിൽ എൻഡോസൾഫാൻ പ്രവർത്തനവുമായി ബന്ധപ്പെട്ട് ദുരിതബാധിതരെ കണ്ടെത്തുന്നതിനായി 38 ക്യാമ്പുകൾ സംഘടിപ്പിക്കുന്നതിന് എൻഡോസൾഫാൻ സെൽ മുൻകയ്യെടുക്കുകയുണ്ടായി. അപ്രകാരം നടത്തിയ ക്യാമ്പുകൾ പ്രകാരം സർക്കാരിന്റെ സമാശ്വാസ നടപടികൾക്കർഹരായി 6727 പേരെ തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ളതാണ്. അപ്രകാരം ഓരോ ക്യാമ്പിലും തെരഞ്ഞെടുക്കപ്പെട്ട രോഗബാധിതരെ വിവിധ വിഭാഗങ്ങളായി തിരിച്ച് സാമ്പത്തിക സഹായം നൽകിവരികയാണ്. മാനസിക വളർച്ചയെത്താത്ത 1498 പേരാണുള്ളത്. അവർക്ക് ആകെ 30,38,50,000 രൂപ ഇതിനകം നൽകിക്കഴിഞ്ഞിട്ടുണ്ട്. ശയ്യാവലംബികളായ 269 പേർക്ക് 13,45,00,000 രൂപ ഇതിനകം നൽകിക്കഴിഞ്ഞിട്ടുണ്ട്. ഇവർക്ക് സൗജന്യ ചികിത്സ, ബാങ്ക് കടം എഴുതിത്തള്ളൽ, പ്രതിമാസ പെൻഷൻ, സൗജന്യ റേഷൻ, വൈദ്യുതി നിരക്കിൽ ഇളവ്, വിദ്യാഭ്യാസ സ്കോളർഷിപ്പ് എന്നിവ നൽകിവരുന്നു. ക്യാൻസർ ബാധിതരായ 699 പേരിൽ 580 പേർക്ക് 3 ലക്ഷം രൂപ വീതം 17 കോടി 40 ലക്ഷം രൂപ നൽകിയിട്ടുണ്ട്. കൂടാതെ ഇവർക്കും സൗജന്യ ചികിത്സ, ബാങ്ക് കടം എഴുതിത്തള്ളൽ, പ്രതിമാസ പെൻഷൻ, സൗജന്യ റേഷൻ, വൈദ്യുതി നിരക്കിൽ ഇളവ്, വിദ്യാഭ്യാസ സ്കോളർഷിപ്പ് എന്നിവ നൽകിവരുന്നു. ഭിന്നശേഷി വിഭാഗത്തിൽപ്പെട്ട 1189 പേർക്ക് 3 ലക്ഷം രൂപ വീതം ആകെ 29,64,00,000 രൂപ നൽകിയിട്ടുണ്ട്. എൻഡോസൾഫാൻ ലിസ്റ്റിൽപ്പെട്ട മുഴുവൻ ദുരിതബാധിതർക്കും നിലവിൽ ചികിത്സാ ധനസഹായം നൽകിവരുന്നു. നാളിതുവരെ ഈ ഇനത്തിൽ 16,83,22,305 രൂപ സർക്കാർ ചെലവഴിച്ചിട്ടുണ്ട്. സ്വകാര്യ ആശുപത്രികളിൽ സമർപ്പിക്കുന്ന ബില്ലുകളിൽ ഓഡിറ്റ് നടത്തുന്നതിനായി ദേശീയ ആരോഗ്യ ദൗത്യം കാസർഗോഡ് കാര്യാലയത്തെ ഏൽപ്പിക്കാവുന്നതാണ്. നാളിതുവരെ 2153 ദുരിതബാധിതരുടെ

6,82,70,833 രൂപയുടെ ബാങ്ക് വായ്പകൾ എഴുതിത്തള്ളിയിട്ടുണ്ട്. വിദ്യാഭ്യാസ വായ്പ, വിദ്യാഭ്യാസ സ്കോളർഷിപ്പുകൾ എന്നിവ ആവശ്യാനുസരണം നൽകിവരുന്നുണ്ട്. സ്കോളർഷിപ്പ് ഇനത്തിൽ നാളിതുവരെ നാല് കോടി നാൽപത്തിനാല് ലക്ഷത്തിലധികം രൂപ നൽകിയിട്ടുണ്ട്. ഈ ദുരിതബാധിതരെ ഉദ്ദേശിച്ചുകൊണ്ട് പ്രത്യേകം മെഡിക്കൽ ക്യാമ്പുകൾ നടത്തിവരുന്നുണ്ട്. ഇത്തരത്തിൽ നാനാമുഖമായിട്ടുള്ള പുനരധിവാസ പ്രവർത്തനങ്ങളാണ് എൻഡോസൾഫാൻ ദുരിതബാധിതർക്കു വേണ്ടി നാളിതുവരെ സർക്കാർ നടപ്പാക്കിവരുന്നത്. ജില്ലാ കളക്ടർ അദ്ദേഹത്തിന്റെ കത്തിൽ സൂചിപ്പിച്ചിട്ടുള്ള ആശയം സർക്കാരിന്റേതാണെന്ന നിലയിൽ അംഗീകരിക്കപ്പെട്ടിട്ടില്ല. തീർച്ചയായും എൻഡോസൾഫാൻ വിപത്തിൽ ഇരകളാക്കപ്പെട്ട ഹതഭാഗ്യരായ സഹോദരങ്ങൾക്കൊപ്പമാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ. നാളിതുവരെ അതിനുവേണ്ടി ആത്മാർത്ഥമായി പ്രവർത്തിച്ചിട്ടുള്ളത് ഇടതുപക്ഷ പുരോഗമന പ്രസ്ഥാനത്തിന്റെ യുവ സുഹൃത്തുക്കളാണ്. നിയമ പോരാട്ടത്തിലൂടെ അവർ നേടിയെടുത്ത സംരക്ഷണത്തിന്റെ കവചം കൂടുതൽ ശക്തമായി ഉറപ്പിച്ചെടുക്കാൻ ഇടതുപക്ഷജനാധിപത്യ മുന്നണി സർക്കാർ പ്രതിജ്ഞാബദ്ധമാണ്. ബഹുമാനപ്പെട്ട മെമ്പർ വളരെ കാൽപ്പനികമായ രീതിയിൽ ചില കാര്യങ്ങൾ അവതരിപ്പിക്കുകയും സാഹിത്യവും ഫെയ്സ്ബുക്ക് പോസ്റ്റുകളും ചൂണ്ടിക്കാണിക്കുകയുമുണ്ടായി. വളരെ മൂർത്തമായ നിലയിൽ പ്രയാസം അനുഭവിക്കുന്നവരുടെ സങ്കടങ്ങളും കണ്ണീരും ഹൃദയമിടിപ്പുകളും ഏറ്റെടുക്കുന്ന ഒരു പ്രസ്ഥാനത്തിന്റെ പ്രതിനിധിയായിട്ടാണ് ഇടതുപക്ഷ ഭരണം മുന്നോട്ടുപോയിക്കൊണ്ടിരിക്കുന്നതെങ്കിൽ തീർച്ചയായും യാതൊരു വിധത്തിലും എൻഡോസൾഫാൻ ദുരിതബാധിതർ ആശങ്കപ്പെടേണ്ട കാര്യമില്ലെന്ന് അടിവരയിട്ട് സൂചിപ്പിച്ചുകൊണ്ട് ഈ അടിയന്തരപ്രമേയത്തിന് ഇപ്പോൾ പ്രസക്തിയില്ലെന്നും അത് അനുവദിക്കേണ്ടതില്ലെന്നും സവിനയം ചൂണ്ടിക്കാണിക്കുകയാണ്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തരപ്രമേയത്തിന് അവതരണാനുമതി നിഷേധിക്കുന്നു.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു)

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, Rachel Carson-ന്റെ ലോകപ്രശസ്തമായ ഒരു പുസ്തകമാണ് 'Silent Spring'. ലോകം മുഴുവൻ മാറ്റിമറിച്ച ഞെട്ടിക്കുന്ന ചില വിവരങ്ങൾ ആ പുസ്തകത്തിലുണ്ടായിരുന്നു. അതിനെത്തുടർന്നാണ് മാരകവിഷമായ ഡി.ഡി.റ്റി. (DDT) ലോകം മുഴുവൻ നിരോധിച്ചത്. സിന്തറ്റിക് കീടനിശിനിക്കെതിരായി അവർ നടത്തിയ പോരാട്ടത്തിനൊപ്പമോ അതിന് മീതെയോയാണ് കാസർഗോഡ് ജില്ലയിലെ ഒരു കൃഷി ഓഫീസിലെ

ജീവനക്കാരിയായിരുന്ന ലീലാകുമാരി അമ്മയും മാധ്യമപ്രവർത്തക ശ്രീഭദ്രയും ഡോക്ടറായ ശ്രീ. വൈ. എസ്. മോഹൻകുമാറും 'എൻമകജെ' എന്ന നോവലെഴുതി നമ്മെ കരയിച്ച അംബികാസുതൻ മാങ്ങാടും അടക്കമുള്ള നിരവധി വ്യക്തികളും സംഘടനകളും നടത്തിയ എൻഡോസൾഫാനെതിരായിട്ടുള്ള പോരാട്ടം. Rylands Vs Fletcher എന്ന പ്രസിദ്ധമായ ഒരു ഇംഗ്ലീഷ് കോടതി വിധിയുടെ അടിസ്ഥാനത്തിൽ strict liability എന്നൊരു തത്വമാണ് ലോകം മുഴുവൻ അംഗീകരിച്ചിരുന്നത്. എന്നാൽ ഭോപ്പാൽ ദുരന്തത്തിന് ശേഷമുണ്ടായ M. C. Mehta കേസുകളുടെ ഭാഗമായി ബഹുമാനപ്പെട്ട സുപ്രീംകോടതി വളരെ നിർണ്ണായകമായ വിധിന്യായം പുറപ്പെടുവിക്കുകയുണ്ടായി. ലോകം മുഴുവൻ അംഗീകരിച്ചിരുന്ന ഇംഗ്ലീഷ് കോടതി വിധികളെ മറികടന്നുകൊണ്ട് strict liability എന്നുള്ള തത്വം മാറ്റി absolute liability എന്നാക്കി മാറ്റി. 'Polluter has absolute liability' എന്നാണ് ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ കൺക്ലൂഷൻ. 'Let the polluter pay the money' എന്നാണ്. ഇവിടെ ആരാണ് polluter? ആരാണ് ഈ ഇരകളെ ഉണ്ടാക്കിയത്; സംസ്ഥാനമാണ്. ഏത് ഗവൺമെന്റാണ് എന്നുള്ളതല്ല. നമ്മളെല്ലാവരും സ്റ്റേറ്റിന്റെ ഭാഗമായി നിൽക്കുമ്പോൾ ഈ സ്റ്റേറ്റിനാണ് അതിന്റെ പൂർണ്ണ ഉത്തരവാദിത്തമുള്ളത്. എൻഡോസൾഫാൻ ഇരകളെക്കുറിച്ച് ബഹുമാന്യനായ എം.എൽ.എ. എൻ. എ. നെല്ലിക്കുന്ന് വളരെ വിശദമായും വികാരപരമായും പറയുകയുണ്ടായി. അദ്ദേഹം എല്ലാ ദിവസവും അവരെ കണ്ടുകൊണ്ടിരിക്കുകയാണ്. ഞാനും കഴിഞ്ഞ ദിവസങ്ങളിൽ അവരെ സന്ദർശിച്ചിരുന്നു. കണ്ണീരോടെയല്ലാതെ നമുക്കാർക്കും അവിടെനിന്ന് മടങ്ങാൻ കഴിയില്ല. അവിടെ പോകുന്ന എല്ലാവരിലും സങ്കടങ്ങൾ മാത്രം ബാക്കിയാകും. ആ കുഞ്ഞുങ്ങളുടെ സങ്കടം കണ്ട് കണ്ണീരോടെയല്ലാതെ ഒരാൾക്കും അവിടെനിന്നും മടങ്ങിവരാൻ കഴിയില്ല. അവരുടെ പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കണ്ടേ? ഇന്ന് സെക്രട്ടേറിയറ്റിന്റെ നടയിൽ അവർ വീണ്ടും സമരമിരിക്കുകയാണ്. അതല്ലാതെ അവർക്ക് മാർഗ്ഗമില്ല. നിവൃത്തിയില്ലാതെയാണ് കാസർഗോഡുനിന്ന് ട്രെയിൻ കയറി അവരിവിടെ വന്ന് സമരം ചെയ്യുന്നത്. റെമഡിയേഷൻ സെൽ രൂപീകരിക്കുമെന്ന് മന്ത്രി പറഞ്ഞു. റെമഡിയേഷൻ സെല്ലാണ് അവിടെ നടക്കുന്ന എല്ലാ പ്രവർത്തനങ്ങളെയും ഏകോപിപ്പിക്കുന്നത്. വിവിധ വകുപ്പുകളുണ്ട്. ഇത് സാമൂഹ്യനീതി വകുപ്പുമാത്രം ചെയ്യുന്ന ഒരു കാര്യമല്ല എന്നതിനാലാണ് ഞങ്ങൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് നോട്ടീസ് കൊടുത്തത്. ഇത് വിവിധ വകുപ്പുകളുടെ ഏകോപനം ആവശ്യമുള്ള വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണ്. മുഖ്യമന്ത്രിക്ക് അത് നന്നായി അറിയുകയും ചെയ്യാം. 1-2-2019-ൽ ശ്രീ. എൻ. എ. നെല്ലിക്കുന്നുതന്നെ ഈ വിഷയം

നിയമസഭയിൽ അവതരിപ്പിച്ചപ്പോൾ മുഖ്യമന്ത്രിയാണ് അതിന് മറുപടി പറഞ്ഞത്. 2016-ലെ തെരഞ്ഞെടുപ്പിനുമുമ്പ് അദ്ദേഹം അവിടെ ജാഥ നടത്തിയെന്ന് പറഞ്ഞു. രാഷ്ട്രീയനേതാക്കളെല്ലാവരും അവിടെ പോയിട്ടുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് വളരെ നന്നായി അറിയാവുന്ന വിഷയമാണ്. തെരഞ്ഞെടുപ്പ് കഴിഞ്ഞതിനുശേഷം മാത്രമല്ല, ഒരു കൊല്ലമായി റെമഡിയേഷൻ സെൽ കൂടുന്നില്ല. ആ റെമഡിയേഷൻ സെല്ലാണ് എല്ലാവർക്കും പരാതി പറയാനും പരിഹരിക്കാനുമുള്ള ഏറ്റവും വലിയ പ്ലാറ്റ്ഫോം. അവിടെ നിന്നാണ് പ്രശ്നങ്ങൾ അപ്പപ്പോൾ പരിഹരിച്ചുകൊണ്ടിരുന്നത്. പുതിയ സർക്കാർ അധികാരത്തിൽ വന്നിട്ട് മൂന്നുനാല് മാസമായി. ശ്രീ. കെ. പി. മോഹനനും മുൻമന്ത്രിയായിരുന്ന ശ്രീ. ഇ. ചന്ദ്രശേഖരനുമൊക്കെയായിരുന്നു മുൻകാലങ്ങളിലെ ചെയർമാൻമാർ. ആദ്യകാലങ്ങളിലെല്ലാം ആ സെൽ വളരെ ഭംഗിയായി കൂടിയിരുന്നു. ഇപ്പോൾ അത് കൂടുന്നുമില്ല; പരിഹാരമുണ്ടാകുന്നുമില്ല. ചെറുതും വലുതുമായ നിരവധി പ്രശ്നങ്ങൾ അവർ നേരിടുന്നുണ്ട്. 2019 ഫെബ്രുവരി 3-ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ കൂടിയ യോഗത്തിലെടുത്ത തീരുമാനങ്ങളിൽ പലതും നടപ്പാക്കിയിട്ടില്ല. അതുകൊണ്ടാണ് മുഖ്യമന്ത്രി ബഹുമാനപ്പെട്ട മന്ത്രിയോട് മറുപടി പറയാൻ പറഞ്ഞതെന്നാണ് എനിക്ക് മനസ്സിലാകുന്നത്. 2017-ലെ മെഡിക്കൽ ക്യാമ്പിൽ കണ്ടെത്തിയ 1905 പേരിൽ 1031 പേരെ ഇതുവരെ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടില്ല. ശ്രീ. എൻ. എ. നെല്ലിക്കുന്ന് ഉന്നയിച്ച ആ പ്രശ്നത്തിന് മന്ത്രി മറുപടി പറഞ്ഞില്ല. ഓരോ കാലഘട്ടത്തിൽ മെഡിക്കൽ ക്യാമ്പ് നടത്തിയിട്ടാണ് ലിസ്റ്റിൽ ഉൾപ്പെടുത്തേണ്ടവരെ കണ്ടെത്തുന്നത്. അങ്ങനെ മെഡിക്കൽ ക്യാമ്പ് നടത്തി കണ്ടെത്തിയ 1031 പേരെ നാല് വർഷമായിട്ടും ഇതുവരെ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടില്ല. പ്രത്യേകമായ മെഡിക്കൽ ക്യാമ്പ് നടത്താമെന്ന 2019 ഫെബ്രുവരി 3-ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ യോഗത്തിലെടുത്ത തീരുമാനം രണ്ടര വർഷം കഴിഞ്ഞിട്ടും ഇതുവരെ നടപ്പാക്കിയിട്ടില്ല. അവിടെയുള്ള പ്രശ്നമെന്താണ്? വിദഗ്ദ്ധ ചികിത്സ കൊടുക്കുന്നുണ്ടെന്ന് പറയുന്നു. ഇതെല്ലാം നെർവുമായി ബന്ധപ്പെട്ട കേസുകളാണ്. അവിടെ വിദഗ്ദ്ധ ഡോക്ടർമാരില്ല. ബഹുമാനപ്പെട്ട ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി ഇക്കാര്യങ്ങൾ ശ്രദ്ധിക്കണം. ഒരു ട്രോമാ കെയർ സെന്ററില്ലാത്ത ജില്ലയാണ് കാസർഗോഡ്. ഒരു ന്യൂറോളജിസ്റ്റില്ല. കാഞ്ഞങ്ങാട് ആശുപത്രിയിലും കാസർഗോഡ് ആശുപത്രിയിലും ന്യൂറോളജിസ്റ്റി ല്ലെന്നുള്ള കാര്യം അദ്ദേഹത്തിനറിയാം. ഇതെല്ലാം ന്യൂറോളജിയുമായി ബന്ധപ്പെട്ട അസുഖങ്ങളാണ്. വിദഗ്ദ്ധ ചികിത്സ കിട്ടാതെ കുട്ടികൾ മരിച്ചുകൊണ്ടിരിക്കുകയാണ്. എല്ലാവരും മംഗലാപുരത്തെ ആശ്രയിക്കുകയാണ്. ഈ കോവിഡ് മഹാമാരിയുടെ കാലത്ത് മംഗലാപുരത്ത് എത്താൻ പറ്റാത്തതുകൊണ്ട് ഇരുപത് പേർ അവിടെ

മരിച്ചിട്ടുണ്ട്. കുഞ്ഞുങ്ങളാണ് മരിച്ചുകൊണ്ടിരിക്കുന്നത്. അവിടെ സംവിധാനങ്ങളില്ലാത്തുകൊണ്ടാണ് ഇങ്ങനെ മരിക്കുന്നത്. നമുക്ക് അവിടെ ന്യൂറോളജിസ്റ്റിനെ നിയമിക്കണ്ടേ; അവിടെ വിദഗ്ദ്ധ ഡോക്ടർമാരും ട്രോമാ കെയർ സെന്ററും വേണ്ടേ? എൻഡോസൾഫാൻ ഇരകളായ രോഗികൾ മാത്രം ആറായിരത്തിനും ഏഴായിരത്തിനുമിടയ്ക്കുണ്ട്. അവരെ പരിശോധിക്കാനുള്ള ചികിത്സാ സംവിധാനം മെച്ചപ്പെടുത്തണ്ടേ? ബഹുമാനപ്പെട്ട സുപ്രീംകോടതി വിധിയെക്കുറിച്ച് മന്ത്രി ഇവിടെ സൂചിപ്പിച്ചു. അതിനുമുമ്പ് 2012-ൽ നാഷണൽ ഹ്യൂമൻ റൈറ്റ്സ് കമ്മീഷന്റെ വിധിയുണ്ടായിരുന്നു. അന്നത്തെ ഗവൺമെന്റ് കുറേ നഷ്ടപരിഹാരങ്ങൾ കൊടുത്തിരുന്നു. ഇപ്പോൾ ബഹുമാനപ്പെട്ട സുപ്രീംകോടതി വിധിയിൽ പറഞ്ഞിരിക്കുന്നത് എന്താണ്. ഡി.വൈ.എഫ്.ഐ. ആണ് കോടതിയിൽ പോയത്. വളരെ നല്ല കാര്യം. ഞാൻ അവരെ അഭിനന്ദിക്കുകയാണ്. " to release the entire undisbursed payment of compensation, quantified as ₹5 lakhs each, to all the affected persons, within three months from today" എന്നാണ് കോടതി പറഞ്ഞിരിക്കുന്നത്. 2017 ജനുവരി 10-ലെ വിധിയാണിത്. 3713 പേർക്ക് നാല് വർഷമായിട്ടും ഇതുവരെ നയാപൈസ കിട്ടിയിട്ടില്ല. 1446 പേർക്ക് അഞ്ച് ലക്ഷം രൂപയും 1568 പേർക്ക് മൂന്ന് ലക്ഷം രൂപയും കിട്ടി. ഈ ലിസ്റ്റിലുള്ള 3713 പേർക്ക് മൂന്ന് മാസത്തിനകം നഷ്ടപരിഹാരം കൊടുക്കണമെന്ന് ബഹുമാനപ്പെട്ട സുപ്രീം കോടതി പറഞ്ഞ് നാല് വർഷം കഴിഞ്ഞിട്ടും അത് കൊടുത്തിട്ടില്ല. ആജീവനാന്ത ചികിത്സ നൽകണമെന്നാണ് ബഹുമാനപ്പെട്ട സുപ്രീംകോടതി പറഞ്ഞിട്ടുള്ളത്. അതിനുള്ള സൗകര്യങ്ങൾ അവിടെയില്ല. ചികിത്സ നടക്കുന്നില്ല. പത്തും ഇരുപത്തിയഞ്ചും മുപ്പതും നാല്പതും വയസ്സുള്ളവരെയൊക്കെ എടുത്താണ് മംഗലാപുരത്തേയ്ക്ക് കൊണ്ടു പോകുന്നത്. അവരെ ശുശ്രൂഷിക്കുന്ന മാതാപിതാക്കളുടെ സങ്കടവും കാണണം. ഇപ്പോൾ മംഗലാപുരത്തേയ്ക്ക് പോകണമെങ്കിൽ ആർ.ടി.പി.സി.ആർ. ടെസ്റ്റ് റിസൾട്ട് വേണം. ഒരുപാട് പ്രശ്നങ്ങളും തടസ്സങ്ങളുമാണുള്ളത്. മുഴുവൻ ദുരിതബാധിതരുടെയും കടം എഴുതിത്തള്ളുമെന്ന് പറഞ്ഞിട്ടുണ്ടായിരുന്നു. വളരെ കുറച്ചാളുകളുടെ കടം മാത്രമേ എഴുതിത്തള്ളിയിട്ടുള്ളൂ. ധാരാളം ആളുകളുടെ കടം എഴുതിത്തള്ളാനുണ്ട്. ആ കുടുംബങ്ങൾക്ക് ഒരു നിവൃത്തിയുമില്ല. പല കുടുംബങ്ങളിലും ഒന്നും രണ്ടും പേർ ഇരകളാണ്. ആ കുടുംബങ്ങളുടെ പ്രതീക്ഷയായിരുന്നവരാണ് ഇരകളായി മാറിയിരിക്കുന്നത്. 2013-ലെ സർക്കാർ ഉത്തരവനുസരിച്ച് ഈ ദുരിതബാധിതരെല്ലാവരും ബി.പി.എൽ. കാർഡുടമകളായിരുന്നു. ഇപ്പോൾ ഒരുപാടുപേർ അതിൽനിന്ന് പുറത്തുപോയി. അത് പുനഃസ്ഥാപിക്കാനുള്ള നടപടി സ്വീകരിക്കണം. എട്ടുവർഷം മുമ്പ് നിശ്ചയിച്ചിരിക്കുന്ന പെൻഷനാണ് ഇപ്പോഴുമുള്ളത്. അതിനിടയിൽ വേറെ

ഏതെല്ലാം തരത്തിലുള്ള പെൻഷൻ ഉയർത്തി. ആ പാവങ്ങളുടെ പെൻഷൻകൂടി ഉയർത്താൻ നടപടികളുണ്ടാകണം. വളരെ ഗൗരവത്തോടുകൂടി ശ്രീ. എൻ. എ. നെല്ലിക്കുന്ന് ഇവിടെ പറഞ്ഞ ഒരു വിഷയമുണ്ട്, ഗവൺമെന്റ് തയ്യാറാക്കിയിരിക്കുന്ന എൻഡോസൾഫാൻ ഇരകളുടെ ലിസ്റ്റ് മുഴുവൻ പരിശോധിക്കണം, ഇത് മുഴുവൻ കുഴപ്പമാണെന്നാണ് മുൻകളക്ടർ പറഞ്ഞിരിക്കുന്നത്. ഈ ലിസ്റ്റ് വീണ്ടും ഉണ്ടാക്കണമെന്നാണ് പറഞ്ഞിരിക്കുന്നത്. മൂന്ന് ഘട്ടങ്ങളിലുള്ള പരിശോധന കളിലൂടെയാണ് നിലവിലുള്ള ലിസ്റ്റ് തയ്യാറാക്കിയിരിക്കുന്നത്. പി.എച്ച്.സി.-സി.എച്ച്.സി. തലങ്ങളിൽ നടക്കുന്ന പ്രാഥമിക പരിശോധനയിലൂടെ സ്പെഷ്യലിസ്റ്റ് മെഡിക്കൽ ക്യാമ്പുകളിൽ പങ്കെടുപ്പിക്കേണ്ട രോഗികളെ മെഡിക്കൽ ഓഫീസർമാർ കണ്ടെത്തുകയും അത് ജില്ലാ മെഡിക്കൽ ഓഫീസർക്ക് കൊടുക്കുകയും ചെയ്യുന്നതാണ് ആദ്യ ഘട്ടം. ജില്ലാ മെഡിക്കൽ ഓഫീസറുടെ നേതൃത്വത്തിൽ ഒരു മെഡിക്കൽ ടീം ഈ ലിസ്റ്റ് സൂക്ഷ്മമായി പരിശോധിച്ച് സ്പെഷ്യലിസ്റ്റ് മെഡിക്കൽ ക്യാമ്പിൽ പങ്കെടുപ്പിക്കേണ്ടവരുടെ പട്ടിക തയ്യാറാക്കുന്നതാണ് രണ്ടാം ഘട്ടം. അപ്പോൾ അവിടെ ഒരു സ്ക്രീനിംഗുണ്ട്. സംസ്ഥാനത്തെ വിവിധ മെഡിക്കൽ കോളേജുകളിലെ പതിനൊന്ന് സ്പെഷ്യാലിറ്റി വിഭാഗത്തിലെ ഡോക്ടർമാർ ക്യാമ്പുകളിൽവച്ച് രോഗികളെ പരിശോധിച്ച് ആ റിപ്പോർട്ടിന്റെയും ഫീൽഡ് തല അന്വേഷണത്തിന്റെയും അടിസ്ഥാനത്തിൽ ദുരിതബാധിതരുടെ പട്ടിക തയ്യാറാക്കു ന്നതാണ് മൂന്നാമത്തെ ഘട്ടം. വിവിധ സർക്കാരുകളുടെ കാലത്ത് ഈ നിലയിൽ പരിശോധിച്ചുണ്ടാക്കിയ പട്ടിക ശരിയല്ലെന്നും പുനഃപരിശോധിക്കണമെന്നുമാണ് കളക്ടർ പറയുന്നത്. മാത്രമല്ല, അദ്ദേഹം കൊടുത്ത ഇന്റർവ്യൂവിൽ ഈ രോഗികളെക്കുറിച്ചും അവർക്കുവേണ്ടി സംസാരിക്കുന്നവരെക്കുറിച്ചും പറയുന്നത്, 'പൈങ്കിളി നോവലുകളിലെ കഥാപാത്രങ്ങളെപ്പോലെയാണ് ഇവർ സംസാരിക്കുന്നത്. ഞാനാണ് ശാസ്ത്രജ്ഞൻ, കാർഷിക മേഖലയിൽ ഗവേഷണം നടത്തിയ ഒരാളാണ് ഞാൻ, ഇത് എൻഡോസൾഫാൻ ഇരകളല്ല' എന്നാണ്. കളക്ടർ സർക്കാരിന്റെ പ്രതിനിധിയല്ലേ? സർക്കാരിന്റെ പ്രതിനിധിയായി എല്ലാ ഉത്തരവാദിത്വവുമുള്ള ഒരു കളക്ടർ, ഇവർ എൻഡോസൾഫാൻ ഇരകളല്ല എന്നുപറഞ്ഞാൽ അയാൾ സർക്കാരിന്റെ പ്രതിനിധിയായിരുന്നോ; കീടനാശിനി കമ്പനിയുടെ ഏജന്റായിരുന്നോ? ഇത് ആരും കണ്ടില്ലേ? സമരസമിതിക്കാർ എല്ലാവരും വന്ന് പരാതി കൊടുത്തല്ലോ. ഇവിടെ മന്ത്രി പറഞ്ഞു, 'സെൽ ഇല്ലെങ്കിലെന്താ അവിടെ ജില്ലാതല ഏകോപന സമിതിയുണ്ടല്ലോ' എന്ന്. അവിടെ പോകുന്ന രോഗികളോടും അവരുടെ ബന്ധുക്കളോടും പെരുമാറുന്നത് എങ്ങനെയെന്ന് അന്വേഷിക്കണം, അഹന്ത നിറഞ്ഞ രീതിയിലാണ് പെരുമാറുന്നത്. അവരെ അപമാനിച്ചാണ് അവിടെനിന്നും അയയ്ക്കുന്നത്. അവർ

ഏതോ ഔദാര്യം കൈപ്പറ്റാൻവേണ്ടി വന്നിരിക്കുന്നവരാണെന്നുള്ള രീതിയിൽ വളരെ മോശമായിട്ടാണ് പെരുമാറുന്നത്. സർക്കാരിന്റെ പ്രതിനിധിയായ ഒരു ജില്ലാ കളക്ടർ ഈ നിലപാടാണ് സ്വീകരിക്കുന്നതെങ്കിൽ അതിന്റെ താഴെയുള്ള ഉദ്യോഗസ്ഥർ ഈ പാവങ്ങളോട് എങ്ങനെ പെരുമാറും? നോവൽ എഴുതിയതിനെക്കുറിച്ച് അവഹേളിച്ച് പറയുകയാണ്. 'എൻമകജെ' എന്ന നോവൽ വായിക്കാത്ത ആരും ഇവിടെ കാണില്ല. നമ്മളെല്ലാവരും വളരെ നേരത്തെ വായിച്ചതാണ്. അത്തരത്തിൽ ഒരുപാട് പുസ്തകങ്ങൾ ആളുകളെ സ്വാധീനിച്ചിട്ടുണ്ട്. ഇവർ എൻഡോസൾഫാൻ ദുരന്തബാധിതരല്ല എന്നൊരു നിലപാട് ഗവൺമെന്റിനുണ്ടോ? ഇത് എൻഡോസൾഫാൻ ദുരന്തബാധിതരാണ്. ഉദ്യോഗസ്ഥരുടെ കൈകളിലേയ്ക്ക് കൊടുക്കേണ്ട ഒരു കാര്യമല്ലിത്. ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞല്ലോ 'ഇത് ഇടതുപക്ഷമാണ്, ജനപക്ഷമാണ്, ഹൃദയപക്ഷമാണ് 'എന്നൊക്കെ; അങ്ങനെയാകണമെന്നാണ് എന്റെ അഭ്യർത്ഥന. ഉദ്യോഗസ്ഥരുടെ കൈകളിലേയ്ക്ക് കൊടുക്കാതെ ഈ പാവങ്ങളെ ഹൃദയത്തോട് ചേർത്ത് നിർത്തണം. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇക്കാര്യത്തിൽ മുൻകയ്യെടുക്കണം. നമ്മൾ ഉറപ്പുകൊടുത്തിട്ടുള്ള കാര്യങ്ങൾ മാത്രം ചെയ്താൽ മതി, പുതിയ liability ഒന്നും വരുത്തേണ്ട. ബഹുമാനപ്പെട്ട മുഖ്യമന്ത്രി അവരോട് വിളിച്ച് സംസാരിച്ച് അവർക്ക് കൊടുത്തിട്ടുള്ള ഉറപ്പ് പാലിക്കണം. അവർക്കുവേണ്ടി ചെയ്യേണ്ട കാര്യങ്ങൾ കൃത്യമായി ചെയ്യുകയും അത് പരിശോധിക്കാൻവേണ്ടിയുള്ള remediation cell രൂപീകരിക്കുകയും വേണം. ബഹുമാനപ്പെട്ട മുഖ്യമന്ത്രി വിചാരിച്ചാൽ 24 മണിക്കൂറിനകം അത് സാധിക്കും. അങ്ങത് ചെയ്യണമെന്നാണ് ഞങ്ങളുടെ അഭ്യർത്ഥന. അങ്ങയുടെ പ്രതികരണം കൂടി അറിയാൻ ഞാൻ ആഗ്രഹിക്കുകയാണ്.

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, ഞങ്ങൾ വാക്കൗട്ടൊന്നും നടത്തുന്നില്ല. ഞങ്ങൾ ഇതിൽനിന്നും ഒരു റിസൾട്ടാണ് പ്രതീക്ഷിക്കുന്നത്. കാരണം, വളരെ ദയനീയമായ ഈ സ്ഥിതിവിശേഷം ഹൃദയസ്പർശിയായ രീതിയിൽത്തന്നെയാണ് ശ്രീ. എൻ. എ. നെല്ലിക്കുന്ന് ഇവിടെ അവതരിപ്പിച്ചത്. പ്രതിപക്ഷ നേതാവും അതേ ഊർജ്ജം ഉൾക്കൊണ്ടുതന്നെയാണ് ഇവിടെ സംസാരിച്ചത്. നിങ്ങൾ നേരത്തെ എടുത്ത നിലപാടാണ്, ഞങ്ങളത് അംഗീകരിക്കുന്നു. പൊളിറ്റിക്കൽ പാർട്ടി എന്നുള്ള നിലയ്ക്കൊന്നും ചോദ്യം ചെയ്യുന്നില്ല. പക്ഷെ ഫലത്തിൽ ഈ പാവങ്ങൾക്ക് ഒന്നും കിട്ടുന്നില്ല. ലിസ്റ്റിലുള്ളവർതന്നെ ഇപ്പോഴും നയാപൈസ കിട്ടാതെ നിൽക്കുന്നു. ഈ സ്ഥിതിവിശേഷം ദയവായി പരിഹരിക്കണമെന്നു മാത്രമേ ഞങ്ങൾ ആവശ്യപ്പെടുന്നുള്ളൂ.

[അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ]

## III ശ്രദ്ധ ക്ഷണിക്കൽ

### (1) വിനോദസഞ്ചാര മേഖലയുടെ പുനരുജ്ജീവനം

ശ്രീ. എച്ച്. സലാം: സർ, കോവിഡിന്റെ പ്രയാസകരമായ അന്തരീക്ഷം വന്നതിനുശേഷം സംസ്ഥാനത്തെ ടൂറിസം മേഖല കടുത്ത പ്രതിസന്ധിയിലാണ്. കേരളം ഇന്ത്യയിലെതന്നെ ഏറ്റവും പ്രധാനപ്പെട്ട ടൂറിസ്റ്റ് സെന്ററാണെന്നുള്ള കാര്യം നമുക്കറിയാം. നാഷണൽ ജിയോഗ്രാഫിക് മാഗസിൻ ലോകത്ത് സന്ദർശിക്കേണ്ട 50 സ്ഥലങ്ങളിലൊന്നായി കേരളത്തെ തെരഞ്ഞെടുത്തിട്ടുണ്ട്. പ്രകൃതിപരമായി നമുക്ക് ആർജ്ജിക്കാൻ കഴിഞ്ഞ മികവുകളാണ് ഇതിന്റെ അടിസ്ഥാനം. ഏതാണ്ട് 580 കിലോമീറ്റർ കടൽത്തീരം, സൈലന്റ്വാലി പോലുള്ള അഞ്ച് ദേശീയോദ്യാനങ്ങൾ, വാഗമൺ പോലുള്ള ഹിൽ സ്റ്റേഷനുകൾ, വെള്ളച്ചാട്ടങ്ങൾ, കായലുകൾ, വയലുകൾ, വന്യജീവി സംരക്ഷണ കേന്ദ്രങ്ങൾ, ഇക്കോ ടൂറിസം സെന്ററുകൾ തുടങ്ങി പ്രകൃതി കനിഞ്ഞനുഗ്രഹിച്ച സൗന്ദര്യം കേരളത്തിന്റെ ഏറ്റവും വലിയ പ്രത്യേകതയാണ്. 2019-ലെ കണക്കനുസരിച്ച് ഇന്ത്യയിലെ ആഭ്യന്തര ടൂറിസ്റ്റുകളുടെ എണ്ണത്തിൽ 64% കേരളത്തിലാണ്. ആകെയുള്ള 1.84 കോടി സഞ്ചാരികളിൽ 1.18 കോടി സഞ്ചാരികൾ എത്തിയത് കേരളത്തിലാണ്. സംസ്ഥാനത്തിന്റെ വരുമാനത്തിന്റെ കാര്യത്തിലും പ്രധാനപ്പെട്ടൊരു മേഖലയാണ് ടൂറിസം. നമ്മുടെ ജി.ഡി.പി.-യുടെ ഏതാണ്ട് 23% ടൂറിസം മേഖല നൽകുന്നതായാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. 2019-ൽ നിന്ന് 2020-ലേയ്ക്കെത്തുമ്പോൾ വലിയ ഇടിവാണ് വരുമാനത്തിൽ സംഭവിച്ചത്. 45019 കോടി രൂപയിൽനിന്നും 11335 കോടി രൂപയായി വരുമാനം കുറഞ്ഞു. സ്വാഭാവികമായും നമ്മുടെ ആകെ വരുമാനത്തിൽ ഒരു പ്രധാനപ്പെട്ട പങ്ക് വഹിക്കുന്ന ടൂറിസം മേഖലയിലെ ഇടിവ് സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതിയെ ഗൗരവമായി ബാധിക്കുന്ന ഒരു പ്രധാനപ്പെട്ട പ്രശ്നമാണ്. മറ്റൊന്ന്, ലക്ഷക്കണക്കിന് തൊഴിലാളികളുടെ ഉപജീവനമാർഗ്ഗമാണ് ടൂറിസം മേഖല. ഹൗസ് ബോട്ടുകൾ, ശിക്കാർ ബോട്ടുകൾ, മോട്ടോർ ബോട്ടുകൾ, ഓട്ടോ-ടാക്സി ഡ്രൈവർമാർ, ടൂർ ഓപ്പറേറ്റർമാർ, ചെറുകിട കച്ചവടക്കാർ, ടൂറിസം ഗൈഡുകൾ, ഹോട്ടലുകൾ, റിസോർട്ടുകൾ, ബീച്ചുകൾ, ഹോം സ്റ്റേകൾ, ആയുർവേദ സെന്ററുകൾ തുടങ്ങി ലക്ഷക്കണക്കിന് തൊഴിലാളികളും സംരംഭകരും ആശ്രയിക്കുന്ന ഈ മേഖല ഏതാണ്ട് ഒന്നേമുക്കാൽ വർഷമായി പ്രയാസകരമായ അന്തരീക്ഷം നേരിട്ടുകൊണ്ടിരിക്കുകയാണ്. സ്വാഭാവികമായും ഇത് തരണം ചെയ്യുകയെന്നുള്ളത് പ്രധാനമാണ്. ആലപ്പുഴ ജില്ലയിൽ ഏതാണ്ട് 1385 ഹൗസ് ബോട്ടുകൾ, മുന്നൂറിലേറെ ശിക്കാർ ബോട്ടുകൾ, മോട്ടോർ ബോട്ടുകൾ

എന്നിവയുണ്ട്. 25000-ന് മുകളിൽ വരുന്ന തൊഴിലാളികൾ ബോട്ടിംഗ് മേഖലയെ ആശ്രയിച്ച് ഉപജീവനം നടത്തുന്നവരാണ്. ഇപ്പോൾ അവിടെയാകെ നിശ്ചലാവ സ്ഥയിലാണ്. കേരളത്തിലാകെ നിലനിൽക്കുന്ന ഈ പ്രയാസം തരണം ചെയ്യാനുള്ള ഒരു പരിശ്രമം സംഘടിപ്പിക്കുക എന്നുള്ളത് പ്രധാനപ്പെട്ട ഒരു ഉത്തരവാദിത്തമായി കാണേണ്ടതാണ്. ഇന്ന് ടൂറിസം സെന്ററുകളിൽ ഏറെക്കുറെ സമ്പൂർണ്ണമായി വാക്സിനേഷൻ നടത്താൻ നമുക്ക് സാധിച്ചിട്ടുണ്ട്. കോവിഡിന്റെ മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ച് നിയന്ത്രണങ്ങൾക്ക് വിധേയമായി ടൂറിസം മേഖല തുറക്കുക എന്നുള്ളത് പ്രധാനപ്പെട്ട ആവശ്യമാണ്. നമ്മുടെ പ്രധാനപ്പെട്ട ആകർഷണമാണ് വള്ളംകളികൾ. ആലപ്പുഴ ജില്ലയിലെ തടസ്സപ്പെട്ടുനിൽക്കുന്ന നെഹ്റു ട്രോഫി വള്ളംകളി ഉൾപ്പെടെ നിയന്ത്രണവിധേയമായി പുനരാരംഭിക്കാൻവേണ്ട ശക്തമായ നിലപാട് സ്വീകരി ക്കേണ്ടതുണ്ട്. കോവിഡ് മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് നിയന്ത്രണങ്ങൾക്ക് വിധേയമായി ടൂറിസം മേഖല തുറക്കാനും ലക്ഷക്കണക്കിന് തൊഴിലാളികളുടെ ഉപജീവനമാർഗ്ഗം പുനരുജ്ജീവിപ്പിക്കാനും വേണ്ടിയുള്ള നിലപാടിലേയ്ക്ക് സർക്കാർ എത്തിച്ചേരണം. ധാരാളം ആശ്വാസ പദ്ധതികൾ ഗവൺമെന്റ് നടപ്പാക്കിയിട്ടുണ്ട്. ടൂറിസം വർക്കിംഗ് ക്യാപ്പിറ്റൽ സപ്പോർട്ട് സ്കീം, എംപ്ലോയ്മെന്റ് സപ്പോർട്ട് സ്കീം, ഹൗസ് ബോട്ട് സപ്പോർട്ട് സ്കീം, ഗൈഡ് സപ്പോർട്ട് സ്കീം തുടങ്ങിയ ധാരാളം കാര്യങ്ങൾ ഇപ്പോൾ നടപ്പാക്കിവരുന്നുണ്ട്. പ്രാദേശികമായ ടൂറിസം സെന്ററുകൾ വികസിപ്പിക്കാനാവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ട്. അതിനോടൊപ്പം സമ്പൂർണ്ണമായി ടൂറിസം മേഖല തുറക്കാൻ വേണ്ട ശ്രമത്തിലേയ്ക്ക് ഗവൺമെന്റ് എത്തിച്ചേരണ മെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്.

പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, ഇവിടെ ബഹുമാനപ്പെട്ട അംഗം എച്ച്. സലാം സൂചിപ്പിച്ചതുപോലെ കോവിഡ് പ്രതിസന്ധി ഏറ്റവും കൂടുതൽ ബാധിച്ചത് ടൂറിസം മേഖലയെയാണ്. ഇപ്പോഴും കോവിഡിനോടൊപ്പമാണ് ടൂറിസം മുന്നോട്ട് പോകുന്നത്. അതിജീവിക്കുമെന്ന ആത്മവിശ്വാസം ടൂറിസം മേഖലയ്ക്ക് ഉണ്ടാക്കുക എന്നതിനാണ് ഈ ഘട്ടത്തിൽ സർക്കാർ പ്രാധാന്യം നൽകിയിട്ടുള്ളത്. അതിന് നമ്മുടെ നാട് സുരക്ഷിത കേന്ദ്രമായി സഞ്ചാരികൾക്ക് അനുഭവപ്പെടണം. സഞ്ചാരികൾ കേരളത്തിലേയ്ക്കെത്തണം. ഇതിനായി 'സുരക്ഷിത കേരളം, സുരക്ഷിത ടൂറിസം' എന്ന ലക്ഷ്യത്തോടെയുള്ള പ്രവർത്തനങ്ങൾക്ക് രൂപം നൽകിവരുന്നു. നൂറ് ശതമാനം വാക്സിനേറ്റഡ് ടൂറിസം കേന്ദ്രങ്ങളെന്ന ലക്ഷ്യത്തോടെ ആരോഗ്യ വകുപ്പിന്റെ സഹകരണത്തോടെ പ്രത്യേക പദ്ധതിതന്നെ നടപ്പിലാക്കിയിട്ടുണ്ട്. വയനാട്ടിലെ വൈത്തിരിയിലാണ് ഇത് ആരംഭിച്ചത്. വയനാട് ജില്ലയിലാകെ ആദ്യ ഡോസ് പൂർത്തീകരിച്ചു. അത്

മറ്റ് ഡെസ്റ്റിനേഷനുകളിലേയ്ക്കും വ്യാപിപ്പിച്ചു. ഭൂരിഭാഗം ഡെസ്റ്റിനേഷനുകളും ഈ ലക്ഷ്യം കൈവരിച്ചുകഴിഞ്ഞു. വൈത്തിരിയിലെ എല്ലാ ഡെസ്റ്റിനേഷനുകളും നൂറുശതമാനം വാക്സിനേഷൻ നടത്തിയത് രാജ്യംതന്നെ ശ്രദ്ധിച്ചു. ഒട്ടേറെ ദേശീയ മാധ്യമങ്ങളിലൂൾപ്പെടെ ഇതുമായി ബന്ധപ്പെട്ട് വാർത്ത വന്നിരുന്നു. ടൂറിസം മേഖല തുറന്നതോടെ വയനാട്ടിലേയ്ക്ക് സഞ്ചാരികളുടെ വരവിലുണ്ടായ വർദ്ധനവ് ഇതിന്റെ പ്രതിഫലനമായിക്കൂടി കാണാവുന്നതാണ്. വയനാട്ടിൽ മാത്രമല്ല, മറ്റ് ഡെസ്റ്റിനേഷനുകളിലും ഇപ്പോൾ സഞ്ചാരികൾ എത്തിത്തുടങ്ങി, ഡെസ്റ്റിനേഷനുകൾ സജീവമായിത്തുടങ്ങി. ടൂറിസം മേഖല തുറക്കുമ്പോഴും കരുതലോടെയാണ് വകുപ്പ് പദ്ധതികൾ തയ്യാറാക്കിയിട്ടുള്ളത്. ഇവിടെ സൂചിപ്പിച്ച നെഹ്റു ട്രോഫി വള്ളംകളി ഉൾപ്പെടെ പുനരാരംഭിക്കാനുള്ള ആലോചന നടത്തിയിട്ടുണ്ട്. ബയോ ബബിൾ സംവിധാനത്തിലൂടെ ടൂറിസം മേഖലയെ സുരക്ഷിതമാക്കിയിട്ടുണ്ട്. ഇതെല്ലാം ചേർന്നപ്പോൾ ആഭ്യന്തര വിനോദസഞ്ചാരികളുടെ എണ്ണത്തിൽ വർദ്ധനവ് പ്രകടമാകുന്നുവെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. ബഹുമാനപ്പെട്ട അംഗം എച്ച്. സലാം ഇതുമായി ബന്ധപ്പെട്ട് ഇവിടെയൊരു കണക്ക് ഇതിനോടകംതന്നെ പറഞ്ഞിട്ടുണ്ട്. കോവിഡിന്റെ പശ്ചാത്തലത്തിൽ ടൂറിസം രംഗത്ത് പ്രവർത്തിക്കുന്നവർക്കായി നിരവധി പദ്ധതികൾ സർക്കാർ നടപ്പിലാക്കുന്നുണ്ട്. ടൂറിസം വർക്കിംഗ് ക്യാപിറ്റൽ സപ്പോർട്ട് സ്കീം, തൊഴിലാളികൾക്കായി ടൂറിസം എംപ്ലോയ്മെന്റ് സപ്പോർട്ട് സ്കീം എന്നീ രണ്ട് വായ്പാ പദ്ധതികൾ നടപ്പാക്കിവരുന്നു. ഹൗസ് ബോട്ടുകളുടെ അറ്റകുറ്റപ്പണികൾക്കായി മെയിന്റനൻസ് ഗ്രാന്റും നൽകിവരുന്നുണ്ട്. ടൂറിസം രംഗത്ത് പ്രവർത്തിക്കുന്നവർക്ക് സാമ്പത്തിക സഹായം നൽകുന്നതിനുള്ള റിവോൾവിംഗ് ഫണ്ട് പദ്ധതിയും നടപ്പാക്കുകയാണ്. പ്രതിസന്ധിയിൽ കരഞ്ഞിരിക്കുക എന്നതല്ല നമ്മുടെ നയം. ഇപ്പോഴത്തെ പ്രതിസന്ധിയിൽനിന്നും കരകയറാനുള്ള പുതിയ പദ്ധതികൾ പ്രഖ്യാപിച്ചുകഴിഞ്ഞു. പുതിയ മേഖലകളിലേയ്ക്ക് ടൂറിസത്തെ വളർത്താനുതകുന്ന പദ്ധതികളാണ് വരുംദിവസങ്ങളിൽ നടപ്പിലാക്കാൻ പോകുന്നത്. കാരവൻ ടൂറിസം പോലുള്ള നൂതന ടൂറിസം സംവിധാനങ്ങൾ കേരളത്തിന് പരിചയപ്പെടുത്താനുള്ള പദ്ധതികളുടെ നടപടിക്രമങ്ങൾ ആരംഭിച്ചു. അഗ്രി ടൂറിസത്തിന്റെ സാദ്ധ്യതകൾ മനസ്സിലാക്കി അത് പ്രയോജനപ്പെടുത്തുവാൻ ഫാം ടൂറിസം നെറ്റ്വർക്ക് കൂടി തയ്യാറാവുകയാണ്. മറ്റ് ചില പദ്ധതികളും തയ്യാറായി വരുന്നുണ്ട്. ഇതിലൂടെ കേരളത്തിലെ ടൂറിസം മേഖലയ്ക്ക് ശക്തമായി തിരിച്ചുവരാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

ശ്രീ. എച്ച്. സലാം: സർ, നിലവിലുള്ള സംവിധാനങ്ങൾ ഉപയോഗപ്പെടുത്തി ടൂറിസം മേഖലയെ തിരിച്ചുപിടിക്കുന്നതോടൊപ്പം പുതിയ സാദ്ധ്യതകളിലേയ്ക്ക് സ്വാഭാവികമായും ടൂറിസം വകുപ്പ് കടന്നിട്ടുണ്ട്. ഇവിടെ സൂചിപ്പിക്കപ്പെട്ട കാരവൻ

ടൂറിസം ഏതെല്ലാം നിലയ്ക്കാണ് ആരംഭിക്കാൻ ഉദ്ദേശിക്കുന്നത്; അതുപോലെ അഗ്രിടൂറിസം എന്നത് പുതിയ സാദ്ധ്യതയാണ്. അത് എത്രമാത്രം നടപ്പാക്കാൻ കഴിയും?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, 1980-കളിലാണ് ഒരു വിനോദസഞ്ചാര ഉൽപ്പന്നമെന്ന നിലയിൽ കെട്ടുവള്ളം കായൽ ടൂറിസം സാദ്ധ്യതകളുടെ ഭാഗമായി ആരംഭിച്ചത്. പിന്നീടുള്ള വർഷങ്ങളിൽ അത്തരത്തിൽ ഒരു പുതിയ ഉൽപ്പന്നം അവതരിപ്പിക്കാനായിട്ടില്ല. ഇന്ന് കോവിഡിന്റെ പ്രത്യേക സാഹചര്യത്തിൽ കാരവൻ ടൂറിസത്തിന്റെ സാദ്ധ്യത ഏറെയാണ്. പ്രത്യേകിച്ച്, ഫ്രാൻസ്, ഇറ്റലി, ബ്രിട്ടൺ, ജർമ്മനി തുടങ്ങിയ രാജ്യങ്ങളിൽ കാരവൻ ടൂറിസത്തിന് ഏറെ സാദ്ധ്യതയാണ്. കാരവൻ വാഹനമെന്ന് പറയുമ്പോൾ പൊതുവേ സിനിമാ താരങ്ങളുടെ ആഡംബര വാഹനമെന്നാണ് നമ്മൾ കണക്കാക്കുന്നത്. എന്നാൽ രണ്ടോ നാലോ സഞ്ചാരികൾക്ക് യാത്ര ചെയ്യാവുന്നതാണ് കാരവൻ. Unexplored destinations-നെ കണ്ടെത്തുക എന്ന പുതിയൊരു പദ്ധതിയുടെ ഭാഗമായി പരിശോധന നടത്തിയപ്പോൾ പലയിടങ്ങളിലും എല്ലാ സാദ്ധ്യതകളുമുണ്ടായിട്ടും ഡെസ്റ്റിനേഷനുകൾ ഉയർന്നുവരാത്തതിന്റെ കാരണം അവിടെ താമസസൗകര്യമില്ലായെന്നതാണ്. കെട്ടിടങ്ങൾ പുതിയത് പണിയുക എളുപ്പമല്ല. അവിടെയാണ് കാരവൻ വാഹനത്തിന്റെ പ്രസക്തി. അതുപോലെയാണ് കാരവൻ പാർക്കും. കാരവൻ പാർക്ക് ഒരു പഞ്ചായത്തിലോ പ്രത്യേക ഒരു സ്ഥലത്തോ വന്നുകഴിഞ്ഞാൽ അതൊരു പ്രധാന കേന്ദ്രമായി മാറുന്നു. അവിടെ പുതിയ ആളുകൾക്ക് തൊഴിൽ ലഭ്യമാകുന്നു. കാരവൻ വാഹനം കാരവൻ പാർക്കിൽ നിർത്തി ആ വാഹനത്തിലേയ്ക്ക് വേണ്ട വെള്ളം, ഭക്ഷണം മറ്റ് കാര്യങ്ങൾ എന്നിവയൊക്കെ നൽകുന്നു. അതോടൊപ്പം ഇതുമായി ബന്ധപ്പെട്ട തൊഴിൽ സാദ്ധ്യതകൾ വരുന്നു. കാരവൻ പാർക്കിംഗ് കേന്ദ്രങ്ങൾ സ്വകാര്യ മേഖലയിലും പൊതുമേഖലയിലും ഏർപ്പെടുത്താനാകും. കാരവൻ പാർക്ക് ഒരു പ്രദേശത്തിന്റെ കൾച്ചറൽ ഹബ്ബുകൂടിയായി മാറും. മൂന്നോ നാലോ പഞ്ചായത്തുകളിലെ പ്രധാനപ്പെട്ട നാടൻകലകൾ ഉൾപ്പെടെ അവതരിപ്പിക്കാനാകുന്ന ഒരു കൾച്ചറൽ ഹബ്ബാക്കി മാറ്റി അതിനെ ഉയർത്തിക്കൊണ്ടുവരാൻ സാധിക്കും. അഗ്രിടൂറിസം നെറ്റ്‌വർക്കിന്റെ പ്രവർത്തനങ്ങൾ മുന്നോട്ടുപോയിട്ടുണ്ട്. കേരളത്തിലെ കാർഷിക പ്രവർത്തനങ്ങളെ സംരക്ഷിച്ചുകൊണ്ട് വിനോദസഞ്ചാര മേഖലയുമായി കൂട്ടിയിണക്കുന്ന പദ്ധതിയാണ് അഗ്രിടൂറിസം നെറ്റ്‌വർക്ക്. അത് കൂടുതൽ ഫലപ്രദമാക്കാൻവേണ്ടി ഉത്തരവാദിത്ത ടൂറിസത്തിന്റെ സാദ്ധ്യതകൂടി കോർത്തിണക്കി കൊണ്ടു പോകാനാകുമെന്നാണ് ടൂറിസം വകുപ്പ് കരുതുന്നത്.

11.00 A.M.]

## 2. സ്കിൽ ഡെവലപ്മെന്റ് അതോറിറ്റി രൂപീകരണം

ഡോ. എം. കെ. മുനീർ: സർ, ഇരുപത് ലക്ഷം അഭ്യസ്തവിദ്യർക്ക് തൊഴിൽ നൽകുമെന്നും അൻപത് ലക്ഷം അഭ്യസ്തവിദ്യർക്ക് നൈപുണ്യ പരിശീലനം നൽകുമെന്നും കഴിഞ്ഞ തെരഞ്ഞെടുപ്പിലെ എൽ.ഡി.എഫ്. പ്രകടന പത്രികയിലെ വാഗ്ദാനങ്ങളിലൊന്നാണ്. സർക്കാരിന്റെ വിവിധ വകുപ്പുകളുടെ ആഭിമുഖ്യത്തിലാണ് തൊഴിൽ നൈപുണ്യ പരിശീലന പരിപാടികൾ നടന്നുവരുന്നത്. നൂറുകോടി കണക്കിന് രൂപയാണ് ഇതുമായി ബന്ധപ്പെട്ട് സംസ്ഥാനം ചെലവഴിക്കുന്നത്. വിദ്യാഭ്യാസ വകുപ്പിന്റെ നേതൃത്വത്തിൽ Additional Skill Acquisition Programme (ASAP), തൊഴിൽ വകുപ്പിൽ Kerala Academy for Skills Excellence (KASE), ഐ.റ്റി. വകുപ്പിൽ ICT Academy, തദ്ദേശസ്വയംഭരണ വകുപ്പിൽ കുടുംബശ്രീയുടെ നേതൃത്വത്തിൽ Deen Dayal Upadhyaya Grameen Kaushalya Yojana (DDU-GKY) എന്നിങ്ങനെ ഏകോപനമില്ലാത്ത രീതിയിൽ വിവിധ പരിപാടികളായിട്ടാണ് ഇത് നടന്നുകൊണ്ടിരിക്കുന്നത്. ഇതുകൂടാതെ പിന്നോക്ക വിഭാഗത്തിൽപ്പെട്ടവർക്ക് പരിശീലനം നൽകാൻ അതത് വകുപ്പുകൾ പരിശ്രമിക്കുന്നുണ്ട്. ഇതൊന്നും പോരാതെ KELTRON, C-DIT, CAPT എന്നീ ഏജൻസികൾ അവരുടേതായ നിലയ്ക്ക് മറ്റ് നൈപുണ്യ കോഴ്സുകളും നടത്തുന്നുണ്ട്. ഇത്രയധികം സ്ഥാപനങ്ങളിൽ നൈപുണ്യ പരിശീലന കോഴ്സുകൾ നടത്തിയിട്ടും നമുക്ക് ലക്ഷ്യത്തിലെത്താൻ സാധിച്ചിട്ടില്ല. 2018 ജനുവരി 23-ാം തീയതി ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഒരു യോഗം വിളിച്ചു ചേർത്തിരുന്നു. നൈപുണ്യ പരിശീലനത്തിന് ഇത്രയും ഏജൻസികൾ എന്തിനാണ്, ഇവയെ ഏകീകരിപ്പിച്ചുകൂടെയെന്നാണ് അദ്ദേഹം ചോദിച്ചത്. ആ ചോദ്യം തന്നെയാണ് ഞാനും ഇവിടെ ഉയർത്താൻ ആഗ്രഹിക്കുന്നത്. ഇപ്പോൾ തന്നെ ASAP 25000 sq.ft.-ന്റെ കെട്ടിടങ്ങൾ പല സ്ഥലത്തും പണിതിട്ടുണ്ട്. പലതിലും ആളില്ലാത്ത അവസ്ഥയിലാണ്, ചെലവഴിച്ച കോടിക്കണക്കിന് രൂപ പാഴായിക്കൊണ്ടിരിക്കുന്നു. അതുപോലെയാണ് KASE-ന്റെ കാര്യവും. വിവിധ ഭാഗങ്ങളിലൂടെ പല തരത്തിലുള്ള ഏജൻസികൾ പ്രവർത്തിക്കുന്നു. എന്നാൽ ഇവിടെ സ്വകാര്യ മേഖലയിൽ ധാരാളം സ്കിൽ ഡെവലപ്മെന്റ് കമ്പനികൾ വേറെയും നിക്ഷേപം നടത്തുന്നു. സ്കിൽ ഡെവലപ്മെന്റിന് നാഷണൽ ലെവലിൽ നല്ല ഏജൻസികൾക്ക് അക്രഡിറ്റേഷൻ കൊടുത്തതിനുശേഷം അതിനൊരു സിസ്റ്റമുണ്ടാക്കി ഒരു അതോറിറ്റിയിലൂടെ കാര്യങ്ങൾ നടത്തുകയാണ് ചെയ്യുന്നത്. ആ രീതിയിലാകുമ്പോൾ ഗവൺമെന്റിന് കൂടുതൽ പണം ചെലവഴിക്കാതെ ലക്ഷ്യത്തിലെത്താൻ സാധിക്കും. കുട്ടികൾക്ക് Kerala State Financial Enterprises

Limited (KSFE)-ലൂടെ വായ്പ നൽകി അതിനെ സബ്സിഡൈസ് ചെയ്തു കഴിഞ്ഞാലും നമുക്ക് ഇന്ന് വരുന്ന ചെലവ് വരില്ല. ധാരാളം കുട്ടികൾക്ക് തൊഴിലവസരം ലഭിക്കും. ഏറ്റവും നല്ല തൊഴിൽ ലഭിക്കുന്ന മേഖലയാണിത്. നയപ്രഖ്യാപനത്തിൽ പരാമർശിച്ചിട്ടുള്ള പുതിയ നോളഡ്ജ് ഇക്കോണമിയെ ക്കുറിച്ച് പറയുമ്പോൾ ഏറ്റവും കൂടുതൽ സാദ്ധ്യതയുള്ളത് നൈപുണ്യ വികസന വുമായി ബന്ധപ്പെട്ടാണ്. അതുകൊണ്ട് ഞാൻ രണ്ട് കാര്യങ്ങളാണ് പറയുന്നത്. ഒന്ന്, നൈപുണ്യ വികസനവുമായി ബന്ധപ്പെട്ട ഒരു അതോറിറ്റിയുണ്ടാകണം. അത് മറ്റുള്ള കമ്പനികൾക്ക് അക്രെഡിറ്റേഷൻ കൊടുക്കുന്ന കാര്യമടക്കം തീരുമാനിക്കുന്ന ഒരു ശക്തമായ അതോറിറ്റിയായിരിക്കണം. അതിന്റെ കീഴിൽ വിവിധ വകുപ്പുകളിലുള്ള എല്ലാ നൈപുണ്യ വികസനവുമായി ബന്ധപ്പെട്ട യൂണിറ്റുകളെയും ഏകീകരിപ്പിക്കാൻ കഴിയുന്ന തരത്തിലുള്ള ഒരു കേന്ദ്രമായി ഈ അതോറിറ്റി മാറണം. രണ്ടാമത്തേത്, സംസ്ഥാനത്തിന് നൈപുണ്യ വികസനവുമായി ബന്ധപ്പെട്ട നയമുണ്ടാകണം. ആ നയപ്രഖ്യാപനംകൂടി വരുന്ന ദിവസങ്ങളിലുണ്ടായാൽ ലക്ഷക്കണക്കിന് ചെറുപ്പക്കാരെ ആമസോൺ, ഫ്ലിപ്കാർട്ട് തുടങ്ങിയ വിവിധ കമ്പനികളിലേയ്ക്ക് തെരഞ്ഞെടുക്കാൻ പറ്റുന്ന രീതിയിൽ പ്രാപ്തരാക്കാൻ സാധിക്കും. നമ്മുടെ കുട്ടികളുടെ പ്രശ്നം വിദ്യാഭ്യാസമില്ലാത്തതല്ല, മറിച്ച് വിദ്യാഭ്യാസം കഴിഞ്ഞ് നൈപുണ്യത്തോടുകൂടി എവിടെയെങ്കിലും അവസരം ലഭിച്ചാൽ അവിടെ പോകാനാവശ്യമായ ട്രെയിനിംഗ് ലഭിക്കാത്തവരായി മാറിയതുകൊണ്ടാണ് അവർക്ക് മത്സരങ്ങളിൽ പങ്കെടുക്കാൻ സാധിക്കാത്തത്. അതുകൊണ്ട് ഇക്കാര്യം ഗൗരവമായി കാണണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയിൽനിന്നുകൂടി ഇതിനൊരു മറുപടി പ്രതീക്ഷിക്കുകയാണ്.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, മുൻ മന്ത്രികൂടിയായ ഡോ. എം. കെ. മുനീർ വർത്തമാനകാലഘട്ടത്തിന്റെ ഗൗരവമുള്ള ഒരു പ്രശ്നം തന്നെയാണ് ശ്രദ്ധ ക്ഷണിക്കലായി ഉന്നയിച്ചിട്ടുള്ളത്. തൊഴിൽ സാദ്ധ്യതയുമായി ബന്ധപ്പെട്ട് ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ പ്രകടന പത്രികയിൽ പ്രഖ്യാപിച്ചിട്ടുള്ളതിൽനിന്നും പിന്നോട്ടുപോകാതെ അത് നടപ്പിലാക്കുന്നതിനു വേണ്ടിയുള്ള നടപടികളുമായി മുന്നോട്ടുപോകുകയാണ്. നൂറുദിവസംകൊണ്ട് നടപ്പിലാക്കിയ കുറേ കാര്യങ്ങൾ ഗവൺമെന്റ് പ്രഖ്യാപിച്ചിട്ടുണ്ട്, ബാക്കി നടപ്പിലാക്കി ക്കൊണ്ടിരിക്കുകയുമാണ്. അത് ഞാൻ ആവർത്തിക്കുന്നില്ല. സംസ്ഥാനത്തെ നൈപുണ്യ വികസനം ഏകോപിപ്പി ക്കുന്നതിനുതകുന്ന തരത്തിലുള്ള സ്കിൽ പോളിസിയുടെ ആദ്യ കരട് തയ്യാറാക്കിയെങ്കിലും മറ്റ് വകുപ്പുകളുമായുള്ള ചർച്ചകൾ പൂർത്തിയായാൽ മാത്രമേ ഇതിന് അന്തിമ രൂപം നൽകാൻ സാധിക്കുകയുള്ളൂ. അങ്ങ് നിരവധി സ്ഥാപനങ്ങളുടെ പേരുകൾ ഇവിടെ സൂചിപ്പിച്ചു. അതിനൊരു

ഏകോപനമില്ലെന്നുള്ളതിൽ കുറച്ച് വസ്തുതയുണ്ട്. ഇത് അടിയന്തരമായി പൂർത്തിയാക്കി നൈപുണ്യ വികസന നയത്തിന് അന്തിമരൂപം നൽകുന്നതാണ്. സംസ്ഥാനത്ത് നൈപുണ്യ വികസന അതോറിറ്റി രൂപീകരിച്ചിട്ടില്ല. എങ്കിലും തൊഴിൽ മേഖലയുടെ ഗുണവും കാര്യക്ഷമതയും വർദ്ധിപ്പിച്ച് ഉൽപ്പാദനക്ഷമതയും സാമ്പത്തിക വളർച്ചയും കൈവരിക്കുന്നതിന് യുവജനതയെ അന്താരാഷ്ട്ര നിലവാരത്തിലും വ്യവസായ മേഖല ആവശ്യപ്പെടുന്ന തരത്തിലും തൊഴിൽ നൈപുണ്യമുള്ളവരാക്കി മാറ്റുകയെന്ന ലക്ഷ്യത്തോടെയും ദേശീയ സംസ്ഥാന ജില്ലാ അടിസ്ഥാനത്തിലുള്ള നൈപുണ്യ വികസന പ്രവർത്തനങ്ങളെ ഊർജ്ജിതപ്പെടുത്തുന്നതിന്റെ ഭാഗമായും Kerala Academy for Skills Excellence-നെ സംസ്ഥാന നൈപുണ്യ വികസന മിഷനായി നിയോഗിച്ചിട്ടുണ്ട്. കൂടാതെ സംസ്ഥാനത്തിന്റെ നൈപുണ്യ വികസന പ്രവർത്തനങ്ങളെ ഒരു കുടക്കീഴിൽ കൊണ്ടുവരുന്നതിനും മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതിനും ഏകോപിപ്പിക്കുന്നതിനും വിലയിരുത്തുന്നതിനും ഒരു കേന്ദ്രീകൃത സംവിധാനമെന്ന നിലയിൽ 28-5-2018-ലെ ജി.ഒ.നമ്പർ 47/2018 എൽ.ബി.ആർ. പ്രകാരം സംസ്ഥാന നൈപുണ്യ വികസന മിഷനായ KASE-നെ സ്കിൽ സെക്രട്ടേറിയറ്റായും ചുമതലപ്പെടുത്തിയിട്ടുണ്ട്. മേൽ ഉത്തരവുപ്രകാരം സംസ്ഥാനത്തിന്റെ നൈപുണ്യ വികസന പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നതിനും ക്രമപ്പെടുത്തുന്നതിനും സർക്കാർ തലത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി എക്സ് ഒഫിഷ്യോ ചെയർമാനായ സ്റ്റേറ്റ് ലെവൽ സ്റ്റിയറിംഗ് കൗൺസിലും ചീഫ് സെക്രട്ടറി എക്സ് ഒഫിഷ്യോ ചെയർമാനായ ഹൈ പവർ കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്. കൂടാതെ നൈപുണ്യ പ്രവർത്തനവുമായി ബന്ധപ്പെടുന്ന കാര്യങ്ങൾക്ക് സുപ്രധാന ഉപദേശങ്ങൾ സ്കിൽ സെക്രട്ടേറിയറ്റിന് നൽകുന്നതിനായി ഓരോ മേഖലയിലും ഓരോ ബിസിനസ്സ് അഡ്വൈസറി കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. സംസ്ഥാനതല നൈപുണ്യ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതിനായി KASE-നെ സ്കിൽ ഡെവലപ്മെന്റ് മിഷനായി നിയോഗിച്ചിട്ടുള്ള സാഹചര്യത്തിൽ സംസ്ഥാനത്ത് പ്രത്യേകമായ ഒരു സ്കിൽ ഡെവലപ്മെന്റ് അതോറിറ്റി രൂപീകരിക്കേണ്ട ആവശ്യം നിലവിലില്ല. ഈ കാലഘട്ടത്തിൽ ജോലിയുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ ധാരാളം മാറ്റങ്ങൾ വന്നുകൊണ്ടിരിക്കുകയാണ്. ഇപ്പോൾ ഞാനിവിടെ സൂചിപ്പിച്ച സമിതികളുടെ പ്രവർത്തനം വരുംകാലഘട്ടത്തിൽ ഫലപ്രദമായി കൊണ്ടുപോകാൻ കഴിയും. അതല്ലാതെ ഇവിടെ സൂചിപ്പിച്ചതുപോലുള്ള സാഹചര്യമുണ്ടെങ്കിൽ അപ്പോൾ പരിശോധിക്കാമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്.

ഡോ. എം. കെ. മുനീർ: സർ, അതോറിറ്റിയെന്ന് ഞാൻ ഉദ്ദേശിച്ചത്, നിലവിൽ 'അസാപ് (ASAP)' വിദ്യാഭ്യാസ വകുപ്പിന് കീഴിലാണ്. ഇതുപോലെ ഓരോ വ്യക്തിയും വിവിധ വകുപ്പുകളിൽനിന്നുകൊണ്ട് അവരുടേതായ രീതിയിൽ

നൈപുണ്യ വികസനവും പരിശീലനവും നടത്തുകയാണ്. അതിനാൽ വിദ്യാർത്ഥികൾ ആശയക്കുഴപ്പത്തിലാണ്. അവർക്ക് എവിടെ പോകണം, ഏത് രീതിയിൽ മുന്നോട്ടുപോകണമെന്ന് അറിയില്ല. ഏകീകരിച്ച രീതിയിലുള്ള പരിശീലനം വിദ്യാർത്ഥികൾക്ക് ലഭിക്കുന്നില്ല. സ്കിൽ ഡെവലപ്മെന്റ് മേഖലയിൽ വിദഗ്ദ്ധരുണ്ട്. അവരുടെ കഴിവും ഉപയോഗപ്പെടുത്തിക്കൊണ്ട് ഏകീകരിച്ച ട്രെയിനിംഗ് പ്രോഗ്രാമിലൂടെ മാത്രമേ ഇതിനെ മുന്നോട്ടുകൊണ്ടുപോകാൻ സാധിക്കുകയുള്ളൂ. അതാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെ നേതൃത്വം നൽകുന്ന ഒരു അതോറിറ്റി രൂപീകരിക്കണമെന്ന് ഞാൻ പറഞ്ഞത്. അതിൽ വിദ്യാഭ്യാസ വകുപ്പുമന്ത്രി പ്രധാന വ്യക്തിയായി, അതായത് വൈസ് ചെയർമാനായി നിന്നാൽ ഇക്കാര്യങ്ങൾ മുന്നോട്ടുകൊണ്ടുപോകുന്നതിന് സഹായകരമാകും. അതിൽ എല്ലാ വിദഗ്ദ്ധരെയും ഉൾപ്പെടുത്തണം. ബഡ്ജറ്റ് പ്രസംഗത്തിലടക്കം knowledge എന്നുപറയുന്നത് economy-യാണ്, വരുംകാലത്തിന്റെ പ്രാധാന്യമാണെന്ന് പ്രഖ്യാപിച്ച സാഹചര്യത്തിൽ സ്കിൽ ഡെവലപ്മെന്റിനായിരിക്കണം സംസ്ഥാനം മുൻഗണന നൽകേണ്ടതെന്നാണ് എന്റെ അഭിപ്രായം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ഗവൺമെന്റ് വളരെ പ്രാധാന്യത്തോടെ കാണുന്ന ഒരു കാര്യമാണ് ബഹുമാന്യനായ എം. കെ. മുനീർ ചൂണ്ടിക്കാണിച്ചത്. കേരള ഡെവലപ്മെന്റ് ആൻഡ് ഇന്നൊവേഷൻ സ്ട്രാറ്റജിക് കൗൺസിൽ (K-DISC)-ന്റെ നേതൃത്വത്തിൽ വലിയൊരു തൊഴിൽ സാദ്ധ്യത സംസ്ഥാനത്ത് സൃഷ്ടിക്കുന്നതിനുള്ള ശ്രമമാണ് നടക്കുന്നത്. അതിൽ പ്രധാനമായും ലക്ഷ്യമിടുന്നത് നിലവിലുള്ള അഭ്യസ്തവിദ്യരായ തൊഴിലില്ലാത്തവരെയും വീട്ടമ്മമാരെയും മുമ്പ് ഉയർന്ന ജോലികൾ ചെയ്ത് പല കാരണങ്ങളാൽ ജോലി ഉപേക്ഷിച്ച് വീടുകളിൽ കഴിയുന്നവരെയും ഇന്നത്തെ ലോകസാഹചര്യത്തിൽ വന്നിട്ടുള്ള വർക്ക് ഫ്രം ഹോം സാദ്ധ്യതയും പരിഗണിച്ചുകൊണ്ട് വീട്ടിൽവച്ചോ വീട്ടിനടുത്തുവച്ചോ തൊഴിൽ നൽകാൻ കഴിയുന്ന ഒരു പദ്ധതിക്കാണ്. അത് പ്രാവർത്തികമാക്കാനുള്ള നടപടികളിലേയ്ക്ക് നീങ്ങിക്കൊണ്ടിരിക്കുകയാണ്. അതിന്റെ വിശദാംശങ്ങളിലേയ്ക്ക് ഞാൻ കടക്കുന്നില്ല. അതിലേറ്റവും പ്രധാനം ഇവരുടെ സ്കിൽ ഡെവലപ് ചെയ്യുകയാണ്. അവർ മുമ്പ് പഠനം നടത്തിയിട്ടുണ്ടാകും, ചിലപ്പോൾ ചില ജോലികൾ ചെയ്തിട്ടുണ്ടാകും. എന്നാൽ ഇപ്പോൾ അവർക്ക് ലഭ്യമാകാനിടയുള്ള തൊഴിലുമായി ബന്ധപ്പെട്ട സ്കിൽ വർദ്ധിപ്പിക്കേണ്ടതുണ്ട്. ഡോ. എം. കെ. മുനീർ ഇവിടെ ഉന്നയിച്ചത് സ്കിൽ വർദ്ധിപ്പിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്നാണ്. അതിവിപുലമായ രീതിയിൽ കേരളത്തിലെ നല്ലൊരു വിഭാഗം ജനങ്ങളെ ഈ സ്കിൽ ഡെവലപ്മെന്റ് സ്കീമിന്റെ ഭാഗമാക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. അതിനുള്ള നടപടികളുണ്ടാകും.

## IV സബ്മിഷൻ

### (1) സാമ്പത്തിക തട്ടിപ്പ്

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, കേരളത്തിൽ നടന്ന ഏറ്റവും വലിയ തട്ടിപ്പുകളിലൊന്നാണ് പോപ്പുലർ ഫിനാൻസ് തട്ടിപ്പ്. ചിട്ടിക്കമ്പനി നടത്തിപ്പിൽ 2,000 കോടിയോളം രൂപയുടെ സാമ്പത്തിക തട്ടിപ്പാണ് നടന്നിരിക്കുന്നത്. മുപ്പതിനായിരത്തിലധികം ആളുകളെയാണ് വഞ്ചിക്കപ്പെട്ടവരായി കണക്കാക്കിയിട്ടുള്ളത്. ഇതിനെ സംബന്ധിച്ചുള്ള അന്വേഷണങ്ങൾ നടക്കുന്നുണ്ട്. ഈ സ്ഥാപനത്തിന്റെ എം.ഡി.-യെയും മകളെയുമൊക്കെ അറസ്റ്റ് ചെയ്തു. 'BUDS Act' (Banning of Unregulated Deposit Schemes Act, 2019) പ്രകാരം ശ്രീ. സഞ്ജയ് എം. കൗൾ ഐ.എ.എസ്.-നെ കോംപീറ്റന്റ് അതോറിറ്റിയായി നിയോഗിച്ചിട്ടുണ്ട്. എന്നാൽ വഞ്ചിതരായ നിക്ഷേപകരെ സഹായിക്കുന്ന തരത്തിലുള്ള പ്രവർത്തനങ്ങളൊന്നും കോംപീറ്റന്റ് അതോറിറ്റിയുടെ ഭാഗത്തുനിന്നും ഉണ്ടാകുന്നില്ലായെന്നതാണ് സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നത്. ഇതിന്റെ അന്വേഷണത്തിന് മേൽനോട്ടം വഹിക്കുന്നതിനായി സിറ്റിംഗ് ജഡ്ജിയുടെയോ/ റിട്ടയേർഡ് ജഡ്ജിയുടെയോ നേതൃത്വത്തിലുള്ള ഒരു സംവിധാനം ഏർപ്പെടുത്തണം. സാധാരണയായി ഇത്രയും വലിയ തട്ടിപ്പുകൾ നടത്തിയാൽ കോടതികളുടെ നിയന്ത്രണത്തിലുള്ള സംവിധാനത്തെയാണ് കേസ്സുകൾ കൈകാര്യം ചെയ്യുന്നതിനായി നിയോഗിക്കേണ്ടത്. ഇത്തരത്തിലുള്ള 14 BUDS കോടതികളുണ്ട്. അതിലേതെങ്കിലുമൊരു കോടതിയെ ഈ തട്ടിപ്പിന്റെ കേസ് നടത്തിപ്പിനായുള്ള ഉത്തരവാദിത്തം ഏൽപ്പിച്ചാൽ നല്ലതായിരിക്കും. അതുപോലെ 2020 നവംബർ 23-ലെ ഹൈക്കോടതി വിധിയിൽ BUDS -ന്റെ റൂൾസ് ഫ്രെയിം ചെയ്യണമെന്ന് പറഞ്ഞിരുന്നു. അതായത്, റൂൾസിന് വ്യക്തതയില്ല. അതിനാൽ ഈ കേസ് കൃത്യമായി നടപ്പാക്കുന്നതിന് തടസ്സമുണ്ട്. ഫ്രെയിം ചെയ്ത BUDS റൂൾസ് പ്രകാരമാണ് ഈ കേസ്സ് നടത്തേണ്ടത്. അതുപോലെ എല്ലാ ക്ലെയിമുകൾക്കും ആക്ടനുസരിച്ചുള്ള നിശ്ചിത കാലയളവുണ്ട്. ആ കാലയളവിനുള്ളിൽനിന്നുകൊണ്ട് എല്ലാ ക്ലെയിമുകളും കോടതിയുടെ പരിഗണനയിലെത്തിക്കാൻ വേണ്ടിയുള്ള സംവിധാനം ഏർപ്പെടുത്തണം. പത്രങ്ങൾ, മറ്റുമാധ്യമങ്ങൾ എന്നിവ വഴി അറിയിപ്പുകൾ ജനങ്ങളിലെത്തിക്കാനുള്ള സംവിധാനം ഏർപ്പെടുത്തണം. ഇതിൽ 31 കോടി രൂപയുടെ സ്വത്തുക്കൾ നിലവിൽ കണ്ടുകെട്ടിയിട്ടുണ്ട്. എന്നാൽ ഈ സ്ഥാപനങ്ങളുടേയും അതിന്റെ നടത്തിപ്പുകാരുടേയും ബിനാമികളായി പ്രവർത്തിക്കുന്നവരുടേയും പേരിലുള്ള ബാങ്ക് നിക്ഷേപങ്ങൾ, സ്ഥാവര-ജംഗമ സ്വത്തുക്കൾ, ബ്രാഞ്ചുകളിലുള്ള പണം, സ്വർണ്ണം, ആഡംബര കാറുകൾ, നശിച്ചുപോകാനിടയുള്ള മറ്റുവസ്തുക്കൾ എന്നിവ കാലഹരണപ്പെട്ടു പോകുന്നതിന് മുമ്പായി കണ്ടുകെട്ടി ലേലം ചെയ്ത് കാശ് കോടതിയിൽ ഏൽപ്പിക്കണം.

സാധാരണയായി അങ്ങനെ ലഭിക്കുന്ന തുക നിർദ്ധനരായ നിക്ഷേപകർക്ക് താല്ക്കാലികാശ്വാസമെന്ന നിലയിൽ കോടതിയുടെ അനുവാദത്തോടുകൂടി വിതരണം ചെയ്യാറുണ്ട്. പലരും പെൻഷൻ തുകയും സ്ഥലം വിറ്റുകിട്ടിയ തുകയും മക്കളുടെ വിവാഹത്തിനും വീട് വയ്ക്കുന്നതിനും കരുതിയ തുകയുമൊക്കെ ചിട്ടിക്കമ്പനിയിൽ നിക്ഷേപിച്ചിട്ടുണ്ട്. സാധാരണക്കാരും ഇടത്തരക്കാരുമായിട്ടുള്ള ആളുകളാണ് ഈ തട്ടിപ്പിൽ കൂടുതൽ കുടുങ്ങിയിരിക്കുന്നത്. മുപ്പതിനായിരത്തിലധികം ആളുകൾ വഞ്ചിക്കപ്പെട്ടിരിക്കുന്ന ഫ്രോഡ് കേസായതുകൊണ്ട് ഗവൺമെന്റ് പ്രത്യേകം സംവിധാനം ഏർപ്പെടുത്തണം. നഷ്ടപ്പെട്ടിരിക്കുന്ന മുഴുവൻ തുകയും ലഭിച്ചില്ലെങ്കിലും പരമാവധി തുക ലഭിക്കാനുള്ള സംവിധാനമുണ്ടാക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, പോപ്പുലർ ഫിനാൻസ് കമ്പനി സംസ്ഥാനത്ത് നിരവധിപേരിൽ നിന്നായി 532 കോടിയിൽപ്പരം രൂപയുടെ സാമ്പത്തിക നിക്ഷേപ തട്ടിപ്പാണ് നടത്തിയത്. അതുമായി ബന്ധപ്പെട്ട കേസുകൾ വിവിധ സ്റ്റേഷനുകളിൽ അന്വേഷണത്തിലിരിക്കുകയാണ്. കേസുകളുടെ അന്വേഷണം സി.ബി.ഐ.-യ്ക്ക് കൈമാറുന്നതിന് 23-11-2020-ൽ ബഹുമാനപ്പെട്ട കേരള ഹൈക്കോടതി ഉത്തരവിട്ടിട്ടുണ്ട്. കോടതി വിധിയുടെ അടിസ്ഥാനത്തിൽ സംസ്ഥാന പോലീസ് മേധാവി പുറപ്പെടുവിച്ച 12-12-2020-ലെ ഉത്തരവിനെ തുടർന്ന് 4,741 കേസുകൾ ഇതിനകം സി.ബി.ഐ. ഏറ്റെടുത്തിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. നിലവിൽ സി.ബി.ഐ.-യുടെ പ്രത്യേക അന്വേഷണ സംഘമാണ് ഈ കേസിന്റെ അന്വേഷണം നടത്തിവരുന്നത്. 30-9-2021-ന് സി.ബി.ഐ.-ൽ നിന്നും ലഭിച്ച കത്തിലെ വിവരങ്ങൾ പ്രകാരം 15 വാഹനമടക്കമുള്ള സ്ഥാവര-ജംഗമ വസ്തുക്കൾ ഇതിനകം കസ്റ്റഡിയിലെടുത്തിട്ടുണ്ട്. കണ്ടുകെട്ടിയ ഭൂസ്വത്തുക്കളുടെ കൂടുതൽ വിവരം പിന്നാലെ അറിയിക്കുമെന്നും കത്തിൽ പറയുന്നു. സംസ്ഥാനത്ത് കേസിന്റെ നടപടിക്രമങ്ങളുടെ ഭാഗമായി ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ചൂണ്ടിക്കാണിച്ച രീതിയിൽ കേന്ദ്ര ബഡ്സ് ആക്ട് (Banning of Unregulated Deposit Schemes Act, 2019) പ്രകാരം ആഭ്യന്തര വകുപ്പ് മുൻ സെക്രട്ടറി ശ്രീ. സഞ്ജയ് എം. കൗൾ ഐ.എ.എസ്.-നെ കോംപീറ്റന്റ് അതോറിറ്റി-I ആയും ധനകാര്യ റിസോഴ്സസ് ഓഫീസർ ശ്രീ. ഗോകുൽ ജി. ആർ., ഐ.എ.എസ്.-നെ കോംപീറ്റന്റ് അതോറിറ്റി-II ആയും നിയമിച്ചിട്ടുണ്ട്. അവരെ സഹായിക്കുന്നതിനുള്ള ഓഫീസർമാരായി ജില്ലാ കളക്ടർമാരേയും നിയമിച്ചിട്ടുണ്ട്. പോപ്പുലർ ഫിനാൻസ് സ്ഥാപനത്തിന്റെ എല്ലാ ശാഖകളും അടച്ചുപൂട്ടി സ്ഥാവര-ജംഗമ വസ്തുക്കൾ കണ്ടുകെട്ടി എല്ലാ ക്രയ വിക്രയങ്ങളും മരവിപ്പിച്ച് റിപ്പോർട്ട് സി.ബി.ഐ.-യ്ക്ക് കൈമാറിയിട്ടുണ്ട്. എല്ലാ ജില്ലകളിലും ഓരോ അഡീഷണൽ ഡിസ്ട്രിക്ട് ആൻഡ് സെഷൻസ് കോടതിയെ ബഡ്സ് ആക്ട്

പ്രകാരമുള്ള കേസുകൾ വിചാരണ ചെയ്യുന്നതിനുള്ള കോടതികളായി ഡെസിഗ്നേറ്റ് ചെയ്ത് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി കോടതികൾ എല്ലാ ജില്ലയിലുമുണ്ട്. കേസിന്റെ അന്വേഷണത്തിനാവശ്യമായ എല്ലാ സഹകരണവും സർക്കാർ ഉറപ്പുവരുത്തുന്നതാണ്. സാമ്പത്തിക നിക്ഷേപ തട്ടിപ്പിന് വിധേയരായവരുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനാവശ്യമായ എല്ലാ നടപടികളും സർക്കാർ കൈക്കൊള്ളുന്നതാണ്.

(2) <u>കുടിയൊഴിപ്പിക്കപ്പെട്ടവർക്കുള്ള നഷ്ടപരിഹാരം</u>

<u>ശ്രീ. ടി. ഐ. മധുസൂദനൻ</u>: സർ, 1982-ൽ നോട്ടിഫിക്കേഷൻ വരികയും 1983-ൽ അക്വിസിഷൻ നടപടികൾ പൂർത്തീകരിക്കുകയും ചെയ്തതാണ് ഏഴിമല നേവൽ അക്കാദമി. തങ്ങളുടെ സമ്പാദ്യവും ജീവിച്ച മണ്ണും, ഏതാണ്ട് 2800 ഏക്കറോളം ഭൂമിയും രാജ്യത്തിന് സമർപ്പിച്ചിട്ടുള്ളവരാണ് നൂറുകണക്കിന് വരുന്ന ജനങ്ങൾ. രണ്ട് കാര്യങ്ങളിലാണ് ഇവർക്ക് വ്യക്തത വേണ്ടത്. സബ് കോടതിയിൽ കെട്ടിക്കിടക്കുന്ന നിരവധി ഇ.പി. ഫയലുകളുള്ളതിൽ 20 കൊല്ലം പഴക്കമുള്ള കേസ് വരെ തീർപ്പ് കൽപ്പിക്കാതെയുണ്ടെന്നുള്ളതാണ് ഇപ്പോഴത്തെ സ്ഥിതി. അനാവശ്യ കാലതാമസം സർക്കാരിന് വലിയ ബാദ്ധ്യതയാണ് വരുത്തുന്നത്. 1983 മുതലുള്ള 37 വർഷത്തെ പലിശ ഇപ്പോൾ നൽകേണ്ടി വരുന്നുണ്ട്. പലിശ ആദ്യവർഷം 9 ശതമാനവും തുടർന്ന് 15 ശതമാനം വീതവുമാണ് കണക്കാക്കുന്നത്. ആ കേസ് പൂർണ്ണമായും പൂർത്തീകരിച്ച് പോകുന്നതിനുള്ള നടപടിയുണ്ടാകുന്നില്ല. രണ്ടാമതായി, ഏഴിമല നേവൽ അക്കാദമി ഭൂമി സംബന്ധമായുള്ള കാര്യങ്ങൾ കൈകാര്യം ചെയ്യുന്നത് തലശ്ശേരിയിലുള്ള നേവൽ അക്കാദമി ലാൻഡ് അക്വിസിഷൻ തഹസിൽദാരാണ്. 28A അപേക്ഷ വഴിയുള്ള കേസ്സും സമയബന്ധിതമായി തീർപ്പ് കൽപ്പിക്കാത്ത നിലയിലാണുള്ളത്. അപേക്ഷ പരിഗണിച്ച് നഷ്ടപരിഹാരം ലഭ്യമാക്കുന്നതിനുവേണ്ടിയുള്ള അടിയന്തര നടപടികൾ സ്വീകരിക്കേണ്ടതുണ്ട്. വളരെ ചെറിയ അളവിൽ ഭൂമി കൈവശമുള്ള അപേക്ഷകരാണ് ഇതിൽ മഹാഭൂരിപക്ഷവും. ചെറിയ സാങ്കേതിക പ്രശ്നങ്ങൾ പറഞ്ഞാണ് ഈ ഭൂമിയുടെ കാര്യത്തിൽ തഹസിൽദാറുടെ ഭാഗത്തുനിന്നും തീർപ്പുണ്ടാകാത്തത്. അപേക്ഷ നൽകുന്നതിൽ ചെറിയ കാലതാമസമുണ്ടായ പ്രശ്നമൊക്കെ ഉന്നയിച്ച് അപേക്ഷ പരിഗണിക്കാത്ത സ്ഥിതിയുണ്ട്. ഇവർ കേസുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ പോയി ഉത്തരവ് വാങ്ങിക്കൊണ്ടുവന്നതിനുശേഷമാണ് നടപടികളിലേക്ക് നീങ്ങുന്നത്. ഇങ്ങനെയുള്ള നൂറുകണക്കിന് കേസുകൾ ഇപ്പോഴും പെൻഡിംഗിലാണ്. ഇത് സംബന്ധിച്ച് ഗവൺമെന്റിന്റെ നിലപാട് എന്താണെന്ന് അറിയണം.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, ബഹുമാനപ്പെട്ട അംഗം ഉന്നയിച്ചത് വളരെ പ്രസക്തമായൊരു പ്രശ്നമാണ്. ഏഴിമല നാവിക അക്കാദമി സ്ഥാപിക്കുന്നതിനുവേണ്ടി കണ്ണൂർ ജില്ലയിലെ തളിപ്പറമ്പ് താലൂക്കിൽ രാമന്തളി വില്ലേജിൽപ്പെട്ട 850 ഹെക്ടറിൽപ്പരം ഭൂമി 1983-84 കാലഘട്ടത്തിൽ 1894-ലെ ഭൂമി ഏറ്റെടുക്കൽ നിയമപ്രകാരം ഏറ്റെടുക്കുകയും കുടിയൊഴിപ്പിക്കപ്പെട്ടവർക്ക് സ്ഥലമെടുപ്പ് കാലഘട്ടത്തിൽ ഉചിതമായ നഷ്ടപരിഹാരം നൽകുകയും ചെയ്തിട്ടുള്ളതാണ്. 1894-ലെ ഭൂമി ഏറ്റെടുക്കൽ നിയമം 18-ാം വകുപ്പ് പ്രകാരം വർദ്ധനവിനുവേണ്ടി Land Acquisition Officer മുഖാന്തരം റഫറൻസ് കോടതി മുൻപാകെ അപേക്ഷ സമർപ്പിച്ചിട്ടില്ലാത്തവർക്ക്, ഒരേ നോട്ടിഫിക്കേഷനിൽ ഉൾപ്പെട്ടതും സമാന സ്വഭാവമുള്ള തങ്ങളുടെ വസ്തുക്കളിൽ റഫറൻസ് കോടതി (LAR Court) വർദ്ധനവ് അനുവദിച്ചുനൽകിയ വിധിന്യായം കാണിച്ച് LAO (Land Acquisition Officer) മുൻപാകെ പ്രസ്തുത വർദ്ധനവ് തങ്ങൾക്കും ബാധകമായി കിട്ടുന്നതിന് 1894-ലെ ഭൂമി ഏറ്റെടുക്കൽ നിയമം വകുപ്പ് 28 A പ്രകാരം അപേക്ഷ സമർപ്പിക്കാവുന്നതാണ്. അപ്രകാരം നഷ്ടപരിഹാരം പുനർനിർണ്ണയിക്കുന്നതിനുവേണ്ടി കുടിയൊഴിപ്പിക്കപ്പെട്ടവർ 1894-ലെ ഭൂമി ഏറ്റെടുക്കൽ നിയമം 28A വകുപ്പ് പ്രകാരം സമർപ്പിച്ച ആയിരക്കണക്കിന് അപേക്ഷകൾ പരിഗണിച്ച് നഷ്ടപരിഹാരം വർദ്ധിപ്പിച്ച് നൽകിയിട്ടുമുണ്ട്. ലാൻഡ് അക്വിസിഷൻ ഓഫീസർ 28 A അപേക്ഷ നിരസിക്കുന്ന കേസുകളിലോ, 28A അവാർഡ് കക്ഷി സ്വീകരിക്കാത്ത സാഹചര്യത്തിലോ, 28A (3) അപേക്ഷ കക്ഷിക്ക് LAO മുഖാന്തരം കോടതിയിൽ സമർപ്പിക്കാവുന്നതാണ്. വകുപ്പ് 28A(3) പ്രകാരം സമർപ്പിച്ച അപേക്ഷകളിന്മേലുണ്ടായ വിവിധ LAR വിധികളിൽ പയ്യന്നൂർ സബ് കോടതി നഷ്ടപരിഹാരം വർദ്ധിപ്പിച്ച് ഉത്തരവാകുകയും ആയതുപ്രകാരം വിധി തുക LAR കോടതികളിൽ നിക്ഷേപിച്ചിട്ടുള്ളതുമാണ്. ഒരു പ്രയാസമുള്ളത്. ഇപ്പോൾ 28A അവാർഡുമായി ബന്ധപ്പെട്ട് ഏകദേശം ഇരുപതോളം അപേക്ഷകൾ മാത്രമാണ് നടപടികളുടെ വിവിധ ഘട്ടത്തിലുള്ളത്. 28A അവാർഡ് പാസാകുന്ന മുറയ്ക്ക് തുക വിതരണം ചെയ്യാവുന്നതാണ്. ബഹുമാനപ്പെട്ട മെമ്പർ ഇവിടെ സൂചിപ്പിച്ചതുപോലെ 223 LAR കേസുകൾ പയ്യന്നൂർ സബ് കോടതിയിൽ വിചാരണ ഘട്ടത്തിലാണ്. കോടതിവിധിയുടെ അടിസ്ഥാനത്തിൽ മാത്രമേ ഇക്കാര്യത്തിൽ തുടർനടപടികൾ സ്വീകരിക്കാൻ കഴിയുകയുള്ളൂ. എന്തായാലും ബഹുമാനപ്പെട്ട അംഗം ഇവിടെ ഉന്നയിച്ച പ്രശ്നം വളരെ ഗൗരവമായതിനാൽ കൂടുതൽ കാര്യങ്ങളെന്തെങ്കിലും ബോധിപ്പിക്കാനുണ്ടെങ്കിൽ അത് ചർച്ച ചെയ്യാൻ ഈ സഭാ കാലയളവിൽത്തന്നെ പ്രത്യേക യോഗം വിളിച്ചുചേർക്കാവുന്നതാണെന്ന് ബഹുമാനപ്പെട്ട അംഗത്തെ അറിയിക്കുകയാണ്.

(3) സ്ഥല പരിവർത്തനത്തിന് അനുമതി

ശ്രീ. അനൂപ് ജേക്കബ്: സർ, പിറവം നിയോജകമണ്ഡലത്തിലെ രാമമംഗലം-മണീട് പഞ്ചായത്തുകളെ ബന്ധിപ്പിക്കുന്ന കിഴുമുറിക്കടവ് പാലത്തിന്റെ നിർമ്മാണ പ്രവർത്തനം പൂർത്തിയാക്കാൻ സാധിക്കാത്തത് അപ്രോച്ച് റോഡിനുള്ള ഭൂമി ഏറ്റെടുക്കാൻ സാധിക്കാത്തതുകൊണ്ടാണ്. അപ്രോച്ച് റോഡിലെ 70 സെന്റ് സ്ഥലം പരിവർത്തനപ്പെടുത്തുന്നതിനുള്ള അനുമതിക്കായി നൽകിയിരിക്കുകയാണ്. ഈ പാലം 2015-ൽ നിർമ്മാണം ആരംഭിച്ചതാണ്. പാലം പൂർത്തിയായി. അപ്രോച്ച് റോഡിനായുള്ള 70 സെന്റ് സ്ഥലം പരിവർത്തനപ്പെടുത്താനുള്ള അനുമതി ലഭിക്കാത്തതിനാൽ അത് ഏറ്റെടുക്കാൻ സാധിച്ചിട്ടില്ല. അതുകൊണ്ട് അതിന്റെ ജോലി സ്തംഭിച്ച് നിൽക്കുന്ന അവസ്ഥയാണിപ്പോഴുള്ളത്. ഇതുമായി ബന്ധപ്പെട്ട് ഏതാനും മാസങ്ങൾക്കുമുമ്പ് അവിടെ വന്ന് സ്ഥലപരിശോധന നടത്തിയ ഒരു ഉദ്യോഗസ്ഥ ഈ സ്ഥലം പരിവർത്തനപ്പെടുത്തിയാൽ വലിയ പാരിസ്ഥിതിക പ്രശ്നങ്ങളുണ്ടാകുമെന്ന് റിപ്പോർട്ട് നൽകി. ഈ ഉദ്യോഗസ്ഥർക്ക് നാട്ടിലെ രണ്ട് കരകളിലുള്ള നാട്ടുകാരുടെ ബുദ്ധിമുട്ട് അറിയേണ്ട ആവശ്യമില്ല. അവരുടെ ബുദ്ധിമുട്ട് മനസ്സിലാക്കുന്നത് ജനപ്രതിനിധികളാണ്. ഇവർ വലിയ പരിസ്ഥിതി പ്രശ്നമുണ്ടാകുമെന്ന് റിപ്പോർട്ടെഴുതിയതിനാൽ ആ റിപ്പോർട്ടിന്റെ പുറകിൽ ഏതാനും മാസങ്ങളോളം നടക്കേണ്ടിവന്നു. അതുകാരണം ഈ ഫയലിൽ വ്യക്തത വരാത്തതിനാൽ ഒരു തീരുമാനമെടുക്കാൻ ഗവൺമെന്റിന് കഴിയാത്ത സ്ഥിതിയുംവന്നു. ഇപ്പോൾ ഇത് വീണ്ടും പരിസ്ഥിതി വകുപ്പിന് നൽകിയിരിക്കുകയാണെന്നാണ് അറിയാൻ കഴിഞ്ഞത്. പരിസ്ഥിതി വകുപ്പിൽനിന്നുള്ള റിപ്പോർട്ട് ഗവൺമെന്റിലേക്ക് വന്നിട്ടുണ്ടാകുമെന്ന് കരുതുന്നു. അതിൽ എന്തുതന്നെ അടങ്ങിയിരുന്നാലും പൊതുആവശ്യത്തിനുള്ള ഭൂമിയെന്ന നിലയിൽ കണക്കാക്കി, പരിവർത്തനപ്പെടുത്താനുള്ള അംഗീകാരം ഗവൺമെന്റ് നൽകണം. അതിന് നിയമപരമായ പരിരക്ഷ ഗവൺമെന്റിനുണ്ട്. അത് ബഹുമാനപ്പെട്ട മന്ത്രിക്കും അറിവുള്ള കാര്യമാണ്. പൊതു ആവശ്യത്തിനായുള്ള ഭൂമി പരിവർത്തനപ്പെടുത്തുവാനുള്ള അധികാരം സർക്കാരിൽ നിയമപരമായിത്തന്നെ നിക്ഷിപ്തമാണ്. ബഹുമാനപ്പെട്ട മന്ത്രി ആ അധികാരമുപയോഗിച്ച് ഈ ഭൂമി പരിവർത്തനപ്പെടുത്താനുള്ള അവസരവും സാഹചര്യവും ഒരുക്കണം. എന്റെ നിയോജകമണ്ഡലത്തിൽ മാത്രമല്ല കേരളത്തിൽ പല സ്ഥലങ്ങളിലും ഇത്തരത്തിലുള്ള നിയമ പ്രശ്നങ്ങൾ കാരണം പല ജോലികളും മുടങ്ങിക്കിടക്കുകയാണ്. അതുകൊണ്ട് ഇത് വളരെ ഗൗരവമായൊരു വിഷയമാണ്. ഇത് ഒരു പ്രദേശത്തെ മാത്രം ബാധിക്കുന്ന ഒറ്റപ്പെട്ട വിഷയമല്ല. പലസ്ഥലങ്ങളിലും ഇത്തരത്തിലുള്ള വിഷയങ്ങളുണ്ട്. അതിന്റെ ഗൗരവം ബഹുമാനപ്പെട്ട മന്ത്രി മനസ്സിലാക്കി ഇതിനുള്ള അനുമതി നൽകണമെന്നും ഈ പാലത്തിന്റെ അപ്രോച്ച് റോഡിനുവേണ്ടിയുള്ള ഭൂമി ഏറ്റെടുക്കാനുള്ള നടപടികൾ പൂർത്തിയാക്കാനുള്ള സാഹചര്യമൊരുക്കണമെന്നും ഞാൻ ഈ സബ്മിഷനിലൂടെ അഭ്യർത്ഥിക്കുന്നു.

കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്): സർ, എറണാകുളം ജില്ലയിൽ പിറവം നിയോജകമണ്ഡലത്തിൽ രാമമംഗലം-മണീട് പഞ്ചായത്തുകളെ ബന്ധിപ്പിച്ചു കൊണ്ട് മൂവാറ്റുപുഴയ്ക്ക് കുറുകെ നിർമ്മിക്കുന്ന കിഴുമുറിക്കടവ് പാലത്തിന്റെ അപ്രോച്ച് റോഡ് നിർമ്മിക്കുന്നതിന് പിറവം നിയോജകമണ്ഡലത്തിലെ രാമമംഗലം വില്ലേജിൽ സർവ്വേ നമ്പർ 749/1, 749/11, 749/4-ൽ ഉൾപ്പെട്ട 141.25 സെന്റ് സ്ഥലം നികത്തുന്നതിന് പി.ഡബ്ല്യു.ഡി. മൂവാറ്റുപുഴ റോഡ് ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ 2017-ൽ സമർപ്പിച്ച അപേക്ഷ സംസ്ഥാനതല സമിതി പരിശോധിച്ച് സർക്കാരിൽ സമർപ്പിച്ച റിപ്പോർട്ട് പ്രകാരം പ്രസ്തുത സ്ഥലം പരിവർത്തനപ്പെടുത്തിയാൽ പാരിസ്ഥിതിക വ്യവസ്ഥയെ ദോഷകരമായി ബാധിക്കുമെന്ന് ബോദ്ധ്യപ്പെട്ടതിനാൽ 2-11-2019-ലെ സർക്കാർ ഉത്തരവ് ആർ.ടി. നമ്പർ 1026/2019 കൃഷി പ്രകാരം പൊതുമരാമത്ത് വകുപ്പ് മൂവാറ്റുപുഴ റോഡ് ഡിവിഷണൽ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ മുൻപിൽ സമർപ്പിച്ച അപേക്ഷ നിരസിക്കുകയുണ്ടായി. മേൽ സൂചിപ്പിച്ച സർക്കാർ ഉത്തരവ് പുനഃപരിശോധിക്കണമെന്ന് ശ്രീ. അനൂപ് ജേക്കബ് എം.എൽ.എ. സർക്കാരിനോട് ആവശ്യപ്പെടുകയുണ്ടായി. പ്രസ്തുത പാലത്തിന്റെ നിർമ്മാണം 70% പൂർത്തീകരിച്ചിട്ടുണ്ടെന്നും ഈ അപ്രോച്ച് റോഡ് നിർമ്മാണത്തിനായി പൊതുആവശ്യത്തിനുള്ള ഭൂമി പരിവർത്തനപ്പെടുത്തുന്നതല്ലാതെ മറ്റ് മാർഗ്ഗമില്ലെന്നും ആയതിനാൽ അനുമതി നിരസിച്ച തീരുമാനം പുനഃപരിശോധിച്ച് അപ്രോച്ച് റോഡ് നിർമ്മാണമെന്ന പൊതുആവശ്യത്തിനായി ഭൂമി രൂപാന്തരപ്പെടുത്തുന്നതിന് പ്രത്യേക അനുമതി നൽകണമെന്നും അഭ്യർത്ഥിച്ചിരുന്നു. കൂടാതെ പരിവർത്തനപ്പെടുത്തേണ്ട ഭൂമി 70.2 സെന്റ് മാത്രമായി നിജപ്പെടുത്തിയെന്നും ആയതിൽ വിശദമാക്കിയിരുന്നു. ഇപ്രകാരം പരിവർത്തനാനുമതി കൂടാതെതന്നെ പൊതുമരാമത്ത് വകുപ്പ് പാലം നിർമ്മാണം പൂർത്തീകരിച്ചതായി വ്യക്തമായ സാഹചര്യത്തിൽ ഈ വിഷയത്തിന്മേൽ പ്രിൻസിപ്പൽ കൃഷി ഓഫീസർ, പൊതുമരാമത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരോട് പരിശോധിച്ച് റിപ്പോർട്ട് നൽകാൻ ആവശ്യപ്പെടുകയും ലഭ്യമായ പ്രസ്തുത റിപ്പോർട്ട് പരിശോധിച്ചുവരികയുമാണ്. 2008-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമത്തിലെ അന്തസ്സത്ത ഉൾക്കൊണ്ടും വ്യവസ്ഥകൾ പാലിച്ചും പാരിസ്ഥിതിക പ്രാധാന്യമുള്ള നെൽവയലുകളും തണ്ണീർത്തടങ്ങളും സംരക്ഷിക്കേണ്ടത് പൊതുസമൂഹത്തിന്റെയും സർക്കാരിന്റെയും കർത്തവ്യമായതിനാൽ വ്യക്തമായ പരിശോധനയ്ക്കുശേഷം മാത്രമേ പരിവർത്തനാനുമതി നൽകാൻ സാധിക്കുകയുള്ളൂ. 2008-ലെ നിയമത്തിന്റെ പരിധിയിലുൾപ്പെടുന്ന ഭൂമിയിൽ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കിയതിനുശേഷമാണ് പലപ്പോഴും ബന്ധപ്പെട്ട കമ്മിറ്റികൾക്കും അധികാരികൾക്കും മുമ്പാകെ പരിവർത്തനാനുമതിക്കുള്ള അപേക്ഷ പരിഗണനയ്ക്കായി എത്തുന്നത്. ഇത്തരം സാഹചര്യങ്ങൾ സർക്കാരിന്

വിഷമാവസ്ഥ സൃഷ്ടിക്കുകയും സമ്മർദ്ദത്തിലാക്കുകയും ചെയ്യുന്നതിനാൽ അത്തരത്തിലുള്ള അനധികൃതവും നിയമവിരുദ്ധവുമായ പരിവർത്തനങ്ങൾ ആരംഭത്തിൽ ത്തന്നെ തടയുന്നതിനും ഭൂമിയുടെ തരം അതേ നിലയിൽ സംരക്ഷിക്കുന്നതിനും വീഴ്ചവരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ വകുപ്പ് 23 പ്രകാരമുള്ള നടപടികളും അച്ചടക്ക നടപടികളും സ്വീകരിക്കുന്നതിനും നിയമത്തിൽ വ്യവസ്ഥയുണ്ട്. മേൽപ്പടി സാഹചര്യത്തിൽ അനുമതിയില്ലാതെ പാലം പണി ആരംഭിച്ചതിൽ മേൽ വകുപ്പ് പ്രകാരം നടപടി സ്വീകരിക്കേണ്ടതുണ്ടോ എന്നത് സംബന്ധിച്ച് പൊതുമരാമത്ത് വകുപ്പിനോട്ടും അഭിപ്രായം ആരായുകയുണ്ടായി. പ്രസ്തുത വിഷയത്തിൽ പൊതുമരാമത്ത് (പാലം) വിഭാഗം ചീഫ് എഞ്ചിനീയറോട് പൊതുമരാമത്ത് വകുപ്പ് റിപ്പോർട്ട് ആവശ്യപ്പെട്ടെങ്കിലും നാളിതുവരെയായി റിപ്പോർട്ട് ലഭ്യമായിട്ടില്ല. മേൽപ്പടി വിഷയത്തിൽ അന്തിമ റിപ്പോർട്ട് ലഭിച്ചതിനു ശേഷം പ്രസ്തുത വിഷയം പരിശോധിച്ച് യുക്തമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

(4) വീടിന് സമീപത്തുള്ള വിദ്യാലയങ്ങളിലേയ്ക്ക് മാറുന്നതിന് അനുമതി

ശ്രീ. എ. എൻ. ഷംസീർ: സർ, കേരളപ്പിറവി ദിനമായ നവംബർ 1 വളരെയധികം ശ്രദ്ധേയമാവുകയാണ്. കാരണം, 18 മാസക്കാലത്തെ ഇടവേളയ്ക്കുശേഷം സ്കൂളുകളുടെ പ്രവർത്തനം ആരംഭിക്കുകയാണ്. കോവിഡ് മഹാമാരിയെത്തുടർന്ന് സ്കൂളുകൾ അടച്ചിട്ട് 18 മാസം പിന്നിടുന്നു. സ്കൂളുകൾ തുറക്കാതെ നമുക്ക് ഏറെക്കാലം മുന്നോട്ടുപോകാൻ സാധിക്കില്ല. കാരണം, വിദ്യാർത്ഥികൾക്ക് ഓഫ്‌ലൈനിലൂടെ മാത്രമേ കാര്യങ്ങൾ പഠിക്കാൻ സാധിക്കുകയുള്ളൂ. ഇത്തരമൊരു പശ്ചാത്തലത്തിലാണ് സംസ്ഥാന സർക്കാർ സ്കൂളുകൾ പ്രവർത്തിപ്പിക്കാൻ തീരുമാനിച്ചത്. വളരെയധികം കരുതലും തയ്യാറെടുപ്പും ബഹുമാനപ്പെട്ട മന്ത്രിയുടെ നേതൃത്വത്തിൽ നടക്കുന്നതിനെ അഭിനന്ദിക്കുകയാണ്. രക്ഷിതാക്കളുടെ ആശങ്കയാണ് എനിക്കിവിടെ സൂചിപ്പിക്കാനുള്ള പ്രധാന കാര്യം. കുട്ടികൾ പലകാരണങ്ങളാൽ വീട്ടിൽനിന്നും വളരെയകലെയാണ് പഠിക്കുന്നത്. അവർ സഞ്ചരിക്കുന്നത് ഒന്നുകിൽ സ്വകാര്യവാഹനത്തിലോ സ്കൂൾ ബസ്സിലോ/സ്വകാര്യ ബസ്സിലോ ആണ്. ഇത്തരം വാഹനങ്ങളിൽ സഞ്ചരിക്കുന്ന കുട്ടികളുടെ രക്ഷിതാക്കൾ കോവിഡിന്റെ പശ്ചാത്തലത്തിൽ അത്തരമൊരു യാത്ര ഒഴിവാക്കാൻവേണ്ടി കുട്ടികളെ തൊട്ടടുത്ത ഗ്രാമത്തിലെ സ്കൂളിലേയ്ക്ക് മാറ്റാൻ തീരുമാനിച്ചിട്ടുണ്ട്. പക്ഷേ, രക്ഷിതാക്കൾ ടി.സി. വാങ്ങാനായി സ്കൂളിലേയ്ക്ക് പോകുമ്പോൾ പല കാരണങ്ങൾ പറഞ്ഞ് ഹെഡ്മിസ്ട്രസ്സും മറ്റ് അദ്ധ്യാപകരും ടി.സി. കൊടുക്കാത്ത പശ്ചാത്തലമുണ്ട്. ഇത്തരമൊരു സാഹചര്യത്തിൽ, കുട്ടികളുടെ ആരോഗ്യത്തെക്കുറിച്ചും സുരക്ഷയെക്കുറിച്ചും ആലോചിച്ച് ടി.സി. വാങ്ങാൻ തയ്യാറാകുന്ന രക്ഷിതാക്കൾക്ക് അവരുടെ വീടിനടുത്തുള്ള സ്കൂളിൽ പഠിക്കാനാവശ്യമായ സൗകര്യമൊരുക്കാൻ സർക്കാർ മുൻകയ്യെടുക്കുമോ?

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, ശ്രീ. എ. എൻ. ഷംസീർ, എം.എൽ.എ. അവതരിപ്പിച്ച ഈ വിഷയം കേരളത്തിലെ നല്ലൊരു ശതമാനം വിദ്യാർത്ഥികളും രക്ഷിതാക്കളും പ്രത്യക്ഷമായും പരോക്ഷമായും അനുഭവിച്ചുകൊണ്ടിരിക്കുന്ന ഏറ്റവും പ്രധാനപ്പെട്ടൊരു പ്രശ്നമാണ്. സഭയുടെയും പൊതുസമൂഹത്തിന്റെയും ശ്രദ്ധയിൽപ്പെടുത്തുന്നതിനുവേണ്ടിയാണ് ഈ വിഷയം ഇവിടെ അവതരിപ്പിച്ചിട്ടുള്ളത്. ടി.സി. കൊടുക്കുന്ന കാര്യത്തിൽ അൺ എയ്ഡഡ്/എയ്ഡഡ്/ഗവൺമെന്റ് സ്കൂളുകളിലെ പ്രധാനാദ്ധ്യാപകർ അവർക്ക് ഇഷ്ടമുള്ള ചില നിലപാടുകൾ സ്വീകരിക്കുന്നുണ്ട്. രക്ഷിതാക്കൾ പരാതിയുമായി വരുന്ന അവസരത്തിലാണ് മന്ത്രിതലത്തിലോ വിദ്യാഭ്യാസ ഡയറക്ടർ തലത്തിലോ ഇതുസംബന്ധിച്ച് അറിയുന്നത്. കോവിഡ് കാലഘട്ടത്തിൽ ടി.സി. സംബന്ധിച്ച പ്രശ്നം വന്നിരുന്നു. ചില അൺ എയ്ഡഡ് വിദ്യാലയങ്ങൾ വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുറന്ന് പ്രവർത്തിക്കുന്ന കാലഘട്ടത്തിൽ അടച്ചുതീർക്കേണ്ട മുഴുവൻ ഫീസും അടച്ചുതീർത്താൽ മാത്രമേ ടി.സി. നൽകുകയുള്ളൂവെന്ന നിലപാട് സ്വീകരിച്ചിരുന്നു. മറ്റൊരു വിദ്യാലയത്തിലേയ്ക്ക് മാറുന്നതിന് ടി.സി.-യുടെ ആവശ്യമില്ലെന്നും രക്ഷകർത്താവിന്റെ സെൽഫ് ഡിക്ലറേഷൻ കൊടുത്താൽ ആ സ്കൂളിൽ കുട്ടിയെ ചേർക്കണമെന്നുള്ള ഒരു നിർദ്ദേശം പൊതുവിദ്യാഭ്യാസ വകുപ്പ് നൽകിയിരുന്നു. ചില സ്ഥലങ്ങളിൽ അൺ എയ്ഡഡ് വിദ്യാലയങ്ങളിലെ മാനേജ്മെന്റ് ടി.സി. വാങ്ങാതെ മറ്റ് വിദ്യാലയങ്ങളിലേയ്ക്ക് മാറിയ കുട്ടികൾക്കെതിരെ കോവിഡ് കാലഘട്ടത്തിലെ ഫീസ് ഈടാക്കുന്നതിനു വേണ്ടിയുള്ള വക്കീൽ നോട്ടീസ് അയച്ചിരിക്കുകയാണ്. അത് വളരെ ഗൗരവമായിത്തന്നെ ഗവൺമെന്റ് കാണുന്നുവെന്ന കാര്യം സഭയെയും ബഹുമാനപ്പെട്ട മെമ്പറെയും അറിയിക്കാൻ ആഗ്രഹിക്കുകയാണ്. കഴിഞ്ഞ ദിവസം ലക്ഷദ്വീപിൽനിന്നും ഇവിടെ ചേരാൻ വന്ന ഒരു വിദ്യാർത്ഥിക്ക് പഠിച്ച സ്കൂളിലെ ടി.സി.ഉണ്ടെങ്കിലും സാങ്കേതിക കാരണങ്ങൾ പറഞ്ഞ് അഡ്മിഷൻ നൽകാതിരിക്കുകയും പ്രത്യേക സ്വഭാവ സർട്ടിഫിക്കറ്റുകൂടി ലക്ഷദ്വീപിൽനിന്നും വാങ്ങിക്കൊണ്ടുവരാൻ ആവശ്യപ്പെടുകയും ചെയ്തു. സ്കൂളിന്റെ പേരൊന്നും ഞാനിവിടെ പരാമർശിക്കുന്നില്ല. ഇങ്ങനെയൊക്കെ പെരുമാറുന്ന ഉദ്യോഗസ്ഥർ ഉദ്യോഗസ്ഥ വൃന്ദത്തിലുണ്ടെന്ന കാര്യം പരാമർശിക്കുകയാണ്. നാട്ടുകാരെയും ജനങ്ങളെയും എങ്ങനെ ബുദ്ധിമുട്ടിക്കാമെന്ന് ചിന്തിക്കുന്ന ഉദ്യോഗസ്ഥർ വിരളമായെങ്കിലും നമ്മുടെ വകുപ്പുകളിലുണ്ടെന്ന കാര്യം എല്ലാവർക്കും അറിയാവുന്നതാണ്. ഇത് ഭരണപക്ഷത്തിന്റെയോ പ്രതിപക്ഷത്തിന്റെയോ പ്രശ്നമായി കാണേണ്ടതില്ല. പ്രസ്തുത വിഷയത്തിൽ മന്ത്രിയുടെ ഓഫീസിൽനിന്ന് ഇടപെടുകയും ബന്ധപ്പെട്ട ജില്ലാ വിദ്യാഭ്യാസ ഉപഡയറക്ടറോട് അഡ്മിഷൻ നൽകാൻ പറയുകയും ചെയ്തു. അതുപോലൊരു പ്രധാനപ്പെട്ട വിഷയമാണ് ശ്രീ. എ. എൻ. ഷംസീർ,

എം.എൽ.എ. ഇവിടെ ഉന്നയിച്ച വിഷയം. ടി. സി. ആവശ്യപ്പെടുന്ന ഏതൊരു കുട്ടിക്കും വിദ്യാഭ്യാസ അവകാശനിയമം അനുശാസിക്കുംപ്രകാരം സ്കൂളിലെ പ്രധാനാദ്ധ്യാപകൻ ടി.സി. നൽകേണ്ടതും അതിന് വിരുദ്ധമായി ഏതെങ്കിലും ഉദ്യോഗസ്ഥൻ പെരുമാറിയാൽ അത് നിയമവിരുദ്ധവുമാണ്. അങ്ങനെ പെരുമാറുന്ന ഉദ്യോഗസ്ഥരുടെ പേരിൽ കർശനമായ നടപടിയെടുക്കുമെന്നുള്ള കാര്യം സഭയെ അറിയിക്കാനാഗ്രഹിക്കുകയാണ്. ക്ലാസ്സിലെ കുട്ടികളുടെ എണ്ണത്തിലും പ്രശ്നമുണ്ട്. ചേരാൻ ഉദ്ദേശിക്കുന്ന സ്കൂളിന്റെ ഭൗതിക സാഹചര്യംകൂടി കണക്കിലെടുത്ത് മാത്രമേ അഡ്മിഷൻ ലഭിക്കുകയുള്ളൂ. ഇത് ടി. സി. വാങ്ങുന്ന രക്ഷകർത്താക്കളും വിദ്യാർത്ഥികളും ശ്രദ്ധിക്കേണ്ടതാണ്. ഹയർ സെക്കണ്ടറി സ്കൂൾ ട്രാൻസ്ഫർ സിംഗിൾ വിൻഡോ അഡ്മിഷൻ നടപടിക്രമം അനുസരിച്ചായിരിക്കും നടത്തുകയെന്നുള്ള കാര്യം ഈ അവസരത്തിൽ സൂചിപ്പിക്കുന്നു. വളരെ ഗൗരവമുള്ള വിഷയമായതിനാൽ ഇക്കാര്യത്തെ സംബന്ധിച്ച് കേരളമാകെ അറിയേണ്ടതാണ്. നവംബർ 1-ാം തീയതി സ്കൂൾ തുറക്കുന്നതിനാൽ അതിനുള്ള എല്ലാ തയ്യാറെടുപ്പുകളും നടത്തി ഇതുമായി ബന്ധപ്പെട്ട എല്ലാ മേഖലകളുമായി ചർച്ച ചെയ്തുകൊണ്ടിരിക്കുകയാണ്. ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി, ആരോഗ്യവകുപ്പുമന്ത്രി, പട്ടികജാതി-പട്ടികവർഗ്ഗക്ഷേമ വകുപ്പുമന്ത്രി, പൊതുമരാമത്ത് വകുപ്പുമന്ത്രി എന്നിങ്ങനെ വിദ്യാലയവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന എല്ലാ മന്ത്രിമാരും സഹായങ്ങൾ ചെയ്തുകൊണ്ടിരിക്കുന്നു. സ്കൂൾ തുറക്കുമ്പോൾ പാലിക്കേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ സംബന്ധിച്ചുള്ള അന്തിമമായ രൂപരേഖ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് സമർപ്പിച്ചിരിക്കുകയാണ്. ഈ അവസരത്തിൽ ടി. സി. വാങ്ങുന്നത് പ്രധാനപ്പെട്ടൊരു വിഷയമാണ്. ഇക്കാര്യത്തിൽ ഗവൺമെന്റ് നിലപാട് സഭയെ അറിയിക്കുകയാണ്.

(5) കർഷകത്തൊഴിലാളി ക്ഷേമനിധി പദ്ധതി പരിഷ്കരണം

ശ്രീ. പി. മമ്മിക്കുട്ടി: സർ, 1990-ൽ സഖാവ് നായനാർ ഗവൺമെന്റിന്റെ കാലത്ത് പാസ്സാക്കിയ കേരള കർഷകത്തൊഴിലാളി ക്ഷേമനിധി പദ്ധതി നടപ്പിലാക്കിയിട്ട് 30 വർഷം കഴിഞ്ഞു. അതിനിടയിൽ ആറ് ഗവൺമെന്റുകൾ മാറിവന്നു. അതിൽ യു.ഡി.എഫ്.-ഉം എൽ.ഡി.എഫ്.-ഉം ഉണ്ടായിരുന്നു. ഈ പദ്ധതി വിഭാവനം ചെയ്ത സമയത്ത് രണ്ട് രൂപയാണ് അംശദായം തീരുമാനിച്ചത്. രണ്ട് രൂപ വീതം സമാഹരിച്ചാൽ ആനുകൂല്യങ്ങൾ കൊടുക്കാൻ കഴിയില്ലായെന്നതിന്റെ അടിസ്ഥാനത്തിൽ ബോർഡിന്റെ തീരുമാനപ്രകാരം 2008-ൽ അംശദായം 5 രൂപയാക്കി വർദ്ധിപ്പിച്ചു. അതിനെത്തുടർന്ന് ആനുകൂല്യങ്ങളുടെ കുടിശ്ശിക വന്നപ്പോൾ 2006-2011-ൽ ശ്രീ. വി. എസ്. അച്യുതാനന്ദൻ ഗവൺമെന്റിന്റെ കാലത്ത് ഡോ. ടി. എം. തോമസ് ഐസക് ധനകാര്യ വകുപ്പുമന്ത്രിയായിരുന്നപ്പോൾ അന്നുവരെയുള്ള

കുടിശ്ശികയായ 115 കോടി രൂപ ബോർഡിന് നൽകുകയും കുടിശ്ശിക തീർക്കുകയും ചെയ്തു. പിന്നീട് വന്ന യു.ഡി.എഫ്. ഗവൺമെന്റ് സമയാസമയം ആനുകൂല്യങ്ങൾ കൊടുക്കുന്നതിനുവേണ്ടിയുള്ള താല്പര്യമെടുക്കാത്തതിന്റെ ഭാഗമായി കുടിശ്ശിക വർദ്ധിച്ചു. 2016-ൽ പിണറായി ഗവൺമെന്റ് വന്നപ്പോൾ ഇത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തുകയും 100 കോടി രൂപ കുടിശ്ശിക തീർത്തുകൊടുക്കാൻ അനുവദിക്കുകയും ചെയ്തു. പൂർണ്ണമായും ആ പണം ഉപയോഗപ്പെടുത്താൻ കഴിഞ്ഞില്ല. 2020 മുതൽ അംശദായം 5 രൂപ എന്നത് 20 രൂപയാക്കി വർദ്ധിപ്പിച്ചിട്ടുണ്ട്. മാസം 20 രൂപ, ഒരു കൊല്ലം 240 രൂപ. ഇങ്ങനെ മൂന്നുതവണ അംശദായത്തിൽ വർദ്ധനവ് വരുത്തിയെങ്കിലും അതിനനുസരിച്ച് അന്ന് വിഭാവനം ചെയ്ത ആനുകൂല്യങ്ങളിൽ വർദ്ധനവ് വരുത്തിയിട്ടില്ല. അംശദായത്തിൽ ഗണ്യമായ വർദ്ധനവ് വരുത്തിയതിന്റെ അടിസ്ഥാനത്തിൽ ആനുകൂല്യങ്ങളുടെ വർദ്ധനവ് കാലോചിതമാക്കണം. അതോടൊപ്പംതന്നെ ഇന്നുവരെയുള്ള കുടിശ്ശിക ഏകദേശം മുന്നൂറ്റിനാല്പത് കോടി രൂപയോളമുണ്ട്. സൂപ്പറാനുവേഷൻ ആനുകൂല്യം, വിവാഹ ധനസഹായം, ചികിത്സാ ധനസഹായം, സ്കോളർഷിപ്പ് എന്നിവയിലാണ് കുടിശ്ശികയുള്ളത്. കുടിശ്ശിക കൊടുത്തുതീർക്കാനും ഇപ്പോൾ വർദ്ധിപ്പിച്ച അംശദായംകളക്ട് ചെയ്യാനും കഴിഞ്ഞാൽ പിന്നീട് കുടിശ്ശിക വരാതെ കൈകാര്യം ചെയ്യാൻ കഴിയും. അതിനനുസരിച്ച് ഈ ക്ഷേമനിധി പദ്ധതി കാലാനുസൃതമായി പരിഷ്കരിക്കണമെന്നാണ് എനിക്ക് ബഹുമാനപ്പെട്ട മന്ത്രിയോട് ആവശ്യപ്പെടാനുള്ളത്

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, ശ്രീ. മമ്മിക്കുട്ടി എം.എൽ.എ. ഇവിടെ ഉന്നയിച്ചിരിക്കുന്ന പ്രശ്നങ്ങൾ കേരളത്തിലെ കർഷകത്തൊഴിലാളികളെ ബാധിക്കുന്ന ഏറ്റവും പ്രധാനപ്പെട്ട വിഷയങ്ങൾ തന്നെയാണ്. കേരള കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡിലെ ആനുകൂല്യ വിതരണം, ഭരണച്ചെലവ് എന്നിവ വഹിക്കുവാൻ ബോർഡിന്റെ നിലവിലുള്ള സാമ്പത്തിക സ്ഥിതി അപര്യാപ്തമായതിനാൽ ഭൂവുടമവിഹിതവും തൊഴിലാളി വിഹിതവും വർദ്ധിപ്പിച്ചുകൊണ്ടും സർക്കാർ വിഹിതം നിലവിലുള്ള 5 രൂപ നിരക്കിൽ നിലനിർത്തിക്കൊണ്ടും കേരള കർഷക ക്ഷേമനിധി ആക്ട് ഭേദഗതി വരുത്തുന്നതിന് 2020-ൽ ഓർഡിനൻസ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഓർഡിനൻസ് ബില്ലാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരികയാണ്. ആയതുപ്രകാരം കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡിലെ അംഗങ്ങളുടെ അംശദായം പ്രതിമാസം 5 രൂപയിൽനിന്നും 20 രൂപയാക്കി വർദ്ധിപ്പിക്കുന്നതിനാൽ അംശദായം ശരാശരി 5 കോടി രൂപയിൽനിന്നും 12 കോടി രൂപയായി വർദ്ധിച്ചിട്ടുണ്ട്. ഭൂവുടമവിഹിതത്തിലെ വർദ്ധനവിനാൽ ബോർഡിന്റെ വരുമാനം ശരാശരി 2.5 കോടി രൂപയിൽനിന്നും 8.5 കോടി രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. കേരള

കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്നും അതിവർഷാനുകൂല്യം, വിവാഹ ധനസഹായം, പ്രസവ ധനസഹായം, വിദ്യാഭ്യാസ ധനസഹായം, ചികിത്സാ ധനസഹായം, മരണാനന്തര ധനസഹായം എന്നീ ആനുകൂല്യങ്ങളാണ് നൽകിവരുന്നത്. മേൽ സൂചിപ്പിച്ച ബിൽ നിയമമാക്കി പ്രാബല്യത്തിൽ കൊണ്ടുവന്നാൽ ക്ഷേമനിധി ബോർഡിന്റെ വരുമാനം വർദ്ധിക്കുകയും അതിലൂടെ തൊഴിലാളികൾക്ക് നൽകിവരുന്ന ആനുകൂല്യങ്ങൾ വർദ്ധിപ്പിച്ച നിരക്കിൽ നൽകുവാനും സാധിക്കുമെന്നാണ് കരുതുന്നത്. 16-8-2021-ലെ സർക്കാർ ഉത്തരവ് പ്രകാരം വിവാഹ ധനസഹായം 2,000 രൂപയിൽ നിന്നും 5,000 രൂപയായും ചികിത്സാ സഹായം 2,500 രൂപയിൽ നിന്നും 4,000 രൂപയായും മരണാനന്തര സഹായം 2,000 രൂപയിൽ നിന്നും 5,000 രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട്. ഇവ കാലാനുസൃതമായ രീതിയിൽ വർദ്ധിപ്പിക്കുന്നതിനുള്ള ശിപാർശ ധനകാര്യവകുപ്പ് പരിശോധിച്ച് വരികയാണ്. കുടിശ്ശികയായിട്ടുള്ള അതിവർഷാനുകൂല്യം വിതരണം ചെയ്യാൻ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 130 കോടി രൂപ അനുവദിച്ചിരുന്നു. കൂടാതെ ഈ സാമ്പത്തിക വർഷം 20 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഇപ്രകാരം ബോർഡിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

(6) <u>പാറപ്പുറം - വല്ലംകടവ് പാലം നിർമ്മാണം</u>

<u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u>: സർ, പെരുമ്പാവൂർ-ആലുവ നിയോജക മണ്ഡലങ്ങളെ പരസ്പരം ബന്ധിപ്പിക്കുന്ന, പെരുമ്പാവൂരിലെ യാത്രാക്ലേശം പരിഹരിക്കാൻ കഴിയുന്ന പാറപ്പുറം- വല്ലംകടവ് പാലത്തിന്റെ നിർമ്മാണ പ്രവർത്തനമാരംഭിച്ചിട്ട് അഞ്ച് വർഷം കഴിഞ്ഞു. 2016-ൽ നിർമ്മാണം ആരംഭിച്ച് രണ്ടു വർഷംകൊണ്ട് നിർമ്മാണം പൂർത്തീകരിക്കണമെന്നായിരുന്നു എഗ്രിമെന്റ്. പക്ഷേ പലതവണ ഇതിന്റെ തീയതി നീട്ടിക്കൊടുത്തു. 2019 ആയപ്പോഴേയ്ക്കും കരാറുകാരൻ ഈ പ്രവൃത്തി നിർത്തിവയ്ക്കുകയും പൂർത്തിയാക്കാതെ പോവുകയും ചെയ്തു. റിസ്ക് & കോസ്റ്റിൽ അദ്ദേഹത്തെ ഒഴിവാക്കി പിന്നീട് മൂന്നുതവണ റീ-ടെണ്ടർ ചെയ്തതിനു ശേഷമാണ് ഒരാൾ ഈ വർക്ക് ഏറ്റെടുത്തത്. 24 കോടി രൂപയാണ് ഇതിന് മൊത്തത്തിൽ അന്നത്തെ യു.ഡി.എഫ്. ഗവൺമെന്റ് അനുവദിച്ചത്. 289 മീറ്റർ നീളവും 9 സ്പാനുകളുമുള്ള പാലത്തിന്റെ മൂന്ന് ു ണുകളും ഫൗണ്ടേഷനും മൂന്ന് സ്പാനും പൂർത്തീകരിച്ചു. ഇനി 6 സ്പാനും അപ്രോച്ച് റോഡും പൂർത്തീകരിക്കണം. 9.63 കോടി രൂപ ഈ പദ്ധതിയിൽ ബാക്കിയുണ്ട്. ഇവിടെ കരാറുകാരൻ കൂടിയ തുക ക്വാട്ട് ചെയ്തിരിക്കുന്നു. ഇതുപോലെ സമാനമായ എട്ട് പാലങ്ങളുടെ നിർമ്മാണം നിർത്തിയിരിക്കുന്നതായി മനസ്സിലാക്കാൻ കഴിയുന്നുവെന്നാണ് കരാറുകാരൻ പറയുന്നത്. രണ്ടു വർഷത്തിലേറെയായി ഈ വർക്കുകളൊന്നും നടക്കാതെ

പെൻഡിംഗായി പെരിയാറിന് കുറുകെ കിടക്കുന്നുവെന്നുള്ളത് യാഥാർത്ഥ്യമാണ്. ഈ സന്ദർഭത്തിൽ എത്രയും വേഗം നിർമ്മാണമാരംഭിച്ച് മുന്നോട്ടുപോകണം. പക്ഷേ സാങ്കേതിക പ്രശ്നംകൂടി ഇതിലുണ്ടെന്നുള്ളത് ബഹുമാനപ്പെട്ട മന്ത്രിക്കറിയാം. കാരണം, അന്നത്തെ റേറ്റിൽ ഇന്ന് ഈ പ്രവർത്തനം നടത്താൻ കരാറുകാർ തയ്യാറല്ല. സ്വാഭാവികമായും പൊതുമരാമത്ത് മാന്വൽ അനുസരിച്ച് ഇതിന് 10 ശതമാനത്തിൽ കൂടാത്ത തുകയോ പത്തു ശതമാനത്തിൽ താഴെയുള്ള തുകയോ അല്ലെങ്കിൽ ഇപ്പോഴുള്ള ലോക്കൽ മാർക്കറ്റ് റേറ്റ്, ഏത് തുകയാണോ കുറവ്, ആ തുകയ്ക്ക് മാത്രമേ അനുവദിക്കാൻ കഴിയൂ. പക്ഷേ കരാറുകാർ, ഇപ്പോൾ അത് നിർമ്മിക്കാൻ കഴിയില്ല; 15 ശതമാനമെങ്കിലും കൂടുതൽ തുക തന്നെങ്കിൽ മാത്രമേ ഈ വർക്ക് പൂർത്തീകരിക്കാൻ കഴിയുകയുള്ളൂവെന്നാണ് പറയുന്നത്. ഇത് നിർമ്മാണ പ്രവർത്തനം നിലച്ച കേരളത്തിലെ എല്ലാ വർക്കുകൾക്കും ബാധകമാണ്. ഇക്കാര്യത്തിൽ ഗവൺമെന്റ് തലത്തിൽ ഒരു തീരുമാനമുണ്ടാകേണ്ടത് ആവശ്യമാണ്. അതുകൊണ്ട് എത്രയുംപെട്ടെന്ന് ഒരു തീരുമാനമുണ്ടാക്കി ഇത് നടപ്പിലാക്കാൻ കഴിയണം. പെരുമ്പാവൂർ ഏഷ്യയിലെ ഏറ്റവും വലിയ തടിവ്യവസായവും പ്ലൈവുഡ് കമ്പനികളും ഫർണിച്ചർ കമ്പനികളും അരിവ്യവസായവും സ്റ്റീൽ വ്യവസായവുമുള്ള സ്ഥലമാണ്. അവിടത്തെ റോഡുകളെല്ലാം മോശമാണ്. അതുകൊണ്ട് അങ്ങ് ഇക്കാര്യത്തിൽ ഇടപെടുകയും ഇത് നിർമ്മിക്കാൻ വേണ്ട നടപടി സ്വീകരിക്കുകയും വേണം.

ഒരു കാര്യംകൂടി ഞാൻ ബഹുമാനപ്പെട്ട സ്പീക്കറുടെ ശ്രദ്ധയിൽപ്പെടുത്താനാഗ്രഹിക്കുന്നു. അത് എന്റെ അപേക്ഷയാണ്. ആലുവ-പെരുമ്പാവൂർ റോഡുമായി ബന്ധപ്പെട്ടുവരുന്ന ഒരു പ്രോജക്ടാണിത്. എനിക്ക് ഇവിടെ അഞ്ചുവർഷത്തെ പാരമ്പര്യമേയുള്ളൂ. കഴിഞ്ഞ നിയമസഭയിൽ പൊതുവായി ഒരു സബ്മിഷൻ വരുമ്പോൾ അത് ഉന്നയിക്കുന്നയാൾക്ക് പുറമെ അതുമായി ബന്ധപ്പെട്ട മറ്റൊരംഗം ഇവിടെ എഴുതിത്തന്നാൽ അയാൾക്കുകൂടി ഒരു മിനിറ്റ് കൊടുക്കുന്ന പതിവുണ്ട്. ഇത്തവണ അത് ഇല്ലാതാക്കുന്നു എന്നത് ഖേദകരമാണ്. ഇത് ഞങ്ങൾക്ക് കിട്ടുന്ന ചെറിയ അവകാശമാണ്. അത് ബഹുമാനപ്പെട്ട ചെയർ നിരസിക്കരുത്. ആലുവയിൽ നിന്നും ബഹുമാനപ്പെട്ട അൻവർ സാദത്ത് കൂടിയുണ്ട്. അദ്ദേഹത്തെക്കൂടി ഈ വിഷയം അവതരിപ്പിക്കാൻ അനുവദിക്കണം. ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രി ഇക്കാര്യത്തിൽ എത്രയും പെട്ടെന്ന് നടപടി സ്വീകരിക്കണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്.

പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, എറണാകുളം ജില്ലയിലെ രണ്ട് മണ്ഡലങ്ങളിലെ പാലം നിർമ്മാണ വുമായി ബന്ധപ്പെട്ട പ്രശ്നമാണ് ബഹുമാനപ്പെട്ട അംഗം ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ

ഇവിടെ ഉന്നയിച്ചിട്ടുള്ളത്. ഇന്നലെ ആലുവ അംഗം ശ്രീ. അൻവർ സാദത്ത് ഈ വിഷയം ശ്രദ്ധയിൽപ്പെടുത്തിയിരുന്നു. ഞങ്ങളത് ചർച്ച ചെയ്തിരുന്നു. എറണാകുളം ജില്ലയിലെ പെരുമ്പാവൂർ മണ്ഡലത്തിലെ വല്ലത്തെയും ആലുവ നിയോജകമണ്ഡലത്തിലെ പാറപ്പുറത്തെയും തമ്മിൽ ബന്ധിപ്പിക്കുന്ന പെരിയാറിന് കുറുകെ പാറപ്പുറം-വല്ലംകടവ് പാലം നിർമ്മാണത്തിന് 2016-ൽ ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകിയെങ്കിലും നിശ്ചിതസമയത്തിനകം പൂർത്തിയാക്കുവാൻ കരാറുകാരൻ തയ്യാറായിട്ടില്ല. ഇതേത്തുടർന്ന് കരാറുകാരനെ നഷ്ടോത്തരവാദി ത്തത്തിൽ നിന്നും ഒഴിവാക്കുകയാണ് ചെയ്തത്. ബാക്കിയുള്ള പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കി ടെണ്ടർ ചെയ്തു. മൂന്നാമത്തെ ടെണ്ടറിൽ ക്വാട്ട് ചെയ്യപ്പെട്ട തുക എസ്റ്റിമേറ്റിനേക്കാളും 16.93% അധികമായതിനാൽ ഇതിന് സർക്കാരിന്റെ അംഗീകാരം ആവശ്യമാണ്. ആ സാഹചര്യത്തിൽ ടെണ്ടറിന് അനുമതി നൽകണമോയെന്ന കാര്യം പൊതുമരാമത്ത് വകുപ്പ് പരിശോധിക്കുകയാണ്. ധനപരവും സാങ്കേതികപരവുമായ പരിശോധനകൾക്കു ശേഷമാണ് തീരുമാനമെടുക്കുക. അക്കാര്യത്തിൽ അധികം വൈകാതെതന്നെ വകുപ്പ് നടപടികൾ സ്വീകരിക്കും. ധനവകുപ്പിന്റെകൂടി പരിശോധനയ്ക്കുശേഷം മറ്റ് നടപടികളിലേയ്ക്ക് കടക്കാം. അതിനുശേഷം ഇതുമായി ബന്ധപ്പെട്ട രണ്ട് എം.എൽ.എ.-മാരുമായി ചർച്ചയാകാം.

### (7) എൻ.ജി.ഒ. ക്വാർട്ടേഴ്സ് പുതുക്കിപ്പണിയൽ

ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: സർ, കോഴിക്കോട് എൻ.ജി.ഒ. ക്വാർട്ടേഴ്സിന്റെ ദുരവസ്ഥയെക്കുറിച്ച് സൂചിപ്പിക്കാനാണ് ഈ സബ്മിഷൻ ഞാൻ ഉന്നയിക്കുന്നത്. കോഴിക്കോട് ഏറ്റവും പ്രധാനപ്പെട്ട റോഡുകളിലൊന്നായ കോഴിക്കോട്-കൊല്ലഗൽ 266 നാഷണൽ ഹൈവേയുടെ സമീപത്തുള്ള പതിനാറ് ഏക്കറോളം സ്ഥലത്ത് അറുപത് വർഷങ്ങൾക്കുമുമ്പ് നിർമ്മിക്കപ്പെട്ടിട്ടുള്ള ചെറിയ കെട്ടിടങ്ങളാണ് സ്ഥിതി ചെയ്യുന്നത്. പുരുഷൻമാർക്കും സ്ത്രീകൾക്കുംവേണ്ടി നാലുനില കെട്ടിടമുള്ള രണ്ട് ഹോസ്റ്റലുകളുമുണ്ട്. അതും ഇരുപത്തിയഞ്ച് വർഷങ്ങൾക്കുമുമ്പ് നിർമ്മിക്ക പ്പെട്ടതാണ്. വളരെ പരിതാപകരമായ അവസ്ഥയിലാണ് ഈ കെട്ടിടങ്ങൾ ഇന്ന് സ്ഥിതി ചെയ്യുന്നത്. അവിടെ ഒരു സെന്റ് സ്ഥലത്തിന് ഏകദേശം 20-25 ലക്ഷം രൂപയെങ്കിലും കൊടുക്കണം. ഇപ്പോൾ റോഡിന്റെ അക്വിസിഷനുവേണ്ടി മാത്രം 25 ലക്ഷം രൂപയാണ് വിലയായി നൽകുന്നത്. ഇത്രയും വിലയുള്ള സ്ഥലത്ത് പത്തറുപത് വർഷങ്ങൾക്ക് മുമ്പ് സ്ഥാപിക്കപ്പെട്ടിട്ടുള്ള ചെറുതും അങ്ങേയറ്റം പരിതാപകരവുമായ കെട്ടിടങ്ങളാണ് ഇപ്പോഴുള്ളത്. ഇതുമാറ്റി പത്ത് നിലയെ ങ്കിലുമുള്ള മൾട്ടിസ്റ്റോറി ഫ്ലാറ്റുകൾ നിർമ്മിച്ചുകൊണ്ട് ഇപ്പോഴത്തെ അവസ്ഥയ്ക്ക് മാറ്റമുണ്ടാക്കാൻ ശ്രമിക്കണം. അതിനൊരു മാസ്റ്റർ പ്ലാൻ തയ്യാറാക്കണം. ഗവൺ മെന്റിന് സാമ്പത്തിക ബുദ്ധിമുട്ടുണ്ടെങ്കിൽ പി.പി.പി.-മാതൃകയിലോ മറ്റെന്തെങ്കിലും

തരത്തിലോ ചെയ്യാൻ ശ്രമിക്കണം. കാരണം commercial value കൂടുതലുള്ള സ്ഥലമാണിത്. അത്തരമെന്തെങ്കിലും സംരംഭങ്ങൾക്ക് മുതിർന്നെങ്കിൽ മാത്രമേ ഈ പ്രശ്നം പരിഹരിക്കാൻ കഴിയുകയുള്ളൂ. കഴിഞ്ഞ തെരഞ്ഞെടുപ്പ് സമയത്ത് ഞാൻ അവിടെ സന്ദർശിച്ചപ്പോൾ അതിനുള്ളിൽ മുഴുവൻ പാമ്പുകളെയും നായ്ക്കളെയും കാണാനിടയായി. പല ഭാഗത്തും മതിലില്ല. അവിടത്തെ ഭൂരിഭാഗം കാര്യങ്ങളും മന്ത്രിക്ക് അറിയാമെന്നുള്ളതുകൊണ്ട് അദ്ദേഹത്തിനോട് ഇതിനെക്കുറിച്ചൊന്നും പ്രത്യേകിച്ച് പറയേണ്ട കാര്യമില്ല. അവിടെ ഫയർ സ്റ്റേഷനും വില്ലേജ് ആഫീസും ഹയർ സെക്കണ്ടറി സ്കൂളുമുണ്ട്. ഗവൺമെന്റ് ആവശ്യത്തിന് ധാരാളം ഭൂമി ആവശ്യമുള്ളൊരു കാലമാണിത്. അക്വിസിഷൻ നടത്താനുള്ള സാമ്പത്തിക പ്രയാസംകൊണ്ട് പലതും നടത്താൻ സാധിക്കാത്ത അവസ്ഥയുണ്ട്. അഞ്ചേക്കർ സ്ഥലത്ത് ഇക്കാര്യങ്ങളെല്ലാം നിർവ്വഹിച്ചുകൊണ്ട് ബാക്കി സ്ഥലം മറ്റാവശ്യത്തിനുകൂടി ഉപയോഗപ്പെടുത്താവുന്നതാണ്. അതിനുള്ള ശ്രമം നടത്തി ഇതിനായി ഒരു മാസ്റ്റർപ്ലാൻ തയ്യാറാക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

പൊതുമരാമത്ത്- വിനോദസഞ്ചാര വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, കോഴിക്കോട് ചേവായൂർ വില്ലേജിലെ എൻ.ജി.ഒ. ക്വാർട്ടേഴ്സിന്റെ ദുരവസ്ഥയെക്കുറിച്ചാണ് ബഹുമാനപ്പെട്ട അംഗം ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ ഇവിടെ സബ്മിഷനിൽ ഉന്നയിച്ചത്. പൊതുമരാമത്ത് വകുപ്പിന്റെ അധീനതയിലുള്ള 16.65 ഏക്കർ ഭൂമിയിലാണ് എൻ.ജി.ഒ. ക്വാർട്ടേഴ്സ് സ്ഥിതി ചെയ്യുന്നത്. 207 ക്വാർട്ടേഴ്സുകൾ അവിടെയുണ്ട്. ഈ ക്വാർട്ടേഴ്സുകളുടെ അറ്റകുറ്റപ്പണികൾ പൊതുമരാമത്ത് കെട്ടിട വിഭാഗം നോൺപ്ലാൻ ഫണ്ട് ഉപയോഗിച്ച് നിർവ്വഹിക്കുകയും ഇവിടെയുള്ള എല്ലാ കെട്ടിടങ്ങളും ജീർണ്ണാവസ്ഥയിൽ എത്തിനിൽക്കുകയുമാണെന്നുള്ളത് യാഥാർത്ഥ്യമാണ്. ഈ ക്വാർട്ടേഴ്സുകൾ പുനർനിർമ്മിക്കണമെന്ന ആവശ്യം അനുഭാവപൂർണ്ണമായാണ് കാണുന്നത്. ഇതിനായി മാസ്റ്റർപ്ലാൻ തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. സർക്കാർ ഉദ്യോഗസ്ഥരുടെ പോരായ്മകൾ ശക്തമായി വിമർശിക്കാറുണ്ട്. വിമർശിക്കുകയും വേണം. എന്നാൽ അവരുടെ താമസമുൾപ്പെടെയുള്ള ന്യായമായ ആവശ്യങ്ങൾ പൊതുവെ പരിശോധിക്കപ്പെടേണ്ടതുമാണ്. നല്ല താമസ സൗകര്യം ഒരുക്കണമെന്നതാണ് പൊതുമരാമത്ത് വകുപ്പിന്റെ നിലപാട്. ഘട്ടംഘട്ടമായി ആ ലക്ഷ്യം സാക്ഷാത്കരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ സ്വീകരിച്ചുവരികയാണ്.

### (8) റോഡ് നവീകരണ പ്രവൃത്തി

ശ്രീ. കെ. എം. സച്ചിൻദേവ്: സർ, കോഴിക്കോട് ജില്ലയിലെ പാവങ്ങാട് ഉള്ളിയേരി-കുറ്റ്യാടി ചൊവ്വ റോഡിന്റെ നവീകരണ പ്രവൃത്തി സംബന്ധിച്ച വിഷയമാണ് ഞാൻ അവതരിപ്പിക്കുന്നത്. കോഴിക്കോട് ജില്ലയിലെ പ്രധാനപ്പെട്ട

സ്റ്റേറ്റ് ഹൈവേയിലൊന്നാണ് പാവങ്ങാട് ഉള്ളിയേരി-കുറ്റ്യാടി ചൊവ്വ റോഡ്. ജില്ലയിലെതന്നെ ഏറ്റവും കൂടുതൽ വാഹനങ്ങൾ കടന്നുപോകുന്ന പ്രസ്തുത റോഡിന് ബാലുശ്ശേരി മണ്ഡലത്തിന്റെ ഭാഗമായുള്ള അത്തോളിയിലും കോഴിക്കോട് നോർത്ത് മണ്ഡലത്തിന്റെ ഭാഗമായ പറമ്പത്തുരിലും ഉൾപ്പെടെ ആവശ്യത്തിന് വീതിയില്ലാത്ത പ്രശ്നമുണ്ട്. ഈ റോഡിന്റെ വീതി വർദ്ധിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് ഉള്ളിയേരി-പാവങ്ങാട് ഭാഗങ്ങളിൽ കിഫ്ബിയിൽനിന്നും 82.36 കോടി രൂപയുടെ സാമ്പത്തികാനുമതി ലഭിച്ചിട്ടുണ്ട്. തുടർനടപടി വേഗത്തിലാക്കുന്നതിനായി അടിയന്തര നടപടിയുണ്ടാകണം. ഉള്ളിയേരി മുതൽ കുറ്റ്യാടി വരെയുള്ള 26 കി.മീ. റോഡ് നവീകരണത്തിനും കിഫ്ബിയിൽനിന്ന് ഫണ്ട് ഇതിനോടകം അനുവദിച്ചിട്ടുണ്ട്. പ്രസ്തുത റീച്ചിന്റെ ഡി.പി.ആർ. തയ്യാറാക്കി സാമ്പത്തികാനുമതിക്കായി കിഫ്ബിയിൽ സമർപ്പിക്കുന്നതിനും പ്രവൃത്തി ആരംഭിക്കുന്നതിനുമുള്ള നടപടി വേഗത്തിലാക്കാൻ നടപടിയുണ്ടാകണമെന്നാണ് സബ്മിഷനിലൂടെ ഞാൻ അഭ്യർത്ഥിക്കുന്നത്.

പൊതുമരാമത്ത്- വിനോദസഞ്ചാര വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, ഇവിടെ ബഹുമാനപ്പെട്ട ബാലുശ്ശേരി അംഗം ശ്രീ. കെ. എം. സച്ചിൻദേവ് ഉന്നയിച്ചത് റോഡ് നവീകരണവുമായി ബന്ധപ്പെട്ട പ്രശ്നമാണ്. കോഴിക്കോട് ജില്ലയിലെ പുതിയങ്ങാടി-പുറക്കാട്ടടി-അണ്ടിക്കോട്-അത്തോളി-ഉള്ളിയേരി-റോഡ് പ്രധാനപ്പെട്ട ഒന്നാണ്. ഇവിടെ പരാമർശിച്ചതുപോലെ ഒരുപാട് വാഹനങ്ങൾ കടന്നുപോകുന്ന റോഡുമാണ്. ഈ പ്രവൃത്തിക്കായി 82.36 കോടി രൂപയുടെ സാമ്പത്തികാനുമതി കിഫ്ബിയിൽനിന്നും ലഭിച്ചിരുന്നു. ഇതിൽ 23.45 കോടി രൂപ സ്ഥലം ഏറ്റെടുക്കലിനായി മാറ്റിവച്ചിട്ടുണ്ട്. സ്ഥലം ഏറ്റെടുക്കുന്നതിന് കെ.ആർ.എഫ്.ബി. പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റിന്റെ പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്. ഈ നടപടികൾ വേഗത്തിൽ പൂർത്തിയാക്കാനാണ് ശ്രമിക്കുന്നത്. ഉള്ളിയേരി മുതൽ കുറ്റ്യാടി വരെയുള്ള റോഡിന്റെ ഇൻവെസ്റ്റിഗേഷൻ നടത്തി റിപ്പോർട്ട് ഡിസൈൻ വിംഗിന് സമർപ്പിച്ചിരുന്നു. പ്രവൃത്തിയുടെ ഡ്രാഫ്റ്റ് അലൈൻമെന്റ് ഫീസിബിലിറ്റി പരിശോധിച്ച് സമർപ്പിക്കുവാൻ ഡിസൈൻ വിംഗിൽനിന്നും കേരള റോഡ് ഫണ്ട് ബോർഡിന് നിർദ്ദേശം ഇതിനകം നൽകിയിട്ടുണ്ട്. അലൈൻമെന്റ് പ്രകാരം റോഡിന് ഡീവിയേഷനുള്ള ഭാഗങ്ങളിൽ അഡീഷണൽ ടോട്ടൽ സ്റ്റേഷൻ സർവ്വേ നടത്താനും നിർദ്ദേശിച്ചിട്ടുണ്ട്. ഇവ പൂർത്തിയാക്കി അന്തിമ ഡി.പി.ആർ. തയ്യാറാക്കി കിഫ്ബിയുടെ സാമ്പത്തികാനുമതി ലഭ്യമാക്കുവാനുള്ള നടപടി സ്വീകരിക്കുന്നതാണ്.

## (9) എസ്.എം.എ. രോഗികൾക്ക് സഹായം

ശ്രീ. വി. ആർ. സുനിൽ കുമാർ: സ്പൈനൽ മസ്കുലർ അട്രോഫി (SMA), മസ്കുലർ ഡിസ്ട്രോഫി (MD) എന്നീ ജനിതകരോഗങ്ങളുടെ വിവിധ വകഭേദങ്ങളാൽ ബുദ്ധിമുട്ടനുഭവിക്കുന്ന വ്യക്തികളുടെ പുനരധിവാസത്തിനും അവർക്കാവശ്യമായ മരുന്നുകളും മറ്റ് സഹായ ഉപകരണങ്ങളും ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കണം. ജനസംഖ്യയുടെ ചെറിയ ശതമാനത്തെ മാത്രം ബാധിക്കുന്ന രോഗമാണ് അപൂർവ്വ രോഗങ്ങൾ. അപൂർവ്വ രോഗങ്ങളിൽ 80 ശതമാനവും ജനിതക രോഗങ്ങളാണ്. ചികിത്സയ്ക്കുള്ള ഭാരിച്ച ചെലവ്, രോഗബാധിതരുടെ കണക്കുകളുടെ അഭാവം, ഗവേഷണത്തിലെ തടസ്സങ്ങൾ, സമയബന്ധിതവും കൃത്യവുമായ രോഗനിർണ്ണയത്തിന്റെ അഭാവം, ദീർഘകാല പരിചരണം എന്നിവയാണ് ഈ രോഗത്തിന്റെ ഏറ്റവും വലിയ സങ്കീർണ്ണത. ശരീരത്തിന്റെ ചലനത്തിന് സഹായിക്കുന്ന പേശികളെ ബാധിക്കുന്ന രോഗമായതുകൊണ്ട് ദുരിതപൂർണ്ണമായ ജീവിതത്തിലേയ്ക്കാണ് ഒരോ കുഞ്ഞും തള്ളിയെറിയപ്പെടുന്നത്. പ്രായം കൂടുന്തോറും രോഗതീവ്രത കൂടുന്നു വെന്നുള്ളതും ഇതിന്റെ പ്രത്യേകതയാണ്. 2011-ലെ കണക്ക് പ്രകാരം 3000 സ്പൈനൽ മസ്കുലർ അട്രോഫി (SMA), മസ്കുലർ ഡിസ്ട്രോഫി (MD) അസുഖ ബാധിതർ കേരളത്തിലുണ്ടെന്നാണ് കണക്ക്. ഓട്ടിസം ബാധിച്ച കുട്ടികൾക്ക് അവരുടെ പഠനത്തിനും മാനസികോല്ലാസത്തിനുംവേണ്ടി സർക്കാർ ഓട്ടിസം സെന്ററുകൾ തുറന്നിട്ടുണ്ട്. അതുപോലെ ഇവർക്കും ഒരിടം നമ്മൾ തുറന്നിടണമെന്ന് അഭ്യർത്ഥിക്കുന്നു. ഏതാണ്ട് 500 രോഗബാധിതരുൾപ്പെടുന്ന തൃശ്ശൂർ ജില്ലയിൽ Mind Mobility in Dystrophy എന്നൊരു ട്രസ്റ്റ് രൂപീകരിച്ച് പ്രവർത്തനം നടത്തുന്നുണ്ട്. അവർക്കുവേണ്ടി ഒരു പ്രത്യേക പ്രോജക്ട് തയ്യാറാക്കിക്കൊണ്ട് ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്): സർ, ശരീരത്തിലെ ചലനത്തിന് സഹായിക്കുന്ന പേശികളെ ബാധിക്കുന്ന ഒരു ജനിതക രോഗമാണ് സ്പൈനൽ മസ്കുലർ അട്രോഫി എന്ന അപൂർവ്വ രോഗം. Spinal cord-ലെ ചലനത്തിന് സഹായിക്കുന്ന motor nerve കോശങ്ങൾക്ക് ആവശ്യമായ പ്രോട്ടീൻ ഉൽപാദിപ്പിക്കുന്ന ജീനിന്റെ കുറവാണ് ഈ രോഗത്തിന്റെ കാരണം. ഈ ജീനിന്റെ കുറവുമൂലം ചലനത്തിന് സഹായിക്കുന്ന മസിലുകൾ ദുർബ്ബലമാകുകയും നടക്കാനും നിൽക്കാനും ഇരിക്കാനും കഴിയാതെ രോഗികൾക്ക് ജീവിതം ദുരിതപൂർണ്ണമായി മാറുകയും പതിയെ ജീവിതം വീൽചെയറിന്റെ സഹായത്തോടെ മാത്രം മുന്നോട്ട് നയിക്കാൻ ഇടയാക്കുകയും ചെയ്യുന്നു. അസുഖത്തിന്റെ കാഠിന്യം വർദ്ധിക്കുന്നതനുസരിച്ച് ശ്വസനത്തിനും ഭക്ഷണം ഇറക്കുന്നതിനും ബുദ്ധിമുട്ട് അനുഭവപ്പെടുകയും ഇത്തരം രോഗികളിൽ ന്യൂമോണിയ പോലുള്ള ശ്വാസകോശ

രോഗങ്ങൾ പിടിപെടുകയും ചെയ്യുന്നു. രോഗകാഠിന്യമനുസരിച്ച് പ്രധാനമായും ടൈപ്പ്- I, ടൈപ്പ്-II, ടൈപ്പ്-III, ടൈപ്പ്-IV എന്നിങ്ങനെ Spinal Muscular Atrophy നാല് തരത്തിലുണ്ട്. ഈ രോഗം തലച്ചോറിലെ ന്യൂറോണുകളെ ബാധിക്കാത്തതിനാൽ കാഴ്ച, കേൾവി, രുചി, ബുദ്ധിശക്തി എന്നിവയെ ബാധിക്കാറില്ലാത്തതുമാണ്. എസ്.എം.എ.-യ്ക്ക് നിലവിൽ മൂന്നുതരം മരുന്നുകൾ കണ്ടുപിടിക്കപ്പെട്ടിട്ടുണ്ട്. Zolgensma Sol Jasma എന്ന മരുന്ന് Spinal Muscular Atrophy Type-I-ന്റെ ചികിത്സയ്ക്കായി ഇന്ത്യയിൽ അംഗീകരിക്കപ്പെട്ടതോ, ലൈസൻസുള്ളതോ ആയ മരുന്നല്ല. കൂടാതെ, Spinal Muscular Atrophy Type-I ബാധിച്ചവരും ഇതിനകം വെന്റിലേറ്ററിലുള്ളവരുമായ രോഗികളിൽ ഈ മരുന്ന് ഫലപ്രദമാണോ എന്നത് സംബന്ധിച്ച് വ്യക്തതയുമില്ല. അപൂർവ്വരോഗം ബാധിച്ച കുട്ടികൾക്ക് ചികിത്സ നൽകുന്ന കാര്യത്തിൽ അടിയന്തര നടപടിയെടുക്കാൻ ബഹുമാനപ്പെട്ട ഹൈക്കോടതി നിർദ്ദേശിച്ചതനുസരിച്ച് അപൂർവ്വരോഗം ബാധിച്ച കുട്ടികളുടെ അപേക്ഷ കേരള സാമൂഹ്യസുരക്ഷ മിഷനിൽ സ്വീകരിക്കുന്നതിനും ഫണ്ട് ലഭ്യതയനുസരിച്ച് ചികിത്സ നൽകുന്നതിനും നിർദ്ദേശിച്ചിരുന്നു. Spinal Muscular Atrophy ഉൾപ്പെടെയുള്ള അപൂർവ്വരോഗങ്ങളുടെ ചികിത്സയ്ക്കായി ബന്ധപ്പെട്ട നടപടികൾ രൂപീകരിക്കുന്നതിനായി ഇപ്പോൾ ശ്രമം ആരംഭിച്ചിട്ടുണ്ട്. Spinal Muscular Atrophy പോലുള്ള എല്ലാ അപൂർവ്വരോഗങ്ങൾക്കും ക്രൗഡ് ഫണ്ടിംഗിനായി നടപടിക്രമങ്ങൾ തയ്യാറാക്കുന്നതിനും ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിന് മാനദണ്ഡങ്ങൾ നിശ്ചയിക്കുന്നതിനും തീരുമാനമായിട്ടുണ്ട്. പ്രാദേശിക-ദേശീയ-അന്തർദ്ദേശീയ തലത്തിൽ WE CARE പദ്ധതിയിലൂടെ ഫണ്ട് സ്വരൂപിക്കുന്നതിനായി കേരള സാമൂഹ്യ സുരക്ഷാമിഷൻ മുഖേന സോഷ്യൽ മീഡിയ ക്യാമ്പയിനിംഗിനുവേണ്ടി ഒരു ഏജൻസിയെ തെരഞ്ഞെടുക്കുന്നതിന് തീരുമാനിക്കുകയും സാമൂഹ്യനീതി വകുപ്പ് ഒരു ടെക്നിക്കൽ കമ്മിറ്റി രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ കേരള സാമൂഹ്യ സുരക്ഷാമിഷൻ തുടർനടപടികൾ സ്വീകരിച്ചുവരുന്നു. നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് ഇതിലേയ്ക്കായി സോഷ്യൽ മീഡിയ ക്യാമ്പയിൻ ആരംഭിക്കുന്നതാണ്. കൂടാതെ, അപൂർവ്വരോഗം ബാധിച്ച കുട്ടികളുടെ ചികിത്സയ്ക്കായി മൂന്ന് ആശുപത്രികളെ എംപാനൽ ചെയ്തിട്ടുണ്ട്. SAT തിരുവനന്തപുരം, ICH സർക്കാർ മെഡിക്കൽ കോളേജ്, കോട്ടയം, IMCH സർക്കാർ മെഡിക്കൽ കോളേജ്, കോഴിക്കോട് എന്നിവയാണത്. ഈ ആശുപത്രികളെ അപൂർവ്വരോഗങ്ങൾക്കായുള്ള ദേശീയ നയത്തിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. സാമൂഹ്യ സുരക്ഷാമിഷന്റെ കണക്കനുസരിച്ച് അപൂർവ്വരോഗം ബാധിച്ച നാൽപ്പത്തിരണ്ടോളം അപേക്ഷകൾ ചികിത്സാസഹായത്തിനായി സർക്കാരിന് ലഭിച്ചിട്ടുണ്ട്. ഇവർക്കുള്ള

ചികിത്സാസഹായം നൽകുന്നതിനായി ഏകദേശം 250 മുതൽ 400 കോടി രൂപ വരെ സർക്കാർ കണ്ടെത്തേണ്ടതായിട്ടുണ്ട്. ഇവ ജനിതക രോഗങ്ങളായതിനാൽ ഗർഭാവസ്ഥയിൽ തന്നെ അസുഖം കണ്ടെത്തുന്നത് വളരെ പ്രധാനമാണ്. ഈ ജനിതക പരിശോധനകൾ സർക്കാർ മേഖലയിൽ ലഭ്യമാക്കുന്നതിനുവേണ്ടിയുള്ള ശ്രമമാണ് നമ്മുടെ മുന്നിലുള്ളത്. അതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. തിരുവനന്തപുരം എസ്.എ.ടി. ആശുപത്രിയിൽ ഈ സൗകര്യം കുടുംബങ്ങൾ ആവശ്യപ്പെടുന്നതിനനുസരിച്ച് ലഭ്യമാക്കുന്നതിനുള്ള നടപടിക്രമങ്ങൾ ആരംഭിക്കുകയാണ്. Spinal Muscular Atrophy, Muscular Distrophy എന്നീ ജനിതക രോഗങ്ങളുടെ വിവിധ വകഭേദങ്ങൾ ബാധിച്ച് ബുദ്ധിമുട്ടനുഭവിക്കുന്ന വ്യക്തികൾക്ക് ആവശ്യമായ ഇലക്ട്രോണിക് വീൽ ചെയറുകൾ ഉൾപ്പെടെയുള്ള സഹായ ഉപകരണങ്ങൾ കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ മുഖേന സൗജന്യമായി വിതരണം ചെയ്തു വരുന്നു.

(10) മങ്കട ഹെൽത്ത് സെന്ററിന്റെ പ്രവർത്തനം

ശ്രീ. മഞ്ഞളാംകുഴി അലി: സർ, എന്റെ നിയോജകമണ്ഡലത്തിലെ കിടത്തി ചികിത്സയുള്ള ഏക ആശുപത്രിയാണ് മങ്കട കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ. നിലവിൽ കോവിഡ് ആശുപത്രിയായി പ്രവർത്തിക്കുന്ന ഇവിടെ കോവിഡ് മഹാമാരി ആരംഭിക്കുന്നതിനുമുമ്പ് പ്രതിദിനം 500 മുതൽ 700 വരെ രോഗികൾ ഒ.പി. വിഭാഗത്തിൽ ചികിത്സയ്ക്കായി എത്തിയിരുന്നു. സമീപപ്രദേശത്തെ പട്ടികവർഗ്ഗ കോളനിയിൽനിന്നും നിരവധി രോഗികളാണ് ഇവിടെ ചികിത്സയ്ക്കായി എത്താറുള്ളത്. ഈ ആശുപത്രിയുടെ കീഴിൽ 8 സബ്സെന്ററുകളും പ്രവർത്തിക്കുന്നുണ്ട്. കോവിഡ് ആശുപത്രിയായി പ്രഖ്യാപിക്കുന്നതിന് മുമ്പുതന്നെ ഡോക്ടർമാരുടേയും മറ്റ് ജീവനക്കാരുടേയും കുറവ് ഈ ആശുപത്രിയുടെ സുഗമമായ പ്രവർത്തനത്തെ ബാധിച്ചിരുന്നു. കൂടാതെ, പെരിമ്പിലാവ്-താമരശ്ശേരി സംസ്ഥാന പാതയിലാണ് ഈ ആശുപത്രി സ്ഥിതിചെയ്യുന്നത്. നിത്യേന നിരവധി അപകടങ്ങളാണ് ഈ റോഡിൽ സംഭവിക്കുന്നത്. അതുകൊണ്ട് ഈ ആശുപത്രിയിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന അത്യാഹിതവിഭാഗം വേണമെന്നത് ഈ പ്രദേശത്തെ ജനങ്ങളുടെ ദീർഘകാലത്തെ ആവശ്യമാണ്. അതോടൊപ്പം കിടത്തി ചികിത്സാ സൗകര്യമുള്ള ആശുപത്രിയായിട്ടും 24X7 എന്ന രീതിയിലുള്ള ഡോക്ടറുടെ സേവനം ലഭ്യമല്ലാത്തതും രോഗികൾക്ക് വളരെയധികം പ്രയാസം സൃഷ്ടിക്കുന്നുണ്ട്. ഇതുകാരണം പലപ്പോഴും നിർദ്ധനരായ രോഗികൾക്ക് രാത്രികാലങ്ങളിൽ സ്വകാര്യ ആശുപത്രിയെ ആശ്രയിക്കേണ്ട സാഹചര്യമാണുള്ളത്. ഇത് പരിഹരിക്കുന്നതിന് 24X7 എന്ന രീതിയിലുള്ള ഡോക്ടറുടെ സേവനം ലഭ്യമാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കണം. 2014-ലെ ബഡ്ജറ്റിൽ ഈ ആശുപത്രിയെ

താലൂക്കാശുപത്രിയായി ഉയർത്തിയതായി പ്രഖ്യാപിച്ചിരുന്നു. എന്നാൽ ഇതിനാവശ്യമായ തസ്തികകൾ അനുവദിക്കാത്ത സാഹചര്യത്തിൽ ഡോക്ടർമാർ, നഴ്സിംഗ് വിഭാഗം, മറ്റ് അത്യാവശ്യ തസ്തികകൾ എന്നിവ അനുവദിക്കുന്നതിന് വിശദമായ പ്രൊപ്പോസൽ ആശുപത്രി അധികൃതർ സമർപ്പിച്ചിരുന്നുവെങ്കിലും ഇതുവരെയും അനുവദിച്ചിട്ടില്ല. കൂടാതെ, ഗൈനക്കോളജി, പീഡിയാട്രിക്, ജനറൽ മെഡിസിൻ, സർജറി വിഭാഗങ്ങളുടെ സ്പെഷ്യലിസ്റ്റ് യൂണിറ്റ് സജ്ജമാക്കാൻവേണ്ട നടപടി സ്വീകരിക്കണമെന്നും ആവശ്യപ്പെട്ടിരുന്നു. എന്നാൽ നാളിതുവരെയായി ഈ ആവശ്യങ്ങളൊന്നും സർക്കാർ പരിഗണിച്ചിട്ടില്ല. സി.എച്ച്.സി. മാസ്റ്റർ പ്ലാൻ പ്രകാരമുള്ള പദ്ധതി നടപ്പിലാക്കുന്നതിന് 2021-22-ലെ ബഡ്ജറ്റിൽ അഞ്ചുകോടി രൂപയുടെ എസ്റ്റിമേറ്റ് അംഗീകരിച്ച് 20 ശതമാനം തുകയായ ഒരുകോടി രൂപ വകയിരുത്തിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ആശുപത്രിയുടെ സേവനം കൂടുതൽ വിപുലപ്പെടുത്താനും മെച്ചപ്പെടുത്താനും കഴിയുമെന്നാണ് ഇപ്പോൾ പ്രതീക്ഷിക്കുന്നത്. നിലവിൽ സിവിൽ സർജൻ-1, അസിസ്റ്റന്റ് സർജൻ-2, ജൂനിയർ കൺസൾട്ടന്റ്-2, ഹെഡ് നഴ്സ്-1, സ്റ്റാഫ് നഴ്സ്-4, ഫാർമസിസ്റ്റ്-1 എന്നിവരുൾപ്പെടെ ആകെ 35 ജീവനക്കാരുടെ അനുവദിച്ച തസ്തികകൾ മാത്രമാണുള്ളത്. ഇവിടെയുള്ള എല്ലാവരും സമയം നോക്കാതെ കൃത്യമായി കഠിനാദ്ധ്വാനം ചെയ്തുകൊണ്ടാണ് ഈ ആശുപത്രി ഇപ്പോഴും നല്ലനിലയിൽ പ്രവർത്തിക്കുന്നത്. അതുകൊണ്ട് 24X7 എന്ന രീതിയിൽ പ്രവർത്തിക്കുന്നതിനായി താഴെപ്പറയുംവിധം തസ്തികകൾ അനുവദിക്കണം. കാഷ്വാലിറ്റി മെഡിക്കൽ ഓഫീസർ-6, സ്റ്റാഫ് നഴ്സ്-4, ഹോസ്പിറ്റൽ അറ്റന്റന്റ് ഗ്രേഡ് II-4, നഴ്സിംഗ് അസിസ്റ്റന്റ്-4, ഫാർമസിസ്റ്റ്-2 ആകെ 20 പേർ. ഈ സാഹചര്യങ്ങൾ കണക്കിലെടുത്ത് 24 മണിക്കൂറും പ്രവർത്തിക്കുന്ന അത്യാഹിത വിഭാഗം അനുവദിക്കുന്നതിനും ഇത് പരിഹരിക്കുന്നതിന് 24X7 എന്ന രീതിയിലുള്ള ഡോക്ടറുടെ സേവനം ലഭ്യമാക്കുന്നതിനും സ്റ്റാഫ് പാറ്റേൺ താലൂക്കാശുപത്രിക്ക് സമാനമായി പുതുക്കി നൽകുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്): സർ, മങ്കട നിയോജകമണ്ഡലത്തിൽ മങ്കട സാമൂഹ്യാരോഗ്യ കേന്ദ്രമുൾപ്പെടെ 2 സാമൂഹ്യാരോഗ്യ കേന്ദ്രങ്ങളും 7 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളുമാണുള്ളത്. മങ്കട സാമൂഹ്യാരോഗ്യ കേന്ദ്രത്തിന് 2.08 ഏക്കർ സ്ഥലവും 10000 സ്ക്വയർ ഫീറ്റ് ബിൽഡിംഗ് ഏരിയയും നിലവിലുണ്ട്. ഈ ആശുപത്രിയിൽനിന്നും പെരിന്തൽമണ്ണ ജില്ലാശുപത്രി 12 കിലോമീറ്റർ ദൂരത്തിലും മഞ്ചേരി ജനറലാശുപത്രി 16 കിലോമീറ്റർ ദൂരത്തിലുമാണ് സ്ഥിതിചെയ്യുന്നത്. കോവിഡിന് മുമ്പത്തെ ശരാശരി പ്രതിദിന ഒ.പി. 700-ഉം ശരാശരി പ്രതിദിന ഐ.പി. 20-ഉം ആണ്. നിലവിലെ

കോവിഡ് സാഹചര്യത്തിൽ ശരാശരി പ്രതിദിന ഒ.പി. 300-ഉം ശരാശരി പ്രതിദിന ഐ.പി. 3-ഉം ആണ്. ഈ ആശുപത്രിക്കായി അനുവദിക്കപ്പെട്ട കിടക്കകളുടെ എണ്ണം 26 ആണ്. ഈ ആശുപത്രിയിൽ ഒ.പി. സമയക്രമം രാവിലെ 9 മണിമുതൽ വൈകിട്ട് 6 മണിവരെയാണ്. കൂടാതെ ഐ.പി., ലാബ്, ഫാർമസി, കാഴ്ച പരിശോധന, ഇമ്മ്യൂണൈസേഷൻ സൗകര്യങ്ങൾ എൻ.സി.ഡി. ക്ലിനിക്കുകൾ, ആന്റി നേറ്റൽ ക്ലിനിക്, പരിരക്ഷ ക്ലിനിക്, സൈക്യാട്രിക് ക്ലിനിക്, കൗമാര ആരോഗ്യ കൗൺസിലിംഗ്, അനുയാത്ര, സെക്കൻഡറി പാലിയേറ്റീവ് കെയർ, കോവിഡ്-19 സ്റ്റെബിലൈസേഷൻ യൂണിറ്റ് തുടങ്ങിയ വിവിധ സൗകര്യങ്ങൾ ഇവിടെ ക്രമീകരിച്ചിട്ടുണ്ട്. മങ്കട സാമൂഹ്യാരോഗ്യ കേന്ദ്രത്തിൽ 35 സ്ഥിരം ജീവനക്കാരുടെ തസ്തികകൾ നിലവിലുണ്ട്. സിവിൽ സർജൻ-1, അസിസ്റ്റന്റ് സർജൻ-2, ജൂനിയർ കൺസൾട്ടന്റ് ഗൈനക്കോളജി-1, ജൂനിയർ കൺസൾട്ടന്റ് പിഡിയാട്രിക്സ്-1, സ്റ്റാഫ് നഴ്സ്-4, ഫാർമസിസ്റ്റ്-1, ലാബ് ടെക്നീഷ്യൻ-1, ഒപ്റ്റോമെട്രിസ്റ്റ്-1 എന്നിങ്ങനെയാണ്. ഇതുകൂടാതെ എൻ.എച്ച്.എം. മുഖേനയും എൽ.എസ്.ജി.ഡി. മുഖേനയും എച്ച്.എം.സി. മുഖേനയും 13 താല്ക്കാലിക ജീവനക്കാരുടെ സൗകര്യം ഇവിടെ ലഭ്യമാണ്. ഇതുകൂടാതെ കോവിഡ്-19 സ്റ്റെബിലൈസേഷൻ യൂണിറ്റ് എൻ.എച്ച്.എം. വഴി ഡോക്ടർ-3, സ്റ്റാഫ് നഴ്സ്-2, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ-1, ക്ലീനിംഗ് സ്റ്റാഫ്-5, കോവിഡ്-19 ബ്ലോക്ക് കൺട്രോൾ സെല്ലിൽ എൻ.എച്ച്.എം. വഴി ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ-3, ഡാറ്റാ എൻട്രി ഓപ്പറേറ്റർ-1-ഉം ഉൾപ്പെടെ 15 പേരെ താല്ക്കാലികമായി നിയമിച്ചിരുന്നു. സാമൂഹ്യാരോഗ്യ കേന്ദ്രങ്ങൾക്ക് സർക്കാർ അംഗീകരിച്ച മാനദണ്ഡപ്രകാരം അത്യാഹിത വിഭാഗ സൗകര്യം അനുവദിക്കപ്പെട്ടിട്ടില്ല. അത്യാഹിത വിഭാഗസേവനം ലഭ്യമല്ലാത്തതിനാൽ തന്നെ കാഷ്വാലിറ്റി മെഡിക്കൽ ഓഫീസറുടെ തസ്തികയും ഈ ആശുപത്രിയിൽ നിലവിലില്ല. 2021-22 വർഷത്തെ സംസ്ഥാന ബഡ്ജറ്റിൽ മങ്കട സാമൂഹ്യാരോഗ്യകേന്ദ്രത്തിന് മാസ്റ്റർപ്ലാൻ പ്രകാരമുള്ള പദ്ധതി നടപ്പിലാക്കുന്നതിലേയ്ക്കായി അഞ്ചുകോടി രൂപ അടങ്കൽ അംഗീകരിച്ച് ഒരു കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിന്റെ ഭാഗമായുള്ള തുടർനടപടികൾ ആരംഭിച്ചിട്ടുണ്ട്. ആർദ്രം മിഷൻ വിഭാവനം ചെയ്യുന്ന രീതിയിൽ ഒരു ജില്ലയിൽ ഒരു ജില്ലാ ജനറൽ ആശപത്രിയും ഒരു താലൂക്കിൽ ഒരു താലൂക്കാശുപത്രിയും എല്ലാവിധ സ്പെഷ്യാലിറ്റി സൗകര്യങ്ങളോടുംകൂടി വികസിപ്പിക്കുക എന്നുള്ളതാണ് സർക്കാരിന്റെ നയം. ഒരു റവന്യൂ ബ്ലോക്കിൽ നിന്നും ഒരു സ്ഥാപനത്തെ ആർദ്രം മിഷൻ വിഭാവനം ചെയ്യുന്ന രീതിയിൽ അടിസ്ഥാന സൗകര്യങ്ങളും രോഗീസൗഹൃദ അന്തരീക്ഷവും മെച്ചപ്പെട്ട സേവനങ്ങളും നൽകുന്നതിനായി ബ്ലോക്കുതല കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്താൻ തീരുമാനിച്ചതിന്റെ ഭാഗമായി മങ്കട റവന്യൂ ബ്ലോക്കിൽനിന്നും മങ്കട സാമൂഹ്യാരോഗ്യ കേന്ദ്രത്തെയാണ് തെരഞ്ഞെടുത്തിരിക്കുന്നത്. ബഹുമാന്യനായ അംഗം ഇവിടെ സൂചിപ്പിച്ചതുപോലെ

ഈ പ്രദേശത്തെ സാഹചര്യങ്ങൾകൂടി കണക്കിലെടുത്ത് കുടുംബാരോഗ്യ കേന്ദ്രമെന്ന രീതിയിലുള്ള പ്രവർത്തനങ്ങൾ പൂർത്തിയാകുന്ന മുറയ്ക്ക് ഈ ആശുപത്രിയിൽ കൂടുതൽ സേവനങ്ങൾ ലഭ്യമാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

## V റിപ്പോർട്ട് സമർപ്പണം

2021-ലെ കേരള തൊഴിലുറപ്പ് തൊഴിലാളി ക്ഷേമനിധി ബിൽ, 2021-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി)ബിൽ, 2021-ലെ കേരള നഗര-ഗ്രാമാസൂത്രണ (ഭേദഗതി) ബിൽ, 2021-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ എന്നിവ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട്

തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ): സർ, തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IX-ന്റെ അദ്ധ്യക്ഷനായ ഞാൻ 2021-ലെ കേരള തൊഴിലുറപ്പ് തൊഴിലാളി ക്ഷേമനിധി ബിൽ, 2021-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ, 2021-ലെ കേരള നഗര-ഗ്രാമാസൂത്രണ (ഭേദഗതി) ബിൽ, 2021-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ എന്നിവ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടുകൾ സമർപ്പിക്കുന്നു.

മി. സ്പീക്കർ: റിപ്പോർട്ടുകൾ സമർപ്പിച്ചിരിക്കുന്നു.

## VI നിയമനിർമ്മാണകാര്യം

താഴെപ്പറയുന്ന ബില്ലുകളുടെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും

(i) 2021-ലെ കേരള കയർ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ

(ii) 2021-ലെ കേരള സൂക്ഷ്മ-ചെറുകിട ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ (ഭേദഗതി) ബിൽ

(iii) 2021-ലെ കേരള ധാതുക്കൾ (അവകാശങ്ങൾ നിക്ഷിപ്തമാക്കൽ) ബിൽ

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, 2021-ലെ കയർ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ, 2021-ലെ കേരള സൂക്ഷ്മ-ചെറുകിട ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ (ഭേദഗതി) ബിൽ, 2021-ലെ കേരള ധാതുക്കൾ (അവകാശങ്ങൾ നിക്ഷിപ്തമാക്കൽ) ബിൽ എന്നിവ അവതരിപ്പിക്കുന്നു. ഓർഡിനൻസ് പ്രഖ്യാപിച്ചുകൊണ്ട് സത്വര നിയമനിർമ്മാണം നടത്തുവാനുണ്ടായ സാഹചര്യം വിശദീകരിച്ചുകൊണ്ടുള്ള ചട്ടം 75(i) പ്രകാരമുള്ള സ്റ്റേറ്റുമെന്റും ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

12.00 Noon]

## VII ക്രമപ്രശ്നം

### 2021-ലെ കേരള ധാതുക്കൾ (അവകാശങ്ങൾ നിക്ഷിപ്തമാക്കൽ) ബില്ലിലെ ന്യൂനതകൾ

ശ്രീ. അനൂപ് ജേക്കബ്: സർ, 2021-ലെ കേരള ധാതുക്കൾ (അവകാശങ്ങൾ നിക്ഷിപ്തമാക്കൽ) ബിൽ ഗവൺമെന്റ് കൊണ്ടുവരുന്നതിന്റെ ലക്ഷ്യം, മലബാർ മേഖലയിലെ ധാതുമണൽ നിക്ഷേപത്തിന്റെ ഉടമസ്ഥാവകാശം സർക്കാരിൽ നിക്ഷിപ്തമാക്കുക എന്നതിന്റെ അടിസ്ഥാനത്തിലാണ്. ഒരു ഏകീകൃത നിയമം കൊണ്ടുവരിക എന്നതാണ് ഗവൺമെന്റ് ഇതുകൊണ്ട് ഉദ്ദേശിക്കുന്നത്. അതാണ് ഈ ബില്ലിൽ ബഹുമാനപ്പെട്ട മന്ത്രി പ്രതിപാദിച്ചിരിക്കുന്നത്. പക്ഷെ ഇക്കാര്യത്തിൽ ഏകീകൃത സ്വഭാവം വരുന്നില്ലെന്നതാണ് ആദ്യമേ ചൂണ്ടിക്കാണിക്കാനുള്ളത്. ഏകീകൃത സ്വഭാവം വരണമെന്ന് ഗവൺമെന്റ് ആഗ്രഹിക്കുന്നുവെങ്കിൽ ഈ ബില്ലിൽ പരാമർശിച്ചിരിക്കുന്ന 1881-ലെ തിരുവിതാംകൂർ വിളംബരത്തിലെയും 1905-ലെ കൊച്ചി വിളംബരത്തിലെയും പ്രധാനപ്പെട്ട വ്യവസ്ഥകൾമാത്രം ഈ ബില്ലിൽ ഉൾപ്പെടുത്തി കൊണ്ടുവരേണ്ടിയിരുന്നു. ഇത് നാളെ ഒരു നിയമമാകുമ്പോൾ, നിയമം അതിന്റെ പൂർണ്ണതയിലെത്തണമെങ്കിൽ ആ രണ്ട് വിളംബരങ്ങൾകൂടി ഇതിനോട് ചേർത്ത് വായിക്കേണ്ട സാഹചര്യത്തിലേയ്ക്ക് എത്തിച്ചേരുകയാണ്. ഈ വിളംബരങ്ങൾ അങ്ങേയ്ക്ക് അറിവുള്ളതുപോലെ പ്രീ-കോൺസ്റ്റിറ്റ്യൂഷണൽ വിളംബരങ്ങളാണ്. നിയമനിർമ്മാണത്തിൽ സ്വാഭാവികമായും ഇത്തരത്തിലുള്ള കാര്യങ്ങൾ വരുമ്പോൾ പലപ്പോഴും ചർച്ച ചെയ്യുന്ന അനവധി വിഷയങ്ങളുണ്ട്. ടെറിട്ടോറിയൽ ജൂറിസ്ഡിക്ഷൻ സംബന്ധിച്ചുള്ള വിഷയങ്ങൾ സ്വാഭാവികമായും ഉയർന്നുവരുന്ന ഒന്നാണ്. തിരുവിതാംകൂർ വിളംബരത്തിൽ ഭൂവ്യവസ്ഥിതികളെക്കുറിച്ച് സൂചിപ്പിച്ചിട്ടുണ്ട്. ആ ഭൂവ്യവസ്ഥിതികൾ അനുസരിച്ച് ഭൂമിയിൽ നിന്നുള്ള ധാതുഖനനത്തിന്റെ അവകാശമാണ് സർക്കാരിലേയ്ക്ക് വരുന്നതെന്ന് അതിൽ പ്രതിപാദിച്ചിട്ടുണ്ട്. കൊച്ചി വിളംബരവുമായി ബന്ധപ്പെട്ട് പറയുമ്പോൾ അതിൽ കുറച്ചുകൂടി വിശദമായി ഏതൊക്കെ ധാതുക്കളാണ്, അത് ഏതൊക്കെ നിലയിൽ ഖനനം ചെയ്യാം, അതിന്റെ വിതരണം അല്ലെങ്കിൽ അതിന്റെ ഉപയോഗം ഏത് നിലയിലേയ്ക്ക് കൊണ്ടുവരാമെന്നൊക്കെ പ്രതിപാദിച്ചിട്ടുണ്ട്. ഈ നിയമത്തിലൂടെ മലബാർ മേഖലയിലേയ്ക്കുള്ള അവകാശവും ഗവൺമെന്റ് കൊണ്ടുവരാൻ ആഗ്രഹിക്കുകയാണ്. വ്യത്യസ്തമായ മൂന്ന് വ്യവസ്ഥകൾ സംസ്ഥാനത്തിന്റെ വിവിധ

ഭാഗങ്ങളിലേയ്ക്ക് വരാൻ പോകുന്നയെന്നുള്ളതാണ് ഞാൻ ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുന്നത്. കൊച്ചി വിളംബരവും തിരുവിതാംകൂർ വിളംബരവും ഇതിൽ ഉൾപ്പെടുത്തിയിരിക്കുകയാണ്. ഇപ്പോൾ ഗവൺമെന്റിന് ചെയ്യാൻ കഴിയുന്നത്, രണ്ട് വിളംബരങ്ങളിലുമുള്ള പ്രധാനപ്പെട്ട വ്യവസ്ഥകളെ, ഗവൺമെന്റിന്റെ താൽപ്പര്യം മുന്നോട്ടുവയ്ക്കുന്ന വ്യവസ്ഥകളെ ഈ ബില്ലിൽ ഉൾപ്പെടുത്താമായിരുന്നു വെന്നാണ് ഞാൻ സൂചിപ്പിച്ചത്. ടെറിട്ടോറിയൽ ജ്യൂറിസ്ഡിക്ഷൻ സംബന്ധിച്ചുള്ള പ്രശ്നങ്ങളുണ്ടാകാൻ സാധ്യതയുണ്ട്. ഇത്തരത്തിലുള്ള ആശങ്കകൾ ഉയർന്നുവരുന്ന സാഹചര്യങ്ങളുണ്ട്. Kerala Adaptation of Laws-ൽ ഈ രണ്ട് വിളംബരങ്ങളും ഉൾപ്പെടുത്തിയതായി കാണുന്നില്ല. ഒരു നിയമനിർമ്മാണം നടത്തുമ്പോൾ അതിൽ ഏറ്റവും പ്രധാനം ഒരു വ്യവഹാരത്തിലേയ്ക്ക് പോകാൻ പാടില്ലെന്നുള്ളതാണ്. ഒരു വ്യവഹാരമുണ്ടായാൽ അതിൽ സംസ്ഥാനത്തിന്റെ താൽപ്പര്യംകൂടി മുൻനിർത്തേ ണ്ടതുണ്ട്. അതിനൊരു വീഴ്ചയുണ്ടാകാൻ പാടില്ല. ഈ വിളംബരങ്ങൾ Kerala Adaptation of Law-യിൽ ഉൾപ്പെടാതിരിക്കുമ്പോൾ സ്വാഭാവികമായും അതിൽ ഏതെങ്കിലും തരത്തിലുള്ള നിയമപ്രശ്നം ഭാവിയിലുണ്ടാകും. ത്രേസ്യാമ്മ ജേക്കബ് Vs. ജിയോളജിസ്റ്റ് എന്ന കേസുമായി ബന്ധപ്പെട്ട് ഗവൺമെന്റിന് സുപ്രീംകോടതിയിൽ നിന്നുണ്ടായ അഡ്വേഴ്സ് ഓർഡറാണ് ഇത്തരത്തിൽ ഒരു നിയമ നിർമ്മാണത്തിലേയ്ക്ക് ഗവൺമെന്റ് എത്തിച്ചേരാൻ കാരണമായത്. അതുകൊണ്ട് ഭാവിയിലെങ്കിലും അത്തരത്തിലുള്ള ന്യൂനതകൾ ഉണ്ടാകാതിരിക്കാനുള്ള ശ്രമമുണ്ടാകണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. ഞാൻ ഉന്നയിച്ച വിവിധ വിഷയങ്ങളെ സംബന്ധിച്ച് ഗവൺമെന്റിന് ഗവൺമെന്റിന്റേതായ ന്യായമുണ്ടാകും. പക്ഷെ ഇതിനെ സംബന്ധിച്ച് ഒരു സമഗ്രമായ ഏക നിയമം കൊണ്ടുവരാൻ കഴിയണമെന്നാണ് ഞാൻ ആവശ്യപ്പെടുന്നത്. എല്ലാ ന്യൂനതകളും പരിഹരിക്കാൻ കഴിയുന്ന നിലയിലുള്ള റൂളിംഗ് ബഹുമാനപ്പെട്ട ചെയറിന്റെ ഭാഗത്തുനിന്നുണ്ടാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ബില്ലുകൾ അവതരിപ്പിക്കുമ്പോൾ പ്രധാനമായും ലെജിസ്ലേറ്റീവ് കോമ്പീറ്റൻസിയാണ് നോക്കേണ്ടത്. ഭരണഘടനയുടെ 7-ാം ഷെഡ്യൂളിലെ 18-ാം നമ്പർ എൻട്രി പ്രകാരം ഭൂമിയെ സംബന്ധിച്ചും 23-ാം എൻട്രി പ്രകാരം മിനറൽസിനെ സംബന്ധിച്ചും സംസ്ഥാനങ്ങൾക്ക് അധികാരമുണ്ട്. 50-ാം നമ്പർ എൻട്രി പ്രകാരം ധാതുക്കളുടെ മേലുള്ള നികുതി ഈടാക്കാനുള്ള അധികാരം സംസ്ഥാന ഗവൺമെന്റിനുള്ളതാണ്. അതിന് പൂർണ്ണമായും ലെജിസ്ലേറ്റീവ് കോമ്പീറ്റൻസി നിയമസഭയ്ക്കുണ്ട്. അദ്ദേഹം ഉന്നയിച്ചിരിക്കുന്നത് മറ്റൊരു പ്രശ്നമാണ്, 1881-ലെ തിരുവിതാംകൂർ വിളംബരവും

1905-ലെ കൊച്ചി വിളംബരവും നിലനിൽക്കുന്നുണ്ട്. അത് Kerala Adaptation of Laws-ൽ ഉൾപ്പെട്ടിട്ടില്ലാത്തതുകൊണ്ട് അതിന് നിയമസാധുതയുണ്ടാകുമോ എന്നുള്ളതാണ് ഇവിടെ ഉന്നയിച്ച ക്രമപ്രശ്നം. രാജ്യം സ്വാതന്ത്ര്യം നേടുന്ന സന്ദർഭത്തിൽ ഭരണഘടന അംഗീകരിക്കുന്ന സന്ദർഭത്തിൽ, രാജാവിൽ നിക്ഷിപ്ത മായിട്ടുള്ള അധികാരങ്ങളെല്ലാംതന്നെ ഇന്ത്യാ ഗവൺമെന്റിലും അതത് സംസ്ഥാന ഗവൺമെന്റുകളിലും നിക്ഷിപ്തമായിരിക്കുമെന്നുള്ളത് ഭരണഘടനയുടെ ആർട്ടിക്കിൾ 294-ൽ വളരെ കൃത്യമായിത്തന്നെ നിർവ്വചിച്ചിട്ടുണ്ട്. അതുകൊണ്ടുതന്നെ ഈ വിളംബരങ്ങളെല്ലാം ബില്ലിന്റെ ഭാഗമാണ്. അതുകൊണ്ട് ഇവിടെ പരാമർശിച്ച ത്രേസ്യാമ്മ ജേക്കബ് Vs ജിയോളജിസ്റ്റ് എന്ന കേസുമായി ബന്ധപ്പെട്ട് തിരുവിതാംകൂർ-കൊച്ചി മേഖലയിലെല്ലാം നിയമമുണ്ട്. അതുകൊണ്ട് അവിടെയുള്ള ധാതുക്കളെല്ലാം സംസ്ഥാന ഗവൺമെന്റിൽ നിക്ഷിപ്തമാണ്. എന്നാൽ മലബാറിൽ നിയമമില്ല, അതുകൊണ്ടാണ് അത് ഉടമസ്ഥനാണ് ലഭിക്കുന്നതെന്ന് സുപ്രീം കോടതിതന്നെ ആധികാരികമായി വ്യക്തമാക്കിയത്. പ്രത്യേക നിയമമില്ലെങ്കിൽ അത് ഭൂമിയുടെ ഉടമസ്ഥനുതന്നെ അവകാശപ്പെട്ടതാണ്. അത് പരിഹരിക്കാൻ നിയമനിർമ്മാണം ആവശ്യമായിവന്നു. അതിനെത്തുടർന്ന് അന്ന് നിയമോപദേശം കിട്ടിയെങ്കിലും നിയമനിർമ്മാണത്തിലേയ്ക്ക് കടന്നില്ല. 2019-ൽ വീണ്ടും ഹൈക്കോടതി ഇതുസംബന്ധിച്ചുള്ള ഒരു വിധിയിൽ അടിയന്തരമായി ഓർഡിനൻസ് പ്രകാരം നിയമനിർമ്മാണം നടത്തണമെന്ന് നിർദ്ദേശിച്ചു. അതുകൊണ്ട് ഇതിന് ലെജിസ്ലേറ്റീവ് കോമ്പീറ്റൻസിയുണ്ട്. ഭരണഘടനാ വിരുദ്ധമല്ല, സെൻട്രൽ ആക്ടിന് വിരുദ്ധമല്ല, പൂർണ്ണമായും നമുക്ക് അധികാരമുള്ള പ്രക്രിയയാണ്.

## റൂളിംഗ്

മി. സ്പീക്കർ: ഇന്ന് സഭയുടെ പരിഗണനയ്ക്കുവരുന്ന 2021-ലെ കേരള ധാതുക്കൾ (അവകാശങ്ങൾ നിക്ഷിപ്തമാക്കൽ) ബില്ലിലെ വ്യവസ്ഥകളിൽ ഉണ്ടായി ട്ടുള്ളതായി പറയുന്ന ദുരൂഹതകൾ പരിഹരിക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ചാണ് ബഹുമാനപ്പെട്ട അംഗം ശ്രീ. അനൂപ് ജേക്കബ് ചട്ടം 71 പ്രകാരം തടസ്സവാദം ഉന്നയിച്ചത്. ശ്രീ. അനൂപ് ജേക്കബ് ഉന്നയിച്ച പ്രശ്നങ്ങൾക്ക് ബഹുമാനപ്പെട്ട നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി വിശദമായ മറുപടി നൽകുകയുണ്ടായി. ഇക്കാര്യത്തിൽ കൂടുതലായി ഒരു വിശദീകരണം ആവശ്യമുള്ളതായി ചെയർ കാണുന്നില്ല. എന്നിരുന്നാലും ഇനിയും വ്യക്തത വരുത്തേണ്ട ഏതെങ്കിലും കാര്യങ്ങൾ അവശേഷിക്കുന്നുണ്ടെങ്കിൽ അവ സബ്ജക്ട് കമ്മിറ്റിയിൽ നടക്കുന്ന വിശദമായ പരിശോധനാവേളയിലോ സഭാതലത്തിലുള്ള വകുപ്പുതിരിച്ചുള്ള പരിഗണനാ വേളയിലോ പരിഹരിക്കപ്പെടാൻ കഴിയുന്നതാണ്. ബില്ലിന്റെ അവതരണത്തി നെതിരായുള്ള തടസ്സവാദം നിലനിൽക്കുന്നതല്ലെന്ന് ചെയർ റൂൾ ചെയ്യുന്നു.

## നിയമനിർമ്മാണകാര്യം (തുടർച്ച)

മി. സ്പീക്കർ : ബില്ലുകൾ അവതരിപ്പിച്ചിരിക്കുന്നു.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, 2021-ലെ കേരള കയർ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബില്ലും 2021-ലെ കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ (ഭേദഗതി) ബില്ലും 2021-ലെ കേരള ധാതുക്കൾ (അവകാശങ്ങൾ നിക്ഷിപ്തമാക്കൽ) ബില്ലും വ്യവസായവും ധാതുക്കളും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IV-ന്റെ പരിഗണനയ്ക്കയയ്ക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. പി. രാജീവ്: സർ, കേരള കയർ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബില്ലിൽ ചെറിയ ഒരു ഭേദഗതി മാത്രമാണുള്ളത്. 1987-ലാണ് കയർ തൊഴിലാളികൾക്ക് ക്ഷേമനിധി വേണമെന്നുള്ള നിയമം ആദ്യമായി നിയമസഭ പാസ്സാക്കുന്നത്. ബഹുമാന്യനായ തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി കഴിഞ്ഞ ദിവസം പരാമർശിച്ചതു പോലെ ഏറ്റവും കൂടുതൽ വെൽഫെയർ ലെജിസ്ലേഷൻ നടത്തിയിട്ടുള്ള സംസ്ഥാനം കേരളമാണ്. എല്ലാ വിഭാഗങ്ങൾക്കും ക്ഷേമ ആനുകൂല്യങ്ങൾ ഉറപ്പുവരുത്തുന്ന തിനാവശ്യമായ നിയമനിർമ്മാണം നടത്തുന്നതിന് സംസ്ഥാനത്തിന് കഴിഞ്ഞിട്ടു ണ്ടെന്നുള്ളത് ഏറെ അഭിമാനകരമാണ്. കയർ മേഖലയിൽ നടപ്പാക്കിയ ഈ ക്ഷേമനിധിയിൽ 1987-ൽ തൊഴിലിൽനിന്ന് വിരമിച്ച മുൻ കയർ തൊഴിലാളി കൾക്കുള്ള പെൻഷൻ, ക്ഷേമനിധിയിൽനിന്ന് വിരമിക്കുന്ന കയർ തൊഴിലാളി കൾക്കുള്ള പെൻഷൻ, മരണപ്പെടുന്ന അംഗങ്ങളുടെ പെൻഷനറുടെ ജീവിത പങ്കാളിക്ക് കുടുംബ പെൻഷൻ, റിട്ടയർമെന്റ് ഗ്രാറ്റുവിറ്റി, തൊഴിലാളികൾക്കും അവരുടെ ആശ്രിതർക്കുമായി ക്ഷേമനിധിയിൽനിന്ന് വ്യവസ്ഥകൾക്ക് വിധേയമായി വിവിധ ക്ഷേമാനുകൂല്യങ്ങൾ എന്നിവ ബോർഡ് നൽകുന്നുണ്ട്. അന്ന് ഒരു രൂപയായിരുന്നു പ്രതിമാസം ഈടാക്കിയിരുന്നത്. തൊഴിലുടമകൾ തങ്ങൾക്ക് കീഴിലുള്ള തൊഴിലാളികളുടെ എണ്ണത്തിനനുസരിച്ച് രണ്ട് രൂപ നിരക്കിലും കയറ്റുമതിക്കാരും വ്യാപാരികളും തങ്ങളുടെ വാർഷിക വിറ്റുവരവിന്റെ ഒരു ശതമാനം നിരക്കിലുമാണ് അംശദായം നിശ്ചയിച്ചിരുന്നത്. പിന്നീട് 1998-ലാണ് ഭേദഗതി വന്നത്. അന്ന് ഒരു രൂപ എന്നുള്ളത് അഞ്ച് രൂപയാക്കി വർദ്ധിപ്പിച്ചു. അതിന്റെ ഭാഗമായി തന്നെ പെൻഷൻ 1989-ൽ 75 രൂപയായിരുന്നു. ഇപ്പോൾ അത് വർദ്ധിപ്പിച്ച് 1,600 രൂപയാക്കിയിട്ടുണ്ട്. വിവിധ ഘട്ടങ്ങളിലായി കുടുംബ പെൻഷൻ 1,000 രൂപയായി വർദ്ധിപ്പിച്ചു. നേരത്തെ 75 രൂപയായിരുന്നു. തൊഴിലാളി കൾക്കുള്ള വിവാഹ ധനസഹായം 2,000 രൂപയായും പ്രസവാനുകൂല്യം 300

രൂപയിൽ നിന്ന് 15,000 രൂപയായും വർദ്ധിപ്പിച്ചു. അങ്ങനെ എല്ലാ ആനുകൂല്യങ്ങളിലും നല്ല രൂപത്തിലുള്ള വർദ്ധനവ് 1989-ലെ ഈ ഭേദഗതിയിലൂടെ വന്നിട്ടുണ്ട്. ഈ കാലഘട്ടത്തിലും ക്ഷേമനിധിക്ക് കിട്ടുന്ന വരുമാനംകൊണ്ട് ബോർഡിന് ഈ ആനുകൂല്യങ്ങൾ നൽകാൻ കഴിയുന്ന സാഹചര്യമില്ല. അതുകൊണ്ട് സംസ്ഥാന ഗവൺമെന്റ് തുടർച്ചയായി ഗ്രാന്റ് നൽകിക്കൊണ്ടാണ് ഓരോ ഘട്ടങ്ങളിലും കയർ തൊഴിലാളികളെ സംരക്ഷിച്ചുകൊണ്ടിരിക്കുന്നത്. കോവിഡ് പ്രതിസന്ധി ഘട്ടത്തിൽ ആശ്വാസ ധനസഹായമായി 21.7 കോടി രൂപ കയർ തൊഴിലാളികൾക്ക് പ്രത്യേകം ഗ്രാന്റ് ബോർഡ് വഴി നൽകിയിട്ടുണ്ട്. പ്രതിവർഷം 150 കോടി രൂപയാണ് സർക്കാർ കയർ തൊഴിലാളികൾക്കായി ക്ഷേമനിധി ബോർഡ് മുഖേന ചെലവഴിക്കുന്നത്. 77000 കയർ തൊഴിലാളി പെൻഷൻകാർക്ക് 1,600 രൂപ വീതം 147.84 കോടി രൂപ പെൻഷൻ ഇനത്തിലും മാച്ചിംഗ് ഗ്രാന്റ് ഇനത്തിലുമായി ക്ഷേമനിധി ബോർഡിന് സർക്കാർ നൽകുന്നുണ്ട്. കഴിഞ്ഞ അഞ്ച് വർഷക്കാലം പെൻഷൻ ഗ്രാന്റായി മാത്രം 520.91 കോടി രൂപയും മാച്ചിംഗ് ഗ്രാന്റായി 13.48 കോടി രൂപയും വിരമിക്കൽ ആനുകൂല്യമായി 34.35 കോടി രൂപയും നൽകിയിട്ടുണ്ട്. ആകെ 581.74 കോടി രൂപ ഇതിനകം നൽകി ക്കഴിഞ്ഞിട്ടുണ്ട്. നിലവിലുള്ള നിരക്കിൽനിന്നുള്ള വർദ്ധനവാണ് ആനുപാതികമായി ഭേദഗതിയിൽ വരുത്തിയിട്ടുള്ളത്. അങ്ങനെ വരുത്തുമ്പോൾ സർക്കാരിന്റെ വിഹിതത്തിൽ മാറ്റമുണ്ടാകാത്ത രൂപത്തിലുള്ള ഭേദഗതി തന്നെയാണ്. ഇതാണ് ആ ബില്ലിനെ സംബന്ധിച്ച് സൂചിപ്പിക്കാനുള്ളത്.

രണ്ടാമത്തേത്, 2021-ലെ കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ (ഭേദഗതി) ബില്ലാണ്. സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായങ്ങളുമായി ബന്ധപ്പെട്ട ഒരു ബിൽ സംസ്ഥാന ഗവൺമെന്റ് 2019-ൽ പാസ്സാക്കിയിരുന്നു. അതിനുശേഷം  കേന്ദ്ര സർക്കാർ കേന്ദ്ര ആക്ടിൽ ഭേദഗതി വരുത്തി. അതോടുകൂടി 50 കോടി രൂപവരെ മുതൽമുടക്കുള്ള വ്യവസായ സംരംഭങ്ങൾ എം.എസ്.എം.ഇ.-യുടെ പരിധിക്കകത്തുവന്നു. അതിനാനുപാതികമായ മാറ്റം നമ്മുടെ നിയമത്തിനകത്തും വരുത്തേണ്ടതുണ്ട്. 50 കോടി രൂപയ്ക്ക് മുകളിൽ നിക്ഷേപമുള്ള വ്യവസായ സംരംഭങ്ങളുടെ അനുമതിക്കുവേണ്ടി ഏറെ കാലതാമസം വരുന്നുവെന്നുള്ള വിമർശനം പൊതുവെ ഉയർന്നുവന്നു. വ്യവസായ മേഖലയിലെ സംരംഭകർ ഉന്നയിക്കുന്ന പ്രധാന വിമർശനം ലൈസൻസിനായി പലയിടങ്ങളിലേയ്ക്ക് പോകേണ്ടി വരുന്നുവെന്നതാണ്. പഞ്ചായത്ത്, പൊല്യൂഷൻ കൺട്രോൾ ബോർഡ്, ഫയർ ആൻഡ് റെസ്ക്യൂ സർവ്വീസസ് ഡിപ്പാർട്ട്മെന്റ്, ലീഗൽ മെട്രോളജി ഡിപ്പാർട്ട്മെന്റ്, ഫാക്ടറീസ് ആൻഡ് ബോയിലേഴ്സ് ഡിപ്പാർട്ട്മെന്റ്, ലേബർ ഡിപ്പാർട്ട്മെന്റ്, ഹെൽത്ത് ഡിപ്പാർട്ട്മെന്റ് എന്നിങ്ങനെ ലൈസൻസിനുവേണ്ടി തുടർച്ചയായി

അലയേണ്ടിവരുന്നു. ഓരോ സ്ഥലങ്ങളിൽ പോകുമ്പോഴും പുതിയ പ്രശ്നങ്ങൾ ഉന്നയിക്കുന്നതിനാൽ ഏറെ കാലതാമസം ഉണ്ടാകുന്നുവെന്ന വിമർശനം പൊതുവെ ഉയർന്നുവരികയുണ്ടായി. അതിന്റെ അടിസ്ഥാനത്തിലാണ് ഒരു ഒമ്നിബസ് ലെജിസ്ലേഷൻ കഴിഞ്ഞ ഗവൺമെന്റ് കൊണ്ടുവന്നത്. ആ പരിധിക്ക് മുകളിൽവരുന്ന വ്യവസായങ്ങൾക്ക് ഇത്തരം സൗകര്യങ്ങൾ ലഭിക്കേണ്ടതാണെന്ന അഭിപ്രായം ഉയർന്നുവന്നതിന്റെ അടിസ്ഥാനത്തിലാണ് ഇത് നേരത്തെ ഓർഡിനൻസായി പുറപ്പെടുവിച്ചത്. അതിന്റെ അടിസ്ഥാനത്തിൽ എം.എസ്.എം.ഇ.-യുടെ കേന്ദ്ര നിർവ്വചനത്തിന്റെ പരിധിക്ക് മുകളിൽവരുന്ന വ്യവസായങ്ങളെ സംബന്ധിച്ച് ഒരു പൊതുവായ അപേക്ഷ ഫോം സമർപ്പിക്കാനും അവ സംബന്ധിച്ച് തീരുമാനമുണ്ടാക്കാനുമുള്ള ഒരു സംവിധാനമാണ് ഈ നിയമംവഴി പ്രാബല്യത്തിൽ വരുന്നത്. ആ സംവിധാനത്തിൽ വ്യവസായ വകുപ്പിന്റെ ഉൾപ്പെടെ പ്രധാനപ്പെട്ട വകുപ്പുകളുടെ സെക്രട്ടറിമാരുണ്ടായിരിക്കും. അവിടെ ഒരു അപേക്ഷ കിട്ടിക്കഴിഞ്ഞാൽ അപേക്ഷ പൂർണ്ണമാണെങ്കിൽ 7 ദിവസത്തിനകം ലൈസൻസ് കൊടുക്കണമെന്നാണ്. ആ ലൈസൻസ് കോംപോസിറ്റ് ലൈസൻസായിരിക്കും. എല്ലാ വകുപ്പുകളിൽനിന്നും ലഭിക്കേണ്ട ലൈസൻസുകളെല്ലാം ഉൾച്ചേരുന്ന ഒരൊറ്റ ലൈസൻസ് നൽകുകയെന്നതാണ് ഇതുവഴി ഉദ്ദേശിക്കുന്നത്. അതിന് സംവിധാനം ഒരുക്കിയിട്ടുണ്ട്. ഓൺലൈനിലായിരിക്കും ഈ സംവിധാനം വരുന്നതെന്ന് ബില്ലിൽത്തന്നെ നിഷ്കർഷിക്കുന്നുണ്ട്. നിലവിലുള്ള നിയമങ്ങൾക്ക് അനുസൃതമായി ഒരു സ്പെഷ്യൽ ഓഫീസറുണ്ടായിരിക്കും. സത്യവാങ്മൂലം ഒരുവർഷത്തിനുള്ളിൽ തന്നെ ഓരോന്നും സംബന്ധിച്ച് നൽകേണ്ടതുണ്ട്. അതിൽ എന്തെങ്കിലും വീഴ്ച വരുത്തിയാൽ റദ്ദ് ചെയ്യാനുള്ള അവകാശം ഈ സംവിധാനത്തിനുണ്ട്. ഇതുകൂടാതെ 5 ലക്ഷം രൂപവരെ ഫൈൻ ഈടാക്കാനുള്ള സംവിധാനവും ഈ നിയമത്തിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. നിയമപരമായി വ്യവസായം നടത്താനുള്ള എല്ലാ ശ്രമങ്ങളെയും കാലതാമസം കൂടാതെ, ചുവപ്പുനാടയിലേയ്ക്ക് പോകാതെ, ഏതെങ്കിലും ഉദ്യോഗസ്ഥന്റെ അലംഭാവത്തിന് വിധേയമാകാതെ, സമയബന്ധിതമായി പൂർത്തീകരിച്ച് നിർവ്വഹിക്കുകയെന്നുള്ളതാണ് ഈ നിയമംകൊണ്ട് സർക്കാർ ഉദ്ദേശിക്കുന്നത്.

മൂന്നാമത്തെ നിയമം വളരെ ചെറിയ നിയമമാണ്. നേരത്തെ ശ്രീ. അനൂപ് ജേക്കബ് അതിന്റെ പ്രധാനപ്പെട്ട ഒരു ഭാഗം ഇവിടെ സൂചിപ്പിക്കുകയുണ്ടായി. കൊച്ചി-തിരുവിതാംകൂർ മേഖലകളിൽ നേരത്തെ ഒരു വിളംബരമുണ്ടായിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ അതാതിടങ്ങളിലുള്ള ഏത് സ്വഭാവത്തിലെ ഭൂമിയായാലും, അത് ഉടമസ്ഥാവകാശമായാലും ടെനന്റായാലും, ആ ഭൂമിയിലുള്ള ധാതുക്കളുടെ അവകാശം സർക്കാരിൽ നിക്ഷിപ്തമായിരുന്നു. എന്നാൽ മലബാറിൽ അങ്ങനെയൊരു നിയമമുണ്ടായിരുന്നില്ല. അതിന്റെ അടിസ്ഥാനത്തിലാണ് നേരത്തെ പരാമർശിച്ച

ത്രേസ്യാമ്മ ജേക്കബ് Vs ജിയോളജിസ്റ്റ് എന്നുള്ള കേസ് വരുന്നത്. ആ കേസിൽ സുപ്രീംകോടതി പറഞ്ഞത്, നിയമപ്രകാരം ഇത്തരത്തിൽ വ്യവസ്ഥ ചെയ്യുന്നില്ലെങ്കിൽ അവിടെയുള്ളതെല്ലാം തന്നെ ഉടമസ്ഥന് അവകാശപ്പെട്ടതായിരിക്കുമെന്നാണ്. 2013-ലാണ് ഈ വിധി വരുന്നത്. അന്നത്തെ അഡ്വക്കേറ്റ് ജനറൽ അതു സംബന്ധിച്ച് വളരെ വിശദമായ ഒരു കുറിപ്പ് നൽകുകയുണ്ടായി. അടിയന്തരമായി നിയമനിർമ്മാണം നടത്തണമെന്നതായിരുന്നു അന്നത്തെ നിയമോപദേശം. സംസ്ഥാന ഗവൺമെന്റിനും നിയമസഭയ്ക്കും ലെജിസ്ലേറ്റീവ് കോംപീറ്റൻസിയുണ്ട്. അതിനാൽ അടിയന്തരമായി ചെയ്യണമെന്ന് ആവശ്യപ്പെട്ടിരുന്നു. പക്ഷേ പല കാരണങ്ങളാൽ ആ നിയമനിർമ്മാണം അന്ന് നടത്താൻ കഴിഞ്ഞില്ല. 2019-ൽ വീണ്ടും ഹൈക്കോടതിയുടെ മുമ്പിൽ ഇതുസംബന്ധിച്ച കേസ് വന്നു. അതിന്മേൽ വിധി പറയാതെ ഒരു മാസത്തേയ്ക്ക് കേസ് ഹൈക്കോടതി മാറ്റിവച്ചു. ഒരു മാസത്തിനുള്ളിൽ ലെജിസ്ലേഷൻ കൊണ്ടുവരുന്നില്ലായെങ്കിൽ ഇതിന്റെ മെറിറ്റനുസരിച്ച് തീർപ്പ് കൽപ്പിക്കാൻ കോടതി നിർബന്ധിതമാകുമെന്ന ഒരു നിലപാടാണ് അന്ന് ഹൈക്കോടതി സ്വീകരിച്ചത്. സുപ്രീംകോടതി വിധിയുടെയും ഈ വിധിയുടെയും അടിസ്ഥാനത്തിൽ ഒരു മാസത്തെ സമയത്തിനുള്ളിൽ തന്നെ ഓർഡിനൻസ് കൊണ്ടുവരണമെന്നുള്ള നിയമോപദേശം അന്നത്തെ ഗവൺമെന്റിന് ലഭിക്കുകയുണ്ടായി. അതിന്റെ അടിസ്ഥാനത്തിലാണ് അടിയന്തരമായി ഈ ഓർഡിനൻസ് കൊണ്ടുവന്നത്. ഈ ഓർഡിനൻസിന്റെ അടിസ്ഥാനത്തിൽ കേരളത്തിൽ എല്ലായിടത്തും ഒരുപോലെ ഭൂമിയുടെ മുകളിലോ അടിയിലോ അടിമണ്ണിലോ എവിടെയുമുള്ള ഏതു ധാതുക്കളുടെയും അവകാശം പൂർണ്ണമായും സർക്കാരിൽ നിക്ഷിപ്തമാക്കുന്ന ഒരു നിയമമാണ് ഇവിടെ കൊണ്ടുവന്നിട്ടുള്ളത്. ഈ മൂന്നു നിയമങ്ങളും സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണം. നേരത്തെ ബഹുമാനപ്പെട്ട സ്പീക്കർ സൂചിപ്പിച്ചതുപോലെ ഏതു സന്ദർഭത്തിലുമുള്ള കൂട്ടിച്ചേർക്കലുകളോ മാറ്റങ്ങളോ വേണമെങ്കിൽ ചർച്ചയിലോ സബ്ജക്ട് കമ്മിറ്റിയിലോ ബഹുമാനപ്പെട്ട അംഗങ്ങൾക്ക് നിർദ്ദേശിക്കാവുന്നതാണ്. ബില്ലുകൾ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, 2021-ലെ കേരള കയർ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) നിയമത്തിൽ മാറ്റം വരുത്തുന്നതെല്ലാം സ്വാഗതാർഹമാണ്.

മി. സ്പീക്കർ: ഇവിടെ ചർച്ചയുണ്ടല്ലോ.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, ഒരു ചോദ്യം ചോദിക്കാനാണ്. അവസാനം വഴങ്ങാമെന്ന് ബഹുമാനപ്പെട്ട മന്ത്രി സമ്മതിച്ചിരുന്നു. കേരളത്തിലെ മഹാഭൂരിപക്ഷം കയർ സംഘങ്ങളും ഇപ്പോൾ പൂട്ടിക്കിടക്കുകയാണ്. ഇത്തരത്തിൽ പൂട്ടിക്കിടക്കുന്ന സംഘങ്ങൾ തുറന്ന് പ്രവർത്തിപ്പിക്കാൻ ഗവൺമെന്റ് എന്തെങ്കിലും

നടപടി സ്വീകരിക്കുമോ? അതോടൊപ്പംതന്നെ കയർ വ്യവസായത്തിന്റെ അസംസ്കൃതവസ്തു തൊണ്ടാണ്. തൊണ്ട് ലഭ്യമല്ല. അതുകൊണ്ട് സംഘങ്ങൾക്ക് തൊണ്ട് ലഭ്യമാക്കുന്നതിന് എന്ത് നടപടി സ്വീകരിക്കുമെന്ന് പറയാമോ?

ശ്രീ. പി. രാജീവ്: സർ, ചർച്ചയിൽ ഇത്തരം പ്രശ്നങ്ങൾ സ്വഭാവികമായും ഉയർന്നുവരും. ബഹുമാനപ്പെട്ട അംഗം ഏറെ പരിണതപ്രജ്ഞനായതുകൊണ്ടും ഈ മേഖല അദ്ദേഹത്തിന്റെ മണ്ഡലത്തിൽ ഉൾപ്പെടുന്നതുകൊണ്ടും ഒന്നുരണ്ടു കാര്യങ്ങൾ സൂചിപ്പിക്കാം. അദ്ദേഹം പറഞ്ഞത് വസ്തുതയിൽനിന്ന് വേറിട്ട് നിൽക്കുന്നതാണ്. കഴിഞ്ഞ ഗവൺമെന്റ് കയർ മേഖലയിൽ രണ്ടാം പുനഃസംഘടന നടപ്പിലാക്കുക യുണ്ടായി. അന്ന് കേരളത്തിനാവശ്യമായ ചകിരിയുടെ രണ്ടര ശതമാനമാണ് ഇവിടെ ഉൽപ്പാദിപ്പിച്ചിരുന്നത്. ആ ഗവൺമെന്റ് കാലാവധി പൂർത്തീകരിക്കുമ്പോൾ കേരളത്തിനാവശ്യമായ ചകിരിയുടെ 35 ശതമാനവും ഇവിടെത്തന്നെ ഉൽപ്പാദി പ്പിക്കാൻ കഴിഞ്ഞു. ഈ ആഗസ്റ്റിൽ 42.50 ശതമാനം ചകിരി ഇവിടെത്തന്നെ ഉൽപ്പാദിപ്പിച്ചു. നേരത്തെ തമിഴ്നാടിനെ പൂർണ്ണമായും നമുക്ക് ആശ്രയിക്കേണ്ടി വന്നിരുന്നു. അതിൽ മാറ്റമുണ്ടായിട്ടുണ്ട്. അതുപോലെ സൊസൈറ്റികൾ നല്ല രീതിയിൽ പ്രവർത്തിക്കുന്നുണ്ട്. പ്രായോഗികമായ ചില പ്രശ്നങ്ങൾ നേരിടുന്നതിലെല്ലാം ഗവൺമെന്റ് ഇടപെട്ടുകൊണ്ടിരിക്കുകയാണ്. ഓണത്തിനുമുമ്പും ഒരുതരത്തിലുമുള്ള പരാതികൾക്കും ഇടംനൽകാത്ത വിധത്തിൽ ഗവൺമെന്റ് നന്നായി ഇടപെട്ടിട്ടുണ്ട്. ഇനിയും ശ്രദ്ധിക്കേണ്ട മേഖലകളുണ്ടെങ്കിൽ ആ മേഖലയിലും ഗവൺമെന്റ് ശ്രദ്ധിക്കുന്നതായിരിക്കും.

മി. സ്പീക്കർ: മൂന്ന് ബില്ലുകളും സംബന്ധിച്ച ചർച്ച ഒരുമിച്ച് നടത്താവു ന്നതാണ്. ഇന്നലെയും മിനിഞ്ഞാന്നും ചർച്ച വളരെ നീണ്ടുപോയി. കഴിഞ്ഞ ദിവസം സഭ പിരിയാൻ രാത്രി 8 മണിയോളമായി. ബില്ലിന്റെ ചർച്ചയിൽ സാധാരണ സമയക്ലിപ്തതയില്ലായെന്നത് വസ്തുതയാണെങ്കിലും ഇന്ന് 20 പേരാണ് സംസാരി ക്കാനുള്ളത്. അതുകൊണ്ട് ബഹുമാനപ്പെട്ട എല്ലാ അംഗങ്ങളുടെയും ഭാഗത്തുനിന്നും സ്വയം നിയന്ത്രണമുണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്. സംസാരിക്കാനുള്ള ഓരോ അംഗങ്ങൾക്കും 12 മിനിട്ടെന്ന് നിശ്ചയിക്കാം. അല്ലെങ്കിൽ വളരെ വൈകുന്ന സ്ഥിതിവിശേഷമുണ്ടാകും. അതുപോലെ ചർച്ചയ്ക്കിടയിൽ വളരെ ഉദാരമായി വഴങ്ങുന്ന സ്ഥിതിയും കാണുന്നുണ്ട്. അത് സമയം നഷ്ടപ്പെടുത്താനിടയാക്കും. മാത്രമല്ല, വളരെ നന്നായി പ്രസംഗിക്കുന്നവരുടെ പ്രസംഗത്തിന്റെ ഒഴുക്കിനെ അത് ബാധിക്കുകയും ചെയ്യും. അതുകൊണ്ട് ചർച്ച നന്നാവാൻ വഴങ്ങുന്നത് കുറയ്ക്കുന്നത് നന്നായിരിക്കും. വഴങ്ങിയാലും വഴങ്ങിയില്ലെങ്കിലും 12 മിനിട്ടിൽ ഒതുക്കാൻ ബഹുമാന്യരായ അംഗങ്ങൾ ശ്രമിക്കണമെന്ന് ചെയർ അഭ്യർത്ഥിക്കുകയാണ്.

ശ്രീ. മഞ്ഞളാംകുഴി അലി ചുമതലപ്പെടുത്തിയതുപ്രകാരം (ശ്രീ. എൻ. ഷംസുദ്ദീൻ): Sir, I move that "This House resolves to disapprove The Kerala Coir Workers Welfare Fund (Amendment) Ordinance, 2021 (Ordinance No. 135 of 2021)." കേരളത്തിലെ കയർ വ്യവസായ രംഗത്തെക്കുറിച്ച് പറയുമ്പോൾ, തീരദേശ മേഖലകളിലെ 250 വില്ലേജുകളിലെ ജനങ്ങളുടെ ഉപജീവനമാർഗ്ഗമായിരുന്ന കയർ വ്യവസായം. ഇന്ന് അതിന്റെ ശോഭ മങ്ങിയിരിക്കുകയാണ്. പ്രത്യക്ഷമായും പരോക്ഷമായും അഞ്ചര ലക്ഷത്തോളം ആളുകൾക്ക് ഉപജീവനമാർഗ്ഗമായിരുന്ന കയർ വ്യവസായം. ഇവർക്കിടയിലേയ്ക്കുവന്ന കയർ വ്യവസായ സഹകരണ സംഘങ്ങളും ഈ മേഖലയെ പുഷ്ടിപ്പെടുത്തിയിട്ടുണ്ട്. കയറിന്റെ വിപണി കണ്ടെത്താനും തൊഴിലാളികളുടെ കൂട്ടായ വിലപേശലിനും ശക്തി കൂടിയിട്ടുണ്ട്. ഇതെല്ലാം കയർ വ്യവസായ സഹകരണ സംഘങ്ങളുടെ സംഭാവനയായിരുന്നു. എന്നാൽ 1980-നുശേഷം കയർ വ്യവസായ മേഖലയിൽ വലിയ തകർച്ചയുടെ കഥയാണ് കാണാൻ സാധിച്ചത്. കാഴ്ചപ്പാടില്ലാത്ത യന്ത്രവൽക്കരണവും വൈവിദ്ധ്യവൽക്കരണവും കയർ മേഖലയുടെ ശക്തി ചോർത്തിയിട്ടുണ്ട്. വൈവിദ്ധ്യവൽക്കരണത്തിൽ യന്ത്രവൽക്കരണം നടപ്പിലാക്കിയത് തൊഴിലാളികൾക്കിടയിൽ ആവശ്യമായ മുന്നൊരുക്കങ്ങൾ ഇല്ലാതെയായി. അഞ്ചര ലക്ഷം ആളുകൾ തൊഴിൽ ചെയ്തിരുന്ന ഈ മേഖലയിൽ ഇന്ന് ഒരു ലക്ഷത്തിൽത്താഴെ ആളുകൾ മാത്രമാണുള്ളത്. 1980-നുശേഷം കയർ വ്യവസായത്തിലേയ്ക്ക് തമിഴ്നാടിന്റെ കടന്നുവരവുണ്ടായതോടെ ഇവിടെ തകർച്ച നേരിട്ടു. തമിഴ്നാട്ടിൽ യന്ത്രവൽക്കരണവും നാളികേര രംഗത്തുള്ള ഉല്പാദനവും വർദ്ധിച്ചപ്പോൾ, എണ്ണത്തിൽ മുന്നിൽ കേരളമാണെങ്കിലും, മികവിൽ തമിഴ്നാട് വന്ന സ്ഥിതിയുണ്ടായി. അതുപോലെ കയർ വ്യവസായ രംഗത്തേയ്ക്ക് പുതുതലമുറയെ ആകർഷിക്കാൻ നമുക്ക് സാധിച്ചില്ല. അതുകൊണ്ട് ഈ ക്ഷേമനിധി ബില്ലിൽ വർദ്ധനവൊക്കെ വരുത്തുന്നതോടൊപ്പം പുതുതലമുറയെ ആകർഷിക്കാനും സാധിക്കണം. ഇന്ന് ഈ മേഖലയിലെ ആളുകൾ പട്ടിണിയിലാണ്. ഈ മേഖലയിൽ ആളുകൾ ഒരുമിച്ചിരുന്ന് ചെയ്യേണ്ട ജോലിയായതുകൊണ്ട് കോവിഡ്-19 സാഹചര്യത്തിൽ കയർ ഫാക്ടറികൾ പ്രവർത്തനക്ഷമമല്ല. അതുകൊണ്ട് അതിനാവശ്യമായ സഹായങ്ങളും ചെയ്യേണ്ടതുണ്ട്. ഈ ബില്ലിലേയ്ക്ക് വരുമ്പോൾ, ഇതൊരു ക്ഷേമപ്രവർത്തനമായതുകൊണ്ട് ഞങ്ങൾ ഇതിനെ പൂർണ്ണമായും എതിർക്കുന്നില്ല. ഇപ്പോൾ വരുത്തിയിട്ടുള്ള ഈ വർദ്ധനവ് നേരത്തെ ചെയ്യേണ്ടതായിരുന്നു. ബില്ലിൽ പറഞ്ഞിരിക്കുന്ന സംഖ്യപോലും നാമമാത്രമാണ്. ചെറിയ സംഖ്യയാണെങ്കിലും ഒരു വെൽഫെയർ ലെജിസ്ലേഷനെന്ന നിലയ്ക്ക് ഞങ്ങൾ ഇതിനെ സ്വാഗതം ചെയ്യുമ്പോൾ, നമ്മുടെ നാട്ടിലെ മറ്റ് സ്ഥലങ്ങളിലൊക്കെ വളരെ ദയനീയ സാഹചര്യമാണുള്ളത്.

(അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. എം. വിൻസെന്റ്)

ശ്രീ. നരേന്ദ്ര മോദിയുടെ രണ്ടാം വരവോടെ ഇന്ത്യയിൽ ജനാധിപത്യവും മതേതരത്വവും തകർക്കുന്ന, രാജ്യത്തിന്റെ ബഹുസ്വരത ഇല്ലാതാക്കുന്ന ശ്രമങ്ങൾക്ക് ആക്കം കൂടിയിരിക്കുകയാണ്. അതൊന്നും ഞാൻ വിശദമായി സൂചിപ്പിക്കുന്നില്ല. ഭരണഘടനതന്നെ തകർക്കാനുള്ള ശ്രമങ്ങൾ, പൗരത്വ നിയമം, പൗരത്വത്തിന് മതം മാനദണ്ഡമാക്കി ഈ നാടിന്റെ പൈതൃകവും രാജ്യത്തിന്റെ വിശാലമായ മതേതര ഭരണഘടനയും ഒന്നുമല്ലാതാക്കുന്ന വിധത്തിലേയ്ക്ക് കൊണ്ടു പോകുകയാണ്. അതിന്റെ തുടക്കമെന്ന നിലയിൽ മുത്തലാഖ് നിയമവും കാശ്മീരിനെ വിഭജിച്ചതും അതിന്റെ സംസ്ഥാനപദവി എടുത്തുകളഞ്ഞതുമൊക്കെ ഒരു ജനവിഭാഗത്തിനെതിരായ നീക്കമായിരുന്നു. വെറുപ്പും വിദ്വേഷവും ജനിപ്പിച്ച് ജനങ്ങളെ രണ്ടാക്കി അതുവഴി അധികാരം നിലനിർത്തുകയെന്ന ഫാസിസത്തിന്റെ ഹീനമായ തന്ത്രമായിരുന്നു അത്. അത് ഒരു വശം, അതിന്റെ വിശദാംശങ്ങളിലേയ്ക്ക് ഞാൻ പോകുന്നില്ല. മറുവശത്ത്, വർഗ്ഗീയത ആളിക്കത്തിച്ചുണ്ടാക്കുന്ന അധികാരം ഉപയോഗിച്ച് ശ്രീ. നരേന്ദ്ര മോദിയുടെ സുഹൃത്തുക്കൾക്ക് രാജ്യം അടിയറവ് വയ്ക്കുകയാണ്. 15 സുഹൃത്തുക്കളായ വ്യവസായികൾക്കുവേണ്ടി എല്ലാം തുറന്നു കൊടുക്കുകയാണ്. എത്രയോ എയർപോർട്ടുകൾ ഇന്ന് അന്യാധീനപ്പെട്ടു. തിരുവനന്തപുരം എയർപോർട്ട് സ്വകാര്യ മേഖലയിലായി. കോഴിക്കോട് എയർപോർട്ട് നാട്ടുകാരുണ്ടാക്കിയ എയർപോർട്ടാണ്, MADAC (Malabar Airport Development Action Committee) ഉണ്ടാക്കിയ എയർപോർട്ടാണ്, ജനങ്ങളിൽനിന്നും പണം പിരിച്ചുണ്ടാക്കിയ എയർപോർട്ടാണ്. അതിപ്പോൾ പൊതുമേഖലയിലുള്ള എയർപോർട്ടാണ്. അതും ഇന്ന് വില്പനയ്ക്ക് വച്ചിരിക്കുകയാണ്. റെയിൽവേ സ്റ്റേഷനുകൾ വില്പനയ്ക്ക് വച്ചു. തീവണ്ടികൾ വിൽക്കാൻ തീരുമാനിച്ചു. ഇന്ന് നമ്മുടെ രാജ്യത്ത് നടക്കുന്നതെന്താണ്? മൂന്ന് കർഷകവിരുദ്ധ കരിനിയമങ്ങൾക്കെതിരെ അതിശക്തമായ പ്രക്ഷോഭം രാജ്യത്ത് ഉയർന്നുവന്നു. ഡൽഹിയിലും ഹരിയാനയിലും പഞ്ചാബിലും ഉത്തർപ്രദേശിലുമൊക്കെയാണിത്. കർഷകവിരുദ്ധ നിയമങ്ങളെപ്പോലെ തൊഴിലാളികൾക്കു വേണ്ടിയുള്ള നിയമമാണ് ഞങ്ങളിവിടെ പറയുന്നത്. ബഹുമാനപ്പെട്ട മന്ത്രി സൂചിപ്പിച്ചതുപോലെ, വെൽഫെയർ ലെജിസ്ലേഷൻ - തൊഴിലാളികൾക്കുള്ള വെൽഫെയർ, 8 മണിക്കൂർ ജോലി, 8 മണിക്കൂർ വിശ്രമം, 8 മണിക്കൂർ വിനോദം എന്നിങ്ങനെ തരംതിരിച്ചത് ഒരുപാട് പോരാട്ടങ്ങളിലൂടെ കിട്ടിയ അവകാശമാണ്. പക്ഷേ ശ്രീ. നരേന്ദ്ര മോദിയുടെ ഇന്ത്യയിൽ അതുപോലും ഇല്ലാതാക്കി. 8 മണിക്കൂർ തൊഴിൽ എന്നുള്ളതൊക്കെ മാറി. രണ്ടാം മോദി സർക്കാർ 9 തൊഴിൽ നിയമങ്ങളെ ഏകോപിപ്പിച്ചുകൊണ്ട് വർഷങ്ങളായി ഈ നാട്ടിലെ തൊഴിലാളികൾ നേടിയെടുത്ത അവകാശങ്ങൾ നഷ്ടമാക്കിയിരിക്കുകയാണ്. കർഷകർക്കെതിരായി നടന്ന കിരാതമായ അക്രമത്തിൽ യു.പി.-യിലെ 9 പേരെ മന്ത്രിയും പുത്രനുംകൂടി വണ്ടി

കയറ്റി കൊല്ലുകയാണ്. എന്നിട്ട് അവിടെപ്പോയി നോക്കാൻപോലും ആരെയും സമ്മതിക്കുന്നില്ല. ഇന്ന് ഉത്തർപ്രദേശിൽ നടക്കുന്നതെന്താണ്? ഇതൊരു ജനാധിപത്യ രാഷ്ട്രത്തിലാണോ നടക്കുന്നതെന്ന് സംശയിച്ചുപോകും. നമ്മുടെ പ്രിയങ്കരിയായ നേതാവ് ശ്രീമതി പ്രിയങ്കാഗാന്ധി അവിടെപ്പോയി കൊല്ലപ്പെട്ടവരുടെ കുടുംബാംഗങ്ങളെ ആശ്വസിപ്പിക്കാൻ ശ്രമിച്ചപ്പോൾ അവരെപ്പോലും തടഞ്ഞുവച്ചിരിക്കുകയാണ്. അവരിപ്പോൾ അറസ്റ്റിലാണ്, തടങ്കലിലാണ്. എവിടെയാണ് നമ്മുടെ രാജ്യം നിൽക്കുന്നത്? എല്ലാ ഭാഗത്തുള്ളവരും ആ പ്രക്ഷോഭത്തിലുണ്ട്. കർഷക സമരവുമായി ബന്ധപ്പെട്ട് കൃഷ്ണപ്രസാദിനെതിരായ പോലീസ് നടപടിയേയും ഞാൻ ഈ സന്ദർഭത്തിൽ ഓർക്കുകയാണ്. അതുപോലെ യു.പി.-യിലെ ഹത്രാസിൽ ഒരു പാവപ്പെട്ട പട്ടികവർഗ്ഗ ബാലികയെ ക്രൂരമായി പീഡിപ്പിച്ച് അതിന്റെ നാവുപോലും ആ കശ്മലന്മാർ അറുത്തുകളഞ്ഞു. അത് റിപ്പോർട്ട് ചെയ്യാൻ പോയ മലയാളിയായ പത്രപ്രവർത്തകൻ സിദ്ദിഖ് കാപ്പന് കോവിഡ് ബാധിച്ചിട്ടുപോലും ചങ്ങലയിൽ ബന്ധനസ്ഥനാക്കിയാണ് ആശുപത്രിയിലേയ്ക്ക് കൊണ്ടുപോയത്. അത് റിപ്പോർട്ട് ചെയ്യാൻ പോയിയെന്നുള്ളതാണ് അദ്ദേഹം ചെയ്ത തെറ്റ്. എല്ലാവിധ തീവ്രവാദവും അദ്ദേഹത്തിന്റെ പേരിൽ ചുമത്തി അദ്ദേഹത്തെ കാരാഗൃഹത്തിൽ അടച്ചിരിക്കുകയാണ്. യു.പി. ഇന്നൊരു ഭീകര സംസ്ഥാനമാണ്. ഇതുപോലെ എത്രയോ സംഭവങ്ങൾ നടക്കുന്നു. എത്രയോ പാവപ്പെട്ട പത്രപ്രവർത്തകരും സാഹിത്യകാരന്മാരുമൊക്കെ മോദിയുടെ 7 വർഷത്തെ ഭരണത്തിനുള്ളിൽ കൊല്ലപ്പെട്ടത് നമ്മൾ കണ്ടു. മഹാത്മാഗാന്ധിയുടെ ഇന്ത്യ, ഫാസിസ്റ്റ് കരങ്ങളിൽ അമരുമ്പോൾ തൊഴിലാളികളുടെയും കർഷകരുടെയും അവകാശങ്ങളെല്ലാം നശിച്ചുകൊണ്ടിരിക്കുകയാണ്. ഇതിനെതിരായി മതേതര ശക്തികളുടെ യോജിപ്പു ണ്ടാകണം. പക്ഷേ അവിടെയൊക്കെ ചില അഡ്ജസ്റ്റ്മെന്റുകൾ കാണുകയാണ്. ഇന്നലെ ഇവിടെ ചർച്ച ചെയ്തത് പുരാവസ്തു തട്ടിപ്പുമായി ബന്ധപ്പെട്ട കാര്യങ്ങളാണ്. മോൺസൺ മാവുങ്കലിന്റെ രാസലീലകളൊന്നും ഞാൻ വിശദീകരിക്കുന്നില്ല. ആ കാര്യങ്ങൾക്ക് എല്ലാ ഒത്താശയും ചെയ്തത് പോലീസ് മേധാവി ശ്രീ. ലോക്നാഥ് ബെഹ്റയാണ്. അദ്ദേഹം ബി.ജെ.പി.-യ്ക്ക് വളരെ പ്രിയപ്പെട്ടവനാണ്. എന്നാൽ അദ്ദേഹം നിങ്ങൾക്കും പ്രിയപ്പെട്ടവനാണ്. നമ്മൾ ഒന്നിച്ചുനിൽക്കേണ്ട പല ഘട്ടങ്ങളുണ്ടെന്ന് നിങ്ങൾ പറയുമ്പോൾ ഞങ്ങൾക്കും അത് ബോദ്ധ്യമാകുന്നുണ്ട്. പക്ഷേ, ചില സമയങ്ങളിൽ നിങ്ങളിൽ വിശ്വാസ്യത നഷ്ടപ്പെടുത്തുന്ന ചില സമീപനങ്ങളുണ്ട്. ശ്രീ. ലോക്നാഥ് ബെഹ്റ നിങ്ങൾക്ക് പ്രിയപ്പെട്ടവനാകുന്നത് എവിടെയാണ്? സംസ്ഥാനത്തിന്റെ ചുമതല കഴിഞ്ഞപ്പോൾ നിങ്ങൾ അദ്ദേഹത്തിന് മെട്രോ റെയിലിൽ ഉദ്യോഗം കൊടുത്തു. ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ ചൂണ്ടിക്കാണിച്ചതുപോലെ, ഈ സംഭവങ്ങൾ നടക്കുന്ന സമയത്താണ് ശമ്പളവും

അലവൻസുമായി ഒരു മാസം 3 ലക്ഷത്തിൽപ്പരം രൂപയുടെ ആനുകൂല്യങ്ങൾ അദ്ദേഹത്തിന് കൊടുത്തുകൊണ്ടുള്ള ബിൽ സഖാവ് ശ്രീ. പിണറായി വിജയൻ ഒപ്പിടുന്നത്. ഇങ്ങനെ ചില അന്തർധാരകൾ കാണുമ്പോൾ ഈ പോരാട്ടത്തിലെ നിങ്ങളുടെ ആത്മാർത്ഥതയെ സംശയിക്കേണ്ടിവരും.

പൗരത്വ സമരവുമായി ബന്ധപ്പെട്ട് നിങ്ങളുടെ ഗവൺമെന്റ് ധാരാളം കേസുകളെടുത്തു. എന്തായിരുന്നു ആ സമരം? പള്ളി കമ്മിറ്റിക്കാരും നാട്ടുകാരുംകൂടി നടത്തിയ സമാധാനപരമായ റാലികൾ മാത്രമായിരുന്നു. അതിന്റെ പേരിൽ കേരളത്തിലെ ഒന്നാം പിണറായി സർക്കാർ ധാരാളം കേസുകളെടുത്തു. അക്കാര്യം ഞങ്ങൾ നിയമസഭയിൽ ഉന്നയിച്ചതാണ്. അതിൽ അക്രമമോ സംഘർഷമോ ഉണ്ടായിട്ടില്ല പൗരത്വ പ്രശ്നത്തിൽ നമുക്ക് ഒരു സമീപനമായിരുന്നല്ലോ. അതിനെതിരെ ഉയരുന്ന പ്രതിഷേധങ്ങൾക്ക് കേസ്സെടുക്കുമ്പോൾ എന്ത് നിലപാടാണ്? കേരളത്തിലെ പിണറായി സർക്കാർ കേസ്സെടുത്തു. ഞങ്ങളുടെ ശക്തമായ സമ്മർദ്ദമുണ്ടായപ്പോൾ, തെരഞ്ഞെടുപ്പിനുമുമ്പ് എല്ലാ കേസുകളും പിൻവലിക്കുമെന്ന് നിങ്ങൾ പറഞ്ഞു. ആകെ രണ്ട് കേസുകൾ മാത്രമേ പിൻവലിച്ചിട്ടുള്ളൂ. ബാക്കി കേസുകളൊക്കെ നിലനിൽക്കുകയാണ്. കുറ്റ്യാടിയിലൊക്കെ ചാർജ്ജ് ചെയ്ത കേസുകൾ അത്ഭുതകരമല്ലേ? പൗരത്വനിയമത്തെ ന്യായീകരിച്ചുകൊണ്ട് അവിടെ ബി.ജെ.പി.-യുടെ സമ്മേളനം നടത്തിയപ്പോൾ അത് ഞങ്ങൾക്ക് കേൾക്കേണ്ട എന്നുപറഞ്ഞ് കുറ്റ്യാടിയിലെ ആളുകൾ കടകളടച്ച് പോയപ്പോൾ അത് വിദ്വേഷമുണ്ടാക്കാനാണെന്നുപറഞ്ഞ് വ്യാപാരികൾക്കെതിരെ പിണറായി സർക്കാർ കേസ്സെടുത്തു. അതും ഞങ്ങളിവിടെ ചൂണ്ടിക്കാണിച്ചതാണ്. ബി.ജെ.പി. നേതാവ് ശ്രീ. കെ. സുരേന്ദ്രൻ തെരഞ്ഞെടുപ്പിൽ ഒരാൾ പിൻവാങ്ങുന്നതിനുവേണ്ടി കോഴ കൊടുത്തു. അയാൾ അത് പുറത്തുപറഞ്ഞു, കേസ്സായി. അവിടെ ശ്രീ. കെ. സുരേന്ദ്രനെ പരാജയപ്പെടുത്തി വിജയിച്ചുവന്ന യൂത്ത് ലീഗിന്റെ ചുണക്കുട്ടി ശ്രീ. എ. കെ. എം. അഷ്റഫ് ഇവിടെയുണ്ട്. ശ്രീ. കെ. സുരേന്ദ്രനെ പോലീസ് ചോദ്യം ചെയ്തത് ഗസ്റ്റ് ഹൗസിൽ വച്ചാണ്. ശ്രീ. കെ. സുരേന്ദ്രനുള്ള സ്ഥലത്തേയ്ക്ക് പോലീസ് സംവിധാനം ഒന്നിച്ചുപോയി. ഇത് പറയുമ്പോൾ നിങ്ങൾ ബഹളം വയ്ക്കും. മുമ്പ് സ്വകാര്യ ജ്വവലറിയുമായി ബന്ധപ്പെട്ട് ഒരു എം.എൽ.എ.-യ്ക്കെതിരെ ചില പ്രശ്നങ്ങൾ വന്നു. തെളിവ് കൊടുക്കാനും ചോദ്യം ചെയ്യലിനുമായി എം.എൽ.എ. എസ്.പി. ഓഫീസിലേയ്ക്കുപോയി. എം.എൽ.എ. പോയിട്ട് ഒരു പഞ്ചായത്ത് മെമ്പർ പോലുമല്ലാത്ത ശ്രീ. കെ. സുരേന്ദ്രനെ ഗസ്റ്റ് ഹൗസിൽ പോയാണ് പോലീസ് ചോദ്യം ചെയ്തത്. അവിടെയാണ് ഇതിന്റെ വ്യത്യാസം. ചോദ്യം ചെയ്യലിന് വിധേയമാകാൻ എം.എൽ.എ., എസ്.പി. ഓഫീസിലേയ്ക്ക് പോകേണ്ടിവന്നു. ശ്രീ. കെ. സുരേന്ദ്രനെ ചോദ്യം ചെയ്യാൻ എസ്.പി. സംവിധാനം അദ്ദേഹത്തിന്റെ അടുത്തേയ്ക്ക് പോകുകയാണ്. ആ കേസും വളരെ ദുർബ്ബലമായിക്കൊണ്ടിരി

ക്കുകയാണ്. ബഹുമാനപ്പെട്ട സ്പീക്കർ സമയം നിശ്ചയിച്ചതുകൊണ്ട് ഇങ്ങനെയുള്ള ചില അന്തർധാരകളുടെ വിശദാംശങ്ങളിലേയ്ക്കൊന്നും ഞാൻ പോകുന്നില്ല. പാലത്തായിയിലെ ബി.ജെ.പി. നേതാവിനെ പോക്സോ കേസിൽനിന്ന് ഒഴിവാക്കിക്കൊടുത്തു. ഇങ്ങനെയുള്ള പല കാര്യങ്ങളിലും നിങ്ങളുടെ ബി.ജെ.പി. വിരുദ്ധത കേവലം ന്യൂനപക്ഷ മതേതര വോട്ട് തട്ടാനുള്ള കാപട്യം മാത്രമാണെന്ന് പറയേണ്ടി വരികയാണ്. ഇതുപോലെ പല സംഭവങ്ങളുമുണ്ട്. അതിന്റെയൊന്നും വിശദാംശങ്ങളിലേയ്ക്ക് പോകുന്നില്ല.

കേന്ദ്രഗവൺമെന്റ് ചരിത്രം കളങ്കപ്പെടുത്തുന്നതും വളച്ചൊടിക്കുന്നതും ഇൻഡ്യയിലുടനീളം നമ്മൾ കണ്ടു. ഈ ഗവൺമെന്റിനും അതിൽ ഉത്തരവാദിത്തമുണ്ട്. ഞാൻ അതിന്റെ വിശദാംശങ്ങളിലേയ്ക്ക് പോകുന്നില്ല. മലബാർ സമരത്തിൽ ബ്രിട്ടീഷുകാർക്കെതിരെ പോരാടിയ 387 കേരളീയരിൽ ആലി മുസലിയാരും വാരിയംകുന്നത്ത് കുഞ്ഞഹമ്മദ് ഹാജിയുമടക്കമുള്ള ധീരദേശാഭിമാനികളുണ്ടായിരുന്നു. ബ്രിട്ടീഷ് ഗവൺമെന്റിനെതിരെ പോരാടിയതിന്റെ പേരിൽ തൂക്കിലേറ്റപ്പെട്ട വ്യക്തിയാണ് ആലി മുസലിയാർ. ബ്രിട്ടീഷുകാർക്കെതിരെ സമരം ചെയ്തതിന്റെ പേരിൽ ബ്രിട്ടീഷ് പട്ടാളം വാരിയംകുന്നത്ത് കുഞ്ഞഹമ്മദ് ഹാജിയെ വെടിവച്ചുകൊന്നു. വെടിവയ്ക്കുന്ന സമയത്ത് എന്റെ കണ്ണുകൾ കെട്ടരുത്, എന്റെ കൈകൾ പിറകിലേയ്ക്ക് വലിച്ചുകെട്ടരുത്, എന്റെ നെഞ്ചിലേയ്ക്ക് വെടിവയ്ക്കണമെന്നൊക്കെയാണ് അദ്ദേഹം പറഞ്ഞിരുന്നത്. ബ്രിട്ടീഷ് പട്ടാളം അന്ന് വാരിയംകുന്നത്ത് കുഞ്ഞഹമ്മദ് ഹാജിയോട് ആവശ്യപ്പെട്ടത്, നിങ്ങൾ മാപ്പുപറഞ്ഞാൽ നിങ്ങളെ മക്കയിലേയ്ക്ക് അയയ്ക്കാമെന്നാണ്. അദ്ദേഹം പറഞ്ഞു, 'എനിക്ക് മക്ക പ്രിയപ്പെട്ടതാണ്. ഇൻഡ്യയിലെ എല്ലാ മുസ്ലീങ്ങളും ദിവസവും അഞ്ചുനേരം നമസ്കരിക്കുന്നത് മക്ക നോക്കിയിട്ടാണ്. മക്കയിൽ പോകാൻ ആഗ്രഹിക്കാത്തവരാരുമില്ല, ബ്രിട്ടീഷുകാരെ രാജ്യദ്രോഹികളെന്ന് വിളിക്കുന്നവരുടെ പൂർവ്വികരൊക്കെ എത്രയോ മാപ്പ് എഴുതിക്കൊടുത്തവരാണ്. ഏഴ് തവണ മാപ്പ് എഴുതിക്കൊടുത്തവരുണ്ട്. മാപ്പ് എന്നുപറയുന്ന പ്രശ്നം ഉത്ഭവിക്കുന്നില്ല, ഈ രാജ്യത്തിനുവേണ്ടി പോരാടിയതിന്റെ പേരിൽ നിങ്ങൾ എനിക്ക് വധശിക്ഷയാണ് വിധിക്കുന്നതെങ്കിൽ എന്റെ വിരിമാറിലേയ്ക്ക് വെടിവയ്ക്കൂ' എന്നുപറഞ്ഞ് ആ വെടിയുണ്ടകൾ ഏറ്റുവാങ്ങിയ വാരിയംകുന്നത്ത് കുഞ്ഞഹമ്മദ് ഹാജിയടക്കമുള്ളവരെ ഇന്ന് സ്വാതന്ത്ര്യസമരസേനാനികളുടെ പട്ടികയിൽനിന്ന് വെട്ടിമാറ്റിയിരിക്കുകയാണ്.

<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്:</u> സർ, കേന്ദ്രസർക്കാർ ചരിത്രത്തെ വികലമാക്കുന്നുവെന്ന് അങ്ങ് സൂചിപ്പിച്ചു. കേരളത്തിൽ കണ്ണൂർ സർവ്വകലാശാലയിൽ ചരിത്രത്തെ വികലമാക്കിക്കൊണ്ടുള്ള പുസ്തകങ്ങൾ കുട്ടികളെ പഠിപ്പിക്കാനുള്ള ശ്രമമുണ്ടായത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, അത് ആർ.എസ്.എസ്.-ന്റെ വലിയ നേതാക്കന്മാരുടെ ജീവചരിത്രം പഠിക്കാനാണ്. വിമർശനാത്മകമായി പഠിപ്പിക്കുന്നത് ഇങ്ങനെയല്ല. അവരുടെ കൃതികൾ പഠിപ്പിക്കാനാണ് ഇടതുപക്ഷ കേരളത്തിൽ ശ്രമമുണ്ടായത്. അതാണ് ഞാൻ പറഞ്ഞത് നിങ്ങൾ തമ്മിൽ ചില അന്തർധാരകളൊക്കെയുണ്ടെന്ന്.

ശ്രീ. കെ. ബാബു (നെന്മാറ): സർ, ചരിത്ര ഗവേഷണ കൗൺസിൽ കേന്ദ്ര ഗവൺമെന്റിന്റെ പരിധിയിൽ വരുന്നതാണ്. രാജ്യത്തിന്റെ ചരിത്രം പഠിപ്പിക്കാനും പഠിക്കാനും പഠിച്ചത് ശരിയാണോയെന്ന് അറിയിക്കാനുമാണത്. എന്നാൽ നാളിതുവരെ, 75-ാം സ്വാതന്ത്ര്യസമരം ആഘോഷിക്കുന്നതുവരെ ആ ചരിത്ര ഗവേഷണസംഘം ഒരു പോസ്റ്റർ ഇറക്കിയിട്ടുണ്ടായിരുന്നില്ല. എന്നാൽ ഇപ്പോൾ ഇറക്കിയിട്ടുള്ള പോസ്റ്ററിൽ നിന്നും മഹാത്മജി കഴിഞ്ഞാൽ തൊട്ടടുത്തുനിൽക്കുന്ന നെഹ്റുവിന്റെ ഫോട്ടോ ഒഴിവാക്കി ആർ.എസ്.എസ്.-ന്റെ അനിഷേധ്യനായ പഴയകാല നേതാവിന്റെ ഫോട്ടോയാണ് വന്നതെന്നുള്ളകാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. പി. എസ്. സുപാൽ: സർ, ഇതെല്ലാം കേൾക്കുമ്പോൾ മനസ്സിലാക്കാൻ കഴിയുന്നത് ഇൻഡ്യയിലെ ബി.ജെ.പി. വിരുദ്ധ പോരാട്ടങ്ങൾക്ക് നേതൃത്വം നൽകുന്നത് മുസ്ലീം ലീഗാണെന്നാണ്. അങ്ങയുടെ നേതാവ് ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി ബി.ജെ.പി.-യെയും ആർ.എസ്.എസ്.-നെയും നേരിടാൻ പാർലമെന്റിലേയ്ക്ക് പോയിരുന്നു. എന്നിട്ട് അതുപോലെ തിരിച്ചുവന്നു. അവിടെ പോരാട്ടങ്ങൾക്ക് നേതൃത്വം നൽകി വിജയിച്ചതിനുശേഷമാണോ അദ്ദേഹം തിരിച്ചുവന്നത്?

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഇവിടെ ശ്രീ. കെ. ബാബു (നെന്മാറ) പറഞ്ഞത്, നെഹ്റുവിനെപ്പോലും വിസ്മരിച്ചുകൊണ്ട് രാജ്യത്തിന്റെ ചരിത്രം കളങ്കപ്പെടുത്തുന്ന എന്നാണ്. ഇൻഡ്യയുടെ ചരിത്രത്തിൽ നെഹ്റുവിനെ മാറ്റിനിർത്തിയിട്ട് എങ്ങനെയാണ് ചരിത്രവും സ്വാതന്ത്ര്യവുമൊക്കെ പറയാൻ സാധിക്കുന്നത്? അതുപോലും ഇൻഡ്യയിലുടനീളം നടന്നുകൊണ്ടിരിക്കുന്നു. കേരളത്തിൽ നടന്ന ഈ സംഭവങ്ങളെ പ്രതിരോധിക്കാനും പ്രതിഷേധിക്കാനും ഈ ഗവൺമെന്റ് മുന്നോട്ടുവരണം. ഞാനൊരു പ്രമേയം അവതരിപ്പിച്ചിരുന്നു. സാധാരണഗതിയിൽ എന്താണ് സർക്കാരിന്റെ ഭാഗത്തുനിന്നുമുണ്ടാകേണ്ടത്? ചരിത്ര ഗവേഷണ കൗൺസിലിന്റെ ഈ നടപടിക്കെതിരെ 118 പ്രകാരം പ്രമേയം അവതരിപ്പിക്കാൻ അവകാശമുണ്ട്. ആ പ്രമേയം ഇവിടെ എല്ലാവരുംകൂടി പാസ്സാക്കുകയായിരുന്നു വേണ്ടിയിരുന്നത്. എന്നാൽ അതുണ്ടായില്ല. അങ്ങനെയുള്ള പല സംഗതികളുമുണ്ട്.

മി. ചെയർമാൻ: 12 മിനിറ്റെന്നാണ് പറഞ്ഞത്, ഇപ്പോൾ 15 മിനിറ്റായി.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, എനിക്ക് രണ്ടുമിനിറ്റ് അധികം തരണം. സമയക്ലിപ്തത വ്യവസ്ഥയിലില്ലാത്ത കാര്യമാണ്. പൊതുവിലുള്ള കാര്യമായതു കൊണ്ട് ഞാനത് അംഗീകരിക്കുന്നു. ഇങ്ങനെയുള്ള ഒരു കാലഘട്ടത്തിലാണ് ഈ ബിൽ പാസ്സാക്കുന്നതെന്നുള്ളത് ആശ്വാസകരമാണ്. എന്നാൽ നാമമാത്രമായ ആനുകൂല്യങ്ങളാണ് ഇവർക്ക് നൽകുന്നത്. ഞാൻ അക്കാഡമിക്കായി ഒരു കാര്യം ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. ഇപ്പോൾ 'അഞ്ച് രൂപ' എന്നുള്ളതിനെ 'ഇരുപത് രൂപ' എന്നാക്കാനാണ് ബില്ലിൽ ഭേദഗതി വരുത്തുന്നത്. അതിനായി നിങ്ങൾ ഓർഡിനൻസ് കൊണ്ടുവരികയും അത് പലതവണ മാറ്റി ഇപ്പോൾ ബിൽ കൊണ്ടുവരികയും ചെയ്തു. അഞ്ച് രൂപ ഇരുപത് രൂപയാക്കുമ്പോൾ കുറച്ചുകാലം കഴിഞ്ഞാൽ ഈ ഇരുപത് രൂപ നാല്പത് രൂപയായും നാല്പത് രൂപ അറുപത് രൂപയായും മാറ്റേണ്ടിവരും. അപ്പോഴൊക്കെ ബിൽ അമെന്റ് ചെയ്യേണ്ട കാര്യമില്ല. ബില്ലിന് അനുസൃതമായി ചട്ടങ്ങളുണ്ടാകണം. ഇപ്പോൾത്തന്നെ ഇതിലൊരു വാക്ക് പറഞ്ഞാൽ മതി. അതായത്, ഇപ്പോൾ ഇരുപത് രൂപയാക്കുന്നതും ആവശ്യം വരുമ്പോൾ ചട്ടങ്ങളിറക്കി അവ കാലോചിതമായി വർദ്ധിപ്പിക്കാൻ അധികാരമുള്ളതുമാകുന്നു എന്നൊരു പ്രയോഗം അതിലുണ്ടായാൽ നാളെ ഇത് വർദ്ധിപ്പിക്കാൻ ഈ ബിൽ അമെന്റ് ചെയ്യേണ്ട കാര്യമില്ല. ഇതുമൂലം ഒരുപാട് സമയം വെറുതെ കളയുകയാണ്. ആകെ വേണ്ടത് അഞ്ച് രൂപ അടയ്ക്കേണ്ടവർ ഇരുപത് രൂപ അടയ്ക്കണം, സർക്കാർ അതിനനുസൃതമായ വിഹിതം വയ്ക്കണം. ഇതിനുവേണ്ടിയാണ് ഈ ബിൽ അമെന്റ് ചെയ്യുന്നത്. അതുകൊണ്ട് ഇപ്പോൾത്തന്നെ ഇങ്ങനെയൊരു ക്ലോസ് വച്ചാൽ ഇനി ഏത് കാലത്ത് വരുന്ന ഗവൺമെന്റിനും എപ്പോൾ വേണമെങ്കിലും ഒരു ചട്ടത്തിലൂടെ ഈ സംഖ്യ വർദ്ധിപ്പിക്കാൻ കഴിയും. അതിന് പുതിയ ബിൽ കൊണ്ടുവരേണ്ടതില്ല.

മി. ചെയർമാൻ: പ്ലീസ്..... കൺക്ലൂഡ്........

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഇത്രയധികം ബില്ലുള്ളതുകൊണ്ടാണ് ഈ പ്രശ്നം. ബില്ലിന്റെ വശങ്ങളെക്കുറിച്ച് വിശദമായി ചർച്ച ചെയ്യാനാണ് മുൻ കാലങ്ങളിൽ ബില്ലിന്മേലുള്ള ചർച്ചയിൽ സമയത്തിന്റെ നിബന്ധന വയ്ക്കാത്തത്. പക്ഷെ, സമയം വല്ലാതെ നീണ്ടുപോകരുതെന്നുള്ളതുകൊണ്ട് ഞാൻ ചുരുക്കാം. എന്നാൽ ഒന്നുരണ്ട് കാര്യങ്ങൾകൂടി പറയണം. ഇടതുപക്ഷവും വലതുപക്ഷവും തമ്മിലുള്ള വ്യത്യാസം ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ കഴിഞ്ഞ ദിവസം സഭയെ പഠിപ്പിച്ചു. അദ്ദേഹം പറഞ്ഞത്, ഇടതുപക്ഷം അടിസ്ഥാനവർഗ്ഗത്തിന്റെ കൂടെ നിൽക്കുമെന്നാണ്. 35 കൊല്ലം ബംഗാൾ ഭരിച്ച നിങ്ങൾക്ക് ഭരണം

നഷ്ടപ്പെട്ടത് എങ്ങനെയാണ്? നിങ്ങൾ അടിസ്ഥാനവർഗ്ഗത്തിന്റെ കൂടെ നിന്നില്ല. സിങ്കൂരിലും നന്ദിഗ്രാമിലും ടാറ്റയുടെ കൂടെനിന്നു. ടാറ്റയുടെ പുതിയ കാർ ഫാക്ടറി യുണ്ടാക്കാൻ പാവപ്പെട്ടവരെ ആട്ടിയോടിച്ചു. ഞങ്ങൾ അന്ന് സിങ്കൂരും നന്ദിഗ്രാമും സന്ദർശിച്ചിരുന്നു. കേരളത്തിൽ കെ-റെയിൽ കൊണ്ടുവരാൻ പോകുകയാണ്. നിങ്ങൾ അടിസ്ഥാനവർഗ്ഗത്തിന്റെ കൂടെയല്ലേ നിൽക്കുന്നത്? ശ്രീ. എൻ. എ. നെല്ലിക്കുന്നിന് 4 മണിക്കൂർകൊണ്ട് കാസർഗോഡുനിന്ന് തിരുവനന്തപുരത്ത് എത്തണമെന്ന് ആഗ്രഹമുണ്ട്. ഞങ്ങൾക്കും അങ്ങോട്ടുമിങ്ങോട്ടും യാത്ര ചെയ്യണം. എന്നാൽ അത് പാവപ്പെട്ട ജനങ്ങളുടെ നെഞ്ചത്തുകൂടിയാകരുത്. കെ-റെയിൽ പദ്ധതി നിങ്ങൾ കൊണ്ടുവരാൻ പോകുകയാണ്. എക്സ്പ്രസ് ഹൈവേ വന്നപ്പോൾ നിങ്ങളെല്ലാവരും എതിർത്തു. അപ്പോൾ അടിസ്ഥാനവർഗ്ഗത്തിന്റെയും പാവപ്പെട്ടവന്റെയും വികാരത്തിനൊപ്പം നിൽക്കുന്നതാണ് ഇടതുപക്ഷമെങ്കിൽ അങ്ങനെയല്ലല്ലോ ചെയ്യേണ്ടത്? അതുകൊണ്ടാണല്ലോ ഉപ്പുവച്ച കലം പോലെയായത്. ഇവിടെ ശ്രീ. പി. എസ്. സുപാൽ എന്നോട് മുസ്ലീം ലീഗാണോ പോരാട്ടങ്ങൾക്ക് നേതൃത്വം നൽകുന്നതെന്ന് ചോദിച്ചു. ഇൻഡ്യൻ പാർലമെന്റിലുള്ള അംഗസംഖ്യ നോക്കിയാൽ നിങ്ങളുടെ പാർട്ടിയുടെ മൂന്നിരട്ടി വലിപ്പം മുസ്ലീം ലീഗിനുണ്ട്. സി.പി.ഐ.(എം.)-ഉം ഞങ്ങളും ഒരുപോലെയാണ്. എ. കെ. ഗോപാലനായിരുന്നു ഒരുകാലത്ത് ഇൻഡ്യൻ പാർലമെന്റിലെ പ്രതിപക്ഷനേതാവ്. അന്ന് അത് മലയാളികൾ ആദരിക്കുന്ന ബഹുമാനമുള്ള നേതൃത്വമായിരുന്നു. ഇന്ന് ആ സ്ഥാനം നിങ്ങൾക്ക് സ്വപ്നം കാണാൻ സാധിക്കുമോ? നിങ്ങൾക്കും മൂന്നുപേർ മാത്രമേയുള്ളൂ, ഞങ്ങൾക്കും മൂന്നുപേർ മാത്രമേയുള്ളൂ. അപ്പോൾ നമ്മൾ തുല്യ ദുഃഖിതരാണ്. ഞങ്ങളെക്കാൾ വലിയ വലിപ്പമൊന്നും നിങ്ങൾക്കില്ലെന്നുകൂടി ഞാൻ ഇവിടെ സൂചിപ്പിക്കുകയാണ്.

ഈ ബില്ലിന്റെ കാര്യത്തിൽ ഇങ്ങനെ ചില അവധാനതകളുണ്ടാകണം; തുക കുറച്ചുകൂടി വർദ്ധിപ്പിക്കണം. ഇന്ന് കയർ മേഖലയിലെ തൊഴിലാളികൾ പട്ടിണിയിലാണ്. അവർക്ക് പ്രത്യേക സ്കീം കൊണ്ടുവരണം. കയർ ഉപയോഗിച്ചുകൊണ്ട് കയർ ഭൂവസ്ത്രം എന്ന പുതിയ പദ്ധതി കൊണ്ടുവന്നു. പഞ്ചായത്തുകളൊക്കെ അതിൽ ഒപ്പുവച്ചു. കുളങ്ങളും തോടുകളും കയർ മാറ്റ് വച്ച് സംരക്ഷിക്കുന്ന നല്ലൊരു സംവിധാനമാണ്. ഞങ്ങളുടെയൊക്കെ മണ്ഡലത്തിലുമുണ്ട്. അതൊക്കെ ഇപ്പോൾ കോവിഡ്-19 മഹാമാരിമൂലം അവതാളത്തിലായിട്ടുണ്ട്. പരമാവധി കയർ വ്യവസായത്തെ പ്രോത്സാഹിപ്പിക്കാൻ നിങ്ങൾക്ക് ഉത്തരവാദിത്തമുണ്ട്. ഈ നാട്ടിലെ കയർ തൊഴിലാളികൾ നിങ്ങളുടെ കൂടെ നിന്നവരാണ്.

മി. ചെയർമാൻ: അവസാനിപ്പിക്കൂ... പ്ലീസ്... പ്ലീസ്...

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: സർ, ആലപ്പുഴ ജില്ലയിലെ കയർ തൊഴിലാളികളെ സി.പി.ഐ.(എം.)-ന്റെ ചരിത്രവളർച്ചയ്ക്ക് നിങ്ങൾ എത്രയോ ഉപയോഗപ്പെടുത്തിയിട്ടുണ്ട്. അതുസംബന്ധിച്ച് പാട്ടുകൾ പോലുമുണ്ട്. ഈ അടിസ്ഥാനവർഗ്ഗത്തിന് ആവശ്യമായ സഹായങ്ങൾ ചെയ്യാൻ സർക്കാർ മുന്നോട്ടുവരണമെന്നു പറഞ്ഞുകൊണ്ട് ഞാൻ എന്റെ നിരാകരണ പ്രമേയം അവതരിപ്പിക്കുന്നു.

<u>ശ്രീ. സി. ആർ. മഹേഷ്</u>: സർ, ഞാൻ ഈ നിരാകരണ പ്രമേയത്തെ പിന്താങ്ങുന്നു.

'കയറുപിരിക്കും

തൊഴിലാളിക്കൊരു

കഥയുണ്ടുജ്ജ്വല സമരകഥ അതുപറയുമ്പോളെന്നുടെ

നാടിന്നഭിമാനിക്കാൻ വകയില്ലേ ?

ഇത് വയലാറിന്റെ പ്രശസ്തമായ വരികളാണ്. ഈ വരികളിൽ 'അഭിമാനിക്കാൻ, വകയുണ്ട് എന്നീ വാക്കുകൾ പറയുന്നുണ്ട്. ഇന്ന് നമ്മുടെ നാട്ടിൽ പരമ്പരാഗത വ്യവസായത്തിന് എന്തെങ്കിലും കാര്യത്തിൽ അഭിമാനിക്കാൻ വകയുണ്ടോയെന്ന് പരിശോധിക്കേണ്ടിയിരിക്കുന്നു. എന്റെ പ്രദേശത്ത്, പ്രത്യേകിച്ച് ഓണാട്ടുകരയിൽ ആരും എഴുതി പഠിപ്പിച്ചതല്ല, പാടത്തും പറമ്പിലും തൊഴിലിടങ്ങളിലുമൊക്കെ കേട്ട് കേൾവിയുള്ള നാടൻപാട്ടാണ്. 'ചവറ പന്മന തേവലക്കര ചകിരി കൊണ്ട് പിഴയ്ക്കണം'. ഓണാട്ടുകര പ്രദേശത്ത് ജീവിക്കണമെങ്കിൽ കയർ കൊണ്ടുമാത്രമേ സാധിക്കുമായിരുന്നുള്ളൂ. പക്ഷെ ഇന്ന് കയർ വ്യവസായംതന്നെ പിഴച്ചുപോയിരിക്കുകയാണ്. ഇന്ന് കയർ തൊഴിലാളികൾ കയർ എടുക്കേണ്ട അവസ്ഥയാണ്, അത് കയർ പിരിക്കുന്നതിനല്ല ആത്മഹത്യ ചെയ്യാനാണ്. അത്രയേറെ ഈ വ്യവസായം തകർന്നുപോയിരിക്കുന്നു. ഒരു കാലത്ത് തനതായ പരമ്പരാഗത വ്യവസായമായിരുന്നു കയർ. ഇന്നത് വളരെ നാമമാത്രമായി അവശേഷിച്ചു. സംസ്ഥാനത്തെ കയർ വ്യവസായ സഹകരണ സംഘങ്ങളിൽ മാത്രം ഒതുങ്ങി നിൽക്കുന്ന ഒരു വ്യവസായമായി ഇത് മാറി. എന്നാൽ ഇന്ന് ഭൂരിഭാഗം സഹകരണ സംഘങ്ങളുടെയും പ്രവർത്തനം നിലച്ച നിലയിലാണ്. കേരളത്തിന്റെ, പ്രത്യേകിച്ച് തീരപ്രദേശങ്ങളിൽ പഴയകാലത്ത് അന്നം നൽകിയിരുന്നത് കയർ വ്യവസായത്തിലൂടെയുള്ള വരുമാനമായിരുന്നു. വീട്ടമ്മമാർ പുലർച്ചെ കടവിൽപ്പോയി തൊണ്ട് വാങ്ങി തല്ലി ചകിരിയാക്കി വീട്ടിൽ കൊണ്ടുവന്ന് കൈ കൊണ്ട് ഇഴ ഊരി കയർ തേച്ച് വൈകിട്ട് ചന്തയിൽ കൊണ്ടുപോയി വിറ്റുകിട്ടുന്ന പണംകൊണ്ട് ഭക്ഷ്യധാന്യങ്ങൾ വാങ്ങിയാണ് അന്ന് മിക്ക വീടുകളും കഴിഞ്ഞിരുന്നത്. കേരളത്തിന്റെ പരമ്പരാഗത കയർ

വ്യവസായത്തിന് ഒരു വലിയ പ്രതാപകാലവും പാരമ്പര്യവുമുണ്ടായിരുന്നു. 'സ്വർണ്ണ നാരുകൾ' എന്നറിയപ്പെടുന്ന ചകിരി നാരുകൾ ദാരിദ്ര്യവും അരക്ഷിതാവസ്ഥയും നിറഞ്ഞുനിന്നിരുന്ന കാലത്ത് ഒരുപാട് കുടുംബങ്ങളുടെ ജീവിതത്തിന് നിറം നൽകിയിരുന്നു. തൊണ്ട് തല്ലി പട്ടിണി മാറ്റിയ ഒരു കാലമുണ്ടായിരുന്നു. പച്ചത്തൊണ്ട് കായലിലിട്ട് മാസങ്ങളോളം അഴുകിയശേഷം തൊഴിലാളികൾ തൊണ്ട് തല്ലി ചകിരിയാക്കുന്നത് തീരപ്രദേശ നാട്ടുകളിലെ നിത്യകാഴ്ചയായിരുന്നു.

ഒന്നരലക്ഷത്തോളം തൊഴിലാളികളാണ് നിലവിൽ ക്ഷേമനിധി ബോർഡിൽ അംഗങ്ങളായിട്ടുള്ളത്. കൂടാതെ എഴുപതിനായിരത്തോളം പെൻഷൻകാരുമുണ്ട്. കയർ തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗമാകുന്ന തൊഴിലാളികൾക്ക് ഒട്ടേറെ ആനുകൂല്യങ്ങൾ വ്യവസ്ഥ ചെയ്തിട്ടുണ്ടെങ്കിലും ഇതര ക്ഷേമനിധി ബോർഡുകളുമായി തട്ടിച്ചു നോക്കുമ്പോൾ ഈ ആനുകൂല്യങ്ങൾ വളരെ അപര്യാപ്തമോ പരിമിതമോ ആണെന്ന് കാണാം. 7-2-2021 മുതലാണ് പ്രതിമാസ തൊഴിലാളി വിഹിതം 5 രൂപയിൽനിന്നും 20 രൂപയായി വർദ്ധിപ്പിച്ചത്. അതായത് പ്രതിവർഷം 60 രൂപയെന്നത് 240 രൂപയായി വർദ്ധിപ്പിച്ചു. ഇത് തികച്ചും തൊഴിലാളിവിരുദ്ധ നടപടിയാണ്. ഇപ്പോൾ കയർ തൊഴിലാളികൾ വലിയ പ്രതിസന്ധിയാണ് നേരിടുന്നത്. ബോർഡിന്റെ സാമ്പത്തിക ബാധ്യത മറികടക്കാൻ സർക്കാർ മറ്റുക്രമീകരണങ്ങൾ കണ്ടെത്തണം. അല്ലാതെ തൊഴിലാളികളിൽനിന്നും കൂടുതൽ വിഹിതം ഈടാക്കുകയല്ല വേണ്ടത്. മുൻപ് തൊഴിലാളി വിഹിതത്തിന്റെ ഇരട്ടിയായിരുന്നു സർക്കാർ വിഹിതം. 5 രൂപയ്ക്ക് 10 രൂപ നിരക്കിൽ സർക്കാർ ഗ്രാന്റെങ്കിൽ ഇപ്പോൾ തൊഴിലാളി വിഹിതം 20 രൂപയായി വർദ്ധിപ്പിച്ചിട്ടും സർക്കാർ ഗ്രാന്റിൽ ഒരു രൂപപോലും വർദ്ധനവ് വരുത്തിയിട്ടില്ല. മാത്രമല്ല, സർക്കാർ ഗ്രാന്റ് തൊഴിലാളി വിഹിതത്തിന്റെ പകുതിയായി കുറയ്ക്കുകയും ചെയ്തു. ഇതും പ്രതിഷേധാർഹമാണ്. ഇതോടുകൂടി സർക്കാരിൽ നിന്നുള്ള ഗ്രാന്റിന്റെ മെച്ചം ക്ഷേമനിധി ബോർഡിന് ലഭിക്കാതെയായി. കയറ്റുമതിക്കാരിൽ നിന്നുള്ള അംശദായവും പൂർണ്ണമായും നിലച്ച നിലയിലാണ്. ഈ സ്ഥാനത്ത് തൊഴിലാളികൾക്കുള്ള ക്ഷേമാനുകൂല്യങ്ങൾ കൊടുക്കുന്നതിന് സർക്കാരിന്റെ മാച്ചിംഗ് ഗ്രാന്റ് വർദ്ധനവുകൂടി വരാതായതിനെ ത്തുടർന്ന് ക്ഷേമനിധി ബോർഡിന്റെ വരുമാനം ജീവനക്കാർക്ക് ശമ്പളം നൽകുന്നതിനുപോലും തികയാത്ത അവസ്ഥയിലായി. ഉൽപ്പാദകരിൽ നിന്നും ഉടമകളിൽ നിന്നുമുള്ള വരുമാനത്തിലും കാലാനുസൃതമായ വർദ്ധനവ് വരുത്തിയിട്ടില്ല. 2003-ൽ 200 ലക്ഷം രൂപവരെ കയറ്റുമതിയിൽനിന്നും ലഭിച്ചിരുന്ന സ്ഥാനത്ത് നാല് ലക്ഷം രൂപയിലേയ്ക്ക് ആ വരുമാനം നിലച്ചു. തൊഴിലാളികളുടെയും പെൻഷൻകാരുടെയും കാര്യത്തിൽ മസ്റ്ററിംഗ് നടത്താൻ സാധിക്കാത്തവരുടെയും മൂന്ന്-നാല് ഘട്ടങ്ങളിലായി മസ്റ്ററിംഗ് നടത്തിയവരുടെയും പെൻഷൻ തുക കുടിശ്ശികയായി കിടക്കുകയാണ്. പുതിയതായി പെൻഷൻ അനുവദിക്കപ്പെട്ടവരുടെയും പെൻഷൻ കുടിശ്ശികയാണ്. ക്ഷേമനിധി ബോർഡിൽ സ്പെഷ്യൽ റൂൾ നടപ്പിലാ

ക്കിയിട്ടില്ല. അനധികൃത നിയമനങ്ങൾക്കുവേണ്ടിയാണ് ഇത് നടപ്പിലാക്കാത്തത്. തൊഴിലാളികളുടെ ക്ഷേമനിധി വിഹിതം 5 രൂപയിൽ നിന്നും 20 രൂപയാക്കി വർദ്ധിപ്പിച്ചെങ്കിലും തൊഴിലാളികളുടെ പെൻഷൻ ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ ആനുപാതികമായി ഇതുവരെയും വർദ്ധിപ്പിച്ചിട്ടില്ല. വിവാഹാനുകൂല്യ സഹായം വിവാഹം കഴിഞ്ഞ് കുട്ടികളായാൽപ്പോലും ലഭിക്കാത്ത സാഹചര്യമാണ്. അതുപോലെ തന്നെയാണ് വിദ്യാഭ്യാസ ധനസഹായ പദ്ധതിയും.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: സർ, ഏറ്റവും പ്രധാനപ്പെട്ട ഒരു ബില്ലിനെക്കുറിച്ചാണ് കരുനാഗപ്പള്ളി അംഗം ശ്രീ. സി. ആർ. മഹേഷ് സംസാരിച്ചു കൊണ്ടിരിക്കുന്നത്. ഇന്ന് കേരളത്തിലെ പൗരാണിക വ്യവസായ മേഖല അഭിമുഖീ കരിക്കുന്ന ഏറ്റവും പ്രധാനപ്പെട്ട ഗുരുതരമായ പ്രശ്നങ്ങൾ അദ്ദേഹം ചൂണ്ടിക്കാണി ക്കുകയുണ്ടായി. കേരവൃക്ഷങ്ങളുടെ നാടാണ് കേരളം. പക്ഷെ കേര കൃഷിയോടുള്ള ആളുകളുടെ താൽപ്പര്യക്കുറവ് പൊതുവെ പ്രകടമാകുന്നുണ്ട്. കാരണം, നൂതന സാങ്കേതികവിദ്യയുള്ള/പൊക്കം കുറഞ്ഞ തെങ്ങുകളൊക്കെ ലഭ്യമാണെങ്കിലും നല്ല നാളികേരം ലഭ്യമാകാത്ത സാഹചര്യമുണ്ട്. തൊഴിലില്ലായ്മ വർദ്ധിച്ചുവരുന്നു, കൂലി കൃത്യമായി ലഭ്യമാകുന്നില്ല. ഉൽപ്പന്നങ്ങൾ കൂടുതലായി വിറ്റഴിക്കപ്പെടാൻ കഴിയുന്നില്ല. മിനിമം കൂലി 600 രൂപയെന്ന് പ്രഖ്യാപിച്ചിട്ടുണ്ടെങ്കിലും അത് ലഭ്യമാകാത്ത സാഹചര്യമുണ്ട്. അതോടൊപ്പം തന്നെ ചകിരിയുടെ ദൗർലഭ്യം ഏറ്റവും പ്രധാനപ്പെട്ട വിഷയമാണ്. നമുക്കാവശ്യമുള്ള നാളികേരം പൂർണ്ണമായും കേരളത്തിൽനിന്നും ലഭ്യമാകുന്നില്ല. ഈ പ്രതിസന്ധി പരിഹരിക്കാൻ കേരളത്തിൽനിന്നുമാത്രമല്ല മറ്റു സംസ്ഥാനങ്ങളിൽ/രാജ്യങ്ങളിൽനിന്നും തൊണ്ട് കൊണ്ടുവരേണ്ട നടപടികൾ സ്വീകരിക്കേണ്ടത് ആവശ്യമാണ്. കമ്പോഡിയയിൽ ഞാൻ പോയിട്ടുണ്ട്. അവിടെ ധാരാളം തെങ്ങുകളുണ്ട്. അത് നശിച്ചുകൊണ്ടിരിക്കുകയാണ്. അവരത് ഉപയോഗ പ്പെടുത്തുന്നില്ല. കേരളത്തിലാണ് ഈ വ്യവസായം ഏറ്റവും കൂടുതലുള്ളത്. ഈ വ്യവസായം ശക്തിപ്പെടുത്താനുള്ള അസംസ്കൃത വസ്തുവായ തൊണ്ട് കൊണ്ടുവന്ന് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടുന്ന സാഹചര്യമുണ്ടാക്കാൻ ഈ ഗവൺമെന്റ് തയ്യാറാണോ; അക്കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. സി. ആർ. മഹേഷ്: സർ, വളരെ പ്രധാനപ്പെട്ട കാര്യമാണ് പെരുമ്പാവൂർ എം.എൽ.എ. ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ സൂചിപ്പിച്ചത്. ചികിത്സാ സഹായം 1000 രൂപ, വിദ്യാധനസഹായം- ഡിഗ്രി കോഴ്സുകൾക്ക് 700 രൂപ, പ്രൊഫഷണൽ കോഴ്സുകൾക്ക് 300 രൂപ, വിവാഹ ധനസഹായം 2000 രൂപ, പ്രസവ ധനസഹായം 1000 രൂപ എന്ന രീതിയിൽത്തന്നെ തുടരുകയാണ്. കോവിഡ് ബാധിച്ച മുഴുവൻ തൊഴിലാളികൾക്കും സർക്കാർ 1000 രൂപയും ക്ഷേമനിധി ബോർഡ് 4000 രൂപയും കൊടുക്കുമെന്ന് പറഞ്ഞ് അപേക്ഷ

വാങ്ങിയിട്ട് അർഹരായ പകുതിയാളുകൾക്കുപോലും ഇതുവരെ സഹായം ലഭിച്ചിട്ടില്ല. മാത്രമല്ല, ഇതിപ്പോൾ നിർത്തിവച്ചിരിക്കുകയുമാണ്. ക്ഷേമനിധി ബോർഡിൽ ആവശ്യമായ സ്റ്റാഫ് പാറ്റേൺ അനുസരിച്ചുള്ള ജീവനക്കാരെ നിയമാനുസൃതം നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല. പെൻഷനായവരുടെ തസ്തികകൾ ഒഴിഞ്ഞുകിടക്കുകയാണ്. പൊതുമേഖല സ്ഥാപനങ്ങളിൽ നടന്നുവരുന്നതുപോലുള്ള പിൻവാതിൽ നിയമനങ്ങൾ ഇതിനകംതന്നെ ഇവിടെയും നടന്നുകഴിഞ്ഞു. കൂടാതെ കയറ്റുമതിക്കാരിൽനിന്നും സ്വകാര്യ പൊതുമേഖലാ സ്ഥാപനങ്ങളിൽനിന്നും ക്ഷേമനിധി ബോർഡിന് ലഭിക്കേണ്ട ആനുകൂല്യങ്ങൾ നേടിയെടുക്കുന്നതിന് യാതൊരു നടപടിയും സ്വീകരിച്ചതായി കാണുന്നുമില്ല. അംശദായത്തിൽ തൊഴിലാളി വിഹിതം വർദ്ധിപ്പിച്ചതനുസരിച്ച് സർക്കാർ നൽകേണ്ട മാച്ചിംഗ് ഗ്രാന്റ് ക്ഷേമനിധി ബോർഡിന് നൽകി ക്ഷേമാനുകൂല്യങ്ങൾ വർദ്ധിപ്പിച്ചില്ലെങ്കിൽ ഈ മേഖലയിൽനിന്നും തൊഴിലാളികൾ കൂടുതലായി വിട്ടുപോയിക്കൊണ്ടിരിക്കും.

കേരളത്തിലെ കയർ വ്യവസായ സഹകരണ സംഘങ്ങൾ സ്തംഭനാവസ്ഥയിലാണ്. പതിനായിരക്കണക്കിന് തൊഴിലാളികളാണ് കയർ മേഖലയെ ആശ്രയിച്ചുകഴിയുന്നത്. പരമ്പരാഗത വ്യവസായ മേഖലയിൽ ഏറ്റവും കൂടുതൽ സ്ത്രീത്തൊഴിലാളികൾ പണിയെടുക്കുന്നത് കയർപിരി മേഖലയിലാണ്. ഇവരുടെ കൂലി വർദ്ധിപ്പിക്കുന്നതിനുള്ള യാതൊരു നടപടിയും സർക്കാർ ഇതുവരെയും സ്വീകരിച്ചിട്ടില്ല. 50 രൂപയുടെ നാമമാത്രമായ വർദ്ധനവ് വരുത്തിയിരുന്നെങ്കിലും ഈ തുക പോലും സംഘങ്ങളുടെ ഫണ്ടിൽനിന്നാണ് നൽകുന്നത്. ഇതിനിടെയാണ് തൊഴിലാളികൾ ക്ഷേമനിധി ബോർഡിലടയ്ക്കേണ്ട വിഹിതം മൂന്നിരട്ടിയാക്കി വർദ്ധിപ്പിക്കുന്നതിനുള്ള പുതിയ നിയമഭേദഗതിയുമായി സർക്കാർ മുന്നോട്ടു വന്നിട്ടുള്ളത്. എന്നാൽ സർക്കാർ വിഹിതത്തിൽ കുറവുവരുത്തുകയും ചെയ്തു. നേരത്തെ തൊഴിലാളികളടയ്ക്കുന്ന വിഹിതത്തിന്റെ രണ്ടിരട്ടി എന്നുള്ളതിന്റെ സ്ഥാനത്ത് 50 ശതമാനമായി കുറയ്ക്കുകയും ചെയ്തു. ഇത് തികച്ചും തൊഴിലാളിവിരുദ്ധമാണ്. കയർ തൊഴിലാളികളോട് കുറച്ചെങ്കിലും ആത്മാർത്ഥതയുണ്ടെങ്കിൽ സർക്കാരിന്റെ വിഹിതം വർദ്ധിപ്പിക്കുകയും തൊഴിലാളികളുടെ വിഹിതം കുറയ്ക്കുകയും വേണം. അടിക്കടിയുണ്ടായ പ്രളയവും രൂക്ഷമായ കടലാക്രമണവും കാരണം കയർ-മത്സ്യമേഖലയിലെ തൊഴിലാളികൾ ഇപ്പോൾത്തന്നെ പ്രതിസന്ധി നേരിടുകയാണ്. സംഘങ്ങളുടെ പ്രവർത്തനശേഷി മാനദണ്ഡമായി സ്വീകരിച്ച് മൂലധനം, ആസ്തി ബാധ്യതാ ഫണ്ട് എന്നിവ നൽകാൻ തയ്യാറായിട്ടില്ല. ചെറുകിട ഉല്പാദകരും സംഘങ്ങളും അവരുടെ ഉല്പന്നങ്ങൾക്ക് ഓർഡറുകൾ ലഭിക്കാതെയും ന്യായവില ലഭിക്കാതെയും നട്ടംതിരിയുകയാണ്. മതിയായ പ്രവർത്തന മൂലധനം സർക്കാർ അനുവദിക്കാത്തതിനാൽ ഉല്പാദനമാന്ദ്യവും ഇവർ നേരിടുകയാണ്. പച്ചത്തൊ

ണ്ടിന്റെയും ഉണക്കത്തൊണ്ടിന്റെയും ചകിരിയുടെയും സംഭരണവും വിതരണവും കയർഫെഡിനുമാത്രം നൽകിക്കൊണ്ടുള്ള ഉത്തരവ് നല്ല രീതിയിൽ പ്രവർത്തിച്ചു വരുന്ന മുഴുവൻ സംഘങ്ങളുടെയും പ്രവർത്തനത്തെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്.

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: സർ, ഈ മേഖലയെ പുനരുജ്ജീവിപ്പിക്കാനുള്ള പദ്ധതികൾ ഏറ്റവും കൂടുതൽ ആവിഷ്കരിച്ചത് കഴിഞ്ഞ സർക്കാരിന്റെ കാലത്താണ്. ഒരുപക്ഷെ പ്രവർത്തനം നിന്നുപോകുമായിരുന്ന ഈ മേഖലയെ ഏറ്റവും നല്ല രീതിയിൽ മുന്നോട്ടുകൊണ്ടുവന്നു. അതിന്റെ കെട്ടിടം നന്നാക്കൽ, പുതിയ തൊഴിലാളികളെ കൊണ്ടുവരൽ, അവർക്കാവശ്യമായ ആധുനിക യന്ത്രവത്ക്കരണം നടത്തൽ മുതലായ കാര്യങ്ങൾ സർക്കാർ ചെയ്തിട്ടുണ്ട്. ഇപ്പോൾ എല്ലാ അർത്ഥത്തിലും ഈ മേഖല ശക്തിപ്പെട്ടുവരികയാണ്. ഇതൊന്നുമറിയാതെയാണോ അങ്ങ് കാര്യങ്ങൾ അവതരിപ്പിക്കുന്നത്?

മി. ചെയർമാൻ: അങ്ങ് സംസാരിച്ചുതുടങ്ങിയിട്ട് പന്ത്രണ്ട് മിനിറ്റ് കഴിഞ്ഞു.

ശ്രീ. സി. ആർ. മഹേഷ്: സർ, തൊഴിലാളികളോടുള്ള ആത്മാർത്ഥതയിലാണ് ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ ഇത് പറഞ്ഞതെങ്കിൽ നല്ല കാര്യം. കയർഫെഡ് നിലവിൽ സംഘങ്ങൾക്ക് വിതരണം ചെയ്യുന്ന 'എ' ഗ്രേഡ് ചകിരിക്ക് 23 രൂപയും സർവ്വീസ് ചാർജ്ജും ഈടാക്കുമ്പോൾ അതേ ഗ്രേഡ് ചകിരി സ്വകാര്യമേഖലയിൽനിന്ന് 18-19 രൂപയ്ക്ക് സംഭരിക്കാൻ കയർസംഘങ്ങൾക്ക് കഴിഞ്ഞിരുന്നു. പുതിയ നിയന്ത്രണങ്ങൾ കയർ സംഘങ്ങളെ കൂടുതൽ പ്രതിസന്ധിയിലേയ്ക്ക് തള്ളിവിടും. ബഹുമാന്യനായ വ്യവസായ വകുപ്പുമന്ത്രി മന്ത്രി സ്ഥാനം ഏറ്റെടുത്തശേഷം എല്ലാ ജില്ലകളിലും പര്യടനം നടത്തിയതിന്റെ ഭാഗമായി കൊല്ലം ജില്ലയിൽ വിളിച്ചുചേർത്ത മീറ്റിംഗിൽ ഞങ്ങൾ ഈ ആവശ്യങ്ങളുന്നയിച്ചിരുന്നു. നടപടി സ്വീകരിക്കാമെന്ന് അന്നദ്ദേഹം ഉറപ്പുനൽകിയതാണ്. ചകിരിയുടെ സംഭരണ കാര്യത്തിൽ കയർ സംഘങ്ങൾക്ക് കൂടുതൽ പ്രവർത്തന സ്വാതന്ത്ര്യം നൽകണം. കയർ തൊഴിലാളികളുടെ ക്ഷേമനിധി ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കണം. ഇവർക്ക് ക്ഷേമനിധി പെൻഷൻ അനുവദിക്കണം. അംശദായം അടച്ച് ക്ഷേമനിധിയിൽ അംഗത്വമെടുത്ത് തൊഴിൽ ചെയ്ത് പെൻഷൻപറ്റിയ കയർതൊഴിലാളികൾക്ക് സാമൂഹ്യ ക്ഷേമ പെൻഷൻ ലഭിക്കുന്നുവെന്ന കാരണത്താൽ അർഹതപ്പെട്ട പെൻഷൻ നിഷേധിക്കുന്ന സർക്കാർ നിലപാട് പിൻവലിക്കണം. സംഘങ്ങൾ ഉല്പാദിപ്പിച്ച കയറും ഉല്പന്നങ്ങളും സംഭരിക്കാൻ കഴിയാത്ത സാഹചര്യത്തിൽ അവയുടെ സ്റ്റോക്ക് പരിശോധിച്ച് വില അഡ്വാൻസായി നൽകുന്നത് പരിഗണിക്കണം. ഓണക്കാലത്ത് തൊഴിലാളികൾക്ക് ബോണസ്, വേതനം എന്നിവ നൽകുന്നതിന് സർക്കാരിൽനിന്നും പി.എം.ഐ.

(പ്രൊഡക്ഷൻ ആൻഡ് മാർക്കറ്റിംഗ് ഇൻസെന്റീവ്) ലഭിക്കാത്ത സംഘങ്ങൾ അനവധിയാണ്. സംഘങ്ങൾക്ക് അനുവദിച്ചിട്ടുള്ള അടിസ്ഥാന വികസന ഫണ്ട് വിനിയോഗിക്കാൻ തടസ്സങ്ങൾ നേരിടുകയാണ്. ബന്ധപ്പെട്ട ഉദ്യോഗസ്ഥർ വേണ്ട രീതിയിൽ പ്രവർത്തിക്കാത്തതുകാരണം ഈ ഫണ്ടുപോലും നഷ്ടപ്പെടുന്ന സാഹചര്യമാണ്. 2019 ജനുവരി മുതൽ തൊഴിലാളികൾക്ക് വർദ്ധിപ്പിച്ച നൽകിയ കൂലി സംഘം പ്രവർത്തന ഫണ്ടിൽനിന്നാണ് നൽകിവരുന്നത്. നാളിതുവരെ അത് ഇൻകം സപ്പോർട്ട് സ്കീമിൽ ഉൾപ്പെടുത്തിയിട്ടില്ല. എന്നാൽ യു.ഡി.എഫ്. മുൻ കാലങ്ങളിൽ കൂലി വർദ്ധിപ്പിച്ചുനൽകിയത് ഇൻകം സപ്പോർട്ട് പരിധിയിൽ സർക്കാരുൾപ്പെടുത്തിയതിനാൽ സംഘങ്ങൾക്ക് അന്ന് ബാധ്യതയില്ലായിരുന്നു. അതിന് അടിയന്തര നടപടിയുണ്ടാകണം. പ്രവർത്തന ഫണ്ടില്ലാത്ത കയർ സഹകരണ സംഘങ്ങൾ ഏറെയാണ്. ഈ സംഘങ്ങളുടെ പ്രവർത്തനഫണ്ടും മാനേജീരിയിൽ ഗ്രാന്റും വർദ്ധിപ്പിച്ചുനൽകുന്നതിന് നടപടി സ്വീകരിക്കണം. കേരളത്തിൽ സഹകരണ മേഖലയിൽ ഏറ്റവും കൂടുതൽ കയർ ഉല്പാദിപ്പിക്കുന്നത് കായംകുളം കയർ പ്രോജക്ടിന്റെ പ്രവർത്തന മേഖലയിലുള്ള കയർ സംഘങ്ങളിലാണ്. ചകിരിക്ക് ക്ഷാമം നേരിടുന്ന സാഹചര്യത്തിൽ  ഒരു ഡീ-ഫൈബറിംഗ് യൂണിറ്റ് സ്ഥാപി ക്കേണ്ടത് അനിവാര്യമാണ്. സംഘങ്ങൾ നൽകുന്ന കയറിന്റെ റണ്ണേജിൽ കുറവ് വരുത്തി സംഘങ്ങളെ സാമ്പത്തികമായി തകർക്കുന്ന നടപടിയാണ് സർക്കാർ സ്വീകരിക്കുന്നത്. കയർഫെഡ് കയർ വില വർദ്ധിപ്പിക്കുമെന്ന് പറഞ്ഞിരുന്ന സാഹചര്യത്തിൽ അക്കാര്യത്തിൽ ചില ചർച്ചകളല്ലാതെ മറ്റൊരു നടപടിയും സ്വീകരിച്ചിട്ടില്ല. അസംസ്കൃത വസ്തുക്കളുടെ വിലയും ഉല്പാദനച്ചെലവും വർദ്ധിച്ചു കൊണ്ടിരിക്കുന്നു. ഉല്പാദനച്ചെലവിന്റെ അടിസ്ഥാനത്തിൽ കയറിന്റെ വാങ്ങൽവില വർദ്ധിപ്പിച്ച് നൽകണം. നിലവിൽ ഒരു ക്വിന്റൽ കയർ ഉല്പാദിപ്പിക്കുമ്പോൾ അടിസ്ഥാന സൗകര്യമുള്ള സംഘങ്ങൾക്ക് 600 രൂപയ്ക്കുമുകളിലും അടിസ്ഥാന സൗകര്യമില്ലാത്ത സംഘങ്ങൾക്ക് 1000 രൂപയ്ക്കുമുകളിലും നഷ്ടം നേരിടുന്നുണ്ട്. ഈ സ്ഥിതി തുടർന്നാൽ സംഘങ്ങൾ അടച്ചുപൂട്ടേണ്ടിവരും. ഉല്പാദന ചെലവിനനുസ രിച്ചെങ്കിലും കയറിന്റെ വില വർദ്ധിപ്പിക്കേണ്ടതാണ്. അല്ലെങ്കിൽ പ്രൊഡക്ഷൻ സബ്സിഡിയോ ഇൻസെന്റീവോ നൽകണം. അഞ്ചുവർഷം മുമ്പ് നിശ്ചയിച്ച വിലയാണ്  നിലവിൽ കയറിന് കയർഫെഡ് നൽകുന്നത്. എന്നാൽ കയറിൽ നിന്നും കയർഫെഡ് ഉല്പാദിപ്പിക്കുന്ന മൂല്യവർദ്ധിത ഉല്പന്നങ്ങൾക്ക് കാലാകാല ങ്ങളിൽ വില വർദ്ധിപ്പിക്കാറുമുണ്ട്. ഒരു  ക്വിന്റൽ കയർ ഉല്പാദിപ്പിക്കുമ്പോൾ 800 രൂപവരെ സംഘത്തിന്റെ പ്രവർത്തന ഫണ്ടിൽ കുറവുവരുന്നു. ഇവിടെ ഈ ചർച്ചകളൊക്കെ നടക്കുമ്പോൾ കയർഫെഡിലെ ധൂർത്തും അഴിമതിയും പിൻവാതിൽ നിയമനവും സംബന്ധിച്ച് പുറത്ത് വലിയ ചർച്ച നടക്കുന്നുണ്ട്. 1992-ൽ

ശ്രീ. എ. കെ. ആന്റണി കേരളത്തിന്റെ മുഖ്യമന്ത്രിയായിരുന്ന കാലത്താണ് കയർഫെഡിന്റെ നിയമനങ്ങൾ പി.എസ്.സി.-ക്ക് വിട്ടത്. 2017-ൽ കയർഫെഡ് നിയമനങ്ങൾക്കുള്ള സ്പെഷ്യൽ റൂൾ തയ്യാറായി. എന്നാൽ അഞ്ചുവർഷം കഴിഞ്ഞിട്ടും ഇതുവരെ ഒരു നിയമനംപോലും പി.എസ്.സി. മുഖേന നടത്താൻ കഴിഞ്ഞിട്ടില്ല. അതിന് ഈ സർക്കാരിന് യാതൊരു താൽപ്പര്യവും കാണുന്നില്ല. സി.പി.ഐ.(എം.) നേതാക്കളുടെ ബന്ധുനിയമന കേന്ദ്രമായും വിരമിച്ച യൂണിയൻ നേതാക്കളുടെ പുനരധിവാസ കേന്ദ്രമായും കയർഫെഡിനെ ഇടതുസർക്കാർ മാറ്റിയിട്ടുണ്ട്.

മി. ചെയർമാൻ: പതിനഞ്ച് മിനിറ്റായി, അങ്ങ് അവസാനിപ്പിക്കണം.

ശ്രീ. സി. ആർ. മഹേഷ്: സർ, രണ്ട് രീതിയിലുള്ള നിയമന ക്രമക്കേടുകളാണ് ഇപ്പോൾ പ്രധാനമായും പുറത്തുവന്നുകൊണ്ടിരിക്കുന്നത്. ഈ സ്ഥാപനത്തിൽനിന്നും പെൻഷൻപറ്റിയ പതിമൂന്നുപേരെ അവർ മുമ്പ് ജോലി ചെയ്തിരുന്ന അതേ തസ്തികകളിൽ, പെൻഷനാകുന്നതിനുമുമ്പ് അവർക്ക് ലഭിച്ചിരുന്ന അതേ ശമ്പളത്തിൽത്തന്നെ നിയമിച്ചതുമായി ബന്ധപ്പെട്ട ക്രമക്കേടാണ് ഒന്നാമത്തേത്. ഇങ്ങനെ നിയമിക്കപ്പെട്ടവരിൽ ആലപ്പുഴ ജില്ലയിലെ സി.പി.ഐ.(എം.) -ന്റെ ജില്ലാ സെക്രട്ടറിയുടെ ഭാര്യയും കയർഫെഡിലെ സി.ഐ.ടി.യു. നേതാവും ഉൾപ്പെട്ടിട്ടുണ്ട്. ഇതുസംബന്ധിച്ച് വലിയ വാർത്തകളാണ് വരുന്നത്. ചർച്ചയായപ്പോൾ അവസാനം രാജിവയ്പ്പിക്കേണ്ട അവസ്ഥയാണ്. പെൻഷനാകുന്നവരെ പുനർനിയമിക്കാൻ പാടില്ലെന്ന് സഹകരണ നിയമത്തിൽ വ്യവസ്ഥയുണ്ട്. ഇത് മറികടന്നാണ് ഈ നിയമനം നടത്തിയിട്ടുള്ളത്. ആരെങ്കിലും ഇക്കാര്യം ചൂണ്ടിക്കാട്ടിയാൽ ദിവസ വേതനത്തിലാണ് നിയമനമെന്ന് പറയും. എന്നാൽ ഇവരുടെ ശമ്പളം സ്ഥിരം ജീവനക്കാരന് തുല്യമാണ്. ഇതെന്ത് ഏർപ്പാടാണ്? നിയമനങ്ങൾ പി.എസ്.സി.-ക്ക് വിട്ട ഒരു സ്ഥാപനത്തിലാണ് ഇത്തരത്തിലുള്ള ക്രമക്കേടുകൾ നടക്കുന്നത്. ഇപ്രകാരം പുനർനിയമനം ലഭിച്ച എല്ലാ ജീവനക്കാരും ദിവസവേതന വ്യവസ്ഥയിൽ മുമ്പ് ഈ സ്ഥാപനത്തിൽ പിൻവാതിലൂടെ കയറിക്കൂടിയവരാണ്. വേണ്ടത്ര യോഗ്യതപോലും ഉണ്ടോയെന്ന് സംശയമാണ്. ഇങ്ങനെ കയറിക്കൂടിയവർ പേഴ്സണൽ മാനേജർ തസ്തികയിൽ വരെയെത്തി. രണ്ടാമത്തെ ക്രമക്കേട് കരാർ ജീവനക്കാരുടെ കാര്യത്തിലാണ് ഉണ്ടായിട്ടുള്ളത്. പതിനെട്ട് കരാർ ജീവനക്കാരെ നാലുവർഷങ്ങൾക്കുമുമ്പ് നിയമിക്കുകയുണ്ടായി. നിയമന കാലാവധി പതിനൊന്ന് മാസമാണ്. ഓരോ പതിനൊന്ന് മാസം കഴിയുമ്പോഴും ഇവരുടെ നിയമനം അടുത്ത പതിനൊന്ന് മാസംകൂടി ദീർഘിപ്പിച്ചുനൽകും. എന്ത് സുഖമുള്ള ഏർപ്പാടാണ്? ശമ്പള വർദ്ധനവുൾപ്പെടെ നൽകിയാണ് ഇവരുടെ കോൺട്രാക്ട് കാലാവധി ദീർഘിപ്പിക്കുന്നത്. കയർഫെഡിലെ സ്ഥിരം ജീവനക്കാരുടെ ശമ്പളപരിഷ്കരണ നടപടികൾ അനന്തമായി വൈകുന്ന അവസരത്തിലാണ് ഇത്തരത്തിൽ പിൻവാതിലിലൂടെ

കയറിക്കൂടിയ കരാർ ജീവനക്കാർക്ക് അനർഹമായ വേതന വർദ്ധനവും കാലാവധി നീട്ടിനൽകലും നടത്തുന്നത്. ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതിലും വൻക്രമക്കേടാണ് നടത്തിയിട്ടുള്ളത്. ഇതിനെക്കുറിച്ച് അന്വേഷിക്കണം. പതിനാറ് വർഷംവരെ സർവ്വീസുള്ള 35 പേരുടെ നിയമനം സ്ഥിരപ്പെടുത്താൻ ലിസ്റ്റ് തയ്യാറാക്കിയെങ്കിലും രാഷ്ട്രീയ പരിഗണന കണക്കിലെടുത്ത് പാർട്ടിക്ക് താൽപ്പര്യമുള്ള 19 പേർക്ക് നിയമന ഉത്തരവ് നൽകുന്നതിനാണ് സർക്കാർ തീരുമാനമെടുത്തത്. സ്വാഭാവിക നീതിക്ക് നിരക്കാത്ത നടപടിയാണ് സർക്കാർ ഇക്കാര്യത്തിൽ കൈക്കൊണ്ടത്. പി.എസ്.സി.-ക്ക് വിട്ട സ്ഥാപനത്തിലെ ജീവനക്കാരെ ഇപ്രകാരം സ്ഥിരപ്പെടുത്തിയത് ഏത് മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണ്? 2017-18-ലെ ഓഡിറ്റ് വിവരങ്ങൾ ചൂണ്ടിക്കാണിച്ചുകൊണ്ട് 30-9-2020-ൽ കൊടുത്ത ഓഡിറ്റ് റിപ്പോർട്ട് 2021 ജനുവരി മാസത്തിലെ പൊതുയോഗത്തിൽ അവതരിപ്പിച്ചില്ല. റിപ്പോർട്ട് പുറത്തുവന്നിട്ടില്ലെന്നും റിപ്പോർട്ട് തയ്യാറായി വരുന്നതേയുള്ളൂവെന്നും പറഞ്ഞ് പൊതുയോഗത്തെ തെറ്റിദ്ധരിപ്പിക്കുന്നതിനുള്ള ശ്രമമാണ് കയർഫെഡ് ഉദ്യോഗസ്ഥരും ഭരണസമിതിയും നടത്തിയത്. കയർഫെഡ് ഭരണസമിതിയെ പരിച്ചുവിടാൻതക്ക ഗുരുതരമായ കണ്ടെത്തലുകൾ ഉണ്ടായിരുന്നതുകൊണ്ടാണ് ഓഡിറ്റ് റിപ്പോർട്ട് പൂഴ്ത്തിവച്ചത്. എന്നാൽ ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ കോപ്പി ഇപ്പോൾ പുറത്തായിട്ടുണ്ട്. കയർഫെഡിൽ നടന്ന നിരവധി അഴിമതികളും ക്രമക്കേടുകളും ഒട്ടേറെ ന്യൂനതകളും ചൂണ്ടിക്കാണിച്ചുകൊണ്ടുള്ള ഓഡിറ്റ് റിപ്പോർട്ടാണ് പൂഴ്ത്തിവയ്ക്കാൻ ശ്രമം നടത്തിയത്. ലക്ഷക്കണക്കിന് രൂപ കയർഫെഡിലെ ഉദ്യോഗസ്ഥർക്ക് ബാധ്യതയുള്ളതായി ഓഡിറ്റ് റിപ്പോർട്ടിൽ പറഞ്ഞിട്ടുണ്ട്. മാത്രമല്ല, സ്റ്റോക്ക് വെരിഫിക്കേഷനിലും വലിയ അപാകതകൾ നടന്നിട്ടുള്ളതായി ചൂണ്ടിക്കാണിച്ചിട്ടുണ്ട്.

മി. ചെയർമാൻ: അങ്ങ് ദയവായി അവസാനിപ്പിക്കണം.

ശ്രീ. സി. ആർ. മഹേഷ്: കയർഫെഡിലെ ഓഡിറ്റ് വേഗത്തിലാക്കുന്നതിനും ഷോറൂം കണക്കുകൾക്ക് ഏകീകൃത അക്കൗണ്ടിംഗ് സമ്പ്രദായവും അതിനുള്ള സോഫ്റ്റ്‌വെയറും മെച്ചപ്പെടുത്തുന്നതിനും 2014-15 കാലഘട്ടത്തിൽ അന്നത്തെ യു.ഡി.എഫ്. സർക്കാർ അനുവദിച്ചിരുന്ന 35 ലക്ഷം രൂപ ആ ആവശ്യത്തിന് ഉപയോഗിക്കാതെ വകമാറ്റി ചെലവഴിച്ചതായും ഓഡിറ്റ് റിപ്പോർട്ടിലുണ്ട്. പ്രസ്തുത തുക ഉപയോഗിച്ചിരുന്നുവെങ്കിൽ കയർഫെഡിലെ സാമ്പത്തിക പ്രവർത്തനങ്ങളിലും അക്കൗണ്ടിംഗ് രീതിയിലും സുതാര്യതയും സാമ്പത്തിക അച്ചടക്കവും ഉറപ്പുവരുത്താൻ സാധിക്കുമായിരുന്നു. ഹെഡ് ഓഫീസിലെ വിവിധ സെക്ഷനുകളിലും ഷോറൂമുകളിലും സ്റ്റോക്കുകളിലും വൻക്രമക്കേടുകളും അഴിമതിയും നടന്നതായി ഓഡിറ്റ് റിപ്പോർട്ടിൽനിന്നും വ്യക്തമാണ്. ഉന്നത ഉദ്യോഗസ്ഥരുടെ കെടുകാര്യസ്ഥതകൊണ്ടും വീഴ്ചകൊണ്ടും കോടിക്കണക്കിന് രൂപയുടെ നഷ്ടം

കയർഫെഡിന് സംഭവിച്ചതായി ഓഡിറ്റ് റിപ്പോർട്ടിൽ പറയുന്നുണ്ടെന്ന് മനസ്സിലാക്കുന്നു. കയർഫെഡിന്റെ ഷോറും നടത്തിപ്പിലെ കെടുകാര്യസ്ഥതമൂലമുള്ള നഷ്ടങ്ങളും ബാധ്യതകളും ഓഡിറ്റ് റിപ്പോർട്ടിലൂടെ പുറത്തുവന്നിട്ടുണ്ട്. ഇതിനു പുറമെയാണ് കയർ സഹകരണ സംഘങ്ങൾക്ക് കയർഫെഡ് മുഖേന ചകിരി വാങ്ങുന്നതിലെ അഴിമതി. മുമ്പ് സംഘങ്ങൾക്ക് പുറംമാർക്കറ്റിൽനിന്നും ഗുണമേന്മയുള്ള ചകിരി നേരിട്ട് സംഭരിക്കാൻ കഴിയുമായിരുന്നു. അതിന് ഡിപ്പാർട്ടുമെന്റ് ഇപ്പോൾ തടസ്സമേർപ്പെടുത്തിയിരിക്കുകയാണ്. ഓപ്പൺ മാർക്കറ്റിനേക്കാൾ കൂടുതൽ വില നൽകി കയർഫെഡ് നൽകുന്ന ചകിരി വാങ്ങേണ്ട ഗതികേടുകൂടി സംഘങ്ങൾ നേരിടുകയാണ്. കയർഫെഡ് നൽകുന്ന ഗുണനിലവാരം കുറഞ്ഞ ചകിരിയിൽ നിന്നും നല്ല കയറുല്പന്നങ്ങൾ ലഭിക്കില്ല. ഗുണനിലവാരമുള്ള കയർ പിരിക്കാനും കഴിയില്ല. ഈ കയറിന് തുച്ഛമായ വിലയാണ് മാർക്കറ്റിൽ ലഭിക്കുന്നത്. കയർഫെഡിലെ അനധികൃത നിയമനങ്ങളെയും ക്രമക്കേടുകളെയുംകുറിച്ച് ഇപ്പോൾ നടക്കുന്ന വകുപ്പുതല അന്വേഷണം കൊണ്ടുമാത്രം സത്യം പുറത്തുവരില്ല. സ്വതന്ത്രവും നിഷ്പക്ഷവുമായ അന്വേഷണം ഇക്കാര്യത്തിൽ ആവശ്യമാണ്. ഈ സാഹചര്യത്തിൽ കയർഫെഡിലെ ക്രമക്കേടുകളെപ്പറ്റി ഒരു സ്വതന്ത്ര ഏജൻസിയെക്കൊണ്ട് അന്വേഷണം നടത്തി കുറ്റക്കാർക്കെതിരെ ശക്തമായ നിയമനടപടി സ്വീകരിക്കാൻ സർക്കാർ സന്നദ്ധമാകണം.

എന്റെ നിയോജകമണ്ഡലത്തിൽപ്പെട്ട ഒരു കാര്യംകൂടി പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കാം. 28-1-2021-ൽ രാത്രി 11 മണിക്ക് കരുനാഗപ്പള്ളി നിയോജക മണ്ഡലത്തിൽ ഓച്ചിറയിലുള്ള ഒരു കയർ വ്യവസായി ടി. കെ. രാജന്റെ 'ഓച്ചിറ വാസൻ' എന്ന കയർ വർക്സ് സ്ഥാപനം ദുരൂഹ സാഹചര്യത്തിൽ തീപിടിച്ചു നശിച്ചു. ഏതാണ്ട് 37 ടൺ കയറും കയർ കയറ്റിവച്ചിരുന്ന ലോറിയുമുൾപ്പെടെ കത്തി ചാമ്പലായി. 70 ലക്ഷം രൂപയുടെ നാശനഷ്ടമാണുണ്ടായത്. പലരിൽനിന്നും വായ്പയെടുത്തും കടം വാങ്ങിയും പലിശയ്ക്കെടുത്തുമാണ് അദ്ദേഹം ഈ വ്യവസായം നടത്തിക്കൊണ്ടുപോകുന്നത്. നിരവധി തൊഴിലാളികൾ പണിയെടുക്കുന്ന ഒരു തൊഴിൽ സ്ഥാപനമാണിത്. ഇത്തരത്തിലുള്ള അപകടമുണ്ടാകുമ്പോൾ എന്തെങ്കിലും ധനസഹായം അവർക്ക് നൽകാൻ സർക്കാർ തയ്യാറാകണം. തൊഴിലാളി വിരുദ്ധമായ ഈ ബിൽ അവതരണത്തിൽനിന്നും സർക്കാർ പിന്മാറണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ നിർത്തുന്നു.

1.00 P.M.]

ശ്രീ. ഇ. ചന്ദ്രശേഖരൻ ചുമതലപ്പെടുത്തിയതുപ്രകാരം (ശ്രീ. ഇ. കെ. വിജയൻ): സർ, 2021-ലെ കേരള കയർ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 20-10-2021-വരെ സർക്കുലേറ്റ്

ചെയ്യണമെന്ന '1 എ' നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. 1987-ൽ പാസ്സാക്കിയ ഈ ബില്ലിലെ ഭേദഗതിയെക്കുറിച്ച് ബഹുമാനപ്പെട്ട നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി ശ്രീ. പി. രാജീവ് സംസാരിച്ചിട്ടുണ്ട്. ഇന്ത്യയിലെ ഏറ്റവും പഴക്കം ചെന്ന വ്യവസായങ്ങളിലൊന്നാണ് കയർ വ്യവസായം. രാജ്യത്ത് ഏകദേശം ഏഴ് ലക്ഷം ആളുകൾക്ക് പ്രത്യക്ഷമായും പരോക്ഷമായും തൊഴിൽ ലഭ്യമാക്കുന്ന വ്യവസായമാണിത്. കയറ്റുമതിയുടെ കാര്യത്തിലും ഈ വ്യവസായത്തിന് വലിയ പ്രാധാന്യമുണ്ട്. 2019-2020-ൽ നമ്മുടെ രാജ്യം 9.9 ലക്ഷം മെട്രിക് ടൺ കയറുൽപ്പന്നങ്ങൾ കയറ്റുമതി ചെയ്തതായി കണക്കുകൾ പറയുന്നു. കയറ്റുമതി വരുമാനം 2,758 കോടി രൂപയായിരുന്നു. ആഭ്യന്തര വരുമാനം കയറ്റുമതിയുടെ ഇരട്ടിയാണ്. ആഗോള കയറുൽപ്പന്നങ്ങളുടെ ഉൽപ്പാദനത്തിന്റെ മൂന്നിൽ രണ്ട് ഭാഗവും ഇന്ത്യയിൽനിന്നാണ്, രണ്ടാം സ്ഥാനം ശ്രീലങ്കയ്ക്കുമാണ്. കയർ വ്യവസായം ഒരു കാർഷികാധിഷ്ഠിത വ്യവസായമാണെന്നതാണ് ഇതിന്റെയൊരു പ്രത്യേകത. ഗ്രാമീണ മേഖലയിൽ ഇതിന് ഗണ്യമായ സ്വാധീനമുണ്ട്. ഈ മേഖലയിൽ തൊഴിലെടുക്കുന്നവരിൽ 80 ശതമാനവും വനിതകളാണ്. തൊഴിലുറപ്പ് ക്ഷേമനിധി ബില്ലുമായി ബന്ധപ്പെട്ട് ഇവിടെ പറഞ്ഞതുപോലെതന്നെ ഈ രംഗത്തും വനിതകളാണെന്നത് ശ്രദ്ധേയമാണ്. ഇതിന്റെ സാമൂഹ്യ പ്രാധാന്യം അതുകൊണ്ടുതന്നെ വർദ്ധിക്കുന്നു. കയർ മേഖലയിലുള്ള ഏത് പ്രവർത്തനവും ഒരു സ്ത്രീ ശാക്തീകരണ പ്രവർത്തനം കൂടിയാണ്. നിലവിൽ ഇന്ത്യയിൽനിന്നും 14 ഇനം കയറുൽപ്പന്നങ്ങൾ കയറ്റുമതി ചെയ്യുന്നുണ്ട്. ഇന്ത്യയിൽ ഉൽപ്പാദിപ്പിക്കുന്ന തൊണ്ടിന്റെ നാൽപ്പത് ശതമാനം മാത്രമാണ് കയർ വ്യവസായത്തിനായി പ്രയോജനപ്പെടുത്തുന്നത്. കയർ മേഖലയിലെ ഉൽപ്പാദനം ഇനിയും വർദ്ധിപ്പിക്കാൻ കഴിയുമെന്നതിന്റെ സൂചനയാണിത്. ഇന്ത്യൻ കയർ വ്യവസായത്തിന്റെ ആസ്ഥാനം കേരളമാണ്. തേങ്ങ ഉൽപ്പാദനത്തിന്റെ 61 ശതമാനവും കയറുൽപ്പന്നങ്ങളുടെ 85 ശതമാനവും കേരളത്തിലാണ് നടക്കുന്നത്. ഒന്നര ലക്ഷത്തോളം കയർത്തൊഴിലാളികൾ കേരളത്തിലെ കയർ മേഖലയിൽ പ്രവർത്തിക്കുന്നുണ്ടെന്നാണ് കണക്ക്. കേരളത്തിലെ കയർ വ്യവസായത്തിന് വലിയ പ്രാധാന്യമുണ്ട്. പുരാതന ഗ്രീസ്, ഈജിപ്റ്റ്, റോം തുടങ്ങിയ രാഷ്ട്രങ്ങളിലെ ജനത കേരളത്തിൽ നിർമ്മിച്ച കയർ ഉപയോഗിച്ചതായി ചരിത്രം പറയുന്നു. പോർച്ചുഗീസുകാരുടെ വരവോടെ കേരളത്തിലെ കയർ വ്യവസായം വിവിധ യൂറോപ്യൻ രാജ്യങ്ങളിലേയ്ക്ക് വ്യാപിക്കുകയുണ്ടായി. 1851-ൽ ബ്രിട്ടീഷുകാർ കേരളത്തിലെ കയറുൽപ്പന്നങ്ങളുടെ പ്രദർശനം ലണ്ടനിൽ സംഘടിപ്പിച്ചിരുന്നു. പരമ്പരാഗത വ്യവസായ മേഖലയിൽ ഏറ്റവും കൂടുതൽ തൊഴിലവസരങ്ങൾ നൽകുന്ന ഒന്നാണ് കയർ മേഖല. കയർ വ്യവസായത്തിന്റെ പ്രതാപകാലത്ത് നേരിട്ടും അല്ലാതെയും അഞ്ചുലക്ഷം ആളുകൾക്ക്

തൊഴിൽ നൽകിയ മേഖലയാണിത്. ഇന്ത്യയിലാദ്യമായി ഒരു കയർ ഫാക്ടറി ആരംഭിച്ചത് 1854-ൽ ആലപ്പുഴയിലും കുളച്ചലിലുമായിരുന്നു. അന്ന് ആ കമ്പനിയുടെ രജിസ്റ്റേർഡ് ഓഫീസ് ലണ്ടനിലും ന്യൂയോർക്കിലുമായിരുന്നു. കേരളത്തിലെ കയർ മേഖലയിലേയ്ക്ക് നിരവധി സംരംഭകരെ എത്തിച്ചത് ഈ കമ്പനിയാണ്. അത്രയേറെ പഴക്കം ചെന്ന വ്യവസായമാണ് കയർ വ്യവസായം. കയർ മേഖലയിൽ സംസ്ഥാന സർക്കാരിന്റെ ഇടപെടലുകളിൽ ഭൂരിഭാഗവും കയർ വികസന വകുപ്പിന്റെയും കയർ വികസന ഡയറക്ടറേറ്റിന്റെയും നേതൃത്വത്തിലാണ്. 2016 മുതൽ 749.39 കോടി രൂപ സംസ്ഥാന പദ്ധതികൾക്കായി സർക്കാർ ചെലവഴിച്ചിട്ടുണ്ട്. പരമ്പരാഗത മേഖലയിലെ കുറഞ്ഞ വേതനവും അസംസ്കൃത വസ്തുക്കളുടെ ലഭ്യതയുമാണ് ഈ മേഖല നേരിടുന്ന വെല്ലുവിളികൾ. മണ്ഡരി രോഗം ബാധിച്ചത് കേരളത്തിലെ തെങ്ങ് കൃഷിക്ക് വലിയ പ്രയാസം സൃഷ്ടിച്ചിട്ടുണ്ട്. സാങ്കേതികവിദ്യയുടെ നവീകരണത്തിനും വിപണിയിലെ വ്യതിയാനങ്ങൾ നിയന്ത്രിക്കുന്നതിനും സർക്കാർ ഇടപെടൽ അത്യാവശ്യമാണ്. പുതിയ ഉൽപ്പന്നങ്ങൾ അവതരിപ്പിക്കുന്നതിൽ മത്സര ശേഷി വർദ്ധിപ്പിക്കാനും വൈവിധ്യവൽക്കരണം ത്വരിതപ്പെടുത്താനും പുതിയ വിപണികൾ കണ്ടെത്തുന്നതിനും ഊന്നൽ നൽകണം. കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാരിന്റെ പ്രഖ്യാപിത ലക്ഷ്യമായിരുന്നു രണ്ടാം കയർ പുനഃസംഘടന. കയർ ഉൽപ്പാദനത്തിനും സംഭരണത്തിനും റിക്കാർഡ് വർദ്ധനവാണുണ്ടായിട്ടുള്ളത്. 2015-2016-ൽ കയർഫെഡ് വഴി 7852 ടണ്ണാണ് സംഭരിച്ചത്. അത് 2019-2020-ൽ 20,000 ടണ്ണായി വർദ്ധിച്ചു. കയർ ഭൂവസ്ത്ര നിർമ്മാണത്തിൽ പുത്തൻ ഉണർവുണ്ടായി. കയർ പുനഃസംഘടനയുടെ സുപ്രധാന ഘടകം യന്ത്രവൽക്കരണവും ആധുനിക വൽക്കരണവുമാണ്. അതിന് നമ്മൾ കൂടുതൽ ഊന്നൽ നൽകേണ്ടിയിരിക്കുന്നു. ചകിരിച്ചോറിന്റെ വ്യാവസായികാടിസ്ഥാനത്തിലുള്ള വിപണനം കാര്യക്ഷമമാക്കാൻ നടത്തിയ ഇടപെടലുകളും ഫലം കണ്ടു. ഇനിയും അത് ശാസ്ത്രീയമാക്കേണ്ടതുണ്ട്. ജൈവവളമുൾപ്പെടെ സൃഷ്ടിക്കാനും അത് ഉപയോഗിക്കുന്ന രീതിയിലേയ്ക്ക് മാറേണ്ട തുമുണ്ട്. അതിന്റെ പുളിപ്പ് മാറ്റിയെടുക്കുന്ന ഒരു സംവിധാനംകൂടി ഇതിന്റെ ഭാഗമായി കൊണ്ടുവരേണ്ടതുണ്ട്. തൊണ്ട് തല്ലി ചകിരി നാര് തങ്കമാക്കുന്ന കൈകൾകൊണ്ട് തൊണ്ട് തല്ലി പട്ടിണി മാറ്റുന്ന തരത്തിലെത്തിയത് ജനകീയ മുന്നേറ്റത്തിന്റെ ഫലമാണെന്നത് നാം ശ്രദ്ധിക്കണം. ഇന്ത്യൻ സ്വാതന്ത്ര്യ സമരത്തിലുൾപ്പെടെ കേരളം കണ്ട സമാനതകളില്ലാത്ത പോരാട്ടങ്ങളുടെ മുന്നണിയിൽ കയർത്തൊഴിലാളികൾ അണിനിരന്നിരുന്നു. കയർത്തൊഴിലാളികളുടെ ജീവിതം ഇരുട്ട് നിറഞ്ഞതായിരുന്നു വെന്നത് ചരിത്രമാണ്. അതിന്റെ ഭാഗമായാണ് പുന്നപ്ര വയലാറിന്റെ മണ്ണിൽ നിന്ന് കേരളത്തിന്റെ പ്രിയങ്കരനായ കവി വയലാർ രാമവർമ്മയ്ക്ക് 'സംസ്കാരത്തിന്റെ നാളങ്ങൾ' എന്ന അദ്ദേഹത്തിന്റെ കൃതിയിൽ ഇങ്ങനെ കുറിക്കേണ്ടിവന്നത്:

"കയറുപിരിക്കും തൊഴിലാളിക്കൊരു
കഥയു-ണ്ടുജ്ജ്വല സമര കഥ
അതുപറയുമ്പോളെന്നുടെ നാടി-
ന്നഭിമാനിക്കാൻ വകയില്ലേ?
അറിയാം നിങ്ങൾ,-ക്കൊരു കഥയല്ലതു
പൊരുതും വർഗ്ഗ ചരിത്രത്തിൽ
ഉടനീളം ചുടുചോരയിലെഴുതിയ
തുട്ടുതുടെ നിൽക്കും പരമാർത്ഥം"

യഥാർത്ഥത്തിൽ ഇതായിരുന്ന അവസ്ഥ. പക്ഷെ കരുനാഗപ്പള്ളി മണ്ഡലത്തിലെ ബഹുമാനപ്പെട്ട അംഗത്തിന് എന്തായിരുന്ന ഈ ദുരവസ്ഥയെന്നുള്ളത് മനസ്സിലാകില്ല. അന്ന് അമേരിക്കൻ മോഡൽ അറബിക്കടലിലെന്ന് പറഞ്ഞ് സമരം നടത്തി, ആ പ്രദേശത്തെ കയർത്തൊഴിലാളികൾ രക്തം കൊണ്ട് കഥയെഴുതിയ മണ്ണാണ്. അന്ന് ആ സമരത്തെ ഒറ്റുകൊടുത്തവരാണ് കോൺഗ്രസ് എന്നത് ചരിത്രത്തിന്റെ ഭാഗമാണ്. ഈ ദുരവസ്ഥയ്ക്ക് പരിഹാരമുണ്ടാക്കാൻ നമ്മുടെ നാട് ധാരാളം പോരാട്ടങ്ങൾക്ക് സാക്ഷ്യം വഹിച്ചു. സ്വാതന്ത്ര്യത്തിന്റെ പോരാട്ടമായി അതുമാറി. ചരിത്രം അതിനെ സുവർണ്ണ ലിപികളാൽ പുന്നപ്ര-വയലാർ സമരം എന്ന് രേഖപ്പെടുത്തി. ഐതിഹാസികമായ പുന്നപ്ര വയലാർ സമരത്തിന്റെ 75-ാമത് വാർഷികാഘോഷ വേളയിലാണ് ഈ സമ്മേളനം ചേരുന്നത്. 1998-ൽ സഖാവ് ഇന്ദ്രജിത് ഗുപ്ത, കേന്ദ്ര ആഭ്യന്തര മന്ത്രിയായിരുന്നപ്പോൾ പുന്നപ്ര-വയലാർ സമരത്തെ സ്വാതന്ത്ര്യസമരത്തിന്റെ ഭാഗമായി പ്രഖ്യാപിച്ച്, അവർക്ക് പെൻഷൻ നൽകാനുള്ള തീരുമാനം കൈക്കൊണ്ടു. ഈ പോരാട്ടങ്ങളെ അതുവരെ കോൺഗ്രസിന് കാണാൻ കഴിഞ്ഞിരുന്നില്ല. 'അമേരിക്കൻ മോഡൽ അറബിക്കടലിൽ' എന്നു പറഞ്ഞ് നടത്തിയ ആ സമരത്തെപ്പറ്റി ഇന്ന് നാം സംസാരിക്കുമ്പോൾ സ്വതന്ത്ര ഇന്ത്യയിൽ അമേരിക്കൻ മോഡലിലേയ്ക്ക് നമ്മുടെ രാജ്യത്തെ പുത്തൻ സാമ്പത്തിക നയത്തിലൂടെ കൊണ്ടുപോയ കോൺഗ്രസ്സിന് ആ സമരത്തെ അതേരീതിയിൽ കാണാൻ കഴിയില്ല, അതുകൊണ്ടാണ് ബഹുമാനപ്പെട്ട അംഗത്തിന്റെ ഭാഗത്തു നിന്നും ആ സമരത്തെ അങ്ങനെ കാണാനിടയായതും വയലാറിന്റെ വരികളിലൂടെ അതിനെ പരിഹസിക്കുന്ന തരത്തിലേയ്ക്ക് വന്നതും. 13-ാം നൂറ്റാണ്ടിൽ കപ്പലിൽ ലോകം ചുറ്റിയ വെനീസിലെ വ്യാപാരിയായിരുന്ന മാർക്കോപോളോ, അദ്ദേഹത്തിന്റെ യാത്രാ വിവരണത്തിൽ 'അറബിക്കപ്പലുകളിലെ കയർ വടങ്ങൾ കേരളത്തിൽ

നിന്നുള്ളവയായിരുന്നു' എന്ന് പറയുന്നുണ്ട്. കേരള സംസ്ഥാന രൂപീകരണ വേളയിൽ കൃഷി കഴിഞ്ഞാൽ ഏറ്റവും പ്രധാനപ്പെട്ട മേഖല കയർ വ്യവസായമാണ്. കയർവടം, കയർ നെയ്ത്ത്, കയർപിരി എന്നിവയെല്ലാം കോഴിക്കോട്, ആലപ്പുഴ തുടങ്ങിയ കേരളത്തിന്റെ തീരമേഖലകളിൽ ഉൽപ്പാദിപ്പിച്ചിരുന്നു. കയർ വ്യവസായത്തിന്റെ നാഡീകേന്ദ്രമാണ് ആലപ്പുഴ. ഭൗമസൂചിക മുദ്ര ലഭിച്ച പൈതൃക സമ്പത്താണ് ആലപ്പുഴ കയർ. അതിനോടൊപ്പംതന്നെ കോഴിക്കോടും. മാർക്കറ്റുകൾ നോക്കിയാൽ കൊയിലാണ്ടി, ബേപ്പൂർ, കടലുണ്ടി, ഒളവണ്ണ എന്നിങ്ങനെ കോഴിക്കോടാകമാനം പരിശോധിച്ചാൽ കയറിന്റെ വലിയൊരു മുന്നേറ്റം നമുക്ക് കാണാൻ കഴിയുമായിരുന്നു. വലിയ തോതിലുള്ള കക്ഷിരാഷ്ട്രീയ ഇടപെടലുകളുടെ അടിസ്ഥാനത്തിൽ പല ആളുകളുടെ പേരുകൾ നൽകി സൊസൈറ്റികളുണ്ടാക്കി. യന്ത്രവൽക്കരണത്തിന്റെ പേരുപറഞ്ഞ് അത് നിലച്ചുപോയത് ഓർക്കേണ്ടതുണ്ട്. അന്നത്തെ മന്ത്രി ഇപ്പോൾ എം.പി.യാണ്. ഇത് നടപ്പിലാക്കിയ സാഹചര്യം സംബന്ധിച്ച മറ്റ് വിശദാംശങ്ങളിലേയ്ക്ക് ഞാൻ പോകുന്നില്ല.

"കയറുപിരിക്കും കരങ്ങളിൽനിന്നുയരുന്നൂ ഉയരുന്നൂ

ചകിരിക്കുഴികളിൽനിന്നും ശബ്ദമിതുയരുന്നൂ ഉയരുന്നൂ

പണിചെയ്‌വോരുടെ പടയണിയിൽനിന്നുയരുന്നൂ ഉയരുന്നൂ

മണിനാദം മണിനാദം നൂതന മണിനാദം"

സ്ഫോടനം എന്ന സിനിമയ്ക്കുവേണ്ടി ഒ.എൻ.വി. എഴുതിയ വരികളാണിത്. ഈ നൂതന മണിനാദം നിലയ്ക്കാതിരിക്കാൻ എൽ.ഡി.എഫ്. പ്രതിജ്ഞാബദ്ധമാണെന്നതിന്റെ തെളിവാണ് ഈ ബിൽ. അതോടൊപ്പം തൊഴിലാളികളുടെ മിനിമം കൂലിയിൽ വർദ്ധനവ് വരുത്തേണ്ടത് ആവശ്യമാണെന്ന് ഇതിന്റെ ഭാഗമായി ഞാൻ സൂചിപ്പിക്കുകയാണ്. അതുപോലെ നേരത്തെ തൊണ്ട് സംരക്ഷിക്കുന്നതിന്റെ ഭാഗമായി നമ്മുടെ പുഴയോരങ്ങൾകൂടി ഈ തൊഴിലാളികൾ സംരക്ഷിച്ചിരുന്നു. ഇന്ന് തൊണ്ട് പൂഴ്ത്തുന്ന സ്ഥലങ്ങൾ ഇല്ലാതായപ്പോൾ അവിടെയെല്ലാം ആളുകൾ കയ്യേറി തെങ്ങും മറ്റുമൊക്കെ വച്ചിരിക്കുകയാണ്. നേരത്തെ തൊഴിലാളികൾ അത് കയ്യേറാൻ സമ്മതിച്ചിരുന്നില്ല. തൊണ്ട് പൂഴ്ത്തുന്ന കേന്ദ്രമെന്നുള്ള നിലയ്ക്ക് അവരുടെയൊരു ഭാഗമാക്കി പുഴയോടൊപ്പം നിർത്തിയിരുന്നു. ഏതായാലും ഗവൺമെന്റ് 100 ദിനം പൂർത്തീകരിച്ച ഈ വേളയിൽ വീണ്ടും ഇതിനൊരു സജീവത കൊണ്ടുവരുന്നതിനായി ബഹുമാനപ്പെട്ട പുതിയ വ്യവസായ വകുപ്പുമന്ത്രി ഇങ്ങനെയൊരു ഭേദഗതി കൊണ്ടുവന്നത് അഭിനന്ദനാഹർമാണ്. കയർമേഖലയെയും നമ്മുടെ നാടിന്റെ തൊഴിൽ മേഖലയിൽ ഉജ്ജ്വലമായ പോരാട്ടങ്ങൾക്ക് നേതൃത്വം

കൊടുത്ത, ഇന്ത്യൻ സ്വാതന്ത്ര്യത്തിനു വേണ്ടി പോരാടിയ തൊഴിലാളികളെയും സംരക്ഷിക്കാനുള്ള പ്രവർത്തനങ്ങൾക്ക് സർക്കാർ നേതൃത്വം കൊടുക്കുന്നുവെന്നതിൽ ഏറെ അഭിമാനമുണ്ട്, സന്തോഷമുണ്ട്.

ശ്രീ. രമേശ് ചെന്നിത്തല: സർ, അങ്ങയുടെ പാർട്ടി ആലപ്പുഴയിലെ കയർഫെഡിൽ നടക്കുന്ന ഗുരുതര അഴിമതികൾക്കെതിരായി സമരം ചെയ്യുകയാണ്. അങ്ങയുടെ പ്രസംഗം ഞാൻ ശ്രദ്ധിക്കുകയായിരുന്നു. മുതിർന്ന അംഗമായതു കൊണ്ടാണ് ഞാൻ ഇടപെട്ടത്. ആലപ്പുഴ കയർഫെഡിൽ സി.പി.ഐ.(എം.) ജില്ലാ സെക്രട്ടറിയുടെ ഭാര്യ ഉൾപ്പെടെയുള്ളവരുടെ നിയമനങ്ങൾക്കെതിരായി ഏറ്റവും ശക്തമായി സമര രംഗത്ത് സി.പി.ഐ.ഉണ്ട്. അങ്ങ് പറയുന്നത്, എൽ.ഡി.എഫ്. ഗവൺമെന്റ് ഭംഗിയായി കയർ മേഖല മുന്നോട്ട് കൊണ്ടുപോകുന്നുവെന്നാണ്. കയർ കോർപ്പറേഷനൊഴികെയുള്ള എല്ലാ സ്ഥാപനങ്ങളിലും പിൻവാതിൽ നിയമനങ്ങളും അഴിമതിയും നടക്കുകയാണ്. സി.പി.ഐ. ആണ് അവിടെ സമരത്തിലുള്ളത്. അത് അങ്ങേയ്ക്കറിയാമോ?

ശ്രീ. ഇ. കെ. വിജയൻ: അവിടത്തെ പ്രശ്നങ്ങൾ എന്താണെന്ന് എൽ.ഡി.എഫ്. ചർച്ച ചെയ്ത് മനസ്സിലാക്കി അതിന്റെ പോരായ്മകൾ പരിഹരിക്കാനുള്ള ശ്രമങ്ങൾ നടത്തും.

ശ്രീ. എച്ച്. സലാം: സർ, ബഹുമാനപ്പെട്ട മുൻ പ്രതിപക്ഷനേതാവ് ഇവിടെ പറഞ്ഞ ചില കാര്യങ്ങളുണ്ട്. അദ്ദേഹംകൂടി അംഗമായിരുന്ന, ശ്രീ. അടൂർ പ്രകാശ് മന്ത്രിയായിരുന്ന മന്ത്രിസഭയുടെ കാലത്ത് അടൂരിൽ പുതിയൊരു ഫാക്ടറി ആരംഭിക്കുകയും യാതൊരു മാനദണ്ഡവുമില്ലാതെ നൂറുകണക്കിന് ആളുകളെ അവിടെ നിയമിക്കുകയും ഇപ്പോൾ അത് പ്രവർത്തനരഹിതമാണെന്നുമുള്ള കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. രമേശ് ചെന്നിത്തല: സർ, ബഹുമാനപ്പെട്ട അമ്പലപ്പുഴ അംഗം പറഞ്ഞ ഒരു ആരോപണവും അക്കാലത്ത് ആരും ഉയർത്തിയിരുന്നില്ല. ആരും സമരം ചെയ്തിട്ടുമില്ല. ഡോ. ടി. എം. തോമസ് ഐസക് അതിൽ നടപടിയെടുത്തിട്ടുമില്ല. ഇപ്പോഴാണ് ഓഡിറ്റ് റിപ്പോർട്ട് പുറത്തുവന്നിരിക്കുന്നത്. പാർട്ടി ജില്ലാ സെക്രട്ടറി ശ്രീ. നാസറിന്റെ ഭാര്യയ്ക്കെതിരായുള്ള ആരോപണം ഇപ്പോഴാണ് വന്നിരിക്കുന്നത്. അവിടെ നടക്കുന്ന നിയമനങ്ങൾക്കെതിരെ ഞങ്ങളല്ല സമരം ചെയ്യുന്നത്. എ.ഐ.റ്റി.യു.സി. ആണ് അവിടെ സമരം ചെയ്യുന്നത്. അത് ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുമോ?

ശ്രീ. ഇ. കെ. വിജയൻ: സർ, അഴിമതിയുമായി ബന്ധപ്പെട്ട വിഷയത്തിൽ ഗവൺമെന്റിന് പ്രഖ്യാപിത നയമുണ്ട്. ഒരു അഴിമതിയെയും പ്രോത്സാഹിപ്പിക്കില്ല. അഴിമതി അവസാനിപ്പിക്കാനാണ് അധികാരത്തിൽ വന്നത്. അത്തരം പ്രശ്നങ്ങളെല്ലാം അവിടെത്തന്നെ പരിഹരിക്കപ്പെടും. കേരളത്തിലെ അടിസ്ഥാന വിഭാഗം തൊഴിലാളികളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രി ഇങ്ങനെയൊരു ബിൽ കൊണ്ടുവന്നതിനെയും അവരുടെ പ്രശ്നങ്ങളിൽ ഇടപെട്ട് അവ പരിഹരിക്കാൻ മുന്നോട്ടുവന്നതിനെയും പ്രത്യേകം അഭിനന്ദിച്ചുകൊണ്ട് ഞാൻ എന്റെ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. പി. പി. ചിത്തരഞ്ജൻ: സർ, 2021-ലെ കേരള കയർ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന 2 (ബി) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. കയർത്തൊഴിലാളികളുടെ ജീവിതവും സമരവും ചരിത്രവുമെല്ലാം എനിക്ക് മുമ്പ് ഇവിടെ സംസാരിച്ച ബഹുമാനപ്പെട്ട അംഗം പ്രതിപാദിക്കുകയുണ്ടായി. കേരള സംസ്ഥാനത്ത് കയർത്തൊഴിലാളി ക്ഷേമനിധിയിൽ ഏതാണ്ട് 1,40,000 കയർ ത്തൊഴിലാളികളുണ്ട്. 12,000-ത്തോളം വരുന്ന കയറ്റുമതിക്കാർ, ചെറുകിടക്കാർ അടക്കമുള്ള ഉടമകളുമുണ്ട്. ഈ വ്യവസായ മേഖലയിൽ ഏറ്റവും ഫലപ്രദമായ നിലയിൽ മുൻ സർക്കാരും ഇപ്പോൾ പ്രസ്തുത വകുപ്പ് കൈകാര്യം ചെയ്യുന്ന ശ്രീ. പി. രാജീവും വളരെ കൃത്യതയോടുകൂടി ഇടപെടുന്നുവെന്നത് ഏറെ ആശ്വാസകരവും സന്തോഷകരവുമായ അനുഭവമാണെന്നാണ് കയറിന്റെ നാടായ ആലപ്പുഴയിൽ നിന്ന് ഈ സഭയിലെത്തിയ എനിക്ക് ആമുഖമായി പറയാനുള്ളത്. കണ്ണീരിന്റെയും കഷ്ടപ്പാടിന്റെയും നാളുകളെയാകെ വിസ്മൃതിയിലേയ്ക്ക് തള്ളി കയർ വ്യവസായം പുരോഗതിയുടെ പടവുകൾ താണ്ടാൻ തുടങ്ങിയത് എന്നാണെന്ന് കരുനാഗപ്പള്ളിയിലെ ബഹുമാനപ്പെട്ട അംഗമൊന്ന് പഠിക്കണം. എന്തെങ്കിലും ആരെങ്കിലും എഴുതിക്കൊടുത്താൽ അത് വായിക്കുക മാത്രമാണ് ചുമതലയെന്ന് ധരിക്കരുത്.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, പോയിന്റ് ഓഫ് ഓർഡർ.

മി. ചെയർമാൻ: എന്താണ്, പറയൂ.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, ബഹുമാനപ്പെട്ട ആലപ്പുഴ അംഗം, കരുനാഗപ്പള്ളി എം.എൽ.എ. പ്രസംഗിച്ചപ്പോൾ ആരെങ്കിലും എഴുതിക്കൊടുത്ത് വായിക്കുന്നതിനെക്കുറിച്ച് പറഞ്ഞു. അപ്പുറത്തിരിക്കുന്ന എല്ലാവരും എഴുതി വായിക്കുക മാത്രമാണ് ചെയ്യുന്നത്. പാർട്ടി ഓഫീസിൽനിന്നും കൊടുക്കുന്ന നോട്ട് കൊണ്ടുവന്ന് വായിക്കുന്ന ജോലി മാത്രമാണ് അപ്പുറത്തുള്ളവർ ചെയ്യുന്നത്. എന്നിട്ടും ഇങ്ങനെ പറയുന്നത് ശരിയാണോ?

ശ്രീ. പി. പി. ചിത്തരഞ്ജൻ: സർ, സഭയിലെ മുതിർന്ന അംഗമായ അദ്ദേഹം ഏത് പോയിന്റാണ് ഉന്നയിച്ചത്; എനിക്ക് അതൊന്ന് പറഞ്ഞുതന്നാൽ നന്നായിരുന്നു.

യു.ഡി.എഫ്.-ന്റെ കാലത്ത് ജീവനൊടുക്കിയ ആറ് കയർ തൊഴിലാളികളുടെ ഫോട്ടോയാണ് 'മലയാള മനോരമ' പത്രം പ്രസിദ്ധീകരിച്ചത്. അത് ഞാൻ ഈ സഭയിൽ കാണിക്കുകയാണ്. ('മലയാള മനോരമ' പത്രത്തിലെ പ്രസ്തുത ചിത്രം ഉയർത്തിക്കാണിച്ചു). ഇത് എന്റെ ജില്ലയിലാണ്. നിങ്ങളുടെ ഗവൺമെന്റിന്റെ കാലഘട്ടത്തിൽ തൊഴിലില്ലാതെ പട്ടിണിമൂലം മരണപ്പെട്ട ആറ് ഹതഭാഗ്യവാൻമാരുടെ ചിത്രമാണിത്. ആ ചരിത്രമെല്ലാം മനസ്സിലാക്കിയിട്ടുവേണം കയർ മേഖലയുമായി ബന്ധപ്പെട്ടൊരു വിഷയത്തിൽ ഇടപെടേണ്ടതെന്നാണ് ഞാൻ സൂചിപ്പിക്കാൻ ആഗ്രഹിച്ചത്.

യു.ഡി.എഫ്.-ന്റെ കാലത്ത് അഞ്ച് വർഷക്കാലം ഈ ക്ഷേമനിധിക്കുവേണ്ടി തൊഴിലാളിക്ക് ആകെ കൊടുത്ത തുക എത്രയാണ്; മാച്ചിംഗ് ഗ്രാന്റിനത്തിൽ 6.58 കോടി രൂപ, പെൻഷൻ ഗ്രാന്റിനത്തിൽ 163.22 കോടി രൂപ, അതായത് ആകെ 169.80 കോടി രൂപ. കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് പെൻഷൻ ഗ്രാന്റായി മാത്രം 520.91 കോടി രൂപയും മാച്ചിംഗ് ഗ്രാന്റ് ഇനത്തിൽ 13.48 കോടി രൂപയുമാണ് കൊടുത്തത്. എന്നുമാത്രമല്ല, ആദ്യമായി കയർ ക്ഷേമനിധിയിൽ അംഗങ്ങളായ തൊഴിലാളികൾക്ക് വിരമിക്കൽ ആനുകൂല്യം നടപ്പിലാക്കി. 34.35 കോടി രൂപ അതിനുവേണ്ടി കൊടുത്തു. കോവിഡിന്റെ ദുരിത കാലഘട്ടത്തിൽ ആ വിഭാഗത്തിനുവേണ്ടി 13 കോടി രൂപയുടെ സഹായംകൂടി കൊടുത്തുകൊണ്ട് 581.74 കോടി രൂപ കൊടുത്ത ഗവൺമെന്റാണോ അതോ 169 കോടി രൂപ കൊടുത്ത ഗവൺമെന്റാണോ കയർത്തൊഴിലാളിയുടെ താൽപ്പര്യം സംരക്ഷിക്കുന്നതെന്ന് ഈ ഗവൺമെന്റിനെ വിമർശിക്കുന്നവർ സ്വയം മനസ്സി ലാക്കിയാൽ മതി. ബഹുമാനപ്പെട്ട മന്ത്രി ശ്രീ. പി. രാജീവ് ചുമതലയേറ്റതിനുശേഷം ഈ സെപ്റ്റംബർ മാസം വരെ രണ്ടാംഘട്ട കോവിഡ് ആശ്വാസമായി 8.7 കോടി രൂപയും പെൻഷൻ നൽകുന്നതിനായി 73.14 കോടി രൂപയുമടക്കം 81.84 കോടി രൂപ ഈ ക്ഷേമനിധിയുടെ പ്രവർത്തനത്തിനുവേണ്ടി കൊടുത്തുകഴിഞ്ഞിരിക്കുന്നുയെന്നത് ഞാൻ വളരെ അഭിമാനത്തോടെയും സന്തോഷത്തോടെയും ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുകയാണ്. പരമ്പരാഗത വ്യവസായമായ കയറിനെ പുനരുജ്ജീവിപ്പിക്കു ന്നതിനും പരമ്പരാഗത തൊഴിലാളികളുടെ ഉന്നമനത്തിനുംവേണ്ടി നടപ്പിലാക്കുന്ന കയർ പുന:സംഘടന ഇല്ലായിരുന്നുവെങ്കിൽ എന്തായിരുന്നു ഈ വ്യവസായത്തിന്റെ അവസ്ഥ; ഈ പരമ്പരാഗത വ്യവസായം ഇന്ന് കാണുമായിരുന്നോ? ഇടതുപക്ഷ

ഗവൺമെന്റ് വന്നതുകൊണ്ടല്ലേ അത് നടന്നത്. കയർ പുനഃസംഘടനയുടെ ഭാഗമായിട്ടാണ് തൊണ്ട് സംഭരണത്തെ ശക്തിപ്പെടുത്താനുള്ള നടപടി സ്വീകരിച്ചത്. പൂർണ്ണമായ യന്ത്രവൽക്കരണം നടപ്പിലാക്കിക്കൊണ്ടും പരമാവധി ചകിരി ഉൽപ്പാദിപ്പിച്ചുകൊണ്ടും കയർ മേഖലയെ ശക്തിപ്പെടുത്തുന്നതിനുവേണ്ടി ആ ഗവൺമെന്റ് നടത്തിയ ഇടപെടലിന്റെ ഫലമായിട്ടാണ് സ്വയംപര്യാപ്തത എന്ന ലക്ഷ്യത്തിലേയ്ക്കെത്താൻ കഴിഞ്ഞിട്ടുള്ളത്. പരമ്പരാഗത തൊഴിലാളികളുടെ തൊഴിൽ, കൂലി എന്നിവ സംരക്ഷിച്ചുകൊണ്ടുതന്നെ സമ്പൂർണ്ണ യന്ത്രവൽക്കരണം നടപ്പിലാക്കുന്നതിനുവേണ്ടി കയർ ജിയോ ടെക്സ്റ്റൈൽസിന്റെ ഉപയോഗം വർദ്ധിപ്പിക്കാനും ഉൽപ്പാദന രംഗത്ത് വൈവിദ്ധ്യമാർന്ന നൂതന മാർഗ്ഗങ്ങളും സംവിധാനങ്ങളും ഏർപ്പെടുത്താനും നടത്തിയിട്ടുള്ള പ്രവർത്തനങ്ങളെല്ലാം ഈ വ്യവസായത്തിന്റെ നിലനിൽപ്പിന് പ്രധാന പങ്ക് വഹിച്ചിട്ടുള്ളതാണ്. ഇവിടെ എന്താണ് പ്രശ്നം? ഈ ക്ഷേമനിധിയിൽ അംഗങ്ങളായ തൊഴിലാളികളുടെ പെൻഷൻ പൂർണ്ണമായും കൊടുക്കുന്നത് ഗവൺമെന്റാണ്. ഗവൺമെന്റ് പെൻഷൻ കൊടുക്കുമ്പോൾ തന്നെ ഈ ക്ഷേമനിധിയിൽ ഒരു പ്രശ്നം വന്നിരുന്നു എന്നുള്ളത് മനസ്സിലാക്കണം. കയറ്റുമതിക്കാർ കൊടുത്തുകൊണ്ടിരുന്ന സെസ്സ് സംബന്ധിച്ച് ഏത് ഗവൺമെന്റിന്റെ കാലഘട്ടത്തിലാണ് അവർ കോടതിയിൽ പോയി സ്റ്റേ വാങ്ങിയതെന്ന് നിങ്ങൾ പരിശോധിച്ചാൽ മതി. ആ സെസ്സില്ലാതെ വന്നതോടുകൂടി കയർത്തൊഴിലാളി ക്ഷേമനിധിയുടെ വരുമാനം നിലച്ചു. കയറ്റുമതിക്കാർ അടയ്ക്കേണ്ട വിഹിതം കോടതി സ്റ്റേ ചെയ്തുകഴിഞ്ഞപ്പോൾ വരുമാനത്തിന്റെ ഗണ്യമായ ഭാഗം നഷ്ടപ്പെട്ടു. തൊഴിലാളി അടയ്ക്കുന്ന നാമമാത്രമായ തുക കൊണ്ടുമാത്രം ഒന്നും ചെയ്യാൻ കഴിയില്ല, മറ്റ് ക്ഷേമനിധികൾക്ക് കൊടുക്കുന്നതിനേക്കാൾ കൂടുതൽ ധനസഹായം നൽകി കയർത്തൊഴിലാളി ക്ഷേമനിധിയെ സഹായിക്കാനും അതിനുവേണ്ട പ്രവർത്തനങ്ങൾ നടത്താനും ഈ ഗവൺമെന്റ് തയ്യാറായിട്ടുണ്ടെന്ന് കാണാൻ കഴിയില്ലേ? ഇപ്പോൾ ഈ ക്ഷേമനിധി ബോർഡിന്റെ ശരാശരി വാർഷിക വരുമാനം, മാച്ചിംഗ് ഗ്രാന്റ് ഉൾപ്പെടെ നിലവിൽ മൂന്നരക്കോടി രൂപയാണ്. ഈ നിയമ ഭേദഗതിയിലൂടെ തൊഴിലാളികളുടെ അംശദായം വർദ്ധിപ്പിക്കുന്ന മുറയ്ക്ക് വരുമാനം അഞ്ച് കോടി രൂപയിലേയ്ക്ക് എത്തിച്ചുകൊണ്ട്, ഈ ക്ഷേമനിധിയെ നിലനിർത്തിക്കൊണ്ട് മുന്നോട്ടുപോകാൻ വേണ്ടിയുള്ള ഏറ്റവും സൃഷ്ടിപരമായ നിർദ്ദേശമാണ് ഈ ബില്ലിലൂടെ വന്നിട്ടുള്ളതെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. വിരമിക്കൽ ആനുകൂല്യം വേറെ എവിടെയുണ്ട്? പെൻഷൻ ഇത്രയും ആളുകൾക്ക് കൊടുക്കുകയാണ്, എന്നുമാത്രമല്ല സർക്കാർ വിഹിതമായ മാച്ചിംഗ് ഗ്രാന്റ് പ്രതിവർഷം തൊഴിലാളികളുടെ വിഹിതത്തിൽ ബോർഡിന് ലഭിക്കുന്ന തുകയുടെ 50 ശതമാനമാണ്, അത് ഭേദഗതി ചെയ്തിട്ടുണ്ടെങ്കിലും, മുൻ വർഷങ്ങളിലെല്ലാം ഈ മാച്ചിംഗ് ഗ്രാന്റ്

ഇനത്തിൽ ക്ഷേമനിധി ബോർഡിന് ലഭിച്ചിട്ടുള്ള തുകയിൽ യാതൊരു കുറവും വരുന്നതല്ലെന്ന് പരിശോധിച്ച് നോക്കിയാൽ മനസ്സിലാക്കാൻ കഴിയുന്നതാണ്. ആ നിലയിലേയ്ക്ക് തൊഴിലാളികളുടെ വിഹിതം പ്രതിവർഷം 240 രൂപയായി വർദ്ധിപ്പിക്കുമ്പോൾ ആയതിന്റെ 50 ശതമാനമെന്നത് നിലവിൽ ബോർഡിന് ലഭിച്ചുകൊണ്ടിരിക്കുന്ന 120 രൂപ മാത്രമാണ്. അവിടെ ഒരു ദ്രോഹവും പ്രയാസവും ഉണ്ടാക്കാൻ ഈ ഗവൺമെന്റ് തയ്യാറായിട്ടില്ലെന്ന് മാത്രമല്ല, ഈ ക്ഷേമനിധിയെ നിലനിർത്തിക്കൊണ്ട് മുന്നോട്ടുപോകാനും കയർത്തൊഴിലാളികളുടെ താൽപ്പര്യം സംരക്ഷിക്കാനും വേണ്ടിയുള്ള ഫലപ്രദമായ ഇടപെടലാണ് നടത്തിയിട്ടുള്ളതെന്ന് ഈ കണക്കുകൾ ഓരോന്നും പരിശോധിച്ചാൽ മനസ്സിലാക്കാൻ കഴിയുന്നതാണ്. ഈ ചർച്ചയുമായി ബന്ധപ്പെട്ട് മറ്റു ചില കാര്യങ്ങൾ ഉയർന്നുവന്നു, അത് പരാമർശിക്കാതെ പോകാൻ കഴിയില്ല. ചെയറിനെ ഞാൻ ബഹുമാനിക്കുന്നു, അൽപ്പസമയംകൂടി എനിക്ക് നൽകണം. അങ്ങ് 10-ഉം 20-ഉം മിനിറ്റ് പലർക്കും അധികമായി കൊടുത്തു. ഞാൻ അത്രയൊന്നും ചോദിക്കുന്നില്ല.

കയർഫെഡ്, കയർ കോർപ്പറേഷൻ എന്നിവയെ സംബന്ധിച്ച് പറഞ്ഞു, കയർ കോർപ്പറേഷൻ ചെറുകിടക്കാരന്റെ ഉൽപ്പന്നങ്ങൾ വാങ്ങി സംഭരിക്കുന്നതിലൂടെയാണ് ചെറുകിടക്കാർക്ക് തൊഴിൽ ലഭിക്കുന്നത്. കയർഫെഡ് കയർ വാങ്ങി സംഭരിക്കുന്നു, സംഘങ്ങൾ ഉണ്ടാക്കുന്ന കയർ വാങ്ങുന്നു. കയർഫെഡിൽ ഐ.എൻ.ടി.യു.സി.-യുടെ യൂണിയൻ പ്രവർത്തിക്കുന്നുണ്ട്. അവിടെ എല്ലാ യൂണിയനുകളും ചേർന്ന് കരാറുകൾ ഉണ്ടാക്കിയിട്ടുണ്ട്. ആ കരാറുകൾക്ക് വ്യത്യസ്തമായി ഒന്നും ചെയ്യാൻ കഴിയില്ല, കോടതി വിധിയുണ്ട്. അവിടെ എന്താണ് നടന്നത്? സി.പി.ഐ.(എം.)-ന്റെ ജില്ലാ സെക്രട്ടറിയെക്കുറിച്ച് ഇവിടെ പരാമർശിക്കുകയുണ്ടായി, ഈ സഭയിൽ ഇല്ലാത്ത അംഗമാണ്. സംസ്ഥാനത്ത് നടന്ന നിയമനങ്ങളിൽ കോവിഡിന്റെ കാലഘട്ടത്തിൽ ചില പ്രയാസങ്ങൾ വന്നതിനാൽ ഒഴിച്ചുകൂടാനാകാത്ത സാഹചര്യങ്ങളിൽ മൂന്ന് മാസമോ ആറ് മാസമോ ചില തസ്തികകളുടെ കാലാവധി ദീർഘിപ്പിച്ചുനൽകിയിരുന്നു. അങ്ങനെ മൂന്ന് മാസം നീട്ടിക്കൊടുത്ത ഘട്ടത്തിൽ ഒരാൾ സി.പി.ഐ.(എം.) പ്രവർത്തകന്റെ ഭാര്യയായിപ്പോയി എന്നതുകൊണ്ട് ഈ നിയമസഭ പോലെയുള്ള ഒരു വേദിയിൽ ആ നിലയിൽ അവതരിപ്പിക്കുന്നത് ശരിയാണോയെന്ന് ഉന്നതരായ നേതാക്കന്മാർ ആലോചിക്കേണ്ടതാണ്, ഞങ്ങളൊരിക്കലും വിഴുപ്പലക്കാൻ ആഗ്രഹിക്കുന്നില്ല.

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, ഇക്കാര്യം ചെറുതായി കാണരുത്, ആലപ്പുഴയിലെ ഏറ്റവും വലിയൊരു പ്രശ്നമായി വളർന്നുവരികയാണ്. സി.പി.ഐ., എ.ഐ.ടി.യു.സി., ഐ.എൻ.ടി.യു.സി. അടക്കമുള്ള സംഘടനകൾ സമരരംഗത്താണ്. നാസറിന്റെ ഭാര്യയ്ക്ക് ജോലി കിട്ടുന്നതല്ലല്ലോ ഇവിടെ വിഷയം. വിരമിച്ച ആളുകളെ വീണ്ടും

നിയമിക്കുന്നത് ഏത് പൊതുമേഖലാ സ്ഥാപനത്തിൽ നടക്കുന്ന കാര്യമാണ്? ബഹുമാനപ്പെട്ട മന്ത്രിക്ക് അതിനെ ന്യായീകരിക്കാൻ കഴിയുമോ; അങ്ങ് മത്സ്യഫെഡ് ചെയർമാനായിരുന്നു, ഇങ്ങനെ അങ്ങ് മത്സ്യഫെഡിൽ ചെയ്തിരുന്നോ? ബഹുമാനപ്പെട്ട മന്ത്രി പരിശോധിക്കണം, അദ്ദേഹം പുതിയ മന്ത്രിയാണ്. കയർ കോർപ്പറേഷനൊഴികെ, കയർഫെഡ് ഉൾപ്പെടെയുള്ള എല്ലാ സ്ഥാപനങ്ങളിലും അനധികൃത നിയമനം നടക്കുന്നുണ്ട്. ആ നിയമനങ്ങളെ അങ്ങ് ന്യായീകരിക്കരുത്. അനധികൃതമായി നടക്കുന്ന ഈ നിയമനങ്ങൾക്കെതിരെ സി.പി.ഐ.-യും ഐ.എൻ.ടി.യു.സി.-യും സമരരംഗത്താണ്, അങ്ങയെപ്പോലെയുള്ള ഒരാൾ ഇതിനെ ന്യായീകരിക്കുന്നത് ശരിയല്ല, അതിനെ എതിർക്കുകയാണ് വേണ്ടത്.

<u>ശ്രീ. പി. പി. ചിത്തരഞ്ജൻ:</u> ബഹുമാനപ്പെട്ട മുൻ പ്രതിപക്ഷനേതാവ് ധരിച്ചതുപോലെയുള്ള ഒരു കാര്യവും നടന്നിട്ടില്ലായെന്നുള്ളതാണ് വസ്തുത. കാരണം, അവിടെയൊന്നും വ്യാപകമായ ഒരു പിൻവാതിൽ നിയമനവും നടന്നിട്ടില്ല. അവിടെ മൂന്ന് മാസക്കാലത്തേയ്ക്ക് ചില ജീവനക്കാർക്ക് അടിയന്തര സ്വഭാവത്തിലുള്ള കാര്യങ്ങൾ ചെയ്യുന്നതിനുവേണ്ടി കാലാവധി ദീർഘിപ്പിച്ചുനൽകിയിരുന്നു, വിമർശനം വന്നപ്പോൾ തന്നെ അത് റദ്ദ് ചെയ്യുകയും ചെയ്തിട്ടുണ്ട്. ഒരു മാസക്കാലം മാത്രമാണ് അവർ അവിടെ ജോലി ചെയ്തത്. ആ വിമർശനത്തെ അംഗീകരിച്ചു കൊണ്ടുതന്നെ ഒഴിവാക്കി കൊടുത്തിട്ടുണ്ട്. മൺമറഞ്ഞുപോയ ഒരു നേതാവിനെയും ഞാൻ പരാമർശിക്കുന്നില്ല. കയർഫെഡിൽ ആളുകളെ നിയമിച്ചിട്ടുള്ളത് ഏത് ഇന്റർവ്യൂവിന്റെയും മാനദണ്ഡത്തിന്റെയും അടിസ്ഥാനത്തിലാണെന്നുള്ളത് നിങ്ങൾ പരിശോധിക്കണം. ഞങ്ങൾ ഇതിനെ ന്യായീകരിക്കുന്നില്ല, അതുകൊണ്ടാണ് അത് റദ്ദുചെയ്യാൻ തയ്യാറായത്. കയർത്തൊഴിലാളികളെ ബാധിക്കുന്ന വിഷയവുമായി ബന്ധപ്പെട്ട ഗൗരവമായ ചർച്ചയിൽ ഇത് ഉയർന്നുവരുമ്പോൾ, കയർഫെഡിന്റെ പഴയ അവസ്ഥയെന്തായിരുന്നുവെന്നും അതിനെ ഇന്ന് കാണുന്ന നിലയിലേയ്ക്ക് ഉയർത്തിയെടുത്ത് ഈ നാട്ടിലെ ലക്ഷക്കണക്കിന് കയർത്തൊഴിലാളികളുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കാൻ കഴിയുന്ന നിലയിലേയ്ക്ക് മാറ്റിയതിൽ വലിയ പങ്കാണ് കഴിഞ്ഞ അഞ്ച് വർഷക്കാലം കയർഫെഡിന്റെ ഭരണസമിതി നിർവ്വഹി ച്ചിട്ടുള്ളതെന്നും വിസ്മരിക്കരുത്. അതിനെ ഇത്തരത്തിൽ വ്യാഖ്യാനിക്കരുതെന്ന് മാത്രമാണ് എനിക്ക് പറയാനുള്ളത്. രാഷ്ട്രീയമായി ചർച്ച തുടങ്ങി വച്ച മുസ്ലീം ലീഗിന്റെ ബഹുമാനപ്പെട്ട നേതാവ്, ഞങ്ങളെ മതേതരത്വത്തെക്കുറിച്ചും സാമൂഹിക മാറ്റത്തെക്കുറിച്ചൊന്നും പഠിപ്പിക്കാൻ നോക്കേണ്ട. അവർ എവിടെയാണ് എത്തിനിൽക്കുന്നത്? ഈ പുതിയ നൂറ്റാണ്ടിലാണോ, ഈ സഭയിൽ ഒരു പ്രമേയം വന്നപ്പോൾ എന്തൊരു ബഹളമായിരുന്നു? സത്യത്തിൽ മുസ്ലീംലീഗിന്റെ അംഗങ്ങൾ ബഹളം വച്ചാൽ മനസ്സിലാകുമായിരുന്നു. അവരേക്കാൾ വാശിയിൽ കോൺഗ്രസ്സിന്റെ

അംഗങ്ങൾ ആ പ്രശ്നം ഏറ്റെടുത്തു. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവേ, ഞങ്ങൾക്ക് കോൺഗ്രസ്സിനെക്കുറിച്ച് ഒരു വലിയ ചിന്തയുണ്ടായിരുന്നു, ധാരണയുണ്ടായിരുന്നു. ലീഗ് വനിതാ വിദ്യാർത്ഥിനി കൂട്ടായ്മയായ ഹരിതയുടെ നേതാക്കൾ വനിതാ കമ്മീഷനിൽ പോയി പരാതി കൊടുത്തെങ്കിലും അവരെ മാനസികമായി പീഡിപ്പിച്ച, അശ്ലീലച്ചുവയോടെ സംസാരിച്ചവർക്ക് പ്രൊമോഷൻ കൊടുക്കാൻ നടന്ന ഒരു പ്രസ്ഥാനത്തിനുവേണ്ടി ഇവിടെ എന്തിനാണ് ബഹളമുണ്ടാക്കിയതെന്ന് എത്ര ആലോചിച്ചിട്ടും ഞങ്ങൾക്ക് മനസ്സിലാകുന്നില്ല. ഇതാണോ നിങ്ങളുടെ സ്ത്രീ-പുരുഷ സമത്വം എന്ന് അറിഞ്ഞാൽ നന്നായിരുന്നു.

ശ്രീ. യു. എ. ലത്തീഫ്: സർ, പ്രതികൾക്ക് പ്രൊമോഷൻ കൊടുത്തുവെന്ന് പറഞ്ഞത് തെറ്റാണ്, ആരാണ് പ്രൊമോഷൻ കൊടുത്തത്; സഭയെ തെറ്റിദ്ധരിപ്പിക്കുകയാണോ?

ശ്രീ. പി. പി. ചിത്തരഞ്ജൻ: സർ, നിങ്ങൾ ഇരകളുടെ കൂടെ നിന്നില്ല. ബഹുമാനപ്പെട്ട ശ്രീ. യു. എ. ലത്തീഫ്, ഇക്കാര്യങ്ങൾ പുറത്ത് പറയാതിരിക്കു, മോൺസൺ മാവുങ്കലിന്റെ തട്ടിപ്പിനെക്കുറിച്ച് പറഞ്ഞല്ലോ.

ശ്രീ. മുഹമ്മദ് മുഹസിൻ: സർ, നമ്മുടെ സമൂഹത്തിലെ പകുതിയിലധികം വരുന്ന സ്ത്രീകൾ ഈ കാലഘട്ടത്തിൽ വിദ്യാഭ്യാസവും മറ്റും ലഭ്യമായപ്പോൾ അവരുടെ അവകാശങ്ങൾക്കും അവസരസമത്വത്തിനും ലിംഗനീതിക്കുംവേണ്ടി മുമ്പോട്ടു വരികയും എല്ലാ മേഖലയിലും തിളങ്ങിക്കൊണ്ടിരിക്കുകയുമാണ്. പക്ഷേ, സമൂഹത്തെ പിറകോട്ട് നയിക്കുന്ന രീതിയിൽ ലൈംഗികാതിക്രമം പോലുള്ള ആരോപണങ്ങൾ പറഞ്ഞവർക്കെതിരായി പ്രസ്തുത സംഘടനയുടെ ഉയർന്ന സ്ഥാനത്തിരിക്കുന്ന പെൺകുട്ടികൾ പരാതി കൊടുത്തപ്പോൾ ആ പരാതി അവരുൾപ്പെട്ട പാർട്ടി സ്വീകരിച്ചില്ലെന്നുമാത്രമല്ല, പരാതി കൊടുത്തവരെ വീണ്ടും പീഡിപ്പിക്കുന്ന സമീപനം സ്വീകരിക്കുകയാണ് ചെയ്തത്. അതുമാത്രമല്ല, അവർ ഉൾപ്പെട്ട സംഘടനയുടെ സംസ്ഥാന-ജില്ലാതല കമ്മിറ്റികൾകൂടി പിരിച്ചുവിട്ടുകൊണ്ട് പ്രാകൃത-ഗോത്രീയ സമൂഹത്തിലേയ്ക്കുള്ള തിരിച്ചുപോക്ക് നടത്താനാണ് ആ പാർട്ടി ശ്രമിച്ചത്. അതിനെ അനുകൂലിക്കുന്ന നിലപാടാണ് പ്രതിപക്ഷനേതാവ് ഉൾപ്പെട്ട പ്രതിപക്ഷനിര കഴിഞ്ഞ ദിവസം സ്വീകരിച്ചതെന്ന കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

മി. ചെയർമാൻ: ബഹുമാനപ്പെട്ട അംഗം, അവസാനിപ്പിക്കു.

ശ്രീ. പി. പി. ചിത്തരഞ്ജൻ: സർ, ഒരു കാര്യം ആ സംഭവത്തിലൂടെ ബോദ്ധ്യപ്പെട്ടിരിക്കുകയാണ്. ഈ ആധുനിക കാലത്ത് പ്രവർത്തിക്കാൻ കഴിയാത്ത ഒരു സംഘടനയാണ് അങ്ങയുടെ പാർട്ടിയെന്നത് ഈ കാലഘട്ടം തെളിയിച്ചിരി

ക്കുന്നുവെന്ന് ബഹുമാനപ്പെട്ട അംഗം പറഞ്ഞതിനോട് ഞാൻ യോജിക്കുകയാണ്. മോൺസൺ മാവുങ്കലിന്റെ തട്ടിപ്പുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പഴയ ഡി.ജി.പി.-യെ സംരക്ഷിക്കാൻ ശ്രമിക്കുന്നുവെന്ന കഥയൊക്കെ എന്തിനാണ് കയർ മേഖലയെ സംബന്ധിച്ച ചർച്ചയ്ക്കിടയ്ക്ക് കയറ്റിയതെന്ന് എനിക്കറിയില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രി മറുപടി പറഞ്ഞിട്ടുണ്ടല്ലോ, അന്വേഷണം നടക്കട്ടെ, ഉപ്പുതിന്നവൻ ആരായാലും വെള്ളം കുടിക്കും. സഭയിൽ പ്രധാനപ്പെട്ട ഒരു നിയമത്തെ സംബന്ധിച്ച ബില്ലിനെക്കുറിച്ചുള്ള ചർച്ചയിൽ ഇത് കൊണ്ടുവന്നത് എന്തിനാണെന്ന് എനിക്ക് എത്ര ആലോചിച്ചിട്ടും മനസ്സിലാകുന്നില്ല. ഒരുകാര്യംകൂടി വ്യക്തമായി പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് കേരളത്തിലെ കയർത്തൊഴിലാളികളടക്കമുള്ള ഏതാണ്ട് 50 ലക്ഷത്തോളം വരുന്ന പരമ്പരാഗത തൊഴിലാളികൾക്ക് ജീവിക്കാൻ കഴിയുന്ന അവസ്ഥ സൃഷ്ടിച്ചിട്ടുണ്ട്. ലോകമാകെ പ്രതിസന്ധി നേരിടുന്ന ഈ കാലഘട്ടത്തിൽ വ്യവസായങ്ങളെ മുഴുവൻ സംരക്ഷിച്ചുനിർത്തിക്കൊണ്ട് ഒരു നവകേരളം എന്ന ലക്ഷ്യത്തിലേയ്ക്ക് നയിക്കുന്നതിനുതകുന്ന നിലയിലേയ്ക്കുള്ള പ്രവർത്തനങ്ങൾ ഏറ്റെടുത്തുകൊണ്ട് ഈ ഗവൺമെന്റ് മുമ്പോട്ടുപോകുകയാണ്. അതിന്റെ ഭാഗമായി കയർ വ്യവസായത്തെ സംരക്ഷിക്കാനും അതിൽ പണിയെടുക്കുന്ന ലക്ഷക്കണക്കിന് തൊഴിലാളികളുടെ താത്പര്യങ്ങൾ സംരക്ഷിക്കാനും ഫലപ്രദമായ ഇടപെടലാണ് നടത്തിക്കൊണ്ടിരിക്കുന്നത്. അതുകൊണ്ടുതന്നെ ഈ ബിൽ സെലക്ട് കമ്മിറ്റിക്ക് വിടണമെന്നുള്ള അഭിപ്രായത്തോട് ഞാൻ യോജിക്കുന്നു.

[അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. എം. രാജഗോപാലൻ]

ശ്രീ. എൻ. എ. നെല്ലിക്കുന്ന് ചുമതലപ്പെടുത്തിയതു പ്രകാരം <u>ശ്രീ. എ. കെ. എം. അഷ്റഫ്:</u> സർ, I move that-

" This House resolves to disapprove The Kerala Micro, Small and Medium Enterprises Facilitation (Amendment) Ordinance, 2021 (Ordinance No. 136 of 2021). "

2019-ലെ കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ ആക്ടിൽ ഭേദഗതി വരുത്തുന്നതിനാണ് ഈ ബിൽ കൊണ്ടുവന്നിരിക്കുന്നത്. ഈ ഭേദഗതിയിൽ പറയുന്നത് 'പ്രസ്തുത വ്യവസായ സ്ഥാപനങ്ങളെ ഒഴിവാക്കുന്നതിനും' എന്ന വാക്കുകൾക്കുശേഷം 'ഇതര വ്യവസായ സ്ഥാപനങ്ങൾക്ക് സമയബന്ധിതമായി അംഗീകാരം നൽകുന്നതിനും' എന്നാണ്. 2019-ൽ കൊണ്ടു

വന്ന ഈ ആക്ടിലെ വ്യവസ്ഥ പ്രകാരമാണ് സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങൾക്ക് അനുമതി നേടുന്നതിന് മൂന്ന് വർഷക്കാലത്തേയ്ക്കുള്ള ഇളവ് അനുവദിച്ചത്. പ്രസ്തുത ഇളവ് അംഗീകാരമായി മാറുന്നില്ല എന്നുള്ളതാണ് ഇതിലെ ഒരു പ്രശ്നം. എന്നാൽ വൻകിടക്കാർക്ക് ഇവിടെ അംഗീകാരം നൽകുന്നുണ്ട്, അതിനുമാത്രമായി ഭേദഗതി വരുത്തിയിട്ടുമുണ്ട്. ഭേദഗതി വരുത്തേണ്ടത് സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ ആരംഭിക്കുന്നതിനുള്ള ഇളവുകളിലല്ല. മറിച്ച് അവർക്ക് അംഗീകാരം കൊടുത്തശേഷമായിരിക്കണം ഇതര വ്യവസായ സ്ഥാപനങ്ങൾക്ക് അംഗീകാരം കൊടുക്കാനുള്ള നടപടി സ്വീകരിക്കേണ്ടത്. സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ ആരംഭിക്കുന്നതിന് മൂന്ന് വർഷത്തേയ്ക്കുള്ള ഇളവിനുപകരം അവർക്ക് ഇതുസംബന്ധിച്ച ലൈസൻസുതന്നെ കൊടുക്കണം. ഈ ബില്ലുമായി ബന്ധപ്പെട്ട് സംസാരിക്കുമ്പോൾ കേരളത്തിന്റെ വടക്കേയറ്റത്തുള്ള കാസർഗോഡ് ജില്ലയിലെ വ്യവസായ മേഖലയിലെ ദാരിദ്ര്യത്തെക്കുറിച്ച് പറയാതിരിക്കാൻ കഴിയില്ല. കാസർഗോഡെന്ന് കേൾക്കുമ്പോൾത്തന്നെ ചില കാര്യങ്ങൾ നമുക്കറിയാം, ഈ നിയമസഭ സമ്മേളനം തുടങ്ങുന്നതിനുമുമ്പ് പാലക്കാട്ടുള്ള ഒരു സ്കൂളിലെ അദ്ധ്യാപകനെ മൊഗ്രാൽപുത്തൂർ സ്കൂളിലേയ്ക്ക് സ്ഥലംമാറ്റം നൽകിയത് പണിഷ്മെന്റ് ട്രാൻസ്ഫർ എന്ന നിലയ്ക്കാണ്. എല്ലാ മേഖലകളിലും പിന്നോക്കാവസ്ഥ ഇപ്പോഴും തുടരുകയാണ്. വ്യവസായത്തിന് ഏറ്റവും സാദ്ധ്യതയുള്ള മംഗലാപുരത്തിന് തൊട്ടടുത്തുള്ള ഒരു ജില്ലയിലെ ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ തസ്തികയിലേയ്ക്ക് കഴിഞ്ഞ പത്തുവർഷത്തിനിടെ മാറിമാറി വന്നത് മുപ്പത് പേരാണ്. ഇപ്പോഴും ആ ജില്ലയ്ക്കുള്ളത് ജനറൽ മാനേജർ ഇൻ-ചാർജ്ജാണ്. കഴിഞ്ഞ അഞ്ചു വർഷം ഞാൻ മഞ്ചേശ്വരം ബ്ലോക്ക് പഞ്ചായത്തിന്റെ പ്രസിഡന്റായിരുന്നു. ബ്ലോക്ക് പഞ്ചായത്ത് ഓഫീസുകളിൽ ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ എന്നൊരു തസ്തികയുണ്ട്. ഗ്രാമീണ മേഖലയിൽ വ്യവസായം സ്വപ്നം കാണുന്നയാളുകളെ സഹായിക്കേണ്ട തസ്തികയാണ്. ഒരാഴ്ചയിൽ തിങ്കളാഴ്ചയും ബുധനാഴ്ചയും രണ്ടുദിവസം മാത്രം ഉച്ചവരെ ആ ഓഫീസർ കസേരയിൽ കാണും. ഞാൻ ബ്ലോക്ക് പ്രസിഡന്റായിരുന്ന സമയത്ത് പലവട്ടം തിരുവനന്തപുരത്തേയ്ക്ക് വന്നത് പ്രസ്തുത തസ്തികയിൽ സ്ഥിരമായി ഒരാളെ നിയമിക്കണമെന്ന ആവശ്യവുമായിട്ടാണ്. കഴിഞ്ഞ ഒരു വർഷത്തിലധികമായി മഞ്ചേശ്വരം ബ്ലോക്ക് പഞ്ചായത്തിലെ ആ കസേര ഒഴിഞ്ഞുകിടക്കുകയാണ്. ജില്ലയുടെ അവസ്ഥ അതിനേക്കാൾ ഭീകരമാണ്. ഏഴ് ബ്ലോക്ക് പഞ്ചായത്തുകളിലായി 6 പേരെയാണ് കഴിഞ്ഞയാഴ്ച സ്ഥലംമാറ്റം നടത്തിയത്. ഈ നിയമത്തെക്കുറിച്ച് നാം ചർച്ച ചെയ്യുമ്പോഴും എന്റെ ജില്ലയിലെ 6 ബ്ലോക്കുകളിൽ ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർമാരുടെ കസേരകൾ ഒഴിഞ്ഞുകിടക്കുന്നുണ്ട്. സാധാരണക്കാരായ ആളുകൾക്ക് കൊവിഡ് കാലത്തെ പ്രതിസന്ധികളിൽ അവരുടെ കഷ്ടവും നഷ്ടവും

പറയാനും അവരുടെ സംശയങ്ങൾ ദൂരീകരിക്കാനും ആരുമില്ലാത്ത ഭീകരാവസ്ഥ ഇപ്പോഴും തുടരുകയാണ്. വ്യവസായത്തിന് നല്ല സാദ്ധ്യതകളുള്ള ജില്ല എന്നു മാത്രമല്ല, എന്റെ മണ്ഡലത്തിലെ അനന്തപുരം വ്യവസായ പാർക്ക് 1997-98 കാലഘട്ടത്തിൽ ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി വ്യവസായ വകുപ്പുമന്ത്രിയായിരുന്നപ്പോൾ കാസർഗോഡ് ജില്ലയ്ക്ക് സമർപ്പിച്ച പദ്ധതിയാണ്. അതിന് ശക്തി പകരാൻ വ്യവസായ വകുപ്പുമന്ത്രിയായിരുന്ന സഖാവ് സുശീലാഗോപാലന്റെ ഇടപെടലും സ്മരിക്കുന്നുണ്ട്. അവിടെ ഇപ്പോഴും വലിയ പ്രയാസങ്ങളും ദുരിതങ്ങളുമാണ്. ഈ ആക്ടുമായി ബന്ധപ്പെട്ട് സംസാരിക്കുകയാണെങ്കിൽ മംഗലാപുരം വിമാനത്താവളം തൊട്ടടുത്താണ്. ഒരുപക്ഷേ ദക്ഷിണേന്ത്യയിലെ ഏറ്റവും വലിയ തുറമുഖമായ മംഗലാപുരം തുറമുഖവും തൊട്ടടുത്താണ്. കയറ്റുമതിക്കും ഇറക്കുമതിക്കും വലിയ സാദ്ധ്യതയുള്ള സ്ഥലങ്ങൾക്ക് 20 കി.മീ. ഇപ്പുറത്താണ് അനന്തപുരം വ്യവസായ പാർക്ക് സ്ഥിതി ചെയ്യുന്നത്. ഈ മേഖലയുമായി അടുപ്പവും ബന്ധവുമുള്ള വ്യക്തിയെന്ന നിലയ്ക്കും പഠിക്കാൻ ശ്രമിക്കുന്ന ആളെന്ന നിലയ്ക്കും ചെന്നൈയിലേയ്ക്കും എം.എൽ.എ. ആയതിനുശേഷം മുംബൈയിലെ നാസിക്കിലേയ്ക്കും വ്യവസായ എസ്റ്റേറ്റ് കാണാൻ പോയിരുന്നു. ആ സമയത്ത് തമിഴ്നാട്ടിലും കർണ്ണാടകയിലും മഹാരാഷ്ട്രയിലും കാണുന്ന ഒരു വ്യത്യാസം, അവിടെയുള്ള ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകൾ വളരെ മനോഹരമായ കവാടത്തോടെ സാധാരണ പാർക്കുകളിലേയ്ക്ക് പോകുന്ന പ്രതീതിയോടുകൂടി വളരെ സൗന്ദര്യവത്കരണത്തോടെയുള്ളതായിരുന്നു. എന്റെ മണ്ഡലത്തിലെ അനന്തപുരം വ്യവസായ പാർക്കിൽ ധാരാളം വ്യവസായ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്. അവിടെ നല്ല റോഡില്ലെന്നുമാത്രമല്ല, എങ്ങനെ റോഡ് നിർമ്മിക്കണമെന്ന കാര്യത്തിലും ഞങ്ങൾ ഇരുട്ടിൽത്തപ്പുകയാണ്. അത് കാണുമ്പോൾത്തന്നെ ഒരു ഫോറസ്റ്റ് ഓഫീസിന്റെ പ്രതീതിയാണുള്ളത്; ആകെ കാടുമൂടി കിടക്കുന്ന അവസ്ഥയിലാണ്. മറ്റുള്ള സ്ഥലങ്ങളിൽ എങ്ങനെയാണെന്ന് കാണാത്തതുകൊണ്ട് അഭിപ്രായം പറയാൻ കഴിയില്ല. ഇക്കാര്യങ്ങളിലെല്ലാം നല്ല രീതിയിലുള്ള മാറ്റം വരുത്തേണ്ടതുണ്ട്.

പ്രവാസികൾ ഏറ്റവും കൂടുതൽ തിങ്ങിപാർക്കുന്ന ഒരു സംസ്ഥാനമെന്ന നിലയ്ക്ക്, പ്രവാസലോകത്തുനിന്ന് കണ്ണീരിന്റെയും ജോലി നഷ്ടത്തിന്റെയും കഥകൾ വരുന്ന സമയത്ത് അവരെ സംരക്ഷിക്കാനുള്ള പദ്ധതികൾ കേരളത്തിന്റെ ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രി ആലോചിക്കുന്ന ഘട്ടത്തിൽ, അവർക്ക് കൃത്യമായൊരു ഇടം നല്കുന്ന, അവരെ പരിഗണിക്കുന്നൊരു വിഷയം ഈ ആക്ടിൽ ഇല്ലെന്നത് വലിയ രീതിയിൽ ചർച്ച ചെയ്യേണ്ടൊരു വിഷയമാണ്. കൊല്ലം, എറണാകുളം പോലെ വ്യവസായ രംഗത്ത് മികച്ച മുന്നേറ്റം നടത്തിയ ജില്ലകൾ നമുക്ക് കാണാൻ കഴിയും. കാസർഗോഡ് ജില്ലയിലെ ധാരാളം ആളുകൾ വ്യവസായ

രംഗത്ത് നിക്ഷേപം നടത്താൻ തയ്യാറാണ്. കാസർഗോഡ് പ്രവാസികളുടെ ജില്ലയാണെന്ന് ഈ സഭയിലുള്ള പലർക്കുമറിയാം. കേരളത്തിന്റെ അതിർത്തി യിലുള്ള മഞ്ചേശ്വരം മണ്ഡലത്തിൽ അന്യസംസ്ഥാന തൊഴിലാളികളിൽ ഭൂരിഭാഗം പേരും ഒറീസക്കാരാണ്. ഒറീസക്കാർ എങ്ങനെ വന്നു? 1990-2000 വരെ എന്റെ മണ്ഡലത്തിൽ പെരുമ്പാവൂരിന് തുല്യമായി ഉണ്ടായിരുന്നത് Mohammed Arabi Kumbla (MAK) brand എന്ന പ്ലൈവുഡിന്റെ 25 ഫാക്ടറികളാണ്. ടൗണിൽ രണ്ടായിരത്തോളം തൊഴിലാളികളുണ്ടായിരുന്നു. ഇന്ന് എന്റെ മണ്ഡലത്തിലെ ആ ഫാക്ടറികളിൽ 95 ശതമാനവും അടഞ്ഞു കിടക്കുകയാണ്. അതൊരു സ്മാരകമായി നിലനില്ക്കുന്നുണ്ട്. മുഹമ്മദ് അറബിക് കുംബ്ല എന്ന വ്യവസായി വ്യവസായ രംഗത്ത് ഉത്തുംഗതയിലാണ്. എന്നാൽ അദ്ദേഹം ഈ 24 ഫാക്ടറികളും 5 കി.മീ. അപ്പുറത്തുള്ള മംഗലാപുരത്തേയ്ക്ക് മാറ്റി. ഞാൻ സാന്ദർഭികമായി ഒരു സ്വകാര്യ സംഭാഷണ ത്തിനിടെ അദ്ദേഹത്തോട് ഇതുസംബന്ധിച്ച് ചോദിച്ചിരുന്നു. കേരളത്തിൽ അനന്തപുരം എസ്റ്റേറ്റിലും കിൻഫ്രയിലും നല്ല സ്ഥലങ്ങളുണ്ട്, ഗവൺമെന്റ് നിങ്ങളുമായി സഹകരിക്കുന്നുണ്ട്, 2019-നുശേഷം പുതിയ ആക്ട് നിലവിൽ വന്നിട്ടുണ്ട്, ലൈസൻസിനും പൊല്യൂഷനും വേണ്ടിയുള്ള ബുദ്ധിമുട്ടുകളില്ല എന്നെല്ലാം പറഞ്ഞു. അപ്പോൾ അദ്ദേഹം പറഞ്ഞത്, കേരളത്തിൽ സാധാരണയായി ഉപയോഗിക്കുന്നൊരു വാക്കാണ്, 'നിങ്ങൾ കൊടിപിടിച്ച് ഫാക്ടറികളെ പൂട്ടിക്കും' എന്ന്. അതുമാത്രമല്ല, ഉദ്യോഗസ്ഥരുടെ മനോഭാവം മാറണം. ഒരു സർട്ടിഫിക്കറ്റിനോ അത്യാവശ്യ ലൈസൻസിനോ അവർ സമീപിക്കുമ്പോൾ കൃത്യസമയത്ത് ലഭ്യമാക്കാൻ ഇടപെടൽ നടത്തണമെന്നതാണ് വസ്തുത. എന്റെ മണ്ഡലത്തിലെ പ്രധാനപ്പെട്ട മറ്റൊരു വ്യവസായിയാണ് അബ്ദുൽ ലത്തീഫ് ഉപ്പള ഗേറ്റ്. ചിത്രദുർഗ്ഗയിലും ആസ്സാമിലും നിക്ഷേപം നടത്തുന്നതിനുപകരം കേരളത്തിൽ നിക്ഷേപം നടത്താൻ ഞാൻ അദ്ദേഹത്തെ ക്ഷണിച്ചപ്പോഴൊക്കെ അവരും ഇതേ വാചകമാണ് പറയുന്നത്. എന്റെ മണ്ഡലത്തിലെ യു. കെ. യൂസഫ് എന്നൊരു വ്യവസായി അടുത്തകാലത്ത് നമ്മുടെ തീരദേശ മേഖലയിലെ നൂതന പ്രോജക്ടുമായി ഫിഷറീസ് വകുപ്പുമന്ത്രിയെ സമീപിച്ചിരുന്നു. ഞാനും അതുമായി ബന്ധപ്പെട്ട് ഇടപെട്ടിട്ടുണ്ട്. ഇവരെല്ലാം കേരളത്തിൽ നിക്ഷേപം നടത്തുന്നതിൽനിന്നും പിന്മാറാനുള്ള ഒരു കാരണമായി സൂചിപ്പിക്കുന്നത്, കേവലം കൊടിപിടിക്കുന്നു എന്നുള്ളൊരു ആരോപണം മാത്രമല്ല, നമ്മുടെ ഉദ്യോഗസ്ഥർ, ഓഫീസുകൾ എന്നിവിടങ്ങളിൽ നിന്നും നേരിടുന്ന പല രീതിയിലുള്ള ബുദ്ധിമുട്ടുകളാണ് അവർ ഉന്നയിക്കുന്നത്. ഈ പ്രശ്നങ്ങളെല്ലാം പരിഹരിക്കാൻ കഴിഞ്ഞാൽ, തൊട്ടപ്പുറത്ത് സ്ഥിതിചെയ്യുന്ന ആയിരക്കണക്കിന് തൊഴിലാളികൾ ജോലി ചെയ്യുന്ന Mangalore Refinery and Petrochemicals Limited പോലുള്ള ഫാക്ടറികളുടെയൊക്കെ ഉപകേന്ദ്രങ്ങൾ മഞ്ചേശ്വരം മണ്ഡല

ത്തിന്റെയും കാസർഗോഡിന്റെയും അതിർത്തിയിലേയ്ക്ക് കൊണ്ടുവന്നാൽ ഈ പ്രതിസന്ധി ഘട്ടത്തിൽ ധാരാളം ആളുകൾക്ക് തൊഴിൽ നൽകാൻ കഴിയും. കാസർഗോഡ് ഡെവലപ്മെന്റ് പാക്കേജ് ഞങ്ങളുടെ ജില്ലയുടെ വികസന മുന്നേറ്റത്തിന് തുടക്കം കുറിച്ചൊരു പദ്ധതിയാണ്.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: സർ, ശ്രീ. എ. കെ. എം. അഷ്റഫ് ചെറുകിട, ഇടത്തര വ്യവസായ സംരംഭങ്ങളുമായി ബന്ധപ്പെട്ട കാര്യങ്ങൾ പ്രത്യേകിച്ച് MSME (Micro, Small and Medium Enterprises)-കളെക്കുറിച്ച് സൂചിപ്പിച്ചു. വ്യവസായ വകുപ്പുമന്ത്രി ഇക്കാര്യത്തിൽ പ്രത്യേകം താല്പര്യമെടുക്കുന്ന ഒരാളാണ്. എന്റെ നിയോജകമണ്ഡലമായ പെരുമ്പാവൂരിൽ കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകളുടെ സഹായത്തോടുകൂടി ആരംഭിച്ച സ്റ്റീൽ ഫർണിച്ചറുമായി ബന്ധപ്പെട്ട ഒരു എം.എസ്.എം.ഇ. യൂണിറ്റ് ബഹുമാനപ്പെട്ട മന്ത്രി കഴിഞ്ഞയാഴ്ച ഉദ്ഘാടനം ചെയ്തു. ഏകദേശം 70 ശതമാനം തുക കേന്ദ്ര ഗവൺമെന്റും 20 ശതമാനം സംസ്ഥാന ഗവൺമെന്റും 10 ശതമാനം അവിടെയുള്ള വ്യവസായികളും വഹിക്കുന്ന പദ്ധതിയാണ്. പലപ്പോഴും പദ്ധതികൾ ആരംഭിക്കുമ്പോൾ ഉദ്യോഗസ്ഥരുമായി ബന്ധപ്പെട്ടുവരുന്ന പ്രശ്നം മാത്രമല്ല ഉണ്ടാകുന്നത്. പ്രാദേശികവാസികളുമായി ബന്ധപ്പെട്ടുവരുന്ന പ്രശ്നങ്ങളാണ് കൂടുതലുമുണ്ടാകുന്നത്. പെരുമ്പാവൂരിൽ 1500-ലധികം പ്ലൈവുഡ് കമ്പനികളുണ്ട്. അതുമായി ബന്ധപ്പെട്ട എം.എസ്.എം.ഇ. പ്രോജക്ടുകളും ഗവൺമെന്റ് അനുവദിച്ചിട്ടുണ്ട്. അത് കൃത്യമായി പ്രവർത്തിക്കുകയും ചെയ്യുന്നുണ്ട്. കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകൾ സഹായങ്ങൾ നൽകുന്നതുമൂലം പലർക്കും അധികം പണംമുടക്കാതെ വ്യവസായത്തിലേയ്ക്ക് വരാൻ കഴിയുന്നുവെന്നുള്ളതാണ്. സ്റ്റീൽ ഫർണിച്ചർ മേഖലയുമായി ബന്ധപ്പെട്ട് വലിയൊരു പ്രോജക്ട് വരുമ്പോൾ പലർക്കും വലിയ തുക മുടക്കാതെ ഒരു പ്രോഡക്ട് ഉല്പാദിപ്പിക്കാനുള്ള സാഹചര്യമുണ്ട്. സർവ്വീസ് സെക്ടറിൽ വരുന്ന കൺസ്ട്രക്ഷൻ മേഖലകളെക്കൂടി ഇതിൽ ഉൾപ്പെടുത്തണമെന്നുള്ള രീതിയിൽ ആവശ്യങ്ങൾ ഏറെ ഉന്നയിക്കുന്നുണ്ട്. അതുകൊണ്ട് ചെറുകിട ഇടത്തര വ്യവസായ സംരംഭങ്ങളുമായി ബന്ധപ്പെട്ട ആനുകൂല്യങ്ങൾ സർവ്വീസ് സെക്ടറിൽ വരുന്ന നിർമ്മാണ മേഖലകളിൽ കൂടി ലഭ്യമാക്കുന്ന രീതിയിലേയ്ക്കുള്ള ഒരു പദ്ധതികൂടി വരണമെന്നുള്ളത് അങ്ങേയ്ക്ക് ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താൻ കഴിയുമോ?

ശ്രീ. എ. കെ. എം. അഷ്റഫ്: സർ, ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ ഇവിടെ സൂചിപ്പിച്ച കാര്യം വളരെ ഗൗരവതരമായി ചർച്ച ചെയ്യേണ്ട വിഷയം തന്നെയാണ്. പ്രത്യേകിച്ച് കോവിഡ് കാലത്ത് എം.എൽ.എ.-മാരുടെ മുമ്പിലെത്തുന്ന വലിയൊരു പ്രശ്നമാണിത്. കാസർഗോഡിന്റെ വികസന മുന്നേറ്റത്തിന് നിർണ്ണായക പങ്ക് വഹിച്ച കേരളത്തിന്റെ മുൻ പ്രതിപക്ഷനേതാവ് ശ്രീ. രമേശ് ചെന്നിത്തല

കാസർഗോഡ് കാൽനടയായി സഞ്ചരിച്ച് വികസനത്തിന് സമർപ്പിച്ചൊരു പദ്ധതിയാണ് കാസർഗോഡ് വികസന പാക്കേജ്. ഗവൺമെന്റുകൾ മാറി വന്നപ്പോഴും കാസർഗോഡിനെ പ്രത്യേകം പരിഗണിച്ചു എന്നതും വളരെ അഭിനന്ദനീയമാണ്. മഞ്ചേശ്വരത്തെ ഫുഡ് പ്രോസ്സസിംഗ് യൂണിറ്റിന്റെ പ്രൊപ്പോസൽ കെ.ഡി.പി.-ൽ സമർപ്പിച്ചിട്ടുണ്ട്. ഇക്കാര്യം ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. അത് നടപ്പിലായാൽ ഇറക്കുമതി-കയറ്റുമതി മേഖലയിൽ കേരളത്തിന് ധാരാളം വരുമാനമുണ്ടാകും. ദേശീയാടിസ്ഥാനത്തിൽ കോവിഡ് കാലത്തുപോലും കേന്ദ്ര ഗവൺമെന്റ് വ്യവസായ മേഖലയിൽ പ്രഖ്യാപിച്ച പാക്കേജുകളുടെ കഥ നമുക്കറിയാം. മഞ്ചേശ്വരത്ത് ബി.ജെ.പി.-യോട് നേരിട്ട് ഏറ്റുമുട്ടി വിജയിച്ച ആളാണ് ഞാൻ. തെക്കൻ ജില്ലയിൽനിന്ന് വന്നൊരാൾ മഞ്ചേശ്വരത്തെ അനന്തപുരം വ്യവസായ പാർക്കിൽ ബീഫ് മീൽസ് & മീറ്റ് മീൽസ് എന്നൊരു ഫാക്ടറിക്ക് തുടക്കം കുറിച്ചു. ബീഫുമായി ബന്ധപ്പെട്ടുകൊണ്ട് എന്ത് ഫാക്ടറി നിർമ്മിച്ചാലും ആർ.എസ്.എസ്.-കാരൻ ആദ്യം ഭീഷണിപ്പെടുത്തും, അവസാനം ഫാക്ടറിയിൽ കയറി മുതലാളിയെയും ആളുകളെയും തല്ലുന്നൊരു പ്രതിഭാസം ഇപ്പോഴും തുടരുകയാണ്. ഈ സഭാസമ്മേളനം ആരംഭിക്കുന്നതിനുമുമ്പ് ഒക്ടോബർ ഒന്നാം തീയതി കേരളത്തിന്റെ അതിർത്തിയായ എൻമകജെ പഞ്ചായത്തിലെ അഡിയനടുക്കയിൽ സ്കൂളിൽ പഠിക്കുന്ന 15 വയസ്സുകാരനായ മുസ്തഫ എന്ന ബാലനെയും അവന്റെ ഉമ്മ മിസ്രിയയെയും ഒരു പശുവിന്റെ പേരിൽ അവിടത്തെ ആർ.എസ്.എസ്. ഗുണ്ടകൾ വീട്ടിൽക്കയറി ആക്രമിച്ച് കൊലപ്പെടുത്താൻ ശ്രമിച്ചു. ബദിയടുക്ക പോലീസ് സ്റ്റേഷനിൽ പരാതി നൽകിയതിനെത്തുടർന്ന് കേസെടുത്തു. മംഗലാപുരത്തെ 8 എം.എൽ.എ.-മാരിൽ 7 പേരും ആർ.എസ്.എസ്.-കാരാണ്. വിട്ല പോലീസ് സ്റ്റേഷനിൽ പോയി മുസ്തഫയെ തല്ലി, മുസ്തഫയുടെ ഉമ്മ മിസ്രിയയെ ആക്രമിച്ചു. നാട്ടിൽപ്പോയി മുസ്തഫയുടെ എളയാപ്പ മുഹമ്മദിന്റെയും മുഹമ്മദ് അലിയുടെയും പേരിൽ 307 വകുപ്പ് ചുമത്തി കള്ളക്കേസ്സ് എടുത്തൊരു അവസ്ഥ ഇപ്പോഴും നിലനിൽക്കുകയാണ്. ഫാസിസം ഉറഞ്ഞുതുള്ളുകയാണ്. വ്യവസായങ്ങളെ ആക്രമിക്കുന്ന ആളുകൾക്കെതിരെയുള്ള നടപടിയുടെയും ശിക്ഷയുടെയും കാര്യത്തിൽ ഈ ആക്ടുമായി ബന്ധപ്പെട്ട് ഒരു ഇടപെടലുണ്ടാകണമെന്ന കാര്യംകൂടി സാന്ദർഭികമായി ഇവിടെ ചൂണ്ടിക്കാണിക്കുകയാണ്. അനന്തപുരം വ്യവസായ പാർക്ക്, കിൻഫ്ര, സിഡ്കോ, ചട്ടഞ്ചാലിൽ വ്യവസായ പാർക്ക്, കാസർഗോഡ് മുനിസിപ്പാലിറ്റിയുടെ കീഴിലുള്ള ഇൻഡസ്ട്രിയൽ പാർക്ക് എന്നിവയൊക്കെയുള്ള ഒരു ജില്ലയാണ് കാസർഗോഡ്. ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രി രാജ്യസഭയിലൊക്കെ തിളക്കമുള്ള ഇടപെടൽ നടത്തിയിട്ടുള്ളൊരു വ്യക്തിത്വമാണ്. കാസർഗോഡ് ഒരു നിക്ഷേപ സംഗമം സംഘടിപ്പിക്കണം. ബഹുമാന്യനായ പി. കെ. കുഞ്ഞാലിക്കുട്ടി സാഹിബിന്റെ

കാലയളവിൽ സംഘടിപ്പിച്ച ഗ്ലോബൽ ഇൻവെസ്റ്റേഴ്സ് മീറ്റ് കേരളത്തിന്റെ വ്യവസായ മേഖലയിൽ ഉണർവ് നൽകിയ ഓർമ്മകൾ നമ്മുടെ മുമ്പിലുണ്ട്. കാസർഗോഡു കാരനായ ശ്രീ. എൻ. എ. മുഹമ്മദിനെപ്പോലെയുള്ള വ്യവസായികൾ ബാംഗ്ലൂരിൽ നാലായിരത്തോളം ആളുകൾക്ക് തൊഴിൽ നൽകുന്ന സ്ഥാപനം തുടങ്ങുമ്പോൾ, കർണ്ണാടകയിലെ മലയാളിയായ, ആഭ്യന്തര മന്ത്രിയായിരുന്ന ശ്രീ. കെ. ജെ. ജോർജ്ജിനെ പോലെയുള്ള ആളുകൾ അയ്യായിരം ആളുകൾക്ക് തൊഴിൽ നൽകുന്ന സംരംഭങ്ങൾ ബാംഗ്ലൂരിൽ തുടങ്ങുമ്പോൾ കേരളത്തിൽ പിറന്ന് കേരളത്തിന് പുറത്ത് ഇന്ത്യയ്ക്കകത്തുള്ള മറ്റ് സിറ്റികളിൽ വ്യവസായ ഉയർച്ചയുടെ കൊടുമുടിയിൽ നിൽക്കുന്ന ആളുകളെ ബഹുമാന്യനായ മന്ത്രി കേരളത്തിലേയ്ക്ക് ക്ഷണിച്ചുവരുത്തി അവരുടെ ബ്രാഞ്ചുകൾ കേരളത്തിൽ തുടങ്ങണം. എല്ലാ എം.എൽ.എ.-മാർക്കും അറിയാവുന്നതുപോലെ, കോവിഡ് കാലത്ത് നമ്മുടെ മുമ്പിൽ നിവേദനങ്ങളുമായി വരുന്നവരിൽ 25 ശതമാനവും വായ്പയെടുത്ത് പ്രയാസപ്പെടുന്നവരാണ്. ഒരു ഫാക്ടറി തുടങ്ങാൻവേണ്ടി വായ്പയെടുത്തവർക്ക് കോവിഡ് കാലമായതിനാൽ അത് തിരിച്ചടയ്ക്കാൻ കഴിയുന്നില്ല. വിദ്യാഭ്യാസ വായ്പയെടുത്ത് പ്രയാസപ്പെടുന്നവരും വീട് നിർമ്മിക്കാനും മകളുടെ വിവാഹത്തിനുമായി വായ്പയെടുത്തവരുമുണ്ട്. കോവിഡ് കാലത്ത് എല്ലാ എം.എൽ.എ.മാരുടെയും മുമ്പിലേയ്ക്കെത്തുന്നത് പ്രധാനമായും സാധാരണക്കാരന്റെ കണ്ണീരിന്റെ മണമുള്ള അപേക്ഷകളാണ്. വ്യവസായ മേഖലയിൽ ഇളവുകൾ പ്രഖ്യാപിച്ചുവെന്ന് പറയുന്നുവെങ്കിലും അത് പോര. വിദ്യാഭ്യാസ വായ്പയും വിവാഹാവശ്യത്തിനും ഭവന നിർമ്മാണത്തിനും കാർഷികാവശ്യത്തിനുമെടുത്ത വായ്പകളുടെയും കാര്യങ്ങളിൽ അദാലത്ത് നടത്തി അവരുടെ കണ്ണീരുണക്കാനുള്ള നടപടി സ്വീകരിക്കുന്നതിന് ഗവൺമെന്റും ബഹുമാനപ്പെട്ട മന്ത്രിയും ഇടപെടണമെന്ന അപേക്ഷ സഭയുടെ മുമ്പിൽ വയ്ക്കുകയാണ്. എല്ലാ എം.എൽ.എ.-മാർക്കും ലഭിച്ച അപേക്ഷകളിന്മേൽ ഈ സഭ നടക്കുമ്പോൾത്തന്നെ എന്തെങ്കിലുമൊരു തീരുമാന മുണ്ടാക്കണം. നാട്ടിൽനിന്ന് തിരുവനന്തപുരത്തേയ്ക്ക് വരുന്ന സന്ദർഭത്തിൽ മുഖ്യമന്ത്രിക്കും വകുപ്പുമന്ത്രിക്കും നൽകാനുള്ള അപേക്ഷയുമായി കാത്തുനിൽക്കുന്ന വരുണ്ട്. സഭാസമ്മേളനം അവസാനിക്കുന്നതിനിടയിൽ അവർക്ക് അനുകൂലമായ തീരുമാനം കൂടിയുണ്ടാകണമെന്നുള്ള അപേക്ഷ സമർപ്പിക്കുന്നു. കാസർഗോഡിന്റെ വ്യവസായ മേഖലയിൽ ധാരാളം സാദ്ധ്യതകളാണുള്ളത്. വ്യവസായ മേഖലയിൽ ധാരാളം ഫാക്ടറികൾ വരുന്ന ഘട്ടങ്ങളിൽ ഉദ്യോഗസ്ഥരുടെ മനോഭാവം മാറണം. വ്യവസായികൾ ആവശ്യപ്പെടുന്ന ലൈസൻസ് കൃത്യസമയത്ത് ലഭിക്കാനുള്ള നടപടിക്രമങ്ങളുണ്ടാകണം. അത് നൽകിയില്ലെങ്കിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥനെതിരെ നടപടിയെടുക്കുന്നതിനാവശ്യമായ ഇടപെടലുണ്ടാകണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് നിർത്തുന്നു.

ശ്രീ. എം. വിൻസെന്റ് ചുമതലപ്പെടുത്തിയതു പ്രകാരം ശ്രീ. ഷാഫി പറമ്പിൽ: സർ, ഞാൻ ഈ നിരാകരണപ്രമേയത്തെ പിന്താങ്ങുന്നു. 11 കോടി തൊഴിലവസരങ്ങളും രാജ്യത്തിന്റെ ജി.ഡി.പി.യുടെ 29 ശതമാനവും അക്കൗണ്ട് ചെയ്യുന്ന മേഖലയാണ് ഇവിടെ ചർച്ച ചെയ്യുന്ന The Kerala Micro Small and Medium Enterprises Facilitation (Amendment) Bill, 2021. ഈ മേഖലയാണ് രാജ്യത്തിന്റെ ഇക്കോണമിയുടെ 29 ശതമാനവും 11 കോടി തൊഴിലവസരങ്ങളും സംഭാവന ചെയ്യുന്നത്. സമാനതകളില്ലാത്ത പ്രതിസന്ധികളിലൂടെയാണ് ആ മേഖല കടന്നുപോയിക്കൊണ്ടിരിക്കുന്നതെന്നുള്ളത് ആർക്കും നിഷേധിക്കാൻ കഴിയുമെന്ന് തോന്നുന്നില്ല. ഈ പ്രതിസന്ധി സൃഷ്ടിക്കപ്പെട്ടത് കോവിഡിന്റെ പശ്ചാത്തലത്തിൽ മാത്രമല്ല, പ്രതിസന്ധിയുടെ തുടക്കം സത്യസന്ധമായി വിലയിരുത്തുമ്പോൾ ഇന്ത്യാ രാജ്യത്ത് വിപ്ലവമായി പ്രഖ്യാപിക്കപ്പെട്ട നോട്ടുനിരോധനമാണ് ഈ മേഖലയിലെ പ്രതിസന്ധികളുടെ തുടക്കമെന്നുള്ളത് ഏതൊരാൾക്കും പറയാൻ കഴിയും. പ്രസിദ്ധരായ ഇക്കണോമിസ്റ്റുകൾ സൂചിപ്പിച്ചതുപോലെ വളരെ വേഗത്തിൽ ഓടുന്ന റെയ്സിംഗ് കാറിന്റെ ഫ്രണ്ട് ടയറിലേയ്ക്ക് ഗവൺമെന്റ് ഉതിർത്ത വെടിയുണ്ടയായിരുന്നു നോട്ടുനിരോധനം എന്നുള്ളത് ചർച്ച ചെയ്യപ്പെട്ടതാണ്. അന്ന് പ്രഖ്യാപിക്കപ്പെട്ട ഒരു ഗുണവും രാജ്യത്തിനോ രാജ്യത്തിന്റെ സാമ്പത്തികാവസ്ഥയ്ക്കോ ഉണ്ടായില്ല. പുരോഗതിയിലായിരുന്ന ഈ രാജ്യത്തിന്റെ വ്യവസായത്തെ പ്രത്യേകിച്ചും ചെറുകിട സൂക്ഷ്മ വ്യവസായങ്ങളെയാകെ തകർത്തതിന്റെ തുടക്കം ആ മരമണ്ടൻ തീരുമാനമായിരുന്നുവെന്നത് നമുക്കെല്ലാവർക്കും അറിയാം. രണ്ടാമത്തെ അടി കിട്ടിയത് ജി.എസ്.ടി.-യുടെ ഇംപ്ലിമെന്റേഷനാണ്. ഒരു പൈലറ്റ് പ്രോജക്ടായി ജി.എസ്.ടി. ഇംപ്ലിമെന്റ് ചെയ്തു. അതിനെ സംബന്ധിച്ച് വിശദമായി പഠിച്ച് നടപ്പാക്കണമെന്ന പ്രതിപക്ഷ പ്രസ്ഥാനങ്ങളുടെ ആവശ്യങ്ങളെ അവഗണിച്ച്, അർദ്ധരാത്രി പ്രധാനമന്ത്രി നടത്തിയ പ്രഖ്യാപനത്തിനുശേഷം എത്ര ചെറുകിട വ്യവസായ സ്ഥാപനങ്ങൾ രാജ്യത്ത് നിവർന്ന് നിന്നിട്ടുണ്ടെന്ന് പഠിക്കേണ്ടതാണ്. അതിന്റെ തൊട്ടുപിറകെയാണ് കോവിഡെന്ന മഹാമാരി ഈ സ്ഥാപനങ്ങളെയാകെ ബാധിക്കുന്നത്. ചുരുക്കിപ്പറഞ്ഞാൽ ഈ രാജ്യത്തിന്റെ ജി.ഡി.പി.യുടെ 29 ശതമാനം കോൺട്രിബ്യൂട്ട് ചെയ്യുന്നൊരു മേഖലയിലെ സ്ഥാപനങ്ങൾ back to back assault എന്നുപറയുന്നതുപോലെ, ഒന്നിന് പിറകെ ഒന്നായി ഏറ്റ അടികളുടെ പിറകിൽ വലിയ നഷ്ടങ്ങളുണ്ടായതുമൂലം അടച്ചുപൂട്ടിപോകുന്നത് നാം കണ്ടതാണ്. കടക്കെണിയിൽനിന്ന് കരകയറാനാകാതെ, നിക്ഷേപിച്ച പണം തിരിച്ചുകിട്ടാതെ, വായ്പ തിരിച്ചടയ്ക്കാനാകാതെ വലിയ പ്രതിസന്ധിയിലേയ്ക്ക് നാട്ടും നാട്ടിലെ സംരംഭങ്ങളും പോയി എന്നുള്ളതൊരു സത്യമാണ്. ഒരു മാറ്റം നമ്മൾ ഇപ്പോഴെങ്കിലും പ്രതീക്ഷിക്കുകയാണ്. വലിയ വ്യവസായങ്ങൾക്കുള്ള സ്ഥലത്തിന്റെ ലഭ്യതക്കുറവുള്ള

നാടാണ് കേരളം. ഇപ്പോൾ പുതിയ കോറിഡോർ പ്രഖ്യാപിച്ചിട്ടുണ്ട്; അവിടെ സ്ഥലങ്ങൾ ഏറ്റെടുക്കുന്നുണ്ടെന്നുള്ളതെല്ലാം ശരിയാണെങ്കിലും ചെറുകിട വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കാതെ, അവിടെയുണ്ടാകുന്ന തൊഴിലവസരങ്ങൾ ഉറപ്പുവരുത്താതെ നാട്ടിലെ ജോബ് ഡിമാന്റിന് കൃത്യമായിട്ടുള്ള സപ്ലൈ ഏരിയകൾ കണ്ടെത്താൻ കഴിയാതെ പോകും. കേരളത്തിൽ അഭ്യസ്തവിദ്യരായ ചെറുപ്പക്കാരുടെ എണ്ണം തേങ്ങയെക്കാൾ കൂടുതലാണെന്ന പഴയ സിനിമയിലെ ഡയലോഗ് നമ്മളാരും മറന്നുപോയിട്ടുണ്ടാകില്ല. ചെറുപ്പക്കാർക്ക് തൊഴിൽ കൊടുക്കണമെങ്കിൽ ഇവിടെ ചെറുകിട വ്യവസായങ്ങളുണ്ടാകേണ്ടതും അത് വളരേണ്ടതും ആവശ്യമാണ്. പ്രാദേശികമായ തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ ഇതുപോലെ കഴിയാവുന്ന സ്ഥാപനങ്ങളില്ല. വലിയ വ്യവസായങ്ങൾ വരുമ്പോൾ അവിടെ തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടുന്നുണ്ടെങ്കിലും അതിൽ ഭൂരിഭാഗവും നികത്തപ്പെടുന്നത് എവിടെനിന്നുള്ള ആളുകളാണ് എന്നുള്ളതുകൂടി നമ്മൾ പഠിക്കേണ്ടതാണ്. സ്റ്റേറ്റ് ഡിവൈഡിന് ഞാൻ ഈ അവസരം വിനിയോഗിക്കുന്നില്ല. പക്ഷേ പ്രാദേശിക ജനതയ്ക്ക് കൂടുതൽ തൊഴിലവസരങ്ങൾ ഉണ്ടാകണമെങ്കിൽ ചെറുകിട വ്യവസായങ്ങൾ വളരേണ്ടതും നിലനിൽക്കേണ്ടതും പ്രധാനമാണ്. ഈ കാലഘട്ടത്തിൽ, they have to search for new ways of expansion. പോസ്റ്റ്കൊവിഡ് സാഹചര്യത്തിൽ ബിസിനസ്സിലും അതിന്റെ നടത്തിപ്പിലും ഉണ്ടായിട്ടുള്ള മാറ്റങ്ങളെ സംബന്ധിച്ചുള്ള ഗൗരവതരമായ പഠനങ്ങൾ നടത്തി അവരെ എക്സ്പാൻഷന് സഹായിക്കുക എന്നുള്ളത് ഒരു ഗവൺമെന്റിന്റെ ഉത്തരവാദിത്തമായി മാറേണ്ടതാണ്. Market penetration-ഉം Customer outreach-മൊക്കെ മാറിയിട്ടുണ്ട്. ഫിസിക്കലായിട്ടുള്ള മാർക്കറ്റിംഗ് സാദ്ധ്യതകൾ പാടേ അടഞ്ഞുകൊണ്ടിരിക്കുകയാണ്. ആളുകളുടെ buying culture-ഉം buying behaviour-ഉം മാറി മുഴുവൻ ഓൺലൈനായി മാറിയിരിക്കുന്ന സാഹചര്യത്തിൽ അതിനെ തിരിച്ച് എത്രത്തോളം കൊണ്ടുവരാൻ സാധിക്കുമെന്നുള്ളത് ആലോചിക്കേണ്ടതാണ്. സിനിമകളുടെ റിലീസ് പോലും ഒ.ടി.ടി. പ്ലാറ്റ്ഫോമുകളിലേക്ക് ഒതുങ്ങുന്നു. പുസ്തക വായനയും e– books, audio books എന്നിവയിലേയ്ക്ക് മാറുകയാണ്. ആളുകളുടെ പെരുമാറ്റം മാറുന്നുണ്ട്. പണ്ട് പാഴ്സൽ വാങ്ങാൻ കടയിൽപോയി നിൽക്കണമായിരുന്നു. കടയിൽനിന്ന് സാധനം വാങ്ങി നമ്മൾ തന്നെ വീട്ടിലേയ്ക്ക് കൊണ്ടുപോകണം. തുടർന്ന് ഹോം ഡെലിവറി തുടങ്ങി. ഒരു ഹോട്ടലിൽ വിളിച്ചു പറഞ്ഞാൽ സാധനങ്ങൾ ഹോം ഡെലിവറിയായി വീടുകളിലേയ്ക്ക് എത്തിക്കാൻ തുടങ്ങി. ഇപ്പോൾ പാലക്കാടിലാണെങ്കിൽ ബിരിയാണി NMR-ൽ നിന്ന് ഓർഡർ ചെയ്യും. അതേ ഓർഡറിന്റെ കൂടെത്തന്നെ നൂർജഹാനിൽനിന്ന് Arabian platter ഓർഡർ ചെയ്യും. അശോകയിൽനിന്നോ കപിലവസ്തുവിൽനിന്നോ ഇന്ദ്രപ്രസ്ഥത്തിൽ നിന്നോ ഏതെങ്കിലും ഒരു ഹോട്ടലിൽ നിന്ന് ദോശ ഓർഡർ ചെയ്യും Topnotch നിന്നോ

Magic Oven-ൽനിന്നോ ഡെസെർട്ടോ സ്വീറ്റ്സോ ഓർഡർ ചെയ്യും. Hasis Kitchen-ൽനിന്നും ബീഫ് ഓർഡർ ചെയ്യും. സ്വിഗ്ഗിയിലോ സൊമാറ്റോയിലോ കൊടുക്കുന്ന ഒറ്റ ഓർഡറിൽ പാലക്കാട്ടെ വിവിധ റെസ്റ്റോറന്റുകളുടെ സ്പെഷ്യലൈസ്ഡായിട്ടുള്ള എല്ലാ ഫുഡ് ഐറ്റംസും വീട്ടിലെത്തിക്കുകയാണ്.

2.00 P.M.]

ചെറുകിട വ്യവസായങ്ങൾ, ചെറുകിട സ്ഥാപനങ്ങൾ എന്നിവയൊക്കെ പിടിച്ചുനിൽക്കണമെങ്കിൽ അവരുടെ സംരംഭം മുന്നോട്ടുപോകാനുള്ള ടെക്നോളജി അപ്ഗ്രേഡ് ചെയ്യാൻ ഗവൺമെന്റ് അവർക്ക് പിന്തുണ കൊടുത്തില്ലെങ്കിൽ ഇനിയുള്ള കാലം അവർ പിന്തള്ളപ്പെട്ടുപോകുന്ന സാഹചര്യമുണ്ടാകും. സ്വിഗ്ഗി സൊമാറ്റോ ഉൾപ്പെടെയുള്ള കമ്പനികൾക്ക് ഓരോ ഓർഡറിലും കിട്ടുന്ന കമ്മീഷന്റെ റേറ്റ് എത്രയാണെന്ന് പഠിക്കണം. ഒരു ഓർഡറിൽനിന്നും മുപ്പതും നാല്പതും ശതമാനം വരെ അവർക്ക് കൊടുക്കേണ്ടിവരുമെന്നാണ് കണക്കുകൾ പറയുന്നത്. ഇവിടെ പിടിച്ചുനിൽക്കാൻ നമ്മുടെ പ്രാദേശിക സംരംഭങ്ങൾക്ക് കഴിയേണ്ടതല്ലേ? ഈ പ്രദേശിക സംരംഭങ്ങളുടെ supply chain-ന് ഗവൺമെന്റിന് എന്തുസഹായം നൽകാൻ കഴിയും? അവരെ പിടിച്ചുനിർത്താനും വളരാനും ഏതുസാഹചര്യങ്ങളിൽ നമുക്ക് സപ്പോർട്ട് കൊടുക്കാൻ കഴിയും? വ്യവസായ വകുപ്പും സർക്കാരും ഈ കാലഘട്ടത്തിൽ ആലോചിക്കേണ്ട ഏറ്റവും പ്രധാനപ്പെട്ട കാര്യമാണ്. അവരെ സംബന്ധിച്ചിടത്തോളം വായ്പാ തിരിച്ചടവ് വലിയ പ്രയാസമായി മാറുകയാണ്. എങ്ങനെയാണ് അവർ തിരിച്ചടയ്ക്കുന്നത്? ആരോഗ്യപരമായ സുരക്ഷയെ കരുതി കോവിഡിന്റെ പശ്ചാത്തലത്തിൽ സ്ഥാപനങ്ങൾ അടച്ചിടാൻ നമ്മൾ തീരുമാനിക്കുന്നു. അവരുടെ തിരിച്ചടവുകൾക്ക് താൽക്കാലികമായി പ്രഖ്യാപിക്കുന്ന മൊറട്ടോറിയങ്ങൾപോലും കിട്ടുന്നില്ല. കേന്ദ്രസർക്കാരിന്റെ ഉൾപ്പെടെയുള്ള പലിശയിളവുകളും സബ്സിഡിയും എത്ര പേർക്ക് കിട്ടുന്നുണ്ടെന്ന സംശയം നമ്മുടെ മുമ്പിലുണ്ടാകുകയാണ്. അവർക്ക് വായ്പകൾ തിരിച്ചടയ്ക്കാൻ കഴിയുന്നില്ല. വായ്പയെടുത്ത് ആരംഭിച്ച ചെറിയ ബാർബർ ഷോപ്പുകൾ, ചെറുകിട റസ്റ്റോറന്റുകൾ, ട്രാവൽസ് തുടങ്ങിയ സ്ഥാപനങ്ങൾക്കുണ്ടായ തിരിച്ചടി വളരെ വലുതാണ്. ആളുകളുടെ യാത്രകളും ടൂറിസം ആക്ടിവിറ്റികളും പാടെ നിലച്ചു. ജീവനക്കാരുടെ ശമ്പളവും ലോണിന്റെ തിരിച്ചടവുമെല്ലാം പ്രതിസന്ധിയിലാകുമ്പോൾ, കാര്യങ്ങളിൽ മാറ്റം വരുമ്പോൾ അതിനനുസരിച്ച് ഓടിയെത്തണമെങ്കിൽ അവർക്ക് പിന്നെയും വായ്പയുടെ ആവശ്യം വരും. നിലവിൽ എടുത്ത വായ്പ തന്നെ വലിയൊരു പ്രതിസന്ധിയായി അവരുടെ മുമ്പിൽ നിൽക്കുമ്പോൾ പുതിയ വായ്പാ സൗകര്യം അവർ എങ്ങനെ പ്രയോജനപ്പെടുത്തും? അത് പ്രയോജനപ്പെടുത്തണമെങ്കിൽ ലോ കോസ്റ്റ് ക്രെഡിറ്റ്

ഫെസിലിറ്റി സർക്കാർ ഉറപ്പുവരുത്തണം. ഈ സംരംഭങ്ങളില്ലാതെ പിടിച്ചു നിൽക്കാൻ കഴിയുമോ? ഈ സംസ്ഥാനത്ത് ഒരു വർഷം പരമാവധി കൊടുക്കാൻ കഴിയുന്ന സർക്കാർ തൊഴിലിന്റെ എണ്ണം 25000-30000 ആണ്. അഞ്ച് കൊല്ലംകൊണ്ട് പരമാവധി ഒന്നര ലക്ഷം പേർക്ക് തൊഴിൽ കൊടുക്കാൻ കഴിയും. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്ത ധാരാളം ആളുകൾ എം.എൽ.എ.-മാരെ ദിവസവും വന്ന് കാണുന്നുണ്ട്. 'ഞാൻ രജിസ്റ്റർ ചെയ്തിട്ട് മുപ്പത് കൊല്ലമായി, ഇരുപത് കൊല്ലമായി, പതിനഞ്ച് കൊല്ലമായി, ഇതുവരെ എന്നെ ഒരുതവണ പോലും വിളിച്ചിട്ടില്ല' എന്നുപറഞ്ഞ് ആളുകൾ വന്ന് കാണാത്ത ഏതെങ്കിലും ഒരു എം.എൽ.എ. ഈ സഭയിലുണ്ടോ? അതുവഴിയുള്ള തൊഴിലവസരങ്ങൾ വരണമെങ്കിൽ ഇനി നൂറ്റാണ്ടുകൾ കാത്തിരിക്കേണ്ട അവസ്ഥയാണ്. പ്രൈവറ്റ് സെക്ടറിലെ ജോലിയാണ് ചെറുപ്പക്കാരുടെ മുന്നിലേയ്ക്ക് വച്ചുനീട്ടാനുള്ളത്. അത് കൊടുക്കണമെങ്കിൽ വ്യവസായം നിലനിൽക്കണ്ടേ; അവർക്ക് ഈ പ്രതിസന്ധി മറികടക്കാൻ കഴിയണ്ടേ? അതുകൊണ്ട് അവർക്ക് ലോ കോസ്റ്റ് ക്രെഡിറ്റ് ഫെസിലിറ്റി ഉറപ്പുവരുത്താൻ തയ്യാറാകണം. അത് കേവലം പ്രഖ്യാപനം മാത്രമാകരുത്. അത് കൊടുക്കാതെ അവർക്ക് പിടിച്ചുനിൽക്കാൻ കഴിയില്ല. ആളുകൾ എങ്ങനെയാണ് സാധനങ്ങൾ ഓർഡർ ചെയ്യുന്നത്? ഫ്ലിപ്കാർട്ടിലും ആമസോണിലുമൊക്കെ മൾട്ടി നാഷണൽസ് കൊടുക്കുന്ന ഓഫറുകൾ ചിലപ്പോഴൊക്കെ സാധാരണ ഉപഭോക്താക്കളെ സംബന്ധിച്ചിടത്തോളം അവരുടെ കണ്ണുതള്ളുന്ന തരത്തിലുള്ളവയായിരിക്കും. ഏത് സാധനം വാങ്ങണമെങ്കിലും ഇ-കോമേഴ്സ് സിസ്റ്റത്തിലേയ്ക്ക്, ഓൺലൈൻ ഷോപ്പിംഗിലേയ്ക്ക് മാറുകയാണ്. എങ്ങനെയാണ് ഒരു ലോക്കൽ മൊബൈൽ ഷോപ്പ് ഉടമ തന്റെ കടയുമായി പിടിച്ചുനിൽക്കാൻ ശ്രമിക്കുന്നത്; കൊടുക്കാൻ കഴിയുന്ന വിലയേക്കാൾ കുറഞ്ഞ റേറ്റിനാണ് അവിടെ കൊടുക്കുന്നത്. ഇ-കോമേഴ്സ് സിസ്റ്റം ഈ പറയുന്ന ആളുകളെ മുഴുവൻ കോർത്തിണക്കുകയാണെങ്കിലും അവർക്ക് താങ്ങാവുന്ന ഒരു പ്ലാറ്റ്ഫോം ഒരുക്കാൻ നമ്മൾതന്നെ മുൻകയ്യെടുത്തില്ലെങ്കിൽ വലിയ പ്രശ്നം വരും. ഓൺലൈനായും ഓഫ്ലൈനായും പർച്ചേസ് ചെയ്യുന്ന ആളുകൾ തമ്മിൽ ഇനിയുള്ള കാലഘട്ടത്തിൽ 51 ശതമാനത്തിന്റെ റവന്യൂ വ്യത്യാസമാണ് ഉണ്ടാകാൻ പോകുന്നതെന്നുള്ളതാണ് പുതിയ പഠനങ്ങൾ പറയുന്നത്. ഇ-കോമേഴ്സ് പ്ലാറ്റ്ഫോമുകളിൽ കച്ചവടം ചെയ്യുന്ന ആളുകൾ മറ്റുള്ളവരേക്കാൾ 51 ശതമാനത്തിന്റെ ഹൈ റവന്യൂ സൈഡിലേയ്ക്ക് മാറാൻ പോകുകയാണ്. എങ്ങനെയാണ് നാട്ടിലെ ഒരു ചെറുകിട സ്ഥാപനം ഇതിനെ അതിജീവിക്കുന്നത്? അവിടെയാണ് ഗവൺമെന്റിന്റെ ഇടപെടലുകൾ വേണ്ടത്. ഇവരെക്കൂടി ഉൾക്കൊള്ളിച്ച് ഇ-കോമേഴ്സ് ഇക്കോ സിസ്റ്റത്തെ ശക്തിപ്പെടുത്താനുള്ള നടപടികളുണ്ടാകണം. 5 ജി ഡിജിറ്റൽ ഇൻഫ്രാസ്ട്രക്ചർ വരാൻ പോകുകയാണ്. നമ്മൾ 3 ജി-യിൽനിന്ന് 4 ജി ആയി. നമ്മുടെ ഗവൺമെന്റ്

സേവനങ്ങൾ ഇപ്പോഴും എല്ലായിടത്തും 4 ജി ആയി മാറിയിട്ടില്ല. അതിനെ തകർക്കാൻ കേന്ദ്ര സർക്കാർതന്നെ എല്ലാ ഒത്താശയും ചെയ്ത് കൊടുക്കുന്നുണ്ട്. ആളുകളുടെ buying behaviour ഓൺലൈൻ ഉൾപ്പെടെയുള്ള സംവിധാനങ്ങളിലേയ്ക്ക് മാറുമ്പോൾ, ആ വേഗതയിൽ ഓടിയെത്താൻ ലോ കോസ്റ്റ് ഇന്റർനെറ്റ് ഫെസിലിറ്റി അതാത് ഗ്രാമങ്ങളിലേയ്ക്ക് എത്തിക്കുകയും അത് എല്ലായിടത്തും ഒരേ സമയം ഒരുപോലെ വരികയും ചെയ്യില്ലായെന്ന അവസ്ഥ വന്നാൽ വീണ്ടും അതവരെ ബാധിക്കുന്ന സ്ഥിതിയുണ്ടാകും. ഈ പ്രതിസന്ധിയിൽനിന്ന് കരകയറാനായി ചെറുകിട സ്ഥാപനങ്ങളെ എത്രത്തോളം സഹായിക്കാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. ഇപ്പോൾ നിയന്ത്രണങ്ങൾ പിൻവലിക്കുന്നുണ്ട്. ആ നിയന്ത്രണ കാലയളവിൽ അവർ എത്ര ദൂരം പുറകിലായിയെന്നും അതിനെ എങ്ങനെ തരണം ചെയ്യാൻ കഴിയുമെന്നുള്ളതും മനസ്സിലാകണമെങ്കിൽ സെക്ടർ വൈസ് പഠിക്കാതെ കഴിയുമോ? കഴിഞ്ഞ ദിവസം കൊല്ലത്തും കുണ്ടറയിലും നിന്നൊക്കെയുള്ള കോൺട്രാക്ട് ക്യാരേജ് ഓപ്പറേറ്റേഴ്സ് അസോസിയേഷനിലെ ആളുകൾ വന്നിരുന്നു. എല്ലാ എം.എൽ.എ.-മാരെയും അവർ കണ്ടു. വളരെ ലളിതമായിരുന്നു അവരുടെ ചോദ്യം. എസ്.ടി.എ. ബോർഡ് മീറ്റിംഗ് അനുസരിച്ച് ഒരു വണ്ടിക്ക് കളർകോഡ് മാറ്റണമെന്ന് അവരോട് പറഞ്ഞിരിക്കുകയാണ്. ജി-ഫോമിൽ നിൽക്കുന്ന ഒരു വണ്ടി ഇനി പുറത്തിറങ്ങണമെങ്കിൽ ബാറ്ററി മാറ്റുന്നതിനായി ഇരുപത്തിനാലായിരം രൂപ, ഇൻഷ്വറൻസ് അടയ്ക്കുന്നതിന് എഴുപത്തയ്യായിരം രൂപ, മെക്കാനിക്കൽ ജോലിക്കും മറ്റുമായി മുപ്പതിനായിരത്തോളം രൂപ, ടയർ മാറ്റണമെങ്കിൽ മുപ്പത്തിമൂവായിരത്തോളം രൂപ, CF ഫീസായി അയ്യായിരം രൂപ, ജി.പി.എസ്. ഏർപ്പാട് ചെയ്യുന്നതിനായി എണ്ണായിരത്തി അഞ്ഞൂറ് രൂപ എന്നിങ്ങനെയാണ് ചെലവ് വരുന്നത്. ഇതിനെല്ലാം പുറമെ കളർകോഡ് മാറ്റുന്നതിന്റെ പേരിൽ എൺപതിനായിരം രൂപകൂടി അവർ അടയ്ക്കേണ്ടിവരും. അവർക്ക് തിരിച്ച് സർവ്വീസിലേയ്ക്ക് വരണമെങ്കിൽ ഏറ്റവും ചുരുങ്ങിയത് രണ്ടര-മൂന്ന് ലക്ഷം രൂപ ഇപ്പോൾ ചെലവാക്കണം. എങ്ങനെയാണിത് ചെലവാക്കാൻ കഴിയുക? കഴിഞ്ഞ ഒരു വർഷം അവർക്ക് ട്രിപ്പുകൾ ഉണ്ടായിരുന്നില്ല. നികുതിയിളവ് പോലും ചെറിയൊരു സമയത്തേയ്ക്ക് കൊടുത്തുവെന്നുള്ളതല്ലാതെ അവർക്ക് എന്താണ് വരുമാനമുള്ളത്? ഇത്തരം തീരുമാനങ്ങളെടുക്കുമ്പോൾ ഓരോ സെക്ടറിനെയും അത് എങ്ങനെ ബാധിക്കുമെന്ന് പഠിച്ച് അവരുമായി ചർച്ച ചെയ്ത് ധനകാര്യ വകുപ്പുമായി ചേർന്നെടുക്കേണ്ട തീരുമാനങ്ങൾക്ക് പകരം എല്ലാം റീ-ഓപ്പൺ ചെയ്തു. അങ്ങനെ റീ-ഓപ്പൺ ചെയ്ത് ഓടാൻ തുടങ്ങുമ്പോൾ വാഹനങ്ങൾക്ക് ഇന്ന കളർ വേണമെന്ന തീരുമാനം അടിച്ചേൽപ്പിച്ചാൽ എങ്ങനെ ശരിയാകും? ഇക്കാര്യത്തിൽ സെക്ടർവൈസ് പഠനം നടത്താൻ ഗവൺമെന്റ് തയ്യാറാകണം. ഈ പിരീഡിൽ ഓരോ വ്യവസായ മേഖലയും എങ്ങനെയാണ് ഹിറ്റ് ചെയ്യപ്പെട്ടിട്ടുള്ളത്;

ആർക്കൊക്കെയാണ് വലിയ അപകടങ്ങൾ സംഭവിച്ചിട്ടുള്ളത്; ആർക്കൊക്കെയാണ് അതിജീവിക്കാൻ കഴിയുക; അതിന് എന്തൊക്കെ സഹായം ചെയ്യാൻ കഴിയും തുടങ്ങിയ കാര്യങ്ങളുൾപ്പെടെ സെക്ടർവൈസ് പഠിക്കാൻ തയ്യാറായിട്ടില്ലെങ്കിൽ കാര്യങ്ങൾ വലിയ അപകടത്തിലേയ്ക്കാണ് പോകുന്നത്. ഇ-ലോജിസ്റ്റിക് മാർക്കറ്റ് ഉൾപ്പെടെയുള്ള സംവിധാനങ്ങളിലെ സിംഗിൾ വിൻഡോ അവസരങ്ങൾ സാധാരണ ചെറുകിട സംരംഭങ്ങൾക്ക് ഉൾപ്പെടെ ഒരുക്കിക്കൊടുക്കാൻ ഗവൺമെന്റ് മുന്നിൽ നിൽക്കണം. അങ്ങനെയല്ലേ കേരളത്തിന്റെ ഒരു മോഡൽ. അങ്ങനെ ഗവൺമെന്റ് മുന്നിൽ നിൽക്കുമ്പോൾ അവർ അതിനെ ആശ്രയിക്കും. ആ ഡിപ്പെൻഡൻസിയിൽ അവർ വളർന്ന് വലുതായി വരുമ്പോൾ അതിന്റെ ഗുണം സംസ്ഥാനത്തിനാകുമെന്ന കാര്യത്തിൽ സംശയം വേണ്ട. വലിയ സംരംഭങ്ങളിലൊക്കെ ബിഗ് ഡാറ്റ ഉൾപ്പെടെയുള്ള സംവിധാനങ്ങൾ ഉപയോഗിക്കുകയാണ്. അവരുടെ ക്രെഡിറ്റ് അനാലിസിസ് പോലും ഇത്തരത്തിലുള്ള പ്രൊഫഷണൽ ഏജൻസികളാണ് ചെയ്യുന്നത്. മാർക്കറ്റിലേയ്ക്ക് പണമിറക്കി കഴിഞ്ഞാൽ ഒരു എം.എസ്.എം.ഇ.-യെ സംബന്ധിച്ചിടത്തോളം നാൽപ്പത്തിയഞ്ച് ദിവസത്തിനപ്പുറത്തേയ്ക്ക് ഹോൾഡ് ചെയ്യാൻ ഒരു കാരണവശാലും അവർക്ക് കഴിയില്ല. അതിനെ അനലൈസ് ചെയ്യാൻ കഴിയുന്നില്ല. സപ്ലൈ ചെയിനും ഈ സംവിധാനങ്ങളുമൊക്കെ ഉൾപ്പെടുന്ന ഇത്തരം റിസ്കുകളൊക്കെ പഠിച്ചിട്ടാണ് അവരൊക്കെ ഇൻവെസ്റ്റ് ചെയ്യുന്നത്. അതുൾപ്പെടെയുള്ള കാര്യങ്ങളിൽ ആൾട്ടർനേറ്റീവായി റിസ്ക് അസസ്മെന്റ് ഉൾപ്പെടെ ഇവർക്ക് നടത്തിക്കൊടുക്കാനൊന്നും നമ്മുടെ സംവിധാനം പര്യാപ്തമല്ല. പഴയ കാലത്തെപ്പോലെ ഒരു ജില്ലാ വ്യവസായ ഓഫീസും ഒരു ഓഫീസറുമാണ് നമുക്കുള്ളത്. അവിടെ ഒരു സംവിധാനം തുടങ്ങാൻ വരുമ്പോൾ അനുമതി കൊടുക്കണോ വേണ്ടയോ എന്നുള്ള റെഗുലേറ്ററി തീരുമാനം എന്നതിനപ്പുറത്തേയ്ക്ക് ഭാവിയിലേയ്ക്ക് വളരാൻ ഇവരെ പ്രോത്സാഹിപ്പിക്കുന്ന തരത്തിൽ ഇടപെടൽ നടത്തണമെങ്കിൽ തീർച്ചയായും ഇനിയും ഒരുപാട് കാര്യങ്ങൾ വേണം. ഇൻക്യുബേഷൻ സെന്ററുകൾ വേണം. നമ്മുടെ കുട്ടികളെ തൊഴിലവസരങ്ങൾ തേടുന്ന ജോബ് സീക്കേഴ്സ് മാത്രമാക്കാതെ ജോബ് ഹോൾഡേഴ്സാകാൻ പഠിപ്പിക്കണം. തൊഴിലിന് ആർക്കാണ് താൽപ്പര്യമെന്ന് ചോദിക്കുമ്പോൾ കൈ ഉയർത്തുന്ന കുട്ടികളാണ് അധികവും. സംരംഭകനാകാൻ താൽപ്പര്യം ആർക്കാണെന്ന് ചോദിക്കുമ്പോൾ അതിന് കൈ ഉയർത്താൻ ആളുണ്ടായാലേ ഭാവിയിൽ തൊഴിലവസരങ്ങൾ ഉണ്ടാകുകയുള്ളൂ. അങ്ങനെ ജോബ് ഹോൾഡേഴ്സായി മാറണമെങ്കിൽ ഇൻക്യുബേഷൻ സെന്ററുകൾ ജില്ലയിൽ സ്ഥാപിക്കണം. ആ സെന്ററുകളിൽ നേരത്തേ പറഞ്ഞ സൗകര്യങ്ങൾ കൊടുത്ത് അവരെ പ്രൊമോട്ട് ചെയ്യുകയും സപ്പോർട്ട് ചെയ്യുകയും വേണം. അവിടെ സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറീസ്; കെട്ടിടങ്ങളും ഷെഡ്ഡുകളും ഗവൺമെന്റിന്റെ

പാർക്കുകളും നിർമ്മിച്ചുനൽകി ലോ കോസ്റ്റിൽ സംരംഭത്തിലേയ്ക്ക് ആദ്യമായി ചുവടുവയ്ക്കാൻ കഴിയണം. എങ്കിൽ മാത്രമേ അവർക്ക് വരാനും വളരാനും നിലനിൽക്കാനും കഴിയുകയുള്ളൂ. തലതിരിഞ്ഞ തീരുമാനങ്ങളുടെയും നോട്ട് നിരോധനത്തിന്റെയും ജി.എസ്.ടി.-യുടെയും കോവിഡിന്റെയും വെള്ളപ്പൊക്കത്തിന്റെയുമെല്ലാം പ്രതിസന്ധിയിൽ കഴിയുന്ന വ്യാപാരികൾക്കും വ്യവസായികൾക്കും ചെറുകിട സ്ഥാപനങ്ങൾക്കും നിലനിൽക്കാനും വളരാനുമുള്ള സാഹചര്യമൊരുക്കേണ്ട ഉത്തരവാദിത്വം സ്വാഭാവികമായും ഗവൺമെന്റിന് തന്നെയാണ്. ആ ഉത്തരവാദിത്വങ്ങൾ നിറവേറ്റുന്ന പദ്ധതികളെ സംബന്ധിച്ച ഗൗരവതരമായ നിർദ്ദേശങ്ങൾ ഇല്ലാത്തതിന്റെ പേരിൽ ഈ ഓർഡിനൻസിനെതിരെയുള്ള നിരാകരണ പ്രമേയത്തെ ഞാൻ പിന്താങ്ങുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി ചുമതലപ്പെടുത്തിയതുപ്രകാരം <u>ശ്രീ. നജീബ് കാന്തപുരം</u>: സർ, 2021-ലെ കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 10-4-2022 വരെ സർക്കുലേറ്റ് ചെയ്യണമെന്ന 1(എ) ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. കോവിഡ് സൃഷ്ടിച്ച അതിഭീകരമായ തകർച്ചകളെ മറികടക്കാൻവേണ്ടി വലിയ ഗൃഹപാഠം ചെയ്യേണ്ട ഒരു സമയമാണിത്. വലിയ സാമ്പത്തിക പ്രതിസന്ധി, കടുത്ത തൊഴിൽനഷ്ടം എന്നിവ യുവാക്കളെ വൻ പ്രതിസന്ധിയിലേയ്ക്ക് എത്തിച്ചിരിക്കുകയാണ്. ഇതിനെ മറികടക്കാൻ സർക്കാർ ഉണർന്നിരിക്കേണ്ട ഈ ഘട്ടത്തിൽ കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ (ഭേദഗതി) ബിൽ ഇവിടെ അവതരിപ്പിക്കുമ്പോൾ അതിൽ എന്ത് സന്ദേശമാണ് ഈ സർക്കാർ നൽകാൻ ആഗ്രഹിക്കുന്നതെന്നറിയാൻ താൽപര്യമുണ്ട്. കേരളം പുകക്കുഴൽ വ്യവസായത്തിന്റെ ഒരു നാടല്ല, അതിന് യോജിച്ച സ്ഥലവുമല്ല, നമുക്ക് കൂറ്റൻ വ്യവസായശാലകൾ ഒരിക്കലും യോജിക്കില്ല എന്നൊക്കെ നമ്മൾ എല്ലാസമയത്തും പറയാറുള്ളതാണ്. അതൊക്കെ ശരിയാണ്. ഇതിന്റെ പ്രതിസന്ധിക്ക് പരിഹാരം അതൊന്നുമല്ല. അതിനാലാണ് എം.എസ്.എം.ഇ.-കളെക്കുറിച്ച് ഗൗരവമായി ചിന്തിക്കണമെന്ന് നമ്മൾ തീരുമാനിക്കുന്നത്. പക്ഷെ ഇന്ന് സഭയിൽ വന്ന ഈ ബിൽ വളരെ നിരാശാജനകമാണെന്ന് പറയാതിരിക്കാൻ വയ്യ. ഈ സന്ദർഭത്തിൽ ഉയർന്നുവരുന്ന ചില വിവാദങ്ങളുണ്ട്, കേരളം വ്യവസായ അനുകൂല സംസ്ഥാനമല്ലെന്ന് വരുത്തിത്തീർക്കാനുള്ള ശ്രമമാണ് നടക്കുന്നത്. നമ്മൾ അതിനോട് യോജിക്കുന്നില്ല, അത് ഏറ്റെടുക്കാൻ ശ്രമിച്ചിട്ടുമില്ല. കേരളത്തിന്റെ പൊതുവായ വികസനവും മുന്നോട്ടുള്ള പ്രയാണവുമാണ് അപ്പുറത്തും ഇപ്പുറത്തും ഇരിക്കുന്ന എല്ലാവരുടെയും താൽപര്യം. അതുകൊണ്ട് അത്തരത്തിലുള്ള ഒറ്റപ്പെട്ട ശബ്ദങ്ങളെ ആരും മുഖവിലയ്ക്കെടുത്തിട്ടുമില്ല. പക്ഷെ ഞാൻ വളരെ ന്യായമായി സംശയിക്കുന്ന ഒരു കാര്യം എം.എസ്.എം.ഇ.-യുമായി അനുബന്ധമുള്ള, അതിന്റെ

ഭേദഗതിയുമായി ബന്ധപ്പെട്ട ഈ ബിൽ യഥാർത്ഥത്തിൽ എം.എസ്.എം.ഇ.-യ്ക്ക് ചരമഗീതം ആലപിക്കുന്ന സ്ഥിതിവിശേഷമാണ് ഉണ്ടാക്കുന്നത്. രാവിലെ ബഹുമാന്യനായ വ്യവസായ വകുപ്പുമന്ത്രി സംസാരിച്ചപ്പോൾ എം.എസ്.എം.ഇ. ഭേദഗതി ബിൽ ഇവിടെ കൊണ്ടുവരുന്നതിന്റെ പശ്ചാത്തലത്തെക്കുറിച്ച് പറയുകയുണ്ടായി. അദ്ദേഹം പറഞ്ഞത്, കേന്ദ്ര നിയമത്തിലെ ഒരു ഭേദഗതിക്ക് അനുകൂലമായിട്ടാണ് നമ്മളും ഈ ഭേദഗതി അവതരിപ്പിക്കുന്നതും ഈ പുതിയ നിയമം ഉണ്ടാക്കുന്നതുമെന്നാണ്. പക്ഷെ ഇപ്പോൾ എം.എസ്.എം.ഇ.-യുടെ നിലനിൽപ്പ് തന്നെ തകർക്കുന്ന തരത്തിലാണ് അതിന്റെ ഭേദഗതിപോലും നിർദ്ദേശിക്കപ്പെട്ടിരിക്കുന്നത്. എം.എസ്.എം.ഇ.-കളുടെ പരിധിയിൽ വരേണ്ട വ്യവസായ സ്ഥാപനങ്ങൾക്കൊപ്പം പുതിയ വൻകിട വ്യവസായങ്ങളെക്കൂടി ഇതിന്റെ ഭാഗമാക്കുന്ന തരത്തിലേയ്ക്ക് ഈ നിയമം കൊണ്ടുവരികയാണെങ്കിൽ സ്വാഭാവികമായും തകർന്നുപോകുന്നത് എം.എസ്.എം.ഇ.-കൾക്കുവേണ്ടി നമ്മൾ ആഗ്രഹിച്ച പുതിയ വികസന സ്വപ്നമാണ്. കാരണം, കേരളത്തിലെ ഒരുപാട് യുവാക്കൾ സ്റ്റാർട്ടപ്പുകൾ തുടങ്ങുന്നുണ്ട്, പുതിയ വികസന സാദ്ധ്യതകളുള്ള വ്യവസായ പദ്ധതികളെക്കുറിച്ച് ആലോചിക്കുന്നുണ്ട്. പ്രത്യേകിച്ച്, ഇവിടെ ശ്രീ. എ. കെ. എം. അഷ്റഫ് സൂചിപ്പിച്ചതുപോലെ ഒരുപാട് പ്രവാസികൾ തിരിച്ചുവരുന്നത് വ്യവസായ സംരംഭങ്ങളെക്കുറിച്ചുള്ള സ്വപ്നവുമായാണ്. ആ സ്വപ്നങ്ങളെല്ലാം ചേർത്തുവയ്ക്കുന്നത് എം.എസ്.എം.ഇ.-കളിലാണ്. വൻകിട നിക്ഷേപങ്ങളുമായി വരുന്ന സ്ഥാപനങ്ങളെയല്ല നമ്മൾ പ്രതീക്ഷിക്കുന്നത്. ഈ ബില്ലിന്റെ പ്രത്യേകത എന്നുപറയുന്നത്, വകുപ്പിന്റെ ഭേദഗതിയുമായി ബന്ധപ്പെട്ട് പറയുന്ന സ്ഥലത്തുതന്നെ ചേർക്കുന്നത് 'സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങളും ഇതര വ്യവസായ സ്ഥാപനങ്ങളും' എന്നാണ്. അതോടുകൂടി എന്തിനുവേണ്ടിയാണോ ഈ നിയമനിർമ്മാണം നടത്തുന്നത് അതിന്റെ യഥാർത്ഥ സ്പിരിറ്റുതന്നെ ചോർന്നുപോകുകയാണ്. എം.എസ്.എം.ഇ.-കൾക്കുവേണ്ടി ഒരു നിയമം കൊണ്ടുവരികയും ആ നിയമത്തിൽതന്നെ ഇതര വ്യവസായ സ്ഥാപനങ്ങൾ എന്ന് ചേർക്കുകയും ആ വ്യവസായ സ്ഥാപനങ്ങളുടെ മൂലധനവുമായി ബന്ധപ്പെട്ട് എത്ര രൂപയുടെ നിക്ഷേപമെന്നുപോലും പരിധി നിശ്ചയിക്കാതിരിക്കുകയും ചെയ്യുമ്പോൾ യഥാർത്ഥത്തിൽ ഇത് ആർക്കുള്ള ചരമഗീതമാണ് എന്നറിയാൻ താൽപര്യമുണ്ട്. മാത്രമല്ല, ഇതിന്റെ വളരെ പ്രധാനപ്പെട്ട ഒരു വശമെന്ന് പറയുന്നത് ഉദ്യോഗസ്ഥരുടെ ഒരു കൂട്ടായ്മ ഇതിന്റെ ഒരു ബ്യൂറോ ആയി ഉണ്ടാകുമെന്നാണ് ഈ നിയമത്തിൽ പറയുന്നത്. ഇതിന്റെ എല്ലാ കാര്യങ്ങളും നിയന്ത്രിക്കുന്നത് ബ്യൂറോ ആയിരിക്കും. ആ ബ്യൂറോയിൽ ഒരുപാട് ഉദ്യോഗസ്ഥരുടെ പേര് പറയുന്നുണ്ട്. ഇത്തരത്തിൽ ഉദ്യോഗസ്ഥരുടെ ഒരു കൺസോർഷ്യമുണ്ടാക്കുന്നത് മറ്റൊരു അഴിമതിക്കുള്ള വാതിൽ തുറക്കാനാണോയെന്ന് സ്വാഭാവികമായും സംശയിക്കാവുന്ന

ചില സാഹചര്യങ്ങളുണ്ട്. തീർച്ചയായും ബഹുമാനപ്പെട്ട മന്ത്രി അതിനെക്കുറിച്ച് പരാമർശിക്കുമെന്ന് ഞാൻ പ്രതീക്ഷിക്കുകയാണ്. കാരണം, 2019-ൽ അന്നത്തെ വ്യവസായ വകുപ്പുമന്ത്രി ശ്രീ. ഇ. പി. ജയരാജൻ എം.എസ്.എം.ഇ. സെക്ടറിലെ വ്യവസായങ്ങൾക്കുവേണ്ടി, അവരെ മാത്രം അഡ്രസ്സ് ചെയ്യുന്നതിനുവേണ്ടി ഒരു ബിൽ കൊണ്ടുവന്നു. ആ ബിൽ തന്നെയാണോ ഇത്? യഥാർത്ഥത്തിൽ ആ ബില്ലിൽ എന്തായിരുന്നോ മുൻമന്ത്രി ഉദ്ദേശിച്ചത് അതിന്റെ തലകീഴായിട്ടുള്ള വായനയാണ് ഈ ഓർഡിനൻസ് വഴി മനസ്സിലാക്കാൻ സാധിക്കുന്നത്. 2021-ലെ കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ എന്നതിനൊപ്പം ഇതര വ്യവസായ സ്ഥാപനങ്ങളും എന്നുകൂടി ചേരുന്നതോടെയാണ് ഈ പറഞ്ഞ പ്രതിസന്ധിയുണ്ടാകുന്നത്. അതോടുകൂടി എം.എസ്.എം.ഇ.-കൾക്കുള്ള ഒരു exclusivity നഷ്ടമായ സാഹചര്യമാണുള്ളത്. അതുകൊണ്ട് ബഹുമാന്യനായ മന്ത്രി ഈ വിഷയം സബ്ജക്ട് കമ്മിറ്റിക്ക് വിടുമ്പോൾ വളരെ സൂക്ഷ്മമായ ഒരു വിചിന്തനം ഇക്കാര്യത്തിലുണ്ടാകണം. മറ്റൊരു പ്രധാനപ്പെട്ട കാര്യം. ഈ കമ്മിറ്റിയുടെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറും കൺവീനറും കെ.എസ്.ഐ.ഡി.സി.-യുടെ എം.ഡി.-യാണെന്നാണ് വ്യവസ്ഥ ചെയ്യുന്നത്. വ്യവസായ സ്ഥാപനങ്ങൾക്ക് വായ്പ നൽകുന്ന ഒരു സ്ഥാപനമാണ് കെ.എസ്.ഐ.ഡി.സി. എന്ന് ഓർക്കണം. അപ്പോൾ സ്വാഭാവികമായും സംഭവിക്കുന്നതെന്താണ്? എം.എസ്.എം.ഇ.-കൾക്കുവേണ്ടി മാത്രമായി ലിമിറ്റ് ചെയ്തിട്ടുള്ള സംവിധാനത്തിൽ ഇതര വ്യവസായ സ്ഥാപനങ്ങളുടെ പേരിൽ വൻകിടക്കാർക്ക് വായ്പയെടുക്കാനുള്ള സംവിധാനംകൂടി സാദ്ധ്യമാകുന്ന ഒരു അപകടം ഇതിന് പുറകിലുണ്ടെന്ന് തെറ്റിദ്ധരിച്ചാൽ കുറ്റംപറയാനാകില്ല. വളരെ പ്രധാനപ്പെട്ടൊരു കാര്യം നമ്മൾ മനസ്സിലാക്കേണ്ടത്, ഇതിൽ കെ.എസ്.ഐ.ഡി.സി.-യുടെ എം.ഡി., കിൻഫ്രയുടെ എം.ഡി., കെ-ബിപ്പ്-ലെ സി.ഇ.ഒ. എന്നിവരുണ്ടെന്നതാണ്. പ്രയോജനകരമായ ഒരു കാര്യം വ്യവസായ വാണിജ്യ ഡയറക്ടറെക്കൂടി ഉൾപ്പെടുത്തിയിട്ടുണ്ട് എന്നതാണ്. പക്ഷെ എം.എസ്.എം.ഇ.-കൾക്ക് മാത്രമുള്ള ഒരു പൊതുമേഖലാ സ്ഥാപനമായ സിഡ്കോയുടെ പ്രതിനിധി ഇതിലില്ല എന്നുള്ളത് വലിയൊരു പ്രശ്നമായി തോന്നുകയാണ്. ബഹുമാന്യനായ മന്ത്രി ഇത്രയധികം പഴുതുകളുള്ള ഒരു ഭേദഗതിയാണ് ഈ ബിൽ വഴി കൊണ്ടുവന്നിരിക്കുന്നതെന്നത് യഥാർത്ഥത്തിൽ ഞെട്ടിപ്പിക്കുന്നതാണ്. ഇത് വ്യാപകമായി ദുരുപയോഗം ചെയ്യാൻ സാദ്ധ്യതയുള്ള ഒരു ബില്ലാണെന്ന് പറയുന്നതിനോടൊപ്പംതന്നെ എം.എസ്.എം.ഇ.-കൾക്കുള്ള ഫോക്കസ് കൂടി നഷ്ടപ്പെട്ടുപോകുന്ന എന്നുള്ളത് ഞാനിവിടെ ഉന്നയിക്കുകയാണ്. 1997-ലെ കേരളത്തിലെ സിംഗിൾ വിൻഡോ ക്ലിയറൻസ് ബോർഡ് രൂപീകരണത്തെക്കുറിച്ച് ഈ ബില്ലിൽ പരാമർശം വന്നതുകൊണ്ടുമാത്രം ഞാനൊരു കാര്യം പറയുകയാണ്. സംസ്ഥാനത്തെ മുഴുവൻ

വ്യവസായ എസ്റ്റേറ്റുകളും ഈ 22 വർഷത്തിനിടയിൽ സിംഗിൾ വിൻഡോ ക്ലിയറൻസ് നോട്ടിഫൈഡ് ചെയ്തിട്ടുള്ള ഭൂമിയായിട്ടില്ല. അത് നമ്മൾ ശ്രദ്ധിക്കേണ്ട ഒരു കാര്യമാണ്. അതിനുള്ള അപേക്ഷകൾ വ്യവസായ വകുപ്പിൽ ഇപ്പോഴും വിശ്രമിക്കുകയാണ്. ഇതിൽ തീർപ്പുണ്ടാക്കാൻ കഴിയാത്ത ഒരു ഉദ്യോഗസ്ഥ സംവിധാനത്തെ ബ്യൂറോ എന്ന് പേര് നൽകി ഇതിന്റെ മുകളിൽ വയ്ക്കുമ്പോൾ എന്താണ് യഥാർത്ഥത്തിൽ സംഭവിക്കുക എന്നുകൂടി ആലോചിക്കേണ്ടതാണ്. കാര്യമായ ശ്രദ്ധ ഇക്കാര്യത്തിൽ വേണം. കഴിഞ്ഞ നിയമസഭാ പ്രസംഗത്തിൽത്തന്നെ ഞാൻ ഈ വിഷയം സംബന്ധിച്ച് പരാമർശിച്ചിരുന്നു. എം.എസ്.എം.ഇ.-കൾക്കു വേണ്ടി മാത്രമായി ഒരു ഡയറക്ടറേറ്റ് രൂപീകരിക്കുക എന്നത് വളരെ പ്രധാനമാണ്. ഈ ബിൽ സബ്ജക്ട് കമ്മിറ്റിക്ക് വരുമ്പോൾ തീർച്ചയായും അത്തരത്തിലൊരു നിർദ്ദേശംകൂടി ഇതിൽ ഉൾപ്പെടുത്തണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. ഈയിടെ വ്യവസായങ്ങൾക്ക് കാറ്റഗറി തിരിച്ച ഒരു സാഹചര്യമുണ്ടായിരുന്നു. പല ചെറിയ സംരംഭങ്ങളും റെഡ് കാറ്റഗറിയിലാണെന്നാണ് പറയുന്നത്. റെഡ് കാറ്റഗറി സംരംഭങ്ങൾ പ്രത്യേകം വിജ്ഞാപനം ചെയ്തില്ലെങ്കിൽ പ്രശ്നങ്ങൾ വീണ്ടും ഗുരുതരമാകുന്ന സാഹചര്യമുണ്ടാകുമെന്ന് ബഹുമാനപ്പെട്ട മന്ത്രിയെ ഓർമ്മപ്പെടുത്തുകയാണ്. അതുപോലെ സ്വകാര്യ സ്ഥാപനങ്ങൾക്ക് സ്വകാര്യമായി ചുമട്ടുതൊഴിലാളികളെ നിയമിക്കാമെന്ന് ഹൈക്കോടതി വിധി വന്നിരുന്നു. നമ്മൾ ഒരുപാട് പ്രതിസന്ധികൾ ഇപ്പോഴും നേരിടുകയാണ്. ഇതിന്റെയെല്ലാം അന്തസ്സത്ത സർക്കാർ ഉൾക്കൊള്ളണം. ഈ നിയമം എം.എസ്.എം.ഇ.-കുവേണ്ടി മാത്രമുള്ളതാകണം എന്നതാണ് പ്രധാനം. അതിൽ വെള്ളം ചേർക്കരുത്. അടുത്തിടെ ഉണ്ടായിട്ടുള്ള ഈ വിവാദങ്ങളിൽനിന്നും തടിയൂരാൻവേണ്ടിയുള്ള ഒറ്റമൂലിയായി ഈ ബില്ലിനെ കാണരുതെന്ന് സദയം ആവശ്യപ്പെടുകയാണ്. അവധാനതയോടുകൂടി ഈ വിഷയത്തെ സമീപിക്കാൻ കഴിയണം. ഇതിൽ ദുരഭിമാന പ്രശ്നം ഉണ്ടാകേണ്ടതില്ല. ബഹുമാനപ്പെട്ട മന്ത്രി വിശാല മനസ്സോടുകൂടി ഇനിയും സഭയിലേയ്ക്ക് തിരിച്ചുവരേണ്ട ഒരു ബില്ലെന്ന നിലയിൽ ഇതിനെ കൂടിയാലോചനകൾക്കും കൂടുതൽ ചർച്ചകൾക്കും വിധേയമാക്കേണ്ടതുണ്ട്.

[അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. ജോബ് മൈക്കിൾ]

Micro, Small and Medium Enterprises (MSME)-ന് ഒരു ഡയറക്ടറേറ്റ് വേണമെന്നത് ബിൽ ഒരു ആക്ടായി വരുമ്പോഴുണ്ടാകണമെന്ന് പ്രതീക്ഷിക്കുകയാണ്. നമ്മുടെ സമീപ സംസ്ഥാനത്ത് വലിയ തോതിൽ വ്യവസായ സൗഹൃദ സമീപനങ്ങൾ നടക്കുന്നുണ്ട്. അതിനെ കൂടുതൽ സ്വാംശീകരിക്കാനും പോസിറ്റീവായി എടുക്കാനും കഴിയണം. ഏതെങ്കിലും ഒരു കമ്പനി കേരളം വിട്ടുപോകുന്നതുകൊണ്ട്

ആകാശമിടിഞ്ഞുപോകുന്ന ഒരു കാര്യവും ഇവിടെയില്ല. അത്തരം കമ്പനികൾക്ക് മുമ്പിൽ സർക്കാർ മുട്ടുമടക്കരുതെന്ന ശക്തമായ നിലപാട് ആവർത്തിച്ചുകൊണ്ടു തന്നെ ഞാൻ പറയട്ടെ, സംസ്ഥാനത്ത് ഉദ്യോഗസ്ഥർ കൊണ്ടുവരുന്ന red tapism ഉണ്ട്. നമ്മൾ എത്ര വലിയ single window-കളെക്കുറിച്ച് പറയുമ്പോഴും പൊതുജനങ്ങൾക്ക് മുമ്പിൽ ആ വാതിലും ജനലുമൊക്കെ ഇപ്പോഴും അടഞ്ഞു കിടക്കുകയാണെന്ന യാഥാർത്ഥ്യം തിരിച്ചറിയാൻ ബഹുമാന്യനായ മന്ത്രി തയ്യാറാകണമെന്ന് അഭ്യർത്ഥിക്കുകയാണ്. കേരളം ഒരു സംരംഭകത്വ സൗഹൃദ സംസ്ഥാനമായി ബ്രാന്റ് ചെയ്യേണ്ടത് അപ്പുറത്തും ഇപ്പുറത്തുമുള്ളവരുടെ ആവശ്യമാണ്. നാടിന്റെ വികസനം നമ്മുടെ പൊതു ആവശ്യമാണ്. ആ തലത്തിൽതന്നെ നമുക്കതിനെ മുന്നോട്ടുകൊണ്ടുപോകാൻ സാധിക്കണം. തീർച്ചയായും അത്തരത്തിലുള്ള വളർച്ച എല്ലാ മേഖലയിലുമുണ്ടാകണം. ഒരു വലിയ നവജാഗരണത്തിന്റെ സമയമാണ്. കോവിഡാനന്തരം വലിയ ഉയർത്തെഴുന്നേൽപ്പും ഉണർവ്വുമുണ്ടാകുന്ന ഒരു ഘട്ടമാണ്. ഈ ഘട്ടത്തെ ഏറ്റവും പോസിറ്റീവായി ഉൾക്കൊണ്ട് സംസ്ഥാനത്തിന് അനുഗുണമായ ഒരു മാറ്റമുണ്ടാക്കാൻ കഴിയണം. അതിനുള്ള ചർച്ച നടക്കുന്നതിനിടയിൽ ചില നിക്ഷിപ്ത താൽപ്പര്യങ്ങൾ ഒളിച്ചുകടത്താനുള്ള ചില പ്രവണത നടക്കുന്നുവെന്നുള്ളത് സങ്കടകരമാണ്. നേരത്തെ ബഹുമാന്യനായ പി. പി. ചിത്തരഞ്ജൻ ഇവിടെ സൂചിപ്പിച്ചതുപോലെ മുസ്ലീംലീഗിലെ ഒരു പോഷക സംഘടനയെക്കുറിച്ചുള്ള വിവാദം സുപ്രധാനമായ ഒരു ബിൽ ചർച്ച ചെയ്യുന്ന ഘട്ടത്തിൽ ഒളിച്ചുകടത്താൻ ശ്രമിക്കുന്നുവെന്ന് പറയുന്നത് എത്ര വില കുറഞ്ഞ കാര്യമാണ്. അപ്പുറത്തിരിക്കുന്ന ആളുകളോട് എനിക്ക് ചോദിക്കാനുള്ളത്, പെർഫോമിംഗായ വനിതകളുടെ കാര്യത്തിൽ നിങ്ങളുടെ നിലപാട് എന്താണ്? ആ നിലപാടിന്റെ ഇരയാണ് ശ്രീമതി കെ. കെ. ശൈലജ ടീച്ചർ എന്നുമാത്രമേ ഞാൻ ഈ ചർച്ചയിൽ പറയാൻ ആഗ്രഹിക്കുന്നുള്ളൂ. കാരണം, പെർഫോം ചെയ്യുന്ന സ്ത്രീകളെ നിങ്ങൾ എവിടെയാണ് ഇരുത്തുകയെന്ന് ഈ മന്ത്രിസഭയിലൂടെ നിങ്ങൾ തെളിയിച്ചിട്ടുണ്ട്. മാത്രമല്ല, Kerala Tourism Development Corporation -ന്റെ മേധാവി ആരാണെന്ന് ബഹുമാന്യനായ അംഗത്തിനറിയാമല്ലോ. എങ്ങനെയാണ് അദ്ദേഹം ഇപ്പോഴും വളരെ ഗംഭീരമായി കുടിയിരുത്തപ്പെട്ടതെന്നും അറിയാമല്ലോ. ഞങ്ങളുടെ സംഘടനയിൽ ആരും അത്തരത്തിലുള്ള ഒരു ആരോപണവും ഉന്നയിച്ചിട്ടില്ല. അങ്ങനെയുള്ള ഒരു സാഹചര്യത്തിൽ ഞങ്ങളുടെ സംഘടനയ്ക്കകത്തുള്ള സംസാരത്തിനിടയിലെ ഒരു വാക്ക് അടർത്തിയെടുത്ത് പർവ്വതീകരിച്ച് നിങ്ങൾ ഇവിടെ പറയുമ്പോൾ അവനവന്റെ വീട്ടിലെ കാര്യംകൂടി നിങ്ങൾ ഓർക്കണമെന്ന് മാത്രമെ എനിക്ക് സൂചിപ്പിക്കാനുള്ളൂ.

മി. ചെയർമാൻ: അങ്ങ് അവസാനിപ്പിക്കണം.

ശ്രീ. നജീബ് കാന്തപുരം: സർ, ഞാൻ അവസാനിപ്പിക്കുകയാണ്. വളരെ പ്രധാനപ്പെട്ട ഒരു കാര്യം, നമ്മുടെ നാട്ടിലെ സംരംഭകത്വ നിലപാട് എന്നതും എല്ലാവർക്കും തുടങ്ങാൻ കഴിയുന്ന ഒരു സ്ഥാപനമെന്നതും എം.എസ്.എം.ഇ.-കൾ തന്നെയാണ്. ഇപ്പോൾ വലിയ സാമ്പത്തിക പ്രതിസന്ധിയാണ്. ആരുടെ കയ്യിലും വലിയ മൂലധനമില്ല; വായ്പകൾക്ക് വലിയ ബുദ്ധിമുട്ടാണ്. ഈ സമയത്ത് നമുക്ക് തുടങ്ങാൻ കഴിയുന്ന കേരളത്തിന് അനുഗുണമായ ഏറ്റവും നല്ല സംരംഭങ്ങൾ എം.എസ്.എം.ഇ.-കളാണ്. അതുകൊണ്ട് ബഹുമാന്യനായ മന്ത്രി ഇത് വീണ്ടും നിയമമായി കൊണ്ടുവരുമ്പോൾ എം.എസ്.എം.ഇ.-കൾക്കുവേണ്ടിയാകണം ഈ നിയമം, അല്ലാതെ എം.എസ്.എം.ഇ.-കളുടെ മറവിൽ കോടികളുടെ അഴിമതി നടത്താനാകരുത്. ഏതെങ്കിലും ഉദ്യോഗസ്ഥർ അവരുടെ താൽപ്പര്യത്തിനനുസരിച്ച് ഇതിൽ എഴുതി ചേർക്കാൻ ശ്രമിക്കുന്നത് ഈ നിയമത്തിന്റെ അജണ്ടയാക്കി തീർക്കരുതെന്ന് മാത്രം ഓർമ്മിപ്പിച്ചുകൊണ്ട് ഞാൻ നിർത്തുന്നു.

ശ്രീ. വാഴൂർ സോമൻ ചുമതലപ്പെടുത്തിയതുപ്രകാരം ശ്രീ. വി. ശശി: സർ, 2021-ലെ കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ (ഭേദഗതി) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന 2 (ബി) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങളുടെ പ്രവർത്തനം സുഗമമാക്കി വ്യവസായ സൗഹൃദമാക്കി മാറ്റാൻ വേണ്ടിയാണ് 2019-ലെ ബില്ലിലെ വ്യവസ്ഥകൾകൊണ്ട് ലക്ഷ്യമാക്കിയത്. സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായങ്ങൾ സ്ഥാപിക്കുന്നതിനാവശ്യമായ ചില അംഗീകാരങ്ങളിൽനിന്നും പരിശോധനകളിൽ നിന്നും ഒഴിവാക്കിയായിരുന്നു 2019-ലെ നിയമം സാധ്യമാക്കിയത്. സൂക്ഷ്മ-ചെറുകിട-ഇടത്തരം യൂണിറ്റുകൾക്കുപുറമെ മറ്റ് വ്യവസായ സ്ഥാപനങ്ങൾക്കും അപേക്ഷ സമർപ്പിച്ച് ഏഴ് ദിവസത്തിനുള്ളിൽ ലൈസൻസും വിവിധ അംഗീകാരങ്ങളും നൽകാനുള്ള ഭേദഗതിയാണ് 2020 ഒക്ടോബർ 4-ന് പുറപ്പെടുവിച്ച ഓർഡിനൻസിന്റെ ഉള്ളടക്കം. ആ ഓർഡിനൻസ് നിയമമാക്കാനാണ് ഇന്ന് ഈ ബിൽ സഭയിൽ പരിഗണിക്കുന്നത്. ഈ ഭേദഗതി ബില്ലിൽ 6(എ) വകുപ്പിലെ 1-ാം ഉപവകുപ്പ്- സംസ്ഥാനത്ത് ഇതര വ്യവസായ സ്ഥാപനങ്ങൾ സ്ഥാപിക്കുന്നതിന് സംസ്ഥാന നിയമങ്ങൾക്ക് കീഴിൽ ആവശ്യമായ വിവിധതരം അംഗീകാരങ്ങൾ ലഭ്യമാക്കു ന്നതിനാവശ്യമായ അപേക്ഷകൾ സത്വരമായി തീർപ്പ് കൽപ്പിക്കുന്നതിന് 'നിക്ഷേപം സുഗമമാക്കൽ ബ്യൂറോ' എന്ന പേരിൽ ഒരു ബ്യൂറോ വിജ്ഞാപനം വഴി രൂപീകരിക്കാൻ സർക്കാരിനെ അധികാരപ്പെടുത്തുന്നു. 6 (ബി) വകുപ്പിൽ- സംസ്ഥാനത്ത് ഇതര

വ്യവസായ സ്ഥാപനങ്ങൾ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്ന ഏതൊരാളും ബ്യൂറോയിലെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർക്ക് ഓൺലൈൻ പോർട്ടൽ മുഖേന സമർപ്പിക്കേണ്ട അപേക്ഷയുടെ ഫോറവും നൽകേണ്ട ഫീസും പ്രഖ്യാപനം നിർണ്ണയിക്കാനും അംഗീകാരം ലഭിച്ച് ഒരു വർഷത്തിനകം ഓരോ ഇതര വ്യവസായ സ്ഥാപനങ്ങളും ബന്ധപ്പെട്ട വ്യവസ്ഥകൾ പാലിച്ചിട്ടുണ്ടെന്ന് സാക്ഷ്യപ്പെടുത്തി ചീഫ് എക്സിക്യൂട്ടീവ് ഓഫീസർക്ക് സമർപ്പിക്കേണ്ട സാക്ഷ്യപത്രത്തിന്റെ ഫോറം നിർണ്ണയിക്കാനും അംഗീകാരം നൽകുന്നതിന് ബ്യൂറോ പാലിക്കേണ്ടതായ നടപടിക്രമങ്ങളും അതിന് സർക്കാരിനെ അധികാരപ്പെടുത്തുന്നതിനുള്ള വ്യവസ്ഥകളുമൊക്കെയാണ് പുതിയ ഭേദഗതികൊണ്ട് ഉദ്ദേശിക്കുന്നത്. എം.എസ്.എം.ഇ.-യോടൊപ്പം ഇതര വ്യവസായ സ്ഥാപനങ്ങളെയും പ്രോത്സാഹിപ്പിച്ച് കൂടുതൽ നിക്ഷേപവും ഉൽപ്പാദനവും തൊഴിലവസരങ്ങളും സൃഷ്ടിക്കുകയെന്നതാണ് സർക്കാർ ഈ ഭേദഗതിയിലൂടെ ലക്ഷ്യമാക്കുന്നത്. ബില്ലിന്റെ വിശദാംശങ്ങളെ സംബന്ധിച്ച് വീണ്ടും ചർച്ച ചെയ്യപ്പെടുമെന്നുള്ളതുകൊണ്ട് അതിലേയ്ക്ക് ഞാൻ കടക്കുന്നില്ല. നമ്മുടെ ദേശീയ സമ്പദ്‌വ്യവസ്ഥയുടെ നട്ടെല്ല് എം.എസ്.എം.ഇ.-കളാണെന്ന് പറയാം. ഉൽപ്പാദനവും ബിസിനസ്സും ധാരാളം തൊഴിലവസരങ്ങളും എം.എസ്.എം.ഇ. രാജ്യത്ത് സൃഷ്ടിക്കുന്നു, പ്രത്യേകിച്ചും ഗ്രാമീണ മേഖലകളിൽ. എം.എസ്.എം.ഇ. കോർപ്പറേറ്റുകളെപ്പോലെയല്ല. അതിന്റെ രൂപീകരണം വളരെ ലളിതമാണ്. സ്വയംതൊഴിൽ സാദ്ധ്യതകൾ വളരെ കൂടുതലാണ്. എം.എസ്.എം.ഇ. രാജ്യത്തെ ജി.ഡി.പി.-യുടെ 29 ശതമാനം സംഭാവന ചെയ്യുന്നുവെന്നാണ് കണക്കാക്കിയിട്ടുള്ളത്. എക്സ്പോർട്ട് രംഗത്ത് അൻപത് ശതമാനത്തോളം സംഭാവന ചെയ്യുന്നതും എം.എസ്.എം.ഇ.-കളാണ്. മാനുഫാക്ച്ചറിംഗ് സെക്ടറിൽ ഔട്ട്പുട്ടിന്റെ മൂന്നിലൊന്നും എം.എസ്.എം.ഇ.-യുടെ വകയാണ്. ഇതിൽനിന്നും എം.എസ്.എം.ഇ.-യുടെ വലിപ്പവും പ്രാധാന്യവും വ്യക്തമാണ്. എം.എസ്.എം.ഇ. സുസ്ഥിര വികസനത്തിന്റെ നെട്ടെല്ലാണെന്ന് ചുരുക്കം. ഈ രംഗത്തിന്റെ പ്രാധാന്യം മുന്നിൽ കണ്ടുകൊണ്ടുള്ള നയമാണ് സംസ്ഥാന സർക്കാർ സ്വീകരിച്ചുവരുന്നത്. ഈ നിയമനിർമ്മാണം തന്നെ അതിന്റെ ഭാഗമാണ്. ഈ രംഗത്ത് പത്ത് വർഷംകൊണ്ട് 3 ലക്ഷം ചെറുകിട വ്യവസായങ്ങളും 6 ലക്ഷം പുതിയ തൊഴിലവസരങ്ങളും സൃഷ്ടിക്കാനാണ് ലക്ഷ്യമിടുന്നതെന്ന് ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രി സൂചിപ്പിക്കുകയുണ്ടായി. ഇലക്ട്രോണിക്സ്, ഹാർഡ്‌വെയർ മേഖല, ഡിജിറ്റൽ ടെക്നോളജി രംഗം, കൃഷി അധിഷ്ഠിത മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ, ഭക്ഷ്യസംസ്കരണ മേഖല, സമുദ്രോൽപ്പന്ന സംസ്കരണ മേഖല, ഒരു ജില്ലയിൽ ഒരു ഉൽപ്പാദന പദ്ധതി തുടങ്ങി നിരവധി പദ്ധതികൾ എം.എസ്.എം.ഇ.-യുടെ ഭാഗമായി സർക്കാർ നടപ്പാക്കി വരികയാണ്. എം.എസ്.എം.ഇ.-യെ പ്രോത്സാഹിപ്പിക്കാൻ വിവിധ ഏജൻസികൾ

സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ട്. വ്യവസായ വാണിജ്യ വകുപ്പിന്റെ കീഴിൽ District Industries Centre (DIC)-ഉം കയർ വികസന വകുപ്പും കൈത്തറി വികസന വകുപ്പും അതുപോലെ ഖാദി ബോർഡും ഖാദി കമ്മീഷണറേറ്റും കുടുംബശ്രീ പ്രസ്ഥാനവും ത്രിതല പഞ്ചായത്തുകളുമുണ്ട്. നിരവധി ഏജൻസികളും സ്ഥാപനങ്ങളും ഈ രംഗത്ത് പ്രവർത്തിച്ചുവരുന്നുണ്ട്. വാസ്തവത്തിൽ വ്യവസായ വാണിജ്യ വകുപ്പ് പ്രധാനമായും അവരുടെ പ്രവർത്തനം കേന്ദ്രീകരിച്ചിരിക്കുന്നത് എം.എസ്.എം.ഇ.-യിലാണ്. വൻകിട വ്യവസായങ്ങളെയും മീഡിയം വ്യവസായ ങ്ങളെയും സാധാരണഗതിയിൽ കൈകാര്യം ചെയ്യുന്നത് കെ.എസ്.ഐ.ഡി.സി.-പോലെയുള്ള സ്ഥാപനങ്ങളാണ്. എം.എസ്.എം.ഇ.-ക്ക് പ്രത്യേകം ഡയറക്ടറേറ്റ് വേണമെന്ന് എനിക്കുമുമ്പ് സംസാരിച്ച അംഗം ചൂണ്ടിക്കാട്ടി. ആ ജോലി തന്നെയാണ് ഇന്ന് വ്യവസായ വാണിജ്യ വകുപ്പ് നിർവ്വഹിച്ചുവരുന്നതെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ഇതിൽ ഡി.ഐ.സി.-ക്ക് ഒരു പ്രത്യേക പങ്കുണ്ട്. എല്ലാ വകുപ്പുകളും കൈകാര്യം ചെയ്യുന്ന പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്ന പ്രവർത്ത നമാണ് ഡി.ഐ.സി. ഏറ്റെടുത്ത് നടപ്പിലാക്കി വരുന്നത്. കൈത്തറി, ഖാദി മേഖലകളിലും നേതൃത്വപരമായ പങ്ക് നിർവ്വഹിക്കുന്നത് വ്യവസായ വാണിജ്യ വകുപ്പാണ്. ഇതുകൂടാതെ കേന്ദ്ര സർക്കാരിന്റെ ഭാഗത്തുനിന്നും ധാരാളം പദ്ധതികൾ ഈ മേഖലയെ സഹായിക്കുന്നതിനുവേണ്ടി കേരളം ഉൾപ്പെടെയുള്ള എല്ലാ സംസ്ഥാനങ്ങളിലും നടപ്പിലാക്കിവരുന്നു. ഇതെല്ലാം കോ-ഓർഡിനേറ്റ് ചെയ്യുന്നത് ഡി.ഐ.സി. ആണ്. ആ രീതിയിൽ എം.എസ്.എം.ഇ.-യുടെ വികസനവുമായി ബന്ധപ്പെട്ട പദ്ധതികളുടെ വിഹിതം സംസ്ഥാനത്ത് എത്തിക്കുന്നതിൽ ഡി.ഐ.സി. വലിയ പങ്ക് നിർവ്വഹിച്ചുവരുന്നു. കേരളത്തിൽ അടുത്തകാലത്ത് ഗവൺമെന്റ് ശ്രദ്ധേയമായൊരു പദ്ധതി പ്രഖ്യാപിക്കുകയുണ്ടായി. 'ഒരു ജില്ലയ്ക്ക് ഒരു ഉല്പന്നം' എന്ന പദ്ധതി ഈ രംഗത്ത് പുതിയ കാഴ്ചപ്പാട് സൃഷ്ടിക്കുകയാണ്. ഒരു ജില്ലയിലെ സാദ്ധ്യതകളും അടിസ്ഥാന സൗകര്യങ്ങളുമായിരിക്കില്ല സാധാരണഗതിയിൽ മറ്റൊരു ജില്ലയിലുണ്ടാകുന്നത്. ഒരു ജില്ലയിലെ അടിസ്ഥാന സൗകര്യങ്ങളും സാദ്ധ്യതകളും കണക്കിലെടുത്തുകൊണ്ട് ആ ജില്ലയ്ക്ക് പ്രയോജന കരമായ രീതിയിൽ എം.എസ്.എം.ഇ. മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്ന വിഷയം ഗവൺമെന്റിന് പരിഗണിക്കാൻ കഴിയുന്നതാണോയെന്ന് പരിശോധിക്കണം. ഒരു ജില്ലയ്ക്ക് ഒരു ഉല്പന്നമെന്ന് പറയുന്നതുപോലെ ഒരു ജില്ലയ്ക്ക് ഒരു എം.എസ്.എം.ഇ. പ്ലാൻ എന്നുള്ള സാദ്ധ്യത പരിശോധിക്കണമെന്നാണ് അഭ്യർത്ഥിക്കാനുള്ളത്. ഈ ആശയം ഉൾക്കൊണ്ടുകൊണ്ട് ചിറയിൻകീഴ് നിയോജകമണ്ഡലത്തിൽ ഒരു പരിപാടി നടപ്പാക്കാൻ ശ്രമിക്കുകയാണ്. ആ മണ്ഡലത്തിലെ സാദ്ധ്യതകൾ കണക്കിലെടുക്കുമ്പോൾ ടൂറിസത്തിന് വളരെയധികം സാദ്ധ്യതയുള്ള പ്രദേശമാണ്.

കയർ വ്യവസായവും മത്സ്യ സമ്പത്ത് ഉൾപ്പെടെയുള്ള പ്രകൃതി വിഭവങ്ങളും അവിടെ ലഭ്യമാണ്. ടെക്നോപാർക്ക്, ടെക്നോസിറ്റി, സയൻസ് പാർക്ക് തുടങ്ങിയവയുടെ സാമീപ്യം ആ പ്രദേശത്തുണ്ട്. ഇതെല്ലാം ചിറയിൻകീഴ് നിയോജകമണ്ഡലത്തിൽ മാത്രം ഒതുങ്ങി നിൽക്കുന്ന സാദ്ധ്യതകളായതിനാൽ അവിടേയ്ക്ക് എം.എസ്.എം.ഇ.-പോലുള്ള പ്രവർത്തനത്തിനുള്ള സാദ്ധ്യതകളെ അതിന്റേതായ രീതിയിൽ വിലയിരുത്തി ഒരു പദ്ധതി തയ്യാറാക്കുന്നത് ഫലപ്രദമായിരിക്കുമെന്ന കാഴ്ച്ചപ്പാടാണ് അങ്ങനെയൊരു ആശയത്തിന് രൂപം നൽകാൻ ഞങ്ങളെ പ്രേരിപ്പിച്ചത്. ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കി അതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന സർക്കാരിന്റെയും ത്രിതല പഞ്ചായത്തുകളുടെയും കേന്ദ്ര സർക്കാരിന്റെയും മറ്റ് ധനകാര്യ സ്ഥാപനങ്ങളുടെയും മറ്റുവികസന കോർപ്പറേഷനുകളുടെയും പദ്ധതികൾ ഏതുരീതിയിൽ നമ്മുടെ പ്രദേശത്ത് സംയോജിപ്പിച്ച് അവിടെ വ്യവസായ സംരംഭങ്ങൾ ആരംഭിക്കാൻ സാധിക്കുമോയെന്നാണ് ഞങ്ങൾ വിലയിരുത്തുന്നത്. എന്റെ സുഹൃത്തും കാട്ടാക്കട നിയോജകമണ്ഡലത്തിലെ എം.എൽ.എ.-യുംകൂടിയായ ശ്രീ. ഐ. ബി. സതീഷ് ഇതേ ആശയത്തോടുകൂടി അവിടെയൊരു പദ്ധതി നടപ്പാക്കാൻ ശ്രമിക്കുന്നതായി അറിയാൻ സാധിച്ചു. സംസ്ഥാന അടിസ്ഥാനത്തിൽ ജില്ല തിരിച്ചുള്ള മാസ്റ്റർ പ്ലാൻ എം.എസ്.എം.ഇ.-യ്ക്കുവേണ്ടി രൂപകല്പന ചെയ്ത് നടപ്പിലാക്കാൻ സാധിക്കുമോയെന്ന് ഗവൺമെന്റ് പരിശോധിക്കണമെന്നാണ് ഈ സന്ദർഭത്തിൽ സൂചിപ്പിക്കാനുള്ളത്.

കയർ, കൈത്തറി, ഖാദി വ്യവസായ മേഖലയിലും മറ്റ് ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റികളിലും ധാരാളം ഭൂമിയും കെട്ടിടങ്ങളും പ്രവർത്തന രഹിതമായി/അന്യാധീനമായി കിടക്കുന്ന സ്ഥിതിവിശേഷമുണ്ടെന്ന് കഴിഞ്ഞ ദിവസം ബഹുമാനപ്പെട്ട മന്ത്രി സഭയിൽ സൂചിപ്പിക്കുകയുണ്ടായി. നൂറുകണക്കിന് പ്രവർത്തിക്കാത്ത കൈത്തറി സഹകരണ സംഘങ്ങളെയാണ് ഞാൻ ഉദ്ദേശിക്കുന്നത്. രണ്ടും മൂന്നും ഏക്കർ ഭൂമിയിൽ കെട്ടിടങ്ങളും മറ്റ് അടിസ്ഥാന സൗകര്യങ്ങളുമൊക്കെ ലഭ്യമാണ്. വൈദ്യുതി കണക്ഷനും വാട്ടർ കണക്ഷനും സാമാന്യം ഭേദപ്പെട്ട നിലയിൽ ലഭ്യമായ കെട്ടിടങ്ങളുമുണ്ട്. എന്നാൽ പല കാരണങ്ങളാൽ അവ വർഷങ്ങളായി പ്രവർത്തനരഹിതമാണ്. കടബാദ്ധ്യതയാലും ഉല്പന്നങ്ങൾക്ക് ആവശ്യമായ മാർക്കറ്റ് ഇല്ലാത്തതുകൊണ്ടും പ്രവർത്തിക്കാതെ കിടക്കുന്ന ധാരാളം വ്യവസായ യൂണിറ്റുകൾ സഹകരണ മേഖലയിലുണ്ട്. അവയെ പുനരുജ്ജീവിപ്പിക്കുന്നതിനുവേണ്ടി പല പദ്ധതികളും ആവിഷ്കരിച്ച് നടപ്പിലാക്കിയെങ്കിലും അവയൊന്നും ഫലപ്രദമായില്ല. അതിനാൽ എം.എസ്.എം.ഇ. അത്തരം അടിസ്ഥാന സൗകര്യങ്ങൾ എങ്ങനെ പ്രയോജനപ്പെടുത്താൻ സാധിക്കുമെന്ന് പഠനം നടത്തുന്നത് നന്നായിരിക്കുമെന്ന് എനിക്ക് തോന്നുന്നു. മിക്കവാറും എല്ലാ സ്ഥാപനങ്ങളും സഹകരണ സംഘങ്ങളായതുകൊണ്ട് നിയമപരമായും സാങ്കേതികമായും ധാരാളം പ്രശ്നങ്ങളുണ്ടാകും.

അതെല്ലാം തരണം ചെയ്ത് സഹകരണ സംഘങ്ങളിൽ പ്രവർത്തനക്ഷമമാക്കാൻ കഴിയുന്നവയെ നിലനിർത്തുകയും അല്ലാത്തവയെ ഈ രീതിയിൽ മാറ്റി എം.എസ്.എം.ഇ.-യ്ക്കുവേണ്ടി അടിസ്ഥാന സൗകര്യങ്ങൾ സജ്ജമാക്കി വ്യവസായ സംരംഭങ്ങൾ ആരംഭിച്ച് അതേ സംഘത്തിന്റെ തൊഴിലാളികൾക്കുതന്നെ തൊഴിലവസരങ്ങൾ നൽകി നടപ്പാക്കാൻ കഴിയുന്ന ഒരു പദ്ധതിക്ക് രൂപം നൽകുന്ന കാര്യം എം.എസ്.എം.ഇ.-യുമായി ബന്ധപ്പെടുത്തി ആലോചിക്കുന്നത് നല്ലതായിരിക്കുമെന്ന് ഈ സന്ദർഭത്തിൽ ചൂണ്ടിക്കാണിക്കുകയാണ്.

മി. ചെയർമാൻ: ബഹുമാന്യനായ അംഗത്തിന്റെ സമയം അവസാനിച്ചു.

ശ്രീ. വി. ശശി: സർ, ജില്ലാതലത്തിൽ വൈവിദ്ധ്യമാർന്ന പരമ്പരാഗത ഉല്പന്നങ്ങൾ നിർമ്മിക്കുന്ന യൂണിറ്റുണ്ടാക്കി ഈ സംഘങ്ങളെ മാറ്റാനാകണം. അതിന് കഴിഞ്ഞില്ലെങ്കിൽ അവിടത്തെ തൊഴിലാളികളെ ഉൾക്കൊള്ളിച്ചുകൊണ്ട് എം.എസ്.എം.ഇ. യൂണിറ്റുകളാക്കി മാറ്റാൻ സാധിക്കണം. ഇതെല്ലാം ജില്ലാ തലത്തിലോ ബ്ലോക്ക് തലത്തിലോ രൂപം നൽകുന്ന മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്തി നടപ്പാക്കാൻ സാധിക്കണമെന്നാണ് ഈ സന്ദർഭത്തിൽ പറയാനുള്ളത്.

ഇവിടെ സൂചിപ്പിച്ചതുപോലെ, കോവിഡ്-19 ഏറ്റവും കൂടുതൽ ബാധിച്ചത് എം.എസ്.എം.ഇ. സെക്ടറിനെയാണ്. കേരളത്തിൽ കോവിഡ്-19-ന് മുമ്പുണ്ടായ പ്രളയങ്ങൾ എം.എസ്.എം.ഇ.-യുടെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. ഈ സാഹചര്യം കണക്കിലെടുത്താണ് ഈ മേഖലയ്ക്കായി സ്പെഷ്യൽ പാക്കേജ് സംസ്ഥാന സർക്കാർ പ്രഖ്യാപിച്ചത്. കേന്ദ്ര സർക്കാർ ചില പാക്കേജുകൾ ഈ മേഖലയ്ക്കായി പ്രഖ്യാപിച്ചിരുന്നു. ഇതെല്ലാം ഈ മേഖലയെ എത്രമാത്രം പുനരുജ്ജീവിപ്പിക്കാൻ കഴിഞ്ഞുവെന്ന് സംസ്ഥാന സർക്കാർ കാര്യമായ വിലയിരുത്തൽ നടത്തേണ്ടതുണ്ട്. അത്തരത്തിലൊരു വിലയിരുത്തൽ നടത്തി ഈ മേഖലയ്ക്ക് ഇനി എന്തെല്ലാമാണ് ചെയ്യേണ്ടതെന്ന് കണ്ടെത്തി അവ നടപ്പാക്കാനുള്ള നടപടികൾ ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടാകണമെന്ന് സൂചിപ്പിച്ചുകൊണ്ട് നിർത്തുന്നു.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) ചുമതലപ്പെടുത്തിയതുപ്രകാരം (ശ്രീ. പി. സി. വിഷ്ണുനാഥ്): Sir, I Move that-

" This House resolves to disapprove The Kerala Minerals (Vesting of Rights) Ordinance, 2021 (Ordinance No.124 of 2021)”

2013 ജൂലൈ മാസം 8-ാം തീയതി ബഹുമാനപ്പെട്ട സുപ്രീംകോടതി ജസ്റ്റിസ് ശ്രീ. ജെ. ചെലമേശ്വർ, Thressiamma Jacob & Ors. Vs Geologist, Dptt.Of Mining & Geology & Ors. എന്ന കേസ്സിൽ പഴയ മലബാറിലുൾപ്പെട്ട

പാലക്കാട് ധോണി എന്ന സ്ഥലത്ത് ത്രേസ്യാമ്മ ജേക്കബിനുണ്ടായിരുന്ന ക്വാറിയുടെ അവകാശത്തിന്മേലുണ്ടായൊരു കേസിൽ അവർക്കനുകൂലമായി വിധിപറയുകയുണ്ടായി. " We are of the opinion that there is nothing in the law which declares that all mineral wealth/sub-soil rights vest in the State, on the other hand, the ownership of sub-soil/mineral wealth should normally follow the ownership of the land, unless the owner of the land is deprived of the same by some valid process. In the instant appeals, no such deprivation is brought to our notice... " എന്നുപറയുന്നുണ്ട്. 1881 ജൂൺ 14-ലെ തിരുവിതാംകൂറിലെ വിളംബരവും 1905-ലെ കൊച്ചിയിലെ വിളംബരവും വരുമ്പോൾ ത്രേസ്യാമ്മ ജേക്കബ്ബിന്റെ ഭൂമി ഉൾക്കൊള്ളുന്ന പാലക്കാട് ധോണി പ്രദേശം മലബാറിന്റെ ഭാഗമായതുകൊണ്ട് സബ്സോയിലിന്റെ അധികാരം ത്രേസ്യാമ്മ ജേക്കബ്ബിനുണ്ടെന്ന് കണ്ടുകൊണ്ടാണ് ബഹുമാനപ്പെട്ട സുപ്രീംകോടതി അങ്ങനെയൊരു വിധി പുറപ്പെടുവിച്ചത്. അങ്ങനെ രണ്ട് പ്രൊക്ലമേഷൻസുണ്ട്. അതുമാത്രമല്ല ഭരണഘടന നിലവിൽ വന്നപ്പോൾ 294 (a) അനുച്ഛേദത്തിൽ, 'all property and assets which immediately before such commencement were vested in His Majesty for the purposes of the Government of the Dominion of India and all property and assets which immediately before such commencement were vested in His Majesty for the purposes of the Government of each Governors Province shall vest respectively in the Union and the corresponding State' എന്ന് പറയുന്നുണ്ട്. 1881-ലെയും 1905-ലെയും ഈ പ്രൊക്ലമേഷൻസിന് നിയമപരമായി സാധുതയുണ്ടായതുകൊണ്ട് ഇവിടെയുള്ള അധികാരം പിന്നീട് വന്ന സ്റ്റേറ്റ് ഗവൺമെന്റിന് ലഭിച്ചുവെങ്കിലും മലബാറിൽ അത്തരമൊരു പ്രൊക്ലമേഷൻ ഇല്ലാതിരുന്നതിനാൽ ത്രേസ്യാമ്മ ജേക്കബ്ബിന് അനുകൂലമായി വിധി വന്നു. ഞാൻ ബഹുമാനപ്പെട്ട മന്ത്രിയോട് ചോദിക്കുന്നത്, ഈ ഘട്ടത്തിൽ ബഹുമാനപ്പെട്ട സുപ്രീംകോടതി ഒരു നിയമനിർമ്മാണത്തെ സംബന്ധിച്ച് പരാമർശിച്ചിരുന്നു. അങ്ങ് ആദ്യം വളരെ ചുരുക്കത്തിൽ സൂചിപ്പിച്ചപ്പോൾ അതിന്റെ പ്രാധാന്യത്തെക്കുറിച്ചും പറഞ്ഞിരുന്നു. എന്തായാലും ഒരു നിയമനിർമ്മാണത്തിന് ഇപ്പോൾ മുതിരുകയാണ്. അപ്പോൾ എന്തിനാണ് വീണ്ടും 1881-ലെയും 1905-ലെയും വിളംബരം നിലനിർത്തിക്കൊണ്ട് മലബാർ ഭാഗത്തേക്ക് മാത്രമായി ഒരു നിയമം കൊണ്ടുവരുന്നത്. ഇത് മൈനിംഗിനെ സംബന്ധിക്കുന്ന കേരളത്തെയാകെ ഉൾക്കൊള്ളുന്ന സമഗ്രമായ നിയമനിർമ്മാണത്തിന് ലഭിച്ച സുവർണ്ണാവസരമല്ലേ. അതിനെ ആ രൂപത്തിലെടുക്കാതെ പഴയ രണ്ട് വിളംബരങ്ങളെയും നിലനിർത്തിക്കൊണ്ട് മലബാറിനെക്കൂടിച്ചേർത്ത് മലബാറിനുവേണ്ടി മാത്രമായി നിയമം കൊണ്ടുവരാതെ,

സ്വാതന്ത്ര്യത്തിന്റെ 75-ാം വാർഷികം ആഘോഷിക്കുന്ന സമയത്ത് ധാരാളം പുതിയ കാര്യങ്ങൾ കൂടി ഉൾപ്പെടുത്താനുണ്ട്. മൈനിംഗ് മേഖലയുമായി ബന്ധപ്പെട്ട് 1881-ലെ വിളംബരത്തിന്റെയോ, 1905-ലെ വിളംബരത്തിന്റെയോ കാലത്തിനുശേഷം നമുക്ക് പരിഗണിക്കേണ്ട ധാരാളം പാരിസ്ഥിതിക പ്രശ്നങ്ങൾ ഉൾക്കൊള്ളുന്ന നിരവധി കാര്യങ്ങളെ സമഗ്രമായി പരിശോധിക്കുന്നൊരു നിയമനിർമ്മാണത്തിന് സാദ്ധ്യതയുണ്ടായിട്ടും എന്തുകൊണ്ട് നമ്മളത് ഉപയോഗിച്ചില്ലെന്നുള്ളതാണ് എനിക്ക് അങ്ങയോട് വിനീതമായി ചോദിക്കാനുള്ളത്. അതുകൊണ്ട് ആ നിലയ്ക്ക് നമ്മളതിനെ കാണേണ്ടിയിരുന്നു. ഞാനത് എടുത്ത് പറയാൻ കാരണം, ആലപ്പുഴ ജില്ലയിലെ തോട്ടപ്പള്ളിയിൽ കരിമണൽ ഖനനത്തിനെതിരെ വലിയ സമരം നടക്കുകയാണ്. കരിമണൽ എന്നുപറയുന്നത് ഒരു നോട്ടിഫൈഡ് മേജർ മിനറലാണ്. അവിടെ മൈനിംഗ് നടക്കണമെങ്കിൽ രണ്ട് നോട്ടിഫിക്കേഷനുണ്ടാകണം. ഒന്ന് മിനറൽ നോട്ടിഫൈ ചെയ്യണം, രണ്ട് ഏരിയ നോട്ടിഫൈ ചെയ്യണം. അവിടെ മിനറലും ഏരിയയും നോട്ടിഫൈ ചെയ്തിട്ടില്ല. MMDR Act (Mines and Minerals (Development and Regulation Act) പ്രകാരം മേജർ മിനറൽസെല്ലാം Section 4 പ്രകാരം കേന്ദ്ര ഗവൺമെന്റിന്റെ അധികാരത്തിൽ വരുന്നതാണ്. അല്ലാതെ മൈൻ ചെയ്യുന്ന മിനറൽസിന്റെ കാര്യത്തിലാണെങ്കിൽപ്പോലും Environmental Clearance നിർബന്ധമാണ്. തോട്ടപ്പള്ളിയിലെ ഖനനം നടക്കുമ്പോൾ അവിടെ Environmental Impact Assessment നടന്നിട്ടുണ്ടോ? കരുനാഗപ്പള്ളിയിലെയോ ആലപ്പുഴ ജില്ലയിലെയോ ഖനനം നടക്കുന്ന സ്ഥലമാണെങ്കിലും വളരെ ecologically fragile ആയ ecologically sensitive ആയ പ്രദേശങ്ങളാണ്. Ecologically sensitive ആയ സ്ഥലങ്ങളിൽ Environmental Impact Assessment Study ഇല്ലാതെയാണ് മൈനിംഗിന് അവകാശം നൽകിയിരിക്കുന്നത്. ഇത്തരം കാര്യങ്ങളെ മറികടക്കുന്നതിനായി ഡീസിൽറ്റിംഗാണെന്ന് പറഞ്ഞുകൊണ്ട് അതിന്റെ മറവിൽ അവിടെ മൈനിംഗ് നടക്കുകയാണ്. ഞാനൊരു ഉദാഹരണം മാത്രമാണ് പറഞ്ഞത്. Intergovernmental Panel on Climate Change, കാലാവസ്ഥാ വ്യതിയാനത്തെക്കുറിച്ചും പാരിസ്ഥിതിക പ്രശ്നങ്ങളെക്കുറിച്ചുമെല്ലാം സമഗ്രമായ ഏറ്റവും പുതിയ റിപ്പോർട്ട് സമർപ്പിച്ച ഒരു ഘട്ടത്തിലാണ് നമ്മൾ ഈ നിയമം ചർച്ച ചെയ്യുന്നത്. അപ്പോൾപ്പോലും നമ്മുടെ പരിസ്ഥിതിയെ സംരക്ഷിക്കാൻ കഴിയുന്നൊരു സുവർണ്ണാവസരമെന്ന നിലയിൽ ഈ ബില്ലിനെ പ്രയോജനപ്പെടുത്താതെ തിരുവിതാംകൂറിലെയും കൊച്ചിയിലെയും വിളംബരം നിലനിർത്തിക്കൊണ്ട് മലബാർ ഉൾപ്പെടാത്തതുകൊണ്ടും സുപ്രീംകോടതി വിധിയുണ്ടായതുകൊണ്ടും അതുംകൂട്ടിച്ചേർത്ത് ഒരു നിയമമുണ്ടാക്കേണ്ടതിന്റെ ആവശ്യമുണ്ടായിരുന്നോ എന്നാണ് എന്റെ ചോദ്യം. നിയമനിർമ്മാണത്തിനുവേണ്ടി തുടങ്ങിയൊരു സമ്മേളനമാണെങ്കിലും ആദ്യദിവസം

തന്നെ ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ ഈ സഭയിൽ പ്രധാനപ്പെട്ട ചില കാര്യങ്ങൾ പറയുകയുണ്ടായി. നിയമനിർമ്മാണത്തിന്റെ സമയത്ത് അദ്ദേഹമിവിടെ അര മണിക്കൂറോളം ക്ലാസ്സെടുത്തു. ക്ലാസ്സ് ഞങ്ങളെല്ലാം കേൾക്കുകയും ചെയ്തു. ആ ക്ലാസ്സിൽ ഞാൻ വിനീതമായി ചില കാര്യങ്ങൾ പറഞ്ഞിരുന്നുവെങ്കിലും അതിൽ ഉറച്ചുനിന്നുകൊണ്ട് കോൺഗ്രസ്സ് ഒരു വലതുപക്ഷ പാർട്ടിയാണെന്ന് ബഹുമാനപ്പെട്ട മന്ത്രി ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ പറയുകയുണ്ടായി. അങ്ങും കണ്ണൂരിലുള്ള മറ്റൊരു കേന്ദ്ര കമ്മിറ്റി അംഗവും ഈ സഭയിൽ ബി.ജെ.പി.-യും കോൺഗ്രസ്സും ഒരുപോലെയാണെന്ന് പറഞ്ഞു. കോൺഗ്രസ്സ് വലതുപക്ഷമാണെന്ന് ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ കൃത്യമായി പറഞ്ഞു. 2018-ലെ ഹൈദ്രാബാദ് പാർട്ടി കോൺഗ്രസ്സിന്റെ റെസല്യൂഷൻ എന്റെ കയ്യിലുണ്ട്. അതിലെവിടെയെങ്കിലും കോൺഗ്രസ്സ് ഒരു വലതുപക്ഷ പാർട്ടിയാണെന്ന് പാർട്ടികളെക്കുറിച്ച് പറയുന്നിടത്തോ സി.പി.ഐ (എം.)-ന്റെ പൊളിറ്റിക്കൽ ലൈനിനെക്കുറിച്ച് പറയുന്ന സ്ഥലത്തുണ്ടോ? എന്താണ് പറയുന്നത്? 'The political representatives of the big bourgeoisie at present in our country are BJP and Congress.' അതായത് ബിഗ് ബൂർഷ്വാസിയുടെ പൊളിറ്റിക്കൽ റെപ്രെസെന്റേറ്റീവ് കോൺഗ്രസ്സും ബി.ജെ.പി.-യുമാണെന്ന് പറയുന്നുണ്ട്. എന്നിട്ട് അടുത്ത വരി എന്താണ്? '2.89 - But it is the BJP which is in power today and given its basic link to the RSS, it is the main threat. So, there cannot be a line of treating both the BJP and the Congress as equal dangers.' ഇത് നിങ്ങളുടെ പാർട്ടി കോൺഗ്രസ്സ് അംഗീകരിച്ച രാഷ്ട്രീയ പ്രമേയത്തിന് വിരുദ്ധമായിട്ടല്ലേ കോൺഗ്രസ്സ് ഒരു വലതുപക്ഷ പാർട്ടി യാണെന്ന് അങ്ങിവിടെ പറയുന്നത്. ഒരു കേന്ദ്ര കമ്മിറ്റി അംഗത്തിന് എങ്ങനെയാണ് പാർട്ടിയുടെ പൊളിറ്റിക്കൽ ലൈനിന് വിരുദ്ധമായി പറയാൻ കഴിയുക. അല്ലെങ്കിൽ നിങ്ങളുടെ പൊളിറ്റിക്കൽ റെസല്യൂഷനിലോ, പരിപാടിയിലോ, കോൺഗ്രസ്സ് ഒരു വലതുപക്ഷ പാർട്ടിയാണെന്ന് പറയാൻ സാധിക്കുമോ? നിങ്ങളുടെ മുന്നണിയിലെ എൻ.സി.പി. വലതുപക്ഷ പാർട്ടിയാണോ? കോൺഗ്രസ്സിൽ നിന്നുംപോയ പാർട്ടിയല്ലേ. ഇവിടെ കോൺഗ്രസ് (എസ്)-ലെ ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളിയുണ്ടല്ലോ, പഴയ കെ.എസ്.യു.-ന്റെ മുൻ സംസ്ഥാന പ്രസിഡന്റ്. കോൺഗ്രസ് (എസ്) വലതുപക്ഷ പാർട്ടിയാണോ? അങ്ങനെയാണെങ്കിൽ എൻ.സി.പി., കോൺഗ്രസ് (എസ്) എന്നീ വലതുപക്ഷ പാർട്ടികളെ വച്ച് നിങ്ങൾക്ക് മുന്നണി രൂപീകരിക്കാൻ സാധിക്കുമോ?

<u>മി. ചെയർമാൻ</u>: ബഹുമാനപ്പെട്ട അംഗം, ബില്ലിലേയ്ക്ക് വരൂ.

<u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: സർ, സി.പി.ഐ. ദേശീയ അടിസ്ഥാനത്തിൽ കോൺഗ്രസ്സ് ഒരു വലതുപക്ഷ പാർട്ടിയാണെന്ന് പറയുമോ? 6 ഇടതുപക്ഷ എം.പി.- മാർ ലോക്സഭയിലുണ്ട്. അതിൽ അഞ്ച് ആളുകളും ഒന്നുകിൽ കോൺഗ്രസ്സിന്റെ

മുന്നണിയിലോ അല്ലെങ്കിൽ കോൺഗ്രസ്സ് നേതൃത്വം നൽകുന്ന മുന്നണിയിലോ ജയിച്ചുവന്നവരാണ്. തമിഴ്നാട്ടിൽ ഒരു വലതുപക്ഷ പാർട്ടിയായിട്ടാണോ നിങ്ങൾ മുന്നണിയിൽ പോയത്?

ശ്രീ. എ. എൻ. ഷംസീർ: സർ, തമിഴ്നാട്ടിൽ നിങ്ങൾ ഒരു മേജർ ഫോഴ്സല്ല.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, ഈ ചോദ്യം ഞാൻ ആഗ്രഹിക്കുകയും പ്രതീക്ഷിക്കുകയും ചെയ്തതാണ്. ആസാമിൽ ഞങ്ങൾ മേജർ ഫോഴ്സാണ്. ആസാമിൽ കോൺഗ്രസും സി.പി.ഐ.(എം.)-ഉം മുന്നണിയായിട്ടാണ് മത്സരിച്ചത്. ഒരേ സ്റ്റേജിലാണ് നമ്മൾ പ്രചരണം നടത്തിയത്. ശ്രീ. രാഹുൽ ഗാന്ധിയും സി.പി.ഐ. (എം.) നേതാക്കന്മാരുമാണ് അവിടെ പ്രചരണത്തിന് ഒരുമിച്ച് പങ്കെടുത്തത്. അതുകൊണ്ട് ആസാമിലും തമിഴ്നാട്ടിലും മുന്നണിയിൽ മത്സരിച്ച കോൺഗ്രസ്സ് ഒരു വലതുപക്ഷ പാർട്ടിയാണെന്ന് നിങ്ങൾക്ക് എങ്ങനെയാണ് പറയാൻ കഴിയുകയെന്ന് ബഹുമാന്യനായ ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്ററോട് ചോദിക്കുകയാണ്. നിങ്ങളുടെ ഹൈദ്രാബാദ് കോൺഗ്രസ്സിൽ ഡിബേറ്റും കേന്ദ്ര കമ്മിറ്റി അംഗീകരിച്ച പ്രമേയത്തിനെതിരായി ചർച്ചയുമുണ്ടായി. ശ്രീ. പ്രകാശ് കാരാട്ടിന്റെ ലൈനിന് വിരുദ്ധമായി ശ്രീ. സീതാറാം യെച്ചൂരിയുടെ ലൈനുണ്ടായല്ലോ, അദ്ദേഹത്തെ അനുകൂലിക്കുന്ന ആളുകളുണ്ടായല്ലോ, പ്രമേയം അമെന്റ് ചെയ്തുവെന്ന് നിങ്ങൾ പരസ്യമായി പറഞ്ഞിട്ടുണ്ടല്ലോ. അമെന്റ് ചെയ്ത ലൈനിന് വിരുദ്ധമായി ശ്രീ. പ്രകാശ് കാരാട്ടിന്റെ ലൈനാണ് വീണ്ടും ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ ഇവിടെപ്പറയുന്നത്. കണ്ണൂരിൽ പാർട്ടി കോൺഗ്രസ്സ് വരുമ്പോൾ ശ്രീ. സീതാറാം യെച്ചൂരിയെ തിരുത്താൻ പോകുകയാണോ? ശ്രീ. സീതാറാം യെച്ചൂരി പക്ഷത്തിന്റെ അഭിപ്രായത്തെ നിങ്ങൾ ഇല്ലാതാക്കാൻ പോകുകയാണോ? കർഷകനെയും തൊഴിലാളികളെയും ചെറുകിട തൊഴിലാളികളെയും മത ന്യൂനപക്ഷങ്ങളെയും ദളിതനെയുമെല്ലാം ആക്രമിക്കുന്ന ഒരു ദേശീയ ഫാസിസ്റ്റ് ഗവൺമെന്റിനെതിരായി രാജ്യവ്യാപകമായി വീണ്ടും മതേതര മുന്നേറ്റമുണ്ടാകുമ്പോൾ കോൺഗ്രസും ബി.ജെ.പി.-യും ഒരു പോലെയാണെന്ന് പറയുന്നത് ആ മതേതര മുന്നേറ്റത്തെ ദുർബ്ബലപ്പെടുത്താനല്ലേ; ശ്രീ. നരേന്ദ്ര മോദിയെ സഹായിക്കാനല്ലേ? കോൺഗ്രസും ബി.ജെ.പി.-യും ഒരുമിച്ചാണെന്ന് പറയുമ്പോൾ അതിന്റെ ബെനഫിഷ്യറി ശ്രീ. നരേന്ദ്ര മോദിയാണ്. ശ്രീമതി പ്രിയങ്കാ ഗാന്ധിയെ 24 മണിക്കൂർ വാറണ്ടില്ലാതെ അറസ്റ്റ് ചെയ്ത്, ഒടുവിൽ എഫ്.ഐ.ആർ. എടുത്ത് ജയിലിൽ ഇട്ടിരിക്കുകയാണ്. നിങ്ങളുടെ നേതാവ് പ്രിയപ്പെട്ട ശ്രീ. പി. കൃഷ്ണപ്രസാദിനെ പോലീസ് കൈകാര്യം ചെയ്യുകയാണ്. നിങ്ങളുടെ പൊളിറ്റിക്കൽ റെസല്യൂഷനിലും പാർട്ടി അംഗീകരിച്ച രേഖയിലും ഈ രണ്ട് പാർട്ടികളെയും ഒരുപോലെ കാണാൻ കഴിയില്ലെന്ന് പറയുമ്പോൾ ഒരു കേന്ദ്ര കമ്മിറ്റി അംഗത്തിന് ഇങ്ങനെ പറയാൻ കഴിയുമോ? ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇതുവരെ പ്രതികരിച്ചോ?

മി. ചെയർമാൻ: ബഹുമാനപ്പെട്ട അംഗം, സമയം തീരാറാകുകയാണ്.

ശ്രീ. എം. വിജിൻ: സർ, രാഹുൽഗാന്ധി വയനാട്ടിൽ വന്നത് അതുകൊണ്ടാണോ?

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, ശ്രീ. രാഹുൽ ഗാന്ധി വയനാട്ടിൽ വരുന്നതിൽ എന്താണ് കുഴപ്പം; ഇന്ത്യയുടെ ഭരണഘടനയിൽ അദ്ദേഹത്തിന് വയനാട്ടിൽ മത്സരിക്കാൻ പാടില്ലെന്ന് പറയുന്നുണ്ടോ? സി. എം. സ്റ്റീഫൻ ഡൽഹിൽ മത്സരിച്ച് എം.പി.യും കർണ്ണാടകയിൽ മത്സരിച്ച് ലോക്സഭയിൽ പ്രതിപക്ഷനേതാവും ആയിട്ടുണ്ട്. ആർക്ക് എവിടെ വേണമെങ്കിലും മത്സരിക്കാം. കേരളത്തിൽ നിങ്ങൾ ശ്രീ. പ്രകാശ് കാരാട്ടിനെ മത്സരിപ്പിച്ചാൽ എന്താണ് കുഴപ്പം? മത്സരിച്ചുകൂടെ; ശ്രീ. രാഹുൽ ഗാന്ധി വയനാട്ടിൽ വന്നതിന്റെ പോയിന്റെന്താണ്?

മി. ചെയർമാൻ: അങ്ങ് ബില്ലിനെ സംബന്ധിച്ച് പറയൂ.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, ഞാൻ വളരെ സ്പെസിഫിക്കായ ചോദ്യമാണ് ചോദിക്കുന്നത്. ഞാൻ രണ്ട് ചോദ്യം ഇവിടെ ചോദിക്കുകയാണ്. കോൺഗ്രസ്സ് വലതുപക്ഷ പാർട്ടിയാണെന്ന് നാളെ നിങ്ങൾക്ക് ശ്രീ. സീതാറാം യെച്ചൂരിയെ കൊണ്ട് പറയിപ്പിക്കാൻ സാധിച്ചാൽ ഞാൻ എല്ലാം പിൻവലിക്കാം. കേന്ദ്ര കമ്മിറ്റി അംഗമായ ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്ററുടെ അഭിപ്രായം പാർട്ടി ജനറൽ സെക്രട്ടറിയായ ശ്രീ. സീതാറാം യെച്ചൂരിയെക്കൊണ്ട് നാളെ പറയിപ്പിക്കാമോ? ബി.ജെ.പി.-യെ സഹായിക്കാൻ വേണ്ടി 2009-ൽ ബി.ജെ.പി.-യോടൊപ്പം ചേർന്ന് ഡോ. മൻമോഹൻ സിംഗിനെ അവിശ്വാസപ്രമേയത്തിൽക്കൂടി അട്ടിമറിക്കാൻ ശ്രമിച്ച കാരാട്ട് ലൈൻ കണ്ണൂരിൽ പാർട്ടി സമ്മേളനം നടത്തി രാജ്യത്തിന്റെ മതേതര മുന്നേറ്റങ്ങളെ ആകെ പ്രതിരോധിക്കുന്ന തരത്തിലുള്ള ഒരു സമീപനം എടുക്കുകയാണ്. ഇത് അപകടകരമാണ്. ജ്യോതിബസു പണ്ട് ഹിമാലയൻ ബ്ലണ്ടറാണെന്ന് പറഞ്ഞതുപോലെ, 2009-ൽ ബി.ജെ.പി.-യോടൊപ്പം ചേർന്ന് കോൺഗ്രസ് ഗവൺമെന്റിനെ അട്ടിമറിക്കാൻ പോയതുപോലെ, അപകടം പിടിച്ച തീക്കളിയാണ് യെച്ചൂരി ലൈൻ തിരുത്താൻ ശ്രമിക്കുന്നതുമൂലം ചെയ്യുന്നത്. അതുകൊണ്ട് ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്ററോട് ബഹുമാനത്തോടുകൂടി പറയുകയാണ്, കോൺഗ്രസ് വലതുപക്ഷ പാർട്ടിയാണെന്നും കോൺഗ്രസും ബി.ജെ.പി.-യും ഒരുപോലെയാണെന്നും പറഞ്ഞ് ബി.ജെ.പി.-യ്ക്ക് അംഗീകാരം കൊടുക്കുന്ന സമീപനത്തിൽനിന്നും അങ്ങ് മാറണം.

ശ്രീ. പി. ടി. തോമസ്: സർ, കുണ്ടറ എം.എൽ.എ. ആയ ശ്രീ. പി. സി. വിഷ്ണുനാഥ് ഇടതുപക്ഷത്തിന്റെ കാലോചിതമായ കാപട്യങ്ങളെ നല്ലനിലയിൽ തുറന്നുകാണിച്ചതിന് ഞാൻ പ്രത്യേകം അഭിനന്ദിക്കുകയാണ്.

സി.പി.ഐ.(എം)-ന്റെ ദേശീയ നേതൃത്വത്തെ സംസ്ഥാന നേതൃത്വം ബൈപ്പാസ് ചെയ്യാനുള്ള സാദ്ധ്യതയാണ് അങ്ങ് ചൂണ്ടിക്കാണിച്ചതിന്റെ മുഖമുദ്ര. ഇവരുടെ കൂടെനിൽക്കുന്ന സി.പി.ഐ.-യുടെ നേതാവ് ശ്രീ. കാനം രാജേന്ദ്രൻ പരിപൂർണ്ണമായി ശ്രീ. ഡി. രാജയെ തള്ളി പറഞ്ഞിരിക്കുകയാണ്. അടുത്ത പടിയായി സി.പി.ഐ.(എം) ശ്രീ. സീതാറാം യെച്ചൂരിയെ തള്ളിപ്പറയുന്ന ഒരു സാഹചര്യത്തിലേയ്ക്കാണ് ഇവരുടെ നിലപാടും കാഴ്ചപ്പാടും വളരുന്നതെന്ന് ചിന്തിക്കേണ്ടിയിരിക്കുന്നു. ഉദാഹരണത്തിന്, ശ്രീ. സീതാറാം യെച്ചൂരിയെപ്പോലെ പ്രഗത്ഭനായ ഒരു വ്യക്തി പാർലമെന്റിലുണ്ടാകണമെന്ന് കോൺഗ്രസ് ആഗ്രഹിച്ചു. ശ്രീമതി സോണിയാ ഗാന്ധി കോൺഗ്രസിന്റെ പിന്തുണയോടെ ശ്രീ. സീതാറാം യെച്ചൂരിയെ പാർലമെന്റിൽ കൊണ്ടുവരാമെന്ന് വാഗ്ദാനം നൽകി. ഇത് ശ്രീ. പി. രാജീവിനും ബഹുമാനപ്പെട്ട സ്പീക്കർക്കും അറിയാവുന്നതാണ്. പക്ഷേ, കേരളത്തിലെ സി.പി.ഐ.(എം.)-ന്റെ തെറ്റായ നയംമൂലം ഇതുപോലൊരു സംഭവമുണ്ടായത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ശ്രീ. കാനം രാജേന്ദ്രന്റെ കേന്ദ്ര നേതൃത്വത്തെ വെല്ലുവിളിക്കുന്ന നിലപാട് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. എ. എൻ. ഷംസീർ: സർ, നമ്മുടെ രീതി വളരെ ക്ലിയറാണ്. ഞങ്ങൾ തുടർച്ചയായി പാർലമെന്ററി സ്ഥാനങ്ങളിൽ ആളുകളെ കൊണ്ടുവരാറില്ല. വൈദ്യശാസ്ത്രം പരാജയപ്പെട്ടാൽ മാത്രം ആളുകളെ മാറ്റുന്ന രീതിയല്ല ഇടതുപക്ഷത്തിനുള്ളത്. അതിന്റെ ഭാഗമായാണ് ശ്രീ. സീതാറാം യെച്ചൂരി ഉൾപ്പെടെ മാറിയത്. വൈദ്യശാസ്ത്രം പരാജയപ്പെട്ടാൽ മാത്രമേ മാറി നിൽക്കുകയുള്ളൂവെന്ന് പറഞ്ഞ് നിങ്ങളിൽ പലരും ഇപ്പോഴും ഡൽഹിയിലുണ്ടല്ലോ; ആ രീതി ഞങ്ങൾക്കില്ല. അതുപോലെ, രാജ്യത്തെ മതനിരപേക്ഷത സംരക്ഷിക്കാൻവേണ്ടി 2004-ൽ നിങ്ങളുമായി ഏറ്റുമുട്ടിയിട്ടും അഭിപ്രായവ്യത്യാസം മാറ്റിനിർത്തി നിങ്ങളെ പിന്തുണച്ചവരാണ് ഞങ്ങൾ. ആ രാഷ്ട്രീയം നിങ്ങൾ മനസ്സിലാക്കണം. ഞങ്ങൾ ഇടുങ്ങിയ ചിന്തയുള്ളവരല്ല, വിശാല മനസ്സുള്ളവരാണ്. അതുകൊണ്ടാണ് നിങ്ങൾ രണ്ടുതവണ ഭരിച്ചത്. ഇന്ന് നിങ്ങളുടെ സ്ഥിതിയെന്താണ്? പാർലമെന്റിൽ പ്രതിപക്ഷം പോലുമില്ല. അത്രമാത്രം ദുർബല പ്പെട്ടിരിക്കുന്നു. നിയോ ലിബറൽ പോളിസി തെറ്റാണോ എന്നുള്ളത് നിങ്ങൾ പറയണം; അത് തെറ്റാണെന്ന് പറഞ്ഞാൽ നിങ്ങളെ ഞങ്ങൾക്ക് ഇടതുപക്ഷമാണെന്ന് പറയാം. കോൺഗ്രസ്സ് വലതുപക്ഷവും ബി.ജെ.പി. തീവ്ര വലതുപക്ഷവുമാണ്.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, ഞാൻ കൃത്യമായും പാർട്ടി കോൺഗ്രസിന്റെ രേഖയാണ് വായിച്ചത്. അതിൽ പറയാത്ത അഭിപ്രായമാണ് ഇവർ പറയുന്നത്. അത് എങ്ങനെ പറയാൻ കഴിയുമെന്നുള്ളത് അവർ വ്യക്തമാക്കേണ്ടതാണ്. നിങ്ങൾ വിശാല മനസ്കരാണെന്ന് ഇവിടെ പറഞ്ഞു.

തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ): സർ, ശ്രീ. പി. സി. വിഷ്ണുനാഥ് കഴിഞ്ഞ പാർട്ടി കോൺഗ്രസ്സിന്റെ രേഖയുമായി ബന്ധപ്പെട്ട് സി.പി.ഐ.(എം)-ന്റെ രാഷ്ട്രീയ നിലപാടെന്താണെന്ന് വിശദീകരിച്ചുവെന്നാണ് പറയുന്നത്. നിങ്ങൾ മനസ്സിലാക്കേണ്ട ഒരു കാര്യം, സി.പി.ഐ.(എം)-ന് പ്രധാനപ്പെട്ട രണ്ട് രേഖയാണ് അടിസ്ഥാനപരമായിട്ടുള്ളത്. ഒന്ന്, പാർട്ടി പരിപാടിയാണ്. അത് ശ്രീ. പി. സി. വിഷ്ണുനാഥ് വായിച്ചിട്ടുണ്ടോയെന്ന് എനിക്കറിയില്ല. ഇല്ലെങ്കിൽ അത് വായിക്കണം. ആ പരിപാടിയിൽ കോൺഗ്രസ്സും ബി.ജെ.പി.-യും എന്താണെന്നും ആരാണ് ഇന്ത്യയുടെ ഭരണകൂട സംവിധാനം കൈകാര്യം ചെയ്യുന്ന രാഷ്ട്രീയ നേതൃത്വമെന്നും വ്യക്തമാക്കിയിട്ടുണ്ട്. 1964 മുതൽ പാർട്ടി പരിപാടി ആരംഭിച്ചു, 2000-ൽ അത് അപ്ഡേറ്റ് ചെയ്തു. ഇന്ത്യയുടെ കുത്തക മുതലാളിത്തത്തിന്റെയും ഭൂപ്രഭുത്വത്തിന്റെയും സാമ്രാജ്യത്വത്തിന്റെയും വർഗ്ഗതാൽപ്പര്യസംരക്ഷണത്തിന്റെയും ഉപകരണമായ ഇന്ത്യൻ ഭരണകൂടത്തിന്റെ വർഗ്ഗഘടനയിൽ അതിന്റെ രാഷ്ട്രീയ നേതൃത്വമാണ് കോൺഗ്രസ്സെന്ന് കൃത്യമായി പറഞ്ഞിട്ടുണ്ട്. ആ രാഷ്ട്രീയ നേതൃത്വം തന്നെയാണ് ബി.ജെ.പി.-യും. അതിൽ ഞങ്ങൾക്ക് മുൻപും ഇപ്പോഴും യാതൊരു തർക്കവുമില്ല. ഈ അടിസ്ഥാനപരമായ കാര്യങ്ങൾവച്ചുകൊണ്ടാണ് ഞങ്ങൾ ഇന്ത്യൻ രാഷ്ട്രീയത്തെ വിശകലനം ചെയ്യുന്നത്. രാഷ്ട്രീയ ലക്ഷ്യത്തിന്റെ ഭാഗമായി, ഇതാണ് ഭരണവർഗ്ഗ നിലപാടെന്ന് മനസ്സിലാക്കി അതിനെതിരായുള്ള പോരാട്ടം ശക്തിപ്പെടുത്തുകയെന്നുള്ളതാണ് ഞങ്ങൾ ഓരോ ഘട്ടത്തിലും എടുക്കുന്ന നിലപാട്. പാർട്ടി കോൺഗ്രസ്സിന്റെ അടിസ്ഥാനപരമായ കാഴ്ചപ്പാടിൽ നിന്നുകൊണ്ട് ഭരണസംവിധാനത്തെ മാറ്റി ഒരു പുതിയ ഭരണ സംവിധാനമുണ്ടാക്കണമെന്നാണ് ഞങ്ങൾ ആഗ്രഹിക്കുന്നത്. അതിനുവേണ്ടി ഓരോ മൂന്ന് കൊല്ലം കൂടുമ്പോഴും പാർട്ടി പരിപാടിക്ക് അനുയോജ്യമായ രീതിയിൽ അല്ലെങ്കിൽ പാർട്ടി പരിപാടിയെ മുന്നിൽ കണ്ടുകൊണ്ട് അതത് സന്ദർഭത്തിലുള്ള വസ്തുനിഷ്ഠ യാഥാർത്ഥ്യം മനസ്സിലാക്കി അതിനെ ഫലപ്രദമായി പ്രതിരോധിച്ച് മുന്നോട്ട് കൊണ്ടുപോകാനുള്ള രാഷ്ട്രീയ അടവുനയമാണ് രാഷ്ട്രീയപ്രമേയം. ഇവിടെ വായിച്ചത് രാഷ്ട്രീയ പ്രമേയത്തിന്റെ ഒരു ഭാഗം മാത്രമാണ്. അതിൽ ഒരു ഭാഗം മാത്രമെ ഇവിടെ വായിച്ചിട്ടുള്ളൂ. കൃത്യമായ കാഴ്ചപ്പാടോടുകൂടിയാണ് കഴിഞ്ഞ പാർട്ടി കോൺഗ്രസ്സിൽ കോൺഗ്രസ്സിനോടുള്ള നിലപാടെന്താണെന്ന് വ്യക്തമാക്കിയത്. കോൺഗ്രസ്സും ബി.ജെ.പി.-യും വലതുപക്ഷ പാർട്ടികൾ തന്നെയാണ്. എന്നാൽ, ബഹുമാനപ്പെട്ട ശ്രീ. എ. എൻ. ഷംസീർ ചൂണ്ടിക്കാണിച്ചതുപോലെ കൂടുതൽ അപകടകാരിയായ തീവ്ര വലതുപക്ഷം ബി.ജെ.പി. തന്നെയാണ്. അവരുടെ വർഗ്ഗീയ നിലപാടുകൾക്കെതിരായി യോജിച്ച പോരാട്ടത്തിന് ഇന്ത്യൻ പാർലമെന്റിനകത്തും പുറത്തും

പൊതുജന പ്രസ്ഥാനങ്ങളും ഇടതുപക്ഷ പ്രസ്ഥാനങ്ങളും ജനാധിപത്യ പ്രസ്ഥാനങ്ങളുമെല്ലാം ചേർന്ന് വരുമ്പോൾ അവരെയെല്ലാം ചേർത്ത് മുമ്പോട്ടുപോകുന്നതിൽ യാതൊരു തർക്കവും ഞങ്ങൾ ഉന്നയിച്ചിട്ടില്ല. ഇപ്പോഴും ഉന്നയിക്കുന്നില്ല. ഐ.എൻ.ടി.യു.സി.-യും സി.ഐ.ടി.യു.-വും ഉൾപ്പെടെ എല്ലാവരും ചേർന്നുകൊണ്ടാണ് ഈ ഗവൺമെന്റിനെതിരെ ശക്തിമത്തായ പോരാട്ടങ്ങൾക്കും സമരത്തിലേയ്ക്കും പോകുന്നത്. അതിൽ ആർക്കാണ് തർക്കമുള്ളത്? പക്ഷേ ഭരണപക്ഷത്തിന്റെ ഭാഗമായുള്ള നിലപാടിനെ സംബന്ധിച്ചിടത്തോളം അന്നും ഇന്നും ഒരു വ്യത്യാസമില്ലാത്ത ഒരേ നിലപാടാണ്. ആ രാഷ്ട്രീയ പ്രമേയത്തിൽ നിങ്ങൾ വായിച്ചതിന്റെ കുറച്ച് താഴോട്ട് വായിച്ചാൽ മനസ്സിലാകും. അതിപ്പോൾ തന്നെ വായിക്കണം. കോൺഗ്രസ്സുമായി രാഷ്ട്രീയമായി കൂട്ടുകെട്ടില്ല എന്നുള്ളത് എല്ലാക്കാലത്തും ശരിയാണ്. എന്നാൽ ഭരണ വർഗ്ഗത്തിനെതിരെ, തീവ്ര വലതുപക്ഷത്തിനെതിരെ, ബി.ജെ.പി.-യുടെ വർഗ്ഗീയ നിലപാടുകൾക്കെതിരെ ശക്തിമത്തായ സമരങ്ങളിലേയ്ക്കും പ്രക്ഷോഭത്തിലേയ്ക്കും യോജിച്ച് മുന്നോട്ട് പോകുന്നതിനും പാർലമെന്റിനകത്തും പുറത്തുമുള്ള എല്ലാ ജനവിഭാഗങ്ങളുമായും ചേർന്ന് മുന്നോട്ടുപോകുന്നതിൽ സി.പി.ഐ.(എം.)-ന് യാതൊരു തർക്കവുമില്ലെന്ന് രാഷ്ട്രീയ പ്രമേയത്തിൽ വ്യക്തമാക്കിയത് എല്ലാക്കാലവും ശരിയാണ്.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, തെരഞ്ഞെടുപ്പുകളിലെ മത്സരം രാഷ്ട്രീയമാണോ അരാഷ്ട്രീയമാണോ എന്നുള്ളതാണ് സംശയം. തമിഴ്നാട്ടിലും ആസാമിലും കോൺഗ്രസ്സിന്റെ മുന്നണിയിൽ മത്സരിക്കുന്നത്, ബംഗാളിൽ മുന്നണിയായി ഒരുമിച്ച് മത്സരിക്കുന്നത് രാഷ്ട്രീയമായി കൂട്ടുകൂടില്ലെന്ന് പറഞ്ഞ ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്ററുടെ മറുപടിയെ ദുർബലമാക്കുന്നതാണ്. രണ്ട്, അനുയോജ്യമായ മാറ്റങ്ങൾ വരുത്തുമെന്ന് അങ്ങ് പറഞ്ഞതാണ് എന്റെയും പേടി. കാരണം, ഹൈദ്രാബാദിൽ ശ്രമിക്കുകയും പരാജയപ്പെടുകയും ചെയ്ത ആ ലൈൻ കണ്ണൂരിൽ കൊണ്ടുവന്ന് ശ്രീ. പി. ടി. തോമസ് സൂചിപ്പിച്ചതുപോലെ ശ്രീ. സീതാറാം യെച്ചൂരിയെ ഒതുക്കി ബി.ജെ.പി.-യ്ക്ക് പ്രയോജനകരമാകുന്ന രാഷ്ട്രീയ നിലപാട് പാർട്ടി കോൺഗ്രസ്സിൽ സ്വീകരിക്കുമോ എന്നുള്ള ആശങ്കയാണ് പറഞ്ഞത്.

3.00 P.M.]

ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ: സർ, നിങ്ങൾക്ക് ഒരാശങ്കയും വേണ്ട. ഞങ്ങളുടെ പാർട്ടി കോൺഗ്രസ് വരുന്ന ഏപ്രിൽ മാസം കണ്ണൂരിൽവച്ച് നടന്നു കഴിഞ്ഞാൽ ഇന്ത്യയിലെ പ്രധാനപ്പെട്ട ഇടതുപക്ഷമെന്ന രീതിയിൽ സി.പി.ഐ.(എം) ഏകകണ്ഠമായ രീതിയിൽത്തന്നെ ഈ ഭരണവർഗ്ഗ നിലപാടുകൾക്കെതിരായി, പ്രത്യേകിച്ച് കേന്ദ്ര നേതൃത്വമായി ഇന്ന് പ്രവർത്തിക്കുന്ന തീവ്രവലതുപക്ഷമായ

ബി.ജെ.പി.-ക്കെതിരായി വമ്പിച്ച രീതിയിലുള്ള പോരാട്ടങ്ങളും സമരങ്ങളും സംഘടിപ്പിക്കുന്നതിനുവേണ്ടിയുള്ള രാഷ്ട്രീയനേതൃത്വമായി ഞങ്ങളുടെ പാർട്ടി കോൺഗ്രസ് കണ്ണൂരിൽ അവസാനിക്കുമെന്ന കാര്യത്തിൽ നിങ്ങൾക്ക് യാതൊരു സംശയവും വേണ്ട. അവിടെ ആരെയും ഒറ്റപ്പെടുത്താൻ നിങ്ങൾ നോക്കേണ്ട.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, ഞാൻ മാഷ് പറഞ്ഞതിനും ശ്രീ. എ. എൻ. ഷംസീർ പറഞ്ഞതിനും മാത്രമേ മറുപടി പറയുന്നുള്ളൂ.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ധാതുക്കളെക്കുറിച്ച് ഒന്നും പറയാനില്ലേ?

ശ്രീ. ടി. സിദ്ദിഖ്: സർ, പാർട്ടി പരിപാടികളെക്കുറിച്ചും കക്ഷികളുടെ നയങ്ങളെ സംബന്ധിച്ചും ശ്രീ. ഗോവിന്ദൻ മാസ്റ്റർ ഇവിടെ സൂചിപ്പിച്ചു. ഏത് നയത്തിന്റെ അടിസ്ഥാനത്തിലാണ് 1977-ൽ ബി.ജെ.പി.-യുമായി കൂട്ടുകൂടിയത്? 1984-ലെ തെരഞ്ഞെടുപ്പിൽ രണ്ട് സീറ്റാണ് ബി.ജെ.പി.-ക്ക് ഉണ്ടായിരുന്നത്. 1989-ൽ രാജീവ് ഗാന്ധിയെ താഴെയിറക്കാൻവേണ്ടി നിങ്ങൾ അഖിലേന്ത്യാ തലത്തിൽ ഒരു മുന്നണിയുണ്ടാക്കി മത്സരിച്ചു. സഖാവ് ഇ.എം.എസ്.-ഉം ഹർകിഷൻ സിംഗ് സുർജിത്തും ഉൾപ്പെടെയുള്ളവർ ഡൽഹി കേന്ദ്രീകരിച്ച് മുന്നോട്ടുപോയി, രാഷ്ട്രീയ നേതൃത്വം മുഴുവൻ അന്നവിടെ വോട്ടുചെയ്തത് അരിവാൾ ചുറ്റിക നക്ഷത്രം അടയാളത്തിലല്ല; താമര അടയാളത്തിലാണ്. അപ്പോൾ ഓരോ സമയത്തും ബി.ജെ.പി.-യെ കൂട്ടുപിടിച്ചുകൊണ്ട് ദേശീയതലത്തിൽ നിങ്ങളുണ്ടാക്കിയ നയതീരുമാനങ്ങൾ, ഇപ്പോൾ ബി.ജെ.പി.-ക്കെതിരെ പറയുന്ന നയതീരുമാനങ്ങൾ, ഇതുരണ്ടും അവസരവാദപരമായിട്ടുള്ള സമീപനത്തിന്റെ ഭാഗമല്ലേ? ബി.ജെ.പി. ഇന്നാണോ തീവ്രവലതുപക്ഷമായത്? ബി.ജെ.പി. നേരത്തെ തീവ്രവലതുപക്ഷമാണല്ലോ; ഗാന്ധിവധത്തിനുശേഷം 1977-ലാണല്ലോ നിങ്ങൾ ബി.ജെ.പി.-യുമായി സഖ്യം ചേർന്നത്, 1989-ലും സഖ്യം ചേർന്നു. 1977-ലും 1989-ലും ബി.ജെ.പി.-യെ സ്വാംശീകരിച്ച നിങ്ങൾക്ക് എങ്ങനെ അതിനെ തീവ്ര വലതുപക്ഷമെന്ന് താത്വികമായി അംഗീകരിക്കാൻ സാധിക്കും?

ശ്രീ. എ. എൻ. ഷംസീർ: സർ, എൽ. കെ. അദ്വാനിയുടെ രഥയാത്ര അറസ്റ്റ് ചെയ്തതിനെത്തുടർന്ന് ആ സർക്കാരിന് പിന്തുണ പിൻവലിച്ചപ്പോൾ അന്ന് നിങ്ങൾ ചേർന്നല്ലേ വി. പി. സിംഗിനെ അട്ടിമറിച്ചത്?

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, എൽ. കെ. അദ്വാനിയുടെ കാര്യം ഓർമ്മപ്പെടുത്തരുത്. എൽ. കെ. അദ്വാനിയും അടൽ ബിഹാരി വാജ്പേയിയും ദേശീയ സെക്രട്ടറിയായിരുന്ന ഇ.എം.എസ്.-ഉം എൻ. ടി. രാമറാവുവുംകൂടി ഒരുമിച്ച് കോൺഗ്രസിനെ പരാജയപ്പെടുത്താൻ ഏതു ചെകുത്താനുമായും കൂട്ടുകൂടുമെന്നു പറഞ്ഞ് കൊൽക്കത്തയിൽ റാലി നടത്തിയതും ഒരു സ്റ്റേജ് പങ്കിട്ടതും ഓർമ്മയില്ലേ;

അതൊന്നും വെറുതെ ഓർമ്മപ്പെടുത്തരുത്. പിന്നെ വിശാലമനസ്കരായി ഞങ്ങളും ചെയ്തിട്ടുണ്ട്. ഏറ്റവും വലിയ ഒറ്റക്കക്ഷിയായിട്ടുപോലും ദേവഗൗഡയെയും ചന്ദ്രശേഖരനെയുമൊക്കെ ഞങ്ങളും പിന്തുണച്ചിട്ടുണ്ട്. നിങ്ങൾ വി. പി. സിംഗിന്റെ ഗവൺമെന്റുണ്ടാക്കാൻ ബി.ജെ.പി.-യോടൊപ്പം കൂടിയവരാണ്. ഇവിടെ ശ്രീ. ടി. സിദ്ദിഖ് സൂചിപ്പിച്ചതുപോലെ ജനസംഘവുമായി ചേർന്നവരാണ്. 2008-ൽ ഒരുമിച്ച് വോട്ട് ചെയ്ത് ഞങ്ങളെ താഴെയിറക്കാൻ ശ്രമിച്ചവരാണ്. എല്ലാക്കാലത്തും നിങ്ങൾ ബി.ജെ.പി.-യോടൊപ്പം കൂടിയിട്ടുണ്ട്.

<u>ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ</u>: സർ, ഞങ്ങളന്ന് കൃത്യമായി പറഞ്ഞു കൊണ്ടുതന്നെയാണല്ലോ ചേർന്നത്. വെറുതെ യാദൃച്ഛികമായി ചേർന്നതൊന്നുമല്ല. അന്ന് 'അടിയന്തരാവസ്ഥ അറബിക്കടലിൽ' എന്ന മുദ്രാവാക്യം വിളിച്ചുകൊണ്ട് തിരുവനന്തപുരത്താണ് ആദ്യമായി അടിയന്തരാവസ്ഥ അവസാനിപ്പിക്കുന്നത്. അടിയന്തരാവസ്ഥ അവസാനിപ്പിക്കുന്നതിന്റെ ഭാഗമായി പോകുന്ന ഘട്ടത്തിൽ ആദ്യം പുത്തരിക്കണ്ടം മൈതാനത്തിൽ സഖാവ് ഇ.എം.എസ്.-ന്റെ പ്രസംഗം നടന്നു. ആ അടിയന്തരാവസ്ഥ അറബിക്കടലിലേയ്ക്ക് എത്തിക്കുന്നതിനുവേണ്ടിയുള്ള ജനാധിപത്യ ധ്വംസനം നടത്തിയ, അധികാരം കേന്ദ്രത്തിൽ പൂർണ്ണമായും കേന്ദ്രീകരിച്ചുകൊണ്ട് എല്ലാ ജനാധിപത്യ അവകാശങ്ങളും ഇല്ലായ്മ ചെയ്ത, അർദ്ധ ഫാസിസത്തിലേയ്ക്കുപോയ കോൺഗ്രസിന്റെ നിലപാടിനെതിരായി അതിശക്തമായ ഒരു ഐക്യപ്രസ്ഥാനം രൂപപ്പെടുത്താൻ വേണ്ടിതന്നെയാണ് ശ്രമിച്ചത്. 'അടിയന്തരാവസ്ഥ അറബിക്കടലിൽ' എന്ന മുദ്രാവാക്യം തന്നെയാണ് മുന്നോട്ടു വച്ചത്. അതിൽ ഇവരെല്ലാം ചേർന്നിട്ടുണ്ട്. പക്ഷേ ഇവിടെ കേരളത്തിൽ അന്ന് .... (ബഹളം)..... കേൾക്കൂ....അംഗീകരിച്ചു. അതിനെന്താ സംശയമുള്ളത് നിങ്ങൾക്ക്..... (ബഹളം)..... പൂർണ്ണമായും അംഗീകരിച്ചിരിക്കുന്നു. ഞാൻ പറഞ്ഞില്ലേ. അടിയന്ത രാവസ്ഥയായിരുന്നു അന്നത്തെ ഏറ്റവും പ്രധാനപ്പെട്ട വലതുപക്ഷം. അതിനെ താഴെയിറക്കാൻവേണ്ടി ആരെല്ലാം അടിയന്തരാവസ്ഥയെ എതിർക്കുന്നതിനു വേണ്ടി മുന്നോട്ടേയ്ക്കുവരുന്നുവോ അവരെല്ലാമായി ചേർന്നു. അന്ന് ബി.ജെ.പി.-യൊന്നുമില്ല. വെറുതെ നിങ്ങൾ പറയുന്നതാണ്. ഞാൻ അതിന്റെ ചർച്ചയിലേ യ്ക്കൊന്നും പോകാൻ ഉദ്ദേശിക്കുന്നില്ല. അന്ന് ബി.ജെ.പി.-യൊന്നുമില്ല, അന്ന് ജനതാപാർട്ടിയാണ്, നിങ്ങൾ വെറുതെ ആവശ്യമില്ലാതെ പറയേണ്ട. അന്ന് ബി.ജെ.പി. ഇല്ല. ബി.ജെ.പി.-യെല്ലാം പിന്നീട് വന്നതാണ്. ..........(ബഹളം).... ഇല്ലായെന്നാണ് ഞാൻ പറഞ്ഞത്. ഞാൻ പറഞ്ഞത് ഒന്നുകൂടി വ്യക്തമാക്കാം. അടിയന്തരാവസ്ഥപോലെ എല്ലാ ജനാധിപത്യ പാർലമെന്ററി സംവിധാനവും അവസാനിപ്പിക്കാൻ ശ്രമിച്ച വിഭാഗത്തിനെതിരായി നല്ല രീതിയിലുള്ള പോരാട്ടം ഇന്ത്യയിലുയർന്നുവരുമ്പോൾ അതിനാവശ്യമായ നിലപാട് സ്വീകരിച്ചുകൊണ്ടാണ് ഇടതുപക്ഷപ്രസ്ഥാനം പൊതുവെ മുന്നോട്ട് പോയിട്ടുള്ളത്. അന്ന് ആ നിലപാടിനൊപ്പം

ഉണ്ടായിരുന്ന ചിലരെങ്കിലും ഇപ്പോഴും കോൺഗ്രസിന്റെ അഖിലേന്ത്യാ നേതൃത്വത്തിലുണ്ട്. ശ്രീ. എ. കെ. ആന്റണിയെപ്പോലെയുള്ളവരുണ്ട്. ശ്രീ. എ. കെ. ആന്റണി ഉൾപ്പെടെയുള്ളയാളുകൾ അടിയന്തരാവസ്ഥയുടെ ഒരു ഘട്ടം കഴിഞ്ഞപ്പോൾ ഇന്ദിരാഗാന്ധിക്കെതിരായി, ഇന്ദിരാഗാന്ധിയുടെ നിലപാടിനെതിരായി, അടിയന്ത രാവസ്ഥ സമീപനത്തിനെതിരായി പുറത്തു വന്നിട്ടുണ്ട്. സംസ്ഥാനത്ത് 1980-ൽ നടന്ന തെരഞ്ഞെടുപ്പിൽ ഇടതുപക്ഷ ജനാധിപത്യമുന്നണിയോടൊപ്പം കോൺഗ്രസു ണ്ടായിരുന്നുവെന്നും അതിൽ ശ്രീ. എ. കെ. ആന്റണിയും ശ്രീ. ആര്യാടൻ മുഹമ്മദും ഉണ്ടായിരുന്നുവെന്നുമുള്ള കാര്യം നിങ്ങൾ മറക്കേണ്ട. അപ്പോൾ ഏറ്റവും കടുത്ത ശത്രുവിനെതിരായി യോജിക്കാവുന്ന ജനാധിപത്യ ശക്തികളുൾപ്പെടെ ചേർന്നുകൊണ്ടാണ് അടിയന്തരാവസ്ഥയ്ക്കെതിരായി മുന്നോട്ടുവന്നത്. അന്ന് ബി.ജെ.പി. ഇല്ല.

മി. ചെയർമാൻ: ബഹുമാനപ്പെട്ട പി. സി. വിഷ്ണുനാഥ്, അങ്ങ് ബില്ലിലേയ്ക്ക് തിരിച്ചുവരണം.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, 1980-ൽ കോൺഗ്രസ് അഖിലേന്ത്യാ അടിസ്ഥാനത്തിൽ പിളർന്നതിന്റെ ഭാഗമായി കോൺഗ്രസ്-യു ഇടതുപക്ഷത്തിന്റെ ഭാഗമായി എൽ.ഡി.എഫ്.-ൽ വന്നാണ് മത്സരിച്ചത്. നിങ്ങൾ ബി.ജെ.പി.-യും ജനസംഘവുമായി ചേർന്നപ്പോൾ ശ്രീ. എ. കെ. ആന്റണിയും വയലാർ രവിയും ഉണ്ടായിരുന്നില്ല; നിങ്ങൾ മാത്രമേ ഉണ്ടായിരുന്നുള്ളൂ. അത് ശരിയായിരുന്നു വെന്നാണ് മാഷ് ഇപ്പോൾ പറയുന്നത്. നിങ്ങൾ ചെയ്ത ഒരുപാട് തെറ്റുകളിൽ ജനസംഘവുമായി ചേർന്നത് ഒരു തെറ്റ്. കോൺഗ്രസിനെ പരാജയപ്പെടുത്താൻ ഏതു ചെകുത്താനെയും കൂട്ടുപിടിക്കുമെന്നു പറഞ്ഞിട്ട് നിങ്ങൾ 1989-ൽ ബി.ജെ.പി.-യുമായി കൂടി. ആ ചെകുത്താൻ ഇന്ന് കർഷകരെ വണ്ടി കയറ്റിക്കൊല്ലുകയും ചെറുകിട മേഖലയെ തകർക്കുകയും ദളിതനെ കൊല്ലുകയും mob lynching വഴി ന്യൂനപക്ഷത്തെ തകർക്കുകയുമാണ്. ആ ചെകുത്താനെ വീണ്ടും വലുതാക്കാൻ ഹൈദ്രാബാദ് കോൺഗ്രസിലെടുത്ത തീരുമാനത്തെ തിരുത്തണമെന്നാണ് ഞാൻ പറഞ്ഞത്. ശ്രീ. ഗോവിന്ദൻ മാസ്റ്റർ ഇവിടെ വീണ്ടും പറഞ്ഞു കോൺഗ്രസ് വലതുപക്ഷമാണെന്ന്. സി.പി.ഐ.(എം.)-ന്റെ ഒരു രേഖയിലും അതില്ല. കോൺഗ്രസ് വലതുപക്ഷമാണെന്ന് എവിടെയും പറഞ്ഞിട്ടില്ല. പറയാത്തൊരു കാര്യം മാഷ് പറയുകയാണ്.

സി.പി.ഐ. ഞങ്ങളുടെ കൂടെ നിന്ന സമയത്ത് വലത് കമ്മ്യൂണിസ്റ്റ് പാർട്ടിയെന്നുപറഞ്ഞ് ആക്ഷേപിച്ചവരല്ലേ; വലത് കമ്മ്യൂണിസ്റ്റ് പാർട്ടിയെന്നല്ലേ സി.പി.ഐ.-യെ വിളിച്ചിരുന്നത്. അപ്പോൾ ആ രൂപത്തിൽ നിങ്ങൾ ആക്ഷേപത്തിന്റെ ഭാഗമായി പറയുന്നതാണോയെന്നെനിക്കറിയില്ല. അതുകൊണ്ട്

ചെയ്ത തെറ്റുകളുടെ പട്ടികയിലേയ്ക്ക് പുതിയ തെറ്റ് കൂട്ടിച്ചേർക്കരുതെന്നുമാത്രം ബഹുമാനപ്പെട്ട മന്ത്രിയോട് വിനീതമായി അഭ്യർത്ഥിക്കുന്നു. വീണ്ടും ഒരു പുനരാലോചന നടത്തുക, മൈനിംഗിനെ സംബന്ധിച്ച 1881-ലെ തിരുവിതാംകൂർ വിളംബരവും 1905-ലെ കൊച്ചി വിളംബരവും അതിന്റെ കൂടെ മലബാറും ചേർക്കുന്ന ഒരു നിയമത്തിനുപകരം കേരളത്തിന്റെ പരിസ്ഥിതിയെ ആകെ സംരക്ഷിക്കുന്ന കൃത്യമായതും സമഗ്രമായതുമായ ഒരു നിയമനിർമ്മാണത്തിന് അങ്ങ് അവസര മൊരുക്കണമെന്ന് പറഞ്ഞുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. പി. ഉബൈദുള്ള: സർ, ഞാൻ ഈ നിരാകരണ പ്രമേയത്തെ പിന്താങ്ങുന്നു. നമ്മുടെ സംസ്ഥാനത്ത് ധാതുക്കളുമായി ബന്ധപ്പെട്ട ആദ്യത്തെ നിയമമാണ് സർക്കാർ ഇവിടെ തയ്യാറാക്കാൻ പോകുന്നത്. ഇതിനാധാരമായി വന്നത് 2013-ലെ സുപ്രീംകോടതി വിധിയാണ്. മലബാർ മേഖലയിലെ കേസുമായി ബന്ധപ്പെട്ട് ത്രേസ്യാമ്മ ജേക്കബ് Vs ജിയോളജിസ്റ്റ്, മൈനിംഗ് ആൻഡ് ജിയോളജി വകുപ്പ്, 2013 എന്ന വിധിയിൽ ധാതുസമ്പത്തിന്റെ ഉടമസ്ഥാവകാശം ഉടമസ്ഥർക്ക് തന്നെയായിരിക്കുമെന്നാണ് പ്രസ്താവിച്ചിട്ടുള്ളത്. എന്നാൽ ഈ വിധി വന്ന് 8 വർഷം പിന്നിട്ടശേഷമാണ് നിയമനിർമ്മാണം നടത്തുന്നത്. അതിനു കാരണം മലബാർ മേഖലയിൽ കേരള സംസ്ഥാന രൂപീകരണശേഷവും മദ്രാസ് പ്രവിശ്യയുടെ കീഴിലുള്ള നിയമവ്യവസ്ഥകളാണ് നിലനിൽക്കുന്നത്. അതുകൊണ്ടാണ് ബഹുമാനപ്പെട്ട സുപ്രീംകോടതി ഈ കക്ഷിക്കനുകൂലമായ വിധി പ്രസ്താവിച്ചത്. ബില്ലിന്റെ ഉദ്ദേശ്യകാരണങ്ങളിൽ പറയുന്നത്, സംസ്ഥാനത്ത് ഒരു ഏകീകൃത നിയമം കൊണ്ടുവരാനാണ് സർക്കാർ ഉദ്ദേശിക്കുന്നതെന്നാണ്. എന്നാൽ നിയമം ഡ്രാഫ്റ്റ് ചെയ്തപ്പോൾ തികച്ചും അവധാനയില്ലാതെയാണ് തയ്യാറാക്കിയിട്ടുള്ളതെന്ന് മനസ്സിലാകും. അതാണ് ശ്രീ. പി. സി. വിഷ്ണുനാഥും ഇവിടെ പറഞ്ഞത്. ഇപ്പോഴും കേരളത്തിൽ ഏകീകൃത നിയമം ഉണ്ടാകാൻ പോകുന്നില്ല. 1881-ലെ തിരുവിതാംകൂർ വിളംബരത്തിലെയും 1905-ലെ കൊച്ചി വിളംബരത്തിലെയും വ്യവസ്ഥകൾ ബില്ലിൽ ഉൾപ്പെടുത്തിയിട്ടില്ല. അതിനർത്ഥം തിരുകൊച്ചിയിൽ നിലവിലുള്ള വ്യവസ്ഥകൾ തുടരുമെന്നുതന്നെയാണ്. വിളംബരത്തെ മാറ്റി നിർത്തിക്കൊണ്ട് ഈ നിയമത്തെ നമുക്ക് കാണാൻ സാധിക്കില്ല. നിയമത്തെ വ്യാഖ്യാനിക്കുന്ന ഒരാൾക്ക് ഈ നിയമം മലബാർ മേഖലയിൽമാത്രം ഒതുങ്ങിയിരിക്കുന്നുവെന്നാണ് മനസ്സിലാക്കാൻ കഴിയുന്നത്. കൂടാതെ സ്വകാര്യ വ്യക്തികളുടെ ഭൂമി ഏറ്റെടുക്കാൻ മാത്രമേ ബില്ലിൽ വ്യവസ്ഥയുള്ളൂ. ഏറ്റെടുക്കുന്ന ധാതുക്കൾ ഏതൊക്കെയെന്നോ അതിനവർക്ക് നൽകേണ്ട നഷ്ടപരിഹാരത്തുക സംബന്ധിച്ചോ ബില്ലിൽ വിശദീകരിക്കുന്നില്ല. സാധാരണ നാം കാണുന്ന ധാതുക്കളെ ലിസ്റ്റിൽ ഉൾപ്പെടുത്തിയാൽ ഒട്ടുമിക്ക ഭൂപ്രദേശങ്ങളും സർക്കാർ ഉടമസ്ഥാവകാശത്തിലാകും. ചുരുക്കത്തിൽ ബിൽ

പൂർണ്ണമല്ലെന്നാണ് പറയേണ്ടിവരുന്നത്. ഏകീകൃത നിയമമെന്ന തത്വത്തെ അട്ടിമറിക്കുന്നതാണ് പുതിയ ബിൽ. ഭരണഘടനയുടെ 294(3) വകുപ്പുപ്രകാരം ഭൂമിയുടെ ഉടമസ്ഥാവകാശവും അധികാരവും സർക്കാരിൽത്തന്നെയാണ്. നിയമപരമായി ഏറ്റെടുക്കുകയാണെങ്കിൽ കൂടുതൽ ഉദാരമായും ജനകീയമായും നിയമങ്ങൾ സൃഷ്ടിച്ചായിരിക്കണം ചെയ്യേണ്ടതെന്ന് 294(3) വകുപ്പിൽ പറയുന്നുണ്ട്. ലോകത്താകമാനം പ്രകൃതിയുടെ സമ്പത്ത് കൈക്കലാക്കാനുള്ള വലിയ മത്സരം നടന്നു കൊണ്ടിരിക്കുകയാണ്. ആഫ്രിക്കൻ രാജ്യങ്ങളിലാണ് ധാതുസമ്പത്തുകൾ ഏറെയുള്ളത്. ധാതുസമ്പത്തുക്കൾ കൈക്കലാക്കുന്നതിനുവേണ്ടി അമേരിക്ക, ചൈന പോലെയുള്ള ലോകരാഷ്ട്രങ്ങൾ വലിയ മത്സരം നടത്തുകയാണ്. ആ മത്സരത്തിനിടയ്ക്ക് ഇന്ത്യയ്ക്കതിൽ ഫലപ്രദമായി ഇടപെടാൻ കഴിയുന്നില്ലെന്നുള്ളതാണ് യാഥാർത്ഥ്യം. ഇന്ത്യയ്ക്കിടപെടാൻ കഴിയാത്തതുപോലെതന്നെ നമ്മുടെ സംസ്ഥാനത്തിനും ഫലപ്രദമായി ഈ ധാതുസമ്പത്ത് നമ്മുടെ നാടിന്റെ പുരോഗതിക്കുവേണ്ടി വിനിയോഗിക്കാൻ കഴിയുന്നില്ലെന്ന യാഥാർത്ഥ്യം കൂടി തിരിച്ചറിയണം. ഛത്തീസ്ഗഡ്, മഹാരാഷ്ട്ര, തമിഴ്നാട് പോലുള്ള സംസ്ഥാനങ്ങളിൽ ധാതുസമ്പത്ത് കണ്ടെത്തുന്നതിനും അതിൽനിന്നും കൂടുതൽ മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ ഉണ്ടാക്കി വരുമാനം വർദ്ധിപ്പിക്കുന്നതിനുമുള്ള നടപടി നടന്നുകൊണ്ടിരിക്കുകയാണ്.

<u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)</u>: സർ, ധാതു ഖനനത്തിനുവേണ്ടി നമ്മുടെ പ്രതിനിധിയായി ഭരണപക്ഷത്തുനിന്നും ഒരു എം.എൽ.എ ആഫ്രിക്കയിൽ പോയിരിക്കുന്ന വിവരം അങ്ങേയ്ക്ക് അറിയാമോ?

<u>ശ്രീ. പി. ഉബൈദുള്ള</u>: സർ, പത്രവാർത്തയിലൂടെ ഞാനും അക്കാര്യംകേട്ടിരുന്നു. അദ്ദേഹത്തെക്കുറിച്ച് അന്വേഷിക്കേണ്ടതും സഭയിൽ കൊണ്ടുവരേണ്ടതും ഭരണകക്ഷിയുടെ ഉത്തരവാദിത്വമാണ്. അതവർ ചെയ്യുമെന്ന് പ്രതീക്ഷിക്കാം. ആഫ്രിക്കയിലാണ് ധാതുസമ്പത്ത് ഏറ്റവും കൂടുതലുള്ളതെന്ന് മനസ്സിലാക്കാൻ ഒരു എം.എൽ.എ.-യ്ക്കെങ്കിലും കഴിഞ്ഞു. ആ എം.എൽ.എ.-യോട് ചോദിച്ചറിഞ്ഞ് അത് കേരളത്തിലേയ്ക്ക് എത്തിക്കാനുള്ള നടപടി ബഹുമാനപ്പെട്ട മന്ത്രിയുടെ ഭാഗത്തുനിന്നുമുണ്ടാകുന്നത് നല്ലതാണ്. ഛത്തീസ്ഗഡിലും തമിഴ്നാട്ടിലും മഹാരാഷ്ട്രയിലും ഇതിനുവേണ്ടി ഒരു മന്ത്രാലയം തന്നെ പ്രവർത്തിക്കുന്നുണ്ട്. ധാതുസമ്പത്തിന്റെ അനന്തമായ സാദ്ധ്യതകളെക്കുറിച്ച് ഇതുവരെ പഠിക്കാനും പ്രയോജനപ്പെടുത്താനും മുന്നോട്ടുവരാത്ത സംസ്ഥാനം നമ്മുടേത് മാത്രമാണ്. ഒരു വീട് ഉണ്ടാക്കുകയാണെങ്കിൽ രാജസ്ഥാൻ മാർബിളിന്റെയും ഇറ്റാലിയൻ മാർബിളിന്റെയും പരസ്യം കണ്ട് നമ്മൾ അതന്വേഷിച്ച് നടക്കുകയാണ്. നമ്മുടെ നാട്ടിൽ തന്നെ ഈ മാർബിളുകളൊക്കെ കണ്ടെത്താൻ കഴിയും. അത്തരമൊരു പരിശോധന സംസ്ഥാനത്തുണ്ടായില്ല. തിരുവനന്തപുരം ജില്ലയിലെ വർക്കല,

ചിറയിൻകീഴ് ഭാഗങ്ങളിൽ നല്ല കളേർഡ് മാർബിൾ നേരത്തെ കണ്ടെത്തിയിരുന്നു. പിന്നീട് ഇത് വികസിപ്പിച്ചെടുക്കാനുള്ള യാതൊരു പദ്ധതിയും ഉണ്ടായില്ല. കഴിഞ്ഞ നൂറ്റാണ്ടിൽ വയനാട്, മലപ്പുറം ജില്ലകളിലെ 28 സ്ഥലങ്ങളിൽ സ്വർണ്ണം ഖനനം നടത്തിയിരുന്നതായി രേഖകളുണ്ട്. വയനാട് ജില്ലയിലെ ചൂണ്ടേൽ, മേപ്പാടി, വൈത്തിരി, തരിയോട്, മാനന്തവാടി പ്രദേശങ്ങളിലും മലപ്പുറം ജില്ലയിലെ പെരിന്തൽമണ്ണ, കാപ്പിൽ, നിലമ്പൂർ ഭാഗങ്ങളിലും രണ്ട് തരത്തിലുള്ള സ്വർണ്ണനിക്ഷേപം അക്കാലത്ത് കണ്ടെത്തിയിരുന്നു. സ്വർണ്ണാംശം അടങ്ങിയ പാറകൾ, ചാലിയാർ, പുന്നപ്പുഴ എന്നിവിടങ്ങളിലെ മണലിൽ കലർന്നുകിടക്കുന്ന പ്ലേസർ സ്വർണ്ണ നിക്ഷേപം എന്നിങ്ങനെ രണ്ടുതരത്തിലുള്ള നിക്ഷേപങ്ങൾ കാണാൻ കഴിഞ്ഞിട്ടുണ്ട്. വയനാട്ടിൽ ഇരുമ്പ് അയിരിന്റെ സാദ്ധ്യതയുമുണ്ടെന്ന് പറയപ്പെടുന്നു. ജിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യയുടെ ഗവേഷണത്തിൽ ഇതുപോലെയുള്ള വിലപിടിപ്പുള്ള ധാതുക്കൾ സംസ്ഥാനത്തിന്റെ പലഭാഗങ്ങളിലുമുണ്ടെന്ന് കണ്ടെത്തിയിട്ടും ഇതുമായി ബന്ധപ്പെട്ട് വിശദമായൊരു പഠനം നടത്താൻ ഇതുവരെയും കഴിഞ്ഞില്ല. പുരാതനകാലം മുതൽതന്നെ ഏറ്റവും കൂടുതൽ ജനങ്ങളെ ആകർഷിച്ചിരുന്ന ഒന്നാണ് രത്നകല്ലുകൾ. എല്ലാവരും അതിന്റെ മനോഹാരിതകണ്ട് അതിൽ ആകൃഷ്ടരായിട്ടുണ്ട്. ക്രൈസോ ബെറിൽ, അലക്സാൻഡ്രൈറ്റ്, സഫയർ, റൂബി, സിർക്കോൺ, സ്പീൻ, സ്പിനൽ, ഗാർനെറ്റ് എന്നീ വിഭാഗങ്ങളിൽപ്പെടുന്ന രത്നക്കല്ലുകൾ വരെ നമ്മുടെ നാട്ടിലുണ്ട്. ഈ രത്നക്കല്ലുകൾക്ക് പുറമെ വിലപിടിപ്പുള്ള മറ്റ് ധാരാളം കല്ലുകളും നമ്മുടെ ചുറ്റുപാടുമുണ്ട്. തിരുവനന്തപുരം ജില്ലയിലെ അണ്ടൂർക്കോണം, അരുവിക്കര, ബാലരാമപുരം, ബോണക്കാട് എസ്റ്റേറ്റ്, ചാങ്ങ, മടത്തറ, നെടുമങ്ങാട്, പിരപ്പൻകോട്, വെങ്ങാനൂർ, വെമ്പായം തുടങ്ങിയ സ്ഥലങ്ങളിലും കൊല്ലം ജില്ലയിലെ കുളത്തൂപ്പുഴ, മേച്ചിറ, അടുക്കളമൂല എന്നീ സ്ഥലങ്ങളിലും രത്നക്കല്ലുകൾ കാണപ്പെടുന്നു. കൂടാതെ കല്ലാർ, വാമനപുരം ആറ്, കരമനയാർ, കിള്ളിയാർ, നെയ്യാർ, കുളത്തൂപ്പുഴയാർ, കല്ലടയാർ എന്നീ നദികളിലെ പല ഭാഗങ്ങളിൽനിന്നും രത്നക്കല്ലുകളുടെ ലഭ്യത തെളിയിക്ക പ്പെട്ടിട്ടുണ്ട്. തിരുവനന്തപുരത്തെയും കൊല്ലത്തെയും പരിസര പ്രദേശങ്ങളിലുമടക്കം വിലപിടിപ്പുള്ള കല്ലുകൾ ഒളിഞ്ഞുകിടപ്പുണ്ട്. ആ കല്ലുകളുടെ ഉറവിടം കണ്ടെത്തി അത് പുറത്തുകൊണ്ടുവരുന്നതിന് വേണ്ടിയുള്ള എന്തെങ്കിലും ഫലപ്രദമായ നടപടികൾ നടത്താൻ ഇതുവരെയും നമുക്ക് സാധിച്ചിട്ടില്ല. ഏതായാലും ഞങ്ങളാരും അവിടെ പോയിട്ടില്ല. ...(ബഹളം)... ഇവിടെ സംസാരിക്കുന്നത് ധാതുസമ്പത്തിനെക്കുറിച്ചാണ്, അല്ലാതെ വ്യാജ ഡോക്ടർമാരെക്കുറിച്ചല്ല. അതിന്റെ ബിൽ വരുമ്പോൾ മോൻസണിന്റെ കാര്യം സംസാരിക്കാം. സി.പി.ഐ.-യെ വലതു കമ്മ്യൂണിസ്റ്റ് പാർട്ടിയെന്ന് പറയുന്നത് ഞങ്ങളല്ല.

ചേലാട്ടച്യുതമേനോനെ
ചേലില്ലാത്തത് ചെയ്യല്ലേ
ചേലില്ലാത്തത് ചെയ്താല്
ചേലാട്ടേയ്ക്ക് മടങ്ങില്ല.

ഈ മുദ്രാവാക്യം വിളിച്ചത് നിങ്ങളുടെ കൂടെ ഇപ്പോൾ നിൽക്കുന്ന നിങ്ങൾ ഇടതുപക്ഷമെന്ന് പറയുന്ന, നിങ്ങളെ വലതുപക്ഷമെന്ന് വിളിച്ചിരുന്നവരാണ്. നിങ്ങൾക്ക് മാന്യതയുണ്ടാക്കിത്തന്നത് ഐക്യജനാധിപത്യമുന്നണിയാണെന്നതിൽ സംശയമില്ല. സംസ്ഥാനത്തെ ഭവനനിർമ്മണ പദ്ധതികളെക്കുറിച്ച് പറയുമ്പോൾ, അഭിമാനത്തോടുകൂടി നമ്മൾ പറയുന്ന എം.എൻ. ലക്ഷം വീട് പദ്ധതി ആരംഭിച്ചത് സി. അച്യുതമേനോൻ ഐക്യജനാധിപത്യമുന്നണിയുടെ മുഖ്യമന്ത്രിയായിരുന്ന കാലത്താണ്. അടിയന്തരാവസ്ഥയെക്കുറിച്ചൊക്കെ പറഞ്ഞല്ലോ? അടിയന്തരാവസ്ഥ കാലഘട്ടത്തിൽ നമ്മളൊക്കെ ഒരുമിച്ചായിരുന്നു. ഇപ്പോഴാണ് അടിയന്തരാവസ്ഥയെ തള്ളിപ്പറയുന്നവരുടെ ചവിട്ടും കുത്തുമേറ്റ് നിങ്ങൾ അവരുടെ ഒപ്പം നിൽക്കുന്നതെന്ന് അറിയണം.

<u>ശ്രീ. മുഹമ്മദ് മുഹസിൻ</u>: സർ, മുസ്ലീം ലീഗ് ഒരു ചത്ത കുതിരയാണെന്നും വർഗ്ഗീയപാർട്ടിയാണെന്നും പറഞ്ഞ നേതാക്കളുള്ള കോൺഗ്രസിന്റെ കൂടെയാണ് ഇപ്പോൾ നിൽക്കുന്നതെന്നുള്ള കാര്യം നിങ്ങൾ മറന്നോ?

<u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)</u>: സർ, സി.പി.ഐ.(എം.) അടിയന്തരാവസ്ഥയെ തള്ളിപ്പറഞ്ഞ സന്ദർഭത്തിലും കോൺഗ്രസിനൊപ്പംനിന്ന ആളുകളാണ് ഇവരെന്നുള്ള കാര്യം നിങ്ങൾക്കറിയാമോ?

<u>ശ്രീ. പി. ഉബൈദുള്ള</u>: സി.പി.ഐ.-യും, സി.പി.ഐ.(എം.)-ഉം ഒക്കെ എന്നും അവസരവാദപരമായ രാഷ്ട്രീയ നിലപാടാണ് സ്വീകരിച്ചിരുന്നത്. സന്ദർഭത്തിനനുസരിച്ച് നിലപാടുകളിൽ വെള്ളം ചേർക്കുകയാണ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ രീതി. 1984-ൽ രാജീവ് ഗാന്ധി പ്രധാനമന്ത്രിയായപ്പോൾ ഇന്ത്യൻ പാർലമെന്റിൽ ബി.ജെ.പി.-യ്ക്ക് രണ്ട് അംഗങ്ങളായിരുന്നു ഉണ്ടായിരുന്നത്. 1984-ൽ ലാൽകൃഷ്ണ അദ്വാനിയും അടൽ ബിഹാരി വാജ്പേയിയും മാത്രമാണുണ്ടായിരുന്നത്. 1989-ലെ തെരഞ്ഞെടുപ്പിൽ എ.കെ.ജി. ഇരുന്ന പ്രതിപക്ഷനേതാവിന്റെ കസേരയിൽ ബി.ജെ.പി.-യുടെ നേതാവിനെ ഇരുത്തിയത് സി.പി.ഐ.(എം.)-ന്റെ സഹായത്തോടുകൂടിയല്ലേ; ഇതിൽ സി.പി.ഐ (എം.)-നുള്ള പങ്ക് നിഷേധിക്കാൻ കഴിയുമോ; യഥാർത്ഥത്തിൽ ബി.ജെ.പി.-യെ ഇന്നുകാണുന്ന രീതിയിൽ അധികാരത്തിലെത്തിക്കുന്നതിൽ വലിയ പങ്കുവഹിച്ച പാർട്ടിയാണ്. അന്ധമായ

കോൺഗ്രസ് വിരോധം പ്രചരിപ്പിച്ച് കോൺഗ്രസിനെതിരായി ഏത് ചെകുത്താനുമായി കൂട്ടുകൂടുമെന്ന് പറഞ്ഞ് ബി.ജെ.പി./ഫാസിസ്റ്റുകളെ അധികാരത്തിൽ എത്തിക്കുന്നതിൽ പ്രധാന പങ്കുവഹിച്ചത് കമ്മ്യൂണിസ്റ്റ് മാർക്സിസ്റ്റ് പാർട്ടിയാണ്. ഇപ്പോൾ സി.പി.ഐ.-യും അതിൽ ചേർന്നു.

ശ്രീ. പി. ടി. തോമസ്: സർ, ബഹുമാനപ്പെട്ട അംഗം സി.പി.ഐ.(എം.)-ന്റെ തെറ്റായ രാഷ്ട്രീയത്തെ പച്ചയായി തുറന്നുകാണിച്ച് കൊണ്ടിരിക്കുകയാണല്ലോ? ബഹുമാന്യനായ മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ അടിയന്തരാവസ്ഥ കഴിഞ്ഞുള്ള ആ തെരഞ്ഞെടുപ്പിൽ ജനസംഘം ഉൾപ്പെടുന്ന പാർട്ടിയുടെ സ്ഥാനാർത്ഥിയായിട്ടാണ് കൂത്തുപറമ്പിൽ മത്സരിച്ചതെന്ന കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. ടി. സിദ്ദിഖ്: സർ, 1977-ൽ മൊറാർജി ദേശായിയുടെ മന്ത്രിസഭയിൽ രണ്ട് മന്ത്രിമാരുണ്ടായിരുന്നു. വിദേശകാര്യമന്ത്രിയായ അടൽബിഹാരി വാജ്പേയ്, രണ്ട്, വാർത്താവിതരണ വകുപ്പുമന്ത്രിയായ ലാൽകൃഷ്ണ അദ്വാനിയും. അദ്വാനി ബാബ്റി മസ്ജിദിന്റെ തകർച്ചയ്ക്ക് നേതൃത്വം കൊടുത്ത, അതുകണ്ട് ആനന്ദനൃത്തമാടിയ ബി.ജെ.പി.-യുടെ സംഘപരിവാറിന്റെ പ്രധാനപ്പെട്ട നേതാവാണ്. ഈ രണ്ടുപേരുടേയും നാവിൻതുമ്പിലേയ്ക്ക് അധികാരത്തിന്റെ ആദ്യത്തെ അപ്പക്കഷണം ഇടാൻ നേതൃത്വം കൊടുത്ത മൊറാർജിയുടെ മന്ത്രിസഭയ്ക്ക് പുറകിൽനിന്നും താങ്ങിക്കൊടുത്ത രാഷ്ട്രീയപ്രസ്ഥാനം കമ്മ്യൂണിസ്റ്റ് പാർട്ടിയാണെന്നുള്ളത് താങ്കളുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. ഇ. കെ. വിജയൻ: സർ, ബി.ജെ.പി. അധികാരത്തിൽ വരുന്നത് ഇടതുപക്ഷത്തിന്റെ പ്രവർത്തനത്തിലൂടെയാണെന്ന് ബഹുമാനപ്പെട്ട അംഗം ശ്രീ. പി. ഉബൈദുള്ള പറയുകയുണ്ടായി. വസ്തുതയെന്താണ്? രണ്ട് കാരണങ്ങൾ ബി.ജെ.പി.-ക്ക് അതിന് സഹായകരമായി. ഒന്ന്, ആർ.എസ്.എസ്.-ന് അവരുടെ മസിൽപവറിലൂടെയും സംഘാടനത്തിലൂടെയും ഇന്ത്യയിലെന്തും ചെയ്യാൻ കഴിയുമെന്ന് തെളിയിച്ചത് ബാബ്റി മസ്ജിദിന്റെ തകർച്ചയാണ്. നരസിംഹറാവുവാണ് അന്ന് ഇന്ത്യയുടെ പ്രധാനമന്ത്രിയും കോൺഗ്രസ്സിന്റെ പ്രസിഡന്റും. ഇതൊരു ദേശീയ പ്രശ്നമാണെന്നും ബഹുമാനപ്പെട്ട പ്രധാനമന്ത്രി ഇതിൽ ഇടപെടണമെന്നും ഇൻഡ്യയിലെ മുഴുവൻ ഇടതുപക്ഷ പാർട്ടികളും കോൺഗ്രസ്സിതര മറ്റ് ജനാധിപത്യ പാർട്ടികളും ആവശ്യപ്പെട്ടു. എ.ഐ.വൈ.എഫ്. ഉൾപ്പെടെയുള്ള ചെറുപ്പക്കാരുടെ സംഘടനകളും മറ്റ് ഇടതുപക്ഷ പ്രസ്ഥാനങ്ങളും അതിനെതിരെ പ്രക്ഷോഭണങ്ങൾ നടത്തി; അങ്ങോട്ടേയ്ക്ക് മാർച്ച് ചെയ്തു. എത്ര അകലെനിന്ന് അവരെ തടയാനും അവരെ തിഹാർ ജയിലിലേയ്ക്കും മറ്റ് ജയിലുകളിലേയ്ക്കും അയയ്ക്കാനും തയ്യാറായപ്പോൾ

പിക്കാസും ഇഷ്ടികകളും മറ്റ് ആയുധങ്ങളുമായി പോയ ആർ.എസ്.എസ്.-ന്റെ വോളണ്ടിയർമാരെ ഇൻഡ്യയിലെ എല്ലാ മേഖലകളിൽനിന്നും അവിടെ എത്തിക്കുന്നതിന്റെ സുരക്ഷിതത്വം ഉറപ്പുവരുത്തിയത് നരസിംഹറാവു ആയിരുന്നു എന്നത് ഒരു യാഥാർത്ഥ്യമല്ലേ? ഒട്ടേറെ ഭാഷകൾ സംസാരിക്കുന്ന പ്രധാനമന്ത്രി എന്ന് അഭിമാനത്തോടെ പറഞ്ഞ ആളാണ് ഞാൻ. പക്ഷേ ഇന്ത്യൻ ആഭ്യന്തരവകുപ്പിനോട് ഇതൊന്ന് തടയണമെന്ന് പറയാൻ ഏതെങ്കിലുമൊരു ഭാഷ അദ്ദേഹത്തിനുപയോഗിക്കാമായിരുന്നു. ഇത് അരുതെന്ന് പറയാൻ അദ്ദേഹത്തിന് കഴിയുമായിരുന്നിട്ടും അദ്ദേഹം അത് ചെയ്തില്ല. അത് പറ്റിപ്പോയതെറ്റാണെന്ന് വർഷങ്ങൾ കഴിഞ്ഞതിനുശേഷം കോൺഗ്രസ്സും നരസിംഹറാവുവും പറഞ്ഞു. അപ്പോഴേയ്ക്കും ഇന്ത്യയിൽ എത്ര മനുഷ്യരാണ് മരിച്ചുവീണതെന്ന് നിങ്ങൾ ഓർക്കണം. ഇന്ത്യൻ ജനാധിപത്യത്തിന്റേയും ഇന്ത്യൻ മതേതരത്വത്തിന്റേയും എല്ലാ മൂല്യങ്ങളും തകർക്കുന്ന നിലപാടാണ് അന്ന് കോൺഗ്രസ്സ് എടുത്തിരുന്നത്. അതോടൊപ്പം ആഗോളസമീപനത്തിന്റെ അടിസ്ഥാനത്തിൽ ആഗോളവത്കരണ ത്തിന്റെയും ഉദാരവത്കരണത്തിന്റെയും സ്വകാര്യവത്കരണത്തിന്റെയും ഭാഗമായി നമ്മുടെ രാജ്യത്ത് നടപ്പിലാക്കിയ സാമ്പത്തിക നയത്തിന്റെ ഭാഗമായി വലിയ സമരങ്ങൾ ഇവിടെ അരങ്ങേറി. അതിന്റെ ഭാഗമായിക്കൂടിയാണ് യഥാർത്ഥത്തിൽ ബി.ജെ.പി. അധികാരത്തിൽ വന്നതെന്ന് നിങ്ങൾ മറക്കരുത്.

മി. ചെയർമാൻ: ബഹുമാനപ്പെട്ട ഉബൈദുള്ള, അങ്ങയുടെ സമയമാണ് പോകുന്നത്. അങ്ങ് ബില്ലിനെക്കുറിച്ച് പറയൂ.

ശ്രീ. പി. ഉബൈദുള്ള: സർ, ബാബ്റി മസ്ജിദ് പ്രശ്നത്തിലും ഇസ്ലാമിക ശരീഅത്ത് വിഷയത്തിലുമൊക്കെ സി.പി.ഐ.(എം.) സ്വീകരിച്ച നിലപാട് എന്തായിരുന്നുവെന്ന് നമുക്കെല്ലാവർക്കുമറിയാം. ബാബ്റി മസ്ജിദ് വിഷയം ഉയർന്നുവന്ന ഘട്ടത്തിൽ, ആദ്യമായി ബാബ്റി മസ്ജിദിന്റെ താഴെ അമ്പലവും മുകളിൽ പള്ളിയുമായി വീതം വയ്ക്കണമെന്ന് പറഞ്ഞ നേതാവാണ് സഖാവ് ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാട്. ശ്രീ. കുറുക്കോളി മൊയ്തീന്റെ മണ്ഡലമായ തിരൂരിൽ നടന്ന പ്രസംഗത്തിലാണ് അങ്ങനെ പറഞ്ഞത്. ആ പത്ര കട്ടിംഗുണ്ട്.

മി. ചെയർമാൻ: അങ്ങ് പോയിന്റിലേയ്ക്ക് വരൂ.

ശ്രീ. പി. ഉബൈദുള്ള: സർ, അത് പ്രളയം വരെ നിലനിൽക്കുമെന്ന് ആരും വിചാരിക്കേണ്ടതില്ല എന്നുപറഞ്ഞതും സഖാവ് ശങ്കരൻ നമ്പൂതിരിപ്പാടാണ്. അതുകൊണ്ട് ആ ന്യൂനപക്ഷ പ്രേമത്തിന്റെ കാപട്യമൊക്കെ അറിയാം.

മി. ചെയർമാൻ: (......ബഹളം......) ബില്ലുമായി ബന്ധപ്പെട്ട കാര്യം പറയൂ.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, വസ്തുതാപരമല്ലാത്തൊരു പരാമർശം നടത്തിയിട്ടുണ്ട്. അത് രേഖകളിൽനിന്നും നീക്കം ചെയ്യേണ്ടതാണ്. അത് പ്രസിദ്ധീകരിച്ച പത്രം പിറ്റേദിവസം തന്നെ അത് തെറ്റാണെന്ന് പറഞ്ഞ് റിപ്പോർട്ട് ചെയ്തിട്ടുള്ളതാണ്.

മി. ചെയർമാൻ: പരിശോധിച്ച് തീരുമാനമെടുക്കാം.*

ശ്രീ. പി. ടി. തോമസ്: സർ, തിരൂരിൽ ബഹുമാന്യനായ ഇ.എം.എസ്. നടത്തിയ പ്രസ്താവന മാതൃഭൂമി പത്രം അന്ന് വളരെ പ്രാധാന്യം കൊടുത്ത് പ്രസിദ്ധീകരിച്ചിരുന്നു. മരിക്കുന്നതുവരെയുള്ള ഇ.എം.എസ്.-ന്റെ പ്രസ്താവനകളും എഴുത്തുകളുമൊക്കെ പരിശോധിച്ചാൽ കാര്യങ്ങൾ വ്യക്തമാകും. (......ബഹളം......) ബഹുമാനപ്പെട്ട പി. നന്ദകുമാർ ആ യോഗത്തിന്റെ അദ്ധ്യക്ഷനുമായിരുന്നു. മാതൃഭൂമി റിപ്പോർട്ട് ചെയ്ത ഈ കാര്യം അവർ ഇന്നുവരെ തിരുത്തിയിട്ടില്ല. ഇ.എം.എസ്. അന്നത് തിരുത്തിയിരുന്നെങ്കിൽ കേരളത്തിലെ മുഴുവൻ പത്രങ്ങളും അത് തിരുത്തുമായിരുന്നു. അതിനുപകരം എന്താണ് ചെയ്തത്? എറണാകുളത്തുനിന്നും പ്രസിദ്ധീകരിച്ച ദേശാഭിമാനിയിൽ ഒരു തിരുത്ത് കൊടുത്തു. പക്ഷേ, മാതൃഭൂമി പത്രത്തിൽ തിരുത്ത് വന്നിട്ടില്ല. ഇ.എം.എസ്-നെപ്പോലെ പ്രഗത്ഭനായൊരു നേതാവ് എന്റെ പ്രസ്താവന തെറ്റാണെന്ന് പറഞ്ഞിരുന്നെങ്കിൽ മാതൃഭൂമി പത്രവും അത് തിരുത്തുമായിരുന്നു. ഞാൻ മാതൃഭൂമിയുടെ ലൈബ്രറിയിൽ പോയി അത് പരിശോധിച്ചു. അദ്ദേഹം രണ്ടുദിവസം കഴിഞ്ഞ് പറഞ്ഞൊരു ഭേദഗതിയിതാണ്, ഒന്നുകിൽ മുകളിൽ മസ്ജിദ് താഴെ അമ്പലം, അല്ലെങ്കിൽ താഴെ മസ്ജിദ് മുകളിൽ അമ്പലം. അദ്ദേഹം മരിക്കുന്നതുവരെ അത് തിരുത്തിയിട്ടില്ല. ഇത് തങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാകുന്നുവെന്ന് പറയുമ്പോൾ മരിച്ചുപോയ ഇ.എം.എസ്.-നെ തിരുത്താൻ നിങ്ങൾ ശ്രമിക്കുന്നത് ശരിയല്ല. അത് മെമ്പറുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? (.....ബഹളം.....)

മി. ചെയർമാൻ: ബഹുമാന്യനായ ഉബൈദുള്ള, അങ്ങയുടെ സമയം കഴിഞ്ഞു.

ശ്രീ. പി. നന്ദകുമാർ: സർ, ബഹുമാന്യനായ ഉബൈദുള്ള, അങ്ങ് രാഷ്ട്രീയത്തിൽ എത്രനാളായി എന്നുള്ളത് എനിക്കറിയാം. ആ യോഗത്തിന്റെ അദ്ധ്യക്ഷൻ ഞാനാണ്. സഖാവ് ഇ.എം.എസ്. അത് തിരുത്തേണ്ട ആവശ്യമില്ല. വേണ്ടാത്തത് പറഞ്ഞാലല്ലേ തിരുത്തേണ്ട ആവശ്യമുള്ളൂ. മാതൃഭൂമി തിരുത്തി. ദേശാഭിമാനിയിൽ ഒരു തിരുത്തും വന്നിട്ടില്ല. (.....ബഹളം.....) ആയിക്കോട്ടെ കാണിക്കൂ. ദേശാഭിമാനിയിൽ ഒരു തിരുത്തും വന്നിട്ടില്ല...... (.....ബഹളം.....)

* ബഹുമാനപ്പെട്ട സഭാദ്ധ്യക്ഷന്റെ നിർദ്ദേശപ്രകാരം (ഫ.നം.16323/ഇ.ബി./2021/ നി.സെ.) സഭാരേഖയിൽ നിലനിർത്തി.

മി. ചെയർമാൻ: ശ്രീ. പി. ടി. തോമസ് ഇരിക്കു.

ശ്രീ. പി. നന്ദകുമാർ: സർ, ഞാനൊന്ന് പറയട്ടെ. ദേശാഭിമാനിയിൽ ഒരു തിരുത്തും വന്നിട്ടില്ല. മാതൃഭൂമിയിൽ തെറ്റായ വാർത്ത വന്നപ്പോൾ അവർതന്നെ അത് തിരുത്തി. പ്രാദേശിക ലേഖകനായ മരിച്ചുപോയ ഗോവിന്ദൻ അതിൽ തിരുത്ത് കൊടുത്തു. പിറ്റേദിവസം പത്രത്തിൽ വന്നു. അതാണ് സംഭവം. ഒരു കാര്യം കൂടി സൂചിപ്പിക്കാൻ ആഗ്രഹിക്കുകയാണ്. അടിയന്തരാവസ്ഥയെ സംബന്ധിച്ച് ശ്രീ. പി. ഉബൈദുള്ള സൂചിപ്പിച്ചു, ഇവിടെ ഞങ്ങളൊക്കെ അതിന്റെ ജീവിക്കുന്ന രക്തസാക്ഷികളാണ്. 18 മാസക്കാലം ജയിലിൽക്കിടന്നവരാണ് ഞങ്ങൾ. ഏത് കിരാതരൂപത്തിലാണ് നേരിട്ടതെന്ന് ഞങ്ങൾക്കറിയാം. (....ബഹളം.....). അന്ന് പത്രമില്ല, ശബ്ദമില്ല, വെളിച്ചമില്ല. ജയിലിനകത്തുണ്ടായ അനുഭവം ഞങ്ങൾക്കറി യാവുന്നതാണ്. അന്ന് ചെകുത്താനെക്കാളും വലിയ ചെകുത്താനുമായി കൂട്ടുകൂടി ക്കൊണ്ട് ജനാധിപത്യം സംരക്ഷിക്കാൻ, ഭരണഘടന സംരക്ഷിക്കാൻ മുന്നോട്ടു പോകുമെന്നാണ് ഇടതുപക്ഷം പറഞ്ഞത്. അനുഭവത്തിലൂടെ പറയുകയാണ്. അന്ന് നിങ്ങളോടൊപ്പമുണ്ടായിരുന്ന മമ്മിക്കേയി, മെഹമ്മൂദ് ഹാജി, ഇബ്രാഹിം ഹാജി, സമുന്നതനായ ബാഫാക്കി എന്നിങ്ങനെ 4 പേരെ ജയിലിലേയ്ക്ക് അയച്ചല്ലോ നിങ്ങൾ. ഒപ്പം കിടന്നവരാണ് ഞങ്ങൾ. അന്ന് ജയിലിലേയ്ക്കയച്ച് ഒറ്റികൊടുത്ത വരാണ് നിങ്ങൾ. ജനാധിപത്യത്തെപ്പറ്റി പ്രസംഗിക്കുകയാണ്... (....ബഹളം....) ജനാധിപത്യം നിങ്ങൾക്കില്ല. നിങ്ങളുടെ കൂട്ടുകാർക്കില്ല. (....ബഹളം....) കോൺഗ്രസിനില്ല. (....ബഹളം....)

മി. ചെയർമാൻ: ബഹുമാന്യനായ മെമ്പർ അങ്ങ് 24 മിനിട്ടെടുത്തു. അങ്ങ് വഴങ്ങി കൊടുത്തതാണ്. അങ്ങ് അവസാനിപ്പിക്കണം.

ശ്രീ. പി. ഉബൈദുള്ള: സർ, അടിയന്തരാവസ്ഥയുടെ ഭീകരതയെക്കുറിച്ച് ശ്രീ. പി. നന്ദകുമാർ ഇവിടെ പറഞ്ഞു. ഒരു കാര്യം ഓർക്കണം, അടിയന്തരാവ സ്ഥയ്ക്കുശേഷം 1977-ൽ നടന്ന നിയമസഭാ തെരഞ്ഞെടുപ്പിൽ യു.ഡി.എഫ്.-ന് ലഭിച്ചത് 111 സീറ്റാണ്. 1977-ലെ തെരഞ്ഞെടുപ്പിൽ കേരളത്തിലെ ഇരുപത് ലോക്സഭാ മണ്ഡലങ്ങളിലും ജയിച്ചത് ഐക്യജനാധിപത്യ മുന്നണിയാണ്. കേരളത്തിൽ അടിയന്തരാവസ്ഥയുമായി ബന്ധപ്പെട്ട് യാതൊരു തരത്തിലുള്ള ജനവിരുദ്ധ നിലപാടുകളുമുണ്ടായിട്ടില്ലെന്ന സാക്ഷ്യപ്പെടുത്തലാണ് ആ ജനവിധിയിലൂടെ നമുക്ക് കാണാൻ സാധിച്ചത്.

മി. ചെയർമാൻ: അങ്ങ് വിഷയത്തിലേയ്ക്ക് വരണം.

ശ്രീ. പി. ഉബൈദുള്ള: സർ, വിഷയത്തിലേയ്ക്ക് വരാം. ധാതുസമ്പത്ത് കണ്ടെത്തി കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും വരുമാന മാർഗ്ഗമുണ്ടാക്കാനും പദ്ധതികൾ ആവിഷ്കരിക്കണം. മറ്റ് പല സംസ്ഥാനങ്ങളിലേതുപോലെ ആധുനിക ടെക്നോളജി ഉപയോഗപ്പെടുത്തി ഖനനം നടത്താനും സംസ്ഥാനത്തിന്റെ വരുമാനം വർദ്ധിപ്പിക്കാനും സാധിക്കണം. വലിയ സാമ്പത്തിക പ്രതിസന്ധി നേരിട്ടുകൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ അതിനെ മറികടക്കാൻ ധാതുസമ്പത്തിനെ എങ്ങനെ പ്രയോജനപ്പെടുത്താൻ കഴിയുമെന്നതിനെക്കുറിച്ച് വ്യവസായ വകുപ്പ് ചിന്തിക്കണം. വ്യവസായ വകുപ്പ് ഇതിനായി പ്രത്യേക ടാസ്ക് ഫോഴ്സ് രൂപീകരിക്കണം. സ്വകാര്യ കമ്പനികൾ ഇഷ്ടംപോലെ ഖനനം നടത്തിക്കൊണ്ടിരിക്കുകയാണ്. ശ്രീ. നരേന്ദ്ര മോദി പൊതുമേഖലാ സ്ഥാപനങ്ങളെയാകെ വിറ്റഴിക്കുന്നതുപോലെ എൽ.ഡി.എഫ്. ഗവൺമെന്റ് പൊതുമുതൽ സ്വകാര്യകുത്തകകൾക്ക് തീറെഴുതിക്കൊടുത്തു കൊണ്ടിരിക്കുകയാണ്. കോർപ്പറേറ്റുകൾ ധാതുസമ്പത്ത് അപഹരിക്കാനുള്ള ശ്രമം നടത്തിക്കൊണ്ടിരിക്കുകയാണ്. കാസർഗോഡ് ജില്ലയിലെ കരിന്തളം പഞ്ചായത്തിൽ ഏറ്റവും വിലപിടിപ്പുള്ള ബോക്സൈറ്റ് ശേഖരിക്കുന്നതിന് മുംബൈ ആസ്ഥാനമായ ഒരു വൻകിട കോർപ്പറേറ്റ് കമ്പനിക്കാണ് എൽ.ഡി.എഫ്. സർക്കാർ അനുമതി നൽകിയത്. അതിനെതിരായി മുൻ പ്രതിപക്ഷനേതാവ് ശ്രീ. രമേശ് ചെന്നിത്തല ഉൾപ്പെടെയുള്ള ജനനേതാക്കന്മാരുടെ നേതൃത്വത്തിൽ വലിയ ജനകീയ പ്രക്ഷോഭം കാസർഗോഡ് നടക്കുകയുണ്ടായി. ടെക്നോസിറ്റിക്ക് ഏറ്റെടുത്ത സ്ഥലത്ത് മോണോസൈറ്റ് ഉൾപ്പെടെയുള്ള ധാതുക്കൾ ഖനനം ചെയ്യാനുള്ള പ്രാരംഭ നടപടികളാരംഭിച്ചു. അതും സ്വകാര്യ കമ്പനികൾക്കാണ് നൽകിയിരിക്കുന്നത്. എൽ.ഡി.എഫ്. സർക്കാർ സ്വകാര്യ കുത്തകകൾക്ക് അവസരം ഒരുക്കിക്കൊണ്ടിരിക്കുകയാണ്. ഇതിനെ തടയാൻ സാധിച്ചത് ജനകീയ പ്രക്ഷോഭങ്ങളിലൂടെയാണ്. വളരെ നല്ല രീതിയിൽ പ്രവർത്തിക്കുന്ന കെ.എം.എം.എൽ., ഐ.ആർ.ഇ.എൽ. തുടങ്ങിയ സ്ഥാപനങ്ങളുടെ ഉറവിടം യഥാർത്ഥത്തിൽ എവിടെ നിന്നാണെന്ന് അന്വേഷിക്കണം. നമ്മുടെ നാട്ടിൽനിന്ന് കയറ്റി അയച്ച കയറിലെ തിളക്കം കണ്ട് സായിപ്പ് അതിനെക്കുറിച്ച് അന്വേഷിക്കാൻ വന്നപ്പോൾ മനസ്സിലായത് കയറിൽ കുടുങ്ങിയ മണലിനാണ് വലിയ തിളക്കമെന്നാണ്. അങ്ങനെ തീരപ്രദേശത്തേയ്ക്ക് സായിപ്പ് വന്നതിനു ശേഷമാണ് ഇവിടെ മണ്ണിന്റെ പരിശോധനയൊക്കെ നടത്തി ധാതുസമ്പത്ത് കണ്ടെത്തിയതും നമ്മൾ അഭിമാനിക്കുന്ന കെ.എം.എം.എൽ., ഐ.ആർ.ഇ.എൽ. തുടങ്ങിയ സ്ഥാപനങ്ങൾ ഉണ്ടായതും. ഇത്തരത്തിൽ വലിയ സാദ്ധ്യതകളുള്ള ധാതുസമ്പത്തിനെ പ്രയോജനപ്പെടുത്തണം. ഇപ്പോൾ വിമാനത്തിന്റെ ഭാഗങ്ങൾ പോലും കരിമണലിൽ നിന്നുണ്ടാക്കാൻ കഴിയുമെന്നാണ് തെളിയിക്കപ്പെട്ടിട്ടുള്ളത്. അങ്ങനെയുള്ള നമ്മുടെ സമ്പത്ത് സ്വകാര്യ വ്യക്തികൾക്ക്

ശേഖരിക്കുന്നതിനു വേണ്ടി അവസരം ഒരുക്കികൊടുക്കുകയാണ് ഈ ഗവൺമെന്റ് ചെയ്യുന്നത്. അതിനുപകരം പൊതുമേഖലയിൽത്തന്നെ ഖനനം നടത്തി തൊഴിലില്ലാത്തവർക്കു വേണ്ടി ഉപയോഗിക്കാനും വരുമാനം വർദ്ധിപ്പിക്കാനും സാധിക്കണം. ഇപ്പോൾ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ നിലപാട് എന്താണ്? ആഴക്കടൽ മത്സ്യബന്ധനംപോലും വിദേശ കമ്പനികൾക്ക് വിറ്റ സർക്കാരാണ് നമ്മുടെ സംസ്ഥാനം ഭരിച്ചുകൊണ്ടിരിക്കുന്നത്. എല്ലാം വിറ്റഴിച്ചുകൊണ്ടിരിക്കുകയാണ്. നരേന്ദ്ര മോദിക്ക് പഠിക്കുകയാണ് നമ്മുടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ. അതുകൊണ്ട് ഈ ജനവിരുദ്ധ നിലപാടുകൾ അവസാനിപ്പിച്ച് പൊതുമേഖലയെ സംരക്ഷിക്കാനും അതിലൂടെ നമ്മുടെ സംസ്ഥാന ഖജനാവിലേയ്ക്ക് കൂടുതൽ വരുമാനമുണ്ടാക്കാനും ഉപയുക്തമായ രീതിയിൽ ധാതുസമ്പത്തിന്റെ സംരക്ഷണവുമായി ബന്ധപ്പെട്ട നിയമനിർമ്മാണം നടപ്പാക്കണം. അതിനുവേണ്ടിയുള്ള നടപടികളുണ്ടാകണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് നിർത്തുന്നു.

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, 2021-ലെ കേരള ധാതുക്കൾ (അവകാശങ്ങൾ നിക്ഷിപ്തമാക്കൽ) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 20-10-2021 വരെ സർക്കുലേറ്റ് ചെയ്യണമെന്ന 1(എ) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. തിരുവിതാംകൂർ വിളംബരത്തെ സംബന്ധിച്ച കാര്യങ്ങൾ ഈ ബിൽ അവതരിപ്പിച്ചുകൊണ്ട് ബഹുമാന്യനായ വ്യവസായ വകുപ്പുമന്ത്രി സൂചിപ്പിക്കുകയുണ്ടായി. ഭൂമിയിലെ എല്ലാ ധാതുക്കളുടെയും ഖനിജങ്ങളുടെയും അവകാശം തിരുവിതാംകൂർ രാജ്യത്തിനായിരിക്കുമെന്ന വിളംബരം 1881 ജൂൺ മാസം 14-ാം തീയതിയാണുണ്ടായത്. ആ വിളംബരത്തെത്തുടർന്നുണ്ടായ കാര്യങ്ങളും അദ്ദേഹം രാവിലെ ബിൽ അവതരിപ്പിച്ചുകൊണ്ട് സൂചിപ്പിച്ചു. അന്നുവരെ ദേവസ്വം, ബ്രാഹ്മിൺ, ജന്മി എന്നിവരുടെ കൈവശമുണ്ടായിരുന്ന ഭൂമിയിൽ നടന്ന ഖനനങ്ങളുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ ഉയർന്നുവന്നപ്പോഴാണ് തിരുവിതാംകൂർ രാജാവ് ഇത്തരമൊരു വിളംബരത്തിന് തുടക്കം കുറിച്ചതെന്നാണ് മനസ്സിലാക്കാൻ കഴിഞ്ഞത്. ഇത്തരമൊരു വിളംബരമുണ്ടായതിനുശേഷവും മൈക്ക പോലുള്ള ഖനിജങ്ങൾ സ്വകാര്യ വ്യക്തികളെടുക്കുന്നു എന്നതിനെ സംബന്ധിച്ച ആക്ഷേപം ഉയർന്നുവന്നതിന്റെ അടിസ്ഥാനത്തിൽ 1898 ജൂലൈ 30-ാം തീയതി സർക്കാർ ലൈസൻസില്ലാത്ത ഇത്തരം ഖനനങ്ങൾ നിരോധിച്ചുകൊണ്ടുള്ള ഉത്തരവ് തിരുവിതാംകൂറിൽ പുറപ്പെടുവിച്ചു. അതിന്റെ തുടർച്ചയെന്ന നിലയ്ക്കാണ് 1905-ൽ കൊച്ചി രാജ്യത്തെ ഖനനവുമായി ബന്ധപ്പെട്ട നിയമംകൂടി വന്നത്. ധാതുക്കൾ സർക്കാരിൽ നിക്ഷിപ്തമാക്കിക്കൊണ്ടുള്ള ഉത്തരവിൽ ലൈസൻസോ പെർമിറ്റോ ഇല്ലാതെ ഖനനം നടത്താൻ കഴിയാത്ത സാഹചര്യമുണ്ടാക്കി. 1993-ൽ ഷിബു Vs തഹസീൽദാർ കേസ്സിൽ തിരുവിതാംകൂർ, കൊച്ചി പ്രദേശത്തെ ഖനിജങ്ങൾ സംസ്ഥാന സർക്കാരിൽ നിക്ഷിപ്തമാണെന്ന മുൻ

വിളംബരങ്ങളുടെ (തിരുവിതാംകൂർ ഉൾപ്പെടെ) എല്ലാ വകുപ്പുകളും നിലനിൽക്കുന്നതാണെന്ന് കേരള ഹൈക്കോടതി ഉത്തരവും പുറപ്പെടുവിച്ചു. ഇത്തരമൊരു സാഹചര്യത്തിൽ എന്തുകൊണ്ടാണ് മലബാർ മേഖലയിൽ മാത്രം ഇതില്ലാതെ പോയതെന്നത് സംബന്ധിച്ച വിഷയമാണ് നമ്മുടെ മുമ്പിലുള്ളത്. തിരുവിതാംകൂറിലും കൊച്ചിയിലും രാജഭരണം വളരെ ശക്തമായി നിലനിന്നിരുന്ന കാലമായിരുന്നു. മലബാർ ബ്രിട്ടീഷ് ഗവൺമെന്റിന്റെ മദ്രാസ് പ്രസിഡൻസിയുടെ കീഴിലായിരുന്നു എന്നതാണ് അവിടത്തെ പ്രത്യേകത. അവിടെയും പേരിന് കുറച്ച് രാജാക്കൻമാരും സാമൂതിരിയും മഞ്ചേരി കോവിലകവും ചിറയ്ക്കൽ കോവിലകവും നീലേശ്വരത്തും പായിപ്പാടിയിലുമുള്ള തമ്പുരാക്കൻമാരുടെ ആസ്ഥാനങ്ങളും എല്ലാമുണ്ടായിരുന്നെങ്കിലും പരിപൂർണ്ണമായി ബ്രിട്ടീഷ് ഗവൺമെന്റിന്റെ നിയന്ത്രണത്തിലായതുകൊണ്ടാണ് ഇത്തരമൊരു തീരുമാനമുണ്ടാകാതെ പോയതെന്നാണ് മനസ്സിലാക്കാൻ കഴിഞ്ഞത്. 1820-ൽ മദ്രാസ് റസിഡന്റ് തോമസ് മൺറോ Ryotwari സമ്പ്രദായം നടപ്പാക്കുകയുണ്ടായി. അവിടത്തെ ജന്മിമാരിൽനിന്ന് നേരിട്ട് പിരിവ് നടത്തുന്നതിനേക്കാൾ കൃഷി ചെയ്യുന്ന കർഷകരിൽനിന്ന് പിരിവ് നടത്തുന്നതിനു വേണ്ടിയുള്ള നടപടിയാണ് ആ സമ്പ്രദായത്തിലൂടെ നടപ്പാക്കാൻ തീരുമാനിച്ചത്. കർഷകരിൽനിന്ന് നേരിട്ട് പണം പിരിക്കുക എന്നതാണ് അവരുടെ ഉദ്ദേശ്യം. രാജാക്കൻമാരും പ്രാദേശികമായ തമ്പുരാക്കൻമാരുമൊക്കെ കൃഷിക്കാരിൽനിന്ന് നേരിട്ട് പണം പിരിച്ച് ഒരു ഭാഗം അവരെടുത്തിട്ട് ബ്രിട്ടീഷ് ഗവൺമെന്റിന് നാമമാത്രമായി നൽകിക്കൊണ്ടിരുന്ന അവസ്ഥയിൽനിന്ന് ഒരു മാറ്റം വരുത്താനാണ് Ryotwari സമ്പ്രദായം നടപ്പാക്കിയത്. കർഷകരിൽനിന്ന് കൂടുതൽ പിരിവെടുത്ത് സമ്പത്ത് വർദ്ധിപ്പിക്കുന്നതിനുവേണ്ടിയുള്ള സമീപനമാണ് ബ്രിട്ടീഷ് ഭരണകൂടം ഇതിന്റെ ഭാഗമായി അവിടെ ചെയ്തുകൊണ്ടിരുന്നത്. അവരെ സംബന്ധിച്ചിടത്തോളം അങ്ങനെ വരുമാനമുണ്ടാക്കുന്നതിനപ്പുറത്ത് ഇക്കാര്യങ്ങളെ സംബന്ധിച്ച് തീരുമാനിക്കുകയോ മറ്റ് രാജഭരണ പ്രദേശങ്ങളിലുണ്ടായതു പോലെയുള്ള നടപടികൾ സ്വീകരിക്കുകയോ ചെയ്യാത്തതുകൊണ്ടാണ് മലബാർ മേഖലയിൽ ഇത്തരം ഒരവസ്ഥ തുടർന്നുപോകാൻ കാരണമായതെന്നാണ് നമുക്ക് മനസ്സിലാക്കാൻ കഴിയുന്നത്. ഇവിടെ സൂചിപ്പിച്ചതുപോലെ, 2013 ഡിസംബർ 12-ാം തീയതിയാണ് സുപ്രീംകോടതിയിൽ ത്രേസ്യാമ്മ ജേക്കബ് Vs ജിയോളജിസ്റ്റ് കേസ് വരുന്നത്. ആ കേസ്സിലാണ് ബഹുമാനപ്പെട്ട സുപ്രീംകോടതി ഖനിജങ്ങളുടെ അവകാശം ഭൂമിയുടെ ഉടമസ്ഥർക്ക് തന്നെയാണെന്ന് അസന്നിഗ്ധമായി പ്രഖ്യാപിക്കുന്ന സാഹചര്യമുണ്ടായത്. തുടർന്ന് ഇതിനാവശ്യമായ നിയമനിർമ്മാണം നടത്തിയില്ലെങ്കിലോ, അങ്ങനെ ഒരു ഉത്തരവില്ലാത്തിടത്തോളംകാലം തിരുവിതാംകൂറിലും കൊച്ചിയിലും ഉണ്ടായതുപോലെ ഒരു വിളംബരത്തിന്റെ അടിസ്ഥാനത്തിൽ ഇതിന്റെ അവകാശം സംസ്ഥാന ഗവൺമെന്റിൽ നിക്ഷിപ്തമാക്കിയിട്ടില്ലാത്തിടത്തോളം, ഒരു

പ്രത്യേകമായ നിയമനടപടി സ്വീകരിക്കാത്തിടത്തോളംകാലം ഇതിന്റെ അവകാശം ആ ഭൂമിയുടെ ഉടമസ്ഥർക്കായിരിക്കുമെന്ന നില തുടർന്നുപോന്നിരുന്നു. അതിനു വേണ്ടി കൊണ്ടുവന്നിട്ടുള്ള ഓർഡിനൻസ് ഇപ്പോൾ നിയമമാക്കാനുള്ള നടപടികൾ സ്വീകരിക്കുമ്പോൾ സംസ്ഥാനത്തിന് പൊതുവിൽ ഒരു ഏകീകൃത സ്വഭാവമുണ്ടാകാൻ പോകുകയാണ്. 1993-ൽ ബഹുമാനപ്പെട്ട കേരള ഹൈക്കോടതി കൊച്ചിയിലെയും തിരുവിതാംകൂറിലെയും പ്രദേശത്തെ സംബന്ധിച്ച് തീരുമാനമെടുത്തിരുന്നു. ഭാഷാടിസ്ഥാനത്തിലുള്ള സംസ്ഥാന പുനഃസംഘടന നടപടി 1956-ൽ സ്വീകരിച്ചിരുന്നു. ഐക്യകേരളത്തിന്റെ പിറവിക്കുശേഷം എന്നോ സ്വീകരിക്കാമായിരുന്നതും ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ വിധിയെത്തുടർന്ന് ഒരു നിയമപരമായ നടപടി അനിവാര്യമായിരിക്കുന്ന സാഹചര്യത്തിലുമാണ് ഇത്തരമൊരു തീരുമാനവുമായി ഗവൺമെന്റ് മുന്നോട്ടുവന്നിരിക്കുന്നത്. തീർച്ചയായും ഈ നിയമം നമ്മുടെ ഇന്നത്തെ കാലഘട്ടത്തിൽ ഏറ്റവും അനിവാര്യമാണെന്നതിൽ യാതൊരു സംശയവുമില്ല. ഇത് പൂർണ്ണമായും സർക്കാരിന്റെ നിയന്ത്രണത്തിൽ വരുന്നതുവഴി പാരിസ്ഥിതിക പ്രശ്നങ്ങൾ പരിഹരിച്ചുകൊണ്ട് അനിയന്ത്രിതമായ ഖനിജങ്ങളുടെ ചൂഷണം അവസാനിപ്പിക്കാനും അതിനാവശ്യമായ എല്ലാതരത്തിലുമുള്ള ഇടപെടൽ  ഗവൺമെന്റിന് നടത്താനും സാധിക്കും. സംസ്ഥാനത്ത് ധാതുസമ്പത്തിനെ സംബന്ധിച്ച് തിരുവിതാംകൂർ-കൊച്ചി പ്രദേശത്ത് നിലനിന്നിരുന്ന സർക്കാരിന്റെ അവകാശം മലബാർ പ്രദേശത്തുകൂടി ബാധകമാകുന്നുയെന്നതുതന്നെയാണ് ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളുമായി ബന്ധപ്പെട്ട് ബില്ലിൽ ചൂണ്ടിക്കാണിച്ചിരിക്കുന്നത്. സ്വകാര്യ വ്യക്തികളിൽ നിക്ഷിപ്തമാകുന്നത് ധാതുക്കളുടെ അനിയന്ത്രിതമായ ഉപയോഗത്തിന് ഇടവരുത്തുമെന്ന് നമുക്കെല്ലാവർക്കും അറിയാവുന്നതാണ്. ഇത്തരം പ്രദേശങ്ങളിൽ വലിയ തോതിൽ നടത്തുന്ന ഖനനങ്ങളും തുടർന്നുണ്ടാകുന്ന പാരിസ്ഥിതിക പ്രശ്നങ്ങളും അത് ജനവാസകേന്ദ്രങ്ങളിലുണ്ടാക്കുന്ന പ്രയാസങ്ങളുമെല്ലാം നിയമസഭയുടെ പരിസ്ഥിതി കമ്മിറ്റി ഉൾപ്പെടെ വിവിധ സന്ദർഭങ്ങളിൽ ചൂണ്ടിക്കാണിച്ചിട്ടുള്ള കാര്യമാണ്. ഈ തീരുമാനത്തിന്റെ ഭാഗമായി ഇത് പരിപൂർണ്ണമായി സംസ്ഥാനത്തിന്റെ നിയന്ത്രണത്തിൽ വരുന്നതോടെ അതിന്റെ മെച്ചം നമ്മുടെ ഖജനാവിൽ വന്നുചേരുമെന്നുള്ളതിന് യാതൊരു സംശയവുമില്ല. അതുകൊണ്ട് സംസ്ഥാനത്തെ മൊത്തം പ്രദേശങ്ങളിലേയ്ക്കും ഖനിജങ്ങളുടെ അവകാശം സർക്കാരിൽ നിക്ഷിപ്തമാക്കുന്നതിനായി നിയമം കൊണ്ടുവരുന്നതിന് സർക്കാർ തീരുമാനിച്ച ഈ സാഹചര്യത്തിൽ അത് പൊതുജനാഭിപ്രായം ആരായുന്നതിനുവേണ്ടിയുള്ള സാഹചര്യം കൂടിയുണ്ടാകുന്നത് നന്നായിരിക്കുമെന്നാണ് എനിക്ക് ചൂണ്ടിക്കാണിക്കാനുള്ളത്. 2019-ലെ കേരള ധാതുക്കൾ (അവകാശങ്ങൾ നിക്ഷിപ്തമാക്കൽ) ഓർഡിനൻസ് 2019 ഡിസംബർ 29-നാണ് കേരള ഗവൺമെന്റ് വിളംബരപ്പെടുത്തിയത്. പുനർവിളംബരം പല

സന്ദർഭങ്ങളിൽ നടത്തേണ്ടിവന്നിട്ടുണ്ടെങ്കിലും അത് നിയമമാക്കാൻ വൈകിയ സാഹചര്യമുണ്ടായി. 1957-ലെ കേന്ദ്ര നിയമത്തിലെ 3 (എ), 3 (ഇ) എന്നീ വകുപ്പുകളിൽ ധാതുക്കളും ചെറുകിട ധാതുക്കളും ഖനിജങ്ങളായി നിർവ്വചിച്ചിട്ടുണ്ട്. പ്രത്യേകിച്ച് വകുപ്പ് 3(എ)-യിൽ മിനറൽ ഓയിൽ ഒഴികെയുള്ള എല്ലാ ധാതുക്കളും ഇതിൽപ്പെടുന്നതാണ് എന്നാണ് പറയുന്നത്. വകുപ്പ് 3(ഇ)-യിൽ ബിൽഡിംഗ് സ്റ്റോൺസ്, ഗ്രാവൽ, ഓർഡിനറി ക്ലേ (സാധാരണ കളിമണ്ണ്) റോഡ് നിർമ്മാണത്തിനും മറ്റും ഉപയോഗിക്കുന്ന കളിമണ്ണ് ഉൾപ്പെടെയുള്ളതിന്റെ ഖനനം നടത്തുന്നത് സംബന്ധിച്ച് പറയുന്നുണ്ട്. ഇതിലുൾപ്പെടുന്ന ഖനിജങ്ങൾ അലുമിനിയം, ലാറ്ററൈറ്റ്, ബോക്സൈറ്റ്, ചൈനാക്ലേ, സിലിക്കമണൽ, ചുണ്ണാമ്പ് കക്ക, ഇരുമ്പൈര്, ലൈംഷെൽ, ഗ്രാഫൈറ്റ്, മോണോസൈറ്റ്, ഇൽമനൈറ്റ്, ഗ്രാനൈറ്റ്, ലിഗ്നൈറ്റ്, സ്വർണ്ണം എന്നിവയാണ്. നിലമ്പൂരിൽ ഒരു ടൺ കുഴിച്ചെടുത്താൽ അതിൽ 4 ഗ്രാം സ്വർണ്ണം ലഭിക്കുമെന്ന കണക്കാണ് ഇതിന്റെ ഭാഗമായി ചൂണ്ടി ക്കാണിച്ചിട്ടുള്ളത്. ബില്ലിലെ 3-ാം വകുപ്പുപ്രകാരം സംസ്ഥാനത്തെ ഭൂമിയിലെ എല്ലാ ഖനിജങ്ങളുടെയും അവകാശം സർക്കാരിൽ നിക്ഷിപ്തമാകുന്ന ഈ ബിൽ ഇന്നത്തെ സാഹചര്യത്തിൽ ഏറ്റവും പ്രധാനപ്പെട്ടതാണ്. അത് തീർച്ചയായും നമ്മുടെ സംസ്ഥാനത്തിന്റെ ഖജനാവിന് കൂടുതൽ സഹായകരമാകുമെന്ന് കരുതുകയാണ്.

ഈ ബില്ലുമായി ബന്ധപ്പെട്ട ചർച്ചയിൽ, ഏതാണ്ട് ഇന്ത്യൻ രാഷ്ട്രീയത്തിലെ പിന്നിട്ട ദശാബ്ദങ്ങളിലെ, അതായത് നൂറുവർഷങ്ങൾക്ക് മുമ്പുള്ള കാര്യങ്ങൾ പ്രതിപാദിക്കുകയുണ്ടായി. 1885-ൽ രൂപീകരിച്ച കോൺഗ്രസ് പാർട്ടിയുടെയും 1925-ൽ രൂപീകരിച്ച കമ്മ്യൂണിസ്റ്റ് പാർട്ടിയുടെയും തുടർന്ന് വിവിധ ഘട്ടങ്ങളിലായി ഉണ്ടായിട്ടുള്ള പുതിയ പാർട്ടികളുടെയും രൂപീകരണങ്ങളും അതുമായി ബന്ധപ്പെട്ട വിഷയങ്ങളും ഇവിടെ ചർച്ച ചെയ്തു. സ്വാഭാവികമായും ഈ വിഷയവുമായി ബന്ധപ്പെട്ട വിഷയങ്ങൾക്കപ്പുറത്തുകടന്നുള്ള രാഷ്ട്രീയ പ്രശ്നങ്ങൾ നിയമസഭാ വേദിയിൽ ചർച്ച ചെയ്യപ്പെടണമെന്നതിൽ സംശയമില്ല. എന്നാൽ ബില്ലിന്റെ ചർച്ചാ വേളയിലെങ്കിലും അത്തരം വിഷയങ്ങൾക്ക് അമിത പ്രാധാന്യം നൽകാനോ അത്തരം കാര്യങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കാനോ യഥാർത്ഥ ബില്ലിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങളിൽനിന്ന് വ്യതിചലിക്കാനോ ഉള്ള അവസ്ഥ എന്തുകൊണ്ടും ഗുണം ചെയ്യുന്ന കാര്യമല്ലെന്നാണ് എനിക്ക് തോന്നിയിട്ടുള്ളത്. ഏതായാലും തെറ്റുകളുടെയും കുറ്റങ്ങളുടെയും പട്ടിക നിരത്തിയാൽ ആര് ജയിക്കും ആര് തോൽക്കും എന്നുമാത്രം നോക്കിയാൽ മതിയാകും. 1885-ന് രൂപീകരിച്ച കോൺഗ്രസ് പാർട്ടി ദേശീയ പ്രസ്ഥാനത്തിലെ പ്രമുഖമായ നേതൃത്വം വഹിച്ച പാർട്ടിയെന്ന നിലയിൽ ആ കാലഘട്ടത്തിലും അതിനുശേഷവും സ്വാതന്ത്ര്യാനന്തര ഭാരതത്തിലും സ്വീകരിച്ചിട്ടുള്ള നയങ്ങളും നടപടികളും സ്വാതന്ത്ര്യപൂർവ്വ കാലഘട്ടത്തിൽ സ്വീകരിച്ച നടപടികളും

അതിനകത്തുണ്ടായിട്ടുള്ള ഒട്ടേറെ ചേരിതിരിവുകളും സംഘർഷങ്ങളും ആര് എ.ഐ.സി.സി.-യുടെ പ്രസിഡന്റാകണം, ഭാരവാഹിയാകണം എന്നത് സംബന്ധിച്ച് വിവിധ കാലഘട്ടങ്ങളിൽ നടന്നിട്ടുള്ള ചർച്ചകളുമെല്ലാം ഇന്ത്യൻ ചരിത്രത്തിൽ വായിച്ചെടുക്കാൻ കഴിയുന്ന കാര്യങ്ങളാണ്. അത്തരം കാര്യങ്ങളിലൊക്കെ അഭിപ്രായവ്യത്യാസങ്ങൾ പാർട്ടിക്കകത്തുതന്നെ ഉണ്ടാകാറുണ്ട്. പാർട്ടിക്കകത്ത് അഭിപ്രായ വ്യത്യാസങ്ങളുണ്ടാകുകയും പാർട്ടികൾ അതിന്റെ പേരിൽ ഭിന്നിക്കുകയും വ്യത്യസ്തമായ പാർട്ടികളുണ്ടാക്കുകയും ആ പാർട്ടികളിൽ സ്വതന്ത്രമായ നയങ്ങളും പരിപാടികളും ആവിഷ്കരിച്ച് മുന്നോട്ടുപോകുകയും ചെയ്തതിന്റെ അനുഭവങ്ങളും ചരിത്രവുമുള്ള നമ്മുടെ നാട്ടിൽ അതിനെ ചികഞ്ഞ് പരിശോധിച്ചാൽ തെറ്റുകൾ തിരുത്തുന്നതിന് സഹായകരമാകുമെങ്കിൽ തീർച്ചയായും അത്തരം കാര്യങ്ങൾ വളരെ നല്ലതാണ്. ചെയ്തുപോയ തെറ്റുകളെ മനസ്സിലാക്കാനും തിരുത്താനും സഹായകരമാകുന്ന വിധത്തിൽ നടക്കുന്ന ചർച്ചകൾ ഗുണം മാത്രമേ ചെയ്യൂ. അതല്ല പരസ്പരം ചെളിവാരിയെറിയാൻ വേണ്ടിമാത്രമാണ് ഇത്തരം ചർച്ചകൾ നടത്തുന്നതെങ്കിൽ അതിൽ കാര്യമുണ്ടെന്ന് തോന്നുന്നില്ല. ഇന്ത്യൻ രാഷ്ട്രീയത്തെക്കുറിച്ച് പ്രാഥമികമായ പരിജ്ഞാനമുള്ള ഏതൊരു രാഷ്ട്രീയ വിദ്യാർത്ഥിക്കും ഇവിടെ ചോദിക്കുന്ന ചോദ്യങ്ങൾക്ക് മറുപടി പറയാൻ കഴിയും. എന്തിന്റെ അടിസ്ഥാനത്തിലാണ് ഒരു മുന്നണിയുണ്ടാകുന്നത്? ഒരു പൊതു മിനിമം പരിപാടിയെന്ന് പറയുന്നതുപോലെ ചില യോജിക്കാവുന്ന കാര്യങ്ങളിൽ യോജിച്ചുകൊണ്ട് മുന്നണിയുണ്ടാക്കും. അപ്പുറത്തുള്ള യു.ഡി.എഫ്. ആയാലും ഇപ്പുറത്തുള്ള എൽ.ഡി.എഫ്. ആയാലും സ്വതന്ത്രമായ ഒട്ടേറെ പാർട്ടികൾ അതിൽ പ്രത്യേകം ഉൾപ്പെടുന്നുവെന്ന് നമുക്കറിയാം. ആ പാർട്ടികൾക്ക് സ്വതന്ത്രമായ നയവും പരിപാടികളുമുണ്ട്. അവർ അവരുടെ നിലപാടുകളുമായി മുന്നോട്ടുപോകും. അത്തരം കാര്യങ്ങൾ സ്വീകരിക്കുമ്പോൾ തീർച്ചയായും നമുക്കെല്ലാവർക്കുമറിയാവുന്നതുപോലെ മുന്നണിയിലെ എല്ലാ കക്ഷികൾക്കും അതിലെല്ലാം ഒരേ അഭിപ്രായമായിക്കൊള്ളണമെന്നില്ല. രാഷ്ട്രീയ പ്രശ്നങ്ങളിൽ വ്യത്യസ്ത സമീപനങ്ങളും നയങ്ങളുമാകാം. ഏത് മുന്നണിയിലുള്ളവരായാലും അവർ ഈ സമീപനമുള്ളവരാണെന്നത് നമുക്ക് അറിയാവുന്നതാണ്. അത്തരമൊരു സാഹചര്യത്തിൽ, ഏതെങ്കിലും പ്രശ്നങ്ങളെ സംബന്ധിച്ചോ ഏതെങ്കിലും ഘട്ടങ്ങളിലുള്ള നടപടികളെ സംബന്ധിച്ചോ ചില കാലഘട്ടത്തിൽ സ്വീകരിച്ച നയങ്ങളെയും നടപടികളെയും സംബന്ധിച്ചോ ഒറ്റപ്പെടുത്തിയെടുത്ത് ചോദ്യം ചെയ്താൽ അത് പല പാർട്ടിയിലുള്ളവർക്കും ഇന്നുള്ളതിൽനിന്ന് വ്യത്യസ്തമായ രീതിയിലുള്ള അഭിപ്രായമുണ്ടാകാം. ഏതെല്ലാം കാലഘട്ടത്തിലാണ് മുന്നണികളുണ്ടായത്, ഏതെല്ലാം സ്വഭാവത്തിലുള്ള മുന്നണികളുണ്ടായിരുന്ന തുടങ്ങിയ കാര്യങ്ങൾ പരിശോധിച്ചാൽ വ്യത്യസ്ത മുന്നണികളും വ്യത്യസ്ത കാലഘട്ടത്തിന്റെ

പ്രത്യേകതകളും അതിൽ കാണാൻ കഴിയും. ഓരോ പാർട്ടിക്കും അവരവരുടെ കാലഘട്ടത്തിൽ സ്വീകരിച്ച നയങ്ങളെയും പരിപാടികളെയും ന്യായീകരിക്കാൻ ധാരാളം വാദങ്ങൾ കാണും. എന്നാൽ, സംഭവിച്ചിട്ടുള്ള തെറ്റ് പരസ്യമായി പറയാനും അത് തിരുത്താനും മുന്നോട്ടുവന്ന രാഷ്ട്രീയപാർട്ടികൾക്ക് ആ നിലപാടിൽ ഉറച്ച് നിൽക്കാൻ മടിയുണ്ടാകില്ല. ഒരിക്കലും തെറ്റുപറ്റിയിട്ടില്ലാത്ത രാഷ്ട്രീയപാർട്ടിക്കാർ കേരളത്തിലോ ഇന്ത്യയിലോ ഉണ്ടെന്ന് ഞാൻ കരുതുന്നില്ല. ആർക്കെങ്കിലും അങ്ങനെ അവകാശപ്പെടാനും കഴിയില്ല. വ്യത്യസ്ത കാലത്ത് സ്വീകരിച്ചിട്ടുള്ള നയങ്ങളുടെയും നടപടികളുടെയും ഫലമായുണ്ടായിട്ടുള്ള കുറവുകളും പോരായ്മകളും അവരവർ പരിശോധിക്കുകയും സ്വയം വിമർശനപരമായ പരിശോധനകളിലൂടെ തെറ്റുകൾ തിരുത്തി കൂടുതൽ ശരികളിലേയ്ക്ക് യാത്ര ചെയ്യുക എന്നതാണ് ഏതൊരു രാഷ്ട്രീയ പാർട്ടിയുടെയും ഉത്തരവാദിത്തമെന്ന തിരിച്ചറിവ് നമുക്കെല്ലാവർക്കുമുണ്ടാകണം. ഇത് എല്ലാ പാർട്ടികൾക്കും പൊതുവായി സ്വീകരിക്കാവുന്ന നിലപാടായിരിക്കണം. ശ്രീ. കാനം രാജേന്ദ്രൻ എങ്ങനെയാണ് ജനറൽ സെക്രട്ടറിയെ ചോദ്യം ചെയ്തതെന്ന് ശ്രീ. പി. ടി. തോമസ് നേരത്തെ എന്നോട് ചോദിച്ചു. ഞാൻ ജനറൽ സെക്രട്ടറിയെ വിമർശിച്ചിട്ടില്ലെന്ന് ശ്രീ. കാനം രാജേന്ദ്രൻ പരസ്യമായി പറഞ്ഞത് മാധ്യമങ്ങളിൽ വന്നിട്ടുള്ളതാണെന്ന് ഞാൻ അദ്ദേഹത്തോട് പറഞ്ഞു. ഏതെങ്കിലും പ്രത്യേക വിഷയത്തിലുള്ള നിലപാടിനെക്കുറിച്ചോ ഏതെങ്കിലുമൊരു സംഭവത്തെക്കുറിച്ചോ പറയുമ്പോൾ അതിൽനിന്ന് ഏതെങ്കിലും തരത്തിലുള്ള വ്യാഖ്യാനമോ വിശദീകരണങ്ങളോ പ്രത്യേകിച്ച്, സ്വയമേ നിഷേധിച്ചിട്ടുള്ള വാർത്തകളടക്കം വന്ന സാഹചര്യത്തിൽ, നിയമസഭാ വേദിയിലടക്കം ചോദിക്കുന്നതിൽ വലിയ കാര്യമുണ്ടെന്ന് തോന്നുന്നില്ല. അത്തരമൊരു സാഹചര്യവുമുണ്ടായിട്ടില്ലെന്ന് അദ്ദേഹംതന്നെ വ്യക്തമായി ചൂണ്ടിക്കാണിച്ചിട്ടുള്ളതാണെന്ന് സൂചിപ്പിച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

<u>മി. ചെയർമാൻ</u>: ബഹുമാന്യനായ ഇ. ചന്ദ്രശേഖരൻ ബില്ലിൽ ഒതുങ്ങിനിന്ന് സംസാരിച്ചു. അദ്ദേഹത്തെ പ്രത്യേകം അനുമോദിക്കുന്നു.

<u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)</u>: സർ, 2021-ലെ കേരള ധാതുക്കൾ (അവകാശങ്ങൾ നിക്ഷിപ്തമാക്കൽ) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന '2 ബി' നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. ഈ ബിൽ സെലക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്നാണ് എന്റെ അഭിപ്രായം. വളരെ ലളിതമായി കൈകാര്യം ചെയ്യാമായിരുന്ന നിയമനിർമ്മാണത്തെ സർക്കാർ വളരെ സങ്കീർണ്ണമാക്കി അവതരിപ്പിക്കുകയാണ്. സംസ്ഥാനത്തിന്റെ സമ്പത്ത് കൊള്ളയടിക്കുന്ന മൈനിംഗ് മാഫിയകളെ നിയന്ത്രിക്കാനും മറ്റുമായി ഈ നിയമനിർമ്മാണത്തെ ഫലപ്രദമായി സർക്കാരിന് വിനിയോഗിക്കാമായിരുന്നു. സംസ്ഥാനത്തിന്റെ ധാതുവിഭവങ്ങൾക്കുമേൽ

സമ്പൂർണ്ണമായ അധികാരം ഉറപ്പിച്ച് നിയമത്തിന്റെ പരിധിയിലുൾപ്പെടുത്തി സമഗ്രമായൊരു നിയമം കൊണ്ടു വരികയാണ് വേണ്ടിയിരുന്നത്. സ്വാതന്ത്ര്യത്തിനുമുമ്പ് നിലനിന്നിരുന്ന നിയമങ്ങൾക്കുപകരം സംസ്ഥാനത്തെ മുഴുവൻ ഭൂപ്രദേശത്തെയും 2021-ലെ കേരള ധാതുക്കൾ (അവകാശങ്ങൾ നിക്ഷിപ്തമാക്കൽ) ബില്ലിന്റെ പരിധിയിൽ എന്തുകൊണ്ട് കൊണ്ടുവന്നില്ലെന്നുള്ളത് എന്നെ ആശ്ചര്യ പ്പെടുത്തുകയാണ്. 1881 ജൂൺ 14-ാം തീയതിയിലെ തിരുവിതാംകൂർ വിളംബരവും 1905-ലെ കൊച്ചി വിളംബരവും റദ്ദാക്കിക്കൊണ്ട് സമഗ്രമായൊരു നിയമം കൊണ്ടുവരാനുള്ള അവസരമായിരുന്നു ഇത്. അങ്ങനെ സമഗ്രമായ നിയമം കൊണ്ടുവരാൻ ഗവൺമെന്റ് മുന്നോട്ടുവന്നില്ലെന്നുള്ളത് ആശ്ചര്യമുണ്ടാക്കുന്ന കാര്യമാണ്. കേരള നിയമസഭ ഒരു നിയമം പാസ്സാക്കുന്ന വേളയിൽ അത് തീർച്ചയായും സമഗ്രമായിരിക്കണം. രാജഭരണ കാലത്തിന്റെ ചരിത്രംകൂടി ഈ നിയമത്തിൽ അനുബന്ധമായി ചേർക്കാവുന്ന തായിരുന്നു. മലബാർ പ്രദേശത്തിനുമാത്രം ബാധകമാക്കി നിർമ്മിക്കുന്ന ഈ നിയമം തീർച്ചയായും ഭാവിയിൽ നിയമ പ്രശ്നങ്ങൾക്ക് ഇടയാക്കുമെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. ഇത്തരത്തിലുള്ള നിയമനിർമ്മാണ ഘട്ടത്തിൽപ്പോലും സംസ്ഥാനത്തെ ക്വാറി ഖനന മാഫിയകൾക്ക് ഒരുതരത്തിലുള്ള നിയന്ത്രണങ്ങളും ഏർപ്പെടുത്താൻ സർക്കാർ തയ്യാറാകുന്നില്ല. സ്വാതന്ത്ര്യത്തിനു മുമ്പ് രാജ്യത്തുണ്ടായിരുന്ന ആസ്തി, വസ്തുവകകൾ, അവകാശങ്ങൾ, ബാദ്ധ്യതകൾ എന്നിവയെ സംബന്ധിച്ച നിയമപരമായ വ്യക്തത ഭരണഘടനയുടെ 294-ാം അനുച്ഛേദം വ്യക്തമാക്കുന്നുണ്ട്. അതനുസരിച്ച് ഭരണഘടന ഉറപ്പുനൽകുന്ന മൗലികാവകാശങ്ങളുടെ ലംഘനമാകാത്തിടത്തോളം ഈ പൂർവ്വകാല നിയമങ്ങൾക്ക് രാജ്യത്ത് പ്രാബല്യമുണ്ടായിരിക്കുമെന്ന് വ്യക്തമാക്കുന്നു. അവിടെ ഒരു നിയമത്തിന്റെ അഭാവമുള്ളതായി സുപ്രീംകോടതി ചൂണ്ടിക്കാട്ടി. അതുസംബന്ധിച്ച് ഞാൻ കൂടുതലായി വിശദീകരിക്കുന്നില്ല. സുപ്രീംകോടതിയുടെ വിധി പ്രഖ്യാപനമൊക്കെ ഇവിടെ സംസാരിച്ചതാണ്. ക്വാറി മാഫിയകൾ ഉൾപ്പെടെ പരിസ്ഥിതിക്ക് ദോഷം വരുത്തുന്ന പ്രവൃത്തികളിലേർപ്പെടുന്നവരെ നിലയ്ക്കുനിർത്താൻ സമഗ്രമായൊരു നിയമം കൊണ്ടുവരാനുള്ള അവസരമായിരുന്നു. ആ അവസരം ഉപയോഗ പ്പെടുത്തിയില്ലെന്നുള്ളതാണ് എനിക്ക് ചൂണ്ടിക്കാണിക്കാനുള്ളത്. 2019-ലെ പത്ര വാർത്തകൾ പ്രകാരം 300 കോടി രൂപയുടെ ക്വാറി അഴിമതി സംസ്ഥാനത്ത് നടന്നിട്ടുണ്ട്. സംസ്ഥാനത്തെ ഏറ്റവും വലിയ ക്വാറി അഴിമതി കേസ് തെരഞ്ഞെടുപ്പ് ഘട്ടത്തിൽ സർക്കാർ ഒത്തുതീർപ്പാക്കി. ഇതുസംബന്ധിച്ച് ധാരാളം വാർത്തകൾ വന്നതാണ്. അനധികൃതമായ ഖനനം കേരളത്തിലെ പ്രകൃതിക്ക് വരുത്തിവച്ച നാശനഷ്ടം നാം കാണേണ്ടതാണ്. നമ്മളെയെല്ലാം ദുഃഖിപ്പിച്ച സംഭവമാണ് കവളപ്പാറ ഉരുൾപൊട്ടൽ. അതുൾപ്പെടെയുള്ള കാര്യങ്ങൾ ഇനി

കേരളത്തിൽ ആവർത്തിക്കാതിരിക്കാനുള്ള നടപടികൾ ഉറപ്പുവരുത്താൻ സാധിക്കണം. പശ്ചിമഘട്ട മലനിരകളിൽ പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങളുടെ അഭാവം സൃഷ്ടിക്കുന്ന ആഘാതം കണ്ടില്ലെന്ന് നടിക്കാനാകില്ല. കവളപ്പാറയിൽ 55 ക്വാറികളാണ് 20 കിലോമീറ്റർ ചുറ്റളവിൽ പ്രവർത്തിക്കുന്നത്. ഇത് താങ്ങാൻ കഴിയാത്ത വിധത്തിൽ പ്രകൃതിയെ ചൂഷണം ചെയ്തുകൊണ്ടിരിക്കുകയാണ്. ഞാൻ അന്ധമായ ഒരു പ്രകൃതി വാദിയോ പരിസ്ഥിതിവാദിയോ അല്ല. 20 കിലോമീറ്റർ ചുറ്റളവിൽ 55 ക്വാറികൾ പ്രവർത്തിക്കുകയാണെങ്കിൽ അത് പരിശോധിക്കപ്പെടേണ്ടതാണ്. സർക്കാരിന്റെ കണക്കനുസരിച്ച് കേരളത്തിൽ 750 ക്വാറികളാണ് പ്രവർത്തിക്കുന്നത്. എന്നാൽ നിയമവിരുദ്ധമായി കേരളത്തിൽ 5924 ക്വാറികൾ പ്രവർത്തിക്കുകയാണ്. ഈ ക്വാറികളെ നിയന്ത്രിക്കാൻ സർക്കാരിന് സാധിക്കുന്നില്ല. തെരഞ്ഞെടുപ്പ് ഘട്ടത്തിൽ ചില പ്രമുഖ പത്രങ്ങളിൽ വാർത്തവന്നു. "ക്വാറി ഉടമകളും സർക്കാരുമായി വഴിവിട്ട ഹിയറിംഗ്, പാർട്ടി ഫണ്ടിലേയ്ക്ക് കോടികളുടെ പിരിവ്, പിഴയിനത്തിൽ ലക്ഷങ്ങളുടെ ഇളവ്" എന്നാണ് വാർത്ത. ഇത് ഒരുപാട് ചർച്ച ചെയ്ത കാര്യമാണ്. ഒരുപക്ഷേ ബഹുമാനപ്പെട്ട മന്ത്രി ശ്രീ. പി. രാജീവ് ഇതാവർത്തിക്കില്ലെന്ന് ഞാൻ വിശ്വസിക്കുകയാണ്. ഇവിടത്തെ പ്രമുഖ പാർട്ടി നേതാക്കന്മാരുമായി ബന്ധപ്പെട്ട ആളുകൾ പല ക്വാറികളിലും സൈലന്റ് പാർട്ട്ണർമാരാണ്. പ്രവർത്തിപ്പിക്കാൻ സാധിക്കാത്ത ഏത് ക്വാറികളും അവരെ ഏല്പിച്ചാൽ ആ ക്വാറിക്ക് ലൈസൻസ് കിട്ടും, അവിടെ മൈനിംഗ് നടക്കും. അതു സംബന്ധിച്ച് പാർട്ടി നേതാക്കന്മാർക്ക് അല്ലെങ്കിൽ മന്ത്രിമാർക്ക് എത്രത്തോളം അറിയാൻ കഴിയുമെന്നറിയില്ല. പക്ഷേ, നാട്ടിലൊക്കെ പാട്ടാണ്. ചില പ്രത്യേക വ്യക്തികളെ കണ്ടാൽ ലൈസൻസ് ലഭിക്കാത്ത ഏത് ക്വാറിക്കും ലൈസൻസ് ലഭിക്കും. ഏത് തടസ്സങ്ങളും മാറിക്കിട്ടും. അവരതിൽ സൈലന്റ് പാർട്ട്ണറാകും. കേരളമൊട്ടാകെ ഈ സംഭവം നടക്കുന്നുണ്ട്. ഇതുസംബന്ധിച്ച് നമ്മുടെ നിയമസഭയിലെ പരിസ്ഥിതി കമ്മിറ്റി ഒരു ശിപാർശ ചെയ്തിരുന്നു.

<u>ശ്രീ. വി. ജോയി</u>: സർ, അങ്ങ് മന്ത്രിയായിരുന്നപ്പോൾ ചെയ്ത കാര്യങ്ങൾ ഓർത്താണോ പറയുന്നത്; ആ ഗവൺമെന്റിന്റെ കാലത്തെ കാര്യമാണോ പറയുന്നത്?

<u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)</u>: സർ, ഞാൻ മന്ത്രിയായിരുന്നപ്പോൾ ചെയ്ത കാര്യമാണെന്ന് ശ്രീ. വി. ജോയിക്ക് മനസ്സിലായല്ലോ. അങ്ങ് കോൺട്രാക്ടറല്ലേ? അങ്ങേയ്ക്ക് നല്ലതുപോലെ അറിയാൻ കഴിയും. ശ്രീ. വി. ജോയി, എം.എൽ.എ. എന്നതിനോടൊപ്പം ഒരു കോൺട്രാക്ടറുംകൂടിയാണെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. എനിക്ക് വലിയ പരിചയമില്ല.

ശ്രീ. വി. ജോയി: സർ, ഞാനൊരു ചോദ്യം ചോദിച്ചു. അതിന് ഇങ്ങനെ അടച്ചാക്ഷേപിക്കുന്നത് ശരിയല്ല.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, ശ്രീ. വി. ജോയിക്ക് താല്പര്യമുള്ള മറുപടി ഞാൻ പറയണമെന്ന് പ്രതീക്ഷിക്കുന്നത് തെറ്റാണ്. ഞാൻ മനസ്സിലാക്കുന്നത് ശ്രീ. വി. ജോയി ഒരു കോൺട്രാക്ടർ കൂടിയാണെന്നാണ്. തെറ്റാണെങ്കിൽ തിരുത്താം. ക്വാറി കാര്യങ്ങളെ സംബന്ധിച്ച് അങ്ങേയ്ക്ക് നന്നായി മനസ്സിലാകുമെന്ന് എനിക്കു തോന്നി. അങ്ങ് എന്തിനാണ് വെറുതെ ബഹളം വയ്ക്കുന്നത് ? കേരളത്തിലെ മൈനിംഗ് ആൻഡ് ജിയോളജി ഡിപ്പാർട്ട്മെന്റിൽ ജില്ലയിൽ ഒരു ജിയോളജിസ്റ്റും രണ്ട് അസിസ്റ്റന്റ് ജിയോളജിസ്റ്റും മാത്രമേയുള്ളൂ. ജില്ലയിൽ നടക്കുന്ന മൈനിംഗ് സംബന്ധിച്ച പ്രശ്നങ്ങൾ പരിശോധിക്കാനും കൊടുക്കുന്ന ലൈസൻസ് ശാസ്ത്രീയമായിട്ടാണോ ഉപയോഗിക്കുന്നതെന്നും കൊടുക്കുന്ന അളവിലാണോ ഖനനം നടത്തുന്നതെന്നും കൊടുത്ത പെർമിറ്റിന്റെ അടിസ്ഥാനത്തിലാണോ മണ്ണെടുക്കുന്നതെന്നും പരിശോധിക്കാൻ അവർക്ക് സംവിധാനമില്ല. അതുകൊണ്ട് ജിയോളജി വകുപ്പ് കുറച്ചുകൂടി ഫലപ്രദമാക്കാൻ സാധിക്കുമോയെന്ന് ബഹുമാനപ്പെട്ട മന്ത്രി പരിശോധിക്കണമെന്ന് ഈ സന്ദർഭത്തിൽ സൂചിപ്പിക്കുകയാണ്.

4.00 P.M.]

പഴയ കെട്ടിടങ്ങൾ പൊളിക്കുമ്പോൾ അതിന്റെ അടിത്തറയിലുള്ള മണ്ണ് മാറ്റി പുതിയ കെട്ടിടത്തിനിടാം. അതിന്റെ പെർമിറ്റിനുപോലും വലിയ പ്രയാസം നേരിടുകയാണ്. അത് ബഹുമാനപ്പെട്ട മന്ത്രിക്കുമറിയാം. എന്റെ ഒരനുഭവം പറയാം, തുറവൂർ പഞ്ചായത്തിലെ ആനപ്പാറയിലെ ഒരു ക്രിസ്ത്യൻ പള്ളി പൊളിച്ചു. ആ പള്ളിയുടെ തറയിലെ മണ്ണ് പുതിയ പള്ളിയുടെ തറയിലേയ്ക്ക് മാറ്റാൻ പ്രയാസം വന്നു. അവസാനം ജില്ലാ കളക്ടറുടെ അനുവാദം വാങ്ങിയാണ് ചെയ്തത്. ഇത്തരം സംഭവങ്ങൾ ഗൗരവമായി കാണേണ്ടതാണ്. അതുകൊണ്ട് ഇത്തരം കാര്യങ്ങൾക്ക് കുറച്ചുകൂടി യാഥാർത്ഥ്യബോധത്തോടുകൂടിയുള്ള നിലപാടെടുക്കാൻ സാധിക്കണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് പരിസ്ഥിതി സംരക്ഷകരാണെന്നാണ് പറയുന്നത്. നിങ്ങൾ എന്തിനാണ് ഗ്രീൻ ട്രൈബ്യൂണലിന്റെ വിധിക്കെതിരായി അപ്പീലിന് പോയത്? നിങ്ങളും ക്വാറി ഉടമസ്ഥരും ഒരേ പ്രശ്നമാണ് വാദിക്കുന്നത്. ജനവാസമുള്ള സ്ഥലത്തുനിന്ന് 200 മീറ്റർ ദൂരപരിധി വേണമെന്നാണ് ഗ്രീൻ ട്രൈബ്യൂണലിന്റെ വിധി. നിങ്ങൾ നേരത്തെയുണ്ടായിരുന്ന 200 മീറ്റർ വെട്ടിക്കുറച്ച് 50 മീറ്ററാക്കി നിശ്ചയിച്ചു. ബഹുമാനപ്പെട്ട മന്ത്രി അല്ലെങ്കിൽ നിങ്ങളുടെ കൂട്ടത്തിലാരെങ്കിലും ഒരു ക്വാറിയുടെ 50 മീറ്ററിനകത്ത് കുട്ടികളും കുടുംബവുമായി താമസിക്കാൻ തയ്യാറാകുമോ? അതാണ്

ഞാൻ നേരത്തെ പറഞ്ഞ മാഫിയ ബന്ധം. ക്വാറി നടത്താൻ ജനവാസ മേഖലയിൽനിന്നും 50 മീറ്റർ ദൂരം മതിയെന്നുപറഞ്ഞ നിങ്ങൾ പരിസ്ഥിതി സംരക്ഷകരാണെന്നാണ് അവകാശപ്പെടുന്നത്. പാവപ്പെട്ട മനുഷ്യർക്ക് ജീവിക്കാൻ കഴിയാത്ത വിധത്തിലുള്ള നിലപാട് ഗവൺമെന്റ് സ്വീകരിച്ചു. ഏതായാലും അത് 200 മീറ്ററാക്കി ഗ്രീൻ ട്രൈബ്യൂണലിന്റെ ഒരു വിധി വന്നു. നിങ്ങൾക്ക് അത് 100 മീറ്ററെങ്കിലുമാക്കി ചുരുക്കാൻ അപ്പീൽ കൊടുത്താൽ പോരെ? ക്വാറി ഉടമകൾ പറഞ്ഞ അതേ നിലപാട് നിങ്ങൾ സ്വീകരിച്ചു. ക്വാറികളുടെ അടുത്ത് താമസിക്കുന്ന പാവപ്പെട്ട ആളുകൾ ഭയപ്പാടോടെ ജീവിക്കുകയാണ്. കുട്ടികൾക്ക് പുറത്തിറങ്ങാൻ കഴിയുന്നില്ല. ഓടിട്ട വീടിനുമുകളിൽ എപ്പോഴും കല്ല് ചിതറി വീണുകൊണ്ടിരിക്കും. ഈ ഉത്തരവ് ദയവായി പുനഃപരിശോധിച്ചുകൊണ്ട് ജനങ്ങളോടുള്ള പ്രതിബദ്ധത വ്യക്തമാക്കണമെന്ന് ഈ സന്ദർഭത്തിൽ ഞാൻ സൂചിപ്പിക്കുകയാണ്.

മണൽ മാഫിയ നദികളിൽ നിന്നെല്ലാം ഒരുപാട് മണൽ വാരി വലിയ പ്രശ്നങ്ങളുണ്ടാക്കിയിട്ടുണ്ട്. ഞാൻ അതിനെ ന്യായീകരിക്കുന്നില്ല. 2018-ലെയും 2019-ലെയും പ്രളയത്തിനുശേഷം അങ്ങേയ്ക്കറിയാവുന്ന പെരിയാർ നദിയിലുൾപ്പെടെ മണലും ചെളിയും വന്നടിഞ്ഞ് പുഴകളെല്ലാം നികന്നുപോയിരിക്കുകയാണ്. ഇനിയൊരു പ്രളയമുണ്ടായാൽ ഈ ചെളിയും മണ്ണും അടിഞ്ഞതുകൊണ്ട് കൂടുതൽ വെള്ളപ്പൊക്കമുണ്ടാകാൻ സാദ്ധ്യതയുണ്ട്. ദയവായി ഈ ചെളിയും മണ്ണും മാറ്റുന്ന കാര്യം പരിശോധിക്കണം. അല്ലെങ്കിൽ ഇനിയൊരു വെള്ളപ്പൊക്കമുണ്ടായാൽ കൂടുതൽ പ്രദേശങ്ങളിലേയ്ക്ക് വെള്ളം കയറും. നദികളുടെ സ്റ്റോറേജ് കപ്പാസിറ്റി കുറയുകയാണ്. ഞാൻ മണൽ മാഫിയയ്ക്കുവേണ്ടി പറയുകയല്ല, എനിക്ക് അതിൽ താൽപ്പര്യവുമില്ല. ഇതുസംബന്ധിച്ച് ഐ.എൽ.ഡി.എം. (Institute of Land and Disaster Management) നടത്തിയ സ്റ്റഡി റിപ്പോർട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ ഇക്കാര്യം ഗവൺമെന്റ് പരിശോധിക്കണം.

(പ്രസംഗം ചുരുക്കുന്നതിനായി മി. ചെയർമാൻ ബെൽ മുഴക്കി)

<u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)</u>: ദയവായി ഇത്തരത്തിലുള്ള വൃത്തികെട്ട ശബ്ദമുയർത്തി പേടിപ്പിക്കരുത്.

<u>മി. ചെയർമാൻ:</u> താങ്കളുടെ പ്രസംഗം ആരംഭിച്ചിട്ട് 12 മിനിട്ടായി. അത് ഓർമ്മപ്പെടുത്തേണ്ടത് ചെയറിന്റെ ഉത്തരവാദിത്വമാണ്. (.....ബഹളം........) പ്രസംഗം ചുരുക്കുന്നതിന് വേണ്ടിയിട്ടാണ് ബെൽ അടിച്ചത്. അതിനെ 'വൃത്തികെട്ട ശബ്ദം' എന്ന് പരാമർശിക്കാൻ പാടില്ല. അങ്ങയുടെ പരാമർശം പിൻവലിക്കണം. അങ്ങ് പറഞ്ഞത് ശരിയല്ല.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): കൊച്ചി തുറമുഖത്ത് കപ്പലുകൾ വരുമ്പോൾ പുറപ്പെടുവിക്കുന്ന ശബ്ദം പോലെയുണ്ട്. ബഹുമാനപ്പെട്ട സ്പീക്കർ പറഞ്ഞത് അംഗങ്ങൾ തങ്ങളുടെ പ്രസംഗങ്ങൾ സ്വയം നിയന്ത്രിക്കണമെന്നാണ്.

മി. ചെയർമാൻ: ഞാൻ അങ്ങയോട് പ്രസംഗം നിർത്താൻ ആവശ്യപ്പെട്ടിട്ടില്ല.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, ഐ.എൽ.ഡി.എം. സ്റ്റഡി നടത്തിക്കഴിഞ്ഞു. ദയവായി മണ്ണും ചെളിയും നീക്കം ചെയ്യുന്ന കാര്യം പരിശോധിക്കണം.

ചീഫ് വിപ്പ് (ഡോ. എൻ. ജയരാജ്): സർ, പ്രളയകാലത്ത് മണൽ വന്നടിഞ്ഞതുകൊണ്ടാണ് കേരളത്തിൽ പ്രളയമുണ്ടായതെന്ന് പറയുമ്പോൾ ഒരു കാര്യം വിസ്മരിക്കാതിരിക്കാൻ കഴിയില്ല. നമ്മുടെ പുഴകളുടെ നേരത്തെയുണ്ടായിരുന്ന വിസ്തൃതി കുറഞ്ഞിട്ടുണ്ട്. ഞാൻ പാലക്കാട് ദീർഘകാലം അദ്ധ്യാപകനായി പ്രവർത്തിച്ചയാളാണ്. ഭാരതപ്പുഴയുടെ വീതി കുറഞ്ഞുവരികയാണ്. പുഴകളിലെ കയ്യേറ്റങ്ങൾ വലിയ പ്രശ്നമാണ്. അതോടൊപ്പംതന്നെ പുഴയിലേയ്ക്ക് ഇറക്കിയുള്ള കൃഷി സമ്പ്രദായങ്ങളുമുണ്ട്. വെള്ളത്തിന് ഒഴുകാനുള്ള ഒരു വഴിയായിരുന്നു പുഴ. അതെല്ലാം അടച്ചുകെട്ടിവച്ച് പ്രളയത്തിന്റെ പൂർണ്ണമായ ഉത്തരവാദിത്തം മുഴുവൻ അവിടെ വന്നടിഞ്ഞ മണലിന് മാത്രമാണെന്ന് പറയുന്നത് ശരിയാണോയെന്നാണ് എന്റെ ചോദ്യം.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, അങ്ങ് ഒരു ഡോക്ടറല്ലേ, ഞാൻ പറയാത്ത കാര്യം അങ്ങ് പറയേണ്ട കാര്യം എന്താണ്? ഞാൻ പറഞ്ഞത് പുഴകൾ നികന്നുപോകുന്നതിനെക്കുറിച്ചാണ്; മണൽ വാരിയതിനെക്കുറിച്ചല്ല. അങ്ങ് മനസ്സിലാക്കേണ്ട ഒരുകാര്യം, പ്രളയം വന്നതിനുശേഷം കായലുകളിലും പുഴകളിലുമെല്ലാം ചെളിയും എക്കലും അടിഞ്ഞ് നിറഞ്ഞിരിക്കുകയാണ്. മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധനം നടത്താൻ സാധിക്കുന്നില്ല. അതുപോലെ പുഴകൾ നികന്നുകിടക്കുകയാണ്.

പരിസ്ഥിതി സംബന്ധിച്ച സമിതി ഗവൺമെന്റിന് സമർപ്പിച്ച റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചത്, കൂടുതൽ വരുമാനം കിട്ടുന്നതിന് സർക്കാർ ക്വാറികൾ എന്തുകൊണ്ട് സർക്കാരിന് നടത്തിക്കൂടാ എന്നാണ്. സർക്കാർ കള്ളുഷാപ്പുകൾ ലേലം ചെയ്ത് കൊടുക്കുന്നുണ്ടല്ലോ; ക്വാറികൾ ലേലം ചെയ്ത് കൊടുത്തുകൂടേ?

മി. ചെയർമാൻ: അങ്ങയുടെ സമയം കഴിഞ്ഞു. അങ്ങ് സമയം പാലിച്ചാൽ ചെയർ പ്രത്യേകം അനുമോദിക്കും.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, എനിക്ക് മുൻപ് സംസാരിച്ചവർ എടുത്തതിന്റെ പകുതി സമയമേ ഞാൻ എടുത്തിട്ടുള്ളൂ. സർക്കാർ ക്വാറികളിൽ നിന്നും കൂടുതൽ വരുമാനം എങ്ങനെ കിട്ടാൻ സാധിക്കുമെന്നുള്ളത് പരിശോധിക്കണമെന്ന് ഞാൻ സൂചിപ്പിക്കുകയാണ്.

ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ ഇന്നലെ ഞങ്ങളോട് ഒരു കൊടുംചതി ചെയ്തു. നിങ്ങൾ കുറേക്കാലം ചന്ദ്രശേഖരന്റെ പാർട്ടിയെ വലതുപക്ഷ കമ്മ്യൂണിസ്റ്റ് എന്ന് പറഞ്ഞുനടന്നു. ഇന്നലെ ഉത്തർപ്രദേശിലെ ലക്കിംപൂർ ഖേരി സംഭവത്തിനെ തിരായി ഇന്ത്യയിലെ എല്ലാ പാർട്ടികളും പ്രതിഷേധിച്ച ദിവസമാണ്, ബി.ജെ.പി.-യുടെ അക്രമത്തിനെതിരായി, കർഷകദ്രോഹത്തിനെതിരായി പ്രതിഷേധിച്ച ദിവസമാണ്. സി.പി.ഐ.(എം.)-ലെ സാമാന്യം ഭേദപ്പെട്ട താത്വികാചാര്യനായ അങ്ങ് ഞങ്ങളെ വലതുപക്ഷ പാർട്ടിയാണെന്ന് പറയാൻ തെരഞ്ഞെടുത്ത ദിവസം ഇന്നലെ ആയിപ്പോയി എന്നത് വലിയ ദുഃഖകരമാണ്. അങ്ങ് വിചാരിക്കുന്നതുപോലെ ഞങ്ങൾ അത്ര വലതുപക്ഷമല്ല. ഒരുകാര്യം കൂടി പറയാം, വിദേശമൂലധനം സ്വീകരി ക്കുന്നതുമായി ബന്ധപ്പെട്ട് നിങ്ങളുടെ പാർട്ടിയുടെ പുതുക്കിയ പരിപാടിയനു സരിച്ചാണ് ഈ ഗവൺമെന്റ് മുന്നോട്ടുപോകുന്നത്. ലണ്ടൻ സ്റ്റോക്ക് എക്സ്ചേഞ്ചിൽ പോയി മണിയടിച്ച് വിദേശമൂലധനം കൊണ്ടുവരുന്നത് ഇടതുപക്ഷ നിലപാടാണോ; എന്നിട്ടാണോ നിങ്ങൾ ഞങ്ങളെ വലതുപക്ഷം എന്നുപറയുന്നത്. ഇതൊരു ശരിയായ വിലയിരുത്തലല്ലെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്.

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

ശ്രീ. പി. അബ്ദുൽ ഹമീദ് ചുമതലപ്പെടുത്തിയതുപ്രകാരം (ശ്രീ. കുറുക്കോളി മൊയ്തീൻ): സർ, ഭേദഗതിയെ ഞാൻ പിന്താങ്ങുന്നു. കേരളം ധാതുക്കളുടെ കലവറയാണ്. അനവധി വിലപിടിപ്പുള്ള ധാതുക്കൾ കേരളത്തിന്റെ ഭൂമിക്കടിയിൽ ആകമാനമുണ്ട്. ജനസാന്ദ്രതയുള്ള നമ്മുടെ സംസ്ഥാനത്താണ് ഏറ്റവും കൂടുതൽ ക്വാറി നിക്ഷേപമുള്ളതെന്ന് അന്വേഷണത്തിൽ വ്യക്തമായിട്ടുണ്ട്. ഏക ധാതു ഇന്ധനമായ ലിഗ്നൈറ്റ് കേരളത്തിൽ കണ്ടെത്തിയിട്ടുണ്ട്. ബോക്സൈറ്റ് ഇന്ധനവും നിക്ഷേപവും കേരളത്തിന്റെ ധാരാളം മേഖലകളിലുണ്ട്. വയനാടും മലപ്പുറവും സ്വർണ്ണ നിക്ഷേപമുള്ള രണ്ട് ജില്ലകളാണ്. കോഴിക്കോടും മലപ്പുറത്തും ഇരുമ്പിന്റെ വലിയ നിക്ഷേപമുണ്ടെന്ന് കണ്ടെത്താൻ സാധിച്ചിട്ടുണ്ട്. തിരുവനന്തപുരത്തും കൊല്ലത്തും രത്നങ്ങളുടെ നിക്ഷേപങ്ങൾ കണ്ടെത്തിയിട്ടുണ്ട്. സിലിക്കയുടെ നിക്ഷേപം ആലപ്പുഴയിലും ചുണ്ണാമ്പുകല്ല് പാലക്കാടും കളിമണ്ണ് കൊല്ലത്തും ഉണ്ടെന്ന കാര്യം നമുക്കെല്ലാവർക്കും അറിയാവുന്നതാണ്. വലിയ ധാതുനിക്ഷേപമുള്ള കേരളത്തിൽ ഇവയുടെ സംരക്ഷണത്തിന് നിയമം നിർമ്മിക്കേണ്ടത് അനിവാര്യമാണ്. വളരെ വൈകി ഒരു കേസിൽ തോൽവി ഉണ്ടായപ്പോഴാണ് ഇങ്ങനെയൊരു നിയമ നിർമ്മാണത്തെക്കുറിച്ച് ചിന്തയുണ്ടാകുന്നത്. ദോശ ചുട്ടെടുക്കുന്ന ലാഘവത്തോടെയുള്ള നിയമനിർമ്മാണം അവസാനിപ്പിക്കണം. വളരെയേറെ ശ്രദ്ധയും മുൻകരുതലും ചർച്ചകളും വേണ്ട തലമാണ് നിയമനിർമ്മാണ രംഗം. എന്നാൽ ഇവിടെ ചിന്തയ്ക്കും വിശകലനത്തിനും അവസരം നൽകാതെ കൂട്ടപാസ്സാക്കൽ നടത്തുകയാണ്. ബഹുമാന്യനായ മുൻ പ്രതിപക്ഷനേതാവ് ശ്രീ. രമേശ് ചെന്നിത്തല ഇന്നലെ അതിനെക്കുറിച്ച് സൂചിപ്പിക്കുകയുണ്ടായി.

മുസ്ലീംലീഗിനെ സംബന്ധിച്ചിടത്തോളം ഇങ്ങനെയൊരു ബില്ലിനെ സ്വാഗതം ചെയ്യുകയാണ്. ഖനികളും മറ്റു ധാതുസമ്പത്തുക്കളും സംരക്ഷിക്കണമെന്നും അവ പൊതു ഉടമസ്ഥതയിലായിരിക്കണമെന്നും രൂപീകരണനാളിൽ, 1948-ലെ നയരേഖയിൽ പ്രസ്താവിച്ച പാർട്ടിയാണ് ഇന്ത്യൻ യൂണിയൻ മുസ്ലീം ലീഗ്. 1948-ൽ മുസ്ലീംലീഗ് പുറത്തിറക്കിയ നയരേഖയുടെ 11-ാം അദ്ധ്യായത്തിൽ ഭൂമുഖത്തും ഭൂഗർഭത്തിലും കാണുന്ന എല്ലാ സ്വത്തുക്കളും ഖനികളും മറ്റു സാധനങ്ങളും രാഷ്ട്രത്തിന്റേതായിരിക്കുന്നതാണെന്ന് പറഞ്ഞിട്ടുണ്ട്. ഭൂമിയുടെ മുകൾപരപ്പിൽ കണ്ടെത്തുന്ന ഖനികളും ഖനവസ്തുക്കളും നിലത്തിന്റെ ഉടമസ്ഥന് പ്രസ്തുത സാധനങ്ങളിൽ ഒരു ഓഹരിക്കും അർഹതയില്ലെന്നും ഭൂമിയുടെ മുകളിൽ കാണുന്ന അത്തരത്തിലുള്ള എല്ലാ വസ്തുക്കളുടെയും ഉടമസ്ഥാവകാശം സർക്കാരിന് മാത്രമായിരിക്കണമെന്നും നിർദ്ദേശിച്ച ഒരു പാർട്ടിയുടെ പ്രതിനിധിയാണ് ഞാൻ. ദൗർഭാഗ്യവശാൽ പൊതുമേഖലയിലെ ഖനികളും വ്യവസായങ്ങളും സ്വകാര്യ മേഖലയ്ക്ക് തീറെഴുതി കൊടുക്കുന്ന ഒരു കാലത്താണ് നാം ജീവിക്കുന്നത്. അവിഭക്ത കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ സംസ്ഥാന സമ്മേളനം 1956-ൽ തൃശ്ശൂരിലാണ് സംഘടിപ്പിച്ചത്. പുതിയ കേരളം പടുത്തുയർത്തുന്നതിനെപ്പറ്റി പ്രസ്താവിച്ചൊരു രേഖയുണ്ട്. ചോരയെങ്കിൽ ചോര കൊടുത്തും കേരളം പടുത്തുയർത്തണമെന്ന് മുദ്രാവാക്യം വിളിച്ച് നടന്ന കാലത്ത്, ജൂൺ 22, 23, 24 തീയതികളിൽ തൃശ്ശൂരിൽ ചേർന്ന പാർട്ടിയോഗം പുറത്തിറക്കിയ രേഖയിൽ ഇങ്ങനെ പരാമർശിക്കുന്നു. 'വിജയകരമായ പ്ലാനിംഗിന് തടസ്സമായി നിൽക്കുന്ന ഒരു ഘടകമാണ് നമ്മുടെ ഭൗതിക വിഭവങ്ങളുടെ മേൽ വിദേശ മുതലാളിമാർക്കുള്ള മേധാവിത്വം. ഇത് തികച്ചും അവസാനിപ്പിച്ച് വിദേശ ഉടമസ്ഥതയിലുള്ള നമ്മുടെ തോട്ടങ്ങൾ, ഖനികൾ, മുഖ്യ വ്യവസായങ്ങൾ മുതലായവയും പൊതുമേഖലയിൽ കൊണ്ടുവരണം'. സ്വകാര്യവൽക്കരണം കേന്ദ്രം ഒരു നയമായി സ്വീകരിച്ച് മുന്നോട്ടുപോകുമ്പോൾ അതിനെതിരായി പ്രതികരിക്കാൻ മുന്നോട്ട് വന്നിട്ടുള്ള പാർട്ടിയാണ് മാർക്സിസ്റ്റ് പാർട്ടി എന്നതിൽ സന്തോഷമുണ്ട്. എന്നാൽ സ്വകാര്യ ഉടമകൾക്ക് കരിമണൽ ഖനനം പോലെയുള്ളതിന് അവകാശങ്ങൾ നൽകുന്ന വലിയ വ്യവസായങ്ങളും റെയിൽവേയും വിൽക്കാൻ നമുക്ക് സാധിക്കാത്തതു കൊണ്ട് പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ടും സ്വകാര്യ മുതലാളിമാരെ സഹായിക്കാൻ നമ്മൾ ശ്രമം നടത്തിക്കൊണ്ടിരിക്കുകയാണ്. കേരളം രൂപംകൊണ്ട് 65 വർഷമായിട്ടും ഈ പ്രമേയം അംഗീകരിച്ച പാർട്ടി പല തവണ ഭരിച്ചിട്ടും ഹാരിസൺ എസ്റ്റേറ്റ് ഇന്നും സ്വകാര്യ ഉടമസ്ഥരുടെ കൈകളിൽ തന്നെയാണ്. 15 വർഷം കൊണ്ട് ഭൂമി തിരിച്ചുപിടിക്കാൻ നടത്തിയ സർക്കാരിന്റെ ഭാഗത്തുനിന്നുള്ള ശ്രമം അവസാനഘട്ടത്തിൽ അട്ടിമറിക്കപ്പെടുകയാണുണ്ടായത്. 2018 ഏപ്രിൽ 11-ലെ കോടതി വിധി സർക്കാർ

ചോദിച്ച് വാങ്ങിയതായിരുന്നു. കമ്പനികൾക്കെതിരായി നടപടികൾ സാധൂകരിക്കുന്നതിന് 5 റിപ്പോർട്ടുകൾ ഗവൺമെന്റിന്റെ കയ്യിലുണ്ടായിരുന്നു. സർക്കാരിന് അത് എത്തിക്കാൻ കഴിയാതെപോയി. മല തുരന്നും ക്വാറികൾ പുതിയത് നിർമ്മിച്ചും മണ്ണും പാറയും യഥേഷ്ടം എടുത്ത് വെള്ളക്കെട്ടും ചതുപ്പുനിലങ്ങളും തീർത്ത് പ്രകൃതി നാശത്തിന്റെയും പരിസ്ഥിതി നിയമങ്ങളുടെ ലംഘനത്തിന്റെയും ഘോഷയാത്രയാണ് നടന്നുവരുന്നത്. 2021-ലെ കേരള ധാതുക്കൾ (അവകാശങ്ങൾ നിക്ഷിപ്തമാക്കൽ) ബിൽ, 1881-ജൂൺ 14-ലെ തിരുവിതാംകൂർ വിളംബരവും 1905-ലെ കൊച്ചി വിളംബരവും സ്വകാര്യ വ്യക്തികളുടെ അധീനതയിലായിരുന്ന മലബാർ പ്രദേശവും കൂട്ടിച്ചേർക്കുന്നതാകണം. ഈ ബില്ലിൽ അതിനാവശ്യമായ ഭേദഗതികൾ ഇനിയും വേണ്ടതുണ്ട്. ബില്ലിലെ 3-ാം വകുപ്പ് പ്രകാരം മലബാർ പ്രദേശം ഈ ബില്ലിന്റെ കീഴിലേയ്ക്ക് വരുന്നു. എന്നാൽ 4-ാം വകുപ്പനുസരിച്ച് തിരുവിതാംകൂർ പ്രദേശം 1881-ലെ തിരുവിതാംകൂർ വിളംബരത്തിന് കീഴിലും കൊച്ചി 1905-ലെ വിളംബരത്തിന് കീഴിലുമായി തുടരുകയാണ്. അങ്ങനെ വന്നാൽ മൂന്ന് നിയമങ്ങൾ സംസ്ഥാനത്തിന് മൂന്ന് മേഖലകളിലായി നിലനിൽക്കുന്നൊരു സാഹചര്യം ഉണ്ടാകും. അവയെല്ലാം ഒറ്റ നിയമത്തിന് കീഴിൽ കൊണ്ടുവരാനുള്ള നടപടികളുണ്ടാകണം. തിരുവിതാംകൂർ-കൊച്ചി വിളംബരങ്ങളിലെ വ്യവസ്ഥകൾ ബില്ലിൽ പ്രതിപാദിച്ചിട്ടില്ല. അവ കൂടി ഉൾപ്പെടുത്തണമെന്ന് നിർദ്ദേശിക്കുകയാണ്. ഈ ബില്ലിൽ 1881 ജൂൺ 14-ാം തീയതിയിലെ തിരുവിതാംകൂർ വിളംബരത്തിന്റെയും 1905-ന്റെ കൊച്ചി വിളംബരത്തിന്റെയും പരിധിക്ക് കീഴിൽ വരുന്ന ഭൂമി ഒഴികെ എന്നൊരു പരാമർശമുണ്ട്. കൊച്ചിയിലും തിരുവിതാംകൂറിലും ഈ വിളംബരത്തിന് പുറമേ ഭൂമി വേറെ സ്വകാര്യ വ്യക്തികളുടെ കൈകളിലുണ്ടായിരുന്നോ എന്നതുകൂടി വ്യക്തമാക്കപ്പെടേണ്ടതുണ്ടെന്ന് സൂചിപ്പിക്കാൻ ആഗ്രഹിക്കുകയാണ്. 140 വർഷം പഴക്കമുള്ള തിരുവിതാംകൂർ വിളംബര കാലത്തെയും 115 വർഷം പഴക്കമുള്ള കൊച്ചി വിളംബരകാലത്തെയും അവസ്ഥയല്ല ഇപ്പോൾ നമ്മുടെ സംസ്ഥാനത്തുള്ളത്. 150-ഉം 115-ഉം വർഷങ്ങളുടെ പഴക്കമുള്ള നിയമങ്ങൾ പരിഷ്കരിക്കുമ്പോൾ പുതിയ സാഹചര്യങ്ങളെ മുന്നിൽ കാണുകയും പ്രാധാന്യം ഉൾക്കൊള്ളുകയും ചെയ്യേണ്ടതുണ്ട്. സർക്കാരിന്റെ കൈകളിലേയ്ക്ക് സംസ്ഥാനത്തിന്റെ മുഴുവൻ പ്രദേശങ്ങളിലെയും ധാതുനിക്ഷേപങ്ങളെ കൊണ്ടു വരികയെന്നത് മാത്രമാകരുത് ബില്ലിന്റെ ഉദ്ദേശ്യം. ഭൂമിയുടെ ഉടമകൾക്ക് അർഹമായ നഷ്ടപരിഹാരം നൽകുന്ന കാര്യം കൂടി ബില്ലിൽ വ്യക്തമാക്കേണ്ടതുണ്ട്. രാജാവിന്റെ വിളംബരങ്ങളെക്കാൾ ദുർബ്ബലമാണ് പുതിയ ബിൽ എന്നുപറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. പൊതുജന താൽപ്പര്യം ഒട്ടും പരിഗണിക്കപ്പെട്ടിട്ടില്ല. ധാതുക്കൾ ഏതൊക്കെയെന്ന് ബില്ലിൽ വ്യക്തമാക്കേണ്ടതുണ്ട്. പരമ്പരാഗത തൊഴിലുമായി ബന്ധപ്പെട്ടുവരുന്ന പാത്രനിർമ്മാണത്തിനുള്ള കളിമണ്ണ്,

ആറന്മുള കണ്ണാടി നിർമ്മാണത്തിനുപയോഗിക്കുന്ന മണൽ എന്നിവ ഇതിൽ ഉൾപ്പെടുന്നത് ആ മേഖലയിലെ തൊഴിലാളികൾക്ക് പ്രയാസകരമായി മാറും. വലിയ പാരിസ്ഥിതികാഘാതം വരുത്താതെ മാത്രമേ അപൂർവ്വവും വിലപിടിപ്പുള്ളതുമായ ധാതുക്കൾ ഖനനം ചെയ്യാൻ അനുവദിക്കാൻ പാടുള്ളൂ. കേരളമൊട്ടുക്കും ഒറ്റ നിയമത്തിൻകീഴിൽ കൊണ്ടുവരത്തക്ക വിധത്തിൽ പാരിസ്ഥിതിക വിഷയങ്ങൾക്ക് ആഘാതമേൽക്കാതെ ഖനനത്തിന് സൗകര്യം നൽകുന്ന രീതിയിലായിരിക്കണം. അതും പൊതു ഉടമയിൽത്തന്നെ നടത്തുന്നതിനുള്ള സംവിധാനം ഉറപ്പുവരുന്നതായിരിക്കണം ഈ ബിൽ എന്ന് സൂചിപ്പിക്കാൻ ആഗ്രഹിക്കുന്നു. മുതലാളിത്തത്തെക്കുറിച്ചും വലതുപക്ഷത്തെക്കുറിച്ചുമൊക്കെ പ്രസംഗമധ്യേ ഇവിടെ പലരും സൂചിപ്പിക്കുകയുണ്ടായി. എന്റെ നാട്ടിൽവച്ചുനടന്ന ഇ.എം.എസ്. നമ്പൂതിരിപ്പാടിന്റെ പ്രസംഗത്തെക്കുറിച്ചും ഇവിടെ പരാമർശിച്ചു. ഞാൻ ആ പ്രസംഗം നേരിട്ട് കേട്ടയാളാണ്. അതിൽ അദ്ധ്യക്ഷനായിരുന്ന ശ്രീ. പി. നന്ദകുമാർ ഇപ്പോൾ സഭയിലില്ല. സത്യത്തിൽ ഇ.എം.എസ്. നമ്പൂതിരിപ്പാട് പറഞ്ഞ വാക്കുകൾ മാത്രമാണ് പത്രത്തിൽ വന്നത്. പത്രത്തിൽ വരാത്ത ഒരുവരികൂടി അതിനുമുമ്പ് കൂട്ടിച്ചേർക്കാനുണ്ട്. 'ഞാൻ പറഞ്ഞാൽ എന്റെ ഉപദേശം സേട്ടുവും അദ്വാനിയും കേൾക്കുമോയെന്ന് എനിക്കറിയില്ല. എങ്കിലും ഞാനൊരു നിർദ്ദേശം വയ്ക്കുകയാണ് എന്നുകൂടി പറഞ്ഞുകൊണ്ടാണ് 'ആ തർക്കക്കെട്ടിടം പൊളിച്ചുമാറ്റണം അല്ലെങ്കിൽ ഒരു തട്ടുംകൂടി നിർമ്മിക്കണം മേലെ പള്ളിയും താഴെ അമ്പലവും അല്ലെങ്കിൽ താഴെ പള്ളിയും മേലെ അമ്പലവും' എന്ന പരാമർശം നടത്തിയത്. ഇതുസംബന്ധിച്ച തർക്കങ്ങൾ ഇവിടെ നടന്നതുകൊണ്ട് ഇത് നേരിട്ട് കേൾക്കാൻ കഴിഞ്ഞ ഒരാളാണ് ഞാനെന്നുകൂടി സൂചിപ്പിക്കാൻ ആഗ്രഹിക്കുകയാണ്. ഈ ബില്ലിലെ ഭേദഗതികൾ അവതരിപ്പിച്ചുകൊണ്ട് അവസാനിപ്പിക്കുന്നു.

മി. സ്പീക്കർ: സമയപരിധിക്കുള്ളിൽ പ്രസംഗം അവസാനിപ്പിച്ചതിന് നന്ദി.

ശ്രീ. കുറുക്കോളി മൊയ്തീന്റെ മാതൃക അങ്ങും പിന്തുടരണമെന്ന് അഭ്യർത്ഥിക്കുന്നു.

ശ്രീ. പി. എസ്. സുപാൽ ചുമതലപ്പെടുത്തിയതുപ്രകാരം (ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ): സർ, ഭേദഗതിയെ ഞാൻ പിന്താങ്ങുന്നു. 1881-ലെ തിരുവിതാംകൂർ വിളംബരത്തിന്റെയും 1905-ലെ കൊച്ചി വിളംബരത്തിന്റെയും പരിധിയിൽവരുന്ന ഭൂമിക്കടിയിലുള്ള ധാതുക്കളുടെ മുഴുവൻ ഉടമസ്ഥാവകാശവും സർക്കാരിൽ നിക്ഷിപ്തമാണ്. എന്നാൽ മലബാർ പ്രദേശത്തെ ഭൂമിയിലുള്ള മണ്ണിലെ ധാതുക്കളിന്മേലുള്ള ഉടമാവകാശം ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ വിധിയുടെ അടിസ്ഥാനത്തിൽ ഉടമസ്ഥന് അവകാശപ്പെട്ടതാണ്. മേൽസാഹചര്യത്തിൽ

ഭൂമിയിലുള്ള മണ്ണിലെ ധാതുക്കളുടെ ഉടമാവകാശം സംബന്ധിച്ച് സംസ്ഥാനത്ത് ഏകീകൃതമായ നിയമം നടപ്പിലാക്കുന്നതിന്റെ ഭാഗമാണ് ഈ നിയമനിർമ്മാണം. ഇതിനെ ഞാൻ സ്വാഗതം ചെയ്യുകയാണ്. ഇത് കുറേക്കൂടി നേരത്തെ വരേണ്ട തായിരുന്നില്ലേ? ആധുനിക കാലത്ത് മനുഷ്യ പുരോഗതി പ്രകൃതി വിഭവങ്ങൾ ഉപയോഗപ്പെടുത്തിക്കൊണ്ടുള്ളതാണെന്ന് അറിയാമല്ലോ? എന്നാൽ അനിയന്ത്രിതമായ പ്രകൃതി ചൂഷണം മാനവരാശിക്കും ജീവജാലങ്ങൾക്കും ഭീഷണിയായി മാറുകയാണ്. ലാഭം മാത്രം ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന മുതലാളിത്ത സമ്പദ്ഘടനയിൽ പ്രകൃതി ചൂഷണം യാതൊരു നിയന്ത്രണവുമില്ലാതെ തുടരുകയാണ്. ഭ്രാന്തമായ കോർപ്പറേറ്റ് വൽക്കരണം നടക്കുന്ന നമ്മുടെ രാജ്യത്തും പ്രകൃതി വിഭവങ്ങളുടെ ചൂഷണം അനിയന്ത്രിതമാണ്. ജാർഖണ്ഡ്, ചത്തീസ്ഗഡ്, ഒഡീഷ തുടങ്ങിയ സംസ്ഥാനങ്ങളിൽ ആദിവാസികളെ അടിച്ചമർത്തിയും തടവിലിട്ടും പ്രകൃതിക്കൊള്ള നടക്കുകയാണ്. കർണ്ണാടകത്തിലും തമിഴ്നാട്ടിലും ഇതുപോലുള്ള സംഭവങ്ങൾ കാണാം. ഇന്ത്യയിൽ ഏറ്റവും കൂടുതൽ മഴ ലഭിക്കുന്ന സംസ്ഥാനം ആസാമാണ്. ആസാം കഴിഞ്ഞാൽ രണ്ടാമത്തെ സ്ഥാനം കേരളത്തിനാണ്. മഴ പെയ്താൽ ഉരുൾപൊട്ടൽ, വെള്ളപ്പൊക്കം എന്നിവയും മഴ മാറിയാൽ കഠിനമായ ചൂടും കുടിവെള്ളക്ഷാമവും നേരിടുകയാണ്. ഇതുകാണുമ്പോൾ കേരളീയർക്ക് എന്തുപറ്റിയെന്ന് നമ്മെ അറിയുന്നവർ മുഴുവൻ ചോദിക്കുകയാണ്. കാലാവസ്ഥാ വ്യതിയാനവും പാരിസ്ഥിതിക സന്തുലിതാവസ്ഥ പാലിക്കാതെയുള്ള വികസന പ്രവർത്തനങ്ങളുടെ പരിണിതഫലവുമാണ് ഇപ്പോൾ നാം അനുഭവിക്കുന്നത്. തണ്ണീർത്തടങ്ങളും നെൽവയലുകളും മണ്ണിട്ട് നികത്തുകയും ചെങ്കുത്തായ സ്ഥലങ്ങളിൽപോലും കാടുവെട്ടിത്തെളിച്ച് കൃഷിയിറക്കുകയും ചെയ്തു. ഈ ഗൗരവമായ സ്ഥിതിവിശേഷം കണക്കിലെടുത്താണ് മുൻ എൽ.ഡി.എഫ്. സർക്കാർ തണ്ണീർത്തടങ്ങളും നെൽവയലുകളും സംരക്ഷിക്കുന്നതിനുള്ള നിയമം കൊണ്ടുവന്നത്. പാരിസ്ഥിതിക സന്തുലിതാവസ്ഥ പാലിച്ചുകൊണ്ടുമാത്രമേ വികസന പ്രവർത്തനങ്ങൾ നടത്താൻ പാടുള്ളൂവെന്നത് ഈ സർക്കാരിന്റെ പ്രഖ്യാപിത ലക്ഷ്യമാണ്. എന്നാൽ കേവല പരിസ്ഥിതിവാദം നമുക്കിടയിൽ ഉയർന്നു വരികയാണ്. പലപ്പോഴും ഇത് വികസന വിരുദ്ധമായി മാറുകയാണ്. പാലം, റോഡ്, കെട്ടിടങ്ങൾ എന്നിവ നിർമ്മിക്കുന്നതിനായി കരിങ്കൽ, ചെങ്കൽ, ഇരുമ്പ്, സിമന്റ്, മണൽ എന്നിവ അത്യാവശ്യമാണ്. കേവല പരിസ്ഥിതിവാദം നമ്മുടെ മുന്നേറ്റത്തെ തകർക്കും. ശരിയായ ശാസ്ത്രീയപഠനത്തിന്റെ അടിസ്ഥാനത്തിൽ പാരിസ്ഥിതിക സന്തുലിതാവസ്ഥ പാലിച്ചുകൊണ്ട് പ്രകൃതിവിഭവങ്ങൾ ഉപയോഗ പ്പെടുത്താൻ കഴിയണം. പെട്രോളിയം കണ്ടെത്തിയതോടുകൂടിയാണ് ഗൾഫ് നാടുകൾ സമ്പദ്സമൃദ്ധമായത് പെട്രോളിയംപോലെതന്നെ വിലപിടിപ്പുള്ളതല്ലേ നമ്മുടെ ധാതുസമ്പത്ത്; എന്തുകൊണ്ട് കേരളത്തിന്റെ വികസനത്തിൽ ഈ ധാതുസമ്പത്ത്

ഉപയോഗിക്കാൻ കഴിയുന്നില്ല; നമ്മുടെ ധാതുസമ്പത്ത് മൂല്യവർദ്ധിതമാക്കി മാറ്റിയാൽ വൻസാമ്പത്തിക മുന്നേറ്റമുണ്ടാക്കാൻ കഴിയില്ലേ; തൊഴിലില്ലായ്മയ്ക്ക് ഒരു പരിധിവരെ പരിഹാരമാകില്ലേ? ഇക്കാര്യം ഗൗരവമായി ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രിയും വ്യവസായ വകുപ്പും പരിഗണിക്കുമെന്ന് പ്രത്യാശിക്കുകയാണ്. പുതിയ സർക്കാർ അധികാരത്തിൽ വന്നിട്ട് ഏതാനും മാസങ്ങളേ ആയിട്ടുള്ളൂ. വ്യവസായ രംഗത്ത് വൻപ്രതീക്ഷയാണ് വ്യവസായ വകുപ്പുമന്ത്രിയുടെ പ്രവർത്തനം നൽകുന്നത്. കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ സർക്കാർ നടപ്പിലാക്കിയ വ്യവസായ ഭദ്രതാ പദ്ധതി സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായ മേഖലയ്ക്ക് ഉണർവ്വേകി. മീറ്റ് ദി മിനിസ്റ്റർ പരിപാടി പത്ത് ജില്ലകളിൽ സംഘടിപ്പിച്ചു. 1301 പരാതികളിൽ 634 എണ്ണത്തിന് പരിഹാരം കണ്ടു. മീറ്റ് ദി ഇൻവെസ്റ്റേഴ്സ് പരിപാടിയുടെ ഭാഗമായി ഒട്ടനവധി നിക്ഷേപ പദ്ധതികൾക്ക് ധാരണയായി. Synthite Group, Meat Gelatin, Dhathri Ayurveda Group, ASCO Group തുടങ്ങിയ കമ്പനികൾ 1410 കോടി രൂപയുടെ നിക്ഷേപം നടത്താൻ ധാരണയായി. മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ്- മുണ്ടയ്ക്കൽ, ബഹുനില ഫാക്ടറി കെട്ടിട സമുച്ചയം- കാക്കഞ്ചേരി എന്നിവ ഉദ്ഘാടനം ചെയ്തിരിക്കുകയാണ്. പെട്രോകെമിക്കൽ പാർക്ക് സ്ഥാപിക്കുന്നതിനായി കിൻഫ്രയും ബി.പി.സി.എൽ.-ഉം ധാരണാപത്രം ഒപ്പുവയ്ക്കുകയുണ്ടായി. 28 സംരംഭകർക്ക് 61.2 ഏക്കർ സ്ഥലം അനുവദിച്ചു. ഏറ്റവും മെച്ചപ്പെട്ട നിലയിൽ ഏകജാലക സംവിധാനം ഏർപ്പെടുത്തിയതും കേരളത്തിലാണ്. Ease of Doing Business റാങ്ക് ഉയർത്താൻ ഫലപ്രദമായ നടപടികൾ സ്വീകരിച്ചു. കാലഹരണപ്പെട്ട നിയമങ്ങളും ചട്ടങ്ങളും പരിഷ്കരിക്കാൻ തീരുമാനമായി. കോവിഡ് പ്രതിസന്ധി പരിഹരിക്കാൻ എം.എസ്.എം.ഇ. മേഖലയ്ക്ക് 1416 കോടി രൂപയുടെ പ്രത്യേക പാക്കേജ് പ്രഖ്യാപിക്കുകയുണ്ടായി. 1645 കോടി രൂപയുടെ നിക്ഷേപ പദ്ധതിക്ക് ധാരണയായി, വി-ഗാർഡ് 120 കോടി രൂപ നിക്ഷേപിച്ച് ഇലക്ട്രോണിക് ലാബ് സ്ഥാപിക്കാൻ ധാരണയായി. ലുലു ഗ്രൂപ്പ് ഇലക്ട്രോണിക് വെയർഹൗസ് പദ്ധതിക്ക് ധാരണയായി. പൊതുമേഖലാ സ്ഥാപനങ്ങളുടെ ആധുനികവൽക്കരണത്തിന് മാസ്റ്റർപ്ലാൻ തയ്യാറാക്കുന്നു. പൊതുമേഖലാ സ്ഥാപനങ്ങൾ വിറ്റുതുലയ്ക്കുന്ന നിലപാടാണ് കോൺഗ്രസ് സ്വീകരിച്ചിരുന്നതെന്ന കാര്യം നമ്മൾ ഓർമ്മിക്കേണ്ടതുണ്ട്. പൊതുമേഖല വിൽപ്പനയ്ക്ക് പ്രത്യേക മന്ത്രാലയം, പൊതുമേഖല വിൽക്കാൻ ഒരു മന്ത്രി എന്നിവ ആധുനിക ഇന്ത്യാ ചരിത്രത്തിൽ കോൺഗ്രസ്സിന്റെ ഏറ്റവും വലിയ സംഭാവനയാണ്. ആ വഴിയിൽ ഇപ്പോൾ ബി.ജെ.പി. സർക്കാർ എല്ലാം തകർത്ത് മുന്നോട്ടുപോകുന്ന കാഴ്ച നാം കാണുകയാണ്. സ്വകാര്യവൽക്കരണ നടപടികളെ യു.ഡി.എഫ്.-ന് തന്റേടത്തോടു കൂടി എതിർത്ത് മുന്നോട്ടുപോകാൻ കഴിയുന്നില്ല. കാരണം, കോൺഗ്രസ് കൊണ്ടുവന്ന നയമല്ലേ; ഈ നയം

തിരുത്താൻ കോൺഗ്രസ് തയ്യാറുണ്ടോ; ഇക്കാര്യം വ്യക്തമാക്കേണ്ടതുണ്ട്. ഇതുപോലെ ഒരു ജില്ലയിൽ ഒരു ഉല്പന്നമെന്ന നിലയിൽ കാർഷികോല്പന്നങ്ങളുടെ മൂല്യവർദ്ധിത ഉല്പന്നങ്ങൾ ഉണ്ടാക്കുന്നതിന് 108 യൂണിറ്റുകൾ ആരംഭിക്കാൻ തീരുമാനിച്ചു. ഉയർന്ന ഉല്പാദനശേഷിയുള്ള 10 ലക്ഷം കശുമാവിൻ തൈകൾ വിതരണം ചെയ്യുന്ന പരിപാടികളും നടന്നുവരികയാണ്. ചേർത്തല ഓട്ടോകാസ്റ്റ് നിർമ്മിച്ച റെയിൽവേ ബോഗി കൈമാറി. 100 ദിന കർമ്മപരിപാടിയുടെ ഭാഗമായി ഒട്ടനവധി നേട്ടങ്ങൾ വ്യവസായ വകുപ്പ് കൈവരിക്കുകയുണ്ടായി. ബഹുമാന്യനായ മുസ്ലീംലീഗ് പ്രതിനിധി ഇവിടെ പ്രസംഗിച്ചപ്പോൾ കരിമണൽ സ്വകാര്യവൽക്കരണത്തെ സംബന്ധിച്ച് പറഞ്ഞു. കേരളത്തിൽ 2006-ൽ ശ്രീ. ഉമ്മൻ ചാണ്ടിയുടെ ഭരണകാലത്ത് ബഹുമാന്യനായ കുറുക്കോളി മൊയ്തീന്റെ പാർട്ടിയുടെ നേതാവ് വ്യവസായ വകുപ്പുമന്ത്രിയായിരുന്ന ഘട്ടത്തിലല്ലേ കരിമണൽ സ്വകാര്യവൽക്കരിച്ചത്? 2006-ലെ ആ സ്വകാര്യവൽക്കരണത്തിനെതിരായി കേരളത്തിൽ ഉയർന്നുവന്ന പ്രക്ഷോഭങ്ങൾ നമ്മുടെ മുന്നിലുണ്ട്. ഇതെല്ലാം കണക്കിലെടുത്തുകൊണ്ടുവേണം നമുക്ക് മുന്നോട്ടുപോകാൻ. കേരളത്തിലെ ധാതുസമ്പത്ത് കോർപ്പറേറ്റുകൾക്ക് കൊള്ളയടിക്കാൻ അവസരം നൽകാതെ മണൽകള്ളക്കടത്ത് തടയാൻ ഫലപ്രദമായ നടപടികൾ തീർത്തുകൊണ്ട് സർക്കാരിന്റെ പൂർണ്ണ നിയന്ത്രണത്തിലായിരിക്കണം പദ്ധതികൾ നടപ്പിലാക്കേണ്ടത്. ഈ രൂപത്തിൽ കേരളത്തിന്റെ ഭാവി വികസനത്തിൽ വലിയ പങ്കുവഹിക്കാൻ കഴിയുന്ന കാൽവയ്പാണ് ഇതുവഴി ഉണ്ടായിട്ടുള്ളത്. ഈ ബിൽ ജനങ്ങൾക്ക് വളരെ പ്രയോജനം ചെയ്യുമെന്നുകൂടി സൂചിപ്പിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

മി. സ്പീക്കർ: അംഗങ്ങളെല്ലാം ചുരുക്കി സംസാരിക്കുന്നത് നല്ല മാതൃകയാണ്.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, എല്ലാ ബില്ലുകളെക്കുറിച്ചും വളരെ ഗൗരവമായ ചർച്ച സഭയിൽ നടക്കുകയുണ്ടായി. ഒപ്പംതന്നെ സഭയുടെ പതിവുരീതിയനുസരിച്ച് ബില്ലിൽനിന്ന് വേറിട്ട് നിന്നുകൊണ്ടുള്ള രാഷ്ട്രീയ പ്രശ്നങ്ങളും ഉന്നയിക്കപ്പെട്ടിട്ടുണ്ട്. അത് കുറെയെല്ലാം അതത് സമയം പ്രതികരണങ്ങളിലൂടെ വിശദീകരിച്ചിട്ടുള്ളതുകൊണ്ട് ഞാൻ അധിക സമയം അതിലേയ്ക്ക് കടക്കുന്നില്ല. പക്ഷെ ചരിത്രത്തെക്കുറിച്ചുള്ള ധാരണ ഏതെങ്കിലും പ്രത്യേക ഘട്ടത്തിൽവനിന്നും ആരംഭിക്കരുത്. ബി.ജെ.പി., വർഗ്ഗീയത എന്നെല്ലാം പറയുമ്പോൾ 1980-ലെ രണ്ട് സീറ്റിന്റെ ചരിത്രത്തെക്കുറിച്ചാണ് പറയുന്നത്. ഇന്ത്യ സ്വതന്ത്രമായപ്പോൾ ഇന്ത്യയ്ക്കൊരു ഭരണഘടനാ അസംബ്ലിയുണ്ടായിരുന്നു. ആ ഭരണഘടനാ അസംബ്ലിയിൽ ഹിന്ദുത്വ ശക്തികളാരും തെരഞ്ഞെടുപ്പിലൂടെ ജയിച്ചിരുന്നില്ല. എന്നാൽ ആ ഭരണഘടനാ അസംബ്ലിയിൽ ശ്യാമപ്രസാദ്

മുഖർജിയും പുരുഷോത്തം ദാസും ആർ.എസ്.എസ്.-കാരായ പലരുമുണ്ടായിരുന്നു. അവരെയെല്ലാവരേയും നോമിനേറ്റ് ചെയ്ത രാഷ്ട്രീയ പാർട്ടിയുടെ പേര്, കോൺഗ്രസ് എന്നുതന്നെയായിരുന്നു. ഈ രാജ്യത്ത് ആദ്യത്തെ ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾ ആ ഗവൺമെന്റിലെ ആദ്യത്തെ ധനമന്ത്രി ലിയാഖത്ത് അലി ഖാനായിരുന്നു. ഇന്ത്യ വിഭജിച്ച് പാകിസ്താൻ രൂപീകരിക്കപ്പെട്ടപ്പോൾ ലിയാഖത്ത് അലി ഖാൻ പാകിസ്താന്റെ പ്രധാനമന്ത്രിയായി. ആ ഒഴിവിലേയ്ക്ക് ജവഹർലാൽ നെഹ്റു ഒരു പുതിയ മന്ത്രിയെ റിക്രൂട്ട് ചെയ്തു. ആ മന്ത്രിക്ക് ഇന്ന് ഞാൻ കൈകാര്യം ചെയ്യുന്ന, അവിടത്തെ വ്യവസായ വകുപ്പ് ഏൽപ്പിച്ചു. ആ മന്ത്രിയുടെ പേര് ശ്യാമപ്രസാദ് മുഖർജിയെന്നായിരുന്നു. ജനസംഘത്തിന് രൂപം നൽകിയത് ശ്യാമപ്രസാദ് മുഖർജിയായിരുന്നു. ഇന്ത്യൻ ഭരണഘടനാ അസംബ്ലിയിൽ ഈ രാജ്യത്തിന്റെ പേര് ഹിന്ദുസ്ഥാനാകണമോ ഇന്ത്യയാകണമോയെന്നൊരു വോട്ടെടുപ്പ് നടന്നു. ഈ രാജ്യത്തിന്റെ 'ആമുഖം' എങ്ങനെ ആരംഭിക്കണമെന്നതു സംബന്ധിച്ച് വോട്ടെടുപ്പ് നടന്നു; ദൈവത്തിന്റെ പേരിൽ വേണോ, 'We the people of India...', എന്ന പേരിൽ വേണമോയെന്ന്. അതിൽ ഹിന്ദുത്വ ശക്തികൾക്കുവേണ്ടി വോട്ട് ചെയ്ത ആളുകൾ കോൺഗ്രസ്സുകാരായിരുന്നു.

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, അങ്ങ് എന്താണ് പറയുന്നത്. ഇന്ത്യ രൂപീകൃതമായതിനുശേഷമുള്ള രാഷ്ട്രീയ സാഹചര്യമെന്തായിരുന്നു? അതാണ് നെഹ്റുവും കോൺഗ്രസും ഉയർത്തിപ്പിടിച്ച ഉന്നതമായ, ഉദാത്തമായ മൂല്യം. ആജംഗർ നിയോജകമണ്ഡലത്തിൽ കോൺഗ്രസിന്റെ സ്ഥാനാർത്ഥിക്കുവേണ്ടി നെഹ്റു പ്രസംഗിക്കാൻ പോയിരുന്നു. അദ്ദേഹം അവിടത്തെ പ്രതിപക്ഷ സ്ഥാനാർത്ഥിയായ രാം മനോഹർ ലോഹ്യയെ വിജയിപ്പിക്കണമെന്നാണ് പറഞ്ഞത്. സ്റ്റേജിൽ പ്രസംഗിച്ചത് രാം മനോഹർ ലോഹ്യ ജയിക്കണം, കോൺഗ്രസിന്റെ സ്ഥാനാർത്ഥിയല്ല ജയിക്കേണ്ടതെന്നാണ്. കാരണം അദ്ദേഹത്തിന് പാർലമെന്റിൽ രാം മനോഹർ ലോഹ്യയുടെ സാന്നിദ്ധ്യം വേണമെന്ന് പറഞ്ഞു. അതാണ് ഉന്നതമായ ജനാധിപത്യ ബോധം. അതാണ് നമ്മൾ ഉയർത്തിപ്പിടിച്ച ജനാധിപത്യ ബോധം. ഇന്ത്യൻ കോൺസ്റ്റിറ്റ്യൂവന്റ് അസംബ്ലിയിൽ എല്ലാവരേയും ഉൾപ്പെടുത്തിയിരുന്നു. കാരണം, ഒരു പുതിയ ഇന്ത്യ പിറവിയെടുക്കാൻ പോകുകയാണ്, ഒരു രാജ്യം ഉണ്ടാവുകയാണ്. അവിടെയൊരു ഭരണഘടനയുണ്ടാവുകയാണ്. എല്ലാവരുടേയും അഭിപ്രായമുണ്ടാകണം. അത് നമ്മുടെ രാജ്യത്തിന്റെ മഹത്തായൊരു കാഴ്ചപ്പാടായിരുന്നു. ആ നിലപാടിനോട് ആർക്കും എതിർപ്പില്ലായിരുന്നു.

<u>ശ്രീ. പി. രാജീവ്</u>: സർ, അങ്ങ് പറഞ്ഞത് ചരിത്രബോധം തന്നെയാണ്. നേരത്തെ ഇവിടെ പറഞ്ഞത് അങ്ങനെയല്ല. ബി.ജെ.പി.-യുടെ അപകടം എന്നാണ് നിങ്ങൾ തിരിച്ചറിഞ്ഞത്? രാം മനോഹർ ലോഹ്യയേയും ശ്യാമപ്രസാദ്

മുഖർജിയേയും ഒരേപോലെ കാണുന്ന അങ്ങയുടെ ചരിത്രബോധത്തെ ഞാൻ നമിക്കുന്നു. ഇവിടെ കാണേണ്ടത്, 1952-ൽ നടന്ന ആദ്യ തെരഞ്ഞെടുപ്പിൽ, ജനസംഘത്തിന് മൂന്ന് സീറ്റുണ്ടായിരുന്നു. ഹിന്ദുത്വ ശക്തികൾക്കാകെ പത്ത് സീറ്റു ണ്ടായിരുന്നു. 1967-ലെ തെരഞ്ഞെടുപ്പിൽ ജനസംഘത്തിന് 35 സീറ്റുണ്ടായിരുന്നു. അല്ലാതെ 1980-ൽ ഞങ്ങൾ പുറത്തുനിന്ന് പിന്തുണച്ചു, അതോടെയല്ല അവർക്ക് സീറ്റുണ്ടായത്. 1965-ൽ നിങ്ങളുടെയെല്ലാം നിലപാടുകളുടെ ഭാഗമായി ജനസംഘത്തിന് 35 സീറ്റുകളുണ്ടായിരുന്നു. അടിയന്തരാവസ്ഥയ്ക്ക് മുമ്പ് നടന്ന ലോക്സഭാ തെരഞ്ഞെടുപ്പിൽ ജനസംഘത്തിന് 22 സീറ്റുകളുണ്ടായിരുന്നു. ആ അവസ്ഥയിലേയ്ക്ക് ജനസംഘത്തിനെ വളർത്തിയതെങ്ങനെയാണ്? ഇനി അവരുടെ അടുത്ത ചരിത്ര മെടുക്കാം. ബാബറി മസ്ജിദ് തർക്കത്തിനുശേഷം ആരാണ് ശിലാന്യാസത്തിന് അനുമതി കൊടുത്തത്? ഈ താക്കോൽ സരയൂ നദിയിലേയ്ക്ക് വലിച്ചെറിയണമെന്ന് ജവഹർലാൽ നെഹ്റു പറഞ്ഞ ആ തർക്കപ്രദേശത്ത് ശിലാന്യാസത്തിന് ആരാണ് അനുമതി കൊടുത്തത്? രാജീവ് ഗാന്ധിയായിരുന്നു. ആ ലോക്സഭാ തെരഞ്ഞെടുപ്പിൽ കോൺഗ്രസിന്റെ പ്രചാരവേല ആരംഭിക്കാൻ തീരുമാനിച്ചത് നാഗ്പൂരിൽ നിന്നുമായിരുന്നു. പിന്നീട് അത് മാറ്റി അയോദ്ധ്യയിലേയ്ക്ക് മാറ്റി. അവിടെ വച്ച് രാജീവ് ഗാന്ധി പുതിയ മുദ്രാവാക്യമുയർത്തി 'രാമ രാജ്യം'. കമലാപതി ത്രിപാഠി അന്ന് രാജീവ് ഗാന്ധിയോട് പറഞ്ഞു, 'നിങ്ങൾ ഈ ചെയ്യുന്നത് അപകടകരവും വർഗ്ഗീയ ശക്തികൾക്ക് അനുകൂലവും ഈ രാജ്യത്തിന്റെ അഖണ്ഡതയ്ക്കെതിരുമാണ്'. അതുകൊണ്ട് വി.എച്ച്.പി.-ക്കെതിരെ ആർ.എസ്. എസ്.-നെതിരെ ജനങ്ങളെ അണിനിരത്തിക്കൊണ്ടാണ് നിലപാട് സ്വീകരിക്കേ ണ്ടതെന്ന് രാജീവ് ഗാന്ധിയോട് ത്രിപാഠി പറഞ്ഞിട്ട് കേട്ടില്ല. പിന്നെയും ചരിത്രമുണ്ട്, അത് നേരത്തെ ബഹുമാന്യനായ എ. എൻ. ഷംസീർ ഇവിടെ ഉദാഹരിച്ചല്ലോ; ഞാൻ കഴിഞ്ഞ സഭയിലും പറഞ്ഞതാണ്. രഥയാത്ര തടഞ്ഞതിനുശേഷം ഇന്ത്യൻ പാർലമെന്റിലുണ്ടായ അനുഭവം. അപ്പോൾ ഈ ചരിത്രത്തെ അങ്ങ് മാറ്റി വയ്ക്കരുത്. ഇവിടെ ശ്രീ. പി. സി. വിഷ്ണുനാഥ് ഞങ്ങളുടെ പാർട്ടി കോൺഗ്രസിന്റെ രേഖ ഉദ്ധരിച്ചു. പ്രധാനപ്പെട്ട ഒരു വാചകം അദ്ദേഹം വിട്ടുകളഞ്ഞു. അത് പ്രധാനപ്പെട്ടത് തന്നെയാണ്. The Congress professes to be secular, but it has; who to be in capable of consistently fighting the communal forces. അടുത്ത വാചകമാണിത്. അദ്ദേഹം ബോധപൂർവ്വം വിട്ടുകളഞ്ഞതാണ്. ഇതാണ് പ്രശ്നം. നിങ്ങൾ ഇപ്പോൾ സ്വീകരിക്കുന്നതും അതുതന്നെയാണ്. ഇവിടെ വലതുപക്ഷത്തെപ്പറ്റി സൂചിപ്പിച്ചു. ഞങ്ങളുടെ പാർട്ടി ജനാധിപത്യ പ്രക്രിയയിലൂടെ നിയതമായ ഒരു നിലപാട് സ്വീകരിക്കും. കോൺഗ്രസ് ശക്തിപ്പെടണമെന്നുതന്നെയാണ് ഞങ്ങൾ ആഗ്രഹിക്കുന്നത്. പക്ഷെ നിങ്ങളുടെ പാർട്ടിക്ക് ഈ രാജ്യത്ത് ഒരു നേതൃത്വമുണ്ടോ? ശ്രീ. ഗുലാംനബി

ആസാദും ശ്രീ. കപിൽ സിബലും ശ്രീ. മനീഷ് തിവാരിയും ശ്രീ. രാഹുൽ ഗാന്ധി എങ്ങനെ നേതാവായെന്നാണ് ചോദിക്കുന്നത്, ഞങ്ങളല്ല. കോൺഗ്രസ് പാർട്ടിക്കെതിരെ ശ്രീ. ഗുലാംനബി ആസാദിനെപ്പോലെയുള്ള ആളുകൾ, ഗ്രൂപ്പ് 23 സ്വീകരിക്കുന്ന നിലപാട് നിങ്ങൾ കാണുന്നില്ലേ? അതുകൊണ്ട് കോൺഗ്രസ് ദുർബ്ബലപ്പെടരുതെന്ന് ആഗ്രഹിക്കുന്നവർ തന്നെയാണ് ഞങ്ങൾ. ഇന്ത്യയിൽ ഇന്നത്തെ സാഹചര്യത്തിൽ ബി.ജെ.പി.-ക്കെതിരെ വിശാലമായ നിലപാടുകൾ സ്വീകരിക്കുന്ന കാഴ്ച്ചപ്പാടോടുകൂടിയുള്ള പോരാട്ടമുണ്ടാകണമെന്നാണ് ഞങ്ങൾ ആഗ്രഹിക്കുന്നത്. കർഷക സമരത്തിൽ അത് പ്രതിഫലിക്കുന്നുണ്ട്. നേരത്തെ മാഷ് പ്രതിപാദിച്ച ട്രേഡ് യൂണിയനുകൾ, വിശാലമായ ഐക്യത്തോടുകൂടി വരുന്നുണ്ട്. അതിനെ ദുർബ്ബലപ്പെടുത്തുന്ന രൂപത്തിൽ നിലപാടുകൾ സ്വീകരിച്ചത് കോൺഗ്രസാണ്. അതാണ് ഇവിടെ ശ്രീ. രാഹുൽ ഗാന്ധിയുടെ സ്ഥാനാർത്ഥിത്വത്തെക്കുറിച്ച് പരാമർശിച്ചത്. അത് കഴിഞ്ഞ തെരഞ്ഞെടുപ്പിൽ എന്ത് സന്ദേശം നൽകിയെന്നത് ഈ രാജ്യത്തെ കോൺഗ്രസിന്റെ നേതാക്കന്മാർതന്നെ പിന്നീട് വിലയിരുത്തിയില്ലേ. ബി.ജെ.പി.-യ്ക്ക് എതിരെയല്ല പോരാട്ടം. ഇപ്പോൾ പല കണക്കുകളും വരുന്നുണ്ട്. ബി.ജെ.പി.-യും കോൺഗ്രസും നേരിട്ട് ഏറ്റുമുട്ടിക്കൊണ്ടിരിക്കുന്ന മണ്ഡലങ്ങളിൽ എങ്ങനെയാണ് മാറ്റം സംഭവിച്ചുകൊണ്ടിരിക്കുന്നത്. നിങ്ങൾ ഈ കാലഘട്ടത്തിന്റെ ഉത്തരവാദിത്തം ഏറ്റെടുക്കാൻ കഴിയാവുന്ന രൂപത്തിൽ ഉയരണമെന്നാണ് വിനയപുരസ്സരം അഭ്യർത്ഥിക്കാനുള്ളത്. പഞ്ചാബിലേയും മദ്ധ്യപ്രദേശിലേയും അനുഭവത്തിന്റെ അടിസ്ഥാനത്തിൽ സാഹചര്യങ്ങൾ മനസ്സിലാക്കി, ഈ കാലത്തിന്റെ ഉത്തരവാദിത്തമേറ്റെടുക്കാൻ കഴിയുന്ന രൂപത്തിൽ നിങ്ങൾ മാറണം. അങ്ങനെ മാറാൻ നിങ്ങൾക്ക് കഴിയുന്നില്ല. ഏറെ ദുർബ്ബലമായിട്ടും പിന്നേയും ഈ രൂപത്തിൽ പോകുന്ന അവസ്ഥയാണ് കോൺഗ്രസ് ഇന്ന് അഭിമുഖീകരിച്ചുകൊണ്ടിരിക്കുന്നത്. ആകെ എന്നെ അത്ഭുതപ്പെടുത്തിയത്, മുസ്ലീംലീഗിന്റെ ബഹുമാന്യനായ ഒരംഗം പറഞ്ഞു, അടിയന്തരാവസ്ഥയെപ്പോലെ നല്ല കാര്യങ്ങളെ ഞങ്ങൾ അംഗീകരിച്ചില്ലേയെന്ന്. കോൺഗ്രസ്സുപോലും അടിയന്തരാവസ്ഥയെക്കുറിച്ച് അങ്ങനെ പറഞ്ഞ് കാണില്ല. പിന്നീട് ചില തെറ്റായ നിലപാടുകളുണ്ടായിരുന്നുവെന്ന് അവരും സമ്മതിച്ചു. അറിയാതെ സംഭവിച്ചുപോയതാണെങ്കിൽ, slip of tongue ആണെങ്കിൽ കുഴപ്പമില്ല, പക്ഷെ പരാമർശം അങ്ങനെയായിരുന്നു. മറ്റൊരു പ്രധാനപ്പെട്ട കാര്യം, ഇന്നലെയും മിനഞ്ഞാന്നുമായി വലതുപക്ഷം തെറ്റാണ്, ഇടതുപക്ഷമാണ് ശരി, ഞങ്ങളും ഇടതുപക്ഷമാണെന്ന് സ്ഥാപിക്കാൻ കോൺഗ്രസ്സിന്റെ നേതാക്കന്മാർ നടത്തുന്ന ശ്രമത്തെ ഞാൻ സ്വാഗതം ചെയ്യുന്നു. ഇടതുപക്ഷമാണ് ശരിയെന്ന് നിങ്ങളും പറയേണ്ടിവന്ന സാഹചര്യമുണ്ടായത് എന്തുകൊണ്ടും നല്ലതുതന്നെ.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, ഞങ്ങൾ പറയുന്നതിനെ അങ്ങ് തെറ്റായി വ്യാഖ്യാനിക്കുകയാണ്. ഞങ്ങൾ വലതുപക്ഷമാണെന്ന് സി.പി.ഐ.(എം) പോലൊരു പ്രധാനപ്പെട്ട പാർട്ടിയുടെ കേന്ദ്ര കമ്മിറ്റിയംഗം പറയുമ്പോൾ ഞങ്ങൾ വലതുപക്ഷമല്ലെന്ന് സ്ഥാപിക്കാനുള്ള രാഷ്ട്രീയമായ ഉത്തരവാദിത്വം ഞങ്ങൾക്കുണ്ട്. അത് ഞങ്ങൾ ചെയ്യു. ഇടതുപക്ഷം എന്നുപറയുന്നത് സി.പി.ഐ.(എം) മാത്രമല്ലല്ലോ. ഇടതുപക്ഷ ആശയങ്ങളെ ആകെ ഉൾക്കൊള്ളുന്നതാണ്. അത് ഞങ്ങൾ ആദ്യം മുതലേ പറയുന്നുണ്ടല്ലോ. ബാങ്ക് ദേശസാൽക്കരണത്തിനെ അനുകൂലിക്കാതിരുന്ന ധനകാര്യ വകുപ്പുമന്ത്രിയെ മാറ്റിയിട്ടാണ് ഇന്ദിരാഗാന്ധി ബാങ്ക് ദേശസാൽക്കരണം കൊണ്ടുവന്നത്. അത് അങ്ങേയ്ക്കും അറിയാമല്ലോ; അതുപോലുള്ള ഇടതുപക്ഷ ആശയങ്ങൾ ഞങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്. കേരള സംസ്ഥാനം രൂപീകരിച്ചതിനു ശേഷം ആദ്യമുണ്ടായ ഇ.എം.എസ്. ഗവൺമെന്റിന്റെ പോലീസ് ആദ്യമായി വെടിയുണ്ട പായിച്ചത് ചന്ദനത്തോപ്പിലെ രാമൻ, സുലൈമാൻ എന്നീ രണ്ട് തൊഴിലാളി നേതാക്കൻമാരുടെ നെഞ്ചത്തേയ്ക്കാണ്, മൂന്നാറിലെ പാപ്പമ്മാൾ എന്ന എ.ഐ.റ്റി.യു.സി.-ക്കാരിയായ തൊഴിലാളിയുടെ നെഞ്ചത്തേയ്ക്കാണ്. അപ്പോൾ നിങ്ങൾ മുമ്പും തെറ്റ് ചെയ്തിട്ടുണ്ട്.

ശ്രീ. പി. രാജീവ്: സർ, ചരിത്രം പരാമർശിച്ചത് നന്നായി. ബാങ്ക് ദേശസാൽക്കരണം ശരിയാണ്, ഇടതുപക്ഷ നിലപാടാണ്. ആ ചരിത്രംകൂടി നോക്കണം. അന്ന് കമ്മ്യൂണിസ്റ്റ് പാർട്ടി ഉൾപ്പെടെ ഇന്ദിരാഗാന്ധി സർക്കാരിനെ പിന്തുണയ്ക്കുന്ന ചരിത്ര ഘട്ടമാണ്. എപ്പോഴൊക്കെ കോൺഗ്രസ്സ് ഇന്ത്യയിൽ ഇടതുപക്ഷ സ്വഭാവമുള്ള നയങ്ങൾ നടപ്പിലാക്കിയിട്ടുണ്ടോ അന്നൊക്കെ ഇടതുപക്ഷത്തിന്റെ പിന്തുണ അനിവാര്യമായ ഘട്ടങ്ങളായിരുന്നു. അതാണ് ചരിത്രത്തിന്റെ പാഠം.

മറ്റൊരു കാര്യം പരാമർശിക്കാതെ പോകുന്നത് തെറ്റായിപ്പോകും. ബഹുമാന്യനായ അംഗം പി. ടി. തോമസിന്റെ വാദമുഖങ്ങൾ വല്ലാതെ അമ്പരപ്പിക്കുന്നതാണ്. ഒരു യോഗത്തിന്റെ അദ്ധ്യക്ഷനായ ആളിവിടെ ഇരിക്കുകയാണ്. അദ്ധ്യക്ഷൻതന്നെ അക്കാര്യം പരാമർശിക്കുകയാണ്. ഇ.എം.എസ്. എന്തുപറഞ്ഞു? ഇ.എം.എസ്. നേരെ ഇവിടെ വന്ന് പറഞ്ഞാൽപ്പോലും ശ്രീ. പി. ടി. തോമസ് പറയും, ഇത് ഇ.എം.എസ്. അല്ലെന്ന്. അതാണ് അങ്ങയുടെ വാദമുഖത്തിന്റെ പൊതുസ്വഭാവം എന്നത് കേരളത്തിനറിയാം. ദേശാഭിമാനിയിൽ പിറ്റേ ദിവസം തിരുത്ത് കൊടുത്തിട്ടില്ലെന്ന് അദ്ദേഹം പറഞ്ഞു. തിരുത്തല്ല.

ശ്രീ. പി. ടി. തോമസ്: സർ, അങ്ങ് ദേശാഭിമാനിയുടെ എഡിറ്ററായി പ്രവർത്തിച്ചയാളാണല്ലോ. ദേശാഭിമാനിയിൽ പിന്നീട് വന്ന ഇ.എം.എസ്.-ന്റെ തിരൂർ പ്രസംഗത്തിന്റേതായ വാർത്ത ഞാനിവിടെ പ്രൊഡ്യൂസ് ചെയ്താൽ അങ്ങ് ഈ സഭയിൽ മാപ്പ് പറയുമോ?

ശ്രീ. പി. രാജീവ്: സർ, ഇപ്പോൾത്തന്നെ പ്രൊഡ്യൂസ് ചെയ്യാമല്ലോ. മലയാളത്തിലെ ഓരോ വാക്കിനും കൃത്യമായ അർത്ഥമുണ്ടല്ലോ. എന്താണ് തിരുത്ത്? ഞാൻ പത്രാധിപരായിരുന്ന ആളാണ്. ഒരു പത്രത്തിൽ തെറ്റായൊരു വാർത്ത കൊടുത്താൽ പിറ്റേ ദിവസം തിരുത്ത് കൊടുക്കും. അതാണ് തിരുത്ത്.

ശ്രീ. പി. ടി. തോമസ്: സർ, ....(മൈക്ക് ഓഫ്).....

ശ്രീ. പി. രാജീവ്: സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞത് സഭാ രേഖയിലുണ്ടല്ലോ. അത് പരിശോധിച്ചുനോക്കിയാൽ മതി. അങ്ങ് പറഞ്ഞത് തിരുത്ത് എന്നുതന്നെയാണ്. Slip of tongue ആണെങ്കിൽ ഒഴിവാക്കാം. പറഞ്ഞ വാചകം തിരുത്ത് എന്നുതന്നെയാണ്. 'തിരുത്ത്' എന്നുപറഞ്ഞ് ശ്രീ. എൻ. എസ്. മാധവന്റെ ഒരു കഥയുണ്ട്. അത് എഡിറ്ററുടെ തിരുത്താണ്. എന്താണ് ഇ.എം.എസ്. പറഞ്ഞത്; ഞാനത് വായിക്കാം. " ഇന്നലെ തിരൂരിൽ ഞാൻ ചെയ്ത പ്രസംഗം റിപ്പോർട്ട് ചെയ്തുവെന്നാണ് ലേഖകൻ അവകാശപ്പെടുന്നത്. എന്നാൽ യഥാർത്ഥത്തിൽ അത്തരമൊരു പ്രസ്താവനയും താൻ ചെയ്തിട്ടില്ല. നേരെ മറിച്ച് രാമജന്മഭൂമി എന്ന പേരിൽ ഹൈന്ദവ ബഹുജനങ്ങളെയും ബാബറി മസ്ജിദ് എന്നപേരിൽ മുസ്ലീം ബഹുജനങ്ങളെയും തമ്മിലടിപ്പിക്കരുതെന്ന് ഇരുവിഭാഗങ്ങളിൽപ്പെട്ട പ്രമാണിമാരോട് അഭ്യർത്ഥിക്കുകയാണ് താൻ ചെയ്തത്. മാത്രമല്ല, മലപ്പുറം ജില്ലയിൽ ഏലംകുളം, പൊന്നാനി എന്നീ രണ്ട് സ്ഥലങ്ങളിൽക്കൂടി ഇതേ അഭ്യർത്ഥന ഇന്നലെ ഞാൻ നടത്തിയിരുന്നു. മൂന്നിടങ്ങളിലേയും പ്രസംഗങ്ങൾ കേട്ടവർക്ക് അതറിയാം. ദൂരെക്കിടക്കുന്ന അയോധ്യയിൽ മാത്രമല്ല, മലപ്പുറം ജില്ലയിൽത്തന്നെ അടുത്തുള്ള സ്ഥലങ്ങളിലും ഒരു വിഭാഗക്കാർ ക്ഷേത്രത്തിന്റെയും മറ്റൊരു വിഭാഗക്കാർ പള്ളിയുടേയും പേരിൽ ജനങ്ങളെ ഇളക്കി വിടുന്നുണ്ട്", ഇ.എം.എസ്. തുടർന്നുപറഞ്ഞു. " തെരഞ്ഞെടുപ്പ് അടുത്ത ഘട്ടത്തിൽ വോട്ട് പിടിത്തത്തിന്റെ ഭാഗമായി ഇത്തരം സംഭവങ്ങൾ കരുതിക്കൂട്ടി ഉണ്ടാക്കാൻ പലരും ശ്രമിക്കുന്നു. അതിനെതിരെ ജാഗ്രത പുലർത്തണം. ഈ പ്രചാരവേലയ്ക്കെതിരെ മതനിരപേക്ഷതയിൽ താൽപ്പര്യമുള്ള എല്ലാ ജനാധിപത്യവാദികളും മുന്നോട്ട് വരേണ്ടതാണ്." ഇതാണ് ആ വാർത്ത.

ശ്രീ. പി. ടി. തോമസ്: സർ, അതിന്റെ ബാക്കി ഭാഗംകൂടി വായിക്കു.

ശ്രീ. പി. രാജീവ്: സർ, വായിക്കാം. " അതിനുള്ള അഭ്യർത്ഥന നടത്തുന്നതിൽ ശ്രദ്ധ കേന്ദ്രീകരിച്ചുകൊണ്ടിരിക്കുന്ന ഞാൻ ഏതെങ്കിലുമൊരു ക്ഷേത്രമോ പള്ളിയോ പൊളിച്ചുമാറ്റണമെന്ന് പറഞ്ഞതായി റിപ്പോർട്ട് ചെയ്തവരുടെ ഉദ്ദേശ്യം വ്യക്തമാണ്." ഇപ്പോൾ ഈ പ്രചാരവേല നടത്തിക്കൊണ്ടിരിക്കുന്ന എല്ലാവരുടേയും ഉദ്ദേശ്യമാണ് അദ്ദേഹം വ്യക്തമാക്കുന്നത്. " പള്ളികൾ പൊളിച്ച് മാറ്റുകയെന്ന തങ്ങളുടെ വർഗ്ഗീയ

ആവശ്യത്തിന് തന്റെകൂടി പിന്തുണയുണ്ടെന്ന് വരുത്തുക. കമ്മ്യൂണിസ്റ്റ് (മാർക്സിസ്റ്റ്) പാർട്ടിയെ ഹൈന്ദവ വർഗ്ഗീയവാദിയായി ചിത്രീകരിക്കുക. താൻ ചെയ്ത പ്രസംഗം സത്യസന്ധമായി റിപ്പോർട്ട് ചെയ്താൽ അത് നടക്കുകയില്ല. അതിന് പച്ചക്കള്ളം മാത്രമെ സഹായിക്കുകയുള്ളൂ.'' ഇതാണ് ഇ.എം.എസ്.-ന്റെ സ്വന്തം വാചകങ്ങൾ. ഇതിന് താഴെ ഇനിയൊന്നുമില്ല. അവിടെവച്ച് അവസാനിക്കുകയാണ്. ഇനി എന്തെങ്കിലും കൂട്ടിച്ചേർത്താൽ മാത്രമേയുള്ളൂ. ശ്രീ. പി. ടി. തോമസ്, വെറുതെ ഇരുമ്പിൽ കടിച്ചിട്ട് പല്ല് കളയേണ്ട. ഇത് അതല്ല. സംഗതി വേറെയാണ്. ഇത് ചരിത്ര രേഖയാണ്. ചരിത്രത്തെ വളച്ചൊടിക്കരുത്.

ശ്രീ. കുറുക്കോളി മൊയ്തീൻ: സർ, ..........

ശ്രീ. പി. രാജീവ്: സർ, അങ്ങ് കൊണ്ടുവന്നോളൂ. അങ്ങ് മേശപ്പുറത്ത് വച്ചോളൂ. ഇങ്ങനെയുള്ള നുണപ്രചാര വേലകൾ തുടർച്ചയായി നടത്തിക്കൊണ്ടിരിക്കുന്നത് ഈ നാടിന് നല്ലതല്ലെന്ന് അറിയേണ്ടതുണ്ട്. മുസ്ലീംലീഗ് സാധാരണ ഇങ്ങനെ നുണപ്രചാരവേല നടത്താറില്ല. അവിടെ വേറൊരു സംഘടനയാണ് നടത്തിക്കൊണ്ടിരിക്കുന്നത്. ഇപ്പോൾ മുസ്ലീംലീഗിന്റെ ബഹുമാന്യരായ അംഗങ്ങളും ഈ നുണപ്രചാരവേലയുടെ ചുമതല ഏറ്റെടുക്കുന്നത് ഖേദകരമാണെന്നേ എനിക്ക് സൂചിപ്പിക്കാനുള്ളൂ. മറ്റ് രാഷ്ട്രീയ കാര്യങ്ങളിലേയ്ക്കൊന്നും ഞാൻ അധികം പോകുന്നില്ല.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, അങ്ങ് ഇ.എം.എസ്.-ന്റെ പ്രസംഗം ഇവിടെ വായിച്ചല്ലോ. 1991-ൽ ഒറ്റപ്പാലത്ത് ബഹുമാന്യനായ ഇ.എം.എസ്. ഒരു പ്രസംഗം നടത്തി. ആ പ്രസംഗത്തിൽ അദ്ദേഹം പറഞ്ഞു, മഅ്ദനിയും ഗാന്ധിജിയും ഒരുപോലെയാണെന്ന്. അതറിയാമോ; അതുസംബന്ധിച്ച് ഞങ്ങൾ ഈ നിയമസഭയിൽ പ്രതിഷേധിച്ചിട്ടുള്ളതാണ്. അക്കാര്യം അങ്ങയുടെ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ? ഇത് സഭാരേഖയിലുള്ള കാര്യമാണ്.

ശ്രീ. പി. രാജീവ്: സർ, ഇനിയും വേറെ ഉണ്ടെങ്കിലെടുത്തോ. അതു സംബന്ധിച്ചൊക്കെ വളരെ കൃത്യമായ നിലപാട് സി.പി.ഐ.(എം.) എന്ന രാഷ്ട്രീയ പാർട്ടി സ്വീകരിച്ചിട്ടുണ്ട്. അങ്ങനെ നിലപാട് സ്വീകരിച്ചപ്പോൾ ഇ.എം.എസ്. പിറ്റേ ദിവസം ദേശാഭിമാനിയിൽ എഴുതി. " പാർട്ടി പറഞ്ഞ ഈ നിലപാടാണ് ഏറ്റവും ശരിയായ നിലപാട്'' എന്ന്. അതാണ് ഇ.എം.എസ്; അതാണ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ പ്രത്യേകത. നിങ്ങൾ പറഞ്ഞതുപോലെയല്ല പറഞ്ഞത്. അതിന്റെ ചരിത്രത്തിലേയ്ക്ക് ഞാനിപ്പോൾ പോകുന്നില്ല. വേണമെങ്കിൽ രേഖകളെടുക്കാം. കുറച്ച് സമയം വേണമെന്നേയുള്ളൂ. മറ്റേത് നുണയാണെന്ന് സമ്മതിച്ചല്ലോ. ബാക്കിയവിടെ നിൽക്കട്ടെ. നമുക്കിനിയും ചർച്ച ചെയ്യാൻ സമയമുണ്ടല്ലോ. ഇനി ബില്ലിലേയ്ക്ക് വരാം.

ബില്ലിനെ സംബന്ധിച്ച ചർച്ചകളിൽ വന്ന നിർദ്ദേശങ്ങളെല്ലാം സബ്ജക്ട് കമ്മിറ്റി കൂടുമ്പോൾ പരിശോധിക്കാം. കയർ മേഖലയിൽ വന്നിട്ടുള്ള യന്ത്രവൽക്കരണം തകർന്നുവെന്ന് ഞങ്ങൾ കാണുന്നില്ല. ഇവിടെ പല അംഗങ്ങളും ചൂണ്ടിക്കാണിച്ചതു പോലെ കഴിഞ്ഞ ഗവൺമെന്റ് എടുത്ത സമീപനമാണ് കയർ മേഖലയിൽ വലിയൊരു മാറ്റമുണ്ടാക്കിയത്. അല്ലെങ്കിൽ ഇന്ന് നമ്മളിത് ചർച്ച ചെയ്യേണ്ട സാഹചര്യമുണ്ടാകില്ലായിരുന്നു. ബഹുമാന്യനായ ഡോ. ടി. എം. തോമസ് ഐസക് അന്ന് കയർ വകുപ്പ് കൈകാര്യം ചെയ്തു. കഴിഞ്ഞ ഗവൺമെന്റ് രണ്ടാം തലമുറ പാക്കേജ് പ്രഖ്യാപിച്ചു. 1250 കോടി രൂപയുടെ പാക്കേജ് വലിയ മാറ്റം കയർ മേഖലയ്ക്ക് നൽകിയിട്ടുണ്ട്. അതിന്റെ കണക്കുകളിലേയ്ക്കൊന്നും ഞാനിപ്പോൾ പോകുന്നില്ല. ബഹുമാന്യനായ എൻ. ഷംസുദ്ദീൻ പറഞ്ഞ ഒരുകാര്യം ശരിയാണ്. തമിഴ്നാട് അക്കാര്യത്തിൽ കുറേ മുന്നോട്ടുപോയിട്ടുണ്ട്, നേരത്തെ ചകിരിക്കുവേണ്ടി പൂർണ്ണമായും തമിഴ്നാടിനെ ആശ്രയിക്കേണ്ടി വന്നിരുന്നു. ആ ഘട്ടത്തിൽ കയർഫെഡിനെ ശക്തിപ്പെടുത്തി. കാസർഗോഡ്, കണ്ണൂർ, മലപ്പുറം, കോഴിക്കോട് എന്നീ ജില്ലകളിലെല്ലാം തൊണ്ടിൽനിന്നും ചകിരിയെടുക്കാൻ നല്ല സാദ്ധ്യതയുണ്ട്. തെക്കൻ കേരളത്തിലാണ് നേരത്തെയുണ്ടായിരുന്നതെങ്കിലും ഇവിടെ തൊണ്ടിൽ നിന്ന് അധികം ചകിരി കിട്ടുന്നതിന് പരിമിതികളുണ്ട്. ചകിരിയുടെ കാര്യത്തിൽ ഇപ്പോഴുള്ള സ്ഥിതി സംബന്ധിച്ച് ഞാൻ നേരത്തെ സൂചിപ്പിച്ചു, ആദ്യം 5 ശതമാനമേ ഉണ്ടായിരുന്നുള്ളൂവെങ്കിൽ ഇപ്പോൾ 48 ശതമാനത്തോളം ഇവിടെത്തന്നെ ഉൽപ്പാദിപ്പിക്കുന്നുണ്ട്. എന്നാൽ ബഹുമാന്യരായ ചില അംഗങ്ങൾ ചൂണ്ടിക്കാണിച്ചതുപോലെ അതിൽ ചില പരിമിതികളുണ്ട്. അതിന്റെ ഗുണമേന്മ സംബന്ധിച്ച് കുറേക്കൂടി ശ്രദ്ധിക്കേണ്ടതുണ്ട്. ഇപ്പോൾ അളവിൽ വലിയ മാറ്റമുണ്ടായി. ഇനി ഗുണമേന്മയിൽക്കൂടി ശ്രദ്ധിച്ചുകൊണ്ടുള്ള നിലപാടാണ് ഇപ്പോൾ ഗവൺമെന്റ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. കഴിഞ്ഞ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ 13,500 രൂപയായിരുന്നു തൊഴിലാളിയുടെ വാർഷിക വരുമാനം. ഒന്നാം പിണറായി ഗവൺമെന്റ് അധികാരത്തിൽനിന്നും ഒഴിയുമ്പോൾ 49,000 രൂപയായി വാർഷിക വരുമാനം വർദ്ധിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്. അതോടൊപ്പം എ.എസ്.എം. സംവിധാനം ഉപയോഗിക്കുന്നതിലൂടെ 300 രൂപയിൽനിന്ന് 500 രൂപയായി കൂലി ഉയർത്തി. സംഘങ്ങൾ മിനിമം കൂലി കൊടുക്കുന്നതിൽ പരിമിതിയുള്ളതിന്റെ അടിസ്ഥാനത്തിൽ ഒരു സപ്പോർട്ട് സ്കീം ഗവൺമെന്റ് നടപ്പിലാക്കി. അത് വലിയ മാറ്റമുണ്ടാക്കി. ക്ഷേമനിധി വിഹിതത്തിലേയ്ക്ക് വർദ്ധനവ് വരുന്നില്ലല്ലോയെന്ന് ബഹുമാന്യനായ അംഗം സി. ആർ. മഹേഷ് ഇവിടെ സൂചിപ്പിച്ചു. പക്ഷെ മിനിമം സപ്പോർട്ട് സ്കീം വഴി തൊഴിലാളികൾക്ക് മിനിമം കൂലി ഉറപ്പുവരുത്താൻ വലിയ ഇടപെടലാണ് ഗവൺമെന്റ് നടത്തിക്കൊണ്ടിരിക്കുന്നത്. കയർ സംഘങ്ങളിൽ 2015-ൽ 24500

തൊഴിലാളികളേ ഉണ്ടായിരുന്നുള്ളൂ. ഇപ്പോൾ 38500 ആയി വർദ്ധിച്ചു. യു.ഡി.എഫ്.-എൽ.ഡി.എഫ്. കാലഘട്ടങ്ങളിൽ ഗവൺമെന്റ് ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ ശ്രീ. പി. പി. ചിത്തരഞ്ജൻ സൂചിപ്പിച്ചിരുന്നു. അത് ഞാൻ ആവർത്തിക്കുന്നില്ല. നമുക്കെല്ലാം അറിയാവുന്ന കാര്യമാണ്. ക്ഷേമനിധി ആനുകൂല്യങ്ങളെക്കുറിച്ചുള്ള കാര്യങ്ങൾ നേരത്തെ പ്രതിപാദിച്ചതാണ്.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഈ ബില്ലിൽ വരുത്തുന്ന മാറ്റം ഇത്രമാത്രമാണ്. For the words " five rupees" , the words " twenty rupees" shall be substituted; അഞ്ച് രൂപയ്ക്കുപകരം ഇരുപത് രൂപയെന്ന് മാറ്റി ഭേദഗതി വരുത്തണമെന്നാണ്. അതുപോലെ മറ്റൊരു തുകയും താഴത്തെ ക്ലോസ്സിൽ മാറ്റുന്നുണ്ട്. ഇതിനുവേണ്ടി മാത്രമാണ് ഇത്രയും ചർച്ച നടക്കുന്നത്.

ശ്രീ. പി. രാജീവ്: സർ, അങ്ങ് നേരത്തെ പറഞ്ഞ പോയിന്റ് ഞാൻ നോട്ട് ചെയ്തിട്ടുണ്ട്, സബ്ജക്ട് കമ്മിറ്റി ചർച്ച ചെയ്യുമ്പോൾ അതിന്റെ സാദ്ധ്യതകൾ പരിശോധിക്കാം. കയർഫെഡിനെ സംബന്ധിച്ചാണ് ഇവിടെ കുറെ വിവാദമുണ്ടായത്. ഒരു കാര്യം പറയാം, ഈ ഗവൺമെന്റിന് കൃത്യമായ നിലപാടുണ്ട്. തെറ്റായ ഒരു നടപടിയേയും ഗവൺമെന്റ് പിന്തുണയ്ക്കില്ല. യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്താണ് നിയമനങ്ങൾ പി.എസ്.സി.-യ്ക്ക് വിടാനുള്ള നിലപാട് സ്വീകരിച്ചതെന്ന് ഇവിടെ പറയുകയുണ്ടായി. അത് ശരിയാണ്. 1995-ൽ തീരുമാനിച്ചതാണ്, അതിന്റെ റൂൾസ് രൂപീകരിക്കുന്നതിനും നടപടികൾ എടുക്കുന്നതിനുംവേണ്ടി ഒരു നിലപാടും നിങ്ങൾ സ്വീകരിച്ചില്ല. മാത്രമല്ല, രണ്ട് ഗവൺമെന്റുകളെ സംബന്ധിച്ച് നോക്കുമ്പോൾ ചില പരിമിതികൾ റൂൾസ് ഫ്രെയിം ചെയ്യുമ്പോൾ ഉണ്ടായിരിക്കാം. മുഖ്യമന്ത്രി കഴിഞ്ഞ ഗവൺമെന്റിനെ നയിക്കുമ്പോൾ വളരെ ശക്തമായ നിലപാട് സ്വീകരിച്ചു. ആ നിലപാട് പി.എസ്.സി.-യ്ക്ക് വിട്ടിട്ടുള്ള എല്ലാ ഒഴിവുകളും പി.എസ്.സി. വഴിതന്നെ നിയമനം നടത്താൻ ആവശ്യമായ റൂളുകൾ ഉണ്ടാക്കിയിരിക്കണമെന്നാണ്. അതിന് കർശനമായ നിലപാട് സ്വീകരിച്ച് സംവിധാനമുണ്ടാക്കി. അതിന്റെ ഭാഗമായി 2017-ലാണ് ഇതിനെ സംബന്ധിച്ച റൂൾ രൂപീകരിച്ചത്. 1995 കഴിഞ്ഞ് 2017 വരെ ഒരു നിലപാടും സ്വീകരിച്ചില്ല. ഇപ്പോൾ 20 പേരെ അഡ്വൈസ് ചെയ്തു. ബഹുമാന്യനായ സി. ആർ. മഹേഷ് പറഞ്ഞു, നിയമനം പി.എസ്.സി.-യ്ക്ക് വിട്ടുകൊടുത്തിട്ട് നിയമിച്ചില്ലായെന്ന്. പി.എസ്.സി. വഴി തന്നെ നിയമിച്ചു. 20 പേരെ അഡ്വൈസ് ചെയ്തിട്ട് 8 പേർ ജോലിയിൽ പ്രവേശിച്ചു, ബാക്കി ആളുകൾ പ്രവേശിച്ചില്ല, ബാക്കി ആ ലിസ്റ്റിൽനിന്നും നിയമനം നടത്തി വരികയാണ്. 8 പേർക്കുള്ള ട്രെയിനിംഗ് ആരംഭിച്ചു. പി.എസ്.സി.-യ്ക്ക് വിട്ട ഒഴിവുകളിൽ ഒരെണ്ണത്തിൽപോലും ഒരു താൽക്കാലിക ജീവനക്കാരേയും സ്ഥിരപ്പെടുത്തിയിട്ടില്ല. 1995-ൽ പി.എസ്.സി.-യ്ക്ക് വിടാൻ ഏതൊക്കെ തസ്തികകൾ തീരുമാനിച്ചിട്ടുണ്ടോ

അതിൽ ഒരാളെപ്പോലും സ്ഥിരപ്പെടുത്തിയിട്ടില്ല. എന്നാൽ കഴിഞ്ഞ ഗവൺമെന്റിന്റെ സമയത്ത് പൊതുവെയെടുത്ത സമീപനത്തിന്റെ ഭാഗമായി താൽക്കാലികക്കാരെ കഴിഞ്ഞ ഫെബ്രുവരിയിൽ സ്ഥിരപ്പെടുത്തിയിട്ടുണ്ട്. അത് നിലവിലുള്ള ഒഴിവുകളിലേയ്ക്ക് മാത്രമാണ്. എല്ലാ താൽക്കാലികക്കാരേയുമല്ല. അതിനുശേഷം നിയമസഭാ തെരഞ്ഞെടുപ്പ് കഴിഞ്ഞു. ഒരു പുതിയ ഗവൺമെന്റ് വന്നു. ഒരു പരാതിയും ഞങ്ങളുടെ ആരുടേയും മുൻപിൽ വന്നിട്ടില്ല. ഇപ്പോഴാണ് പെട്ടെന്ന് ഈ പരാതി വന്നിട്ടുള്ളത്. ഇപ്പോൾ വന്ന പരാതിയിലും എന്തെങ്കിലും കഴമ്പുണ്ടോയെന്ന് ഗവൺമെന്റ് പരിശോധിക്കാം.

ശ്രീ. രമേശ് ചെന്നിത്തല: സർ, കേരളത്തിലെ ഭരണപരിചയമുള്ള എല്ലാവർക്കുമറിയാം, നിയമങ്ങൾ പാസ്സാക്കിയാൽ സ്പെഷ്യൽ റൂൾസ് കൊണ്ടുവരാൻ ഉണ്ടാകുന്ന കാലതാമസം. അതിന്റെ വിശദാംശങ്ങളിലേയ്ക്ക് ഞാൻ പോകുന്നില്ല, ഗവൺമെന്റുകൾ ചെയ്യേണ്ടതാണ്. ശ്രീ. എ. കെ. ആന്റണിയാണ് നിയമനങ്ങൾ പി.എസ്.സി.-യ്ക്ക് വിട്ടത്, അതിനുശേഷം എത്ര ഗവൺമെന്റുകൾ ഇവിടെ വന്നു? സ്പെഷ്യൽ റൂൾ കൊണ്ടുവന്നില്ല, ഞങ്ങളുടെ ഗവൺമെന്റുതന്നെ എത്രയോ നിയമങ്ങളുടെ കാര്യത്തിൽ സ്പെഷ്യൽ റൂൾ കൊണ്ടുവന്നു, ഇവിടെ കയർഫെഡുമായി ബന്ധപ്പെട്ട കാര്യം പി.എസ്.സി.-യിലെ നിയമനം മാത്രമല്ല, ഇവിടെ വളരെ പ്രമുഖരായ പാർട്ടി നേതാക്കന്മാരേയും അവരുടെ ബന്ധുക്കളേയും റിട്ടയർ ചെയ്തതിനുശേഷം അവിടെ നിയമിക്കുകയാണ്. അതിനെപ്പറ്റി ഡിപ്പാർട്ടുമെന്റൽ എൻക്വയറി അല്ലാതെ, സമഗ്രമായ ഒരന്വേഷണത്തിന് അങ്ങ് തയ്യാറാകുമോ? കയർ കോർപ്പറേഷൻ ഒഴിച്ച്, ബാക്കിയെല്ലാ സ്ഥാപനങ്ങളിലും, ആലപ്പുഴയിലുള്ള കയറുമായി ബന്ധപ്പെട്ട എല്ലാ സ്ഥാപനങ്ങളിലും ഗുരുതരമായ അഴിമതിയാണ് നടക്കുന്നത്. അങ്ങ് അതിനെപ്പറ്റി അന്വേഷിക്കുമോ എന്നാണ് അറിയേണ്ടത്.

ശ്രീ. പി. രാജീവ്: സർ, അങ്ങ് ഉൾപ്പെടെയുള്ള ബഹുമാന്യരായ അംഗങ്ങൾ ഇടപെട്ട് സംസാരിച്ചപ്പോൾ വന്ന പ്രശ്നങ്ങൾ ഓരോന്നായി ഞാൻ എടുക്കുകയായിരുന്നു. ആ ഭാഗങ്ങളിലേയ്ക്ക് ഞാൻ വരുന്നുണ്ട്. ബഹുമാന്യനായ സി. ആർ. മഹേഷ് പറഞ്ഞത്, പി.എസ്.സി.-യ്ക്ക് വിട്ട സ്ഥാനങ്ങളിൽ താൽക്കാലികക്കാരെ വച്ചുവെന്നും ഇതേവരെ പി.എസ്.സി.-യിൽനിന്നും നിയമനം നടത്തിയിട്ടില്ലെന്നുമാണ്. അത് തെറ്റാണ്. അങ്ങ് പറഞ്ഞ കാര്യം ഞാൻ ഇവിടെ സൂചിപ്പിച്ചു. രണ്ട് ഗവൺമെന്റുകൾക്കും റൂളുകൾ രൂപീകരിക്കുന്നതിൽ കാലതാമസമുണ്ടായിട്ടുണ്ട്. കുറച്ചു കാലമായി ഉയർന്നുവരുന്ന പ്രശ്നങ്ങളുടെ അടിസ്ഥാനത്തിൽ കഴിഞ്ഞ ഗവൺമെന്റ് ഒരു നിലപാട് സ്വീകരിച്ചു. മുഖ്യമന്ത്രിതന്നെ കർക്കശമായ സമീപനം സ്വീകരിച്ചു. സെക്രട്ടറിതല സംവിധാനങ്ങളുണ്ടാക്കി. ഞാൻ നിയമവകുപ്പിന്റെ ചുമതല

ഏറ്റെടുത്തതിനുശേഷം ഞങ്ങൾ പ്രത്യേകം യോഗം ചേർന്ന് അറിയിപ്പ് കൊടുത്തിട്ടുണ്ട്. ഏതെല്ലാം സ്പെഷ്യൽ റൂൾസ് ഫ്രെയിം ചെയ്യാനുണ്ടോ, അതെല്ലാം സമയബന്ധിതമായി ഫ്രെയിം ചെയ്തിരിക്കണം. അതിന് കൃത്യമായി റിവ്യൂ നടത്തിക്കൊണ്ടിരിക്കുന്നുണ്ട്. നേരത്തെ നമുക്ക് എല്ലാവർക്കും കുറവുകൾ ഉണ്ടായി രുന്നിരിക്കാം. അത് പരിഹരിക്കാൻ ശ്രമിക്കുകയാണ്. കയർഫെഡിൽ 2017-ൽ കഴിഞ്ഞ ഗവൺമെന്റ് നിലവിൽ വന്ന് ഒരു വർഷം കഴിഞ്ഞപ്പോൾ റൂൾസായി. അതിന്റെ അടിസ്ഥാനത്തിൽ പി.എസ്.സി. നോട്ടിഫൈ ചെയ്തു. നോട്ടിഫൈ ചെയ്ത് ടെസ്റ്റ് നടത്തി പ്രോസസ്സ് പൂർത്തീകരിച്ച് അഡ്വൈസ് ചെയ്തു. 20 പേർക്ക് അഡ്വൈസ് ചെയ്തിട്ട് 8 പേർ മാത്രമേ റിപ്പോർട്ട് ചെയ്തിട്ടുള്ളൂ, അവർക്ക് ട്രെയിനിംഗ് കൊടുത്തുകൊണ്ടിരിക്കുന്നു. ബാക്കി ഒഴിവുകൾ നികത്താൻ പി.എസ്.സി.-യുടെ നടപടി ക്രമങ്ങൾ നടന്നുകൊണ്ടിരിക്കുന്നു. അതാണ് ആ ഭാഗം തെറ്റാണെന്ന് ഞാൻ സൂചിപ്പിച്ചത്. താൽക്കാലികക്കാരെ സ്ഥിരപ്പെടുത്തിയത് പാർട്ടിക്കാരെയാണെന്ന് അങ്ങും നേരത്തെ സൂചിപ്പിക്കുകയുണ്ടായി. കഴിഞ്ഞ ഗവൺമെന്റ് ഫെബ്രുവരിയിലാണ് ഇത് ചെയ്തത്. ഒരു വർഷം കഴിഞ്ഞു. അന്നൊന്നും ഈ പരാതി വന്നിട്ടില്ല, ഇപ്പോൾ പെട്ടെന്ന് പരാതി വന്നിട്ടുണ്ട്. പരാതിയിൽ കഴമ്പുണ്ടെങ്കിൽ വൈകിവന്നാലും പരിശോധിക്കാതിരിക്കുന്ന നിലപാട് ഞങ്ങൾക്കില്ല. സ്ഥിരപ്പെടുത്തിയതിൽ ഏതെങ്കിലും മാനദണ്ഡം ലംഘിച്ചിട്ടുണ്ടെങ്കിൽ അത് പരിശോധിക്കാം. ഒരു മടിയുമില്ല. റിട്ടയർ ചെയ്ത ആളുകൾ കുറച്ചു കാലത്തേയ്ക്ക് അവിടെ തുടർന്നുവെന്ന് ഇവിടെ പറഞ്ഞു. അതിന് പൊതുസമീപനം സ്വീകരിച്ചിട്ടുണ്ട്. അത്തരം കാര്യങ്ങൾ പാടില്ലെന്ന നിലപാട് തന്നെ സ്വീകരിച്ചിട്ടുണ്ട്. അവർ ഒരു എമർജൻസി ഘട്ടത്തിലാണ് അവിടെ ജോലി ചെയ്തുവെന്നത് അവരുടെ വാദമാണെങ്കിലും പരാതി വന്നപ്പോൾ അവർ തന്നെ സ്വയം ജോലിക്ക് വരുന്നില്ലെന്ന നിലപാട് സ്വീകരിച്ചു. കയർഫെഡിൽ നടന്നതായി ഇപ്പോൾ അങ്ങ് സൂചിപ്പിച്ച കാര്യങ്ങളെയും ഇവിടെ പലരും ശ്രദ്ധയിൽപ്പെടുത്തിയ കാര്യങ്ങളെ സംബന്ധിച്ചും ഞങ്ങൾ റിപ്പോർട്ട് തേടിയിട്ടുണ്ട്. ആ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മാത്രമേ പിന്നീട് അന്വേഷണം വേണമോ വേണ്ടയോ എന്ന കാര്യം തീരുമാനിക്കാൻ കഴിയുകയുള്ളൂ. അല്ലാതെ ഉടൻ സമഗ്രമായ അന്വേഷണം നടത്താൻ കഴിയുകയില്ല. അങ്ങേയ്ക്ക് അതറിയാവുന്നതാണ്. അങ്ങ് നല്ല ഭരണപരിചയമുള്ള ആളാണല്ലോ; അതിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട ഡിപ്പാർട്ടുമെന്റിൽനിന്നും റിപ്പോർട്ട് തേടും. റിപ്പോർട്ട് കിട്ടിയശേഷം ആവശ്യമായ നടപടി സ്വീകരിക്കും. ഒരു തെറ്റിനേയും ഗവൺമെന്റ് സംരക്ഷിക്കില്ല. എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളിലെയും ഒഴിവുകൾ റിക്രൂട്ട്മെന്റ് ബോർഡിലേയ്ക്ക് വിടുന്ന സമീപനം ഈ സർക്കാർ സ്വീകരിച്ചിട്ടുണ്ട്. ടെസ്റ്റ് നടത്തി ഇന്റർവ്യൂ ഘട്ടത്തിൽ എത്തിനിൽക്കുന്നതൊഴികെയുള്ള ഒരു പോസ്റ്റും പുതിയതായി

നോട്ടിഫൈ ചെയ്യേണ്ടായെന്ന് പറഞ്ഞിട്ടുണ്ട്. ഞങ്ങൾ ഈ സഭയിൽ ബിൽ കൊണ്ടുവരണമെന്നാണ് കരുതിയത്. പക്ഷെ എല്ലാ ഓർഡിനൻസുകളുടേയും വലിയ പ്രക്രിയയുള്ളതുകൊണ്ട് അതിലേയ്ക്ക് കടക്കാൻ കഴിഞ്ഞിട്ടില്ലെന്നേയുള്ളൂ. അതാണ് അതുസംബന്ധിച്ച് സൂചിപ്പിക്കാനുള്ളത്. അംഗങ്ങൾ പറഞ്ഞ കാര്യങ്ങൾ പരിശോധിക്കാവുന്നതേയുള്ളൂ.

എം.എസ്.എം.ഇ.-യെ പൊതുവെ സ്വാഗതം ചെയ്തിട്ടുണ്ട്. അപൂർവ്വം ചില അംഗങ്ങൾ മാത്രമേ എം.എസ്.എം.ഇ.-കൾക്ക് എതിരായ നിലപാട് സ്വീകരിച്ചിട്ടുള്ളൂ. അത് തെറ്റാണ്. എം.എസ്.എം.ഇ.-ക്ക് 10 കോടി രൂപവരെ നമ്മൾ നേരത്തെ കണ്ടിരുന്നു. ഇപ്പോൾ കേന്ദ്രം നിലപാട് മാറ്റി 50 കോടി രൂപ വരെയായി. അതൊരു കമ്മിറ്റിയിലേയ്ക്ക് വിട്ട് ലൈസൻസ് കൊടുക്കാൻ 7 ദിവസം കൊണ്ട് കഴിയില്ല. അത്രയധികം അപേക്ഷകൾ വരുന്നുണ്ട്. മൂന്ന് മാസത്തിനുള്ളിൽ നാലായിരത്തിലധികം എം.എസ്.എം.ഇ.-കൾ രജിസ്റ്റർ ചെയ്തു. അതിൽ മലപ്പുറം ജില്ലയാണ് രണ്ടാം സ്ഥാനത്ത് നിൽക്കുന്നത്. എല്ലാം പ്രോസസ്സ് ചെയ്ത് 7 ദിവസംകൊണ്ട് അനുമതി കൊടുക്കാൻ കഴിയില്ല. അതിന് വേറൊരു നിലപാട് നേരത്തെ സ്വീകരിച്ചിട്ടുണ്ട്. മൂന്ന് വർഷം വരെ അവർക്കൊരു acknowledgement വച്ച് പ്രവർത്തിക്കാം. മൂന്ന് വർഷം കഴിഞ്ഞ് 6 മാസത്തിനുള്ളിൽ ബന്ധപ്പെട്ട ലൈസൻസുകൾ നേടിയാൽ മതി. അതാണ് വ്യവസ്ഥ. ഇവിടെ നമ്മൾ കുറേക്കൂടി ഉയർന്ന ഇൻവെസ്റ്റ്മെന്റാണ് നടത്തുന്നത്. അതിനൊരു കൗൺസിൽ ഉണ്ടാകുന്നു. ആ കൗൺസിലിന്റെ മുൻപിലേയ്ക്ക് ഈ വിഷയം വരുന്നു. കൗൺസിൽ ചർച്ച ചെയ്ത് പരിശോധിച്ച് 7 ദിവസംകൊണ്ട്, ഒരു കോംമ്പോസിറ്റായ ലൈസൻസ്, എല്ലാ വകുപ്പുകൾക്കും കൊടുക്കാവുന്ന ഒറ്റ ലൈസൻസ് കൊടുക്കുകയാണ്. അവർ പറയുന്ന സത്യവാങ്മൂലത്തിൽ എന്തെങ്കിലും വ്യത്യാസമുണ്ടായാൽ 5 ലക്ഷം രൂപവരെ പിഴ ചുമത്താം. റെഡ് കാറ്റഗറി ഇതിൽ ഉൾപ്പെടില്ല. അതോടൊപ്പം ഇങ്ങനെയുള്ളവ സ്ഥാപിക്കാൻ പാടില്ലായെന്നുള്ള നിയമമുള്ള തണ്ണീർത്തടംപോലെയുള്ള സ്ഥലങ്ങളിൽ ഈ അനുമതി ലഭിക്കില്ലെന്ന് കൃത്യമായി പറഞ്ഞിട്ടുണ്ട്. ബില്ലിൽ ഒതുങ്ങിനിന്നുകൊണ്ട് ബഹുമാന്യനായ ഷാഫി പറമ്പിൽ ചർച്ചയിൽ പറഞ്ഞിട്ടുള്ളത് വളരെ നല്ല നിർദ്ദേശങ്ങളാണ്. ആ നിർദ്ദേശങ്ങളെല്ലാം ഗവൺമെന്റ് ചർച്ച ചെയ്തുകൊണ്ടിരിക്കുന്ന കാര്യങ്ങളാണ്. എം.എസ്.എം.ഇ.-യുടെ ടെക്നോളജി അപ്ഗ്രേഡ് ചെയ്യണമെന്ന് അദ്ദേഹം പറഞ്ഞു. പൈലറ്റ് പ്രോജക്ടായി രണ്ട് ജില്ലയിൽ ഗവൺമെന്റ് ടെക്നോളജി ക്ലിനിക്കുകൾ ആരംഭിക്കുകയാണ്. കൂടാതെ അങ്കമാലിയിൽ കേന്ദ്ര ഗവൺമെന്റിന്റെകൂടി പങ്കാളിത്തത്തോടെ ഒരു വലിയ സംവിധാനം അടുത്ത രണ്ടുമാസത്തിനുള്ളിൽ ഉദ്ഘാടനം ചെയ്യാൻ കഴിയുമെന്നാണ് ഞങ്ങൾ പ്രതീക്ഷിക്കുന്നത്. എല്ലാവിധത്തിലുമുള്ള സംവിധാനം

അവിടെ ഒരുക്കുന്നതാണ്. അതുപോലെ അദ്ദേഹം പറഞ്ഞ SDF(Standard Design Factories), CFC (Common Facility Centre) തുടങ്ങിയവ എല്ലാ സ്ഥലങ്ങളിലും കൊണ്ടുവരാനാണ് ആഗ്രഹിക്കുന്നത്. ബഹുമാന്യനായ എൽദോസ് പി. കുന്നപ്പിള്ളിൽ സൂചിപ്പിച്ചതുപോലെ, ക്ലസ്റ്റർ സംവിധാനം ആരംഭിച്ചുകഴിഞ്ഞു. കേരളത്തിൽ പന്ത്രണ്ട് ക്ലസ്റ്ററുകൾ ആരംഭിച്ചിട്ടുണ്ട്. നാല് ക്ലസ്റ്ററുകൾ ആരംഭിക്കാൻ പോകുകയാണ്. അതിൽ പൊതുസൗകര്യങ്ങൾ ഉപയോഗിക്കാൻ കഴിയും. എം.എസ്.എം.ഇ.-കളുടെ ചെലവ് കുറയുന്നതിന് ഇത് സഹായകരമാകും. ബാങ്ക് ലോൺ ലഭ്യമാകൽ, മാർക്കറ്റിംഗ് സംബന്ധിച്ച സംശയദൂരീകരണം തുടങ്ങിയ കാര്യങ്ങൾ അദ്ദേഹം ഇവിടെ ഉന്നയിച്ചത് വളരെ ശരിയാണ്. താലൂക്കിലെ ഉദ്യോഗസ്ഥർക്ക് ഇതുസംബന്ധിച്ച ട്രെയിനിംഗ് ഇപ്പോൾ കൊടുത്തു കൊണ്ടിരിക്കുകയാണ്. ഒരു ഫെസിലിറ്റേറ്റർ എന്ന നിലയിൽ കൈസഹായം കൊടുക്കാൻ സാധിക്കുന്ന രൂപത്തിൽ അവരെ മാറ്റിയെടുക്കാനാണ് ശ്രമിച്ചുകൊണ്ടിരിക്കുന്നത്. അതുപോലെ നമ്മുടെ എന്റർപ്രണേഴ്സിനെ പോഷിപ്പിക്കാൻ സഹായിക്കുന്ന സംവിധാനമായ KIED (Kerala Institute For Entrepreneurship Development)-ൽ നമ്മൾ ചെയ്യാനുദ്ദേശിക്കുന്നത്, പാസ്പോർട്ട് സേവാ കേന്ദ്രത്തിൽ പോകുന്നതുപോലെ എല്ലാ സൗകര്യങ്ങളും ഒരുക്കാനാണ്. മാർക്കറ്റിംഗ്, ടെക്നോളജി, മാനേജ്മെന്റ് തുടങ്ങിയവ സംബന്ധിച്ചയാളുകൾ അവിടെയുണ്ടാകും, ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ അവർ നൽകും. കുറേക്കൂടി ഉയർന്ന തലത്തിലുള്ള ഉപദേശങ്ങൾ ആവശ്യമായവയാണെങ്കിൽ അതിനുള്ള സൗകര്യം നൽകുക, ഇവർ നൽകുന്ന പ്രോജക്ട് bankable ആണോയെന്ന് പരിശോധിച്ച് ആവശ്യമെങ്കിൽ പരിഷ്കരിക്കുന്നതിനുള്ള സൗകര്യങ്ങൾ നൽകുക തുടങ്ങിയ കാര്യങ്ങളെല്ലാം ഇപ്പോൾത്തന്നെ ചെയ്യുന്നുണ്ട്. ചർച്ചയിൽ സൂചിപ്പിച്ചതുപോലെ വ്യവസായ വകുപ്പുമാത്രമല്ല, എല്ലാ വകുപ്പുകളും ചേർന്ന് ഇതുസംബന്ധിച്ച ഒരു നിലപാട് സ്വീകരിച്ച് അതിന്റെ ട്രയൽ ആരംഭിച്ചിട്ടുണ്ട്. ഇതിനായി ആമസോൺ, ഫ്ലിപ്കാർട്ട് തുടങ്ങിയവപോലെ ഒരു പുതിയ ഓൺലൈൻ പ്ലാറ്റ്ഫോം ആരംഭിക്കുന്നതാണ്. ഉദാഹരണത്തിന്, പാലക്കാടുള്ള ഒരു വീട്ടമ്മ അല്ലെങ്കിൽ ഒരു കുടുംബശ്രീ അച്ചാറുണ്ടാക്കുന്നുണ്ട്, അതവർക്ക് വിൽക്കണം, അതിന് സഹായകരമാകുന്ന ഒരു ഓൺലൈൻ പ്ലാറ്റ്ഫോം എന്ന രീതിയിലാണ് ആലോചിക്കുന്നത്. ഇതിന്റെ ലോജിസ്റ്റിക്സ് കുടുംബശ്രീയെ ക്കൊണ്ട് കഴിയുമോ, കെ.എസ്.ഐ.ഡി.സി.(Kerala State Industrial Development Corporation Ltd. ) യെക്കൊണ്ട് കഴിയുമോ എന്നൊക്കെ നോക്കി പരമാവധി പ്രൊഫഷണലാക്കാൻ എങ്ങനെ സാധിക്കുമെന്ന് ഞങ്ങൾ ചർച്ച ചെയ്തുകൊണ്ടിരിക്കുകയാണ്. ഇതുസംബന്ധിച്ച ആദ്യത്തെ പ്രസന്റേഷൻ കഴിഞ്ഞു.

ഏതായാലും അധികം വൈകാതെ ആരംഭിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. അങ്ങ് പറഞ്ഞതുപോലെ ഇന്ത്യയ്ക്കുതന്നെ മാതൃകയായി സംസ്ഥാനം മുൻകയ്യെടുക്കുന്ന ഒരു ഓൺലൈൻ പ്ലാറ്റ്ഫോമാക്കി ഇതിനെ മാറ്റാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. ബഹുമാന്യനായ വി. ശശി എം.എൽ.എ. സൂചിപ്പിച്ചതുപോലെ ഈ സംവിധാനത്തിനായി ഒരു പ്രത്യേക ഡയറക്ടറേറ്റിന്റെ ആവശ്യമില്ല. വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് നിർവ്വഹിച്ചുകൊണ്ടിരിക്കുന്നത് ഈ ചുമതലതന്നെയാണ്. ജില്ലയ്ക്ക് ഒരു മാസ്റ്റർപ്ലാൻ വേണമെന്ന അദ്ദേഹത്തിന്റെ നിർദ്ദേശം എത്രമാത്രം സാദ്ധ്യമാകുമെന്ന കാര്യം വകുപ്പ് ചർച്ച ചെയ്യുന്നുണ്ട്. സംരംഭകത്വത്തിനോടുള്ള ഒരു പൊതുസമീപനത്തിൽ കുറേയധികം മാറ്റം വന്നിട്ടുണ്ടെങ്കിലും ഇനിയുമേറെ മാറ്റങ്ങളുണ്ടാകേണ്ടതുണ്ട്. ട്രേഡ് യൂണിയനുകൾക്കെതിരെ പലപ്പോഴും നിലപാട് സ്വീകരിച്ചിട്ടുള്ള ഒരു പ്രധാന വ്യവസായി ശ്രദ്ധേയമായ ഒരു നിരീക്ഷണം നടത്തുകയുണ്ടായി. അതിൽ അദ്ദേഹം പറഞ്ഞത് 'ഇന്ന് കേരളത്തിൽ വളരെ അപൂർവ്വമായേ നോക്കുകൂലി ആവശ്യപ്പെടുന്നുള്ളൂ. പണ്ടൊക്കെ ഓണക്കാലത്ത് കൂലി വർദ്ധനവും ബോണസും ആവശ്യപ്പെട്ടുള്ള സമരങ്ങൾ വ്യവസായശാലകളിൽ വളരെ സാധാരണമായിരുന്നെങ്കിൽ ഇന്ന് വളരെ അപൂർവ്വ സംഭവങ്ങളാണ്. സമാധാനപരമായി എല്ലാം ചർച്ച ചെയ്ത് തീരുമാനിക്കുന്നുണ്ട്. പക്ഷേ അപൂർവ്വമായി നടക്കുന്ന സമരങ്ങൾക്ക് വലിയ വാർത്താ പ്രാധാന്യം കൊടുത്ത് കേരളം നിക്ഷേപ സൗഹൃദമല്ലെന്ന് മാധ്യമങ്ങൾ പ്രചരിപ്പിക്കുകയാണ് എന്നാണ്. ഇത്തരം കാര്യങ്ങളിലെല്ലാം വളരെ ശക്തമായ നിലപാട് സ്വീകരിച്ചുകൊണ്ടിരുന്ന ഒരു പ്രമുഖനായ വ്യവസായിയാണ് ഇന്നലെ കൊച്ചിയിൽ ഇങ്ങനെ അഭിപ്രായപ്പെട്ടത്. ഇത് വളരെ ശരിയാണ്. എല്ലാ മാധ്യമങ്ങളുമുണ്ടെന്നല്ല, നമ്മളിൽ പലരുംതന്നെ അക്കാര്യം പർവ്വതീകരിക്കുന്നുണ്ട്. 'നിങ്ങളുടെ സംരംഭം നാടിന്റെ അഭിമാനം' എന്ന വലിയൊരു ക്യാമ്പയിൻ സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്ന രീതിയിൽ ഏറ്റെടുക്കാനായി സർക്കാർ ഉദ്ദേശിക്കുന്നുണ്ട്. മണ്ഡലാടിസ്ഥാനത്തിൽ പൈലറ്റ് പ്രോജക്ടെന്ന നിലയിൽ ബഹുമാനപ്പെട്ട ഐ. ബി. സതീഷ് എം.എൽ.എ. ഒരു പ്രൊപ്പോസൽ മുമ്പോട്ടുവച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട വി. ശശി എം.എൽ.എ.-യും കാര്യങ്ങൾ സൂചിപ്പിക്കുകയുണ്ടായി. ബഹുമാനപ്പെട്ട വി. ആർ. സുനിൽ കുമാറിന്റെ മണ്ഡലത്തിൽ ഒരു വ്യവസായ ഗ്രാമം പദ്ധതിയുണ്ട്. പ്രസ്തുത പഞ്ചായത്ത് 48 വകുപ്പുകളെ പങ്കെടുപ്പിച്ചുകൊണ്ട് ഒരു യോഗം വിളിച്ചുചേർത്തിരുന്നു, അതിൽ ഞാനും പങ്കെടുത്തിരുന്നു. ഓരോ വകുപ്പിനും ഏതെല്ലാം തരത്തിൽ തൊഴിലുകളുണ്ടാക്കാൻ കഴിയുമെന്ന രൂപത്തിൽ വളരെ വിശദമായ പ്രോജക്ട് തയ്യാറാക്കിയിരുന്നു. ആ ദിവസത്തെ പരിപാടിയിൽ സ്ഥലം എം.എൽ.എ.-യും

പങ്കെടുത്തിരുന്നു. അതുപോലുള്ള നല്ല മുൻകൈകൾ ജനപ്രതിനിധികളുടെ ഭാഗത്തുനിന്നും വന്നിട്ടുണ്ട്. ഇത്തരം സംരംഭങ്ങളെ സഹായിക്കുന്നതിന് ഈ ബിൽ സഹായകരമായിരിക്കും. അതുപോലെ സ്ഥലം എങ്ങനെ ഉപയോഗിക്കാൻ കഴിയുമെന്നതും വളരെ പ്രധാനപ്പെട്ടതാണ്. പൊതുമേഖലാ സ്ഥാപനങ്ങളുടെ ദീർഘകാലമായി വെറുതെ കിടക്കുന്ന സ്ഥലങ്ങൾ കെ.എസ്.ഐ.ഡി.സി., കിൻഫ്ര എന്നിവരുമായി ഒരു എസ്.പി.വി ഉണ്ടാക്കിക്കൊണ്ട്, ആവശ്യമെങ്കിൽ വ്യവസായ എസ്റ്റേറ്റാക്കി മാറ്റിക്കൊണ്ടോ, ഇവരുടെതന്നെ ഒരു downward extension -ആയോ ഉപയോഗിക്കാവുന്നതാണ്. അതുപോലെതന്നെ ഖാദി, കയർ, മറ്റ് വ്യവസായ സഹകരണ സംഘങ്ങളുടെ കാടുപിടിച്ചുകിടക്കുന്ന സ്ഥലങ്ങളുമുണ്ട്. അവയുടെയെല്ലാം ഒരു റിപ്പോർട്ട് ഞങ്ങൾ തയ്യാറാക്കുന്നുണ്ട്. പൊതുവേ ഒരു സമവായത്തോടുകൂടി എങ്ങനെ നമ്മുടെ നാട്ടിൽ കൂടുതൽ വ്യവസായങ്ങൾ ആരംഭിക്കാൻ കഴിയുമെന്നതിനായി ഒരു പദ്ധതി തയ്യാറാക്കാൻ ശ്രമിക്കാം.

5.00 P.M.]

ഈ ബില്ലിൽ ഒരു പരിമിതിയുണ്ട്, 2013 -ലാണ് ഈ വിധി വന്നത്. അന്നത്തെ അഡ്വക്കേറ്റ് ജനറൽ ശ്രീ. കെ.പി. ദണ്ഡപാണി വളരെ വിശദമായ ഒരു കുറിപ്പാണ് നൽകിയിട്ടുള്ളത്. ആ കുറിപ്പിൽ ഇതുസംബന്ധിച്ച് അടിയന്തരമായി നിയമനിർമ്മാണം നടത്തണമെന്നും ആയതിന് നിയമനിർമ്മാണ സാദ്ധ്യതയുണ്ടെന്നും ആധികാരികമായി വ്യക്തമാക്കിയിരുന്നെങ്കിലും ഒന്നും നടന്നില്ല. അപ്പോഴാണ് ഹൈക്കോടതിയിൽ അടുത്ത കേസ് വന്നത്. ബഹുമാനപ്പെട്ട അനൂപ് ജേക്കബ് എം.എൽ.എ.-യുടെ ക്രമപ്രശ്നത്തിനുള്ള മറുപടിയിൽ ഞാനിതെല്ലാം പറഞ്ഞിട്ടുണ്ട്. ബഹുമാനപ്പെട്ട ഹൈക്കോടതി അടുത്ത മാസം ഈ കേസെടുക്കുമെന്നാണ് പറഞ്ഞത്, തീയതിയും പറഞ്ഞിട്ടുണ്ട്. അതിനുള്ളിൽ തീരുമാനമാക്കുന്നില്ലെങ്കിൽ മെരിറ്റനുസരിച്ച് വിധി വരുമെന്നും പറഞ്ഞിട്ടുണ്ട്. സമയപരിധിക്കകത്തു നിന്നുകൊണ്ട് അന്നത്തെ അഡീഷണൽ അഡ്വക്കേറ്റ് ജനറലിന്റെ ഉപദേശംകൂടി സ്വീകരിച്ച് വളരെ പെട്ടെന്നാണ് ഈ ഓർഡിനൻസിലേയ്ക്കെത്തിയത്. ഓർഡിനൻസ് കൊണ്ടുവരുമ്പോൾ കൊച്ചി-തിരുവിതാംകൂർ സംബന്ധിച്ച് പ്രശ്നമില്ല, അത് ഭരണപരമായിത്തന്നെ ഇതിന്റെ ഭാഗമായിക്കഴിഞ്ഞു. ഇക്കാര്യം നേരത്തേ വിശദീകരിച്ചതാണ്. അതാണ് ഈ ബില്ലിന്റെ രൂപത്തിൽ എത്തിയത്. നേരത്തെ സൂചിപ്പിച്ച പ്രശ്നങ്ങളെയെല്ലാം അഭിസംബോധന ചെയ്യാൻ കഴിഞ്ഞിട്ടുണ്ട്.

നഷ്ടപരിഹാരത്തെക്കുറിച്ച് പറഞ്ഞിട്ടില്ല. നഷ്ടപരിഹാരം നമ്മൾ ഉദ്ദേശിക്കുന്നില്ല, അതുകൊണ്ടാണ് പറയാത്തത്. ധാതുസമ്പത്ത് ഉപയോഗിക്കണമെന്ന വളരെ ശരിയായ ഒരു നിർദ്ദേശം വന്നിട്ടുണ്ട്. അതിൽത്തന്നെ രണ്ടഭിപ്രായം ഇവിടെ വന്നു.

ബഹുമാനപ്പെട്ട പി. സി. വിഷ്ണുനാഥ് തോട്ടപ്പള്ളിയിൽനിന്നും മണലെടുക്കുന്നതിനെ സംബന്ധിച്ച് ചില നിരീക്ഷണം നടത്തിയിട്ടുണ്ട്. ധാതുസമ്പത്ത് പൂർണ്ണമായും വിനിയോഗിക്കണമെന്ന അഭിപ്രായം ബഹുമാനപ്പെട്ട പി. ഉബൈദുള്ള പറഞ്ഞിട്ടുണ്ട്. നമുക്ക് വലിയ തോതിലുള്ള ധാതുസമ്പത്തുണ്ട്. ഞാൻ കഴിഞ്ഞ ദിവസം കെ.എം.എം.എൽ.-ൽ പോയപ്പോൾ അവിടെ മോണോസൈറ്റ് മണ്ണിനടിയിലിട്ടിരിക്കുകയാണ്. അതൊന്നും ചെയ്യാനുള്ള അധികാരം നമുക്കില്ല. നിയമപ്രകാരം Indian Rare Earths Limited (IREL)-ന് അധികാരമുണ്ട്. എന്നാൽ ഇപ്പോൾ മോണോസൈറ്റ് ഉപയോഗിച്ചുകൊണ്ട് ലിഥിയം ബാറ്ററിയുണ്ടാക്കാം. ഇതാണ് ഇലക്ട്രിക് വാഹനങ്ങളിൽ ഏറ്റവും പ്രധാനമായി ഉപയോഗിക്കുന്നത്. കേന്ദ്ര സ്ഥാപനമാണെങ്കിലും IREL -ഉം ആയി ഒരു സംയുക്ത സംരംഭത്തിന് കഴിയുമോയെന്ന കാര്യത്തിൽ ശ്രമം നടക്കുന്നുണ്ട്. ഞങ്ങളുടെ ഇലക്ഷൻ മാനിഫെസ്റ്റോ പ്രകാരം കരിമണൽ ഖനനം പൊതുമേഖലയിൽ മാത്രമേ പാടുള്ളൂവെന്ന നയമുണ്ട്. ഖനനം ആരുവിചാരിച്ചാലും ഇന്ന് നടക്കില്ല. കേന്ദ്രനിലപാടും മാറിയിരിക്കുന്നു. കരിമണൽ ഉൾപ്പെടെയുള്ള ധാതുക്കളെല്ലാം പൊതുമേഖലയിൽ മാത്രമേ ഖനനം പാടുള്ളൂവെന്ന നിബന്ധന കൊണ്ടുവന്നിട്ടുണ്ട്. പക്ഷേ നമുക്ക് അതിന്റെ മൂല്യവർദ്ധനവിലേയ്ക്ക് പോകേണ്ടതുണ്ട്. ഇതിന്റെ ഭാഗമായി മാസ്റ്റർ പ്ലാൻ കെ.എം.എം.എൽ. തയ്യാറാക്കിയിട്ടുണ്ട്. ഞങ്ങളുടെ ഗവൺമെന്റും യു.ഡി.എഫ്. ഗവൺമെന്റും പലതവണ ആ ശ്രമം നടത്തിയിട്ടുണ്ട്. ടൈറ്റാനിയം നിർമ്മിക്കാനുള്ള ശ്രമങ്ങളും നടത്തിയിരുന്നു. എന്നിട്ടും അതിലേയ്ക്കെത്താനായിട്ടില്ല. ഇപ്പോൾ ഞങ്ങൾ അതുസംബന്ധിച്ച മാസ്റ്റർപ്ലാനിലേയ്ക്ക് വന്നിട്ടുണ്ട്. പൊതുമേഖലയെ സംരക്ഷിക്കുകയെന്നത് അതിനെ ലാഭകരമായി മാറ്റുകയാണ്. കെ.എം.എം.എൽ.-ൽ ഇപ്പോൾ 25 കോടി രൂപയാണ് ഒരു വർഷം ഓവർടൈമായി കൊടുക്കുന്നത്. ഇത്തരത്തിൽ ഒരു സ്ഥാപനത്തിന് എങ്ങനെ മുമ്പോട്ടുപോകാൻ കഴിയും? ദക്ഷിണ കൊറിയ ഇലക്ട്രോണിക്സ് രംഗത്തേയ്ക്ക് പോകുന്നതിനുമുമ്പ് ആ രംഗത്തേയ്ക്ക് കടന്നതാണ് കെൽട്രോൺ. അവിടെ കൊടുക്കുന്ന ഓവർടൈം, മറ്റ് സംവിധാനങ്ങൾ തുടങ്ങിയവ വളരെ ഗൗരവമുള്ള പ്രശ്നങ്ങളാണ്. ഇപ്പോൾ കെൽട്രോണിൽ ഒട്ടേറെ മാറ്റങ്ങൾ വന്നിട്ടുണ്ട്. പ്രതിരോധ മേഖലയിലേയ്ക്കാവശ്യമായ പുതിയ സംവിധാനങ്ങളുണ്ടാക്കുന്നു, INS Vikrant-ലേയ്ക്കും അന്തർവാഹിനികളിലേയ്ക്കുള്ളതെല്ലാം കെൽട്രോണിൽ നിന്നാണ് സപ്ലൈ ചെയ്യുന്നത്. ഐ.എസ്.ആർ.ഒ. ഉപയോഗിക്കുന്ന ഉപകരണങ്ങളിലെ ഇലക്ട്രോണിക് ഭാഗങ്ങൾ കെൽട്രോണാണ് നിർമ്മിക്കുന്നത്. കെൽട്രോണിൽ നല്ല മാറ്റമുണ്ട്. എന്നിരുന്നാലും ഈ സമീപനങ്ങളൊക്കെ മൊത്തത്തിൽ മാറേണ്ടതുണ്ടെന്ന് ഇവിടെ പറഞ്ഞത് ശരിയാണ്. നമുക്ക് കുറേക്കൂടി സൃഷ്ടിപരമായ സമീപനം ആവശ്യമാണ്. ഞാൻ പ്രധാനപ്പെട്ട ട്രേഡ് യൂണിയൻ നേതാക്കളുമായി സംസാരിച്ചു. വളരെ

പോസീറ്റീവായ നിലപാടാണ് അവർ സ്വീകരിച്ചിട്ടുള്ളത്. നമുക്കെല്ലാവർക്കുംകൂടി പൊതുധാരണയോടുകൂടി ഈ ധാതുസമ്പത്ത് എങ്ങനെ ഉപയോഗിക്കാൻ കഴിയുമെന്നത് ആലോചിക്കണം. എണ്ണസമ്പത്തിനേക്കാളും മൂല്യമുള്ളതാണ് ധാതുസമ്പത്തെന്ന് പലരും പറഞ്ഞിട്ടുണ്ട്. അതിന് മൂല്യവർദ്ധനവ് നടത്തി നമുക്ക് ഉപയോഗിക്കാൻ കഴിഞ്ഞാൽ കേരളത്തെ നല്ല സമ്പത്ത് ശക്തിയാക്കി മാറ്റാൻ കഴിയും. അതിൽ പാരിസ്ഥിതികമായ സന്തുലിതാവസ്ഥ സംരക്ഷിക്കേണ്ടതുണ്ട്. ടെക്നോളജി മാറിയിട്ടുണ്ട്. വേർതിരിച്ചെടുക്കൽ പ്രക്രിയ മാത്രമാണ് നടക്കുന്നത്. പാരിസ്ഥിതികമായ സന്തുലിതാവസ്ഥ സംരക്ഷിക്കാൻ ആ സ്ഥലത്തുതന്നെ ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് തുടങ്ങാം. അവിടെയുള്ള ആളുകൾക്ക് തൊഴിൽ കൊടുക്കാം. അങ്ങനെ പുതിയ സാദ്ധ്യതകളുണ്ട്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് അവിടത്തെ യൂണിയൻ നേതാവാണ്. അതുകൊണ്ട് കൺസ്ട്രക്റ്റീവായി ഇത്തരം പ്രശ്നങ്ങളെ സമീപിക്കുന്നതാണ്. ഞങ്ങൾ ഒന്നിച്ച് പലയിടങ്ങളിലും ട്രേഡ് യൂണിയൻ പ്രവർത്തനത്തിൽ ഏർപ്പെട്ടിട്ടുണ്ട്. അന്നെല്ലാം വ്യവസായം നിലനിർത്തി തൊഴിലാളികൾക്ക് കൂടുതൽ ആനുകൂല്യങ്ങൾ നല്കുകയെന്ന സമീപനമാണ് കൂട്ടായി സ്വീകരിച്ചിട്ടുള്ളത്. അത്തരം രീതികൾ ഇനിയും മുന്നോട്ടുകൊണ്ടുപോകാൻ കഴിയും. ക്വാറി ഖനന മാഫിയയെപ്പറ്റി ബഹുമാനപ്പെട്ട കെ. ബാബു ഇവിടെ സൂചിപ്പിക്കുകയുണ്ടായി. ഇത്തരം കാര്യങ്ങളെല്ലാം ചരിത്രത്തിന്റെ ഭാഗമായിട്ടുള്ളതാണല്ലോ. അതിലേയ്ക്കൊന്നും ഞാൻ പോകുന്നില്ല. ഒരു കാര്യം ശരിയാണ്. മൈനിംഗ് & ജിയോളജിയിൽ ഇതുവരെ ഇ-ഗവേണൻസ് നടപ്പിലാക്കിയിട്ടില്ല. അതൊരു പ്രശ്നമാണ്. അതിനിപ്പോൾ ഞങ്ങൾ കർശന മായൊരു തീരുമാനമെടുത്തു. ഒരാളും ഓഫീസിലേയ്ക്ക് വരേണ്ട സാഹചര്യമുണ്ടാകാൻ പാടില്ല. പൂർണ്ണമായും ഓൺലൈനിലേയ്ക്ക് മാറ്റുകയാണ്. മൂന്നാല് മാസത്തിനുള്ളിൽ മൈനിംഗ് സംബന്ധിച്ചുള്ള എല്ലാ കാര്യങ്ങളും ഓൺലൈനിലേയ്ക്ക് മാറ്റുമെന്നുള്ള ഉറപ്പ് ഞാൻ ഈ സഭയ്ക്ക് നൽകുകയാണ്. സമയങ്ങളിൽ മാറ്റം വന്നെന്നിരിക്കാം. ഡയറക്ടറേറ്റ് ഇപ്പോൾത്തന്നെ ആ പ്രവർത്തനങ്ങൾ തുടങ്ങി. നമ്മൾ പോയി നോക്കേണ്ടതില്ല. ടെക്നോളജി മാറി. ഡിജിറ്റലായിട്ടേ മൈനിംഗ് നടത്താൻ കഴിയൂ. ഒരു സ്ഥലത്ത് അനുമതി കൊടുത്താൽ എത്ര അളവ് എടുത്തുയെന്നത് ഓഫീസിൽ നിന്നാൽ അറിയാൻ കഴിയും. അത്രമാത്രം ടെക്നോളജി വികസിച്ചിട്ടുണ്ട്. അത് പ്രാവർത്തികമായാൽ അഴിമതി നമുക്ക് ഇല്ലാതാക്കാൻ കഴിയും. സാഹചര്യ ങ്ങളാണ് പലരെയും ഈ രൂപത്തിലെത്തിക്കുന്നത്. ആ സാഹചര്യം അവസാനി പ്പിക്കാനുള്ള എല്ലാ നടപടികളും ഗവൺമെന്റ് എടുത്തിട്ടുണ്ട്. 200 മീറ്റർ, 50 മീറ്റർ എന്നിങ്ങനെ ക്വാറികൾക്ക് ദൂരപരിധി നിശ്ചയിക്കുന്നതിന്റെ ചരിത്രം ഞാൻ എടുത്തിട്ടുണ്ട്. സമയപരിധികൊണ്ട് ഞാൻ ആ ചരിത്രത്തിലേയ്ക്കൊന്നും പോകുന്നില്ല. നേരത്തെ എടുത്ത അതേ സമീപനം തന്നെയാണ് സ്വീകരിച്ചിട്ടുള്ളത്.

ക്വാറികൾ ഗവൺമെന്റ് നടത്തുന്നത് സംബന്ധിച്ച് ഞങ്ങൾ ചർച്ച ചെയ്യുന്നുണ്ട്. നമുക്ക് ഒരു കോർപ്പറേഷനുണ്ട്. അതിലൂടെ കഴിയുമോയെന്നത് മാസ്റ്റർ പ്ലാനിന്റെ ഭാഗമായി ചർച്ച ചെയ്യുന്നുണ്ട്. അവർക്ക് ആധുനിക ഉപകരണങ്ങൾ കൊടുത്താൽ ഗവൺമെന്റ് ഉടമസ്ഥതയിലുള്ള സ്ഥലങ്ങളിൽ ക്വാറി ഖനനം അവരെക്കൊണ്ട് ചെയ്യാൻ കഴിയുമോ തുടങ്ങിയ കാര്യങ്ങൾ ഞങ്ങൾ ചർച്ച ചെയ്തിട്ടുണ്ട്. എത്രമാത്രം പ്രായോഗികമാകുമെന്ന കാര്യംകൂടി പരിശോധിക്കാവുന്നതാണ്. ജിയോളജി വകുപ്പിൽ ജീവനക്കാരുടെ പരിമിതി ചൂണ്ടിക്കാട്ടിയത് ശരിയാണ്. മണ്ണെടുക്കുമ്പോൾ തടസ്സങ്ങൾ ഉണ്ടാകുന്നതിനെ സംബന്ധിച്ച് അങ്ങ് സൂചിപ്പിച്ചത് ന്യായമാണ്. എൽ.എസ്.ജി.ഡി. അതുസംബന്ധിച്ച് ശരിയായ നിലപാട് സ്വീകരിച്ച് സർക്കുലർ ഇറക്കിയിട്ടുണ്ട്. നേരത്തെ ഡെവലപ്മെന്റ് പ്ലാനും ബിൽഡിംഗ് പ്ലാനുംകൂടി വേണമായിരുന്നു. ഇപ്പോൾ ഒന്നുമതിയെന്നുള്ള തീരുമാനമെടുത്തു. അവരെടുത്ത തീരുമാനത്തിൽ പ്രശ്നങ്ങൾ പരിഹരിക്ക പ്പെടുമെന്നാണ് കരുതിയത്. പക്ഷെ, ജിയോളജിസ്റ്റുകൾ ചട്ടം പരിശോധിച്ചു. ചട്ടത്തിൽ ഇത് രണ്ടും പറയുന്നുണ്ട്. അതുകൊണ്ട് അവർ അതിനനുസരിച്ചുള്ള നിലപാട് സ്വീകരിക്കുന്നില്ലെന്നുള്ള പ്രശ്നംവന്നു. അതുകൊണ്ട് LSGD എടുത്ത ഒറ്റപ്ലാൻ മതിയെന്നുള്ള നയം നേരത്തെ ഞങ്ങളുംകൂടി ആവശ്യപ്പെട്ടതാണ്, പൊതുവെ സമൂഹം ആവശ്യപ്പെട്ടിട്ടുള്ളതാണ്. ചട്ടം ഭേദഗതി ചെയ്യുമെന്നുള്ളകാര്യംകൂടി ഞാൻ ഈ സഭയുടെ മുന്നിൽ വയ്ക്കുകയാണ്. ഇതിന്റെയെല്ലാം അടിസ്ഥാനത്തിൽ സബ്ജക്ട് കമ്മിറ്റിയിൽ വിശദമായി പരിശോധിക്കാം. മൂന്ന് ബില്ലുകളും സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: ശ്രീ. എൻ. ഷംസുദ്ദീൻ, 2021-ലെ കേരള കയർ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ഓർഡിനൻസ് നിരാകരിക്കണമെന്ന പ്രമേയം പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. എൻ. ഷംസുദ്ദീൻ : സർ, ഞാൻ പ്രസ് ചെയ്യുന്നു.

മി. സ്പീക്കർ: അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ......

പ്രമേയം സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ഇ. കെ. വിജയൻ, അങ്ങയുടെ '1എ' നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. ഇ. കെ. വിജയൻ: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. പി. പി. ചിത്തരഞ്ജൻ, അങ്ങയുടെ '2 ബി' നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. പി. പി. ചിത്തരഞ്ജൻ: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

2021-ലെ കേരള കയർ തൊഴിലാളി ക്ഷേമനിധി (ഭേദഗതി)ബിൽ വ്യവസായവും ധാതുക്കളും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IV-ന്റെ പരിഗണനയ്ക്കയയ്ക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ............

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കുന്നു.

ശ്രീ. എ. കെ. എം. അഷ്റഫ്, 2021-ലെ കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ (ഭേദഗതി) ഓർഡിനൻസ് നിരാകരിക്കണമെന്ന പ്രമേയം പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. എ. കെ. എം. അഷ്റഫ്: സർ, ഞാൻ പ്രസ് ചെയ്യുന്നു.

മി. സ്പീക്കർ: അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ......

പ്രമേയം സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. നജീബ് കാന്തപുരം, അങ്ങയുടെ '1 എ' നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. നജീബ് കാന്തപുരം: സർ, ഞാൻ പ്രസ് ചെയ്യുന്നു.

മി. സ്പീക്കർ: അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ......

പ്രമേയം സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. വി. ശശി, അങ്ങയുടെ '2 ബി' നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. വി. ശശി: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

2021-ലെ കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ (ഭേദഗതി) ബിൽ വ്യവസായവും ധാതുക്കളും സംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റി IV-ന്റെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ............

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ സബ്ജക്റ്റ് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കുന്നു.

ശ്രീ. പി. സി. വിഷ്ണുനാഥ്, 2021-ലെ കേരള ധാതുക്കൾ (അവകാശങ്ങൾ നിക്ഷിപ്തമാക്കൽ) ഓർഡിനൻസ് നിരാകരിക്കണമെന്ന പ്രമേയം പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. പി. സി. വിഷ്ണുനാഥ്:സർ, ഞാൻ പ്രസ് ചെയ്യുന്നു.

മി. സ്പീക്കർ: അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ......

പ്രമേയം സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ഇ. ചന്ദ്രശേഖരൻ, അങ്ങയുടെ '1 എ' നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. ഇ. ചന്ദ്രശേഖരൻ : സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ), അങ്ങയുടെ '2 ബി' നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, ഞാൻ പ്രസ് ചെയ്യുന്നു.

മി. സ്പീക്കർ: അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ......

പ്രമേയം സഭ നിരാകരിച്ചിരിക്കുന്നു.

2021-ലെ കേരള ധാതുക്കൾ (അവകാശങ്ങൾ നിക്ഷിപ്തമാക്കൽ) ബിൽ വ്യവസായവും ധാതുക്കളും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IV-ന്റെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ............

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കുന്നു.

(iv) 2021-ലെ കേരള കള്ള് വ്യവസായ വികസന ബോർഡ് ബിൽ

തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ): സർ, 2021-ലെ കേരള കള്ള് വ്യവസായ വികസന ബോർഡ് ബിൽ ഞാൻ അവതരിപ്പിക്കുന്നു. ഓർഡിനൻസ് പ്രഖ്യാപിച്ചു കൊണ്ട് സത്വര നിയമനിർമ്മാണം നടത്തുവാനുണ്ടായ സാഹചര്യം വിശദീകരിച്ചു കൊണ്ടുള്ള ചട്ടം 75 (1) പ്രകാരമുള്ള സ്റ്റേറ്റ്മെന്റും ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

## VIII ക്രമപ്രശ്നം

ധനകാര്യ മെമ്മോറാണ്ടത്തിലെ അപാകത

ശ്രീ. രമേശ് ചെന്നിത്തല: സർ, കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 73 പ്രകാരം സഭയിൽ അവതരിപ്പിക്കുന്ന ബില്ലുകളുടെ ധനകാര്യ മെമ്മോറാണ്ടത്തിൽ പ്രസ്തുത ബിൽ നിയമമാകുന്ന സാഹചര്യത്തിലുണ്ടാകുന്ന ആവർത്തനവും ആവർത്തനേതരവുമായ ചെലവുകളുടെ പ്രതീക്ഷിത കണക്കുകൾകൂടി ഉൾപ്പെടുത്തേണ്ടതാണ്. എന്നാൽ 2021-ലെ കേരള കള്ള് വ്യവസായ വികസന ബോർഡ് ബില്ലിലെ ധനകാര്യ മെമ്മോറാണ്ടത്തിൽ സംസ്ഥാന സഞ്ചിത നിധിയിൽനിന്ന് വഹിക്കേണ്ടിവരുന്ന ചെലവുകൾ എത്രയാണെന്നുള്ളതിനെ സംബന്ധിച്ച് പ്രതീക്ഷിത കണക്കുകളോ ആവർത്തനേതരമായ ചെലവുകളോ സംബന്ധിച്ചുള്ള ഒരു വിവരവും നല്കുന്നില്ലെന്നാണ് ഏറ്റവും അത്ഭുതകരം. മാത്രവുമല്ല സഞ്ചിത നിധിയിൽനിന്ന് വഹിക്കേണ്ടതായ ചെലവ് ഈ ഘട്ടത്തിൽ കൃത്യമായി കണക്കാക്കാൻ സാധിക്കില്ലെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഇത് വിവിധ സന്ദർഭങ്ങളിലും വ്യത്യസ്ത കാലഘട്ടങ്ങളിലും ചെയറിൽ ഇരുന്നിട്ടുള്ള മുൻ സ്പീക്കർമാർ ശക്തമായ റൂളിംഗ് നല്കിയിട്ടുള്ളൊരു കാര്യമാണ്. പ്രസ്തുത ബില്ലിന്റെ സെക്ഷൻ 13 പ്രകാരം ബോർഡിൽ നിയമിക്കപ്പെടുന്ന ചീഫ് എക്സിക്യൂട്ടീവ് ഓഫീസർമാരുടെയും മറ്റ് ഉദ്യോഗസ്ഥരുടെയും ശമ്പളവും അലവൻസുകളും

അടക്കമുള്ള ചെലവുകൾ വരുന്നുണ്ട്. കൂടാതെ ബോർഡിന്റെ ചുമതലയുടെ ഭാഗമായിട്ടുള്ള റൂൾ 16-ൽ നിർണ്ണയിച്ചുള്ള പ്രവൃത്തികളും ധനപരമായ ബാദ്ധ്യതകളും ചെലവുകളും അന്തർലീനമായിട്ടുണ്ട്. ഇതടക്കം പ്രസ്തുത ബില്ലിന്റെ ഭാഗമായിട്ടുള്ള ആവർത്തനവും ആവർത്തനേതരവുമായ ചെലവുകൾ കൃത്യമായി പറയാത്തത് തികച്ചും നിരുത്തരവാദപരമായ നടപടിയാണ്. മാത്രവുമല്ല ഈ വിവരങ്ങൾ സഭയിൽ നിന്ന് മറച്ചുപിടിക്കുന്നത് നിയമസഭാ പ്രവർത്തനങ്ങളോടുള്ള അവഹേളനവുമാണ്. 1998-ലെ കേരള കയർ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബില്ലിൽ സമാനമായ നിലയിൽ ധനകാര്യ മെമ്മോറാണ്ടത്തിൽ പ്രതീക്ഷിത കണക്കുകൾ ഉൾപ്പെടുത്താത്ത വിഷയം ഈ സഭയിൽ ഉയർന്നുവരികയുണ്ടായി. ആ അവസരത്തിൽ അങ്ങയുടെ മുൻഗാമിയായ ശ്രീ. എം. വിജയകുമാർ സ്പീക്കറായിരുന്ന സന്ദർഭത്തിൽ 1-4-1998-ൽ ഇത് ആവർത്തിക്കാൻ പാടില്ലെന്ന് ശക്തമായ റൂളിംഗ് നൽകുകയുണ്ടായി. അതുപോലെ 2014-ലെ സർവ്വകലാശാല നിയമങ്ങൾ ഭേദഗതി ബില്ലിനോടൊപ്പം നൽകിയിരുന്ന ധനകാര്യ മെമ്മോറാണ്ടം ക്രമപ്രകാരമല്ലാത്തതിനാൽ പുതിയ ധനകാര്യ മെമ്മോറാണ്ടം സഭയിൽ വയ്ക്കണമെന്ന ക്രമപ്രശ്നം ഉയർന്നുവന്ന അവസരത്തിലും നിയമസഭാ ചട്ടം അനുശാസിക്കുന്ന പ്രകാരം ചെലവ് അന്തർഭവിക്കുന്ന ബില്ലിനോടുകൂടിയ മതിപ്പു ചെലവ് സഭയെ അറിയിക്കണമെന്നും പുതുക്കിയ ധനകാര്യ മെമ്മോറാണ്ടം ബിൽ പരിഗണിക്കുന്നതിനുമുമ്പ് അംഗങ്ങളുടെ അറിവിലേയ്ക്ക് സർക്കുലേറ്റ് ചെയ്യണമെന്നും 10-6-2014-ൽ അന്നത്തെ സ്പീക്കറായിരുന്ന ജി. കാർത്തികേയൻ അസാധാരണമായ നിലയിൽത്തന്നെ റൂളിംഗ് നൽകി. പിന്നീട് ഈ സഭ പരിഗണിക്കുന്നതിന് മുമ്പുതന്നെ ധനകാര്യ മെമ്മോറാണ്ടം സർക്കുലേറ്റ് ചെയ്യുവെന്നുള്ളതാണ് സഭയുടെ കീഴ്വഴക്കം. ഒരുപക്ഷേ ശരവേഗത്തിൽ ബില്ലുകൾ ഡ്രാഫ്റ്റുചെയ്ത് പാസ്സാക്കുന്നതു കൊണ്ട് സംഭവിക്കുന്ന ഭവിഷ്യത്തുകളായിരിക്കാം ഇത്. വ്യക്തമായ അവധാനത യില്ലാതെയാണ് ബില്ലുകൾ ഡ്രാഫ്റ്റ് ചെയ്തിരിക്കുന്നത്. ഒരു ബിൽ നിയമമായാൽ സംസ്ഥാനത്തിന്റെ സഞ്ചിതനിധിയിൽ നിന്നോ ബന്ധപ്പെട്ട സ്ഥാപനങ്ങളുടെ തനത് ഫണ്ടിൽനിന്നോ എത്ര രൂപ ചെലവായി എന്നുള്ളത് സംബന്ധിച്ച് ഒരു രൂപവുമില്ലാതെ ഇങ്ങനെ ധനകാര്യ മെമ്മോറാണ്ടത്തിൽ ഉൾപ്പെടുത്താതിരി ക്കുന്നത് ശരിയായ നടപടിയല്ല. 2021 ഫെബ്രുവരി 25-നാണ് കള്ള് വ്യവസായ വികസന ബോർഡ് നിലവിൽ വന്നത്. അതിന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട ചെലവുകളും സ്വാഭാവികമായി വന്നിട്ടുണ്ട്. ആ കണക്കുപോലും പ്രതീക്ഷിക്കുന്ന ചെലവുകളുടെ ഭാഗമായ ധനകാര്യ മെമ്മോറാണ്ടത്തിൽ ഉൾപ്പെടുത്തിയിട്ടില്ലെന്നുള്ളത് ശരിയായ കാര്യമല്ല, ഇത് സഭയോടുള്ള അനാദരവാണ്. ഈ സാഹചര്യത്തിൽ പ്രസ്തുത ബില്ലിന്റെ അവതരണത്തിന് അനുമതി നിഷേധിക്കണമെന്നും അഥവാ അങ്ങ് അനുമതി നൽകുകയാണെങ്കിൽ ബിൽ പാസ്സാക്കുന്നതിനുമുമ്പ് ചെലവുകളുടെ വ്യക്തമായ പ്രതീക്ഷിത കണക്കുകൾ ധനകാര്യ മെമ്മോറാണ്ടത്തിന്റെ ഭാഗമായി ഉൾപ്പെടുത്തി സഭയിൽ സർക്കുലേറ്റ് ചെയ്യണമെന്നും ഞാൻ അങ്ങയോട് അഭ്യർത്ഥിക്കുകയാണ്.

തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ): സർ, 2021-ലെ കേരള കള്ള് വ്യവസായ വികസന ബോർഡ് ബില്ലിന്റെ ധനകാര്യ മെമ്മോറാണ്ടത്തിൽ സംസ്ഥാന ലിസ്റ്റിൽനിന്നും വഹിക്കേണ്ട ചെലവുകൾ എത്രത്തോളമെന്നത് സംബന്ധിച്ച് പ്രതീക്ഷിത കണക്കുകൾ ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാൽ കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടം 73-ലെ വ്യവസ്ഥകൾക്ക് വിരുദ്ധമാണെന്നതാണ് ക്രമപ്രശ്നത്തിലെ പ്രധാനപ്പെട്ട കാര്യം. 2021-ലെ കേരള കള്ള് വ്യവസായ വികസന ബോർഡ് ബില്ലിൽ ബോർഡിന് നൽകേണ്ട ഗ്രാന്റുകളുടെ തുക സർക്കാർ നിശ്ചയിക്കേണ്ടതായിട്ടുണ്ട്. ഗ്രാന്റോ ധനസഹായമോ ആയി എത്ര തുക ബോർഡിന് നൽകേണ്ടതുണ്ടെന്ന് നിശ്ചയിക്കേണ്ടതിനാൽ മതിപ്പ് ചെലവ് ഇവിടെ മുൻകൂട്ടി കണക്കാക്കാൻ സാധിക്കാത്ത സാഹചര്യമാണ് നിലവിലുള്ളത്. അതിനാൽ പ്രതീക്ഷിത കണക്കുകൾ ഉൾപ്പെടുത്തിയിട്ടില്ല. 2019-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും (ഭേദഗതി) ബില്ലിന്റെ ധനകാര്യ മെമ്മോറാണ്ടം സംബന്ധിച്ച് 07-11-2019-ൽ ബഹുമാനപ്പെട്ട സ്പീക്കർ താഴെപ്പറയും പ്രകാരം റൂളിംഗ് നൽകിയിട്ടുണ്ട്. കീഴ്വഴക്കം അടിസ്ഥാനപ്പെടുത്തി പരിശോധിക്കണം. മതിപ്പ് ചെലവ് മുൻകൂട്ടി കണക്കാക്കാൻ കഴിയുന്നപക്ഷം അക്കാര്യം വിശദമായി ധനകാര്യ മെമ്മോറാണ്ടത്തിൽ ഉൾപ്പെടുത്തുക തന്നെയാണ് സഭയുടെ കീഴ്വഴക്കവും ചട്ടവും. എന്നാൽ അപൂർവ്വം ചില സന്ദർഭങ്ങളിൽ ഇവിടെ സൂചിപ്പിച്ച പ്രകാരം മതിപ്പ് ചെലവ് മുൻകൂട്ടി വ്യക്തമായി കണക്കാക്കാൻ സാധിക്കാത്ത സാഹചര്യത്തിൽ അപ്രകാരമുള്ള ധനകാര്യ മെമ്മോറാണ്ടം ഉൾക്കൊള്ളിക്കുന്ന കീഴ്വഴക്കം സഭയിൽ സ്വീകരിച്ചിട്ടുണ്ട്. 2019-ലെ കേരള സഹകരണ ആശുപത്രി കോംപ്ലക്സും മെഡിക്കൽ സയൻസ് അക്കാദമിയും അനുബന്ധ സ്ഥാപനങ്ങളും (ഏറ്റെടുക്കലും നടത്തിപ്പും) ബില്ലിലും ഇപ്രകാരമൊരു ധനകാര്യ മെമ്മോറാണ്ടമാണ് ഉൾപ്പെടുത്തിയിരുന്നത്. അതിനാൽ തടസ്സവാദം നിലനിൽക്കുന്നതല്ലെന്ന് ചെയർ റൂൾ ചെയ്യുന്നതാണ്. ഇവിടെത്തന്നെ ഉണ്ടായിട്ടുള്ള ഒരു കാര്യം 2019-ലെ അനുഭവമാണ്. കൂടാതെ യു.ഡി.എഫ്.-ന്റെ തന്നെ ഭരണകാലത്ത് 2012-ൽ കോമൺവെൽത്ത് ട്രസ്റ്റ് കോഴിക്കോട് (സംരംഭം വിലയ്ക്കെടുക്കലും കൈമാറ്റം ചെയ്യലും) ബില്ലിലെ ധനകാര്യ മെമ്മോറാണ്ടത്തിലും അതുപോലെ 2015-ലെ കേരള സ്പോർട്സ് (ഭേദഗതി) ബില്ലിലെ ധനകാര്യ മെമ്മോറാണ്ടത്തിലും സർക്കാരിൽനിന്ന് എത്ര തുക ഗ്രാന്റായി അനുവദിക്കുമെന്നത് ഇപ്പോൾ പറയാൻ സാധിക്കുന്നതല്ല എന്നതിനാൽ ഇതിലേയ്ക്കായി സംസ്ഥാന സഞ്ചിതനിധിയിൽ നിന്നും എത്ര രൂപ ചെലവ് വരുമെന്ന് ഇപ്പോൾ കണക്കാക്കാൻ സാധിക്കുന്നതല്ലെന്ന്

പറഞ്ഞിട്ടുണ്ട്. സർക്കാരിൽനിന്നും എത്ര തുക ഗ്രാന്റ്/ ധനസഹായമായി അനുവദിക്കുമെന്ന് മുൻകൂട്ടി പറയാൻ സാധിക്കാത്ത സാഹചര്യത്തിലാണ് 7-11-2019-ലെ ബഹുമാനപ്പെട്ട സ്പീക്കറുടെ റൂളിംഗിൽ പരാമർശിച്ച പ്രകാരമുള്ള 2019-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും (ഭേദഗതി) ബിൽ, 2019-ലെ കേരള സഹകരണ ആശുപത്രി കോംപ്ലക്സും മെഡിക്കൽ സയൻസസ് അക്കാദമിയും അനുബന്ധ സ്ഥാപനങ്ങളും (ഏറ്റെടുക്കലും നടത്തിപ്പും) ബിൽ, 2012-ലെ കോമൺവെൽത്ത് ട്രസ്റ്റ് കോഴിക്കോട് (സംരംഭം വിലയ്ക്കെടുക്കലും കൈമാറ്റം ചെയ്യലും) ബിൽ, 2015-ലെ കേരള സ്പോർട്സ് ഭേദഗതി ബിൽ എന്നീ ബില്ലുകളിലെ ധനകാര്യ മെമ്മോറാണ്ടത്തിന് സമാനമായ രീതിയിൽ ഈ ബില്ലിന്റെ ധനകാര്യ മെമ്മോറാണ്ടവും ഉൾപ്പെടുത്തിയിട്ടുണ്ട്.

## റൂളിംഗ്

മി. സ്പീക്കർ: ഇന്ന് സഭ പരിഗണിക്കുന്ന 2021-ലെ കേരള കള്ള് വ്യവസായ വികസന ബോർഡ് ബില്ലിൽ ചേർത്തിരിക്കുന്ന ധനകാര്യ മെമ്മോറാണ്ടത്തിലെ അപാകത സംബന്ധിച്ചാണ് ചട്ടം 303 പ്രകാരം ബഹുമാനപ്പെട്ട അംഗം ശ്രീ. രമേശ് ചെന്നിത്തല ഇവിടെ ക്രമപ്രശ്നം ഉന്നയിച്ചത്. ഈ ബില്ലിൽ ഇപ്രകാരമൊരു ധനകാര്യ മെമ്മോറാണ്ടം ഉൾപ്പെടുത്താനുണ്ടായ സാഹചര്യവും സഭയിലെ മുൻ അനുഭവങ്ങളും ബില്ലിന്റെ ചുമതലയുള്ള ബഹുമാനപ്പെട്ട മന്ത്രി ഇവിടെ വിശദീകരിക്കുകയുണ്ടായി.

ഈ നിയമം നിലവിൽ വരുന്നതോടുകൂടി അതിലെ വ്യവസ്ഥകൾ നടപ്പാക്കുന്നതിന്റെ ഭാഗമായി സർക്കാർ നിശ്ചയിക്കുന്ന പ്രകാരമുള്ള നിബന്ധനകൾക്ക് വിധേയമായി കള്ള് വ്യവസായ വികസന ബോർഡിലേക്ക് ധനസഹായങ്ങളും ഗ്രാന്റുകളും നൽകേണ്ടി വരുന്നതാണ്. എന്നാൽ അപ്രകാരം നൽകേണ്ടി വരുന്ന തുക എത്രയാണെന്നതു സംബന്ധിച്ച് സർക്കാർ തീരുമാനിച്ചിട്ടില്ലാത്ത സാഹചര്യത്തിലാണ് ധനകാര്യ മെമ്മോറാണ്ടത്തിൽ ആവർത്തകവും അനാവർത്തകവുമായി വരാവുന്ന ചെലവ് സംബന്ധിച്ച തുക കണക്കാക്കാൻ സാധിക്കുന്നില്ലായെന്ന് ബില്ലിന്റെ ധനകാര്യ മെമ്മോറാണ്ടത്തിൽ പരാമർശിക്കപ്പെട്ടതെന്നാണ് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ വിശദീകരിച്ചത്.

നമ്മുടെ സഭയിലെ കീഴ്വഴക്കം പരിശോധിച്ചതിൽ ഇപ്രകാരമുള്ള സന്ദർഭങ്ങളിൽ ധനകാര്യ മെമ്മോറാണ്ടം ഇതേ രൂപത്തിൽ തന്നെയാണ് മുൻകാലങ്ങളിൽ ചേർത്തുവന്നിരുന്നത്. അക്കാരണത്താൽത്തന്നെ അതൊരു അപാകമാണെന്ന് കാണാനാകില്ല. എന്നിരുന്നാലും മാറിയ സാമൂഹിക സാമ്പത്തിക സാഹചര്യത്തിൽ

ഇത്തരത്തിലുള്ള പുതിയ നിയമനിർമ്മാണത്തിന് ഭാവിയിൽ തയ്യാറെടുക്കുന്ന വേളയിൽ, അതുമൂലം ഖജനാവിനുണ്ടാകാവുന്ന അധിക ബാദ്ധ്യത സംബന്ധിച്ച ഒരു മതിപ്പ് ചെലവ് കൂടി കണ്ടെത്തി അത് ധനകാര്യ മെമ്മോറാണ്ടത്തിന്റെ ഭാഗമാക്കുന്നതായിരിക്കും ഉചിതമെന്നാണ് കാണുന്നത്. അപ്രകാരമൊരു നിരീക്ഷണത്തോടെ ശ്രീ. രമേശ് ചെന്നിത്തലയുടെ ക്രമപ്രശ്നം തീർപ്പാക്കിയിരിക്കുന്നു.

**നിയമനിർമ്മാണകാര്യം (തുടർച്ച)**

മി. സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ): സർ, 2021-ലെ കേരള കള്ള് വ്യവസായ വികസന ബോർഡ് (ഭേദഗതി) ബിൽ സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച VIII-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

[അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. എം. രാജഗോപാലൻ]

ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ: സർ, കള്ള് വ്യവസായവുമായി ബന്ധപ്പെട്ട തൊഴിലിൽ ഏർപ്പെട്ടിട്ടുള്ള തൊഴിലാളികളുടെ തൊഴിലും ജീവിത സുരക്ഷിതത്വവും സംരക്ഷിക്കുന്നതിനും ഗുണകരമായ കള്ള് ചെത്തിയെടുക്കുന്നതിലെ പ്രായോഗിക ബുദ്ധിമുട്ട് പരിഹരിക്കുന്നതിനും ലക്ഷ്യംവച്ചുകൊണ്ട് കേരള കള്ള് വ്യവസായ വികസന ബോർഡ് രൂപീകരിക്കുന്ന കാര്യം ഒന്നാം പിണറായി വിജയൻ സർക്കാരിന്റെ കാലത്തുതന്നെ തീരുമാനിച്ചിരുന്നതാണ്. 2017-18-ലെ അബ്കാരി നയത്തിൽ കള്ള് വ്യവസായവുമായി ബന്ധപ്പെട്ട് ടോഡി ബോർഡ് രൂപീകരിക്കുമെന്ന് പ്രഖ്യാപിച്ചിരുന്നു. ഇതിനായി ഓർഡിനൻസും പുറപ്പെടുവിച്ചിരുന്നു. അത് പ്രാവർത്തികമാക്കുന്നതിനാണ് രണ്ടാം പിണറായി വിജയൻ സർക്കാർ ഈ ബിൽ അവതരിപ്പിക്കുന്നത്. കള്ളിന്റെ ഉൽപ്പാദനവും വിപണനവും നമ്മുടെ നാട്ടിലെ പരമ്പരാഗത വ്യവസായ മേഖലയുടെ ഭാഗമാണ്. ഇത് കേരളത്തിന്റെ സാമ്പത്തിക വ്യവസ്ഥയുടെ പ്രധാന ഘടകമെന്നതുപോലെ നമ്മുടെ സാമൂഹ്യ ജീവിതത്തിന്റെയും ഭാഗമാണ്. ഇത് പരമ്പരാഗതമായ കുലത്തൊഴിൽ പോലെയാണ് സ്വീകരിച്ചു പോന്നിരുന്നത്. കേരളത്തിന്റെ വടക്കൻ മേഖലയിൽ, പ്രധാനമായും മലബാർ മേഖലയിൽ മുത്തപ്പൻ ക്ഷേത്രമുൾപ്പെടെയുള്ള പ്രധാനപ്പെട്ട ചില ക്ഷേത്രങ്ങളുണ്ട്. അതിൽ ഏറ്റവും പ്രധാനപ്പെട്ട ഒരു ക്ഷേത്രം എന്റെ നിയോജകമണ്ഡലത്തിലെ

പറശ്ശിനിക്കടവ് ശ്രീമുത്തപ്പൻ ക്ഷേത്രമാണ്. ഈ ക്ഷേത്രത്തിലെയും വടക്കേ മലബാറിൽ ഇന്നും കെട്ടിയാടുന്ന മുത്തപ്പൻ തെയ്യത്തിന്റെയും പ്രധാനപ്പെട്ട നിവേദ്യം കള്ളും ഉണക്ക മത്സ്യവുമാണ്. ജാതി-ജന്മി-നാടുവാഴി വ്യവസ്ഥ നിലനിന്നിരുന്ന കാലത്ത് കള്ളുചെത്ത് ഒരു കുലത്തൊഴിലായി സ്വീകരിച്ച് വന്നതാണ്. കാലക്രമത്തിൽ വന്ന പല തരത്തിലുള്ള മാറ്റങ്ങളെ അടിസ്ഥാനപ്പെടുത്തി നാടിന്റെ സാമൂഹ്യജീവിതത്തിൽ സ്വാധീനം ചെലുത്തിപ്പോന്ന ഒന്നാണ് കള്ളുചെത്തും വിപണനവും. അതുകൊണ്ട് കള്ള് വ്യവസായത്തെ പരമ്പരാഗത വ്യവസായമായി പരിഗണിച്ചുവരികയാണ്. നിലവിൽ 25315 രജിസ്റ്റേർഡ് തൊഴിലാളികളും അത്രത്തോളം താൽക്കാലിക തൊഴിലാളികളും ചെത്തുകാരായുണ്ട്. ഇതിനുപുറമെ, വിതരണ-വിപണന രംഗത്തും ആയിരക്കണക്കിനാളുകൾ കള്ള് വ്യവസായത്തിൽ ഏർപ്പെട്ടിരിക്കുന്നു. ഇത്തരത്തിൽ കർഷകർക്കും തൊഴിലാളികൾക്കും തൊഴിലും വരുമാനവും നൽകുന്ന പരമ്പരാഗത വ്യവസായമെന്ന നിലയിൽ കള്ള് ചെത്ത് വ്യവസായത്തെ നിലനിർത്തേണ്ടത് അത്യന്താപേക്ഷിതമാണ്. ഇതൊക്കെ പരിഗണിച്ചാണ് ഈ വ്യവസായത്തിന്റെ പുരോഗതിക്കുവേണ്ടി കള്ള് വ്യവസായ വികസന ബോർഡ് രൂപീകരിക്കാൻ തീരുമാനിച്ചത്. കള്ള് യഥാർത്ഥത്തിൽ ഒരു പ്രകൃതിദത്ത ജൈവ പാനീയമാണ്. അതിന്റെ ഉപഭോക്താക്കളായ ലക്ഷക്കണക്കിന് ആളുകളുണ്ട്. സംസ്ഥാനത്ത് 910 ഗ്രൂപ്പുകളിലായി 5170 കള്ള് ഷാപ്പുകളാണുള്ളത്. അതിൽ 4840 ഷാപ്പുകൾ നിലവിൽ ലൈസൻസ് ചെയ്തിട്ടുണ്ട്. 1995-96 വർഷത്തിൽ 22.51 കോടി രൂപയ്ക്ക് ലേലം ചെയ്തിരുന്നതാണ് ഈ ഷാപ്പുകൾ. പിന്നീടത് അൽപ്പം വർദ്ധിച്ച് 2002-03 ആയപ്പോൾ ഏതാണ്ട് 146.44 കോടി രൂപയ്ക്കാണ് വിൽപ്പന നടത്തിയിരുന്നത്. സാമ്പത്തികമായുള്ള എന്തെങ്കിലുമൊരു നേട്ടം വച്ചുകൊണ്ടല്ല ഈ മേഖലയിൽ ഇങ്ങനെയൊരു ബിൽ അവതരിപ്പിക്കാൻ തീരുമാനിക്കുന്നത്. പത്ത് വർഷമായി വിൽപ്പനത്തുകയിൽ വ്യത്യാസമൊന്നും വരുത്തിയിട്ടില്ല. ലക്ഷക്കണക്കിനാളുകൾ ആശ്രയിക്കുന്ന ഒരു പരമ്പരാഗത വ്യവസായമെന്ന നിലയ്ക്കാണ് കള്ള് വ്യവസായ മേഖലയെ സംരക്ഷിക്കുന്നതിനും വികസിപ്പിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും ഈ രംഗത്തെ തൊഴിലാളികളുടെ തൊഴിലവസരം സംരക്ഷിക്കുന്നതിനും കാലാകാലങ്ങളിൽ സർക്കാർ നിശ്ചയിക്കുന്ന ചുമതലകൾ നിർവ്വഹിക്കുകയും ചെയ്യുകയെന്ന ഉദ്ദേശ്യത്തോടെ കള്ള് വ്യവസായ വികസന ബോർഡ് രൂപീകരിക്കാൻ ഉദ്ദേശിക്കുന്നത്. പരമ്പരാഗത വ്യവസായമെന്ന നിലയിൽ കള്ള് വ്യവസായത്തെ സംരക്ഷിച്ച് കാലോചിതമാക്കേണ്ടതും പ്രകൃതിദത്ത പാനീയമായ കള്ളിന് കൂടുതൽ പ്രചാരണം നൽകി ശുദ്ധമായ കള്ള് ഉപഭോക്താക്കൾക്ക് നൽകുന്നതിൽ വിശ്വാസ്യത നേടിയെടുക്കുന്നതിനും കഴിയേണ്ടതുണ്ട്. ഇതിന്റെ ആദ്യപടിയായി നിർദ്ദിഷ്ട ടോഡി ബോർഡിന്റെ കീഴിൽ

തെങ്ങുകളിൽനിന്ന് നേരിട്ട് കള്ള് സംഭരിച്ച് സംസ്കരണം നടത്തി ടോഡി ഷോപ്പുകൾക്ക് വിതരണം ചെയ്യുന്ന രീതി അവലംബിക്കണമെന്നാണ് കാണുന്നത്. അതിനായി നിലവിലുള്ള കള്ള് ചെത്ത് മേഖലയുമായി ബന്ധപ്പെട്ട തൊഴിലാളികളെയും പുതുതായി ഈ രംഗത്തേയ്ക്ക് കടന്നുവരുന്നവരെയും പരിഗണിക്കാവുന്നതാണ്. നിലവിൽ കള്ള് ഷാപ്പുകൾ പ്രവർത്തിക്കാത്ത മേഖലകളിൽ ടോഡി ബോർഡിന്റെ കീഴിൽ ആധുനിക സൗകര്യങ്ങളോടുകൂടിയ ഷാപ്പുകൾ തുടങ്ങാവുന്നതും പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കാവുന്നതുമാണ്. ഈ രീതിയിൽ ശുദ്ധമായ കള്ള് വിതരണം ചെയ്യാൻ കഴിയുമെന്ന് ഉറപ്പാക്കാൻ സാധിച്ചാൽ ആരോഗ്യകരമായ രീതിയിൽ കള്ള് ഉപയോഗിക്കുന്നതിനും അതുവഴി കള്ളിന്റെ ഉപഭോഗം വർദ്ധിപ്പിക്കുന്നതിനും സാധിക്കുന്നതാണ്. വീര്യം കുറഞ്ഞ മദ്യമാണെന്നുള്ളതുകൊണ്ട് ആളുകളുടെ ആരോഗ്യത്തിന് കള്ള് ഒരു പ്രശ്നമായി വരുന്നില്ല. മാത്രമല്ല, കേരകർഷകരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിന് സാധിക്കുകയും ചെയ്യും. ഒട്ടുമിക്ക ജില്ലകളിലും ഇപ്പോൾ കള്ളിന്റെ ലഭ്യത കുറവാണ്. പാലക്കാട് ജില്ലയിൽ നിന്നാണ് അന്തർജില്ലാ പെർമിറ്റ് മുഖാന്തരം കള്ള് എത്തിക്കുന്നത്. ഇപ്രകാരം കൊണ്ടുവരുന്ന കള്ളിൽ മായം ചേർക്കുന്ന സംഭവങ്ങൾ ഇപ്പോൾ കണ്ടെത്തിയിട്ടുണ്ട്. കള്ളിന്റെ വിതരണ രീതി മാറ്റിയാൽ ശുദ്ധമായ കള്ളിന്റെ ലഭ്യത ഉറപ്പാക്കാനാകുമെന്നുള്ളതാണ് സത്യം. നിലവിൽ കള്ളിന്റെ ഉല്പാദനം അധികമുള്ള പാലക്കാട് ജില്ലയിൽ അധികമുള്ള കള്ള് നശിപ്പിച്ച് കളയുകയാണ് പതിവ്. ചിറ്റൂർ മേഖലയിൽ ഈ സാമ്പത്തിക വർഷത്തിൽ മാത്രം 219599 തെങ്ങുകൾ ചെത്തിവരുന്നുണ്ട്. 1500 ചെത്ത് തോപ്പുകൾ ഇവിടെ നിലവിലുണ്ട്. അധികം വരുന്ന കള്ള് നശിപ്പിക്കുകയാണ് ചെയ്യുന്നത്. അതിനുപകരം കള്ളിൽനിന്ന് വിനാഗിരി, വീര്യം കുറഞ്ഞ മദ്യം എന്നിവ ഉൾപ്പെടെയുള്ള മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ ഉണ്ടാക്കാം. നിർദ്ദിഷ്ട ബോർഡ് അതിനുള്ള പദ്ധതികൾ ആസൂത്രണം ചെയ്യും. കൂടുതൽ കള്ളുൽപ്പാദിപ്പിക്കുന്ന സീസണിൽ കള്ള് സംഭരിക്കുന്നതിനും കള്ളിന്റെ ഷെൽഫ് ലൈഫ് ഉയർത്തുന്നതിനും ആവശ്യമായ സംവിധാനങ്ങൾ ഏർപ്പെടുത്താനുള്ള പദ്ധതികളും ഈ ബോർഡ് ആവിഷ്കരിച്ച് നടപ്പിലാക്കുന്നതാണ്. ഒട്ടുമിക്ക കള്ള് ഷാപ്പുകളും താരതമ്യേന സൗകര്യങ്ങൾ കുറഞ്ഞ കെട്ടിടങ്ങളിലാണ് പ്രവർത്തിക്കുന്നത്. ഇത് ഉപഭോക്താക്കളെ കള്ള് ഷാപ്പുകളിൽ നിന്ന് പിന്തിരിപ്പിക്കുന്നുണ്ട്. കെട്ടിടങ്ങളുടെ ഉയർന്ന വാടക ലൈസൻസികൾക്ക് ഭാരമാകുന്ന സ്ഥിതിയും വരുന്നുണ്ട്. ഈ പശ്ചാത്തലത്തിൽ ബോർഡ് മുൻകയ്യെടുത്ത് സൗകര്യങ്ങളോടുകൂടിയ കെട്ടിടം നിർമ്മിച്ച് നൽകിയാൽ ഇത്തരം പ്രശ്നങ്ങൾക്ക് പരിഹാരം കാണാനും ബോർഡിന് കെട്ടിടങ്ങളുടെ വാടകയിനത്തിൽ വരുമാനമുണ്ടാക്കാനും സഹായകരമാകും. സംസ്ഥാനത്ത് ആകെയുള്ള 5170 കള്ള് ഷാപ്പുകളിൽ പതിനഞ്ച് ശതമാനം മുതൽ

ഇരുപത് ശതമാനം വരെ വിവിധ കാരണങ്ങളാൽ എല്ലായ്പ്പോഴും അടഞ്ഞു കിടക്കുകയാണ്. നിലവിൽ 772 ഷാപ്പുകൾ പ്രവർത്തിക്കുന്നില്ല. അത് തൊഴിലാളി കൾക്കിടയിൽ തൊഴിൽ പ്രശ്നത്തിന് കാരണമാകുന്നു. ടോഡി ബോർഡ് കള്ള് ഷാപ്പുകൾ ഏറ്റെടുത്ത് നടത്തുന്ന പക്ഷം ഇത്തരം പ്രശ്നങ്ങളും നമുക്ക് ഒഴിവാക്കാൻ സാധിക്കും. തദ്ദേശീയമായ വീര്യം കുറഞ്ഞ മദ്യമെന്ന നിലയിൽ ടൂറിസം മേഖലയിൽ ആകർഷകമായ ഒരു സ്ഥാനം കള്ള് വ്യവസായത്തിന് ഉണ്ടാക്കാവുന്നതാണ്. വിനോദസഞ്ചാരികളെ ആകർഷിക്കത്തക്ക രീതിയിൽ പദ്ധതികൾ ആസൂത്രണം ചെയ്ത് ബോർഡിന് നടപ്പാക്കാനാകും. നിലവിൽ കള്ള് വ്യവസായ മേഖലയിൽ പരിശീലനം ലിഭിച്ചിട്ടില്ലാത്തവരാണ് ജോലി നോക്കുന്നത്. ടോഡി ബോർഡ് മുൻകയ്യെടുത്ത് തൊഴിലാളികൾക്ക് പരിശീലനം നൽകുന്നതിലൂടെ തൊഴിലാളികളുടെ ക്ഷമത വർദ്ധിപ്പിക്കാനും വ്യവസായത്തെ പരിപോഷിപ്പിക്കാനും സാധിക്കും. കേരവൃക്ഷങ്ങളുടെ പരിപാലനം സംബന്ധിച്ച് കർഷകർക്കും തൊഴിലിലെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി തൊഴിലാളികൾക്കും സാങ്കേതിക പരിജ്ഞാനം പകർന്ന് നൽകുന്നതും ഈ മേഖലയെ കൂടുതൽ ആധുനികവൽക്കരിക്കുന്നതിന് സഹായകമാകും. നിർദ്ദിഷ്ട ബോർഡ് രൂപീകരിക്കുന്നതിലൂടെ കേര കർഷകർക്കും തൊഴിലാളികൾക്കും കള്ള് ഷാപ്പ് നടത്തിപ്പുകാർക്കും കൂടുതൽ ഗുണകരമായ രീതിയിൽ മുന്നോട്ടു പോകാൻ സാധിക്കും. സാമ്പത്തിക ആനുകൂല്യങ്ങളിൽ മാത്രം ഒതുങ്ങുന്ന പ്രശ്നമല്ല ഇത്. ഈ രംഗത്ത് കൂടുതൽ പേർക്ക് തൊഴിൽ നൽകുന്നതിനും കൂടുതൽ കർഷകർക്ക് പ്രയോജനം ലഭിക്കുന്നതിനും ഉപഭോക്താക്കൾക്ക് മായം കലരാത്ത കള്ള് ലഭ്യമാക്കുന്നതിനും നടപടിയെടുക്കാൻ ഇതിന്റെ ഭാഗമായി സാധിക്കും. ഇതിന്റെ അടിസ്ഥാനത്തിലാണ് വിപുലമായ ലക്ഷ്യങ്ങളോടെയുള്ള കള്ള് വ്യവസായ വികസന ബോർഡ് രൂപീകരിക്കാൻ ഉദ്ദേശിക്കുന്നത്. ഇതാണ് ഇതിന്റെ ഭാഗമായി അവതരിപ്പിക്കാനുള്ളത്.

ഡോ. എം. കെ. മുനീർ ചുമതലപ്പെടുത്തിയതുപ്രകാരം ശ്രീ. രമേശ് ചെന്നിത്തല: I move that-

" This House resolves to disapprove The Kerala Toddy Industry Development Board Ordinance, 2021 (Ordinance No.103 of 2021)."

ബഹുമാനപ്പെട്ട മന്ത്രി ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ ഈ ബിൽ അവതരിപ്പിച്ചുകൊണ്ട് സംസാരിച്ചത് വളരെ ആകർഷകമായി എനിക്ക് തോന്നി. പക്ഷേ ഇപ്പോൾ നമ്മുടെ നാട്ടിൽ കള്ളുമില്ല, കള്ള് ചെത്ത് തൊഴിലാളികളുമില്ല. നിലവിലുള്ള തൊഴിലാളികൾക്ക് ക്ഷേമം ഉറപ്പുവരുത്താൻവേണ്ടി കേരള കള്ള് ചെത്ത് തൊഴിലാളി ക്ഷേമനിധി ബോർഡ് നിലവിലുണ്ട്. അവിടെ ഏതാണ്ട്

ആയിരത്തോളം ജീവനക്കാർ ഇരുപതിനായിരത്തോളം തൊഴിലാളികൾക്കായി ക്ഷേമപ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. പിന്നെ ഇങ്ങനെ ഒരു ബോർഡ് വേണോ? പ്രകടനപത്രികയിൽ പറഞ്ഞുപോയി എന്നുള്ളതുകൊണ്ട് ഇതൊരു ആചാരമായി മാറി എന്നുള്ള നിലയിലാണ് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത്. കഴിഞ്ഞ ഇടതുപക്ഷ ഗവൺമെന്റിന്റെ പ്രകടനപത്രികയിൽ ഇങ്ങനെയൊരു ബോർഡ് രൂപീകരിക്കുമെന്ന് പറഞ്ഞതുകൊണ്ട് ഞങ്ങൾ രൂപീകരിക്കുന്നു എന്നാണ് പറഞ്ഞത്. വാസ്തവത്തിൽ ഇന്ന് ഈ മേഖലയിലെ തൊഴിലാളികളുടെ എണ്ണം കുറഞ്ഞുവരികയാണ്. 1990 വരെ കേരളത്തിൽ വളരെ ശക്തമായി നിലനിന്നിരുന്ന ഒരു പരമ്പരാഗത വ്യവസായമായിരുന്നു കള്ള് വ്യവസായം. കാലാനുസൃതമായ മാറ്റം ഈ മേഖലയിൽ ഇല്ലാത്തതുമൂലം ക്രമേണ ഇത് അന്യംനിന്നുപോകുന്ന കാഴ്ചയാണ് നമുക്ക് കാണാൻ കഴിയുന്നത്. നിലവിൽ ഫലപ്രദമായി പ്രവർത്തിക്കുന്നതും എല്ലാ തൊഴിലാളി സംഘടനകൾക്കും അംഗത്വമുള്ളതും വളരെ നല്ല സാമ്പത്തിക വരുമാനവുമുള്ള ഒരു ബോർഡാണ് കേരള കള്ള് ചെത്ത് തൊഴിലാളി ക്ഷേമനിധി ബോർഡ്. ഇരുപതിനായിരത്തോളം തൊഴിലാളികൾ രജിസ്റ്റർ ചെയ്തിട്ടുള്ള ഈ ബോർഡ് വർഷംതോറും കോടിക്കണക്കിന് രൂപ ചെലവഴിക്കുന്നുണ്ട്. ചെത്ത് എന്ന തൊഴിലിനോട് പൊതുവെ പുതിയ തലമുറ ആഭിമുഖ്യം കാണിക്കുന്നില്ലെന്നു ള്ളതാണ് കാണാൻ കഴിയുന്നത്. ഐ.എൻ.ടി.യു.സി.-യുടെയും സി.ഐ.ടി.യു.-ന്റെയും നേതൃത്വത്തിൽ എന്റെ മണ്ഡലത്തിൽ ചെത്ത് തൊഴിലാളി യൂണിയൻ ഇപ്പോഴും നിലനിൽക്കുന്നുണ്ട്. കുറച്ച് തൊഴിലാളികൾ അതിലുണ്ട്, ഇല്ലെന്ന് ഞാൻ പറയുന്നില്ല. ബഹുമാനപ്പെട്ട വൈദ്യുതി വകുപ്പുമന്ത്രിയുടെ മണ്ഡലമായ പാലക്കാട് ജില്ലയിലെ ചിറ്റൂർ, തൃശ്ശൂർ ജില്ലയിലെ അന്തിക്കാട്, ആലപ്പുഴ ജില്ലയിലെ ചേർത്തല, ഹരിപ്പാട്, എറണാകുളം ജില്ലയിലെ അങ്കമാലി, പറവൂർ, കണ്ണൂർ ജില്ലയിലെ ചില ഭാഗങ്ങൾ എന്നിവിടങ്ങളിലാണ് കള്ള് കൂടുതലായി ഉൽപ്പാദിപ്പിക്കപ്പെടുന്നത്. ഞങ്ങളുടെ മണ്ഡലങ്ങളിൽ നൂറുകണക്കിന് തൊഴിലാളികൾ പണ്ടുണ്ടായിരുന്നെങ്കിൽ ഇപ്പോൾ വളരെ പരിമിതമായ ആളുകൾ മാത്രമാണ് ഈ തൊഴിലിൽ ഏർപ്പെട്ട് പ്രവർത്തിക്കുന്നത്. പുതിയ തലമുറയിൽപ്പെട്ടവരാരും ഈ തൊഴിലിലേയ്ക്ക് വരുന്നി ല്ലെന്നുള്ളതും ശ്രദ്ധേയമാണ്. സംസ്ഥാനത്താകെയുള്ള 5184 കള്ള് ഷാപ്പുകളിൽ 2000-ത്തിന് താഴെ മാത്രമേ പ്രവർത്തിക്കുന്നുള്ളൂ. ഈ ഷാപ്പുകളുടെ പ്രവർത്തന ത്തിനാവശ്യമായ കള്ള് സംസ്ഥാനത്തെ പല ഭാഗങ്ങളിലും ലഭിക്കുന്നില്ല. വ്യാജ കള്ളാണ് പലയിടങ്ങളിലും സുലഭമായി ലഭിക്കുന്നതെന്നുള്ള പരാതി നിലനിൽ ക്കുന്നുമുണ്ട്. ചിറ്റൂരിലുള്ള കള്ള് അന്തർ ജില്ലാ പെർമിറ്റോടുകൂടി വരുന്നുവെന്ന് പറഞ്ഞാൽപ്പോലും അത് പലയിടത്തും വരുന്നില്ല. വ്യാജ കള്ള് വ്യാപകമാകുന്നു എന്നുള്ള പരാതികൾ പരിശോധിക്കാനുള്ള നടപടി അടിയന്തരമായി ഉണ്ടാകേണ്ടതാണ്.

ബഹുമാനപ്പെട്ട മന്ത്രി മുത്തപ്പൻ ക്ഷേത്രത്തെക്കുറിച്ച് പറഞ്ഞത് സത്യമാണ്. അപൂർവ്വങ്ങളായ ചില ക്ഷേത്രങ്ങളിൽ, പ്രത്യേകിച്ച് വടക്കേ മലബാറിൽ തെയ്യം ഉൾപ്പെടെയുള്ള സന്ദർഭങ്ങളിൽ ദൈവത്തിനുള്ള വഴിപാടായി കള്ള് കൊടുക്കുന്നു എന്നത് യാഥാർത്ഥ്യമാണ്. കേരള കള്ള് വ്യവസായ വികസന ബോർഡിന്റെ ചുമതലകൾ എന്ന നിലയിൽ ബില്ലിന്റെ ഭാഗമായി വിഭാവനം ചെയ്തിരിക്കുന്ന പല പ്രവർത്തനങ്ങളും സത്യത്തിൽ മറ്റ് പല വകുപ്പുകളും ഇപ്പോൾ ചെയ്തുകൊണ്ടിരിക്കുന്ന, വിവിധ സർക്കാർ ഏജൻസികളുടെ പ്രവർത്തനത്തിൽ വരുന്ന കാര്യങ്ങളാണ്. ഉദാഹരണത്തിന്, ഉപഭോക്താക്കൾക്ക് ശുദ്ധമായ കള്ള് ലഭിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തുക എന്ന ബോർഡിന്റെ ചുമതല അങ്ങയുടെ കീഴിലുള്ള എക്സൈസ് വകുപ്പ് നിയമപരമായി ചെയ്യേണ്ട പ്രാഥമിക ഉത്തരവാദിത്വമാണ്. അതിന് പ്രത്യേകിച്ച് ഒരു ബോർഡിന്റെ ആവശ്യമില്ല. കള്ളിൽനിന്നും മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കുക, അത്യുൽപ്പാദന ശേഷിയുള്ള വൃക്ഷങ്ങൾ വച്ചുപിടിപ്പിക്കുക, കർഷകർക്കും തൊഴിലാളികൾക്കും ഉപകരിക്കുന്ന തരത്തിലുള്ള വിജ്ഞാന കേന്ദ്രങ്ങൾ ആരംഭിക്കുക തുടങ്ങിയ ബോർഡിന്റെ ചുമതലയായി കാണിച്ചിട്ടുള്ള പല പ്രവർത്തനങ്ങളും ഇപ്പോൾത്തന്നെ കൃഷി വകുപ്പ്, നാളികേര വികസന ബോർഡ് തുടങ്ങിയ ഏജൻസികൾ നിർബാധം നടത്തിക്കൊണ്ടിരിക്കുന്നവയാണ്. കഴിഞ്ഞ ഉമ്മൻ ചാണ്ടി ഗവൺമെന്റിന്റെ കാലത്ത് നാളികേരത്തിൽനിന്നും 'നീര' ഉൽപ്പാദിപ്പിക്കാൻ കഴിയുമോയെന്ന് പരീക്ഷിക്കുകയും അതിന് വലിയ പ്രചാരം കൊടുത്തതുമാണ്. ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) വലിയ പ്രതീക്ഷയോടുകൂടി കണ്ട പദ്ധതിയായിരുന്നു അത്. പക്ഷേ പിന്നീടത് ഫലപ്രദമായി മുന്നോട്ട് കൊണ്ടുപോകാൻ കഴിയാതെ പരാജയപ്പെട്ടു. ഇത്തരം പരീക്ഷണങ്ങളിലേയ്ക്ക് ഇറങ്ങണമോയെന്ന് ഗവൺമെന്റ് ഒന്നുകൂടി ആലോചിക്കേണ്ടതാണ്. അതുപോലെ കർഷകരുടെ പരിശീലനവും ട്രെയിനിംഗും എംപ്ലോയ്മെന്റ് വകുപ്പ് മുഖേനയോ ASAP (Additional Skill Acquisition Programme) ഉൾപ്പെടെയുള്ള ഏജൻസികൾ മുഖേനയോ നടത്താവുന്നതാണ്. അതിന് പ്രത്യേകിച്ച് ഒരു ബോർഡിന്റെ ആവശ്യമില്ല. സംസ്ഥാനത്തെ പല ബോർഡുകളും തികച്ചും വെള്ളാനകളാണ്. പലതിന്റെയും പ്രവർത്തനം നടക്കുന്നില്ല. ചെയർമാന് കാർ, മറ്റ് സൗകര്യങ്ങൾ, മെമ്പർമാർക്കുള്ള യാത്രപ്പടി എന്നിങ്ങനെ മറ്റൊരു സംസ്ഥാനത്തുമില്ലാത്ത വിധത്തിൽ കേരളത്തിൽ ബോർഡുകളുടെ എണ്ണം കൂട്ടുകയാണ്. ഈ ഗവൺമെന്റിന്റെ കാലത്ത് മാത്രമല്ല കാലാകാലങ്ങളായി അധികാരത്തിൽ വന്ന ഗവൺമെന്റുകൾ 'കാട്ടിലെ തടി തേവരുടെ ആന' എന്നു പറയുന്നതുപോലെ ഉത്തരവാദിത്തമില്ലാത്ത ഓരോ ബോർഡുകളുണ്ടാക്കി അതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾപോലും യാഥാർത്ഥ്യമാക്കാത്ത നിലയിലാണ് പോകുന്നത്. ഒരു ബോർഡ് കൂടി അധികം വരുന്നു എന്നല്ലാതെ കർഷകർക്കോ തൊഴിലാളികൾക്കോ

എന്തെങ്കിലും പ്രത്യേക പ്രയോജനമുണ്ടാകുമെന്ന് എനിക്ക് തോന്നുന്നില്ല. കള്ള് ഷാപ്പുകൾക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് സർക്കാർ നിയന്ത്രണത്തിലുള്ള നിലവിലുള്ള അക്രഡിറ്റഡ് ഏജൻസികളെ ഉപയോഗപ്പെടുത്താം. പുതിയ കെട്ടിടങ്ങൾ നിർമ്മിക്കാൻ എന്തിനാണ് ബോർഡ്? പ്രത്യേക ബോർഡിന്റെ ആവശ്യം കെട്ടിട നിർമ്മാണത്തിനില്ല. പാർട്ടിക്കാർക്കും ബന്ധുക്കൾക്കും തൊഴിൽ നൽകാനാണെങ്കിൽ അതിനുവേണ്ടി മാത്രം ഒരു ബോർഡുണ്ടാക്കേണ്ട ആവശ്യമുണ്ടോ? ആ തുക കൂടി പാവപ്പെട്ട കള്ള് ചെത്ത് തൊഴിലാളികളുടെ ആനുകൂല്യ വിതരണത്തിനായി മാറ്റിവയ്ക്കുന്നതായിരിക്കും ഗുണകരമെന്നാണ് എന്റെ അഭിപ്രായം. ഇല്ലാത്ത കള്ളിനും അന്യംനിന്നുപോകുന്ന ചെത്ത് തൊഴിലിനും വേണ്ടി ബോർഡുണ്ടാക്കുന്നത് എത്രമാത്രം യാഥാർത്ഥ്യബോധമുള്ളതാണെന്ന് ബഹുമാനപ്പെട്ട മന്ത്രി ആലോചിക്കുമെന്ന് ഞാൻ കരുതുകയാണ്.

ടൂറിസം എന്നാൽ ലഹരി എന്നൊരു കാഴ്ചപ്പാട് നമ്മളെല്ലാവരും ഉപേക്ഷിക്കണം. മദ്യപിക്കാനാണോ ഇവിടെ വിദേശത്തുനിന്നും ആളുകൾ വരുന്നത്? ഇവിടെ വരുന്ന ടൂറിസ്റ്റുകളൊന്നും അത്തരത്തിൽ അമിതമായി മദ്യപിക്കുന്നവരാണെന്ന വിശ്വാസം എനിക്കില്ല. അവരുടെ രാജ്യങ്ങളിൽ ഇതിനേക്കാൾ വലിയ സൗകര്യങ്ങളുണ്ട്. നമ്മുടെ നാട്ടിലെ പ്രകൃതിഭംഗി ആസ്വദിക്കാൻ വരുന്നവരാണവർ. അവരെല്ലാം ലഹരിക്കുവേണ്ടിയാണ് ഇവിടെ വരുന്നതെന്നുള്ള ചിന്താഗതി ഒരിക്കലും അഭികാമ്യമല്ലെന്നാണ് എനിക്ക് പറയാനുള്ളത്. സ്വകാര്യ വ്യക്തികൾ നടത്തുന്ന കള്ള് ഷാപ്പിന് പണ്ട് ഡോ. ടി. എം. തോമസ് ഐസക് കെട്ടിടം നിർമ്മിക്കാൻ പുറപ്പെട്ട ഒരു കഥയുണ്ട്. ഒരു കെട്ടിടവുമുണ്ടായില്ല, ഒന്നും നടന്നില്ല എന്നത് വേറെ കാര്യം. അതുകൊണ്ട് പൊതുജനങ്ങളുടെ തലയിൽ പുതിയ ചെലവുകൂടി എന്തിനാണ് നമ്മൾ വരുത്തിവയ്ക്കുന്നത്. ധനകാര്യ മെമ്മോറാണ്ടത്തിൽ ഇതിനാവശ്യമായ ചെലവുകൾ ഉൾപ്പെടുത്താതിരുന്നത് ബോധപൂർവ്വമാണോയെന്ന് സംശയിക്കേണ്ടിയിരിക്കുന്നു. ഈ ബിൽ ധനകാര്യ വകുപ്പ് കണ്ടിട്ടുണ്ടോയെന്ന് എനിക്കറിയില്ല. സമാനമായ ക്ഷേമ കോർപ്പറേഷനുകളും ബോർഡുകളും സമന്വയിപ്പിച്ച് സർക്കാരിന്റെ ധനസ്ഥിതി മെച്ചപ്പെടുത്തുമെന്ന് ഈ ഗവൺമെന്റുതന്നെ നേരത്തെ പ്രഖ്യാപിച്ചതാണ്. കേരള കള്ള് ചെത്ത് ക്ഷേമനിധി ബോർഡിന്റെയും കേരള കള്ള് വ്യവസായ വികസന ബോർഡിന്റെയും പ്രവർത്തനങ്ങൾ തമ്മിൽ ഒരു വ്യത്യാസവുമില്ല. ട്രെയിനിംഗ് നൽകാനാവശ്യമായ സംവിധാനങ്ങൾ ഇപ്പോൾത്തന്നെ നിലവിലുണ്ട്. നാളികേര കൃഷി വ്യാപകമാക്കുന്നതിന് കൃഷി വകുപ്പും നാളികേര വികസന ബോർഡുമുണ്ട്. അവർക്ക് ചെയ്യാവുന്നതേയുള്ളൂ. പുതിയൊരു ബോർഡ് ഇതിനുവേണ്ടി രൂപീകരിക്കേണ്ട ഒരാവശ്യവുമില്ലെന്നുള്ളതാണ് കാണാൻ കഴിയുന്നത്. കള്ള് വ്യവസായം പുനരുദ്ധരിച്ച് ശാസ്ത്രീയമായി മെച്ചപ്പെടുത്തി തൊഴിലാളികൾക്ക് കൂടുതൽ വരുമാനവും ജോലിയും

നൽകുകയാണ് സർക്കാരിന്റെ ലക്ഷ്യമെങ്കിൽ എക്സൈസ് വകുപ്പിനെയോ പ്രാദേശിക ഭരണകൂടങ്ങളെയോ സംയോജിപ്പിച്ച് ഒരു സമഗ്ര പദ്ധതി തയ്യാറാക്കാവുന്നതേയുള്ളൂ. ഇതെല്ലാം എക്സൈസ് വകുപ്പിന്റെ ജോലിയാണ്. അവർക്ക് ഇത് ചെയ്യാൻ താഴെത്തലം വരെ എന്തൊക്കെ സംവിധാനങ്ങൾ നിലവിലുണ്ട്. അവരുടെ നേതൃത്വത്തിൽ ഇതിന് പരിശീലനം കൊടുക്കാം. ഇപ്പോൾ 'വിമുക്തി' പദ്ധതി നടപ്പാക്കുന്നില്ലേ? അതുപോലെ ആ വകുപ്പിനുതന്നെ ചെയ്യാൻ കഴിയുന്ന കാര്യങ്ങളാണ് ഇതെല്ലാം. വേണ്ടിവന്നാൽ പ്രാദേശിക ഭരണകൂടങ്ങളുടെ സഹായവും ആവശ്യപ്പെടാം.

ഉയരം കുറഞ്ഞ അത്യുൽപ്പാദനശേഷിയുള്ള തെങ്ങുകൾ വിവിധ കാർഷിക ഗവേഷണ കേന്ദ്രങ്ങളുടെ സഹായത്തോടെ വികസിപ്പിച്ച് കൃഷി ഭവനുകൾ വഴി കർഷകർക്ക് വിതരണം ചെയ്താൽ കള്ള് ചെത്ത് വ്യവസായത്തിലെ തൊഴിലാളികൾ നേരിടുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ സാധിക്കും. അതിന് പ്രത്യേക ബോർഡിന്റെ ആവശ്യമില്ല. കൂടാതെ കള്ള് ചെത്ത് ശാസ്ത്രീയമായ രീതിയിൽ പരിഷ്കരിക്കുന്നതിനുള്ള പരിശീലന പരിപാടികളും ഈ രംഗത്തെ വിദഗ്ദ്ധരായ തൊഴിലാളികളുടെയും പരിശീലന ഏജൻസികളുടെയും സഹായത്തോടെ ആവിഷ്കരിച്ച് എക്സൈസ് വകുപ്പിനുതന്നെ ഫലപ്രദമായി നടപ്പിലാക്കാൻ കഴിയുന്നതാണ്. സർക്കാർ നിയന്ത്രണത്തിലുള്ള ഏതെങ്കിലുമൊരു പരിശീലന ഏജൻസിയെ നോഡൽ ഏജൻസിയായി ഇതിനുവേണ്ടി നിശ്ചയിക്കാവുന്നതാണ്. അതിന് പ്രത്യേക ബോർഡിന്റെ എന്താവശ്യമാണുള്ളത്? വ്യാജക്കള്ളിന്റെ നിയന്ത്രണത്തിനാണ് പുതിയ ബോർഡ് രൂപീകരിക്കുന്നതെങ്കിൽ എനിക്ക് കൂടുതലൊന്നും പറയാനില്ല. ലഹരി കടത്ത് പിടിക്കാനേൽപ്പിച്ച പോലീസ് ഇന്ന് കഞ്ചാവ് കച്ചവടം നടത്തുന്നുവെന്ന വാർത്തയാണ് ഓരോ ദിവസവും പുറത്തുവന്നുകൊണ്ടിരിക്കുന്നത്. അനധികൃതമായി കള്ള് വിൽക്കുന്നുണ്ടെങ്കിൽ അത് പരിശോധിക്കാനുള്ള സംവിധാനം നിലവിൽ എക്സൈസ് വകുപ്പിനുണ്ട്. അങ്ങനെ വ്യാജക്കള്ള് നിയന്ത്രിക്കാം. അതിനുള്ള വളരെ വ്യക്തമായ നിയമങ്ങളും സംവിധാനങ്ങളും ഇപ്പോൾത്തന്നെ എക്സൈസ് വകുപ്പിനുണ്ടെന്ന് ബഹുമാനപ്പെട്ട മന്ത്രിക്കറിയാം. എത്ര സ്ഥലങ്ങളിൽ വ്യാജ കള്ള് പിടിക്കുന്നുണ്ട്. ഈ സാഹചര്യത്തിൽ ബോർഡിന്റെ രൂപീകരണ ത്തിൽനിന്നും സർക്കാർ പിന്തിരിയണമെന്നും കള്ള് ചെത്ത് തൊഴിലാളികളുടെയും കള്ള് ചെത്ത് വ്യവസായത്തിന്റെയും പുനരുദ്ധാരണത്തിനും വികസനത്തിനുമായി പ്രായോഗികവും സാമ്പത്തിക ക്ഷമതയുള്ളതുമായ മേൽസൂചിപ്പിച്ച ബദൽ ക്രമീകരണങ്ങൾ ഏർപ്പെടുത്തണമെന്നും ഞാൻ അഭ്യർത്ഥിക്കുന്നു. ബഹുമാനപ്പെട്ട മന്ത്രിയുടെ ഉദ്ദേശ്യശുദ്ധിയെ ഞാൻ ചോദ്യം ചെയ്യുന്നില്ല. അങ്ങ് നല്ല ഉദ്ദേശ്യത്തോടു കൂടിയാണ് ബിൽ കൊണ്ടുവന്നിട്ടുള്ളത്. പക്ഷേ ബോർഡ് ഇല്ലാതെതന്നെ നമുക്കിത് രൂപീകരിക്കാൻ കഴിയും. അങ്ങേയ്ക്ക് വേണമെങ്കിൽ ബഹുമാനപ്പെട്ട മന്ത്രി

ശ്രീ. കെ. കൃഷ്ണൻകുട്ടിയോട് അതിന്റെ വിദഗ്ദ്ധോപദേശം തേടാവുന്നതേയുള്ളൂ. അദ്ദേഹത്തിന്റെ മേഖലയിലാണ് ഈ വ്യവസായം ഏറ്റവും കൂടുതൽ തഴച്ച് വളർന്നിട്ടുള്ളത്. ഞങ്ങളുടെ മേഖലയിലുണ്ടായിരുന്ന ചെത്ത് വ്യവസായം ഏതാണ്ട് പൂർണ്ണമായും ഇല്ലാതായിക്കൊണ്ടിരിക്കുന്ന ഒരു കാലഘട്ടമാണിത്. ഇപ്പോൾ നിലനിൽക്കുന്നത് അവിടെയായതുകൊണ്ട് പറഞ്ഞതാണ്, ശ്രീ. കെ. കൃഷ്ണൻകുട്ടി എന്ത് പറഞ്ഞാലും പച്ചവെള്ളമാണെന്ന് അങ്ങേയ്ക്ക് തോന്നുമെന്ന് എല്ലാവർക്കും അറിയുന്ന കാര്യമാണ്. അതുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രി ഇക്കാര്യത്തിൻമേൽ പുനർവിചിന്തനം നടത്തണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ ഈ പ്രമേയം അവതരിപ്പിക്കുകയാണ്.

ശ്രീ. ഐ. സി. ബാലകൃഷ്ണൻ ചുമതലപ്പെടുത്തിയതുപ്രകാരം ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, ഞാൻ നിരാകരണപ്രമേയത്തെ പിന്താങ്ങുന്നു. കേരള കള്ള് വ്യവസായ വികസന ബോർഡ് രൂപീകരിക്കാൻ ഗവൺമെന്റ് ഓർഡിനൻസ് പുറപ്പെടുവിച്ചത് 2021 ഫെബ്രുവരി 25-നാണ്. ബോർഡ് കോൺസ്റ്റിറ്റ്യൂട്ട് ചെയ്തോ? ഇല്ല. യഥാർത്ഥത്തിൽ ഓർഡിനൻസിന്റെ ആവശ്യമില്ലായിരുന്നു. കാരണം, ഫെബ്രുവരി 25-നുശേഷമാണ് പെരുമാറ്റ ചട്ടം നിലവിൽ വന്നത്. അതിനുമുമ്പ് പാവപ്പെട്ട ചെത്ത് തൊഴിലാളികളെ കബളിപ്പിക്കാൻവേണ്ടി ഒരു ഓർഡിനൻസിറക്കി. യഥാർത്ഥത്തിൽ ഫെബ്രുവരി 25-ന് ഇത് ഓർഡിനൻസായി 972-ാം നമ്പർ അസാധാരണ ഗസറ്റായി വന്നു. രണ്ടാം പിണറായി സർക്കാർ അധികാരത്തിലേറിയിട്ട് ഇപ്പോൾ ഏഴ് മാസമായി. ഇതുവരെ ബോർഡ് കോൺസ്റ്റിറ്റ്യൂട്ട് ചെയ്യാനുള്ള യാതൊരു നടപടിയുമെടുത്തിട്ടില്ല. അതിന്റെ അർത്ഥം ഓർഡിനൻസിറക്കേണ്ട യാതൊരാവശ്യവുമില്ലായിരുന്നു എന്നാണ്. അത്യാവശ്യമായി എന്തെങ്കിലും കാര്യങ്ങൾ ചെയ്യാൻ ഉദ്ദേശിച്ചാണെങ്കിൽ ഓർഡിനൻസിറക്കുന്നത് മനസ്സിലാക്കാം. ഏഴ് മാസമായി ഒന്നും ചെയ്തിട്ടില്ല. തെരഞ്ഞെടുപ്പ് സമയത്ത് തൊഴിലാളികളെ കളിപ്പിക്കാൻവേണ്ടി ചെയ്ത പരിപാടിയാണ് ഈ ഓർഡിനൻസ്. അതുപോലെ ടോഡി ബോർഡ് രൂപീകരണം മദ്യനയത്തിലുണ്ടാകുമെന്ന് 2020-ൽ സർക്കാരിന്റെ പ്രോഗ്രസ്സ് റിപ്പോർട്ടിൽ പറഞ്ഞെങ്കിലും അപ്പോഴുമുണ്ടായില്ല. യഥാർത്ഥത്തിൽ ഇക്കാര്യത്തിൽ എത്രത്തോളം ആത്മാർത്ഥതയുണ്ടെന്ന് സംശയിക്കേണ്ടിയിരിക്കുന്നു. ഒരു ബോർഡ് രൂപീകരിച്ച് തൊഴിലാളികൾക്ക് കൂടുതൽ മെച്ചമുണ്ടായാൽ ഞാനതിനെ തീർച്ചയായും സ്വാഗതം ചെയ്യും. ഇവിടെ ബഹുമാനപ്പെട്ട രമേശ് ചെന്നിത്തല പറഞ്ഞ ഒരു കാര്യം ശരിയാണ്. തെങ്ങിൽ നിന്നാണ് കള്ളുണ്ടാക്കുന്നത്. നമ്മുടെ നാട്ടിൽ ചെത്താൻ തെങ്ങില്ലെന്നുള്ളതാണ് സത്യം. മെഷീൻ കൊണ്ടല്ല തെങ്ങ് ചെത്തുന്നത്. അതിന് തൊഴിലാളികൾ വേണം. കേരളത്തിൽ 18000 തൊഴിലാളി കളാണ് ഇപ്പോൾ ക്ഷേമനിധി ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ളത്. നേരിട്ട് ജോലി ചെയ്യുന്ന 16000 തൊഴിലാളികളേയുള്ളൂ. ഉൽപ്പാദന മേഖലയിൽ ആളില്ല. പുതിയ

തലമുറ ഈ മേഖലയിലേയ്ക്ക് കടന്നുവരുന്നില്ല, ഇനി വരികയുമില്ല. കാരണം, ഒരു പരമ്പരാഗത കള്ള് ചെത്ത് വ്യവസായത്തൊഴിലാളിയും തങ്ങളുടെ മക്കൾ അതേ തൊഴിൽ ചെയ്ത് ജീവിക്കണമെന്ന് ആഗ്രഹിക്കുന്നവരല്ല. അതുകൊണ്ട് ഇത് പ്രായോഗികമായി നടപ്പാക്കാൻ പ്രയാസമുണ്ട്. സത്യത്തിൽ ചെത്ത് വ്യവസായം പ്രതിസന്ധിയിലാണ്. ലോക്ക്ഡൗൺ കാലത്ത് കള്ള് ചെത്ത് വ്യവസായ മേഖല യിലുണ്ടായ പ്രതിസന്ധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് നിങ്ങളുടെ ഭാഗത്തുള്ള ഒരംഗം തന്നെ അങ്ങയോട് ഒരു ചോദ്യം ചോദിച്ചു. അതിന് അങ്ങ് കൊടുത്ത ഉത്തരം 'ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്' എന്നാണ്. അതിൽ നിങ്ങൾ എന്ത് നടപടിയാണ് സ്വീകരിച്ചത്? ചെത്ത് തൊഴിലാളികൾ കോവിഡ് കാലഘട്ടത്തിൽ 5000 രൂപ സഹായമായി ആവശ്യപ്പെട്ടിട്ട് നൽകിയില്ല. എന്നാൽ മാറിമാറി വരുന്ന ഗവൺമെന്റുകൾ, എൽ.ഡി.എഫ്. സർക്കാരാകട്ടെ അത് യു.ഡി.എഫ്. സർക്കാരാകട്ടെ ക്ഷേമനിധി ഒരു അക്ഷയപാത്രമായി കണക്കാക്കി അതിന്റെ ഫണ്ട് ഇങ്ങോട്ട് എടുക്കുകയാണ്. 500 കോടി രൂപ പോലെ വലിയ തുകകൾ എടുക്കുന്ന അക്ഷയ നിധിയാണ് ചെത്ത് തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ ഫണ്ട്. തൊഴിലാളികളെ സംബന്ധിച്ചിടത്തോളം അവരുടെ കൂലി വർദ്ധിപ്പിക്കാനുള്ള നടപടികളൊന്നും സ്വീകരിച്ചില്ല. കൊവിഡ് കാലത്ത് ബാറുകളിലെല്ലാം മദ്യം പൊതിഞ്ഞുകൊടുത്ത് വിൽപ്പന അനുവദിച്ച പശ്ചാത്തലത്തിൽ കള്ള് ഷാപ്പുകളിൽ അത് അനുവദിച്ചില്ല. ഞാൻ അതിനെ എതിർക്കുന്നതല്ല. പരമ്പരാഗത വ്യവസായ ത്തോട് ഇത്ര വലിയ താൽപര്യമുണ്ടെങ്കിൽ കള്ള് പൊതിഞ്ഞു കൊടുക്കാൻ നിങ്ങൾ അനുവദിക്കേണ്ടതായിരുന്നു. പാവങ്ങൾ ജോലി ചെയ്യുന്ന ഈ മേഖലയിൽ അനുവദിച്ചില്ല. നിങ്ങൾക്ക് ഈ വ്യവസായത്തോട് യഥാർത്ഥത്തിൽ ഒരു ആത്മാർ ത്ഥതയുമില്ല. ബഡ്ജറ്റിൽ ചെത്തുതൊഴിലാളികളെ പൂർണ്ണമായും അവഗണിച്ചു വെന്നാണ് എ.ഐ.റ്റി.യു.സി. പറഞ്ഞത്. ആലപ്പുഴയിൽ നിന്നുള്ള എ.ഐ.റ്റി.യു. സി.-യുടെ ഒരു പ്രസ്താവന ഞാൻ വായിച്ചതാണ്. 'ബഡ്ജറ്റിൽ കള്ള് വ്യവസായത്തെ അവഗണിച്ചു-ചെത്ത് തൊഴിലാളി ഫെഡറേഷൻ'. നിങ്ങൾ തമ്മിൽ പരമ്പരാഗതമായി തർക്കമുള്ള ഒരു മേഖലയാണിത്. ഞങ്ങൾ മാത്രമല്ല എ.ഐ.റ്റി.യു.സി.-യും ചെത്ത് തൊഴിലാളികളെ ബഡ്ജറ്റിൽ അവഗണിച്ചുവെന്ന് പറയുന്നു. കള്ള് വ്യവസായത്തിന് ഇത്രയും നാശമുണ്ടാകാൻ കാരണം തെങ്ങില്ലാ തായതാണ്. ഇവിടെ സൂചിപ്പിച്ചതുപോലെ ഇത് രക്ഷപ്പെടണമെങ്കിൽ നമ്മുടെ നാട്ടിൽ ഉയരം കുറഞ്ഞ തെങ്ങ് വളർത്താൻ തയ്യാറാകണം. കേരഗ്രാമം പദ്ധതി ഗവൺമെന്റ് ആവിഷ്കരിച്ചിട്ടുണ്ട്. ഉയരം കുറഞ്ഞ തെങ്ങായാൽ ചെത്താനും നാളികേരം പറിക്കാനും എളുപ്പമാണ്. ചില്ലിത്തെങ്ങിൽ കയറി കള്ള് ചെത്തുക യെന്നത് വളരെ പ്രയാസമാണ്. അതുകൊണ്ട് ഇതിലേയ്ക്ക് പുതിയ തലമുറ വരില്ല.

ഇപ്പോൾ ഇവിടെ കള്ളുണ്ടോ? ഇവിടെ കള്ള് കിട്ടുന്ന സ്ഥലങ്ങളുടെ പേര് പറഞ്ഞു. പാലക്കാട്, അന്തിക്കാട്, പറവൂർ, അങ്കമാലി, വയനാട്, കണ്ണൂർ എന്നീ മേഖലകളിൽ ചെറിയ തോതിൽ കള്ളുണ്ട്. പ്രതിപക്ഷനേതാവിന്റെ നിയോജകമണ്ഡലത്തിൽ ആയിരക്കണക്കിന് ചെത്ത് തൊഴിലാളികളുണ്ടായിരുന്നെങ്കിലും ഇപ്പോൾ വളരെ കുറവാണ്. തെങ്ങുകൾക്കെല്ലാം കേട് വന്നതിനാൽ ആളുകൾ ഇതിലേയ്ക്ക് വരുന്നില്ല.*** ഞാൻ കുറ്റം പറയുകയല്ല. കൃത്രിമ കള്ളാണ് ഇപ്പോൾ മിക്കവാറും വിതരണം ചെയ്തുകൊണ്ടിരിക്കുന്നത്.

6.00 P.M]

ചീഫ് വിപ് (ഡോ. എൻ. ജയരാജ്): സർ, കേരളത്തിന്റെ സാമൂഹിക-സാംസ്കാരിക ജീവിതത്തിൽ കള്ളിന് വലിയ പ്രാധാന്യമുണ്ടായിരുന്നു.

"വെള്ളം ചേർക്കാതെടുത്തോരമൃതിനു

സമമാം നല്ലിളം കള്ളു, ചില്ലിൻ

വെള്ളഗ്ലാസ്സിൽ പകർന്നങ്ങനെ രുചികരമാം....."

എന്ന് ചങ്ങമ്പുഴ കൃഷ്ണപിള്ളയുടെ മനോഹരമായ ഒരു കവിതയുണ്ട്. ഒരു കാലഘട്ടത്തിൽ നമ്മുടെ സാമൂഹ്യജീവിതത്തിൽ നന്നായിട്ടുണ്ടായിരുന്ന ഒരു വസ്തുവായിരുന്നു കള്ള്.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, ഞാൻ വേറൊരു പാട്ട് പറയാം.

"കള്ളോളം നല്ല പാനീയം ഭൂലോകത്തില്ല മാളോരേ എള്ളോളം പള്ളയിൽ ചെന്നാൽ ഭൂലോകം ധിമിതിന്തിത്തൈയ്"

ഇത് 'മാറ്റൊലി' എന്ന സിനിമയിൽ ശ്രീ. ബിച്ചു തിരുമല എഴുതിയ ഗാനമാണ്.

ശ്രീ. കെ. ബാബു (നെന്മാറ): സർ, അങ്ങ് പറഞ്ഞതിന്റെ അർത്ഥം കള്ളിൽ മറ്റെന്തോ കലക്കിയിട്ട് കൊണ്ടുവരുന്നുവെന്നാണ്. അങ്ങനെ സഭയിൽ പറയാൻ പാടില്ലായിരുന്നു. അദ്ദേഹം എക്സൈസ് മന്ത്രിയായിരുന്നു. പാലക്കാടിന്റെ കിഴക്കൻ മേഖലയിലുള്ള കാർഷിക മേഖലയെയും കേര കർഷകരെയും ചെത്ത് തൊഴിൽ കൊണ്ടുമാത്രം സംരക്ഷിക്കുന്ന സ്ഥിതിയിലേയ്ക്കാണ് വരുന്നത്. പണ്ട് പാലക്കാട് പനയായിരുന്നു ഉണ്ടായിരുന്നത്. അത്തരത്തിൽ കള്ള് വ്യവസായത്തേയും കള്ള്

*** ബഹുമാനപ്പെട്ട അംഗം പിൻവലിച്ചു.

ചെത്തുന്ന തൊഴിലാളികളെയും അതുമായി ഉപജീവനം നടത്തുന്നവരെയും അപമാനിതരാക്കുന്ന തരത്തിലുള്ള അദ്ദേഹത്തിന്റെ ഈ പരാമർശം പിൻവലിക്കണമെന്നുള്ള അഭ്യർത്ഥനയാണുള്ളത്.

<u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)</u>: സർ, അങ്ങയുടെ ആഗ്രഹപ്രകാരം പരാമർശം പിൻവലിക്കുകയാണ്. പക്ഷേ ഞാനത് ആലങ്കാരികമായി പറഞ്ഞതാണ്. ഒരു സംഭവം പറയാം, കള്ള് കൊണ്ടുവരുന്ന പാലക്കാട് ജില്ലയിലെ ചിറ്റൂർ മേഖലയിൽ എക്സൈസ് വകുപ്പ് റെയിഡ് നടത്തുകയും വ്യാജ കള്ള് പിടിക്കുകയും ചെയ്തിട്ടുണ്ട്. ഇവിടെ ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത്, 5170 ഷാപ്പുകളിൽ 4840 ഷാപ്പുകളും പ്രവർത്തിക്കുന്നുണ്ടെന്നാണ്. എന്നാൽ അത്രയും കള്ള് ഉണ്ടാക്കുന്നുണ്ടോ; പതിനാറായിരം തൊഴിലാളികൾ കള്ള് ചെത്തിയാൽ ഇത്രയും കള്ള് ലഭിക്കുമോ? കള്ളുണ്ടാക്കുന്നതിന്റെ ടെക്നോളജി ഞാൻ പറഞ്ഞുതരാം, ആയിരം ലിറ്റർ കള്ള്, ആയിരം ലിറ്റർ സ്പിരിറ്റ്, പതച്ചുവരാൻ സിലോൺ പേസ്റ്റ്, ഒൻപതിനായിരം ലിറ്റർ വെള്ളം, ഇവ കലക്കിയാണ് പതിനായിരം ലിറ്റർ കള്ളുണ്ടാക്കുന്നത്. കള്ള് ലഭിക്കാത്തതിനാൽ ഭൂരിഭാഗം ഷാപ്പുകളിലും നിലവിൽ ഇങ്ങനെയാണ് കള്ളുണ്ടാക്കുന്നത്. പഞ്ചസാര, യീസ്റ്റ് എന്നിവകൂടി ചേർത്താണ് കള്ളുണ്ടാക്കുന്നത്. നിലവിൽ ഭൂരിഭാഗം ഷാപ്പുകളിൽനിന്നും ഇത്തരം കള്ളാണ് ലഭിക്കുന്നത്. അതിനാൽ പരിശോധന ഫലപ്രദമായി നടക്കുന്നില്ല. ടോഡി ബോർഡ് രൂപീകരിച്ചാലും അത് നിലനിൽക്കണമെങ്കിൽ യഥാർത്ഥ കള്ള് ലഭിക്കണ്ടേ; അക്കാര്യമാണ് ഞാൻ സൂചിപ്പിച്ചത്.

<u>ശ്രീ. മോൻസ് ജോസഫ്</u>: സർ, ബഹുമാനപ്പെട്ട മുൻ എക്സൈസ് വകുപ്പുമന്ത്രിയായിരുന്ന ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) പ്രധാനപ്പെട്ട വിഷയമാണ് ചൂണ്ടിക്കാണിക്കുന്നത്. പാലക്കാട് ചിറ്റൂരിൽനിന്നും ശുദ്ധമായ കള്ളാണ് വാഹനങ്ങളിൽ കൊണ്ടുവരുന്നത്. എന്നാലിത് കോട്ടയം, എറണാകുളം, ആലപ്പുഴ തുടങ്ങിയ വിവിധ സ്ഥലങ്ങളിൽ എത്തുന്നതുവരെ കുഴപ്പമില്ല. എത്തിയതിനുശേഷം സംഭവിക്കുന്ന മാറ്റങ്ങളാണ് അങ്ങ് ചൂണ്ടിക്കാണിക്കുന്നത്. ഇത്തരത്തിൽ വരുന്ന മാറ്റങ്ങളെ ആർക്കെങ്കിലും നിഷേധിക്കാൻ കഴിയുമോ; കള്ള് ആവശ്യത്തിന് ലഭിക്കാത്തതുകൊണ്ട് കള്ളിനുവേണ്ടി ആളുകൾ ഷാപ്പുകളുടെ മുന്നിൽ ക്യൂ നിൽക്കുകയാണ്. അവിടെ വിതരണം ചെയ്യാനുള്ള കള്ള് ആവശ്യത്തിന് ലഭിക്കുന്നില്ല. കള്ള് വിതരണം ചെയ്യാൻ ലഭിക്കാതെ വരുമ്പോൾ ഇത്തരത്തിൽ കൃത്രിമം കാണിച്ച്. കള്ളിൽ മായം ചേർത്ത് ആളുകൾക്ക് വലിയ ദുരന്തമുണ്ടാകുന്ന വിധത്തിൽ കള്ള് വ്യാപാരം നടത്തുന്ന സാഹചര്യം ഗവൺമെന്റ് ഗൗരവമായി പരിശോധിക്കേണ്ടതല്ലേ?

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, ശുദ്ധമായ കള്ള് ലഭിക്കുന്നതിന് പരിമിതികളുണ്ട്. അതിനാൽ പരിശോധന ശക്തമാക്കേണ്ടതുണ്ട്. കാനായിലെ കല്യാണത്തിന് യേശുവും മാതാവായ കന്യാമറിയവും ക്ഷണിക്കപ്പെട്ടിരുന്നു. വിരുന്നിനിടയിൽ വീഞ്ഞ് തീർന്നുപോയി. വീഞ്ഞ് തീർന്നുപോകുന്നത് കല്യാണ വീട്ടുകാർക്ക് അപമാനകരമാണ്. അതിനാൽ മാതാവ് യേശുവിനോട് പറഞ്ഞു, അവർക്ക് വീഞ്ഞില്ല. എന്നിട്ട് ജോലിക്കാരോട് പറഞ്ഞു, അവൻ (യേശു) പറയുന്നതു പോലെ ചെയ്യുവിൻ. മാതാവിന്റെ ആവശ്യപ്രകാരം യേശു ജോലിക്കാരോട് ഭരണികളിൽ വെള്ളം നിറയ്ക്കാൻ പറഞ്ഞു. അവർ അപ്രകാരം ചെയ്തു. യേശു വെള്ളത്തെ വീഞ്ഞാക്കിയശേഷം കലവറ പ്രമാണിയുടെ അടുക്കൽ കൊണ്ട് ചെല്ലുവിനെന്ന് പറഞ്ഞു. വീഞ്ഞായി മാറിയ വെള്ളം അയാൾ രുചിച്ചുനോക്കി. അത് മുന്തിയതരം വീഞ്ഞായിരുന്നു. ഇത് കാനായിലെ കല്യാണത്തിന് യേശു വെള്ളത്തെ വീഞ്ഞാക്കിയ കഥയാണ്. എന്നാലിപ്പോൾ, മിക്കവാറും എല്ലാ കരാറുകാരും ഞാൻ നേരത്തെ പറഞ്ഞതുപോലെ കള്ളുണ്ടാക്കിക്കൊണ്ടിരിക്കുകയാണ്.

മി. ചെയർമാൻ: പ്ലീസ്....... പ്ലീസ്......

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, എൽ.ഡി.എഫ്. ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം കള്ള് വ്യവസായത്തെ സംരക്ഷിക്കണമെന്നുള്ളതിനേക്കാൾ താല്പര്യം മറ്റ് വിദേശ മദ്യങ്ങളോടാണ്.

മി. ചെയർമാൻ: രാവിലെ ചെയറും അംഗങ്ങളും തമ്മിൽ ഒരു ധാരണയുണ്ടാക്കിയിട്ടുണ്ട്.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, ലക്ഷക്കണക്കിന് തൊഴിലാളികൾ ജോലി ചെയ്തിരുന്ന ഈ മേഖല തെങ്ങ് ഇല്ലാത്തതിനാലും പുതിയ തലമുറ ഇത്തരം ജോലിയിൽ കടന്നുവരാത്തതിനാലും അന്യംനിന്നുപോകുന്ന സ്ഥിതിയിലേയ്ക്ക് എത്തുകയാണ്. അത് വളരെ വ്യസനകരമാണ്. നീര ഉല്പാദനത്തിന്റെ പരിമിതികളെക്കുറിച്ചാണ് ഞാൻ പറയുന്നത്. 112 വർഷത്തിനുശേഷം എക്സൈസ് നിയമത്തിൽ മാറ്റം വരുത്തിയാണ് യു.ഡി.എഫ്. ഗവൺമെന്റ് നീര ഉല്പാദിപ്പിക്കുന്നതിനാവശ്യമായ ലൈസൻസ് നൽകാൻ തീരുമാനിച്ചത്. അതിന് വലിയ അംഗീകാരം ലഭിച്ചു. എന്നാൽ നീര വ്യവസായം മുന്നോട്ടുപോകുന്നില്ല. അതിന് പ്രധാന കാരണം മധുരക്കള്ള് ചെത്തിയെടുക്കാൻ തെങ്ങും ചെത്തുകാരുമില്ല എന്നതാണ്. അതുകൊണ്ട് നീര വ്യവസായം ആരംഭിച്ച സ്ഥാപനങ്ങൾ ഏറെക്കുറെ പൂട്ടിയ അവസ്ഥയിലാണ്. എൽ.ഡി.എഫ്. സർക്കാർ വിദേശ മദ്യത്തെ പ്രോത്സാഹിപ്പിക്കുന്ന കാര്യത്തിൽ കാണിച്ച ആത്മാർത്ഥത ചെത്ത് വ്യവസായത്തിന്റെ കാര്യത്തിൽ കാണിച്ചിട്ടില്ല.

യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് വിദ്യാലയങ്ങളുടെയും ആശുപത്രികളുടെയും ഭാഗത്തുനിന്ന് ബാർഹോട്ടലുകൾക്കുള്ള ദൂരപരിധി അമ്പത് മീറ്ററിൽനിന്ന് ഇരുനൂറ് മീറ്ററാക്കി. എന്നാലത് എൽ.ഡി.എഫ്. ഗവൺമെന്റ് വന്നപ്പോൾ അമ്പത് മീറ്ററായി കുറച്ചു. വളരെ വിപ്ലവകരമായ തീരുമാനമാണത്. കാരണം, ദൂരപരിധി അമ്പത് മീറ്ററായി കുറച്ചപ്പോൾ സ്കൂളിൽനിന്നോ കോളേജിൽനിന്നോ നേരെ ബാർ ഹോട്ടലുകളിലേയ്ക്ക് കയറിയാൽ മതി. എന്നാൽ കള്ള് ഷാപ്പിന്റെ കാര്യത്തിൽ ദൂരപരിധി നാനൂറ് മീറ്ററാണ്. എന്നാൽ യു.ഡി.എഫ്. ഗവൺമെന്റ് അങ്ങനെ ദൂരപരിധി കുറച്ചിട്ടില്ല. ഞങ്ങൾക്ക് അങ്ങനെയൊരു നിലപാടില്ലായിരുന്നു. എന്നാൽ എൽ.ഡി.എഫ്. സർക്കാർ സ്കൂളിന്റെയും കോളേജിന്റെയും സമീപത്തുനിന്ന് ബാർഹോട്ടലുകളുടെ ദൂരപരിധി അമ്പത് മീറ്ററായി കുറച്ചപ്പോൾ കള്ള് ഷാപ്പിന്റെ ദൂരപരിധി നാനൂറ് മീറ്ററാണ്. നിങ്ങളത് മുന്നൂറ്റിയൻപതായി കുറച്ചില്ല. എൽ.ഡി.എഫ്. ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം വിദേശ മദ്യത്തോട് കാണിക്കുന്ന താല്പര്യവും ആത്മാർത്ഥയും കള്ള് വ്യവസായത്തോട് അല്പംപോലും കാണിക്കുന്നില്ല.

മി. ചെയർമാൻ: ബഹുമാനപ്പെട്ട അംഗം പ്ലീസ് കൺക്ലൂഡ്........

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, കൺക്ലൂഡ് ചെയ്യാം. സ്വയം നിയന്ത്രിക്കണമെന്നാണ് ബഹുമാനപ്പെട്ട സ്പീക്കർ പറഞ്ഞിട്ടുള്ളത്. ഞാൻ അതിനുവേണ്ടി ശ്രമിക്കുകയാണ്. കള്ള് വ്യവസായ വികസന ബോർഡ് രൂപീകരിക്കുന്നതിനുള്ള തീരുമാനം നടപ്പാക്കുമെങ്കിൽ അത് സ്വാഗതാർഹമാണ്. എന്നാൽ കള്ള് വ്യവസായത്തിന് ധാരാളം പരിമിതികളുണ്ട്. ഇവിടെ സൂചിപ്പിച്ചതുപോലെ, ഇതിലെ പല കാര്യങ്ങളും മറ്റ് പല വകുപ്പുകൾക്കും ചെയ്യാൻ സാധിക്കുന്നതാണ്. കള്ള് വ്യവസായ തൊഴിലാളികളുടെ വേതനം ന്യായമായി പരിഷ്കരിക്കണം. വേതനം പരിഷ്കരിച്ച് നിലവിലുള്ള തൊഴിലാളികളെ നിലനിർത്താൻ ഗവൺമെന്റ് നടപടി സ്വീകരിക്കണം. അതിനെക്കുറിച്ച് സർക്കാരിന്റെ നിലപാട് വ്യക്തമാക്കണമെന്ന് സൂചിപ്പിക്കുന്നു. അതുപോലെ കള്ളിന്റെ ഗുണനിലവാരത്തെ സംബന്ധിച്ച് ഞാൻ നേരത്തെ പറഞ്ഞു. എൻഫോഴ്സ്മെന്റ് കർക്കശമാക്കണം. ചിറ്റൂരിൽനിന്നും കള്ളുമായി വാഹനം പുറപ്പെടുമ്പോൾ മാത്രം പരിശോധിക്കാതെ പോകുന്ന വഴിക്ക് ട്രാൻസ്പോർട്ടിംഗ് വേളയിലും പരിശോധിക്കണം. ചിറ്റൂരിൽ പരിശോധന കർക്കശ്ശമാക്കണം.

മി. ചെയർമാൻ: പ്ലീസ്...... പ്ലീസ്.........

ശ്രീ. മാത്യു ടി. തോമസ്: സർ, പോയിന്റ് ഓഫ് ഓർഡർ. 284(7) ബഹുമാനപ്പെട്ട അംഗം പ്രസംഗിക്കുന്നതിനിടയിൽ ബൈബിളിലെ ഒരു കഥ സവിസ്തരം വായിച്ചു. കാനായിലെ കല്യാണത്തിന് വെള്ളം വീഞ്ഞാക്കിയ ക്രിസ്തുദേവന്റെ ആദ്യത്തെ അത്ഭുത പ്രവർത്തിയെ ഇന്ന് നാട്ടിൽ നടക്കുന്ന വ്യാജക്കള്ള് നിർമ്മാണവുമായി

താരതമ്യപ്പെടുത്തി സംസാരിച്ചത് ഒരു വിഭാഗത്തിന് അപകീർത്തികരമാണ്. അതിനാൽ അത് രേഖയിൽനിന്ന് നീക്കം ചെയ്യുകയോ പിൻവലിക്കുകയോ ചെയ്യണം.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, ഞാൻ അങ്ങനെ പറഞ്ഞിട്ടില്ല. ബൈബിളിലെ കഥയെ ദുർവ്യാഖ്യാനം ചെയ്ത് മുതലാക്കാമെന്ന് വിചാരിക്കേണ്ട. ഞാൻ അങ്ങനെ ഉദ്ദേശിച്ച് പറഞ്ഞതല്ല. ..........(ബഹളം)......

മി. ചെയർമാൻ: തർക്കം വേണ്ട. രേഖകൾ പരിശോധിച്ച് പറയാം.*

ശ്രീ. പി. ടി. തോമസ്: സർ, ബഹുമാന്യനായ മുൻമന്ത്രിയായിരുന്ന ശ്രീ. മാത്യു ടി. തോമസിനെപോലെയുള്ള ഉന്നതനായ ഒരു വ്യക്തി ഇത്തരമൊരു കാര്യത്തെ ചെറുതായി ചിത്രീകരിക്കാൻ പാടില്ല. അങ്ങയുടെ മാഹാത്മ്യത്തിന് യോജിച്ചതല്ല. അദ്ദേഹം ആ പ്രസ്താവന പിൻവലിച്ചാൽ സഭയ്ക്കുതന്നെ നല്ലതാണെന്ന് ഞാൻ ചൂണ്ടിക്കാണിക്കുന്നു.

ശ്രീ. പി. പി. ചിത്തരഞ്ജൻ: സർ, ബഹുമാനപ്പെട്ട കെ. ബാബു (തൃപ്പൂണിത്തുറ) ഒരുകാരണവശാലും അത്തരത്തിൽ പദപ്രയോഗം നടത്താൻ പാടില്ലായിരുന്നു. അദ്ദേഹം പറഞ്ഞത് സമൂഹത്തെ മുഴുവൻ ആക്ഷേപിക്കുന്നതാണ്.

മി. ചെയർമാൻ: പ്ലീസ്............ പ്ലീസ്.........

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: സർ, ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) പറഞ്ഞ പദപ്രയോഗം സഭാരേഖകളിൽനിന്നും നീക്കം ചെയ്യണമെന്ന ആവശ്യം തികച്ചും ന്യായമാണ്.

മി. ചെയർമാൻ: അതുസംബന്ധിച്ച വിവാദത്തിലേയ്ക്ക് പോകേണ്ടതില്ല. രേഖ പരിശോധിച്ച് പറയാം.

ശ്രീ. പി. ഉബൈദുള്ള ചുമതലപ്പെടുത്തിയതുപ്രകാരം (ഡോ. മാത്യു കുഴൽനാടൻ): സർ, 2021-ലെ കേരള കള്ള് വ്യവസായ വികസന ബോർഡ് ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 13-3-2022 വരെ സർക്കുലേറ്റ് ചെയ്യണമെന്ന 1 (എ) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

നമുക്ക് കള്ളിനോടുള്ള സമീപനം ഈ ചർച്ചയിൽനിന്നുതന്നെ വ്യക്തമാകുന്നതാണ്. ഏറ്റവും നിർഭാഗ്യകരമായ കാര്യം, ഒരുപക്ഷേ കേരളത്തിന് അനന്തമായ സാദ്ധ്യതയുണ്ടായിരുന്നതാണ് ഈ വിഷയം. ഇപ്പോൾ സാധാരണയായി

---

* ബഹുമാനപ്പെട്ട സഭാദ്ധ്യക്ഷന്റെ ഉത്തരവിൻപ്രകാരം (ഫയൽ നമ്പർ16324 /ഇ.ബി./2021/നി.സെ. തീയതി 8-10-2021) സഭാരേഖകളിൽ നിലനിർത്തി.

ഏതെങ്കിലും രാജ്യത്ത് പോയാൽ അവിടത്തെ തദ്ദേശീയമായ പാനീയങ്ങളോട് ഒരു പ്രത്യേക പ്രിയമുണ്ട്. പക്ഷേ, കേരളത്തിൽ വന്ന് ഷാപ്പിൽ കയറി കള്ള് കുടിക്കണമെന്നാഗ്രഹിച്ച് ഏതെങ്കിലുമൊരു വിദേശി വന്നാൽ, ഇന്ന് അതിനുള്ള സാഹചര്യം ഇവിടെയുണ്ടോ എന്ന് സ്വയം ആലോചിച്ചാൽ മതി. ഒരു ഷാപ്പി ലെങ്കിലും ഒരാൾക്ക് കയറാൻ സാധിക്കുമോ? ഏറ്റവും മോശമായ അവസ്ഥയിൽ, അവഗണിക്കപ്പെട്ട നിലയിലാണ് നമ്മൾ ഇതിനെ കൈകാര്യം ചെയ്യുന്നത്. അതാണ് ഇതിന്റെ ഏറ്റവും വലിയ ശാപം. ഈ ബിൽ കൊണ്ടുവരുന്നതിനെ ഞാൻ സ്വാഗതം ചെയ്യുന്നു. തീർച്ചയായും ഇത് പോസിറ്റീവ് ആസ്പെക്ടിലെടുത്ത് അതിന്റെ വൈവിദ്ധ്യവൽക്കരണത്തെക്കുറിച്ച് ചിന്തിക്കണം. അതായത്, ഗവൺമെന്റ് അപ്രൂവ് ചെയ്ത്, ഗവൺമെന്റിന്റെ സീലും സ്റ്റാമ്പുമുള്ള ടെട്രാപാക്കിൽ കേരളത്തിന്റെ പാനീയമായി ബ്രാൻഡ് ചെയ്ത് കള്ള് വിൽക്കാൻ കഴിയുമെങ്കിൽ അതൊരു വലിയ നേട്ടമായിരിക്കും. അതല്ലാതെ വീണ്ടും കുറച്ചാളുകളെ കുടിയിരുത്താനും കുറച്ചാളുകളെ വീണ്ടും ഈ മേഖലയിൽ പിടിച്ചുനിർത്താനും അവർക്കെന്തെങ്കിലും ഏർപ്പാടുകൾ ചെയ്തുകൊടുക്കാനുംവേണ്ടി മാത്രമാണെങ്കിൽ വീണ്ടുമൊരു നിയമനിർമ്മാണം കൊണ്ട് പ്രസക്തിയുണ്ടാകുമെന്ന് എനിക്ക് തോന്നുന്നില്ല. ഒരു robust change ഈ മേഖലയിൽ കൊണ്ടുവരാൻ കഴിയുമെങ്കിൽ ഒരുപാട് തൊഴിലവസരങ്ങളും സാധ്യതകളും വരും. കാരണം, ടൂറിസം മേഖലയുമായി ബന്ധപ്പെട്ട് നമുക്ക് അനന്തമായ സാധ്യതകളുണ്ട്. ഈ ബില്ലിലെ ഖണ്ഡം 16. Functions of the Board-ൽ അങ്ങനെയുള്ള കാര്യത്തെക്കുറിച്ചുള്ള പരാമർശം കാണുന്നില്ല. "(c) to start initiatives for the production of value added products from toddy;" എന്ന് പറഞ്ഞിട്ടുണ്ട്. ഞാനത് നിഷേധിക്കുന്നില്ല. പക്ഷേ, ഇതിനെ ഏറ്റവും അവഗണിക്കപ്പെട്ട, ഒരു സാധ്യതയുമില്ലാത്ത അല്ലെങ്കിൽ എല്ലാവരാലും ഉപേക്ഷിക്കപ്പെട്ടൊരു സാധനമെന്ന സമീപനം മാറുക എന്നുള്ളതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം. അത് ബഹുമാനപ്പെട്ട മന്ത്രി പരിഗണിക്കുമെന്നാണ് ഞാൻ വിചാരിക്കുന്നത്.

ഇതുമാത്രമല്ല, എനിക്ക് നേരിട്ടറിയാവുന്നൊരു കാര്യം, ചാരായ നിരോധന വുമായി ബന്ധപ്പെട്ട് തൊഴിൽ നഷ്ടപ്പെട്ട ധാരാളം ആളുകളുണ്ട്. അതിൽ എനിക്ക് വളരെ വിഷമമുണ്ട്. ബഹുമാനപ്പെട്ട സുപ്രീംകോടതി വരെ കേസ് നടത്തിയതിനു ശേഷം അവർ എന്നെ സമീപിച്ചത് വീണ്ടും ഒരു റിവ്യൂ പെറ്റീഷൻ ഫയൽ ചെയ്യാൻ കഴിയുമോ എന്നറിയാൻ വേണ്ടിയായിരുന്നു. അവർ തീരെ നിവൃത്തിയില്ലാ ത്തവരാണ്. അവരുടെ വൈഷമ്യങ്ങൾ ഈ സഭ അറിയാൻവേണ്ടി പറഞ്ഞതാണ്. ബഹുമാനപ്പെട്ട മന്ത്രിക്ക് പരിഗണിക്കാൻ കഴിയുന്നതാണെങ്കിൽ, ചാരായ നിരോധനവുമായി ബന്ധപ്പെട്ട് തൊഴിൽ നഷ്ടപ്പെട്ട ആളുകൾക്ക് എന്തെങ്കിലുമൊരു ആശ്വാസം നൽകാൻ കഴിയുന്ന നടപടി അങ്ങയുടെ ഭാഗത്തുനിന്നുമുണ്ടാകണം.

കഴിഞ്ഞ രണ്ടുമൂന്ന് ദിവസത്തെ ചർച്ചകൾക്ക്, സി.പി.ഐ.(എം)-ന്റെ മുതിർന്ന രണ്ട് കമ്മിറ്റി അംഗങ്ങൾ തന്നെ മുൻകയ്യെടുത്ത് ഇവിടെ ഉന്നയിച്ച ഒന്നുരണ്ട് ചോദ്യങ്ങൾക്ക് മറുപടി നൽകണമെന്നാഗ്രഹിച്ചാണ് ഞാനിവിടെ നിൽക്കുന്നത്. എനിക്കേറ്റവും പ്രയാസം തോന്നിയൊരു കാര്യം, ഇന്നലെ ബഹുമാനപ്പെട്ട മുൻമന്ത്രി ശ്രീമതി കെ. കെ. ശൈലജ ടീച്ചർ സംസാരിച്ചപ്പോൾ കോൺഗ്രസ്സ് നടപ്പിലാക്കിയ സാമ്പത്തിക നയങ്ങൾകൊണ്ട് ഈ രാജ്യത്ത് ദാരിദ്ര്യം വർദ്ധിച്ചുവെന്നും അല്ലെങ്കിൽ ദാരിദ്ര്യത്തിന്റെ അന്തരം കൂടിയെന്നും ദാരിദ്ര്യം കൂടുതലാകുന്ന സ്ഥിതിയാണുണ്ടായ തെന്നുമൊക്കെ വിമർശിച്ചുകൊണ്ട് പറഞ്ഞു. വളരെ സത്യസന്ധമായി രണ്ട് പേരുടേയും നിലപാടുകൾ പരിശോധിക്കാനുള്ള ഒരു ആർജ്ജവമുണ്ടോ ഇല്ലയോ എന്നതാണ് ചോദ്യം. സി.പി.ഐ.(എം) എന്ന പാർട്ടി അല്ലെങ്കിൽ ഇടതുപക്ഷം കാലാകാലങ്ങളിൽ സ്വീകരിച്ചുവന്ന നിലപാട്, എപ്പോഴൊക്കെ ഈ രാജ്യത്ത് പുരോഗമനപരമായതോ, ഗുണകരമായതോ ആയ നിലപാട് അല്ലെങ്കിൽ ഒരു നയം അവതരിപ്പിച്ചിട്ടുണ്ടോ അപ്പോഴൊക്കെ കമ്മ്യൂണിസ്റ്റ് പാർട്ടി അതിനെതിരായി നിന്നിട്ടുണ്ട്. കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ജന്മം തന്നെ കോൺഗ്രസിനെ എതിർക്കുക എന്നുള്ളതായിരുന്നു. അക്കാര്യങ്ങളിലേയ്ക്കൊന്നും ഞാൻ പോകുന്നില്ല.

ശ്രീ. എം. എം. മണി: സർ, പുരോഗമനപരമായ നടപടി സ്വീകരിക്കു മ്പോഴെല്ലാം സി.പി.ഐ.(എം) എന്ന പാർട്ടി അതിനെ എതിർത്തുവെന്ന് പറഞ്ഞു. അതിനൊരു ഉദാഹരണം പറയാമോ?

ശ്രീ. എ. എൻ. ഷംസീർ: സർ, കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ പിറവിതന്നെ കോൺഗ്രസ് പാർട്ടിയെ എതിർത്തുകൊണ്ടാണെന്നാണ് പറഞ്ഞത്. കോൺഗ്രസിനെ എതിർത്തുകൊണ്ടല്ല, ബ്രിട്ടീഷുകാർക്കെതിരെയാണ് ഫൈറ്റ് ചെയ്തിട്ടുള്ളത്. എന്തെങ്കിലും പറയരുത്.

ഡോ. മാത്യു കുഴൽനാടൻ: സർ, അതിന് ചരിത്രം പരിശോധിച്ചാൽ മതി.

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, ഞാൻ ഇന്നലെ സംസാരിക്കുമ്പോൾ സൂചിപ്പിച്ചത് ആ കണക്കല്ല. ലോകരാജ്യങ്ങളുടെ പോവർട്ടി ഇൻഡക്സ് ലിസ്റ്റിൽ നമ്മുടെ രാജ്യം വളരെ പിന്നിലാണ്. അതിൽ കോവിഡ്-19 കാലത്തുണ്ടായ ചില പ്രത്യേകതകളുണ്ട്, അതിന്റെകൂടി ഭാഗമാണ്. അതല്ലാതെതന്നെ ലോക രാജ്യങ്ങളുടെ Human Developmet Index കണക്കാക്കുമ്പോൾ കേരളമൊഴികെയുള്ള മറ്റ് പല സംസ്ഥാനങ്ങളും വളരെ പിറകിലാണ്. മാത്രമല്ല, പട്ടിണിയുടെ അടിസ്ഥാ നത്തിൽ ഇന്ത്യയുടെ സ്ഥാനം ദരിദ്രരാജ്യങ്ങളുടെ കൂട്ടത്തിലേയ്ക്ക് പോകുകയാണ്. കോൺഗ്രസ് ഭരിച്ചിട്ട് ഒരു മാറ്റവും ഉണ്ടായിട്ടില്ലെന്ന് പറയുന്നില്ല, ദാരിദ്ര്യ നിർമ്മാർജ്ജനം പോലെയുള്ള കുറച്ച് കാര്യങ്ങളൊക്കെ ചെയ്തിട്ടുണ്ട്. പക്ഷേ

സ്വാതന്ത്ര്യം നേടിക്കഴിഞ്ഞ് 75 വർഷം പിന്നിട്ടിട്ടും നേടിയെടുക്കേണ്ട നേട്ടങ്ങളൊന്നും നേടാൻ കഴിയാതിരുന്നത് കോൺഗ്രസിന്റെ സാമ്പത്തിക നയത്തിന്റെ പരാജയം കൊണ്ടുതന്നെയാണ്.

ഡോ. മാത്യു കുഴൽനാടൻ: സർ, 75 വർഷം ഭരിച്ചിട്ടും നേട്ടങ്ങളുണ്ടായിട്ടില്ലെന്നാണ് പറയുന്നത്. ബഹുമാനപ്പെട്ട ശ്രീ. എം. എം. മണിയുടെ ചോദ്യത്തിന് ആദ്യം ഉത്തരം നൽകാം. ഈ രാജ്യത്തിന്റെ ദാരിദ്ര്യം മാറ്റാൻ ഏറ്റവും വലിയ നിർണ്ണായക ചുവടുവയ്പ്പ് നടത്തിയത് ബഹുമാന്യയായ ഇന്ദിരാ ഗാന്ധിയാണ്. ഇന്ദിരാഗാന്ധി ഹരിത വിപ്ലവത്തിന് നേതൃത്വം നൽകാൻ ആലോചിച്ചു. അന്ന് മെക്സിക്കോയിൽ നിന്നുണ്ടായിരുന്ന ഏറ്റവും ആധുനികമായ ഗോതമ്പ് വിത്ത് ഇന്ത്യയിലേയ്ക്ക് കൊണ്ടുവരുന്നതിനെക്കുറിച്ചുള്ള തർക്കം നടന്നു. യഥാർത്ഥത്തിൽ കൃഷി വകുപ്പും ധനകാര്യ വകുപ്പും ഉൾപ്പെടെ എല്ലാവരും അതിനെ എതിർത്തുവെങ്കിലും ഇന്ദിരാഗാന്ധി മുന്നോട്ടുപോകാൻ ശ്രമിച്ചപ്പോൾ ഇവിടത്തെ ഇടത് പാർട്ടികൾ അതിനെ എതിർത്തു. ഇവിടത്തെ തദ്ദേശീയമായ വിത്തുകൾക്ക് ഇല്ലായ്മ വരുമെന്ന് പറഞ്ഞാണ് കൃഷി വകുപ്പ് എതിർത്തത്. Foreign Exchange-ൽ കുറവ് വരുമെന്ന് പറഞ്ഞാണ് ധനകാര്യ വകുപ്പ് എതിർത്തത്. "Left opposed the idea beccause Mexican wheat was actually developed by American agronomist Norman Ernest Borlaug working under the grant from Rockefeller Foundation and it was perceived as adoption of U. S technology" അതായത് ആ വിത്ത് ഡെവലപ് ചെയ്ത അന്നത്തെ അഗ്രോണമിസ്റ്റിന് Rockefeller Scholarship ഗ്രാന്റ് ലഭിച്ചിരുന്നു, അതുകൊണ്ട് ഇത് അമേരിക്കയുടെ ടെക്നോളജി പ്രചരിപ്പിക്കാനുള്ളതാണെന്ന് പറഞ്ഞ് ഇടതുപക്ഷം ആ ഹരിത വിപ്ലവത്തെ എതിർത്തിരുന്നു.

മി. ചെയർമാൻ: നമുക്ക് സമയ പരിമിതിയുണ്ട്. പ്ലീസ്... ബില്ലിലേയ്ക്ക് വരുന്നതായിരിക്കും നല്ലത്.

ഡോ. മാത്യു കുഴൽനാടൻ: സർ, അതുകഴിഞ്ഞ് മാരുതി ഉദ്യോഗ് ലിമിറ്റഡ് എന്ന പ്രസ്ഥാനത്തിനുവേണ്ടി ശ്രമിച്ചു. ഇവിടെ അതിഭീകരമായ എതിർപ്പ് ഇടതുപക്ഷത്തിന്റെ ഭാഗത്തുനിന്നുമുണ്ടായി. കാരണം, സുസുക്കി എന്ന ജപ്പാൻ കമ്പനി വരുന്നതോടുകൂടി ഇവിടെ വാഹനം നിർമ്മിക്കുന്നത് ധാരാളിത്തത്തിന് വേണ്ടിയാണെന്ന് പറഞ്ഞു. കാർ അല്ല ഇവിടെ ആവശ്യം പാവപ്പെട്ടവരുടെ ഉന്നമനമാണെന്ന് പറഞ്ഞു. അതുകഴിഞ്ഞ് എനിക്കേറ്റവും അത്ഭുതം തോന്നിയ കാര്യം, 1975-ൽ ഇന്ത്യയ്ക്ക് ലോകത്തിനുമുമ്പിൽ അഭിമാനമുണ്ടായ ഒരു സംഭവത്തെക്കുറിച്ചാണ്.

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): സർ, വിദേശത്തുനിന്നും കാർഷിക മേഖലയിലെ ഉത്പന്നങ്ങൾ ഇറക്കുമതി ചെയ്യാൻ വേണ്ടിയാണോ ആസിയാൻ കരാറിന് തുടക്കം കുറിച്ചത്; അതിന് തുടക്കം കുറിച്ചത് കോൺഗ്രസ്സല്ലേ?

ഡോ.മാത്യു കുഴൽനാടൻ: സർ, അതിലേയ്ക്ക് വരാം.

ശ്രീ. എ. എൻ. ഷംസീർ: സർ, നവ ലിബറൽ നയങ്ങൾ നടപ്പിലാക്കുമ്പോൾ ഡോ. മൻമോഹൻ സിംഗ് പറഞ്ഞത്, കാർഷികോത്പാദന രാജ്യമായ ഇന്ത്യയെ വ്യാവസായിക ഉത്പാദന രാജ്യമാക്കുമെന്ന് പറഞ്ഞിട്ട് മൂന്ന് ദശാബ്ദം കഴിഞ്ഞിട്ടും അത് എവിടെയാണ് നടപ്പാക്കിയത്? ഇന്ത്യൻ നിർമ്മിത കാറുകൾപോലും ഇല്ലാതായി എന്നതാണ് വസ്തുത.

ഡോ. മാത്യു കുഴൽനാടൻ: സർ, ഇന്ദിരാഗാന്ധി ആര്യഭട്ടയ്ക്കുവേണ്ടി ശ്രമിച്ചപ്പോൾ ഇവിടെയുള്ള മാർക്സിസ്റ്റുകാർ വിളിച്ച ഒരു മുദ്രാവാക്യം ഞാൻ ഓർത്തുവച്ചിട്ടുണ്ട്. "ആയിരം ആയിരം യുവാക്കൾ തൊഴിലില്ലാതെ കേഴുമ്പോൾ ഇന്ദിരാഗാന്ധിക്ക് ആര്യഭട്ട പറപ്പിക്കാൻ അതിമോഹം" എന്ന് മുദ്രാവാക്യം വിളിച്ചവരാണ് ഇടതുപക്ഷം. ഇല്ലെന്ന് പറയാൻ സാധിക്കുമോ? ആര്യഭട്ട പറപ്പിക്കാൻ ഇന്ദിരാഗാന്ധിക്ക് അതിമോഹമെന്ന് പറഞ്ഞ് അവരെ ആക്ഷേപിച്ച് മുദ്രാവാക്യം വിളിച്ചു. അതുകഴിഞ്ഞ് രാജീവ് ഗാന്ധി വന്നു. ഇന്ത്യാ രാജ്യത്ത് നമ്മുടെ മുറിയുടെ പകുതിയോളം വലിപ്പമുള്ള കമ്പ്യൂട്ടറാണ് ആദ്യമായി ഡെമോൺസ്ട്രേഷനായി കൊണ്ടുവന്നത്. അതിനുമുമ്പ് കമ്പ്യൂട്ടറിനും ടെലിവിഷനും എതിരെയുള്ള നിങ്ങളുടെ മുദ്രാവാക്യം ഞാൻ ഓർമ്മിക്കുകയാണ്. 'ഭൗതിക വൈജ്ഞാനിക മേഖലകളിൽ സാമ്രാജ്യത്വ ശക്തികൾ നടത്തുന്ന അധിനിവേശമാണ് കമ്പ്യൂട്ടർ' എന്നാണ് ശ്രീ. എം. എ. ബേബിയുടെ പ്രസ്താവന. 'ടെലിവിഷൻ ടെലിവിഷമാണ്' എന്നാണ് ശാസ്ത്ര സാഹിത്യ പരിഷത്ത് അന്ന് നടത്തിയ പ്രസ്താവന. 'ടെലിവിഷൻ വിഡ്ഢിപ്പെട്ടിയാണ്' എന്ന് പി. ഗോവിന്ദപ്പിള്ള എന്ന സി.പി.ഐ.(എം) നേതാവാണ് പറഞ്ഞത്. ടെലിവിഷൻ ചാനലുകളിൽ പരിപാടികൾ വന്നുതുടങ്ങിയപ്പോൾ സ്വകാര്യ ചാനലുകൾക്ക് അനുവാദം നൽകി. അതായത്, ലിബറലൈസേഷൻ, പ്രൈവറ്റൈസേഷൻ - സ്വകാര്യ ചാനലുകളുടെ സാംസ്കാരിക അധിനിവേശത്തിനെതിരെ ഡി.വൈ.എഫ്.ഐ.-യുടെ സമരമുണ്ടായിരുന്നു. ഇന്ന് കൈരളി ചാനൽ സി.പി.ഐ.(എം) എന്ന പാർട്ടിയുടെയാണ്. സ്വകാര്യ ചാനലിനെതിരെ സാമ്രാജ്യത്വത്തിന്റെ അധിനിവേശമാണെന്ന് പറഞ്ഞു. ആയിരത്തോളം യുവാക്കൾ തൊഴിലില്ലാതെ കേഴുമ്പോൾ, ഉണ്ടായിരുന്ന ജോലി ഇല്ലാതാക്കാൻ കമ്പ്യൂട്ടർ വരുന്നുവെന്ന് പറഞ്ഞ് കമ്പ്യൂട്ടറിനെതിരെ സമരം നടത്തുന്നു. ഇന്ന് എല്ലാ സംവിധാനവും ഓൺലൈനിലാക്കാമെന്ന് ഇവിടെ ബഹുമാനപ്പെട്ട മന്ത്രി പറയുകയാണ്. ഇതിനൊക്കെ ഉദാഹരണമായി പറയാവുന്ന രാജ്യം ചൈനയാണ്.

ചൈന എന്തുകൊണ്ടാണ് ഇങ്ങനെയായതെന്ന് അറിയാമോ? ചൈനയുടെ പോളിസി നടപ്പിലാക്കിയത് Deng Xiaoping എന്ന നേതാവാണ്. അദ്ദേഹത്തെ മാവോസെതുങ്-ന്റെ കാലത്ത് മുതലാളിത്തത്തിന്റെ ചാരനെന്ന് പറഞ്ഞ് പുറത്താക്കിയിരുന്നു. പിന്നീട് പാർട്ടി തിരിച്ചെടുത്തു. 1978-ൽ അദ്ദേഹം കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ഏറ്റവും വലിയ നേതാവായി. ശരിയായ രീതിയിൽ കാപ്പിറ്റലൈസ്ഡ് നടപടികളാണ് അദ്ദേഹം നടപ്പിലാക്കിയത്. അങ്ങനെയാണ് ചൈന വളർന്നു വന്നത്.

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ പറഞ്ഞതിന്റെ ഉത്തരം ഞാൻ പറയാം. 1991-ലെ പുതിയ സാമ്പത്തിക നയങ്ങൾ നടപ്പിലാക്കിയതിനുശേഷം ഇന്ത്യാ രാജ്യത്ത് ഇന്നുവരെ ചരിത്രത്തിൽ ഇത്രയേറെ സാമ്പത്തിക വളർച്ചയുണ്ടായിട്ടുള്ള ഒരു വർഷം പറയാമോ? 9.9 ആണ്. അതായത്, 2004-മുതൽ 2008 വരെയും, 2004 മുതൽ 2012 വരെയും രാജ്യം നേടിയ വളർച്ചാനിരക്ക് ഒരു തവണ ആവർത്തിക്കാൻ കഴിഞ്ഞിട്ടുണ്ടോ; അത് ഈ സാമ്പത്തിക നയത്തിന്റെ ഗുണമായിരുന്നില്ലേ? 1990 വരെ രാജ്യത്തുണ്ടായിരുന്നത് കേവലം നാല് ശതമാനത്തിൽ താഴെയുള്ള വളർച്ചാനിരക്കാണ്. അത് മാത്രമാണോ; പുതിയ സാമ്പത്തിക നയം വന്നതിനുശേഷം സോഷ്യലിസത്തിലൂടെ പാവപ്പെട്ടവരെ എങ്ങനെയാണ് കരുതിയതെന്ന് അറിയില്ലേ; ഞാനത് പറയാം. സർവ്വശിക്ഷാ അഭിയാൻ പരിപാടി, കുട്ടികൾക്ക് ഉച്ചഭക്ഷണം കൊടുക്കുന്ന പദ്ധതി (Mid Day Meal Scheme), തൊഴിലുറപ്പ് പദ്ധതി, രാജീവ് ഗാന്ധിയുടെ ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതി എന്നിവയാണ്. ശ്രീ. നരേന്ദ്ര മോദി പറയുന്ന ശുചിത്വ മിഷന്റെ പഴയ പേര് ടോട്ടൽ സാനിറ്റേഷൻ ഇൻ റൂറൽ ഏരിയാസ് എന്നായിരുന്നു. കോവിഡിനെതിരെ ശ്രീമതി കെ. കെ. ശൈലജ ടീച്ചർ അടക്കമുള്ളവർ പിടിച്ചുനിന്നത് എൻ.ആർ.എച്ച്.എം. തുടങ്ങിയ സംവിധാനത്തിലൂടെയാണ്. അങ്കണവാടി ടീച്ചർമാർ ജോലി ചെയ്യുന്ന ICDS (Integrated Child Developement Scheme), ജവഹർലാൽ നെഹ്റു അർബൻ മിഷൻ, വിവരാവകാശനിയമം, ഭക്ഷ്യ സുരക്ഷാ നിയമം, വിദ്യാഭ്യാസ അവകാശനിയമം, വനാവകാശ നിയമം എന്നിവ നടപ്പിലാക്കിയത് കോൺഗ്രസാണ്. അതായത്, 129 ദശലക്ഷം പേരെ ദാരിദ്ര്യ രേഖയിൽനിന്നും പുറത്തെടുത്ത ഒരു സർക്കാരിനെക്കുറിച്ചും സാമ്പത്തിക നയത്തെക്കുറിച്ചുമാണ് ശ്രീമതി കെ. കെ. ശൈലജ ടീച്ചർ ഇവിടെ പാവപ്പെട്ടവർക്ക് ഗുണപ്പെട്ടിട്ടില്ലെന്ന് പറഞ്ഞത്. കമ്മ്യൂണിസ്റ്റ് സോഷ്യലിസ്റ്റ് പാർട്ടി നടപ്പിലാക്കിയ നയം ഇപ്പോൾ എവിടെയാണ് നടക്കുന്നത്; ഏറ്റവും പ്രധാനപ്പെട്ട രാജ്യം ക്യൂബയാണ്. ഇപ്പോഴുള്ള അവസ്ഥയെന്താണ്? രണ്ട് രാജ്യങ്ങൾ നമ്മുടെ മുമ്പിലുണ്ട്. ഒന്ന് നോർത്ത് കൊറിയയും മറ്റൊന്ന് സൗത്ത് കൊറിയയുമാണ്.

മി. ചെയർമാൻ: ബഹുമാനപ്പെട്ട അംഗം, ബില്ലിൽ ഒതുങ്ങി നിന്ന് പ്രസംഗം അവസാനിപ്പിക്കണം.

ഡോ. മാത്യു കുഴൽനാടൻ: സർ, സൗത്ത് കൊറിയ പുതിയ സാമ്പത്തിക നയങ്ങൾ നടപ്പിലാക്കി, നോർത്ത് കൊറിയ നിങ്ങൾ പറഞ്ഞതുപോലെ എല്ലാ പൊതുമേഖലയേയും പിടിച്ചുവച്ചിരിക്കുകയാണ്. നോർത്ത് കൊറിയയുടെ എല്ലാ നിയന്ത്രണവും അവരുടെ കൈകളിലാണ്. നോർത്ത് കൊറിയയിലെ കുട്ടികളിൽ പോഷകാഹാരക്കുറവുണ്ട്.

മി. ചെയർമാൻ: അങ്ങ് സംസാരിക്കാൻ തുടങ്ങിയിട്ട് പതിനേഴ് മിനിട്ടായി. നമുക്ക് ഇതിനൊരു ക്രമീകരണം ആവശ്യമാണ്.

ഡോ. മാത്യു കുഴൽനാടൻ: സർ, സോഷ്യലിസ്റ്റ് വ്യവസ്ഥയിൽ വളരെയധികം പ്രയാസപ്പെട്ട രാജ്യമാണ് വിയറ്റ്നാം. അവിടെ എന്നാണോ അവർ ലിബറലായി ചിന്തിക്കാൻ തുടങ്ങിയത് അന്നാണ് വിയറ്റ്നാമിന് വെളിച്ചം വന്നത്.

മി. ചെയർമാൻ: ചെയറും ബഹുമാനപ്പെട്ട അംഗങ്ങളും തമ്മിൽ സമയക്രമീകരണം സംബന്ധിച്ച് ധാരണയുണ്ടായിരുന്നു.

ഡോ. മാത്യു കുഴൽനാടൻ: സർ, സോഷ്യലിസ്റ്റ് വ്യവസ്ഥയിൽ അല്ലെങ്കിൽ കമ്മ്യൂണിസ്റ്റ് വ്യവസ്ഥയിൽ ഊന്നി മുന്നോട്ടുപോയി രാജ്യത്തെ ജനങ്ങളെ രക്ഷിച്ച ലോകത്തിലെ ജനങ്ങൾക്ക് ഉയർച്ചയുണ്ടായ ഒരു രാജ്യത്തെ കാണിച്ചു തരണം. ഒരുകാലത്ത് സോവിയറ്റ് യൂണിയനുണ്ടായിരുന്നു. അതിനെക്കുറിച്ച് പറയേണ്ടതില്ലല്ലോ; കോൺഗ്രസ്സ് നടപ്പിലാക്കിയ സാമ്പത്തിക നയങ്ങളില്ലായിരുന്നെങ്കിൽ ഈ രാജ്യം മുച്ചൂടും മുടിഞ്ഞേനെ. 1990-ൽ ഇന്ത്യയിൽ 1.2 മില്ല്യൺ വിദേശനാണ്യ ശേഖരം മാത്രമാണുണ്ടായിരുന്നത്. ഇന്ന് 146 ലക്ഷം കോടി രൂപയുടെ വിദേശ നാണ്യ ശേഖരമുള്ള ലോകത്തിലെ ഏറ്റവും വലിയ അഞ്ചാമത്തെ രാജ്യത്തെക്കുറിച്ചാണ് ശ്രീമതി കെ. കെ. ശൈലജ ടീച്ചർ പറയുന്നത്. 2031-ൽ ലോകത്തെ ഏറ്റവും വലിയ മൂന്നാമത്തെ സാമ്പത്തിക ശക്തിയാകുമെന്ന് പ്രവചിച്ച രാജ്യത്തെക്കുറിച്ചാണ് ടീച്ചർ പറയുന്നത്.

മി. ചെയർമാൻ: പ്ലീസ്.... പ്ലീസ്.... കൺക്ലൂഡ്

ഡോ. മാത്യു കുഴൽനാടൻ: സർ, 129 ദശലക്ഷം ആളുകൾ പട്ടിണിയിൽ നിന്ന് മോചിതരായിട്ട് കോൺഗ്രസിന്റെ സാമ്പത്തിക നയങ്ങളാൽ ഈ രാജ്യത്തെ പാവങ്ങൾക്ക് നേട്ടമുണ്ടായില്ലെന്ന് രാഷ്ട്രീയത്തിനുവേണ്ടി പറയാം, പക്ഷേ, വസ്തുതകൾ നിരത്തി പറയാൻ കഴിയില്ല. ഞാൻ കൺക്ലൂഡ് ചെയ്യുകയാണ്. ഞാൻ ആഗ്രഹി

ക്കുന്നത് ആരോഗ്യകരമായ സംവാദമാണ്. നിയമസഭ ചർച്ച ചെയ്യാനുള്ളതല്ലേ; ഞങ്ങളുടെ പാർട്ടിയുടെ പ്രശ്നം ക്ലാരിഫൈ ചെയ്യണ്ടേ; ഇതൊക്കെ പറയാനു ള്ളതല്ലേ നിയമസഭ?

മി. ചെയർമാൻ: അത് ചർച്ചയുടെ സമയത്ത് പറയാം.

ഡോ. മാത്യു കുഴൽനാടൻ: സർ, കോൺഗ്രസ്സ് നടപ്പിലാക്കിയ സാമ്പത്തിക നയങ്ങൾകൊണ്ട് ഇന്ത്യാരാജ്യത്ത് ഒരു പോറൽപോലും ഏറ്റിട്ടില്ല. അതിനാൽ, നിങ്ങൾ പറഞ്ഞ നയങ്ങളിൽ ഏതാണ് തിരുത്താനുള്ളത്.

ശ്രീ. എ. എൻ. ഷംസീർ: സർ, പോയിന്റ് ഓഫ് ഓർഡർ........

മി. ചെയർമാൻ: ശ്രീ. എ. എൻ. ഷംസീറിന്റെ പോയിന്റ് ഓഫ് ഓർഡർ എന്താണ്?

ശ്രീ. എ. എൻ. ഷംസീർ: സർ, കള്ളുഷാപ്പുമായി ബന്ധപ്പെട്ട ബില്ലാണ് ചർച്ച ചെയ്യുന്നത്. പക്ഷേ, അത് ഉപയോഗിച്ച് സോഷ്യലിസ്റ്റ് രാഷ്ട്രങ്ങളെയാകെ ആക്ഷേപിക്കുന്ന സമീപനമാണ് ബഹുമാനപ്പെട്ട അംഗത്തിന്റെ ഭാഗത്തു നിന്നുമുണ്ടായത്. അത് 307 പ്രകാരം സഭാരേഖകളിലുണ്ടാകാൻ പാടില്ല.

ഡോ. മാത്യു കുഴൽനാടൻ: സർ, ഞാൻ അവസാനിപ്പിക്കുകയാണ്. ഇന്ത്യാ രാജ്യം ജനാധിപത്യ രാജ്യമാക്കി നിലനിർത്തികൊണ്ട്, കമ്മ്യൂണിസ്റ്റുകാർ ചൈനയെക്കുറിച്ച് പറയുന്നത് slaves of factory എന്നാണ്. ഫാക്ടറിയിലെ സ്ലേവ്സിലൂടെയാണ് ചൈന പണമുണ്ടാക്കുന്നത്. തൊഴിലാളികൾക്ക് ശമ്പളം കുറവായതിനാൽ അവരുടെ കയ്യിൽ പണമില്ല. They are dependent on Government ration. ചൈനയിലെ പ്രൊഡക്ഷൻ കോസ്റ്റ് അതുകൊണ്ടാണ് കുറയുന്നത്. അല്ലാതെ മാന്ത്രികവിദ്യകൊണ്ടല്ല. അല്ലാതെ ഏത് രാജ്യമാണുള്ളത്? അമേരിക്ക ഇരുന്നൂറ് വർഷം പിന്നിട്ട ജനാധിപത്യ രാജ്യമാണ്. ഇന്ത്യ 75 വർഷം പിന്നിട്ടിട്ടേയുള്ളൂ. അതുപോലുള്ള നേട്ടം സാധ്യമായില്ലെന്നാണ് നിങ്ങൾ പറയുന്നത്. ഇന്ന് എഴുപത്തിയഞ്ച് വർഷത്തെ നേട്ടം താരതമ്യം ചെയ്യുമ്പോൾ രാജ്യത്തെ ജനാധിപത്യത്തിന് പോറലേൽക്കാതെ ഇന്ത്യൻ നാഷണൽ കോൺഗ്രസ്സ് ഇത് ചെയ്തിട്ടുണ്ടെങ്കിൽ അഭിമാനത്തോടുകൂടി ഞങ്ങൾ പറയും, ഈ രാജ്യം തലയെടുപ്പുള്ള രാഷ്ട്രമായി മാറിയെന്ന്. ഈ രാജ്യത്തിന് ലോകവേദികളിൽ എന്നാണ് അംഗീകാരം ലഭിച്ചത്?

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): സർ, അടുത്തകാലത്ത് ഇന്ത്യയിലെ കൃഷിക്കാരുടെ വരുമാനത്തെ സംബന്ധിച്ച് സർവ്വേ നടത്തിയപ്പോൾ 3000 രൂപയാണ് മാസം ലഭിക്കുന്നതെന്ന് അറിയാൻ സാധിച്ചു. 60 ശതമാനം ആളുകൾക്കാണ് അത് ലഭിച്ചത്. അക്കാര്യം ശ്രദ്ധിച്ചിട്ടുണ്ടോ?

ഡോ. മാത്യു കുഴൽനാടൻ: സർ, 1947-ൽ ഇവിടത്തെ 72% ജനങ്ങളും ദാരിദ്ര്യരേഖയ്ക്ക് താഴെയായിരുന്നു.

മി. ചെയർമാൻ: ഈ പോയിന്റുകൂടി പറഞ്ഞ് അവസാനിപ്പിക്കണം.

ഡോ. മാത്യു കുഴൽനാടൻ: സർ, ഈ രാജ്യത്ത് കാർഷിക മേഖലയിൽ 4.3% വളർച്ചയുണ്ടായത് യു.പി.എ. സർക്കാരിന്റെ കാലത്താണെന്നുള്ളത് നിഷേധിക്കാൻ സാധിക്കുമോ? യു.പി.എ. സർക്കാരിന്റെ കാലത്താണ് ഈ രാജ്യം കണ്ട ഏറ്റവും വലിയ കാർഷിക വളർച്ചയുണ്ടായത്. കർഷകന് പ്രയാസമുണ്ടായപ്പോൾ ഈ രാജ്യത്തിന്റെ ഖജനാവിലുണ്ടായിരുന്ന 72000 കോടി രൂപയാണ് നൽകിയത്. ഏതെങ്കിലുമൊരു സോഷ്യലിസ്റ്റ് രാജ്യം, ഒരു കമ്മ്യൂണിസ്റ്റ് രാജ്യം കർഷകന് പണം നൽകിയത് പറയാമോ? ഭാരത് നിർമ്മാൺ എന്ന പേരിൽ പ്രഖ്യാപിച്ചത് 4.50 ലക്ഷം കോടി രൂപയുടെ പദ്ധതികളാണ്. ഇന്ന് ഈ രാജ്യം ലോകത്തിനുമുമ്പിൽ അഭിമാനത്തോടെ തലയുയർത്തിപ്പിടിച്ച് നിൽക്കുന്നുണ്ടെങ്കിൽ അത് കോൺഗ്രസ് നടപ്പിലാക്കിയ സാമ്പത്തികനയങ്ങൾകൊണ്ടാണെന്ന് അഭിമാനത്തോടുകൂടി പറയാൻ സാധിക്കുമെന്ന് അറിയിച്ചുകൊണ്ട് എന്റെ പ്രസംംഗം അവസാനിപ്പിക്കുന്നു.

ശ്രീമതി ഒ. എസ്. അംബിക ചുമതലപ്പെടുത്തിയതുപ്രകാരം ശ്രീ. ടി. പി. രാമകൃഷ്ണൻ: സർ, 2021-ലെ കേരള കള്ള് വ്യവസായ വികസന ബോർഡ് ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന 2 (ബി) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

ഈ ബിൽ അവതരിപ്പിച്ചുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രി നടത്തിയ ആമുഖ പ്രസംഗത്തിൽ ഇത്തരമൊരു നിയമത്തിന്റെ ആവശ്യകതയുടെ പശ്ചാത്തലം ചുരുക്കം വാചകങ്ങളിൽ വിശദീകരിച്ചിട്ടുണ്ട്. ഈ മേഖലയിലെ തൊഴിലാളികളുടെ അപകടകരമായ അവസ്ഥ മനസ്സിലാക്കി അവരെ പുനരുജ്ജീവിപ്പിക്കുന്നതിനും രക്ഷിക്കുന്നതിനുമാവശ്യമായ പ്രായോഗിക നിർദ്ദേശങ്ങളടങ്ങുന്നതാണ് ആ വിശദീകരണം. ഇവിടെ ഇങ്ങനെയൊരു ബിൽ അവതരിപ്പിക്കാൻ പാടില്ലെന്ന് പറഞ്ഞ് നിരാകരണ പ്രമേയം അവതരിപ്പിച്ചവർ ഈ മേഖലയിലെ തൊഴിലാളികളുടെയോ നാളികേര കർഷകരുടെയോ ഒരു തൊഴിലെന്ന നിലയിൽ ഈ മേഖലയിൽ ഇടപെട്ടുനിൽക്കുന്നവരുടെയോ ജീവിതത്തെ ഒരുതരത്തിലും പരിഗണിച്ചില്ലെന്നു മാത്രമല്ല അവരെ എത്രത്തോളം അപമാനിക്കാൻ കഴിയുമോ അത്രയും അപമാനിച്ചുകൊണ്ടുള്ള നിന്ദ്യമായ സമീപനമാണ് സ്വീകരിച്ചത്. കേരളത്തിലെ സംഘടിത മേഖലയിലെ ഒരു വലിയ വിഭാഗം തൊഴിലാളികളെ അപമാനിച്ചുകൊണ്ടുള്ള സമീപനമാണ് അവർ സ്വീകരിച്ചത്. അതുകൊണ്ട് ആ മേഖലയിലെ തൊഴിലാളികളും അവരുടെ കുടുംബങ്ങളും ഇത് പരിഗണിക്കുകതന്നെ ചെയ്യുമെന്നാണ് ഞാൻ പ്രതീക്ഷിക്കുന്നത്.

കേരളത്തിലെ കള്ള് വ്യവസായ തൊഴിലാളികളുടെ ചരിത്രം മനസ്സിലാക്കാൻ ശ്രമിക്കണം. അവർ സാമൂഹ്യനീതിക്കുവേണ്ടി പോരാടിയവരാണ്. കേരളത്തിൽ രൂപപ്പെട്ടുവന്ന നവോത്ഥാനമൂല്യങ്ങളുടെ വളർച്ചയ്ക്കുവേണ്ടി പ്രവർത്തിച്ചവരാണവർ. നിരവധി വിഭാഗം തൊഴിലാളികളുടെ അവകാശങ്ങൾ, ജീവിതാവശ്യങ്ങൾ എന്നിവ പരിരക്ഷിക്കുന്നതിനുവേണ്ടി ജീവൻ കൊടുത്ത് പോരാടിയവരാണവർ. ആ യാഥാർത്ഥ്യം മനസ്സിലാക്കണം. നമ്മുടെ നാടിന്റെ സാമ്പത്തികാവശ്യങ്ങൾ നിറവേറ്റുന്നതിൽ ഈ തൊഴിലാളികളുടെ അദ്ധ്വാനവും കള്ളിന്റെ മണമുള്ള സമ്പത്തും ഈ രാജ്യത്തെ നിരവധി പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കാൻ ഉപയോഗിച്ചിട്ടുണ്ടെന്നുള്ള വസ്തുതയും നാം പരിഗണിക്കേണ്ടതുണ്ട്. അത്തരം തൊഴിലാളികളെ സംരക്ഷിക്കാനുള്ള ബാധ്യത നമുക്കില്ലേ? അത്തരം തൊഴിലാളികൾ അപകടത്തിൽപ്പെടുമ്പോൾ അവരെ സംരക്ഷിക്കുന്നതിനു വേണ്ടിയുള്ള നടപടി സ്വീകരിക്കണ്ടേ? കേരളത്തിന്റെ നിരവധിയായ അനുഭവങ്ങളുടെ പശ്ചാത്തലത്തിൽ വേണം ബഹുമാനപ്പെട്ട എം. വി. ഗോവിന്ദൻ മാസ്റ്റർ ഇവിടെ അവതരിപ്പിച്ചിട്ടുള്ള ഈ നിയമത്തെ പരിഗണിക്കേണ്ടത്.

ഒരു കാലഘട്ടത്തിൽ ഒരു ലക്ഷത്തോളം തൊഴിലാളികൾ കേരളത്തിലെ കള്ള് ചെത്ത് വ്യവസായത്തിലുണ്ടായിരുന്നു. ആ തൊഴിലാളികൾ ഇന്നില്ലായെന്നത് ഒരു യാഥാർത്ഥ്യമാണ്. ഇന്ന് 39,880 തൊഴിലാളികൾ ക്ഷേമനിധി ബോർഡിൽ അംഗങ്ങളായിട്ടുണ്ട്. അത് രേഖകൾ നോക്കി പരിശോധിച്ചാൽ മനസ്സിലാക്കാൻ കഴിയും. ഇവിടെ പലരും പല കണക്കുകൾ പറഞ്ഞിട്ടുണ്ടെങ്കിലും ആ കണക്കുകളൊന്നും വസ്തുതയുമായി ബന്ധമില്ലാത്തതാണ്. ക്ഷേമനിധി ബോർഡിലെ ഈ കണക്കുകളിൽ ആര് പറയുന്നതാണ് ശരിയെന്നുള്ളത് ബന്ധപ്പെട്ട ഓഫീസുകളിൽ പരിശോധിച്ചാൽ മനസ്സിലാക്കാൻ കഴിയുന്നതാണ്. ഈ വസ്തുത പരിഗണിക്കാൻ തയ്യാറാകണം. കേരളത്തിൽ 5170 ഷാപ്പുകൾ എക്സൈസിന്റെ രേഖ പ്രകാരമുണ്ടെങ്കിലും 4840 ഷാപ്പുകളേ നടത്തുന്നുള്ളൂവെന്ന് ബഹുമാനപ്പെട്ട മന്ത്രി തന്നെ പറഞ്ഞു. അതിനുള്ള കാരണവും അദ്ദേഹം വ്യക്തമാക്കിയിട്ടുണ്ട്. ഈ അനുഭവത്തിൽ നിന്നുകൊണ്ട് തൊഴിലാളികൾക്കാവശ്യമായിട്ടുള്ള നടപടികൾ സ്വീകരിക്കണ്ടേ? ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് ഈ തൊഴിലാളികൾക്കുവേണ്ടി എന്തുചെയ്തുവെന്ന് ഇവിടെ ചോദിക്കുന്നത് കേട്ടു. കോവിഡ് മഹാമാരിയുടെ കാലത്തും കേരളത്തിലെ തൊഴിലാളികളുടെ ക്ഷേമനിധി ബോർഡിലെ ഫണ്ടുപയോഗിച്ച് അവരെ സഹായിക്കുന്നതിനുവേണ്ടിയുള്ള നടപടികൾ ഈ ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ട്. യു.ഡി.എഫ്. സർക്കാർ ഭരണമൊഴിയുമ്പോൾ കള്ളുവ്യവസായത്തിലെ തൊഴിലാളികൾക്കുള്ള പെൻഷൻ എത്രയാണ്? 600 രൂപയാണ് പെൻഷൻ നൽകിയത്. ഇപ്പോൾ കേരളത്തിലെ കള്ള് വ്യവസായ തൊഴിലാളികൾക്കുള്ള ചുരുങ്ങിയ പെൻഷൻ 3,000 രൂപയാണ്. 3,000 രൂപ മുതൽ

5,000 രൂപ വരെ പെൻഷൻ വാങ്ങാവുന്ന നിലയിൽ ഇതിൽ മാറ്റം വരുത്തിയില്ലേ? ക്ഷേമനിധി ബോർഡുവഴി നൽകിക്കൊണ്ടിരിക്കുന്ന എല്ലാ ആനുകൂല്യങ്ങളും വർദ്ധിപ്പിച്ചിട്ടുണ്ട്. യു.ഡി.എഫ്. ഗവൺമെന്റ് 2016-നുമുമ്പ് ഇവിടെ ഭരിച്ചിരുന്നല്ലോ; അക്കാലത്ത് തൊഴിലാളികളോട് ആഭിമുഖ്യമുള്ള എന്തെങ്കിലും നിലപാട് സ്വീകരിച്ചിരുന്നോ? തൊഴിലാളികളുടെ താല്പര്യങ്ങൾ പരിരക്ഷിക്കത്തക്ക നിലയിലുള്ള സമീപനമായിരുന്നില്ല അവർ സ്വീകരിച്ചതെന്നുള്ളത് അനുഭവങ്ങൾ പരിശോധിച്ചാൽ നമുക്ക് മനസ്സിലാക്കാൻ കഴിയും.

കേരളത്തിൽ എൻഫോഴ്സ്മെന്റ് വളരെ ശക്തമാണ്. എക്സൈസ് വകുപ്പ് നല്ല നിലയിൽ നേതൃത്വം നൽകി വലിയ തോതിൽ മയക്കുമരുന്ന് പിടിക്കുന്നുണ്ട്, അനധികൃത ലഹരിപദാർത്ഥങ്ങളുടെ ഉപയോഗത്തെ തടയാൻ ശ്രമിക്കുന്നുണ്ട്. കേരളത്തിൽ എൻഫോഴ്സ്മെന്റിന്റെ ചരിത്രമെടുത്ത് പരിശോധിച്ചാൽ ഇത്രയധികം കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുള്ളൊരു കാലം മുമ്പുണ്ടായിട്ടില്ല. 2016-നുമുമ്പുള്ള കാലഘട്ടങ്ങൾ പരിശോധിച്ചുനോക്കിയാലും 2016-നുശേഷം ഇന്നുവരെയുള്ള അനുഭവങ്ങളെടുത്തുനോക്കിയാലും ഇത്രയധികം കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുള്ളൊരു സന്ദർഭമുണ്ടായിട്ടില്ല. മയക്കുമരുന്നിനും അനധികൃത മദ്യവിപണനത്തിനുമെതിരായുള്ള നടപടികളാണ് സ്വീകരിച്ചതെന്നുള്ളത് നമുക്ക് കാണാൻ സാധിക്കും. ഈ യാഥാർത്ഥ്യങ്ങളെല്ലാം നോക്കിയാൽ, കേരളത്തിലെ ഷാപ്പുകൾ അനധികൃത മദ്യ വിപണനം നടത്തുന്ന സ്ഥാപനങ്ങളാണോ? എക്സൈസ് എൻഫോഴ്സ്മെന്റിന്റെ ഭാഗമായി അങ്ങനെയൊരു അനുഭവം ആ മേഖലയിലില്ല. ഏതെങ്കിലും ഷാപ്പിൽ ഒറ്റപ്പെട്ട നിലയിൽ കൃത്രിമക്കള്ള് അനധികൃതമായി കച്ചവടം നടത്തുന്നുണ്ടെങ്കിൽ അതിനെതിരെ നടപടിയെടുക്കാനുള്ള എല്ലാ സംവിധാനങ്ങളുമുണ്ട്. കൃത്രിമം നടത്തുന്നതിനുള്ള സാഹചര്യമൊഴിവാക്കണം. അതിനാവശ്യമായിട്ടുള്ള നിലപാടുകളാണ് ഈ നിയമത്തിന്റെ ഭാഗമായി മുന്നോട്ടുവയ്ക്കുന്നത് എന്നുള്ളതുകൂടി നാം മനസ്സിലാക്കേണ്ടതുണ്ട്.

ഇവിടെ കള്ള് വ്യവസായത്തിൽ 17417 തൊഴിലാളികൾ പെൻഷൻ വാങ്ങുന്നവരാണ്. ആ വ്യവസായത്തിലെ പ്രതിസന്ധി കാരണം പതിനായിരക്കണക്കിന് തൊഴിലാളികളും കുടുംബാംഗങ്ങളും കടുത്ത ജീവിതപ്രയാസം നേരിടുകയാണ്. ഇതൊരു ദിവസം പൊടുന്നനെയുണ്ടായൊരു ചിന്തയുടെ ഭാഗമായിവന്ന നിയമമല്ല. കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്തുതന്നെ കള്ള് വ്യവസായത്തിലെ തൊഴിലാളികളുടെ യൂണിയനുകളുമായും കള്ള് വ്യവസായം നടത്തുന്ന ചെറുകിട ഉടമകളുമായും ചർച്ച നടത്തി അവരുടെ എല്ലാവരുടെയും അഭിപ്രായങ്ങൾ കേട്ടു. ബഹുമാനപ്പെട്ട പ്രതിപക്ഷാംഗങ്ങൾ ഇവിടെ സംസാരിച്ച അഭിപ്രായമാണോ

ഐ.എൻ.ടി.യു.സി. സംഘടനയ്ക്കുള്ളത്? ആ സംഘടന ഉൾപ്പെടെയുള്ള എല്ലാ തൊഴിലാളി സംഘടനകളും സഹകരിച്ച് ഈ വ്യവസായത്തിലെ എല്ലാ തൊഴിലാളികളുമായും ആശയവിനിമയം നടത്തി അഭിപ്രായ സമന്വയമു ണ്ടാക്കിക്കൊണ്ടാണ് ഇവിടെ ടോഡി ബോർഡ് എന്നുള്ള ഒരാശയം രൂപപ്പെടുത്തിയതും അത് പ്രാവർത്തികമാക്കുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിച്ചതും. നിരന്തരമായ ചർച്ചയും ആശയവിനിമയവും നടന്നിട്ടുണ്ട്. അതിന്റെ ഉല്പന്നമായ ഓർഡിനൻസിന്റെ ഭാഗമായി നിയമനിർമ്മാണം നടത്താനുള്ള പ്രക്രിയ പതിനായിരക്കണക്കിന് വരുന്ന തൊഴിലാളികളുടെ താല്പര്യങ്ങൾ പരിരക്ഷിക്കുന്നതിന്റെ ഭാഗമാണെന്നുള്ളത് നാം പരിഗണിക്കേണ്ടതുണ്ട്. ഇതൊക്കെ മറച്ചുപിടിച്ചുകൊണ്ടും ഈ യാഥാർത്ഥ്യങ്ങളെ അവഗണിച്ചുകൊണ്ടും ഇങ്ങനെയൊരു നിലപാട് ഇവിടെ സ്വീകരിക്കുന്നത് വളരെ കഷ്ടമാണ്; തൊഴിലാളികളോടും സാധാരണ കൃഷിക്കാരോടും ഇവർ സ്വീകരിച്ചു കൊണ്ടിരിക്കുന്ന കടുത്ത ദ്രോഹത്തിന്റെകൂടി പ്രതിഫലനമാണ് ഇതുപോലുള്ള അഭിപ്രായങ്ങളെന്ന മാത്രമേ ഇതുസംബന്ധിച്ച് പറയാനുള്ളൂ. ഈ വ്യവസായത്തിന്റെ ആദ്യനാളുകളിൽ തൊഴിലാളികളുടെ കൂലി വളരെ ആകർഷകമായിരുന്നു. എന്നാൽ ഇന്ന് സ്ഥിതി അങ്ങനെയല്ല. അതിന്റെ വ്യത്യാസങ്ങളും പ്രശ്നങ്ങളും ഈ മേഖലയിലുണ്ട്. ഇക്കാര്യങ്ങളിലെല്ലാം പരിഹാരമുണ്ടാക്കത്തക്ക നിലയിലുള്ള ഒരു സമീപനമാണ് മുന്നോട്ടുവയ്ക്കുന്നതെന്നത് നാം മനസ്സിലാക്കേണ്ടതാണ്. അതിനനു സരിച്ചുതന്നെ നമ്മൾ ഇതിനെ സമീപിക്കണം. ഈ വ്യവസായത്തിന്റെ ഇന്നത്തെ നില പരിഗണിച്ചുകൊണ്ടാണ് ടോഡി ബോർഡ് രൂപീകരിക്കണമെന്ന ആശയം ഉയർന്നുവന്നത്. തൊഴിലാളികളുടെയും തൊഴിലാളി സംഘടനകളുടെയും ചെറുകിട ഉടമകളുടെയും അഭിപ്രായങ്ങൾ പരിഗണിച്ച് ഈ വ്യവസായത്തിന്റെ സംരക്ഷണം മുൻനിർത്തി പുതിയ നടപടികളിലേയ്ക്ക് കടക്കുന്നതിന്റെ തുടക്കമാണ് ഈ നിയമമെന്ന് നമുക്ക് കാണാൻ കഴിയും. കള്ള് വ്യവസായം പ്രോത്സാഹിപ്പിക്കുന്നതിനും വികസിപ്പിക്കുന്നതിനും വേണ്ടിയാണ് കള്ള് വ്യവസായ വികസന ബോർഡിന്റെ രൂപീകരണത്തോടെ ലക്ഷ്യമിടുന്നത്. ഈ ബോർഡ് കള്ള് വ്യവസായത്തിന്റെ സമഗ്രമായ പരിഷ്കരണത്തെക്കൂടി ലക്ഷ്യമാക്കണം. അത് ഈ ബില്ലിന്റെ ഭാഗമാക്കി മാറ്റുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കണം. ബോർഡിന്റെ ഘടന ബില്ലിൽ ശരിയായ രീതിയിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. അംഗീകൃത തൊഴിലാളി യൂണിയനുകളുടെ അഞ്ച് പ്രതിനിധികളെന്നത് ഇതിൽ വ്യക്തമായി പരാമർശിക്കണം. ട്രേഡ് യൂണിയന്റെ പ്രതിനിധികളെയാണ് ഇതിൽ ഉൾപ്പെടുത്തുന്നത്. ചില സമയം മറ്റ് ട്രേഡ് യൂണിയനുകളെയും ഉൾപ്പെടുത്താനിടയുണ്ട്. ഇതെല്ലാം പരിഗണിക്കുമ്പോൾ അഞ്ച് പ്രതിനിധികളെന്നുള്ളത് സംശയരഹിതമായി വ്യക്തമാക്കുന്നതിനു വേണ്ടിയുള്ള നടപടികൾ സ്വീകരിക്കണം. കള്ള് വ്യവസായ മേഖലയെ സംഘടിപ്പിക്കുകയും

വികസിപ്പിക്കുകയും പരിഷ്കരിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുകയെന്നത് ബോർഡിന്റെ ചുമതലയായി ഇതിൽ രേഖപ്പെടുത്തിയിട്ടുണ്ട്. തൊഴിൽ സംരക്ഷണം, ശുദ്ധമായ കള്ള് ലഭ്യമാക്കൽ, സംഭരണവും വിതരണവും, മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ, കള്ള് കേടുകൂടാതെ സൂക്ഷിക്കൽ, അത്യുത്പാദനശേഷിയുള്ള വൃക്ഷങ്ങൾ വച്ചുപിടിപ്പിക്കൽ, ഷാപ്പുകൾ നടത്താൻ സ്ഥിരം കെട്ടിടങ്ങൾ, ആവശ്യാനുസരണം കള്ളുഷാപ്പുകൾ ഏറ്റെടുത്ത് നടത്തൽ, വിനോദസഞ്ചാര മേഖലകളിൽ ആധുനിക രീതിയിലുള്ള ഷാപ്പുകൾ നിർമ്മിക്കൽ, തൊഴിലാളികൾക്കാവശ്യമായ പരിശീലനം നൽകൽ, കർഷകർക്കും തൊഴിലാളികൾക്കും അവരുടെ കുടുംബാംഗങ്ങളുടെ ഭാവിയെക്കൂടി ലക്ഷ്യംവച്ചുകൊണ്ടുള്ള വിജ്ഞാന കേന്ദ്രങ്ങൾ ആരംഭിക്കൽ, കള്ള് ചെത്ത് വ്യവസായം സംബന്ധിച്ച് സ്ഥിതിവിവര കണക്കുകൾ സൂക്ഷിക്കൽ തുടങ്ങിയ കാര്യങ്ങൾ ഇതിൽ രേഖപ്പെടുത്തിയിട്ടുണ്ട്. അതുപോലെ ബോർഡിന് സാമ്പത്തിക സഹായവും വായ്പയും ലഭ്യമാക്കാൻ മതിയായ നിയമ സംരക്ഷണം വേണ്ടതുണ്ട്. അത് ഈ നിയമത്തിലെ ചില ഭാഗങ്ങളിൽ പരാമർശിച്ചിട്ടുമുണ്ട്. ഇതിലെ 22-ാം വകുപ്പ് പ്രകാരം ബോർഡിന് സർക്കാരിൽനിന്നും ധനസഹായവും ഗ്രാന്റും നൽകാമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ മറ്റ് തരത്തിലുള്ള യാതൊരു തനത് വരുമാന മാർഗ്ഗവും ഇതിന്റെ ഭാഗമായി നിർദ്ദേശിക്കപ്പെട്ടിട്ടില്ല. അതുകൊണ്ട് ബോർഡിന് സ്വന്തമായി വരുമാനം ലഭിക്കുന്നതിനുവേണ്ടിയുള്ള മാർഗ്ഗങ്ങൾകൂടി നിർദ്ദിഷ്ട ബില്ലിന്റെ ഭാഗമാക്കി മാറ്റുന്നതിനുവേണ്ടിയുള്ള നടപടി സ്വീകരിക്കണം. ഈ വ്യവസായം ചില പ്രശ്നങ്ങൾ അഭിമുഖീകരിക്കുന്നുണ്ട്. പരോക്ഷമായിട്ടാണെങ്കിലും കള്ള് ഷാപ്പുകളുടെ ദൂരപരിധിയുമായി ബന്ധപ്പെട്ട് പ്രതിപക്ഷത്തുനിന്നൊരു അഭിപ്രായം പറഞ്ഞു. കള്ള് ഷാപ്പുകളുടെ ദൂരപരിധിയിൽ കാലോചിതമായ മാറ്റമുണ്ടാകണമെന്ന് ആ മേഖലയിലെ എല്ലാ ട്രേഡ് യൂണിയനുകളും ആവശ്യപ്പെടുന്നതാണ്. ഗവൺമെന്റ് ഇത് ഗൗരവമായി പരിശോധിക്കണം. കേരളത്തിന്റെ പ്രായോഗികതകൂടി പരിശോധിച്ച് ആവശ്യമായ മാറ്റങ്ങൾ ഇക്കാര്യത്തിൽ വരുത്തുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കണം.

ഇന്നത്തെ സാഹചര്യത്തിൽ കള്ള് ഷാപ്പുകളിൽ നിരവധി സ്ത്രീ തൊഴിലാളികൾ ജോലിചെയ്യുന്നുണ്ട്. തൊഴിലാളികളുടെ ആശ്രിതരെന്ന നിലയിൽ ജോലി ലഭിച്ചവരുണ്ട്. കള്ള് ഷാപ്പുകളിൽ ഭക്ഷ്യസാധനങ്ങൾ വിൽപ്പന നടത്തുന്നതിനുവേണ്ടിയുള്ള അവകാശംകൂടി കള്ള് ഷാപ്പിന്റെ ഭാഗമായി മാറിക്കഴിഞ്ഞു. ഇതുസംബന്ധിച്ച ഗവൺമെന്റ് ഉത്തരവ് ഇപ്പോൾ പുറപ്പെടുവിച്ചിട്ടുണ്ട്. അങ്ങനെ വരുമ്പോൾ സ്ത്രീ തൊഴിലാളികൾ ഉൾപ്പെടെ ജോലിക്കെത്തുകയാണ്. മദ്യഷാപ്പുകളിൽ സ്ത്രീ തൊഴിലാളികൾക്ക് ജോലി ലഭിക്കുന്നതിനുവേണ്ടിയുണ്ടായ പ്രശ്നങ്ങൾ നമ്മുടെ

മുന്നിലുണ്ട്. ആദ്യഘട്ടങ്ങളിൽ ബിവറേജസ് കോർപ്പറേഷനിലെ മദ്യഷാപ്പുകളിൽ ജോലിചെയ്യുന്നതിന് സ്ത്രീ തൊഴിലാളികളെ നിശ്ചയിച്ചിരുന്നില്ല. അവർ കോടതിയിൽ പോയി ഉത്തരവ് വാങ്ങി. അവർക്കും ജോലി ചെയ്യാനുള്ള അവകാശമുണ്ട്, സ്വാതന്ത്ര്യമുണ്ട്. ഇപ്പോൾ നൂറുകണക്കിന് സ്ത്രീ തൊഴിലാളികൾ ബിവറേജസ് കോർപ്പറേഷനിലെ ഔട്ട്ലെറ്റുകളിൽ ജോലി ചെയ്യുന്നുണ്ട്. ഇത്തരം അനുഭവങ്ങളുടെ അടിസ്ഥാനത്തിൽ കള്ള് ഷാപ്പുകളിൽ ജോലി ചെയ്യുന്ന സ്ത്രീകൾക്ക് നിലവിലുള്ള അബ്കാരി ആക്ടിന്റെ ഭാഗമായി ജോലിയുടെ അവകാശം ലഭിക്കില്ലായെന്നതുകൊണ്ട് അബ്കാരി ആക്ടിൽ ഭേദഗതി വരുത്തി സ്ത്രീകൾക്കുകൂടി ജോലി ചെയ്യാൻ കഴിയുന്ന വിധത്തിലുള്ള നിലപാട് സ്വീകരിക്കണം. കോവിഡ് കാലത്ത് മദ്യഷാപ്പുകളിൽ പാഴ്സൽ വിതരണം നടത്താൻ അനുവദിച്ചപ്പോൾ, കള്ളുഷാപ്പുകളിൽ അതിന് അനുവദിച്ചില്ലായെന്ന് നേരത്തെ ഇവിടെ പറയുന്നതു കേട്ടു. കള്ളുഷാപ്പുകളിലും പാഴ്സൽ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വസ്തുത മനസ്സിലാക്കാതെ തെറ്റിദ്ധരിപ്പിക്കത്തക്ക നിലയിലുള്ള സ്റ്റേറ്റ്മെന്റ് നിയമസഭയിൽ ഉന്നയിക്കുന്നത് ശരിയല്ല. ഇവിടെ ഉന്നയിക്കപ്പെട്ട രാഷ്ട്രീയ പ്രശ്നങ്ങൾക്കെല്ലാം വ്യക്തമായ ഉത്തരം നൽകും. ആ ഉത്തരം കേൾക്കുന്നതിനായി അംഗങ്ങൾ സഭയിൽ ഇരിക്കാനും സന്നദ്ധമാകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഈ ബില്ലിന്റെ നല്ല വശങ്ങൾ രൂപപ്പെടുത്തുന്നതിനുവേണ്ടി കൂടുതൽ അഭിപ്രായങ്ങൾ സ്വരൂപീകരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിച്ചു കൊണ്ട് എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

{അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി ചുമതലപ്പെടുത്തിയതുപ്രകാരം <u>ശ്രീ. എ. പ്രഭാകരൻ</u>: സർ, ഞാൻ ഭേദഗതിയെ പിന്തുണയ്ക്കുന്നു. കേരളത്തിൽ തകർന്നുകൊണ്ടിരിക്കുന്ന ഒരു പരമ്പരാഗത വ്യവസായത്തെ സംരക്ഷിക്കാനും അത് വിപുലപ്പെടുത്താനും വേണ്ടിയുള്ള ഒരു നിയമം നിയമസഭയിൽ പാസ്സാക്കുമ്പോൾ ഇത്രമാത്രം എതിർപ്പുണ്ടാകുമെന്ന് ഞാൻ പ്രതീക്ഷിച്ചില്ല. തുടക്കം മുതൽ കള്ളുചെത്ത് വ്യവസായത്തെ തകർക്കുന്നതിനുവേണ്ടി ഒരു വിദേശമദ്യലോബി രാജ്യത്ത് പ്രവർത്തിക്കുന്നുണ്ട്. അതിന്റെ വക്താക്കളായി ഇവരാരെങ്കിലും സംസാരിച്ചുവെന്ന് ഞാൻ പറയുന്നില്ല. എങ്കിലും അതൊരു യാഥാർത്ഥ്യമാണെന്ന് കാണാതിരിക്കാനും സാധ്യമല്ല. ക്ഷേമനിധി ബോർഡിലെ കണക്കനുസരിച്ച് ഇരുപത്തിയാറായിരത്തോളം തൊഴിലാളികൾ അതിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. എന്നാൽ കുറേപേർ ഉൾപ്പെട്ടിട്ടില്ല. അതിനുകാരണം കള്ള് ചെത്ത് വ്യവസായ മേഖലയിൽ പുതിയതായി ചെറുപ്പക്കാരോ തൊഴിലാളികളോ വരുന്നില്ലായെന്നതാണ്. എന്നാൽ മദ്യവിൽപ്പന തൊഴിലാളികൾ കൂടിവരുന്നുമുണ്ട്. ബോർഡ് ഇതിൽ 5:2 എന്ന നിലയിൽ

നിയന്ത്രണം വച്ചു. അഞ്ച് കള്ള് ചെത്തുതൊഴിലാളിയുണ്ടെങ്കിൽ ആ ഷാപ്പിൽ രണ്ട് വിൽപ്പനക്കാരെ വയ്ക്കാം. കള്ള് ചെത്തുതൊഴിലാളി ഇല്ലെങ്കിൽ വിൽപ്പനക്കാരെ വയ്ക്കാൻ സാധിക്കില്ല. കള്ള് ഷാപ്പിൽ വിൽപ്പന കൂടുമ്പോൾ ചെത്തു തൊഴിലാളി കളുടെ എണ്ണം കൂടുന്നൊരു അവസ്ഥവരും. ബോർഡിന്റെ നിബന്ധനപ്രകാരം കുറേ ആളുകൾ ജോലി ചെയ്യുന്നുണ്ടെങ്കിലും അവരെ ബോർഡിൽ ഉൾപ്പെടുത്താൻ സാധിക്കാത്ത സ്ഥിതി നിലനിൽക്കുകയാണ്. രജിസ്റ്റർ ചെയ്ത തൊഴിലാളികളേക്കാൾ കൂടുതലാളുകൾ ഈ മേഖലയിൽ ഇപ്പോൾ പ്രവർത്തിക്കുന്നുണ്ട്. മറ്റൊന്ന്, കള്ള് ചെത്താനാവശ്യമായ തെങ്ങുകൾ ലഭ്യമാകാത്തതുകൊണ്ട് തോട്ടങ്ങളെ കേന്ദ്രീകരി ക്കുന്നൊരു അവസ്ഥയാണ് ഇപ്പോഴുള്ളത്. പാലക്കാട് ജില്ലയിലെ കിഴക്കൻ പ്രദേശത്തും ചിറ്റൂർ പ്രദേശത്തും രണ്ടായിരത്തോളം തൊഴിലാളികൾ കള്ള് ചെത്ത് മേഖലയിൽ പ്രവർത്തിക്കുന്നുണ്ട്. കേരളത്തിലെ പന്ത്രണ്ട് ജില്ലകളിലേയ്ക്കും പാലക്കാട് ജില്ലയിൽനിന്നാണ് കള്ള് എത്തുന്നത്. ഇതിൽ പറയുന്ന രീതിയിൽ ചില കാര്യങ്ങൾ നടപ്പിലാക്കാൻ തയ്യാറായാൽ ഈ വ്യവസായത്തെ സംരക്ഷിക്കാനും നല്ലൊരു ശതമാനം ആളുകൾക്ക് അവരുടെ വരുമാനമാർഗ്ഗം വർദ്ധിപ്പിക്കാനും കഴിയും. ഇതിൽ ബോർഡിന്റെ ആവശ്യം എന്താണ്, ഇത് എക്സൈസ് വകുപ്പിനു തന്നെ നിർവ്വഹിച്ചുകൂടേയെന്ന് ഇവിടെ ബഹുമാനപ്പെട്ട ഒരംഗം പറഞ്ഞു. ആകാശം മുട്ടുന്ന പനയും തെങ്ങും കയറിയാണ് കള്ളുണ്ടാക്കുന്നത്. എക്സൈസ് വകുപ്പിലുള്ളവർ പനയും തെങ്ങും കയറി കള്ള് ഉത്പാദിപ്പിക്കുമോ; ഞാൻ ആരെയും അധിക്ഷേപി ക്കുകയാണെന്ന് ധരിക്കരുത്. പരമോന്നത കോടതിയിൽ കേസ്സിനോട് ഒരു ബന്ധവുമില്ലാത്ത കാര്യങ്ങൾ വ്യാഖ്യാനിച്ചാൽ കേസ് ജയിക്കുമെന്നൊരു അനുഭവം ഇവിടെ ചില ആളുകളുടെ വ്യാഖ്യാനത്തിൽനിന്നും എനിക്ക് മനസ്സിലായി. ടോഡി ബോർഡും കമ്പ്യൂട്ടറും തമ്മിൽ എന്താണ് ബന്ധം; ക്യൂബയിലെയും കൊറിയയിലേയും ജനജീവിതവും കള്ളുചെത്തും തമ്മിൽ എന്താണ് ബന്ധം; ഗംഭീരമായ വാദം ഇവിടെ നടക്കുകയാണ്. വലിയ വിദ്യാഭ്യാസവും വിവരവുമുള്ള ആളുകളുടെ ഭാഗത്തുനിന്ന് ഇത്തരം കാര്യങ്ങൾ വരുമ്പോൾ വല്ലാത്ത വിഷമം തോന്നുകയാണ്. മറ്റൊന്ന്, ടോഡി ബോർഡിന്റെ ഉദ്ദേശ്യമെന്നുപറയുന്നത് ഈ മേഖലയിൽ പണിയെടുക്കുന്നവർക്ക് മാന്യമായ വരുമാനവും കുടിക്കുന്നവർക്ക് നല്ല കള്ളും നൽകുക എന്നതാണല്ലോ. അതുകൊണ്ട് ടോഡി ബോർഡ് നിർദ്ദേശിച്ച കാര്യങ്ങൾ അടിയന്തരമായി നടപ്പാക്കാൻ ഈ ബോർഡ് വേണമെന്നാണ് പറയാനുള്ളത്.

ഇതിലെ ചില കാര്യങ്ങളിൽ എനിക്ക് ചില നിർദ്ദേശങ്ങളുണ്ട്. ഒന്ന്, ബോർഡിന്റെ രൂപീകരണം സംബന്ധിച്ച അദ്ധ്യായം II-(4)(ജെ)-ൽ കർഷകരുടെ പ്രതിനിധികൾ എന്നൊരുഭാഗം വരുന്നുണ്ട്, ആ അദ്ധ്യായത്തിൽ തന്നെ (4) (എച്ച്)-ൽ 'പത്തുകൊല്ലം പ്രവർത്തി പരിചയമുള്ള കരിമ്പന ചെത്ത്

തൊഴിലാളികളുടെയും തെങ്ങ് ചെത്ത് തൊഴിലാളികളുടെയും പ്രതിനിധികൾ' എന്നുകൂടി വരണം. അതായത്, കർഷകപ്രതിനിധികളും യൂണിയന്റെ പ്രതിനിധികളും മാത്രം വന്നാൽ പോര. നല്ല എക്സ്പീരിയൻസുള്ള തൊഴിലാളികളെക്കൂടി ആ ബോർഡിൽ ഉൾപ്പെടുത്തണമെന്നാണ് എനിക്ക് പറയാനുള്ളത്.

മറ്റൊന്ന്, അദ്ധ്യായം III-ലെ 16-ാം ഖണ്ഡികയിൽ ബോർഡിന്റെ ചുമതലകൾ (എ) മുതൽ (എൽ) വരെ വിവരിക്കുന്നുണ്ട്. അതിലെ (ഇ)-ൽ 'കൂടുതൽ കള്ള് ഉല്പാദിപ്പിക്കുന്നതിനായി അത്യുല്പാദനശേഷിയുള്ള വൃക്ഷങ്ങൾ വച്ചുപിടിപ്പിക്കുക' എന്നതിനുപകരം 'ഉയരം കുറഞ്ഞ വൃക്ഷങ്ങൾ വച്ചുപിടിപ്പിക്കുക' എന്ന് ഭേദഗതി വരുത്തണം. ഇപ്പോൾ പനയും തെങ്ങും വച്ചുപിടിപ്പിക്കാൻ സ്ഥലം എവിടെ ലഭ്യമാകും; ആര് തരും? അതുകൊണ്ട് ഒരു വിശദീകരണമെന്ന നിലയിൽ, അവ വച്ചുപിടിപ്പിക്കാനായി പുഴയോരങ്ങൾ, കനാലിന്റെ തീരങ്ങൾ, പുറമ്പോക്ക് തുടങ്ങിയ സ്ഥലങ്ങൾ കണ്ടെത്താനാവശ്യമായ നിബന്ധനകൂടി ഉൾപ്പെടുത്തണമെന്നാണ് നിർദ്ദേശിക്കാനുള്ളത്.

മറ്റൊന്ന്, കള്ള് വ്യവസായത്തിനുണ്ടായ തകർച്ച യഥാർത്ഥത്തിൽ കള്ള് വ്യവസായ ക്ഷേമനിധി ബോർഡിനേയും ബാധിച്ചിട്ടുണ്ട്. അതിനുകാരണം ഇവരുടെ അംശദായത്തിന്റെ ഒരു പൈസപോലും ബോർഡ് എടുക്കുന്നില്ലായെന്നതാണ്. ശ്രീ. ടി. പി. രാമകൃഷ്ണൻ ഇവിടെ സൂചിപ്പിച്ചതുപോലെ അതിന്റെ പലിശമാത്രം വച്ചുകൊണ്ടാണ് 3000 മുതൽ 5000 രൂപ വരെ ബോർഡ് പെൻഷനും ഗ്രാറ്റുവിറ്റിയും മറ്റെല്ലാ ആനുകൂല്യങ്ങളും നൽകുന്നത്. ഇപ്പോൾ ബോർഡും തകർച്ച നേരിട്ടുകൊണ്ടിരിക്കുകയാണ്. കേരളത്തിൽ ആദ്യമുണ്ടായ ക്ഷേമനിധി ബോർഡാണ് കള്ള് വ്യവസായ ക്ഷേമനിധി ബോർഡ്. 1969-ലാണ് രൂപീകൃതമായത്. ഇതാണ് മറ്റ് പല തൊഴിലാളി സംഘടനകൾക്കും മാതൃകയായി മാറിയത്. ഇതിന് തകർച്ച വരാനുണ്ടായ കാരണം ഇതിൽ പുതിയ തൊഴിലാളികൾ വരുന്നില്ലായെന്നതാണ്. മാത്രമല്ല, ഇപ്പോൾ ബാങ്ക് പലിശനിരക്കിൽ ഭീമമായ ഇടിവുമുണ്ടായിട്ടുണ്ട്. ആ പലിശകൊണ്ടാണ് ബോർഡ് പ്രവർത്തിക്കുന്നത്. അതുപോലെ തൊഴിലാളികളുടെ പെൻഷനും മറ്റാനുകൂല്യങ്ങളും വർദ്ധിപ്പിച്ചതും അതിന്റെ തകർച്ചയ്ക്ക് കാരണമായിട്ടുണ്ട്. ഇതൊന്നും മനസ്സിലാക്കാതെ ഇനിയൊരു പുതിയ ബോർഡ് വേണ്ട, ആ ക്ഷേമനിധി ബോർഡ് മതിയെന്ന് ബഹുമാന്യനായ മുൻപ്രതിപക്ഷ നേതാവ് ഇവിടെ പറഞ്ഞത് എന്ത് ഉദ്ദേശ്യത്തിലാണെന്ന് എനിക്ക് മനസ്സിലായിട്ടില്ല.

മറ്റൊന്ന്, അദ്ധ്യായം III-ൽ ബോർഡിന്റെ അധികാരവും ചുമതലകളും എന്ന ഭാഗത്ത് 'ആകർഷകമായ ഷാപ്പുകളുണ്ടാക്കണം' എന്നുകൂടി ചേർക്കണം. കാരണം, പല കള്ളുഷാപ്പുകളും വൃത്തിയില്ലാത്ത പ്രദേശങ്ങളിലാണ് സ്ഥാപിച്ചിരിക്കുന്നത്.

അതിന്റെ സാങ്കേതിക കാരണം ഒരു കോൺട്രാക്ടർ മാറി മറ്റൊരാൾ വരുമ്പോൾ ഈ ഷാപ്പ് അയാൾ വിട്ടുകൊടുക്കാത്തതാണ്. ഓലകൾ കൊണ്ട് മറച്ച് ചെറിയൊരു മുറിയുണ്ടാക്കി അവിടെ കള്ള് വിൽക്കുകയാണ് ചെയ്യുന്നത്. എ.സി., നല്ല ഭക്ഷണം എന്നിവ ഹോട്ടലുകളിൽ നൽകുന്ന രീതിയിൽ കള്ള കുടിക്കുന്നവർക്ക് കള്ളുഷാപ്പ് കണ്ടാൽ തന്നെ കയറി രണ്ടുഗ്ലാസ് കള്ളുകുടിച്ചിട്ട് പോകണമെന്ന് തോന്നുന്ന രീതിയിലുമുള്ള മാതൃകാപരമായ കെട്ടിടങ്ങൾ നിർമ്മിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. അതുപോലെ 'പുതുതായി ആ മേഖലയിൽ വരുന്നവർക്കും ആവശ്യമായ പരിശീലനം നൽകുക' എന്നും പറയുന്നുണ്ട്. തെങ്ങും പനയും കയറാനാവശ്യമായ രീതിയിൽ അതിനുള്ള യന്ത്രോപകരണങ്ങൾ നിർമ്മിക്കണം. അതിന്റെ പരിശീലനം സ്ത്രീകൾക്കുകൂടി നൽകണം. കോഴിക്കോട് ഒരു സ്ത്രീ കള്ള് ചെത്താൻ കയറുന്നതായി പത്രങ്ങളിൽ വാർത്തവന്നു. അതുകൊണ്ട് തെങ്ങുകളിലും പനകളിലും കയറാനുള്ള പരിശീലനം സ്ത്രീകൾക്ക് നൽകുകയാണെങ്കിൽ അവർക്കും ഈ മേഖലയിലേയ്ക്ക് കടന്നുവരാൻ സാധിക്കും. അതിനുവേണ്ട നടപടികൾകൂടി സ്വീകരിക്കണമെന്നാണ് എനിക്ക് അഭിപ്രായപ്പെടാനുള്ളത്.

കള്ളുഷാപ്പ് ആരംഭിക്കാതിരിക്കാനും അതിനെ തകർക്കാനും വിദേശമദ്യ ലോബി ശ്രമിക്കുന്നത് തിരുത്താനാവശ്യമായ പ്രവർത്തനം നടത്തണം. അത് ബഹുമാനപ്പെട്ട മന്ത്രി ശ്രദ്ധിക്കേണ്ടതാണ്. കേരളത്തിലെ ഒരു പരമ്പരാഗത വ്യവസായം സംരക്ഷിക്കാൻവേണ്ടിയുള്ള പ്രവർത്തനത്തിന്മേലുള്ള ഒരു ചർച്ച നടക്കുമ്പോൾ ഇവിടെ എന്ത് ഉദ്ദേശ്യം വച്ചുകൊണ്ടാണ് പ്രതിപക്ഷാംഗങ്ങൾ പരസ്പരവിരുദ്ധമായ കാര്യങ്ങൾ സംസാരിക്കുന്നതെന്ന് മനസ്സിലാകുന്നില്ല. കാർഷിക രാജ്യമാണ് ഇന്ത്യ എന്നല്ലേ നമ്മൾ പഠിച്ചിട്ടുള്ളത്. വേനൽക്കാലത്തുപോലും വെള്ളപ്പൊക്കമുണ്ടാകുന്ന നാട് ഏതെന്ന് ചോദിച്ചാൽ അത് ഇന്ത്യാ രാജ്യമല്ലേ? ലോകത്ത് വച്ച് ഏറ്റവും കൂടുതൽ കൃഷിക്ക് ഉപയുക്തമായ മണ്ണുള്ള നാടും ഇതല്ലേ; അഞ്ചു പതിറ്റാണ്ടുകാലം ഈ രാജ്യം ഭരിച്ചവരല്ലേ ഇവർ? എവിടെനിന്ന് ലഭിച്ച കണക്ക് വച്ചിട്ടാണ് ബഹുമാനപ്പെട്ട മാത്യു കുഴൽനാടൻ വലിയ ഗംഭീരമായി വാദിച്ചതെന്ന് എനിക്ക് മനസ്സിലാകുന്നില്ല. എല്ലാവരേയും പൊട്ടന്മാരാക്കുന്ന രീതിയിൽ വർത്തമാനം പറഞ്ഞ് ഇത്തരത്തിൽ ഒരു ബന്ധവുമില്ലാതെ, കാര്യങ്ങളെ വളച്ചൊടിച്ച് നിയമസഭയുടെ സമയം വൃഥാവിലാക്കിയത് ശരിയല്ലെന്ന അഭിപ്രായം കൂടി പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. സി. സി. മുകുന്ദൻ ചുമതലപ്പെടുത്തിയപ്രകാരം (ശ്രീ. വി. ആർ. സുനിൽ കുമാർ): സർ, ഞാൻ ഭേദഗതിയെ പിന്തുണയ്ക്കുന്നു. ഈ ചർച്ചയുമായി ബന്ധപ്പെട്ട് ബഹുമാന്യനായ മാത്യു കുഴൽനാടൻ ചില പരാമർശങ്ങൾ നടത്തുകയുണ്ടായി. ചരിത്രമറിയാതെയാണോ പറയുന്നതെന്ന് അറിയില്ല. എല്ലാ കാലഘട്ടത്തിലും

സാമ്രാജ്യത്വ ശക്തികൾക്കെതിരായി പോരാട്ടം നടത്തിയ ഫിഡൽ കാസ്ട്രോയുടേയും ചെഗുവേരയുടെയും നാടാണ് ക്യൂബ. എല്ലാകാലത്തും സി.ഐ.എ.-യെ ഉപയോഗിച്ചു കൊണ്ട് ഫിഡൽ കാസ്ട്രോയെ ഉൾപ്പെടെ കൊലചെയ്യാൻ ശ്രമിച്ച, സോഷ്യലിസ്റ്റ് രാജ്യങ്ങളെയെല്ലാം ഇല്ലായ്മ ചെയ്യാൻ ശ്രമിച്ച അമേരിക്കൻ സാമ്രാജ്യത്വത്തിന് അനുകൂലമായ നിലപാടാണോ അതോ വ്യക്തിപരമായിട്ടുള്ള ശ്രീ. മാത്യു കുഴൽനാടന്റെ നിലപാടാണോ കോൺഗ്രസ് എടുക്കുന്നത് എന്നറിഞ്ഞാൽ കൊള്ളാം. സോവിയറ്റ് യൂണിയൻ എല്ലാകാലത്തും ഇൻഡ്യയെ സംരക്ഷിച്ചിട്ടുള്ള നാടാണ്. റൂർക്കേലയും ഭിലായും ഉൾപ്പെടെയുള്ള വ്യവസായ സ്ഥാപനങ്ങൾ ഇൻഡ്യയിലേയ്ക്ക് കൊണ്ടു വരുന്നതിൽ നിർണ്ണായക പങ്കുവഹിച്ചിട്ടുള്ളതുമാണ്. അമേരിക്കയുടെ ഏഴാം കപ്പൽപ്പട വന്നപ്പോഴും സോവിയറ്റ് യൂണിയൻ തന്നെയാണ് ഇൻഡ്യയെ സംരക്ഷിക്കാൻ ഉണ്ടായിരുന്നതെന്നുകൂടി തിരിച്ചറിയേണ്ടതുണ്ട്. കോൺഗ്രസ്സുകാരൻ തിരിച്ചറിയേണ്ട മറ്റ് കാര്യങ്ങളുമുണ്ട്, അത് തെറ്റ് തിരുത്തേണ്ട കാര്യങ്ങളാണ്. പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവിന്റെ സാമ്പത്തിക നയമാണോ നരസിംഹറാവുവിന്റെ സാമ്പത്തിക നയമാണോ ശരിയെന്നും ഏത് നിലപാടിനൊപ്പമാണ് കോൺഗ്രസ്സെന്നുംകൂടി ഈ കാലഘട്ടത്തിൽ പറയേണ്ടത് അനിവാര്യമാണെന്ന് തോന്നുന്നു. പൊതു മേഖലയെയും സ്വകാര്യമേഖലയെയും ഒരുപോലെ കൊണ്ടു പോയി ഇന്ത്യയെ ഒരു സോഷ്യലിസ്റ്റ് സമൂഹമായി കെട്ടിപ്പടുക്കണമെന്നാഗ്രഹിച്ച പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവിന്റെ നയംതന്നെയാണോ നരസിംഹറാവുവിലേയ്ക്ക് എത്തിച്ചേരുമ്പോഴു ണ്ടായിട്ടുള്ളത്. ഇന്ത്യ സാമ്പത്തിക വ്യവസ്ഥയെ ഒരു മുതലാളിത്ത-തീവ്രമുതലാളി ത്തത്തിലേയ്ക്ക്, അതായത് ഇന്നത്തെ സാഹചര്യത്തിലേയ്ക്ക് കൊണ്ടുവന്നിട്ടുണ്ടെങ്കിൽ തീർച്ചയായിട്ടും അത് നരസിംഹറാവു ഗവൺമെന്റാണ്, അത് കോൺഗ്രസ്സ് ഗവൺമെന്റാണ്. ഇന്ന് ഇന്ത്യ രാജ്യത്തേയ്ക്ക് വന്നു കൊണ്ടിരിക്കുന്ന വാൾമാർട്ടുകാർ മുപ്പതുകോടി ജനങ്ങളെയാണ് കൊള്ളയടിക്കുന്നത്. 30 കോടി ജനങ്ങളെയാണ് തൊഴിലില്ലാത്തവരാക്കിയിട്ടുള്ളത്. മുപ്പതിനായിരം കോടി രൂപയോളമാണ് ഇന്ന് നമ്മളിൽനിന്നും കൊണ്ടുപോയിക്കൊണ്ടിരിക്കുന്നത്.

7.00 P.M.]

പരസ്യ വിപണികളിലൂടെ സമൂഹത്തെ ഒരു മുതലാളിത്ത രാജ്യമാക്കി മാറ്റിയെടുക്കുന്നതിൽ നല്ല പങ്ക് വഹിച്ചത് കോൺഗ്രസ്സാണ്. കമ്മ്യൂണിസ്റ്റുകാർ ഇന്ത്യ ഭരിച്ചിട്ടില്ല. നമ്മുടെ വായുവും വെള്ളവും വൈദ്യുതിയും സൂര്യപ്രകാശവും അടക്കം വിറ്റഴിക്കാനുള്ള സാഹചര്യം ഒരുക്കിക്കൊടുത്തത് കോൺഗ്രസ്സുകാരാണ്, അല്ലാതെ കമ്മ്യൂണിസ്റ്റുകാരല്ല. വിജയ് മല്യ ഉൾപ്പെടെയുള്ളവർക്ക് വെള്ളം വിൽക്കാനുള്ള അവസരം ഉണ്ടാക്കിക്കൊടുത്തത് ആരാണ്, ഞങ്ങളാരും അല്ല. ഇന്ന് പാവപ്പെട്ട കർഷകർ തെരുവോരങ്ങളിൽ രക്തസാക്ഷികളാകുന്നുണ്ടെങ്കിൽ അതിന്

അവസരം ഉണ്ടാക്കിക്കൊടുത്തത് കോൺഗ്രസ്സുകാരാണ്. ആസിയാൻ കരാറിലൂടെ ഉപ്പ് തൊട്ട് കർപ്പൂരം വരെ ഈ മണ്ണിലേയ്ക്ക് കൊണ്ടുവന്നത് ആരാണ്? ഇന്ത്യയുടെ ഓരോ മൺതരികളും വിറ്റഴിച്ചതിനെതിരെ തൊഴിലാളികൾ, കോൺഗ്രസ്സിലെ ഐ.എൻ.റ്റി.യു.സി. ഉൾപ്പെടെയുള്ളവർ, ഇന്ന് സമരം നടത്തുന്നുണ്ടെങ്കിൽ അത് ആർക്കെതിരായാണ്, കോൺഗ്രസ്സിനെതിരായിട്ടാണ്. ഇന്ന് ഐ.എൻ.റ്റി.യു.സി. ഉൾപ്പെടെയുള്ളവർ സമരപാതയിലേയ്ക്ക് പോയിട്ടുണ്ടെങ്കിലും തൊഴിൽ ഭേദഗതി നിയമങ്ങൾ വരുത്തിക്കൊണ്ട് പാവപ്പെട്ട തൊഴിലാളികളെ ഏതവസരത്തിൽ പിരിച്ചുവിടാനും നിയമങ്ങളനുസരിച്ച് അവരെ ഇല്ലായ്മ ചെയ്യാനും ശ്രമിച്ചത് കമ്മ്യൂണിസ്റ്റുകാരല്ല, കോൺഗ്രസ്സുകാരാണ്. ഋഗിളുകാരനും പെപ്സിക്കാരനും ഉൾപ്പെടെയുള്ളവർ ഇന്ത്യൻ മണ്ണിലേയ്ക്ക് കടന്നുവന്നിട്ടുണ്ടെങ്കിൽ, ഇന്ന് ഇന്ത്യൻ ജനതയുടെ തൊണ്ണൂറ് ശതമാനവും കയ്യടക്കി വച്ചിട്ടുണ്ടെങ്കിൽ, കോവിഡ് കാലഘട്ടങ്ങളിൽ പോലും ശതകോടിശ്വരന്മാർ എൺപതിൽ നിന്ന് തൊണ്ണൂറായി മാറിയിട്ടുണ്ടെങ്കിൽ, ഞങ്ങളല്ല കോടിശ്വരന്മാരെ സൃഷ്ടിച്ചത്. ഇന്ന് ഇന്ത്യയിലെ കൂടുതൽ ജനങ്ങളും ദരിദ്രനാരായണന്മാരായി മാറിയിട്ടുണ്ടെങ്കിൽ, പട്ടിണി കിടന്ന് മരിക്കുന്നുണ്ടെങ്കിൽ, തെരുവോരങ്ങളിൽ കിടന്ന് മരിക്കുന്നുണ്ടെങ്കിൽ വീടില്ലാതെ കിടക്കുന്നുണ്ടെങ്കിൽ അക്ഷരാഭ്യാസമില്ലാതെ നടക്കുന്നുണ്ടെങ്കിൽ അത് കമ്മ്യൂണിസ്റ്റുകാർ ഉണ്ടാക്കിയിട്ടുള്ള നയത്തിന്റെ ഫലമായിട്ടല്ല; ഇന്ന് നമ്മുടെ രാജ്യം അനുഭവിച്ചു കൊണ്ടിരിക്കുന്നത് കോൺഗ്രസ്സുകാർ ഉണ്ടാക്കിയിട്ടുള്ള സാമ്പത്തിക നയത്തിന്റെ ദൂഷ്യഫലങ്ങളാണ്. അത് തിരിച്ചറിയണം. കോൺഗ്രസ്സുകാർ ഉണ്ടാക്കി വച്ച സാമ്പത്തിക നയങ്ങൾമൂലമുണ്ടായിട്ടുള്ള ഭവിഷ്യത്തുകളാണ് ഇന്ന് ജനങ്ങൾ അനുഭവിച്ചുകൊണ്ടിരിക്കുന്നത്. ഇന്നത്തെ അവസ്ഥയിലേയ്ക്ക് ഈ രാജ്യത്തെ എത്തിച്ചത് നിങ്ങളുടെ സാമ്പത്തിക നയങ്ങളാണ്. അമേരിക്ക പോലുള്ള സാമ്രാജ്യത്വ ശക്തികളെ കൂട്ടുപിടിച്ചുകൊണ്ട് മുതലാളിത്തമാണ് ശരിയെന്ന് ഏതെങ്കിലും കോൺഗ്രസ്സുകാർ ഔദ്യോഗികമായി പറയാൻ തയ്യാറുണ്ടോ? ഡോ. മാത്യു കുഴൽനാടൻ പറയുന്നതല്ല, അമേരിക്കൻ സാമ്രാജ്യത്വമാണോ സോഷ്യലിസമാണോ ശരിയെന്ന് ഇവിടെ ഇരിക്കുന്ന കോൺഗ്രസ് നേതാക്കൾ പറയണം. തൊണ്ണൂറ് ശതമാനം വരുന്ന ജനങ്ങളെ പട്ടിണിക്കിടുന്ന സാമ്പത്തിക നയമാണോ അതോ സോഷ്യലിസമാണോ ശരിയെന്ന് പറയണം. ബി. ആർ. അംബേദ്കർ എഴുതിവച്ച ഭരണഘടനയ്ക്ക് അനുസൃതമായി സമത്വപൂർണ്ണമായിട്ടുള്ള സാഹചര്യത്തിലേയ്ക്കാണോ ഇന്ത്യാ രാജ്യത്തെ കൊണ്ടുപോകേണ്ടതെന്ന് കൃത്യമായി കോൺഗ്രസ്സുകാരൻ സഭയിൽ പറയേണ്ടതായിരുന്നു. ആരാണ് ശരി, ഏത് നയമാണ് നിങ്ങൾ പിന്തുടരുന്നത് ? അമേരിക്കൻ സാമ്രാജ്യത്വ നയങ്ങളെയാണോ പിന്തുണയ്ക്കുന്നത്? അവരുടെ മുതലാളിത്ത നയങ്ങളെയാണോ പിന്തുണയ്ക്കുന്നത്? എങ്കിൽ കർഷകനുവേണ്ടി

നിങ്ങൾ സമരം നയിക്കേണ്ടതായിട്ടില്ല. അവരെ ഈ രീതിയിലാക്കിയതും നിങ്ങൾ തന്നെയാണ്. ആ നയപരിപാടികളുമായി നിങ്ങൾ പോകുകയാണെങ്കിൽ, ഒന്നു മില്ലായ്മയിലേയ്ക്ക് നിങ്ങൾ വന്നിട്ടുണ്ടെങ്കിൽ, അത് ഈ സാമ്പത്തിക നയം മൂലമാണ്. നാളെകളിൽ ഒന്നുമല്ലാതാകുന്ന അവസ്ഥാവിശേഷത്തിലേയ്ക്ക് ജനങ്ങൾ നിങ്ങളെ പിന്തള്ളുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. ഞാൻ അധികം ദീർഘിപ്പിക്കുന്നില്ല വിഷയത്തിലേയ്ക്ക് മാത്രം കടക്കാൻ ആഗ്രഹിക്കുന്നു.

<u>മി. സ്പീക്കർ</u>: അങ്ങ് സബ്ജക്ടിലേയ്ക്ക് വന്നപ്പോഴേയ്ക്കും ഒൻപത് മിനിട്ട് കഴിഞ്ഞു.

<u>ശ്രീ. വി. ആർ. സുനിൽ കുമാർ</u>: സർ, പെട്ടെന്ന് പറഞ്ഞവസാനിപ്പിക്കാം. കേരളത്തിലെ പരമ്പരാഗത വ്യവസായങ്ങളിൽ വളരെ പ്രധാനപ്പെട്ട ഒന്നായിരുന്നു കള്ള് ചെത്ത് വ്യവസായം. എരമാവ്, പെരിങ്ങോട്ടുകര ഫർക്ക, മണലൂർ, നാട്ടിക, കയ്പമംഗലം, മാള, തൃശ്ശൂർ ജില്ലയിലെ കൊടുങ്ങല്ലൂർ ഉൾപ്പെടെയുള്ള പ്രദേശങ്ങളിലും ഏകദേശം പതിനാലായിരത്തോളം തൊഴിലാളികളുണ്ടായിരുന്നു. ഇന്നത് വൈക്കം, കോട്ടയം ജില്ലയുടെ ചില പ്രദേശങ്ങൾ, എറണാകുളം, ആലപ്പുഴ, പാലക്കാട്, കണ്ണൂർ ജില്ലകളിൽ മാത്രമായി പരിമിതപ്പെടുന്ന അവസ്ഥയിലേയ്ക്കാണ് പോയിക്കൊണ്ടിരിക്കുന്നത്. മുന്നൂറോളം തൊഴിലാളികളാണ് പെരിങ്ങോട്ടുകര ഫർക്കയിൽ ഇന്ന് തൊഴിലെടുക്കുന്നത്. നേരത്തെ ഇവിടെ സൂചിപ്പിച്ചതുപോലെ പാലക്കാട് ജില്ലയിൽ നിന്നാണ് ഈ പ്രദേശങ്ങളിലേയ്ക്ക് കള്ള് വന്നുകൊണ്ടിരിക്കുന്നത്. ചെത്തുതൊഴിലാളികൾ സാമ്രാജ്യത്വ ശക്തികൾക്കെതിരായി പോരാട്ടം നയിച്ച ചരിത്രംകൂടി നമ്മുടെ മുമ്പിലുണ്ട്. ബ്രിട്ടീഷ് വിരുദ്ധ സമരത്തിന്റെ മുന്നണി പോരാളികളായിരുന്നു ചെത്തുതൊഴിലാളികൾ. 44 ദിവസം കർഫ്യൂ പ്രഖ്യാപിച്ച് എരമാവ്- പെരിങ്ങോട്ടുകര ഫർക്കയിൽ മാത്രമായി ദിവാൻ ഭരണത്തിനെതിരെ പതിനാറ് രക്തസാക്ഷികളുണ്ടായിട്ടുണ്ട്. കൊലമുറി സമരം നയിച്ച സഖാവ് ജോർജ്ജ് ചടയൻമുറിയുടെയും സഖാവ് ടി. എം. നമ്പൂതിരിയുടേയും കെ. പി. പ്രഭാകരന്റെയും പേര് ഈ ഘട്ടത്തിൽ ഓർമ്മപ്പെടുത്തേണ്ടതാണെന്ന് എനിക്ക് തോന്നുന്നു. കള്ളുചെത്ത് വ്യവസായ മേഖല സത്യത്തിൽ മുരടിപ്പിനെ നേരിടാനുള്ള പ്രധാന കാരണം തൊഴിൽ വൈവിദ്ധ്യവൽക്കരണത്തിന്റെ അഭാവമാണ്. കള്ള് ഉപയോഗിച്ച് വാല്യൂ ആഡഡ് പ്രോഡക്ടുകൾ നിർമ്മിക്കാമെന്ന് എക്സൈസ് ഡിപ്പാർട്ടുമെന്റ് കണ്ടെത്തിയിട്ടുണ്ട്. നീര ലഹരിയില്ലാത്ത ആരോഗ്യപരമായ ഒരു പാനീയമെന്ന നിലയിൽ പരിഗണിക്കപ്പെടാനും നല്ല സാധ്യതയുണ്ട്. ഉൽപ്പന്നങ്ങളുടെ വൈവിദ്ധ്യവൽക്കരണത്തിലൂടെ തൊഴിലാളികൾക്ക് കാലോചിതമായ ജീവിത ആയോധനത്തിനുവേണ്ട നിശ്ചിത വരുമാനം കണ്ടെത്തിയാൽ ഇനിയും കേരളത്തിൽ നല്ല നിലയിൽ മുന്നോട്ടുപോകാൻ സാധ്യതയുള്ള മേഖലയാണ് ചെത്തുതൊഴിലാളി മേഖല. നിർഭാഗ്യവശാൽ നമ്മുടെ സംവിധാനങ്ങൾ വിദേശമദ്യത്തിന് കൊടുക്കുന്ന പ്രാധാന്യവും

പരിഗണനയും പല കാരണങ്ങളാൽ ചെത്തുതൊഴിൽ മേഖലയ്ക്ക് നൽകാതെ പോയിട്ടുണ്ട്. മൺപാത്രം, തഴപ്പായ, കയർ, കശുവണ്ടി, നെയ്ത്ത് മേഖലകളാണ് അവശേഷിക്കുന്ന പ്രബല പരമ്പരാഗത തൊഴിൽ മേഖലകൾ. ഈ മേഖലകളു ടെയെല്ലാം പ്രധാന പ്രത്യേകത, ആർജ്ജിതമായ അറിവുകൾ ഉപയോഗിച്ച് തൊഴിലാളികൾ വലിയ മുതൽമുടക്കില്ലാതെ ഉപജീവനത്തിന് വഴി കണ്ടെത്തുന്നു വെന്നുള്ളതാണ്. സമൂഹത്തിൽ വന്നിട്ടുള്ള ഉൽപ്പാദന രംഗത്തെ വൈവിദ്ധ്യവൽ ക്കരണവും ശാസ്ത്ര സാങ്കേതിക മേഖലയുടെ സഹായവും യന്ത്രവത്കൃത നൂതന ഉൽപ്പാദന രീതികളും പുതിയ സാമൂഹിക വ്യവസ്ഥയുടെ ഭാഗമാണെന്നുള്ളതുകൊണ്ട് പരമ്പരാഗത തൊഴിൽ മേഖലകളേയും മേൽപ്പറഞ്ഞ ഘടകങ്ങളുമായി കൂട്ടിയിണക്കാൻ കഴിഞ്ഞില്ലെങ്കിൽ ഈ മേഖലകൾ ഇനിയും പിന്നോട്ട് പോകും. അതുകൊണ്ട് ലക്ഷക്കണക്കിന് തൊഴിലാളികളുടെ പുനരധിവാസത്തിന്റെ പ്രശ്നമായി കള്ള് ചെത്ത് തൊഴിലാളി മേഖലയെ പരിഗണിക്കണമെന്ന് ഞാൻ സവിനയം ആവശ്യപ്പെടുകയാണ്.

കള്ളുഷാപ്പുകൾ മുഴുവൻ ടോഡി ബോർഡിന്റെ കീഴിൽ കൊണ്ടുവരണം. സ്വകാര്യ ലൈസൻസികളെ ഒഴിവാക്കണം. യൂണിയൻ പ്രതിനിധികളുടെ എണ്ണം രണ്ടായി വർദ്ധിപ്പിക്കണം. ജില്ലകളിൽ സ്റ്റൈപെന്റോടുകൂടി ചെത്ത് പരിശീലനം നടത്തണം. അടഞ്ഞുകിടക്കുന്ന ഷാപ്പുകൾ തുറക്കാവുന്ന തരത്തിൽ ദൂരപരിധി ഏകീകരിക്കണം. കള്ളിന് പ്രത്യേക പരിഗണന നൽകുന്ന തരത്തിൽ മദ്യ നയത്തിൽ മാറ്റം വരുത്തണം. ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ ആകർഷകമായ ആധുനിക രീതിയിലുള്ള കെട്ടിടങ്ങൾ നിർമ്മിക്കണം. ഗവേഷണ പ്രവർത്തനത്തിലൂടെ ഉപോൽപ്പന്നങ്ങൾ നിർമ്മിച്ച് വിദേശ മാർക്കറ്റിനെ ലക്ഷ്യമാക്കുന്ന പ്രവർത്തനമുണ്ടാകണം. ഈ നിയമം കള്ള് ചെത്ത് വ്യവസായത്തെയും തൊഴിലാളികളെയും സഹായിക്കുന്ന നിയമമായി മാറും. ഭേദഗതിയെ പിന്തുണയ്ക്കുന്നു.

തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ): സർ, നല്ല രീതിയിലുള്ള ഒരു ചർച്ചയാണ് കേരള കള്ള് വ്യവസായ വികസന ബോർഡ് രൂപീകരണവുമായി ബന്ധപ്പെട്ട് ഇവിടെ നടന്നിട്ടുള്ളത്. പ്രതിപക്ഷത്തിന് ഇതിനോട് വിയോജിപ്പില്ലെന്നാണ് അവർ പറയുന്നത്. ബഹുമാനപ്പെട്ട മുൻ പ്രതിപക്ഷനേതാവ് ബില്ലിന്റെ കാര്യമില്ലെന്നാണ് പറഞ്ഞതെങ്കിലും ഈ ബില്ലിനെ സ്വാഗതം ചെയ്യുന്നു എന്നുതന്നെയാണ് മുൻ മന്ത്രി ശ്രീ. കെ. ബാബു പറഞ്ഞത്. ഡോ. മാത്യു കുഴൽനാടൻ പറഞ്ഞതും യോജിപ്പുണ്ട് എന്നുതന്നെയാണ്. എല്ലാവരുടെയും ഒരു പൊതുഅഭിപ്രായം ഈ ബിൽ നിയമമായി മാറണമെന്ന് തന്നെയാണ്. ഈ ബില്ലിന് തുടക്കം കുറിച്ചതും ഇങ്ങനെയൊരു നിയമനിർമ്മാണം വേണമെന്ന് പറഞ്ഞതും യു.ഡി.എഫ്.-കാരാണ്. ബഹുമാനപ്പെട്ട

മുൻ മന്ത്രി കെ. ബാബു ഈ വകുപ്പ് കൈകാര്യം ചെയ്ത സന്ദർഭത്തിൽ ബോർഡ് രൂപീകരിക്കുന്നതിനുവേണ്ട തീരുമാനമെടുക്കുന്നതിനായി അന്നത്തെ മുഖ്യമന്ത്രി ഉൾപ്പെടെ പങ്കെടുത്തുകൊണ്ട് ചർച്ച നടത്തിയിരുന്നു. യൂണിയൻ നേതാക്കളുടെ യോഗം വിളിച്ചുകൂട്ടിയിരുന്നു. നിയമം പാസ്സാക്കുന്നതിനുള്ള തീരുമാനമെടുക്കുകയും ചെയ്തിരുന്നു. പക്ഷേ തുടർ നടപടികളുണ്ടായില്ല. ശ്രീ. പിണറായി വിജയൻ നേതൃത്വം നൽകിയ കഴിഞ്ഞ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് 2019-ൽ ഒരു ഓർഡിനൻസ് പുറപ്പെടുവിച്ചിരുന്നു. നിങ്ങൾക്ക് അറിയാവുന്ന കാരണങ്ങൾകൊണ്ടുതന്നെ നമുക്കത് പ്രാവർത്തികമാക്കാൻ സാധിച്ചില്ല. അതുകൊണ്ടാണ് ഇപ്രാവശ്യം വളരെവേഗം നിയമനിർമ്മാണം നടത്തി ബോർഡ് രൂപീകരിക്കണമെന്ന് തീരുമാനിച്ചത്. എല്ലാ വകുപ്പുകളെയും ഏകോപിപ്പിച്ചാൽ വേറെ പ്രശ്നമില്ല, ഇനി പ്രത്യേകം ബോർഡ് വേണ്ട എന്നൊക്കെ ബഹുമാനപ്പെട്ട മുൻ പ്രതിപക്ഷനേതാവ് പറഞ്ഞെങ്കിലും ഈ മേഖല അന്യംനിന്ന് പോകുകയാണ്, അതിനെ പുരോഗതിയിലേയ്ക്ക് കൊണ്ടുവരണമെന്നും പറയുന്നുണ്ട്. ഈ ബോർഡ് രൂപീകരിക്കേണ്ടത് ഇന്നത്തെ പരിതസ്ഥിതിയിൽ ഈ മേഖലയിലുള്ള തൊഴിലാളികളെയും കേര കർഷകരേയും വളരെയേറെ ബാധിക്കുന്ന ഒരു പ്രശ്നമെന്ന രീതിയിൽ അനിവാര്യമാണ്. ഈ ബില്ലിൽ ചൂണ്ടിക്കാണിച്ചിട്ടുള്ള കാര്യങ്ങൾ ഓരോന്നോരോന്നായി വിശദീകരിക്കുന്നില്ല. ഇപ്പോൾ ഇരുപത്തി അയ്യായിരത്തിലധികം രജിസ്റ്റേർഡ് തൊഴിലാളികളുണ്ട്. ഏതാണ്ട് അത്രയും തൊഴിലാളികൾ പകരക്കാരായി ഉണ്ടാകും. പരമാവധി വന്നാൽ 50,000 ആണ്. ഈ ബില്ലിൽ ചൂണ്ടിക്കാണിച്ച ഓരോ കാര്യങ്ങളും ഫലപ്രദമായി കൈകാര്യം ചെയ്യാൻ സാധിച്ചാൽ ഇതിന്റെ ഇരട്ടിയെങ്കിലും ആളുകളെ ഈ മേഖലയിൽ വളരെ ഫലപ്രദമായി വിന്യസിപ്പിക്കാൻ സാധിക്കുമെന്നാണ് ഞാൻ കരുതുന്നത്. കാരണം അനന്തമായ സാധ്യതകളാണ് ഈ മേഖലയിലുള്ളത്. മുൻ മന്ത്രി ശ്രീ. ടി. പി. രാമകൃഷ്ണൻ, ശ്രീ. എ. പ്രഭാകരൻ, ശ്രീ. വി. ആർ. സുനിൽകുമാർ എന്നിവർ കാര്യങ്ങൾ വിശദീകരിച്ചു. എല്ലാവരും പറഞ്ഞത് - "നമുക്ക് സാധ്യതയുണ്ട്" എന്നാണ്. പിന്നെ സംശയിച്ച ഒരു കാര്യം മാത്രമേയുള്ളൂ. ബാറുകൾക്കും വിദേശ മദ്യത്തിനുമെല്ലാം കൊടുക്കുന്ന പ്രാധാന്യം ഇതിന് കൊടുക്കാൻ സാധിക്കുമോയെന്നാണ്. ഇതിനും പ്രാധാന്യം കൊടുക്കണം. ദൂരപരിധിയെ സംബന്ധിച്ചെല്ലാം പറഞ്ഞു, അക്കാര്യം നമുക്ക് ആലോചിക്കാം. ദൂരപരിധി 400 മീറ്റർ എന്നുള്ളത് സംബന്ധിച്ച് നമുക്ക് ആലോചിച്ച് ആവശ്യമായ തീരുമാനമെടുക്കാം. സബ്ജക്ട് കമ്മിറ്റിയിൽ ഉചിതമായ രീതിയിൽ ചർച്ചചെയ്ത് തീരുമാനിക്കാം. കള്ളുഷാപ്പുകളിലേയ്ക്ക് കയറാൻ പ്രയാസമാണെന്ന് ഇവിടെ പറഞ്ഞു. കള്ളുക്ഷാപ്പിന്റെ ആകൃതിയും പ്രകൃതിയുമെല്ലാം നമുക്ക് മാറ്റാം. ഫലപ്രദമായ രീതിയിൽ വളരെ ആകർഷകമാക്കി കള്ളുക്ഷാപ്പുകളെ രൂപപ്പെടുത്തണം. കാണുമ്പോൾത്തന്നെ അങ്ങോട്ട് കയറേണ്ടതില്ലെന്ന മാനസികാവസ്ഥയുണ്ടാകാൻ

പാടില്ല. ഈ ബോർഡ് നിലവിൽ വന്നാൽ അക്കാര്യം നിർവ്വഹിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. വളരെ ഫലപ്രദമായ രീതിയിൽ, ശാസ്ത്രീയമായി അധികമായി ഉൽപ്പാദിപ്പിക്കുന്ന കള്ളിനെ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളാക്കി മാറ്റി സൂക്ഷിച്ചുവച്ച് വരുംകാലങ്ങളിൽ നൽകാൻ കഴിയുമോയെന്ന് നമുക്ക് ആലോചിക്കാം. ഇങ്ങനെ നിരവധി സാധ്യതകൾ പൂർണ്ണമായി ചെറുപ്പക്കാരെ ഉൾപ്പെടെ ഉപയോഗപ്പെടുത്തി നമുക്ക് മുന്നോട്ടുപോകാൻ കഴിയും. ഈ രംഗത്തേയ്ക്ക് കൂടുതൽ ആളുകൾ കടന്നുവരുന്നില്ലെന്ന് ഇവിടെ എല്ലാവരും പറഞ്ഞു. കള്ളുചെത്ത് മേഖല സുരക്ഷിതമാണെന്ന ഒരു ബോധം വേണ്ടേ? എന്നാൽ മാത്രമേ കൂടുതൽ തൊഴിലാളികൾ വരികയുള്ളൂ. നൂറ്റാണ്ടുകളായി ഈ തൊഴിലിനെ കുലത്തൊഴിലായി കണ്ടുവന്ന ഒരു പാരമ്പര്യമാണ്. ആ ജനവിഭാഗം, സ്വാതന്ത്ര്യ പ്രസ്ഥാനം മുതൽ ഇങ്ങോട്ട് ഇടതുപക്ഷ പ്രസ്ഥാനത്തിന്റെയും കരുത്തുറ്റ ശക്തിതന്നെയാണ്. അതിലൊന്നും യാതൊരു സംശയവുമില്ല. പുരോഗമന പ്രസ്ഥാനങ്ങൾക്കൊപ്പം നിൽക്കുന്നവരാണ് ഇതിൽ മഹാഭൂരിപക്ഷം വരുന്ന ആളുകളും. അതിന്റെ ഭാഗമായി ഊർജ്ജസ്വലമായ ഒരു വിഭാഗം തന്നെയാണ് ഈ വിഭാഗം തൊഴിലാളികൾ. ദേശീയ പ്രസ്ഥാനത്തിന്റെ ഭാഗമായിട്ടും ഇടതുപക്ഷ പ്രസ്ഥാനത്തിന്റെ ഭാഗമായിട്ടും ദേശീയ സ്വാതന്ത്ര്യത്തിന് വേണ്ടിയുള്ള പോരാട്ടത്തിലും ഒക്കെ പങ്കെടുത്തിട്ടുള്ള നല്ല ഉശിരന്മാരായ ആളുകൾ ഇതിന്റെ ഭാഗമായി പ്രവർത്തിക്കുന്നുണ്ട്. ജാതി-ജന്മി-നാടുവാഴി വ്യവസ്ഥയുടെ കാലത്തുള്ള കുലത്തൊഴിലിന്റെ ചരിത്രത്തിലേയ്ക്കല്ല പോകുക. ആധുനിക തൊഴിലാളി വർഗ്ഗത്തിന്റെ ഭാഗമായി ഈ പരമ്പരാഗത മേഖലയെ മാറ്റാനാകും. അതിന് സാധിക്കത്തക്ക രീതിയിൽ ഈ ബോർഡിനെ ശക്തിപ്പെടുത്തിക്കൊണ്ട് നമുക്ക് ഉയരാൻ കഴിയുമെന്നുതന്നെയാണ് പ്രതീക്ഷിക്കുന്നത്. പരമ്പരാഗതമായി എത്രയോ വർഷക്കാലമായി തുടരുന്ന ഒരു രീതിക്ക് മാറ്റം വരുത്തണം. ശാസ്ത്രസാങ്കേതികവിദ്യ ഉപയോഗിക്കാനാകണം. കള്ള് കുടിക്കാൻ വേണ്ടിയാണ് ടൂറിസ്റ്റുകൾ വരുന്നതെന്ന് ഞങ്ങളാരും പറയുന്നില്ല. പക്ഷേ ടൂറിസ്റ്റുകളുടെ ജീവിതത്തിനൊപ്പം കള്ള്, മദ്യം തുടങ്ങിയവയുണ്ട്. അതുമാത്രമേ കാണേണ്ടതുള്ളൂ. തദ്ദേശീയരീതിയിൽ വളർത്തിയെടുത്തിട്ടുള്ള/ നിലനിൽക്കുന്ന പാനീയങ്ങളോട് വിദേശികൾക്ക് വലിയ ഇഷ്ടമാണ്. അത് നല്ല രീതിയിൽ കൊടുക്കാൻ കഴിഞ്ഞാൽ അവരത് സ്വീകരിക്കും. നമുക്കത് അനുഭവമുള്ളതാണ്. തീർച്ചയായിട്ടും നമുക്ക് ഇക്കാര്യങ്ങളെല്ലാം ഫലപ്രദമായി നിർവ്വഹിക്കാനാകുമെന്നു തന്നെയാണ് ചൂണ്ടികാണിക്കാനുള്ളത്. മൗലികമായ അഭിപ്രായ വ്യത്യാസങ്ങളൊന്നും ആരും കാര്യമായി പറഞ്ഞിട്ടില്ല. അതുകൊണ്ട് ആ ഭാഗത്തെ സംബന്ധിച്ചിടത്തോളം ഞാൻ കൂടുതൽ വിശദീകരിക്കാൻ ഉദ്ദേശിക്കുന്നില്ല. ഇവിടെ പറഞ്ഞ ചില നിർദ്ദേശങ്ങളുണ്ട്. ബോർഡിലെ അംഗങ്ങളായി അഞ്ച് തൊഴിലാളി പ്രതിനിധികൾ വേണം. അഞ്ചുപേരെ തന്നെയാണ് ഉദ്ദേശിക്കുന്നത്. വിവിധ ട്രേഡ് യൂണിയൻ

പ്രസ്ഥാനങ്ങളിൽനിന്ന് അഞ്ചുപേർ ഇതിന്റെ പ്രതിനിധികളായി വരും. തൊഴിലാളികളെ പ്രതിനിധീകരിച്ച് വേറെ തൊഴിലാളികൾ വേണമെന്നുള്ള കാര്യം നമുക്ക് ചർച്ച ചെയ്യാം. തൊഴിലാളികളുടെ പ്രതിനിധികൾക്കു പുറമെ തൊഴിലാളികൾ തന്നെ ഓരോരുത്തരും വേണമെന്ന ശ്രീ. എ. പ്രഭാകരൻ പറഞ്ഞ കാര്യം സബ്ജക്ട് കമ്മിറ്റിയിൽ പരിശോധിക്കാം. ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ, ആളുകൾക്ക് കയറി അഭിമാനത്തോടെ ഇരുന്ന് കഴിക്കാൻ സാധിക്കുന്ന രീതിയിൽ കെട്ടിടങ്ങളെല്ലാം വളരെ മനോഹരമാക്കാം. കള്ള് മറ്റ് മദ്യം പോലെയുള്ളതല്ല. 8.1 ശതമാനം മാത്രമേയുള്ളൂ അതിന്റെ വീര്യം. കള്ളിന് വീര്യം വളരെ കുറവാണ്. ഇവിടെ പറഞ്ഞ ഒരു കാര്യത്തെ സംബന്ധിച്ച് ചർച്ച വന്നു. കള്ളിന് വെള്ള നിറം മാത്രമേയുള്ളൂ. ബാക്കി അതിനകത്ത് മറ്റെന്തൊക്കെയോ ആണെന്ന് പറഞ്ഞു. അതിന്റെ ഭാഗമായി യേശുവിനെക്കൂടി താരതമ്യം ചെയ്തപ്പോഴാണ് സഭ പ്രക്ഷുബ്ധമായത്. ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) അങ്ങനെ താരതമ്യം ചെയ്യേണ്ടിയിരുന്നില്ലെന്നുള്ളത് സത്യമാണ്.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, ഞാൻ കാനായിലെ കല്ല്യാണത്തിന് യേശു വെള്ളം വീഞ്ഞാക്കി എന്നുപറഞ്ഞു. അതുപോലെ ഇപ്പോൾ നമ്മുടെ നാട്ടിലെ കള്ള് ഷാപ്പുകളിൽ വെള്ളം കള്ളാക്കുന്നുവെന്നാണ് പറഞ്ഞത്. അല്ലാതെ യേശുവിനെ അപമാനിക്കാനല്ല. (....ബഹളം....)

ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ: സർ, (....ബഹളം....) ഞാൻ മറുപടി പറയാം. (....ബഹളം....) ആ പോയിന്റ് ക്ലിയറാക്കട്ടെ. ഞാൻ പറഞ്ഞ് തീർക്കുന്നതിനുമുമ്പ് അതുസംബന്ധിച്ച അഭിപ്രായം പറഞ്ഞിട്ട് എന്താണ് കാര്യം.

ശ്രീ. എ. പി. അനിൽ കുമാർ: സർ, ഇതാണ് ഇടതുപക്ഷം.

ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ: സർ, ഇടതുപക്ഷം എന്താണെന്നുള്ളത് ഞാൻ പിന്നീട് വിശദീകരിച്ച് പറയുന്നുണ്ട്.

മി. സ്പീക്കർ: അത് കഴിഞ്ഞ ദിവസം വിശദീകരിച്ചതാണ്.

ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ: സർ, ഇടതുപക്ഷം എന്ന് പറഞ്ഞു കൊണ്ടിരിക്കുകയല്ലേ? ഞാൻ പറഞ്ഞുവന്നത് ഇത്രയേയുള്ളൂ. കള്ളിന്റെ കാര്യം ചർച്ച ചെയ്യുമ്പോൾ കള്ളിനോടൊപ്പം യേശു വീഞ്ഞുണ്ടാക്കിയ കാര്യം പരാമർശിക്കേണ്ടതുണ്ടായിരുന്നോ എന്ന് ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) ആണ് പറയേണ്ടത്. അദ്ദേഹം അത് പറയുന്നില്ല. അത് വേണ്ടായിരുന്നുവെന്നാണ് ഇവിടെ സംസാരിച്ചവരെല്ലാം ചൂണ്ടിക്കാണിച്ചത്.

ശ്രീ. എ. പി. അനിൽ കുമാർ: സർ, അത് പിന്തിരിപ്പൻ സമീപനമാണെന്ന് ബഹുമാനപ്പെട്ട മന്ത്രിക്ക് തോന്നുന്നുണ്ടോ?

മി. സ്പീക്കർ: അതുസംബന്ധിച്ച് ബഹുമാനപ്പെട്ട മന്ത്രി വിശദീകരിച്ചല്ലോ.

ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ: സർ, പിന്തിരിപ്പൻ സമീപനം എന്നല്ല അതിന്റെ പച്ചമലയാളം. അതിന്റെ പദം അങ്ങനെയല്ല. ആ താരതമ്യം ശരിയായിരുന്നില്ലെന്നാണ് എന്റെ അഭിപ്രായം. (....ബഹളം....)

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, (...മൈക്ക് ഓഫ്...) അപ്പോൾ അങ്ങേയ്ക്ക് വർഗ്ഗീയതയുമായി എത്രമാത്രം ബന്ധമുണ്ടെന്നുള്ളത് മനസ്സിലാകും.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അദ്ദേഹത്തിന്റെ അഭിപ്രായം പറഞ്ഞു, ഇനിയത് ഉപേക്ഷിക്കുക. (....ബഹളം....) ബഹുമാനപ്പെട്ട അംഗം ശ്രീ. കെ. ബാബു അതുസംബന്ധിച്ച് വിശദീകരിച്ചു. ബഹുമാനപ്പെട്ട മന്ത്രി അദ്ദേഹത്തിന്റെ അഭിപ്രായവും പറഞ്ഞു. വീണ്ടും വീണ്ടും അത് ചർച്ച ചെയ്യേണ്ട കാര്യമില്ല. (....ബഹളം....) വീണ്ടുമത് പറയേണ്ട കാര്യമുണ്ടായിരുന്നില്ലല്ലോ. (....ബഹളം....) ബഹുമാനപ്പെട്ട അംഗം ശ്രീ. കെ. ബാബു, അദ്ദേഹത്തിന്റെ വിശദീകരണം നൽകി. ബഹുമാനപ്പെട്ട മന്ത്രി അദ്ദേഹത്തിന്റെ അഭിപ്രായവും പറഞ്ഞു. ഇനി അതിനെക്കുറിച്ച് കൂടുതൽ ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

ശ്രീ. എ. എൻ. ഷംസീർ: സർ, പോയിന്റ് ഓഫ് ഓർഡർ.

മി. സ്പീക്കർ: എന്താണ് അങ്ങയുടെ പോയിന്റ് ഓഫ് ഓർഡർ?

ശ്രീ. എ. എൻ. ഷംസീർ: സർ, (...മൈക്ക് ഓഫ്...) ബഹുമാനപ്പെട്ട മന്ത്രിക്ക് വർഗ്ഗീയതയുമായി എത്രമാത്രം ബന്ധമുണ്ടെന്നുള്ളത് മനസ്സിലാകുമെന്ന് പറഞ്ഞ വാചകം സഭാ രേഖയിലുണ്ടാകാൻ പാടില്ല.

മി. സ്പീക്കർ: അത് പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിക്കും.*

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, ഇങ്ങനെയാണോ പോയിന്റ് ഓഫ് ഓർഡർ അനുവദിക്കുന്നത്.

മി. സ്പീക്കർ: പോയിന്റ് ഓഫ് ഓർഡർ എല്ലാവർക്കും കൊടുക്കാറുണ്ടല്ലോ.

---

* ബഹുമാനപ്പെട്ട സഭാദ്ധ്യക്ഷന്റെ ഉത്തരവിൻപ്രകാരം (ഫയൽ നം.16325/ഇ.ബി./2021/നി.സെ. തീയതി 08-10-2021) സഭാരേഖകളിൽ നിലനിർത്തി.

ശ്രീ. വി. ഡി. സതീശൻ: സർ, ബഹുമാനപ്പെട്ട മന്ത്രി സംസാരിച്ചു കൊണ്ടിരിക്കുകയാണ്. അദ്ദേഹം ഇരുന്നതിനുശേഷമാണ് പോയിന്റ് ഓഫ് ഓർഡർ അനുവദിക്കേണ്ടത്. ഇതിനൊക്കെ ഒരു രീതിയുണ്ട്. ഇവിടെ അതിനുമുമ്പ് മൈക്ക് കൊടുക്കുകയാണ്.

മി. സ്പീക്കർ: അത് ശ്രദ്ധിക്കാം.

ശ്രീ. വി. ഡി. സതീശൻ: സർ, ഞാനിപ്പോൾ ശ്രീ. എ. എൻ. ഷംസീറിന്റെ കാര്യം മാത്രമല്ല പറഞ്ഞത്. ഇതിനൊക്കെ ഒരു രീതിയുണ്ട്. പ്രതിപക്ഷത്തുനിന്ന് ആരെങ്കിലും പോയിന്റ് ഓഫ് ഓർഡർ ചോദിക്കുകയാണെങ്കിൽ എത്രയോ പ്രാവശ്യം ചോദിച്ചാലാണ് അനുവദിക്കുന്നത്.

മി. സ്പീക്കർ: ഇവിടെ ആരും പാലിക്കാത്ത ഒരു നടപടിക്രമമുണ്ട്. പോയിന്റ് ഓഫ് ഓർഡർ ഏത് ചട്ടപ്രകാരമാണെന്ന് ആദ്യം പറയണം. ഏത് ചട്ടത്തിന്റെ ലംഘനമാണെന്ന് പറയണം. അതാരും പറയാറില്ല. അത് നമുക്ക് ആലോചിക്കാം.

ശ്രീ. വി. ഡി. സതീശൻ: സർ, ശരിയാണ്.

ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ: സർ, ഞാൻ പറഞ്ഞ് അവസാനിപ്പിക്കാം. എന്റെ മനസ്സ് ഒരു വർഗ്ഗീയതയിലും ഉൾപ്പെടുന്നതല്ലെന്ന് ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)-വിനോട് ഞാൻ പരസ്യമായി പറയുകയാണ്. എന്നാൽ ഇങ്ങനെയൊരു പരാമർശം വന്നു. ഇവിടെ ശക്തമായ രീതിയിൽ അതിനെ എതിർത്തു. എതിർത്തപ്പോഴും നിങ്ങൾ പറഞ്ഞതിൽത്തന്നെ കൃത്യമായി ഉറച്ചുനിൽക്കുന്ന നിലപാട് സ്വീകരിച്ചതിന്റെ ജാള്യത മറയ്ക്കാനാണ് ശ്രമിക്കുന്നത്.

ശ്രീ. എ. പി. അനിൽ കുമാർ: സർ, അതിനെ അഭിനന്ദിക്കുകയാണ് വേണ്ടത്.

ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ: സർ, എന്ത് കാര്യത്തിനാണ് അഭിനന്ദിക്കേണ്ടത്; ജാള്യത തന്നെയാണ്. എന്തടിസ്ഥാനത്തിലാണ് അതിനെ അഭിനന്ദിക്കേണ്ടത്? മറുപടി പറയൂ. ഞാൻ വഴങ്ങാം.

ശ്രീ. എ. പി. അനിൽ കുമാർ: സർ, ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) പറഞ്ഞ കാര്യത്തിൽ തെറ്റായ ഒരു പരാമർശവുമില്ല. തെറ്റായ പരാമർശമില്ലാത്ത കാര്യത്തിൽ അടിയുറച്ച് നിന്നതിന് അഭിനന്ദിക്കുക തന്നെ വേണം.

ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ: സർ, അതാണ് ഞാൻ പറഞ്ഞത്. ഞാനത് ഒന്നുകൂടി വിശദീകരിക്കാം. അതായത്, കള്ളിൽ കൃത്രിമം കാണിക്കുന്നതുമായി ബന്ധപ്പെട്ട ചർച്ച നടത്തുന്നതിനിടയിൽ യേശുവിന്റെ പേര് വലിച്ചിഴച്ചത്

ശരിയായിരുന്നില്ലെന്നാണ് ഇവിടെ വന്ന പ്രശ്നം. ആ കാര്യം വന്നപ്പോൾ അതിലുറച്ച് നിൽക്കാനുള്ള ശേഷിയുണ്ടെന്നാണ് ഇവിടെ വിശദീകരിക്കുന്നത്. അങ്ങനെ വിശദീകരിക്കുന്നത് ശരിയായ സമീപനമല്ല.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, (....മൈക്ക് ഓഫ്...).......സെക്കുലർ

ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ: സർ, സെക്കുലർ എന്നുപറഞ്ഞാൽ എന്താണ്? ശ്രീ. കെ. ബാബു, സെക്കുലർ എന്നുപറഞ്ഞാൽ എന്താണെന്ന് നമ്മൾ പരസ്പരം ചർച്ച ചെയ്യേണ്ട കാര്യമില്ല. മതനിരപേക്ഷ ഉള്ളടക്കത്തോടുകൂടി പ്രവർത്തിക്കുന്ന (.....ബഹളം...)

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി, എല്ലാ കമന്റുകൾക്കും പ്രതികരിക്കേണ്ട കാര്യമില്ല.

ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ: സർ, ഞാൻ പറഞ്ഞ് അവസാനിപ്പിക്കാം. മതനിരപേക്ഷതയെ സംബന്ധിച്ചുള്ള ചർച്ച വേണ്ടതാണ്. കാരണം, ഇവിടെ അതുന്നയിച്ചിരിക്കുകയാണ്. നേരത്തെ ഇടതുപക്ഷത്തിന്റെ പേരുപറഞ്ഞാണ് ചർച്ച നടത്തിയത്. കോൺഗ്രസ് ഇടതുപക്ഷമാണെന്നാണ് പറയുന്നത്. ഡോ. മാത്യു കുഴൽനാടൻ നിരന്തരം പറഞ്ഞുകൊണ്ടിരിക്കുന്ന പോയിന്റ് അതാണ്. ഞാനൊരു കാര്യം മാത്രം പറയാം. നിലവിലുള്ള ഭരണകൂട വ്യവസ്ഥയിൽത്തന്നെ മൗലികമായ മാറ്റം വേണമെന്നുള്ളതാണ് ഇടതുപക്ഷത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട സവിശേഷത. നിങ്ങളിവിടെ കാണേണ്ട ഏറ്റവും പ്രധാനപ്പെട്ട കാര്യം, ഒരു സാമൂഹിക വ്യവസ്ഥയെ നോക്കി സോഷ്യലിസമാണെന്നോ കമ്മ്യൂണിസമാണെന്നോ മുതലാളിത്തമാണെന്നോ പറയുന്നതല്ല അടിസ്ഥാനം. ആ സാമൂഹ്യ വികാസഘട്ടത്തിലെ ഉല്പാദന വിതരണഘടന എന്താണെന്നുള്ളതാണ് മൗലികമായ കാര്യം. ഉല്പാദനോപാധികൾ സ്വകാര്യ മേഖലയിൽ നിലനിൽക്കുകയും ആ ഉല്പാദന മേഖയിലുണ്ടാകുന്ന സമ്പത്ത് കുമിഞ്ഞുകൂടി, നിരന്തരമായി വർദ്ധിച്ച്, അത് കേന്ദ്രീകരിക്കുന്ന വ്യക്തികളിലേയ്ക്ക് സമ്പത്ത് എത്തുകയും ചെയ്യുന്ന വ്യവസ്ഥയെയാണ് മുതലാളിത്തം എന്നുപറയുന്നത്. ഇതാണ് ഇന്ത്യ, ആ വികസനപാത അംഗീകരിച്ച രാജ്യമാണ് ഇന്ത്യ. കോൺഗ്രസ്സിന്റെയും ബി.ജെ.പി.-യുടെയും അടിസ്ഥാനപരമായ നിലപാട് കുത്തക മുതലാളിത്തത്തെ വളർത്തി ലോകത്തിലെ ഏറ്റവും വലിയ മുതലാളിയാക്കാൻ വേണ്ടിയുള്ള ശ്രമമാണ്. ലോകത്തിലെ ഏറ്റവും വലിയ മുതലാളിയായി അംബാനിയെ രൂപപ്പെടുത്തിയത് നിങ്ങളല്ലേ? അങ്ങനെ രൂപപ്പെടുത്തിയിട്ടുള്ള നിങ്ങൾ ഇവിടെ വന്ന് ഞങ്ങൾ ഇടതുപക്ഷമാണെന്ന് പറഞ്ഞിട്ട് വല്ല കാര്യവുമുണ്ടോ? ഇവിടെ ഒരു സോഷ്യലിസവും നിങ്ങൾ കൊണ്ടുവന്നിട്ടില്ല. നിങ്ങൾ ഒരു ഇടതുപക്ഷ നിലപാടും സ്വീകരിച്ചിട്ടില്ല. ഇന്ത്യയിലെ കുത്തക

മുതലാളിത്തത്തെ ലോകത്തിലെ ഏറ്റവും വലിയ മുതലാളിയാക്കാൻ വേണ്ടിയുള്ള ശ്രമമാണ് നിങ്ങൾ നടത്തിയത്. കാരണം, ഉല്പാദനോപാധികളുടെ സ്വഭാവവും ഉല്പാദകബന്ധവും മുതലാളിത്തത്തിന്റെ വളർച്ചയ്ക്കുവേണ്ടിയുള്ളതാണ്. ഞാൻ അതിന്റെ വിശദീകരണത്തിലേയ്ക്കൊന്നും കടക്കാനുദ്ദേശിക്കുന്നില്ല. ഈ മൗലികമായ കാര്യത്തിൽനിന്നാണ് നിങ്ങൾ എവിടെയാണ് നിൽക്കുന്നതെന്ന് തീരുമാനി ക്കേണ്ടത്. ഇന്ത്യയ്ക്ക് സ്വാതന്ത്ര്യം ലഭിച്ച് 75 വർഷം കഴിഞ്ഞിട്ടും ഇന്ത്യൻ സമ്പദ്‌വ്യവസ്ഥയിൽ ദരിദ്രർ കൂടുതൽ ദരിദ്രരാവുക, സമ്പന്നർ കൂടുതൽ സമ്പന്നരാവു കയുമാണ് നടക്കുന്നത്. ഡോ. മാത്യു കുഴൽനാടൻ പറഞ്ഞുവച്ചതിൽനിന്ന് ഒരു കാര്യംകൂടി പറയാം. അദ്ദേഹം ഒരുപാട് നിയമത്തെക്കുറിച്ച് പറഞ്ഞു. അതുതന്നെയാണ് ഞാൻ മിനിഞ്ഞാന്ന് പറഞ്ഞത്. ജനങ്ങളുടെ സമ്മർദ്ദത്തെ അടിസ്ഥാനപ്പെടുത്തി പല നിയമങ്ങളും നിർമ്മിക്കും. പക്ഷേ, നിയമം നടപ്പിലാക്കുകയില്ല. ഈ നിയമ ങ്ങളെല്ലാം ശരിയായ രീതിയിൽ നടപ്പിലാക്കിയിരുന്നെങ്കിൽ ലോകത്തിൽ ഏറ്റവും കൂടുതൽ ദരിദ്രരുള്ള രാജ്യമായി ഇന്ത്യ മാറുമായിരുന്നോ? ഡോ. മാത്യു കുഴൽനാടൻ ഇത് കേൾക്കണം. ലോകത്ത് ഏറ്റവും കൂടുതൽ ദരിദ്രരുള്ള നാട് ഇന്ത്യയാണ്. ഏറ്റവും കൂടുതൽ നിരക്ഷരരുള്ള നാട് ഇന്ത്യയാണ്. പോഷകാഹാരക്കുറവുകൊണ്ട് ജനന സമയത്തുതന്നെ ഏറ്റവും കൂടുതൽ കുട്ടികൾ മരണപ്പെട്ടുപോകുന്ന നാടുകളി ലൊന്ന് ഇന്ത്യയാണ്. കേരളത്തെമാത്രം അതിൽ നിന്ന് ഒഴിവാക്കിയാൽ മതി. സ്കൂളിൽ പോകേണ്ട പ്രായത്തിൽ സ്കൂളിൽ പോകാത്ത കുട്ടികൾ ഏറ്റവുമധികമുള്ളത് എവിടെയാണ്? അതും ഇന്ത്യയിലാണ്. കേരളത്തെ ഒഴിവാക്കാം. ഇങ്ങനെ നൂറ് കാര്യങ്ങൾ ഞാൻ പറയാം. ഇവിടെ നിങ്ങൾ ചില നിയമങ്ങളെക്കുറിച്ചല്ലേ പറഞ്ഞത്. ആ നിയമങ്ങളെല്ലാം നിങ്ങളുണ്ടാക്കിയത് ശരിയാണ്. പക്ഷേ, അത് നടപ്പിലാക്കാത്തതിന്റെ ഫലമായി ഇങ്ങനെയുള്ള നൂറ് കാര്യങ്ങൾ പറയാൻ കഴിയും. ഏറ്റവും പിന്നണിയിൽ കിടക്കുന്ന ഒരു നാടിന്റെ ഭാഗമായി ഇന്ത്യ മാറേണ്ട ഒരു കാര്യവുമില്ല. വലിയ സമ്പത്തുള്ള രാജ്യമാണ് ഇന്ത്യ. അതിൽ ആർക്കാണ് സംശയമുള്ളത്. അത് നിങ്ങളിങ്ങനെ കോലംകെട്ട രീതിയിലാക്കിയതാണ്. കോൺഗ്രസും ബി.ജെ.പി.-യും കൂടി ചേർന്നാണ് ഇങ്ങനെയാക്കിയത്. മുതലാളിത്ത സമ്പദ്‌വ്യവസ്ഥയിൽ നിന്നുകൊണ്ട് 75 വർഷം നിങ്ങളും ഭരണവർഗ്ഗത്തിന്റെ ഭാഗമായി നിൽക്കുന്നവരെല്ലാംകൂടി ഇന്ത്യൻ മുതലാളിയെ ലോകത്തിലെ ഏറ്റവും വലിയ മുതലാളിയാക്കി. എന്നിട്ട് വലിയ വികസനമാണ് ഈ രാജ്യത്തുണ്ടായ തെന്നാണ് പറയുന്നത്. വികസനത്തിന്റെ കാഴ്ചപ്പാടുകൾതന്നെ തിരുത്തിയെന്ന് സാമ്പത്തിക ശാസ്ത്രജ്ഞർ ഇവിടെ ചൂണ്ടിക്കാണിച്ചിട്ടുണ്ട്.

<u>ശ്രീ. പി. ടി. തോമസ്</u>: സർ, അങ്ങ് ലോകത്തിലെ ഏറ്റവും ദരിദ്രന്മാരുള്ള രാജ്യം ഇൻഡ്യയാണെന്ന് പറഞ്ഞു. ലോകത്ത് ഏറ്റവും വലിയ കോടീശ്വരന്മാരുള്ള രാജ്യം കമ്മ്യൂണിസ്റ്റ് ചൈനയാണ്.

<u>ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ</u>: സർ, ചൈനയല്ല, ലോകത്തിൽ ഏറ്റവും കൂടുതൽ സമ്പന്നരുള്ള നാട് ഇപ്പോഴും അമേരിക്ക തന്നെയാണ്. ലോകത്ത് ഏറ്റവും ദ്രുതഗതിയിൽ സാമ്പത്തിക വളർച്ച നേടിക്കൊണ്ടിരിക്കുന്ന, അമേരിക്കയെത്തന്നെ കീഴ്പ്പെടുത്തി മുന്നോട്ടുവരാൻ പോകുന്ന ഏറ്റവും പ്രധാനപ്പെട്ട രാജ്യമാണ് ജനകീയ ചൈന എന്ന സോഷ്യലിസ്റ്റ് രാഷ്ട്രം. 1990-ന്റെ ആദ്യം, പ്രതിവിപ്ലവങ്ങൾ ലോകത്തിന്റെ പലഭാഗത്തും നടന്നപ്പോൾ, സോവിയറ്റ് റഷ്യ ഉൾപ്പെടെ തകർന്നപ്പോൾ അവിടെയും കുഴപ്പമുണ്ടാക്കാൻ പ്രതിവിപ്ലവ ശക്തികൾ ശ്രമിച്ചിട്ടുണ്ട്. ആ പ്രതിവിപ്ലവ ശക്തികളോടൊപ്പം ഒഴുകിപ്പോയതാണ് അവിടത്തെ അന്നത്തെ പാർട്ടി ജനറൽ സെക്രട്ടറിയും ഭരണനേതൃത്വവും. ആ ഭരണനേതൃത്വം അങ്ങനെ ഒഴുകിപ്പോയപ്പോൾ ആ ഭരണത്തിന്റെ അയൽപക്കത്തുപോലും ഉണ്ടായിരുന്നില്ല ഡെങ് സിയാവോ പിങ് എന്നുപറയുന്ന മനുഷ്യൻ. അവിടെ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ സെക്രട്ടറിയും ഭരണകൂടത്തിന്റെ നേതാവുമെല്ലാമായിരുന്ന ഡെങ് സിയാവോ പിങ്. എന്നാൽ പ്രായമായതുകൊണ്ട് ഇനി വേണ്ടായെന്ന് തീരുമാനിച്ച് അദ്ദേഹം സ്വയം മാറി. ഞാനിതിന്റെ നേതൃത്വത്തിലില്ലായെന്ന് കൃത്യമായി പറഞ്ഞുകൊണ്ട് മാറിനിന്ന നേതാവാണ് ഡെങ് സിയാവോ പിങ്. അവിടെ ഡെങ് സിയാവോ പിങ് ഭരണനേതൃത്വത്തിലുണ്ടായിരുന്നുവെന്ന തെറ്റിദ്ധാരണ ഡോ. മാത്യു കുഴൽനാടന് വേണ്ട. അദ്ദേഹം വിശ്രമജീവിതത്തിൽ കമ്മ്യൂണിസ്റ്റ് മാത്രമായി നിൽക്കുകയായിരുന്നു. നേതാവ് എന്നുപറഞ്ഞാൽ ആരാണ്; ബ്രാക്കറ്റിൽ എഴുതിവയ്ക്കുന്ന സ്ഥാനപ്പേരല്ല നേതാവ്. ശ്രീ. കെ. സുധാകരനും ശ്രീ. വി. ഡി. സതീശനുമെല്ലാംകൂടി ഇപ്പോൾ കുറേശ്ശെ തിരുത്താൻ ശ്രമിക്കുന്നുണ്ട്; അത് ഏതായാലും നല്ലത്. നേതാവ് എന്നുപറയുമ്പോൾ ഞാൻ ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുന്നത് ഇങ്ങനെയാണ്, ബ്രാക്കറ്റിൽ എഴുതിവച്ച സ്ഥാനപ്പേരുകൊണ്ട് ഒരാൾ നേതാവാകില്ല. ആകില്ലായെന്നുള്ളതിന്റെ ഏറ്റവും പ്രധാനപ്പെട്ട തെളിവാണ് ചൈനീസ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ഭരണ സംവിധാനത്തിലുണ്ടായത്. ഡെങ് സിയാവോ പിങ് ആ ഘട്ടത്തിൽ ആരുമല്ല. അവിടെ പ്രതിവിപ്ലവ ശക്തികൾക്കൊപ്പം കാലിടറിപ്പോയ ചൈനീസ് കമ്മ്യൂണിസ്റ്റ് പാർട്ടി സെക്രട്ടറിയും അതിന്റെ ഭാഗമായി നിൽക്കുന്നവരെല്ലാംകൂടി ചേർന്നപ്പോൾ, ആരും വിളിക്കാതെ നേതൃത്വത്തിലേയ്ക്ക് കടന്നുവരികയാണുണ്ടായത്. നേരിട്ടുവന്ന് ഫലപ്രദമായി ആ പ്രതിവിപ്ലവ ശക്തികളെ ശരിയായ രീതിയിൽ കൈകാര്യം ചെയ്തു. എന്നിട്ട് ലോകത്തോട് ചൈനയ്ക്കുവേണ്ടി കാര്യങ്ങൾ അവതരിപ്പിച്ചു. പിന്നീടാണ് സെക്രട്ടറിയുടെയും ഭരണനേതൃത്വത്തിന്റെയും പേരിൽ സംഘടനാപരമായ നിലപാടൊക്കെ സ്വീകരിച്ചത്. അതാണ് ഡെങ് സിയാവോ പിങ് എന്നുപറയുന്ന നേതാവ്. മാവോ സേതുങ്-ന്റെ ചിന്ത, മാർക്സിസം-ലെനിനിസം,

ഡെങ് സിയാവോ പിങ് -ന്റെ വികസന സമീപനം, ഇപ്പോഴുള്ള ഷീ ജിൻപിങ്-ന്റെ പ്രവർത്തനത്വരതയും ഇതെല്ലാംവച്ചുകൊണ്ടുള്ള ഒരു സോഷ്യലിസ്റ്റ് പാതയാണ് ഞങ്ങൾ കെട്ടിപ്പൊക്കുന്നതെന്ന് കഴിഞ്ഞ പാർട്ടി കോൺഗ്രസ്സിൽ കൃത്യമായി ചൈനീസ് കമ്മ്യൂണിസ്റ്റ് പാർട്ടി പറഞ്ഞിട്ടുണ്ട്. മാത്രമല്ല, ജനകീയ ചൈന സോഷ്യലിസ്റ്റ് രാജ്യമായി വന്നുകഴിഞ്ഞാൽ അതോടുകൂടി അവിടെ തൊഴിലി ല്ലായ്മയില്ല, പട്ടിണിയില്ല, ദാരിദ്ര്യമില്ല, നിത്യോപയോഗ സാധനങ്ങൾക്ക് വിലക്കയറ്റമില്ല, പാർപ്പിട പ്രശ്നമില്ല എന്നായിരുന്നു ഞങ്ങളുടെയെല്ലാം വിചാരം. മുതലാളിത്ത സമൂഹത്തിനുള്ള ഒരു മൗലിക പ്രശ്നവുമില്ലായെന്നായിരുന്നു 1990 വരെ നമ്മുടെ ധാരണ. ഡെങ് സിയാവോ പിങ് രംഗത്തുവന്ന് പറഞ്ഞത്, ഞങ്ങൾക്ക് ഒരു വികസിത നാടിന്റെ ഒപ്പമെത്താൻ സാധിക്കണമെങ്കിൽ 2020 ആകുമെന്നാണ്. 2020 ആകുമ്പോഴേയ്ക്കും ദാരിദ്ര്യം അവസാനിപ്പിച്ച ലോകത്തിലെ ഏറ്റവും കൂടുതൽ ജനസംഖ്യയുള്ള രാജ്യമാണ് ചൈനയെന്ന് അഭിമാനത്തോടെ പറയാം. നിങ്ങൾ നേരത്തെ തൊഴിലാളിക്ക് കൂലിയില്ലായെന്ന് പറഞ്ഞല്ലോ? ലോകത്ത് എല്ലാ മനുഷ്യർക്കും പൂർണ്ണമായ രീതിയിൽ ജീവിതസൗകര്യം നൽകിയ, പട്ടിണിയും ദാരിദ്ര്യവും അവസാനിപ്പിച്ച ഏറ്റവും പ്രധാനപ്പെട്ട ലോക രാജ്യങ്ങളിലൊന്നാണ് ജനകീയ ചൈന. ആ ചൈനയ്ക്ക് ആ രീതിയിൽ വളരാൻ സാധിച്ചത് ഡെങ് സിയാവോ പിങ് ഉൾപ്പെടെയുള്ള മാവോ ചിന്തയും മാർക്സിസം-ലെനിനിസവും ഡെങ് സിയാവോ പിങ്-ന്റെ പുതിയ ചിന്തകളും ഷീ ജിൻപിങ്-ന്റെ പൂർണ്ണ രീതിയിലുള്ള നേതൃത്വപരമായ പങ്കുമാണ്. 2020-ൽ മാത്രമേ ഞങ്ങൾക്ക് ഈ രീതിയിൽ എത്താൻ സാധിക്കുകയുള്ളൂവെന്ന് പറഞ്ഞതുപോലെ, ചൈന ആ ലക്ഷ്യം നേടിയിരിക്കുന്നുവെന്നുള്ളതാണ്. അതാണ് ചൈന, ആ ചൈനയെ കണ്ട് പഠിക്കണമെന്നാണ് ബൂർഷ്വാ അർദ്ധശാസ്ത്രജ്ഞന്മാർ ഉൾപ്പെടെയുള്ളവർ നിരന്തരം പറഞ്ഞുകൊണ്ടിരിക്കുന്നത്. ഇതാണ് നമ്മുടെ മുന്നിലുള്ള ചിത്രം.

അതോടൊപ്പം വടക്കൻ കൊറിയയെ സംബന്ധിച്ച് പറഞ്ഞു. വടക്കൻകൊറിയ ശരിയായ രീതിയിലുള്ള നിലപാട് സ്വീകരിച്ച് മുന്നോട്ടുപോകുകയല്ലേ; നിന്റെ മിസൈലുകളൊക്കെ ഞങ്ങളുടെ മേൽ തിരിച്ചുവിട്ടാൽ ആ മിസൈലുകൾക്കുമപ്പുറം അതിവേഗം ദൂരത്തിൽ ഓടാനുള്ള കഴിവ് ഞങ്ങൾക്കുണ്ട് എന്നുപറഞ്ഞപ്പോഴാണ് വടക്കൻ കൊറിയയെ ഡൊണാൾഡ് ട്രംപ് ചർച്ചയ്ക്ക് വിളിച്ചത്. അവർ ഇപ്പോഴും ഓടിക്കൊണ്ടിരിക്കുന്ന വാഹനത്തിൽ നിന്നുപോലും മിസൈൽ അയയ്ക്കാൻ കഴിയുന്ന പുതിയ സംവിധാനം കണ്ടെത്തിക്കൊണ്ടിരിക്കുകയാണ്. അതുകൊണ്ട് സാമ്രാജ്യത്വ നിലപാടുകൾക്കെതിരായി ഉറച്ച സമീപനം സ്വീകരിച്ച ലോകത്തെ സോഷ്യലിസ്റ്റുകാരിൽ ഏറ്റവും പ്രധാനപ്പെട്ട രാഷ്ട്രം എന്നരീതിയിൽ ഇപ്പോൾ വടക്കൻ കൊറിയയുമുണ്ട്.

ഇവിടെ ക്യൂബ വലിയ കുഴപ്പത്തിലാണെന്ന് പറഞ്ഞു. ക്യൂബയ്ക്ക് ഒരു കുഴപ്പവുമില്ല. അമേരിക്കൻ സാമ്രാജ്യത്വത്തിന്റെ മൂക്കിന് താഴെനിന്ന് ഫിഡൽ കാസ്ട്രോയും അതുപോലെതന്നെ അവിടെയുണ്ടായിരുന്ന ഭരണനേതൃത്വമാകെ ശക്തിമത്തായ രീതിയിൽ പ്രവർത്തിച്ചു. എല്ലാ അർത്ഥത്തിലും അവിടെ അമേരിക്കയുടെ ഉപരോധമായിരുന്നു. അതൊക്കെ നേരിട്ടുകൊണ്ടാണ് ക്യൂബ മുന്നോട്ടു പോകുന്നത്. പുതിയ നിലപാടുകൾ സ്വീകരിച്ചുകൊണ്ട് ക്യൂബ മുന്നോട്ടേയ്ക്കുതന്നെ പോകും.

വിയറ്റ്നാമിനെപ്പറ്റി പറഞ്ഞു. വിയറ്റ്നാമെന്ന് പറയുന്നത് 25 വർഷക്കാലം സാമ്രാജ്യത്വത്തോട് നേരിട്ട് പൊരുതി വിജയിച്ച നാടാണ്. ആ വിയറ്റ്നാം ഇന്നും അതേ നിലപാട് സ്വീകരിച്ചുകൊണ്ട് മുന്നോട്ടുപോകുകയാണ്. ഇനിയും മുന്നോട്ടുപോകും; ഒരു സംശയവും നിങ്ങൾക്ക് വേണ്ട. ഡോ. മാത്യു കുഴൽനാടൻ പറഞ്ഞ ഈ രാജ്യങ്ങളൊക്കെ സോഷ്യലിസ്റ്റ് സംവിധാനത്തിന്റെ ഭാഗമായി പുതിയ നിലപാടുകൾ സ്വീകരിച്ചുകൊണ്ട് മുന്നോട്ടുപോകുന്നുവെന്ന കാര്യത്തിൽ യാതൊരു സംശയവും വേണ്ട. ഇനി ഞങ്ങളെപ്പറ്റി പറഞ്ഞ ചില കാര്യങ്ങളുണ്ട്. ഞങ്ങളെടുത്ത നിലപാട് ഓരോ ഘട്ടത്തിലും ശരിയാണ്. ഇനി തെറ്റായ എന്തെങ്കിലും പ്രവണതയോ സമീപനമോ ഞങ്ങളിൽ ആരിൽനിന്നെങ്കിലും ഉണ്ടായിട്ടുണ്ടെങ്കിൽ അതൊക്കെ തിരുത്തിയിട്ടുമുണ്ട്. മാറ്റം മാത്രമേ മാറ്റമില്ലാതെയുള്ളൂ. എല്ലാം മാറിക്കൊണ്ടിരിക്കുകയാണ്. മാറാത്ത ഒരേയൊരു കാര്യം, അനുസ്യൂതമായ മാറ്റം ഒഴിച്ച് ബാക്കിയെല്ലാം മാറിക്കൊണ്ടിരിക്കുകയാണ്. അതുകൊണ്ട് ഈ പ്രപഞ്ചത്തിലെ, സമൂഹത്തിലെ നമ്മളിൽ ഓരോരുത്തരിലുമുള്ള എല്ലാ ദൂഷ്യങ്ങളെയും മാറ്റി ശരിയായ ദിശയിലേയ്ക്ക് വ്യക്തിയെയും പാർട്ടിയെയും രാജ്യത്തെയും നയിക്കുന്നതിനു വേണ്ടിയുള്ള ബോധപൂർവ്വമായ പ്രവർത്തനത്തിലാണ് ഞങ്ങളുള്ളത്. എപ്പോഴെങ്കിലും പറ്റിയ ഒരു തെറ്റ് മാത്രം നോക്കിയിട്ട് ഇതാണ് കമ്മ്യൂണിസ്റ്റ് പാർട്ടി അല്ലെങ്കിൽ ഇടതുപക്ഷ പാർട്ടിയെന്നുള്ള തെറ്റിദ്ധാരണയുണ്ടാകേണ്ട. കൃത്യമായി തിരുത്തി പോകേണ്ട കാര്യങ്ങളെല്ലാം ഉൾക്കൊണ്ട് തിരുത്തി ഞങ്ങൾ മുന്നോട്ടു പോകുകയാണെന്ന് ചൂണ്ടിക്കാണിച്ചു കൊണ്ട് ഈ ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് നിർത്തുന്നു. യഥാർത്ഥത്തിൽ ഇതൊരു എതിർപ്പുമില്ലാതെ പാസ്സാക്കേണ്ട ജനോപകാരപ്രദമായ ബില്ലാണ്. ആ ബില്ലിൽ നിങ്ങളുടെയെല്ലാം സഹായം വേണം. നിങ്ങളെല്ലാം ചർച്ചയിൽ നല്ലരീതിയിൽ സഹകരിച്ചിട്ടുണ്ട്. ഡിബേറ്റ് നടക്കട്ടെയെന്നുതന്നെയാണ് ഡോ. മാത്യു കുഴൽനാടന്റെയും സമീപനം. അതുതന്നെയാണ് എന്റെയും സമീപനം.

മി. സ്പീക്കർ: ശ്രീ. രമേശ് ചെന്നിത്തല, 2021-ലെ കേരള കള്ള് വ്യവസായ വികസന ബോർഡ് ഓർഡിനൻസ് നിരാകരിക്കണമെന്ന പ്രമേയം പ്രസ്സ് ചെയ്യുന്നുണ്ടോ?

(നിരാകരണപ്രമേയം അവതരിപ്പിച്ച അംഗം സീറ്റിൽ ഇല്ലായിരുന്നു.)

പ്രമേയം സഭ നിരാകരിച്ചിരിക്കുന്നു.

ഡോ. മാത്യു കുഴൽനാടൻ, അങ്ങയുടെ '1 എ' നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ഡോ. മാത്യു കുഴൽനാടൻ: സർ, ഞാൻ പ്രസ് ചെയ്യുന്നു.

മി. സ്പീക്കർ: അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഭേദഗതി സഭ തള്ളിയിരിക്കുന്നു.

ശ്രീ. ടി. പി. രാമകൃഷ്ണൻ, അങ്ങയുടെ '2 ബി' നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. ടി. പി. രാമകൃഷ്ണൻ: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ: സഭയുടെ അനുമതിയോടുകൂടി ഭേദഗതി പിൻവലിച്ചിരിക്കുന്നു.

2021-ലെ കേരള കള്ള് വ്യവസായ വികസന ബോർഡ് ബിൽ സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച VIII-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ...........

പ്രതികൂലിക്കുന്നവർ ...........

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു; ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കുന്നു.

ഓർഡർ..... ഓർഡർ...... സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2021 ഒക്ടോബർ മാസം 7-ാം തീയതി വ്യാഴാഴ്ച രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതിലേയ്ക്കായി സഭ രാത്രി 7.40-ന് പിരിഞ്ഞു.)

## അനുബന്ധം 1

### നക്ഷത്രചിഹ്നമിട്ട 62-ാം നമ്പർ ചോദ്യത്തിന്റെ ബാക്കി

### ഉത്തരം

(vii) മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിന് പൊതുജന പങ്കാളിത്തത്തോടെ നടപടികൾ സ്വീകരിക്കുന്നതിനായി തദ്ദേശീയരും ജനപ്രതിനിധികളും വനം ഉദ്യോഗസ്ഥരും ചേർന്നുള്ള 246 ജനജാഗ്രതാ സമിതികൾ രൂപീകരിച്ചിട്ടുണ്ട്.

(viii) കേന്ദ്ര സർക്കാരിന്റെയും സംസ്ഥാന സർക്കാരിന്റെയും സഹായത്തോടെ നടപ്പാക്കുന്ന പദ്ധതികളിൽപ്പെടുത്തി വന്യജീവികളുടെ ആവാസ വ്യവസ്ഥ അഭിവൃദ്ധിപ്പെടുത്തുന്നതിന് മണ്ണ് ജലസംരക്ഷണ പ്രവർത്തികൾ, ചെക്ക് ഡാമുകളുടെ നിർമ്മാണം, തദ്ദേശീയമല്ലാത്ത കളകളുടെ നിർമ്മാർജ്ജനം, വനത്തിനകത്ത് ജലലഭ്യത ഉറപ്പുവരുത്തുന്നതിന് കുളങ്ങളുടെ നിർമ്മാണം, പുനരുദ്ധാരണം തുടങ്ങിയവ നടത്തിവരുന്നുണ്ട്.

(ix) വന്യജീവികൾക്കും അവയുടെ ആവാസവ്യവസ്ഥയ്ക്കും ദോഷകരമായി ഭവിക്കുന്ന കാട്ടുതീ തടയുന്നതിനായി വനമേഖലകളിലും വനാതിർത്തി പങ്കിടുന്ന ജനവാസ മേഖലകളിലും കാട്ടുതീ പ്രതിരോധ പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്.

(x) കാട്ടുപന്നികൾ ജനവാസ മേഖലയിലും കൃഷിയിടങ്ങളിലും നാശം വരുത്തുകയും മനുഷ്യർക്ക് പരിക്ക്, ജീവഹാനി എന്നിവ ഉണ്ടാക്കുന്ന സാഹചര്യത്തിൽ അവയെ ഉപാധികളോടെ വെടിവച്ച് കൊല്ലുന്നതിനും നശിപ്പിക്കുന്നതിനും 18-5-2020-ലെ സ.ഉ. (സാധാ) നമ്പർ 111/2020/വനം, 11-1-2021-ലെ സ.ഉ. (സാധാ) നമ്പർ 5/2021/വനം, 28-1-2021-ലെ സ.ഉ. (സാധാ) നമ്പർ 25/2021/വനം എന്നിവ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. സ.ഉ. (സാധാ) നമ്പർ 159/2021/വനം തീയതി 29-5-2021 പ്രകാരം മേൽ ഉത്തരവുകളുടെ കാലാവധി 17-5-2022 വരെ ദീർഘിപ്പിച്ച് നൽകിയിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 30-9-2021 വരെയുള്ള കാലയളവിൽ വനം വകുപ്പ് തന്നെ മുൻകയ്യെടുത്ത് കൃഷിഭൂമികളിലെ 418 കാട്ടുപന്നികളെ കൊന്നിട്ടുണ്ട്.

(xi) വന്യജീവി ആക്രമണംമൂലം കൃഷിനാശം സംഭവിച്ച കർഷകർക്ക് 8-1-2015-ലെ സ.ഉ. നമ്പർ (കൈ) 2/2015/വനം, 5-4-2018-ലെ സ.ഉ. നമ്പർ (കൈ) 17/2018/വനം എന്നീ ഉത്തരവുകൾ പ്രകാരം നഷ്ടപരിഹാരം നൽകി വരുന്നുണ്ട്.

(xii) വന്യജീവി ആക്രമണംമൂലം ജീവഹാനി, പരിക്ക്, സ്വത്തുനാശം, അംഗവൈകല്യം എന്നിവ ഉണ്ടാകുന്നവർക്ക് 5-4-2018-ലെ സ.ഉ.നമ്പർ (കൈ) 17/2018/വനം എന്ന ഉത്തരവ് പ്രകാരം നഷ്ടപരിഹാരം നൽകി വരുന്നുണ്ട്.

(xiii) വന്യമൃഗശല്യം രൂക്ഷമായ പ്രദേശങ്ങളിലെ ഫോറസ്റ്റ് സെറ്റിൽമെന്റുകളിലെ താമസക്കാരെ സ്വയംസന്നദ്ധ പുനരധിവാസ പദ്ധതി പ്രകാരം കാടിന് പുറത്തേയ്ക്ക് പുനരധിവസിപ്പിക്കുന്നതിനും നടപടി സ്വീകരിച്ചുവരുന്നുണ്ട്.

(ബി) വന്യജീവി ആക്രമണം തടയാൻ മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു:-

സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനായി വിശദമായ ഒരു കർമ്മപദ്ധതി തയ്യാറാക്കുന്നതിന് പ്രിൻസിപ്പൽ ചീഫ് കൺസർവേറ്ററർ (വൈൽഡ് ലൈഫ്) & ചീഫ് വൈൽഡ് ലൈഫ് വാർഡന് നിർദ്ദേശം നൽകുകയും, അതിൻപ്രകാരം സംസ്ഥാനത്ത് ഉയർന്ന തോതിൽ മനുഷ്യ-വന്യജീവി സംഘർഷം നിലനിൽക്കുന്ന മേഖലകൾ കണ്ടെത്തി, നിലവിൽ ഇത്തരം സംഘർഷങ്ങൾ നേരിടുന്നതിനായി അനുവർത്തിച്ചുവരുന്ന പ്രതിരോധ പരിഹാര മാർഗ്ഗങ്ങൾ വിശകലനം ചെയ്ത്, മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനായി വിശദമായ ഒരു കർമ്മപദ്ധതി തയ്യാറാക്കുന്നതിന് പെരിയാർ, പറമ്പിക്കുളം ടൈഗർ കൺസർവേഷൻ ഫൗണ്ടേഷനുകളെ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്ററർ (വൈൽഡ് ലൈഫ്) & ചീഫ് വൈൽഡ് ലൈഫ് വാർഡൻ ചുമതലപ്പെടുത്തുകയുണ്ടായി. വെബ്സൈറ്റ്, പത്രങ്ങൾ, റേഡിയോ എന്നിവയിലൂടെ പൊതുജനാഭിപ്രായം തേടുകയും ആയിരത്തിഅറുനൂറോളം അഭിപ്രായങ്ങൾ വനം വകുപ്പിൽ രേഖാമൂലം ലഭ്യമാവുകയും ചെയ്തു. വിശദമായ പഠനങ്ങളുടെയും ബഹുമാനപ്പെട്ട എം.പിമാർ, എം.എൽ.എമാർ, ഇതര ജനപ്രതിനിധികൾ, ശാസ്ത്രജ്ഞർ, കർഷക സംഘടനകൾ, പൊതുജനങ്ങൾ തുടങ്ങിയവരിൽനിന്നും ലഭിച്ച അഭിപ്രായങ്ങളുടെയും ഉദ്യോഗസ്ഥതല ചർച്ചകളുടെയും അടിസ്ഥാനത്തിൽ അഞ്ച് വർഷത്തേയ്ക്കുള്ള ഒരു സമഗ്ര പദ്ധതി തയ്യാറാക്കി സർക്കാരിൽ ലഭ്യമായിട്ടുണ്ട്. താഴെ പറയുന്ന പ്രവർത്തനങ്ങളാണ് ഈ പദ്ധതിയിൽ വിഭാവനം ചെയ്തിട്ടുള്ളത്. ആയത് സർക്കാർ വിശദമായി പരിശോധിച്ച് വരുന്നു.:-

(i) വന്യജീവികൾ മനുഷ്യരുടെ വാസസ്ഥലങ്ങളിലേയ്ക്കും കൃഷിയിടങ്ങളിലേയ്ക്കും പ്രവേശിക്കുന്നത് തടയുന്നതിനായി പ്രതിരോധ സംവിധാനങ്ങൾ നിർമ്മിക്കുക.

(ii) മനുഷ്യനും-വന്യജീവികളും തമ്മിലുള്ള സംഘർഷം ഒഴിവാക്കുന്നതിന് മുൻകൂർ മുന്നറിയിപ്പ് സംവിധാനമടക്കമുള്ള നൂതന മാർഗ്ഗങ്ങൾ നടപ്പിലാക്കുക.

(iii) മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനായി ഫലപ്രദമായ അടിസ്ഥാന സൗകര്യങ്ങളും, മാനവ-വിഭവശേഷിയും വികസിപ്പിക്കുക.

(iv) വന്യജീവിമൂലമുള്ള നാശനഷ്ടത്തിന് നഷ്ടപരിഹാരം, വിള ഇൻഷ്വറൻസ്, ലൈഫ് ഇൻഷ്വറൻസ്, എക്സ്-ഗ്രേഷ്യ എന്നിവ നടപ്പിൽ വരുത്തുക.

(v) ലൈൻ ഡിപ്പാർട്ട്മെൻറുകളുടെ സേവനം ഉപയോഗപ്പെടുത്തുക.

(vi) ജനപങ്കാളിത്തത്തോടെയുള്ള നടപടികൾ ശക്തിപ്പെടുത്തുക.

(vii) പുൽമേട്ടുകളും ജലസ്രോതസുകളുമുൾപ്പെടെയുള്ള ആവാസ വ്യവസ്ഥ മെച്ചപ്പെടുത്തി വനത്തിനുള്ളിൽ ഭക്ഷണവും വെള്ളവും ലഭ്യമാക്കുക.

(viii) സംഘർഷം കുറയ്ക്കുന്നതിനുതകുന്ന അവബോധം സൃഷ്ടിക്കുന്നതിന് പരിശീലനങ്ങളും ഗവേഷണങ്ങളും നടത്തുക.

(സി) പരിശോധിക്കുന്നതാണ്. മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിന് വനാതിർത്തി പങ്കിടുന്ന പഞ്ചായത്തുകളിൽ തദ്ദേശീയരും ജനപ്രതിനിധികളും വനഉദ്യോഗസ്ഥരും ചേർന്നുള്ള ജനജാഗ്രതാ സമിതികൾ 7-2-2017-ലെ സ.ഉ. (സാധാ) നമ്പർ 51/2017/വനം പ്രകാരം രൂപീകരിച്ച് 2017 മുതൽ പ്രവർത്തിച്ച് വരുന്നുണ്ട്. ഗ്രാമപഞ്ചായത്ത് പ്രസിഡൻറ്/മുനിസിപ്പൽ ചെയർപേഴ്സൺ അദ്ധ്യക്ഷനും, ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡൻറ്/മുനിസിപ്പൽ വൈസ് ചെയർപേഴ്സൺ ഉപാദ്ധ്യക്ഷനും ജില്ലാ പഞ്ചായത്ത് മെമ്പർ, ബ്ലോക്ക് പഞ്ചാത്ത് മെമ്പർ എന്നിവർ അംഗങ്ങളുമായ 246 ജനജാഗ്രതാ സമിതികൾ നിലവിൽ സംസ്ഥാനത്ത് രൂപീകരിച്ചിട്ടുണ്ട്. ജനജാഗ്രതാ സമിതികൾക്ക് മനുഷ്യ-വന്യജീവി സംഘർഷം കുറയ്ക്കുന്നതിലുള്ള ഉത്തരവാദിത്തങ്ങളും കടമകളും ചുവടെ ചേർക്കുന്നു:-

(i) വന്യജീവി ആക്രമണമുണ്ടാകുന്ന മേഖലകളിൽ വനം വകുപ്പിന്റെ ജനകീയ മുഖമായി പ്രവർത്തിച്ച് ജനങ്ങളെ സഹായിക്കുക.

(ii) പ്രദേശത്തിന് ഏറ്റവും യോജിച്ച പ്രതിരോധ മാർഗ്ഗങ്ങളെക്കുറിച്ച് വനം വകുപ്പിനെ അറിയിക്കുക.

(iii) മൂന്ന് മാസത്തിലൊരിക്കൽ യോഗം കൂടി വേണ്ട ശിപാർശകൾ വനം വകുപ്പ് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർക്ക് നൽകുക.

(iv) നിലവിൽ നിർമ്മിച്ചിട്ടുള്ള ഫെൻസിംഗ് ഉൾപ്പെടെയുള്ള പ്രതിരോധ മാർഗ്ഗങ്ങൾക്ക് കേടുപാടുകൾ സംഭവിച്ചിട്ടുണ്ടെങ്കിൽ ആ വിവരം ബന്ധപ്പെട്ട റെയിഞ്ച് ഫോറസ്റ്റ് ഓഫീസറെ അറിയിക്കുകയും കമ്മിറ്റിയിൽ ചർച്ചചെയ്ത് പരിഹാര മാർഗ്ഗങ്ങൾ നിർദ്ദേശിക്കുകയും ചെയ്യുക.

(v) വന്യജീവി ആക്രമണമുണ്ടാകുന്നപക്ഷം സ്ഥലത്തെത്തി വേണ്ട നടപടികൾ സ്വീകരിക്കാൻ വനം വകുപ്പിനെ സഹായിക്കുക.

(vi) വനാതിർത്തി പങ്കിടുന്ന മേഖലകളിൽ വന്യജീവികളെ ആകർഷിക്കാത്ത തരത്തിലുള്ള കൃഷി ചെയ്യുന്നതിന് ജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്ന വകുപ്പിന്റെ നടപടികളിൽ പങ്കാളികളാകുക.

(vii) വന്യജീവികൾ കാടിന് പുറത്തേയ്ക്ക് വരുന്നത് തദ്ദേശവാസികളെ മുൻകൂട്ടി അറിയിക്കുന്നതിനുള്ള എസ്.എം.എസ്. അലർട്ട് സിസ്റ്റം തുടങ്ങിയ സംവിധാനങ്ങളുടെ പ്രവർത്തക്ഷമത ഉറപ്പ് വരുത്തുക.

ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ 204 ജനജാഗ്രതാ സമിതികളാണ് ഉണ്ടായിരുന്നത്. അവയുടെ എണ്ണം ഇപ്പോൾ 246 ആയി വർദ്ധിച്ചിട്ടുണ്ട്. ജനജാഗ്രതാ സമിതികൾ ഇതുവരെയും ഇല്ലാത്തതായ വന്യജീവി ആക്രമണമുണ്ടാകുന്ന ഇതര മേഖലകളിലും ജനജാഗ്രതാ സമിതികൾ രൂപീകരിക്കുന്നതിനും മൂന്ന് മാസത്തിലൊരിക്കലെങ്കിലും സമിതികളുടെ യോഗം കൂടുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## അനുബന്ധം 2

## നക്ഷത്രചിഹ്നമിട്ട 63-ാം നമ്പർ ചോദ്യത്തിന്റെ ബി, സി പിരിവുകൾക്കുള്ള ഉത്തരം

(ബി) സംസ്ഥാനത്താകെ മത്സ്യകൃഷിക്കായി കാർപ്പ്, തിലാപ്പിയ, നാടൻ മത്സ്യഇനങ്ങൾ, പങ്കേഷ്യസ് ഉൾപ്പെടെ 17 കോടി മത്സ്യവിത്ത് നടപ്പുസാമ്പത്തിക വർഷം ആവശ്യമാണ്. എന്നാൽ ആവശ്യമായത്രയും മത്സ്യവിത്ത് ഇവിടെ ഉല്പാദിപ്പിക്കുന്നില്ല. മത്സ്യക്കൃഷിക്കാവശ്യമായ മത്സ്യവിത്തിന്റെ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനായി നിലവിലുള്ള ഹാച്ചറികളുടെ നവീകരണത്തിനും പുതിയവയുടെ നിർമ്മാണത്തിനും വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു. പുതിയ മത്സ്യവിത്ത് ഫാമുകൾ, ഹാച്ചറികൾ എന്നിവ സ്ഥാപിക്കൽ, നിലവിലുള്ളവയുടെ വികസനം എന്നിവയ്ക്കായി സംസ്ഥാന ബഡ്ജറ്റിൽ 2016-17 സാമ്പത്തിക വർഷം മുതൽ ഉൾനാടൻ മത്സ്യമേഖല വികസനത്തിൽ ഉൾപ്പെടുത്തി 50.4 കോടിയോളം രൂപയുടെയും ആർ.ഐ.ഡി.എഫ്-ൽ ഉൾപ്പെടുത്തി 37.54 കോടിയോളം രൂപയുടെയും പദ്ധതികൾക്ക് ഭരണാനുമതി നല്കിയിട്ടുണ്ട്. ഫിഷ് സീഡ് ഫാമുകൾ, ഹാച്ചറികൾ, അക്വേറിയങ്ങൾ എന്നിവയുടെ നടപ്പുസാമ്പത്തിക വർഷത്തെ മത്സ്യക്കുഞ്ഞുല്പാദന പ്രവർത്തനങ്ങളോടനുബന്ധിച്ചുള്ള പ്രവർത്തനങ്ങൾക്കായി 900 ലക്ഷം രൂപയും ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

(സി) മത്സ്യവിത്തുകളുടെ ഉൽപാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുകയെന്ന ലക്ഷ്യത്തോടെ പുതിയ മത്സ്യവിത്തു ഫാമുകൾ, ഹാച്ചറികൾ എന്നിവ സ്ഥാപിക്കൽ, നിലവിലുള്ളവയുടെ വികസനം എന്നിവയ്ക്കായി സംസ്ഥാന ബഡ്ജറ്റിൽ 2016-17 സാമ്പത്തിക വർഷം മുതൽ ഉൾനാടൻ മത്സ്യമേഖലയുടെ വികസനത്തിൽ ഉൾപ്പെടുത്തി 50.4 കോടിയോളം രൂപയുടെയും ആർ.ഐ.ഡി. എഫ്-ൽ ഉൾപ്പെടുത്തി 37.54 കോടിയോളം രൂപയുടെയും പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ഫിഷ്സീഡ് ഫാമുകൾ, ഹാച്ചറികൾ, അക്വേറിയങ്ങൾ എന്നിവയുടെ നടപ്പുസാമ്പത്തികവർഷത്തെ മത്സ്യകുഞ്ഞുല്പാദന പ്രവർത്തനങ്ങളോടനുബന്ധിച്ചുള്ള പ്രവർത്തനങ്ങൾക്കായി 900 ലക്ഷം രൂപയും ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. മത്സ്യവിത്തിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിനും മത്സ്യരോഗ നിയന്ത്രണത്തിനും നിരോധിത ആന്റി ബയോട്ടിക്കുകളുടെ ഉപയോഗം ഒഴിവാക്കുന്നതിനും സംസ്ഥാനത്താദ്യമായി അക്വാട്ടിക് ആനിമൽ ഹെൽത്ത് സെന്ററുകൾ സ്ഥാപിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 2016-ൽ കഴിഞ്ഞ സർക്കാർ അധികാരത്തിൽ വരുമ്പോൾ നിലവിലുണ്ടായിരുന്ന സർക്കാർ ഹാച്ചറികളുടെയും ഫാമുകളുടെയും ഉല്പാദനക്ഷത 2.44 കോടി മത്സ്യവിത്തുകൾ മാത്രമായിരുന്നു. കൂടുതൽ അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിച്ചുകൊണ്ടും നിലവിലുള്ള മത്സ്യവിത്ത് ഫാമുകളുടെയും ഹാച്ചറികളുടെയും ഉല്പാദനക്ഷമത വർദ്ധിപ്പിക്കുവാനും, പുതിയ ഹാച്ചറികളും മത്സ്യവിത്ത് ഫാമുകളും സ്ഥാപിക്കുവാനും വേണ്ട നടപടികൾ കൈക്കൊണ്ടതിന്റെ ഫലമായി മത്സ്യവിത്ത് ഹാച്ചറികളുടെ ഉല്പാദനക്ഷമത 7 കോടിയിൽ എത്തിക്കാൻ സാധിച്ചിട്ടുണ്ട്.